ഹസ്രത്ത് അഹ്മദ് (അ)

രണ്ടാംഭാഗം

എൻ. അബ്ദുർറഹീം

ഹസ്രത്ത് അഹ്മദ്

അലൈഹിസ്സലാം

(അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ വിശുദ്ധ ജീവചരിത്രം)

(രണ്ടാംഭാഗം)

ഗ്രന്ഥകർത്താ:

എൻ. അബ്ദുർറഹീം

കണ്ണൂർ

വില - 100/-

പ്രസാധകർ :

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, കേരളാ സ്റ്റേറ്റ്

കോഴിക്കോട് - 1

2002

Malayalam
Biography
HAZRATH AHMAD ALAIHISSALAM
(Part II)
Author :
N. ABDURRAHIM
Kannur - 670 003
Published by :
Kerala State Majlis Kuddamul Ahmadiyya
Kozhikode
D.T.P.
METRO PRINTERS
KANNUR
Printed at :
BRB OFFSET PRINTERS AND PUBLISHERS
Kannur-17.
Copies - 1000
Price - 100/-
2002



വാഗ്ദത്ത മഹ്ദീമസീഹ് ഹസ്രത്ത് അഹ്മദ് (അ)

ഉള്ളടക്കം

i. ചിത്രങ്ങൾ

ii പ്രസാധകരുടെ പ്രസ്താവന

iii. ഒരു അഭിപ്രായം

iv. രണ്ടാംഭാഗത്തിന്റെ ആമുഖം.....

55. കാബൂൾ അമീറിന്നൊരു കത്ത് 565

56. ഇമാമുസ്സമാൻ 572

57. ജിഹാദിന്നു പുതിയ മാനം 578

58. മുസൽമാൻ ഫിർഖ അഹ്മദിയ്യ 591

(3)

59. ഉമ്മത്തീനബി 602

60. മാനനഷ്ടക്കേസ്സ് 616

61. വീണ്ടും കേസ്സുകൾ 624

62. മേൽകോടതിയിൽ കുറ്റമോചനം 630

63. ഒരു ശിഷ്യൻ എറിഞ്ഞുകൊല്ലപ്പെടുന്നു! 651

64. ലണ്ടനിൽ ഒരു വ്യാജമിശിഹാ 669

65. ഒരു ശിഷ്യപ്രമുഖന്റെ ചരമം 674

66. ഫോട്ടോഗ്രാഫിയും, ഫോണോഗ്രാഫിയും 682

67. നൂഹിന്റെ കപ്പൽ! 691

68. അഹ്ലുൽ ഖുർആൻ, അഹ്ലുഹദീസ്
തർക്കപരിഹാരം 700

69. പുതിയ ആകാശവും പുതിയഭൂമിയും 705

70. കുടുംബജീവിതത്തിലേയ്ക്ക് ഒരു എത്തിനോട്ടം 710

71. ഉമ്മഹാത്തുൽ മുഅ്മിനീൻ 718

72. ഒരു ബഹായി പ്രചാരകൻ 722

73. മനഃശാസ്ത്ര വിദഗ്ധൻ ഖാദിയാനിൽ 726

74. ഒരു ശിഷ്യൻ ശത്രു ചമഞ്ഞപ്പോൾ 742

75. മൗലവി സനാഉല്ലാസാഹിബുമായി ആത്മീയസമരം 752
76. ലോകസംഭവങ്ങളെപറ്റി പ്രവചനങ്ങൾ 771
i സാർവ്വത്രികമായ ലോകനാശങ്ങൾ
ii റഷ്യൻ വിപ്ലവം
iii തുർക്കി വിപ്ലവം
iv കൊറിയൻ വിപ്ലവം
v അഫ്ഗാൻ വിപ്ലവം
vi ഈറാൻ വിപ്ലവം
vii ബംഗാളികൾക്ക് സമാശ്വാസം
viii ബ്രിട്ടീഷ് സാമ്രാജ്യത്തകർച്ച
77. ടോൾസ്റ്റോയി പ്രശംസിയ്ക്കുന്നു 810
78. സ്വർഗ്ഗീയ ശ്മശാനം 813
79. കൃഷ്ണാവതാരം 824
80. കള്ളപ്രവാചകൻ കൊല്ലപ്പെടും! 834
81. ലാഹൗർ ആര്യസമ്മേളനം 841
82. പ്രഫസർ റേഗുമായി സംഭാഷണം 849
83. ഉന്നതൻമാർ ദർശനത്തിന്ന് 859
84. ഹിന്ദുമുസ്ലിം ഐക്യത്തിനുവേണ്ടി 867
85. ചരമത്തെ കുറിച്ച് മുന്നറിയിപ്പുകൾ 884
86. ഹക്കീക്കത്തുൽ വഹ്യ് 888
87. ലാഹൗറിൽ അന്തിമദിനങ്ങൾ 895
88. ദിവ്യജ്ഞാനനിർഝരി 904
89. മഹാവിയോഗം 920
90. മൃതദേഹം പുണ്യഖാദിയാനിൽ 926
91. ഖലീഫതെരഞ്ഞെടുപ്പും കബറടക്കവും 930
92. വാഗ്ദത്ത മസീഹിന്റെ കൃതികൾ 935
(4)
93. വാഗ്ദത്ത മസീഹിന്റെ സ്വഭാവചിത്രം 939
(5)
94. ഉപാഖ്യാനങ്ങൾ
(6)
95. യുഗപുരുഷൻ മറഞ്ഞപ്പോൾ

ചിത്രങ്ങൾ

1.	വാഗ്ദത്ത മസീഹ്(അ) ഗുർദാസ്പൂരിലേയ്ക്ക് യാത്രചെയ്ത-കാളവണ്ടി	പുറം 628 a
2.	ദൽഹിയിൽ അക്കാലത്ത് ഓടിക്കൊണ്ടിരുന്ന ഒരു എക്കവണ്ടി	628 b
3.	ഹസ്രത്ത് സയ്യിദ് അബ്ദുൽ ലത്തീഫ് ശഹീദ് (റ)	661
4.	ഡ്യൂറണ്ട് കമ്മീഷനിലെ അഫ്ഗാൻ പ്രതിനിധി- സർ മോർട്ടിമോർ ഡ്യൂറണ്ടിന്റെ കൂടെ	662
5.	മൗലാനാ അബ്ദുൽകരീം സാഹിബ്- സിയാൽകോട്ടി (റ)	675
6.	വാഗ്ദത്ത മസീഹിന്റെകൂടെ	676
7.	സഹാബത്തിന്റെ കൂടെ വാഗ്ദത്ത മസീഹ് (അ)	685–86
8.	സാർ നിക്കോളാസ് രണ്ടാമൻ	780 a
9.	സാർ ചക്രവർത്തിയും പത്നിയും	780 b
10.	ലിയോ ടോൾസ്റ്റോയി	812 a
11.	ഡോ. മുഫ്തി മുഹമ്മദ് സാദിഖ്	812 b
12.	ബിഹ്ശ്തീ മഖ്ബറ	821–822
13.	പ്രമുഖ സഹാബിമാർ	828 abcde
14.	അലക്സാണ്ടർ റസ്സൽ വെബ്ബ് ആദ്യത്തെ അമേരിക്കൻ മുസ്ലിം (ഒന്നാംഭാഗം 17–ാം അദ്ധ്യായം നോക്കുക)	828 f
15.	വാഗ്ദത്ത മസീഹിന്റെ കൈപ്പട	848 a+b
16.	അവസാന നാളുകളിൽ കാറ്റുകൊള്ളാൻ- പോകുന്നതിന്ന് ഉപയോഗിച്ച കുതിരവണ്ടി	922 a
17.	ഇവിടെവച്ചു മരിച്ചു (ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ സാഹിബിന്റെ ബംഗ്ലാവ്)	922 b
18.	ഹസ്രത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ്	928 a
19.	മസ്ജിദ് മുബാറക് ഖാദിയാൻ	928 b
20.	"രണ്ടാം ഖുദ്റത്ത്" (ഖിലാഫത്ത്) പിറന്ന സ്ഥലം	932 a
21.	വാഗ്ദത്ത മസീഹിന്റെ വിശുദ്ധ ഖബർ (രണ്ടാം ഖലീഫയുടെ നേതൃത്വത്തിൽ സിയാറത്ത്)	932 b
22.	വാഗ്ദത്ത മസീഹിന്റെ ഖലീഫമാർ	994

പ്രസാധകരുടെ പ്രസ്താവന

പ്രവാചക പരമ്പരയിലെ ശ്രേഷ്ഠനായ പ്രവാചകൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പ്രതിപുരുഷനും, വാഗ്ദത്തമസീഹും, അഹ്മദിയ്യാപ്രസ്ഥാന സ്ഥാപകരുമായ ഹസ്റത്ത് മിർസാ ഗുലാംഅഹ്മദ്(അ)ന്റെ വിശുദ്ധജീവചരിത്രം മലയാളത്തിൽ പൂർണ്ണമായ രൂപത്തിൽ പുറത്തിറക്കുവാൻ ഏറെ വൈകിയെങ്കിലും, ഞങ്ങൾക്ക് അവസരം നൽകിയ സർവ്വാധിനാഥന് സ്തുതികൾ അർപ്പിക്കുന്നു. (അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ)

ആയിരത്തിലേറെ പുറങ്ങൾ വരുന്ന ഈ ജീവചരിത്രഗ്രന്ഥം രണ്ടു ഭാഗങ്ങളായി പ്രസിദ്ധീകരിക്കുവാൻ കേരളഖുദ്ദാമുൽ അഹ്മദിയ്യാ തീരുമാനിക്കുകയും ആദ്യഭാഗം 1991-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. രണ്ടാം ഭാഗത്തിനായി ആകാംക്ഷയോടും ക്ഷമയോടും പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന വായനക്കാർക്ക് മുന്നിൽ ഇത് പ്രസിദ്ധീകരിക്കുവാൻ നീണ്ട പതിനൊന്ന് വർഷങ്ങൾ പിന്നിടേണ്ടിവന്നത് പല സാങ്കേതികകാരണങ്ങളാലാണെങ്കിലും അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഞങ്ങൾ മാറിനില്ക്കുന്നില്ല.

ജീവിതം ചരിത്രമാക്കി മാറ്റിയവരുടെ- വിശിഷ്യാ ദൈവത്തിന്റെ വരിഷ്ഠദാസന്മാരുടെ- ജീവിതചരിത്രമെഴുതുക എന്നത് നല്ല ജീവിതം ജീവിച്ചുതീർക്കുക എന്നതിനേക്കാൾ പ്രയാസകരമാണ്. ആ പ്രയാസകരമായ ദൗത്യം ഭംഗിയായി നിർവ്വഹിച്ച ഗ്രന്ഥകർത്താവിനും, ഈ ഗ്രന്ഥം പുറത്തിറക്കുന്നതിന് സഹായിച്ച മറ്റെല്ലാവർക്കും കേരള ഖുദ്ദാമുൽ അഹ്മദിയ്യ നന്ദി രേഖപ്പെടു

ത്തുന്നു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഇതിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ചുതന്ന ബി.ആർ.ബി. ഓഫ്സെറ്റ് പ്രിന്റേഴ്സിനും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

സാക്ഷര സമ്പൂർണ്ണരായ കേരളീയർക്ക് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹസ്റത്ത് അഹ്മദ്(അ)ന്റെ വിശുദ്ധജീവിതത്തെക്കുറിച്ച് അടുത്തറിയുവാനും, മനസ്സിലാക്കുവാനും അവരുടെ ജീവിതത്തിൽ ആത്മീയപ്രകാശം നിറയ്ക്കുവാനും ഈ ഗ്രന്ഥം കാരണമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ കൈരളീസമക്ഷം ഇത് ഞങ്ങൾ സമർപ്പിക്കുന്നു.

കണ്ണൂർ
1-8-2002

ടി. ശറഫുദ്ദീൻ
സിക്രട്ടറി പബ്ലിക്കേഷൻസ്
മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ
കേരള.

ഒരു അഭിപ്രായം

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവ് ആയ വാഗ്ദത്ത മഹ്ദീ മസീഹ്, ഹസ്രത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ)ന്റെ സമ്പൂർണ്ണജീവചരിത്രം രണ്ട് ഭാഗങ്ങളിലായി മലയാളത്തിൽ പ്രസിദ്ധീകരിക്കാനുള്ള മഹാഭാഗ്യം കേരള സ്റ്റേറ്റ് ഖുദ്ദാമുൽ അഹ്മദിയ്യാക്ക് നൽകി അനുഗ്രഹിച്ച അല്ലാഹുവിന് ആദ്യമായി സർവ്വ സ്തുതികളും അർപിക്കട്ടെ.

ഒന്നാമത്തെ ഭാഗം വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തെ കുറിച്ചുള്ള പ്രവചനങ്ങളിൽനിന്ന് തുടങ്ങി അദ്ദേഹത്തിന്റെ കുടുംബം, ജനനം, ബാല്യയൗവനങ്ങൾ, വാദങ്ങൾ എന്നിവയെ കുറിച്ച് പ്രതിപാദിക്കുന്നതാണ്. അതോടൊപ്പം 1900 വരെയുള്ള ആ പുണ്യാത്മാവിന്റെ സംഭവ ബഹുലമായ ജീവിതത്തിന്റെ ചിത്രീകരണവും അടങ്ങിയിരിക്കുന്നു.

രണ്ടാംഭാഗം അദ്ദേഹത്തിന്റെ വിയോഗം വരെയുള്ള അതിമഹത്തായ സംഭവ വികാസങ്ങൾ, മഹാ പ്രവചനങ്ങൾ ജമാഅത്തിന്റെ പുരോഗതി, ശത്രുക്കളുടെ പരാജയങ്ങൾ എന്നിവയടങ്ങിയതാണ്. രണ്ടാംഭാഗത്ത് ജിഹാദിനെകുറിച്ചുള്ള വാഗ്ദത്ത മഹ്ദി മസീഹിന്റെ പാഠങ്ങൾ ഈ കാലത്തെ സ്ഥിതിവിശേഷങ്ങൾക്കനുയോജ്യമായ നിർദ്ദേശങ്ങളടങ്ങിയതാണ്. അഫ്ഗാനിസ്ഥാനിൽ നടന്ന നരഹത്യയും അതിന്റെ പ്രത്യാഘാതങ്ങളും ഹൃദയസ്പൃക്കായ രീതിയിൽ വിവരിച്ചിരിക്കുന്നു.

ഹസ്രത്ത് അഹ്മദ് (അ) ഉറുദു ഫാർസി അറബി ഭാഷകളിൽ രചിച്ച എൺപെത്തെട്ടിലധികം ഗ്രന്ഥങ്ങളിൽ നല്ലൊരുഭാഗത്തെ കുറിച്ച് ഒന്നാം ഭാഗത്ത് പരമാർശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ രണ്ടാം ഭാഗത്ത് അൽവസീയത്ത്, ലാഹൗർ പ്രഭാഷണം, ലക്ചർ സിയാൽകോട്ട്, കിശ്ത്തീനൂഹ്, അഹ്ലെ ഖുർആൻ അഹ്ലെ ഹദീസ് തർക്കപരിഹാരം, ഹഖീഖത്തുൽ വഹീ, ചശ്മയെ മഅ്രിഫ, പൈഗാമെ സുൽഹ്, എന്നീ ഗ്രന്ഥങ്ങളും പരിചയപ്പെടുത്തുന്നു.

ഉമ്മത്തീനബി എന്ന അദ്ദഹത്തിന്റെ വാദത്തിന്റെ യാഥാർത്ഥ്യം ഗ്രന്ഥകർത്താവ് വാഗ്ദത്ത മസീഹിന്റെ ഇക്ഗൽത്തീകാ ഇസാല എന്ന ഗ്രന്ഥത്തിലൂടെ വിശദീകരിക്കുന്നു. താൻ പ്രവാചകനും ദൈവദൂതനും അല്ലെന്ന് എവിടെയെല്ലാം നിഷേ

ധിച്ചുപറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം താൻ പുതിയ ശരീഅത്തോടുകൂടിയ പ്രവാചകനോ സ്വതന്ത്രനബിയോ അല്ലെന്ന അർത്ഥത്തിൽ മാത്രമാണ്. അപ്രകാരം പറഞ്ഞതെന്നു വ്യക്തമാക്കുന്നു. ആദ്യമസീഹിന്നെതിരായി കേസ്സുകൾ ഉണ്ടാക്കി ശത്രുക്കളദ്ദേഹത്തെ കോടതിയിൽ കയറ്റിയത് പോലെ വാഗ്ദത്തമസീഹിനെയും ശത്രുജനം അനേകം കള്ളക്കേസുകൾ ഉണ്ടാക്കി കോടതികയറ്റി. ഓരോ കേസ്സിന്റെയും പര്യവസാനത്തിൽ അദ്ദേഹത്തിന്നുണ്ടായ മഹാ വിജയവും ശത്രുക്കൾക്ക് നേരിടേണ്ടിവന്ന പരാജയവും മാനഹാനിയും നാശവും അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള ഉത്തമ ദൃഷ്ടാന്തങ്ങളാകുന്നു.

ഹസ്റത്ത് അഹ്മദ് (അ) ന്റെ ലളിതവും മാതൃകായോഗ്യവുമായ കുടുംബജീവിതത്തിന്റെ ചിത്രീകരണം ഈ മഹൽ ഗ്രന്ഥത്തിൽ കാണാം. മാത്രമല്ല, വരിഷ്ഠ സഹാബിയും അദ്ദേഹത്തെ വളരെ അടുത്ത്നിന്ന് വീക്ഷിച്ചുപോന്ന മഹാപണ്ഡിതനുമായിരുന്ന ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് (റ), തന്റെ ഗുരുവിനെ കുറിച്ചെഴുതിയ സീറത്തിന്റെ മൊഴിമാറ്റം ഈ ജീവചരിത്രഗ്രന്ഥത്തിൽ എടുത്ത് ചേർത്തത് പ്രത്യേകം ശ്രദ്ധേയമാണ്. കൂടാതെ സഹാബാക്കളുടെ രിവായത്തുകളിലൂടെ ഹസ്രത്ത് അഹ്മദ് (അ)ന്റെ പരിശുദ്ധവും പരിപാവനവുമായ ജീവിതത്തിന്റെ വിവിധ വശങ്ങൾ അനുബന്ധത്തിലെ ഉപഖ്യാനങ്ങളിൽ വിവരിച്ചുതരുന്നു.

ഈ മഹൽഗ്രന്ഥത്തിന്റെ രണ്ടുഭാഗങ്ങളും വിരചിച്ചത് കഴിഞ്ഞ അര നൂറ്റാണ്ടിലധികമായി അഹ്മദിയ്യാ ജമാഅത്തിന്വേണ്ടി തൂലികാ സേവനം ചെയ്തുകൊണ്ടിരിക്കുന്ന പണ്ഡിതനും ഭാഷാപടുവും ആയ ജ: എൻ. അബ്ദുർറഹീം സാഹിബ് (മുൻ സത്യദൂതൻ പത്രാധിപർ) ആകുന്നു. കേരളത്തിൽ സുദീർഘകാലമായി അഹ്മദിയ്യാ സാഹിത്യരംഗത്ത് സ്തുത്യർഹവും നിസ്തുല്യവും ആയ തരത്തിൽ സേവനം ചെയ്തുവരുന്ന ഈ മാന്യവ്യക്തി ധാരാളം ഗ്രന്ഥങ്ങളുടെ രചയിതാവും പലഗ്രന്ഥങ്ങളുടെയും വിവർത്തകനുമാകുന്നു. ഹസ്രത്ത് അഹ്മദ് (അ) എന്ന ഈ ജീവചരിത്രകൃതി രചിക്കുന്നതിനായി അദ്ദേഹം അനേകനാൾ അഹോരാത്രം ഒരു യജ്ഞമെന്നോണം തീവ്രയത്നം നടത്തിയിരിക്കുന്നു എന്നതിലേയ്ക്ക് ഈ ഗ്രന്ഥം സാക്ഷിയാണ്. അദ്ദേഹത്തിന്റെ സേവനപാരമ്പര്യമുള്ള ധന്യജീവിതംതന്നെ ഒരു സദ്ഖാജാരിയ യുടെ പ്രതീകമാണ്. അല്ലാഹു അദ്ദേഹത്തിന്ന് ദീർഘായുസ്സും ഇനിയും ഏറെക്കാലം തൂലികാസേവനം ചെയ്തുകൊണ്ടിരിക്കാനുള്ള സൗഭാഗ്യവും തന്നനുഗ്രഹിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. (ആമീൻ)

മുഹമ്മദ് ഉമർ. എച്ച്.എ.

ചീഫ് അഹ്മദിയ്യാ മിഷ്യനറി, കേരള സ്റ്റേറ്റ്, കോഴിക്കോട്.

بسم الله الرحمن الرحيم

രണ്ടാം ഭാഗത്തിന്റെ ആമുഖം

പ്രവാചകാഗ്രണി മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രതിപുരുഷനും ഉമ്മത്തീനബിയുമായ വാഗ്ദത്തമഹ്ദീമസീഹ് ഹസ്രത്ത് മീർസാ ഗുലാം അഹ്മദുൽ ഖാദിയാനിയുടെ (അ) വിശുദ്ധ ജീവചരിത്രത്തിന്റെ രണ്ടാംഭാഗം ഇതാ കേരളീയസഹൃദയസമക്ഷം സമാദരം സമർപ്പിച്ചു കൊള്ളുന്നു! ഇതെഴുതിപൂർത്തിയാക്കാൻ എന്നെ സഹായിച്ചനുഗ്രഹിച്ച ജഗന്നിയന്താവായ അല്ലാഹുവിന്ന് ആയിരമായിരം സ്തോത്രങ്ങൾ അർപ്പിക്കട്ടെ. അതോടൊപ്പം എന്റെ ഈ എളിയ ശ്രമം അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ സേവനമായിതീരുന്നതിന്ന് ഞാൻ ആ പരമകാരുണികനോട് അകമഴിഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രണ്ട് വാല്യങ്ങളിലായി 1100 ഓളം പുറങ്ങൾ വരുന്ന ഈ ജീവചരിത്രം ദീർഘകാലത്തെ എന്റെ പഠനപരിശ്രമങ്ങളുടെയും പ്രാർത്ഥനകളുടെയും ഫലമാണെന്ന് പറയുന്നതിൽ എനിയ്ക്കതിയായ ചാരിതാർത്ഥ്യമുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്രനിയോഗം പോലെയാണ് എനിയ്ക്ക് അനുഭവപ്പെട്ടതെന്ന് പറയുന്നത് തെറ്റാവുകയില്ലെന്ന് തോന്നുന്നു! അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരുടെ ജീവചരിത്രപഠനം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതുകൊണ്ട്തന്നെ ഈ

ചരിത്രനിർമ്മിതി അഹ്മദികളുടെ ഒഴിച്ചുകൂടാത്ത ഒരു കർത്തവ്യ ധർമമാണെന്നും ഞാൻ വിശ്വസിച്ചു. വാഗ്ദത്ത മസീഹിന്റെ ശബ്ദം ഈ കേരളക്കരയിൽ മുഴങ്ങിത്തുടങ്ങിയിട്ട് ഒരു നൂറുകൊല്ലം പൂർത്തിയായിരിക്കുന്നു. 1901-ൽ ആണ് കണ്ണൂരിൽ ആദ്യമായി ആ ശബ്ദം പരിചയപ്പെടുത്തപ്പെട്ടത്. കഴിഞ്ഞ അര നൂറ്റാണ്ടുകാലം ജമാഅത്തിന്റെ മുഖപത്രമായ 'സത്യദൂത'നുമായി ബന്ധപ്പെട്ട് നടത്തിയ പഠനവും നേടിയ പരിചയവുമാണ് ഈ സേവനമർപ്പിക്കാൻ എന്നെ പ്രാപ്തനാക്കിയതെന്ന കാര്യം ഞാൻ അനുസ്മരിക്കുന്നു.

ഈ യുഗത്തിലെ ഏറ്റവും വലിയ പ്രഭാവശാലിയും അന്യാദൃശവിവാദപുരുഷനുമായ വാഗ്ദത്തമസീഹിനെ കുറിച്ചുള്ള പഠനഗവേഷണങ്ങൾ അനേകം രാജ്യങ്ങളിൽ അനേകം ഭാഷകളിൽ നടന്നുകൊണ്ടിരിക്കയാണ്. 174 രാജ്യങ്ങളിൽ വാഗ്ദത്തമസീഹിന്റെ അനുചരസംഘങ്ങൾ കാലുറപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. 15 കോടിയിലേറെ അംഗങ്ങൾ അതിൽ അണിനിരന്ന് കഴിഞ്ഞിരിക്കുന്നു. ശതവാർഷികം ആഘോഷിച്ച് ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞതിൽപിന്നെ അത് പ്രവൃദ്ധവേഗം ബഹുത്വകമായി പ്രചരിച്ചുമുന്നേറുകയാണ്. 300 കൊല്ലത്തിനകം തന്റെ പ്രസ്ഥാനം ലോകം മുഴുവനും നിറഞ്ഞുനിൽക്കുമെന്നാണ് വാഗ്ദത്തമസീഹിന്റെ പ്രവചനം. മുഹമ്മദ് നബി (സ) തിരുമേനിക്ക് ശേഷം ലോകംകണ്ട ഏറ്റവും ഊർജ്ജസ്വലമായ ആത്മീയപ്രസ്ഥാനത്തിന്റെ സ്ഥാപകനെന്ന നിലയിൽ ലോകത്തെങ്ങുമുള്ള ചിന്തകരെയും ബുദ്ധിജീവികളെയും വാഗ്ദത്തമസീഹ് (അ) ഇതിനകം ആകർഷിച്ച് കഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാപ്രസ്ഥാന സ്ഥാപകർ ഒരു സത്യപ്രവാചകനായിരുന്നു എന്ന് പറഞ്ഞാൽതന്നെ ആ അമേയ വ്യക്തിത്വത്തിന്റെ മഹത്വപ്രഖ്യാപനമായി. ഒരു പ്രവാചകൻ! അതെ, മനുഷ്യന്ന് ഉയർന്നെത്താവുന്ന ആത്മീയതയുടെ പരമപൂജ്യപദം! അതുമല്ല, വാഗ്ദത്ത മസീഹിന്റെ ആവിർഭാവം നബി തിരുമേനിയുടെ രണ്ടാം വരവാണെന്ന് ഖുർആനിൽ പറയപ്പെട്ടിട്ടുണ്ടെന്ന് കൂടി ഓർത്തുകൊള്ളേണ്ടതാണ്. അതുകൊണ്ട്തന്നെ ആ മഹാത്മാവിനെ നാളെകളുടെ

നായകനായി കാണാൻ പ്രയാസമില്ല. ഇന്നിപ്പോൾ ഇതുപറയുന്നത് ഒരു അവിവേകമായി കരുതുന്നവരുണ്ടാകാം. എന്നാൽ, എല്ലാപ്രവാചകൻമാരുടെയും പ്രസ്ഥാനങ്ങൾ അത്യന്തം ദീനദുർബലമായ സാഹചര്യങ്ങളിലാണ് അരങ്ങേറിയത്. ഇതിലേയ്ക്ക് ഉദാഹരണമൊന്നും ചൂണ്ടിക്കാണിക്കേണ്ടതായിട്ടില്ല. പ്രവാചകസത്യങ്ങൾ അംഗീകരിക്കപ്പെടാൻ നൂറ്റാണ്ടുകൾതന്നെ വേണ്ടിവന്നിട്ടുണ്ട്. പിന്നീടവ ജനഹൃദയങ്ങളിൽ സ്ഥായിയായി നിലകൊണ്ടു. 300 കൊല്ലക്കാലം ഗുഹകൾക്കുള്ളിൽ ഒളിച്ചിരുന്ന കൃസ്തുസന്ദേശത്തിന്ന് മുന്നിൽ ഒടുവിൽ കോൺസ്റ്റാന്റയിൻ ചക്രവർത്തിയുടെ റോമാ സാമ്രാജ്യം മുട്ടുകുത്തിനിന്നു! മുൾകിരീടമണിഞ്ഞ് കുരിശും പേറി, ജൂതപുരുഷാരത്തിന്റെ ആട്ടും തുപ്പും കൊണ്ടു, ചാട്ടവാറുകളുടെ പ്രഹരങ്ങളേറ്റേറ്റ് കാൾവറികുന്നിലേയ്ക്ക് കുനിഞ്ഞ് കുനിഞ്ഞ് നീങ്ങിയ ആ ഒന്നാം മസീഹിന്റെ ദയനീയചിത്രം എന്റെ മനോതലത്തിൽ കോലപ്പെടുകയാണ്! നീണ്ട പത്ത് കൊല്ലക്കാലം ഉപദേശിച്ചു കൊണ്ടിരുന്നിട്ടും സ്വന്തം മച്ചുനനെപോലും മനം മാറ്റാൻ കഴിയാതെ നിരാശനായി നെടുവീർപ്പിട്ട സൊറോസ്റ്ററുടെ കാൽക്കൽ വിഷ്ടാസ്പ ചക്രവർത്തിയുടെ പേർഷ്യൻ സാമ്രാജ്യം കുഴഞ്ഞുവീണു! അങ്ങനെ ലോകത്ത് സ്ഥിര പ്രതിഷ്ഠ നേടിയ ആത്മീയാചാര്യൻമാരുടെയെല്ലാം പ്രസ്ഥാനങ്ങളുടെ തുടക്കം ദയനീയമായിരുന്നു. കേവലം കാൽനൂറ്റാണ്ട് കൊണ്ട് ആഗോളവിപ്ലവം സാധിക്കുകയും ജീവകാലത്ത് തന്നെ വിജയത്തിന്റെ വെന്നിക്കൊടി നാട്ടുകയും ചെയ്ത ഒരേയൊരു പ്രവാചകൻ മാത്രമേഉള്ളൂ; മുഹമ്മദ് നബി (സ) തിരുമേനി! അതു പക്ഷെ, പ്രവാചക ചരിത്രത്തിലെ ഒരപവാദംമാത്രം. എങ്കിലും, ആരംഭത്തിൽ ആ മഹാത്മാവിന്നും കഠിനമായ പരീക്ഷകളെയും പീഡനങ്ങളെയും മർദ്ദനങ്ങളെയും യുദ്ധങ്ങളെയും നേരിടേണ്ടിവന്നിട്ടുണ്ട്. അതിനാൽ, ഇന്നത്തെ ദൈന്യാവസ്ഥയെ നോക്കിക്കണ്ടുകൊണ്ട് ഞാൻ ഒരു വ്യർത്ഥമായ വ്യായാമത്തിൽ ഏർപെട്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെടുന്നവരോട്- ബഹുഭൂരിപക്ഷവും അത്തരക്കാർ തന്നെയാണ്-എനിയ്ക്ക് മതിപ്പില്ല! പരാതിയുമില്ല!! എങ്കിലും, ഈ ചരിത്രപുരുഷൻ മനുഷ്യ

വംശത്തിന്റെ അനിഷേധ്യനായകനായി അവരോധിക്കപ്പെടുന്നത് വരുംതലമുറകൾ കാണുമാറാകുമെന്ന് ഞാൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു കൊള്ളട്ടെ! സാർ ചക്രവർത്തിയുടെ ചെങ്കോൽ തന്റെ കയ്യിൽ വരുമെന്നും റഷ്യയിൽ തന്റെ അനുയായികൾ മണൽ തരികൾ കണക്കെ പരന്നതായി താൻ കാണുന്നുവെന്നും മസീഹ് രണ്ടാമൻ പ്രവചിച്ചിരിക്കുന്നു. പ്രവാചകൻമാർ ലോകത്തുണ്ടാക്കിയ മഹാപരിവർത്തനങ്ങളെ കുറിച്ചറിയുന്നവർ ഇപ്പറഞ്ഞതിൽ അമ്പരക്കുകയില്ല. ശത്രുക്കൾ ഇത് അംഗീകരിക്കില്ലായിരിക്കാം! അവർ ഇത് അംഗീകരിക്കണമെന്നില്ല. അന്ധൻമാർക്ക് കാണാനാകുന്നില്ലെന്ന് വച്ച് സൂര്യൻ ഉദിച്ചുപൊങ്ങാതിരിക്കുകയില്ലല്ലോ; സൂര്യ വെളിച്ചം പരക്കാതിരിക്കുകയും ചെയ്യില്ല!

വാഗ്ദത്ത മസീഹിന്റെ ചരിത്രം വായിച്ചുപഠിക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക്, പ്രത്യേകിച്ചും ഉറുദുഭാഷ അറിഞ്ഞുകൂടാത്തവർക്ക് പ്രയോജനപ്പെടണമെന്ന ഉദ്ദേശ്യത്തോട്കൂടിയാണ് ഞാനീ ജീവചരിത്രം വിസ്തരിച്ച് എഴുതിതയ്യാറാക്കിയിട്ടുള്ളത്. ഇസ്ലാമിക ചരിത്ര പഠിതാക്കളായ സർവകലാശാലാ വിദ്യാർത്ഥികൾക്ക് അഹ്മദിയ്യാ പ്രസ്ഥാനത്തെകുറിച്ച് അറിയാനാവശ്യമായ പുസ്തകങ്ങൾ ലഭ്യമല്ലെന്ന് ഒരു ഗവേഷണവിദ്യാർത്ഥി ഈയുള്ളവനോട് പരാതി പറഞ്ഞപ്പോൾ അതൊരു വലിയ പോരായ്മയായി കരുതിയ എനിയ്ക്ക് ഇക്കാര്യത്തിൽ അത് തന്നെ ഒരാവേശമായിത്തീർന്നു. വാഗ്ദത്ത മസീഹിന്റെ ജീവിതം എത്തരത്തിലുള്ളതായിരുന്നു എന്ന് വിശ്വാസികൾക്കും നിഷേധികൾക്കും കാണിച്ചുകൊടുക്കുവാനുള്ള ആവേശം എന്നിൽ അലയടിക്കുകയായിരുന്നു. വിശ്വസിച്ചവർക്ക് കൂടുതൽ അറിയാനും വിശ്വസിച്ചിട്ടില്ലാത്തവർക്ക് തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കാനും സംശയങ്ങൾ അകറ്റാനും ഇത് സഹായകമായെങ്കിൽ ഞാൻ കൃതകൃത്യനായി.

ഒരു വ്യക്തിയോട് നമുക്ക് എത്രമാത്രം ആദരവും സ്നേഹവുമുണ്ടോ അത്രകണ്ട് ആ വ്യക്തിയുടെ ജീവിതത്തിലെ സൂക്ഷ്മാൽസൂക്ഷ്മതരങ്ങളായ വശങ്ങളെകുറിച്ച്പോലും

സവിസ്തരം പഠിച്ചറിയാനുള്ള അഭിവാഞ്ഛയും കൗതുകവും നമ്മിൽ വളർന്നുവരും. ആ വ്യക്തിയുടെ നിസ്സാരമായ ഒരു ചലനംപോലും ആരാധകചിത്തങ്ങളെ ആവേശം കൊള്ളിച്ചെന്നുവരും. പരിശുദ്ധരായ പ്രവാചകൻമാരുടെ കാര്യത്തിൽ അവരുടെ ജീവിതത്തിലെ ഒരു വശവും മറച്ച് പിടിക്കേണ്ടതില്ലാത്തവിധം തുറന്ന് കാട്ടപ്പെടേണ്ടതാകുന്നു. വിമർശകഫലകങ്ങളിൽ വെച്ച് പിന്നെയും പിന്നെയും ക്രൂശിക്കപ്പെടുമ്പോഴാണ് ആ സുതാര്യതയിൽ അനുപമമായ ആ ജീവിതത്തിന്റെ തിളക്കം ലോകത്തിന്ന് കാണാൻ കഴിയുക. വിശകലനങ്ങളിലൂടെയും വിമർശനങ്ങളിലൂടെയും അവരുടെ ജീവിതത്തിന്റെ ഉൾതലങ്ങളിൽ വെളിച്ചം വീശുമ്പോൾ അത് പ്രകാശവത്തായി പ്രത്യക്ഷപ്പെടുന്നു. മുഹമ്മദ് നബി (സ) തിരുമേനിയുടെ ജീവിതം പോലെ അത്രയധികം വിസ്തരിച്ച് രേഖപ്പെടുത്തിയ മറ്റൊരു ജീവിതമില്ലെന്ന് നമുക്കറിയാം. അത്രയേറെ ആക്ഷേപങ്ങൾക്ക് കുറിയായ മറ്റൊരു ജീവചരിത്രവും ഈ ലോകത്ത് കാണപ്പെടുകയില്ല. വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കും കാരണമായത് തന്നെയും ജീവചരിത്രത്തിന്റെ വൈശദ്യവും വിസ്തരതയുംമൂലം ആണ്താനും. അറിയപ്പെടാത്ത ജീവിതത്തെപറ്റി ആര് വിമർശിക്കാനാണ്! അതിബഹുലമായ നിവേദനങ്ങളിലൂടെ പുറത്ത് വന്ന വസ്തുതകൾ ആക്ഷേപരൂപത്തിൽ അവതരിപ്പിക്കപ്പെട്ടപ്പോഴാണ് സത്യാന്വേഷണത്തിന്റെ സൂക്ഷ്മദർശിനികളിലൂടെ ആ മഹനീയജീവിതത്തിന്റെ പ്രഭാപൂരം ലോകത്തിന്ന് ദൃശ്യമായത്. തിരുനബിയുടേയും ഖുർആന്റേയും നേരെ ശത്രുക്കൾ തൊടുത്തുവിട്ട കടുത്ത ആക്ഷേപങ്ങളിലാണ് യഥാർത്ഥത്തിൽ നബിയുടെയും ഖുർആന്റെയും അത്യുൽകൃഷ്ട ഭാവങ്ങൾ കണ്ടെത്താനായതെന്ന് വാഗ്ദത്ത മസീഹ് (അ) തന്നെ ഒരിടത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജീവചരിത്രങ്ങളിൽ ചരിത്ര രചയിതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കൊ അഭിപ്രായങ്ങൾക്കോ യുക്തിചിന്തകൾക്കോ ഒരു പ്രസക്തിയുമില്ല. ഉള്ളത് ഉള്ളത്പോലെ വിവരിക്കുകയാണ് ചരിത്ര രചയിതാവിന്റെ ധർമ്മം. രചയിതാവിന്റെ വിശ്വാസങ്ങളും ഭയഭക്തിഭാവങ്ങളും

അനുവാചകരെ ഒരിക്കലും സ്വാധീനിക്കേണ്ടതില്ല. സത്യം നിറന്നു കത്തുമെന്നതിനാൽ അത്തരം ആശങ്കകൾക്ക് അവകാശമില്ലെന്ന് ഞാൻ കരുതുന്നു.

"അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്" എന്ന് ഖുർആൻ പ്രസ്താവിച്ചതിനെ തുടർന്ന് ആ മഹനീയ ജീവിതത്തിന്റെ വിസ്തരവശങ്ങൾക്ക് വേണ്ടി തിരുസഖാക്കൾ അന്നറിയപ്പെട്ട ലോകത്തിന്റെ കോണായ കോണുകളിലെല്ലാം ചെന്നെത്തി, ലക്ഷക്കണക്കിന് നിവേദനങ്ങൾ ശേഖരിച്ചൊരുക്കി. ഗവേഷണ നിഷ്ണാതങ്ങളായ ആ കണ്ണുകളും കാതുകളും ഹൃദയങ്ങളും നബി (സ) എങ്ങിനെ ജീവിച്ചു എന്നറിയാൻ ബദ്ധകുതുകികളായി. നബിയുടെ ചുണ്ടിൽനിന്നുതിർന്ന് വീണ ശബ്ദങ്ങളും അവിടുത്തെ ചര്യകളിൽ നിഴലിച്ച കാഴ്ചകളും വരുംതലമുറകൾക്ക്വേണ്ടി ശേഖരിച്ചൊരുക്കാൻ അവർ എന്ത്മാത്രം സാഹസപ്പെട്ടു എന്നറിയുമ്പോൾ നാം അത്ഭുതപരതന്ത്രരായിത്തീരുന്നു. അതോടൊപ്പം തിരുമേനിയോട് അവർക്കുണ്ടായിരുന്ന സ്നേഹാദരങ്ങളുടെ ആഴം കണ്ടെത്താനാവാതെ നാം കുഴങ്ങിപ്പോവുകയും ചെയ്യുന്നു. നബിയുടെ കാലത്ത്തന്നെ (ഹിജ്റ ആറിൽ) കടൽവഴി ചൈനയിലെത്തിയ വഹബ്ബുനു ഉബാശ (ഇദ്ദേഹം സുറാത്ത എന്നപേരിലാണ് ചൈനയിൽ അറിയപ്പെട്ടത്) തിരുമേനിയുടെ ഒരു സന്ദേശം ഖാക്കാൻ എന്ന രാജാവിന്ന് എത്തിക്കുകയുണ്ടായത്രെ (Al-Hadis-Mishkath, Vol. 1, Preface). അത്തരം ആളുകളേയും അവരുമായി ബന്ധപ്പെട്ടവരെയും കണ്ടെത്താൻ അന്വേഷികൾ ലോകത്തെങ്ങും സഞ്ചരിച്ചു. അങ്ങിനെ അവരിൽനിന്ന് സ്വീകരിച്ച ലക്ഷക്കണക്കിലുള്ള നിവേദനങ്ങളിൽനിന്നാണ് ഇപ്രകാരം ഹദീസുകൾ ആ സമാഹർത്താക്കൾ ശേഖരിച്ചൊരുക്കിയത്. വ്യത്യസ്ത മാനദണ്ഡങ്ങളനുസരിച്ച് തള്ളേണ്ടവയും കൊള്ളേണ്ടവയുമായി അവയെ വേർതിരിച്ച് രേഖപ്പെടുത്തിയാണ് വ്യത്യസ്ത ഹദീസ്ഗ്രന്ഥങ്ങൾ ക്രോഡീകരിച്ചത്. നിവേദകർ എത്തരക്കാരായിരിക്കണമെന്നും അവരുടെ സ്വഭാവഗുണങ്ങൾ എങ്ങിനെയുള്ളവയായിരിക്കണമെന്നും അവരുടെ കുടുംബപരമ്പര

എത്രത്തോളം സത്യബദ്ധരാകണമെന്നുമെല്ലാം അവർ അക്കമിട്ട് നിർണയിച്ച മാനദണ്ഡങ്ങളനുസരിച്ച് നിഷ്കൃഷ്ടമായി പഠനപരിശോധനകൾ നടത്തിയ ശേഷമാണ് ആ നിവേദനങ്ങൾക്ക് അവർ അംഗീകാരം നൽകിയിരുന്നത്. ഇക്കാര്യത്തിൽ അതുല്യമായ ഒരു 'വ്യക്തിനാമശാസ്ത്രം' (അസ്മാഉർറിജാൽ) എന്ന ഒരു ശാസ്ത്രം തന്നെ പടുത്തുയർത്തി. നാൽപ്പതിനായിരം നിവേദകരുടെ ചരിത്രകുറിപ്പുകളാണിതെന്നും ലോകചരിത്രത്തിൽ ഇത് എതിരറ്റ ഒരു സംഭാവനയാണെന്നും വില്യം മുയിർ പറഞ്ഞിട്ടുണ്ട് (Introduction, p. 42). ഹസ്രത്ത് ഇമാം ബുഖാരിയുടേതാണ് ഏറ്റവും പ്രാമാണീകമായ ഹദീസ്സമാഹാരം– അദ്ദേഹം സമാഹരിച്ച ആറുലക്ഷം ഹദീസുകളിൽ 7275 ഹദീസുകൾ മാത്രമാണ് അദ്ദേഹം പ്രമാണ്യമായി തെരഞ്ഞെടുത്തത്. മൂന്ന് ലക്ഷം ഹദീസുകൾ ശേഖരിച്ച ഇമാം മുസ്ലിം 9200 ഉം, അഞ്ച് ലക്ഷം ഹദീസുകൾ ശേഖരിച്ച അബൂദാവൂദ് 4800 ഉം ഹദീസുകൾ മാത്രമെ തങ്ങളുടെ സമാഹാരങ്ങളിൽ ഉൾപെടുത്തിയുള്ളു. ബാക്കിയുള്ളവ അവർ മാറ്റിവെച്ചു. അവയെല്ലാം കള്ളങ്ങളും കൃത്രിമങ്ങളുമാണെന്ന് ഇതിന്ന് അർത്ഥമില്ല. കള്ളങ്ങളും കൃത്രിമങ്ങളും അവയിൽ ഉൾപെട്ടിരിക്കാം. എന്നാൽ, തങ്ങളുടെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നിഷ്കൃഷ്ടമായ പരിശോധനകളിൽ അവ സ്വീകാര്യമായി കാണപ്പെട്ടില്ലെന്നുമാത്രം. ഇത്രയേറെ പരിശോധനകളും സൂക്ഷ്മ പഠനങ്ങളും നടത്തപ്പെട്ടിട്ടും ബുഖാരിയിൽതന്നെ യുക്തിസഹങ്ങളല്ലാത്തതും അബദ്ധ ജഡിലങ്ങളുമായ ഹദീസുകൾ ഉൾപെട്ടുപോയിട്ടുണ്ടെന്ന് കാണാം. മാനദണ്ഡങ്ങളനുസരിച്ച് സ്വീകാര്യങ്ങളായിക്കണ്ടവ മാത്രം വ്യത്യസ്ഥ ഹദീസ്ശേഖരണങ്ങളിൽ ഉൾപ്പെടുത്തുകയായിരുന്നു. അതുകൊണ്ടാണ് ഹദീസുകൾ പൂർണ്ണമായും പ്രാമാണ്യങ്ങളല്ലെന്നും അവ ഖുർആനിലെ ഖണ്ഡിത വചനങ്ങൾക്ക് ഒത്തുകാണുകയാണെങ്കിൽ മാത്രമെ പ്രമാണ്യങ്ങളാവുകയുള്ളുവെന്നുമുള്ള അടിസ്ഥാന നിബന്ധനകൾ വച്ചിട്ടുള്ളത്. സുരക്ഷിതമായ ഖുർആനീക വചനങ്ങളുടെ സംശുദ്ധിയും സ്വച്ഛതയും നിവേദക

പരമ്പരയിലൂടെ കൈവന്ന ഹദീസുകൾക്കുണ്ടായിരിക്കാവതല്ലല്ലോ. ഈ ഹദീസ് ഗ്രന്ഥങ്ങളിൽ 'സിഹാഹ് സിത്ത' എന്ന് അറിയപ്പെടുന്ന ആറ് ഹദീസ് ഗ്രന്ഥങ്ങൾ പ്രബലങ്ങളാണ്. ഇവയിൽപെടാത്ത എണ്ണമറ്റ ഹദീസ് ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. ഖുർആന് എതിരല്ലെങ്കിൽ, മാനദണ്ഡങ്ങളനുസരിച്ച് നിബന്ധനകൾ ഒത്തുകാണുകയാണെങ്കിൽ അത്തരം സമാഹാരങ്ങളിൽനിന്നുള്ള ഹദീസുകളും സ്വീകാര്യംതന്നെ. ഖുർആൻ കഴിഞ്ഞാൽ തിരുനബിയിൽനിന്ന് തുടങ്ങുന്ന പരമ്പരാസിദ്ധമായ കണ്ണിമുറിയാതെ കൈവന്ന തിരുചര്യകളാണ് രണ്ടാമത്തെ പ്രമാണം. തിരുനബിയുടെ തിരുവായ്മൊഴികളാണ് അഥവാ ഹദീസുകളാണ് മൂന്നാമത്തെ പ്രമാണം. ഈ ക്രമമനുസരിച്ച് പ്രമാണഭദ്രത പാലിച്ചിരുന്നെങ്കിൽ ചരിത്രത്തിൽ മായം ചേർക്കാൻ ഇടമുണ്ടാകുമായിരുന്നില്ല. സുന്നത്ത് തിരുമേനിയോടൊപ്പം തന്നെയുള്ളതും വിശ്വസ്തമായി നമുക്ക് കൈവന്നതുമാണെങ്കിലും ഹദീസുകൾ 150 കൊല്ലം കഴിഞ്ഞ് രേഖപ്പെടുത്തിയിട്ടുള്ളവയാണ്. ഈ ഹദീസ്ശേഖരണത്തിൽ സഹാബകളായ സ്ത്രീകളും മുൻപന്തിയിലുണ്ടായിരുന്നു. തിരുമേനിയുടെ ഭാര്യമാരും ഇക്കാര്യത്തിൽ ആരുടേയും പിന്നിലായിരുന്നില്ല. സ്ത്രീകളുടെ നിവേദനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള പതിത്വമോ തരഭേദമോ കൽപിച്ചിരുന്നുമില്ല. തിരുമേനിയുടെ ഗാർഹിക കൗടുംബിക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രബലങ്ങളും അടിസ്ഥാന പരവുമായ എണ്ണമറ്റ ഹദീസുകൾ ഹസ്രത്ത് ആയിശ (റ) നിവേദനം ചെയ്തിട്ടുള്ളതാണ്. 'മതത്തിൽ പാതി ആയിശയിൽനിന്ന് പഠിക്കുക' എന്ന് തിരുനബി (സ)തന്നെ നിർദ്ദേശം നൽകിയിട്ടുണ്ടല്ലോ! തിരുനബിയുടെ സ്വഭാവത്തെ സംബന്ധിച്ചു ചോദിച്ചപ്പോൾ തിരുനബിയുടെ സ്വഭാവം ഖുർആനാണെന്ന് അവർ അരുളി. ഈ മറുപടിയിൽ അനേകം തത്ത്വങ്ങൾ അടങ്ങിയിട്ടുണ്ടായിരുന്നു. ഖുർആൻ കൽപനകളോടൊത്തുവേണം മുസ്ലിംകൾ തിരുനബിയുടെ ചരിത്രമെഴുതാനെന്നൊരു സൂചനയും അതിലുണ്ട്. എന്തെന്നാൽ ഖുർആന്റെ പ്രായോഗികവ്യാഖ്യാനമാണ് തിരുനബിയുടെ

ജീവിതമെന്ന് കാണാവുന്നതാണ്. നബിയുടെ സ്വഭാവം ഖുർആനാണ് എന്ന ഹ്രസ്വത്ത് ആയിശയുടെ പ്രസ്താവന തിരുസഖാക്കൾക്കിടയിൽ ഒരു ചൊല്ലായി മാറിയിരുന്നെന്നു വിലയംമുയിർ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (Introduction p. 28).

ചുരുക്കത്തിൽ, ഇപ്രകാരം തയ്യാറാക്കപ്പെട്ട ഹദീസുകളാണ് തിരുനബിചരിത്രത്തിന്റെ അടിസ്ഥാന സ്രോതസ്സ്. ഏറ്റവും സംശുദ്ധവും ആധികാരികവും വിശ്വസനീയവുമായ ചരിത്രമൂല്യമായിരുന്നു ഇതെന്ന് സമ്മതിക്കാതെ തരമില്ല. ഇസ്ലാമിക ചരിത്ര മൂല്യങ്ങളുടെ സംശുദ്ധിയെ പറ്റി പ്രസിദ്ധരായ പൗരസ്ത്യകാര്യശാസ്ത്രപണ്ഡിതരും കൃസ്തീയഗവേഷകരും ഏറ്റുപറഞ്ഞിട്ടുണ്ടെന്നത് ഇവിടെ പ്രസ്താവ്യമാണ്. പ്രഫസർ നിക്കൾസൺ (Prof. Nicholson) ഇപ്രകാരം പറയുന്നു: "ഇസ്ലാമിന്റെ ആരംഭവും ആദ്യകാല വികാസവും തിരിച്ചറിയുന്നതിന് സ്വച്ഛവും അഖണ്ഡവുമായ ആധികാരികരേഖകൾ നമ്മുടെ മുമ്പിലിരിക്കുന്നു. അത്തരത്തിലുള്ള അടിത്തറരേഖകൾ ബുദ്ധമതത്തിന്റെയോ കൃസ്തുമതത്തിന്റെയോ മറ്റേതെങ്കിലും പൗരാണിക മതത്തിന്റെയോ കാര്യത്തിൽ കാണപ്പെടുന്നില്ലതന്നെ" (Literary History of the Arabs, p. 141).

എതിരാളികൾക്ക് കൂടി സമ്മതിച്ച് പറയേണ്ടിവന്നിട്ടുള്ള ഖണ്ഡിതചരിത്രരേഖകളാണ് ഇസ്ലാമിന്റെ ആദ്യകാല ചരിത്രത്തിന്റെ അടിസ്ഥാനമെന്നോണം നമുക്ക് കൈവന്നിട്ടുള്ളതെന്ന് മനസ്സിലാക്കാം. മേൽപറഞ്ഞ രൂപത്തിൽ തയ്യാറാക്കപ്പെട്ട ഹദീസ് ശേഖരങ്ങളെ അടിസ്ഥാനമാക്കിയാണ് തിരുനബിചരിത്രം നിർമിക്കപ്പെട്ടത്. തിരുനബിയുടെ ആദ്യത്തെ ജീവചരിത്രകാരൻ ഇമാം സുഹ്രി ആയിരുന്നു. ഇമാം സുഹ്രിയുടെ ശിഷ്യരായ മൂസാബിൻ ഉഖ്ബ, ഇബ്നു ഇസ്ഹാക്ക് എന്നിവരാണ് ആദ്യത്തെ ഏറ്റവും ആധികാരിക ചരിത്രകാരൻമാരായി അംഗീകരിക്കപ്പെട്ടിട്ടുള്ളവർ. ഇവരെല്ലാം രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചവരാണ്. ഇവരുടെ ചരിത്ര രേഖകൾ പക്ഷെ, നിർഭാഗ്യമെന്നുപറയട്ടെ, നഷ്ടപ്പെട്ടുപോയി. പിൽക്കാല ചരിത്രകാരന്മാരിൽനിന്നാണ് നമുക്കവരെപറ്റിയും അവരുടെ ചരിത്ര വിവരങ്ങളെപറ്റിയും അറിയാൻ കഴിയുന്നത്. ഈ

പരമ്പരയിൽ ഇബ്നുഹിശാമിന്റെ ചരിത്രമാണ് ഏറ്റവും പ്രമാണികചരിത്ര ഗ്രന്ഥമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ഹിജ്റ 218 ലാണ് അദ്ദേഹം ചരമം പ്രാപിച്ചത്. തബ്രിയുടെ ചരിത്രമാണ് മറ്റൊരു വിശ്വസ്ത ചരിത്രഗ്രന്ഥം. ഇബ്നുസഅദിന്റെ ചരിത്രവും പ്രാമാണികമാണ്. മുഹമ്മദ് ബ്നു ഉമറൽ വാക്കിദിയാണ് മറ്റൊരു പ്രബല ചരിത്രകാരനെങ്കിലും ഇദ്ദേഹത്തിന്റെ ചരിത്രത്തിൽ ധാരാളം കള്ളനിവേദനങ്ങളും ക്രിത്രിമ ഹദീസുകളും കടന്നുകൂടിയിട്ടുള്ളതിനാൽ മുസ്ലിം ചരിത്രകാരന്മാർ പൊതുവെ അപ്രാമാണ്യവും അസ്വീകാര്യവുമായി തള്ളിയിരിക്കുന്നു. എന്നാൽ, ഈ ചരിത്രഗ്രന്ഥത്തെയാണ് അഥവാ വാക്കിദിയേയാണ് യൂറോപ്യൻ-ക്രൈസ്തവപണ്ഡിതൻമാർ പ്രമാണിച്ചിട്ടുള്ളത്. അതുകൊണ്ട്തന്നെ തിരുനബിയുടെ ചരിത്രം വികൃതമാക്കപ്പെടുന്നതിന്നടന്ന കരുതിക്കൂട്ടിയുള്ള ശ്രമങ്ങൾക്ക് ഈ ചരിത്രകാരനും ചരിത്രഗ്രന്ഥവും ഉപകരണമാക്കപ്പെട്ടു. അടുത്തകാലത്ത് വിവാദപുരുഷനായി രംഗത്തെത്തിയ സൽമാൻ റുഷ്ദി വാക്കിദിയുടെ ചരിത്രഗ്രന്ഥത്തെയാണ് തിരുനബിയെ ആക്ഷേപിക്കാൻ പ്രധാനമായും ഉപയോഗപ്പെടുത്തിയതെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. യഹൂദക്രൈസ്തവ പണ്ഡിതൻമാരെ പ്രമാണമാക്കിയാണ് റുഷ്ദി ഗ്രന്ഥരചന നടത്തിയത്.

ഖുർആന്റെയും സഹീഹ് ആയ ഹദീസുകളുടെയും അടിസ്ഥാനത്തിൽ പുനർമൂല്യനിർണ്ണയം നടത്തേണ്ടിയിരുന്ന ചരിത്ര രേഖകളാണ് തിരുനബിയുടെ ചരിത്രത്തിന്റെ നിർമ്മാണത്തിന് ആസ്പദമാക്കിയിരുന്നതെന്നും ഈ സങ്കീർണ്ണതകളിൽനിന്ന് നിർദ്ധാരണം ചെയ്ത ചരിത്രമാണ് നമ്മുടെ മുമ്പിലുണ്ടായിരുന്നതെന്നും ഇത്രയും പറഞ്ഞതിൽനിന്നും മനസ്സിലാക്കാം.

വാഗ്ദത്ത മസീഹിന്റെ ചരിത്രം ഉപരിപ്രസ്താവിച്ച സങ്കീർണ്ണതകളിൽനിന്നെല്ലാം സംശുദ്ധമാണെന്നത് നമുക്ക് ലഭിച്ച ഒരു ഭാഗ്യാനുഗ്രഹമാണ്. എന്തുകൊണ്ടെന്നാൽ, ഇമാം മഹ്ദിയുടെ ചരിത്രത്തിന്റെ ഒരു വലിയ ഭാഗം

ആത്മകഥാരൂപത്തിൽ നമുക്ക് കൈവന്നിട്ടുള്ളതിനാൽ അക്കാര്യത്തിൽ ഗവേഷണത്തിന്റെ വലിയ ആവശ്യം നേരിട്ടില്ല. വാഗ്ദത്തമസീഹിന്റെ ചരിത്രം അവിടുന്ന് തന്നെ തന്റെ കൃതികളിൽ സ്വന്തം കൈകൊണ്ട് തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ കുടുംബചരിത്രവും പൂർവ്വീക കുടുംബ പശ്ചാത്തലവും പിതൃബന്ധങ്ങളെകുറിച്ചുള്ള വിശദവിവരങ്ങളും തന്റെ ബാല്യയൗവനകാലസംഭവങ്ങളും അവിടുന്ന്തന്നെ നമുക്ക് പറഞ്ഞ് തന്നിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ചരിത്രനിർമ്മാതാക്കളുടെ ഗവേഷണ യത്നങ്ങൾ വലിയൊരുഭാഗം ഒഴിവാക്കാനിടയായി. അൽപസ്വൽപം ഓർമ്മത്തെറ്റുകളോ സംഭവവിവരണങ്ങളിലെ പോരായ്മകളോ മാറ്റിവെച്ചാൽ ചരമം വരെയുള്ള കാര്യങ്ങൾ അവിടുന്ന്തന്നെ എഴുതിത്തന്നിരിക്കയാണ്. ജീവചരിത്രകാരൻമാർക്ക് ഒരു വലിയ സഹായാനുഗ്രഹമായിത്തീർന്ന ഈ സാഹചര്യം ദൈവീകമായ ഒരു നിശ്ചയത്തിന്റെ ഭാഗമാണെന്ന് വേണം കരുതാൻ. അവിടുത്തെ ദിവ്യദൃഷ്ടാന്തങ്ങളും വാദപ്രതിവാദങ്ങളും പ്രഭാഷണങ്ങളും ഉപദേശങ്ങളും എല്ലാം അവിടുന്ന്തന്നെ എഴുതിറിക്കാർഡാക്കിയിട്ടുള്ളതാണെന്നത് ചെറിയൊരു നേട്ടമൊന്നുമല്ല. അവ പകർത്തുക മാത്രമെ ചരിത്രകാരൻമാർക്ക് പണിയുള്ളൂവെന്ന് പറഞ്ഞാൽ തെറ്റില്ല. അവിടുത്തെ ഗ്രന്ഥങ്ങളിലും ലഘുലേഖകളിലും പത്രലേഖനങ്ങളിലും ഡയറിക്കുറിപ്പുകളിലും കത്തുകളിലും പരന്നുകിടക്കുന്ന സംഭവകഥകളും വിവരണങ്ങളും സംയോജിപ്പിച്ചാൽതന്നെ ചരിത്രമായി. പിന്നെ കോടതിരേഖകളും സർക്കാർ റിക്കാർഡുകളും പരിശോധിച്ച് ഒത്തുനോക്കുകയും ക്രമവൽക്കരിക്കുകയും ചെയ്യേണ്ട ഒരു കൃത്യം മാത്രമെ ചരിത്രകാരൻമാർക്ക് ചെയ്യുവാനുള്ളു. വാഗ്ദത്തമസീഹിന്റെ എണ്ണമറ്റ സഹാബികളിൽ നിന്നുള്ള നിവേദനങ്ങൾ സമാഹരിച്ച് റജിസ്റ്ററിൽ ചേർക്കുന്ന സംവിധാനം പിൽക്കാലത്തുണ്ടായി. അതുവഴി സഹാബയുമായി ബന്ധപ്പെട്ട ഒട്ടേറെ സംഭവങ്ങൾ പിന്നീട് നമുക്ക് അറിയാൻ കഴിഞ്ഞു. അതുപോലെ വാഗ്ദത്ത മസീഹിൽനിന്ന് ലഭിച്ച കത്തുകളും മറ്റ് എഴുത്തുകളും ഖിലാഫത്ത് ലൈബ്രറിയിൽ

സൂക്ഷിക്കപ്പെട്ടിട്ടുള്ളതും ചരിത്രത്തെ പോഷിപ്പിക്കാൻ ഉതകുന്നവയാണ്. രണ്ടാം ഖിലാഫത്ത് കാലത്ത് രൂപംകൊണ്ട ചരിത്രനിർമ്മാണ ഗവേഷണ ഡിപ്പാർട്ട്മെന്റ് ഈ രംഗത്ത് വലിയൊരു ആശ്വാസകേന്ദ്രമാണ്. അഹ്മദിയാ പ്രസ്ഥാന ചരിത്രത്തിന്റെ എണ്ണമറ്റ വാല്യങ്ങൾ പുറത്ത് വന്ന് കഴിഞ്ഞിട്ടുണ്ട്. വ്യത്യസ്ത വീക്ഷണങ്ങളിലുള്ള ധാരാളം ജീവചരിത്രഗ്രന്ഥങ്ങൾ ഇനിയങ്ങോട്ട് രചിക്കപ്പെടുമെന്നത് തീർച്ചയാണ്.

വാഗ്ദത്ത മസീഹിന്റെ ജീവകാലത്ത്തന്നെ അവിടുത്തെ ചരിത്രം ശിഷ്യപ്രമുഖരിൽ ചിലർ എഴുതി വെച്ചിട്ടുണ്ടായിരുന്നു. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട സേവനം അർപ്പിച്ചത് ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് (റ) ആണ്. 1906-ൽ ചരമം പ്രാപിക്കുന്നതിന് മുമ്പായിട്ട്തന്നെ അദ്ദേഹം സീറത്ത് എഴുതി. അതു വാഗ്ദത്തമസീഹിന്റെ സ്വഭാവ ചിത്രീകരണം (Character Sketch) ആയിരുന്നു. ഈ സീറത്ത് സുവിശേഷ രൂപത്തിലുള്ളതാണ്. എങ്കിലും, 'സുവിശേഷങ്ങളെയ്ക്കാൾ ആധികാരികവും ഖണ്ഡിതവുമാകുന്നു. ബൈബിൾ 'പുതിയനിയമം' എന്നപേരിൽ അറിയപ്പെടുന്ന യേശുവിന്റെ ശിഷ്യമുഖ്യരുടെ പേരിലുള്ള നാലു സുവിശേഷങ്ങൾ ക്യസ്തുവിന്റെ കുരിശു സംഭവത്തിന് ശേഷം അതായത് ക്യസ്തു നാടുവിട്ടതിൽപിന്നെ അദ്ദേഹത്തിന്റെ അഭാവത്തിൽ, ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴുതപ്പെട്ടവയത്രെ. ക്യസ്തുവിന്റെ അപ്പോസ്തലൻമാരിൽ ആരെങ്കിലും നേരിട്ടെഴുതിയതല്ല അവ. അവ ആരുടെയെല്ലാം പേരിലാണോ അറിയപ്പെടുന്നത് അവർ എഴുതിയതോ പറഞ്ഞെഴുതിയതോ അല്ലതാനും. ചിലരുടെ അഭിപ്രായത്തിലുള്ള ക്യസ്തു ചരിത്രമാണ് പുതിയ നിയമം. Gospel According to Mathew, Gospel According to Luke, Gospel According to Mark, Gospel According to Jhon എന്നിങ്ങനെ പുതിയ നിയമത്തിന്റെ പുറം ചട്ടകളിൽ എഴുതിക്കാണാം. അതായത്, മത്തായിയുടെയും ലൂക്കോസിന്റെയും, മാർക്കോസിന്റെയും, യോഹന്നാന്റെയും അഭിപ്രായപ്രകാരമുള്ള ചരിത്രസ്മരണകളാണവ. ഇവയുടെ ആധികാരികതയും പ്രമാണ്യതയും നിശ്ചയിച്ചതാരാണ്? അഥവാ,

സുവിശേഷങ്ങളിൽ രേഖപ്പെട്ടുകിടക്കുന്ന കാര്യങ്ങൾ ദൈവനിശ്വസിതമാണ് അവയെന്നതിലേയ്ക്ക് എന്തുറപ്പാണ് നമുക്കുള്ളത്? എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരമില്ല. ഇവരാരുംതന്നെ മശിഹായുടെ അപ്പോസ്തലൻമാരുമല്ല. എല്ലാറ്റിന്നുംപുറമെ ഈ നാല് സുവിശേഷങ്ങളിലും ധാരാളം പരസ്പര വൈരുദ്ധ്യങ്ങളും സംശയാസ്പദ പ്രസ്താവനകളും കാണപ്പെടുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നുമുണ്ട്. സുവിശേഷങ്ങൾക്ക് നബിയുടെ തിരുവായ്മൊഴികളുടെ നിവേദനങ്ങൾക്കുള്ള സ്ഥാനമേ കൽപിക്കാനാവൂ. ഈ സുവിശേഷങ്ങൾ ദൈവത്തിൽനിന്നുള്ളതാണെന്ന് അവ അവകാശപ്പെടുകയോ അപ്രകാരം നമുക്ക് ബോദ്ധ്യപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ രണ്ടാം മസീഹിന്റെ ചരിത്രം ഏറെ വിശ്വസനീയവും ആധികാരികവും സത്യപൂർണവുമാണെന്ന് കാണാം. അത് അഹ്മദുൽ മസീഹ് (അ)തന്നെ എഴുതി കുറിച്ച ചരിത്രവിവരണങ്ങൾ അത്രെ.

ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് (റ) എഴുതിയ സീറത്ത് അഥവാ, അഹ്മദുൽ മസീഹിന്റെ സ്വഭാവ ചരിത്രം ഞാൻ വിവർത്തനം ചെയ്ത് ഈ ചരിത്രഗ്രന്ഥത്തിന്റെ ഒരു അനുബന്ധമെന്നോണം ചേർത്തിട്ടുണ്ട്. അത് ഈ ഗ്രന്ഥത്തിന് ഒരു അലങ്കാരവും പുണ്യവുമായിരിക്കട്ടെയെന്ന് കരുതിയും വായനക്കാർക്ക് പ്രയോജനകരവും പ്രചോദനപ്രദവും ആയിത്തീരട്ടെ എന്ന് ആഗ്രഹിച്ചും ആണ്.

ഈ ഗ്രന്ഥത്തിൽ ചേർത്ത ഉപാഖ്യാനങ്ങൾ ഈ കൃതിയിലെ ചരിത്രഭാഗത്ത് ഉൾപെട്ടിട്ടില്ലാത്ത സംഭവങ്ങളും സ്മരണകളും ആണ്. വാഗ്ദത്ത മസീഹിന്റെ സ്വഭാവ പ്രകൃതിയിലേയ്ക്ക് വെളിച്ചം വീശുന്ന ഈ സംഭവവിവരണങ്ങൾ സീറത്തുൽ മഹ്ദി, ദിക്റെ ഹബീബ്, മുജദ്ദിദെ അഅ്സം, തദ്കിറ തുടങ്ങിയ ഗ്രന്ഥങ്ങളിൽനിന്നെടുത്തവയാണ്. വിസ്തരഭീതി ഭയന്ന് പലതും ഞാൻ വിട്ടുകളഞ്ഞിട്ടുണ്ട്. ഏതായാലും ഇത്രയും കൊണ്ട്തന്നെ വാഗ്ദത്ത മഹ്ദീ മസീഹിന്റെ ജീവിതം എത്രയേറെ പരിശുദ്ധവും പരിപാവനവുമാണെന്ന് ഒരു നിർമ്മലപ്രകൃതിയ്ക്ക് മനസ്സിലാക്കാനാകും.

വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ന്റെ സത്യവാദത്തിൽനിന്ന് മുസ്ലിംകൾ മുഖംതിരിക്കുന്നതിന് പ്രധാനമായ കാരണമായി പറയപ്പെടുന്നത് അവിടുന്ന് പ്രവാചകത്വവാദം പുറപ്പെടുവിച്ചു എന്നുള്ളതാണ്. തികച്ചും അയഥാർത്ഥമായ ചില ധാരണകളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയ തെറ്റായ കാഴ്ചപ്പാടാണ് മുസ്ലിം ബഹുജനങ്ങളെ ഈ കാലഘട്ടത്തിലെ സത്യദൂതനെ നിരാകരിക്കാൻ ധൈര്യപ്പെടുത്തിയത്. വിശുദ്ധഖുർആന്റെയും സത്യമായ മറ്റ് പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ സത്യാഭിമുഖമായ ഒരു പഠനത്തിന്നോ ചർച്ചക്കോ ഒരു സ്വയം വിമർശനത്തിന്തന്നേയോ അവർ തയാറില്ല. ഇക്കാര്യത്തിൽ ഉലമാവർഗം അറിഞ്ഞുകൊണ്ട്തന്നെ കള്ളംപറഞ്ഞ് മുസ്ലിം ബഹുജനങ്ങളെ വഴിപിഴപ്പിക്കുകയാണ് ചെയ്തുവന്നത്. കള്ളം പറയാവുന്നതാണെന്ന 'ഫത്വ' പുറപ്പെടുവിക്കുകയും നിർലജ്ജം ആ ഫത്വകളെ ഉയർത്തിക്കാട്ടുകയും ചെയ്യുന്നവരാണ് സത്യത്തിന്റെ മൂർത്തിമദ്ഭാവമായ മഹ്ദീമസീഹിനെ കള്ളനാക്കി തള്ളുന്നത്! തിരുനബിക്ക് ശേഷം ഈസാനബി (അ) ആകാശത്തിൽനിന്ന് ഇറങ്ങിവരുമെന്ന് ഇന്നും വിശ്വസിക്കുന്നവരും ഒരു നബിയെ സോൽകണ്ഠം കാത്തിരിക്കുന്നവരുമാണിക്കൂട്ടർ! വരുവാനുള്ള മസീഹ് നബിയായിരിക്കുമെന്ന് പ്രബലമായ ഹദീസുകളിൽ പറഞ്ഞിരിക്കുന്നതും ഇവർ അറിഞ്ഞുകൊണ്ട് നിരാകരിക്കുന്നു. ഒരു നബി പ്രത്യക്ഷപ്പെടുന്നത് തിരുനബിയുടെ മഹത്വത്തിന് ക്ഷതിയേൽപ്പിക്കുമെന്ന മിഥ്യാധാരണയും വാഗ്ദത്ത മസീഹ് ഇസ്ലാം ശരീഅത്തിനെ ചോദ്യം ചെയ്തിരിക്കുന്നുവെന്ന മിഥ്യാവിശ്വാസവുമാണ് മുസ്ലിം ബഹുജനങ്ങൾ പുലർത്തുന്നത്. അതുകാരണം, ഹസ്രത്ത് അഹ്മദ് (അ) താൻ ഉമ്മത്തീനബിയെന്നാണ് വാദിച്ചിരിക്കുന്നതെന്നും ഇസ്ലാം ശരീഅത്തിനെ ബലപ്പെടുത്തുകയാണ് തന്റെ നിയോഗ ലക്ഷ്യമെന്നുമുള്ള അവിടുത്തെ ദൃഢപ്രസ്താവത്തെ അവർ അവഗണിക്കുന്നു. എന്നാൽ, സത്യത്തെ അത്തരക്കാർക്ക് ഞെക്കിക്കൊല്ലാൻ സാദ്ധ്യമല്ല.

സത്യത്തെ അധികകാലം മറച്ചുപിടിക്കാനും ആവില്ല. കളവിനെ എക്കാലവും നിലനിർത്താനും ആവില്ല. സത്യം സ്വയം പ്രകാശകമായിരിക്കയാൽ അത് നിറഞ്ഞ് കത്തും. കളവ് അന്ധകാരമാകയാൽ വെളിച്ചത്തിൽ അതിന് നിലനിൽപില്ല. ഹസ്രത്ത് അഹ്മദുൽ മസീഹ് (അ) മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉമ്മത്തീനബി ആണെന്നും അവിടുന്ന് തിരുനബിയുടെ ഇസ്ലാംശരീഅത്തിന്റെ പുനസ്ഥാപനത്തിന്നും വിജയവൽകരണത്തിന്നും വേണ്ടി നിയോഗിക്കപ്പെട്ട ആളാണ് താനെന്നാണ് വാദിച്ചതെന്നുമുള്ള സത്യത്തെ മുസ്ലിം ബഹുജനങ്ങളിൽനിന്ന് എല്ലാ കാലത്തും മറച്ചുപിടിക്കാൻ കഴിയില്ല. ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്ത് സത്യം തലയുയർത്തും. ഏഷ്യയിലല്ലെങ്കിൽ യൂറോപ്പിൽ; കിഴക്കല്ലെങ്കിൽ പടിഞ്ഞാറ്! അവസാനകാലത്ത് സൂര്യൻ പടിഞ്ഞാറ് ഉദിക്കുമെന്നാണല്ലോ പ്രവചനം! അതുകൊണ്ട്തന്നെ ഈ പൗരസ്ത്യ ദേശത്തെ ഉലമാക്കൾ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളിൽനിന്ന് മുഖം തിരിക്കുന്നുവെങ്കിൽ പാശ്ചാത്യ ദേശത്തെ ഗവേഷകൻമാർ സത്യാന്വേഷണത്തിന് ബദ്ധപ്പെടും. എന്നിട്ടു, അവർ മുഖേന സത്യത്തിന്റെ വെളിച്ചം പരക്കുമാറാകും. ഇതാണ് ഇന്ന് നടന്ന്കൊണ്ടിരിക്കുന്നത്!

കാലിഫോർണിയ യൂണിവേഴ്സിറ്റി 1988 ൽ പ്രസിദ്ധപ്പെടുത്തിയ 'പ്രവചനത്തിന്റെ അനുസ്യൂതി' (Prophecy Continuous) എന്ന ഗവേഷണ ഗ്രന്ഥത്തിൽ തൽകർത്താവായ യോഹന്നാൻ ഫ്രീഡ്മാൻ (Yohanan Friedmann) ഇപ്രകാരം പറയുന്നു:

"പ്രവാചകത്വ പരമായ പൂർണ്ണതകൾ-പ്രവചനസിദ്ധി തന്നെയും-തന്റെ ഏറ്റവും അർഹരായ അനുയായികളിൽ പ്രദാനം ചെയ്യാനുള്ള കഴിവ് മുഹമ്മദ് നബി തിരുമേനിയ്ക്കുണ്ടെന്ന ഗുലാം അഹ്മദിന്റെ ദൃഢപ്രസ്താവമാണ് അഹ്മദിയ്യാചിന്തനയുടെ മൗലികമായ ആശയം എന്ന് മനസ്സിലാകുന്നു. മറ്റെല്ലാ പ്രവാചകൻമാരുടെയും മേൽ മുഹമ്മദ് നബിയ്ക്കുള്ള ഔന്നത്യത്തിന്റെ നിദർശനമായി ഇതിനെ കാണാവുന്നതാണ്. സൂറാ 3:110-ൽ പറഞ്ഞത് പ്രകാരം ഭൂമുഖത്തെ ഏറ്റവും ശ്രേഷ്ഠമായ സമുദായമായി മുസ്ലിംകളെ പരിവർത്തിപ്പി

ക്കുന്നതിനുള്ള നിർണ്ണായകഘടകവുമാണിത്. മുഹമ്മദ് നബിയുടെ ചരമത്തിന് ശേഷം മുസ്‌ലിംകൾക്ക് പ്രവാചകത്വപരമായ മാർഗദർശനം നഷ്ടപ്പെട്ട് പോയിരിക്കയാണെങ്കിൽ മുസ്‌ലിംസമുദായത്തിന്ന് അതിന്റെ ആത്മീയൗന്നത്യം നിലനിർത്താൻ കഴിയുമാറില്ലതന്നെ. എന്നാൽ, നിശ്ചയമായും മുസ്‌ലിംകൾ ഇത്തരത്തിൽ കൈയൊഴിക്കപ്പെട്ടിട്ടില്ല. മറിച്ച്, മുഹമ്മദിന്റെ പ്രവാചകത്വം വിധിനാൾ വരെ നിലനിൽക്കുന്നതും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ എന്നുമെന്നും നിത്യനൂതനമായി വിരാജിക്കുന്നതുമാകുന്നു. ഈ പ്രവാചകത്വാനുഗ്രഹത്തിന്റെ അനുസ്യൂതപ്രവാഹത്തിന്ന് ഇപ്രകാരം അർത്ഥം നൽകപ്പെടുന്നു:- ഹസ്രത്ത് അഹ്മദ് പറയുന്നു:

"നമ്മുടെ വരിഷ്ഠപ്രവാചകൻ മരിച്ചിട്ടില്ല. മറിച്ച്, അത്യുന്നതമായ സ്വർഗ്ഗത്തിൽ സർവ്വശക്തനായ രാജാധിരാജന്റെ വലത്തുഭാഗത്ത് മഹത്വത്തിന്റെയും പ്രതാപഗരിമയുടെയും സിംഹാസനത്തിൽ അവിടുന്ന് ഉപവിഷ്ടനായിരിക്കുന്നു. (ഹമാരാ പ്യാരാ നബി ഫൌത്ത് നഹീ ഹുവാ; ബൽകി വൊ ബുലൻദ് തർ ആസ്മാൻ പർ അപ്നെ മലികെ മുഖ്തദിർ കെ ദായീൻ തറഫ് ബുസ്റുഗീ ഔർ ജലാൽ കെ തഖ്ത് പർ ബൈഠാ ഹൈ)"

"തങ്ങളുടെ പ്രവാചകൻ ആത്മീയാർത്ഥത്തിൽ ജീവിച്ചിരിക്കുന്നത്കൊണ്ട് മുസ്‌ലിംകൾക്ക് ദൈവീകമായ ഭാഷണവും (മുഖാത്തബാത്ത് വ മുകാലമാത്തെ ഇലാഹിയ്യ) ദിവ്യവെളിപാടുകളും (വഹ്‌യ്, ഇൽഹാം) ഒരിക്കലും നഷ്ടപ്പെട്ടുപോകയില്ല. അവരുടെ മതം ജീവനുള്ളതാകയാൽ അവരുടെ ആത്മീയമായ അവസ്ഥ യഹൂദരുടെയും ക്രൈസ്ത്യാനികളുടെയും അപ്പോലെതന്നെ ഹിന്ദുക്കളുടെയും അധഃസ്ഥിതാവസ്ഥകളിൽനിന്നും തികച്ചും വിപരീതമായി നിലകൊള്ളുന്നു. ഖുർആൻ തുറന്ന് വെച്ച മാർഗം ഒഴിച്ച് ദൈവത്തിലേക്കുള്ള മറ്റെല്ലാ വഴികളും മുഹമ്മദ് നബിയുടെ ദൌത്യത്തിന്റെ പൂർത്തീകരണത്തോടെ അടക്കപ്പെട്ടിരിക്കുന്നു.

മറ്റു മതങ്ങളുടെ അനുയായികൾക്ക് പ്രവാചകത്വ പരമായ പൂർണ്ണതകൾ ഒരിക്കലും കൈവരികയില്ല." (അൽ വസിയ്യത്ത്). സാമ്പ്രദായിക ഉലമായെ (റസ്മീ മുസൽമാൻ) പിന്തുടരുന്ന ഒരു മുസൽമാന്നും അത് പ്രാപ്തമാകുന്നതല്ല. പ്രവചനത്തിനുള്ള കഴിവില്ലാത്ത മതം ജീവറ്റതാണ്. (ജിസ് ദീൻ മെ നബൂവ്വത്ത് കാ സിൽസിലാ നഹോ വോ മുർദാ ഹൈ) മുകളിൽ പറഞ്ഞ മതങ്ങൾ അക്കൂട്ടത്തിൽ പെട്ടതാകുന്നു. ഇതിന്നെതിരിൽ, മുഹമ്മദ് നബി (സ)ന്റെ പ്രവചനമുദ്രണം തന്റെ സമുദായത്തിൽനിന്ന് 'പ്രവാചക തുല്യരായ' ആളുകളെ അയക്കേണ്ടതും (ഇക്തദാ ഖത്മുന്നുബൂവ്വത്തിഹീ അൻ തുബ്അസ മിസ്ലൽ അമ്പിയാ മിൻ ഉമ്മത്തിഹീ) തന്റെ പ്രാപ്തരായ അനുയായികളിൽ പ്രവാചകത്വപരമായ പൂർണ്ണതകളുടെ സമ്പത്ത് അവിടുത്തെ ചരമശേഷവും പ്രദാനം ചെയ്യേണ്ടതും ആവശ്യമാക്കിത്തീർത്തിരിക്കുന്നു. ഇപ്രകാരം ഇസ്ലാം എന്നും ഒരു ജീവനുള്ള മതമായിരിക്കുന്നു." (Prophecy Continuous, p. 127-128).

ഇവിടെ ഇതാ, ഒരു പാശ്ചാത്യഗവേഷകൻ ആഴമേറിയ പഠനത്തിലെത്തുന്നു. ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ)ന്റെ ഗ്രന്ഥങ്ങളിൽനിന്നുള്ള വാചകങ്ങൾ അതേപടി പകർത്തുകൊണ്ട് (Transliteration) ഉദ്ധരിച്ച് കാട്ടിയാണ് ചർച്ചകൾ നടത്തുന്നതും. ഇന്ത്യയിലെ ഉലമാക്കളെപോലെ ഉദ്ധാരണങ്ങൾ തലയും വാലും വെട്ടി വിഴുങ്ങി അവതരിപ്പിക്കുകയല്ല. ചുരുക്കത്തിൽ, ഈ ഗവേഷകർ തികച്ചും സത്യാഭിമുഖവും ആത്മാർത്ഥവുമായ പഠനത്തിലൂടെ യാഥാർത്ഥ്യം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അവരുടെ പ്രതിപാദനങ്ങളിൽ തെറ്റുണ്ടെങ്കിൽതന്നെ അത് കരുതിക്കൂട്ടിയല്ലെന്ന് വ്യക്തമാകും.

ചുരുക്കത്തിൽ, വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ)ന്റെ ജീവചരിത്രവും പാഠങ്ങളും യഥാർത്ഥമായി അവതരിപ്പിക്കാനും പഠിപ്പിക്കാനും തയ്യാറുള്ള പണ്ഡിതലോകം രൂപപ്പെടുകയാണ്. അടുത്തഭാവിയിൽതന്നെ ലോകത്തിലെ പ്രധാന ചർച്ചാവിഷയം അത്യത്ഭുതകരമായ ഈ ദിവ്യ ജീവിതമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു!

ഈ ജീവചരിത്രകൃതി കേരള മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ആണ് പ്രസിദ്ധപ്പെടുത്തുന്നത്. ഒന്നാംവാല്യം പ്രസിദ്ധീകരിച്ചിട്ട് കൊല്ലം പത്തായി. പല അനിവാര്യ കാരണങ്ങളാലും രണ്ടാംഭാഗം പുറത്ത് വരാൻ വൈകി. ആദ്യഭാഗത്തിന്റെ ഒരു കോപ്പിപോലും ഇപ്പോൾ വിൽപനയ്ക്കില്ല. ഒരു വലിയ സാമ്പത്തികബാദ്ധ്യതയാണ് ഖുദ്ദാം ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ, ഒരു പത്തുകൊല്ലത്തിനിപ്പുറം അഹ്മദിയ്യാ ജമാഅത്തിന് കേരളത്തിനകത്തും പുറത്തും വമ്പിച്ച പുരോഗതി ഉണ്ടായിട്ടുള്ളതിനാലും ഇനി അങ്ങോട്ടു അത് വളർന്ന് വികസിക്കുമെന്നത് തീർച്ചയാണെന്നതിനാലും എനിയ്ക്ക് യാതൊരാശങ്കയുമില്ല. അല്ലാഹു അനുഗ്രഹിച്ചെങ്കിൽ മഹ്ദി ഇമാമിന്റെ ഈ ചരിത്രം വളരെയേറെ സ്വീകൃതമായിത്തീരുമെന്ന് ഞാൻ ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇത് പ്രസിദ്ധം ചെയ്യുന്നതിനു ഇപ്പോഴത്തെ കേരള സംസ്ഥാന ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ് ജനാബ് സജിദ് പടിയത്ത് സാഹിബിന്റെ സ്നേഹപൂർണ്ണവും ഭക്തിവിനതവുമായ ഒത്താശകൾ എനിയ്ക്ക് വാഗ്ദാനം ചെയ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ഉറപ്പിലാണ് ഞാൻ ഇതിന്റെ ഡി.ടി.പി. തയ്യാറാക്കാൻ ധൈര്യപ്പെട്ടത് എന്ന് ഇവിടെ രേഖപ്പെടുത്തുകയും അദ്ദേഹത്തിന്ന് ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു! കേരള അഹ്മദിയ്യാ ജമാഅത്തിന്റെ സർവ്വതോമുഖമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടവും നേതൃത്വവും നൽകുന്ന ബഹുമാനപ്പെട്ട സംസ്ഥാന അമീർ എ.പി. കുഞ്ഞാമു സാഹിബിന് ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്റെ വന്ദ്യവന്ദ്യരായ ഗുരുനാഥനും എനിയ്ക്ക് എല്ലാ ഉപദേശങ്ങളും നൽകി അനുഗ്രഹിച്ചആളുമായ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ, അവർകളെയും ഈ ജീവചരിത്രകൃതി സമർപ്പിക്കപ്പെട്ട എൻ. ഹാമിദ് സാഹിബ് അവർകളെയും ഞാനിവിടെ വീണ്ടും സ്മരിക്കുന്നു.

ഇതിന്റെ ഡി.ടി.പി. തയ്യാർ ചെയ്യുന്നകാര്യത്തിൽ 'മെട്രോ പ്രിന്റേർസ്' മാനേജിംഗ് ഡയറക്ടർ കെ.പി. ബശീർ സാഹിബ്

എനിയ്ക്ക് വലിയ പ്രോത്സാഹനം നൽകി. ഇത് ഡി.ടി.പി. ചെയ്യുന്നതിന് കഴിഞ്ഞ ഏതാനും മാസം എന്നോടൊപ്പം ഇരുന്ന് സഹായിക്കുകയും പ്രൂഫ് തിരുത്തുന്ന ജോലിയിൽ പരമാവധി സഹകരിക്കുകയും ചെയ്ത എന്റെ അനുജനും മെട്രോ പ്രിന്റേർസ് ഡയറക്ട്രറുമായ എൻ. അബ്ദുർറശീദിന് ഞാൻ പ്രത്യേകം നന്ദി പ്രകടിപ്പിക്കുന്നു. ഇതിന്റെ ഡി.ടി.പി. വർക് ആദ്യംമുതൽ അവസാനം വരെ നടത്തിയ മാന്യ സ്നേഹിതൻ എൻ.പി. ശംശാദ് വളരെ ശ്രദ്ധയോടും നിഷ്കർഷയോടുംകൂടി താൽപര്യപൂർവ്വം അത് നിർവഹിച്ചിരിക്കുന്നു. അദ്ദേഹത്തിന്നും ഞാൻ നന്ദി പറയുന്നു. ഈ ചരിത്രകൃതിയ്ക്ക് ആവശ്യമായി വന്ന ഫോട്ടോകൾ സംഘടിപ്പിക്കുന്നതിൽ സഹായിച്ച എന്റെ ജ്യേഷ്ഠൻ എൻ. അബ്ദുൽകരീം സാഹിബിനേയും ഇവിടെ സ്മരിക്കുന്നു. കൂടാതെ, ഇതിന്റെ പ്രകാശനം കാണാൻ ആഗ്രഹിച്ച് പലപ്പോഴായി ഇതിന്ന് വേണ്ടി തിരക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവർക്കും ഞാൻ നന്ദിപ്രകാശിപ്പിക്കട്ടെ.

അവസാനഘട്ടത്തിൽ എന്നെ സജീവമായി സഹായിച്ച ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന പബ്ലിക്കേഷൻ സെക്രട്ടറി ടി. ശറഫുദ്ദീൻ സാഹിബിനും ഞാനിവിടെ നന്ദി രേഖപ്പെടുത്തുന്നു.

ഒടുവിലായി, ഇതിന്റെ ഒന്നാം ഭാഗത്തിന്റെ ആമുഖത്തിൽ പേരെടുത്ത്കാട്ടി നന്ദിപറഞ്ഞ എല്ലാവരേയും ഞാൻ ഒരിക്കൽകൂടി സ്മരിക്കുന്നു. അവർക്കെല്ലാംവേണ്ടി ഈ അവസരത്തിൽ പ്രാർത്ഥിക്കുകയും അതോടൊപ്പം ഈ വിനീതന് വേണ്ടി പ്രാർത്ഥിക്കാൻ ഈ ചരിത്രഗ്രന്ഥം വായിച്ചുതീർക്കുന്ന എല്ലാ സഹോദരങ്ങളോടും സ്നേഹിതരോടും അനുവാചക വൃന്ദത്തോടും അപേക്ഷിക്കുകയും ചെയ്യുന്നു!

وَاٰخِرُ دَعْوٰىنَا اَنِ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ

കണ്ണൂർ : 30/06/2002 *എൻ. അബ്ദുർറഹീം.*

55 – കാബൂൾ അമീറിന്നൊരു കത്ത്

വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്രതാപഗരിമയോടെ വിരാജിച്ചിരുന്ന ഒരു മുസ്ലിംരാജ്യമായിരുന്നു അഫ്ഗാനിസ്ഥാൻ. അവിടത്തെ രാജാവായിരുന്ന അമീർ അബ്ദുർറഹ്മാൻഖാൻ ഇസ്ലാംമതാഭിമാനിയും ഉൽകൃഷ്ടഗുണങ്ങളുടയ ഒരുത്തുമ ഭരണകർത്താവുമായി അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ അഫ്ഗാനിസ്ഥാനിൽ സമാധാനവും ഭദ്രതയും പുലർന്നിരുന്നതിന് പുറമെ ജനങ്ങൾ പൊതുവെ സംതൃപ്തരുമായിരുന്നു. അമീർ അബ്ദുർറഹ്മാനെ കുറിച്ചുള്ള കീർത്തി ഇന്ത്യയിലും പരന്നിരുന്നതിനാൽ വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദുൽഖാദിയാനി(അ) അമീറിനെ സ്നേഹാദരങ്ങളോടെയാണ് സ്മരിച്ചിരുന്നത്. അത്കൊണ്ട്തന്നെ തന്റെ ദൗത്യത്തെകുറിച്ച് രാജാവിനെ അറിയിച്ചുകൊണ്ടും തന്റെ സന്ദേശത്തിലേക്ക് രാജാവിനെ ക്ഷണിച്ചുകൊണ്ടും വാഗ്ദത്തമസീഹ്(അ) ഒരു കത്തയച്ചു. തിരുനബി(സ) തന്റെ കാലത്തെ രാഷ്ട്രത്തലവൻമാർക്ക് അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ച മാതൃകയെ പിൻപറ്റികൊണ്ടാണ് ഹസ്രത്ത് അഹ്മദ്(അ) അമീർ അബ്ദുർറഹ്മാൻ ഖാന്ന് 1896 മെയ് മാസം (1313 ശവ്വാൽ) പാർസീ ഭാഷ

യിൽ ഈ കത്തയച്ചത്. 1880 മുതൽ 1901 വരെ അബ്ദുർറഹ്മാൻ ഖാൻ കാബൂൾഅമീറായിരുന്നു.

അജ്ഞാനാന്ധകാരവും അഴിമതിയും വർദ്ധിക്കുന്ന കാലങ്ങളിൽ വഴിതെറ്റിയ ജനങ്ങൾക്ക് നേർമാർഗ്ഗം കാണിക്കാനും ഇരുട്ടകറ്റി വെളിച്ചം പരത്താനും ദുർബലർക്കും നിദ്രയിലാണ്ടവർക്കും ചൈതന്യം പകരാനും ദൈവം ആത്മീയോദ്ധാരകൻമാരെ പരിഷ്കർത്താക്കളായി തെരഞ്ഞെടുക്കുന്നുവെന്നും അവർമുഖേന മതം നവീകരിക്കപ്പെടുകയും മനുഷ്യന്റെ ജ്ഞാനവും യുക്തിബോധവും ഉത്തേജിപ്പിക്കപ്പെടുകയും ചെയ്യുന്നുവെന്നും ഈ അധർമ്മവൃദ്ധിയുടേയും മതനിരാസത്തിന്റെയും കാലഘട്ടത്തിൽ, അതായത് 14-ാം നൂറ്റാണ്ടിൽ കരുണാനിധിയായ ദൈവം മനുഷ്യവംശത്തെ സമുദ്ധരിക്കുന്നതിന്വേണ്ടിതന്നെ അത്തരം ഒരു മതപരിഷ്കർത്താവായി നിയോഗിച്ചിരിക്കുകയാണെന്നും അറിയിച്ചുകൊണ്ടാണ് വാഗ്ദത്ത മസീഹ്(അ) സ്വയം പരിചയപ്പെടുത്തിയത്. യേശുവിന്റെ രണ്ടാം വരവ് എന്ന നിലയിൽ കാലഘട്ടത്തിന്റെ വലിയ തിൻമയായി തീർന്ന ദൈവനിന്ദാപരമായ കുരിശുവിശ്വാസത്തെ തകർക്കുകയെന്ന കൃത്യനിർവഹണത്തിന്നാണ് താൻ പ്രത്യക്ഷനായിരിക്കുന്നത് എന്നും ഈസാനബി(അ) മരിച്ചുപോയിരിക്കയാൽ യേശുവിന്റെ രണ്ടാംവരവ് അദ്ദേഹത്തിന്റെ പ്രതിഛായയിലുള്ള ഒരാളുടെ പ്രാദുർഭാവം മാത്രമായിരിക്കുമെന്നും അത് തന്റെ നിയോഗംമുഖേന നിവൃത്തിയായിരിക്കുന്നുവെന്നും അവിടുന്ന് കത്തിൽ വ്യക്തമാക്കി. കൃസ്തുമതത്തിന്റെ പ്രഭാവം അതിന്റെ പരമോച്ചിയെ പ്രാപിച്ച ഘട്ടത്തിലാണ് കൃസ്തു വെളിപ്പെടേണ്ടിയിരുന്നത്. ആ കാലം ഇതുതന്നെയാണ്. കാലഘട്ടത്തിന്റെ സത്യം പ്രവചിക്കപ്പെട്ട സൂര്യചന്ദ്രഗ്രഹണപൂർത്തിയോടെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു.

ഈസാനബി(അ) ഇപ്പോഴും ആകാശത്തിൽ മരിക്കാതെ ജീവിച്ചിരിക്കുന്നുണ്ടെന്ന വിശ്വാസം പുലർത്തുന്നവർ ഗുരുതരമായ തെറ്റിലാണെന്ന് വാഗ്ദത്തമസീഹ്(അ) അമീറിനുള്ള കത്തിൽ പ്രത്യേകം ഊന്നിപറഞ്ഞു. ഈസാനബി(അ) മരിച്ചു

പോയിരിക്കുന്നു എന്ന് ഖുർആൻ ആവർത്തിച്ചുപറയുന്നു. ബുഖാരി ശരീഫിൽ മിഅ്റാജിനെ കുറിച്ചുള്ള വിവരണത്തിൽ അഞ്ചിടങ്ങളിലായി ഈസാനബിയെ മരിച്ചവരുടെ കൂട്ടത്തിൽ പെടുത്തിപറയുന്നു. 'ഫലമ്മാ തവഫ്ഫൈത്തനീ കുൻത അൻതർറഖീബ അലൈഹിം' (നീ എന്നെ മരിപ്പിച്ചാറെ നീ തന്നെയാണ് അവരുടെ മേൽനോട്ടക്കാരൻ) എന്ന ഈസാനബിയുടെ വാക്യം (5:18) വ്യക്തമാക്കിതരുന്നത് ക്രിസ്ത്യാനികൾ വഴിപിഴച്ചത് യേശുവിന്റെ മരണത്തിന് ശേഷമാണെന്നും അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തല്ലെന്നും ആണ്. ഈസാനബി(അ) ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ക്രിസ്ത്യാനികൾ ഇനിയും വഴിപിഴച്ചിട്ടില്ലെന്നും അവർ സത്യത്തിലാണെന്നും സമ്മതിക്കേണ്ടിവരും. ഇത് തികച്ചും ദൈവനിന്ദാപരമാണ്. തന്റെ ഗ്രന്ഥങ്ങളിൽ ഇക്കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ടെന്നും വാഗ്ദത്തമസീഹ്(അ) അമീറിനുള്ള കത്തിൽ വ്യക്തമാക്കി.

താൻ യാതൊരു രാജ്യവും അധികാരവും ആഗ്രഹിക്കുന്നില്ലെന്ന് അവിടുന്ന് തുടർന്നെഴുതി: "എളിയവനായി ഞാൻ വന്നു, എളിയവനായി ഞാൻ പോവുകയും ചെയ്യും. ഇസ്ലാമിന്റെ സത്യം സകല ജാതികളിലും തെളിയിച്ച് കാട്ടാനായി അധർമ്മം സർവ്വത്ര വ്യാപിച്ച ഈ കാലഘട്ടത്തിൽ കാരുണ്യവായ്പോടും സ്നേഹത്തോടുംകൂടി ദൈവം എന്നെ നിയോഗിച്ചയച്ചിരിക്കുന്നു. ബ്രിട്ടിഷ് ഗവൺമെന്റുമായി എനിക്ക് ഒരു ശണ്ഠയുമില്ല. സമാധാനപരമായ ജീവിതം നയിക്കാനുള്ള സാഹചര്യം ഉറപ്പ് വരുത്തിയ ഗവൺമെന്റിനോടും എനിക്ക് ഒരു എതിർപ്പുമില്ല. അത്തരമൊരു സമാധാനദായക ഭരണത്തിൻകീഴിൽ എന്റെ സേവനദൗത്യം നിർവഹിക്കാനായതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു. ഞാൻ വിനീതനും നിസ്സഹായനും ആയിരുന്നിട്ടും അജ്ഞരായിട്ടുള്ളവർ എനിക്കെതിരിൽ അതിക്രമങ്ങൾ കാട്ടി തുടങ്ങിയിട്ടും ബ്രിട്ടിഷ് ഗവൺമെന്റിന് കീഴിൽ ഞാൻ എന്റെ കർത്തവ്യങ്ങൾ നിർവിഘ്നം നിർവഹിക്കുമാറായതിൽ എന്തുകൊണ്ടു ഞാൻ നന്ദികാണിക്കാതിരിക്കണം? ഈ ഭരണത്തിൻകീഴിൽ ഈ സ്വാതന്ത്ര്യങ്ങൾ ഞാൻ ആസ്വദിക്കുമ്പോൾ ഗവൺമെന്റിന് നന്ദിപറയാത്ത പക്ഷം ഞാൻ ദൈവത്തോട് നന്ദി കാട്ടാത്തവനായിരിക്കുന്നതാണ്.

ക്രിസ്ത്യാനികൾക്ക് അവരുടെ മതം പരത്താൻ അനുവദിക്കപ്പെട്ട അതേ അളവിൽതന്നെ ഇസ്ലാം പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യാവകാശങ്ങൾ അവർ നമുക്കും അനുവദിച്ചിരിക്കുന്നു എന്ന സത്യം മറച്ചുവെക്കുന്നപക്ഷം നാം അനീതി ചെയ്യുന്നവരായിതീരും. ഈ സ്വാതന്ത്ര്യം നമുക്ക് എത്രയും അനുകൂലമായിട്ടുള്ളതാണ്. ഈ സ്വാതന്ത്ര്യത്തിൽനിന്നും നമുക്ക്തന്നെയാണ് ഏറെ ഗുണം നേടുവാൻ ആകുന്നത്. കളവിന് സ്വാതന്ത്ര്യം കൊണ്ടൊരു കാര്യവുമില്ല. സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നിടത്ത് കളവ് കൂടുതൽ തുറന്ന് കാട്ടപ്പെടുന്നു. ഈ ഉൽബുദ്ധതയുടെ കാലഘട്ടത്തിൽ ചതിയും വഞ്ചനയും പ്രത്യക്ഷമായിരിക്കുന്നു. അത്കൊണ്ട് ഈ കാലഘട്ടം സത്യത്തിന്റെ പ്രചരണത്തിന് അനുഗുണമായിട്ടുള്ളതാണെന്നത് ദൈവാനുഗ്രഹമത്രെ.

"കൃസ്തീയ പുരോഹിതൻമാർക്ക് തങ്ങളുടെ ജനങ്ങളിൽ നിന്ന് കോടി കണക്കിന് രൂപ സുവിശേഷപ്രചരണത്തിന്നായി ലഭിച്ചുകൊണ്ടിരിക്കുന്നു. അവരുടെ അനുകൂലികൾ യൂറോപ്പ്യൻ രാജ്യങ്ങളിൽ എറുമ്പുകളേയും ഈച്ചകളേയും പോലെ എണ്ണമറ്റ നിലയിൽ പ്രവർത്തിക്കുമ്പോൾ അല്ലാഹുവിന്റെ സഹായമല്ലാതെ മറ്റൊരു സഹായവും നമുക്കില്ല. ആകയാൽ പണത്തിന്റെ അഭാവത്തിൽ നമ്മുടെ മിഷനുകൾ പരാജയപ്പെടുന്നുവെങ്കിൽ അതിന്ന് ബ്രിട്ടീഷ്ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ലല്ലോ. നമ്മുടെ ജനങ്ങൾതന്നെയാണ് ഈ അലംഭാവത്തിന്റെ ഉത്തരവാദികൾ. ഇസ്ലാമിന്ന് സഹായങ്ങൾ ലഭിക്കേണ്ട ഈ അവസരത്തിൽ അവർ കപടന്യായങ്ങൾ പറഞ്ഞ് വഴിയോട്ട് മാറുന്നു. സ്വന്തം കാര്യങ്ങളിൽ അവർ റെയ്സിന്ന് വിട്ട കുതിരകളെ പോലെ ചുറുചുറുക്കുള്ളവരാണെങ്കിലും നൂറു നൂറു ശത്രുക്കളാൽ ആക്രമിക്കപ്പെട്ട ഇസ്ലാമിന്റെ കാര്യം അവർ ചിന്തിക്കുമാറില്ല. എല്ലാ മതങ്ങളും ഇന്ന് മത്സരരംഗത്താണ്. ആരാണ് വിജയിക്കുക? ഇസ്ലാമിനെ സേവിക്കുകയും തത്വശാസ്ത്രങ്ങളുടെ ആക്രമണങ്ങൾക്കിരയായ ഇസ്ലാമിനെ രക്ഷിക്കുകയും ഖുർആനികസത്യത്തിന്റെ മഹത്വത്തെ ഉയർത്തിക്കാട്ടുകയും ഇസ്ലാമിന്റെ വിജയം നേടിയെടുക്കാൻ ശ്രമിക്കുകയും വേണ്ടതാണ്. കൃസ്തുമതത്തിന്റെ പ്രചാരണപരമായ ചതിക്കുഴി

കളിൽ വീണ് നാശത്തെ അഭിമുഖീകരിച്ചിട്ടുള്ളവരെ നാം രക്ഷപ്പെടുത്തുകയും ചെയ്യണം. ഇതാണ് നമ്മുടെ ദൗത്യകർത്തവ്യം.

"യൂറോപ്പും, ജപ്പാനും നമ്മുടെ ഉപഹാരം കാത്തിരിക്കുന്നു. അമേരിക്കയും നമ്മുടെ ക്ഷണം സ്വീകരിക്കാൻ കാത്തിരിക്കുകയാണ്. അതിനാൽ ആലസ്യം അവലംബിക്കുന്നത് അങ്ങേയറ്റത്തെ ഭീരുത്വമാകുന്നു. ചുരുക്കത്തിൽ, ഇതാണ് ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന കർത്തവ്യം. ദൈവത്തിൽനിന്നുള്ള നമ്മുടെ പ്രതീക്ഷയും പ്രത്യാശയും ഇതത്രെ. ദൈവം നമ്മുടെ സഹായികളെ ഒരുക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ ആ മന്ദസമീരണനെ കാത്തു നിൽക്കുകയാണ്. എങ്ങ് നിന്നാണ്, എപ്പോഴാണ് അത് വന്നെത്തുക? ആ സുവാർത്തയും?

"അല്ലയോ കാബൂൾ രാജാവെ, ഇന്ന് ഭവാൻ എന്റെ വാക്കുകൾ കേൾക്കുമെങ്കിൽ ഇസ്ലാമിന്റെ പ്രചാരണത്തിനായി ധന സഹായം ചെയ്യാൻ തയ്യാറാവുമെങ്കിൽ അങ്ങയ്ക്ക് വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നതാണ്. അങ്ങ് ദൈവത്തോട് പ്രാർത്ഥിക്കുന്നതെന്തും അങ്ങയ്ക്ക് സാധിപ്പിച്ച് തരുവാനും എല്ലാ ദോഷ ബാധകളിൽനിന്നും അങ്ങയെ സുരക്ഷിതനാക്കുവാനും ദീർഘായുസ്സും അനുഗൃഹീത ജീവിതവും പ്രദാനം ചെയ്യുവാനും ഞാൻ പ്രാർത്ഥിക്കാം. എന്റെ വാദങ്ങൾ സ്വീകരിക്കാൻ ഒരാളും തയ്യാറായില്ലെന്ന് വരാം. എന്നാൽ ഇസ്ലാമികസത്യത്തിന്റെ കാര്യത്തിൽ എതിർപ്പിന്റെ ആവശ്യമില്ലല്ലോ. ഇത് ഇസ്ലാമിന്റെ പ്രവൃത്തി ആയിരിക്കയാലും ഈ സേവനം ഇസ്ലാമിന്റെ സേവനമാകയാലും എന്റെ വ്യക്തിത്വവും എന്റെ വാദങ്ങളും ഇവിടെ തടസ്സങ്ങളാവേണ്ടതുമില്ല. ഇസ്ലാമിനെ സഹായിക്കുന്ന കാര്യം മാത്രമെ ചിന്താവിഷയമാകേണ്ടതുള്ളൂ. അതും ദൈവത്തിന്റെ പ്രവാചകൻമാരുടെ സർദാർ ആയ തിരുനബിയോടുള്ള സ്നേഹാദരങ്ങളുടെ പേരിൽ.

"അല്ലയോ മഹാരാജാവേ, അല്ലാഹു അങ്ങയെ അനുഗ്രഹിക്കട്ടെ! അങ്ങയിലും അങ്ങയ്ക്ക് വേണ്ടിയും അങ്ങയുടെ മേലും ദൈവത്തിന്റെ അനുഗ്രഹം വർഷിക്കുമാറാകട്ടെ. പരലോകത്തേക്കുള്ള വിഭവങ്ങൾ അങ്ങയ്ക്ക് വേണ്ടി ഒരുക്കി

കൊള്ളുക. എന്തെന്നാൽ അങ്ങ് ഭാഗ്യശാലികളുടെ കൂട്ടത്തിലാണെന്ന് ഞാൻ കാണുന്നു. ഈ സമയം അങ്ങയുടെ കൂട്ടത്തിൽ ആരെങ്കിലും മറികടക്കുന്നുവെങ്കിൽ അയാൾ അങ്ങയെ എന്നന്നേക്കുമായി മറികടക്കും എന്ന് അറിഞ്ഞുകൊള്ളുക! ഒന്നാമനായി വരുന്നവൻ ദൈവദൃഷ്ടിയിൽ ഒന്നാമനായിരിക്കും. ആരുടേയും പ്രത്യുപകാരം അല്ലാഹു വ്യർത്ഥമാക്കികളയുന്നതല്ല.

"ഞാൻ അല്ലാഹുവിൽ നിന്ന് നിയോഗിക്കപ്പെട്ടവനാണെന്ന് ദൈവത്തിന്റെ പേരിൽ ഞാനിതാ സത്യം ചെയ്തു പറയുന്നു. എന്റെ ഉള്ളും പുറവും അവൻ അറിയുന്നു. 14-ാം നൂറ്റാണ്ടിന്റെ തലക്കൽ അവൻതന്നെയാണ് എന്നെ മതോദ്ധാരണാർത്ഥം നിയോഗിച്ചയച്ചിരിക്കുന്നത്. ഭൂമി അഴിമതി നിറഞ്ഞിരിക്കുന്നതായി അവൻ കണ്ടു. എങ്ങും അധർമ്മംതന്നെ. സത്യസന്ധത എവിടെയും കാണാനില്ല. അവിശ്വാസവും വഞ്ചനയും സർവത്ര നിറഞ്ഞിരിക്കുന്നു. അതിനാൽ മതത്തെ പുനരുദ്ധരിക്കുന്നതിനു ഒരാളെ തിരഞ്ഞെടുത്തു. എന്നെ അവൻ തന്റെ സേവകനാക്കി. അവനിച്ഛിക്കുന്നത് ചെയ്യുന്നു. തന്റെ സൃഷ്ടികളിൽ ആരിലെങ്കിലും അവൻ തന്റെ വചനമിറക്കുന്നു. അതിനാൽ ദൈവത്തിന്റെ പ്രവൃത്തിയിൽ അത്ഭുതപ്പെടാനില്ല. സംശയിക്കേണ്ടതുമില്ല. സത്യം സ്വീകരിക്കൂ! വിശ്വാസികളിൽ മുമ്പനായിരിക്കൂ! മുസ്ലിം സഹോദരങ്ങൾക്ക് അല്ലാഹു നൽകിയ അനുഗ്രഹമാണിത്. കാലഘട്ടത്തെ തിരിച്ചറിയാനാകാതെ, അല്ലാഹുവിന്റെ ദിനങ്ങൾ മനസ്സിലാക്കാതെ ആലസ്യത്തിൽ ജീവിക്കുന്നവർക്ക് അഹോ, നാശം! മുസ്ലിംകളെ കാഫിറാക്കുകയും സത്യവിശ്വാസികളെ കള്ളവാദികൾ ആക്കുകയും അല്ലാതെ അവർ മറ്റൊന്നും ചെയ്യുന്നില്ല. അല്ലാഹുവിനെ കുറിച്ച് ചിന്തിക്കുന്നില്ല. സദ്വൃത്തരുടെ വഴി സ്വീകരിക്കുന്നുമില്ല. ഇക്കൂട്ടരാണ് എന്നെ കാഫിറാക്കുകയും ശപിക്കുകയും ചെയ്യുന്നത്. ഞാൻ (സ്വതന്ത്ര) പ്രവാചകത്വം വാദിച്ചതായും അത്ഭുതദൃഷ്ടാന്തങ്ങളേയും മലക്കുകളേയും നിഷേധിച്ചതായും ഇവർ കളവായി ആരോപണം നടത്തുന്നു. നാം എന്താണ് പറഞ്ഞതെന്ന് അവർ മനസ്സിലാക്കിയില്ല. അതിനെകുറിച്ചവർ ചിന്തിച്ചതുമില്ല. അവർ ധൃതിപിടിച്ച് വാ തുറന്ന്, എന്നെപറ്റി അവർ പടച്ചുവിടുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ

തീർത്തും നിരപരാധിയാകുന്നു. ദൈവാനുഗ്രഹത്താൽ നാം സത്യവിശ്വാസി ആകുന്നു. അല്ലാഹുവിലും അവന്റെ ഗ്രന്ഥമായ ഖുർആനിലും അവന്റെ തിരുദൂതരിലും നാം വിശ്വസിക്കുന്നു. തിരുനബി(സ) കൊണ്ടുവന്ന എല്ലാറ്റിലും നാം വിശ്വസിക്കുന്നു. എല്ലാ പ്രവാചകൻമാരിലും വിശ്വസിക്കുന്നു. ആരാധനക്കർഹൻ അല്ലാഹുഅല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബി(സ) അവന്റെ ദൂതനാണെന്നും നാം ഹൃദയപൂർവ്വമായും ആത്മാർത്ഥമായും സാക്ഷ്യപ്പെടുത്തുന്നു.

"ഇതെല്ലാമാണ് എന്റെ വിശ്വാസപ്രമാണങ്ങൾ. ഇതുകളുമായി ഞാൻ അല്ലാഹുവിന്റെ അടുക്കൽ ചെല്ലും. ഞാൻ സത്യസന്ധനാകുന്നു. നിശ്ചയമായും മുഴുലോകത്തോടും കാരുണ്യം കാട്ടുന്നവനത്രേ അല്ലാഹു. തക്കസമയത്ത്തന്നെ തന്റെ ഒരു പടപ്പിനെ പരിഷ്കർത്താവായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ പ്രവൃത്തിയിൽ അല്ലയോ, രാജപുംഗവാ, അങ്ങ് അത്ഭുതപ്പെടുന്നുവോ? അവൻ അങ്ങേയറ്റം കാരുണ്യവാനാകുന്നു. യേശു ഇപ്പോഴും ആകാശത്തിലുണ്ടെന്ന് വിശ്വാസപ്രമാണത്തിലൂടെ കൃസ്ത്യാനികൾ ഒരു കുഴപ്പം സൃഷ്ടിച്ചുവച്ചിരിക്കുന്നു. അവർ വ്യക്തമായ വഴിക്കേടിലാകുന്നു. കുയുക്തികളെ അസത്യമാക്കി കാണിക്കുവാൻതന്നെ അല്ലാഹു ഇച്ഛിച്ചു. കള്ളം പറയുന്നവരാണ് അവരെന്ന് ബോധ്യപ്പെടുത്തുവാനുംതന്നെ. അത്കൊണ്ട് ദൈവത്തെ സ്നേഹിക്കുന്ന ഞാൻ സത്യവാനാണെന്ന് പ്രഖ്യാപിക്കുകയും എന്നോടൊപ്പം ചേരുകയും ചെയ്യേണ്ടത് ഖുർആനിൽ വിശ്വസിക്കുന്നവരുടെ കടമയാണ്. എന്റെ ആത്മാവിനോട് തന്റെ ആത്മാവിനെ ചേർക്കുന്നതിനും ബയ്അത്തിൽ എന്റെ കൈക്കടിയിൽ കൈവെക്കുന്നവനും ഈ ലോകത്തും പരലോകത്തും ഉയർത്തപ്പെടും. അത്തരമൊരാൾ ഇരുലോകങ്ങളിലും വിജയം കൈവരിക്കും. എന്റെ ഈ വാക്കുകൾ ദ്രുതതരം ലോകമാകെ പരക്കുന്നതാണ്. എന്റെ സകല പ്രവൃത്തികളും ഞാൻ അല്ലാഹുവിൽ മാത്രം ഏൽപ്പിക്കുകയാണ്. എന്റെ ദു:ഖവും എന്റെ വ്യസനങ്ങളും അല്ലാഹുവിന്റെ മുൻപിൽ സമർപ്പിക്കുന്നു. അവനാണ് എന്റെ നാഥൻ. അവനിൽ മാത്രം ഞാൻ വിശ്വസിക്കുന്നു. അവൻ എന്നെ ഉയർത്തും; അവൻ എന്നെ നശിപ്പിച്ചുകള

യുകയില്ല. അവൻ എനിക്ക് ബഹുമാനം നൽകും. അവൻ എന്നെ അവഹേളിതനാക്കുകയില്ല. തങ്ങൾ തെറ്റിലാണെന്ന് ഈ കുറ്റ വാളികൾ വേഗംതന്നെ അറിയുമാറാകും. അവസാനമായി സർവ്വ സ്രഷ്ടാവായ അല്ലാഹുവിന് സകല സ്തുതികളും അർപ്പിക്കു ന്നു." (ഈ കത്തിന്റെ ഉറുദു തർജുമ 'സീറത്തുൽമഹ്ദി' മൂന്നാം ഭാഗത്ത് ചേർത്തിട്ടുണ്ട്).

56 – ഇമാമുസ്സമാൻ

1898 സപ്തംബറിൽ ലാഹോറിലെ ബാബു ഇലാഹി ബക്ഷ് എന്നൊരാൾ ഹസ്രത്ത് അഹ്മദുമായി അഭിമുഖദർശനം നടത്തുന്നതിന് ഖാദിയാനിലെത്തി. തനിക്ക് വെളിപാടുകളും സ്വപ്നങ്ങളും ഉണ്ടാകാറുണ്ടെന്ന് അദ്ദേഹം അവകാശപ്പെടുകയും അതെല്ലാം ഹസ്രത്ത് അഹ്മദിന് കേൾപ്പിക്കുകയും ചെയ്തു. കാലത്തിന്റെ ഇമാമിനെ പറ്റി വികലധാരണകൾ വച്ചുപുലർത്തി യിരുന്ന ബാബു ഇലാഹി ബക്ഷ് തനിക്കുണ്ടായികൊണ്ടിരിക്കുന്ന വെളിപാടുകളിലും ആത്മീയ അനുഭവങ്ങളിലും അധികമായ ആശ്രയം കൊള്ളുകയും താൻ മറ്റൊരാളെ ഇമാമായി സ്വീകരി ക്കേണ്ടതില്ലെന്നു വിശ്വസിക്കുകയും ചെയ്തിരുന്നു. ഇലാഹി ബക്ഷ് സദ്വൃത്തനും സാത്വികനുമാണെന്ന് ഹസ്രത്ത് അഹ്മദ് (അ) കരുതിയിരുന്നു. അദ്ദേഹത്തിന് ആത്മീയാനുഭവങ്ങൾ ഉണ്ടാ കാറുണ്ടെന്ന് അവകാശപ്പെടുകയും തനിക്കുണ്ടായ വെളിപാടു കൾ കേൾപിക്കുകയും ചെയ്തപ്പോൾ ആ മഹാത്മാവ് സന്തോ ഷിച്ചു. ഏതൊരു യഥാർത്ഥ സത്യവിശ്വാസിക്കും ദിവ്യവെളി പാടുകൾ ലഭിക്കുമാറുണ്ടല്ലോ. എന്നാൽ, തനിക്കുണ്ടായ ഒരു വെളിപാടിൽ താൻ ആർക്കും ബയ്അത്ത് ചെയ്യേണ്ടതില്ലെന്നും മറിച്ച്, തനിക്കാണ് മറ്റുള്ളവർ ബയ്അത്ത് ചെയ്യേണ്ടതെന്നും നിർദ്ദേശിച്ചതായി ബാബു ഇലാഹി ബക്ഷ് പ്രസ്താവിച്ചപ്പോൾ, ഇമാമുസ്സമാൻ അഥവാ, കാലഘട്ടത്തിന്റെ ഇമാമിനെ കുറിച്ച് അദ്ദേഹം പുലർത്തിപ്പോന്ന തെറ്റിദ്ധാരണകൾ അകറ്റാൻ അവി ടുന്ന് ശ്രമിച്ചു. അതോടൊപ്പം അത് സംബന്ധിച്ച് ഒരു പുസ്തകം രചിക്കാനും തയ്യാറായി. 'സറൂറത്തുൽ ഇമാം' (ഇമാമിന്റെ ആവ ശ്യകത) എന്ന വിഷയത്തെകുറിച്ചുള്ള പ്രസ്തുത ലഘുകൃതി

യിൽ ഇമാമുസ്സമാന്റെ ലക്ഷണങ്ങളും സ്വഭാവങ്ങളും ആത്മീയശക്തികളും എന്തെല്ലാമെന്ന് വിവരിക്കുകയുണ്ടായി.

ഇമാമുസ്സമാൻ അത്യുൽകൃഷ്ട സ്വഭാവഗുണങ്ങളോട് കൂടിയ ആളും (2) നേതൃഗുണമുള്ള വ്യക്തിയും (3) അഗാധ ജ്ഞാനങ്ങൾ നിറഞ്ഞ ആളും (4) അനന്യസാധാരണമായ മനക്കരുത്തും ലക്ഷ്യബോധവും ഉള്ള വ്യക്തിയും (5) ദൈവത്തിൽ സമർപ്പണം ചെയ്തയാളും (6) ആത്മീയ ദർശനങ്ങളും വെളിപാടുകളും ധാരാളമായും ഉൽകൃഷ്ടരൂപത്തിലും ഉണ്ടായികൊണ്ടിരിക്കുന്ന വ്യക്തിയും ദൈവം നേരിട്ട് സംസാരിക്കുന്ന ആളും ആയിരിക്കുമെന്ന് അവിടുന്ന് വിവരിച്ച് കാട്ടി.

ഇതേ കൃതിയിൽതന്നെ സത്യമായ ദിവ്യവെളിപാടുകൾ വേർതിരിച്ചറിയുന്നതിന് അവയുടെ സവിശേഷതകളും ലക്ഷണങ്ങളും എന്തൊക്കെയാണെന്നും വിവരിക്കുകയുണ്ടായി. സത്യമായ വെളിപാടുകൾ ഹൃദയങ്ങളിൽ ദിവ്യമായ സ്നേഹത്തിന്റെ ഒഴുക്കോടൊപ്പം ഇറങ്ങുന്നതാണ്. (2) അത് ആനന്ദവും ദൃഢവിശ്വാസവും കൊണ്ടുവരുന്നതായിരിക്കും. (3) സത്യമായ വെളിപാടുകൾക്ക് അന്തസ്സും ഉദാത്തതയും ഉണ്ടായിരിക്കുന്നതും അത് ഹൃദയത്തിൽ ആഞ്ഞ് തറക്കുന്നതുമാണ്. (4) ദൈവീകമായ ശക്തികളുടെ സ്വാധീനം ഉൾവഹിക്കുന്നതും പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നതുമാണ്. (5) അതിന് ശുദ്ധീകരണ ശക്തിയും മഹത്വവൽക്കരണ ശേഷിയും ഉണ്ടായിരിക്കുന്നതും (6) പുതു ജീവൻ പ്രദാനം ചെയ്യുന്നതുമാണ് (7) അത് ഒറ്റപ്പെട്ട ശബ്ദമായിരിക്കുകയില്ല. ദൈവം സംസാരിക്കും (8) അത് നിർഭയത്വം ഉളവാക്കും (9) ജ്ഞാനം പ്രദാനം ചെയ്യും (10) അത് ബഹുമാനം നൽകും വാഗ്ദത്ത മസീഹ് ചൂണ്ടിക്കാട്ടി.

ഈ കാലഘട്ടത്തിൽ ഇമാമുസ്സമാന്റെ എല്ലാ ലക്ഷണങ്ങളും സവിശേഷതകളും സ്വഭാവ ഗുണങ്ങളും ഒത്തുചേർന്നിട്ടുള്ള വ്യക്തി താൻ മാത്രമാണെന്നും ദിവ്യവെളിപാടുകൾ എല്ലാതികവുകളോടുംകൂടി തന്നിൽ മറ്റാരേക്കാളും അധികമായും പ്രഭാവപൂർണ്ണമായും ഇറങ്ങികൊണ്ടിരിക്കുന്നുവെന്നും താൻ തന്നെയാണ് ഇമാമുസ്സമാൻ എന്നും ഹസ്രത്ത് അഹ്മദ്(അ) 'സറൂ

റത്തുൽ' ഇമാം* എന്ന കൃതിയിൽ അവകാശപ്പെട്ടു. അവിടുന്ന് ഇപ്രകാരം പ്രഖ്യാപിച്ചു:

"ഇപ്പോൾ അവശേഷിക്കുന്ന ചോദ്യം ഇതാണ്: സകല മാന മുസ്ലിംകളും യോഗിവര്യൻമാരും (സാഹിദ്മാർ) സ്വപ്ന ദർശികളും ദിവ്യഭാഷണം ലഭിക്കുന്നവരും (മുൽഹം) എല്ലാ വരുംതന്നെ ആരെ പിൻതുടരാൻ നിർബന്ധപ്പെട്ടിരിക്കുന്നുവോ ആ ഇമാമുസ്സമാൻ ആരാണ്? ഞാൻ ഈ അവസരത്തിൽ നിർഭയം പ്രഖ്യാപിക്കുന്നു: ദൈവാനുഗ്രഹത്താലും അവന്റെ വരപ്രസാദത്താലും **ആ ഇമാമുസ്സമാൻ ഞാൻ തന്നെയാകുന്നു.** എന്നിൽ ആ എല്ലാ അടയാളങ്ങളും എല്ലാ നിബന്ധനകളും ദൈവം ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ തല ക്കൽതന്നെ അവൻ എന്നെ നിയോഗിക്കുകയും ചെയ്തിരിക്കു ന്നു", (സറൂറത്തുൽ ഇമാം). ദൈവം തനിക്ക് നാല് തരം ദൃഷ്ടാ ന്തങ്ങൾ നൽകിയിരിക്കുന്നതായി അവിടുന്ന് അവകാശപ്പെട്ടു.

1 – വിശുദ്ധഖുർആൻ ആകുന്ന അൽഭുതദൃഷ്ടാന്ത ത്തിന്റെ പ്രതിരൂപമെന്നോണം അറബി ഭാഷയിലുള്ള സാഹിത്യ ചാതുരിയുടെയും ചമൽക്കാരത്തിന്റെയും അലങ്കാരവിദ്യയു ടേയും ദൃഷ്ടാന്തങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എനി ക്കെതിരിൽ ഇക്കാര്യത്തിൽ മൽസരിക്കാൻ ആരും ശക്തരല്ല.

2 – വിശുദ്ധഖുർആനിലെ സത്യങ്ങളും ദിവ്യജ്ഞാന ങ്ങളും വിവരിക്കുന്ന കാര്യത്തിൽ എനിക്ക് ദൃഷ്ടാന്തം നൽക പ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എനിക്കെതിരായി മൽസരിക്കാൻ ആരും പ്രാപ്തരല്ല.

3 – ധാരാളം പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്ന കാര്യ ത്തിൽ എനിക്ക് ദൃഷ്ടാന്തം നൽകപ്പെട്ടിരിക്കുന്നു. ഇക്കാര്യ ത്തിലും എനിക്കെതിരെ മൽസരിക്കാൻ ആർക്കും സാദ്ധ്യമല്ല. എന്റെ മൂവായിരത്തോളം പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടിരി ക്കുന്നു എന്ന് ഞാൻ സത്യം ചെയ്തു പറയുന്നു. എന്റെ പക്കൽ ഇതിലേക്കുള്ള തെളിവുകളും ഉണ്ട്.

---

* 'സറൂറത്തുൽ ഇമാം' എന്ന കൃതിയുടെ മലയാള വിവർത്തനം സത്യദൂതനിൽ ഖണ്ഡശ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവർത്തനം എൻ. അബ്ദുർറഹീം.

4 – പരോക്ഷകാര്യങ്ങളുടെ ദൃഷ്ടാന്തം എനിക്ക് നൽക പ്പെട്ടിരിക്കുന്നു. എനിക്കെതിരിൽ ഇക്കാര്യത്തിലും മൽസരിക്കാൻ ആരും ശക്തരല്ല. ഇത് സംബന്ധിച്ച ദൈവീകസാക്ഷ്യങ്ങൾ എന്റെ പക്കൽ ഉണ്ട്. റസൂൽതിരുമേനിയുടെ പ്രവചനങ്ങൾ എനിക്കനുകൂലമായി ദൃഷ്ടാന്തങ്ങൾ എന്നോണം പൂർത്തിയാ യിരിക്കുന്നു.

ഈ കൃതിയിൽതന്നെ ബൈഅത്തിന്റെ അർത്ഥവും താൽപര്യവും അവിടുന്ന് വിവരിച്ചു. ബൈഅത്ത് എന്നത് (ബൈ അ്) എന്ന ധാതുവിൽ നിന്ന് വ്യുൽപന്നമാണ്. വിൽക്കുക എന്നാണ് ഇതിനർത്ഥം. ഒരു വസ്തു മറ്റൊരു വസ്തുവിന് പകരമായി നൽകികൊണ്ട് പരസ്പരം തൃപ്തിപ്പെടുന്ന ഏർപാടിനാണ് ബീഅ് എന്ന് പറയുന്നത്. ബൈഅത്ത് ചെയ്യുന്ന ആൾ ഒരു മാർഗ്ഗദർശി യുടെ കൈയ്യിൽ ദൈവതൃപ്തിയും രക്ഷയും ദിവ്യജ്ഞാനവും പകരം ലഭിക്കുന്നതിന്വേണ്ടി സ്വത്തെ വിൽപന നടത്തുക എന്ന താണ് അതിന്റെ താൽപര്യം. തനിക്ക് നൽകാൻ കഴിയുന്നതിനേ ക്കാൾ കൂടുതൽ ദിവ്യജ്ഞാനങ്ങൾ പകരം നൽകാൻ കഴിയു മെന്ന് തെളിയിക്കുന്നപക്ഷം താനും അനുയായികളും ഒന്നടങ്കം ബാബു ഇലാഹി ബക്ഷിന്ന് ബൈഅത്ത് ചെയ്യാൻ തയ്യാറാവു ന്നതാണെന്നും ഹസ്രത്ത് അഹ്മദ്(അ) അതിൽ തുറന്ന് പറഞ്ഞു.

ചുരുക്കത്തിൽ, ഇൽഹാം ലഭിക്കുന്നു എന്ന അടിസ്ഥാ നത്തിൽ മാത്രം ഒരാൾ ഇമാമുസ്സമാൻ ആകുന്നതല്ലെന്നും അതിനു മറ്റും അനേകം നിബന്ധനകൾ പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നും വാഗ്ദത്ത മസീഹ്(അ) വ്യക്തമാക്കി.

ബാബു ഇലാഹി ബക്ഷ് തനിക്ക് വെളിപാടുകൾ ലഭി ക്കുന്നു എന്നും ഹസ്രത്ത് അഹ്മദിനേയും അദ്ദേഹത്തിന്റെ വാദ ങ്ങളേയും അസത്യപ്പെടുത്തുന്ന വെളിപാടുകളാണ് തനിക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത് എന്നും അവകാശപ്പെടുകയുണ്ടായി. അങ്ങിനെയാണെങ്കിൽ അദ്ദേഹത്തിന്റെ അത്തരം വെളിപാടുകൾ പ്രസിദ്ധീകരിക്കാൻ വാഗ്ദത്ത മസീഹ് (അ) ആഹ്വാനം ചെയ്തെ ങ്കിലും ബാബു ഇലാഹി ബക്ഷ് അതിന് തയ്യാറുണ്ടായിരുന്നില്ല. ഹസ്രത്ത് അഹ്മദ്(അ) തനിക്കെതിരെ കോടതിയിൽ പോകുമെ

ന്നത് കൊണ്ടാണ് താൻ അത് പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറാവാത്തത് എന്ന് ഒരവസരത്തിൽ അയാൾ എഴുതിയപ്പോൾ അപ്രകാരം കോടതിയിൽ പോകാൻ ഉദ്ദേശിക്കുന്നില്ലെന്ന് ഖണ്ഡിതമായ ഉറപ്പ് നൽകികൊണ്ട് ഇലാഹി ബക്ഷിന് റജിസ്റ്റർ കത്ത് അയക്കുകയും ചെയ്തു (15-6-1899). എന്നിട്ടും അയാൾ വെളിപാടുകൾ പ്രസിദ്ധം ചെയ്യാൻ തയ്യാറായില്ല. വെളിപാടുകൾ പ്രസിദ്ധപ്പെടുത്താൻ താൻ നിശ്ചയിച്ച് നൽകിയ കാലാവധി കഴിഞ്ഞപ്പോൾ അവിടുന്നു 'തിരിയാഖുൽ ഖുലൂബ്' എന്ന പേരിൽ ഒരു ഗ്രന്ഥത്തിന്റെ രചന ആരംഭിച്ചു. ഇത് സംബന്ധിച്ച് 1899 ജൂലായ് 31-ാം തീയ്യതി അൽഹക്കമിൽ ഒരു അറിയിപ്പ് നൽകുകയുണ്ടായി സത്യമായ വെളിപാടുകൾ സ്വർഗ്ഗീയ ദൃഷ്ടാന്തങ്ങളാൽ പിന്തുണക്കപ്പെടുമെന്നും അവ തിരിച്ചറിയാൻ കഴിയുമെന്നും വാഗ്ദത്ത മസീഹ്(അ) വ്യക്തമാക്കി. തന്റെ വെളിപാടുകൾ ദൈവത്തിൽ നിന്നുള്ളതാണെന്ന് തെളിയിക്കുന്നതിനായി തിരിയാഖുൽ ഖുലൂബിൽ 76 സത്യദൃഷ്ടാന്തങ്ങളും എടുത്തു കാട്ടി.

ഇലാഹി ബക്ഷ് 1900 സപ്തംബറിൽ "അസായെ മൂസ്സ" (മൂസയുടെ ഊന്നുവടി) എന്നപേരിൽ ഒരു പുസ്തകം ഇറക്കി. തനിക്കുണ്ടായതായി അവകാശപ്പെട്ടുകൊണ്ടുള്ള വെളിപാടുകൾ അതിൽ ഇലാഹി ബക്ഷ് പ്രസിദ്ധം ചെയ്തില്ലെന്ന് മാത്രമല്ല, വാഗ്ദത്ത മസീഹ് (അ) 'സറൂറത്തുൽ ഇമാം' എന്ന പുസ്തകത്തിൽ ഉന്നയിച്ച ആശയങ്ങളെ ഖണ്ഡിക്കാൻ ഒരു വിഫല ശ്രമം നടത്തുകയുമുണ്ടായി.

ഇലാഹി ബക്ഷിന്റെ സ്നേഹിതനായ ഹാഫിസ് മുഹമ്മദ് യൂസുഫ് എന്നൊരാൾ അമൃതസറിൽ വെച്ച് ഹസ്രത്ത് അഹ്മദിന്റെ പ്രമുഖശിഷ്യരായ ഏതാനും പേരെ കണ്ട് മുട്ടിയപ്പോൾ ഇലാഹി ബക്ഷിന് ദിവ്യവെളിപാടുകൾ ലഭിക്കുന്നു എന്ന അവകാശവാദത്തെ പറ്റി സംസാരിക്കാൻ ഇടയായി. ദിവ്യവെളിപാടുകൾ ഉണ്ടാകുന്നതായി കറ്റ് കെട്ടി പറയുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നൊരാൾ ദൈവശിക്ഷക്കിരയായി ഉടൻ നശിപ്പിക്കപ്പെടുമെന്നും അയാൾക്ക് നബിതിരുമേനിയെ പോലെ 23 കൊല്ലം ജീവിച്ചിരിക്കാൻ ആവില്ലെന്നും അവർ ഹാഫിസ് മുഹ

മ്മദ് യൂസുഫിനോട് പറഞ്ഞപ്പോൾ അത്തരത്തിൽ വാദിച്ചവർ 23 വർഷക്കാലത്തിലധികവും ജീവിച്ചിരുന്നിട്ടുണ്ടെന്ന് അയാൾ മറുത്തു പറഞ്ഞു. ഇത് വിശുദ്ധഖുർആന്റെ പ്രസ്താവനക്ക് വിരുദ്ധമാകയാൽ തെളിവ് നൽകണമെന്ന് ഹസ്രത്ത് അഹ്മദിന്റെ ശിഷ്യൻമാർ നിർബന്ധിച്ചപ്പോൾ ഡിസംബർ 20 നകം അത്തരം ദിവ്യവെളിപാട്വാദികളെ കുറിച്ച് അറിവ് നൽകാമെന്നും അതിന് തനിക്ക് സാധിക്കാതെ വരുന്ന പക്ഷം ഹസ്രത്ത് അഹ്മദുൽ ഖാദിയാനി(അ) വാഗ്ദത്ത മസീഹാണെന്ന് വിശ്വസിച്ചുകൊള്ളുന്നതാണെന്നും ഹാഫിസ് മുഹമ്മദ് യൂസുഫ് വാഗ്ദത്തം ചെയ്യുകയുണ്ടായി. ഹാഫിസ് മുഹമ്മദ് ഇക്കാര്യത്തിൽ വിജയിക്കുന്ന പക്ഷം തങ്ങൾ ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയെ കൈവെടിയുന്നതാണെന്ന് ശിഷ്യമുഖ്യരും ഏറ്റു. അപ്രകാരമൊരു കരാർ എഴുതിയുണ്ടാക്കി. ഹസ്രത്ത് അഹ്മദിന്റെ പ്രമുഖശിഷ്യരായ മുഫ്തി മുഹമ്മദ് സാദിഖ്, മിർസാ ഖുദാബക്ഷ് എന്നിവർ കരാർ ഒപ്പിട്ടവരിൽ ഉൾപ്പെടും.

ഈ വിവരം അറിഞ്ഞപ്പോൾ, ഹസ്രത്ത് അഹ്മദ് (അ) ഒരു ലഘുലേഖ പുറപ്പെടുവിക്കുകയും തിരുനബിയുടെ ദൗത്യ കാലഘട്ടമായ 23 കൊല്ലക്കാലം അത്തരത്തിൽ ദിവ്യവെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നതായി കറ്റുകെട്ടിപറഞ്ഞ ഒരു കപടവാദിയുടെ ഉദാഹരണം ചരിത്രത്തിൽനിന്നും എടുത്തു കാട്ടുന്നവർക്ക് താൻ അഞ്ഞൂറ് രൂപ ഇനാം നൽകുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ഇക്കാര്യത്തിൽ ബാബു ഇലാഹി ബക്ഷിനേയും മൗലവി മുഹമ്മദ് യൂസുഫിനേയും മുഴുവൻ ആലിമീങ്ങളേയും ആഹ്വാനം ചെയ്കയുമുണ്ടായി. ഇതിന്നായി രണ്ടാഴ്ചക്കാലം അനുവദിക്കുകയും ചെയ്തു.

ഇലാഹി ബക്ഷ് ഒടുവിൽ തന്റെ ഒരു പുസ്തകത്തിൽ തനിക്കുണ്ടായതായി അവകാശപ്പെട്ടുകൊണ്ടുള്ള ദിവ്യവെളിപാടുകൾ പ്രസിദ്ധപ്പെടുത്തി. വാഗ്ദത്ത മസീഹിന് എതിരായുള്ള പ്രവചനങ്ങളും അതിൽ ഉൾപെട്ടിരുന്നു. അവയെല്ലം കറ്റ് കെട്ടിയുണ്ടാക്കി പ്രചരിപ്പിക്കാൻ ശ്രമിച്ച കള്ളവെളിപാടുകളായിരുന്നതിനാൽതന്നെ ദൈവത്തിന്റെ പേരിൽ കറ്റ് കെട്ടി പറഞ്ഞു എന്ന

മഹാപരാധത്തിന്ന് ഖുർആൻ വാക്യപ്രകാരമുള്ള (69: 44–48) ദൈവീക ശിക്ഷ അതായത് മരണശിക്ഷ ഇലാഹി ബക്ഷിന് അനുഭവിക്കേണ്ടിവരികതന്നെ ചെയ്തു! ഇലാഹി ബക്ഷ് താൻ മൂസ ആണെന്ന് വാദിച്ചിരുന്നു.* അത്പ്രകാരമാണ് അയാൾ 'അസായെമൂസ' (മൂസയുടെ ഊന്നുവടി) എന്നു തന്റെ പുസ്തകത്തിന് പേര് നൽകുകയും വെളിപാടുകൾ കറ്റ് കെട്ടിയുണ്ടാക്കി പ്രചരിപ്പിക്കുകയും ചെയ്തത്. എന്നാൽ, ബാബു ഇലാഹി ബക്ഷ് എന്ന ഈ കപടവാദി 1907 ഏപ്രീൽ 7–ാം തീയ്യതി പ്ലേഗിന്ന് ഇരയായി നശിച്ചൊടുങ്ങി! (അഹ്ൽ ഹദീസ്, അമൃത്സർ 1907 ഏപ്രീൽ 11–ലെ ലക്കം നോക്കുക). അത് ഒരു ഹീനമായ മരണമായിരുന്നു! വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് ഖാദിയാനി (അ) ആകട്ടെ ജയശാലിയായി വിരാജിക്കുകയും ചെയ്തു.

57–ജിഹാദിന്നു പുതിയ മാനം

ജിഹാദ്, എന്ന പേരിൽ ഹസ്രത്ത് അഹ്മദ് ഖാദിയാനി (അ) ഒരു ലഘുകൃതി പ്രസിദ്ധപ്പെടുത്തി. ഖാദിയാനിലെ സിയാഉൽ ഇസ്ലാം പ്രസ്സിൽനിന്ന് 1900 മെയ് 22–ാം തീയ്യതിയാണ് ഇത് അച്ചടിച്ച് പുറത്തിറക്കിയത്. അത് ഉടൻതന്നെ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു. അതോടൊപ്പംതന്നെ ഉറുദുവിൽ ഒരു പദ്യവും രചിക്കുകയുണ്ടായി. അന്ന് നിലവിലുണ്ടായിരുന്ന ധാരണകൾ അനുസരിച്ചുള്ള ജിഹാദ് റദ്ദാക്കപ്പെട്ടിരിക്കുന്നു എന്നാണ് ആ കവിതയുടെ ആകസാരം. ജിഹാദ് സംബന്ധിച്ച് അറബിഭാഷയിൽ കത്ത് രൂപത്തിലുള്ള ഒരു നിബന്ധം കൂടി തയ്യാറാക്കി അതോടൊപ്പം പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി.

1900 മാർച്ചിലോ ഏപ്രിലിലോ പിശാവറിൽ വെച്ച് (Peshawar) ഒരു പത്താൻകാരൻ രണ്ട് ഇംഗ്ലീഷ്കാരെ കൊന്നു കളഞ്ഞു. ഈ ക്രൂരമായ കൊലപാതകത്തെ കുറിച്ചറിഞ്ഞപ്പോൾ

* അല്ലാഹു തനിക്ക് വെളിപാടുകളിറക്കുന്നു എന്ന് വാദിച്ച് കൊണ്ട് പ്രചരിപ്പിക്കുകയും പ്രസിദ്ധപ്പെടുത്തുകയും തിരുനബിയെ പോലെ 23 കൊല്ലക്കാലം അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്തിട്ടുള്ള ഒരാളുടെ ഉദാഹരണമാണ് ചൂണ്ടിക്കാണിക്കാൻ ആവശ്യപ്പെട്ടിരുന്നത്. നബി എന്ന് വാദിക്കുന്നവർ സ്വാഭാവികമായും ഇവരിൽ ഉൾപെടുന്നു.

വാഗ്ദത്ത മസീഹ് (അ) അതീവദു:ഖിതനായി. നിരപരാധിയായ ഒരാളെ കൊല്ലുന്നത് ഒരു പുണ്യകൃത്യമായി കരുതപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു അത്. അജ്ഞരായ പത്താൻകാർ മതത്തിന്റെ പേരിൽ നടത്തികൊണ്ടിരുന്ന ഇത്തരം കൊലപാതകങ്ങൾ ഇസ്ലാമിന്റെ മുഖത്ത് കരിവാരിത്തേക്കുന്ന ക്രൂരകൃത്യങ്ങളായിരുന്നു. അമുസ്ലിംകൾക്ക് മുസ്ലിമിന്റെമേൽ ഭരണം നടത്താനവകാശം ഇല്ലെന്ന് പറഞ്ഞുകൊണ്ട് ഇവർ യൂറോപ്യൻമാരെ കാണുന്നിടത്ത് വെച്ച് നിഗ്രഹിക്കാൻ മുതിർന്നിരുന്നു. മുസ്ലിം ആകാൻ തയ്യാറില്ലാത്ത ഏത് അവിശ്വാസിയെയും കൊല്ലുക എന്നതാണ് ജിഹാദായി അവർ കരുതിയിരുന്നത്. അവിശ്വാസികൾക്കെതിരായി യുദ്ധം ചെയ്യുകയും ഇസ്ലാം സ്വീകരിക്കാത്ത സകല അമുസ്ലിംകളേയും കൊന്നൊടുക്കുകയും ചെയ്യുന്ന ഒരു യോദ്ധ്യ മഹ്ദിയെ (Warrior Mahdi) മുസ്ലിംസമുദായം കാത്ത്കൊണ്ടിരുന്നു ഈ അനിസ്ലാമിക വിശ്വാസങ്ങളാണ് വാഗ്ദത്ത മസീഹിനെ ഏറ്റവും വ്യാകുലപെടുത്തിയിരുന്നത്. ഇത്തരം വിശ്വാസങ്ങൾ മുസ്ലിം ഹൃദയങ്ങളിൽ കുടിയിരുത്തിയ ഉലമാക്കളെ ആ മഹാത്മാവ് നിശിതമായി വിമർശിച്ചു. ജിഹാദ് എന്ന ലഘുകൃതിയിൽ വാഗ്ദത്തമസീഹ് (അ) ഇപ്രകാരം പ്രസ്താവിച്ചു.

"ജിഹാദിന്റെ ദാർശനികവശങ്ങളും അതിന്റെ യാഥാർത്ഥ്യങ്ങളും സങ്കീർണമായ ഒരു പ്രശ്നവും ലോലമായ ഒരു കേന്ദ്ര ബിന്ദുവുമാണ്. അതിനെ കുറിച്ചുള്ള അജ്ഞതമൂലം ഇക്കാലത്തും അപ്പോലെതന്നെ മദ്ധ്യകാലത്തുമുള്ള ആളുകൾക്ക് വലിയ വലിയ പിഴവുകൾ പിണയുകയുണ്ടായി. ഈ ഭയാനകങ്ങളായ പിഴവുകൾ കാരണം പ്രകൃതി നിയമങ്ങളുടെ ദർപ്പണവും ജീവനുള്ള ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്ന മതവുമായ ഇസ്ലാമിനെപോലുള്ള പരിപാവനവും പരിശുദ്ധവുമായ ഒരു പ്രസ്ഥാനം ആക്ഷേപങ്ങൾക്ക് കുറിയായിരിക്കുന്നു എന്നത് അങ്ങേയറ്റത്തെ ലജ്ജയോട് കൂടിതന്നെ നമ്മൾക്ക് സമ്മതിച്ച് പറയാതെ തരമില്ല.

"ജിഹാദ് എന്ന പദം ജഹദ എന്ന അറബി ധാതുവിൽ നിന്നും വ്യുൽപന്നമാണ്. അതിന്റെ അർത്ഥം പരിശ്രമിക്കുക

എന്നത്രെ. പിന്നെ സാദൃശ്യപരമായി മതയുദ്ധങ്ങൾക്കും പറയപ്പെടുന്നു. പരസ്പരമുള്ള ഏറ്റുമുട്ടലുകൾക്ക് ഹിന്ദുക്കൾ പറഞ്ഞ് വരുന്ന യുദ്ധം എന്ന വാക്ക് യഥാർത്ഥത്തിൽ ജിഹാദ് എന്ന പദത്തിന്റെ തൽഭവമാകുന്നു എന്നാണ് മനസ്സിലാകുന്നത്. അറബി ഭാഷ എല്ലാ ഭാഷകളുടേയും മാതാവാണല്ലോ. എല്ലാ ഭാഷകളും അറബി ഭാഷയിൽ നിന്നുമാണ് ഉടലെടുത്തിട്ടുള്ളത്. ഏറ്റുമുട്ടലിന്ന് സംസ്കൃതത്തിൽ പറഞ്ഞുവരുന്ന യുദ്ധം എന്ന വാക്ക് യഥാർത്ഥത്തിൽ ജഹദ അഥവാ ജിഹാദ് തന്നെയാകുന്നു. പിന്നീട് 'ജീം', 'യാ' ആയി മാറിപ്പോവുകയും അത് ചെറിയ മാറ്റത്തോടെ ഇരട്ടിച്ച് ഉച്ചരിക്കപ്പെടുകയും ചെയ്തു".

ആദിമമുസ്ലിംകളുടെ നിസ്സഹായ അവസ്ഥയും അവർക്ക് അനുഭവിക്കേണ്ടിവന്ന കൊടുംദ്രോഹങ്ങളും ആ ദ്രോഹങ്ങൾക്കെതിരെ തിരുനബിയും സഖാക്കളും നേരിട്ട് കൊണ്ടിരുന്ന സഹനപരീക്ഷകളും വിവരിച്ച ശേഷം യുദ്ധത്തിന് അനുമതി നൽകുന്ന ഖുർആൻ ആയത്ത് (22:37) ഉദ്ധരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം തുടർന്നു:

"എന്നാൽ, ഈ കൽപന നിശ്ചിതമായ ഒരു കാലയളവിലേക്ക് മാത്രമായിരുന്നു. ഏത് സാഹചര്യത്തിലും എപ്പോഴും പ്രാവർത്തികമാക്കാനുള്ളതല്ല. ഇസ്ലാമിൽ പ്രവേശിക്കുന്നവർ ആടുമാടുകളെ പോലെ അറുത്തിടപ്പെട്ടുകൊണ്ടിരുന്ന ആ കാലഘട്ടത്തേക്കുള്ളതായിരുന്നു. എന്നാൽ, ഖേദമെന്ന് പറയട്ടെ, നുബൂവ്വത്തിന്റെയും സത്യഖിലാഫത്തിന്റെയും കാലഘട്ടത്തിന് ശേഷം ജിഹാദ് എന്ന വിഷയം മനസ്സിലാക്കുന്നതിൽ, അതിന്റെ മൂലവേര് ആയിട്ടുള്ള ഉപര്യുദ്ധൃതമായ വിശുദ്ധവചനം മനസ്സിലാക്കുന്നതിൽ വലുതായ പിഴവുകൾ വരുത്തപ്പെട്ടു. അന്യായമായ തരത്തിൽ ദൈവത്തിന്റെ സൃഷ്ടികളെ വാള് കൊണ്ട് അറുത്തിടുന്നത് മതബോധത്തിന്റെ ലക്ഷണമാണെന്ന് കരുതപ്പെട്ടു. ഇവിടെ ആശ്ചര്യാവഹമായ ഒരു സാദൃശ്യം കാണപ്പെടുന്നു. ക്രൈസ്ത്യാനികൾ സ്രഷ്ടാവിന്റെ അവകാശങ്ങളുടെ കാര്യത്തിലാണ് പിഴവ് വരുത്തിയതെങ്കിൽ, മുസ്ലിംകൾ സൃഷ്ടികളുടെ അവകാശത്തിന്റെ കാര്യത്തിൽ പിഴവ് വരുത്തി. ക്രൈസ്ത്യാനി

കൾ ഒരു ദുർബലനായ മനുഷ്യനെ ദൈവമാക്കികൊണ്ട് സർവ്വ ശക്തനും ജീവിച്ചിരിക്കുന്നവനുമായ ആ ദൈവത്തിന്റെ അവകാശങ്ങളെ ലംഘിച്ചു. അതിന്ന് തുല്യമായ ഒരു തെറ്റ്കുറ്റം ഭൂമിയിലോ ആകാശത്തിലോ ഉണ്ടായിട്ടില്ല. മുസ്ലിംകളാണെങ്കിൽ മനുഷ്യരുടെ മേൽ അന്യായമായ തരത്തിൽ വാൾ ചുഴറ്റി കൊണ്ട് മനുഷ്യ വംശത്തിന്റെ അവകാശങ്ങളെ കവർന്നു. ഇതിന്ന് ജിഹാദ് എന്ന് പേര് വെക്കുകയും ചെയ്തു.

"ജിഹാദിനെകുറിച്ച് മൗലവിമാർ എന്ന് പറയപ്പെടുന്ന ഇക്കാലത്തെ ഉലമാക്കൾ മനസ്സിലാക്കി വെച്ചിട്ടുള്ളതെന്തോ അതും ബഹുജനത്തിന്റെ മുമ്പിൽ അവർ ഈ വിഷയകമായി അവതരിപ്പിക്കുന്ന വിവരണങ്ങളും ശരിയായിട്ടുള്ളതല്ല. തങ്ങളുടെ ആവേശോജ്വലങ്ങളായ വഅ്സുകളിലൂടെ ഉലമാക്കൾ നടത്തുന്നത് ബഹുജനങ്ങളുടെ പ്രാകൃതഭാവങ്ങളെ മൃഗീയ സ്വഭാവങ്ങളാക്കി മാറ്റുക എന്നതിൽ കവിഞ്ഞ് ഒന്നുമല്ല. കൂടാതെ, മനുഷ്യത്വത്തിന്റെ സകല ശ്രേഷ്ഠതകളിൽ നിന്നും അവരെ നഷ്ടക്കാരാക്കി തീർക്കുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്.

"ഇസ്ലാമിന്ന് അതിന്റെ ആരംഭഘട്ടത്തിൽ യുദ്ധങ്ങൾ ചെയ്യേണ്ടി വന്നത് എന്തിനാണെന്നും എന്ത് കാരണങ്ങളാലായിരുന്നു എന്നും ഉള്ള രഹസ്യം അറിയാത്തവരാണ് അവിവേകികളും സ്വാർത്ഥംഭരികളുമായ ആളുകളാൽ അന്യായമായ കൊലകൾ നടത്തപ്പെടുന്നതിന്ന് കാരണക്കാരെന്നു എനിയ്ക്ക് നല്ല പോലെ അറിയാം. ഇതിന്റെയെല്ലാം പാപഭാരം അത്തരം സംഗതികൾ ഗൂഢമായി പഠിപ്പിച്ചുപോന്ന മൗലവിമാരുടെ ചുമലിലാണ് ഉള്ളത്. അതിന്റെ ഫലമായിട്ടാണ് ഈ വേദനാജനകമായ രക്തച്ചൊരിച്ചിലുകൾ സംഭവിച്ചത്. ഇവർ ഭരണാധികാരികളുടെ മുമ്പിലെത്തുമ്പോൾ അവർക്ക് കുമ്പിടാൻപോലും തയ്യാറായ നിലയിൽ അവരെ അഭിവാദ്യം ചെയ്യാൻ കുനിയുന്നു. എന്നാൽ അവർ തങ്ങളുടെ കൂട്ടുകാരുടെ സദസ്സുകളിലിരിക്കുമ്പോൾ ഈ രാജ്യം ദാറുൽഹർബ് ആണെന്നും ഇവർക്കെതിരായി ജിഹാദ് ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണെന്നുമുള്ള കാര്യമാണ് അടിക്കടി ഊന്നിപ്പറയുന്നത്.

വാഗ്ദത്തമസീഹ് (അ) ആലിമീങ്ങളെ സംബോധന ചെയ്ത്കൊണ്ട് ഹൃദയസ്പൃക്കായ രീതിയിൽ ഇപ്രകാരം തുടർന്നു: "അല്ലയോ ഇസ്ലാമിന്റെ ആലിമീങ്ങളെ, മൗലവി മാരെ, എന്റെ വാക്കുകൾ നിങ്ങളൊന്ന് കേൾക്കുവിൻ! ഞാൻ ഇതാ സത്യമായും സത്യമായും പറയുന്നു, ഇത് ജിഹാദിന്റെ കാലമ ല്ല. നിങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധനബിയുടെ അനുസ രണംകെട്ട അനുയായികളായി ചമയൊല്ല. വരേണ്ടിയിരുന്ന ആ വാഗ്ദത്ത മസീഹ് വന്നു കഴിഞ്ഞിരിക്കുന്നു. ആ മസീഹ് കൽപന നൽകിയിരിക്കുകയാണ്, വാളുകൊണ്ടും യുദ്ധംകൊണ്ടും രക്തച്ചൊരിച്ചൽകൊണ്ടും നടന്നുവന്ന മതയുദ്ധങ്ങളിൽനിന്നും പിൻമാറുവിൻ! കൊല്ലുകൊലക ളിൽനിന്നും പിൻമാറാതിരിക്കുകയും അത്തരം കാര്യങ്ങൾക്ക് ആഹ്വാനം ചെയ്ത്കൊണ്ടുള്ള വഅ്സുകൾ നിറുത്താതിരിക്കു കയും ചെയ്യുന്നത് ഇസ്ലാമിക മാർഗ്ഗമല്ല. എന്നെ സ്വീകരിച്ചവർ ഇത്തരം വഅ്സുകൾക്ക് വിരാമമിടും. എന്ന് മാത്രമല്ല, ഈ മാർഗ്ഗം വളരെയേറെ ദോഷകരവും ദൈവക്രോധത്തിന്ന് കാര ണവുമാണെന്ന് ധരിക്കുകയും ചെയ്യും. മനുഷ്യത്വപരമായ അനു കമ്പയുടെ പാഠങ്ങളിൽ ഒരക്ഷരം പോലും ഒരിക്കലും ഇവർ പഠി ച്ചിട്ടില്ല. ഒന്നുമേതും അറിയാത്ത ഒരു അപരിചിതന്റെമേൽ പിസ്റ്റളോ തോക്കോ പ്രയോഗിക്കുന്നതാണ് ഇവരെ സംബന്ധി ച്ചിടത്തോളം ഇസ്ലാംധർമ്മം. ഇവരുടെ കൂട്ടത്തിൽ സഹാബയെ പോലെ പ്രഹരം ഏൽക്കുകയും സഹനം കൈക്കൊള്ളുകയും ചെയ്യുന്നവർ ആരുണ്ട്? നമുക്ക് അറിവില്ലാത്ത, നമ്മെ അറിഞ്ഞു കൂടാത്ത, ഒരു വ്യക്തിയെ അയാൾ ചെയ്ത കുറ്റം എന്തെന്ന് അറിയുകപോലും ചെയ്യാതെ വെറുതെ കുത്തിക്കൊല്ലുകയോ തോക്ക് ഒഴിച്ച് അയാളുടെ കഥ കഴിക്കുകയോ ചെയ്യുവാൻ അല്ലാഹു കൽപന നൽകിയിട്ടുണ്ടോ? നിരപരാധിയായിരിക്കെ കുറ്റമൊന്നും ചെയ്യാതെ ഇസ്ലാമിന്റെ സന്ദേശം എത്തിക്കപ്പെ ടാത്ത നിലയിൽ ദൈവദാസരെ കൊന്നിട്ടാൽ നേരെ സ്വർഗത്തി ലെത്താമെന്നു പഠിപ്പിക്കുന്ന മതം ദൈവത്തിൽനിന്നുള്ളതാ കാമോ? മുമ്പ് നമ്മോട് ഒരു ശത്രുതയും പുലർത്തിയിട്ടില്ലാത്ത ഒരാൾ എന്തോ ചില സാധനങ്ങൾ വാങ്ങികൊണ്ടിരിക്കെ ഒരു

കാരണവും ഇല്ലാതെ ഒന്നുമറിയാത്ത അയാളുടെ നേരെ നിറതോക്കൊഴിച്ച് അയാളുടെ മക്കളെ അനാഥരാക്കുകയും അയാളുടെ ഭാര്യയെ വിധവയാക്കുകയും അയാളുടെ വീട്ടിൽ അലമുറകൾ സൃഷ്ടിക്കുകയും ചെയ്യണമെന്ന് ഏത് ഹദീസിലാണ് എഴുതിവെച്ചിട്ടുള്ളത്. ഏത് ആയത്തിലാണ് ഇത് രേഖപ്പെടുത്തിയിട്ടുള്ളത്? ഏതെങ്കിലും മൗലവി ഇതിന് ഉത്തരം നൽകുമോ? ഈ വിവരംകെട്ടവർ ജിഹാദ് എന്ന ശബ്ദം കേട്ടിരിക്കുന്നു. അതിന്റെ മറവിൽ സ്വേച്ഛകൾ നേടുകയാണ് ചെയ്യുന്നത്. അഥവാ, ഭ്രാന്തെടുത്തത്പോലെ ചോര ചിന്താനൊരുങ്ങുന്നു. നമ്മുടെ നബി (സ) തിരുമേനിയുടെ കാലത്ത് നിരവധി മുസ്ലിംകൾ അവിശ്വാസികളുടെ വാളിന്ന് ഇരയായ നിലയിൽ ഖബറുകളിലെത്തിയ ഘട്ടത്തിലാണ് മുസ്ലിംകൾ ദൈവകൽപ്പന പ്രകാരം വാളെടുത്തത് എന്ന് ഞാൻ മുകളിൽ പറഞ്ഞതാണ്.

കാബൂൾ അമീറിന്ന് സവിശേഷമായ ഒരു ഉപദേശം നൽകികൊണ്ട് വാഗ്ദത്തമസീഹ് (അ) ജിഹാദ് എന്ന കൃതിയിൽ ഇപ്രകാരം തുറന്നെഴുതി:

"ജിഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെമേൽ അക്രമം നടത്തുകയെന്ന മുസ്ലിംകളിൽ കാണപ്പെട്ടുവരുന്ന ഇന്നത്തെ പ്രവണത ശറഈ (മതനിയമാനുസൃതമായ) ജിഹാദല്ലെന്നും മറിച്ച്, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾക്ക് വിരുദ്ധമായ പ്രവൃത്തിയും കടുത്ത പാതകവുമാണെന്നും ഓർത്ത്കൊള്ളേണ്ടതാണ്. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റിപിടിച്ച ചില ഇസ്ലാമികരാഷ്ട്രങ്ങളിൽ ഇത് ഒരു പഴയ ശീലമായി കഴിഞ്ഞിരിക്കയാൽ, വേഗം ഉപേക്ഷിക്കുക സാദ്ധ്യമല്ല. എന്നാൽ ഇത്തരം ഉപദേശങ്ങൾ നൽകുന്നവരെ തങ്ങളുടെ ശത്രുക്കളായി കരുതുകയും അവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അത്തരം ഒരാളുടെ കഥ കഴിക്കാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്, മുൻ അഫ്ഘാൻ അമീറൻമാരിൽ കണ്ടിട്ടില്ലാത്തതരത്തിൽ അഫ്ഘാൻകാരിൽ പ്രഭാവം ചെലുത്തിപ്പോരുന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ പേരുകേട്ട ആലിം

കളെ വിളിച്ച്കൂട്ടി ഈ ജിഹാദ് പ്രശ്നത്തെപറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കൾ മുഖേനതന്നെ സാമാന്യജനങ്ങളിൽ പുശ്തുഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുകയും വിവരംകെട്ട മുല്ലമാർ ബഹുജനങ്ങളിൽ പരത്തിവിടുന്ന കൊലപാതകാവേശം ക്രമത്തിൽ ക്രമത്തിൽ കുറഞ്ഞുകൊള്ളുകയും ചെയ്യുന്നതാണ്. ഈ എത്രയും പ്രധാനപ്പെട്ട പരിഷ്കരണപരിപാടിയിലേയ്ക്ക് അമീർ അവർകൾ ശ്രദ്ധിക്കാത്ത പക്ഷം മുല്ലാമാരുടെ ഇത്തരം ഫത്വകളുടെ നേരെ നിശ്ശബ്ദത കൈകൊള്ളുന്നതിന്റെ അന്തിമ ഫലങ്ങൾ ഗവൺമെന്റിനുതന്നെയും വലിയ കഷ്ടനഷ്ടങ്ങൾ വരുത്തിവെച്ചേക്കും. ഇക്കാലത്ത് മതപരമായ ഏറ്റവും നിസ്സാരതർക്കത്തിൽ പോലും, ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു ഫിർഖയെ മുഴുവനും കാഫിറായി പ്രഖ്യാപിക്കുകയെന്നത് ഈ മുല്ലാമാരുടെയും മൗലവിമാരുടെയും ശീലമായിക്കഴിഞ്ഞിരിക്കുന്നു. പിന്നെ, കാഫിറുകളെ കുറിച്ചുള്ള അവരുടെ ജിഹാദ് ഫത്വകളും മറ്റും ഇവരുടെ കാര്യത്തിലും നടപ്പാക്കി തുടങ്ങുന്നതുമാണ്.

"ചുരുക്കത്തിൽ, ഈ സാഹചര്യത്തിൽ അമീർ അവർകൾക്ക്തന്നെ ഈ ഫത്വകളിൽനിന്നും സുരക്ഷിതനായിരിക്കാൻ സാധ്യമല്ല. ഏതെങ്കിലും ഒരവസരത്തിൽ ഈ മുല്ലവർഗം ശാഖാപരമായ കാര്യങ്ങളിൽ അമീറിനു നേരെതന്നെയും വിരോധം പുലർത്തികൊണ്ട് അദ്ദേഹത്തെയും ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറംതള്ളിയെന്ന് വരാം. അദ്ദേഹത്തിന്റെ കാര്യത്തിലും കുഫ്ഫാറിനെ കുറിച്ചുള്ള ഈ ജിഹാദ് ഫത്വ നടപ്പാക്കാൻ തുനിഞ്ഞേയ്ക്കുകയും ചെയ്യും. ആകയാൽ മുഅ്മിനിനെയും കാഫിറിനെയും പടച്ചു വിടുകയും അവരുടെ പേരിൽ ജിഹാദിന്റെ ഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്ന അവകാശാധികാരങ്ങൾ ആരുടെ കൈകളിലാണോ ആ ജനവിഭാഗം അമീർ അവർകൾക്കും വെറുതെ ഇരിക്കാൻ കഴിയാത്തവിധം ആപൽകാരിയായ ഒരു ജനവിഭാഗമാകുന്നു. ഏതൊരു ഗവൺമെന്റിന് എതിരായ രാജ്യദ്രോഹ പ്രവർത്തനങ്ങളുടെയും

വിപ്ലവങ്ങളുടെയും ഉറവിടങ്ങൾ ഇത്തരം ആളുകളുടെ സ്വാധീനത്തിലാണുള്ളത്. അവരുടെ ഹൃദയങ്ങളെ പ്രവർത്തിപ്പിക്കുന്ന യന്ത്രഘടകം ഇവരുടെ കയ്യിലാണ് ഉള്ളത്. തങ്ങൾ ഇഷ്ടപ്പെടുന്ന ഭാഗത്തേയ്ക്ക് അവയെ തിരിച്ച് വിടാനും അങ്ങനെ ഒരുതരം ഖിയാമത്തിന്റെ കാഴ്ചകൾ പെട്ടെന്നു സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞേയ്ക്കും* ആകയാൽ സാമാന്യജനത്തെ ഇവരുടെ പിടിയിൽ നിന്നും വിടുവിക്കുകയെന്നതു കുറ്റമോ പാപമോ ഒന്നുമല്ല. വളരെ ശാന്തമായ മാർഗത്തിൽ അവർക്ക് ജിഹാദിന്റെ യാഥാർത്ഥ്യം മനസ്സിലാക്കികൊടുക്കുകയാണ് വേണ്ടത്. മുസ്ലിംകൾ പിടിച്ചുപറിയൻമാരും കൊള്ളക്കാരുമായി മാറുകയും ജിഹാദിന്റെ പേരുംപറഞ്ഞു സ്വാർത്ഥപരമായ മോഹങ്ങൾ പൂർത്തിയാക്കുകയും ചെയ്യുവാൻ ഇസ്ലാം .ഒരിക്കലുമൊരിക്കലും പഠിപ്പിക്കുന്നില്ല. രാജാവിന്റെ കല്പനയില്ലാതെ ജിഹാദ് നടത്തുന്നതിന്നു ഇസ്ലാമിൽ അനുവാദമില്ല എന്നകാര്യം മുസ്ലിം ജനസാമാന്യത്തിന്ന് അറിവുള്ളതാണല്ലോ. ആകയാൽ, യാഥാർത്ഥ്യം അറിഞ്ഞുകൂടാത്ത ജനങ്ങളുടെ ഹൃദയത്തിലും അമീർ അവർകളുടെ കല്പനപ്രകാരമാണ് ഇതെല്ലാം നടക്കുന്നതെന്ന ധാരണ ജനിക്കുമെന്നുള്ള ആശങ്കയ്ക്ക് വകയുണ്ട്. അതുകൊണ്ട്, സാധ്യമായെടത്തോളം ഈ തെറ്റായ ഫത്വയെ തടയുന്നതിന് വേണ്ടിയുള്ള ശരിയായ നടപടി സ്വീകരിക്കേണ്ടത് അമീർ അവർകളുടെ കടമയാകുന്നു....!"

തുടർന്ന് വാഗ്ദത്ത മസീഹ് (അ) ഇന്ത്യാഗവൺമെന്റിന്റെ മുമ്പിലും ചില അഭ്യർത്ഥനകൾ സമർപ്പിക്കുകയുണ്ടായി. തെറ്റായ ജിഹാദ് സങ്കൽപങ്ങൾ മുസ്ലിംകൾ, പ്രത്യേകിച്ചും അതിർത്തിപ്രദേശങ്ങളിലെ മുസ്ലിംകൾ പുലർത്തിപ്പോരുന്നതിനുള്ള കാരണക്കാർ ഒരു ഭാഗത്ത്. വിവരം കെട്ട ഉലമാക്കളാണെങ്കിൽ മറുഭാഗത്ത് കൃസ്തീയ പാതിരിമാർ ആണെന്നും ഹസ്രത്ത് അഹ്മദ് (അ) ജിഹാദ് എന്ന കൃതിയിൽ ചൂണ്ടിക്കാട്ടി. ജിഹാദ് എന്താണെന്ന്പോലും അറിഞ്ഞുകൂടാത്ത അതിർത്തിപ്രദേശങ്ങ

* അഫ്ഘാനിസ്ഥിനിൽ നിന്ന് താലിബാന്റെയും മറ്റും ഫത്വകളുടെ ഫലമായി എന്തു നടക്കുന്നുവെന്ന് നോക്കി കാണുന്നവർക്ക് വാഗ്ദത്ത മസീഹിന്റെ ഈ ക്രാന്ത ദർശിത്വത്തെ അംഗീകരിക്കാതെ വയ്യ.

ളിലെ മുസ്ലിംകൾക്കിടയിൽ ഈ വികൃതപഠനങ്ങൾ ഇസ്ലാമിന്റെ സിദ്ധാന്തമെന്നോണം പ്രചരിപ്പിച്ചത് പാതിരിമാർ കൂടിയാണെന്നും വിവരിച്ചുകാട്ടി. മറ്റു മതങ്ങളെ ദുഷിക്കുന്ന വിഷകൃതികൾ പ്രചരിപ്പിക്കുന്നതിനെ നിയന്ത്രിക്കുന്നതോടൊപ്പം സ്വന്തം മതത്തിന്റെ നന്മകളും ശ്രേഷ്ഠതയും വിവരിച്ചുകാട്ടാൻ അനുവദിക്കുകയും വേണ്ടതാണെന്ന് നിർദ്ദേശിക്കുകയുംചെയ്തു. അതോടൊപ്പം വികൃതമായ ജിഹാദ്തത്ത്വങ്ങൾ ഇസ്ലാമിന്റെ പാഠങ്ങൾ അല്ലെന്ന് വിശ്വസിക്കുന്ന മൗലവിമാർ ഇസ്ലാമിന്റെ യഥാർത്ഥ സമാധാനതത്ത്വങ്ങൾ അടങ്ങിയ പുസ്തകങ്ങൾ രചിക്കുകയും അവ പുശ്തുഭാഷയിൽ വിവർത്തനം ചെയ്ത് അതിർത്തി പ്രദേശങ്ങളിൽ ധാരാളമായി പ്രചരിപ്പിക്കുകയും വേണ്ടതാണെന്ന്കൂടി നിർദ്ദേശിച്ചുകൊണ്ടാണ് വാഗ്ദത്ത മസീഹ് (അ) ജിഹാദ് എന്ന ലഘുകൃതി അവസാനിപ്പിച്ചത്.*

ധാർമ്മികത അനുദിനം താണു തകർന്നുകൊണ്ടിരിക്കെ ജനമനസ്സുകൾ മൃഗീയവും പൈശാചികവുമായ ഭാവവൈകൃതങ്ങളിലേക്ക് മറിഞ്ഞ് വീഴുന്നത് നോക്കിക്കണ്ട ആ ധർമാത്മാവിന്റെ ഹൃദയം അത്യധികം നൊമ്പരപ്പെടുകയായിരുന്നു. മനുഷ്യസ്നേഹം പ്രത്യുദ്ധരിക്കപ്പെടുന്നതിന്ന് വെമ്പൽപൂണ്ട വാഗ്ദത്തമസീഹ് (അ) ജിഹാദിന്റെ മറവിൽ മുസ്ലിംകളിൽ അക്രമവാസനയും ആക്രമണത്വരയും വളരുന്നതോടൊപ്പം ഇസ്ലാമിന്റെ മഹനീയ പാഠങ്ങൾ തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നതിൽ ഉൽക്കണ്ഠപ്പെടുകയായിരുന്നു. ഈ കാലഘട്ടത്തിൽ ആ മഹാത്മാവിന്റെ ഉപദേശങ്ങളും എഴുത്തുകളും ഗ്രന്ഥരചനകളും എല്ലാം ഈ വിഷയത്തിൽ കേന്ദ്രീകരിച്ചതായി മനസ്സിലാവുന്നു. അക്കാലത്ത് 'മസീഹ് ഹിന്ദുസ്താൻമെ' ('യേശു മിശിഹാ ഇന്ത്യയിൽ') എന്ന ഗ്രന്ഥം രചിച്ചിരുന്നപ്പോഴും താൻ ആ ഗവേഷണത്തിൽ ഏർപ്പെടുന്നതിന് പ്രചോദിതനായത്, അമുസ്ലിംകളെയെല്ലാം നിഗ്രഹിച്ച് ഇസ്ലാമിന്ന് വിജയം കൈവരുത്തുന്ന ഒരു യോദ്ധ്യമഹ്ദിയെ കുറിച്ചുള്ള മുസ്ലിംകളുടെ വിശ്വാസപ്രതീക്ഷകൾ അസ്ഥാനത്താണ് എന്ന് തെളിയിച്ചുകാട്ടുന്നത്

* ജിഹാദ് എന്ന കൃതിയുടെ വിവർത്തനം ഈ ഗ്രന്ഥകർത്താവ് മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. – ഗ്ര.

മുഖേന അവരിൽ ഹൃദയനൈർമല്യം കൈവരുത്തുവാനാകുമെന്ന ചിന്തയാലാണെന്നും അവിടുന്ന് ചൂണ്ടിക്കാട്ടി. 1899 ഏപ്രിൽ 5-ാം തീയ്യതി എഴുതി വെച്ച അപൂർണ്ണവും ചരമാനന്തരം പ്രസിദ്ധീകരിച്ചതുമായ ആ ഗവേഷണഗ്രന്ഥത്തിന്റെ ആമുഖംതന്നെ അതു വ്യക്തമാക്കിത്തരുന്നുണ്ട്.

പ്രസ്തുത മുഖവുരയിൽ വാഗ്ദത്തമസീഹ് (അ) ഇപ്രകാരം പറയുന്നു; "ഈ തെറ്റിദ്ധാരണകളുടെ അപകടകരമായ ദൂഷ്യഫലങ്ങൾ തൗഹീദിനെ – ഏകദൈവതത്ത്വത്തെ – ഹാനിപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തിട്ടുള്ളതിന് പുറമെ, ഈ രാജ്യത്തെ മുസ്ലിം ജനസാമാന്യത്തിന്റെ ധാർമിക ജീവിതത്തിൽ ഏറെക്കാലമായി അനഭിലഷണീയവും വിഷമയവുമായ ദുസ്വാധീനം ചെലുത്തികൊണ്ടിരിക്കുന്നതായും കാണപ്പെടുന്നു. സന്മാർഗത്തിന്റെ അഭാവവും ദുഷ്ടവികാരങ്ങൾ, ഹൃദയകാഠിന്യം, അനുകമ്പയില്ലായ്മ തുടങ്ങിയ ആത്മീയരോഗങ്ങളും ഇത്തരം അടിസ്ഥാനരഹിതങ്ങളായ കഥകളിലും വിവരണങ്ങളിലും വിശ്വസിച്ചതിന്റെ ഫലമായി മിക്ക മുസ്ലിം കക്ഷികളിലും വ്യാപരിച്ചിരിക്കുകയാണ്. മനുഷ്യത്വപരമായ അനുകമ്പ, സഹതാപം, നീതിബോധം, പ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സദ്ഗുണങ്ങളും ഈ സമുദായത്തോട് എന്നന്നേക്കുമായി വിടപറഞ്ഞ് പിരിയുമെന്ന മട്ടിൽ, ദിവസംതോറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയകാഠിന്യവും, ഈ അധാർമികതയും മുസ്ലിംകളെ കേവലം കാട്ടുജന്തുക്കളെപ്പോലെയാക്കി മാറ്റിയിരിക്കുന്നു. ഒരു ജൈനനോ, ഒരു ബുദ്ധമതക്കാരനോ ഒരു കൊതുകിനെയോ ഒരു ഈച്ചയെയോപോലും കൊല്ലാൻ പേടിക്കുമ്പോൾ അന്യായമായ കൊലപാതകം നടത്തുന്നതിന് സർവ്വശക്തനായ അല്ലാഹുവിനെപോലും – അവനാണ്എല്ലാ ജീവജന്തുക്കളെക്കാളും മനുഷ്യജീവന് ഏറ്റവും ഉയർന്ന വില കൽപിച്ചിട്ടുള്ളത് എങ്കിലും – ഇവർ ഭയപ്പെടുമാറില്ല. ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാദാരിദ്ര്യവും എങ്ങിനെയാണുണ്ടായിത്തീർന്നത്? അതിന് കാരണം ഇത് തന്നെയാണ്: ചെറുപ്പന്നേ ജിഹാദിനെ സംബന്ധിച്ച് തെറ്റായ സങ്കൽപങ്ങളും കഥകളും ഇവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കു

കയും അങ്ങിനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാവുകയും ചെയ്കയാൽ സാവധാനത്തിൽ അവർ ധാർമികമായി ശവപ്രായരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂരചെയ്തികളുടെ കൊടൂരതയെ കുറിച്ച് ബോധമറ്റവരാകുകയും ചെയ്തു. നിരപരാധിയായ മറ്റൊരാളെ കൊലചെയ്യുന്ന ആൾ കൊല്ലപ്പെട്ട ആളുടെ കുടുംബത്തിൽ നാശം വിതറിവെക്കുന്നുവെങ്കിലും അയാൾ താൻ ഒരു നന്മ പ്രവർത്തിച്ചവനെപോലെയാണ് സ്വയം കരുതുന്നത്! അഥവാ, സമുദായത്തിൽ പ്രിയങ്കരനായിത്തീരാനുള്ള ഒരവസരമുണ്ടാക്കി എന്ന് ധരിക്കുന്നു. ആകയാൽ എന്റെ സ്വന്തം സമുദായത്തോടുള്ള അനുകമ്പ നിമിത്തം മുസ്ലിംകൾക്കിടയിൽ ജിഹാദിനെ സംബന്ധിച്ച് നില നിൽക്കുന്ന വിശ്വാസങ്ങൾ – ഇതര സമൂദായക്കാരുടെ നേരെ കടുത്ത വിരോധവും ശത്രുത്വവും പുലർത്തുന്ന രക്തക്കൊതിയനായ ഒരു ഇമാം വെളിപ്പെടുമെന്നുള്ള വിശ്വാസങ്ങൾ ദീർഘ ദൃഷ്ടിയില്ലാത്ത ഉലമാക്കൾ പഠിപ്പിച്ചുപോന്നിട്ടുള്ള തെറ്റായ വിശ്വാസങ്ങളാണെന്ന് വിവരിച്ചുകൊണ്ടുള്ള ഒട്ടെറെ പുസ്തകങ്ങൾ ഞാൻ രചിച്ചിരിക്കുന്നു. മത വിശ്വാസകാര്യത്തിൽ വാളുപയോഗിക്കാൻ ഇസ്ലാം അനുവദിക്കുന്നേയില്ല. പ്രതിരോധയുദ്ധങ്ങളിലോ ഒരു ഭീകരവാഴ്ചക്കാരനെ ശിക്ഷിക്കാനും സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനുമുള്ള യുദ്ധങ്ങളിലോ മാത്രമേ വാളുപയോഗിച്ചുകൂടു. ഒരു എതിരാളി ജീവന് നേരെ ഭീഷണി ഉയർത്തുന്ന തരത്തിൽ ആക്രമണം നടത്തുമ്പോഴാണ് പ്രതിരോധയുദ്ധത്തിന്റെ ആവശ്യം നേരിടുന്നത്. ഇതാണ് ശരീഅത്ത് അനുവദിച്ചുതന്നിട്ടുള്ള മൂന്ന് തരം യുദ്ധങ്ങൾ. ഇതല്ലാതെ മതം പരത്താൻവേണ്ടി മറ്റൊരു തരത്തിലുള്ള യുദ്ധത്തിനും ഇസ്ലാം അനുമതി നൽകുന്നില്ല".

വീണ്ടും പറയുന്നു: "ചുരുക്കത്തിൽ ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമ്മീകനിലവാരംതന്നെ താഴ്ത്തികളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാനതൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാധിക്കാതെ വന്നു. മറിച്ച്, യാതൊരു കാരണവും കൂടാതെ മറ്റുള്ളവരെ കൊല്ലുക എന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമമായി മാറിയിരിക്കുകയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച

പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്ലെ ഹദീസ് കക്ഷിക്കാരിൽ ഉണ്ടെന്ന വസ്തുത ഖേദപൂർവ്വം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെതന്നെയും കൊന്നിടുവാൻ അവസരംകിട്ടുന്ന പക്ഷം കൊല്ലുന്നത് ഒരു വലിയ പുണ്യകൃത്യമായിട്ടുതന്നെ ഇവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ, ഇസ്ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലാമെന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹ് വെളിപ്പെടുമെന്ന പ്രതീക്ഷകളും രക്തം ചിന്തി ഇസ്ലാമിനെ പ്രചരിപ്പിക്കാനുള്ള ആവേശവുമെല്ലാം വിശുദ്ധഖുർആന്റെയും വിശ്വസനീയമായ ഹദീസുകളുടെയും പാഠങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ളതത്രേ."*

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ന്റെ വീക്ഷണങ്ങൾ അവിടുത്തെ മഹ്ദിമസീഹ് വാദത്തിന്റെ പശ്ചാത്തലത്തിൽ മുസ്ലിംകൾക്കിടയിൽ ആഗോളതലത്തിൽതന്നെ വമ്പിച്ച സ്വാധീനം ചെലുത്തുകയുണ്ടായി. ജിഹാദിനെ റദ്ദാക്കിയെന്ന പ്രചാരവേലകളുടെ അടിസ്ഥാനത്തിൽ ഇസ്ലാമിന്റെ വീര്യം കെടുത്തിക്കളഞ്ഞ ഒരാളായി അദ്ദേഹത്തെ ചിത്രീകരിക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സ്തുതിപാഠകനായി ആരോപിക്കുകയും ചെയ്തിട്ടുണ്ട്. വാളെടുത്ത് ജിഹാദ് ചെയ്യേണ്ടതിനു നിർബന്ധപ്പെട്ട സാഹചര്യം ഈ കാലഘട്ടത്തിൽ ഇല്ലെന്നും മുസ്ലിംകളെ മതധർമങ്ങൾ അനുഷ്ഠിക്കുന്നതിൽനിന്ന് വിലക്കുകയും അനിസ്ലാമിക കാര്യങ്ങൾ ചെയ്യുന്നതിന് നിർബന്ധിക്കുകയും ചെയ്യുന്ന ഒരു സർക്കാർ നിലവിലില്ലാതിരിക്കെ ബ്രിട്ടീഷ് സർക്കാരിനെതിരെ ജിഹാദ് പ്രഖ്യാപിക്കേണ്ട ആവശ്യമില്ലെന്നും എന്നാൽ ജിഹാദ് നടത്തുന്നതിനുള്ള നിബന്ധനകൾ പൂർത്തിയാകാതെ വാളെടുത്ത് അമുസ്ലിം ഗവൺമെന്റിനെതിരായിതന്നെയും ജിഹാദ് നടത്തുന്നതും ഇസ്ലാമീ കൽപന

* 'യേശുമിശിഹാ ഇന്ത്യയിൽ' (Jesus in India) വിവ: എൻ. അബ്ദുർറഹീം, ഭാഗം 1–12 (ഈ പുസ്തകത്തിന്റെ മൂലകൃതി ചരമത്തിന് ശേഷമാണ് അച്ചടിച്ചു പുറത്തിറക്കിയിരുന്നത്. – ഗ്ര).

കൾക്ക് വിരുദ്ധമാണെന്നും വാഗ്ദത്തമസീഹ് (അ) ഉപദേശിച്ച താണ് അദ്ദേഹത്തെ സാമ്രാജ്യവാദിയും ബ്രിട്ടീഷ് സ്തുതിപാഠകനും ആയി മുദ്രകുത്താൻ ശത്രുക്കളെ പ്രചോദിപ്പിച്ചത്. എന്നാൽ, ആ ദിവ്യാത്മാവിന്റെ കാഴ്ചപ്പാട് പിൽകാലത്ത് മുസ്ലിംലോകത്തിന് സ്വീകരിക്കേണ്ടിവരികയും ആ ക്രാന്തദർശിത്വത്തെ അംഗീകരിക്കേണ്ടിവരികയും ചെയ്തു എന്നുള്ളതാണല്ലോ ചരിത്രസത്യം.

ഇസ്ലാമികശരീഅത്ത് അനുസരിച്ചു, സമാധാനവും നീതിയും പുലർത്തുകയും മതപരമായ പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുകയും പൗരൻമാരുടെ ജീവന്നും മുതലിന്നും സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്ന ഒരു ഗവൺമെന്റിനെതിരെ ആയുധം എടുത്ത് ജിഹാദ് ചെയ്യുന്നത് അനുവദനീയമല്ല. ഇംഗ്ലീഷുകാരെ പ്രീതിപ്പെടുത്താനാണ് സായുധജിഹാദ് വിരോധിച്ചതെന്ന് ആക്ഷേപിച്ചവർക്ക് ചുട്ട മറുപടിനൽകികൊണ്ട് ഹസ്രത്ത് അഹ്മദ് (അ) ഒരു കൃതിയിൽ ഇപ്രകാരം പറഞ്ഞു:

"അല്ലയോ അവിവേകികളെ, ഞാൻ ഈ ഗവൺമെന്റിന് സ്തുതിപാഠനം നടത്തുകയല്ല. മറിച്ച് ഇസ്ലാം ദീനിനുമേലും, മതാചാരങ്ങളിൽമേലും കൈവെക്കാത്ത, തങ്ങളുടെ മതത്തിന്റെ ഉന്നതിക്കായി നമ്മുടെമേൽ ആയുധം പ്രയോഗിക്കാത്ത ഒരു ഗവൺമെന്റിനെതിരെ യുദ്ധംചെയ്യുന്നത് വിശുദ്ധഖുർആന്റെ ദൃഷ്ടിയിൽ ഹറാമാണെന്ന് അറിഞ്ഞുകൊള്ളേണ്ടതാണ്. എന്തെന്നാൽ, അവരും മതപരമായി ജിഹാദ് നടത്തുന്നില്ലല്ലോ.' (കശ്ത്തീനൂഹ്, അടിക്കുറിപ്പ്)

വീണ്ടും പറഞ്ഞു. "മുസൽമാൻമാർ ഏതൊരു ഭരണത്തിന്റെ തണലിൽ സമാധാനത്തിലും സംതൃപ്തിയിലും ജീവിക്കുന്നുവോ, ഏതൊരു ഗവൺമെന്റിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുന്നുവോ, ഏതൊരു അനുഗൃഹീതഭരണം സൻമാർഗ്ഗം പരത്തുന്നതിന് പൂർണ്ണമായും സഹായകമായിരിക്കുന്നുവോ ആ ഭരണത്തിനെതിരായി യുദ്ധംചെയ്യുന്നതും ജിഹാദ് നടത്തുന്നതും ഖണ്ഡിതമായും ഹറാമാണെന്നത് ശരീഅത്തിന്റെ തുറന്ന പാഠമാണെന്നതിൽ സകല മുസ്ലിംപണ്ഡിതൻമാരും

ഏകാഭിപ്രായക്കാരാകുന്നു." (തബ്ലീഗ് രിസാല, ജി. 1, 1882 ൽ അച്ചടിച്ച വിജ്ഞാപനം).

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ന്റെ കാലഘട്ടത്തിലെ മഹാൻമാരായ മുസ്ലിം പണ്ഡിത ശ്രേഷ്ഠരെല്ലാംതന്നെ ഇംഗ്ലീഷ് ഭരണകൂടത്തിനെതിരായി ജിഹാദ് നടത്തുന്നതിനെ വിലക്കികൊണ്ട് ഫത്വ നൽകിയവരായിരുന്നു. ഹസ്രത്ത് സയ്യിദ് അഹ്മദു ബറേൽവി (റഹ്), ഹസ്രത്ത് മൗലാനാ ഇസ്മായീൽ ശഹീദ് (റഹ്), എന്നിവരും സർ സയ്യിദ് അഹ്മദ് ഖാൻ, സിദ്ധീഖ് ഹസൻ ഖാൻ ഭോപ്പാലവി, മൗലവി നദീർ ഹുസൈൻ സാഹിബ് ദഹ്ലവി, മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി, മൗലവി റഷീദ് അഹ്മദ് സാഹിബ് ഗംഗോഹി, മൗലവി അഷ്റഫലി സാഹിബ് ഥാനവി തുടങ്ങിയവരും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇംഗ്ലീഷ് ഭരണകൂടത്തിനെതിരായ ജിഹാദ് ഹറാമാണെന്ന് ഹത്വ നൽകിയവരത്രെ ഇവരെല്ലാം.

1900 ഏപ്രീൽ 13–ാം തീയ്യതി നടത്തിയ 'ഖുത്ബ ഇൽഹാമിയ'യിൽ വാഗ്ദത്തമസീഹ് (അ) ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"ഇന്നേക്ക് 1300 കൊല്ലം മുമ്പ്തന്നെ പറയപ്പെട്ടിരിക്കുന്നു, വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടെ വാളുകൊണ്ടുള്ള സകല ജിഹാദും അവസാനിച്ച്പോകുമെന്നു എന്റെ ആവിർഭാവത്തിന്ശേഷം വാളെടുത്തുള്ള യാതൊരു ജിഹാദുമില്ല. നമ്മുടെ ഭാഗത്ത്നിന്ന് ഇതാ രക്ഷയുടേയും സമാധാനത്തിന്റെയും വെള്ളക്കൊടി ഉയർത്തപ്പെട്ടിരിക്കുന്നു." (ഖുത്ബ ഇൽഹാമിയ).

58 – മുസൽമാൻ ഫിർഖാ അഹ്മദിയ്യ

അഹ്മദിയ്യാ പ്രസ്ഥാനത്തിന് 1889 ൽതന്നെ സംഘടനാപരമായ അടിസ്ഥാനമിട്ടിരുന്നെങ്കിലും ഇനിയും സവിശേഷമായ ഒരു സ്ഥിരനാമം സംഘടനയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരുന്നില്ല. ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) ന്റെ ശിഷ്യൻമാരെയും അനുയായികളെയും മറ്റു മുസ്ലിംകളിൽനിന്നും വേർതിരിച്ചറിയുന്നതിനു 'ഖാദിയാനി' എന്നും 'മിർസായി' എന്നുമാണ് എതി

രാളികൾ വിളിച്ച്പോന്നിരുന്നതു. എന്നാൽ, 1901 ൽ സർക്കാർ കാനേഷുമാരി എടുക്കാൻ തീരുമാനിച്ചതിനെ തുടർന്ന് തന്റെ അനുയായികളെ പ്രത്യേകം തിരിച്ചറിയേണ്ടതിന്റെ ആവശ്യം നേരിട്ടു. വ്യത്യസ്ത വിഭാഗങ്ങളുടെ പ്രത്യേകം പ്രത്യേകം വിവരങ്ങൾ വെവ്വേറെതന്നെ റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ഹസ്രത്ത് അഹ്മദ് (അ) 1900 നവമ്പർ 4-ാം തിയ്യതി ഒരു പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചു. അതിലിപ്രകാരം പ്രസ്താവിച്ചിരുന്നു:

"കാനേഷുമാരിയോടനുബന്ധിച്ചു തങ്ങളുടെ മതവിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു വിഭാഗങ്ങളുമായി പ്രത്യേകത പുലർത്തുന്ന ഓരോ വിഭാഗവും തങ്ങളുടെ വിവരങ്ങൾ അതാതു കള്ളികളിൽ പൂരിപ്പിക്കുകയും തങ്ങൾക്കായി അവർ ഇഷ്ടപ്പെട്ടതും നിർദ്ദേശിക്കപ്പെട്ടതുമായ അതേപേർതന്നെ സർക്കാർ രേഖകളിൽ എഴുതപ്പെടുന്നതിന് വഴിയൊരുക്കുകയും വേണ്ടതാണെന്ന് ഗവൺമെന്റ് കൽപന ഉണ്ടായിരിക്കുന്നു. ആയതിനാൽ തങ്ങളുടെ ഫിർഖയെ സംബന്ധിച്ച് ഈ രണ്ടു കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തേണ്ടത് ആവശ്യമായിരിക്കുന്നു. കൂടാതെ എന്റെ ജമാഅത്തിൽപെട്ടവർക്ക്, അവർ അന്വേഷണ ഉദ്യോഗസ്ഥൻമാർ ചോദിക്കുമ്പോൾ താഴെ പറയുന്ന പ്രകാരം എഴുതിക്കേണ്ടതാണെന്ന നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കും എന്ന് കരുതുന്നു. ഇതുവരെ ബൈഅത്ത് ചെയ്തിട്ടില്ലാത്തവരും അതിന് ഉദ്ദേശിക്കുന്നവരും ഇപ്രകാരം തന്നെ തങ്ങളുടെ പേരുകൾ ഉൾപെടുത്തുകയും എന്നെ അറിയിക്കുകയും വേണ്ടതാണ്.

"മുസൽമാൻമാരുടെ ഫിർഖകളിൽ ഏതൊരു ഫിർഖയിൽ ഇമാമും നേതാവും വഴികാട്ടിയും ആയി അല്ലാഹു എന്നെ നിശ്ചയിച്ചിരിക്കുന്നുവോ ആ ഫിർഖക്ക് സവിശേഷമായ ഒരടയാളമുണ്ടെന്ന് ഓർത്തുകൊള്ളേണ്ടതാണ്. ഈ ഫിർഖയിൽ വാളുകൊണ്ടുള്ള ജിഹാദ് തീരെയില്ല. അതിന് കാത്തുനിൽക്കുന്നുമില്ല. ഈ അനുഗൃഹീതമായ ഫിർഖ പ്രത്യക്ഷമായോ പരോക്ഷമായോ ജിഹാദിന്റെപാഠത്തെ ജാഇസായി കരുതുന്നില്ലെന്ന് മാത്ര

മല്ല, ദീനിന്റെ പ്രചാരണത്തിന്വേണ്ടി യുദ്ധം ചെയ്യുന്നതും മത പരമായ വിദ്വേഷവും ശത്രുതയും നിദാനമാക്കി കൊല്ലുകൊല കൾ നടത്തുന്നതും മനുഷ്യരെ മറ്റേതെങ്കിലും തരത്തിൽ കഷ്ടപ്പെ ടുത്തുന്നതും മതഭേദങ്ങളെ ആസ്പദമാക്കി മനുഷ്യത്വപരമായ സഹതാപപ്രകടനങ്ങൾ തടയുന്നതും ഏതെങ്കിലും തരത്തിലുള്ള നിർദ്ദയത്വവും അഹങ്കാരവും അലക്ഷ്യഭാവവും പ്രകടിപ്പിക്കു ന്നതും ഹറാമായി കരുതുകയും ചെയ്യുന്നു. മുസ്ലിം ബഹു ജനങ്ങളിൽ നിന്ന് നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നവർക്ക് ഖുർആൻശരീഫിലെ സൂറാഫാത്തിഹായിലും, അഞ്ചുനേരനമ സ്കാരങ്ങളിലും ആവർത്തിച്ചു പറയുന്ന ദൈവം സർവ്വലോക രക്ഷിതാവാണെന്നും റഹ്മാനും റഹീമും ആണെന്നും നീതി ചെയ്യുന്നവനാണെന്നും പ്രഖ്യാപിച്ചിട്ടുള്ളത്പോലെ ഈ നാല് കാര്യങ്ങളും തങ്ങളുടെ ഉള്ളിലും പ്രതിഷ്ഠിക്കണമെന്നും നിർബ ന്ധമായിരിക്കും. അല്ലാത്തപക്ഷം, അയാൾ അഞ്ച് നേരത്തെ നമസ്കാരങ്ങളിൽ ചെയ്യുന്ന പ്രാർത്ഥനകളിൽ 'ഇയ്യാക്കന അ്ബുദു' അതായത് മേൽ നാല് സിഫത്തുകളുള്ള അല്ലാഹുവേ, ഞാൻ നിന്നെമാത്രം ആരാധിക്കുന്നവനാകുന്നു, നീ മാത്രമാണ് എനിക്കിഷ്ടപ്പെട്ടവൻ എന്നു ഏറ്റുപറയുന്നത് തികച്ചും കള്ള മായിത്തീരുന്നതാണ്.

"ഈ പ്രസ്ഥാനത്തിന് ഏറ്റവും യോജിച്ച നാമം എന്ന നിലയിൽ എനിക്ക് വേണ്ടിയും എന്റെ ജമാഅത്തിന് വേണ്ടിയും ഞാൻ ഇഷ്ടപ്പെട്ടിരിക്കുന്നത് 'മുസൽമാൻ ഫിർഖ അഹ്മദിയ്യ' എന്നാണ്; അഹ്മദിയ്യാ മദ്ഹബ് സ്വീകരിച്ച മുസൽമാൻ എന്നു പറയാവുന്നതാണ്. ഇതേ പേരുതന്നേയാണ് നമ്മുടെ രേഖക ളിലും അഭിമുഖങ്ങളിലും ഈ ഫിർഖയെ സംബന്ധിച്ചിടത്തോളം അറിയപ്പെടേണ്ടതെന്ന് വളരെ വിനയത്തോടെ നമ്മുടെ ബഹു മാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. അതായത് 'മുസൽമാൻ ഫിർഖ അഹ്മദിയ്യ'.....

"നമ്മുടെ നബിനായകർക്ക് രണ്ടു നാമങ്ങളുണ്ടായിരു ന്നു. ഒന്നു, മുഹമ്മദ് (സ). രണ്ടാമത്തേത്, അഹ്മദ് (സ). മുഹ മ്മദ് എന്ന നാമം ജലാലിയായ പ്രതാപഗരിമയെ കുറിക്കുന്ന നാ മമാകുന്നു. ഇസ്ലാമിന്റെനേരെ വാൾകൊണ്ടു ആക്രമണം നട

ത്തുകയും നൂറുകണക്കിൽ മുസ്‌ലിംകളെ കൊല്ലുകയും ചെയ്ത ശത്രുക്കളെ വാളുകൊണ്ടുതന്നെ ശിക്ഷിക്കുമെന്ന ഒരു പ്രവചനം ഇതിൽ അടങ്ങിയിരിക്കുന്നു. എന്നാൽ, അഹ്മദ് എന്ന നാമം ജമാലിയായ അതായത്, ഇസ്‌ലാമിന്റെ സൗന്ദര്യവിലാസത്തെ പ്രകടമാക്കുന്ന നാമമാകുന്നു. അതിന്റെ അർത്ഥം തിരുനബി(സ) ലോകത്ത് ശാന്തിയും സമാധാനവും പരത്തുമെന്നത്രെ. ദൈവം ഈ രണ്ടു നാമങ്ങളെ ഇപ്രകാരം വേർതിരിക്കുകയുണ്ടായി. ആദ്യം തിരുനബിയുടെ മക്കാ ജീവിതത്തിൽ അഹ്മദ് എന്ന നാമത്തിന്റെ പ്രത്യക്ഷീകരണമുണ്ടായി. എല്ലാ തരത്തിലുള്ള സഹനത്തിന്റെയും വിനയത്തിന്റെയും പാഠങ്ങളായിരുന്നു ആ ഘട്ടത്തിൽ നൽകിയിരുന്നത്. പിന്നീട്, മദനീ ജീവിതത്തിൽ മുഹമ്മദ് എന്ന നാമത്തിന്റെ പ്രഭാവം വെളിപ്പെട്ടു. അപ്പോൾ ശത്രുക്കളെ തല കുനിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ദൈവത്തിന്റെ ന്യായയുക്തികൾ തീരുമാനിച്ചു. എന്നാൽ, അവസാനകാലത്ത് വീണ്ടും അഹ്മദ് എന്ന നാമം വെളിപ്പെടുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു. അഹ്മദിയ്യാ സിഫത്തുകൾ അതായത് ഇസ്‌ലാമിന്റെ സൗന്ദര്യഗുണങ്ങൾ പ്രത്യക്ഷപ്പെടുകയും എല്ലാ യുദ്ധങ്ങൾക്കും അന്ത്യംകുറിക്കപ്പെടുകയും ചെയ്യുന്നതിന് ഒരു വ്യക്തി വെളിപ്പെടുന്നതാണ്. ചുരുക്കത്തിൽ, ഇതേ കാരണത്താൽ ഈ ഫിർഖയുടെ പേര് ഫിർഖ അഹ്മദിയ എന്ന് വെക്കുന്നത് ഉചിതം തന്നെ എന്ന് വ്യക്തമായി. ഈ നാമം കേൾക്കുന്ന മാത്രയിൽ ഈ ഫിർഖ ലോകത്ത് ശാന്തിയും സമാധാനവും പുലർത്തുന്നതിന്നുള്ള ഇസ്‌ലാമി ഫിർഖയാണെന്നും ഇതിന്ന് യുദ്ധവുമായും ഏറ്റുമുട്ടലുമായും യാതൊരു കാര്യവും ഇല്ലെന്നും ഓരോരുത്തർക്കും മനസ്സിലാക്കാൻ കഴിയും".*

* അഹ്മദിയാ എന്ന പേര് സ്വീകരിച്ച് കൊണ്ട് ഇസ്‌ലാമിക ഗാത്രത്തിൽനിന്ന് വേർപെട്ടിരിക്കുന്നുവെന്നും 'ഹുവ സമ്മാക്കുമുൽ മുസ്‌ലിമീൻ' (അവൻ മുസ്‌ലിംകൾ എന്ന് നിങ്ങൾക്ക് പേർ വെച്ചിരിക്കുന്നു എന്ന് ഖുർആനിൽ പറയപ്പെട്ടിരിക്കയാൽ അഹ്മദിയ്യ എന്ന പേരിന്നു പ്രസക്തി ഇല്ല എന്നും ശത്രുക്കളിൽ ചിലർ ആക്ഷേപിക്കാറുണ്ട് മുസ്‌ലിംകളിലെ ഒരു അവാന്തരകക്ഷിയായ 'നദ്‌വത്തുൽ മുജാഹിദീൻ' തങ്ങൾക്കായി സ്വീകരിച്ച പേരിനെ അവരുടെ 'ശബാബ്' എന്ന മലയാളം വാരിക ഇപ്രകാരം ന്യായീകരിക്കുന്നു:

"മുസ്‌ലിംകളെ അവരുടെ അവസ്ഥകളുടേയും നിലപാടുകളുടേയും അടിസ്ഥാനത്തിൽ വിവിധവിശേഷണങ്ങളിൽ പരിചയപ്പെടുത്തുന്നതിന്

വിവാഹ രജിസ്റ്റർ

1898 ജൂൺ 7-ാം തീയ്യതി പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ തന്റെ ശിഷ്യവൃന്ദത്തിൽപെട്ട യുവതീ യുവാക്കളുടെ വിവാഹബന്ധങ്ങൾ ഉറപ്പിക്കുന്നതിനും അവരെയെല്ലാം ദുസ്വാധീനങ്ങളിൽ നിന്നും സുരക്ഷിതരാക്കുന്നതിനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യുന്ന കാര്യം ഹസ്രത്ത് അഹ്മദ് (അ) തെര്യപ്പെടുത്തിയിട്ടുണ്ടായിരുന്നു. മുല്ലമാരുടെ ശത്രുതകൾ വർദ്ധിച്ചു .വരുന്നതിനാൽ അവരുടെ സ്വാധീനവൃത്തത്തിൽ വിവാഹബന്ധങ്ങൾ ഉറപ്പിക്കുന്നതിനുള്ള സാധ്യത കുറഞ്ഞ് പോവുകയായിരുന്നു. മേലിൽ അവരെ ഏതെങ്കിലും തരത്തിൽ ആശ്രയിക്കേണ്ട യാതൊരു ആവശ്യവും അവശേഷിക്കുന്നില്ല.

വിശുദ്ധഖുർആനിൽ മാതൃകയുണ്ട്. മക്കയിൽനിന്ന് പലായനം ചെയ്ത് മദീനയിൽ എത്തിയ മുസ്ലിംകളെ വിശുദ്ധഖുർആൻ 'മുഹാജിറുകൾ' എന്ന് വിളിക്കുന്നു. അവർക്ക് അഭയം നൽകി സഹായിച്ച മദീനയിലെ മുസ്ലിംകളെ 'അൻസാറുകൾ' എന്ന് വിളിക്കുന്നു. ഇസ്ലാമിന്റെയും മുസ്ലിംകളുടേയും രക്ഷയ്ക്ക് വേണ്ടിയുള്ള സമരങ്ങളിൽ പങ്കെടുത്ത മുസ്ലിംകളെ 'മുജാഹിദുകൾ' എന്ന് ഖുർആൻ വിശേഷിപ്പിക്കുന്നു. ന്യായമായ കാരണമില്ലാതെ സമരങ്ങളിൽനിന്ന് ഒഴിഞ്ഞ് വീട്ടിലിരുന്നവരെ 'ഖായിദുകൾ' എന്ന് വിളിക്കുന്നു. ഈസാനബി(അ) യുടെ അനുയായികളായ മുസ്ലിംകളെ 'ഹവാരികൾ' എന്ന പേരിലാണ് വിശുദ്ധഖുർആൻ പരിചയപ്പെടുത്തുന്നത്. ഈ വിശേഷനാമങ്ങളൊന്നും വിഭാഗീയത സൃഷ്ടിക്കാൻ ഉദ്ദേശിക്കപ്പെട്ടവയല്ല. സവിശേഷഭാവങ്ങളേയും ധർമ്മങ്ങളേയും സൂചിപ്പിക്കുന്നവ മാത്രമാണ്. ഇത് പോലെ തന്നെയാണ് 'അഹ്ലെ ഹദീസ്' 'അൽ ജംഈയ്യത്തുസ്സലഫിയ', 'അൻസാറുസ്സുന്നത്തുൽ മുഹമ്മദീയ്യ', 'ജംഈയ്യത്തു ഇഹ്യായിത്തുറാസിൽ ഇസ്ലാമി', 'നദ്വത്തുൽ മുജാഹിദീൻ' തുടങ്ങിയ പേരുകളും. ഈ സംഘടനകൾ ജനങ്ങളെ ക്ഷണിക്കുന്നത് ഒരു പ്രത്യേകപേരിലേയ്ക്കോ ബാനറിലേയ്ക്കോ അല്ല, ഖുർആനിലേയ്ക്കും സുന്നത്തിലേയ്ക്കുമാണ്" ('ശബാബ്' വാരിക – 17.12.93)

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) തന്റെ പ്രസ്ഥാനത്തിന്നു 'സിൽസില അഹ്മദിയ്യ' എന്നും ഒരു കാനേഷുമാരിക്കാലത്ത് തന്റെ ജമാഅത്തിൽപെട്ടവർക്ക് 'മുസൽമാൻ ഫിർഖ അഹ്മദിയ്യ' എന്നും പേര്വെച്ചതും ഇവിടെ ന്യായീകരിക്കപ്പെട്ടിരിക്കുന്നു. തിരുനബിയുടെ ജമാലീ പ്രഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഇസ്ലാമിന്റെ മറ്റൊരു നാമമാണ് അഹ്മദിയ്യ. തിരുനബിയുടെ മുഹമ്മദ് എന്ന നാമം ജലാലിയ്യത്തിനെയും അഹ്മദ് എന്ന നാമം ജമാലിയ്യത്തിനേയും പ്രതിനിധാനം ചെയ്യുന്നു. ഇസ്ലാമിന്റെ ജലാലീയ്യത്തിന്റെ പ്രകടനം ലോകത്ത് പ്രത്യക്ഷമായി. ജമാലീയ്യത്തിന്റെ പ്രഭാവം മഹദീ ഇമാമിന്റെ കാല

ഇപ്പോൾ ജമാഅത്തിൽ ധനപരമായും വൈജ്ഞാനികമായും മറ്റെല്ലാ നിലകളിലും ഉന്നത സ്ഥാനത്തുള്ളവർ വളരെ വർദ്ധിച്ചിരിക്കുന്നു. എല്ലാതുറകളിലും പെട്ടവർ എല്ലാ വിഭാഗങ്ങളിലും സമൂഹങ്ങളിലും പെട്ടവർ ജമാഅത്തിലുൾപെട്ടിരിക്കുന്നതിനാൽ തങ്ങളെ കാഫിറെന്നും ദജ്ജാലെന്നും കരുതി അകറ്റുന്നവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് നിർബന്ധിക്കുന്ന സാഹചര്യങ്ങൾ ഇല്ലാതായിരിക്കുന്നു എന്ന് വിജ്ഞാപനത്തിൽ ചൂണ്ടിക്കാട്ടി.

അത്തരം സമൂഹവുമായുള്ള ഏതാദൃശബന്ധങ്ങൾ ഉപേക്ഷിക്കാൻ തയ്യാറില്ലാത്തവർ തന്റെ ജമാഅത്തിലെ അംഗങ്ങളായിരിക്കുവാൻ അർഹരല്ല. സത്യത്തിന്നും സ്വാതന്ത്രികതക്കും വേണ്ടി സകലബന്ധങ്ങളും സന്ത്യജിക്കാൻ തയ്യാറുള്ളവരുടെ സുഹൃദ്ബന്ധം ശക്തിപ്പെടേണ്ടിയിരിക്കുന്നു. അത്കൊണ്ട് അത്തരക്കാർ ഒരു പ്രത്യേക വ്യവസ്ഥക്ക് വഴിപ്പെട്ട് ജീവിക്കേണ്ടത് ആവശ്യമാണ്. ഇത് അനുസരിച്ച് ഖാദിയാനിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും വിവാഹബന്ധത്തിന് പ്രാപ്തരായ യുവതീ യുവാക്ക

ത്താണ് പ്രത്യക്ഷപ്പെടുക. അതുകൊണ്ട് അഹ്മദീയ്യാ പ്രഭാവം. മുഹമ്മദീയ്യയും അഹ്മദീയ്യയും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ! അഹ്മദീയ്യ എന്ന് വച്ചാൽ മുഹമ്മദീയ്യ തന്നെ. ശബ്ദകോശങ്ങളിലും അങ്ങിനെതന്നെ: ഇസ്ലാമിക പാരമ്പര്യങ്ങളിലും അങ്ങിനെയാണ്. അത് കൊണ്ടാണല്ലോ അഹ്മദിയ്യാ ജമാഅത്തെന്ന പേര് തങ്ങൾ അംഗീകരിക്കില്ലെന്ന് പാക്കിസ്ഥാനിലെ മുസ്ലിം സംഘടനകളെല്ലാം ഏകകണ്ഠമായി മുനീർ കമ്മീഷന് നിവേദനം നൽകിയത്. മുനീർ റിപ്പോർട്ടിന്റെ തുടക്കത്തിൽതന്നെ ഇത് കാണാം.

1901 ലെ ഇന്ത്യാഗവൺമെന്റിന്റെ സെൻസസ് റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു:

After laying down some excellent rules of conduct for his disciples he explain his reasons for naming the sect 'Ahmadiyya' by referring to the two names of the prophet the Jalali name Muhammad, significant of the triumphant career, and the Jamali name Ahmad, pointing to the peace and tranquility that he was to spread in the world by denouncing the doctrine of Jihad and all kinds of violence committed in the name of religion. The Imam claims that he and his disciples can be fitly described as Ahmadiyya (Census of India -1901 Vol IX, Bombay, Part I - Review of Religions, 1906. P-178-179).

ളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിവെക്കുകയും യുക്തമായ വിവാഹബന്ധത്തിനുള്ള സൗകര്യങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. 1900 ആയപ്പോഴേക്കും നാലുഭാഗത്തുനിന്നും ആളുകൾ കൂട്ടംകൂട്ടമായി ബൈഅത്ത് ചെയ്തുകൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് പുതിയ കാനേഷുമാരിക്കുള്ള ഒരുക്കങ്ങൾ സർക്കാർ പൂർത്തിയാക്കിയപ്പോൾ തന്റെ ജമാഅത്തിന് പുതിയ ഒരു പേര് കണ്ടെത്തുകയും കാനേഷുമാരിയിൽ ആ പേര് രേഖപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആഹ്വാനം ചെയ്യുകയുമുണ്ടായത്.

നിർബന്ധവരിപ്പണം

ജമാഅത്തിന്റെ വർദ്ധനയ്ക്കൊത്ത് അനുദിനം വർദ്ധിച്ചുവന്ന നാനാ തരം ചെലവുകൾ വഹിക്കുന്നതിനുള്ള ധനാഗമം ഉറപ്പിക്കേണ്ട കാര്യത്തിൽ വാഗ്ദത്ത മസീഹിന് ഉൽകണ്ഠ കൂടിക്കൂടി വന്നു. നാനാഭാഗങ്ങളിൽ നിന്നും വന്നെത്തുന്ന അതിഥികളേയും സത്യാന്വേഷകരേയും ഉപചരിക്കുന്നതിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ളതായിരുന്നു പ്രധാനമായ ഒരു ചെലവ്. കൂടാതെ വിജ്ഞാപനങ്ങൾ, ലഘുകൃതികൾ എന്നിവ അച്ചടിക്കുന്നതിനുള്ള ചെലവുകളും മദ്രസകളും മറ്റും നടത്തുന്നതിനുള്ള ചെലവുകളും കൂടിക്കൂടി വന്നു. ഇത്തരം സ്ഥിരം ചെലവുകൾക്ക് സ്ഥിരമായ വരുമാനം ഉറപ്പ് വരുത്തേണ്ടിയിരുന്നു. ഇത്വരേയും ഭക്തൻമാരായ ഉദാരമതികൾ പലപ്പോഴായി ആവശ്യവും ആഹ്വാനവും അനുസരിച്ച് നൽകിപ്പോന്ന തുകകൾ സമാഹരിച്ചാണ് ചെലവുകൾ നിർവഹിച്ചത്. മേലിൽ തന്നെ ഇക്കാര്യത്തിൽ സ്ഥിരമായി സഹായിക്കുന്നതിന് തങ്ങളുടെ വരുമാനങ്ങളിൽനിന്നുള്ള നിശ്ചിത വിഹിതം മാസം തോറും നൽകാൻ തയ്യാറുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കാനും അവരിൽനിന്ന് പുതിയ പ്രതിജ്ഞകൾ സ്വീകരിക്കാനും അവിടുന്ന് നിശ്ചയിച്ചു. ഇക്കാര്യങ്ങൾ ഉൽബോധിപ്പിച്ചു കൊണ്ട് 1902 മാർച്ച് 5-ാം തീയ്യതി ഒരു പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി:

"ഓരോ ആളും നല്ലവണ്ണം ആലോചിച്ച് തങ്ങൾക്ക് മാസം തോറും നൽകാൻ സാധിക്കുന്ന വരിപ്പണം – അത് ഒരു പൈസ യാണെങ്കിലും കൊള്ളാം – തുടർച്ചയായി നൽകികൊണ്ടിരിക്കു മെന്ന് പ്രതിജ്ഞചെയ്യേണ്ടതാണ്. എന്നാൽ ദൈവത്തോട് നിരർത്ഥകമായും വഞ്ചനാപരമായും പെരുമാറിക്കൂടാത്തതാണ്. തന്റെ ശിഷ്യരായിരിക്കുന്ന ഓരോരുത്തരും മാസംതോറും ഒരു തുക നൽകുന്നതാണെന്ന് നിശ്ചയിക്കുകയും ഒരു പൈസയാ ണെങ്കിൽപോലും കൃത്യമായി നൽകുകയും ചെയ്യണം. ആർ ഒന്നും നിശ്ചയിച്ച് നൽകാതിരിക്കുകയും പ്രസ്ഥാനത്തിന് ശാരീ രികമായും യാതൊരു സഹായവും ചെയ്യാതിരിക്കുകയും ചെയ്യു ന്നുവോ അയാൾ മുനാഫിഖ് (കപട വിശ്വാസി) ആണ്. ഇതിന് ശേഷം അയാൾക്ക് പ്രസ്ഥാനത്തിൽ നിലകൊള്ളാൻ സാദ്ധ്യമ ല്ല. ഈ വിജ്ഞാപനം പുറപ്പെടുവിച്ച് മൂന്ന് മാസത്തിനുള്ളിൽ ബൈഅത്ത് ചെയ്തിട്ടുള്ള ഓരോ ആളിൽനിന്നും പ്രതികരണം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്. അയാൾ പ്രസ്ഥാനത്തിന്റെ സഹായാർത്ഥം മാസംതോറും എന്ത് നൽകാൻ തീരുമാനിക്കുന്നു എന്ന് അറിയിക്കണം. മൂന്ന് മാസത്തിനുള്ളിൽ മറുപടി ലഭിക്കു ന്നില്ലെങ്കിൽ ബൈഅത്തിൽ നിന്നും അത്തരക്കാരുടെ പേരുകൾ നീക്കിക്കളയും. ഇതിന്ന് ശേഷം ഇത്തരം അഹന്തക്കാരനും അവ ഗണനക്കാരനും ഈ അൻസാറിൽ ഉൾപ്പെടുന്നതല്ല. ഈ പ്രസ്ഥാ നത്തിൽ തീർച്ചയായും അത്തരം ഒരാൾ തുടരുകയില്ല". (മജ്മൂഅ ഇശ്തിഹാറാത്, ഭാ.3, പുറം. 469)

ഈ വിജ്ഞാപനത്തോടെ അഹ്മദിയ്യാ ജമാഅത്ത് അംഗ ങ്ങളിൽനിന്നുള്ള വ്യവസ്ഥിതമായ മാസാന്ത വരിപ്പണപ്പിരിവ് നില വിൽ വന്നു. ആദ്യകാലത്ത് പൈസക്കണക്കിൽ ലഭിച്ച് പോന്ന തുച്ഛമായ ചന്തത്തുകകൾ ഇന്ന് (100 കൊല്ലത്തിന് ശേഷം) ശത കോടിക്കണക്കിനുള്ള രൂപയുടെ ബജറ്റുകൾ തയ്യാറാക്കുന്ന തര ത്തിൽ വർദ്ധിച്ചിരിക്കുന്നു. അത് ഇനി വളരെ അടുത്ത്തന്നെ സഹസ്രകോടികളായും ലക്ഷം കോടികളായും പെരുകുവാൻ പോകുകയാണെന്ന് പറയേണ്ടിയിരിക്കുന്നു.

നമസ്കാരത്തിലെ ഇമാമത്ത്

ഹസ്രത്ത് അഹ്മദ് (അ). ഇത്വരെ തന്റെ അനുയായികൾ അനഹ്മദികളുടെ ഇമാമത്തിന് കീഴിൽ നമസ്കാരം അനുഷ്ഠിക്കുന്നത് വിലക്കിയിരുന്നില്ല. എന്നാൽ, അഹ്മദികൾ നമസ്കാരം അനുഷ്ഠിക്കുന്നതിന് പള്ളിയിൽ ചെന്നാൽ അവരെ ദ്രോഹിക്കുകയും തടയുകയും ചെയ്തപ്പോൾ അത് ശ്രദ്ധേയമായി. അവർ നമസ്കരിച്ച പായ പള്ളിയിൽനിന്ന് നീക്കി ചുട്ടുകരിക്കുകയും നിന്ന നിലം കഴുകുകയും ചിലയിടങ്ങളിൽ നിലം കിളച്ചെടുക്കുകയും ചെയ്തിരുന്നു. ഒരു അഹ്മദി സംഘനമസ്കാരത്തിന് സഫ്ഫിൽനിന്നാൽ പന്നി കയറിനിന്നതായി കരുതണമെന്നും ആ സഫ്ഫിലുള്ളവരുടെയെല്ലാം നമസ്കാരം ബാത്തിൽ (വ്യർത്ഥം) ആയിപ്പോകുന്നതാണെന്നും ഫത്വകൾ പുറപ്പെടുവിക്കപ്പെട്ടിരുന്നു. അതിനാൽ, വാഗ്ദത്തമസീഹ് (അ) ഇപ്രകാരം പ്രഖ്യാപനം നടത്തി:

"ആകയാൽ, നിങ്ങൾ ഓർത്തുകൊള്ളുവിൻ: അല്ലാഹു എന്നെ അറിയിച്ചത് പ്രകാരം ഏതെങ്കിലും മുകഫ്ഫിറിന്റെയോ (കാഫിറാക്കുന്നവൻ) മുകദ്ദിബിന്റെയോ(കള്ളനാക്കുന്നവൻ) മുർത്തദ്ദിന്റെയോ(മതമുപേക്ഷിച്ചവൻ) പിന്നിൽ നിന്ന് നമസ്കരിക്കുന്നത് നിങ്ങൾക്ക് ഹറാം, ഖണ്ഡിതമായും ഹറാം ആയിരിക്കുന്നതാണ്. നിങ്ങൾക്ക് നമസ്ക്കാരങ്ങളിൽ നിങ്ങളിൽനിന്നുള്ള ഇമാമ്തന്നെ ഇമാമത്ത് വഹിക്കേണ്ടതാണ്. 'ഇമാമുക്കും മിൻകും' എന്ന ബുഖാരിയുടെ ഹദീസിൽ വന്നിട്ടുള്ളത് സൂചിപ്പിക്കുന്നത് ഒരു പ്രകാരത്തിൽ ഇത്തന്നെയാണ്. അതായത്, മസീഹ് വെളിപ്പെട്ടാൽ മുസ്ലിം എന്ന് അവകാശപ്പെട്ട മറ്റ് ഫിർഖകളെ ഇമാമത്തിൽ പൂർണ്ണമായും ഉപേക്ഷിക്കേണ്ടിവരുമെന്നും നിങ്ങളുടെ ഇമാം നിങ്ങളിൽനിന്നുള്ളവരായിരിക്കണമെന്നുംതന്നെ. ആകയാൽ നിങ്ങൾ അപ്രകാരംതന്നെ ചെയ്യുവിൻ. ദൈവം നിങ്ങളെ കുറ്റപ്പെടുത്തുന്നതും നിങ്ങളുടെ കർമ്മം നിഷ്ഫലമാക്കുന്നതും നിങ്ങൾ ഇതിനെപറ്റി അറിയാതിരിക്കുന്നതും നിങ്ങൾക്ക് ഇഷ്ടമാകുമോ? എന്നെ ഹൃദയംഗമമായി സ്വീകരിച്ചതാരോ അയാൾ പൂർണ്ണഹൃദയത്തോടെ അനുസരിക്കുകയും ചെയ്യും. എല്ലാ അവ

സ്ഥയിലും അവർ എന്നെ 'ഹക്കം' അഥവാ, വിധികർത്താവായി സ്വീകരിക്കുകയും ചെയ്യും. എല്ലാ തർക്കങ്ങൾക്കും ഞാൻ മുഖേന തീരുമാനമുണ്ടാകുന്നതിന് ആഗ്രഹിക്കുകയും ചെയ്യും. എന്നെ ആത്മനാ സ്വീകരിക്കാത്തവരാരോ അവരിൽ തന്നിഷ്ടവും താന്തോന്നിത്തവും കാണപ്പെടും. അത്കൊണ്ട് അറിഞ്ഞുകൊള്ളുവിൻ അയാൾ ഞാനുമായി ബന്ധപ്പെട്ടിരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, എനിക്ക് അല്ലാഹുവിൽനിന്ന് കിട്ടിയ കല്പനകളെ അയാൾ ബഹുമാനത്തോടെ കാണുന്നില്ല. അത്കൊണ്ട്, ആകാശത്തിൽ അവന്ന് യാതൊരു ബഹുമാനവും ഉണ്ടാവുകയില്ല" (അർബയീൻ, നമ്പ്. 3).

അഹ്മദിയ്യാ തരീഖത്ത്

മിശ്കാത്ത് എന്ന ഹദീസ് ഗ്രന്ഥത്തിന്റെ വ്യാഖ്യാനമായ 'മിർഖാ'ത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "എഴുപത്തിരണ്ടു ഫിർഖകളും നരകത്തിൽ പതിക്കുന്നവരായിരിക്കും. രക്ഷാർഹരായ ഒരു ഫിർഖ പരിശുദ്ധ അഹ്മദിയ്യാ തരീഖത്തിൽപെട്ടവരായിരിക്കും" (മിർഖാത്ത്, വാല്യം 1, പു. 204)

ഹസ്രത്ത് മുജദ്ദിദ് അലിഫ്സാനി ഇപ്രകാരം എഴുതിയിരിക്കുന്നു: "ആ കാലത്ത് ഹക്കീക്കത്തുൽ മുഹമ്മദിയ്യയുടെ പേര് 'ഹക്കീക്കത്തുൽ അഹ്മദിയ്യ' എന്നായിരിക്കും" (റിസാല മബ്ദഅ്, മആദ്, പു. 58)

BASHEER. AHMED. MANTESHWAR,

(3)

ഉമ്മത്തീനബി

59 – ഉമ്മത്തീനബി

1901 നവംബർ 5–ന് ഹസ്രത്ത് അഹ്മദ് (അ) 'ഇക് ഗ: ലത്തീ കാ ഇസാല' (ഒരു തെറ്റിദ്ധാരണ നീക്കൽ) എന്ന പേരിൽ ഒരു ലഘുകൃതി പുറത്തിറക്കി. ഇത് തന്റെ യഥാർത്ഥമായ ദിവ്യ പദവിയെയും വാദങ്ങളെയും വ്യക്തമാക്കുന്ന നിർണായകവും അതിപ്രധാനവുമായ ഒരു പ്രഖ്യാപനമായിരുന്നു.

ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) നബി ആണോ എന്നു ഒരു ശിഷ്യനോട് അമൃത്സറിൽ വെച്ച് ഒരു എതിരാളി ചോദിച്ചതിന് ആ ശിഷ്യൻ നിഷേധരൂപത്തിൽ മറുപടി നൽകിയതായി അറിഞ്ഞപ്പോൾ ആണ് ഈ വിശദീകരണം ആവശ്യമായി വന്നത്. നിഷേധപരമായ പ്രസ്തുത മറുപടി ശരിയല്ലെന്നും അല്ലാഹു ഒരു പ്രവാചകനെന്ന നിലയിൽ തന്നെക്കുറിച്ച് നബി എന്ന പദം ഉപയോഗിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ നബിത്വവാദം വിശദീകരണക്കുറിപ്പിൽ അസന്ദിഗ്ദ്ധമായി അവിടുന്ന് പ്രഖ്യാപിക്കുകയുണ്ടായി.

മുഹമ്മദ്നബി (സ) തിരുമേനിയ്ക്ക് ശേഷം പുതിയ ശരീഅത്തോടുകൂടിയുള്ള ഒരു നബിയും വരികയില്ലെന്നും നബി തിരുമേനിയുടെ പിന്തുടർച്ചയിലല്ലാതെ ആർക്കുംതന്നെ സ്വതന്ത്രമായ നിലയിൽ ഈ മഹോന്നതപദവി പ്രാപ്യമല്ലെന്നും ഉള്ളത് ഖണ്ഡിതമായ ഒരു സത്യമാണെങ്കിലും ആ മഹാത്മാവിനെ പരിപൂർണ്ണമായി പിന്തുടർന്ന ഒരു ഉമ്മത്തിയ്ക്ക് ദൈവാനുഗ്രഹത്താൽ, നബിയുടെ പ്രതിബിംബം ആയിത്തീരാനും സത്യവാനായ നബിയുടെ പദവിയാകുന്ന അനുഗ്രഹത്തിന് പാത്രീഭൂതനാകാനും കഴിയും.

വിശുദ്ധഖുർആനിലെ ഉൽഘാടനാദ്ധ്യായമായ ഫാത്തിഹായിലെ 'ഇഹ്ദിനസ്സിറാത്തൽമുസ്തഖീമ സിറാത്തല്ലദീന അൻഅംത്ത അലൈഹിം' (നീ ഞങ്ങളെ ചൊവ്വായ മാർഗ്ഗത്തിൽ വഴി നടത്തേണമേ, നീ എവരിൽ അനുഗ്രഹം ചൊരിഞ്ഞുവോ അവരുടെ മാർഗ്ഗത്തിൽ) എന്ന പ്രാർത്ഥനയിൽ വിശുദ്ധഖുർആൻ 4–ാം അദ്ധ്യായം 70– ാം സൂക്തത്തിൽ പറഞ്ഞ നബിത്വം അടക്ക

മുള്ള നാല് പദവികളും ഉൾപ്പെട്ട എല്ലാ അനുഗ്രഹങ്ങളും പ്രാപ്യമാണെന്ന് വ്യക്തമാകുന്നുണ്ട്. "അല്ലാഹുവിനെയും അവന്റെ ശ്രേഷ്ഠറസൂലിനെയും അനുസരിച്ചവരാരോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ, സിദ്ദീഖുമാർ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ എന്നിവരുടെ കൂടെയായിരിക്കും; ഇവരത്രെ ഉത്തമരായ കൂട്ടുകാർ" എന്നു ഖുർആൻ പറയുന്നു. (4: 70).

ഖുർആൻ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതിനാൽ, തന്നെ അല്ലാഹു നബിയെന്നു സംബോധനചെയ്തിട്ടുള്ള നിലയ്ക്ക്, താൻ തിരുനബിയോട് അതുല്യമായ തരത്തിൽ അനുസരണബദ്ധതയുള്ള ഒരു ഉമ്മത്തീനബി തന്നെയാണെന്നും എന്നാൽ പുതിയൊരു ശരീഅത്തോട്കൂടിയോ സ്വതന്ത്രനായോ വന്ന ഒരു നബി അല്ല എന്നും അവിടുന്ന് വ്യക്തമാക്കി. ഇപ്രകാരം വ്യക്തമാക്കുന്നതുവരെ താൻ തിരുനബിയുടെ ഉമ്മത്തി എന്ന നിലയിൽ ഒരു മുഹദ്ദസ് ആണെന്നാണ് തന്നെക്കുറിച്ച് കരുതിപ്പോന്നിരുന്നത്.

1901–നവംബർ 5ന് പ്രസിദ്ധീകരിച്ച 'ഇക് ഗലത്തി കാ ഇസാല' *എന്ന ലഘുകൃതിയിൽ ഹസ്രത്ത് അഹ്മദ് (അ) പറഞ്ഞു:

"ഞാൻ പ്രവാചകനും (നബി) ദൈവദൂതനും (റസൂൽ) അല്ലെന്ന് എവിടെയെവിടെയെല്ലാം നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ഞാൻ ഒരു പുതിയ ശരീഅത്തുടയ പ്രവാചകനോ സ്വതന്ത്രപ്രവാചകനോ അല്ലെന്ന അർത്ഥത്തിൽ മാത്രമാകുന്നു അപ്രകാരം പറഞ്ഞത്. എന്നാൽ മഹാനായ, ധന്യാത്മാവായ എന്റെ യജമാനൻ (സ) മുഖേന ആത്മീയമായി അനുഗൃഹീതനായ നിലയിലും അവിടുത്തെ നാമം ആർജിക്കുവാൻ കഴിഞ്ഞിരിക്കയാലും ധാരാളം പരോക്ഷജ്ഞാനങ്ങൾ എനിക്ക് അനുഗ്രഹിച്ചരുളപ്പെട്ടിരിക്കുന്നു എന്ന അർത്ഥത്തിൽ ഞാൻ നിശ്ചയമായും ഒരു നബിയാകുന്നു. എന്നാൽ, ഞാൻ വീണ്ടും ആവർത്തിച്ചു പറയട്ടെ, ഞാൻ ഒരു പുതിയ ശരീഅത്ത് കൊണ്ട് വന്നിട്ടില്ല; പരിചയപ്പെടുത്തിയിട്ടുമില്ല. പുതിയ ശരീഅത്തോട്കൂടിയല്ലാത്ത ഒരു പ്രവചകനാണെന്നുള്ളത് ഞാൻ ഒരി

* ഈ കൊച്ചുകൃതി ഇതേപേരിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിവ: എൻ. അബ്ദുർറഹീം.

ക്കലും നിഷേധിച്ചിട്ടുമില്ല. മറിച്ച്, ഇതേ അർത്ഥത്തിൽ ദൈവം എന്നെ നബി (പ്രവാചകൻ) എന്നും റസൂൽ (ദൈവദൂതൻ) എന്നും വിളിച്ചിരിക്കുന്നതിനാൽ ഈ നിർവചനപ്രകാരം നബി യെന്നും റസൂലെന്നും വിളിച്ച് കൊള്ളാവുന്നതിനെ ഞാൻ ഇപ്പോഴും നിഷേധിക്കുന്നില്ല" (പുറം 23).

താൻ തിരുനബിയുടെ യഥാർത്ഥവും പരിപൂർണ്ണവുമായ പ്രതിബിംബം ആയിരിക്കുന്നതിനാൽ നബൂവ്വത്തിന്റെ സീൽ പൊട്ടുന്ന പ്രശ്നം ഉദിക്കുന്നില്ലഎന്ന് അദ്ദേഹം അവകാശപ്പെട്ടു.

പ്രവാചകത്വത്തെ സംബന്ധിച്ച ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ അവബോധത്തിൽ ഉണ്ടായിട്ടുള്ള അടിസ്ഥാന മാറ്റത്തെയാണ് 'ഇക് ഗലത്തീകാ ഇസാല' എന്ന ലഘുപത്രിക വെളിപ്പെടുത്തിയത്. അത്കൊണ്ട്തന്നെ ഈ വ്യതിയാനത്തിന്റെ പ്രാധാന്യം ഇവിടെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ പത്ത് കൊല്ലക്കാലത്തോളം നബിയാണെന്നുള്ള വാദം തനിക്കില്ലെന്ന് ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) തറപ്പിച്ചുപറയുകയാ യിരുന്നു.* എന്നാൽ നബിതന്നെയാണെന്നാണ് 'ഇക് ഗൽതീ കാ ഇസാല' എന്ന ലഘുകൃതിയിൽ വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്ന ത്. നബിത്വം സംബന്ധിച്ച അവിടുത്തെ ധാരണതന്നെ തനിക്കു ണ്ടായ പുതിയ ആത്മീയജ്ഞാനത്തിന്റെയും വെളിപാടിന്റെയും അടിസ്ഥാനത്തിൽ മാറ്റിപറയേണ്ടിവന്നിരുന്നു എന്ന ലളിതമായ സത്യമാണിതിന്ന് കാരണമെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നബി യുടെ നിർവചനപരമായ ഈ മാറ്റം ശരിക്കും മനസ്സിലാക്കാത്ത പക്ഷം ഒരു പുതിയ വാദമായി തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഹസ്രത്ത് അഹ്മദിന്റെ ശിഷ്യഗണത്തിൽ ഒരു വിഭാഗം തെറ്റിദ്ധാ രണയിൽപെട്ട് വഴിതിരിയാൻ കാരണമായതും ഇത്തന്നെയാണ്.

1899 ലെ 'അൽഹക്ക'മിൽ (പു. 3, ല. 29) പ്രസിദ്ധപ്പെടു ത്തിയ ഹസ്രത്ത് അഹ്മദിന്റെ ഒരു കത്തിൽ (നവാബ് മുഹമ്മദ ലിഖാന്ന് അയച്ച കത്ത് 7-8-1899) പ്രസ്താവിച്ചത്, ഇസ്ലാമിക

* ഈസാലയെ ഔഹാം, ആസ്മാനി ഫൈസല, നിശാനെ ആസ്മാനി, തുഹ്ഫയെ ബഗ്ദാദ്, ആയിനയെ കമാലാത്തെ ഇസ്ലാം, സിറാജെമുനീർ, അയ്യാമുസ്സുൽഹ്, തുഹ്ഫയെ ഗോൾഡവിയ, അർബയിൻ. തുടങ്ങി 1901 നു മുമ്പുള്ള കൃതികൾ നോക്കുക.

സാങ്കേതികശബ്ദപ്രകാരം നബിയെന്നും റസൂലെന്നും പറഞ്ഞാൽ പുതിയ ശരീഅത്ത് കൊണ്ടുവരുന്ന ആളോ, പൂർവ്വ പ്രവാചകന്റെ അനുസരണത്തിന് വിധേയനല്ലാതെ സ്വതന്ത്രനെന്ന നിലയിൽ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്ന ആളോ ആണ് എന്നായിരുന്നു. എന്നാൽ, 'ഇക് ഗലത്തി കാ ഇസാല'യിൽ അവിടുന്ന് ഖണ്ഡിതമായി പ്രസ്താവിച്ചത് പ്രവാചകൻ ശരീഅത്ത് കൊണ്ട്വന്നിരിക്കണമെന്നില്ലെന്നും അടിക്കടിയായി ധാരാളം അത്ഭുജ്ജല പ്രവചനങ്ങൾ വെളിപ്പെടുത്തുന്ന ആൾ ദിവ്യമായ സാങ്കേതിക ഭാഷയിൽ നബിയെന്ന് പറയപ്പെടുമെന്നുമത്രെ. (ചശ്മയെ മഅ്രിഫ, പു 325, അൽവസിയത്ത് പുറം. 12, ലക്ചർ സിയാൽകോട്ട് പുറം. 17, 18 തുടങ്ങിയ ഗ്രന്ഥങ്ങൾ നോക്കുക).

തന്റെ ധാരണയിൽ ഉണ്ടായ ഈ മാറ്റം ദൈവീകബോധനമനുസരിച്ചുള്ളതാണെന്ന് ഹസ്രത്ത് അഹ്മദ് (അ) പറയുന്നു: "ആദ്യകാലങ്ങളിൽ ഈസബ്നുമറിയമുമായി എനിയ്ക്കൊരു താരതമ്യവുമില്ലെന്നാണ് ഞാൻ വിശ്വസിച്ചുപോന്നത്. അദ്ദേഹം ഒരു നബി ആയിരുന്നു. ദൈവത്തിന്റെ വരിഷ്ഠദാസരിൽ ഒരാളും. എനിയ്ക്ക് ഔന്നത്യം സൂചിപ്പിക്കുന്നതായി എന്തെങ്കിലും വെളിപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഭാഗികം (ജുസ്യീ) ആയ ഔന്നത്യം മാത്രമാണെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ, പിന്നീട് ദൈവത്തിൽനിന്നുള്ള വെളിപാടുകൾ മഴപോലെ എന്നിൽ ഇറങ്ങിയപ്പോൾ ആ വിശ്വാസത്തിൽ അവൻ എന്നെ നിലയുറക്കാൻ വിട്ടില്ല. എനിയ്ക്ക് വ്യക്തമായ തരത്തിൽ നബി എന്ന പദവി നൽകുകയും ചെയ്തു. എന്നാൽ, അത് ഒരു വശത്തിലൂടെ നബിയും മറ്റൊരു വശത്തിലൂടെ ഉമ്മത്തിയും എന്ന നിലയിൽ ആയിരുന്നു" (ഹക്കീക്കത്തുൽ വഹീ, പു. 149).

ഒരു നബി അഥവാ പ്രവാചകൻ ഒരു പുതിയ ശരീഅത്ത് കൊണ്ടുവരികയോ, നേരിട്ടോ സ്വതന്ത്രനിലയിലോ പ്രവാചകപദവി പ്രാപിച്ച ആളായിരിക്കുകയോ വേണമെന്നായിരുന്നു ഹസ്രത്ത് അഹ്മദ് (അ) ഇതിനുമുമ്പ് കരുതിപ്പോന്നിരുന്നത്.

വമാ അർസൽനാ മിൻ റസൂലിൻ, ഇല്ലാ ലിയുതാഅ ബിഇദ്നില്ലാഹ്!

"അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിന്വേണ്ടിയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (4:64)

എന്ന ഖുർആൻവാക്യം ഇക്കാര്യത്തിൽ ഹസ്രത്ത് അഹ്മദിനെ സ്വാധീനിച്ചിരുന്നു,* താനാണെങ്കിൽ തിരുനബിയെ പരിപൂർണ്ണമായി അനുസരിക്കുന്നതിൽ നിർവ്യതി കൊള്ളുന്ന തിരുമേനിയുടെ ഒരു ഭക്തദാസൻ! അത്കൊണ്ട്തന്നെ താൻ നബിയാണെന്നതിനെ അവിടുന്ന് നിഷേധിച്ചുകൊണ്ടിരിക്കുകയും ദൈവത്തിന്റെ ഒരു പ്രവാചകനായ ഈസബ്നുമറിയമിന്ന് (യേശുവിന്ന്) മേലെ തനിക്ക് യാതൊരു ഔന്നത്യവും ഉണ്ടായിരിക്കാവതല്ലെന്ന് ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്തു. എന്നാൽ, ദൈവത്തിൽനിന്ന് എണ്ണമറ്റ വെളിപാടുകൾ ഉണ്ടായപ്പോൾ അവിടുന്ന് തന്റെ ധാരണ തിരുത്തുകയും താനൊരു പ്രവാചകൻ അഥവാ, നബിതന്നെയാണെന്ന് കരുതി തുടങ്ങുകയും അതിൽ വിശ്വാസം ഉറപ്പിക്കുകയും യേശുവിന്റേമേൽ തനിക്കുള്ള ഔന്നത്യത്തെ പ്രഖ്യാപിക്കാൻ മടികാണിക്കാതിരിക്കുകയും ചെയ്തു. ഇത് അവിടുത്തെ പ്രവർത്തനശൈലിയിലോ ദൗത്യനിർവഹണത്തിലോ യാതൊരു മാറ്റവും വരുത്തിയതുമില്ല. തനിയ്ക്ക് ദൈവത്തിൽനിന്നും ലഭിച്ച സ്ഥാനത്തെ കുറിച്ചുള്ള അറിവിലുണ്ടായിട്ടുള്ള പുതുമ എന്തായാലും തുടക്കത്തിൽതന്നെ ഏൽപിച്ച ദൗത്യം ആ മഹാത്മാവിന് നല്ല നിശ്ചയം ഉണ്ടായിരുന്നു. ദൈവം എന്ത് ആജ്ഞാപിച്ചുവോ അത് അപ്പടി അവിടുന്ന് നടപ്പാക്കിപ്പോന്നു. അവിടുന്ന് ഒരു പ്രവാചകൻ അഥവാ, നബിയായിരുന്നതിനാൽ തുടക്കം മുതൽക്കേ ഒരു നബിയുടെ ചുമതലതന്നെ നിർവഹിച്ചുപോരുകയായിരുന്നു. പക്ഷേ, തന്റെ പദവി ഒരു നബിയുടേതാണെന്നും താൻ നബിയാണെന്നുമുള്ള കാര്യത്തിൽ ആ ദിവ്യാത്മാവ് ബോധവാനായിരുന്നില്ല. അത്കൊണ്ട് തനിക്കുണ്ടായ വ്യക്തമായ വെളിപാടുകളെ പോലും അവിടുന്ന് മറ്റൊരർത്ഥത്തിൽ വ്യാഖ്യാനിച്ചും വിശദീകരിച്ചും തന്റെ ജോലി ആത്മാർത്ഥമായി നിർവഹിച്ചുകൊണ്ടിരുന്നു. നബൂവത്തിനെ സംബന്ധിച്ച ഒരു അപൂർണ്ണധാരണയാണ് അവിടുന്ന് പുലർത്തിപ്പോന്നിരുന്നത്. അതിനാൽതന്നെ താൻ നബിയുടെ സ്ഥാന

* ഇവിടെ സ്വജനത്താൽ അനുസരിക്കപ്പെടാൻവേണ്ടി എന്ന് പറഞ്ഞത്കൊണ്ട് പ്രവാചകൻ ആരേയും പിന്തുടരാൻ പാടില്ലെന്ന് വരുന്നില്ല. ഹാറൂൻ നബി മൂസാ നബിയെ പിന്തുടർന്നിരുന്നു.

ത്തിന്റെ അടുത്തോളമെത്തുന്ന 'മുഹദ്ദസ്' എന്ന പദവിയിലുള്ള ആളാണെന്ന് പറഞ്ഞ്കൊണ്ടിരുന്നു. നബൂവ്വത്തിന് സ്വന്തമായ ഒരു നിർവചനം നൽകുകയോ സ്വന്തമായ വിശ്വാസം മെനഞ്ഞെടുക്കുകയോ ചെയ്യാതെ പൊതുവായ ധാരണയിൽതന്നെ ഉറച്ചുനിന്നു. 'ബറാഹീനേ അഹ്മദിയ' രചിക്കുന്ന കാലത്ത് ഈസാനബി (അ) ജീവിച്ചിരിക്കുന്നുണ്ടെന്ന ധാരണതന്നെ അവിടുന്ന് പുലർത്തിപ്പോന്നിരുന്നുവല്ലോ. അടിക്കടിയായ വെളിപാടുകളിലൂടെ ദൈവം ആ ധാരണപ്പിശക് തിരുത്തിയപ്പോൾ മാത്രമേ അവിടുന്ന് ആ വിഷയത്തിൽ ചിന്തിച്ച് തുടങ്ങുകയും തന്റെ വിശ്വാസാഭിപ്രായം മാറ്റുകയും ചെയ്തിരുന്നുള്ളു.

ഹസ്രത്ത് അഹ്മദ് (അ) വീണ്ടും പറയുന്നു:

"എന്റെ വാദങ്ങളിൽ നബിയെന്ന വാക്കുണ്ടെന്ന് കേട്ട് അനേകർ തെറ്റിദ്ധരിക്കുകയും മുൻകാലങ്ങളെപോലെ നബിമാർക്ക് നേരിട്ട് ലഭിച്ച്പോന്ന നബൂവ്വത്താണ് താൻ വാദിച്ചിട്ടുള്ളതെന്ന് കരുതുകയും ചെയ്യുന്നു. എന്നാൽ അവർ തെറ്റിദ്ധരിച്ചിരിക്കുകയത്രേ. എനിക്ക് അങ്ങിനെയുള്ള വാദമല്ല ഉള്ളത്. അല്ലാഹുവിന്റെ പ്രത്യേക നിശ്ചയപ്രകാരവും യുക്തിജ്ഞാനമനുസരിച്ചും തിരുനബിയുടെ ആത്മീയപദവിയുടെ പരിപൂർത്തി സ്ഥാപിക്കുന്നതിനായിട്ട് അവിടുത്തെ ബർക്കത്ത് കൊണ്ട് നബൂവ്വത്തിന്റെ സ്ഥാനത്തോളം എന്നെ എത്തിച്ചിരിക്കയാണ്. ആകയാൽ ഞാൻ ഒരു നബിമാത്രമാണെന്ന് പറയാവതല്ല. ഒരു വശത്ത് ഞാൻ നബിയും മറ്റൊരു വശത്ത് ഉമ്മത്തിയും അത്രേ..... എനിക്കുള്ള എല്ലാ ഓരോ പരിപൂർണ്ണതയും നബി (സ) തിരുമേനിയുടെ പിൻതുടർച്ചമൂലവും അവിടുന്ന് മുഖേനയും സിദ്ധിച്ചതാകുന്നു" (ഹക്കീക്കത്തുൽ വഹ്യ്, 1907 പു. 149–150)

നുബുവ്വത്തിനെ സംബന്ധിച്ച തന്റെ പൂർവ്വധാരണയിൽ വാഗ്ദത്തമസീഹ്(അ) മാറ്റം വരുത്തീട്ടുണ്ടെന്നത് അനിഷേധ്യമാണ്. 'തിരിയാഖുൽ ഖുലൂബ്' എന്ന ഗ്രന്ഥം എഴുതിക്കഴിഞ്ഞതിനും* (1900) റിവ്യു ഒന്നാം വാല്യം പ്രസിദ്ധം ചെയ്യുന്ന

* 1899 ഒടുവിലാണ് ഇത് എഴുതിയതെങ്കിലും 1902 ഒക്ടോബർ 28 നാണ് പ്രസിദ്ധം ചെയ്തത്. ഈ ഗ്രന്ഥത്തിൽ താൻ നബി അല്ലെന്ന് പറഞ്ഞിട്ടുള്ളതിനാൽ 1901 ന്

തിനും (1902) ഇടയിലാണ് ഇത് സംഭവിച്ചത്. മസീഹ് നബിയായിരുന്നെന്നും എന്നാൽ താൻ നബി അല്ലാത്ത മസീഹ് ആയതിനാൽ, ഈസാമസീഹിനോളം ഔന്നത്യമുള്ളയാളല്ലെന്നും ആണ് അതുവരെ കരുതിയിരുന്നത്. ഈസാനബിയുടെമേൽ തനിക്കുള്ള മഹത്വം സൂചിപ്പിക്കുന്ന വെളിപാടുകൾക്ക് ആ മഹത്വം 'ജുസ്'യി'യായ അതായത് ഭാഗികമായ മഹത്വം മാത്രമായി വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. എന്നാൽ, അല്ലാഹുവിൽനിന്നുള്ള വഹ്'യിൽ അവിടുന്ന് നബി എന്നനിലയിൽതന്നെ സംബോധന ചെയ്യപ്പെടുകയും തെറ്റായ ധാരണ അകറ്റുന്ന ദിവ്യബോധനങ്ങൾ ലഭിക്കുകയും ചെയ്തപ്പോൾ തന്റെ അതുവരെയുള്ള വിശ്വാസം മാറ്റി താൻ നബിതന്നെയെന്ന് മാത്രമല്ല ഈസാനബിയെക്കാളും ഉയർന്ന സ്ഥാനമുള്ള ആളുമാണെന്ന് വെട്ടിത്തുറന്ന് പ്രഖ്യാപിക്കാൻ മടിച്ചില്ല. 'ഇബ്നുമർയം കാ ദിക്'റ് കോ ഛോഡോ ഉസ്സെ ബഹ്തർ ഗുലാമെ അഹ്മദ് ഹയ്' (ഇബ്നുമറിയമിന്റെ കാര്യം വിട്ടുകളയൂ, അദ്ദേഹത്തേയ്ക്കാൾ ശ്രേഷ്ഠനത്രെ അഹ്മദിന്റെ ദാസൻ) – ദുർറെസമീൻ.

ഈ സാഹചര്യത്തിലാണ് അമൃത്സറിൽ വെച്ച് ഒരു എതിരാളിയുടെ ചോദ്യത്തിന് തന്റെ ഉറച്ച ശിഷ്യനായിരുന്ന ഹസ്രത്ത് ശേഖ് ഗുലാം അഹ്മദ് സാഹിബ് നൽകിയ മറുപടിയിൽ ഹസ്രത്ത് അഹ്മദ് (അ) നബി അല്ലെന്ന് നിഷേധിച്ചുപറഞ്ഞപ്പോൾ ആ തെറ്റിദ്ധാരണ നീക്കുന്നതിന് ഒരു പ്രഖ്യാപനമടങ്ങിയ 'ഇക് ഗലത്തി കാ ഇസാല' എന്ന ചെറുകൃതി പ്രസിദ്ധപ്പെടുത്തിയത്. അതിൽ ഹസ്രത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി:

"എന്റെ വാദങ്ങളെയും അതിന് പിൻബലമായുള്ള ന്യായയുക്തികളെയും കുറിച്ച് അപൂർണ്ണവും ഉപരിപ്ലവവുമായ അറിവ് മാത്രമുള്ളവരും എന്റെ ലിഖിതങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കാൻ സമയമില്ലാത്തവരും തങ്ങളുടെ അറിവുകൾ പൂർണമാകുവോളം

ശേഷവും നബിത്വം നിഷേധിച്ചിരുന്നു എന്ന് വരുത്താൻ ലാഹോർ പാർട്ടിക്കാർ ഈ ഗ്രന്ഥം ഉദ്ധരിക്കാറുണ്ട് ഹസ്രത്ത് അഹ്മദ് (അ) താൻ ഒരിക്കലെഴുതിയത് പിന്നീട് തിരുത്തിമാറ്റാറില്ല. ശിഷ്യഗണവും ഒരു വള്ളിയോ പുള്ളിയോ പോലും മാറ്റാതെ അപ്പടി പ്രസിദ്ധപ്പെടുത്താറാണ് പതിവ്താനും. അത് കൊണ്ട് ഇവിടെ ഒരു തെറ്റിദ്ധാരണക്കും ഇടമില്ല. – ഗ്ര.

എന്റെ സാമീപ്യസമ്പർക്കത്തിൽ കഴിച്ചുകൂട്ടിയിട്ടില്ലാത്തവരും ആയ എന്റെ ജമാഅത്തിലെ ചില അംഗങ്ങൾ ചിലപ്പോൾ ഏതെങ്കിലും ഒരെതിരാളിയുടെ ആക്ഷേപംകേട്ട് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത മറുപടി പറയാനിടയാകുന്നു. തന്നിമിത്തം, അവർ നേർവഴിയിലായിരിക്കെതന്നെ, വലുതായ എളിമയിലായിത്തീരുന്നു. അടുത്ത് മാത്രമാണ് ഒരു അഹ്മദി, ഒരു നബിയും (പ്രവാചകൻ) റസൂലും (ദൈവദൂതൻ) ആണെന്ന് വാദിച്ചിട്ടുള്ള ഒരാൾക്കാണ് താൻ ബൈഅത്ത് ചെയ്തിട്ടുള്ളതെന്ന ഒരാക്ഷേപത്തെ അഭിമുഖീകരിക്കേണ്ടിവന്നത്. ഞാൻ അപ്രകാരം യാതൊരു വാദവും പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമായി നിഷേധിച്ചുപറഞ്ഞുകൊണ്ട് അദ്ദേഹം ആ ആക്ഷേപത്തെ തൽക്കാലം മറികടന്നു. എന്നാൽ, ഈ പ്രത്യുത്തരം ഒട്ടും ശരിയായിരുന്നില്ല. ദൈവം എനിയ്ക്കിറക്കിയ പാവനവും പരിശുദ്ധവുമായ വെളിപാടുകളിൽ നബി എന്നും റസൂൽ എന്നുമുള്ള വാക്കുകൾ അടങ്ങിയിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. ഈ വാക്കുകൾ ഒന്നോ രണ്ടോ വട്ടമല്ല, നൂറുകുറി ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ഈ വെളിപാടുകളുള്ളപ്പോൾ അത്തരം വാക്കുകളൊന്നും ഇല്ലാത്തതുപോലെ, അപ്രകാരമുള്ള മറുപടി നൽകുന്നത് ശരിയായിരിക്കുന്നതെങ്ങനെ? ഇത്തരം വാക്കുകൾ മുമ്പത്തെയ്ക്കാൾ അധികമായും അടിക്കടിയായും കൂടുതൽ സ്ഫുടതരമായും ഇപ്പോൾ വെളിപാടുകളിൽ കാണപ്പെടുന്നുണ്ട്. 22 കൊല്ലംമുമ്പ് പ്രസിദ്ധപ്പെടുത്തിയ 'ബറാഹീൻ അഹ്മദിയ്യ'യിൽ തന്നെ അത്തരം വാക്കുകൾ കാണാവുന്നതാണ്" (ഇക് ഗലത്തീകാ ഇസാല).

ഈ പ്രഖ്യാപനത്തിൽ ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) താൻ നബിതന്നെയാണെന്ന് ഉറപ്പിച്ചുപറഞ്ഞതിനെ പരിഗണിച്ച് എതിരാളികൾ ശക്തിമത്തായ പുതിയ ആക്ഷേപങ്ങൾ ഉന്നയിച്ചുതുടങ്ങി. അഹ്മദിയ്യാജമാഅത്തിനും അതിന്റെ വന്ദ്യസ്ഥാപകർക്കുമെതിരെ ആഗോളവ്യാപകമായ എതിർപ്പുകൾക്ക് ശത്രുക്കൾ ഇതിൽ പുതിയൊരു അടിസ്ഥാനം കൂടി കണ്ടെത്തുകയും, തിരുനബിയെപറ്റി ഖാത്തമുന്നബിയ്യീൻ എന്ന് ഖുർആനിൽ പറഞ്ഞിട്ടുള്ളതിന് എതിരാണിതെന്ന് ഘോഷിക്കുകയും ചെയ്തു.

'ഖാത്തമുന്നബിയ്യീ'നുശേഷം നബി വരുന്നതെങ്ങനെ എന്നിവർ ചോദിച്ചതിന് ഹസ്രത്ത് അഹ്മദ് (അ) ഇപ്രകാരം മറുപടി നൽകി:

"വിശുദ്ധനബി (സ) ഖാത്തമുന്നബിയ്യീൻ ആയിരിക്കെ അദ്ദേഹത്തിനുശേഷം പുതിയ ഒരു പ്രവാചകൻ വരുന്നതെങ്ങനെയെന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരം ഇതാണ്: തീർച്ചയായും ഈസാനബിയുടെ പുനരാവിർഭാവത്തിൽ നിങ്ങൾ വിശ്വസിക്കുന്ന അർത്ഥത്തിലും അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും അദ്ദേഹത്തിന് 40 കൊല്ലക്കാലം വെളിപാടുകൾ തുടരുന്നതിലും – തിരുനബിയുടെ പ്രവാചകത്വകാലയളവിനേയ്ക്കാൾ കൂടിയതാണിതെന്നോർക്കണം – നിങ്ങൾ വിശ്വസിക്കുന്നതുപോലെയുള്ള പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല. അത്തരമൊരു വിശ്വാസം ഗുരുതരമായ കുറ്റവും തന്നെയാണെന്നതിൽ സംശയമില്ല. 'വലാകിൻ റസൂലല്ലാഹി വഖാത്തമന്നബിയ്യീൻ' (എങ്കിലും അദ്ദേഹം അല്ലാഹുവിന്റെ ദൂതനും ഖാത്തമുന്നബിയ്യീനും ആകുന്നു) എന്ന ഖുർആൻ വാക്യവും 'ലാ നബിയ്യ ബഅദീ' (എനിയ്ക്ക് ശേഷം പ്രവാചകൻ ഇല്ല) എന്ന ഹദീസും അത്തരം തെറ്റായ സിദ്ധാന്തത്തിന്റെ പ്രത്യക്ഷമായ അസത്യത്തെ തെളിയിച്ചു കാട്ടുന്ന പ്രബലമായ സാക്ഷ്യമാകുന്നു. ഞാൻ അത്തരം വിശ്വാസങ്ങൾക്ക് തികച്ചും എതിരായിരിക്കുന്നതിന് പുറമെ 'വലാകിൻ റസൂലല്ലാഹി വഖാത്തമന്നബിയ്യീൻ' (അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയും ആകുന്നു) എന്ന ഖുർആൻ വാക്യത്തിൽ സുദൃഢമായ വിശ്വാസം പുലർത്തുകയും ചെയ്യുന്നു. ഈ വാക്യത്തിൽ നമ്മുടെ എതിരാളികളുടെ ശ്രദ്ധയിൽ പെടാതെപോയ ഒരു വലിയ പ്രവചനം അടങ്ങിയിരിക്കുന്നു. അത് ഇതാകുന്നു: തിരുനബിയുടെ ആവിർഭാവത്തിന്ശേഷം കാലാവസാനം വരെ പ്രവചനശേഷിയുടെ ദിവ്യമായ വരദാനം തടയപ്പെട്ടിരിക്കും എന്നതത്രെ അത്. ഹിന്ദുവോ ജൂതനോ ക്രിസ്ത്യാനിയോ നാമമാത്രമുസ്ലിമോ ആയിട്ടുള്ള യാതൊരാൾക്കും തന്റെ പേരിൽ നബി എന്ന സ്ഥാനപ്പേർ സ്വീകരിക്കുന്നതിനെ ന്യായീകരിക്കാൻ സാധിക്കുന്നതല്ല. ഈ അത്യുന്നതമായ പദവിയ്ക്ക് 'സിറാത്തെ സിദ്ദീഖി' (സിദ്ദീഖിന്റെ പാത) ഒഴിച്ചുള്ള മറ്റെല്ലാ സമീപനമാർഗ്ഗ

ങ്ങളും – തിരുനബിയോടുള്ള പ്രേമാതിരേകത്തിൽ പൂർണമായ ആത്മസംഹൃതിയ്ക്ക് തുല്യമായിട്ടുള്ളതാണിത് – ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ വാതിലിലൂടെ ദൈവത്തെ സമീപിക്കുവാൻ ശ്രമിക്കുന്നവൻ പ്രവാചകത്വത്തിന്റെ കുപ്പായം – അതുപക്ഷെ, തിരുനബിയുടെ പ്രവാചകത്വത്തിന്റെ അംശം തന്നെയാകുന്നു – അണിഞ്ഞ ആളായിരിക്കണം. അത്തരം ഒരാളുടെ പ്രവാചകത്വം തന്നത്താൻ നിലനിൽക്കുന്നതോ സ്വന്തം വ്യക്തിത്വത്തിൽ നിന്ന് നേടിയെടുത്തതോഅല്ല. മറിച്ച്, എല്ലാ ഔദാര്യങ്ങളുടെയും നന്മകളുടെയും പ്രഭവകേന്ദ്രമായ തിരുനബിയിൽനിന്ന് ആവാഹിച്ചെടുത്തിട്ടുള്ളതാകുന്നു. ആകയാൽ, അത്തരമൊരാൾ, സ്വന്തം ഔന്നത്യവും സ്ഥാനവും ഉയർത്താനല്ല, നേരെമറിച്ച്, തിരുനബിയുടെ മഹത്വവൽക്കരണത്തിനായിട്ടാണ് നബിയായിരിക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹം സ്വർഗ്ഗത്തിൽ മുഹമ്മദും അഹ്മദും ആയി അറിയപ്പെടുമാറായിരിക്കുന്നത്. മുഹമ്മദിന്റെ പ്രവാചകത്വം മറ്റാരിലുമല്ലാതെ മുഹമ്മദിലേയ്ക്ക് തന്നെ തിരിച്ചുവന്നു എന്ന് പറയാം. എന്നുവച്ചാൽ, ഈ പദവി അവകാശപ്പെടുന്ന ഒരാൾ തിരുനബിയുടെ എല്ലാഗുണങ്ങളെയും തന്നിൽ പ്രതിഫലിപ്പിക്കുകയും അവിടുത്തോടുള്ള കടപ്പാടിനെ അംഗീകരിക്കുകയും ചെയ്തുകൊണ്ട് അവിടുത്തെ നിഴലെന്നോണം പ്രവർത്തിക്കുന്നതായിരിക്കും....ചുരുക്കത്തിൽ, എന്റെ പ്രവാചകത്വം എന്റെ സ്വത്വം മുഖേനയല്ല, മറിച്ച്, ഞാൻ മുഹമ്മദും അഹ്മദും ആയിരിക്കുന്നത് മുഖേനയാകുന്നു. ഞാൻ ഈ പദവിയിൽ അനുഗൃഹീതനായിരിക്കുന്നത് ഞാൻ തിരുനബിയിൽ എന്നെ പരിപൂർണ്ണമായും ആഹുതി ചെയ്തിട്ടുള്ളതുകൊണ്ടത്രെ. ഖാത്തമുന്നബിയ്യീൻ, (പ്രവാചകന്മാരുടെ മുദ്ര) എന്ന പ്രയോഗത്തിന്റെ പൊരുളിനെ ഇത് ഒരു തരത്തിലും ബാധിക്കുന്നില്ല. എന്നാൽ ഈസാ മസീഹിനെ പോലുള്ള ഒരു സ്വതന്ത്രപ്രവാചകന്റെ ആവിർഭാവം ഇപ്രകാരമുള്ളതല്ല. നബി എന്ന ശബ്ദത്തിന്റെ അർത്ഥം ദൈവത്തിൽനിന്നുള്ള പരോക്ഷജ്ഞാനം ലഭിച്ച ആൾ എന്നത്രെ. ഈ നിർവ്വചനം ആരിൽ യോജിക്കുന്നവോ ആ വാദി ഒരു നബി (പ്രവാചകൻ) ആയിരിക്കും. നബി അവശ്യമായും ഒരു റസൂൽ (ദൈവദൂതൻ) ആണ്. അല്ലാത്തപക്ഷം പരിശുദ്ധമായ പരോ

ക്ഷജ്ഞാനം അയാൾക്ക് അനുഗ്രഹിച്ചരുളപ്പെടുന്നതല്ല.... ദൈവത്തിൽനിന്ന് പരോക്ഷജ്ഞാനം ലഭിച്ചതായി പ്രഖ്യാപിക്കുന്ന ആൾ പ്രവാചകത്വത്തിന് അവകാശിയല്ലെങ്കിൽ മറ്റെന്ത് പേരാണ് നിങ്ങളയാൾക്ക് നൽകുക? മുഹദ്ദസ് എന്ന പദത്തിന്റെ ഉള്ളടക്കം അത്തരം ഒരാളുടെ ആത്മീയസ്ഥാനത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു എന്നതിന് യാതൊരു നിഘണ്ടുവും പിന്തുണ നൽകുന്നില്ല. തഹ്ദീസ് എന്ന അറബിപദം പരോക്ഷകാര്യങ്ങളുടെ രഹസ്യജ്ഞാനം ആർജ്ജിക്കയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിനുള്ള ശബ്ദമായി ഒരു നിഘണ്ടുവിലും വിവരിക്കപ്പെട്ടിട്ടില്ല. എന്നാൽ, നുബുവ്വത്ത് (പ്രവാചകത്വം) എന്നത് അത്തരത്തിൽ പരോക്ഷജ്ഞാനം ലഭിക്കൽ ആയി വിവരിക്കുന്നുമുണ്ട്.* നബി എന്ന പദം അറബിയിലും അബ്രാനിയിലും പൊതുവായിട്ടുള്ളതാണ്. ഹീബ്രുവിലും അത് നബി എന്നാണ് ഉച്ചരിക്കപ്പെടുക".+

ഹസ്രത്ത് അഹ്മദ് (അ) 'ഇക് ഗലത്തി കാ ഇസാലാ' എന്ന കൃതി ഇപ്രകാരം സമാപിച്ചു:

"ഞാനിത്രയും പറഞ്ഞിട്ടുള്ളതിന്റെ ആകസ്സാരം എന്തെന്നാൽ അറിവുകെട്ട എന്റെ എതിരാളികൾ ഞാനൊരു സ്വതന്ത്ര നബിയാണെന്ന് അഥവാ, സ്വതന്ത്ര റസൂലാണെന്ന് വാദിച്ചതായി ആരോപിക്കുന്നത് ശരിയല്ല എന്നത്രെ. ഞാൻ അത്തരമൊരു വാദം പുറപ്പെടുവിച്ചിട്ടില്ല. അവർ നബി എന്നതിനും റസൂൽ എന്നതിനും കൽപിക്കുന്ന അർത്ഥത്തിൽ ഞാൻ പ്രവാചകനോ ദൈവദൂതനോ ആണെന്ന് വാദിക്കുന്നില്ല. എന്നാൽ, മുകളിൽ വിവരിച്ച അർത്ഥത്തിൽ ഞാൻ ഒരു നബിയും റസൂലുംതന്നെ. ഞാൻ അവർ പറയുന്ന തരത്തിലുള്ള നുബുവ്വത്തും റിസാലത്തും വാദിച്ചതായി എന്നെക്കുറിച്ച് കുത്സിതബുദ്ധ്യാ ആരോപിക്കുന്നവർ കള്ളം പറയുകയാകുന്നു. അത് അവിശുദ്ധമായ വിചാര

* ഒരു തെറ്റിദ്ധാരണ നീക്കൽ, പു. 13–2.1

+ ഇവിടെ മുഹദ്ദസ് എന്ന സ്ഥാനത്തിന്നും മീതെയുള്ളതാണ് നബിയെന്ന തന്റെ സ്ഥാനം എന്നു വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കെ അദ്ദേഹം ഒരു മുജദ്ദിദും മുഹദ്ദസും മാത്രമാണെന്ന് വാദിക്കുന്ന ലാഹോർ പാർട്ടിക്കാരുടെ നിലപാടിനെ പറ്റി വ്യസനിക്കുകയേ നിവൃത്തിയുള്ളു.

ത്താൽ പ്രചോദിതമാകുന്നു. എന്നെ 'ബുറൂസി' (പ്രതിച്ഛായ) ആയ രൂപത്തിൽ നബിയും റസൂലും ആക്കിയിരിക്കുന്നു. ഇതേ അടിസ്ഥാനത്തിൽ ദൈവം അടിക്കടി എന്റെ പേര് നബിയുല്ലാഹ് എന്നും വച്ചിരിക്കുന്നു. എന്നാൽ ബുറൂസി (പ്രതിച്ഛായ) രൂപത്തിൽ മാത്രം. എന്റെ വ്യക്തിത്വം മദ്ധ്യത്തിലെവിടെയും ഇല്ല. മുഹമ്മദ് മുസ്തഫാ (സ) തന്നെയാണ് എന്നിൽ പ്രതിഭാസിക്കുന്നത്. അതുകൊണ്ടാണ് ഞാൻ മുഹമ്മദ് എന്നും അഹ്മദ് എന്നും വിളിക്കപെട്ടിരിക്കുന്നത്. നബുവ്വത്തും റിസാലത്തും അന്യരുടെ ആരുടെയും അടുക്കലേയ്ക്ക് പോയില്ല. മുഹമ്മദിന്റെ (സ) നുബുവ്വത്ത് മുഹമ്മദിന്റെ (സ) അടുക്കൽതന്നെ നിലനിന്നിരിക്കുന്നു".

തന്റെ പദവി മുഹദ്ദസ് എന്ന സ്ഥാനത്തേയ്ക്കാൾ ഉയർന്നതാണെന്ന് വ്യക്തമാക്കിയ വാഗ്ദത്തമസീഹ് (അ) നുബുവ്വത്തിന് പുതിയ നിർവ്വചനം നൽകി. 1901 ന് ശേഷമുള്ള ഗ്രന്ഥങ്ങളിൽ ഇത് കാണപ്പെടുന്നു. വാഗ്ദത്തമസീഹ് (അ) നബിഎന്ന ശബ്ദത്തിന് പിന്നീട് നൽകിയ ഖണ്ഡിതമായ നിർവ്വചനങ്ങൾ ഇതാണ്:

1. "ദൈവത്തിന്റെ ഭാഷണം ഖണ്ഡിതവും ദൃഢവുമായ നിലയിൽ ധാരാളമായി ഇറങ്ങിക്കൊണ്ടിരിക്കുന്നത് ആരിലോ ആയാളാണ് എന്റെ പക്കൽ നബി. അതുകൊണ്ട് അല്ലാഹു എന്റെ പേർ നബി എന്നു വെച്ചു; പക്ഷെ ശരീഅത്തില്ലാതെ" (തജല്ലിയാത്തെ ഇലാഹിയ്യ).

2. "ആ നേരിട്ടുള്ള സംസാരം അവസ്ഥയിലും ആധിക്യത്തിലും പരിപൂർണ്ണതയുടെ പരമോന്നതസ്ഥാനത്തെത്തുകയും അതിന്റെ യാതൊരു അപാകതയും കുറവും അവശേഷിക്കാതിരിക്കുകയും തുറന്നനിലയിൽ പരോക്ഷജ്ഞാനം ഉൾക്കൊണ്ടിരിക്കുകയും ആണെങ്കിൽ ഇതുതന്നെയാണ് വാഗന്തരേണ നബുവ്വത്ത് എന്ന പേരിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്". (അൽവസിയ്യത്ത്, പു. 11).

3. "വഹ്യ് മുഖേന അല്ലാഹുവിൽനിന്ന് വിവരം ലഭിക്കുന്ന ആൾ, ദൈവവുമായി നേരിട്ടു സംസാരിക്കുന്നതിന് അനുഗ്രഹി

ക്കപ്പെട്ട ആൾ എന്നിങ്ങനെ മാത്രമാണ് നബിയുടെ അർത്ഥം. ശരീഅത്ത് കൊണ്ടുവരുന്നത് നിർബന്ധമല്ല. ഒരു ഉമ്മത്തിയെ അത്തരത്തിൽ പ്രവാചകനായി കരുതുന്നതിന് എന്തെങ്കിലും നിബന്ധന അനുപേക്ഷണീയമായിരിക്കുന്നില്ല. ആ ഉമ്മത്തി താൻ അനുസരിക്കുന്ന നബിയിൽനിന്ന് അനുഗ്രഹം തേടുന്ന ആളായിരിക്കുമ്പോൾ പ്രത്യേകിച്ചും". (സമീമ ബറാഹീൻ അഹ്മദിയ്യ, പു. 138).

4. "ദൈവത്തിൽനിന്ന് പരോക്ഷകാര്യങ്ങളിൽ അധിഷ്ഠിതമായതും ശക്തിമത്തായ പ്രവചനങ്ങൾ അടങ്ങിയതുമായ ഭാഷണം ജനങ്ങളിൽ എത്തിയ്ക്കുന്ന ആൾ ഇസ്ലാമിക സാങ്കേതിക വീക്ഷണപ്രകാരം നബി എന്ന് പറയപ്പെടുന്നു". (ഹുജ്ജത്തുല്ലാഹ്, പു. 6)

പുതിയ ഒരു ശരീഅത്ത് കൊണ്ടുവരുന്ന ആളോ മുൻശരീഅത്തിലെ ചില കൽപനകൾ റദ്ദാക്കുന്ന ആളോ ആണ് നബിയെന്നും ആ ആൾ മറ്റൊരു നബിയുടെ പിന്തുടർച്ചക്കാരനോ അനുസാരിയോ അല്ലാത്തനിലയിൽ നേരിട്ടു ദൈവത്തിൽനിന്ന് നിയോഗിക്കപ്പെടുന്ന ആളായിരിക്കണമെന്നും ഉള്ളതായിരിന്നു നബിയെക്കുറിച്ചുള്ള പൂർവ്വധാരണ. ആകയാൽ, താൻ നബി ആണെന്ന് വാദിക്കുമ്പോൾ ഇസ്ലാംശരീഅത്തിനുശേഷം പുതിയ ശരീഅത്ത് കൊണ്ടുവന്ന ആളോ മുഹമ്മദ്നബി (സ) തിരുമേനിയുടെ പിൻതുടർച്ചയും അനുസരണവുമായി ബന്ധമില്ലാത്ത സ്വതന്ത്രനായ നബിയോ ആണെന്ന് ധരിക്കാനിടയുണ്ടെന്നതിനാലാണ് ആ മഹാത്മാവ് താൻ നബിയല്ലെന്ന് നിഷേധിച്ചുപോന്നത്. എന്നാൽ, മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രാദുർഭാവത്തിനുശേഷം ഒരു പുതിയതരത്തിലുള്ള ശിഷ്യപ്രവാചകന്റെ – ഉമ്മത്തീനബിയുടെ – തസ്തികകൂടി സൃഷ്ടിക്കപ്പെട്ടിരിക്കയാണെന്നും ആ അടിസ്ഥാനത്തിൽ അവിടുന്ന് ഇസ്ലാം ശരീഅത്തിന്റെ ഇഖാമത്തിന്നായുള്ള ഉമ്മത്തീനബിയും, തിരുനബിയുടെ പ്രതിച്ഛായയും പ്രതീകവുമായ ശിഷ്യപ്രവാചകനുമായി നിയോഗിക്കപ്പെട്ടിരിക്കയാണെന്നും ദിവ്യബോധനത്തിലൂടെ വ്യക്തമാക്കപ്പെട്ടപ്പോൾ അപ്രകാരം പ്രഖ്യാപിക്കാനും ഘോഷിക്കാനും

അവിടുന്ന് ലവലേശവും മടിക്കുകയുണ്ടായില്ല. അക്കാര്യത്തിൽ പിന്നെ മുഴുവൻ ലോകത്തിന്റെയും എതിർപ്പുകളെ ഒറ്റയ്ക്ക് നേരിടാനുള്ള നെഞ്ഞൂക്കും നിശ്ചയദാർഢ്യവും പ്രദർശിപ്പിക്കുവാൻ അദ്ദേഹം തയ്യാറായി. താൻ നബിയും റസൂലുമാണെന്ന് എവിടെയെല്ലാം പറയുമോ അവിടെയെല്ലാം അതോടൊപ്പംതന്നെ തനിയ്ക്കീ പദവി ലഭിച്ചത് തന്റെ ഗുരുവര്യനായ മുഹമ്മദ്നബി (സ) തിരുമേനിയോടുള്ള അനുസരണം വഴി സിദ്ധിച്ച അനുഗ്രഹത്തിലൂടെയാണെന്നുകൂടി ആവർത്തിച്ചു ഊന്നിപ്പറയാൻ അവിടുന്ന് ബദ്ധപ്പെടുകയും ചെയ്യുമായിരുന്നു.

1906-ൽ പ്രസിദ്ധപ്പെടുത്തിയ 'ഹക്കീക്കത്തുൽ വഹ്യ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:

"ധാരാളം ദൈവികവഹ്യുകളുടെയും പരോക്ഷകാര്യങ്ങളുടെയും ആ ഘടകത്തെ സംബന്ധിച്ചിടത്തോളം ഈ ഉമ്മത്തിൽ ഞാൻ മാത്രമാണ് ഒരു പ്രത്യേക വ്യക്തി. എനിക്ക് മുമ്പ് ഈ ഉമ്മത്തിൽ എത്രത്തോളം ഔലിയാക്കളും 'അബ്ദാലു'കളും 'അഖ്താബു'കളും കഴിഞ്ഞു കടന്നിട്ടുണ്ടോ അവർക്കൊന്നും ഈ അനുഗ്രഹത്തിന്റെ വർദ്ധിതഭാഗം പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. ഈ കാരണത്താൽ നബി എന്ന പേരിൽ ഞാൻ മാത്രം പ്രത്യേകപ്പെടുത്തപ്പെട്ടു. മറ്റുള്ളവർ ആരുംതന്നെ ഇതിന് അവകാശികളായില്ല. എന്തുകൊണ്ടെന്നാൽ ധാരാളം വഹ്യുകളും ധാരാളം പരോക്ഷകാര്യങ്ങളും ലഭിക്കണമെന്നതു ഇതിലെ ഒരു നിബന്ധനയായിരുന്നു. ഈ നിബന്ധന അവരിലൊന്നും പൂർത്തിയായി കാണപ്പെടുന്നില്ല. തിരുനബിയുടെ പ്രവചനം വ്യക്തമായി പുലരുന്നതിന് അപ്രകാരം ആവേണ്ടത് അനിവാര്യമായിരുന്നു. എനിക്ക് മുമ്പ് കഴിഞ്ഞ് കടന്ന സ്വാലിഹീങ്ങളും ദൈവവുമായുള്ള ആഭിമുഖ്യത്തിലും ദൈവീകഭാഷണത്തിലും പരോക്ഷകാര്യങ്ങളിലും അതേതരത്തിൽ അനുഗ്രഹ പങ്കാളികളായിരുന്നെങ്കിൽ അവരും നബിയെന്ന് പറയുന്നതിൽ അവകാശികളാകുമായിരുന്നു. അതോടൊപ്പം തിരുനബിയുടെ പ്രവചനപൂർത്തിയിൽ ഒരു വൈകല്യം സംഭവിക്കുകയും ചെയ്യുമായിരുന്നു. ഈ ദൈവീകനിശ്ചയം ഈ വന്ദ്യാത്മാക്കളെ പൂർണ്ണാനുഗ്രഹലബ്ധിയിൽനിന്ന് തടഞ്ഞ്

നിറുത്തി സഹീഹായ ഹദീസുകളിൽ പറയപ്പെട്ടപ്രകാരം അത്തരം അനുഗൃഹീതാത്മാവ് ഒരാൾ മാത്രമായിരിക്കണമെന്ന പ്രവചനം നിറവേറാൻ വേണ്ടിത്തന്നെ" (ഹക്കീക്കത്തുൽവഹ്യ്, പു. 391).

ഇത്രയും വ്യക്തമായതരത്തിൽ തന്റെ നബൂവത്ത് തെളിയിച്ചുകാട്ടിയ ശേഷം തന്റെ ഒടുവിലത്തെ പ്രധാനഗ്രന്ഥമായ 'ചശ്മയെ മഅ്രിഫ'യിൽ (1907) ഇങ്ങനെയും എഴുതി:

"ഞാൻ ദൈവത്തിൽനിന്നുള്ളവനാണെന്നുള്ള സത്യം സ്ഥാപിച്ചു കാട്ടുന്നതിന് വേണ്ടി ഇത്രയേറെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ദൈവം വെളിപ്പെടുത്തുകയുണ്ടായി. അവ ഒരായിരം നബിമാരിൽ വീതിച്ചു നൽകപ്പെട്ടിരുന്നുവെങ്കിൽ അവർ ഓരോരുത്തരുടേയും നബൂവ്വത്ത് സ്ഥാപിക്കപ്പെടുമായിരുന്നു" (ചശ്മയെ മഅ്രിഫ, പു. 317).

ഒടുവിലായി, ചരമംപ്രാപിക്കുന്നതിന്ന് ഒരു ദിവസം മുമ്പ് മാത്രം 'അഖ്ബാറെ ആം' എന്ന പ്രസിദ്ധ പത്രത്തിൽ താൻ നുബൂവ്വത്ത് വാദം ഉപേക്ഷിച്ചുവെന്ന കള്ളവാർത്ത കണ്ടപ്പോൾ, വാർത്ത നിഷേധിച്ചുകൊണ്ടും താൻ നബിതന്നെയാണെന്ന കാര്യം ഊന്നിയുറപ്പിച്ചുകൊണ്ടും ഒരു പ്രസ്താവന പുറപ്പെടുവിക്കയും താൻ അവസാന നിമിഷംവരെയും നുബൂവ്വത്ത് വാദത്തിൽ ഉറച്ച് നിന്നിട്ടുണ്ടെന്ന് തെളിയിച്ച് കാട്ടുകയും ചെയ്തു.

60 – മാനനഷ്ടക്കേസ്സ്

പീർ മെഹർ അലീശാ ഗോൾഡവി, മൗലവി മുഹമ്മദ് ഹസൻ സാഹിബ് ഫൈസി ഭീനിയുടെ കുറിപ്പുകളിൽനിന്ന് ആശയചോരണം (Plagiarism) നടത്തിക്കൊണ്ട് 'സെയിഫ് ചിശ്ത്തിയായി' എന്ന പുസ്തകം രചിക്കുകയും അതിൽ മൗലവി മുഹമ്മദ് ഹസൻ ഭീനിയുടെ പുസ്തകത്തിന്റെ റഫറൻസ് കാണിക്കാതിരിക്കുകയും ചെയ്തിരുന്നതു വലിയ ചർച്ചാവിഷയമായിട്ടുണ്ടായിരുന്നു വല്ലോ.* ഭീൻകാരനായ മൌലവി കറംദീൻ എന്ന

* 'ഹസ്രത്ത് അഹ്മദ് (അ)' ഒന്നാം ഭാഗത്തെ 'ഒരു പീറിന്റെ പതനം', 'ഇജ്ജാസുൽ മസീഹ്' എന്നീ തലക്കെട്ടുകളിലുള്ള അദ്ധ്യായങ്ങൾ നോക്കുക.

യാൾ വാഗ്ദത്ത മസ്യീഹിന്നും ഹക്കീം ഫസ്ലുദ്ദീൻ സാഹിബിന്നും ഈ വിവരം വച്ചു കത്തുകളയക്കുകയും ഇതിലേയ്ക്ക് തെളിവായി പീർസാഹിബ് ഗോൾഡയിൽനിന്നു അദ്ദേഹത്തിന്ന യച്ച ഒരു കാർഡ് വാഗ്ദത്തമസീഹിന്നു അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. മുഹമ്മദ് ഹസന്റെ നോട്ടുകളാണ് പീർസാഹിബ് തന്റെ പുസ്തകത്തിൽ ചേർത്തിരിക്കുന്നതെന്ന് അതിൽ വ്യക്തമാക്കിയിരുന്നു.

ഇതു സംബന്ധിച്ചു നടന്ന കത്തെടപാടുകൾ–ഹസ്രത്ത് അഹ്മദ് (അ), ഹസ്രത്ത് മൌലവി അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി, മൌലവി ഫസലുദ്ദീൻ സാഹിബ് ഭേരവി, എന്നിവർക്ക് മൌലവി കറംദ്ദീനും മിയാൻ ശിഹാബുദ്ദീനും അയച്ച കത്തുകൾ–അൽഹക്കം, പത്രാധിപർ ശേഖ് യഅ്ഖൂബ് അലി സാഹിബ് തന്റെ പത്രത്തിൽ (17–9–1902) പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ കത്തെടപാടുകൾ മൌലവി കറംദീനെ വലിയ വിഷമത്തിലാക്കി. ഈ കത്തെടപാടുകളിലൂടെ വെളിച്ചത്തു വന്ന വസ്തുതകൾ പീർ മെഹർ അലിശാ സാഹിബ് ഗോൾഡവിയുടെ മുരീദന്മാരെ വലുതായ ആശയക്കുഴപ്പത്തിലുമാക്കിയിരുന്നു. പീർസാഹിബിന്റെ മുരീദന്മാരുടെ മുമ്പിൽ ഇപ്പോൾ നല്ലപിള്ള ചമയുന്നതിന്നായി അവരെ ആശ്വസിപ്പിക്കാനെന്നോണം ഝലമിലെ 'സിറാജുൽ അഖ്ബാർ' എന്ന പത്രത്തിൽ (6–10–1902) മിർസാ സാഹിബുമായി താൻ യാതൊരു കത്തെടപാടും നടത്തീട്ടില്ലെന്നും കത്തുകൾ കൃത്രിമമാണെന്നും ഒരു ചെറിയ കുട്ടിയുടെ കൈപ്പടയിൽ എഴുതിച്ച വരികൾ മുഖേന തെറ്റിദ്ധരിപ്പിച്ചു മിർസാ സാഹിബിന്റെ മുൽഹം (വെളിപാടു സിദ്ധിക്കുന്ന ആൾ) വാദത്തെ പരീക്ഷിക്കുകയായിരുന്നു താനെന്നും കാണിച്ചു മൌലവി കറംദീൻ ഒരു വിശദീകരണക്കുറിപ്പ് പ്രസിദ്ധപ്പെടുത്തി. ഇതിനെ തുടർന്ന് അയാൾതന്നെ ഝലമിൽ ലാലാ സൻസാർചന്ദിന്റെ കോടതിയിൽ ഹസ്രത്ത് അഹ്മദിന്നെതിരെ ഒരു മാനനഷ്ടക്കേസ്സും ഫയൽ ചെയ്കയുണ്ടായി.

ഈ കേസ്സ് ഉടലെടുക്കുന്നതിന്നു ഏതാണ്ട് ഒരു കൊല്ലം മുമ്പുതന്നെ "ലയീം" (നീചൻ) ആയ ഒരു മനുഷ്യൻ തനിക്ക് മാന

ഹാനി വരുത്താൻ ശ്രമിക്കുമെന്നും എന്നാൽ, അയാൾ ആ ശ്രമത്തിൽ പരാജിതനും നിരാശനുമായിത്തീരുമെന്നും അറിയിച്ചുകൊണ്ടുള്ള ദിവ്യസ്വപ്നങ്ങൾ ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് ദൃശ്യമാക്കപ്പെട്ടിരുന്നു. കേസ്സുകൊടുത്ത അവസരത്തിൽ ഹസ്റത്ത് അഹ്മദ് (അ) 'മവാഹിബുർറഹ്മാൻ' എന്ന പേരിൽ ഒരു അറബിഗ്രന്ഥം രചിച്ചുകൊണ്ടിരിക്കുകയായിരുന്നു. കേസ്സ് ആവശ്യാർത്ഥം ഝലമിലേയ്ക്ക് പോകുന്നതിന്നുമുമ്പ്തന്നെ കേസ്സിന്റെ ഫലപരിണതിയെപറ്റിയുള്ള പ്രവചനമെന്നോണം ഈ സ്വപ്നങ്ങളെയും വെളിപാടുകളേയും കുറിച്ച് 'മവാഹിബുർറഹ്മാൻ' എന്ന പ്രസ്തുത ഗ്രന്ഥത്തിൽതന്നെ പ്രതിപാദിക്കുവാൻ വാഗ്ദത്തമസീഹ്(അ) തീരുമാനിച്ചു.

"ഒരു നീചൻ (ലയീം) ആയ മനുഷ്യനെപറ്റിയും അയാളുടെ കൊടുംകറ്റുകെട്ടിനെകുറിച്ചും (ബുഹ്താൻ അസീം) അല്ലാഹു എനിയ്ക്ക് മുന്നറിയിപ്പ് നൽകുകയുണ്ടായി. ഇയാൾ എന്നെ മാനം കെടുത്താൻ ശ്രമിക്കുമെന്നു അല്ലാഹു വഹ്യ്മുഖേന അറിയിക്കുകയും എന്നെ ലക്ഷ്യമാക്കി അയാൾ ചെയ്തെന്തോ അതിന്നു അയാൾതന്നെ കുറിയായിത്തീരുമെന്ന് അല്ലാഹു മൂന്നു സ്വപ്നങ്ങൾ വഴി എനിയ്ക്ക് ബോധനം നൽകുകയും ചെയ്തു. സ്വപ്നത്തിൽതന്നെ അല്ലാഹു വെളിപ്പെടുത്തിത്തന്നു, ഈ ശത്രു മൂന്നു സഹായികളെ തന്റെ വിജയത്തിന്നുവേണ്ടി നിയോഗിക്കുമെന്നും ഏതെങ്കിലും പ്രകാരത്തിൽ എന്നെ എളിമയിലാക്കി എനിയ്ക്കു ദുഖം വരുത്തിവെക്കാൻ ശ്രമിക്കുമെന്നും! ഞാൻ ഏതോ കോടതിയിൽ പിടിക്കപ്പെട്ടനിലയിൽ ഹാജരാക്കപ്പെടുന്നതായി ഒരു സ്വപ്നത്തിൽ ഞാൻ കണ്ടു. ഇതിന്റെ ഒടുപുലർച്ച കുറച്ചുകഴിഞ്ഞിട്ടായാലും എന്റെ മോചനമായിരിക്കുമെന്നും ഈ 'കദ്ദാ'ബും 'മുഹീനു'മായ ശത്രുവിൽനിന്നുള്ള 'ബലാ' റദ്ദാക്കപ്പെടുമെന്നും അല്ലാഹു അറിയിച്ചിരുന്നു. അങ്ങിനെ ഈ എല്ലാ സ്വപ്നങ്ങളും ഇൽഹാമുകളും സംഭവത്തിനുമുമ്പുതന്നെ ഞാൻ പ്രസിദ്ധപ്പെടുത്തി. 'അൽഹക്കം', 'അൽബദ്ർ' എന്നീപേരുകളുള്ള പത്രങ്ങളിലാണ് ഞാനിത് പ്രസിദ്ധപ്പെടുത്തിയത്. അങ്ങിനെ കൊല്ലം ഒന്നുകഴിഞ്ഞപ്പോൾ ഈ

നിശ്ചിതസംഭവം കറംദീന്റെ കൈക്ക് വെളിയ്ക്ക് വന്നിരിക്കുന്നു. എന്നുവച്ചാൽ: അയാൾ മുഖേന എന്റെ പേരിൽ ഒരു ക്രിമിനൽകേസ്സ് ഫയലാക്കപ്പെട്ടു. ഈ കേസ്സുകളിൽനിന്നുള്ള എന്റെ മോചനം സംബന്ധിച്ചുള്ളതും ഒടുവിൽ അയാൾതന്നെ ശിക്ഷാർഹനായിത്തീരുന്നതുമായ ഭാഗം അടുത്തുതന്നെ പുലരുമാറാകും;" (മവാഹിബുർറഹ്മാൻ, അറബി പു. 129–130; മലയാള തർജുമ. പു. 105, ഹഖീഖത്തുൽ വഹ്യ്, പു. 215),

വാഗ്ദത്ത മസീഹിനെതിരെ ക്രിമിനൽകേസ്സ് ഫയൽചെയ്യപ്പെട്ടപ്പോൾ ശത്രുപത്രങ്ങൾ അങ്ങേയറ്റം ആഹ്ലാദം പ്രകടിപ്പിച്ചുതുടങ്ങി. ലാഹൗറിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'പഞ്ചാബ് സമാചാർ' എന്ന ആര്യപത്രം ഇപ്രകാരം എഴുതി: "മിർസാ ഖാദിയാനിയുടെ പേരിൽ കേസ്സ് ആയിരിക്കുന്നു. അദ്ദേഹത്തിന്റെ എഴുത്തു പഠിച്ചറിഞ്ഞേടത്തോളം രാജ്യത്തിന്നു ഒരു പ്രകാരത്തിലും പ്രയോജനകരമല്ല. മറിച്ചു, അനേകരെ വേദനിപ്പിക്കുന്ന തരത്തിലുള്ളതാണ്. ഈ കേസ്സ് ശരിയായിട്ടുള്ളതാണെന്ന് കോടതിക്ക് മനസ്സിലായാൽ പാഠം പഠിക്കത്തക്ക ശിക്ഷ അദ്ദേഹത്തിന്നു നൽകുന്നത് നന്നായിരിക്കും. എന്നാൽ മാത്രമെ ഇത്തരം ആളുകളിൽനിന്നു രാജ്യത്തെ ശുദ്ധീകരിക്കാനാവുകയുള്ളു. അത് നാട്ടിന്നും സർക്കാരിന്നും ഗുണകരമായിരിക്കുകയും ചെയ്യും". (Quoted– അൽഹക്കം, 31–1–1903)

കേസ്സ് 1903 ജനുവരി 17–ന് ആണ് വിചാരണയ്ക്ക് വച്ചിരുന്നത്. ജനുവരി 15–ന് വാഗ്ദത്തമസീഹ് ഝലം യാത്രയ്ക്കു പുറപ്പെട്ടു. ഇതിനിടയിൽതന്നെ ഈ കേസ്സിന്റെ ഒടുപുലർച്ചയെ സംബന്ധിച്ച പ്രവചനമടങ്ങിയ 'മവാഹിബുർറഹ്മാൻ' എന്ന പുസ്തകത്തിന്റെ പ്രതികൾ അച്ചടിച്ചു തയ്യാറാക്കിക്കഴിഞ്ഞിരുന്നു.

ജനുവരി 15–ന് ഉച്ചതിരിഞ്ഞു 3 മണിക്ക് വാഗ്ദത്ത മസീഹ് ഖുദ്ദാമിനോടൊപ്പം പുറപ്പെട്ടു. 8 മണി കഴിഞ്ഞാണ് ട്രെയിൻ അമൃത്സറിലെത്തിയത്. അമൃത്സരിൽ അഹ്മദികളും അനുഭാവികളും മറ്റുമായ ഒരു വലിയ ജനക്കൂട്ടം സ്റ്റേഷനിൽ സ്വീകരിക്കാനെത്തിയിരുന്നു. ഇംഗ്ലണ്ടിൽ നിന്നു വരികയായിരുന്ന ഒരു

ഇംഗ്ലീഷ് ജനറലും ഭാര്യ ഇംഗ്ലീഷ് വനിതയും ജനക്കൂട്ടത്തെ കണ്ടു അത്ഭുതപ്പെട്ടു. ഈ ഇംഗ്ലീഷുകാരി എന്താണ് കാര്യമെന്നറിയാൻ തെരക്കി. ആരാണ് അതെന്നു അവർ ഹസ്രത്ത് മിഅ്റാജുദ്ദീൻ ഉമർ സാഹിബിനോട് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു, "അതു യേശു മിശിഹാ ആണ്. രണ്ടാം നിയോഗത്തിൽ വന്നിരിക്കുന്നു!" ആ സ്ത്രീ അടുത്തു ചെന്നു ഫോട്ടോ എടുത്തു.

വണ്ടി ലാഹൗരിലെത്തിയപ്പോൾ അവിടെ വച്ച് വാഗ്ദത്തമസീഹിന്നു ഒരു വെളിപാടുണ്ടായി. അതിപ്രകാരമായിരുന്നു:

أُرِيكَ بَرَكَاتٍ مِنْ كُلِّ طَرَفٍ

"എല്ലാ ദിശകളിൽനിന്നും നിനയ്ക്കുവേണ്ടി ഞാൻ അനുഗ്രഹങ്ങൾ കാണിക്കും" (അൽഹക്കം, 31-1-1903)*

ഈ വെളിപാട് അപ്പോൾതന്നെ അവിടെ കൂടിയവരെയെല്ലാം അറിയിച്ചു. രാത്രി ലാഹൗറിൽതന്നെയാണ് തങ്ങിയിരുന്നത്. ജനുവരി 16 നു ലാഹൗറിൽനിന്നു റയിൽവഴി ഝലമിലേയ്ക്ക് പുറപ്പെട്ടു. ഗുജ്റൻവാല, വസീറാബാദ്, ലാലുമൂസ്സ തുടങ്ങിയ സ്റ്റേഷനുകളിലെല്ലാം ഭക്തജനങ്ങളും ബഹുജനങ്ങളും വാഗ്ദത്തമസീഹിന്റെ തിരുമുഖം ദർശിക്കുന്നതിന്നു തടിച്ചുകൂടി. വണ്ടി ഒരോ സ്റ്റേഷനിൽ നിൽക്കുമ്പോഴും ആൾകൂട്ടത്തെ കണ്ടമ്പരന്ന മേൽപറഞ്ഞ ഇംഗ്ലീഷു ദമ്പതിമാർ സ്റ്റേഷനിൽ ഇറങ്ങി പടമെടുക്കാൻ പാടുപെട്ടുകൊണ്ടിരുന്നു. ഗുജ്റാത്ത് സ്റ്റേഷനിലെത്തിയപ്പോൾ അവിടെ തഹസിൽദാർ ആയ ചൌദ്ദരി നവ്വാബ് ഖാൻസാഹിബ് വാഗ്ദത്ത മസീഹിനെയും പരിവാരത്തെയും സൽക്കരിച്ചു. 2 മണിയ്ക്കാണ് വണ്ടി ഝലം സ്റ്റേഷനിലെത്തിയത്. ഝലം റയിൽവെ സ്റ്റേഷനിലും പുറത്തും വമ്പിച്ച ജനാവലി തടിച്ചുകൂടിയിരുന്നു. വാഗ്ദത്ത മസീഹ് വളരെ പ്രയാസപ്പെട്ടാണ് സ്റ്റേഷനിൽനിന്ന് പുറത്തേക്ക് കടന്നത്. വാഗ്ദത്ത മസീഹിനെ ഒരു നോക്കുകാണാൻ ഝലം റോഡുകളിൽ ഇരുപുറവും കെട്ടിടങ്ങളിലെ മട്ടുപ്പാവുകളിലും വൃക്ഷശിഖരങ്ങളിലും ജനങ്ങൾ

* I shall show thee My blessings from every side (Tadhkirah, Eng. P. 261)

തിങ്ങിക്കൂടിയിരുന്നു. ഝലമിലെ റയീസ് അഅ്സം ആയിരുന്ന സർദാർ ഹരീസിംഗിന്റെ ബംഗ്ലാവിലാണ് വാഗ്ദത്ത മസീഹിന്ന് താമസിക്കാൻ ഏർപ്പാട് ചെയ്തിരുന്നത്. ഝലം നദിയുടെ കരയിലാണ് ഈ ബംഗ്ലാവ് സ്ഥിതിചെയ്തിരുന്നത്. ബംഗ്ലാവിന്ന് പുറത്ത് ഏറെ നേരം ജനം ദർശനത്തിന്ന് കാത്തുനിന്നിരുന്നതിനാൽ ഝലം തഹ്സിൽദാറായിരുന്ന ഗുലാം ഹൈദർഖാന്റെ (ഇദ്ദേഹം കേപ്റ്റൻ ഡഗ്ളസിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു) അപേക്ഷ അനുസരിച്ച് വാഗ്ദത്ത മസീഹ് ബംഗ്ലാവിന്റെ മുകളിൽ ബാൽകണിയിൽ അൽപനേരം കസേരയിൽ ഉപവിഷ്ടനായിരുന്നു. മൂന്നു ദിവസം വരെ ഹസ്രത്ത് അഹ്മദ്(അ) ഝലമിൽതന്നെ പാർക്കുകയുണ്ടായി.

ജനുവരി 17-ാം തീയ്യതിയായിരുന്നു കേസ്സ്. വാഗ്ദത്ത മസീഹ് (അ) കോടതിവളപ്പിൽ വൃക്ഷച്ചോട്ടിൽ കസേരയിൽ ഇരുന്നുകൊണ്ട് കാബൂളിലെ സാഹിബ്സാദാ അബ്ദുൽ ലത്തീഫ് സാഹിബുമായി പാർസിയിൽ സംഭാഷണം നടത്തിക്കൊണ്ടിരുന്നു. ചുറ്റും ഭക്തജനം ശ്രദ്ധിച്ച് കൊണ്ടിരുന്നു. ഒരു ശിഷ്യന്റെ അഭ്യർത്ഥനയനുസരിച്ച് ഉർദുവിൽ അല്പം ഉപദേശപ്രസംഗം അവിടെ വച്ചുതന്നെ നടത്തുകയുണ്ടായി. ഇതിനിടയിൽ കോടതി നടപടികൾ ആരംഭിച്ചതിനാൽ വാഗ്ദത്തമസീഹ്(അ) കോടതിമുറിയിലേക്ക് പ്രവേശിച്ചു. അവിടുത്തെ അനിതരസാധാരണമായ വ്യക്തിപ്രഭാവത്തിൽ അത്യന്തം ആകൃഷ്ടനായ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ് ലാലാ സൻസാർചന്ദ് തന്റെ ഇരിപ്പിടത്തിൽനിന്നും എഴുന്നേറ്റു നിന്നുപോയി!

ഹസ്രത്ത് അഹ്മദ്(അ), ശയ്ക്ക് യഅ്കൂബ് അലിസാഹിബ്, ഹക്കീം മൗലവി ഫസലുദ്ദീൻ സാഹിബ് ഭേരവി എന്നിവർക്കെതിരായിട്ടാണ് കേസ്സ് ഫയൽ ചെയ്തിരുന്നത്. വാഗ്ദത്ത മസീഹിന്ന് എതിരായ ആരോപണം അദ്ദേഹം 'നുസൂലുൽ മസീഹ്', എന്ന തന്റെ ഗ്രന്ഥത്തിൽ മുഹമ്മദ്ഹസൻ ഫൈസി ഭീനിയെ പറ്റി ആക്ഷേപകരമായ പദങ്ങൾ ഉപയോഗിച്ചു എന്നതായിരുന്നു. 'നുസൂലുൽമസീഹ്' എന്ന ഗ്രന്ഥം ഇനിയും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഓർക്കേണ്ടതുണ്ട്.

'നുസൂലുൽ മസീ'ഹിന്റെ അച്ചടിച്ച പേജുകൾ മൗലവി കറംദീൻ ആരോമുഖേന പ്രസ്സിൽനിന്ന് കട്ടെടുത്ത് കേസ്സിന്നാസ്പദമായ രേഖയായി കോടതിയിൽ ഹാജരാക്കുകയായിരുന്നു. കറംദീന്റെ കത്തുകൾ അദ്ദേഹത്തിന്റെ സമ്മതമില്ലാതെ അൽഹക്കം എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയെന്നതായിരുന്നു പത്രാധിപർ ശേഖ് യഅ്ക്കൂബ് അലി സാഹിബിന്റെ പേരിലുള്ള കേസ്സ്. പ്രിന്ററും പബ്ളിഷറും എന്ന നിലക്കാണ് മൗലവി ഫസ്ലുദ്ദീൻ സാഹിബിനെ കേസ്സിൽ പ്രതിയാക്കിയിരുന്നത്. ബാരിസ്റ്റർ ആർടിൻ, ഖാജാ കമാലുദ്ദീൻ സാഹിബ് ബി. എ. എൽ. എൽ. ബി. എന്നിവരായിരുന്നു ഹസ്രത്ത് മസീഹിന്റെ വക്കീലന്മാർ. മൗലവി മുഹമ്മദലി എം. എ. (പ്ലീഡർ ഗുർദാസ്പൂർ), ശേഖ് നൂർഅഹ്മദ് സാഹിബ് (പ്ലീഡർ അബ്ബട്ടബാദ്), മിയാൻ അസീസുദ്ദീൻ സാഹിബ് എന്നിവർ സഹായികളായും ഹാജരായി. മുഹമ്മദ്ഹസൻ ഫൈസിയുടെ ഭാര്യാസഹോദരൻ എന്ന നിലയ്ക്കാണ് മൌലവി ഈ മാനനഷ്ടക്കേസ്സ് ഫയലാക്കിയിരുന്നത്. മുഹമ്മദ് ഹസൻഫൈസി ഭീനിയുടെ വിധവയും പിതാവും മക്കളുമെല്ലാം ജീവിച്ചിരിക്കെ അദ്ദേഹത്തിന്നെതിരായ പരാമർശങ്ങളെ അടിസ്ഥാനമാക്കി കറംദീന് മാനനഷ്ടം ചോദിക്കാനുള്ള അവകാശമില്ലെന്നായിരുന്നു പ്രതിഭാഗത്തെ പ്രധാന വാദം. ഇത് സംബന്ധിച്ച് നീണ്ട വാദപ്രതിവാദം നടന്നുവെങ്കിലും അങ്ങിനെ അവകാശപ്പെടാവുന്നതാണെന്ന് തെളിയിക്കാനോ ഒരു മൂന്നുദാഹരണം എടുത്തുകാട്ടാനോ അന്യായഭാഗത്തിന് സാധിച്ചില്ല. കേസ്സ് 19 നു വിധിപറയാൻ വെച്ചുകൊണ്ട് കോടതി പിരിഞ്ഞു. വാഗ്ദത്തമസീഹും പരിവാരവും 18-ാം തീയ്യതി ഝലമിൽനിന്നും മടങ്ങി. ട്രെയിൻ കമേകെ മുരീദ്കെ സ്റ്റേഷനുകൾക്കിടയിലെത്തിയപ്പോൾ 'ആസറക്കല്ലാഹു അലാ കുല്ലി ശയ്യിൻ' (അല്ലാഹു മറ്റെല്ലാറ്റിനെക്കാളും നിന്നെ ഇഷ്ടപ്പെട്ടിരിക്കുന്നു) എന്ന് വെളിപാടുണ്ടായി.

ജനുവരി 19-നു മാനനഷ്ടകേസ്സ് തള്ളികൊണ്ട് ഝലം ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് സൻസാർചന്ദ് വിധിപുറപ്പെടുവിച്ചു. മുഹമ്മദ് ഹസൻ ഫൈസിയുടെ ചരമശേഷം അദ്ദേഹത്തിന്റെ വിധവയും പിതാവും മക്കളും ജീവിച്ചിരിക്കെ മാനനഷ്ടം ചോദി

ക്കാൻ മൗലവി കറംദീന് യാതൊരു അവകാശവുമില്ലെന്നായിരുന്നു വിധി!

തനിക്കുണ്ടായ വിജയവും പ്രവചനത്തിന്റെ അത്ഭുതകരമായ പുലർച്ചയും യാത്രയിൽ തനിക്ക് ലഭിച്ച അനുഗ്രഹങ്ങളും വിവരിച്ച് കൊണ്ട് ഹസ്രത്ത് അഹ്മദ്(അ) ഇപ്രകാരം പറഞ്ഞു:

"ഈ പ്രവചനം ഇപ്രകാരം പുലർന്നു. ഞാൻ ഝലമിലെത്തിയപ്പോൾ ഏതാണ്ട് 10,000 ത്തോളം ആളുകൾ എന്നെക്കാണാൻ വന്നിരുന്നു. ജനങ്ങൾ എന്റെ മുമ്പിൽ സാഷ്ടാംഗം ചെയ്യാൻ തയ്യാറാണെന്ന് തോന്നുമാറ് എല്ലാ വിനയഭാവങ്ങളോടും കൂടി റോഡുകളിൽ തിങ്ങിക്കൂടിയിരുന്നു. ജില്ലാകോടതിയിലെ ജനബാഹുല്യം കണ്ട് മജിസ്ട്രേറ്റുമാർ അമ്പരന്നു. 1100 പുരുഷൻമാരും, 200 സ്ത്രീകളും അവിടെവെച്ച് ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു. എന്റെപേരിൽ കറംദ്ദീൻ കൊടുത്ത കേസ്സ് തള്ളപ്പെട്ടു. അനേകം ആളുകൾ കാണിക്ക സമർപ്പിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്തുകൊണ്ട് തങ്ങളുടെ സദ്ഭാവനകളും പ്രീതിവിനയങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ എല്ലാപ്രകാരത്തിലും ദൈവാനുഗ്രഹങ്ങൾ വാരിക്കൂട്ടികൊണ്ട് ഞങ്ങൾ ഖാദിയാനിലേക്ക് മടങ്ങി. അങ്ങനെ ദൈവം ഈ പ്രവചനം (ഉരീക്ക ബറക്കാത്തിൻ മിൻകുല്ലി തറഫിൻ) വ്യക്തമായ നിലയിൽ പുലരുമാറാക്കി" (ഹഖീഖത്തുൽ വഹ്യ്. പു. 252).

അടിക്കുറിപ്പിൽ ഇപ്രകാരം കൂട്ടിച്ചേർത്തു:

'ലാഹോറിലേക്കുള്ള യാത്രയിൽ ഗുജ്റാൻവാല, വസീറാബാദ്, ഗുജറാത്ത് തുടങ്ങിയ സ്റ്റേഷനുകളിൽ അനേകം ആളുകൾ എന്നെക്കാണാൻ വന്നത് കാരണം അധികൃതർക്ക് ക്രമസമാധാനപാലനത്തിന്റെ പ്രശ്നം നേരിടേണ്ടിവന്നു. പ്ലാറ്റ്ഫോം ടിക്കറ്റെല്ലാം തീർന്നുപോയതിനാൽ ജനങ്ങൾ ടിക്കറ്റുകൾ ഇല്ലാതെയാണ് പ്ലാറ്റ്ഫോമിൽ തള്ളിക്കടന്നത്. ചിലയിടത്ത് സ്വീകരണത്തിന്ന് വന്ന ജനങ്ങളുടെ ബാഹുല്യം കാരണം അധികൃതർ തന്നെ ആളുകളെ സ്നേഹപൂർവ്വം വണ്ടിയിൽനിന്ന് തള്ളിനീക്കേണ്ടിവന്നു. ചിലയിടത്ത് ജനങ്ങൾ വണ്ടിയും പിടിച്ച് കുറേ

ദൂരം ഓടി. മരണംപോലും സംഭവിക്കാവുന്നവിധം അപകടസാധ്യത സൃഷ്ടിച്ച രംഗങ്ങളായിരുന്നു അത്. എന്റെ പ്രതികൂലികളായ വർത്തമാനപത്രങ്ങളിൽപോലും ഇതെല്ലാം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു"., (പു. 252)

'പഞ്ചയെഫൗലാദ്' എന്ന പത്രത്തിൽ ഇപ്രകാരം റിപ്പോർട്ട്:

"ജനുവരി 15-ാം തീയ്യതി ഉച്ചതിരിഞ്ഞ് ഝലമിൽ നിന്നുള്ള മടക്കത്തിൽ മിർസാ ഗുലാംഅഹ്മദ്സാഹിബ് ഖാദിയാനി വസീറാബാദിലെത്തി. അദ്ദേഹം നഗരത്തിൽ വരേണ്ടതുണ്ടായിരുന്നില്ല. വരുന്ന വിവരം ആരും അറിഞ്ഞിരുന്നുമില്ല. സ്റ്റേഷനിൽ ഏതാനും മിനുട്ട് മാത്രം കഴിച്ചുകൂട്ടുകയായിരുന്നു. എന്നിട്ടും റെയിൽവെ സ്റ്റേഷൻ പ്ലേറ്റ് ഫാറത്തിൽ പൂഴിഎറിഞ്ഞാൽ നിലത്ത് വീഴാത്ത വിധം ജനം തിങ്ങിക്കൂടിയിരുന്നു. സ്റ്റേഷൻമാസ്റ്റർ ഒരു സൽസ്വഭാവിയായിരുന്നു. അദ്ദേഹം പ്രത്യേകനിലയിൽ ജനങ്ങളോട് പെരുമാറിയിരുന്നില്ലെങ്കിൽ അനേകം പേർ ചതഞ്ഞു മരിക്കുമായിരുന്നു. മീർസാസാഹിബിനെ ഒരുനോക്കു കാണാൻ ഹിന്ദുക്കളും മുസ്ലിംകളും ഒരുപോലെ ആവേശത്തോടും ഒരേപോലുള്ള കതുഹലങ്ങളോടും കൂടിയാണ് കാണപ്പെട്ടിരുന്നത്".*

കേസ്സിൽ പരാജയം നേരിട്ടപ്പോൾ അപമാനിതനായിത്തീർന്ന മൗലവി കറംദീൻ സെഷൻകോടതിയിൽ അപ്പീൽ കൊടുത്തുവെങ്കിലും അതും തള്ളപ്പെടുകയാണുണ്ടായത്.

61 – വീണ്ടും കേസ്സുകൾ

മൗലവി കറംദീൻ ഹസ്രത്ത് അഹ്മദുൽഖാദിയാനിയേയും ഖാദിയാനിലെ 'സിയാഉൽ ഇസ്ലാം' പ്രസ്സ് ഉടമസ്ഥൻ ഹക്കീം ഫസലുദ്ദീൻ സാഹിബിനേയും പ്രതിചേർത്തു മറ്റൊരു ക്രിമിനൽകേസ്സ് ഐ, പി.സി. 500, 501, 502 വകുപ്പുകൾ പ്രകാരം ഝലം കോടതിയിൽ ബോധിപ്പിച്ചു. 'മവാഹിബുർറഹ്മാൻ' എന്ന

* Quoted, അൽഹക്കം, 31-1-1903, 'സീറത്തുൽ മഹ്ദി' പു. 2. 60, 70 നോക്കുക

കൃതിയിൽ ചേർത്ത 'കദ്ദാബ്' (മഹാകള്ളൻ) 'ലയീം' (നീചൻ) 'ബുഹ്താനുൻ അസീം' (ഭയങ്കരമായ കറ്റുകെട്ട്) എന്നീ പദപ്രയോഗങ്ങളെ മുൻനിർത്തിയായിരുന്നു ഈ മാനനഷ്ടക്കേസ്സ്.

1903 ജനുവരി 14 നു രണ്ടാംപ്രതി ഹക്കീം ഫസ്ലുർറഹ്മാൻ സാഹിബിന്റെ പ്രസ്സിൽനിന്നു അച്ചടിച്ചു പുറത്തിറക്കിയ 'മവാഹിബുർറഹ്മാൻ' എന്ന പുസ്തകത്തിന്റെ 129–ാം ഭാഗത്ത് ചേർത്തിട്ടുള്ള 'കദ്ദാബുൻമുഹീൻ' എന്ന വാക്ക് തന്നെകുറിച്ചാണ് ഉപയോഗിച്ചുള്ളത് എന്നും തിരുനബിയുടെ കൊടുംശത്രുവായിരുന്ന വലീദുബ്നു മുഗീറ എന്ന പ്രത്യേക ദുഷ്ടനെപറ്റി ഖുർആനിൽ പ്രയുക്തമായിട്ടുള്ള ശബ്ദമാണതെന്നും അപ്രകാരമൊരാളോട് തന്നെ സാദൃശ്യപ്പെടുത്തിപ്പറഞ്ഞത് തനിക്ക് അത്യധികമായ മനോവേദനയും മാനഹാനിയും വരുത്തിവെച്ചിരിക്കുന്നുവെന്നുമാണ് അന്യായത്തിൽ മൗലവി കറംദീൻ ബോധിപ്പിച്ചിരുന്നത്. (കോടതിയിൽനിന്ന് മുദ്രവെച്ച കേസ്സ് പകർപ്പ് ഖിലാഫത്ത് ലൈബ്രറിയിൽ സൂക്ഷിപ്പുണ്ട്).

കേസ്സ് സംബന്ധിച്ച സമ്മൺസ് 1903 ജനുവരി 31–ാം തീയ്യതി വാഗ്ദത്തമസീഹിന് ലഭിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമായിരുന്നു:

"ഇതു അവരുടെ ഭാഗത്ത്നിന്നുള്ള തുടക്കമാണ്. അവർക്കെതിരിൽ അല്ലാഹു എന്തെന്തെല്ലാം ആസൂത്രണങ്ങളാണ് സ്വീകരിക്കുകഎന്നു ആരറിഞ്ഞു? ഈ കേസ്സ് എനിക്ക് എതിരായിട്ടല്ല, അല്ലാഹുവിന്ന് എതിരാണെന്നാണ് മനസ്സിലാകുന്നത്. കേസ്സുണ്ടാക്കി തളർത്തിക്കളയാൻ അവർ ആഗ്രഹിക്കുന്നു..... ശക്തിമത്തായ ആക്രമണങ്ങളാൽ അല്ലാഹു സത്യം വെളിപ്പെടുത്തുമെന്ന് എനിക്കുറപ്പുണ്ട്. കൊലക്കേസ്സിന്റെ ദുരനുഭവങ്ങൾ അവശേഷിക്കാതിരിക്കാൻ ഇപ്പോൾ അവർ പൂർണ്ണമായ ശക്തികൾ പ്രയോഗിക്കും. ദൈവത്തിന്റെ ഭാഗത്ത്നിന്നു ഞാൻ സമർപ്പിക്കുന്ന ഈ കാര്യങ്ങളിലൊന്നും ഇവർക്ക് വിശ്വാസമുണ്ടാകുന്നില്ല. എന്നാൽ 'ഇക്ക്റാമൻ അജീബ' (അത്ഭുതകരമായ ബഹുമാനാദരങ്ങൾ) എപ്രകാരമാണ് സംഭവിക്കുന്നതെന്ന് അവർ കാണുമാറാകും" (അൽഹക്കം, ഫിബ്രവരി 14, 1903). തുടർന്ന് കേസ്സിന്റെ

വിജയത്തേയും ശത്രുക്കൾ നിരാശരായിത്തീരുന്നതിനേയും കുറിച്ചുള്ള വെളിപാടുകൾ അടിക്കടി ഉണ്ടായികൊണ്ടിരുന്നു. 'സഉകരിമുക ബഅ്ദ തൗഹീനക്ക' (നിന്റെ മാനക്ഷതത്തിനു ശേഷം ബഹുമാനം നൽകപ്പെടും) എന്ന വെളിപാട് 1903 ഓഗസ്റ്റ് 18 ന് ഉണ്ടായി. ഇതനുസരിച്ചു കേസ്സ്വിധി അനുകൂലമായിരിക്കില്ലെന്നും എന്നാൽ അന്തിമവിധിയിൽ ശത്രുക്കൾ എളിമയിലായിത്തീരുമെന്നും വ്യക്തമായിരുന്നു.

മൗലവി കറംദീൻ ഝലമിലെ 'സിറാജുൽ അഖ്ബാർ' എന്ന പത്രത്തിൽ എഴുതിയ ചില ലേഖനങ്ങളിൽ വാഗ്ദത്തമസീഹിന്റെ ഉന്നതസ്ഥാനത്തിന് ക്ഷതിയേൽപിക്കുന്ന പരാമർശങ്ങൾ നടത്തുകയും വാഗ്ദത്തമസീഹുമായി യാതൊരു കത്തിടപാടും താൻ നടത്തിയിട്ടില്ലെന്നും കത്തുകൾ കൃത്രിമമാണെന്നും മറ്റുമുള്ള കള്ളം തുറന്നെഴുതുകയുമുണ്ടായല്ലോ. ആകയാൽ ഇക്കാര്യത്തിൽ സത്യവസ്തുതകൾ പുറത്ത്വരുന്നതിന് മൗലവി കറംദീനെതിരെയും മാനനഷ്ടക്കേസ്സ് ഫയൽചെയ്യാൻ, അയാൾ സ്വയം പശ്ചാത്താപത്തിനു തയ്യാറില്ലെന്ന് ഉറപ്പ്വരുത്തിയശേഷം വാഗ്ദത്തമസീഹ് അനുമതി നൽകി. അങ്ങിനെ ഗുർദാസ്പൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ മൂന്ന് കേസ്സുകൾ ഫയൽചെയ്യപ്പെട്ടു.

1. 'സിറാജുൽ അഖ്ബാർ' എന്നപത്രത്തിൽ താൻ ഹസ്രത്ത് അഹ്മദുൽ ഖാദിയാനിക്ക് കത്തുകളൊന്നും അയച്ചിട്ടില്ലാ എന്നും ഇത് സംബന്ധിച്ച കത്തുകൾ കൃത്രിമങ്ങളാണെന്നും പറഞ്ഞത് നേരാണെങ്കിൽ വഞ്ചനകുറ്റത്തിന് നടപടികൾ എടുക്കണമെന്ന് കാണിച്ച് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് ഭേരവി കറംദീനെ പ്രതിചേർത്ത് ഫയൽചെയ്ത കേസ്സ്.

2. തന്റെ ഉടമസ്ഥതയിലുള്ള പ്രസ്സിൽനിന്നും അച്ചടിച്ചു പുറത്തിറക്കിയിട്ടില്ലാത്ത ഒരു പുസ്തകത്തിലെ പേജുകൾ കറംദീൻ കരസ്ഥമാക്കി കൈവശംവെച്ചു പോരുന്നത് കളവ്ചെയ്ത മുതലാണെന്ന്കാണിച്ചു കറംദ്ദീന്റെ പേരിൽ ഹക്കീം ഫസലുദ്ദീൻ സാഹിബ് കൊടുത്ത കേസ്സ്.

3. തനിക്ക് അപകീർത്തികരമായ പരാമർശങ്ങൾ 'സിറാജുൽ അഖ്ബാർ' എന്ന പത്രത്തിൽ കറംദ്ദീൻ എഴുതിയിട്ടുള്ളതി

നാൽ മാനനഷ്ടം നൽകണമെന്ന് കാണിച്ച് ശേഖ് യഅ്കൂബ് അലി സാഹിബ് മൗലവി കറംദ്ദീന്റെ പേരിൽ ഫയൽ ചെയ്ത കേസ്സ്. ഈ കേസ്സിൽ 'സിറാജുൽ അഖ്ബാർ' പത്രാധിപരും പ്രതിയായിരുന്നു.

മൗലവി കറംദ്ദീൻ ഫയൽചെയ്ത മാനനഷ്ടകേസ്സിനോടനുബന്ധിച്ച് നൽകിയ പ്രസ്താവനയിൽ താൻ സർകാർ തലത്തിൽ റജിസ്ട്രേഡ്മുല്ല ആണെന്നും ഹസ്രത്ത് അലിയുടെ സന്താനപരമ്പരയിൽ പെട്ട ആളാകയാൽ മുസ്ലിംസമൂഹത്തിൽ താൻ സമുന്നതസ്ഥാനം വഹിക്കുന്നുവെന്നും സർക്കാർതല സമ്മേളനങ്ങളിലും മുസ്ലിംസംഘടനകളുടെ സമ്മേളനങ്ങളിലും താൻ ഒന്നാംനമ്പ്രകാരനായി ക്ഷണിക്കപ്പെടാറുണ്ടെന്നും ബോധിപ്പിച്ചിരുന്നു. ബ്രിട്ടീഷ് രാജാവിന്റെ കോർണേഷനോടനുബന്ധിച്ച് ദൽഹിയിൽ നടന്ന ദർബാറിൽ താൻ ക്ഷണിക്കപ്പെട്ടിരുന്നുവെന്നും കൂട്ടത്തിൽ ബോധിപ്പിച്ചിരുന്നു. ഡിസംബർ 16 നു നടന്ന മൌലവി കറംദ്ദീന്റെ വിചാരണഘട്ടത്തിൽ തന്റെ വിശ്വാസങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) കോടതിക്ക് നൽകിയ പ്രത്യേകപ്രസ്താവനയിൽ യാതൊരു കലവറയും കൂടാതെ ഇപ്രകാരം വെട്ടിത്തുറന്ന് എഴുതിക്കൊടുത്തു:

"ഞാൻ, മിർസാ ഗുലാംഅഹ്മദ് മസീഹു മൗഊദും മഹ്ദീ മൗഹൂദും ഇമാമുസ്സമാനും കാലത്തിന്റെ മുജദ്ദിദും സില്ലിയായ നിലയിൽ റസൂലും നബിയും ആകുന്നു. എനിയ്ക്ക് അല്ലാഹുവിന്റെ വഹ്യ് ഇറങ്ങിക്കൊണ്ടിരിക്കുന്നു..... മസീഹു മൗഊദ് ഈ ഉമ്മത്തിൽ കഴിഞ്ഞുകടന്ന സകല ഔലിയാക്കന്മാരെയ്ക്കാളും ശ്രേഷ്ഠനാകുന്നു".

മൌലവി കറംദ്ദീൻ ഹസ്രത്ത് അഹ്മദി(അ) ന്റെയും ഫസ്ലുദ്ദീൻ സാഹിബിന്റെയും പേരിൽ ഫയൽ ചെയ്ത കേസ്സ് 1903 ജൂൺ 28 നു ഗുർദാസ്പൂർ ഒന്നാംക്ലാസ്സ് മജിസ്ത്രേട്ടിന്റെ കോടതിയിൽ വിചാരണയ്ക്ക് വന്നു. ഒരു ആര്യസമാജക്കാരനും കടുത്ത മുസ്ലിംവിരോധിയും പക്ഷപാതബുദ്ധിയും ആയ ലാലാ ചന്തുലാൽ ആയിരുന്നു മജിസ്ട്രേട്ട്. കേസ്സ് ഫയൽചെയ്തപ്പോൾ തന്നെ തികച്ചും ശത്രുതാമനോഭാവത്തോടെ പെരുമാറിത്തുടങ്ങിയ

മജിസ്ട്രേട്ട് എല്ലാ പ്രകാരത്തിലും ഹസ്രത്ത് അഹ്മദിനെ ബുദ്ധിമുട്ടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

കേസ്സുകളുടെ വിചാരണ ഝലമിൽ വച്ചു നടക്കണമെന്ന് മൌലവി കറംദീൻ ആഗ്രഹിച്ചു. കേസ്സ് വിചാരണ ഗുർദാസ്പൂരിൽവച്ചു നടക്കണമെന്നാണ് ഹസ്രത്ത് അഹ്മദ് (അ)ന്റെ ഇഷ്ടം. ഗുർദാസ്പൂരിൽനിന്ന് കേസ്സുകൾ ഝലം കോടതിയിലേക്ക് മാറ്റിക്കിട്ടാൻ ചീഫ് കോർട്ടിൽ മൌലവി കറംദീൻ അപേക്ഷ സമർപ്പിച്ചു. കോടതി മാറ്റിക്കിട്ടാൻ ശേഖ് യഅ്കൂബ് അലി സാഹിബും ഹക്കീം ഫസലുദ്ദീൻ സാഹിബും അപേക്ഷകൾ നൽകിയിരുന്നു. മൌലവി കറംദ്ദീന്റെ അപേക്ഷ തള്ളപ്പെടുകയും ശേഖ് സാഹിബിന്റെ ഹരജി സ്വീകരിക്കപ്പെടുകയും ആണുണ്ടായത്. അങ്ങനെ 1903 മെയ് 15 നു കേസ്സുകൾ ഗുർദാസ്പൂർ കോടതിയിൽ വിചാരണ ആരംഭിച്ചു. എല്ലാകേസ്സുകളും വഴിയ്ക്ക് വഴി നടന്നുകൊണ്ടിരുന്നു.

പീർ മെഹർഅലീ ശാ ഗോൾഡവി, താൻ പരേതനായ മുഹമ്മദ് ഹസൻ ഭീനിയുടെ നോട്ടുകളിൽനിന്ന് ചില ഭാഗങ്ങൾ സെയ്ഫ് ചിശ്തിയായി എന്ന തന്റെ പുസ്തകത്തിൽ പകർത്തീട്ടുണ്ടെന്നു മൌലവി കറംദ്ദീന് എഴുതിയതായി പറയുന്ന കത്ത് പീർസാഹിബ് എഴുതിയതു തന്നെയാണോ എന്നുള്ളതായിരുന്നു ഒന്നാമത്തെ കേസ്സിലെ പ്രധാന ഇഷ്യൂ. 1903 ജൂൺ 22 നു കോടതിയിൽ ഹാജരാവാൻ പീർസാഹിബിന് സമ്മൺസ് അയച്ചുവെങ്കിലും അദ്ദേഹം അതു കൈപ്പറ്റാതെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി ഒഴിഞ്ഞു മാറിക്കളഞ്ഞു. പലതവണ സമ്മൺസ് അയച്ചുവെങ്കിലും ഒഴികഴിവുകൾ പറഞ്ഞു അദ്ദേഹം തടിതപ്പുകയാണ് ചെയ്തത്. സാക്ഷ്യം മറച്ചു പിടിക്കാൻ പാടില്ലെന്നും അതു കുറ്റകരമാണെന്നുമുള്ള ഖുർആന്റെ അനുശാസനയെ ഇതുമുഖേന പീർസാഹിബ് ധിക്കരിക്കുകയായിരുന്നു!

ഈ പരിതസ്ഥിതിയിൽ വഞ്ചനക്കേസ്സിൽനിന്നു രക്ഷപ്പെടാൻവേണ്ടി ഝലമിലെ 'സിറാജുൽ അഖ്ബാർ' എന്ന പത്രത്തിൽ താൻ ലേഖനമെഴുതി എന്ന വസ്തുതയെ മൌലവി കറംദീൻ നിഷേധിച്ചു. അങ്ങനെ നിഷേധിച്ചു പറഞ്ഞതിനെ അടിസ്ഥാന



ഖാദിയാനിൽ നിന്ന് കറംദീൻ കേസ് കാലത്ത് ഗുരുദാസ്പൂരിലേക്ക് പോകാൻ ഉപയോഗിച്ച കാളവണ്ടി ഇത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റേതാണ്.

628 b



ദൽഹിയിൽ അക്കാലത്ത് ഓടിക്കൊണ്ടിരുന്ന ഒരു എക്ക വണ്ടി
പി. സിറാജുൽ ഹഖ് (റ) ആണ് വണ്ടിക്കുള്ളിൽ

മാക്കിയാണ് വഞ്ചനക്കേസ്സ് ഫയൽ ചെയ്യപ്പെട്ടത്. കേസ്സിന്റെ നടപടികൾ നീട്ടികൊണ്ടുപോയി ന്യായാധിപൻ വാഗ്ദത്തമസീഹിനെ വിഷമിപ്പിക്കുകയായിരുന്നു. എട്ടു മാസത്തോളം ഈ ലളിതമായ കേസ്സ് നീണ്ടുപോയി. മജിസ്ട്രേറ്റ് ചന്തുലാലിന്റെ ഭാഗത്ത്നിന്ന് പക്ഷപാതപരവും നീതിരഹിതവുമായ നീക്കങ്ങൾ ഉണ്ടായപ്പോൾ കേസ്സ് അയാളുടെ കോടതിയിൽനിന്നും മാറ്റികിട്ടാൻ ഖാജാ കമാലുദ്ദീൻ സാഹിബ് ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന് അപേക്ഷ നൽകി. അതു നിരസിക്കപ്പെടുകയാണുണ്ടായത്. ഇതിനെതുടർന്ന് ഖാജാ സാഹിബ് ചീഫ് കോർട്ടിൽ മറ്റൊരു അപേക്ഷ സമർപ്പിച്ചു. ഇതു വിചാരണയ്ക്ക് വച്ചിരിക്കുന്നതിനിടയിൽ കേസ്സ് വീണ്ടും ചാന്തുലാലിന്റെ കോടതിയിൽതന്നെ വിചാരണയ്ക്ക് വന്നു. ശത്രുത ഉഗ്രമായ സാഹചര്യത്തിൽ ഗുർദാസ്പൂരിലെ പൊതു അന്തരീക്ഷവും വാഗ്ദത്ത മസീഹിന്നെതിരെ ചൂടുപിടിച്ചു. ലാഹൗറിലെ 'പൈസ്സ അഖ്ബാർ' പോലുള്ള സ്വാധീനമുള്ള പത്രങ്ങളിൽ ആ മഹാത്മാവിനെ അവഹേളിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. കറംദീന്നുവേണ്ടി പൊതുഫണ്ട്പിരിവിന് പത്രംതന്നെ ആഹ്വാനം പുറപ്പെടുവിച്ചു. ചുരുക്കത്തിൽ കോടതിക്കകത്തും പുറത്തും ശത്രുതയുടെ തീക്കാറ്റടിച്ചുയർന്നു. ഈ പരിതസ്ഥിതിയിൽ കേസ്സിന്നനുകൂലമായ വിധി പ്രസ്തുത മജിസ്ട്രേട്ടിൽ നിന്നുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൂടായിരുന്നു. വക്കീൽ ഖാജാകമാലുദ്ദീൻ സാഹിബ് വളരെ വിഷണ്ണനും നിരാശനുമായ നിലയിൽ കേസ്സ്വാദം കഴിഞ്ഞു ഖാദിയാനിലെത്തി. വാഗ്ദത്ത മസീഹിനെ സന്ദർശിച്ചു വിവരങ്ങൾ ഉണർത്തിച്ചു. യാതൊരു രക്ഷയും കാണുന്നില്ലെന്നും മജിസ്ട്രേറ്റിന്റെ ഉദ്ദേശ്യങ്ങൾ സംശയിക്കപ്പെടേണ്ടതുണ്ടെന്നും കടുത്ത ആര്യസമാജക്കാരനായ മജിസ്ട്രേട്ടു വൈരനിര്യാതനത്തിന്നു അവസരം പാർത്തിരിക്കയാണെന്നും അതീവഖിന്നതയോടെ അറിയിച്ചു. അപ്പോൾ വാഗ്ദത്തമസീഹ്(അ) ചിരിച്ചുകൊണ്ട് ഖാജാ സാഹിബിനോട് ഇപ്രകാരം പറഞ്ഞു:

"ഖാജാസാഹിബ്! ദൈവത്തിന്നും അൽപമൊരു അവസരം വിട്ടുകൊടുക്കുക. എല്ലാ കാര്യകാരണങ്ങളും നമുക്കനു

കൂലംതന്നെയെങ്കിൽ ലോകം പറയും, കാര്യകാരണങ്ങളെല്ലാം അദ്ദേഹത്തിന്നു അനുകൂലമായിരുന്നു എന്നും അദ്ദേഹത്തിന്റെ മുരീദന്മാർ വലിയ കേമന്മാരായ വക്കീലന്മാരായിരുന്നു അതു കൊണ്ടാണ് കേസ്സ് ജയിച്ചതെന്നും! എല്ലാ കാര്യകാരണങ്ങളും എതിരായിരിക്കുന്നനിലയിൽ ദൈവം അവന്റെ ഭാഗത്തനിന്നുള്ള അനുഗ്രഹം കാണിക്കുമ്പോഴല്ലേ രസം? അപ്പോഴല്ലേ അതു ഈമാന്നു (സത്യവിശ്വാസത്തിന്ന്) നിദാനമായിത്തീരുന്നത്?"

അങ്ങനെ കരഞ്ഞുകൊണ്ടുചെന്ന ഖാജാ കമാലുദ്ദീൻ സാഹിബ് ചിരിച്ചുകൊണ്ടു പുറത്തിറങ്ങി!

62 – മേൽകോടതിയിൽ കുറ്റമോചനം

ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയെ ഏതുവിധേനയും ഒരു ദിവസത്തേയ്ക്കെങ്കിലും ജയിലിലടക്കണമെന്ന ദുർവാശി മജിസ്ട്രേട്ടു ചന്തൂലാലിന്നുണ്ടായിരുന്നു. ശത്രുക്കളെല്ലാം ഒറ്റ ക്കെട്ടായി നിന്നു. കോടതിയിൽ ഇടയ്ക്ക് വന്ന മുസ്ലിം മജിസ്ട്ര ട്ടുമാരും വാഗ്ദത്തമസീഹിന്നെതിരായ നിലപാട് തന്നെയാണ് സ്വീകരിച്ചത്. മജിസ്ട്രേട്ട് ചന്തൂലാൽ ആകട്ടെ, വിചാരണയ്ക്കി ടയിൽതന്നെ കേസ്സിന്റെ വിധിയെ സൂചിപ്പിക്കുന്നവിധം അഭിപ്രാ യപ്രകടനങ്ങൾ നടത്തികൊണ്ടിരുന്നതിനുപുറമെ ആര്യസമാജ വൃത്തങ്ങളിൽ തന്റെ മനസ്സിലിരിപ്പ് വെളിപ്പെടുത്താൻ മടിച്ചതുമി ല്ല. മിർസാസാഹിബ് കുരുക്കിലകപ്പെട്ടിരിക്കുന്നുവെന്നും ഇനി മജിസ്ട്രേട്ട് ചന്തൂലാലിന്റെ കൈകളിൽനിന്ന് ഈ "ഇര" രക്ഷപ്പെ ടുകയില്ലെന്നും അവർ കുതൂഹലംകൊണ്ടു!

ഇതിനിടയിൽ ഗുർദാസ്പൂരിൽ ആര്യസമാജികളുടെ ഒരു സമ്മേളനം നടന്നു. മുൻഷി മുഹമ്മദ് ഹുസൈൻ എന്നൊരു മുസ്ലിം തന്റെ ആര്യസമാജി സുഹൃത്തിന്റെ ക്ഷണപ്രകാരം അതിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. അയാൾ അഹ്മദി ആയി രുന്നില്ലെന്നുമാത്രമല്ല അഹ്മദിയത്തിന്റെ ഒരു വിരോധികൂടിയും ആയിരുന്നു. സമ്മേളനം കഴിഞ്ഞശേഷം ആര്യസമാജി നേതാ ക്കളുടെ ഒരു സ്വകാര്യചർച്ച അവിടെവച്ചു നടന്നു. ആ കൂട്ട ത്തിൽ മജിസ്ട്രേട്ട് ചന്തൂലാൽ മുഖ്യാതിഥിയായി പങ്കെടുത്തിരു

ന്നു. ഒരു കോടതി ഉദ്യോഗസ്ഥൻ കൂടിയായിരുന്ന മുൻഷി മുഹമ്മദ് ഹുസൈൻ തന്റെ സ്നേഹിതനെയും കാത്ത് അവിടെ ചുറ്റിപ്പറ്റി നിലകൊണ്ടു. അയാൾ ഒരു അഹ്മദി വിരോധിയായതുകൊണ്ടായിരിക്കാം മറ്റുള്ളവർ അത്ര ശ്രദ്ധിച്ചതുമില്ല. സംസാരമദ്ധ്യേ ഹസ്രത്ത് മിർസാസാഹിബിനെകുറിച്ചുള്ള പരാമർശമായി. മിർസാസാഹിബ് ലേഖ്റാമിന്റെ കൊലപാതകത്തിൽ പങ്കുള്ള ആളാണെന്നും ആര്യസമാജികളുടെ കഠിനവിരോധിയായ അദ്ദേഹത്തോട് പകവീട്ടാനുള്ള ഒരു സുവർണ്ണാവസരമാണ് ഇപ്പോൾ ആര്യസമാജികൾക്ക് ലഭിച്ചിട്ടുള്ളതെന്നും മജിസ്ട്രേട്ട് ചന്തൂലാൽ തനിക്ക് കൈവന്നിട്ടുള്ള ഈ സുവർണ്ണാവസരം പാഴാക്കാതെ മിർസാസാഹിബിന്ന് കടുത്ത ശിക്ഷ നൽകണമെന്നും അവരെല്ലാം ചന്തൂലാലിനോട് അഭ്യർത്ഥിക്കുകയുണ്ടായി. താൻ ഇക്കാര്യത്തിൽ ബോധവാനാണെന്നും എന്നാൽ, കേസ്സ് വളരെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനാൽ താൻ അവസരം പാർത്തിരിക്കുകയാണെന്നും തക്കസമയത്ത് കോടതി നടപടി സ്വീകരിക്കുന്നതാണെന്നും സംഭാഷണമദ്ധ്യേ ചന്തുലാൽ പറയുകയുണ്ടായി. കേസ്സിന്റെ തുടക്കത്തിലോ വിചാരണക്കിടയിലോ പ്രതിയെ ജയിലിലടക്കാൻ മജിസ്ട്രേട്ടിന്നധികാരമുണ്ടെന്നും ആ അധികാരം പ്രയോഗിക്കാൻ താൻ മടിക്കില്ലെന്നുമാണ് ഇപ്പറഞ്ഞതിന്റെ അർത്ഥം.

ഗുർദാസ്പൂരിലെ ഉന്നതമായ ആര്യസമാജ കേന്ദ്രത്തിൽ ഉണ്ടായ ഈ സംസാരം മുൻശി മുഹമ്മദ് ഹുസൈൻ തന്റെ ഒരു സ്നേഹിതനായ ഡോ: മുഹമ്മദ് ഇസ്മായിൽഖാന്ന് വിവരിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു: "ഞാൻ നിങ്ങളുടെ പ്രസ്ഥാനത്തിന്റെ കടുത്ത വിരോധിയാണെന്ന് താങ്കൾക്കറിയാം. എങ്കിലും ഒരു ബഹുമാന്യമുസ്ലിംകുടുംബത്തിലെ ഒരംഗം പ്രത്യേകിച്ചും ഹിന്ദുക്കളുടെ കൈകളാൽ അപമാനിക്കപ്പെടുന്നത് നോക്കിക്കാണാൻ എനിക്കാവില്ല. ഹസ്രത്ത് മിർസാ സാഹിബ് പഞ്ചാബിൽ ഏറ്റവും ആദരണീയമായ ഒരു കുടുംബത്തിലെ ഒരു പ്രമുഖ അംഗമാണ്. ആകയാൽ, ഈ ഗൂഢാലോചനയ്ക്കെതിരെ ആവശ്യമായ എന്തെങ്കിലും നീക്കം നടത്തികൊള്ളുന്നതിനാണ് ഞാൻ ഇത് പറയുന്നത്".

കോടതി മാറ്റി കിട്ടാനുള്ള അപേക്ഷ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് 1904 ഫെബ്രുവരി 12നു തള്ളിക്കളഞ്ഞിട്ടുണ്ടല്ലോ. ഹൈക്കോടതിയിൽ കൊടുത്ത അപ്പീൽ ഫിബ്രുവരി 22നു വിചാരണക്ക് വെച്ചിരിക്കെ കേസ്സ് വീണ്ടും കീഴ്കോടതിയിൽ വന്നു. ഈ സാഹചര്യത്തിൽ ഒരു ദിവസത്തേക്കെങ്കിലും വാഗ്ദത്ത മഹ്ദീ മസീഹിനെ ജിയിലിലടക്കാൻ മജിസ്ട്രേട്ട് ചന്തൂലാൽ നിശ്ചിയിച്ചുറച്ചെങ്കിലും ആ ഗൂഢാലോചന തകർന്ന്തരിപ്പണമായിപ്പോയി! അതിന്റെ കാരണങ്ങൾ ഇപ്രകാരമാണ്:

കോടതി മാറ്റത്തിനുള്ള അപേക്ഷ നിരസിക്കപ്പെട്ട പരിതസ്ഥിതിയിൽ ചില രേഖകൾ തയ്യാറാക്കുന്നതിന് വാഗ്ദത്ത മസീഹിന്റെ ശിഷ്യനായ സയ്യിദ് സർവർ ശാ സാഹിബിനെ ഗുർദാസ്പൂരിലേക്ക് അയച്ചിരുന്നു. സർവർ ശാ സാഹിബ് ഗുർദാസ്പൂരിലെത്തിയപ്പോൾ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് ചന്തൂലാലിന്റെ ഗൂഢോദ്ദ്യേശ്യങ്ങളെപറ്റി മുൻശി മുഹമ്മദ് ഹുസൈൻ പറഞ്ഞ കാര്യങ്ങൾ ഡോ. മുഹമ്മദ് ഇസ്മായീൽ സാഹിബ് മുഖേന അറിയാനിടയായി. രണ്ടുദിവസം കഴിഞ്ഞപ്പോൾ വാഗ്ദത്തമസീഹ് (അ) കേസ്സ് ആവശ്യാർത്ഥം ഗുർദാസ്പൂരിലെത്തി. താൻ താമസിക്കുന്ന കെട്ടിടത്തിലെ മുറിയിൽ അവിടുന്ന് വിശ്രമിക്കയായിരുന്നു.

"ഞാൻ ദൈവത്തിന്റെ സിംഹം!"

ഹസ്രത്ത് അഹ്മദ് (അ) മൗലാനാ സർവർഷാസാഹിബിനെ വിളിപ്പിച്ചു കേസ്സിന്റെ വിശദവിവരങ്ങൾ ചോദിച്ചറിയുകയായി. ഒരു കട്ടിലിൽ തന്റെ കൈകൾ തലയ്ക്കടിയിൽ ചേർത്തുവച്ചു കിടക്കുകയായിരുന്നു. സർവർഷാസാഹിബിനെ കണ്ടപ്പോൾ കൈ മുട്ടിൽ ഊന്നി മുഖം കൈപ്പത്തിയിൽ താങ്ങി ഉയർത്തി ഒരു വശം ചരിഞ്ഞുകിടന്നു. മുറിയിൽ മറ്റാരും ഉണ്ടായിരുന്നില്ല. മിയാൻ ശാദീഖാൻ വാതിലിന്നരികെ നിൽക്കുന്നുണ്ടായിരുന്നു. സർവർഷാസാഹിബ് (റ) എല്ലാ സംഗതികളും കേൾപിച്ചു. ഹസ്റത്ത് സാഹിബ് പുഞ്ചിരിയോലുന്ന മുഖഭാവത്തോടെ എല്ലാം കേട്ടുകൊണ്ടിരുന്നു. ഡോ. മുഹമ്മദ് ഇസ്മായീൽ സാഹിബിനെ കണ്ടതും മുൻഷി മുഹമ്മദ് ഹുസൈൻ അദ്ദേ

ഹത്തോട് പറഞ്ഞതുമായ കാര്യങ്ങൾ വിശദമായി കേൾപ്പിച്ചു. തന്റെ കയ്യിൽ മിർസാ സാഹിബ് ഒരു വേട്ടമൃഗം (ശിക്കാർ) ആണെന്നു മജിസ്ട്രേട്ട് ചന്തൂലാൽ പ്രസ്താവിച്ചതായി പറഞ്ഞു കേട്ടപ്പോൾ വാഗ്ദത്തമസീഹ് (അ) പെട്ടെന്നു എണീറ്റിരുന്നു. അത്യുജ്ജ്വലപ്രഭാവത്തോടെ അതിൽ പ്രതികരിച്ചു. സദാ അർദ്ധ നിമീലിതങ്ങളായിരുന്ന ആ കണ്ണുകൾ വിടർന്നു തിളങ്ങുന്നുണ്ടായിരുന്നുവെന്നും മുഖം ചുവന്നിരുന്നുവെന്നും ഹസ്റത്ത് സർവർഷാ സാഹിബ് പറയുന്നു. ഹസ്റത്ത് സാഹിബ് തുടർന്നു:

میں اس کا شکار ہوں ! میں شکار نہیں ہوں میں شیر ہوں اور شیر بھی خدا کا۔
وہ بھلا خدا کے شیر پر ہاتھ ڈال سکتا ہے ۔ ایسا کر کے تو دیکھے

"ഞാൻ ആയാളുടെ വേട്ടമൃഗമോ? വേട്ടമൃഗമല്ല; ഞാൻ സിംഹം! അതും ദൈവത്തിന്റെ! ദൈവത്തിന്റെ സിംഹത്തിനുമേൽ അയാൾക്ക് കൈവെക്കാനാവുമോ? അയാളൊന്നു കൈവച്ചുനോക്കട്ടെ!" ഇതു പറഞ്ഞുകൊണ്ട് അവിടുത്തെ ശബ്ദം ഉച്ചത്തിലുച്ചത്തിലായി. ഒച്ചകേട്ടു പുറമെയുള്ളവർ തള്ളിക്കേറി. എല്ലാവരും അത്ഭുതത്തോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നതല്ലാതെ ആരും മുറിക്കകത്ത് കയറാൻ ധൈര്യപ്പെട്ടില്ല. വാഗ്ദത്തമസീഹ് (അ) താൻ ദൈവത്തിന്റെ സിംഹം ആണെന്ന് ആവർത്തിച്ചാവർത്തിച്ചുപറയുന്നുണ്ടായിരുന്നു. നിത്യനതവും പാതിയടഞ്ഞതുമായ നേത്രദ്വയം വിടർന്നു സിംഹത്തിന്റെ കണ്ണുകൾപോലെ കത്തിജ്വലിച്ചുകൊണ്ടിരുന്നു. മുഖം രക്താഭമായിരുന്നു. അവിടുന്ന് തുടർന്നു:

"ഞാൻ എന്തുചെയ്യാനാണ്! അല്ലാഹുവിന്റെ മുന്നിൽ എന്റെ ആവലാതികൾ സമർപ്പിച്ചു. ദീനിനുവേണ്ടി കൈകാലുകളിൽ ഇരുമ്പുചങ്ങലകളണിയാൻ ഞാൻ തയ്യാറാണ്! എന്നാൽ, അവൻ പറയുന്നു; ഇല്ല! ഞാൻ നിന്നെ അപമാനിക്കാൻ വിടില്ല. ഞാൻ ബഹുമാനത്തോടെ നിന്നെ മോചിപ്പിക്കും."

പിന്നീട് അദ്ദേഹം ദൈവസ്നേഹത്തെപറ്റി ദീർഘനേരം സംസാരിച്ചു. അരമണിക്കൂർനേരം സംസാരിച്ചുകൊണ്ടിരുന്നു. പെട്ടെന്നു ഛർദ്ദിവന്നു. ഒപ്പം കുരയും. രക്തമാണ് ഛർദ്ദിച്ചത്. മെല്ലെ തലഉയർത്തി ഉറുമാൽ കൊണ്ട് വായും കണ്ണുകളും തുടച്ചു

എന്താണ് ഛർദ്ദിച്ചതെന്ന് അറിയുകയില്ലായിരുന്നു. മൗലാനാ സർവർഷാ സാഹിബ് കോളാമ്പിയിലേക്ക് കുനിഞ്ഞുനോക്കിയപ്പോൾ കട്ടപിടിച്ച രക്തവും വെള്ളവുമാണ് കണ്ടത്. ഉടനെ ഖാജാ സാഹിബും മൗലവി മുഹമ്മദ് അലിസാഹിബുംമറ്റും കടന്നുവന്നു. കേസ്സിന്റെ വിശദവിവരങ്ങളറിയാൻ വാഗ്ദത്ത മസീഹ്(അ) പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഉടനെ ഡോക്ടറെ വിളിപ്പിച്ചു പരിശോധന നടത്തി. ഗുർദാസ്പൂർ സിവിൽ സർജൻ ഡോ. കേപ്റ്റൻ പി.എസ്.സി. മൂർ ആണ് പരിശോധിച്ചത്. ഈ വാർദ്ധക്യത്തിൽ ഇപ്രകാരം രക്തം ഛർദ്ദിക്കുന്നത് വളരെ അപകടകരമാണെന്നും ദീർഘ വിശ്രമം ആവശ്യമാണെന്നും ഡോ. മൂർ അഭിപ്രായപ്പെട്ടു. രണ്ടുമാസം വിശ്രമം വേണമെന്ന് ഡോ. നിർദ്ദേശിച്ചു. ഖാജാ സാഹിബിന്റെ ആവശ്യപ്രകാരം ഒരു മാസത്തെ വിശ്രമത്തിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകി. വിശ്രമകാലത്ത് യാത്രചെയ്യരുതെന്നും കോടതിയിൽ ഹാജരാകുന്നത് വിഹിതമല്ലെന്നും ഡോ. നിഷ്കർഷിച്ചു.

ഇതിന് ശേഷം വാഗ്ദത്തമസീഹ് ഖാദിയാനിലേക്ക് മടങ്ങി. അടുത്ത ദിവസം കേസ്സ് ആയിരുന്നതിനാൽ കോടതിയുടെ സമ്മതമില്ലാതെ ഗുർദാസ്പൂരിൽനിന്നും മടങ്ങുന്നത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് എല്ലാവരും ഭയപ്പെട്ടുവെങ്കിലും വാഗ്ദത്തമസീഹ് ഖാദിയാനിലേക്ക് തിരിക്കാൻ നിർദ്ദേശിച്ചുകഴിഞ്ഞതിനാൽ മറ്റൊരുഅഭിപ്രായത്തിന് പ്രസക്തിയില്ലായിരുന്നു. വാഗ്ദത്ത മസീഹിന്റെ മുഖത്ത് സംതൃപ്തി കളിയാടിയിരുന്നു.

ഫിബ്രവരി 16-ാം തീയ്യതിയായിരുന്നു കേസ്സ്. ഹസ്രത്ത് മിർസാ സാഹിബ് അന്നേദിവസം ഹാജരായില്ല. മജിസ്ട്രേട്ട് കോപാകുലനായി പിറുപിറുത്തുകൊണ്ടിരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നതിനാൽ മജിസ്ട്രേട്ടിന് മറുത്തുപറഞ്ഞുകൂടായിരുന്നു. ഫിബ്രവരി 23-ാം തീയ്യതി ചന്ദൂലാലിന്റ മുമ്പാകെ കേസ്സ് വീണ്ടും വന്നപ്പോൾ ബാരിസ്റ്റർ ഉഗാർമൻ ആയിരുന്നു പ്രതിഭാഗം വക്കീൽ ആയി ഹാജരായത്. മാർച്ച് 9-ാം തീയ്യതി ഖാജാ സാഹിബ് നാലു മണിക്കൂർ നീണ്ടുനിന്ന വാഗ്വാദം പൂർത്തിയാക്കി.

മാർച്ച് 10-ാം തിയ്യതി ചന്ദൂലാൽ വാഗ്ദത്തമസീഹിന്റെയും ഹക്കീം ഫസലുദ്ദീൻ സാഹിബിന്റെയും പേരിൽ കുറ്റപത്രം തയ്യാറാക്കി. ഇതിനെതിരിൽ മൗലാനാ യാക്കൂബ് അലിസാഹിബ് ഫയൽ ചെയ്ത വഞ്ചനക്കേസ്സിൽ മൗലവി കറംദ്ദീന്റെയും 'സിറാജുൽ അഖ്ബാർ' പത്രാധിപർ ഫഖീർ മുഹമ്മദിന്റെയും പേരിലും കുറ്റപത്രം തയ്യാറാക്കപ്പെട്ടിരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കാലാവധി മാർച്ച് 13ന്നു അവസാനിക്കുകയായിരുന്നു. ആയതിനാൽ അടുത്ത ദിവസത്തേയ്ക്ക് കേസ്സ് മാറ്റിവച്ചു. വാഗ്ദത്തമസീഹിന്റെ ദേഹസ്ഥിതി വഷളാവുകയായിരുന്നു. തന്നിമിത്തം ഗുർദാസ്പൂർ സിവിൽ സർജനെ വീണ്ടും വിളിച്ചു വരുത്തി പരിശോധിപ്പിച്ചു. 6 ആഴ്ച കൂടി വിശ്രമിക്കാൻ നിർദ്ദേശിക്കുന്ന വിധം സർട്ടിഫിക്കറ്റ് പുതുക്കി. അതുകാരണം ഹസ്രത്ത് സാഹിബ് ഗുർദാസ്പൂർ യാത്ര നടത്തിയില്ല. സിവിൽ സർജന്റെ സർട്ടിഫിക്കറ്റ് വീണ്ടും ഹാജരാക്കിയപ്പോൾ മജിസ്ട്രേറ്റ് പൊട്ടിത്തെറിച്ചു. മാർച്ച് 15ന്നു സിവിൽ സർജൻ നേരിട്ട് ഹാജരായി സാക്ഷ്യം നൽകണമെന്ന് മജിസ്ട്രേറ്റ് കൽപന പുറപ്പെടുവിച്ചു. 'വിറ്റനസ് ആക്ടു' പ്രകാരം ഡോക്ടർ നേരിട്ടു ഹാജരാകേണ്ടതില്ലെന്ന് ഖാജാസാഹിബ് ബോധിപ്പിച്ചു. പീർ മെഹർഅലിഷാ സാഹിബിന്റെ കാര്യത്തിൽ എത്രയോ തവണ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുകയുണ്ടായിട്ടുണ്ട്. അവയെല്ലാം കോടതി സ്വീകരിക്കയാണുചെയ്തതെന്നും ഡോക്ടർ ഹാജരായി നേരിട്ടു സാക്ഷ്യം നൽകിയിരുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയെങ്കിലും കോടതി ആ വാദം സ്വീകരിച്ചില്ല. മാർച്ച് 15നു സിവിൽ സർജൻ കോടതിയിൽ ഹാജരായി നേരിട്ടു മൊഴി നൽകി. മജിസ്ട്രേട്ട് പലതും ചോദിച്ചു ഡോക്ടറെ വിഷമിപ്പിക്കാൻ ശ്രമിച്ചെങ്കിലും തക്കതായ ഉത്തരം നൽകി അയാളെ ഡോക്ടർ നിശ്ചേതനനാക്കി. കേസ്സ് ഏപ്രിൽ 10-ാം തീയ്യതിയിലേക്ക് മാറ്റിവച്ചു.

ചന്തൂലാലിന്നു സ്ഥാനചലനം!

ഏപ്രിൽ 10നു ഇര തന്റെ കയ്യിൽ അകപ്പെടുമെന്നും അന്നുതന്നെ അധികാരം നടത്താമെന്നും വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയ്ക്കെതിരെ വിധി പുറപ്പെടു

വിച്ചു അദ്ദേഹത്തെ ജയിലിലടക്കാമെന്നുമുള്ള ശുഭാപ്തി വിശ്വാസത്തോടെ കഴിഞ്ഞുകൂടിയ ചന്തൂലാൽ അല്ലാഹുവിന്റെ അത്ഭുതകരമായ വിധിതീർപ്പു കണ്ട് ഞെട്ടിത്തെറിക്കുകയായിരുന്നു!

തികച്ചും അപ്രതീക്ഷിതമായി ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടും എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണറുമായിരുന്ന ചന്തൂലാലിനു, തന്നെ പ്രസ്തുത പദവിയിൽ നിന്ന് നീക്കി മുൻസിഫ് ആക്കി തരം താഴ്ത്തിക്കൊണ്ടും മുൽത്താനിലേയ്ക്ക് സ്ഥലംമാറ്റം ചെയ്തുകൊണ്ടുമുള്ള ഉത്തരവാണ് കാണേണ്ടിവന്നത്. 1904 മാർച്ച് 10-ാം തിയ്യതി ത്തെ ഗവർമെന്റു ഗസറ്റിൽ 309-ാം ഭാഗത്ത് ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു:

Notification No. 1085. Posting Lala Chandulal B.A. Munsiff of the 1st Grade on Reversion from the post of officiating Extra Assistant Commissioner is posted to Mooltan in the Civil District of Mooltan.

(സർക്കാർ അറിയിപ്പ്: No 1085. ഒന്നാംഗ്രേയിഡ് മുൻസിഫ് ലാലാ ചന്തൂലാൽ ബി.എ. യുടെ നിയമനം. എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ ആയി ജോലിചെയ്യുന്ന പോസ്റ്റിൽനിന്ന് റവർട്ട് ചെയ്ത് മുൽത്താൻ സിവിൽ ഡിസ്ട്രിക്റ്റിലേക്ക് പോസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു)

വാഗ്ദത്ത മസീഹ് (അ) കോടതിയിൽ ഹാജരായ ഉടനെ കയ്യാമം വെച്ച് ജയിലിലടക്കാമെന്ന മജിസ്ട്രേറ്റ് ചന്തൂലാലിന്റെ ആഗ്രഹം അങ്ങനെ പൂർത്തിയാകാതെപോയി. അയാളുടെ മനക്കോട്ട തകർന്ന് മണ്ണടിഞ്ഞ്പോയി!

ഈ തരംതാഴ്ത്തലിന് അടിസ്ഥാനമായ കാരണം ഇതായിരുന്നു:

ഗുർദാസ്പൂർ ജയിലിൽ ഒരു കൊലപ്പുള്ളിയെ തൂക്കിക്കൊല്ലാനുണ്ടായിരുന്നു. തൂക്കിക്കൊല്ലൽ നടക്കുമ്പോൾ ഡപ്യൂട്ടി കമ്മീഷണർ (കലക്ടർ) ഒരു മജിസ്ട്രേറ്റിനെ ഡ്യൂട്ടിക്ക് നിർത്തുകപതിവാണ്. മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ വേണം വധശിക്ഷ നടത്താൻ. ഇത്തവണ ചന്തൂലാലിനെ ആണ് ആ ഡ്യൂട്ടിക്ക് നിശ്ച

യിച്ചത്. താൻ വളരെ ലോലഹൃദയനാണെന്നും തൂക്കികൊല്ലുന്നത് കണ്ട് നിൽക്കാൻ തനിക്ക് സാധ്യമാകുന്നതല്ലെന്നതിനാൽ തന്നെ ഒഴിവാക്കണമെന്നും ചന്തൂലാൽ മേലധികാരികളോടപേക്ഷിച്ചു. 'നിങ്ങൾ ക്രിമിനൽ കേസ്സുകളിൽ ശിക്ഷാവിധി പറയേണ്ട മജിസ്ട്രേറ്റെന്ന നിലയിൽ നൂറുക്കണക്കിനുള്ള ക്രിമിനൽ കുറ്റവാളികളുടെമേൽ ശിക്ഷനടത്തേണ്ട ആളാണ്. നിങ്ങളുടെ ഹൃദയം അത്തരത്തിൽ ദുർബലമായിക്കൂടാ' എന്ന് കലക്ടർ വീണ്ടും ഉത്തരവ് നൽകി. എന്നാൽ, ചന്തൂലാൽ വീണ്ടും ഒഴികഴിവ് ബോധിപ്പിക്കയാണുണ്ടായത്. ഇക്കാരണത്താൽ ഡപ്യൂട്ടി കമ്മീഷണർ മറ്റൊരാളെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ഒപ്പംതന്നെ ചന്തൂലാലിനെ ക്രിമിനൽകുറ്റങ്ങളിൽ ശിക്ഷിക്കാൻ അനവദിക്കരുതെന്ന് സർക്കാറിലേക്ക് ശുപാർശ അയക്കുകയുമുണ്ടായി. ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ചന്തൂലാലിന്ന് സ്ഥാനചലനം സംഭവിച്ചത്. കുറച്ച്കഴിഞ്ഞ് അയാൾ അടുത്തൂൺ പറ്റിപിരിഞ്ഞു. ലുധിയാനയിൽ താമസമാക്കി. അദ്ദേഹത്തിന്റെ ജീവിതം ദുഃഖഭൂയിഷ്ടമായിരുന്നു... മാനസികരോഗത്തിന്നിരയായി ദയനീയ നിലയിൽ അയാൾ മരണപ്പെട്ടു. (അൽഹക്കം, 14–7–1935).

ചന്തൂലാലിന്റെ വീഴ്ച ഹസ്രത്ത് അഹ്മദുൽഖാദിയാനിയുടെ സത്യത്തിലേക്ക് ഒരു നിറന്ന അടയാളമായിരുന്നു എന്ന് പറയേണ്ടതില്ലല്ലോ!

മജിസ്ട്രേറ്റ് ചന്തൂലാലിന്റെ ഈ പതനം വാഗ്ദത്ത മസീഹ് മുൻകൂട്ടി പ്രവചിച്ചിട്ടുള്ളതായിരുന്നു.* ഒരിക്കൽ അഹ്മദികളല്ലാത്ത മുസ്ലിംകൾകൂടി പങ്കെടുത്ത ഒരു സദസ്സിൽ സംസാരിക്കവേ, 'ചന്തൂലാൽ കോടതിയിലെ കസേരയിൽ ഇരിക്കുന്നതായി ഞാൻ കാണുന്നില്ല' എന്ന് വാഗ്ദത്തമസീഹ് (അ) പറയുകയുണ്ടായി. (ഹഖീഖത്തുൽ വഹീ; തദ്കിറ Eng. p. 424)

പ്രസിദ്ധ സഹാബി ആയിരുന്ന മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു:

* When the case of Karam Din was pending before Chandulal Magistrate, the Promised Messiah said : I do not see Chandu Lal occupying the Magistrate's chair. (Register of Rivayath Sahaba, Vol IX, pp. 58-59) Tadhkira, Eng. P. 424

ഒരിക്കൽ ചന്തൂലാൽ കോടതികെട്ടിടത്തിന്ന്പുറത്ത് തുറന്ന സ്ഥലത്ത്വെച്ച് വിചാരണ നടത്തുകയായിരുന്നു. അനേകം ആളുകൾ കേസ്സ്നടപടികൾ വീക്ഷിച്ചുകൊണ്ടിരുന്നു. വിചാരണക്കിടയിൽ വാഗ്ദത്തമസീഹിനോട് മജിസ്ട്രേറ്റ് ചോദിച്ചു: "അടയാളങ്ങൾ കാണിക്കാമെന്ന വാദം താങ്കൾക്കുണ്ടോ?". "ഉവ്വ്", ഹസ്രത്ത് അഹ്മദ്(അ) മറുപടിനൽകി. തുടർന്നുപറഞ്ഞു, "താങ്കൾ ആഗ്രഹിക്കുന്നതെന്തോ അത് ഞാൻ ഇപ്പോൾ കാണിച്ചുതരാം!". ഇത് വളരെ ആധികാരികമായും ആവേശത്തിലും ആയിരുന്നു പറഞ്ഞത്. മജിസ്ട്രേറ്റ് അത്കേട്ട് സ്തബ്ധനായി. അയാൾപിന്നെ ഒന്നും ഉരിയാടിയതുമില്ല! ജനങ്ങളിൽ ഇത് വലുതായ സ്വാധീനം ചെലുത്തുകതന്നെചെയ്തു.

മറ്റൊരിക്കൽ ചന്തൂലാലിന്റെ കോടതിയിൽ വച്ചുതന്നെ 'ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക' (നിന്നെ ഇകഴ്ത്താൻ ഉദ്ദേശിക്കുന്നവനെ ഞാൻ അപമാനത്തിലാക്കും) എന്ന വെളിപാടിനെപറ്റി ചോദ്യമുണ്ടായി.

മജിസ്ട്രേട്ട് – "ഇതു ദൈവം താങ്കൾക്ക് വെളിപ്പെടുത്തിയതാണൊ?"

വാഗ്ദത്ത മസീഹ് – "ഉവ്വ്! അത് ദൈവമെനിയ്ക്ക് വെളിപ്പെടുത്തിയതാണ്". തുടർന്നു, "അത് ദൈവത്തിന്റെ ഭാഷണമാകുന്നു. അത് എന്നോടുള്ള ദൈവത്തിന്റെ വാഗ്ദത്തമാകുന്നു".

മജിസ്ട്രേട്ട് – "താങ്കളെ അപമാനിക്കുന്ന ആൾ നിന്ദ്യനും അപമാനിതനും ആകും എന്നാണോ?"

വാഗ്ദത്ത മസീഹ് – "അതെ, തീർച്ചയായും!"

മജിസ്ട്രേട്ട് – "ഞാൻ ആയാലൊ,?"

വാഗ്ദത്ത മസീഹ് – "ആരായാലും!"

മജിസ്ട്രേട്ട് രണ്ട്തവണ "ഞാൻ ആയാലോ?" "ഞാൻ ആയാലോ" എന്ന് ചോദിക്കുകയുണ്ടായി. "ആരായാലും!" എന്ന് വാഗ്ദത്ത മസീഹ് (അ) ആവർത്തിച്ചാവർത്തിച്ച് മറുപടി നൽകി

യപ്പോൾ, മജിസ്ട്രേട്ട് നിശ്ശബ്ദനായി (അസ്ഹാബെ അഹ്മദ്, ജി. 4, പു. 107).

മജിസ്ട്രേട്ട് ചന്തൂലാൽ അതിന് ശേഷമാണ് കുറ്റപത്രം തയാറാക്കിയത്. സ്ഥാനത്ത്നിന്ന് നിഷ്കാസിതനായ നിലയിൽ അയാൾ അപമാനിതനായിത്തീർന്നതോടെ പ്രവചനം പുലർന്നു. ഒരു മനോരോഗിയായി മാറിയ ചന്തൂലാലിന്റെ അന്ത്യം ദുരന്ത പൂർണ്ണമായിരുന്നു. ചന്തൂലാലിന്റെ വീഴ്ച ഹസ്രത്ത് അഹ്മദിന്റെ സത്യത്തെ ഉയർത്തിക്കാട്ടി.

മജിസ്ത്രേട്ടു ലാലാ ആത്മാറാം

ലാലാ ചന്തൂലാലിന്ന് പകരം വന്നത് മറ്റൊരു കടുത്ത മുസ്ലിം വിരോധിയും ആര്യസമാജക്കാരനുമായ ലാലാ ആത്മാറാം മേത്ത ആയിരുന്നു. പുതിയ മജിസ്ട്രട്ടു ആര്യസമാജികളുടെയും കൃസ്ത്യാനികളുടെയും ഒരു ഉപകരണമായി മാറിക്കൊണ്ടു ശത്രുത വെളിപ്പെടുത്തുകയും പക്ഷപാതപരമായി പെരുമാറുകയുമുണ്ടായി. അയാൾ പതിവിനു വിപരീതമായി ഹസ്റത്ത് അഹ്മദിനു കോടതിയിൽ കസേര അനുവദിക്കയുണ്ടായില്ല. ഏതുവിധേനയും ക്ലേശമുണ്ടാക്കാൻ കരുതികൂട്ടി ശ്രമിച്ചിരുന്നു. അസുഖം കാരണം വാഗ്ദത്തമസീഹ് വളരെ അവശനായിരുന്നിട്ടും വെള്ളം കുടിക്കാൻപോലും അനുവദിക്കാതെ കഷ്ടപ്പെടുത്തിയിരുന്നു. കഠിനമായ ഉഷ്ണകാലത്ത് അടുത്തടുത്തായി വിചാരണദിവസങ്ങൾ നിശ്ചയിച്ചുകൊണ്ട് യാത്രാക്ലേശം അനുഭവപ്പെടുത്താനും അനാവശ്യമായി കേസ്സ് നിർത്തിവെച്ച് നീട്ടിക്കൊണ്ടുപോകാനും അയാൾ മടിച്ചിരുന്നില്ല.

അക്കാലത്ത് ഖാദിയാനിൽനിന്നും ഗുർദാസ്പൂരിലേക്കുള്ള യാത്ര പലപ്പോഴും അപകടമായിരുന്നു. വഴിക്കൽ കൊള്ളക്കാരുടെ ആക്രമണം സാധാരണ സംഭവമായിരുന്നു. ഒരിക്കൽ കേസ്സ് ആവശ്യാർത്ഥംതന്നെ ഖാദിയാനിൽനിന്നുള്ള യാത്രയിൽ ബട്ടാലയ്ക്കു അടുത്തെത്താറായപ്പോൾ കൊള്ളക്കാർ വളയുകയുണ്ടായി. വാഗ്ദത്തമസീഹ് (അ) ഖാജാ കമാലുദ്ദീൻ സാഹിബ്, മൌലാനാ മുഹമ്മദ് അഹ്സൻസാഹിബ് അംറോഹി എന്നിവർ

ഒരു രഥത്തിലും, മറ്റുചിലർ യക്കകളിലുമായി നീങ്ങുകയായിരുന്നു. മൌലവി മുഹമ്മദലി സാഹിബ്, ശേഖ് യഅ്കൂബ് അലി സാഹിബ്, മിഅ്റാജുദ്ദീൻ ഉമർസാഹിബ് എന്നിവർ ബട്ടാലയിലേയ്ക്ക് കാൽനടയായി പിന്തുടർന്നു. യാത്രയിൽ മുന്നിലുള്ള രഥം ഒറ്റപ്പെടുകയും യക്കകൾ പിന്നോട്ടായിപ്പോവുകയും ചെയ്തു. ബട്ടാലയ്ക്കു അടുത്തെത്താറായപ്പോൾ ഒരു സംഘം കൊള്ളക്കാർ ആയുധങ്ങളോടെ വാഗ്ദത്തമസീഹ് (അ) കയറിയ രഥത്തെ വളഞ്ഞു. പിന്നീട് അവർതന്നെ പരസ്പരം ശണ്ഠ കൂടി. ആരാണ് ആക്രമണത്തിന് മുൻകൈ എടുക്കേണ്ടതെന്നായിരുന്നു തർക്കം. അവർ മുന്നോട്ടു നീങ്ങാൻ അറച്ചറച്ചു നിന്നു. ഇതിനിടയിൽ യക്കകൾ എത്തുകയായി. ആളുകൾ വരുന്നതുകണ്ടപ്പോൾ കൊള്ളക്കാർ ഓടിപ്പോയി. കൊള്ളക്കാർ ആക്രമിക്കാൻ ആഞ്ഞടുത്തപ്പോൾ വാഗ്ദത്തമസീഹിന്റെ നെറ്റിത്തടത്തിൽ നിന്നു ഒരുതരം പ്രകാശം വികിരണം ചെയ്യുന്നതായി താൻ കാണുകയുണ്ടായെന്നും ഒരുപക്ഷെ കൊള്ളക്കാർക്കും ഇതനുഭവപ്പെട്ടതുകൊണ്ടാവാം അവർ ആക്രമിക്കാൻ അറച്ചതെന്നും ഖാജാ കമാലുദ്ദീൻ സാഹിബ് നിവേദനം ചെയ്തിരിക്കുന്നു. (മുജദ്ദിദെ അഅ്സം, ഭാ. 968).

അടിക്കടിയുള്ള യാത്രകളും യാത്രയിലെ വിഷമങ്ങളും കാരണം ഗുർദാസ്പൂരിൽ ഒരു വീടു വാടകയ്ക്കെടുത്തു കേസ്സ് തീരുന്നതുവരെ അവിടെ സ്ഥിരമായി താമസമാക്കാൻ വാഗ്ദത്തമസീഹ് തീരുമാനിച്ചു. 1904 ആഗസ്ത് 13-൦൦ നു കുടുംബസമേതം ഗുർദാസ്പൂരിൽ താമസമാക്കി. ഒക്ടോബർ 12-നു കേസ്സ് വിധിക്കുശേഷമാണ് ഹസ്റത്ത് അഹ്മദ് (അ) ഖാദിയാനിലേയ്ക്ക് തിരിച്ചത്.

വഗ്ദത്തമസീഹ് (അ) 'മവാഹിബുർറഹ്മാൻ' എന്ന തന്റെ അറബികിതാബിൽ മൌലവി കറംദ്ദീനെപറ്റി 'ലയ്ീം'(നീചൻ) 'കദ്ദാബ്' (മഹാകള്ളൻ) എന്നീ വെളിപാടുപദങ്ങൾ പ്രയോഗിച്ചു എന്നുള്ളതാണല്ലോ മാനനഷ്ടകേസ്സിന്നു ആസ്പദമായ അടിസ്ഥാനഘടകം. ഈ പദങ്ങൾക്കുള്ള വ്യാപകമായ അർത്ഥങ്ങൾ തെളിയിച്ചുകാട്ടുന്നതിന് കൂറ്റൻ സാഹിത്യഗ്രന്ഥങ്ങളും ഒട്ടേറെ നിഘ

ണ്ഡുകളും കോടതിയിൽ ഹാജരാക്കപ്പെടുകയും പ്രശസ്ത പണ്ഡിതന്മാരുടെ മൊഴികൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. 'ലയീം' എന്ന വാക്കിന് ചിലപ്പോൾ 'അറാംപിറന്നവൻ' എന്നും അർത്ഥമുണ്ടെന്നായിരുന്നു മൗലവി കറംദീന്റെ ഭാഗത്തുനിന്നു ഉന്നയിക്കപ്പെട്ട ഒരു വാദം.*

കറംദീൻ കള്ളംപറയുന്ന ആളാണെന്ന് അയാൾക്കെതിരായ വഞ്ചനക്കേസിൽ തെളിയിക്കപ്പെടുകയും ന്യായാധിപൻ വിധിയിൽ അതെടുത്തുപറയുകയും ചെയ്തിട്ടുണ്ടായിരുന്നു എന്നത് ഇവിടെ സ്മരണീയമാണ്. ആ നിലയ്ക്ക് കറംദീന്റെ വിശ്വാസ്യത നഷ്ടപ്പെട്ടിരുന്നതിനാൽ അയാൾ കൊടുത്ത മാനനഷ്ടക്കേസിന്റെ അടിസ്ഥാനംതന്നെ തകരുന്നു എന്നകാര്യം ഖാജാ കമാലുദ്ദീൻ സാഹിബ് കോടതിയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹസ്രത്ത് അഹ്മദുൽഖാദിയാനിക്കും ഖാദിയാനിലെ മറ്റുചില അഹ്മദീ മുഖ്യൻമാർക്കും മൗലവി കറംദീൻ എഴുതിയ കത്തുകൾ അയാൾതന്നെ എഴുതിയതാണെന്നും 'സിറാജുൽ അഖ്ബാർ' എന്ന പത്രത്തിൽ എഴുതിയ ലേഖനവും മൌലവി കറംദീന്റേത്തന്നെയാണെന്നും മൌലാനാ യഅ്കൂബ് അലി സാഹിബ് കൊടുത്ത വഞ്ചനക്കേസ്സിൽ മജിസ്ട്രേട്ട് ചന്തൂലാൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പറഞ്ഞിരുന്നു. വഞ്ചന കാണിച്ചിട്ടുണ്ടെന്ന് തെളിഞ്ഞിട്ടില്ലെന്നതിനാൽ പക്ഷെ, കേസ്സ് തള്ളുകയാണുണ്ടായത്. കറംദീനെതിരായി മൌലാനാ യഅ്കൂബ് അലി സാഹിബ് കൊടുത്ത മറ്റൊരു മാനനഷ്ടക്കേസിൽ കറംദീന് 50 രൂപ പിഴവിധിക്കുകയും ചെയ്തിരുന്നു. ഈ വിധികളുടെ പശ്ചാത്തലത്തിൽ കറംദ്ദീന്റെ മാനനഷ്ടത്തിന് യാതൊരു അടിസ്ഥാനവും ഇല്ലായിരുന്നു. ഇക്കാരണത്താൽതന്നെ കളവ് പറഞ്ഞിട്ടുണ്ടെന്ന് കോടതി വിധിച്ച ഒരാൾക്ക് 'മുത്തഖീ' (ഭയഭക്തിയുള്ള ആൾ) അഥവാ മാന്യൻ ആയിരിക്കാമോ എന്ന പ്രശ്നം കോടതിയിൽ ഉയർന്നുവന്നു. ഇത് സംബന്ധിച്ച് സാക്ഷിപറയാൻ കൂട്ടിൽ കയറിയ മൌലവി സനാഉല്ലാ സാഹിബ് അമൃതസറി,

---

* ലയീം (നീചൻ) – Abject (നീചം), Vile (ദുഷ്ടം) Cowardly (ഭീരുത്വമുള്ള), 'Niggardly കൃപണം– Arabic English Dictionary- F. Steingass- ഗ്ര.

'മുത്തഖീ' ആയ ഒരാൾക്ക് കളവ് പറയൽ പാടില്ല എന്നില്ലെന്ന് മൊഴിനൽകേണ്ടിവന്നത് ഈ കേസ്സിലെ സുപ്രധാനസംഭവമാണ്.*

ഗുർദാസ്പൂരിൽ വലുതായ ഒച്ചപ്പാടുകൾഉണ്ടാക്കിയ ഈ മാനനഷ്ടകേസ്സ് അനിശ്ചിതമായി നീണ്ടുപോകുന്നതിൽ ഉൽക ണ്ഠപൂണ്ട പ്രമുഖ മുസ്ലിം വ്യക്തികൾ കേസ്സ് രാജിയാവുന്ന തിന് വേണ്ടി ഒരു ശ്രമം നടത്താതിരുന്നില്ല. മുസ്ലിംകളുടെ ഒരു പ്രതിനിധിസംഘം വാഗ്ദത്തമസീഹിനെകണ്ട് സംസാരിച്ചു. കത്തുകൾ താനയച്ചത്തന്നെയെന്ന സത്യം മൌലവി കറംദീൻ ഏറ്റുപറയുന്നത്വരെ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയില്ലെന്ന് വാഗ്ദത്തമസീഹ് (അ) തീർത്തുപറഞ്ഞു. കത്തുകൾ താനെഴു തിയതല്ലെന്ന് മൌലവി കറംദീൻ കോടതിയിൽ ബോധിപ്പിച്ചു കഴി ഞ്ഞിട്ടുണ്ടായിരുന്നതിനാൽ അത് പച്ചക്കള്ളമാണെങ്കിലും മാറ്റി പ്പറയാനാവാത്ത കുരുക്കിൽ അയാൾ അകപ്പെട്ടിരുന്നു എന്ന തത്രെ പ്രശ്ന മർമ്മം.

കേസ്സ് രാജിയാവുന്നതാണ് നല്ലതെന്നും കേസ്സിന്റെ ഒടു പുലർച്ച മിർസാസാഹിബിന്ന് ഗുണകരമാകില്ലെന്നും ഡപ്പ്യൂട്ടി കമ്മീഷ്ണർ (കലക്ടർ) പിണ്ഡ്ദാദാഖാനിലെ തഹ്സിൽദാർ ആയ രാജാ ഗുലാം ഹൈദർഖാനുമായുള്ള സംസാരത്തിന്നിട യിൽ അഭിപ്രായപ്പെട്ടിരുന്നു. ഖാജാസാഹിബിനോടും കലക്ടർ ഈ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ, വാഗ്ദ ത്തമസീഹ് (അ) പറഞ്ഞത് താനൊന്നും മറച്ച്പിടിച്ചിട്ടില്ലെന്നും സത്യം പുറത്ത് കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും അത്രെ. ആ മഹാത്മാവ് പറഞ്ഞു: "ഹസ്രത്ത് യൂസുഫ് നബി (അ) തന്റെ പേരിൽ വ്യഭിചാര കുറ്റം ആരോപിക്കപ്പെട്ടപ്പോൾ ആ ആരോ

* 'മുത്തഖി' ആയ ഒരാൾക്ക് കളവ് പറഞ്ഞുകൂടന്നില്ലെന്നതിലേക്ക് സൂറാ ബഖറ യിലെ സത്യവിശ്വാസത്തിന്റെ ലക്ഷണങ്ങൾ വിവരിക്കുന്നതായ ആദ്യ വാക്യ ങ്ങൾ സനാഉല്ലാസഹിബ് ഉദ്ധരിക്കയുണ്ടായി. അവിടെ കളവ് പറയാൻ പാടി ല്ലെന്ന കാര്യം ഉൾപ്പെട്ടിട്ടില്ല എന്നു അദ്ദേഹം പറഞ്ഞപ്പോൾ കക്കുന്നതും വ്യഭിച രിക്കുന്നതും മദ്യപിക്കുന്നതും അരുതെന്ന് അവിടെ വ്യക്തമാക്കീട്ടില്ലാത്തതിനാൽ അത്തരം ദുഷ്കൃത്യങ്ങൾ ചെയ്താലും 'മുത്തഖീ' ആയിരിക്കാമോ എന്ന് ഖാജാ കമാലുദ്ദീൻ സാഹിബ് ക്രോസ്സിൽ ചോദിച്ചപ്പോൾ 'അതേ'യെന്നു സനാഉല്ലാ സാഹിബ് ഉത്തരം നൽകിയത് കോടതിയിൽ കൂട്ടച്ചിരിക്ക് ഇടയാക്കി!

പണം സംപൂർണ്ണമായും അന്വേഷിച്ചറിയുകയും ആരോപണത്തിൽനിന്ന് താൻ പൂർണ്ണമായും മുക്തനാണെന്ന് സ്ഥാപിക്കപ്പെടുകയും ചെയ്യുന്നത്വരെ ജയിലിൽനിന്ന് പുറത്തിറങ്ങാൻ കൂട്ടാക്കിയിരുന്നില്ല. ഒരു സമുദായത്തിന്റെ വിശ്വാസകേന്ദ്രമായിരിക്കുമ്പോൾ ബഹുജനങ്ങളുടെ കണ്ണിൽ എല്ലാതരം ആരോപണങ്ങളിൽനിന്നും മുക്തനായിരിക്കേണ്ടതാണ്. ഞാൻ ഒരു ജമാഅത്തിന്റെ മാർഗ്ഗദർശിയായിരിക്കയാൽ, കറംദീൻ എന്നിൽ ആരോപിച്ചിട്ടുള്ള കുറ്റത്തിൽ നിന്ന് ഞാൻ പൂർണ്ണമായും മോചിതനാകുന്നത്വരെ ഞാൻ രാജിയാവുന്നതല്ല. എല്ലാ പ്രശ്നങ്ങളും പൂർണ്ണമായ അന്വേഷണം നടത്തിയേ തീരു. മജിസ്ട്രേട്ടും ഡപ്യൂട്ടികമ്മീഷ്ണറും എന്നെ കോടതിയിൽ കയറ്റികയറ്റി തളർന്നാലും ഞാൻ തളരില്ല. എന്നാൽ ഈ കേസ്സ് ഈ ലൗകീക കോടതിയിൽനിന്ന് നീക്കി ദൈവത്തിന്റെ കോടതിയിൽ സമർപ്പിക്കാൻ കറംദീൻ തയ്യാറാണെങ്കിൽ അപ്രകാരം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ഞാൻ സന്നദ്ധനാണ്. അപ്പോൾ സത്യവാൻ ആരെന്നും കപടൻ ആരെന്നും തെളിയിച്ച് കാട്ടുന്ന ദൈവവിധിക്ക് മുന്നിൽ നമുക്ക് തലകുനിക്കാം!" (Quoted മുജദ്ദിദെ അഅ്സം, പു. 970).

ഡിസ്ട്രിക്ട്ട് ജഡ്ജ് ഖുദാബക്ഷ് സാഹിബും കേസ്സ് ഒത്തുതീർക്കുന്നതിനുള്ള ശ്രമത്തിൽ ഇടപെട്ടു. എന്നാൽ, ഒരു മുബാഹല നീക്കത്തിന് മൌലവി കറംദീൻ തയ്യാറായിരുന്നില്ല! ഇതിന്ന് വേണ്ടി തയ്യാറാക്കപ്പെട്ട പ്രസ്താവനയിൽനിന്ന് 'ലഅനത്ത്' (ശാപം) എന്ന പദം നീക്കം ചെയ്യണമെന്ന മാദ്ധ്യസ്ഥ്യ അഭിപ്രായത്തെ മാനിച്ച് അത് നീക്കുകയും പകരം 'ദൈവത്തിന്റെ കോടതിയിൽ വിധിതീർപ്പിന്ന് സമർപ്പിക്കുന്നു' എന്ന് ചേർക്കുകയും ചെയ്യാൻ ഹസ്രത്ത് അഹ്മദ് (അ) തയ്യാറായെങ്കിലും താൻ സത്യം ചെയ്യാൻ തയ്യാറല്ലെന്ന് പറഞ്ഞ് മൌലവി കറംദീൻ ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ഈ സംഗതികളെല്ലാം വ്യക്തമാക്കികൊണ്ട് ഹസ്രത്ത് അഹ്മദ് (അ) 1904 ജൂൺ 14നു ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

തടവിലാക്കാൻ നീക്കം!

മജിസ്ട്രേട്ട് ലാലാ ആത്മാറാംമേത്ത വാഗ്ദത്ത മസീഹിനെ ശിക്ഷിക്കാൻ നേരത്തെ തീർച്ചയാക്കിയിരുന്നതിനാൽ തന്റെ മുൻഗാമി തയ്യാറാക്കിയ കുറ്റപത്രത്തെ അയാൾ സ്ഥിരപ്പെടുത്തുകതന്നെ ചെയ്തുകൊണ്ട് ഒരു പരീക്ഷണത്തിന്ന് തയ്യാറെടുത്തു. 1904 ഒക്ടോബർ 1 നു കേസ്സ് വിധിപറയുന്നതിന് നിർത്തിവച്ചു. ഒരു വലിയ ജനക്കൂട്ടം കേസ്സ് വിധി കേൾക്കാൻ കോടതിയിൽ തടിച്ചുകൂടിയിരുന്നു. ഹസ്രത്ത് അഹ്മദുൽഖാദിയാനിയുടെ മുരീദൻമാരായി മുന്നോറോളം പേർ പലസ്ഥലങ്ങളിൽനിന്നുമായി എത്തിച്ചേർന്നിരുന്നു. കറാച്ചി, ഹൈദരാബാദ് സിന്ധ്, പിശാവർ, വസീറാബാദ്, ജലന്ധർ, കപൂർത്തല, ഖാദിയാൻ, ലാഹൗർ, അമൃതസർ, നാറൂവാൽ, ദേനാനഗർ തുടങ്ങി വിവിധ ഭാഗങ്ങളിൽനിന്നുള്ള ശിഷ്യൻമാർ വിധികേൾക്കാൻ വന്നെത്തിയവരിൽപ്പെടും. എന്നാൽ, മജിസ്ട്രേട്ട് അന്നേദിവസം വിധിപറഞ്ഞില്ല. വിധിപ്രഖ്യാപനം ഒക്ടോബർ 8 നു മാറ്റിവെച്ചു.

ഒക്ടോബർ 8 നു ഒരു ശനിയാഴ്ച ദിവസമായിരന്നു. ശനിയാഴ്ചതന്നെ വിധിപറയാൻ നിശ്ചയിച്ചതും ഒരു ഗൂഢാലോചനയുടെ ഭാഗമായിരുന്നു. അടുത്തദിവസം ഞായറാഴ്ച ഒഴിവ് ദിനമാണ്. പിഴയടക്കാൻ വീഴ്ച വരുത്തുന്നപക്ഷം ശനിയാഴ്ച വൈകുന്നേരംതൊട്ട് ഞായറാഴ്ച മുഴുവനും തിങ്കളാഴ്ച പുലർച്ച വരേയും പ്രതിയെ തടവിലിടാം. അക്കാലത്ത് മജിസ്ട്രേട്ടുമാർക്ക് വിപുലമായ അധികാരങ്ങൾ ഉണ്ടായിരുന്നു. പിഴയടക്കാൻ സമയം നൽകുന്ന പതിവ് ഉണ്ടായിരുന്നില്ല. പിഴ ഉടൻ ഒടുക്കാത്തപക്ഷം കൈയ്യാമംവച്ച് ജയിലിൽ കൊണ്ട്പോവുകയായിരുന്നു പതിവ്.

വാഗ്ദത്ത മസീഹിനെ ശിക്ഷിച്ചുകൊണ്ടുള്ള വിധി മജിസ്ട്രേട്ട് ആത്മാറാംമേത്ത പുറപ്പെടുവിക്കുന്നപക്ഷം എന്ത് ചെയ്യണമെന്ന ഉത്ക്കണ്ഠ ശിഷ്യജനങ്ങളിൽ അങ്കലാപ്പ് സൃഷ്ടിച്ചു. ജയിലിലടക്കപ്പെടുകയാണെങ്കിൽ അത് അങ്ങേയറ്റത്തെ മാനഹാനിക്കിടയാകും. വാഗ്ദത്തമസീഹ് (അ) ഏത് സംഭവവികാസത്തെയും നേരിടാനുള്ള മനക്കരുത്തോടെ പരമശാന്തനും പരമസംതൃപ്തനുമായി കാണപ്പെട്ടിരുന്നു. താൻ ഒരിക്കലും അപമാ

നിക്കപ്പെടുകയില്ലെന്ന് അവിടുത്തേക്ക് തീർത്തും ഉറപ്പായിരുന്നു. ദൈവത്തിൽനിന്നുള്ള ഏത് പരീക്ഷക്ക് മുമ്പിലും സുസ്മേരവദനനായിരിക്കാൻ ആ യതിവര്യന് കഴിയുമായിരുന്നു. "നിന്റെ അപമാനത്തിന് ശേഷം നീ ബഹുമാനിക്കപ്പെടും" എന്നത് ദൈവം തനിക്ക് നൽകിയ ഉറപ്പാണ്. അത്കൊണ്ട് ഒരു അപമാനം സഹിക്കാതെ തരമില്ല. എന്നാലും ഒടുപുലർച്ച തനിക്കനുകൂലമായിട്ടേ വരൂ. എന്നിരിക്കിലും, ശിഷ്യവൃന്ദം അങ്ങേയറ്റത്തെ നിരാശയിൽ ആണ്ടു. അവരെല്ലാം ആലോചനാമഗ്നരായി. പലരും പല പ്രതിവിധികളും ഉന്നയിച്ചു. ഒരഭിപ്രായം പ്രകടിപ്പിച്ച ഒരു ഭക്തശിഷ്യനോട് വാഗ്ദത്തമസീഹ് (അ) പറഞ്ഞു, "മുൻഷിസാഹിബ്, ഇതെല്ലാം ആസൂത്രിതമായ ഒരു ഗൂഢാലോചനയാണ്. താങ്കൾ പറയുന്നത്പോലെ ചെയ്താൽ അല്ലാഹുവിൽനിന്ന് വെളിപ്പെടേണ്ട അടയാളം വെളിപ്പെടാതെപോകും!"

അവർ കൈയ്യാമം ഒരുക്കി!

വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദുൽഖാദിയാനിയേയും ഹക്കീം ഫസലുദ്ദീൻ സാഹിബ് ഭേരവിയേയും മജിസ്ട്രട്ട് കോടതിമുറിയിലേക്ക് വിളിപ്പിച്ചു. പോലീസ് കാവൽ ഏർപ്പെടുത്തിയിരുന്നു. കോടതി മുറിയിലേക്ക് മറ്റാരെയും കടത്തിവിട്ടില്ല. ഒരു പോലീസ്കാരൻ കൈയ്യാമവുമായി വാഗ്ദത്തമസീഹിന് തൊട്ട്പിന്നിൽ നിൽക്കുന്നുണ്ടായിരുന്നു. വിധി പുറപ്പെടുവിച്ചു കഴിഞ്ഞാൽ പിഴ ഒടുക്കാത്തപക്ഷം ഉടൻ പ്രതികളെ കയ്യാമം വച്ച് ജയിലിലടക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. നിരപരാധിയായ വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) യേശുമിശിഹാവിനെ പോലെ കുറ്റംചുമത്തപ്പെട്ട നിലയിൽ നീതിസന്നിധിയിൽ ആനയിക്കപ്പെട്ടു. ഖാജാ കമാലുദ്ദീൻ സാഹിബ് തദവസരത്തിൽ പുറത്തായിരുന്നു. അദ്ദേഹം തിരിച്ചുവന്നപ്പോൾ വാഗ്ദത്ത മസീഹ് (അ) കോടതി മുറിയിലേക്ക് പ്രവേശിക്കുകയായിരുന്നു. വിധികേൾപ്പിക്കാൻ പേർ വിളിച്ചതായറിഞ്ഞ് അദ്ദേഹം ബദ്ധപ്പെട്ടെത്തിയതായിരുന്നു. രണ്ടു പോലീസുകാർ വാതിൽക്കൽ ഇരുഭാഗങ്ങളിൽനിന്നുമായി അദ്ദേഹത്തെ തടഞ്ഞു. ആരേയും കൂസാതെ അദ്ദേഹം അകത്തുകടന്നു. ആജാനബാ

ഹുവായ ഖാജാ സാഹിബിനെ തടയാൻ ആ പോലീസുകാർക്ക് കഴിഞ്ഞില്ല. താൻ പ്രതിയുടെ നിയമോപദേഷ്ടാവാണെന്നും തന്നെ തടയാനാവില്ലെന്നും അദ്ദേഹം നിയമവാദം ഉന്നയിക്കുകയും ചെയ്തു.

ഹസ്രത്ത് അഹ്മദുൽഖാദിയാനിക്കും ഹക്കീം ഫസലുദ്ദീൻ സാഹിബിനും എതിരായിട്ടാണ് മജിസ്ട്രട്ട് ആത്മാറാം വിധി പറഞ്ഞത്. അതു പ്രതീക്ഷിക്കപ്പെട്ടതായിരുന്നു. വാഗ്ദത്ത മസീഹിന്ന് അഞ്ഞൂറു രൂപയും ഹക്കീം സാഹിബിന്ന് ഇരുനൂറു രൂപയും പിഴയിട്ടുകൊണ്ടുള്ളതായിരുന്നു വിധി. ഖാജാ സാഹിബ് ഉടനെ കീശയിൽനിന്ന് എഴുന്നൂറ് രൂപയുടെ നോട്ടുകൾ എണ്ണി മജിസ്ട്രേട്ടിന്റെ മേശപ്പുറത്ത് വച്ചുകൊടുത്തു.* മജിസ്ട്രേട്ടിന്റെ മുഖത്ത് ജാള്യത കളിയാടി. ജയിലിലടക്കാനുള്ള ഗൂഢാലോചന തകർന്നിരിക്കുന്നു! അയാൾ ഇതികർത്തവ്യതാമൂഢനായി നോട്ടുകൾ തിരിച്ചും മറിച്ചും പരിശോധിച്ചുകൊണ്ടിരുന്നു. ചില നോട്ടുകൾ മദ്രാസിലേതും കറാച്ചിയിലേതുമാണ്. അവ സ്വീകരിക്കപ്പെടുകയില്ലെന്ന് പറയാൻ മജിസ്ട്രേട്ട് മടിച്ചില്ല! + എഴുനൂറു രൂപയുടെ നോട്ടുകൾ കിട്ടിയിട്ടുണ്ടെന്നും മദ്രാസിലെയും കറാച്ചിലേയും നോട്ടുകളായതിനാൽ സ്വീകാര്യമല്ലെന്നും എഴുതിക്കൊടുക്കാൻ ഖാജാസാഹിബ് ആവശ്യപ്പെട്ടു. ബ്രിട്ടീഷ് ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ വച്ച് അങ്ങനെ ആ നോട്ടുകൾ എടുക്കില്ലെന്ന് പറയാൻ ഒരു മജിസ്ട്രട്ടിന്ന് കഴിയുകയില്ലായിരുന്നു. നിർബന്ധിതാവസ്ഥയിൽ മജിസ്ട്രേട്ട് പിഴ വസൂലാക്കി വാഗ്ദത്ത മസീഹിനേയും ശിഷ്യനേയും വിട്ടയച്ചു.

---

* പ്രസ്തുത തുക ഖാജാ സാഹിബിന്ന് പഴയ ഒരു കേസ്സ് വകയിൽ കോടതിയിൽ വച്ചുതന്നെ അൽപം മുമ്പ് ഒരു കക്ഷി നൽകിയതായിരുന്നു എന്നും കീശയിൽ അത്രയും തുകയാണ് ഉണ്ടായിരുന്നതെന്നും,'മുജദ്ദിദെ അഅ്സം' എന്ന ഗ്രന്ഥത്തിൽ പറയുന്നു (രണ്ടാം ഭാഗം). എന്നാൽ, ഇത് ശരിയല്ലെന്നും നവാബ്, മുഹമ്മദലിഖാൻ സാഹിബ് കൊടുത്തയച്ച തുകയിൽനിന്നാണ് നൽകിയതെന്നുമാണ് ഹസ്രത്ത് യഅ്കൂബ് അലി സാഹിബ് ഇർഫാനി (റ) പറയുന്നത്.

+ അക്കാലത്തെ നോട്ടുകളിൽ വൻ നഗരങ്ങളുടെ പേരും അച്ചടിക്കാറുണ്ടായിരുന്നു.



കറംദീൻ മാനനഷ്ടക്കേസ്സ് കാലത്ത് ജഹ്‌ലമിൽ വാഗ്ദത്ത മസീഹ് (അ) താമസിച്ച ബംഗ്ലാവ്

ഹസ്റത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് ഭേരവി(റ)

കുറ്റപത്രം സ്ഥിരപ്പെടുത്തിയപ്പോൾ തന്നെ നീതിയെ ഞെക്കിക്കൊല്ലാൻ ഒരുങ്ങിയ മജിസ്ട്രേട്ട് ലാലാ ആത്മാറാം ദൈവീക ശിക്ഷയുടെ പിടിയിൽ അകപ്പെട്ടിരുന്നു. ആയാളുടെ ഒരു മകൻ പെട്ടെന്ന് മരണപ്പെട്ടു. ഇരുപത് ദിവസങ്ങൾക്കിടയിൽ രണ്ടാമത്തെ മകൻ പുഴയിൽ മുങ്ങിമരിക്കുകയും ചെയ്തു.* കുടുംബത്തിൽ അലമുറയായി. ഹസ്രത്ത് മീർസാ സാഹിബിനോട് കാണിച്ച അനീതി കുടുംബത്തെ തകർത്തു എന്ന് അയാളുടെ ഭാര്യ ആവലാതിപ്പെടുകയായിരുന്നു. ലാലാ ആത്മാറാം തന്റെ മക്കളുടെ വിരഹ ദു:ഖത്തിൽ അകപ്പെട്ടതായി വാഗ്ദത്തമസീഹ് ഒരു 'കശ്ഫിൽ മുൻകൂട്ടി കണ്ടത് ജമാഅത്തിൽ കേൾപിച്ചിട്ടുണ്ടായിരുന്നു. (ഹഖീഖത്തുൽ വഹീ – പു.222). അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു.

അപ്പീലിൽ കുറ്റമോചനം

ഈ വിധിക്കെതിരെ നവംബർ 5 നു അമൃതസർ സെഷൻസ് ജഡ്ജ് എ.ഇ. ഹീരിയുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കപ്പെട്ടു. ദൈവീക സുവാർത്തകളുടെ അടിസ്ഥാനത്തിൽതന്നെ 1905 ജനുവരി 7നു സെഷൻസ് ജഡ്ജി വാഗ്ദത്ത മസീഹിന്റെ മേലുള്ള ശിക്ഷ റദ്ദാക്കുകയും പിഴ തിരിച്ചുകൊടുക്കാൻ കൽപിക്കുകയും ചെയ്തു. പ്രവചനപ്രകാരം വാഗ്ദത്ത മസീഹ് (അ) അത്യാദരങ്ങളോടെ എല്ലാ കുറ്റാരോപണങ്ങളിൽനിന്നും മോചിപ്പിക്കപ്പെട്ടു.

ഡിവിഷനൽ കോർട്ടിലെ സെഷൻസ്ജഡ്ജ് ഹസ്രത്ത് അഹ്മദിനെ കുറ്റമോചനം നൽകി വിട്ടയച്ചു. എന്നുമാത്രമല്ല വിധിന്യായത്തിൽ, കറംദീനെ പറ്റിയുള്ള വാഗ്ദത്ത മസീഹിന്റെ എല്ലാ

---

* തന്റെ മക്കളുടെ അടുത്തടുത്തുള്ള മരണം കാരണമായി ലാലാ ആത്മാറാം ഒരു ഭ്രാന്തനെപോലെയായി മാറിയിരുന്നുവെന്നും ഒരിക്കൽ ലുധിയാനാ സ്റ്റേഷനിൽവച്ച് തന്നെ കണ്ടപ്പോൾ ലാലാ സാഹിബ് വളരെ വികാര പാരവശ്യത്തോടെ തന്റെ പക്കൽ നിന്ന് വലുതായ തെറ്റുകൾ വന്നുപോയിരുന്നു എന്ന് ഏറ്റുപറയുകയും തനിക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുകയുമുണ്ടായെന്ന് ഹസ്രത്ത് 'മുസ്ലിഹ് മൗഊദ്' തഫ്സീർ കബീറിൽ പറഞ്ഞിട്ടുണ്ട്. (താരിഖെ അഹ്മദിയ്യത്ത്, ജി. 3, പു. 309)

പരാമർശങ്ങളും അയാൾ അർഹിക്കുന്നത് തന്നെയെന്ന് രേഖപ്പെടുത്തുകയുമുണ്ടായി എന്നറിയുമ്പോൾ ഇവിടെ വെളിപ്പെട്ട ദിവ്യ അടയാളത്തിൽ ആരാണ് അത്ഭുത പരതന്ത്രനാകാതിരിക്കുക?

ജഡ്ജി ഇപ്രകാരംഎഴുതി: "അന്യായക്കാരൻ (മൌലവി കറംദീൻ) 'കദ്ദാബ്' (മഹാകള്ളൻ) 'ലയീം' (നീചൻ) എന്നീ പദങ്ങൾക്ക് തികച്ചും അർഹനായിട്ടുള്ളവൻ തന്നെയായിരുന്നു. അന്യായക്കാരന്റെ പ്രവൃത്തിയും വാക്കും തമ്മിൽ എത്രത്തോളം പൊരുത്തം വേണമെന്ന് ബഹുജനം തിരിച്ചറിയുന്നതിന്നുവേണ്ടിതന്നെ."

ജഡ്ജി തുടർന്നു: "അയാളിൽനിന്ന് കരുതിക്കൂട്ടിയുള്ള കുതന്ത്രങ്ങളും വസ്തുതയ്ക്ക് നിരയ്ക്കാത്ത പ്രസ്താവനകളും വഞ്ചനയും വെളിപ്പെടുന്നു. യാതൊരു ലജ്ജയും ഇല്ലാതെ ഒരു പൊതുപത്രത്തിന്റെ പേജുകളിൽ അക്കാര്യങ്ങൾ വിളമ്പി അയാൾ ഊറ്റം കൊള്ളുകയും ചെയ്തിരിക്കുന്നു."

ജഡ്ജിമെന്റിന്റെ ഒടുവിൽ ഇപ്രകാരം പറഞ്ഞു: "തുടക്കത്തിൽ തന്നെ തള്ളിക്കളയേണ്ട ഇത്തരമൊരു കേസ്സിന്നുവേണ്ടി ഇപ്രകാരം സമയം പാഴാക്കിയത്*വളരെ ഖേദകരമായിപ്പോയി. ആകയാൽ, രണ്ടുപ്രതികളെയും, മിർസാ ഗുലാംഅഹ്മദിനെയും ഹക്കീം ഫസ്സുദ്ദീനെയും വിട്ടയച്ചിരിക്കുന്നു. അവർ ഒടുക്കിയ പിഴസംഖ്യ തിരിച്ചുകൊടുക്കേണ്ടതാണ്." (അൽഹക്കം, 24–1–1905)

"മേൽ കോടതിയിൽ നിന്ന് കുറ്റമോചനം" (അദാലത്തെ ആലിയ സെ ബരിയ്യത്ത്) എന്നും തോൽവിക്ക് ശേഷം ജയം (ശികസ്ത കെ ബഅദ് ഫത്ഹ്) എന്നും 'ഫത്ഹെ ഹുനൈൻ' (ഹുനൈൻ വിജയം) എന്നുമുള്ള വെളിപാടുകളിൽ പല തവണകളായി ലഭിച്ച മുന്നറിയിപ്പുകൾ പ്രകാരം അപ്പീൽകോടതിയിൽ ഈ മഹത്തായ വിജയം ലഭിച്ചു.

* വളരെ ലളിതമായ ഈ കേസ്സ് രണ്ടു കൊല്ലം വരെ നീണ്ടുനിന്നു. വാഗ്ദത്ത മസീഹിനെ കരുതിക്കൂട്ടി പീഡിപ്പിക്കാനുള്ള ഈ നീക്കത്തിൽ ഡിപ്യൂട്ടി കമ്മീഷണറും നീരസം പ്രകടിപ്പിക്കയുണ്ടായിട്ടുണ്ട്.

ഈ കേസ്സിന്റെ വിജയത്തെ തന്റെ സത്യത്തിലേക്കുള്ള അടയാളമായി വിവരിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "ഞാൻ 'മവാഹിബൂർറഹ്മാ'നിൽ പ്രസിദ്ധപ്പെടുത്തിയ പ്രകാരം കറംദീന്നു ശിക്ഷ കിട്ടി. അയാൾ 'കദ്ദാബ്', തന്നെയെന്ന കാര്യത്തിൽ കോടതിയും മുദ്രകുത്തിയിരിക്കുന്നു. നമ്മുടെ സകല എതിരാളി മൌലവിമാരും ഈ കേസ്സിൽ നിരാശരായിരിക്കയാണ്. കഷ്ടം! എന്റെ എതിരാളികൾക്ക് ഇപ്രകാരം അടിക്കടി നൈരാശ്യത്തിന്റെ അനുഭവങ്ങളുണ്ടായിട്ടും ഈ മനുഷ്യന്റെ കൂടെയുള്ള കൈ അയാളെ എല്ലാ ആക്രമണങ്ങളിൽനിന്നും രക്ഷിക്കുന്നു എന്ന് ഒരിക്കൽപോലും തോന്നുമാറായില്ലല്ലോ! നിർഭാഗ്യമെന്നല്ലാതെന്തു പറയും? അവർക്കിതൊരു അത്ഭുത അടയാളം (മുഅ്ജിസ) ആയിരുന്നു. അവരുടെ ഉപദ്രവത്തിൽനിന്ന് അല്ലാഹു എന്നെ രക്ഷിച്ചകറ്റി. രക്ഷിച്ചു എന്നുമാത്രമല്ല, വിടുതലിനെപറ്റി മുൻകൂട്ടിയുള്ള വിവരവും അവൻ നൽകി. എല്ലാ ഘട്ടങ്ങളിലും ദൈവം എനിക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടിരുന്നു, 'ഞാൻ നിന്നെ രക്ഷിക്കും' എന്ന്! അപ്രകാരംതന്നെ വാഗ്ദത്തമനുസരിച്ച് അവൻ എന്നെ രക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്തു." (ഹഖീഖത്തുൽവഹീ, പു. 122)

63–ഒരു ശിഷ്യൻ എറിഞ്ഞുകൊല്ലപ്പെടുന്നു

ദാതാഗഞ്ച്ബക്ഷ് എന്ന പേരിൽ പ്രഖ്യാതനായ ശേഖ് അബുൽഹസൻ അലി ഹജ്വേരി എന്ന സൂഫിവര്യന്റെ പിന്തുടർച്ചയിൽപെട്ട മതഭക്തനും അഫ്ഘാനിസ്താനിലെ ഖോസ്ത് നിവാസിയുമായിരുന്ന ഹസ്റത്ത് സാഹിബ്സാദാ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഇമാം മഹ്ദിയുടെ ശിഷ്യത്വം സ്വീകരിച്ചതു ഒരു വലിയ സംഭവമായി. ഒരു മതനേതാവും മഹാപണ്ഡിതനും ഭക്തശിരോമണിയും ആയിരുന്ന അദ്ദേഹത്തിന്നു അഫ്ഘാനിസ്താനിൽ ആയിരക്കണക്കായ മുരീദന്മാരുണ്ടായിരുന്നു. ഖോസ്തിലും ചുറ്റുവട്ടത്തിലുള്ള ബ്രിട്ടീഷ് സംരക്ഷിത പ്രദേശങ്ങളിലും അദ്ദേഹത്തിന്ന് ധാരാളം സ്വത്തുക്കളുമുണ്ടാ

യിരുന്നു. ദിവ്യവെളിപാടുകളാലും ആത്മീയദർശനങ്ങളാലും അനുഗൃഹീതനായ പുണ്യപുരുഷനെന്നോണം അറിയപ്പെട്ട അദ്ദേഹത്തിനു അഫ്ഘാൻ കൊട്ടാരത്തിലും അത്യുന്നത സ്ഥാനം ഉണ്ടായിരുന്നു. അഫ്ഘാൻ രാജകുടുംബത്തിൽതന്നെ പലരും അദ്ദേഹത്തിന്റെ ശിഷ്യൻമാരായിരുന്നു. അഫ്ഘാൻ രാജാവിന്ന് കിരീടധാരണം നടത്തുന്ന കർമ്മം ഇദ്ദേഹമാണ് നിർവഹിച്ചതെന്നറിയുമ്പോൾ രാജകുടുംബത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉന്നതസ്ഥാനം ഊഹിക്കാമല്ലോ. 1894ലെ അഫ്ഘാൻ ബ്രിട്ടീഷ് ഇന്ത്യാ അതിർത്തിനിർണയത്തിനു നിയോഗിക്കപ്പെട്ട സുപ്രസിദ്ധമായ ഡ്യൂറണ്ട് കമ്മീഷണിലെ രണ്ട് അഫ്ഘാൻ പ്രതിനിധികളിൽ ഒരാളായി അദ്ദേഹമാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. കമ്മീഷനിലെ സീനിയർ ബ്രിട്ടീഷ് പ്രതിനിധിയായിരുന്നു സർ മോർട്ടിമർ ഡ്യൂറണ്ട് (Sir Mortimer Durand).

വാഗ്ദത്തമസീഹ് വെളിപ്പെട്ടുകഴിഞ്ഞു എന്ന വിവരം ഹസ്രത്ത് അബ്ദുല്ലത്തീഫ് സാഹിബ് എങ്ങിനെയോ അറിഞ്ഞുകഴിഞ്ഞിരുന്നു. ഡ്യൂറണ്ട് കമ്മീഷണിലെ ബ്രിട്ടീഷ് പ്രതിനിധികളുടെ സ്റ്റാഫിൽപെട്ട ഒരാൾ അദ്ദേഹത്തിന് ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) യുടെ 'ആയിനയെ കമാലാത്തെ ഇസ്ലാം' എന്ന വിശ്രുത ഗ്രന്ഥത്തിന്റെ പ്രതി സമ്മാനിക്കുകയുണ്ടായി. വളരെ താൽപര്യത്തോടെ ആ കൃതി പാരായണം ചെയ്ത അദ്ദേഹത്തിന് ആ ഗ്രന്ഥത്തിന്റെ കർത്താവിനോടുണ്ടായ മതിപ്പും ആദരവും വിവരണാതീതമായിരുന്നു. കമ്മീഷൻജോലി കഴിഞ്ഞശേഷം ഹസ്റത്ത് അബ്ദുൽലത്തീഫ് സാഹിബ് വാഗ്ദത്തമസീഹുമായി ബന്ധം പുലർത്തി. വാഗ്ദത്തമസീഹുമായി നേരിട്ടു ബന്ധപ്പെടുന്നതിന്നു അദ്ദേഹം ഖാദിയാനിലേയ്ക്ക് തന്റെ ദൂതന്മാരെ അയക്കുകയുമുണ്ടായി. അവർ മഹ്ദീ ഇമാമിന്റെ പുതിയ ചില കൃതികളും ലഘുലേഖകളുമായിട്ടാണ് തിരിച്ചെത്തിയത്.

ആദ്യത്തെ അഹ്മദി രക്തസാക്ഷി

ഹസ്റത്ത് അബ്ദുൽലത്തീഫ് സാഹിബിന്റെ ദൂതന്മാരിൽ പ്രധാനിയായിരുന്നു ഹസ്റത്ത് മൌലവി അബ്ദുർറഹ്മാൻ.

അദ്ദേഹം പലതവണ ഖാദിയാൻ സന്ദർശിച്ചു. 1900 ഡിസമ്പറിൽ അദ്ദേഹം സയ്യിദ് സാഹിബിന്റെ ഒപ്പിട്ട ബൈഅത്ത് പത്രിക വാഗ്ദത്തമസീഹിനു സമർപ്പിക്കുകയും താനും ബൈഅത്ത് ചെയ്ത് ശിഷ്യഗണത്തിൽ പ്രവേശിക്കയും ചെയ്തു.

അക്കാലത്ത് അതിർത്തി പ്രദേശങ്ങളിൽ ബ്രിട്ടീഷു കാർക്കെതിരെ പ്രക്ഷോഭം നടക്കുകയായിരുന്നു. മുല്ലമാർ അതിനു 'ജിഹാദ്' എന്നാണ് പറഞ്ഞിരുന്നത്. പല ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും നിഷ്കരുണം നിഗ്രഹിക്കപ്പെടുകയുണ്ടായി. വാഗ്ദത്തമസീഹ് ഈ നീക്കങ്ങളെ വിമർശിക്കുകയും ജിഹാദിനെ സംബന്ധിച്ചുള്ള ഇസ്ലാമിന്റെ ശരിയായ പാഠത്തെ വിശദീകരിക്കയും ചെയ്തിരുന്നു. ഹസ്രത്ത് മൌലവി അബ്ദുർറഹ്മാൻ ഈ ലഘുലേഖകളും വാഗ്ദത്തമസീഹിന്റെ മറ്റുകൃതികളുമെല്ലാം സൂക്ഷ്മമായി പഠിച്ചു അതിന്റെ പൊരുൾ മനസ്സിലാക്കിക്കൊണ്ടാണ് കാബൂളിൽ തിരിച്ചെത്തിയത്. ഇമാം മഹ്ദി വെളിപ്പെട്ട ആനന്ദവൃത്താന്തം രാജാവിനെ നേരിട്ടു ബോധിപ്പിക്കാമെന്ന ആഗ്രഹവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലി. മൌലവി അബ്ദുർറഹ്മാന്റെ പുതിയ വിശ്വാസങ്ങളും തത്ത്വങ്ങളും മുല്ലമാരുടെ ശ്രദ്ധയിൽപെടാതിരുന്നില്ല. അവർ അദ്ദേഹത്തെപറ്റി രാജാവിനെ ദുർബോധനപ്പെടുത്താൻ ശ്രമിച്ചുതുടങ്ങിയിരുന്നു. അമീർ അബ്ദുർറഹ്മാൻ മുല്ലമാരുടെ ഉപദേശങ്ങൾക്കും ഉപജാപങ്ങൾക്കും വിധേയനായി മൌലവി അബ്ദുർറഹ്മാൻ സാഹിബിൽ രാജ്യദ്രോഹം ആരോപിച്ചു അറസ്റ്റ് ചെയ്യാൻ കൽപിക്കയും ചെയ്തു. അമീറിന്റെ നിർദ്ദേശപ്രകാരം ഒടുവിൽ തടവുമുറിയിൽ വച്ചുതന്നെ അദ്ദേഹത്തെ കഴുത്തിൽ മുണ്ടിട്ടു മുറുക്കി കൊന്നു കളഞ്ഞു.

അങ്ങിനെ, വാഗ്ദത്തമഹ്ദീമസീഹിന്റെ ശിഷ്യന്മാരിൽ ആദ്യത്തെ ശഹീദ് അഥവാ രക്തസാക്ഷിയാകാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. 20 കൊല്ലം മുമ്പ് വാഗ്ദത്തമസീഹിന്നുണ്ടായ വെളിപാടുകളിൽ "ശാതാനി തുദ്ബഹാനി വകുല്ലുമൻ അലൈഹാ ഫാൻ" (രണ്ടു ആടുകൾ അറുക്കപ്പെടും; അതിൻമേലുള്ള സകലതും നശ്വരം) എന്നു പറയപ്പെട്ടിട്ടുള്ളതിലടങ്ങിയ

പ്രവചനം അങ്ങിനെ ഭാഗികമായി പൂർത്തിയായി. 1901 സപ്തമ്പർ 10-ാം നു യാണ് നിരപരാധിയായ ഒരു പുണ്യ പുരുഷന്റെ നേരെ ഈ പൈശാചികമായ വധം നടത്തപ്പെട്ടത്.

ഈ വധത്തിന് ശേഷം കുറച്ചു ആഴ്ചകൾ കഴിഞ്ഞു അമീർ അബ്ദുർറഹ്മാൻഖാന്ന് പക്ഷാഘാതം ഉണ്ടായി. കിടപ്പിലായ രാജാവ് 1901 ഒക്ടോബർ 30- നു മരണപ്പെടുകയും ചെയ്തു. തുടർന്നു അമീർ ഹബീബുല്ലാഹ്ഖാൻ അഫ്ഘാൻ രാജാവായി വാഴിക്കപ്പെട്ടു.

1902 ഒടുവിൽ ഹസ്രത്ത് സയ്യിദ് അബ്ദുൽലത്തീഫ് സാഹിബ് അമീർ ഹബീബുല്ലാഖാന്റെ സമ്മതത്തോടെ ഹജ്ജ് കർമ്മം നിർവ്വഹിക്കാനുള്ള ഉദ്ദേശ്യത്തിൽ രണ്ടു ശിഷ്യന്മാരോടൊപ്പം ലാഹൗറിലേയ്ക്ക് പുറപ്പെട്ടു. രാജാവ് അദ്ദേഹത്തിൽ പ്രസാദിച്ചു ആവശ്യമായത്ര പണവും നല്കയുണ്ടായി. ലാഹൗറിലാണ് പുണ്യാത്മാവായ ഹസ്റത്ത് ദാതാ ഗഞ്ച്ബക്ഷിന്റെ മൃതകുടീരം സ്ഥിതിചെയ്യുന്നത്. ലാഹൗറിൽ നിന്ന് ഖാദിയാനിൽ ചെന്ന് വാഗ്ദത്തമഹ്ദീ ഇമാമിനെ നേരിട്ടു കാണണമെന്ന മോഹവും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം ഖാദിയാനിൽ വന്നെത്തി. വാഗ്ദത്തമസീഹ് അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരിച്ചു. സയ്യിദ് സാഹിബിനെകുറിച്ചു പ്രഥമദർശനത്തിൽതന്നെ തനിക്കുണ്ടായ അഭിപ്രായം വാഗ്ദത്തമസീഹ് (അ) ഇപ്രകാരം രേഖപ്പെടുത്തുന്നു:

"എന്റെ ജീവൻ ആരുടെ കയ്യിൽ സ്ഥിതിചെയ്യുന്നുവോ ആ സർവ്വാധിനാഥനെ സാക്ഷിനിറുത്തിക്കൊണ്ടു ഞാൻ പറയുന്നു, എന്നോടുള്ള അനുസരണത്തിലും സമർപ്പണഭാവത്തിലും അതുല്യമായ തരത്തിൽ ആത്മാർത്ഥതയുള്ള ആളും എന്നോടുള്ള ബന്ധത്തിലും എന്റെ എല്ലാ വാദങ്ങളും സ്വീകരിക്കുന്നതിലും പരമമായ വിശ്വസ്തത പുലർത്തുന്ന ആളും ആയിട്ടാണ് എനിയ്ക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ സ്നേഹവും ആദരവും അതീവ സുഗന്ധം തുളുമ്പുന്ന അച്ഛസ്ഫടിക സുന്ദരമായ അത്തർ കുപ്പിയോട് സാദൃശ്യപ്പെടുത്താവുന്നതത്രെ. എന്നോടുള്ള സ്നേഹത്തിൽ അത്യന്തം

ആത്മാർത്ഥതയുള്ള ആളായി ഞാനദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിന്റെ വർത്തുളമായ സുന്ദരവദനം പോലെതന്നെ പരിശുദ്ധമാണ് ആ ഹൃദയവും. ലൗകികമായ എല്ലാ കാര്യങ്ങളെക്കാളും സത്യവിശ്വാസത്തിനു അദ്ദേഹം പ്രാമുഖ്യം കല്പിക്കുന്നു എന്നതത്രെ ഞാനദ്ദേഹത്തിൽ കണ്ട അസൂയാർഹമായ ഗുണവിശേഷം" (തദ്കിറത്തുശ്ശുഹാദത്തെൻ, Eng. P.6).

ഏതാനും ദിവസംമാത്രം ഖാദിയാനിൽ തങ്ങാനാണ് അദ്ദേഹം തീരുമാനിച്ചിരുന്നത്. വാഗ്ദത്തമസീഹുമായി ബന്ധപ്പെട്ടപ്പോൾ പിന്നെ ആ മഹാത്മാവിനെ വിട്ടുപിരിയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതുകാരണം ഹജ്ജിന് പോകുന്നതിനുള്ള പരിപാടി മാറ്റിവെക്കുകയും കുറേനാൾ ഖാദിയാനിൽ തന്നെ വസിക്കാൻ തീർച്ചയാക്കുകയും ചെയ്തു.

സയ്യിദ്സാഹിബ് ആത്മീയ ദർശനങ്ങളും ദിവ്യാനുഭവങ്ങളും ഉള്ള ആളായിരുന്നതിനാൽ വാഗ്ദത്തമസീഹിന്റെ ആത്മീയൗന്നത്യവും അഗ്രിമപദവികളും ഉൾകണ്ണ്കൊണ്ട് നോക്കിക്കാണുവാൻ അദ്ദേഹത്തിന്ന് പ്രയാസമുണ്ടായില്ല. സയ്യിദ് സാഹിബ് 6 മാസത്തെ വിടചോദിച്ചാണ് അമീറുമായി പിരിഞ്ഞത്. 3 മാസത്തിലേറെ അദ്ദേഹം ഖാദിയാനിൽതന്നെ കഴിച്ചുകൂട്ടി. കാബൂളിലേക്ക് തിരിച്ചുപോകേണ്ട സമയമായപ്പോൾ അദ്ദേഹം മഹ്ദീ ഇമാമിന്റെ അനുവാദം തേടി. അടുത്തകൊല്ലം ഹജ്ജിന് പോകുന്നത്വരെ ഖാദിയാനിൽതന്നെ താമസിച്ചുകൊള്ളാവുന്നതാണെന്ന് ഹസ്രത്ത് അഹ്മദ് (അ) നിർദ്ദേശിച്ചുവെങ്കിലും ഹജ്ജിന്ന് വീണ്ടും വരാമെന്ന് പറയുകയാൽ അദ്ദേഹത്തെ ഹിതാനുസൃതം പ്രവർത്തിച്ചുകൊള്ളുന്നതിന്ന് അനുവദിക്കുകയുണ്ടായി.

സയ്യിദ് അബ്ദുൽ ലത്തീഫ് സാഹിബ് ഖാദിയാനിൽ നിന്ന് തിരിച്ചുപോകുമ്പോൾ വാഗ്ദത്തമസീഹ് (അ) അദ്ദേഹത്തെ യാത്ര അയക്കാനായി രണ്ടര നാഴികയകലത്തോളം (മറ്റൊരു നിവേദനപ്രകാരം വഡാലവരെ) അനുഗമിക്കുകയുണ്ടായി. ഒടുവിൽ അവർ തമ്മിൽ വേർപിരിഞ്ഞ രംഗം വികാരനിർഭരമായിരുന്നു. സയ്യിദ് സാഹിബിനെ സംബന്ധിച്ചിടത്തോളം അതു അവസാനത്തെ കൂടി

ക്കാഴ്ചയാണെന്ന് ഉറപ്പിച്ചിരുന്നു. ഇനിയൊരിക്കലും തന്റെ ഗുരുവിനെ കാണാൻ കഴിയുകയില്ലെന്ന് ഓർത്തപ്പോൾ അദ്ദേഹം വാഗ്ദത്തമസീഹിന്റെ കാൽക്കൽ കുഴഞ്ഞുവീണു. അദ്ദേഹം പൊട്ടിക്കരയുകയായിരുന്നു. ഇമാം മഹ്ദിയുടെ കണ്ണിലും വെള്ളം നിറഞ്ഞു. വളരെ പ്രയാസപ്പെട്ടു തന്റെ ശിഷ്യനെ എഴുന്നേൽപിച്ചു. തന്റെ കാൽക്കൽ ആരെങ്കിലും വീഴുന്നതും തന്റെ പാദങ്ങൾ സ്പർശിക്കുന്നതും ആ മഹാത്മാവ് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ, 'അൽ അംറു ഫൗഖൽ അദബ്' (കൽപന അനുസരിക്കലാണ് വിനയത്തിലും ഉയർന്നത്) എന്ന് നിർദ്ദേശിക്കേണ്ടിവന്നു. സയ്യിദ് സാഹിബ് ഗദ്ഗദത്തോടെ പറഞ്ഞു: "ഇനി ജീവിതത്തിലൊരിക്കലും അങ്ങയുടെ തിരുമുഖം എനിക്ക് കാണാൻ കഴിയുകയില്ല. ഇത് അവസാനത്തെ ദർശനമാണ്. എനിക്ക് പൊറുത്തുതന്നാലും!"

താൻ നാട്ടിൽ തിരിച്ചെത്തുന്നതോടെ ജീവൻ ബലിയാക്കേണ്ടിവരുമെന്ന് അദ്ദേഹം വെളിപാടുമുഖേന മുൻകൂട്ടി അറിഞ്ഞിരുന്നു. അദ്ദേഹം തന്റെ സ്നേഹിതൻമാരോട് പാർസിയിൽ പറഞ്ഞുകൊണ്ടിരുന്നു, 'ബാർബാർ ഇൽഹാം മേശൂദ്, സർബുദ സർബുദ സർബുദ' (എനിക്ക് അടിക്കടി ഇൽഹാം ഉണ്ടായിക്കൊണ്ടിരിക്കുന്നു, തലനൽകൂ, തലനൽകൂ, തലനൽകൂ) എന്ന്. 'ഫിർ ഔന്റെ അടുക്കൽ ചെല്ലുക' എന്നു ഒരിക്കൽ അദ്ദേഹത്തിന്ന് ഇൽഹാമുണ്ടായി.

കാബൂളിലേയ്ക്കുള്ള മടക്കയാത്രയിൽ, ബ്രിട്ടീഷ് പ്രദേശത്ത് തന്നെയായിരിക്കെ, അദ്ദേഹം കാബൂളിലെ പോലീസ് കമ്മീഷ്ണറും തന്റെ ഒരു ശിഷ്യനുമായിരുന്ന ബ്രിഗാഡിയർ മുഹമ്മദ് ഹുസൈന്ന് ഒരു കത്തയച്ചു. തനിക്ക് ഹജ്ജിന്ന് പോവാൻ കഴിയാതെ വന്ന സാഹചര്യങ്ങൾ അതിൽ വിശദീകരിച്ചെഴുതുകയും അമീർ ഹബീബുല്ലാഖാന്ന് തന്റെ വിശദീകരണം ബോധിപ്പിക്കാൻ നിർദ്ദേശിക്കുകയും, തന്റെ ആദരങ്ങൾ അറിയിക്കുന്നതിന്ന് അമീറിന്റെ മുൻപിൽ നേരിട്ട് ഹാജരാകാൻ അനുവാദമുണ്ടോ എന്ന് അന്വേഷിച്ചറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

അമീറിൽനിന്നുള്ള അനുകൂലഭാവം അറിഞ്ഞ ഉടനെ സയ്യിദ് അബ്ദുൽലത്തീഫ് സാഹിബ് ഖോസ്തിലേയ്ക്ക് പുറ

പ്പെട്ടു. എന്നാൽ അതിർത്തി കടന്ന ഉടനെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും പോലീസ് അകമ്പടിയോടെ കാബൂളിൽ ഹാജരാക്കപ്പെടുകയുമാണുണ്ടായത്. അമീർ തനിക്കെതിരായി വളരെയേറെ സ്വാധീനിക്കപ്പെട്ടിട്ടുണ്ടെന്ന് കാബൂളിലെത്തിയപ്പോൾ സയ്യിദ് സാഹിബിന് മനസ്സിലായി. യാതൊരന്വേഷണവും കൂടാതെ, അമീർ ഹബീബുല്ലാഖാൻ കൽപിച്ചത് അമീർ താമസിക്കുന്ന കോട്ടയിൽതന്നെ ഒരു പ്രത്യേക തടവുമുറിയിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കണമെന്നായിരുന്നു. കനത്ത ചങ്ങലകൾകൊണ്ട് കൈകാലുകൾ ബന്ധിച്ചിരുന്നു. കാരാഗൃഹത്തിൽ നാലുമാസക്കാലം അദ്ദേഹം ദുരിതപൂർണ്ണമായ ജീവിതം കഴിച്ചുകൂട്ടേണ്ടിവന്നു.

സയ്യിദ് സാഹിബ് ലാഹൗറിൽ അൽപം തങ്ങിയ ശേഷമാണ് ഖോസ്തിലേയ്ക്ക് പുറപ്പെട്ടത്. വഴിക്കൽ ശിഷ്യരോട്, "കാബൂളിലെ മണ്ണ് എന്റെ രക്തത്തിന് ദാഹിച്ചുകൊണ്ടിരിക്കയാണ്" എന്ന് പറയാറുണ്ടായിരുന്നു. അനന്തരമുണ്ടായ സംഭവങ്ങൾ ഹസ്രത്ത് അഹ്മദ് (അ) വിവരിക്കുന്നത് ഇപ്രകാരമാണ്:

"ബ്രിഗാഡിയർ മുഹമ്മദ് ഹുസൈൻ പ്രസ്തുത കത്ത് കിട്ടിയപ്പോൾ അത് രാജാവിന് ഉടനെ സമർപ്പിച്ചില്ല. എന്നാൽ, അദ്ദേഹത്തിന്റെ ഒരു കീഴുദ്യോഗസ്ഥൻ ഈ സംഗതി അറിഞ്ഞു ആ കത്ത് മോഷ്ടിച്ചെടുത്തു അമീറിന്നു സമർപ്പിച്ചു. അയാളാകട്ടെ, സയ്യിദ് സാഹിബിന്റെ ഒരു കഠിന വിരോധിയും കുസൃതിക്കാരനുമായിരുന്നു. രാജാവ് ബ്രിഗാഡിയരെ വിളിച്ചു അന്വേഷണം നടത്തി. രാജാവ് ക്രുദ്ധനാണെന്ന് കണ്ടു ഭയവിഹ്വലനായ ബ്രിഗാഡിയർ തനിക്ക് കത്ത് വന്നിട്ടില്ലെന്ന് നിഷേധിച്ചു പറയുകയാണുണ്ടായത്. മൗലവി സാഹിബാകട്ടെ, മറുപടി ലഭിക്കാത്തത് കാരണം ബ്രിഗാഡിയർ മുഹമ്മദ് ഹുസൈന്ന് വീണ്ടും ഒരു കത്തയച്ചു. ഈ കത്ത് പോസ്റ്റ്മാസ്റ്റർ പൊളിച്ചുവായിച്ചു നേരെ അമീറിന്ന് അയച്ചുകൊടുക്കുകയാണു ചെയ്തത്. വന്ദ്യനായ മൗലവി സാഹിബിന്റെ രക്തസാക്ഷിത്വം സ്വർഗ്ഗത്തിൽ നിശ്ചയിക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തെ തന്റെ പിടിയിൽ ഒതുക്കുന്നതിന്ന് അമീർ വളരെ സൂത്രശാലിത്വത്തോടെ കരുനീക്ക

ങ്ങൾ നടത്തി. അനുകൂലഭാവം പ്രകടിപ്പിച്ചുകൊണ്ട് പ്രോൽസാഹജനകമായ ഒരു എഴുത്ത് അമീർ അയപ്പിച്ചു. വാഗ്ദത്തമസീഹിനെകുറിച്ചുള്ള സത്യങ്ങൾ തന്നെ ബോധ്യപ്പെടുത്തുന്നപക്ഷം താനും മൗലവി സാഹിബിനെ പിൻതുടരുന്നതാണെന്ന്കൂടി രാജാവ് അറിയിച്ചു. അമീറിൽ നിന്നുള്ള അനുകൂലമായ നിലപാട് അറിഞ്ഞപ്പോഴാണ് അദ്ദേഹം ഖോസ്തിലേയ്ക്ക് പുറപ്പെട്ടത്. അതോടെ, വിധിയുടെ ചക്രം ചലിച്ചു.

"അദ്ദേഹം കാബൂളിലെ തെരുവിലൂടെ നീങ്ങിയത് കുതിരപ്പുറത്തായിരുന്നു. രാജാവിന്റെ എട്ടുകുതിരപ്പടയാളികൾ അദ്ദേഹത്തെ പിൻതുടർന്നിരുന്നു. അമീർ 'അഖുണ്ട്സാദ' യുടെ നേരെ വഞ്ചന പ്രയോഗിച്ചതാണെന്നു നഗരവാസികൾക്കെല്ലാം അറിയാമായിരുന്നു. അഖുണ്ട്സാദയും കുതിരപ്പടയാളികളും നീങ്ങികൊണ്ടിരിക്കെ കാണികളും അവരെ പിൻതുടർന്നു. മൌലവി സാഹിബിനെ അറസ്റ്റ് ചെയ്യാൻ ഖോസ്ത് ഗവർണ്ണർക്ക് നേരത്തെ കല്പന ലഭിച്ചിരുന്നു എന്നാണ് പൊതുവെ വിശ്വസിക്കപ്പെട്ടത്. ഗവർണ്ണരുടെ കല്പനപ്രകാരമാണ് കുതിരപ്പടയാളികൾ അദ്ദേഹത്തെ രാജാവിന്റെ സന്നിധാനത്തിൽ ഹാജരാകാൻ അകമ്പടി സേവിച്ചത് അസൂയാലുക്കളും ദുഷ്ടൻമാരുമായ ഉലമാക്കളും എതിരാളികളും രാജാവിന്റെ കാതുകളിൽ ഏഷണികൾകൊണ്ട് വിഷം നിറച്ചുകഴിഞ്ഞിരുന്നതിനാൽ രാജാവ് ക്രൂദ്ധനായിരുന്നു". (തദ്കിറത്തുശ്ശഹാദത്തൈൻ).

സയ്യിദ് അബ്ദുൽലത്തീഫ് സാഹിബ് എന്തെങ്കിലും ഗൗരവമായ കുറ്റം ചെയ്തിട്ടുണ്ടെന്ന് രാജാവ് കരുതിയിരുന്നില്ലെന്നാണ് മനസ്സിലാകുന്നത്. മുഫ്തിമാരുടെ അനിഷ്ടം നേടരുതെന്ന ഉൽകണ്ഠമാത്രമെ അദ്ദേഹത്തിനു ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് എന്തെങ്കിലും ഒരൊഴികഴിവ് കണ്ടെത്തി അദ്ദേഹത്തെ വിട്ടയക്കണമെന്ന് രാജാവ് ആഗ്രഹിക്കാതിരുന്നില്ല. എന്നാൽ, അദ്ദേഹത്തിന്റെ നേരെ കടുത്ത ശത്രുത പുലർത്തിയിരുന്ന മുല്ലമാർ അദ്ദേഹത്തെ വകവരുത്താൻ തീർച്ചപ്പെടുത്തിയിരുന്നതിനാൽ പ്രത്യക്ഷത്തിൽ എന്തെങ്കിലും എതിരുപറയാൻ അമീറിന്ന് ധൈര്യമുണ്ടായില്ല. താൻ താമസിച്ചിരുന്ന കോട്ടയിൽ സയ്യിദ് സാഹിബിനെ

താമസിപ്പിക്കാൻ നിർദ്ദേശിച്ചതും അദ്ദേഹവുമായി ബന്ധപ്പെടുന്നതിന്നും അദ്ദേഹത്തെ പിൻതിരിയാൻ പ്രേരിപ്പിക്കുന്നതിനുംവേണ്ടിയായിരുന്നു. എന്നാൽ, നിരന്തരമായ ആ ശ്രമത്തിന്ന് യാതൊരു ഫലവുമുണ്ടായില്ല.

നാലുമാസം കഴിഞ്ഞപ്പോൾ അമീർ അദ്ദേഹത്തെ തന്റെ മുമ്പാകെ ഹാജരാക്കാൻ കല്പിച്ചു. ഹസ്രത്ത് അഹ്മദുൽഖാദിയാനിയെ തള്ളിപ്പറയുന്നപക്ഷം ജീവൻ രക്ഷിക്കാമെന്നും പൂർവോപരി ആദരവും പദവികളും ലഭിക്കുമെന്നും രാജാവ് അദ്ദേഹത്തോട് തുറന്നുപറയുകയുണ്ടായി. സത്യത്തിന്ന് വേണ്ടി സകലതും സംത്യജിക്കാനും എന്തും നേരിടാനും തയാറായിരുന്ന ആ ദൈവദാസൻ ഭീഷണികൾക്കോ പ്രലോഭനങ്ങൾക്കോ വശംവദനായിരുന്നില്ല.

താൻ സത്യംകണ്ടെത്തിക്കഴിഞ്ഞുവെന്നും സർക്കാർ തനിക്ക് നൽകുന്ന ശിക്ഷ മരണമാണെങ്കിൽ, ദൈവത്തെ ധിക്കരിക്കുന്നത്മൂലം തനിക്ക് നിത്യനാശത്തെയാണ് നേരിടേണ്ടിവരിക എന്നും പറഞ്ഞുകൊണ്ട് അദ്ദേഹം അമീറിന്റെ നിർദ്ദേശം തള്ളിക്കളഞ്ഞു. തന്നെ എതിർക്കുന്ന മുല്ലമാർ തന്റെ വിശ്വാസങ്ങളുടെ സത്യാസത്യങ്ങൾ ഒരു തുറന്ന വാദപ്രതിവാദത്തിലൂടെ തെളിയിക്കാൻ തയ്യാറാകയും താനുന്നയിക്കുന്ന പ്രമാണങ്ങളെ ഫലപ്രദമായി ഖണ്ഡിക്കുകയും ചെയ്യുന്നപക്ഷം തന്റെമേൽ കുറ്റംവിധിക്കുകയും എന്ത് ശിക്ഷയും ഏൽപിക്കുകയും ചെയ്യാവുന്നതാണെന്ന് അദ്ദേഹം അറിയിച്ചു. ഈ നിർദ്ദേശം അമീർ അംഗീകരിക്കുകയും ഖാൻ മുല്ലാഖാനെയും എട്ട് മുല്ലമാരെയും സയ്യിദ് സാഹിബുമായി വാദപ്രതിവാദം നടത്തുന്നതിന്ന് തെരഞ്ഞെടുക്കുകയും ചെയ്തു. അബ്ദുൽഗനി എന്നുപേരായ ഒരു പഞ്ചാബി ഇക്കാര്യത്തിൽ മദ്ധ്യസ്ഥനായി നിശ്ചയിക്കപ്പെട്ടു. അയാളാകട്ടെ, സയ്യിദ് സാഹിബിന്റെ ഒരു കടുത്ത ശത്രുവായിരുന്നു.

വാദപ്രതിവാദം രാവിലെ ഏഴുമണിക്കാരംഭിച്ചു. വൈകുന്നേരം മൂന്നുമണിവരെ തുടർന്നു. പള്ളിക്കകം ജനനിബിഡമായിരുന്നു. എന്നാൽ, വാദപ്രതിവാദം എഴുത്തുമുഖേനയായിരുന്നതിനാൽ ആർക്കും ഒന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. വാ

ദപ്രതിവാദത്തിന്റെ ഒടുവിൽ, മിർസാസാഹിബ് ഖാദിയാനിയാണ് വാഗ്ദത്തമസീഹെങ്കിൽ ഈസാനബിയുടെ രണ്ടാംവരവിനെപറ്റി എന്തുപറയുന്നു എന്ന് മുല്ലമാർ ചോദിച്ചു. ഈസാനബി (അ) മരിച്ചുപോയിരിക്കുന്നതായി ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതി നാൽ തിരിച്ചുവരാൻ നിവൃത്തിയില്ലെന്ന് സയ്യിദ് സാഹിബ് വെട്ടി ത്തുറന്നുപറഞ്ഞു. അതോടെ മുല്ലമാർ പൊട്ടിത്തെറിക്കുകയും അദ്ദേഹം കാഫിർ ആണെന്ന് ആക്രോശിക്കുകയും മുർത്തദ്ദ് (Apostate) ആണെന്ന് മുഫ്ത്തിമാർ വിധിക്കുകയും ചെയ്തു. ഉടൻതന്നെ സാഹിബ്സാദാസാഹിബിന്റെ കരചരണങ്ങളിൽ കനത്ത ചങ്ങലകൾ വീഴുകയും ജയിലറയിലേയ്ക്ക് അദ്ദേഹം നീക്കപ്പെടുകയും ചെയ്തു. വാദപ്രതിവാദം നടന്നുകൊണ്ടി രിക്കെ ഊരിയവാളുകളുമായി എട്ടുസൈനീകർ അദ്ദേഹത്തിന്റെ ചുറ്റും കാവൽനിന്നിരുന്നു.

മുഫ്തിമാരുടെ ഫത്വ അമീറിന്റെ മുമ്പിൽ സമർപ്പിക്ക പ്പെട്ടു. എന്നാൽ, വിവാദത്തിന്റെ രേഖകൾ അമീറിന്ന് സമർപ്പി ച്ചിരുന്നില്ല. മുല്ലമാർക്ക് സാഹിബ്സാദാ സാഹിബിന്റെ ന്യായ വാദങ്ങളെ ഖണ്ഡിക്കാൻ കഴിഞ്ഞില്ലെന്നതിലേയ്ക്ക് ഇതുതന്നെ തെളിവായിരുന്നു. മുഫ്തിമാരുടെ തീരുമാനത്തെ മാത്രം ആസ്പ ദമാക്കി, ന്യായാന്യായങ്ങൾ തുലനംചെയ്യാതെയും പരിശോധി ക്കാതേയും അമീർ സയ്യിദ് സാഹിബിനെ എറിഞ്ഞുകൊല്ലാൻ കല്പിക്കുകയാണ് ചെയ്തത്!

അടുത്ത ദിവസം രാവിലെ സയ്യിദ്സാഹിബിനെ 'സലാം ഖാന' യിലേയ്ക്ക് ആനയിച്ചു. അവിടെ വലിയൊരു പുരുഷാരം ഉണ്ടായിരുന്നു. അമീർ കോട്ടയിൽനിന്ന് പുറത്തിറങ്ങി. സലാം ഖാനയിലൂടെ കടന്നു വരുമ്പോൾ സാഹിബ്സാദാ സാഹിബിനെ കണ്ടു. എന്താണ് തീരുമാനമെന്ന് രാജാവ് അന്വേഷിച്ചു. സയ്യിദ് സാഹിബ് മൗനം പാലിച്ചെങ്കിലും കുറ്റം വിധിച്ചതായി സൈനീ കർ അറിയിച്ചു. അമീർ സലാംഖാനയിൽ വീണ്ടുംവന്നു. സയ്യിദ് സാഹിബിനോട് ഒരിക്കൽകൂടി അഭ്യർത്ഥിച്ചു: "താങ്കളെ മുർത്തദ്ദ് ആയി വിധിച്ചിരിക്കുന്നു. പശ്ചാത്തപിച്ചു പിൻമാറുന്ന പക്ഷം ജീവൻ രക്ഷിക്കപ്പെടും." അദ്ദേഹം മറുപടി നൽകിയത് ഇപ്രകാ രമായിരുന്നു: "സത്യത്തിൽനിന്ന് ഞാൻ വിട്ടുമാറുകയില്ല. എന്റെ

ഹസ്രത്ത് സയ്യിദ് അബ്ദുൽലത്തീഫ് ശഹീദ് (റ)

ഇന്ത്യ അഫ്ഘാൻ അതിർത്ഥി നിർണയ കമ്മീഷൻ ചെയർമൻ സർ മോർട്ടിമർ ഡ്യൂറണ്ടിന്റെ കൂടെ

ഇടത്ത് നിന്ന് ഒന്നാമത്തെയാൾ സർ അബ്ദുൽ ഖയ്യും ടൂപ്പി, രണ്ടാമത്തെയാൾ സർ മോർട്ടിമർ ഡ്യൂറണ്ട്, മൂന്നാമത്തെയാൾ ഖോസ്ത് ഗവർണർ ശൂറന്തൽ ഖാൻ, നാലാമത്തെയാൾ (അടയാളപ്പെടുത്തിയത്) ഹസ്രത്ത് സാഹിബ്സാദാ സയ്യിദ് അബ്ദുല്ലത്തീഫ് ശഹീദ്.(റ)

ജീവൻ രക്ഷപ്പെടുത്തുന്നതിന്നുവേണ്ടി ഞാൻ അസത്യത്തിലേയ്ക്ക് ഒരിക്കലും മടങ്ങുകയില്ല."

ഉടൻ അമീർ സ്വന്തം കൈകൊണ്ടുതന്നെ വിധിയെഴുതി, മുഫ്തിമാരുടെ പ്രഖ്യാപനപ്രകാരം സാഹിബ്സാദാ സാഹിബ് ഒരു 'മുർത്തദ്ദ്' ആണെന്നും അതിനാൽ എറിഞ്ഞുകൊല്ലപ്പെടാൻ വിധിച്ചിരിക്കുന്നു എന്നും! ഈ വിധിരേഖ സയ്യിദ് സാഹിബിന്റെ കഴുത്തിൽ കെട്ടിത്തൂക്കി. ആ മഹാമനുഷ്യന്റെ മൂക്കിനു തുളയിടാനും അതിലൂടെ കയറിട്ടു കുടുക്കാനും കൊലക്കളത്തിലേയ്ക്ക് കെട്ടിവലിക്കാനും അമീർ കൽപിച്ചു! കൽപന ക്ഷണം നടപ്പാക്കി. സയ്യിദ് സാഹിബിനെ നഗരത്തിന്റെ പുറത്ത് കൊലക്കളത്തിലേയ്ക്ക് ആർത്തട്ടഹസിക്കുന്ന, ശകാരം ചൊരിയുന്ന ക്ഷുഭിത പുരുഷാരത്തിന്റെ മദ്ധ്യത്തിലൂടെ ആനയിച്ചു. പ്രധാന ഖാസിയുടെയും മുഫ്ത്തിമാരുടെയും ഉയർന്ന ഉദ്യോഗസ്ഥൻമാരുടെയും സൈനീകരുടെയും അകമ്പടിയോടെ അമീർ ഹബീബുല്ലാഖാനും കൊലക്കളത്തിലേയ്ക്ക് നീങ്ങി!

കൊലക്കളത്തിൽ ഒരു കുഴി ഉണ്ടാക്കപ്പെട്ടിരുന്നു. സയ്യിദ് സാഹിബിനെ ആ കുഴിയിൽ നിറുത്തി അരയോളം മണ്ണ്മൂടി അമീറും അദ്ദേഹത്തിന്റെ സഹോദരനായ നസ്റുല്ലാഹ്ഖാൻ, സൈന്യാധിപൻ അബ്ദുൽ അഹ്ദ് എന്നിവരും കുതിരപ്പുറത്തായിരുന്നു. അവസാന ശ്രമമെന്നനിലയിൽ അമീർ ഒരിക്കൽകൂടി സാഹിബ്സാദാസാഹിബിനെ സമീപിച്ചു വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദുൽഖാദിയാനിയെ തള്ളിപറയാൻ അഭ്യർത്ഥിച്ചു. അതിനുതയാറാണെങ്കിൽ ആ ഘട്ടത്തിലും മോചിതനാകാൻ കഴിയുമെന്ന് അമീർ കാതിൽ മന്ത്രിച്ചു. തന്നോട്തന്നെയും കുടുംബാംഗങ്ങളോടും കാരുണ്യം കാണിക്കണമെന്നും സയ്യിദ് സാഹിബിനോട് വിനയപൂർവ്വം അപേക്ഷിച്ചു. ജീവൻ രക്ഷിക്കാൻവേണ്ടി സത്യത്തെ കൈവെടിയാൻ തനിക്ക് സാദ്ധ്യമല്ലെന്ന് സയ്യിദ്സാഹിബ് ആയവസരത്തിലും അസന്ദിഗ്ദ്ധമായ വാക്കുകളിൽ പ്രതിവചിച്ചു. അപ്പോൾ ഖാസിമാരും ജൂറിമാരും ആർപ്പുകൂട്ടുകയും ഉടൻ കഥകഴിക്കേണ്ട കൊടിയ കാഫർ ആണ് കഥാപുരുഷനെന്ന് ഉച്ചത്തിൽ വിളിച്ചുപറയുകയുംചെയ്തു. ആദ്യത്തെ ശിലാതുണ്ടം എറിയുവാൻ അമീർ പ്രധാന ഖാസിയോട് അഭ്യർത്ഥിച്ചു. അമീർ

ആണ് അതിനർഹനെന്നും അദ്ദേഹമാണ് രാഷ്ട്രത്തലവനെന്നും ഖാസി ബോധിപ്പിച്ചു. നിയമത്തിന്റെ അധികാരി ഖാസിയാ ണെന്നും അതുകൊണ്ട് ഖാസിതന്നെയാണ് തുടക്കം കുറിക്കാൻ അവകാശിയെന്നും രാജാവ് വിനയപൂർവ്വം ഉണർത്തി. അപ്പോൾ ഖാസി കുതിരപ്പുറത്തുനിന്നും ഇറങ്ങി. സാഹിബ്സാദാസാഹി ബിനെ ലക്ഷ്യമാക്കി ആയാൾ ഒരു കല്ലെടുത്തെറിഞ്ഞു. അത് ലക്ഷ്യംതെറ്റാതെ ഊക്കിൽ സയ്യിദ് സാഹിബിന്റെ നെറ്റിത്തട ത്തിൽ പതിച്ചു. ആ ശിരോഭാരം ചരിഞ്ഞുവീണു. തുടർന്നു അമീർ ലാക്കുനോക്കി മറ്റൊരു ശിലാതുണ്ടം ചുഴറ്റിയെറിഞ്ഞു. അതോടെ നാനാഭാഗങ്ങളിൽനിന്നും കല്ലുകൾ വന്നുവീഴുകയായി. ആ ശിലാവർഷത്തെ തുടർന്ന് അവിടം ഒരു വലിയ കൽകുമ്പാരം രൂപപ്പെട്ടു. അതിന്നുള്ളിൽ ഒരു മഹാഭക്തന്റെ തുടിച്ചുകൊണ്ടി രുന്ന ജീവൻ പിടച്ചുപിടച്ചു അന്ത്യശ്വാസം വലിച്ചു! 'ഇന്നാലി ല്ലാഹി വഇന്നാ ഇലൈഹി റാജിഊൻ'*. '1903 ജൂലായ് 14-ാം തീയ്യതിയായിരുന്നു കിടിലം കൊള്ളിക്കുന്ന ആ മഹാസംഭവം നടന്നത്!

ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) ഈ കൊടും കൊലയെ ഏറ്റവും ഹൃദയസ്പൂർക്കായി തന്റെ 'തദ്കിറത്തു ശ്ശഹാ ദത്തൈൻ' എന്ന കൃതിയിൽ വിവരിക്കുകയുണ്ടായി. ആ മഹാ പുരുഷൻ ഇപ്രകാരം എഴുതി:

"ശഹ്സാദ അബ്ദുല്ലത്തീഫിന്ന് വിധിക്കപ്പെട്ട രക്തസാ ക്ഷിത്വം അങ്ങിനെ സംഭവിച്ചുകഴിഞ്ഞു. ഇനി ദ്രോഹിക്കുള്ള പ്രതിക്രിയ ബാക്കിയിരിക്കുന്നു. + 'തന്റെ രക്ഷിതാവിന്റെ മുമ്പിൽ കുറ്റവാളിയായി ഹാജരാകുന്നവന് നിശ്ചയമായും നരകം ആകു ന്നു. അവൻ അതിൽ മരണമടയുകയോ ജീവിക്കുകയോ ഇല്ല' (20:75) എന്ന് വിശുദ്ധഖുർആൻ പറയുന്നു. കഷ്ടം! ഈ അമീർ

* കാബൂളിലെ ചീഫ് ഇഞ്ചിനിയർ ആയിരുന്ന F. A. Martin രചിച്ച Under the Absolute Amir (New York and London 1907) എന്ന ഗ്രന്ഥത്തിൽ ഈ സംഭവം ഹൃദയ സ്പൂർക്കായി വിവരിച്ചിട്ടുണ്ട്.

+ സാഹിബ്സാദാ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബിനെ കൊല ചയ്തതിനെ തുടർന്ന് അഫ്ഘാനിസ്ഥാനിൽ പല പ്രധാന സംഭവങ്ങളുമുണ്ടായി. അദ്ദേ

ഒരു സത്യവിശ്വാസിയെ കരുതിക്കൂട്ടി കൊല ചെയ്തവൻ എന്ന് പറയപ്പെട്ടതിൽ (വിശുദ്ധഖുർആൻ, 4: 94) ഉൾപ്പെട്ടുകഴിഞ്ഞു. അണുഅളവ് അയാൾ അല്ലാഹുവിനെ പേടിച്ചില്ല. ആ സത്യവിശ്വാസിയാകട്ടെ അഫ്ഘാനിസ്ഥാനിലങ്ങോളമിങ്ങോളം തെരഞ്ഞാലും ഒരു സദൃശനെ കാണാൻകഴിയാത്തവിധം അത്യുന്നതനായ സത്യവിശ്വാസിയും. ഭാര്യാമക്കളെകൂടി ഗണ്യമാക്കാതെ സത്യത്തിന്നുവേണ്ടി ജീവൻപോലും ഹൃദയപൂർവ്വം ബലികഴിക്കാൻ തയാറാവുന്നവരിൽപെട്ട ഇത്തരക്കാർ സമുദായത്തിന്റെ സത്ത് ആയി കരുതപ്പെടേണ്ടവർ ആകുന്നു." (Tadhkirathushahadathain, Eng. p.56)

വീണ്ടും പ്രസ്തുത കൃതിയിൽ പറയുന്നു: "ഈ കൊലവലുതായ കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത്. ആകാശത്തിന് കീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ, കഷ്ടം! അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്! ഒരു പരമനിരപരാ

ഹത്തെ കൊന്ന ദിവസം രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ അസാധാരണമായ കൊടുംകാറ്റ് വീശിയടിച്ചു. പിറ്റെന്നാൾതന്നെ കാബൂൾ നഗരത്തിലും പരിസരത്തും കോളറ പൊട്ടിപ്പുറപ്പെട്ടു. ഏതാനും ആഴ്ചകൾ നീണ്ടുനിന്ന നടപ്പു ദീനത്തിൽ ഓരോ ദിവസവും എണ്ണമറ്റ ആളുകൾ മൃതിയടഞ്ഞു. സർദാർ നസ്രുല്ലാഹ്ഖാന്റെ ഭാര്യയും ഒരു പുത്രനും രാജകുടുംബത്തിലെ ഒട്ടെറെ അംഗങ്ങളും കോളറയിൽ മരിച്ചു. സയ്യിദ് സാഹിബിനെ കുറ്റംവിധിച്ച മുഫ്തിമാരിൽ ചിലരും കോളറക്കിരയായി.

സയ്യിദ് സാഹിബിനെതിരെ അഫ്ഘാൻ മുല്ലമാരെ ഇളക്കിവിട്ടത് ഡോ. അബ്ദുൽഗനി, നജഫ് അലി, മുഹമ്മദ് ചിറാഗ് എന്നീ മൂന്ന് പഞ്ചാബി സഹോദരൻമാരായിരുന്നു. ഇവർമൂന്നുപേരേയും അമീർ ഹബീബുല്ലാഖാൻ പിന്നീട് രാജ്യദ്രോഹത്തിന്ന് പതിനൊന്ന് കൊല്ലത്തോളം തടവ് ശിക്ഷക്ക് വിധിച്ചു. സാഹിബ് സാദാസാഹിബും മുഫ്തിമാരും തമ്മിലുണ്ടായ വാദപ്രതിവാദത്തിന്ന് മദ്ധ്യസ്ഥനായി നിന്നത് ഡോ. അബ്ദുൽഗനിയായിരുന്നു. അയാൾ ജയിലിലിരിക്കെ ഭാര്യ മരണപ്പെടുകയുണ്ടായി. അയാളുടെ മകൻ കാബൂളിൽ വച്ച് പരസ്യമായി കൊല ചെയ്യപ്പെട്ടു. ജയിൽശിക്ഷ കഴിഞ്ഞപ്പോൾ അയാൾ നാടുകടത്തപ്പെട്ടു. അയാളുടെ സഹോദരൻ നാദർഷായുടെ കാലത്ത് കാഫിറും 'മുർത്തദ്ദും' ആയി പ്രഖ്യാപിക്കപ്പെട്ടു. കാബൂളിലെ ബ്രിട്ടീഷ് അംബാസിഡർ ഇടപെട്ടതിനെ തുടർന്ന് അയാൾക്ക് വിധിക്കപ്പെട്ട എറിഞ്ഞുകൊല്ലൽ ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയാണുണ്ടായത്. സഹോദരൻ മുഹമ്മദ് ചിറാഗിനേയും നാടുകടത്തി.

ധിയെ അസാധാരണമായ നിർദ്ദയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുന്നു! ഓ, കാബൂൾ ഭൂവേ, നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടുംപാതകം നടത്തപ്പെട്ടത്. ഓ. ഭാഗ്യംകെട്ട ഭൂപ്രദേശമേ, ദൈവദൃഷ്ടിയിൽ നീ തരം താണു പോയിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ" (റൂ. ഖ., ജി. 20, ഭാ. 74)

സാഹിബ്സാദാ അബ്ദുൽലത്തീഫ് (റ) ഭാര്യയെയും അഞ്ചു മക്കളെയും പിന്നിട്ടുകൊണ്ടാണ് ഇഹലോകം വെടിഞ്ഞത്. അഫ്ഘാൻ ഗവർമ്മെണ്ടിന്റെ നിർദ്ദേശപ്രകാരം 25 കൊല്ലക്കാലം അവർ കൊടും മർദ്ദനങ്ങൾക്കും ദുരിതങ്ങൾക്കും ഇരയാക്ക

ഖാസി അബ്ദുർ റസാഖും, ഖാസി അബ്ദുർ റഊഫും അണ് സയ്യിദ് സാഹിബിന് ശിക്ഷ ശുപാർശ ചെയ്തത്. ആദ്യത്തെയാൾ സ്കൂൾ സുപ്രണ്ടും അമീറിന്റെ സ്വന്തം ഉപദേശകനുമായിരുന്നു. അയാളുടെ പേരിൽ പിന്നീട് കുറ്റം ചുമത്തപ്പെടുകയും എല്ലാ സ്വത്തുക്കളും കണ്ടുകെട്ടപ്പെടുകയും ചെയ്തു. അയാളുടെ കൈകാലുകൾ പരസ്യമായ സ്ഥലത്ത്വെച്ച് കൊത്തി നുറുക്കപ്പെടുകയും ചെയ്തു. ഒരു ഇറച്ചിക്കൂമ്പാരം മാത്രമാക്കിമാറ്റപ്പെട്ട ആയാളുടെ തൊലി ഉരിക്കപ്പെട്ടിരുന്നു. ഖാസി അബ്ദുർറഊഫിന്ന് കാബൂൾ വിടേണ്ടിവന്നു. ആയാളുടെ മകൻ ഖാസി അബ്ദുൽ വായിസ് 1929 ൽ ക്രൂരമായി വധിക്കപ്പെട്ടു.

സയ്യിദ് സാഹിബിനെ ശിക്ഷിക്കുന്നതിന്ന് പിന്നിൽ പ്രവർത്തിച്ച പ്രധാന വ്യക്തി അമീർ ഹബീബുല്ലാഖാന്റെ സഹോദരനായ സർദാർ നസ്രുല്ലാഹ്ഖാൻ ആയിരുന്നു. എറിഞ്ഞുകൊല്ലുന്നത് നോക്കിക്കാണാൻ അയാളും ഉണ്ടായിരുന്നു. അയാൾക്ക് നേരെ രാജ്യദ്രോഹം ആരോപിക്കപ്പെടുകയുണ്ടായി. അമീർ അമാനുല്ലായുടെ കാലത്ത് ആയാളെ ചങ്ങലയ്ക്കിട്ട നിലയിൽ കാബൂളിൽ കൊണ്ടുവന്നു തടവിലാക്കി. അയാൾ തന്നിക്കുണ്ടായ അനുഭവങ്ങളിൽ നടുക്കമേറ്റനിലയിൽ കഴിഞ്ഞു. ജയിലറയിൽ വെച്ചു കഴുത്ത് ഞെക്കികൊല്ലപ്പെട്ടു. അയാളുടെ മകൻ കോളറയിൽ മരിക്കുകയും മറ്റൊരു മകൻ പിതാവിന്റെ മരണശേഷം വധിക്കപ്പെടുകയും ചെയ്തു. അമീർ ഹബീബുല്ലാഹ്ഖാൻ 1919 ഫിബ്രവരി 20 –നു അജ്ഞാതനായ ഒരാളുടെ വെടിയേറ്റു ജലാലാബാദിൽവെച്ചു മരിച്ചു. അവിടെയാണയാൾ കബറടക്കപ്പെട്ടത്. ഷിൻവാറിലെ കലാപകാരികൾ ജലാലാബാദ് ആക്രമിച്ച് ഹബീബുല്ലാഖാന്റെ മഖ്ബറയിൽ കല്ലേറ് നടത്തി. അദ്ദേഹത്തിന്റെ മകൻ സർദാർ ഹയാത്തുല്ലാഖാനെ ബച്ചാസക്കയുടെ കല്പന പ്രകാരം രഹസ്യത്തിൽ തൂക്കിക്കൊന്നു. (The Renainssance of Islam, - Sir Muhammed Zafrulla Khan. p.92, 93)

പ്പെട്ടു. എന്നാൽ, അവരെല്ലാംതന്നെ സത്യവിശ്വാസത്തിൽ അണുവോളം വ്യതിചലിക്കാതെ ഉറച്ചുനിന്നു. രണ്ടുപുത്രന്മാർ ജയിലിൽ വച്ചു പനിപിടിച്ചു മരിച്ചു. തുടർന്നു അദ്ദേഹത്തിന്റെ ഭാര്യയും മൂന്നുപുത്രിമാരും ഒരു സഹോദരിയും ഏതാനും പേരക്കുട്ടികളും 1926 ൽ അഫ്ഘാനിസ്ഥാനിൽനിന്നു നീങ്ങി ബ്രിട്ടീഷ് സംരക്ഷിത പ്രദേശമായ ബന്നുവിൽ താമസമുറപ്പിച്ചു. അവർക്ക് അവിടെ സ്വത്തുക്കളുണ്ടായിരുന്നു.

ശക്തിമത്തായ പ്രവചനം

അഫ്ഘാനിസ്ഥാനിലെ രാജാവിന്റെ കല്പനപ്രകാരം ഖാൻ മുല്ലാഖാനും എട്ട് മുല്ലമാരും അടങ്ങുന്ന ഉലമാസംഘവുമായി ഹസ്രത്ത് സാഹിബ്സാദാ അബ്ദുൽലത്തീഫ് സാഹിബ് നടത്തിയ വാദപ്രതിവാദത്തിലെ മുഖ്യവിഷയം 'ഈസാനബി (അ) യുടെ മരണവും' രണ്ടാംവരവും ആയിരുന്നു. എഴുത്തുമുഖേന ആയിരുന്നു വാദപ്രതിവാദം. അതുകൊണ്ട്, ഉലമാസംഘത്തിലെ ഉന്നതന്മാർക്കല്ലാതെ മറ്റാർക്കും അതിനെ കുറിച്ച് അറിയാൻ കഴിഞ്ഞിരുന്നില്ല. ഈസാനബി (അ) മരിച്ചുപോയിരിക്കുന്നുവെന്നും അതിനാൽ തിരിച്ചുവരില്ലെന്നും ഉൽഘോഷിച്ചതുകാരണമാണ് മുഫ്തിമാർ അദ്ദേഹത്തെ മുർത്തദ്ദായി വിധിക്കയും എറിഞ്ഞുകൊല്ലാൻ അമീർ കൽപിക്കുകയും ചെയ്തത്. തന്നിമിത്തം ഈ സംഭവം വിവരിച്ചുകൊണ്ട് 'തദ്കിറത്തുശ്ശഹാദത്തൈൻ' എന്നൊരു ഗ്രന്ഥം രചിക്കുകയും ഈസാനബി (അ) ഒരിക്കലും തിരിച്ചുവരില്ലെന്നും ഈസാനബി (അ) തിരിച്ചുവരുമെന്നവിശ്വാസം മൂന്നു നൂറ്റാണ്ടിനുള്ളിൽ കൃസ്ത്യാനികളും മുസ്ലിംകളും പറ്റെ കയ്യൊഴിക്കുന്നതാണെന്നും തന്റെ പ്രസ്ഥാനം വിജയശ്രീലാളിതമായി ലോകം മുഴുവൻ കീഴടക്കുമെന്നും ആ ഗ്രന്ഥത്തിൽ ശക്തിമത്തായ ഭാഷയിൽ പ്രവചനം പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. ആ പ്രവചനം ഇപ്രകാരമായിരുന്നു:

"പ്രിയജനങ്ങളെ! ഞാനിപ്പറയുന്നത് ആകാശഭൂമികളുടെ കർത്താവായ അല്ലാഹുവിന്റെ പക്കൽനിന്നുള്ള ഒരു പ്രവചനമാണെന്ന് ധരിച്ചുകൊള്ളുവിൻ! ആ സർവൈകനാഥൻ എന്റെ അനു

ചരസംഘത്തെ എല്ലാ രാജ്യങ്ങളിലും വ്യാപിക്കുമാറാക്കുകയും അവരെ യുക്തിവാദങ്ങളും ന്യായപ്രമാണങ്ങളും മുഖേന മറ്റെല്ലാവരുടേയുംമേൽ വിജയിപ്പിക്കുകയും ചെയ്യുന്നതാണ്. ഞാൻ പ്രബോധിപ്പിക്കുന്ന ഈ വിശ്വാസതത്ത്വങ്ങൾമാത്രം ഭൂമുഖത്ത് ആദരപൂർവ്വം ആചരിക്കപ്പെടുമാറാകുന്ന ആ കാലം ഇതാ വരുന്നു; അല്ല, ആ കാലം അത്യാസന്നമായിരിക്കുന്നു. ദൈവം ഈ വിശ്വാസത്തെയും ഈ പ്രസ്ഥാനത്തേയും അത്ഭുതകരമായ തരത്തിൽ അനുഗൃഹീതമാക്കുകയും, ഇതിനെ നശിപ്പിക്കാൻ ആലോചിക്കുന്നവരുടെ ഉദ്ദേശ്യം വിഫലമാക്കിത്തീർക്കുകയും ചെയ്യും. ഇതിന് ലഭ്യമാകുന്ന വിജയം ശാശ്വതമായിരിക്കുന്നതും ഇതിന് സിദ്ധിക്കുന്ന മേൻമ ലോകാവസാനംവരെ നിലനിൽക്കുന്നതുമായിരിക്കും. ഇപ്പോൾ ഞാൻ പരിഹസിക്കപ്പെടുന്നുവെങ്കിൽ അത്കൊണ്ട് യാതൊരു തരക്കേടുമില്ല. എന്തെന്നാൽ പരിഹാസത്തിന്ന് ലക്ഷ്യമാകാതിരുന്ന ഒരു പ്രവാചകനുമുണ്ടായിട്ടില്ലതന്നെ. ആകയാൽ വാഗ്ദത്തമഹ്ദീമസീഹും പരിഹസിക്കപ്പെടേണ്ടത് ആവശ്യമാണ്. 'മനുഷ്യർക്ക് അഹോകഷ്ടം! അവർ പരിഹസിക്കാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വരുന്നില്ല' എന്നു ഖുർആൻ പറയുന്നുവല്ലൊ. എല്ലാ ഓരോപ്രവാചകനും പരിഹാസത്തിനും ആക്ഷേപത്തിനും ലക്ഷീഭവിക്കുമെന്നത് ദൈവീകമായുള്ള അടയാളമാകുന്നു. എന്നാൽ, എല്ലാ ജനങ്ങളും കാൺകേ മലക്കുകൾ സമേതം ആകാശത്തിൽനിന്ന് ഇറങ്ങിവരുന്ന ഒരാളെ ആരെങ്കിലും പരിഹസിക്കാൻ മുതിരുമോ? ഇല്ല, ഒരിക്കലുമില്ല. ആകയാൽ വാഗ്ദത്ത മഹ്ദീമസീഹ് ആകാശത്തിൽനിന്ന് അവതരിക്കുമെന്നത് ഒരു മിഥ്യാവിചാരമാണെന്ന് പ്രസ്തുത പ്രമാണത്തിൽനിന്ന്തന്നെ മനസ്സിലാക്കാവുന്നതാണ്.

"ആകാശത്തിൽനിന്ന് ആരും ഒരിക്കലും ഇറങ്ങിവരികയില്ലെന്ന് നിങ്ങൾ നല്ലവണ്ണം ഓർത്തുകൊൾവിൻ! ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ വിരോധികളെല്ലാവരും തങ്ങളിൽ ആരും ഈസബ്നുമറിയം ആകാശത്തിൽനിന്ന് ഇറങ്ങുന്നത് കാണാതെതന്നെ മരിച്ചൊടുങ്ങും. പിന്നെ ശേഷിക്കുന്നവരുടെ സന്തതികളും ഇബ്നുമറിയം ആകാശത്ത്നിന്ന് ഇറങ്ങുന്നത് കാണാതെതന്നെ മരണമടയും. അതിൽപിന്നെ ആ സന്തതികളുടെ സന്തതികളും

മരിച്ചുതീരും. എന്നാൽ അവരും മറിയമിന്റെ പുത്രൻ ആകാശത്തുനിന്നും ഇറങ്ങുന്നത് കാണുകയില്ല!

"അപ്പോൾ, ഈ വിശ്വാസവും പ്രതീക്ഷയും വെച്ചുകൊള്ളുന്നവരുടെ ഹൃദയത്തിൽ പരിഭ്രമം ജനിക്കും. കാരണം, അന്ന് ക്രൂശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോവുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസാ (അ) അതുവരെയും ആകാശത്തിൽനിന്ന് ഇറങ്ങിയിരിക്കയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തുതുടങ്ങും. ഇങ്ങനെ ഇന്നുമുതൽ മൂന്നു നൂറ്റാണ്ടു പൂർണ്ണമാകുന്നതിന് മുമ്പെതന്നെ, ഈസായെ കാത്തിരിക്കുന്നവർ മുസ്ലിംകളാകട്ടെ ക്രിസ്ത്യരാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ ആഗമനത്തെകുറിച്ച് നിരാശപ്പെടുകയും തീരെ മനംമടുത്ത് ഈ മിഥ്യാവിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. പിന്നെ ലോകത്ത് ഒരേ മതവും ഒരേ നേതാവും മാത്രമായിരിക്കും. ആ ബീജം എന്റെ കൈയ്യാൽ വിതക്കപ്പെട്ടിരിക്കയാണ്. അതിനി വളർന്നുവരുകയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇതിനെ തടയുക ആരാലും സാദ്ധ്യമല്ല." (തദ്കിറത്തുശ്ശഹാദത്തെൻ. പുറം 64, 65).

64–ലണ്ടനിൽ ഒരു വ്യാജമിശിഹാ

ലണ്ടനിലെ ക്ലാപ്ടൺ (Clapton) എന്ന സ്ഥലത്തെ 'കരാർപെട്ടകം' (Ark of Covenant) എന്ന ക്രൈസ്തവസഭയുടെ പുരോഹിതനായ റവ: ജോൺ ഹഗ് സ്മിത്ത് പിഗട്ട് (Rev. John Hugh Smith Piggot) താൻ ദൈവത്തിന്റെ വാഗ്ദത്തപ്രകാരം സ്വർഗ്ഗത്തിൽനിന്ന് അവതരിച്ച ദൈവപുത്രനായ മിശിഹാ ആണെന്ന് 1902 ഡിസംബർ 9–നു ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. ഇത് സംബന്ധിച്ച ഒരു വിജ്ഞാപനത്തിൽ അയാൾ ഇപ്രകാരം എഴുതി: "കുരിശിൽവെച്ച് മരണപ്പെടുകയും പിന്നീട് ഉയിർത്തെഴുന്നേറ്റ ശേഷം സ്വർഗാരോഹണം ചെയ്യുകയും ചെയ്ത അതേ യേശുക്രിസ്തു തന്നെയാണ് ഞാൻ." ഈ പ്രഖ്യാപനം കേട്ടപ്പോൾ

അവിടെ കൂടിയിരുന്ന ഭക്തജനം മുഴുവൻ നിറഞ്ഞ കണ്ണുകളോടെ അയാളെ ആരാധിക്കുവാനായി അയാളുടെ മുമ്പിൽ കുമ്പിട്ടു.

ഈ വാർത്ത പ്രധാനപ്രത്രങ്ങളിലെ മുൻപേജുകളിൽ സ്ഥാനം പിടിച്ചതോടെ അത് സർവ്വത്ര വൻശ്രദ്ധ ആകർഷിക്കുകയും ഒച്ചപ്പാടുണ്ടാകുകയും ചെയ്തു.

1852 ലാണ് റവ: സ്മിത്ത് പിഗ്ഗട്ട് ജനിച്ചത്. 1882 ൽ അയാൾ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഒരു പുരോഹിതനായി. 1892 ൽ ഹെൻട്രി ജയിംസ് പ്രിൻസ് എന്നയാൾ ക്ലാപ്ടണിൽ ഒരു ക്രസ്തീയപള്ളി പണിതപ്പോൾ അവിടെ സ്ഥിരമായി സുവിശേഷ പ്രസംഗം നടത്താനായി പിഗ്ഗട്ടിനെ ക്ഷണിച്ചു. രക്ഷകനായ യേശുക്രിസ്തു പ്രത്യക്ഷനാകാൻ അടുത്തിരിക്കുന്നുവെന്ന്, പരിശുദ്ധാത്മാവിന്റെ (Holy Ghost) സന്ദേശവാഹകനാണ് താനെന്ന് അവകാശപ്പെട്ട ഹെൻട്രി ജയിംസ് പ്രിൻസ് പ്രവചിച്ചിട്ടുണ്ടെന്ന് അയാൾ തന്റെ ഞായറാഴ്ച പ്രഭാഷണങ്ങളിൽ പറയുമായിരുന്നു.

1899 ൽ പ്രിൻസ് മരിച്ചു. അതോടുകൂടി പിഗ്ഗട്ടിന്റെ പ്രഭാഷണ ശൈലിയും ലക്ഷ്യവും ഒരു പ്രത്യേക വഴിക്ക്തിരിഞ്ഞു. യേശുവിന്റെ രണ്ടാംവരവ് ആസന്നമായിരിക്കുന്നു എന്ന് അയാൾ ഊന്നിപറഞ്ഞുകൊണ്ടിരുന്നു. യേശു അവതരിച്ചു കഴിഞ്ഞിരിക്കാമെന്നും അദ്ദേഹം തങ്ങളുടെ കൂട്ടത്തിൽതന്നെ ഉണ്ടാകാമെന്നുകൂടിയും അയാൾ സൂചിപ്പിച്ചുപോന്നു. യേശുവിനെ സ്വീകരിക്കുവാൻ അയാൾ തന്റെ ചുറ്റുമുള്ളവരുടെ മനസ്സൊരുക്കുകയായിരുന്നു. ഹെൻട്രി ജയിംസ് പ്രിൻസ് യേശുവിന്ന് വഴിയൊരുക്കാൻ വന്നയാളാണെന്നും യേശുദേവൻ ഉടൻതന്നെ സ്വർഗത്ത് നിന്നും തിരിച്ചുവരുമെന്ന വാഗ്ദത്തം നൽകിയിരിക്കയാണെന്നും പിഗ്ഗട്ട് ഘോഷിച്ചുതുടങ്ങി. ഒടുവിൽ, അവരുടെ ഇടയിൽ നിൽക്കുന്ന താൻതന്നെയാണ് ആ പ്രതീക്ഷിക്കപ്പെട്ട മിശിഹാ എന്നും താൻ സാക്ഷാൽ ദൈവം തന്നെയാണെന്നും അയാൾ പ്രഖ്യാപിച്ചു.

ഹസ്രത്ത് അഹ്മദുൽഖാദിയാനിയുടെ പ്രസിദ്ധ സഹാബിയും പ്രമുഖ പണ്ഡിതനുമായിരുന്ന ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് ഈ വാർത്ത വായിച്ചപ്പോൾ ഉടൻതന്നെ പിഗ്ഗ

ട്ടിന് ഒരു കത്തയക്കുകയും ഖാദിയാനിൽ പ്രത്യക്ഷനായിട്ടുള്ള സത്യമസീഹിലേയ്ക്ക് തിരിയുവാൻ പിഗ്ഗട്ടിനെ ക്ഷണിക്കുകയും ചെയ്തു. പിഗ്ഗട്ടിന്റെ സിക്രട്ടറി അതിന്നു മറുപടിയായി രണ്ടു വിജ്ഞാപനങ്ങൾ അയച്ചുകൊടുത്തു. അതിലൊന്നിന്റെ പേർ 'നോഹയുടെ പെട്ടകം' (Ark of Noah) എന്നതായിരുന്നു. ഈ വിജ്ഞാപനങ്ങൾ കിട്ടിയപ്പോൾ 1902 നവംബർ 9 ന് ഡോ. സാദിഖ് അവ വാഗ്ദത്ത മസീഹിന്റെ ശ്രദ്ധയിൽ പെടുത്തി. ഇതിനെ തുടർന്നു ഒരു പേജിൽ മാത്രമായി ഒരു നോട്ടീസ് ഹസ്രത്ത് അഹ്മദ് (അ) തയ്യാറാക്കി. അതിൽ മസീഹുവാദിയാണെന്ന് അവകാശപ്പെടുന്ന പിഗ്ഗട്ടിനെ തനിക്കെതിരിൽ വരാൻ വാഗ്ദത്ത മസീഹ് (അ) ആഹ്വാനം ചെയ്തു. തന്റെ ആഹ്വാനം സ്വീകരിക്കുന്ന പക്ഷം പിഗ്ഗട്ട് നശിച്ചൊടുങ്ങുമെന്നും അതിലദ്ദേഹം പ്രഖ്യാപിച്ചു. അല്ലെങ്കിൽതന്നെയും ദൈവം അയാളെ അവഹേളിതനാക്കുകയും അയാൾ കള്ളവാദിയാണെന്ന് തെളിയിച്ചുകാട്ടുകയും ചെയ്യുമെന്നും ഹസ്രത്ത് അഹ്മദ് (അ) പ്രവചിച്ചു. 'സണ്ടെ സർക്കിൾ' (Sunday Circle) എന്ന പത്രം ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ ആഹ്വാനത്തെയും പ്രവചനത്തെയും താഴെപറയുന്ന വാചകങ്ങളിൽ വിവരിച്ചിട്ടുണ്ട്:

Then follows the terrible warning of Mirza Ghulam Ahmad. "The jealousy of God" he says, "has roused on account of the insult offered to His sacred name and to his messengers by this haughty assertion of a man who calls himself God and the Lord of the earth and heaven and my True Holy Perfect and Mighty God has commanded me to warn him of the punishment that awaits him. If he does not repent of this irreverent claim he shall be soon annihilated even in my lifetime, with some torment proceeding from God and not from the hands of man. This warning of punishment is from the God of earth and heaven. His jealousy shall consume the pretender, so that no one may defile the earth again with such false and arrogant claims.

(ഇതിനെ തുടർന്നു മിർസാ ഗുലാംഅഹ്മദിന്റെ ഭയാനകമായ താക്കീതുണ്ടായി. ആദ്ദേഹം പറയുന്നു: 'തന്റെ പരിശുദ്ധനാമത്തിന്നും തന്റെ സത്യദൂതൻമാർക്കും എതിരായി, സ്വയം ദൈവമെന്നും ആകാശഭൂമികളുടെ നാഥനെന്നും വിളിക്കുന്ന ഒരു മനുഷ്യന്റെ അഹങ്കാരപൂർണ്ണമായ പ്രസ്താവന നടത്തിയിട്ടുള്ള

അവഹേളനം കാരണമായി, സത്യവാനും പരിശുദ്ധനും പരിപൂർണ്ണനും പരമശക്തനും ആയ എന്റെ ദൈവം അയാളെ, തന്നെ കാത്തിരിക്കുന്ന ശിക്ഷയെ കുറിച്ച് താക്കീത്ചെയ്യാൻ ആജ്ഞാപിച്ചിരിക്കുന്നു. ഈ പരിഹാസ്യമായ അവകാശവാദത്തിൽനിന്ന് പശ്ചാത്തപിച്ച് പിൻമാറാത്തപക്ഷം അയാൾ ഉടൻതന്നെ, എന്റെ ജീവകാലത്ത്തന്നെ, ദൈവത്തിൽനിന്നുള്ള അത്യുഗ്രമായ നടപടിമൂലം മനുഷ്യകൃതമല്ലാത്തവിധത്തിൽ നാശമടയുന്നതായിരിക്കും. ഈ ശിക്ഷയെ കുറിച്ചുള്ള താക്കീത് ആകാശഭൂമികളുടെ നാഥനായ ദൈവത്തിൽനിന്നുള്ളതാകുന്നു. അവന്റെ ക്രോധം ഈ കപടവാദിയെ വകവരുത്തും. അത്തരം വ്യാജവും ധിക്കാരപരവുമായ വാദങ്ങൾകൊണ്ട് ഭൂമിയെ ഇനിയും വൃത്തിഹീനമാക്കാതിരിക്കാൻതന്നെ)*

ഈ ആഹ്വാനത്തിന്നേരെ പിഗ്ഗട്ട് പ്രതികരിച്ചില്ല. അയാൾ പരിപൂർണ്ണ നിശ്ശബ്ദത പാലിച്ചു. ദിവ്യവാദം അയാൾ പിന്നെ ആവർത്തിച്ചതേയില്ല. അയാൾ തന്റെ സ്വദേശമായ സോമർസെറ്റിലെ ഒളിമാടത്തിലേക്ക് പിൻവാങ്ങി. അയാൾ സർവരാലും വിസ്മരിക്കപ്പെടുകയായി.

എങ്കിലും അയാൾ ദൈവകോപത്തിന്നിരയായിത്തീരുകതന്നെ ചെയ്തു. പിൽക്കാല ജീവിതം അയാൾക്ക് ഒരു നരകം ഒരുക്കിക്കൊടുത്തു. നാശവും അപമാനവും അയാളുടെ തലക്ക്മീതെ വട്ടംചുറ്റിക്കൊണ്ടിരുന്നു. അയാൾ തികഞ്ഞ ഭോഗലോലുപതയിൽ കഴിഞ്ഞആളാണെന്ന രഹസ്യം പരസ്യമായിതീർന്നു. അയാളെ പള്ളിതന്നെ തൊലിയുരിച്ചുകാട്ടുകയും അയാളുടെ പൗരോഹിത്യപരമായ സ്ഥാനവസ്ത്രങ്ങൾ അഴിച്ചെടുക്കുകയും ചെയ്തു.

'ഈവിനിങ്ങ് ന്യൂസ്' (Evening News) എന്ന പത്രത്തിൽ 'കള്ളമസീഹ്' (Bogus Messiah) എന്ന ശീർഷകത്തിൽ പിൽകാലത്ത് പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ സി.ടി. ബേക്കർ കാർ C.T. Baker Carr ഇപ്രകാരമെഴുതി: +

---

* Sunday Circle (London) - 14-02-1903.

\+ Evening News (London) - February 1955.

In July 1904, a very attractive girl called Ruth Annie Preece went to live with Smyth Piggot and his wife, whom he had married on August 14, 1886. Miss Preece was one of the three sisters whose father had left them comfortably provided for. A year later there came news of the birth at Agapemonie (Abode of love) a child.

(1904 ജൂലായിൽ റൂത്ത് ആന്നീ പ്രീസ് എന്ന് പേരുള്ള സുന്ദരിയായ ഒരു യുവതി സ്മിത്ത് പിഗ്ഗട്ടിന്റെയും ഭാര്യയുടേയും–1886 ആഗസ്റ്റ് 14–ന് അവരെ അയാൾ വിവാഹം ചെയ്തിരുന്നതാണ്–കൂടെ താമസിക്കാനായിചെന്നു. മിസ്സ് പ്രീസ് മൂന്നു സഹോദരിമാരിൽ ഒരുത്തിയാണ്. അവരുടെ പിതാവ് അവർക്കായി വേണ്ടത്ര സമ്പാദിച്ചൊരുക്കിക്കൊടുത്തിട്ടാണ് അവരെ പിരിഞ്ഞത്. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അഗോപമോണിയിൽ–സ്നേഹനികേതനം–ഒരു കുഞ്ഞ് പിറന്നതായ വാർത്ത പരന്നു).

1905 ജൂൺ 23–ന് റൂത്ത് ആന്നീ പ്രീസന്നും ജോൺ ഹഗ് സ്മിത്ത് പിഗ്ഗട്ടിന്നും ഒരു ആൺകുട്ടി ജനിച്ചതായി സോമർസെറ്റ് ഹൗസിലെ റിക്കാഡുകളിൽ രേഖപ്പെടുത്തപ്പെട്ടു കുട്ടിക്ക് 'ഗ്ലോറി' എന്നുപേരിട്ടു. കുട്ടി ജനിച്ചത് തനിയെ പരാശ്രയം ഇല്ലാതെയാണെന്നും എഴുതിവച്ചിരുന്നു. റവ. പിഗ്ഗട്ട് വിശുദ്ധ സഭയിലെ ഒരു പുരോഹിതനാണല്ലോ! (Priest of the Holy Order).

1908 ആഗസ്റ്റ് 20–ന് സിസ്റ്റർ റൂത്ത് (അങ്ങനെയാണവർ ആ സ്ത്രീയെ വിളിച്ചിരുന്നത്) മറ്റൊരു കുഞ്ഞിനെ കൂടി പ്രസവിച്ചു. സപ്തംബർ 18–ന് ബ്രിഡ്ജുവാട്ടറിലെ റജിസ്ട്രാർ സിഡ്നി ഡബ്ല്യൂ. ഹൂക്കിനെ അഗോപമോണിയിലേക്ക്–സ്നേഹനികേതനിലേക്ക്–വിളിച്ചുവരുത്തി. അച്ഛനമ്മമാരുടെ പേരുകൾ അതേപടി വീണ്ടും റജിസ്ട്രാർ റിക്കാർഡാക്കി. കുട്ടിക്ക് 'പവ്വർ' എന്നാണ് പേർ വിളിച്ചിരുന്നത്.

പവ്വർ ജനിച്ചതോടെ ബാത്തിലെ ബിഷപ്പ് (Bishop of Bath) സ്മിത്ത് പിഗ്ഗട്ടിനെതിരെ നടപടികൾ സ്വീകരിച്ചുതുടങ്ങി. ഒരു സഭാകോടതിയിൽ അയാൾ വിചാരണ ചയ്യപ്പെടുന്നതിന്ന് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടു. അസാൻമാർഗീകതയായിരുന്നു റവ. പിഗ്ഗട്ടിനെതിരായി ഉന്നയിക്കപ്പെട്ട കുറ്റം! അയാൾ കുറ്റക്കാരനാ

ണെന്ന് വിധിക്കപ്പെടുകയും ചെയ്തു. വെൽസ് കാത്തിഡ്രലിൽ (Wells Cathedral) വച്ചു 1909 മാർച്ചിൽ അയാളുടെ സ്ഥാന വസ്ത്രങ്ങൾ അഴിച്ചുമാറ്റപ്പെട്ടു!

അഗപ്പമോണിയിലേക്ക്–സ്നേഹനികേതനിലേക്ക്–സ്വാഭാവികമായും ജനശ്രദ്ധ തിരിഞ്ഞു. അവിടെ ഒളിമാടത്തിൽ നൂറോളം യുവതികളും ഏതാനും പുരുഷൻമാർമാത്രവും ഉള്ളതായി കണ്ടുപിടിക്കപ്പെട്ടു. അവഹേളിതനായി പരമനിന്ദിതനായിത്തീർന്ന റവ. പിഗ്ഗട്ട് ദുരിതപൂർണ്ണമായ ഏകാന്തതയിൽ നാളുകൾ തള്ളിനീക്കിയശേഷം 1927 മാർച്ചിൽ സോമർസെറ്റിൽ മരണമടഞ്ഞു. ഒരു വ്യാജമിശിഹാവാദിയുടെ എളിമയാർന്ന അന്ത്യം!

65 – ഒരു ശിഷ്യപ്രമുഖന്റെ ചരമം

1905 ൽ ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) തന്റെ പ്രമുഖനായ ഒരു ശിഷ്യന്റെ വിരഹ ദുഖം അനുഭവിക്കേണ്ടിവന്നു. മഹാ പണ്ഡിതനായ മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി 1905 ഒക്ടോബർ 11–ന് ചരമം പ്രാപിച്ചു.

മൗലാനാ അബ്ദുൽകരീം സാഹിബ് വാഗ്ദത്ത മസീഹിന്റെ അടുത്ത രണ്ടു ശിഷ്യൻമാരിൽ ഒരാളായിരുന്നു. മൗലാനാ ഹക്കീം നൂറുദ്ദീൻസാഹിബ് ആണ് പ്രഥമ ശിഷ്യനെങ്കിൽ മൗലാനാ അബ്ദുൽകരീം സാഹിബ് എല്ലാ പ്രകാരത്തിലും അദ്വിതീയനായിരുന്നു എന്നുപറയാം. വാഗ്ദത്ത മസീഹിന്റെ ഒന്നാം ഖലീഫ ആയ ഹസ്രത്ത് മൗലാനാ നൂറുദ്ദീൻ (റ) ആ മഹാത്മാവിന്റെ അതിരറ്റ പ്രശംസകൾക്കും പ്രാർത്ഥനകൾക്കും അർഹനായിത്തീർന്ന മഹാനെന്നനിലയിൽ ഏറ്റവും മുന്നണിയിലായിരുന്നെങ്കിലും ഹസ്രത്ത് അബ്ദുൽകരീം സാഹിബ് സിയാൽകോട്ടിയ്ക്ക് ഒട്ടും പിന്നിലല്ലാത്ത സ്ഥാനം കൽപിച്ചിരുന്നു. വാഗ്ദത്ത മസീഹിന്റെ ചരമവേളയിൽ ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് ജീവിച്ചിരിക്കുന്നുണ്ടായിരുന്നില്ല എന്നതിനാൽ ഒന്നാം ഖലീഫ തെരഞ്ഞെടുപ്പിൽ സത്യവിശ്വാസികൾക്കിടയിൽ രണ്ടഭിപ്രായമുണ്ടായില്ല.

ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സിയാൽകോട്ടി (റ)

ടെഹ്റീക് ഇജ്ദീദിന്റെ ഉദ്ഘാടന ചടങ്ങ്

മൗലാനാ അബ്ദുൽകരീം സാഹിബ് (റ) 1858 ൽ സിയാൽകോട്ട് നഗരത്തിൽ ജനിച്ചു. കരീം ബക്ഷ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേർ. വാഗ്ദത്ത മസീഹ് (അ) ആ പേർ പിന്നീട് അബ്ദുൽകരീം എന്ന് മാറ്റിയിട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിന്ന് ശേഷം അറബി പാർസി ഭാഷകൾ സ്വകാര്യമായി പഠിച്ചു. സിയാൽകോട്ടെ അമേരിക്കൻമിഷൻ സ്കൂളിൽ പാർസി അദ്ധ്യാപകനായി ജോലി ചെയ്തുപോന്നു. മിഷനറി ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരിക്കെ ഒരു വിദ്യാർത്ഥി ഖുർആനെ അപമാനിച്ച ഒരു സംഭവുമായി ബന്ധപ്പെട്ട് അദ്ദേഹം ജോലി മതിയാക്കുകയാണുണ്ടായത്. പിന്നീട്, ബോർഡു മിഡിൽ സ്കൂളിൽ ജോലിക്ക് ചേർന്നെങ്കിലും അവിടെനിന്നും തെറ്റിപ്പിരിയേണ്ടിവന്നു. പിന്നീട് കുറേനാൾ പ്രഭാഷണങ്ങളും വഅ്സ് പരമ്പരകളുമായി കഴിഞ്ഞുപോന്നു. ഉജ്ജ്വലവാഗ്മി ആയ അദ്ദേഹം അറബി പാർസി ഭാഷകളിൽ അസാമാന്യപ്രാവീണ്യം നേടിയിരുന്നു. ഇംഗ്ലീഷുഭാഷയും നന്നായി കൈകാര്യം ചെയ്തിരുന്നു. അങ്ങിനെയിരിക്കെയാണ് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബുമായി അടുപ്പത്തിലായത്. അതുവഴി വാഗ്ദത്തമസീഹുമായും ബന്ധപ്പെടാൻ ഇടയായി. 1888 മാർച്ചിലാണ് വാഗ്ദത്ത മസീഹിനെ ദർശിക്കാൻ ഭാഗ്യമുണ്ടായത്. അത്മുതൽ ഖാദിയാനിൽ വന്നും പോയും കൊണ്ടിരുന്നു.* 1892 ൽ ഖാദിയാനിൽ സ്ഥിരവാസമാക്കി. 1903 ൽ അദ്ദേഹം ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം കോളേജിൽ പ്രഫസറായി. അറബി സാഹിത്യമായിരുന്നു പ്രത്യേക പാഠനവിഷയം. വാഗ്ദത്ത മസീഹിന്റെ ഭവനത്തിൽ മസ്ജിദ് മുബാറക്കിന്റെ മുകൾഭാഗത്ത് തൊട്ടുചേർന്ന ഒരു മുറിയിലായിരുന്നു മൗലാനാ അവർകൾ പാർത്തുപോന്നത്. ഇതിന്ന് നേരെ താഴത്ത് വാഗ്ദത്ത ഇമാം താമസിച്ചു. എല്ലാ സംഘ നമസ്ക്കാരങ്ങളിലും അബ്ദുൽകരീം സാഹിബാണ് ഇമാമത്ത് വഹിച്ചുപോന്നിരുന്നത്.

---

* 1889 ൽ തന്നെ അദ്ദേഹം ബയ്അത്ത് ചെയ്യുകയുണ്ടായെങ്കിലും മാർച്ച് 23-ാം നു ലുധിയാനയിൽ വച്ചുനടന്ന ആദ്യത്തെ ബയ്അത്ത്കാരിൽ അദ്ദേഹം ഉൾപെട്ടിരുന്നില്ല.

ആദ്യകാലങ്ങളിൽ മൗലാനാ ഒരു പ്രകൃതിവാദി (Naturalist) ആയിരുന്നു. വാഗ്ദത്ത മസീഹുമായുള്ള ബന്ധത്തിൽ അദ്ദേഹത്തിന്റെ പ്രകൃതിവാദപരമായ ആശയങ്ങളും വിശ്വാസങ്ങളുമെല്ലാം കൊഴിഞ്ഞുപോയി. പിന്നീട് അത്തരം വാദങ്ങൾക്കെതിരെ അദ്ദേഹം തൂലിക ചിലിപ്പിച്ചു.

വാഗ്ദത്ത മസീഹ് (അ) മൗലാനയെ പറ്റി ഇപ്രകാരം പറഞ്ഞു:

"അദ്ദേഹം ഈ പ്രസ്ഥാനത്തോടുള്ള സ്നേഹത്തിൽ നിലീനനായിരുന്നു. ആദ്യകാലത്ത് എന്റെ അടുക്കൽ വന്നപ്പോൾ സർ സയ്യിദിന്റെ ചിന്താഗതിക്കാരനായിരുന്നു. സർ സയ്യിദിന്റെ തെറ്റായ ചിന്താഗതികളുടെ അടിസ്ഥാനത്തിൽതന്നെ ഞാനുമായി സംസാരിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ അതൊരു വാഗ്വാദത്തിന്റെ മട്ടോളമെത്തിയിരുന്നു.* ഒരു ദിവസം പെട്ടെന്ന് എന്നോടദ്ദേഹം തുറന്നുപറഞ്ഞു, താൻ ആ ആശയങ്ങളെല്ലാം കൈവിട്ടിരിക്കുന്നു എന്ന്. പിന്നീട് അദ്ദേഹം എന്നോടുള്ള സ്നേഹത്തിൽമുങ്ങി. ഞാൻ പകൽ രാത്രിയാണെന്ന് പറഞ്ഞാൽ അത് ശരി; രാത്രി പകലാണെന്ന് പറഞ്ഞാൽ അത് ശരി; എന്ന മട്ടിലായി. എന്റെ അഭിപ്രായത്തിന്നെതിരായി എന്തെങ്കിലും പറയുന്നത് അദ്ദേഹത്തിന്റെ പക്കൽ കുഫ്റായിത്തീർന്നു. അദ്ദേഹത്തിന്ന് എന്നോട് അളവറ്റ സ്നേഹബഹുമാനമായിരുന്നു. അദ്ദേഹം 'അസ്ഹാബുസ്സുഫഫ്' യിൽ ഉൾപ്പെട്ടിരുന്നു. ആദ്യകാലത്ത്തന്നെ അദ്ദേഹത്തെ കുറിച്ചുള്ള സ്തുതി വാക്യങ്ങൾ 'വഹ്യു' കളിൽ ഉണ്ടായിരുന്നു. അദ്ദേഹം പരമലളിതമായ ജീവിതം നയിച്ചു. ഈ ലോകത്തിലെ സുഖസൗകര്യങ്ങളിലൊന്നും അദ്ദേഹത്തിന് താൽപര്യമില്ലായിരുന്നു. കുറച്ചുമുമ്പ് അദ്ദേഹത്തിന് മാസാന്തം

---

* താൻ വാഗ്ദത്തമസീഹുമായി ഒച്ച ഉയർത്തികൊണ്ട് സംവാദം നടത്തിയിരുന്നുവെന്നും പിന്നീട് അതെല്ലാം ഓർത്തു പശ്ചാത്തപിക്കുകയുണ്ടായിഎന്നും മൗലാനാ അബ്ദുൽകരീം സാഹിബ് പറയുകയുണ്ടായി. ഒച്ച കൂട്ടേണ്ടതില്ലെന്നും എല്ലാം സാവധാനത്തിൽ മനസ്സിലായികൊള്ളുമെന്നും ഹസ്രത്ത് സാഹിബ് ശാന്തസ്വരത്തിൽ പറയുമായിരുന്നു എന്നും മൌലാനാ നിവേദനം ചെയ്തിട്ടുണ്ട്. (മുജദ്ദിദെ അഅ്സം, പേജ്. 335)

ഇരുനൂറുരൂപ ശമ്പളമുള്ള ഒരു ജോലി കിട്ടുമായിരുന്നെങ്കിലും എന്റെ കൂടെ കഴിയുന്നതിന്ന് വേണ്ടി അദ്ദേഹം അത് വേണ്ടെന്ന് വെക്കുകയാണുണ്ടായത്" (മുജദ്ദിദെ അഅ്സം).

മൌലാനാ അബ്ദുൽകരീം സാഹിബ് പാർസി ഭാഷയിൽ ആധികാരിക വക്താവായിരുന്നു. ഹസ്രത്ത് അഹ്മദിന്റെ ലിഖിതങ്ങൾ അദ്ദേഹം പാർസീ ഭാഷയിൽ വിവർത്തനം ചെയ്തു പോന്നു. ഹസ്രത്ത് സാഹിബ് തന്റെ പാർസീ ലിഖിതങ്ങളും കവിതകളും അദ്ദേഹത്തിന് അവലോകനാർത്ഥം സമർപ്പിക്കുമായിരുന്നു. ഉച്ചഭാഷിണി ഇല്ലാതിരുന്ന അക്കാലത്ത് അദ്ദേഹത്തിന്റെ ഘനഗംഭീരമായ ശബ്ദം ശ്രോതാക്കളെ പിടിച്ചു നിർത്തിയിരുന്നു. 1896 ൽ ലാഹൗറിൽ നടന്ന സർവ്വധർമ്മമഹോൽസവത്തിൽ വാഗ്ദത്ത മസീഹിന്റെ ഉപന്യാസം വായിച്ചവതരിപ്പിച്ചത് അദ്ദേഹമായിരുന്നു. 'ഇസ്ലാമി ഉസൂൽ കീ ഫിലോസഫി' (ഇസ്ലാം മതതത്ത്വജ്ഞാനം) എന്ന പേരിൽ ലോകപ്രസിദ്ധമായ പ്രസ്തുത ഉപന്യാസം രണ്ടുദിവസം മൂന്നു സമ്മേളനങ്ങളിലായി വായിച്ചു കേൾപ്പിക്കുകയാണുണ്ടായത്. വേറെയും പ്രധാന പ്രഭാഷണങ്ങൾ അദ്ദേഹം വായിച്ചു കേൾപ്പിച്ചിരുന്നു. 1900-ൽ വാഗ്ദത്ത മസീഹ് 'ഖുത്ബ ഇൽഹാമിയ' എന്ന വെളിപാട് പ്രസംഗം നടത്തിയപ്പോൾ അത് കുറിച്ചെടുക്കാൻ നിയോഗിച്ച മൂന്ന് പ്രഗൽഭ പണ്ഡിതൻമാരിൽ ഒരാൾ അദ്ദേഹമായിരുന്നു.

മൌലാനാ അബ്ദുൽകരീം സാഹിബിന്റെ ഖുർആൻ ഓത്ത് കർണാനന്ദകരമായിരുന്നു. വളരെ ആകർഷകമായ ശബ്ദത്തിലും ഈണത്തിലും അദ്ദേഹം ഓതുന്നത് കേൾക്കാൻ ആളുകൾ തടിച്ചുകൂടുമായിരുന്നു. നമസ്കാരത്തിൽ അദ്ദേഹം ഓതുന്നത് കേൾക്കാൻമാത്രം മസ്ജിദ് മുബാറക്കിൽ അനേകർ വന്നുകൊണ്ടിരുന്നു. മൌലവി അബ്ദുൽകരീം സാഹിബ് ചരമം പ്രാപിക്കുന്നതിന് മുമ്പ്, മസ്ജിദ് മുബാറക്കിന്റെ 'മിഹ്റാബ്' കരയുന്നതായി താൻ ഒരു ദിവ്യ ദർശനത്തിൽ കാണുകയുണ്ടായെന്ന് മൌലാനാ അബ്ദുസ്സത്താർ ഷാ (റ) രേഖപ്പെടുത്തിയിരിക്കുന്നു. അപ്പോൾ, ഹസ്രത്ത് അബ്ദുൽകരീം സാഹിബിന്റെ ചരമം അടുത്തുപോയെന്ന് താൻ മനസ്സിലാക്കിയതായും അദ്ദേഹം പറ

ഞ്ഞു. ചരമഘട്ടത്തോടടുത്ത് ഹസ്രത്ത് സാഹിബിന് അദ്ദേഹത്തെ പറ്റി ധാരാളം വെളിപാടുകൾ ലഭിച്ചിരുന്നു. 'മുസൽമാനോൻ കാ ലീഡർ അബ്ദുൽകരീം' എന്ന് ഒരിക്കൽ മൌലാനയെ കുറിച്ച് വാഗ്ദത്തമസീഹിന്ന് ഒരു വെളിപാടുണ്ടായി.

മൌലാനാ അവർകൾ പ്രമേഹരോഗം മൂർച്ഛിച്ചാണ് ചരമം പ്രാപിച്ചത്. പ്രമേഹക്കുരുമൂലം കഠിനവേദന അനുഭവിച്ച് കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വേദനയും അസ്വാസ്ഥ്യവും കണ്ട്നിൽക്കാൻ വാഗ്ദത്തമസീഹിന്ന് കഴിഞ്ഞിരുന്നില്ല. അസ്വാസ്ഥ്യം കണ്ട് ഒരിക്കൽ അവിടുന്ന്തന്നെ മോഹാൽസ്യപ്പെട്ട് പോയതായി നിവേദനമുണ്ട്. വാഗ്ദത്തമസീഹ് (അ) തന്റെ പ്രീത ശിഷ്യന്റെ രോഗവിവരങ്ങൾ കൂടക്കൂടെ അന്വേഷിച്ചറിയുമായിരുന്നു. ദീർഘ ദീർഘമായ പ്രാർത്ഥനകൾ നടത്തുകയും ചെയ്തുപോന്നു. ചികിത്സക്കായി ഒരു കൂട്ടം വിദഗ്ധ ഡോക്ടർമാരെ ഏർപ്പെടുത്തിയിരുന്നു. വാഗ്ദത്ത മസീഹ് തന്നെ ധാരാളം പണം അദ്ദേഹത്തിന് വേണ്ടി ചെലവാക്കുകയുണ്ടായി. ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) കൂടക്കൂടെ അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നു. ഒടുവിൽ 1905 ഒക്ടോബർ 11-ാം ന അദ്ദേഹം ചരമം പ്രാപിച്ചു. വാഗ്ദത്ത മസീഹ് (അ) തന്നെയാണ് അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന്ന് നേതൃത്വം നൽകിയത്.

മൃതദേഹം താൽക്കാലികമായി പൊതു ശ്മശാനത്തിൽ കബറടക്കം ചെയ്തു. ബിഹ്ശ്തീ മക്ബറയുടെ പ്രവൃത്തികൾ ആയവസരത്തിൽ പൂർത്തിയായിരുന്നില്ല. അത് പൂർത്തിയായപ്പോൾ 1905 ഡിസംബർ 27-ാം നു വാർഷീകജലസാവേളയിൽ, പെട്ടിയിലടക്കം ചെയ്തിരുന്ന അദ്ദേഹത്തിന്റെ മൃതദേഹം പുറത്തെടുത്ത് ബിഹ്ശ്തീ മക്ബറയിൽ കബറടക്കി. കബറിന്റെ 'കത്തബ' (ഫലകം) യിലേയ്ക്ക് ഹസ്രത്ത് സാഹിബ് തന്നെയാണ് സ്മാരക കുറിപ്പ് എഴുതിക്കൊടുത്തിരുന്നത്. ഹസ്രത്ത് അബ്ദുൽകരീം സാഹിബിന്റെ ചരമത്തെ തുടർന്നാണ് ഈ സ്വർഗ്ഗീയ ശ്മശാനം സ്ഥാപിക്കുന്നതിന്ന് വേഗം കൂട്ടിയത്.

മൌലാനാ അബ്ദുൽകരീം സാഹിബിന്റെ ചരമത്തെ തുടർന്ന് മറ്റൊരു പ്രസിദ്ധ സഹാബി ആയിരുന്ന ഹസ്രത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്‌ലമിയും ചരമം പ്രാപിച്ചു.

മൌലാനാ അബ്ദുൽകരീംസാഹിബിന്റെ ചരമം ജമാഅത്തിന്ന് വലിയൊരു ആഘാതമേൽപിച്ചിരുന്നു. അത്രയും ഉന്നത സ്ഥാനീയനായ ഒരു പണ്ഡിതന്റെ ചരമം ഉണ്ടാക്കിയ വിടവ് നികത്തുക അത്ര എളുപ്പമായിരുന്നില്ല. ഇത് ജമാഅത്തിന്റെ ഉന്നതരായ ആലിമീങ്ങളെ സൃഷ്ടിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെ ഉയർത്തിക്കാട്ടി. ഇതിനെതുടർന്ന് ജമാഅത്തിന്റെ കീഴിലുള്ള ദീനി വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉയർന്ന നിലവാരത്തിൽ വളർത്തിയെടുക്കാനുള്ള പദ്ധതികൾക്ക് ജമാഅത്ത് രൂപം നൽകി.

1891 ജനുവരി 1–ാം നു ആണ് തഅ്‌ലീമുൽ ഇസ്‌ലാം മദ്രസ പ്രൈമറി സ്കൂളായി ആരംഭിച്ചത്. 1900 ഫെബ്രുവരിയിൽ അത് ഹൈസ്കൂളാക്കി. മൂന്നു കൊല്ലം കഴിഞ്ഞ് തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് ആയി ഉയർത്തുകയും ചെയ്തു. മെയ് 28–ാം നു ആണ് തഅ്‌ലീമുൽ ഇസ്‌ലാം കോളേജിന്റെ ഉത്ഘാടനം നടത്തപ്പെട്ടത്. ഉത്ഘാടന ചടങ്ങിൽ വാഗ്ദത്ത മസീഹ് (അ) അസുഖം കാരണം സംബന്ധിച്ചിരുന്നില്ല. മൌലാനാ അബ്ദുൽകരീം സാഹിബാണ് അവിടുത്തെ സന്ദേശം വായിച്ചു കേൾപിച്ചു കൊണ്ട് ഉത്ഘാടന കർമ്മം നിർവഹിച്ചത്. ഹക്കീമുൽ ഉമ്മത്ത്. മൌലാനാ നൂറുദ്ദീൻ സാഹിബ് (റ) ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. കോളേജ് ഡയറക്ടർ നവാബ് മുഹമ്മദലീഖാൻ സാഹിബ് (റ) ഒരു പ്രസംഗം ചെയ്തു. മൌലാനാ ശേർ അലി സാഹിബായിരുന്നു പ്രിൻസിപ്പലും ഇംഗ്ലീഷു വിഭാഗം തലവനും. മൌലാനാ അബ്ദുൽകരീം സാഹിബ് അറബിക് സാഹിത്യവിഭാഗം തലവനായിരുന്നു. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബായിരുന്നു മാനേജർ. അദ്ദേഹം ലോജിക് പ്രഫസർ സ്ഥാനവും വഹിച്ചു. മൌലാനാ ഉബൈദുല്ലാഹ് സാഹിബ്, ബസ്മെൽ (ഫാർസി), മൌലാനാ നൂറുദ്ദീൻ സാഹിബ് (ദീനിയാത്ത്) മൌലവി മുഹമ്മദ് അലി സാഹിബ് എം.എ (ജോഗ്രഫി) എന്നിവരായിരുന്നു മറ്റ് പ്രഫസർമാർ. മൗലാനാ അബ്ദുൽകരീം സാഹിബിന്റെ ചരമാനന്തരം

വാഗ്ദത്ത മസീഹിന്റെ തീരുമാനപ്രകാരം അവിടെ പ്രത്യേകം ദീനിയാത്ത് വിഭാഗം ഉത്ഘാടനം ചെയ്യപ്പെട്ടു. അത് മദ്രസ്സാ അഹ്മദിയ്യാ എന്ന പേരിലാണ് അറിയപ്പെട്ടത്. ഖാസി സയ്യിദ് അമീർ ഹുസൈൻ സാഹിബ്, മൗലവി ഫസ്ലുദ്ദീൻ സാഹിബ്, മൌലവി സർവർഷാ സാഹിബ് തുടങ്ങിയ പ്രഗൽഭ പണ്ഡിതൻമാർ മദ്രസാ അഹ്മദിയ്യയിലെ ഉസ്താദൻമാർ ആയിരുന്നു.

66 – ഫോട്ടോഗ്രാഫിയും ഫോണോഗ്രാഫിയും

യൂറോപ്പിൽ പ്രചരിപ്പിക്കുന്നതിന്ന് വേണ്ടി ഒരു പ്രത്യേക ഗ്രന്ഥം നിർമിക്കുന്നതിന്ന് ഉദ്ദേശിച്ചുകൊണ്ട് ഈ ആവശ്യത്തിലേക്കായി തന്റെ ഒരു ഫോട്ടോ എടുപ്പിക്കാൻ 1901–ൽ ഹസ്രത്ത് അഹ്മദ് (അ) നിശ്ചയിച്ചു. ചിത്രം നോക്കി ഒരാളുടെ സ്വഭാവ പ്രകൃതികൾ മനസ്സിലാക്കാൻ കഴിയുന്ന സാങ്കേതിക വിദഗ്ദ്ധൻമാർ (Physiognomist) യൂറോപ്പിൽ ഉണ്ടെന്നതിനാൽ ഗ്രന്ഥകർത്താവിന്റെ ഫോട്ടോ പുസ്തകത്തിൽ ചേർക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായം അംഗീകരിക്കപ്പെട്ടു. ഈ ഉദ്ദേശ്യാർത്ഥം ലാഹൗറിൽനിന്ന് ഒരു ഫോട്ടോഗ്രാഫറെ വരുത്തിച്ചു. വാഗ്ദത്ത മസീഹിന്റെ ഒരു പടം പ്രത്യേകം എടുപ്പിച്ചതിനോടൊപ്പം സഹാബാക്കളോടൊന്നിച്ചിരുന്നു ഗ്രൂപ്പ് ഫോട്ടോകളും എടുപ്പിക്കുകയുണ്ടായി. ഹസ്രത്ത് സാഹിബിന്റെ കാൽക്കൽ ശിഷ്യനായ മുഫ്തി സാഹിബ് ഇരിക്കുന്ന ഒരു ഗ്രൂപ്പ് ഫോട്ടോയും എടുത്തിരുന്നു. ഹസ്രത്ത് സാഹിബിന്റെ കാൽക്കൽ താനിരിക്കുന്ന പടം വേർപെടുത്തിയെടുത്ത് 'അഹ്മദ് സാദിഖ്' എന്ന തലക്കെട്ടിൽ മുഫ്തി സാഹിബ് പ്രത്യേകം അച്ചടിച്ചു തയ്യാറാക്കുകയുണ്ടായി.

ഫോട്ടോ എടുക്കുന്നത് പല നിലയിലും പ്രയോജനകരമാണെന്ന് വാഗ്ദത്ത മസീഹിന്ന് അഭിപ്രായമുണ്ടായിരുന്നു. പ്രത്യേകിച്ചും വിവാഹ അവസരത്തിൽ ദൂരത്ത് വസിക്കുന്ന വധൂവരൻമാർക്ക് പരസ്പരം കണ്ട് തൃപ്തിപ്പെടുന്നതിന്ന് ഫോട്ടോ ഉപകാരപ്രദമാണെന്ന് അവിടുന്ന് ചൂണ്ടിക്കാട്ടി.

വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദുൽ ഖാദിയാനി യുടെ ഒരു ഫോട്ടോ യൂറോപ്പിലെ ചില മഹാൻമാരെ കാണിച്ച പ്പോൾ അത് ഒരു വലിയ ചിന്തകന്റെ ചിത്രമാണെന്ന് അഭിപ്രായ പെട്ടതായി ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് പ്രസ്താവിക്കുകയു ണ്ടായി. He is a great thinker (ഇദ്ദേഹം ഒരു വലിയ ചിന്തകനാണ്) എന്ന് ഒരു വിദഗ്ധ ചിത്രകാരൻ പറയുകയുണ്ടായി.

താൻ ലാഹൗർ ഭ്രാന്താശുപത്രിയിലെ ഡോക്ടറായിരു ന്നപ്പോൾ അവിടെ വന്നെത്തിയ ഇംഗ്ലീഷുകാരനായ ഒരു മുഖ ലക്ഷണ ശാസ്ത്രജ്ഞ (Physiognomist) നെ നിരവധി പ്രമുഖൻമാർ സമീപിച്ചിരുന്നതായി ഡോക്ടർ ഖാസി കറം ഇലാഹി സാഹിബ് പ്രസ്താവിച്ചു. ഫോട്ടോ നോക്കി ആളുടെ സ്വഭാവഗതികൾ വായി ച്ചറിയുന്ന ഈ സാമുദ്രീകലക്ഷണശാസ്ത്രജ്ഞന്റെ മുൻപിൽ വാഗ്ദത്ത മസീഹിന്റെ ഒരു ഫോട്ടോ വെച്ചു കൊടുത്തപ്പോൾ ഏറെ സൂക്ഷ്മ പഠനം നടത്തിയശേഷം അദ്ദേഹം പറഞ്ഞുവത്രെ: "ഇതൊരു ഇസ്രായിലി പ്രവാചകന്റെ ചിത്രമാണ്".

താൻ അമേരിക്കയിലായിരുന്നപ്പോൾ മറ്റൊരു പട്ടണ ത്തിൽനിന്ന് തനിക്കൊരു സ്ത്രീയുടെ കത്ത് വന്നതായി അമേരി ക്കയിലെ ഒന്നാമത്തെ അഹ്മദിയ്യാമിഷ്യനറി മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് പറയുകയുണ്ടായി. ഒരു ഇന്ത്യക്കാരനായ മഹാത്മാവിന്റെ ദർശനം തനിക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു വെന്നും തന്റെ മനോവിഷമങ്ങളിൽ അദ്ദേഹം തനിക്ക് ഉപദേശ ങ്ങൾ നൽകികൊണ്ടിരിക്കാറുണ്ടായിരുന്നുവെന്നും ആ കത്തിൽ എഴുതിയിരുന്നു. ആ മഹാത്മാവ് ആരാണെന്ന് പറഞ്ഞുതരാമോ എന്ന് ആ സ്ത്രീ ആരായുകയായിരുന്നു. താൻ ആ സ്ത്രീക്ക് ഏതാനും ഫോട്ടോകൾ അയച്ചുകൊടുത്തു; കൂട്ടത്തിൽ വാഗ്ദത്ത മസീഹ് (അ) ന്റെ ഫോട്ടോവും! അതിൽ അടയാളമിട്ടുകൊണ്ട് ആ സ്ത്രീ ഫോട്ടോ തനിക്ക് തിരിച്ചയച്ചു. താൻ കണ്ട മഹാ ത്മാവിന്റെ പടം ആണതെന്ന് അവർ വ്യക്തമാക്കുകയുണ്ടായി.

1907–ൽ, വാഗ്ദത്ത മസീഹിന്റെ കാലത്ത് താൻ ഒരിക്കൽ ശിംലയിൽ പോയിരുന്നുവെന്നും അപ്പോൾ ആൾവാർ മഹാരാ ജാവിനെ കാണാൻ അദ്ദേഹത്തിന്റെ ബംഗ്ലാവിൽ ചെന്നുവെന്നും

ഡോക്ടർ മുഫ്ത്തി സാഹിബ് ഒരു നിവേദനത്തിൽ പറയുന്നു. വാഗ്ദത്ത മസീഹിന്റെ സന്ദേശം രാജാവിന്ന് എത്തിക്കുന്നതിന്നു ദ്ദേശിച്ചു ഏതാനും പുസ്തകങ്ങളും താൻ കയ്യിൽ കരുതിയിരുന്നു. വെയിറ്റിംങ്ങ് റൂമിൽ താൻ കാത്തിരിക്കെ ദിവാൻ അബ്ദുൽ ഹമീദ് ഖാൻ സാഹിബും കപൂർത്തലാ സ്റ്റെറ്റിലെ പ്രധാന മന്ത്രിയും അവിടെ വന്നെത്തി. വേറെയും ചില ഉന്നത വ്യക്തികളും അവിടെ ഉണ്ടായിരുന്നു. കൂട്ടത്തിലുണ്ടായിരുന്ന ഒരു ഇംഗ്ലീഷുകാരൻ താൻ കപൂർത്തലാ മഹാരാജാവിന്റെ ജ്യോത്സ്യനാണെന്ന് പരിചയപ്പെടുത്തി. ഇത് കേട്ടപ്പോൾ ദിവാൻ സാഹിബും മറ്റ് പ്രമുഖരും ആ ഇംഗ്ലീഷ് ജ്യോത്സ്യനെ സമീപിച്ച് പല ചോദ്യങ്ങളും ചോദിക്കുകയുണ്ടായി. താൻ ഒരു പുസ്തകത്തിൽ നിന്ന് വാഗ്ദത്ത മസീഹിന്റെ പടം മുറിച്ചെടുത്ത് അദ്ദേഹത്തിന്റെ മുൻപിൽ വെച്ചുകൊടുത്ത ശേഷം പ്രതികരണം ആരാഞ്ഞു. ആ പടം നോക്കികൊണ്ടിരുന്ന ശേഷം അയാൾ പറഞ്ഞു: "ഇത് നിശ്ചയമായും ദൈവത്തിന്റെ ഒരു പ്രവാചകന്റെ ഫോട്ടോ ആകുന്നു."

വാഗ്ദത്ത മസീഹിന്നെതിരെ കണ്ടമാനം ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്ന കൂട്ടത്തിൽ അവിടുന്ന് ഫോട്ടോ എടുപ്പിച്ചതിനെപറ്റിയും ശത്രുക്കൾ ആക്ഷേപിച്ചു. ഫോട്ടോ എടുക്കുന്നത് ഇസ്ലാമിൽ ഹറാമാണെന്നും 1300 കൊല്ലങ്ങളായി മുസ്ലിംങ്ങൾ അതിനെ ശരീഅത്ത് വിരുദ്ധമായിട്ടാണ് കരുതിപോന്നിട്ടുള്ളതെന്നും മിർസാസാഹിബ് തന്റെ ഫോട്ടോ അച്ചടിപ്പിച്ചു മുരീദൻമാരിൽ പ്രചരിപ്പിക്കുകയാണെന്നും ഇത് 'ശിർക്ക്' പരമായ നടപടിയാണെന്നും ആയിരുന്നു ആക്ഷേപം. തനിക്കെതിരായ ഈ ആക്ഷേപത്തിന് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം മറുപടി നൽകി:

"എന്റെ പടം ആരെങ്കിലും എടുക്കുന്നതിലും അത് ബിംബാരാധകരുടെ ശൈലിയിൽ കൈയ്യിൽ വെക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതിലും എനിക്ക് കടുത്ത എതിർപ്പാണ് ഉള്ളത്. ആരെങ്കിലും അപ്രകാരം ചെയ്തുകൊള്ളാവുന്നതാണെന്ന് ഞാൻ കൽപിച്ചിട്ടില്ല. എന്നെക്കാൾ കൂടുതൽ ബിംബാ

വാഗ്ദത്ത മസീഹ്(അ) സഹാബത്തിന്റെ കൂടെ

വാഗ്ദത്ത മസീഹ്(അ) സഹാബത്തിന്റെ കൂടെ

രാധനെയെയും ചിത്രപൂജയെയും എതിർക്കുന്ന മറ്റൊരാൾ ഇല്ല തന്നെ. എന്നാൽ, യൂറോപ്പിലും മറ്റുമുള്ള ചിലർ ആരുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നുവോ അവരുടെ പടവും കൂടി കാണാൻ താൽപര്യമുള്ളവരാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. യൂറോപ്പിൽ മുഖലക്ഷണശാസ്ത്രം വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഒരാൾ വ്യാജവാദിയാണോ സത്യവാദിയാണോ എന്ന് അയാളുടെ മുഖം നോക്കി അഥവാ പടം നോക്കി തിരിച്ചറിയാൻ കഴിയുന്നവർ അവിടെയുണ്ട്. ആയിരക്കണക്കിൽ ദൂരെനിവസിക്കുന്ന അവർക്ക് എന്നെകാണാൻ തരപ്പെടുകയില്ല. എന്റെ മുഖം പിന്നെ അവരെങ്ങിനെ നോക്കിക്കാണും? അവിടെയുള്ളവർ എന്റെ പടം വഴിയാണ് എന്റെ അന്തരംഗം നോക്കിക്കാണുക. യൂറോപ്പിലും അമേരിക്കയിലും ഇരുന്നുകൊണ്ട് എന്നെകുറിച്ച് കത്തെഴുതിച്ചോദിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. തങ്ങൾ എന്റെ ഫോട്ടോ സുസൂക്ഷ്മം നോക്കികണ്ടു എന്നും ഈ ഫോട്ടോ ആരുടെതാണോ അയാൾ ഒരിക്കലും വ്യാജവാദിയോ കപടനോ അല്ലയെന്നു വിശ്വസിക്കാൻ തങ്ങൾ നിർബന്ധിതരായിരിക്കുന്നുവെന്നും അവർ എനിക്കെഴുതുന്നു. അമേരിക്കയിലെ ഒരു സ്ത്രീ എന്റെ ഫോട്ടോ നോക്കികണ്ടശേഷം "ഇത് നിശ്ചയമായും യേശുമിശിഹായുടെ ചിത്രമാകുന്നു" എന്നു പറഞ്ഞു. ചുരുക്കത്തിൽ ഈ ഉദ്ദേശ്യം മുന്നിർത്തി ഇത്രത്തോളം ഈ മാർഗ്ഗം തുടർന്നുകൊള്ളുന്നതിൽ ന്യായമായും ഞാൻ നിശ്ശബ്ദത കൈകൊള്ളുന്നു. 'ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്' – നിശ്ചയമായും കർമ്മങ്ങൾ കരുത്ത് അനുസരിച്ചായിരിക്കും ചിത്രരചനയുടെ നിരോധം ഖണ്ഡിതമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ജിന്നുകൾ സുലൈമാൻ നബിക്കുവേണ്ടി ചിത്രങ്ങൾ വരച്ചിരുന്നതായി ഖുർആനിൽ പറഞ്ഞിട്ടുണ്ട് (സൂറാ സബാഅ്, റുകൂഅ് 2). ബനീ ഇസ്രായിൽകാരുടെ വശം ഏറെക്കാലം നബിമാരുടെ ചിത്രങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെട്ടിട്ടുണ്ട്. തിരുനബിയുടെ പടവും അവരുടെ പക്കൽ ഉണ്ടായിരുന്നുവത്രെ. (അൽ അൻവാറുൽ മുഹമ്മദിയ്യ, മവാഹിബുല്ലദുനിയാ പു. 379–380). ഹസ്രത്ത് ആയിശയുടെ പടം പട്ടുവസ്ത്രത്തിൽ പതിപ്പിച്ചുകൊണ്ട് തിരുനബിക്ക് ജിബ്‌രീൽ കാട്ടികൊടുത്തിരുന്നു (ബുഖാരി, കുതാബുർറൂയാ). വെള്ളത്തിൽ

ചില കല്ലുകളിൽ മൃഗങ്ങളുടെ ചിത്രങ്ങൾ പ്രകൃത്യാതന്നെ രൂപപ്പെടുന്നുവത്രെ. ഫോട്ടോകൾ നിർമിക്കപ്പെടുന്ന ഉപകരണം തിരുനബിയുടെ കാലത്ത് കണ്ടുപിടിക്കപ്പെട്ടിരുന്നില്ല. ഇത് വളരെ ഉപകാരപ്രദമായ ഉപകരണമാകുന്നു. ചില രോഗ നിർണയങ്ങൾക്ക് ഇത് സഹായകമായിരിക്കുന്നു. മനുഷ്യ ശരീരത്തിനകത്തുള്ള സകല എല്ലുകളുടേയും ചിത്രങ്ങളെടുക്കാൻ കഴിയുന്ന ഉപകരണങ്ങളും ഇന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. വാതം, സന്ധിവേദന തുടങ്ങിയ രോഗങ്ങൾ നിർണ്ണയിച്ചറിയുന്നതിന്നും ഈ ഉപകരണങ്ങളുടെ സഹായത്താൽ ചിത്രങ്ങളെടുക്കുകയും രോഗങ്ങളുടെ യഥാർത്ഥ നില അറിയുവാൻ സാധിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഫോട്ടോഗ്രാഫിമുഖേന പലതരം വിജ്ഞാനങ്ങളും നമുക്ക് കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലീഷുകാരായ ചിലർ ഫോട്ടോഗ്രാഫിമുഖേന ലോകത്തുള്ള മുഴുവൻ ജീവജന്തുക്കളെയും എത്രത്തോളമെന്നാൽ വിവിധ വർഗത്തിൽപെട്ട വെട്ടുകിളികളുടെ ചിത്രങ്ങളും നാനാതരത്തിലുള്ള വൃക്ഷങ്ങളുടെയും പറവകളുടെയും ചിത്രങ്ങളും പുസ്തകങ്ങളിൽ അച്ചടിക്കുകയും അത് വഴി വിജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുകയും ചെയ്തിരിക്കുന്നു. വിജ്ഞാനവൃദ്ധിനൽകുന്ന ദൈവം അത്തരം ഉപകരണങ്ങളുടെ സഹായത്താൽ രോഗനിർണ്ണയത്തിലും ചികിത്സയിലും സാങ്കേതികമായ കൂടുതൽ കൂടുതൽ ജ്ഞാനംനൽകാൻ സഹായിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ ഹറാമാക്കുമെന്ന് ഊഹിക്കാൻപോലും കഴിയുമോ? ഇതെല്ലാം തികഞ്ഞ അറിവ്കേടാകുന്നു. നമ്മുടെ നാട്ടിലെ മൌലവിമാർ രാജമുഖങ്ങൾ മദ്രണം ചെയ്ത ഉറുപ്പിക, എട്ടണ, നാലണ, രണ്ടണ നാണയങ്ങൾ കീശകളിൽനിന്നും വീടുകളിലെ പെട്ടികളിൽനിന്നും എടുത്തുപുറത്തേക്ക് എറിഞ്ഞുകളയാത്തത് എന്താണ്? എന്താ, ഈ നാണയങ്ങളിൽ ചിത്രങ്ങളില്ലേ? ഇക്കൂട്ടർ ബുദ്ധിശൂന്യങ്ങളായ കാര്യങ്ങൾ അന്യായമായ തരത്തിൽ ഉന്നയിച്ചുകൊണ്ട് ഇസ്ലാമിനെ ശത്രുക്കൾക്ക് ആക്ഷേപിക്കാൻ ഇട നൽകുകയാണ്. നിസ്സാര കാര്യങ്ങളേയും ശിർക്കിനെ ഉറപ്പിക്കുന്ന കൃത്യങ്ങളേയും ഇസ്ലാം ഹറാമാക്കിയിരിക്കുന്നു എന്നല്ലാതെ അറിവ് വർദ്ധിപ്പിക്കുന്നതും രോഗങ്ങൾ കണ്ടറിയാൻ

സഹായിക്കുന്നതും സാങ്കേതിക ജ്ഞാനങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്നതുമായ കാര്യങ്ങളെ അത് തടയുന്നില്ല. എന്റെ ജമാഅത്തിലെ അംഗങ്ങൾ ഇത്തരം നിർബന്ധിതമായ ആവശ്യങ്ങളിലല്ലാതെ എന്റെ ഫോട്ടോ പൊതുവായി അങ്ങിനെ പ്രചരിപ്പിക്കുന്നത് തൊഴിലാക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, ഇപ്രകാരമാണ് മെല്ലെ മെല്ലെ, അനാചാരങ്ങൾ ഉടലെടുക്കുകയും പിന്നീട് ശിർക്കിലോളം ചെന്നെത്തുകയും ചെയ്യുന്നത്. അത്കൊണ്ട് ഞാൻ എന്റെ ജമാഅത്തിന് ഇവിടെയും നൽകുന്ന ഉപദേശമെന്തെന്നാൽ കഴിയുവോളം ഇത്തരം കാര്യങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞു നിൽക്കണമെന്നാണ്" (ബറാഹീൻ, അഞ്ചാം ഭാഗം, പു. 194, 195).

മാലർകോട്ട്ലയിലെ നവാബ് മുഹമ്മദലിഖാൻ സാഹിബ് ഒരു ഫോണോഗ്രാഫ് വിലകൊടുത്തു വാങ്ങി ഖാദിയാനിൽ കൊണ്ടുവന്നു. ഇതോടൊപ്പം ശബ്ദഗ്രാഹിണി യന്ത്രവും ഉണ്ടായിരുന്നു. മൌലാനാ അബ്ദുൽകരീം സാഹിബ് ഓതിയ 'സൂറാ അംമ്പിയാ'യിലെ അവസാനത്തെ റുകൂഅ് അതിൽ പിടിപ്പിച്ച ശേഷം ഹസ്രത്ത് സാഹിബിനെ അത് കേൾപ്പിക്കുകയുണ്ടായി. ഹസ്രത്ത് സാഹിബ് അത് കേട്ട് അത്യധികം സന്തോഷിച്ചു. നവാബ് സാഹിബ് ഫോണോഗ്രാഫ് കൊണ്ടുവന്നിട്ടുണ്ടെന്നറിഞ്ഞ് ഒരു ആശ്ചര്യവസ്തുവെന്നോണം അത് പ്രവർത്തിപ്പിച്ച് കാണുന്നതിന്നും കേൾക്കുന്നതിന്നും സൗകര്യമുണ്ടാക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ആര്യസമാജക്കാരായ കുറേപേർ ഹസ്രത്ത് അഹ്മദിനെ സമീപിക്കുകയുണ്ടായി. വാഗ്ദത്ത മസീഹ് (അ) അതനുവദിച്ചു. അവിടുന്ന് ഇപ്രകാരം പറഞ്ഞു: "ഫോണോഗ്രഫി കേൾക്കുന്നതും കേൾപിക്കുന്നതും ഗുണകരമായ കാര്യമെന്ന് കരുതിയാണ് താൽപര്യം കാണിച്ചത്. അല്ലെങ്കിൽ ഇതൊരു വെറും സമയം പാഴാക്കലാണ് എന്നാണ് ഞാൻ കരുതുന്നത്. ഈ ഉപകരണം മുഖേന ആര്യസമാജക്കാരിൽ ഇസ്ലാമിന്റെ സന്ദേശം നമുക്കെന്തുകൊണ്ട് എത്തിച്ചുകൂടാ?" അങ്ങിനെ, ഹസ്രത്ത് സാഹിബ് ഏതാനും വരി പദ്യങ്ങൾ രചിച്ചു. അതു നന്നായി വായിച്ചു കേൾപിക്കാനും റിക്കാർഡ് ചെയ്യുവാനും

നിർദ്ദേശിക്കുകയും ചെയ്തു. ആര്യാക്കൾ വന്നപ്പോൾ അവർക്കത് കേൾപിക്കുകയുമുണ്ടായി.

ആവാസ് ആ റഹീഹെ
യെ ഫോണോഗ്രാഫ് സെ
ഡൂണ്ടോ ഖുദാ കൊ ദിൽസെ
നാ ലാഫൊ ഗസാഫ് സെ

(ഈ ഫോണോ ഗ്രാഫിൽനിന്നുമിതാ ശബ്ദം വന്നുകൊണ്ടിരിക്കുന്നു. യാതൊരു ഗർവ്വും ഡംഭും കൂടാതെ ഹൃദയപൂർവ്വം ദൈവത്തെ കണ്ടെത്തുവിൻ!)

വാഗ്ദത്തമസീഹിന്റെ ആവിർഭാവത്തോടെ തിരുനബിയുടെ പ്രവചനപൂർത്തീകരണമെന്നോണം ലോകം ഒരു സംജ്ഞാപന വിപ്ലവ (Communication revolution) ത്തിന് സാക്ഷ്യം വഹിച്ചു എന്നത് ഒരു ചരിത്രവസ്തുതയാകുന്നു. നാനാതരത്തിലുള്ള വിവരസാങ്കേതികവിദ്യകൾ (Information Technology) വെളിപ്പെടുകയും വികസിക്കുകയും ചെയ്തു. ഇതിൽ സുപ്രധാനമായിട്ടുള്ളതാണ് ദൃശ്യശ്രാവ്യപ്രയോഗയന്ത്രങ്ങൾ (Audio Vedio devices). അതായത്, മസീഹിന്റെ ആവിർഭാവത്തോടെ ലോകത്ത് സംഭവിക്കാനിരിക്കുന്ന മഹാവിപ്ലവങ്ങളുടെ നിദർശനങ്ങളെന്നോണം ഉണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങളും യന്ത്രസംവിധാനങ്ങളും വികാസം പ്രാപിക്കുകയും അവ വിശ്വരൂപം പ്രാപിച്ച് നിമിഷനേരംകൊണ്ട് ഭൂഗോളത്തെ വലയം ചെയ്യുന്ന വാർത്താവിനിമയതരംഗമാലകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഉപഗ്രഹ വിക്ഷേപണങ്ങൾ വഴി ലോകത്ത് നടക്കുന്ന സംഭവങ്ങളും സന്ദേശങ്ങളും ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കപ്പെടുന്നു. ഇപ്രകാരം ഭൂമിയുടെ ഒരറ്റത്ത്നിന്ന് മറ്റെയറ്റംവരെ കിഴക്ക്നിന്ന് പടിഞ്ഞാറോളവും വടക്ക്നിന്ന് തെക്കോളവും തന്റെ സന്ദേശം നിമിഷനേരംകൊണ്ട് പ്രകാശിക്കുമാറാകണമെന്ന് ആ ദിവ്യാത്മാവ് ആഗ്രഹിക്കുകയും അതിന്നായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അക്കാലം വന്നെത്തുമെന്ന് പ്രവചിക്കുകയും ചെയ്തു. ആ അഭീപ്സിതത്തിന്റെ സഫലീകരണമെന്നോണം ഇന്ന് ടെലികമ്മ്യൂണിക്കേഷനും ടെലിവിഷനും കമ്പ്യൂട്ടർ സംവിധാനവും ഇന്റർനെറ്റും ഇലക്ട്രോണിക്ക് മൈലിങ്ങും എന്ന് വേണ്ട നാനാതരത്തിലുള്ള ആധുനിക സജ്ജീകരണങ്ങൾ മുഖേനയുള്ള വാർത്താ വിനിമയങ്ങൾ പ്രാവർത്തി

കമായിരിക്കുന്നത് തിരുനബിയുടെ പ്രവചന പുലർച്ചയാകുന്നു. അതിന്റെ ഭാഗമാണ് എം.ടി.എ എന്ന 'മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനേഷണൽ.' ഈ എല്ലാ സംവിധാനങ്ങളുടേയും പ്രാഥമികരൂപമാണ് ഫോട്ടോഗ്രാഫിയും ഫോണോഗ്രാഫിയും എന്നുകൂടി അറിയേണ്ടിയിരിക്കുന്നു.

67 - നൂഹിന്റെ കപ്പൽ

1902-ൽ വാഗ്ദത്ത മസീഹ് (അ) 'കശ്തീ നൂഹ്' അഥവാ 'നൂഹിന്റെ കപ്പൽ' എന്ന ശീർഷകത്തിൽ ഒര ു പുസ്തകമെഴുതി:

1893-ൽ ഹസ്രത്ത് അഹ്മദിന്നുണ്ടായ ദീർഘമായ ഒരു വെളിപാടിൽ ഇപ്രകാരം പറഞ്ഞിരുന്നു: "അധികാരം നിക്ഷേപിക്കപ്പെട്ട അല്ലാഹുവിന്റെ പ്രതിനിധിക്ക് കാരുണ്യവാനായ അല്ലാഹുവിൽനിന്നുള്ള കൽപന: പിന്നെ അല്ലാഹുവിൽ വിശ്വാസം അർപിച്ചുകൊണ്ട് നമ്മുടെ മേൽനോട്ടത്തിലും നിർദ്ദേശപ്രകാരവും കപ്പൽ നിർമ്മിക്കുക. നീയുമായി കരാറിലേർപ്പെടുന്നവർ അല്ലാഹുവുമായി കരാറിലേർപ്പെടുന്നു. അവരുടെ കൈകൾക്ക് മേലെ അല്ലാഹുവിന്റെ കൈകളാകുന്നു. ശിക്ഷക്കർഹരായി തീർന്നിട്ടുള്ള അനേകം വിഭാഗങ്ങളുണ്ട്. അവർ ആസൂത്രണം ചെയ്യുന്നു. അല്ലാഹുവത്രെ ശ്രേഷ്ഠനായ ആസൂത്രകൻ. അവരോട് പറയുക: എന്റെ പക്കൽ അല്ലാഹുവിൽനിന്നുള്ള തെളിവുണ്ട്. അപ്പോൾ നിങ്ങൾ വിശ്വസിക്കുമോ? അവരോട് പറയുക: എന്റെ പക്കൽ അല്ലാഹുവിൽനിന്നുള്ള തെളിവുണ്ട്; അപ്പോൾ നിങ്ങൾ വഴിപ്പെടുമോ? എന്റെ ദൈവം എന്നോടപ്പമുണ്ട്. അവൻ എനിക്ക് വഴികാണിച്ചുതരും" (തൂഹ്ഫയെ ബഗ്ദാദ്, പു.24. Thadhkirah p. 147).

ഹസ്രത്ത് അഹ്മദ് (അ) 'കശ്തീ നൂഹ്' എന്ന പുസ്തകത്തിലെ പ്രതിപാദ്യത്തെപറ്റി ഇപ്രകാരം പറഞ്ഞു:

خدا نے میری وحی اور میری تعلیم اور میری بیعت کو نوح کی کشتی
قرار دیا اور تمام انسانوں کے لئے اسے مدار نجات ٹھہرایا جس کی
آنکھیں ہو دیکھے اور جس کے کان ہو سنے

"അല്ലാഹു എന്റെ വഹ്യിനെയും എന്റെ പാഠങ്ങളേയും ഞാനുമായുള്ള ബയ്അത്തിനേയും നൂഹിന്റെ കപ്പലായി (നോഹയുടെ പെട്ടകം) നിശ്ചയിച്ചിരിക്കുന്നു. സകല മനുഷ്യർക്കും അതിനെ മോക്ഷത്തിനുള്ള തിരിക്കുറ്റിയാക്കിയിരിക്കുന്നു. കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ, ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ" (അർബയീൻ, പു.84) അവിടുന്ന് പ്രസ്താവിച്ചു: "എന്നെ തിരിച്ചറിഞ്ഞവർ അനുഗൃഹീതർ; ഞാൻ ദൈവത്തിന്റെ സകല വഴികളിലുംവച്ച് അവസാനത്തെ വഴിയാകുന്നു. അവന്റെ സകല പ്രകാശങ്ങളിലും വച്ച് അവസാനത്തെ പ്രകാശമാകുന്നു. എന്നെ കൈവെടിയുന്നവൻ നിർഭാഗ്യവാനത്രെ. എന്തുകൊണ്ടെന്നാൽ എന്നെ കൂടാതെയുള്ളതെല്ലാം അന്ധകാരം മാത്രമാകുന്നു". (കശ്തീ നൂഹ്, പു.56; Quoted സിൽസിലാ അഹ്മദിയ്യ).

അധർമ്മം സർവത്ര കൊടികുത്തിവാഴുന്ന ഈ കാല ഘട്ടം മഹാപ്രളയത്തിനുമുമ്പുള്ള നോഹയുടെ കാലഘട്ടത്തോട് സദൃശമായിട്ടുള്ളതത്രെ. ലോക പ്രശസ്ത ചിന്തകനും ചരിത്ര പണ്ഡിതനും ശാസ്ത്രജ്ഞനും സാഹിത്യകാരനുമായ എച്ച്. ജി. വെൽസ് ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "അതിശീഘ്രം തകർന്നു നുറുങ്ങികൊണ്ടിരിക്കുന്ന ഒരു നാഗരീകതയിലാണ് നാമിന്ന് ജീവിക്കുന്നത്; നോഹയുടെ കാലത്ത് ജലപ്രളയം വന്നപ്പോഴെന്നപോലെ നാം നമുക്ക് ചുറ്റുമുള്ള നാശത്തിൽനിന്ന് രക്ഷ പ്രാപിക്കുന്നതിനായി മറ്റൊരു പെട്ടകം നിർമിക്കേണ്ടിയിരിക്കുന്നു".

ഒന്നാം ലോക മഹായുദ്ധത്തിന്റെ കാലത്ത് പോപ്പ് പിയൂസ് പന്ത്രണ്ടാമൻ ഒരു 'എൻസൈക്ലിക്കി'ൽ ഇപ്രകാരം പറഞ്ഞു: "നോഹയുടെ ജലപ്രളയത്തിനു ശേഷമുണ്ടായ ഏറ്റവും ഗുരുതരവും ഏറ്റവും വ്യാപകവുമായ പ്രതിസന്ധിയെയാണ് മനുഷ്യകുലം ഇന്ന് അഭിമുഖീകരിച്ചിരിക്കുന്നത്. ദൈവം ഒരു നോഹയോട് വീണ്ടും ഇപ്രകാരം അരുൾചെയ്യുന്നത് പോലെ തോന്നുന്നു: 'ജീവജാലങ്ങൾക്ക് അറുതി വരുത്താൻ ഞാൻ ഉറച്ചിരിക്കുന്നു. കാരണം, അവരിലൂടെ ഭൂമി അക്രമം കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഞാൻ ഭൂമിയോടൊപ്പം അവരെ നശിപ്പിക്കും'

ദൈവം നോഹയോട് പറഞ്ഞു: "ആകാശത്തിൻകീഴിൽ ജീവനുള്ള സകലതിനേയും നശിപ്പിക്കാൻ തക്കവണ്ണം ഭൂമിയിൽ ഞാൻ ഒരു പ്രളയം വരുത്താൻ പോകുന്നു. ഭൂമിയിലുള്ള സകല ജീവജാലങ്ങളും നശിക്കും. പക്ഷെ, ഞാൻ നീയുമായി ഉടമ്പടി സ്ഥാപിക്കും" (ഉൽപത്തി, 6:13–18).

ഈ സമഗ്രനാശത്തിൽനിന്ന് രക്ഷപ്പെടുന്നതിന്ന് ഒരു മോചകനെ ലോകം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഈ വിനാശ കപ്രളയത്തിൽനിന്ന് രക്ഷപ്പെടാൻ ഒരു രക്ഷാനൗകയെ ലോകം കാത്തുകൊണ്ടിരുന്നു. എന്നുവെച്ചാൽ, ദൈവീകമായ ഒരു രക്ഷാ സംവിധാനം ഉണ്ടാകേണ്ടിയിരുന്നു. നാശമുക്തിക്കുള്ള മനു ഷ്യന്റെ എല്ലാ പ്രയത്നങ്ങളും പരാജയപ്പെടുകയും ലോകം അധി കമായ അധർമ്മത്തിന്റെയും അതിക്രമത്തിന്റെയും പിടിയിൽ അമർന്നുപോകയും ചെയ്തിരിക്കെ മനുഷ്യകുലത്തെ എന്നന്നേ ക്കുമുള്ള നാശത്തിലേക്ക് ദൈവം തള്ളിക്കളയുമോ? ദൈവ ത്തിന്റെ കാരുണ്യപ്രകർഷം അതിന് അനുവദിക്കുന്നില്ലതന്നെ! അവൻ വീണ്ടും ഒരിക്കൽകൂടി ഒരു നോഹയെ അയച്ചു. അതേ, വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) തക്ക സമയത്ത് പ്രത്യക്ഷനായി താൻ നോഹയാണെന്ന് അവകാശപ്പെ ട്ടു. ആ ദിവ്യപുരുഷൻ മാത്രമാണ് കാലഘട്ടത്തിന്റെ നോഹ യാണ് താനെന്ന് ശക്തിയുക്തം വാദിച്ചതും അവകാശപ്പെട്ടതും. അവിടുന്ന് ധർമ്മമാർഗത്തിന്റെ അതിഭദ്രമായ ഒരു രക്ഷാനൗക പണിയുകയും ചെയ്തിരിക്കുന്നു. അവിടുന്ന് ഇപ്രകാരം ഉൽബോ ധിപ്പിച്ചു:

"ദൈവക്രോധത്തിന്റെ പ്രളയം അതിന്റെ കൊടൂരതയി ലാണ്. നൂഹിന്റെ കപ്പലിൽ കയറുന്നവർക്കേ രക്ഷയുള്ളൂ. സത്യ ബോധത്തോടും ഹൃദയസാകല്യത്തോടുംകൂടി എന്നെകണ്ടെത്തു വിൻ! നന്മ ഇതിലാണ് അടങ്ങിയിരിക്കുന്നത്. നാലുഭാഗവും ഹിംസ്ര ജന്തുക്കൾ ഇരതേടി വിഹരിക്കുകയാണ്. അഭയത്തിന്റെ ഗോപുരം എന്നിൽമാത്രമെ കണ്ടെത്തുകയുള്ളൂ".

എത്ര മാത്രം ആധികാരികമായും എത്രമാത്രം ആത്മാർത്ഥമായും എത്രമേൽ ആവേശഭരിതമായും ആണ് ആ

മഹാത്മാവ് ഈ രക്ഷാ നൗകയിലേക്ക് ലോകരെ ക്ഷണിക്കുന്ന തെന്ന് കാണുക:

വാഗ്ദത്തമസീഹിന്റെ, ഉപദേശങ്ങളും ജീവിതദർശ നവുംതന്നെയാണ് നോഹയുടെ പെട്ടകം അഥവാ, നൂഹിന്റെ കപ്പൽ! 'കശ്തീ നൂഹ്' എന്ന പുസ്തകത്തിൽ 'തഅ്ലീം' (അദ്ധ്യാ പനങ്ങൾ) എന്ന ശീർഷകത്തിൽ അദ്ദേഹം നൽകിയിട്ടുള്ള പാഠ ങ്ങൾ ഒരാവൃത്തി വായിക്കുന്നവർക്ക് ഈ കാലഘട്ടത്തിൽ അധർമത്തിന്റെ പ്രളയത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഒരേയൊരു വഴി അതുമാത്രമാണെന്ന് ബോദ്ധ്യപ്പെടുകതന്നെചെയ്യും. ദൈവ ത്തിന്റെ ഒരാൾക്കല്ലാതെ അത്തരത്തിലൊരു ഉപദേശം നൽകാൻ സാദ്ധ്യമല്ലെന്നും ദൈവപ്രേമത്തിൽ നിലീനനും ഭക്തോത്തമനു മായ ഒരു സത്യദൂതന്നല്ലാതെ അപ്രകാരം സംസാരിക്കാനുള്ള ധൈര്യവും കരുത്തും ആത്മാർത്ഥതയും പരിശുദ്ധിയും ഉണ്ടാ കുകയില്ലെന്നും ആ ഉപദേശനിർദ്ദേശങ്ങളുടെ ആഴങ്ങളിൽ ചെല്ലു ന്നവർക്ക് സമ്മതിക്കാതിരിക്കാൻ സാദ്ധ്യമല്ല. യേശു മിശിഹാ യുടെ സുപ്രസിദ്ധമായ പർവ്വതപ്രസംഗത്തോട് മഹത്തായ ഈ വാഗ്വിലാസത്തെ ഒന്നു താരതമ്യപ്പെടുത്തുക. നിശ്ചയമായും ദിവ്യ മായ ഒരു മന്ദ്രതൂര്യം അതിൽ അനുരണനം ചെയ്യുന്നതായി അനു ഭവപ്പെടും.

'നൂഹിന്റെ കപ്പ'ലിൽ കയറാൻ അർഹരായിട്ടുള്ളവർ ആരാണെന്നും അർഹതയില്ലാത്തവർ ആരാണെന്നും വാഗ്ദത്ത മസീഹ് ഇപ്രകാരം വിവരിച്ചുതരുന്നു:

"എന്റെ ജമാഅത്തിൽ പെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ , സത്യമായും ഭയഭക്തിയുടെ വഴിയിൽ ചലി ക്കുമ്പോൾമാത്രമെ നിങ്ങൾ എന്റെ ജമാഅത്തിൽ പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. നിങ്ങൾ അഞ്ചുനേരത്തെ നമസ്കാരം ഭക്തി പ്രശ്രയങ്ങളോടേയും മനസ്സറിഞ്ഞും ദൈവത്തിന്റെ മുമ്പിൽ എളിമയോടും ഭക്തിയോടുകൂടിയും നിങ്ങൾ അവനെ യഥാർത്ഥ ത്തിൽ കാണുന്നുണ്ടെന്നോണം അനുഷ്ഠിക്കുവിൻ. ദൈവത്തിന് വേണ്ടി നിങ്ങൾ ഹൃദയമറിഞ്ഞ് കൊണ്ട് നോമ്പ് അനുഷ്ഠിക്കു വിൻ. നിങ്ങളിൽ ശരീഅത്ത് വിധിക്കുന്നപ്രകാരം എല്ലാ നിബ

ന്ധനകളോടുംകൂടി ബാദ്ധ്യതപ്പെട്ടവർ ദാനധർമ്മങ്ങൾ ചെയ്യുവിൻ! മക്കയിൽചെന്ന് ഹജ്ജ് അനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ളവർ തടസ്സങ്ങൾ ഒന്നും ഇല്ലെങ്കിൽ ഹജ്ജ് അനുഷ്ഠിക്കുവിൻ. നന്മകൾ അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ അതിനോട് വെറുപ്പ് തോന്നുംവിധം കൈവെടിയുകയും ചെയ്വിൻ. ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളം എത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ! എല്ലാ നന്മകളുടെയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേര് നഷ്ടപ്പെടുന്നില്ലയോ ആ കർമ്മം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടത്പോലെ നിങ്ങളും കഷ്ടപ്പാടുകളാലും പ്രതികൂലസാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ പരാജയപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്ത ബന്ധമുണ്ടെങ്കിൽ ഭൂമിക്ക് നിങ്ങൾക്ക് ഒരു ദോഷവും വരുത്താനാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏൽക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾകൊണ്ടുള്ളതായിരിക്കും. ശത്രുക്കളുടെ കൈകളാലായിരിക്കുകയില്ല. ഭൂമിയിൽ നിങ്ങൾക്ക് എല്ലാ ബഹുമാനങ്ങളും നഷ്ടമാകുന്നുവെങ്കിൽ ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗത്തിൽ ദൈവം നല്കും. അവനെ നിങ്ങൾ കൈവിട്ട് കളയൊല്ല. നിങ്ങൾക്ക് പലതരം വിഷമതകൾ അനുഭവപ്പെടുകയും നിങ്ങളുടെ ചിരകാല പ്രതീക്ഷകൾ തകർന്നുപോവുകയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ദൈവം അവന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ വിശ്വസ്തതയെ പരീക്ഷിക്കുകയത്രെ. ആകാശത്തിൽ മലക്കുകളാൽ കീർത്തിക്കപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ മർദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരിക്കപ്പെടുമ്പോൾ നിങ്ങൾ നന്ദിയുള്ളവരായിരിക്കുവിൻ:

"ബാഹ്യനിലയിലുള്ള ബയ്അത്ത് ചെയ്തതുകൊണ്ട് മതിയാകുമെന്ന് നിങ്ങൾ ഒരിക്കലും വിചാരിച്ചുപോവരുത്. ബാഹ്യം ഒന്നുമല്ല. ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് നോക്കുന്നത്. ആ ഹൃദയാവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അവൻ

നിങ്ങളോട് പെരുമാറുക. നോക്കൂ, ഞാനിതാ ഇപ്രകാരം പറഞ്ഞുകൊണ്ടു എന്റെ പ്രബോധന കർത്തവ്യം നിർവഹിച്ചുകൊള്ളട്ടെ:

"പാപം ഒരു വിഷമാകുന്നു; അത് ഭക്ഷിക്കരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു നിന്ദ്യമായ മരണമാണ്; അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ നിങ്ങൾ സദാ ദുആ ചെയ്തുകൊണ്ടിരിക്കുവിൻ. ദുആ! അത് നിങ്ങളിൽ ശക്തിപകരും. പ്രാർത്ഥന നടത്തുമ്പോൾ ആർ അല്ലാഹു സർവ്വകാര്യങ്ങളിലും കഴിവുള്ളവനാണെന്ന് കരുതുന്നില്ലയോ–എന്നാൽ, –അവൻ വാഗ്ദത്തം ചെയ്തിട്ടുള്ള കാര്യങ്ങളിലത് ബാധകമല്ല അവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. അസത്യത്തേയും വഞ്ചനയേയും ആർ കൈവെടിയുന്നില്ലയോ അവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ഐഹികത്തിന്റെ അത്യാർത്തിയിൽ ആണ്ടുപോയവനും പരലോകത്തിന്റെ ഭാഗത്തേയ്ക്ക് കണ്ണുയർത്തിനോക്കുകപോലും ചെയ്യാത്തവനും എന്റെ ജമാഅത്തിൽ പെട്ടവനല്ല. ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. എല്ലാ ഓരോ തിൻമയിൽനിന്നും എല്ലാ ഓരോ ദുഷ്കർമത്തിൽനിന്നും അതായത് മദ്യപാനം, ചൂതുകളി, ദുർനോട്ടം, ചതി, കൈക്കൂലി എന്നിവയിൽനിന്നും മറ്റെല്ലാ അവിഹിതങ്ങളായ നടപടികളിൽനിന്നും പശ്ചാത്തപിച്ച് പിൻ മടങ്ങാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. അഞ്ച്നേരത്തെ നമസ്കാരം നിർബന്ധബുദ്ധിയോടെ നിർവഹിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. പ്രാർത്ഥനകൾ ചെയ്തുകൊണ്ടിരിക്കാത്തവനും വിനയത്തോടെ ദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കാത്തവനും എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്നിൽ ചീത്ത സ്വാധീനം ചെലുത്തുന്ന ദുർവൃത്തരെ ഉപേക്ഷിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. മാതാപിതാക്കളെ ബഹുമാനിക്കാത്തവനും ഖുർആന് എതിരല്ലാത്ത നന്മകളുടെ കാര്യത്തിൽ അവരുടെ വാക്കുകളെ സ്വീകരിക്കാത്തവനും അവർക്ക് സേവനം ചെയ്യുന്നതിൽ വിമുഖനായിരിക്കുന്നവനും എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്റെ ഭാര്യയോടും അവരുടെ ബന്ധുക്കളോടും സൗമ്യമായും ഉപകാര മനോഭാവത്തോടെയും വർത്തി

ക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്റെ അയൽവാസിയെ ഏറ്റവും നിസ്സാരമായ വസ്തുക്കളിൽനിന്നുപോലും അകറ്റിനിർത്തുന്നവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്നോട് തെറ്റ് ചെയ്തവരുടെ കുറ്റങ്ങൾ പൊറുത്തുകൊടുക്കാതെ പകവച്ച് പുലർത്തുന്നവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ഭാര്യയോട് വഞ്ചന പ്രവർത്തിക്കുന്ന പുരുഷനും ഭർത്താവിനോട് വഞ്ചന പ്രവർത്തിക്കുന്ന സ്ത്രീയും എന്റെ ജമാഅത്തിൽ പെട്ടവരല്ല. ബയ്അത്ത് ചെയ്യുമ്പോൾ ചെയ്തിട്ടുള്ള കരാറിനെ ഏതെങ്കിലും ഒരു വശത്തിൽകൂടി ലംഘിക്കുന്നവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. എന്നെ സത്യഹൃദയത്തോടെ വാഗ്ദത്തമസീഹും വാഗ്ദത്തമഹ്ദിയുമെന്ന് വിശ്വസിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. നന്മയായിട്ടുള്ള കല്പനകളിൽ എന്നെ അനുസരിക്കാൻ തയ്യാറില്ലാത്തവനും എന്റെ ജമാഅത്തിൽ പെട്ടവനല്ല. ശത്രുക്കളുടെ സംഘങ്ങളിൽ ചെന്നിരിക്കയും അവർക്കൊപ്പിച്ച് കൈത്താളം മുട്ടുകയും ചെയ്യുന്നവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. വ്യഭിചാരിയും ധിക്കാരിയും മദ്യപാനിയും കൊലയാളിയും കള്ളനും ചൂതുകളിക്കാരനും ചതിയനും അഴിമതിക്കാരനും പിടിച്ചുപറിക്കാരനും ദ്രോഹിയും കള്ളം പറയുന്നവനും കള്ളരേഖയുണ്ടാക്കുന്നവനും അവരുടെ കൂട്ടുകാരനും തന്റെ സഹോദരൻമാരെയും സഹോദരിമാരെയും പറ്റി പഴിപറയുന്നവനും ദുർവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് പിൻമാറാതിരിക്കുന്നവനും ദുഷ്ടമായ കൂട്ടുകെട്ടുകൾ ഉപേക്ഷിക്കാത്തവനും എന്റെ ജമാഅത്തിൽ പെട്ടവനല്ല.

"ഇതെല്ലാം വിഷങ്ങളാകുന്നു. ഈ വിഷങ്ങൾ ഭക്ഷിച്ചിട്ട് നിങ്ങൾക്ക് ഒരു പ്രകാരത്തിലും രക്ഷപ്പെടാനാവില്ല. ഇരുട്ടും വെളിച്ചവും ഒരിടത്ത് ഒരുമിച്ച് ചേരുകയില്ല. ഹൃദയത്തിൽ വക്രതയുള്ളവന്നും ദൈവത്തോട് സത്യസന്ധത പുലർത്താത്തവന്നും ഋജുമാനസർക്ക് ലഭിക്കുന്ന 'ബർക്കത്തു'കൾ (അനുഗ്രഹങ്ങൾ) ഒരിക്കലും ലഭിക്കുകയില്ല. ഹൃദയത്തിൽ ആർജവമുള്ളവരും തങ്ങളുടെ ഹൃദയങ്ങളിൽനിന്ന് എല്ലാ മാലിന്യങ്ങളും തുടച്ചുനീക്കിയവരും വിശ്വസ്തതയോടെ തങ്ങളുടെ നാഥനെ സേവിക്കുന്നവരും അനുഗൃഹീതരത്രെ. അവർ നഷ്ടത്തിലാവുകയില്ല.

ദൈവം അവരെ അവഹേളിതരാക്കയില്ല. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെതാകുന്നു; ദൈവം അവരുടേതും തന്നെ. എല്ലാ ആപത്തുകളിൽനിന്നും അവർ രക്ഷിക്കപ്പെടും. അവർക്കെതിരെ ഗൂഢാലോചന നടത്തുന്ന ശത്രുക്കൾ വിഡ്ഢികളാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ മടിയിൽ കഴിയുന്നവരത്രെ. ദൈവം അവരെ സഹായിക്കുന്നു....

"സർവ്വശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഏറ്റവും ഉയർന്ന അഭിരുചികൾ നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താകുന്നു അവൻ. ജീവിതസർവ്വസ്വവും നഷ്ടപ്പെട്ടാലെ ലഭ്യമാകൂ എന്നുവന്നാലും വിലകൊടുത്തുവാങ്ങേണ്ട രത്നമാകുന്നു അത്. അല്ലയോ ഹതഭാഗ്യരെ, ഇതാ ഈ നീർധാരയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ ആപ്ലവം ചെയ്യിക്കും നിങ്ങളെ മോചിപ്പിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യാനാണ്! ഈ സന്തോഷവർത്തമാനം ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാൻ എന്താണ് ചെയ്യേണ്ടത്! ഇതാ, നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ടകൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്! ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കാൻ ഞാൻ ഏത് ഔഷധം കൊണ്ടാണ് ചികിത്സിക്കേണ്ടത്!

"നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേത് തന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്ക്വേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെ കുറിച്ച് അശ്രദ്ധനായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെന്ത് അത്ഭുതങ്ങളുണ്ടെന്ന് നിങ്ങളറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുനിയാവിനെ ചൊല്ലി ദുഖിച്ച്കൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായി

രിക്കെ ഒരു ചില്ലക്കാൾ നഷ്ടപ്പെട്ടതിനെചൊല്ലി ആരെങ്കിലും കര യുകയും അലമുറകൂട്ടുകയും മരിക്കാനൊരുങ്ങുകയും ചെയ്യുമാറുണ്ടോ! നിങ്ങൾക്ക് ഈ നിധിയെ കുറിച്ച് അറിയാമെങ്കിൽ നിങ്ങളുടെ ഓരോ ആവശ്യത്തിന്റെയും അവസരത്തിൽ നിങ്ങൾക്ക് സഹായത്തിനുണ്ടെന്ന് അറിഞ്ഞെങ്കിൽ നിങ്ങൾ ദുനിയാവിനുവേണ്ടി തന്നത്താൻ മറക്കുന്നതെന്തിന്ന്? ദൈവം ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെപ്പിലും അവൻ നിങ്ങളുടെ സഹായകനാവുന്നു".

അവിടുന്നു ഇപ്രകാരവും പറഞ്ഞു:

"നിങ്ങൾക്കായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠം ഇതാണ്: വിശുദ്ധഖുർആനെ നിങ്ങൾ അവഗണിച്ച നിലയിൽ തള്ളിക്കളയൊല്ല. ഇതിലാണ് നിങ്ങളുടെ ജീവിതം. ആർ ഖുർആന്ന് ബഹുമാനം നല്കുമോ അവർ ആകാശത്തിൽ ബഹുമാനിതരാകുന്നു. ആർ എല്ലാ കാര്യങ്ങളിലും ഖുർആനെ മുന്തിക്കുമോ അവർ ആകാശത്തിൽ എല്ലാ കാര്യത്തിലും മുന്തിക്കപ്പെടും.

"മനുഷ്യ സമുദായത്തിന്ന് ഭൂമുഖത്ത് ഖുർആൻ അല്ലാതെ മറ്റൊരു ഗ്രന്ഥമില്ല. ആദം സന്തതികൾക്ക് മുഹമ്മദ് (സ) അല്ലാതെ ഒരു റസൂലോ ശുപാർശക്കാരനോ ഇല്ല. ആകയാൽ, പ്രതാപവാനും പ്രഭാവശാലിയുമായ ആ നബിയോട് യഥാർത്ഥവും ആത്മാർത്ഥവുമായ സ്നേഹം പുലർത്താൻ ശ്രമിച്ചുകൊൾക. മറ്റൊരാളിലും അവിടുത്തെയ്ക്കാൾ ശ്രേഷ്ഠത്വം കൽപ്പിക്കൊല്ല. എങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിൽ മോക്ഷം പ്രാപിച്ചവനായി എഴുതപ്പെടും. മരണത്തിന്ന് ശേഷം പ്രത്യക്ഷപ്പെടുന്ന ഒന്നല്ല മോക്ഷം എന്നു ഓർമ്മ വെച്ചുകൊള്ളുവിൻ. ഈ ലോകത്ത്വച്ച് തന്നെ വെളിച്ചം കാണുന്ന ഒന്നാണ് മോക്ഷം. ദൈവം സത്യമാണെന്നും മുഹമ്മദ് മുസ്തഫാ (സ) മുഴുവൻ സൃഷ്ടികൾക്കും ഇടയിൽ ശുപാർശക്കാരനാണെന്നും ആകാശത്തിന്ന് കീഴിൽ അവിടുത്തെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആന്ന് കിടനിൽക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരെയും ചിരഞ്ജീവി ആക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേയ്ക്കും ജീവിച്ചിരിക്കുന്ന

തിന്‌വേണ്ടി അവിടുത്തെ 'ശരീഅ'ത്തോട്കൂടി ആത്മീയപിന്തുടർച്ച ഖിയാമത്ത് നാൾവരെ നിലനിൽക്കുന്നതിനുള്ള അടിസ്ഥാനം അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി അവിടുത്തെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഈ മസീഹിനെ ലോകത്തേയ്ക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്ന ആളത്രെ മോക്ഷം പ്രാപിച്ചവൻ". (കശ്തീനൂഹ്).

68 – അഹ്‌ലുൽഖുർആൻ അഹൽഹദീസ് തർക്കപരിഹാരം

മിയാൻവാലി ജില്ലയിലെ ചക്ടാലവി എന്ന പ്രദേശത്ത്കാരനായ മൗലവി അബ്ദുല്ലഎന്നൊരാൾ 'അഹ്‌ലെഹദീസ്' പ്രസ്ഥാനവുമായി വിയോജിച്ച നിലയിൽ ഹദീസുകളെ അപ്രാമാണ്യമാക്കികൊണ്ടുള്ള പുതിയ ചില വാദഗതികളുമായി രംഗത്ത് വന്നു. ഹദീസുകളെ പൂർണ്ണമായും തള്ളിക്കൊണ്ട് ഖുർആൻ മാത്രം പ്രമാണമാക്കിയാൽ മതിയെന്നും ഹദീസുകളെ തീരെ പരിഗണിക്കേണ്ടതില്ലെന്നും സിദ്ധാന്തിക്കുകയും നമസ്കാരങ്ങളിലെ അംഗീകൃത അനുഷ്ഠാന മുറകളിൽ മാറ്റം വരുത്തികൊണ്ട് പുതിയൊരു പ്രസ്ഥാനത്തിന്ന് രൂപം നല്കുകയുമുണ്ടായി. തിരുനബിയുടെ സുന്നത്തിനെ പറ്റെ നിരാകരിച്ചുകൊണ്ടും പ്രമാണഗ്രന്ഥങ്ങളുടെ പദവികളെ അവഗണിച്ചുകൊണ്ടുമുള്ള മൌലവി അബ്ദുല്ലാ ചക്ടാലവിയുടെ വാദങ്ങൾ ഹസ്രത്ത് അഹ്മദുൽഖാദിയാനിയെ അത്യധികം വ്യാകുലപ്പെടുത്തി. മൌലവി അബ്ദുല്ല ചക്ടാലവി മുന്നോട്ടുവച്ച അഹ്‌ലുൽ ഖുർആൻ വാദങ്ങളെ 'അഹ്‌ലെ ഹദീസ്' കക്ഷിനേതാവായിരുന്ന മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സ്വാഭാവികമായും ശക്തിപൂർവ്വം എതിർത്തുതുടങ്ങി. ഹദീസുകൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള മുഹമ്മദ് ഹുസൈൻസാഹിബ് ബട്ടാലവിയുടെ വാദമുഖങ്ങളും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽനിന്നും തികച്ചും അകന്നതായിരുന്നു. ഏതായാലും അന്യോന്യവിരുദ്ധങ്ങളായ ഈ വാദങ്ങൾ ശക്തിപ്പെട്ടപ്പോൾ ഇവർതമ്മിലുള്ള ഒരു വാദപ്രതിവാദവും നടന്നു. 'നീതിമാനായ വിധികർത്താവ്' (ഹക്കമൻ അദ്‌ലൻ) ആയി അവതീർണനായ വാഗ്ദത്ത മസീഹ് (അ) ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ യഥാർത്ഥ

പാഠമെന്താണെന്ന് ഉയർത്തിക്കാട്ടിക്കൊണ്ട് വിശുദ്ധഖുർആന്റെ മഹത്വത്തേയും അതേയവസരത്തിൽ തിരുനബിയുടെ മഹിത സ്ഥാനത്തേയും വ്യക്തമാക്കുവാൻ രംഗത്തിറങ്ങി. 1902 ഡിസംബർ 27-ന് അവിടുന്ന് ഈ വിവാദം സംബന്ധിച്ച ഒരു നിരൂപണകൃതി പ്രസിദ്ധപ്പെടുത്തി. പരസ്പര വിരുദ്ധങ്ങളായ ഈ രണ്ടുവാദങ്ങളേയും സത്യമായ ഇസ്ലാമികപാഠങ്ങളുടെ അടിസ്ഥാനത്തിൽ അതിൽ വിലയിരുത്തി. ഖുർആനികപ്രമാണങ്ങളുടെ അജ്ഞതയെ ഉയർത്തിക്കാട്ടിക്കൊണ്ടുതന്നെ അതിന്റെ വ്യാഖ്യാനമായിട്ടുള്ള തിരുനബിയുടെ അരുളപ്പാടുകളുടേയും തിരുനബി ചര്യകളുടേയും പ്രാമാണ്യതയുടെ അനിഷേധ്യതയെ അവിടുന്ന് വിവരിച്ചുകാട്ടുകയും ഖുർആൻ-സുന്നത്ത്-ഹദീസ് എന്നീ ക്രമത്തിൽ ഇസ്ലാമിക പ്രമാണങ്ങളുടെ സ്വീകാര്യതയെ പ്രഘോഷിക്കുകയും ചെയ്തു. പ്രസ്തുത നിരൂപണകൃതിയിൽ- 'റിവ്യൂ ബർ മുബാഹസ ചക്ടാലവി വ ബട്ടാലവി' എന്നാണ് അതിന്റെ തലക്കെട്ട്-വാഗ്ദത്തമസീഹ് (അ) ഇപ്രകാരം പ്രസ്താവിച്ചു:

"ഇരുവിഭാഗത്തിന്റെയും ലിഖിതങ്ങളിൽനിന്ന് മനസ്സിലാകുന്നത് മേൽവിഷയത്തിൽ ഒരു സംവാദം നടത്താനുള്ള കാരണം മൌലവി അബ്ദുല്ലാസാഹിബ് ഹദീസുകളെ കേവലം നിരാകരിക്കപ്പെട്ടനിലയിൽ കരുതുകയും എടുത്തുപറയുന്നത്പോലും അപമര്യാദയായി കരുതപ്പെടുമാറുള്ള വാക്കുകളിൽ ഹദീസുകളെ ഇകഴ്ത്തി പറയുകയും ചെയ്യുന്നു എന്നതത്രെ. ഹദീസുകൾ (നബിവചനങ്ങൾ) അപ്രകാരം തിരസ്കാര്യങ്ങളും നിസ്സാരങ്ങളുമാണെങ്കിൽ ആരാധനാക്രമങ്ങളുടെയും കർമ്മശാസ്ത്രവിധികളുടെയും ഭൂരിഭാഗവും 'ബാത്തിൽ' അഥവാ അയാഥാർത്ഥ്യങ്ങളായിത്തീരും എന്ന വാദമാണ് മുഹമ്മദ് ഹുസൈൻ സാഹിബ് ഉന്നയിക്കുന്നത്. എന്തെന്നാൽ, ഖുർആന്റെ കൽപനകളുടെ വിശദീകരണങ്ങൾ ഹദീസുകളിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. 'സുബഹിന്റെ ഫർസ് നമസ്കാരം രണ്ട് റകാഅത്തും മഗ്രിബ് മൂന്നു റകാഅത്തും ബാക്കി നമസ്കാരങ്ങൾ നന്നാലു വീതവും ആണെന്നതിലേക്ക് ഖുർആനിൽനിന്ന് എന്ത് തെളിവാണ് ലഭിക്കുക? ഈ ആക്ഷേപം ശക്തിമത്തായ രീതിയിൽ അദ്ദേഹം മുന്നോട്ട് വച്ചിരിക്കുന്നു. അത്കൊണ്ട്തന്നെ മൌലവി അബ്ദുല്ലാസാഹി

ബിന്ന് ന്യായമായ ഒരു മറുപടിയും നൽകാൻ കഴിഞ്ഞിട്ടില്ല. പ്രസ്താവാർഹങ്ങളല്ലാത്ത ചില ചപ്പടാച്ചികൾ ആണ് അദ്ദേഹം പറഞ്ഞൊപ്പിച്ചത്. അതേ, പ്രസ്തുത വിമർശനങ്ങളുടെ ഫലമായി അബ്ദുല്ലാ സാഹിബിന്ന് ഒരു പുതിയ നമസ്കാരമുറ സൃഷ്ടിച്ചെടുക്കേണ്ടിവന്നു എന്നതാണ് ഒടുവിൽ സംഭവിച്ചത്. നമസ്കാരത്തിൽ പലതും മാറ്റിമറിച്ചു. ഹജ്ജ്, സകാത്ത് തുടങ്ങിയ കാര്യങ്ങളിലും പല മാറ്റങ്ങളും വരുത്തിയിട്ടുണ്ടാകാം.

"ഈ രണ്ട് വിഭാഗങ്ങളിൽ ഒരു വിഭാഗം അത്യഗ്രത്തിലാണെങ്കിൽ മറ്റെവിഭാഗം പ്രത്യഗ്രത്തിലാണ്. തിരുനബിയുടെ ഹദീസുകൾ നിസ്സാരങ്ങളും തിരസ്കാര്യങ്ങളുമായി കരുതപ്പെടാവുന്നവയല്ലെന്ന് മൌലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി പറയുന്നത് സത്യമാണെങ്കിലും സ്ഥാനഭദ്രത പാലിക്കേണ്ട നിയമത്തെ അപമാനിച്ചുകൊണ്ട് അദ്ദേഹം ഹദീസുകളുടെ സ്ഥാനം വിശുദ്ധഖുർആനെ തരംതാഴ്ത്തുമാറ് ഉപരിയായികരുതുകയും അതിനെ നിരാകരിക്കാൻ കാരണമാക്കുകയും ചെയ്യുന്നു. ഇത് ദൈവീക ഗ്രന്ഥത്തിന്റെ നിരാകരണവും നിസ്സാരവൽക്കരണവും ആയിരിക്കുന്നുവെന്ന കാര്യം അദ്ദേഹം ഗൗനിക്കുന്നതേയില്ല. ഹദീസുകൾ പ്രമാണിക്കേണ്ടതിലേയ്ക്ക് ഈ വിഭാഗം ഉന്നയിക്കുന്ന ഒരു ഖുർആൻ വചനം ഇതാണ്: "അല്ലാഹുവിന്നും അവന്റെ ആയത്തുകൾക്കും എതിരിൽ ഏത് ഹദീസാണ് നിങ്ങൾ വിശ്വസിക്കുക?" (45 : 7)

ഈ വാക്യത്തെ വിശദീകരിച്ചുകൊണ്ട് ഹസ്രത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: ഇവിടെ ഹദീസ് എന്ന പദത്തിന്റെ നിഷേധം പൊതുവായ പ്രയോജനമായി പറയുന്നത് വ്യക്തമായി മനസ്സിലാക്കിത്തരുന്നതെന്തെന്നാൽ ഖുർആന്ന് വിപരീതമായും നിരക്കാത്തതായും കാണപ്പെടുന്നതും മറ്റേതെങ്കിലും തരത്തിൽ പൊരുത്തപ്പെടുത്താനാവാത്തതുമായ ഹദീസുകൾ തള്ളിക്കളയണമെന്നാണ്. ഈ ഹദീസിൽ ഖണ്ഡിതമായ ഒരു സൂചന എന്ന നിലയിൽ പ്രസ്തുത ആയത്തിന്റെ വ്യാഖ്യാനമായി ഒരു പ്രവചനം കൂടി അടങ്ങിയിരിക്കുന്നു. പ്രസ്തുത മഹനീയ വചനത്തിൽ ഈ ഉമ്മത്തിൽ ഒരു കാലം വരുമെന്നും അക്കാലത്ത്

ഈ ഉമ്മത്തിൽപെട്ട ചില ആളുകൾ വിശുദ്ധഖുർആനെ കൈവെടിഞ്ഞ് ഖുർആനിൽ നൽകപ്പെട്ട വിവരണങ്ങൾക്ക് നിരക്കാത്തതും എതിരായിട്ടുള്ളതുമായ ഹദീസുകളെ പിൻപറ്റി പ്രവർത്തിക്കുന്നതാണെന്നുമാണ് സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്.

അവിടുന്നു തുടർന്നു: 'സിറാത്തുൽ മുസ്തഖീം', എന്താണെന്ന് വിവരിക്കുന്നതിനാണ് ഞാനീവിഷയം എഴുതിത്തുടങ്ങിയത്. മുസ്ലിംകളുടെ കയ്യിൽ ഇസ്ലാമിക നിദർശനത്തിന്നുള്ള മൂന്നു കാര്യങ്ങളാണുള്ളത്.

1. **ഖുർആൻ**– ഇത് അല്ലാഹുവിന്റെ കിതാബാണ്. അതിലുപരിയായി നമ്മുടെ കയ്യിൽ ഖണ്ഡിതവും ദൃഢവിശ്വാസ്യവുമായ മറ്റൊരു വചനവുമില്ല. അത് ദൈവത്തിന്റെ വചനമാകുന്നു. സംശയത്തിന്റെയും ഊഹങ്ങളുടെയും മാലിന്യങ്ങളിൽനിന്ന് അത് ശുദ്ധമാകുന്നു.

2. **സുന്നത്ത്**–ഇവിടെ നാം അഹ്ലെ ഹദീസുകാരുടെ സാങ്കേതികാർത്ഥങ്ങളിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് സംസാരിക്കുന്നത്: അതായത്, ഞങ്ങൾ ഹദീസിനേയും സുന്നത്തിനേയും ഒന്നായി കാണുന്നില്ല. അതാണല്ലോ ആചാര മുഹദ്ദിസീങ്ങളുടെ രീതി. എന്നാൽ, നമ്മുടെ പക്കൽ ഹദീസ് വേറെതന്നെയാണ് സുന്നത്ത് വേറെയും. സുന്നത്ത് എന്ന് വെച്ചാൽ 'തവാത്തൂർ' അഥവാ, അവിച്ഛിന്നപാരമ്പര്യമുള്ള തിരുനബിയുടെ മാതൃകാ നടപടിക്രമം. അത് തുടക്കത്തിൽതന്നെ ഖുർആനോട് ഒപ്പത്തിനൊപ്പം വെളിപ്പെട്ടിട്ടുള്ളതത്രെ. അതെപ്പോഴും ഒന്നിച്ചുതന്നെ ഉണ്ടാവുകയും ചെയ്യും. പ്രകാരാന്തരേണ പറഞ്ഞാൽ വിശുദ്ധഖുർആൻ അല്ലാഹുവിന്റെ വചനങ്ങളും സുന്നത്ത് തിരുനബിയുടെ തിരുചര്യകളും. ആദിയിലെ അല്ലാഹുവിന്റെ വചനങ്ങൾ ലോകത്തിന്റെ സൻമാർഗ്ഗദർശനത്തിന്ന് വേണ്ടി കൊണ്ടുവരുകയും തങ്ങളുടെ കർമ്മപരമായ ചര്യകളിലൂടെ എന്നുവെച്ചാൽ, ആ പ്രോക്തങ്ങളുടെ പ്രായോഗികവ്യാഖ്യാനങ്ങൾ നൽകുകയും ചെയ്യുന്നു. ദൈവവാക്യങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് സന്ദേഹമില്ലാതിരിക്കാൻവേണ്ടി. ആ ദൈവവചനങ്ങൾ അനുസരിച്ചു അവിടുന്ന് പ്രവർത്തിച്ചുകാണിച്ചിരിക്കുന്നു. അതോടൊപ്പം മറ്റുള്ളവരെ അനുസരിച്ച്പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

3. **ഹദീസ്**–മാർഗദർശനത്തിനുള്ള മൂന്നാമത്തെ പ്രമാണം ഹദീസാണ്. ഹദീസ് എന്നത് ഞങ്ങളുടെ പക്കൽ തിരുനബിയുടെ ചരമത്തിന്ന് ഒന്നരനൂറ്റാണ്ട് ശേഷം വിവിധ നിവേദകർ മുഖേന കഥാകഥിത രൂപത്തിൽ ഒരുമിച്ചുകൂട്ടപ്പെട്ട അടയാളങ്ങളത്രെ.

ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) ഈ തർക്കത്തിൽ 'നീതിമാനായ വിധികർത്താവ്' എന്ന നിലയിൽ ഇസ്ലാമികമായ പരിഹാരം നിർദ്ദേശിക്കുകയും സുന്നത്തിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുകയും ചെയ്തു.

ചുരുക്കത്തിൽ, സുന്നത്തും ഹദീസും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ സുന്നത്ത് എന്നത് തിരുനബി (സ) തന്റെ കൈക്ക് നടപ്പാക്കിയിട്ടുള്ളതും ഇടമുറിയാത്ത പാരമ്പര്യത്തിലൂടെ തലമുറ തലമുറയായി അവിച്ഛിന്നമായി ഉമ്മത്ത് അനുവർത്തിച്ചുവന്നിട്ടുള്ളതുമായ തിരുചര്യയാകുന്നു. അത് ഖുർആൻ കഴിഞ്ഞാൽ ദൃഢവിശ്വാസീയതയുടെ കാര്യത്തിൽ രണ്ടാംസ്ഥാനത്തെ പദവിയിലുള്ളതാകുന്നു.

തന്റെ അനുയായികൾക്ക് ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നൽകിക്കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:

"ഏതെങ്കിലും ഹദീസ് ഖുർആന്നും സുന്നത്തിന്നും എതിരും അവയ്ക്ക് നിരക്കാത്തതും അല്ലാത്തപക്ഷം, എത്രതന്നെ ദുർബലമായ ഹദീസായാലും അതനുസരിച്ച് പ്രവർത്തിച്ചുകൊള്ളേണ്ടത് നമ്മുടെ ജമാഅത്തിൽ ഒരു കടമയായിരിക്കേണ്ടതാണ്. മനുഷ്യനിർമിതമായ ഫിഖ്ഹ് നിയമങ്ങളുടെമേൽ അവയ്ക്ക് പ്രാബല്യം നൽകപ്പെടേണ്ടിയിരിക്കുന്നു.... അബ്ദുല്ല ചക്ടാലവി സാഹിബിനെ പോലെ അകാരണമായി ഹദീസുകളെ തള്ളിക്കളയാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.... നമ്മുടെ ജമാഅത്തിന്ന് അബ്ദുല്ലയെക്കാൾ അഹ്ലെ ഹദീസിനോടാണ് ഏറെ അടുപ്പം എന്നകാര്യം നല്ലപോലെ ഓർത്തുകൊള്ളേണ്ടതാണ്. അബ്ദുല്ലാ മൗലവിയുടെ നിരർത്ഥകജൽപനങ്ങളുമായി നമുക്ക് യാതൊരു ബന്ധവുമില്ല".*

* ഈ കൃതിയുടെ വിവർത്തനം 'സത്യദൂത'ത്തിൽ ഖണ്ഡശ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിവർത്തനം: എൻ. അബ്ദുർ റഹീം

69 – പുതിയ ആകാശവും പുതിയ ഭൂമിയും

ഒരിക്കൽ ഒരു ദർശനത്തിൽ ഹസ്രത്ത് അഹ്മദ് (അ) താൻ "ഒരു പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിച്ച തായി കണ്ടു. അദ്ദേഹം ദർശനത്തിൽതന്നെ ഇപ്രകാരം പറയു കയായിരുന്നു: "വരൂ ഇനി നമുക്ക് മനുഷ്യനെ സൃഷ്ടിക്കാം!".

ഈ ദർശനത്തെ കുറിച്ചുയർന്ന ആക്ഷേപങ്ങളെ പറ്റി അവിടുന്ന് ഇപ്രകാരം പറഞ്ഞു:

"ഇതിനെ തുടർന്ന് ഞാൻ ദൈവമാണെന്നും വാദിച്ചതായി ഭോഷൻമാരായ ആലിംകൾ മുറവിളി കൂട്ടി. എന്നാലോ ആ ദർശ നത്തിന്റെ അർത്ഥം ആകാശവും ഭൂമിയും പുതുക്കിപ്പണിതത് പോലെ ഞാൻ മുഖേന ദൈവം ഒരു പരിവർത്തനമുണ്ടാക്കു മെന്നും അത്വഴി യഥാർത്ഥ മനുഷ്യൻ ജന്മമെടുക്കുമെന്നുമത്രെ" (ചശ്മയെ മസീഹി, 'റൂഹാനി ഖസായിൻ' പു. 376–അടിക്കുറിപ്പ്)

"ആളുകൾ ദൈവത്തെകുറിച്ച് അധരമാത്രമായി സംസാ രിക്കുന്നു. അവരുടെ ഹൃദയങ്ങൾ അവനിൽനിന്ന് അകന്നിരി ക്കുന്നു. അതുകൊണ്ട് ദൈവം പറഞ്ഞു; ഞാനൊരു പുതിയ ആകാശവും പുതിയ ഭൂമിയും പണിയുമെന്ന്. ഭൂമി മരിച്ചുപോയി അതായത്, ഭൂവാസികളുടെ ഹൃദയം മരിച്ചത്പോലെ കടുത്തു പോയി എന്നാണ് അപ്പറഞ്ഞതിന്റെ വിവക്ഷ. ദൈവത്തിന്റെ മുഖം അവരുടെ നേരെ നിശ്ശബ്ദമായിപ്പോയി. മുൻകഴിഞ്ഞ സ്വർഗ്ഗിയ ദൃഷ്ടാന്തങ്ങളെല്ലാം വെറും കഥകളായി മാറിപ്പോയി. അത്കൊണ്ട് ദൈവം പറഞ്ഞു; ഒരു പുതിയ ഭൂമിയും പുതിയ ആകാശവും പണിയുവാൻ നിശ്ചയിച്ചുവെന്ന്. എന്താണ് ഈ പുതിയ ആകാശം! എന്താണ് ഈ പുതിയ ഭൂമി? ദൈവം അവന്റെ കൈകൊണ്ട് ഒരുക്കുന്ന ഹൃദയങ്ങളാണ് പുതിയഭൂമി. അവർ ദൈവത്താൽ വെളിപ്പെടുത്തപ്പെടുന്നു. അവരാൽ ദൈവം വെളി പ്പെടുത്തപ്പെടുകയും ചെയ്യുന്നു. പുതിയ ആകാശം എന്നത് ദൈവം അവന്റെ ദാസരിലൂടെ വെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങ ളാകുന്നു. എന്നാൽ അഹോ കഷ്ടം! ദൈവത്തിന്റെ ഈ പുതിയ മിന്നലാട്ടത്തിന്റെ നേരെ ലോകം ശത്രുത പുലർത്തി" (കശ്ത്തീ നൂഹ്, റൂ. ഖസായീൻ, ജി. 19, പു. 7)

മറ്റൊരിടത്ത് ഹസ്രത്ത് അഹ്മദ് (അ) പറയുന്നു: "കാല ഘട്ടത്തിന്റെ ആത്മീയഗുരു പ്രത്യക്ഷനാകുമ്പോൾ ഒരായിരം പ്രകാശങ്ങൾ അദ്ദേഹത്തോടൊപ്പം വന്നെത്തുന്നു. ആകാശത്തിൽ ഒരു തരം ആത്മീയതിമർപ്പ് ഉടലെടുക്കുകയും ആത്മീയമായ ഒരസ്വസ്ഥതയും ആത്മീയമായ ഒരു പ്രകാശവും പരക്കുകയും ചെയ്യുന്നതോടെ നന്മയുടെ ശക്തികൾ ഉണരുമാറാകുന്നു. അപ്പോൾ ഇൽഹാമിന്റെ യോഗ്യതയോട് കൂടിയവർക്ക് ഇൽഹാമുകൾ ലഭിച്ചുതുടങ്ങുകയും വിചാരശീലവും ആലോചനാശക്തിയും യുക്തിചിന്തയും വർദ്ധിക്കുമാറാകുകയും ചെയ്യുന്നു. ആരാധനകളിൽ തൽപരരായിരിക്കുന്നവർക്ക് ആരാധനയിൽ അധികമായ അഭിരുചി നൽകപ്പെടുകയും മറ്റ് മതക്കാരുമായി സംവാദങ്ങളിലും ചർച്ചകളിലും ഏർപ്പെടുന്നവർക്ക് യുക്തിവൈഭവവും ന്യായപൂർത്തിക്കുള്ള കഴിവുകളും പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം കാലഘട്ടത്തിന്റെ ഇമാമിന്റെ പ്രാദുർഭാവത്തോടെ സ്വർഗ്ഗത്തിൽനിന്നുള്ള ആത്മീയ പ്രകാശം യോഗ്യതയുള്ള ഹൃദയങ്ങളിൽ ഇറക്കുന്നത് മൂലമാണ് സംഭവിക്കുന്നത്. ഇത് വിശുദ്ധ ഖുർആനിൽനിന്നും ഹദീസുകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞ പൊതുവായ നിയമവും ദൈവീകമായ ചട്ടവുമാകുന്നു. അനുഭവങ്ങൾ ഇതിനെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

"വാഗ്ദത്തമസീഹിന്റെ കാലത്ത് ഇതിനെക്കാളെല്ലാം വർദ്ധിച്ച നിലയിലുള്ള വിശേഷങ്ങൾ വെളിപ്പെടുന്നതാണ്. അതെന്താണെന്ന് വച്ചാൽ പൂർവ്വ പ്രവാചകൻമാരുടെ ഗ്രന്ഥങ്ങളിലും തിരുനബിയുടെ ഹദീസുകളിലും എഴുതപ്പെട്ടിട്ടുള്ളത് പ്രകാരം വാഗ്ദത്ത മസീഹിന്റെ ആവിർഭാവകാലത്ത് ഈ ആത്മീയ പ്രകാശത്തിന്റെ പ്രസാരണം അത്യധികം വർദ്ധിക്കുകയും അത്മൂലം സ്ത്രീകൾക്ക് പോലും ഇൽഹാം ലഭിക്കുകയും പൂർണ്ണവളർച്ച എത്തിയിട്ടില്ലാത്ത കുട്ടികൾക്ക്പോലും ദിവ്യവെളിപാടുകൾ ഉണ്ടാവുകയും അവർ പ്രവചനം ചെയ്യുന്നതിന് കെൽപുള്ളവരായിത്തീരുകയും സാധാരണക്കാർപോലും 'റൂഹുൽ ഖുദ്സി'ന്റെ (പരിശുദ്ധാത്മാവിന്റെ) സഹായത്താൽ സംസാരിക്കുമാറാകുകയും ചെയ്യുന്നതാണ്." (സറൂറത്തുൽ ഇമാം, പു. 7)

വീണ്ടും വാഗ്ദത്ത മസീഹ് (അ) വേറൊരിടത്ത് "രണ്ടാം ഖുദ്റത്ത്" (ഖിലാഫത്ത്) വെളിപ്പെടുന്നതിന് വേണ്ടി പ്രർത്ഥിക്കാൻ ആവശ്യപ്പെടുന്നു. പരിശുദ്ധമായ ആത്മാവോടുകൂടിയ ജമാഅത്തിലെ ആദരണീയർ എന്റെ പേരിൽ എനിക്ക് ശേഷം ആളുകളിൽനിന്ന് ബയ്അത്ത് സ്വീകരിക്കട്ടെ. ഭൂമിയുടെ വ്യത്യസ്ത പ്രവാസകേന്ദ്രങ്ങളിൽ താമസിച്ചുപോരുന്നവർ അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതരായിട്ടുള്ളവരാണെങ്കിൽ അവരെയെല്ലാം തൗഹീദിലേയ്ക്ക് ഏകദൈവതത്ത്വത്തിലേയ്ക്ക് ആകർഷിക്കുകയും ആദാസൻമാരെയെല്ലാം ഏകമതത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ. ഇത്തന്നെയാണ് എന്നെ ഈ ലോകത്തേയ്ക്ക് അയച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം. ആകയാൽ, ഈ ലക്ഷ്യം സാധിക്കുമാറാകാൻ യത്നിക്കുവിൻ" (അൽവസിയ്യത്ത് 1905)

ദൗത്യ പ്രഖ്യാപനത്തിന്റെ ആദ്യഘട്ടത്തിൽതന്നെ പുതിയ ഒരു ലോകവ്യവസ്ഥിതി പടുത്തുയർത്തുന്നതിന്നായി സാത്വീകരായിട്ടുള്ളവരുടെ ഗണത്തെ ഒരുമിച്ചുകൂട്ടുന്നതിന്ന്വേണ്ടി വാഗ്ദത്ത മസീഹ് (അ) ഉദ്ദേശിക്കുകയും ബയ്അത്ത് വ്യവസ്ഥ അതിന്റെ നാന്ദിയായിക്കാണുകയും ചെയ്തിരുന്നു. "ഇസാലയെ ഔഹാം" എന്ന കൃതിയിൽ ഇപ്രകാരം പറയുന്നു:

"സാത്വീകരായിട്ടുള്ളവരുടെ ഒരു ഗണത്തെ ഒരുമിച്ചുകൂട്ടുകയും അത്തരക്കാരുടെ ഒരു വലിയ ഗണം മുഖേന ലോകത്ത് പ്രഭാവം ചെലുത്തുമാറാകയും അവർ ഐക്യത്തിൽ വർത്തിക്കുന്നത് ഇസ്ലാമിന്ന് അനുഗ്രഹത്തിന്റെയും മഹത്വത്തിന്റെയും ഒരു സ്രോതസ്സായിതീരുകയും അതുവഴി ഇസ്ലാമിന്ന് ഉത്തമ ഫലങ്ങൾ പ്രദാനംചെയ്യപ്പെടുകയും വേണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'ബയ്അത്ത്' വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു അടിസ്ഥാനതത്ത്വത്തിൽ ഏകാഭിപ്രായക്കാരായിരുന്നുകൊണ്ട് അതിന്റെ അനുഗ്രഹത്തിൽ ഇസ്ലാമിന്നായി നിർമലവും പരിശുദ്ധവുമായ സേവനം അർപ്പിക്കുവാൻ അവർ സദാ സന്നദ്ധരായിരിക്കണം അവർ മടിയരോ ലുബ്ധരോ ലക്ഷ്യബോധമില്ലാത്തവരോ ആയ മുസ്ലിംകളായിരിക്കരുത്. ഭിന്നിപ്പുകളാലും

അനീതികളാലും ഇസ്‌ലാമിന് വലുതായ ഹാനി വരുത്തിവെക്കുകയും ദുഷ്ടജീവിതം നയിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമായ മുഖത്ത് കരിവാരിത്തേക്കുകയും ചെയ്തിട്ടുള്ള ആ കൊള്ളരുതാത്തവരെപോലെയും ആകരുത്. അവർ ലോകകാര്യങ്ങളിൽനിന്നെല്ലാം അകന്ന് മാറുകയും ഇസ്‌ലാമിന്റെ ആവശ്യങ്ങളെ കുറിച്ച് ബോധഹീനരായിരിക്കുകയും തങ്ങളുടെ സഹോദരങ്ങളുടെ ക്ഷേമത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും മനുഷ്യസമൂഹത്തിൽ നന്മവളർത്തേണ്ട കാര്യത്തിൽ ഉത്സുകരല്ലാതിരിക്കുകയും ചെയ്യുന്ന 'ദർവേശു'കളെപ്പോലെയും ആകരുത്. അവർ പാവങ്ങൾക്ക് അഭയസ്ഥാനങ്ങളായിരിക്കുമാറ് ജനത്തിന്റെ നേരെ അനുകമ്പയുള്ളവരായിരിക്കണം. തങ്ങളെതന്നെ ബലിയർപ്പിക്കാൻ സന്നദ്ധരായിരിക്കുമാറ് അവർ ഇസ്‌ലാമികധർമങ്ങൾ നിർവഹിക്കുന്നതിൽ അതീവകുതുകികളായിരിക്കണം. തങ്ങളുടെ അനുഗ്രഹങ്ങൾ ലോകത്തിൽ പരക്കുന്നതിന് അവർ എല്ലാ യത്നങ്ങളും ചെയ്യണം. ദൈവീകകാര്യങ്ങളോടുള്ള സ്നേഹത്തിന്റെയും ദൈവദാസരോടുള്ള അനുകമ്പയുടേയും വിശുദ്ധമായ നീരുറവ എല്ലാ ഹൃദയങ്ങളിൽനിന്നും പൊട്ടിയൊലിച്ച് തുടങ്ങുകയും അത് ഒരു നദിപോലെ പ്രവഹിക്കുന്നത് കാണുമാറാകുകയും വേണം. സർവ്വശക്തനായ ദൈവം അവന്റെ പ്രത്യേക വരപ്രസാദങ്ങളാൽ അവരുടെ വിശുദ്ധമായ കഴിവുകൾ വെളിപ്പെടുത്തുന്നതിന്ന് ഈ വിനീതന്റെ പ്രാർത്ഥനകളെയും ശ്രദ്ധകളെയും ഉപകരണോപാധികളാക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അന്വേഷകരുടെ ആന്തരപരിശീലനത്തിൽ ഞാൻ ഏർപ്പെടണമെന്നും, അഹന്തയുടെയും സാത്താനികശക്തികളുടെയും ബന്ധനത്തിൽനിന്ന് ആളുകളെ മോചിപ്പിക്കുകയും ദൈവികമായ വഴികളോടുള്ള സഹജമായ സ്നേഹം വളർത്തുകയും ചെയ്യുന്ന ആ പ്രകാശപ്പൊലിമക്ക് വേണ്ടി അവർക്കായിട്ട് ഞാൻ യാചന നടത്തണമെന്ന് ആ പരമ പാവനനും മഹത്വവാനുമായ ദൈവം എനിക്ക് ബോധനം നൽകിയിരിക്കുന്നു. പരിപൂർണ്ണമായ ഒരുക്കങ്ങളും ആത്മാർത്ഥമായ ദൈവികസേവനങ്ങളും കൂടിച്ചേരുമ്പോൾ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന് വേണ്ടി അവർക്കായിട്ട് ഞാൻ ആവശ്യപ്പെടും. ദുരഹങ്കാരവും സാത്താനിക ശക്തി

കളും കൂടിച്ചേരുമ്പോൾ ഉടലെടുക്കുന്ന ദുഷ്ടാത്മാവിൽനിന്നുള്ള അവരുടെ മോചനം സാധിക്കുന്നതിന്നും ഞാൻ പരിശ്രമിക്കുന്നതാണ്. അങ്ങിനെ അല്ലാഹുവിന്റെ സഹായത്താൽ, തികഞ്ഞ ആത്മാർത്ഥതയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ള എന്റെ സ്നേഹിതൻമാരെ സംസ്കരിച്ചെടുക്കാൻ പരിശ്രമിക്കുന്നതിൽ ഞാൻ പിന്നിലാവുകയോ അശ്രദ്ധനായിരിക്കുകയോ ആലസ്യവാനായിരിക്കുകയോ ചെയ്യുന്നതല്ല. അവർ ജീവിക്കുന്നതിന്നുവേണ്ടി മരണംവരിക്കാൻതന്നെ ഞാൻ തയ്യാറായിരിക്കും" (ഇസാലയെ ഔഹാം, പു. 460).

'പുതിയ ആകാശവും പുതിയ ഭൂമിയും' എന്നത് ലോകക്രമത്തിന്റെ സൃഷ്ടിപ്പിനെയാണ് കുറിക്കുന്നത്. അതായത് ഇസ്ലാമിക സംസ്കാരവും ഇസ്ലാമികനാഗരികതയും പുനരുദ്ധരിക്കപ്പെടുകയും പുനസ്ഥാപിക്കപ്പെടുകയും ചെയ്യുന്നതരത്തിൽ ഏകലോകവ്യവസ്ഥ പടുത്തുയർത്തുകയും ഇസ്ലാമിന്റെ ധാർമികാടിത്തറയിൽ മുസ്ലിംകളെ വാർത്തെടുക്കുകയും ചെയ്യുകയെന്നതാണത്. മറ്റ് മതങ്ങളും സമുദായങ്ങളും ഉണ്ടായിരിക്കുമെങ്കിലും അവയെല്ലാം ഇസ്ലാമിക വാതാവരണത്തിന് കീഴിലായിരിക്കും. ഇത് സംബന്ധിച്ച് വാഗ്ദത്തമസീഹിന്ന് അനേകം വെളിപാടുകൾ ഉണ്ടായിട്ടുണ്ട്. മുസ്ലിംകളെ ഉദ്ധരിക്കുകയും സംഘടിപ്പിക്കയും സംസ്കരിക്കയും ചെയ്യുന്നത് വഴിയാണ് ഇത് സാദ്ധ്യമായിത്തീരുക.

വാഗ്ദത്ത മസീഹിന്ന് അറബി ഭാഷയിൽ ഇപ്രകാരം ഒരു വെളിപാടുണ്ടായി: "ഭൂമിയിലെ സകല മുസ്ലികളെയും ഒരുമിച്ചു കൂട്ടുക; ഏകമതത്തിൽ" (അൽഹക്കം, 1905 നവംബർ 24, തദ്കിറ Eng. പേജ് 330).

"ദൈവം മനുഷ്യനെ സൃഷ്ടിക്കാൻ തീർച്ചപ്പെടുത്തുമ്പോൾ അവൻ ഒരു ആകാശത്തെയും ഒരു ഭൂമിയെയും അതോടൊപ്പം അതിന്ന് ആവശ്യമായിട്ടുള്ളതെല്ലാം ആറ് ദിവസം കൊണ്ട് സൃഷ്ടിക്കുന്നു. ആറാം ദിവസത്തിന്റെ ഒടുവിൽ അവൻ മനുഷ്യനെ സൃഷ്ടിക്കുന്നു. ഇതാണ് അവന്റെ നിശ്ചിത മാർഗ്ഗം. അത് പ്രകാരം ഞാൻ ആത്മദർശനത്തിൽ പുതിയ ആകാശവും പുതിയ

ഭൂമിയും സൃഷ്ടിക്കുന്നതായി കണ്ടതിന്റെ അർത്ഥം, യഥാർത്ഥ മായ ഉദ്ദേശ്യം സാധിക്കുന്നതിന്നും മനുഷ്യരെ സാത്വീകരാക്കി ത്തീർക്കുന്ന പാവനമായ പ്രകൃതിയോട് കൂടിയ ആളുകളെ ഉണ്ടാ ക്കിയെടുക്കുന്നതിന്നും ഉള്ള ശരിയായ സഹായോപാധികളും, സ്വർഗ്ഗീയവും ഭൗതീകവുമായ പിന്തുണയും ആണെന്ന് എനിക്ക് അല്ലാഹു അറിയിച്ചുതന്നിരിക്കുന്നു" (Review of Religions വാല്യം 5 p. 306, 307).

ചുരുക്കത്തിൽ, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ആറു ഘട്ടങ്ങളിലായി സൃഷ്ടിക്കപ്പെടുന്നതിന്റെ ഭാഗ മായി മുഴുവൻ മനുഷ്യരെയും ഏകമതത്തിൽ ഒരുമിച്ചുകൂട്ടി ആത്മീയതയിലൂന്നിയ ഒരു ഏകലോകവ്യവസ്ഥിതി ഈ ലോകത്ത് പടുത്തുയർത്തുകയാണ് വാഗ്ദത്തമസീഹിന്റെ ആവിർഭാവം കൊണ്ട് ലക്ഷ്യമാക്കപ്പെട്ടിട്ടുള്ളത്. ആ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും വിഹരിക്കുന്ന ആത്മീയചൈതന്യം ത്രസി ക്കുന്ന പുതിയ മനുഷ്യന്റെ അഥവാ പൂർണ്ണമനുഷ്യന്റെ സൃഷ്ടി പ്പാണ് വാഗ്ദത്ത മസീഹിന്റെ നിയോഗം വഴി ദൈവം ഉദ്ദേശിച്ചി ട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാം. വാഗ്ദത്ത മസീഹിന്നുണ്ടായ "ആസ്മാനീ ബാദ്ശാഹിയത്ത്" (ദൈവീകഭരണം) എന്ന് ഒറ്റവാ ക്കിലുള്ള വെളിപാടിൽ ഈ സത്യം അടങ്ങിയിരിക്കുന്നു. (ത ദ്കിറ, ഭാ. 222)

70 – കുടുംബജീവിതത്തിലേയ്ക്ക് ഒരെത്തിനോട്ടം

ലളിതവും വിനയപൂർവ്വമെങ്കിലും സംഭവബഹുലവും അതീവശ്രദ്ധേയമായ ഒരു കുടുംബജീവിതമാണ് വാഗ്ദത്ത മസീഹ് (അ) നയിച്ചുപോന്നിരുന്നത്. മസീഹ്വാദം പുറപ്പെടുവി ക്കുകയും നാനാവിഭാഗങ്ങളിലും പെട്ട എതിരാളികളെ വിശ്രമ രഹിതമായി നേരിട്ടുകൊണ്ടിരിക്കുകയും ചെയ്ത ആ മഹാത്മാവ് സാഹിത്യ നിർമ്മാണത്തിലും ആത്മീയ പോരാട്ടങ്ങളിലും വ്യാപൃ തനായിരിക്കെതന്നെ കുടുംബപരമായ എല്ലാ ബാധ്യതകളും ഇസ്ലാംമത ധർമ്മമനുസരിച്ച് മാതൃകാപരമായ നിഷ്കർഷയോടെ നിർവിഘ്നം നിർവഹിച്ചു പോന്നു.

വീട്ടുകാര്യങ്ങൾ ഹസ്രത്ത് അഹ്മദ് (അ) തന്റെ പത്നിയുടെ ഇഷ്ടമനുസരിച്ച് നടത്തിക്കൊള്ളാൻ അനുവദിക്കുകയും അതിൽ സഹായിച്ചും സഹകരിച്ചും പോരുകയും ചെയ്തിരുന്നു. സത്രീയ്ക്ക് യാതൊരു വിലയും നിലയും നൽകാതിരുന്ന ഒരു സമൂഹത്തിൽ അവിടുന്ന് തന്റെ പത്നിയ്ക്ക് ഗൃഹത്തിൽ രാജ്ഞിയുടെ അധികാരപദവികൾ അംഗീകരിച്ചുകൊടുത്തു. ഒരിക്കലെങ്കിലും ഭാര്യയോട് നീരസം കാട്ടുകയോ അവരോട് അനിഷ്ടകരമായി പെരുമാറുകയോ ചെയ്കയുണ്ടായിട്ടില്ലെന്ന് പതിനഞ്ച് കൊല്ലക്കാലം അവിടുത്തെ ഗൃഹജീവിതത്തിൽ അലിഞ്ഞുചേർന്ന് സേവനം നടത്തിപ്പോന്ന ഹസ്രത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് നിവേദനം ചെയ്തിരിക്കുന്നു. ഗാർഹിക കാര്യങ്ങളിൽ ഭാര്യ പറഞ്ഞതിനപ്പുറം ഒന്നും നടക്കുകയില്ലെന്നും അവിടുത്തെ സ്നേഹ വൃത്തങ്ങളിൽതന്നെ സംസാരമായിരുന്നു. ഒരിക്കൽ ഒരുകാര്യത്തിൽ അൽപമൊന്ന് ഒച്ച ഉയർത്തി സംസാരിക്കേണ്ടിവന്നപ്പോൾ അതിൽ സ്വയം മനസ്സ്നൊന്ത് അവിടുന്ന് മൂന്നുദിവസംവരെ വ്യാകുലപ്പെട്ടും പ്രായശ്ചിത്തം ചെയ്തും കഴിച്ചുകൂട്ടിയെന്ന്പറഞ്ഞാൽ കഴിഞ്ഞല്ലോ. അപ്പോലെ തന്നെ പതിവ്രതയായ ആ സാധ്വീരത്നം ഭർത്താവിനോട് അങ്ങോട്ടും അതുല്യമായ സ്നേഹാദരങ്ങൾ തിരിച്ചുനൽകി. സാപത്ന്യം എന്നത് ഒരു സ്ത്രീ നരകതുല്യമായി കരുതിപൊതുവെ വെറുത്തുപോരുന്നതാണല്ലോ. എന്നാൽ, തന്റെ ഭർത്താവിന്ന് മറ്റൊരു വിവാഹബന്ധം ദൈവീകമായി നിർദ്ദേശിക്കപ്പെട്ടപ്പോൾ സത്യമായി അതു പുലർന്ന്കാണാൻവേണ്ടി അവർ അർദ്ധരാത്രികളിൽ ഉറക്കമിളച്ചു മനമുരുകി പ്രാർത്ഥിച്ചുകൊണ്ടിരുന്നു എന്നറിയുമ്പോൾ ആ മഹിളാരത്നം ഭർത്താവിന്റെദിവ്യ ദൗത്യത്തിൽ എത്രത്തോളം അടിയുറച്ച് വിശ്വസിച്ചിരുന്നു എന്നും ഭർത്താവിനെ എത്രകണ്ട് വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നുവെന്നും മനസ്സിലാക്കാം. ഇപ്രകാരം പരമമായ വിശ്വാസവും അനുപമസ്നേഹാദരവും പുലർത്തിപോന്ന മറ്റൊരു ദാമ്പത്യ ബന്ധം റസൂൽകരീം (സ) തിരുമേനിയുടെ വിശുദ്ധജീവിതത്തിലല്ലാതെ മറ്റെവിടെയും കണ്ടെത്തിയെന്ന് വരില്ല.

വീട്ടുജോലികളിൽ ആരേയും കാത്ത് നിൽക്കാതെ അവിടുന്ന് സ്വയം ഏർപ്പെടുകയും മറ്റ് ചിലപ്പോൾ മറ്റുള്ളവരെ സഹാ

യിക്കുകയും ചെയ്തുപോന്നു. കട്ടിൽ വിരിച്ച് കിടപ്പിടം ശരിപ്പെടുത്തുന്നതിന്നും സേവകരെ കാത്തുനിൽക്കുമായിരുന്നില്ല. കക്കൂസ് വൃത്തിയാക്കുന്നതിന്ന് പോലും അവിടുന്ന് മടിച്ചിരുന്നില്ല. ഭാര്യ അടുക്കളജോലിയിൽ വ്യാപൃതയായി കാണപ്പെട്ടാൽ ഭാര്യയെകൊണ്ട് ചെയ്യിക്കേണ്ട കാര്യങ്ങൾ അലോസരപ്പെടുത്താതെ സ്വയംതന്നെ ചെയ്യാൻ ബദ്ധപ്പെട്ടിരുന്നു. രാത്രിനേരം ഭാര്യയേയും മറ്റ് സത്രീകളേയും കുട്ടികളേയുമെല്ലാം വിളിച്ചിരുത്തി ഉപദേശ കഥകൾ കേൾപിക്കുകയും ചിലപ്പോൾ രസകരമായ സംഭവങ്ങൾ വിവരിച്ച് ചിരിയിൽ പങ്ക് ചേരുകയും അങ്ങിനെ പ്രസന്നാന്തരീക്ഷം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കാറ്റ്കൊള്ളാനും നടക്കാനും പോകുമ്പോൾ ഭാര്യയെ ഒന്നിച്ചു കൂട്ടുക പതിവായിരുന്നു. പർദ്ദയണിഞ്ഞാണ് അവർ സഞ്ചരിക്കാറുണ്ടായിരുന്നത്. ഭാര്യയെയുംകൂട്ടി നടക്കുന്നതും ഉലാത്തുന്നതും അക്കാലത്ത് വിഹിതമായി കരുതപ്പെട്ടിരുന്നില്ല. ഒരിക്കൽ റയിൽവെ സ്റ്റേഷനിൽ വണ്ടികാത്ത് നിൽക്കെ ഭാര്യയോടൊപ്പം ഉലാത്തുകയായിരുന്ന അവിടുത്തോട് ആളുകളുടെ പ്രതികരണം ഭയന്ന് ഒരു പ്രമുഖ ശിഷ്യൻ അതിൽ അൽപം അനിഷ്ടം പ്രകടിപ്പിച്ചപ്പോൾ താൻ തിരുനബിയെക്കാൾ അധികം തനിയ്ക്ക് ബഹുമാനം കൽപിക്കുന്നില്ലെന്നും തിരുമേനിയുടെ ചെയ്തികളെ അനുകരിക്കുന്നതിൽ താൻ അഭിമാനംകൊള്ളുന്നുവെന്നും പറഞ്ഞുകൊണ്ട് ആ അനിഷ്ടത്തെ അവഗണിക്കുകതന്നെ ചെയ്തു.

കുട്ടികളെ പ്രഹരിക്കുന്നതിനോട് വാഗ്ദത്തമസീഹ് തീരെ യോജിച്ചിരുന്നില്ല. കുട്ടികളെ അടിക്കരുതെന്നും അവരെ സ്നേഹവാത്സല്യങ്ങളോടെ ഉപദേശിച്ചുനന്നാക്കാനാണ് ശ്രമിക്കേണ്ടതെന്നും നിഷ്കർഷിക്കുമായിരുന്നു. ആരെങ്കിലും കുട്ടികളെ അടിച്ചതായി അറിഞ്ഞാൽ കഠിനമായ അനിഷ്ടം പ്രകടിപ്പിച്ചിരുന്നു. അങ്ങിനെ അടിക്കുന്നത് ഒരു തരം ശിർക്കാണെന്നും അവിടുന്നു പറയുമായിരുന്നു. കടുത്ത നിലയിൽ പ്രഹരിക്കുകയല്ല അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടത്. അവരെ നേർവഴിക്ക് നയിക്കാൻ കഴിവുള്ളവനാണ് അല്ലാഹു എന്ന ദൃഢവിശ്വാസം വളർത്തിയെടുക്കണം. കുട്ടികൾക്ക് അസുഖം ബാധിച്ചാൽ അവിടുന്ന് അസ്വസ്ഥനാകും. കുട്ടിയുടെ ശുശ്രൂഷയിൽ

ഏർപ്പെട്ടിരിക്കെ ചിലപ്പോൾ പള്ളിയിൽ ചെന്ന് നമസ്കരിക്കുന്നത് പോലും മാറ്റിവെക്കുകയുമുണ്ടായിട്ടുണ്ട്.

കുട്ടികളിൽ ദീനിയായ ബോധം വളർത്തുന്നതരത്തിൽ അവരോട് പെരുമാറണം. അവരിൽ നബിതിരുമേനിയോടുള്ള സ്നേഹവും ഖുർആനോടുള്ള ബഹുമാനാദരവും അണുപോലും കുറഞ്ഞുപോകാതിരിക്കാൻ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു. തന്റെ എല്ലാകുട്ടികളെയും ദൈവീകദാനമായി കരുതിയിരുന്നതിനാൽ ഒരിക്കൽപോലും അവിടുന്ന് പരുഷമായി പെരുമാറിയിരുന്നില്ല. എങ്കിലും, ഖുർആന്റെ നേരെയും ദൈവീകകാര്യങ്ങളിലും ചെറുതായെങ്കിലും ഒരു അനാദരം കാണിച്ചതായിതോന്നിയാൽ അവിടുത്തെ ഭാവം പെട്ടെന്ന് മാറിയെന്നുവരും. ഒരിക്കൽ താൻ എഴുത്തു ജോലിയിൽ വ്യാപൃതനായിരിക്കെ അവിടുത്തെ ഏറ്റവും ഇളയ പുത്രൻ മുബാറക്ക് അഹ്മദ് തന്നെ സമീപിച്ച് എന്തോ ആവശ്യപ്പെട്ടു. ബാപ്പ തന്നെ ശ്രദ്ധിക്കുന്നില്ലെന്നു തോന്നിയപ്പോൾ ശ്രദ്ധ തിരിക്കാനായി തന്റെ മുമ്പിലുണ്ടായിരുന്ന വിശുദ്ധ ഖുർആന്റെ പ്രതി അലക്ഷ്യമായി കൈമുട്ടുകൊണ്ട് അൽപം മുമ്പോട്ട് തള്ളിനീക്കി. ഖുർആന്റെ നേരെ അപമര്യാദ കാണിച്ചുകൊണ്ട് ആ വിശുദ്ധഗ്രന്ഥത്തെ ഉന്തിനീക്കിയ തന്റെ പുത്രന്റെ നേരെ അവിടുന്ന് അതിരൂക്ഷമായിതന്നെ പ്രതികരിച്ചു. ജീവിതത്തിലാദ്യമായി അവിടുന്ന് കുട്ടിയെ തല്ലുകയും ചെയ്തു. തന്റെ മുമ്പിൽനിന്ന് കുട്ടിയെ നീക്കുവാൻ ആജ്ഞാപിച്ചുകൊണ്ടു അവിടുന്ന് രോഷം പ്രകടിപ്പിക്കുകയായിരുന്നു. ഖുർആനെ അലക്ഷ്യമാക്കുന്ന രീതിയിൽ അതിനോട് കൽപിക്കേണ്ട അത്യാദരം അതിന്ന് നൽകാത്ത രീതിയിൽ പെരുമാറിയതിനെ പൊറുക്കുവാനോ അതിന്റെ നേരെ കണ്ണ് ചിമ്മുവാനോ മഹ്ദി ഇമാം തയ്യാറില്ലായിരുന്നു. മുബാറക്കിനെ തന്റെ "കരളിന്റെ കണ്ടം" (ജിഗർ കാ ടുക്ഡാ) ആയി ഒരു കവിതയിൽ വിശേഷിപ്പിക്കുകയും, ആ കുട്ടിയായിരിക്കണം താൻ സകല ആശകളും അർപ്പിച്ച 'മുസ്ലിഹ് മൗഊദ്' എന്ന വാഗ്ദത്തപുത്രനെന്ന് ഒരുഘട്ടത്തിൽ സങ്കൽപിക്കുകയും ചെയ്തിരുന്നിട്ടും ആ പൊന്നോമനമകന്റെ നേരെ, ആ കുട്ടി മനഃപ്പൂർവ്വമല്ലാതെ ചെയ്തുപോയ ഒരു തെറ്റിനാണ് രോഷപ്രകടനം ഉണ്ടായതെന്ന് ഓർക്കേണ്ടതാണ്. ഇത്തരമൊരു രോഷ

പ്രകടനം അവിടുത്തെ ഭാഗത്ത്നിന്ന് ജീവിതത്തിലൊരിക്കലും തങ്ങൾ കണ്ടിട്ടില്ലെന്ന് ആ സംഭവത്തിന്ന് സാക്ഷി നിന്നവർ പറഞ്ഞു. ഖുർആന്റെ നേരെ അറിഞ്ഞോ അറിയാതെയോ ഉള്ളയാതൊരു അനാദരവും വാഗ്ദത്ത മഹ്ദി ഇമാം സഹിക്കുമായിരുന്നില്ലെന്ന് ഈ സംഭവം തെളിയിച്ചുകാട്ടി.

കുട്ടികളുടെ മതവിദ്യാഭ്യാസകാര്യത്തിൽ അവിടുന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഖുർആൻ പഠനം തന്റെ മക്കൾ പൂർത്തിയാക്കിയപ്പോഴെല്ലാം അവിടുന്ന് അതിയായ ആഹ്ലാദം പ്രകടിപ്പിച്ചിരുന്നു. സാഹിബ്സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഒമ്പതാം വയസ്സിൽ ഖുർആൻ പഠനം പൂർത്തിയാക്കിയപ്പോൾ പ്രത്യേക ആഘോഷ പരിപാടി സംഘടിപ്പിച്ചു. സാഹിബ്സാദാമാരായ മിർസാ ബശീർ അഹ്മദ്, ശരീഫ് അഹ്മദ് എന്നിവരും സാഹിബ്സാദീ മുബാറക്ക ബീവിയും ഖുർആൻ പഠനം പൂർത്തിയാക്കിയപ്പോഴും പ്രത്യേക പരിപാടികളുണ്ടായിരുന്നു. 1897 ജൂൺ 7-ന് സാഹിബ് സാദാ മിർസാ മഹ്മൂദ് അഹ്മദിന്റെ ഖുർആൻപഠനപൂർത്തി വിളംബരം ചെയ്യാൻ സംഘടിപ്പിച്ച പരിപാടിയിൽ പുറത്തുള്ളവരെയും ക്ഷണിച്ചു. 'മഹ്മൂദ് കി ആമ്മീൻ' എന്ന പേരിൽ പ്രത്യേകം പദ്യം രചിച്ചുകൊണ്ടു വാഗ്ദത്ത മസീഹ് (അ) അല്ലാഹുവിന്ന് അപാരമായ സ്തുതി കീർത്തനങ്ങൾ ചൊരിഞ്ഞു. അപ്പോലെതന്നെ മറ്റുകുട്ടികളുടെ ഖുർആൻ പഠന പൂർത്തിയിലും വീട്ടിൽ ആഹ്ലാദ പ്രകടനങ്ങൾ ഉണ്ടായി. അതോടൊപ്പം പാവങ്ങൾക്കും ദരിദ്രജനങ്ങൾക്കും അന്നദാനങ്ങളും നടത്തപ്പെട്ടു.

1902 ഒക്ടോബർ ആദ്യത്തിൽ ഹസ്രത്ത് മർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്ന് പതിമൂന്ന് വയസ്സായിരുന്നപ്പോൾ കുട്ടിയുടെ നിക്കാഹ് നടത്തപ്പെട്ടു. ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബിന്റെ പുത്രി മഹ്മൂദാ ബീഗമായിരുന്നു വധു. ഡോക്ടർ സാഹിബ് തദവസരത്തിൽ യൂപിയിലെ റുഡ്കിയിൽ താമസിക്കുകയായിരുന്നു. ഹസ്രത്ത് ഹക്കീമുൽ ഉമ്മത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ ഏതാനും പേർ 1902 ഒക്ടോബർ 5-ന് വിവാഹ നിശ്ചയം നടത്തിയതിനു ശേഷം ഖാദിയാ

നിൽ തിരിച്ചെത്തി. 1000 രൂപയായിരുന്നു ഹബ് മഹർ. അടുത്ത കൊല്ലം ഒക്ടോബറിൽ (1903) ആയിരുന്നു 'റുഖ്സ്താന' അഥവാ വീടുകൂടൽ. ഡോക്ടർ റശീദുദ്ദീൻ സാഹിബ് ആഗ്ര മെഡിക്കൽ കോളേജിൽ പ്രഫസറായി ജോലിനോക്കുകയായിരുന്നപ്പോഴാണ് ഇത് നടന്നത്. മാതൃപിതാവ് ഹസ്രത്ത് മീർ നാസിർ നവാബ് സാഹിബ് വിവാഹപാർട്ടിയിൽ പങ്കെടുത്തിരുന്നു. എന്നാൽ വിവാഹത്തിന് വാഗ്ദത്ത മസീഹ് (അ) സന്നിഹിതനായിരുന്നില്ല. തന്റെ ഏറ്റവും ഇളയ പുത്രി അമത്തുൽ ഹഫീസ് ബീഗത്തിന്റെ വിവാഹം ഒഴിച്ച് മറ്റെല്ലാ മക്കളുടെയും വിവാഹ കർമ്മങ്ങളിൽ വാഗ്ദത്ത മസീഹ് പങ്കെടുത്തിട്ടുണ്ടായിരുന്നു.

1902 സപ്തംബർ 12-നു മിർസാ ബശീർ അഹ്മദ് സാഹിബിന്റെ നിക്കാഹ് നടന്നു. പശാവറിലെ സബ് റജിസ്ട്രാർ ആയിരുന്ന ഗുലാം ഹസൻ ഖാൻ സാഹിബിന്റെ പുത്രി സർവർ സുൽത്താനാ ആയിരുന്നു വധു. മൂന്നരക്കൊല്ലം കഴിഞ്ഞു മെയ് 10-നു ആയിരുന്നു 'റുഖ്സത്താന'. ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബ്, സയ്യിദ് സർവർഷാ സാഹിബ്, ഖാജാ കമാലുദ്ദീൻ സാഹിബ് തുടങ്ങിയവർ വരനോടൊപ്പം പിശാവറിലേയ്ക്ക് പോയി. 1906 മെയ് 16-നു വരനും പാർട്ടിയും ഖാദിയാനിൽ തിരിച്ചെത്തുകയും ചെയ്തു. 1906 നവംബർ 15-നു (ഹിജ്റ 1324 റമസാൻ 27 നു) ഹസ്രത്ത് സാഹിബ്സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ നിക്കാഹ് നടന്നു. മാലർകോട്ട്ലയിലെ നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ പുത്രി സൈനബ് ബീവിയായിരുന്നു വധു. 1000 രൂപയാണ് ഹബ് മഹർ ആയി നിശ്ചയിച്ചിരുന്നത്. ഹസ്രത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) നിക്കാഹ് ഖുതുബ നടത്തി. വാഗ്ദത്ത മസീഹിന്റെ ജീവകാലത്ത് തന്നെ വധുവിനെ ഭർത്ഗൃഹത്തിലേയ്ക്ക് കൂട്ടികൊണ്ടുവരാൻ സാധിച്ചിരുന്നില്ല. ചരമത്തിന്ന് ശേഷം 1909 മെയ് 9 നാണ് 'റുഖ്സ്താന' നടന്നത്. വളരെ ലളിതമായിരുന്നു വിവാഹചടങ്ങുകൾ.

തന്റെ ഏറ്റവും ഇളയ പുത്രൻ ഹസ്രത്ത് മിർസാ മുബാറക്ക് അഹ്മദിന്റെ നിക്കാഹ് തന്റെ ജീവിത കാലത്ത്തന്നെ നടത്തണമെന്ന് ഹസ്രത്ത് അഹ്മദ് (അ) ആഗ്രഹിച്ചു. ഡോ. അബ്ദു

സ്സത്താർ ശാഹ് സാഹിബിന്റെ പുത്രി മറിയം ബീഗമിനെയാണ് വധുവായി കണ്ടുവച്ചിരുന്നത്. 1907 ഓഗസ്റ്റ് 3-നു നിക്കാഹ് നടന്നു. എട്ടുവയസ്സായിരുന്നു തദവസരത്തിൽ പ്രായം. ഹസ്രത്ത് മൌലാനാ നൂറുദ്ദീൻ അവർകളാണ് നിക്കാഹ് കർമ്മം നടത്തിയത്. ഈ കുട്ടി വേഗം മരിച്ചുപോവുമെന്ന് തനിക്ക് 'ഇൽഹാം' ലഭിച്ചിരുന്നതായി ഹസ്രത്ത് അഹ്മദ് (അ) 'തിരിയാഖുൽ ഖുലൂബ്' എന്ന തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. 1907 സപ്തംബർ 16-നു മിർസാ മുബാറക്ക് അഹ്മദ് മരണപ്പെട്ടു. ഈ കുട്ടിയാവും താൻ പ്രതീക്ഷിച്ചുകൊണ്ടിരുന്ന വാഗ്ദത്തപുത്രൻ എന്ന് ഹസ്രത്ത് അഹ്മദ് (അ) ആദ്യത്തിൽ സംശയിച്ചിട്ടുണ്ടായിരുന്നു. അത് കാരണം മുബാറക്ക് അഹ്മദിന്റെ ചരമത്തിൽ ശത്രുക്കൾ ആഹ്ലാദ പ്രകടനം നടത്തുകയുണ്ടായി. മുബാറക്ക് അഹ്മദ് മരിച്ചപ്പോൾ മറിയം ബീഗം വളരെ ചെറുപ്പത്തിൽതന്നെ വിധവയായിത്തീർന്നു. ഈ പെൺകുട്ടിയുടെ കാര്യത്തിൽ ഹസ്രത്ത് അഹ്മദ് (അ) പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നതിനാൽ, തന്റെ കുടുംബത്തിൽതന്നെ വിവാഹം ഏർപ്പെടുത്തണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. തങ്ങളുടെ കുട്ടികളിൽ ആരെങ്കിലും വിവാഹം ചെയ്യണമെന്ന് സൂചിപ്പിക്കുകയും ചെയ്തിരുന്നു. അധികവും ഈ ആഗ്രഹത്തെ മുൻനിർത്തിതന്നെ ഈ വിധവാബാലികയെ ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ) പിന്നീട് വിവാഹം ചെയ്യുകയാണുണ്ടായത്. ഹസ്രത്ത് മുസ്ലിഹ് മൗഊദ് (റ) ന്ന് ഈ വിവാഹത്തിൽ ഹസ്രത്ത് മറിയം ബീഗത്തിലുണ്ടായ സന്താനമാണ് പ്രഭാവശാലിയായ നാലാം ഖലീഫ ഹസ്രത്ത് മിർസാ താഹിർ അഹ്മദ് (അയ്യദുല്ലാഹു ബിനസ്രിഹിൽ അസീസ്).

മക്കളുടെ വിവാഹകാര്യം ആലോചനക്ക് വന്നപ്പോഴെല്ലാം തന്നെ ഏതെങ്കിലും പെൺകുട്ടിയുടെ പ്രായം ആൺകുട്ടിയുടെ വയസ്സിന് തൊട്ടടുത്താണെന്ന് കണ്ടാലും അത് സാരമില്ലെന്ന് അവിടുന്ന് പറയുമായിരുന്നു. സ്ത്രീ വേഗം വാർദ്ധക്യം പ്രാപിക്കുന്നുവെന്നും പുരുഷന്ന് അത് ആശങ്ക ഉളവാക്കുമെന്നും ചൂണ്ടിക്കാണിച്ചാൽ പുരുഷന് വേണമെങ്കിൽ പിന്നീട് വേറെ

വിവാഹം കഴിച്ചുകൊള്ളാമെന്ന് പറയുമായിരുന്നു. (സീറത്തുൽ മഹ്ദീ, 2, പു. 62-63)

പുത്രി മുബാറക്ക ബീഗമിന് പതിനൊന്ന് വയസ്സായിരുന്നപ്പോൾ മാല്ർകോട്ട്ലയിലെ നവാബ് മുഹമ്മദലി ഖാൻ സാഹിബുമായി ഹസ്രത്ത് സാഹിബ് തന്നെ നിക്കാഹ് നടത്തിച്ചു. മഹർ തുക 56,000 രൂപയായിരുന്നു നിശ്ചയിച്ചത്. ഇത് തന്റെ രണ്ട് കൊല്ലത്തെ വരുമാനമാണെന്ന് നവാബ് സാഹിബ് തന്റെ പത്നിയോട് പറയുകയുണ്ടായി. അത് റജിസ്ട്രറിൽ രേഖപ്പെടുത്തുകയും കൂറേപേരുടെ സാക്ഷ്യം വാങ്ങിക്കുകയും ചെയ്തിരുന്നു. 1908 ഫിബ്രവരി 17-നു ശനിയാഴ്ച വിവാഹം നടന്നു. നവാബ് സാഹിബിന്റെ രണ്ടാം വിവാഹമായിരുന്നു ഇത്. ആദ്യ ഭാര്യയിൽ കുട്ടികൾ ഉണ്ടായിരുന്നു. മുബാറക്ക ബീവി ചെറുപ്പമായിരുന്നപ്പോൾ വാഗ്ദത്ത മസീഹിന്ന് "നവാബ് മുബാറക്കാ ബീഗം" എന്നൊരു വെളിപാടുണ്ടായി (1901). *അപ്പോൾ നവാബ് സാഹിബിന്റെ ആദ്യഭാര്യ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു!

വാഗ്ദത്ത മസീഹിന്റെ ഏറ്റവും ഇളയ മകൾ അമത്തുൽ ഹഫീസ് ബീഗത്തിന്റെ വിവാഹം അവിടുത്തെ ചരമത്തിന്ന് ശേഷമാണ് നടന്നത്. ഖാൻ മുഹമ്മദ് അബ്ദുല്ലാഹ് ഖാൻ സാഹിബാണ് അവരെ വിവാഹം ചെയ്തിരുന്നത്. 15,000 രൂപയായിരുന്നു മഹർ. മഹർ അധികവും ഭർത്താവിന്റെയോ ഭാര്യയുടെയോ നിലക്ക് അനുസരിച്ചാണ് നിശ്ചയിച്ചുപോന്നത്. നവാബ് മുഹമ്മദലിഖാൻ സാഹിബിന്റെ സ്വത്തുക്കൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നേരിട്ട് കീഴിലുള്ള സ്ഥലത്തായിരുന്നില്ല. മറിച്ച്, നാട്ടരാജ്യത്തിലായിരുന്നു. അത് കൊണ്ടാണ് മഹർ കാര്യത്തിൽ സ്വത്തുക്കളെ സംബന്ധിച്ചെടത്തോളം കേസ്കൾക്ക് പിന്നീട് വഴിവെച്ചേക്കുമോ എന്ന് ഭയപ്പെട്ടിരുന്നതിനാൽ രജിസ്ട്ര് ചെയ്തതും കൂടുതൽ പേരുടെ സാക്ഷ്യങ്ങൾ ആവശ്യമായിത്തീർന്നതും. (സീറത്തുൽ മഹ്ദി.)

---

* Revelation : I received a revelation about my daughter Mubaraka : "Nawab Mubaraka Begum" (Al hakam Vol. V, No. 44. Nov. 30, 1901, Tadkirah Eng. p. 238)

71 – ഉമ്മഹാത്തുൽ മൂമിനീൻ

ഇസ്‌ലാംമതം ഉപേക്ഷിച്ചു കൃസ്തുമതവിശ്വാസിയായി മാറിയ ഡോ. അഹ്മദ്ഷാ ഷെയ്ക്ക് എന്നൊരാൾ 1897 ൽ നബി (സ) തിരുമേനിയുടെ പത്നിമാരെ അവഹേളിച്ചുകൊണ്ട് 'ഉമ്മ ഹാത്തുൽ മുഅ്മിനീൻ' (സത്യവിശ്വാസികളുടെ മാതാക്കൾ) എന്ന പേരിൽ ഒരു ക്ഷുദ്രകൃതി രചിച്ചു. ഇയാൾ ലദാഖിലെ മെഡിക്കൽ ആഫീസറായിരുന്നു. ഗുജ്റാൻ വാലയിലെ ആർ.പി. മിഷൻ പ്രസ്സിൽ നിന്നും അച്ചടിച്ച ഈ കൃതി പുരുഷോത്തം ദാസ് എന്ന ക്രിസ്ത്യാനിയാണ് പ്രസിദ്ധീകരിച്ചത്. ആയിരം പ്രതികൾ മുസ്‌ലിംകൾക്കിടയിൽ സൗജന്യമായി വിതരണം ചെയ്യുന്നതിന്ന് നീക്കിവച്ചിരുന്നു. വാഗ്ദത്തമസീഹിന് അതിന്റെ ഒരു പ്രതി ലഭിച്ചു. ഈ ക്ഷുദ്രകൃതി മുസ്‌ലിം ഹൃദയങ്ങളിൽ കടുത്ത നൊമ്പരം ഏൽപിച്ചു. തിരുനബിയുടെ ധർമ്മദാരങ്ങളെ ഏറ്റവും ഹീനമായ തരത്തിൽ ചിത്രീകരിച്ചുകൊണ്ടുള്ള ഈ ക്ഷുദ്രകൃതി രാജ്യത്തെ സമാധാനാന്തരീക്ഷത്തെ അപകടപ്പെടുത്തുമെന്നും മുസ്‌ലിം ജനസാമാന്യത്തിന്റെ വികാരങ്ങൾക്ക് മുറിവേൽപിച്ചിരിക്കുകയാണെന്നും കണ്ട വാഗ്ദത്ത മസീഹ് (അ) അത്യന്തം വ്യാകുലചിത്തനായി. ഇത് സംബന്ധിച്ച് 'ഫരിയാദെ ദർദ്' (വേദനയുടെ വിലാപം) എന്ന പേരിൽ ഒരു ലഘുകൃതി അവിടുന്ന് രചിക്കുകയുണ്ടായി. പരിശുദ്ധരിൽ പരിശുദ്ധനും ഖാത്തമുന്നബീയ്യിനുമായ നമ്മുടെ നബി നായകർ (സ) തിരുമേനിയെയും പത്നിമാരെയും ഹീനവും മര്യാദ കെട്ടതുമായ ഭാഷയിലും നീചമായ രീതിയിലും ആക്ഷേപിച്ചുകൊണ്ട് ഈ കൃതിയുടെ കർത്താക്കൾ പഞ്ചാബിലും മറ്റ് സംസ്ഥാനങ്ങളിലുമുള്ള ആറ് കോടിയോളം വരുന്ന മുസ്‌ലിം പൗരാവലിയുടെ ഹൃദയങ്ങളിൽ തീ കോരിയിട്ടിരിക്കയാണെന്ന് അതിൽ പറഞ്ഞു. ലജ്ജാവഹങ്ങളായ ആരോപണങ്ങളും മറ്റു കെട്ടുകഥകളും നിറഞ്ഞ ഈ കൃതി നമ്മുടെ ഭാവി തലമുറകളിൽ ദുഷ്ട ഫലങ്ങൾ ഉളവാക്കുവാൻ പര്യാപ്തമായിട്ടുള്ളതാണ്. ഈ പുസ്തകം കണ്ടുകെട്ടണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ലാഹൗറിലെ 'അഞ്ചുമൻ ഹിമായത്തുൽ ഇസ്‌ലാം' എന്ന മുസ്‌ലിം സംഘടന ഗവൺമെന്റിലെയ്ക്ക് ഒരു നിവേദനം സമർപ്പിച്ചു. എന്നാൽ, അഞ്ചുമന്റെ ഈ നീക്കത്തോട് വാഗ്ദത്ത

മസീഹ് (അ) യോജിച്ചില്ല. പുസ്തകത്തിന്ന് യുക്തി യുക്തമായ ഒരു മറുപടി എഴുതി പ്രസിദ്ധപ്പെടുത്തണമെന്നും അതിനിടയിൽ മുസ്ലിം ബഹുജനം തികഞ്ഞ സഹനം കൈകൊള്ളണമെന്നും അവിടുന്ന് നിർദ്ദേശിച്ചു. പുസ്തകം നേരത്തെ തന്നെ വളരെ മോശമായ പ്രതികരണം ജനങ്ങളിൽ സൃഷ്ടിച്ചുകഴിഞ്ഞിരിക്കെ അത് കണ്ട്കെട്ടുന്നത്കൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ലെന്നും ഇസ്ലാമിന്റെ ബലഹീനതയെ സമ്മതിച്ചുകൊടുക്കുന്ന ഒരു നീക്കമാവും അതെന്നും വാഗ്ദത്ത മസീഹ് (അ) ചൂണ്ടിക്കാട്ടി. ഇസ്ലാമിന്റെ രക്ഷക്ക് വേണ്ടി പൊരുതാൻ ഇറങ്ങിപ്പുറപ്പെട്ടവരെന്ന നിലയിൽ മുസ്ലിംകളിൽനിന്ന് ലക്ഷക്കണക്കിന് രൂപ സംഭരിച്ച് പ്രവർത്തിച്ച് വരുന്ന സംഘടനകൾ കഴിഞ്ഞ അറുപത് കൊല്ലക്കാലമായി കൃസ്ത്യാനികളുടെയും ആര്യസമാജികളുടെയും ആക്രമണങ്ങളെ നോക്കി നിൽക്കുകയായിരുന്നു. ഈ ആക്രമണങ്ങളെയെല്ലാം യുക്തമായി നേരിടുന്നതിന്ന് പകരം സർക്കാറിലെയ്ക്ക് മെമ്മോറാണ്ടം സമർപ്പിച്ച് തൃപതിപ്പെടുകയാണിവർ. ഈ ക്ഷുദ്രകൃതികൾ രചിച്ച ഒരാളെ ശിക്ഷിച്ചത് കൊണ്ട് ഏതും പ്രയോജനമില്ല. ആക്ഷേപങ്ങൾ അതേപടി നിലനിൽക്കുകയും മുസ്ലിം ഹൃദയങ്ങളിൽ വ്രണങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും സാമാന്യജനങ്ങളിൽ ഇസ്ലാമിനെ കുറിച്ചും തിരുനബിയെ കുറിച്ചുമുള്ള മോശപ്പെട്ട ധാരണകൾ നിലനിൽക്കുകയും ചെയ്യും.

അഞ്ചുമൻ ഹിമായത്തുൽ ഇസ്ലാമിന്റെ മെമ്മോറാണ്ടത്തിന്ന് സംസ്ഥാന ഗവർമെന്റിൽ നിന്നും ലഭിച്ച മറുപടി നിഷേധപരവും നിരാശാ ജനകവും ആയിരുന്നു. സെഡിഷൻ നിയമം ബലത്തിൽ വരുന്നതിന്ന് മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടതാകയാൽ സർക്കാരിന്ന് നിയമപരമായ യാതൊരു നടപടിയും സ്വീകരിക്കാനാവില്ലെന്നാണ് പഞ്ചാബ് ചീഫ് സിക്രട്ടറിയിൽ നിന്നും ലഭിച്ച മറുപടിയിൽ പറഞ്ഞിരുന്നത്.

ഇത്തരം കൃതികൾ പ്രസിദ്ധപ്പെടുത്തുന്നതിനെ തടയുന്നതും, മതപരമായ സംവാദങ്ങൾ മാന്യമായ തരത്തിലും പ്രതിപക്ഷ ബഹുമാനം പുലർത്തികൊണ്ടും പൊതു സമാധാനത്തിന്ന്

ഭംഗംവരുത്താത്ത വിധത്തിലും സത്യാന്വേഷണ പരമായി മാത്രം നിർവഹിക്കണമെന്ന് നിഷ്കർഷിക്കുന്നതും ആയ ഒരു നിയമ നിർമ്മാണത്തെ താൻ അനുകൂലിക്കുമെന്നും ഇതിന്നായി ഗവർമെന്റിലെയ്ക്ക് മെമ്മോറാണ്ടം നൽകുന്നതിന് കൂട്ടായ നീക്കം ആവശ്യമാണെന്നും വാഗ്ദത്തമസീഹ് (അ) നിർദ്ദേശിക്കുകയുണ്ടായി.

1898 സപ്തംബർ 22–നു ഇന്ത്യാ വൈസ്രോയി എൽജിൻ പ്രഭുവിന് അവിടുന്ന് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ഇത് ഇംഗ്ലീഷിൽ തയാറാക്കി അച്ചടിച്ചു വിതരണം ചെയ്തിരുന്നു. മതപരമായ തർക്കവിതർക്കങ്ങൾ നാട്ടിലെ സാമാധാന അന്തരീക്ഷത്തെ അപകടപ്പെടുത്തുകയും ജനങ്ങളെ പ്രക്ഷുബ്ധരാക്കുകയും ചെയ്യുന്നതരത്തിലുള്ളതാകയാൽ സത്യാന്വേഷണ പരമായ സംവാദങ്ങളെ പ്രോൽസാഹിപ്പിക്കുംവിധം നിയന്ത്രണങ്ങളുണ്ടാക്കുകയും നിയമപരമായ കടിഞ്ഞാണിടുകയും ചെയ്യേണ്ടതുണ്ടെന്നും അവിടുന്ന് നിർദ്ദേശിച്ചു. മതപരമായ സംവാദങ്ങളിൽ ദുർഭാഷണങ്ങളും നീചശകാരങ്ങളും ശിക്ഷാർഹമാക്കുന്ന നിയമങ്ങൾ അതിൽ ഉൾപെടുത്തേണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.*

എതിർ പ്രസ്ഥാനങ്ങളെ അന്യായമായി ആക്ഷേപിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നതോടൊപ്പം തന്താങ്ങളുടെ മത വിശ്വാസത്തെ സത്യസന്ധമായി ഉയർത്തിക്കാട്ടുന്നതിനുള്ള സ്വാതന്ത്ര്യം നിലനിർത്തേണ്ടതാണെന്നും വാഗ്ദത്തമസീഹ് ഊന്നിപ്പറഞ്ഞു. ഓരോ മതത്തിന്റെയും വക്താവ് തന്താങ്ങളുടെ അംഗീകരിക്കപ്പെട്ട അടിസ്ഥാന പ്രമാണങ്ങളിൽ ഊന്നി നിൽക്കുകയും അതാതു മതത്തിന്റെ പ്രമാണഗ്രന്ഥങ്ങളിൽനിന്നു മാത്രം മതതത്ത്വങ്ങളെ ഉയർത്തിക്കാട്ടുകയും വേണം. അതല്ലാതെ, ഏതെങ്കിലും മതത്തെ കുറിച്ചുള്ള അടിസ്ഥാനരഹിതങ്ങളായ

* .....If the Govt. does not approve of either of the methods suggested above, it may add a proviso to sec. 153 A of I.P.C that in religious controversies contraversialists should not bring forward unwarrantable and unjustifiable objections against their opponent religions - (Review of Religions. Vol. 5. p. 203)

ആരോപണങ്ങളുടെയും ആക്ഷേപങ്ങളുടെയും ബലത്തിൽ മത വിമർശനം നടത്തുന്നതിനെ നിയന്ത്രിക്കാതിരുന്നാൽ കുഴപ്പങ്ങളുണ്ടാകും. ഓരോ മതത്തിന്റെയും അടിസ്ഥാന മതഗ്രന്ഥങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കുകയും അവയിൽ ഉൾപെട്ടിട്ടില്ലാത്ത കാര്യങ്ങളെ പറ്റി ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിനെ തടയുകയും വേണ്ടതാണ്. ആക്ഷേപങ്ങൾ വെറും ഊഹങ്ങളെയും അസത്യ നിവേദനങ്ങളെയും മതസ്ഥാപകർ അംഗീകരിച്ചിട്ടില്ലാത്ത കാര്യങ്ങളെയും അടിസ്ഥാനമാക്കിയാകുമ്പോൾ അത് പരസ്പരശത്രുതയും പകയും ശക്തിപ്പെടുത്താനല്ലാതെ ആത്മാർത്ഥമായ സത്യാന്വേഷണ നീക്കങ്ങൾക്ക് സഹായകമായിരിക്കയില്ല.

മെമ്മോറാണ്ടത്തിൽ പറഞ്ഞ രീതികൾ അവലംബിക്കുന്ന പക്ഷം ക്രിസ്ത്യാനികൾക്കോ ആര്യസമാജക്കാർക്കോ ഇസ്ലാമിന്റെ നേരെ അന്യായമായ ആരോപണങ്ങൾ ഉന്നയിക്കാൻ ആവില്ലെന്ന് മാത്രമല്ല, മുസ്ലിംകൾക്ക്, ഇതരമതക്കാരോട് അവരുടെ മതങ്ങളുടെ അടിസ്ഥാന പ്രമാണഗ്രന്ഥങ്ങളെ മാത്രം ആസ്പദമാക്കി സംവാദം നടത്താനും കഴിയും. തോന്നിയ പോലെ ആക്ഷേപങ്ങൾ പുറപ്പെടുവിക്കാൻ മുസ്ലിംകൾക്കും സാധിക്കാതെ വരുന്നതാണ്. ഇതര മതക്കാരോട് അവരുടെ മതങ്ങളുടെ അംഗീകൃത പ്രമാണ ഗ്രന്ഥങ്ങളെ മാത്രം മുൻനിർത്തി സംവാദം നടത്താനും മുസ്ലിംകൾക്ക് കഴിയുമാറാകും. മുസ്ലിംകൾക്ക് ഖുർആൻ പാഠങ്ങളെ മാത്രം ആശ്രയിക്കാവുന്നതുമാണ്. 'ഇസ്ലാംമത തത്ത്വജ്ഞാനം' (Philosophy of the Teachings of Islam) എന്ന ഗ്രന്ഥം മുഖേന ഏതാദൃശമായ ഒരു പ്രബോധന മാതൃക വാഗ്ദത്ത മസീഹ് (അ) പ്രദാനം ചെയ്തിട്ടുണ്ടല്ലോ!

1899 സപ്തംബർ 27-നു ഇന്ത്യാ ഗവൺമെന്റിനു ഹസ്രത്ത് അഹ്മദ് (അ) സമർപ്പിച്ച മറ്റൊരു നിവേദനത്തിൽ സത്യമതത്തെ തിരിച്ചറിയുന്നതിനുള്ള വ്യക്തമായ മാർഗ്ഗം ജനങ്ങളുടെ മുമ്പിൽ തുറന്നുകാട്ടുന്നതിന്നും ഓരോ മതത്തിന്റെയും അടിസ്ഥാന പാഠങ്ങൾ അതാത് മതത്തിന്റെ പുണ്യഗ്രന്ഥങ്ങളിൽ നിന്ന്തന്നെ ഉദ്ധരിച്ചുകാട്ടുന്നതിന്നുമുള്ള വേദിയൊരുക്കുന്നതിന്നായി ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു സർവ്വമതസമ്മേളനം വിളിച്ചുകൂട്ടണമെന്ന് ഹസ്രത്ത് അഹ്മദ് (അ) നിർദ്ദേശിച്ചു. ഈ

സമ്മേളനത്തിൽ വിവിധമതങ്ങളുടെ പ്രതിനിധികൾ താന്താങ്ങളുടെ മതത്തിന്റെ ഉൽകൃഷ്ടപാഠങ്ങൾ പ്രമാണസഹിതം അവതരിപ്പിക്കുന്നതിനോടൊപ്പം ആ മതപ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്നത് മുഖേന ലഭ്യമാകുന്ന ശ്രേഷ്ഠലക്ഷ്യങ്ങൾ വിവരിക്കുകയും ആ ലക്ഷ്യപ്രാപ്തി ഉദാഹരണസഹിതം തെളിയിച്ചു കാട്ടുകയും ചെയ്യേണ്ടതാണ്. അങ്ങിനെ ഒരു മതം അവലംബിക്കുന്നത് മുഖേന തദനുയായികൾക്ക് കൈവരുന്ന അനുഗ്രഹ ലബ്ധി എന്താണെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുമാറാകണം. ഉദാഹരണമായി ഒരു ധർമ്മമാർഗം അനുസരിക്കുന്നത് കൊണ്ട് ദൈവഭാഷണം സാധ്യമായിത്തീരുന്നുവെങ്കിൽ ദൈവഭാഷണത്തിൽ അധിഷ്ഠിതവും ദൈവജ്ഞാനം വെളിപ്പെടുത്തുന്നതുമായ പ്രവചനങ്ങൾ നിശ്ചിത കാലത്തിന്നുള്ളിൽ പൂർത്തിയാകുന്ന വിധം മുൻകൂട്ടി പരസ്യപ്പെടുത്തുകയും വേണ്ടതാണ്. ഇപ്രകാരം സത്യപരീക്ഷണത്തിന് പിന്തുണ നൽകുന്നതിനോടൊപ്പം സത്യാത്മാക്കളായ മതാചാര്യൻമാരോടുള്ള ബഹുമാനം ജനഹൃദയങ്ങളിൽ ഉറപ്പിക്കാൻ സഹായിക്കുന്നതും അത് സമാധാനത്തിലെയ്ക്ക് വഴി തെളിയിക്കുന്നതുമാണ്.

72 – ഒരു ബഹായി പ്രചാരകൻ

ബഹായി പ്രസ്ഥാനത്തിന്റെ പ്രചാരകനായിരുന്ന മിർസാ മഹമൂദ് സർഖാനി എന്നൊരു ഈറാൻകാരൻ 1904 ആഗസ്റ്റ് ഒടുവിൽ ലാഹൗർ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഹസ്രത്ത് അഹ്മദുൽ മസീഹുമായി സംവാദം നടത്തുന്നതിന്ന് ആഗ്രഹം പ്രകടിപ്പിച്ചു.

ഹസ്രത്ത് അഹ്മദ് (അ) 'ലക്ചർ ലാഹൗർ' എന്ന പുസ്തകത്തിന്റെ പുറം ചട്ടയിൽ ഇപ്രകാരം എഴുതി:

"ഇന്നത്തെ 'പൈസ അഖ്ബാർ' പത്രം (1904 ആഗസ്റ്റ് 27) വായിച്ചപ്പോൾ ഹക്കീം മിർസാ മഹമൂദ് എന്നുപേരായ ഒരു ഈറാനി ലാഹൗറിൽ താമസിച്ചുവരുന്നതായും അദ്ദേഹം ഒരു മസീഹ് വാദിയെ പിൻതാങ്ങുന്ന ആളാണെന്നും ഞാനുമായി ഒരു സംവാദം നടത്തുവാൻ ആഗ്രഹിക്കുന്നുവെന്നും അറിവായി.

എനിയ്ക്ക് അദ്ദേഹത്തിന്റെ അഭ്യർത്ഥന സ്വീകരിക്കാൻ തീരെ സൗകര്യമില്ലെന്ന് അറിയിക്കേണ്ടിവന്നതിൽ ഖേദിക്കുന്നു. നാളെ ശനിയാഴ്ച സമ്മേളനദിവസമാണ്. അതിൽ എനിയ്ക്ക് വലിയ തിരക്കായിരിക്കും. ഞായറാഴ്ച രാവിലെ, കോടതിയിൽ ഇരിക്കുന്ന ഒരു കേസ്സിന്റെ ആവശ്യാർത്ഥം ഗുർദാസ്പൂരിലേയ്ക്ക് യാത്ര പോകേണ്ടത് വളരെ ആവശ്യമാണ്. ഞാൻ കഴിഞ്ഞ പന്ത്രണ്ടു ദിവസമായി ലാഹൗറിൽതന്നെ താമസിക്കുന്നുണ്ടായിരുന്നു. ഈ ദിവസങ്ങൾ അത്രയും ആരും ഇത്തരം ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചില്ല. ഒടുവിലിപ്പോൾ ഞാൻ പുറപ്പെടാറായ അവസരത്തിൽ, മറ്റൊരു കാര്യത്തിലും തലയിടാൻ ഒരു മിനിട്ടുപോലും ഒഴിവില്ലാതിരിക്കെ, ഈ അസമയത്ത് ഇത്തരമൊരു അഭ്യർത്ഥനയുടെ അർത്ഥവും ഉദ്ദേശ്യവും എന്താണെന്ന് എനിയ്ക്ക് മനസ്സിലാകുന്നില്ല. എങ്കിലും ഹക്കീം മിർസാ മഹമൂദ് സാഹിബിന്ന് സമാശ്വാസമെന്നോണം ഞാനൊരു വഴി പറഞ്ഞുതരാം. നാളെ സപ്തംബർ മൂന്നിനുള്ള സമ്മേളനത്തിൽ അവതരിപ്പിക്കുന്ന എന്റെ ഉപന്യാസം പൂർണ്ണമായും 'പൈസ അഖ്ബാർ' അതിന്റെ ഉപപത്രികയായി പ്രസിദ്ധപ്പെടുത്താമെന്ന് അതിന്റെ എഡിറ്റർ സമ്മതിച്ചിട്ടുണ്ട്. ഈ ഉപന്യാസത്തിന്നുള്ള ഖണ്ഡന വിമർശനമെന്നോണം ഹക്കീം സാഹിബ് തന്റെ ഉപന്യാസം തയ്യാറാക്കി പത്രത്തിൽ പ്രസിദ്ധീകരിപ്പിക്കട്ടെ. അപ്പോൾ ബഹുജനങ്ങൾക്ക് ഈ രണ്ട് പ്രബന്ധങ്ങളും വായിച്ച് ഏതാണ് സന്മാർഗത്തിലും സത്യത്തിലും അധിഷ്ഠിതമെന്നും ആരുടേതാണ് ആപദവിയിൽനിന്ന് താണു നിൽക്കുന്നതെന്നും തീരുമാനിക്കാനും അഭിപ്രായം രൂപീകരിക്കുവാനും കഴിയുമാറാകും. എന്റെ പക്കൽ ഈ രീതി ഇക്കാലത്ത് നടക്കുന്ന അധികമായ വാദപ്രതിവാദങ്ങളിലും കാണപ്പെടുന്ന ദോഷബാധകളിൽനിന്നെല്ലാം സുരക്ഷിതമായിരിക്കും. ഈ രീതി ഹക്കീം സാഹിബിനെ ഒരു വിധത്തിലും ദോഷകരമായി ബാധിക്കയുമില്ല. അദ്ദേഹത്തെ സംബന്ധിച്ച വ്യക്തിപരമായ പരാമർശങ്ങളും ഉണ്ടാവുകയില്ലല്ലോ. ആകയാൽ ഇത്തരമൊരു നിബന്ധം വാദപ്രതിവാദങ്ങളിൽ ചിലപ്പോഴെല്ലാം പ്രകടമായിത്തീരുന്ന അനഭിലഷണീയതകൾ ഒഴിഞ്ഞുകിട്ടാൻ സഹായകമായിരിക്കുകയും ചെയ്യും."

മിർസാ മഹമൂദ് സർഖാനി ഇതിന്നുശേഷം പൈസാ അഖ്ബാറിൽ മറുലേഖനം പ്രസിദ്ധപ്പെടുത്തിയെങ്കിലും അത് ഹസ്രത്ത് അഹ്മദ് (അ) ന്റെ വാദമുഖങ്ങളെ ഖണ്ഡിക്കുന്നതായിരുന്നില്ല. ബഹാഉല്ലയുടെ വാദങ്ങളെ കുറിച്ച് അതിൽ പ്രതിപാദിക്കുകയും ചെയ്തിരുന്നില്ല. ചുരുക്കത്തിൽ, അത് ആരുടെയും ശ്രദ്ധയാകർഷിക്കാതെ കടന്നുപോയി.

മിർസാ മഹമൂദ് സർഖാനി പിന്നീട് ഇന്ത്യയിൽ പല നഗരങ്ങളിലും യാത്ര നടത്തുകയുണ്ടായി. ദില്ലിയിൽ ഹസ്രത്ത് അഹ്മദിന്റെ ഒരു ശിഷ്യനും വിശ്രുതപത്രപ്രവർത്തകനുമായിരുന്ന മീർ കാസിം അലീസാഹിബ് ഒരു വാദപ്രതിവാദത്തിന്ന് അദ്ദേഹത്തെ ക്ഷണിച്ചുവെങ്കിലും പല പ്രധാനികളും വാദപ്രതിവാദം നടന്നുകാണാനാഗ്രഹിച്ചുകൊണ്ട് സഹായസൗകര്യങ്ങളെല്ലാം വാഗ്ദാനം ചെയ്തിരുന്നിട്ടും ഈ ബഹായീ പ്രചാരകൻ അതിനൊരുങ്ങാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തത്.

ഹസ്രത്ത് അഹ്മദ് (അ) താൻ വാഗ്ദത്ത മസീഹ് ആണ് എന്ന് അസന്ദിഗ്ധമായ ഭാഷയിൽ വാദിച്ച ആളായിരുന്നു. താൻ സത്യമാസീഹാണെന്നു ഉത്ഘോഷിച്ച ഹസ്രത്ത് അഹ്മദ് (അ) തനിക്കെതിരെ മസീഹ് വാദം പുറപ്പെടുവിച്ചതായി അറിവിൽപെട്ടവരെയെല്ലാം ദിവ്യസമരം നടത്തുന്നതിന്ന് മുന്നോട്ട്വരാൻ ആഹ്വാനം ചെയ്തിട്ടുമുണ്ടായിരുന്നു. കാലഘട്ടത്തിന്റെ സത്യമസീഹ് താൻമാത്രമാണെന്നും, താൻ വെളിപ്പെട്ട കാലഘട്ടം വാഗ്ദത്ത മസീഹ് വെളിപ്പെടേണ്ട കാലഘട്ടം തന്നെയാണെന്നും ശക്തിയുക്തം ഘോഷിക്കുകയുമുണ്ടായി. 'നുസുലുൽ മസീഹ്' എന്ന ഗ്രന്ഥത്തിൽ ചേർത്ത ഒരു പദ്യത്തിൽ ഇപ്രകാരം പാടി:

വഖ്ത്ത് ത്ഥാ വഖ്ത്തെ മസീഹാ
ന കിസീ ഔർ കാ വഖ്ത്ത്
മൈ ന ആത്താ തോ കോയീ
ഔർ ഹീ ആയാ ഹോത്താ.

(കാലം ഇതു മസീഹിന്റെ കാലം തന്നെയായിരുന്നു. ഞാൻ വന്നില്ലായിരുന്നെങ്കിൽ മറ്റാരെങ്കിലും വന്നിരിക്കുമായിരുന്നു).

ഈ കാലഘട്ടത്തിൽ താനല്ലാതെ മറ്റാരുംതന്നെ മസീഹ് വാദം പുറപ്പെടുവിച്ചിട്ടില്ലെന്ന് 'നിശാനെ ആസ്മാനി' എന്ന കൃതിയിലും ഖണ്ഡനഭയമെന്യേ പ്രസ്താവിച്ചിരുന്നു. കഴിഞ്ഞ പതിമൂന്നു നൂറ്റാണ്ടുകൾക്കിടയിൽ ഈയുള്ളവനല്ലാതെ മറ്റാരുംതന്നെ വാഗ്ദത്തം ചെയ്യപ്പെട്ട ഈസാ താനാണെന്ന വാദം പുറപ്പെടുവിച്ചിട്ടില്ല എന്ന് 'നിശാനെ ആസ്മാനി'യിൽതന്നെ മറ്റൊരിടത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. 'ഇസാലയെ ഔഹാം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞു: "വാഗ്ദത്ത മസീഹ് അവതരിക്കേണ്ട തക്ക സമയത്ത് തന്നെയാണ് ഞാൻ വന്നിട്ടുള്ളത്..... മസീഹ് പ്രത്യക്ഷനാകേണ്ട ഈ കാലഘട്ടത്തിൽ ഈ വിനീതനല്ലാതെ മറ്റാരും തന്നെ താൻ വാഗ്ദത്തമസീഹാണെന്ന വാദം പുറപ്പെടുവിച്ചിട്ടില്ല".

മിർസാ ഹുസൈൻ അലി ബഹാഉല്ല മസീഹ് വാദം പുറപ്പെടുവിച്ചിരുന്നില്ലെങ്കിലും അദ്ദേഹം അപ്രകാരം വാദിച്ചതായി ബഹായികൾ ഘോഷിക്കുകയും അദ്ദേഹത്തെ മസീഹ് വാദിയായികൊണ്ടാടുകയും ചെയ്യാറുണ്ട്. ബഹാവുല്ലക്ക് അങ്ങനെ ഒരു വാദമുണ്ടായിരുന്നില്ലെന്നതാണ് സത്യവസ്തുത. അദ്ദേഹം ദൈവ വാദം പുറപ്പെടുവിച്ച ആളായിരുന്നു. ഇത് ബഹായി സാഹിത്യവുമായി ബന്ധമുള്ളവർക്കും ബഹാവുല്ലയുടെ വാദങ്ങൾ അടിസ്ഥാനപരമായി പഠിച്ചിട്ടുള്ളവർക്കും അറിവുള്ളതാണ്. എങ്കിലും ബഹാഉല്ലയെ മസീഹ് വാദിയായി ഉയർത്തിക്കാട്ടാൻ ബഹായികൾ ചിലപ്പോൾ ശ്രമിക്കുന്നു. പ്രവാചകൻമാർക്കും അതീതമായുള്ള ഒരു സ്ഥാനത്ത് അവർ അദ്ദേഹത്തെ പ്രതിഷ്ഠിക്കുന്നു എന്നതാണ് നേര്. പ്രവാചകൻമാരെ അയക്കുന്നതും അയച്ചു പോന്നതും മസീഹിനെ നിയോഗിക്കുന്നതുമെല്ലാം ബഹാഉല്ല എന്ന ദൈവം ആണെന്നത്രെ അവരുടെ വിശ്വാസം. പ്രവാചകൻമാർ പ്രത്യക്ഷപ്പെടുന്ന കാലം കഴിഞ്ഞതിനാൽ ഇനി ദൈവംതന്നെയാണ് ഇറങ്ങിവരേണ്ടത്. ഇത് ദൈവത്തിന്റെ കാലം (യൗമുല്ലാഹ്) ആണ്!

ദൈവവാദം നടത്തുന്ന ഒരാൾക്ക് തന്റെ മാനുഷിക ഭാവം മാറ്റിവെക്കാനാവില്ലല്ലോ! അത്കൊണ്ട് മനുഷ്യനായിരിക്കെ

ദൈവമാണെന്ന് വാദിക്കുന്ന ആൾ ആ വാദത്തെ നിഷേധിക്കാൻ ഒരുങ്ങുമ്പോൾ അതപ്പടി അംഗീകരിക്കാനാവില്ല. എന്തെന്നാൽ, ആ ദൈവവാദിയുടെ മനുഷ്യഭാവത്തെ അവസരവാദപരമായി ഉയർത്തിക്കാട്ടുന്നു എന്നുമാത്രമേയുള്ളു. ബഹായിസത്തെ കുറിച്ച് ഏറ്റവും ആധികാരികമായ അടിസ്ഥാന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

"നാം പറഞ്ഞു വന്നത് പോലെ മറ്റ് ചിലപ്പോൾ അദ്ദേഹം (ബഹാഉല്ല) ഉലൂഹിയത്തിന്റെ (ദൈവത്വത്തിന്റെ) പദവിയിൽ നിന്നുകൊണ്ട് സംസാരിക്കാറുണ്ടായിരുന്നു. അത്തരം സംസാരങ്ങളിൽ അദ്ദേഹത്തിന്റെ മാനുഷീകാവസ്ഥ അതിന്റെ അതിരടയാളം പോലുമില്ലാതെ മാഞ്ഞുപോകുന്നു. അദ്ദേഹം മുഖേന ദൈവം (ബഹാഉല്ല) തന്റെ ദാസരോട് സംസാരിക്കുന്നു.... അങ്ങിനെ അവനെ അനുസരിക്കാനും അവന്നു ദാസ്യം ചെയ്യാനും വേണ്ടി.

"ബഹാഉല്ലയുടെ കിതാബുകളിൽ ഈ സംസാരം പല സന്ദർഭങ്ങളിലും ഒരു അവസ്ഥയിൽനിന്ന് മറ്റൊരു അവസ്ഥയിലേയ്ക്ക് മാറിപ്പോകുന്നതായികാണാം. മനുഷ്യൻ സംസാരിക്കുന്നത്പോലെ കാണപ്പെടുമാറാകുമ്പോൾ ദൈവംതന്നെ പ്രഥമ പുരുഷവാചിയിൽ സംസാരം തുടരുന്നതായിരിക്കും". (Bahaulla and the New Era-J.E.Esselmont, p. 63-64).

ചുരുക്കത്തിൽ, ദൈവവാദം പുറപ്പെടുവിച്ച ആളെ മസീഹ് വാദിയെന്നോണം താരതമ്യം ചെയ്യുന്നത് അസംബന്ധമാണ്.

73 – മനഃശാസ്ത്ര വിദഗ്ദ്ധൻ ഖാദിയാനിൽ

ഗുജ്റാത്ത് മിഷ്യൻ ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ഒരു മനഃശാസ്ത്ര വിദഗ്ദ്ധനുമായിരുന്ന പ്രഫസർ ജെ. ഡാനിയേൽ 1906–ൽ ഖാദിയാൻ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഹസ്രത്ത് അഹ്മദിനെ (അ) നേരിട്ട്കണ്ട് അവിടുത്തെ കയ്യിൽ ഏതാനും ചോദ്യങ്ങൾ അടങ്ങിയ ഒരു കടലാസ്സ് കൊടുക്കുകയുണ്ടായി. ചോദ്യങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമായിരുന്നില്ലെങ്കിലും വളരെ ദൂരത്ത്നിന്ന് വന്നെത്തിയ ഒരാളെന്ന നിലയിൽ

അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെതന്നെ അവയ്ക്കുള്ള മറുപടികൾ നൽകപ്പെടേണ്ടിയിരുന്നു. ഏഴ് (7) ചോദ്യങ്ങളാണ് ഡാനിയൽ ഉന്നയിച്ചിരുന്നത്. ചോദ്യങ്ങൾ 'റിവ്യു ഓഫ് റിളിജൻസ്' എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തുകയും അവയ്ക്കുള്ള വിശദമായ മറുപടി നൽകപ്പെടുകയും ഉണ്ടായി. (R.R.Vol. V, 1907) ഈ ചോദ്യങ്ങളുടെ പിന്നിൽ ഉന്നത ക്രൈസ്തവ നേതാക്കളുടെ ബുദ്ധിയാണ് പ്രവർത്തിച്ചിരുന്നതെന്ന് അനന്തര സംഭവഗതികൾ വ്യക്തമാക്കി. ചോദ്യങ്ങൾ ഇവയായിരുന്നു:

1– താങ്കൾക്ക് എപ്പോഴെങ്കിലും മസ്തിഷ്കരോഗം ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അത് എങ്ങിനെയുള്ളതാണ്? എപ്പോഴുണ്ടായി? അത് ഇപ്പോഴും ആവർത്തിച്ചുണ്ടാകാറുണ്ടോ?

2– അത്തരം ഒരു രോഗം ബാധിച്ചതിന് മുമ്പായിരുന്നുവോ അതോ ശേഷമാണോ താങ്കൾക്ക് വെളിപാടുകൾ ഉണ്ടായിത്തുടങ്ങിയത്? താങ്കളുടെ ബന്ധുക്കളിൽ ആരെങ്കിലും അപൂർവ്വമായ അനുഭൂതികൾ ഉണ്ടായതായി അവകാശപ്പെട്ടിട്ടുണ്ടോ?

3– താങ്കളുടെ അവകാശവാദങ്ങൾ തെറ്റായിരിക്കാമെന്ന ചിന്ത താങ്കളുടെ മനസ്സിൽ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ ആ സംശയം അകന്നതെങ്ങിനെ? ആ സംശയം സാധുവായിരിക്കാമെന്ന് ശങ്കിച്ചുകൂടായിരുന്നുവോ?

4– താങ്കൾ എപ്പോഴെങ്കിലും പാപം ചെയ്യുകയുണ്ടായോ? വാക്കിലോ പ്രവൃത്തിയിലോ വല്ല പാപവും ചെയ്തുപോകാറുണ്ടോ?

5– ഒരാൾ ഒരിക്കലും വ്യത്യസ്തമായ പാഠങ്ങൾ നൽകിയ വിഭിന്നവ്യക്തികളെപോലെ ഒരേ അവസരങ്ങളിൽ ആവുകയില്ല. ഉദാഹരണമായി, ക്രിസ്തു പാപപരിഹാരം അഥവാ വീണ്ടെടുപ്പ് (Atonement) സിദ്ധാന്തിച്ചു. മുഹമ്മദ്നബി ഈ പാഠത്തെ എതിർത്തു. എന്നിരിക്കെ, താങ്കൾ ഈ വ്യത്യസ്തതത്ത്വങ്ങൾ പഠിപ്പിച്ച വിഭിന്നവ്യക്തികളുടെ സദൃശൻ ആകുന്നതെങ്ങിനെ? അപ്രകാരംതന്നെ മുഹമ്മദ് നബിയും ക്രിസ്തുവും പുനർജന്മത്തിൽ വിശ്വസിക്കുന്നവരല്ല. ഗുരുനാനാക്കും ശ്രീകൃഷ്ണനും ഈ പാഠം

നൽകുന്നു. ആ നിലയക്ക് താങ്കൾ ഈ നാലുപേരുടെ സമാനപുരുഷൻ ആകുന്നതെങ്ങിനെ?

6– താങ്കൾ കൃഷ്ണന്റെയോ നാനക്കിന്റെയോ ക്രിസ്തുവിന്റെയോ മുഹമ്മദ് നബിയുടെയോ സദൃശപുരുഷനാണെന്നതിലേയ്ക്ക് താങ്കളുടെ വായിൽനിന്ന് പുറപ്പെട്ട വാക്കുകളല്ലാതെ–അത് പക്ഷെ, തെറ്റുമാവാമല്ലോ–പുണ്യഗ്രന്ഥങ്ങളിൽനിന്നോ യുക്തിബന്ധങ്ങളിൽനിന്നോ എന്തു തെളിവാണ് താങ്കൾക്ക് എടുത്തുകാട്ടാൻ കഴിയുക?

7– "ഈസബ്നു മറിയം' (Jesus Son of Mary) എന്നിൽനിന്നും ഞാൻ ദൈവത്തിൽനിന്നും ആകുന്നു' എന്ന് താങ്കൾ ഉറപ്പിച്ചു പറയുന്നതിന്റെ താൽപര്യം എന്താണ്? എന്താണിതിന് അടിസ്ഥാനം?

'റിവ്യു ഓഫ് റിളിജിയൻസ്' പത്രാധിപർ ഈ ചോദ്യങ്ങൾക്ക് വിശദമായ മറുപടി നൽകിയിട്ടുണ്ട്. ഈ ചോദ്യങ്ങളിലെല്ലാം പ്രഫസർ ഡാനിയലിന്റെ ഊഹങ്ങളും മുൻധാരണകളും അജ്ഞതയും മാത്രമാണ് മുന്നോട്ട് വെച്ചിട്ടുള്ളത്. ആറാമത്തെ ചോദ്യത്തിൽ മാത്രം അദ്ദേഹം തെളിവ് ആവശ്യപ്പെടുന്നു. വാഗ്ദത്ത മസീഹ് (അ) തനിക്ക് ദൈവീക വെളിപാടുകൾ ലഭിക്കുന്നുവെന്ന് അവകാശപ്പെടുകയും അതിലേയ്ക്ക് യാതൊരു തെളിവും നൽകാതിരിക്കുകയുമാണെങ്കിൽ ആ അനുഭവങ്ങളിൽ മാനസീകമായ എന്തെങ്കിലും തകരാറോ കാപട്യമോ മറ്റോ ആരോപിക്കാമായിരുന്നു. എന്നാൽ, അവിടുന്ന് തന്റെ സത്യദൃഷ്ടാന്തങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ ഉൽബുദ്ധമതികളെ ജീവാവസാനം വരെ വെല്ലുവിളിച്ചു. യഹൂദവിദ്വാൻമാർ അടയാളങ്ങൾക്കായി ആവശ്യപ്പെട്ടപ്പോൾ യേശു അടയാളങ്ങൾ കാണിക്കാൻ കൂട്ടാക്കിയില്ല. എന്നാൽ, തന്റെ സത്യം അടയാളങ്ങൾവഴി പരീക്ഷിക്കാവുന്നതാണെന്നാണ് വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചത്. തന്റെ അനുഭവങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ തന്റെ അടുക്കൽ ഒരു കൊല്ലംവരെ, കുറഞ്ഞപക്ഷം നാൽപത് ദിവസം വരെ താമസിച്ചുകൊള്ളുവാൻ അവിടുന്ന് സത്യാന്വേഷകരെ അതും ലോകപ്രസിദ്ധൻമാരെ ക്ഷണിച്ചു. ഈ

പരീക്ഷണത്തിനുള്ള എല്ലാ ചെലവുകളും താൻ സ്വന്തത്തിൽ വഹിച്ചുകൊള്ളുന്നതാണെന്നും പരീക്ഷണത്തിന് ഗവൺമെന്റ് മെഷിനറി ഉപയോഗപ്പെടുത്താവുന്നതാണെന്നും അവിടുന്ന് സത്യാന്വേഷകരെ അറിയിച്ചു. വാഗ്ദത്ത മസീഹിന്നുണ്ടായ ഒരു വെളിപാട് ഇപ്രകാരമായിരുന്നു: "പറയുക, എന്റെ പക്കൽ ദൈവത്തിൽനിന്നുള്ള അടയാളങ്ങളുണ്ട്.... അപ്പോൾ നിങ്ങൾ വിശ്വസിക്കുമോ? പറയുക, എന്റെ പക്കൽ ദൈവത്തിൽനിന്നുള്ള അടയാളങ്ങളുണ്ട്. അപ്പോൾ നിങ്ങൾ കീഴ്വണങ്ങുമോ?" (തദ്കിറ). അനാവശ്യവും നിഷ്പ്രയോജനവുമായ ചോദ്യങ്ങൾ ഉന്നയിക്കുന്നതിന് പകരം ഈ വെളിപാടുകൾ ദൈവത്തിൽനിന്നുള്ളതാണെന്നതിലെയ്ക്ക് തെളിവുകൾ ആവശ്യപ്പെടുകയാണ് ശരിയായ വഴി. സ്വീകാര്യമായ സത്യദൃഷ്ടാന്തങ്ങൾ നൽകാനുള്ളപ്പോൾ ഊഹാപോഹങ്ങളും മുൻധാരണകളും മുൻവിധികളും മുൻനിർത്തിയുള്ള ചോദ്യങ്ങൾ ചോദിക്കുന്നത് അസംബന്ധമാണ്.

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ന്റെ ആഹ്വാനങ്ങൾ സാധാരണ നിലയിലുള്ളതായിരുന്നില്ല. അത് ബുദ്ധിജീവികളിൽ അസാധാരണമായ ഒരു അന്വേഷണത്വര സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. വിദൂരകേന്ദ്രങ്ങളിൽനിന്നുള്ള ആളുകളെ വാഗ്ദത്ത മസീഹിന്റെ അടുക്കലേയ്ക്ക് ആകർഷിച്ചതും അത് കൊണ്ട്തന്നെയായിരുന്നു. പ്രഫസർ ഡാനിയലിനെ അത്യാധുനിക മനഃശാസ്ത്രതത്ത്വങ്ങളുടെ വെളിച്ചത്തിൽ ഒരു പരീക്ഷണം നടത്തിനോക്കാൻ പ്രേരിപ്പിച്ചതും അതുതന്നെയാണ്. ദിവ്യവെളിപാടുകളുടെ സത്യം തെളിയിക്കാനുള്ള അടയാളങ്ങൾ വെളിപ്പെടുത്താൻ തയ്യാറാണെന്ന് അവിടുന്ന് ലോകം മുഴുവനും കൊട്ടിഘോഷിച്ചു. വിക്ടോറിയ മഹാറാണിയ്ക്ക് അയച്ച കത്തിൽ, താൻ ഈ സംരംഭത്തിൽ പരാജയപ്പെടുന്നപക്ഷം ജനകോടികളെ വഞ്ചിക്കാൻ ശ്രമിച്ച കുറ്റത്തിന് ബ്രിട്ടീഷ് സിംഹാസനത്തിന്റെ മുമ്പിൽവെച്ചു തന്നെ പരസ്യമായി തൂക്കിലേറ്റികൊല്ലുന്നത് തനിക്ക് സമ്മതമായിരിക്കുമെന്ന് എഴുതി. ഒരു കപടവാദിയുടേയും കറ്റ്കെട്ടുകാരന്റെയും പരാജയം ഉറപ്പിക്കുന്നതിന് മാതൃകാപരമായ ഏത് ശിക്ഷയും നടത്തികൊള്ളുന്നത് ന്യായീകരിക്കപ്പെടുമെന്നും അവി

ടുന്ന് ബ്രിട്ടീഷ് രാജ്ഞിക്ക് നൽകിയ ഉപഹാര ഗ്രന്ഥത്തിൽ തുറ ന്നെഴുതുകയുണ്ടായി എന്ന് ഓർക്കേണ്ടിയിരിക്കുന്നു (തുഹ്ഫ കൈസരിയ്യ). സ്വന്തം അനുഭവങ്ങളിൽ സുദൃഢവും അചഞ്ചല വുമായ വിശ്വാസവും ആത്മാർത്ഥതയുമുള്ള ഒരാൾക്കല്ലാതെ ഇത്തരത്തിലൊരു വെല്ലുവിളി ഉയർത്താനാവില്ലെന്ന് ആർക്കാ ണറിയാത്തത്? എന്നാൽ, വാഗ്ദത്ത മസീഹിന്റെ ന്യായയുക്ത മായ നിബന്ധനകൾ സ്വീകരിച്ച് പരീക്ഷണം പൂർണനിലയിലെ ത്തിക്കാൻ പണ്ഡിറ്റ് ലേഖ്റാം അല്ലാതെ മറ്റാരും ധൈര്യപ്പെടു കയുണ്ടായില്ല എന്നതാണ് സത്യം. കോടതികളിൽ ജഡ്ജിമാർക്ക് മുമ്പിലും അവിടുന്ന് ഈ വെല്ലുവിളി ഉയർത്തി. പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെട്ടതിൽ അവിടുത്തെയ്ക്ക് പങ്കുണ്ടെന്ന ആരോ പണം ഉയർന്നപ്പോൾ അത് ഉറപ്പിച്ചു പറയാൻ ചങ്കൂറ്റം കാണി ക്കുന്ന ആർക്കെതിരിലും താനീദൃഷ്ടാന്തം ആവർത്തിച്ചുകാണി ക്കാൻ തയ്യാറാണെന്ന വീരവാദം മുഴക്കി. തന്നെ വിചാരണ ചെയ്തുകൊണ്ടിരുന്ന ന്യായാധിപനോട് തന്നെ മനപ്പൂർവ്വം അപ മാനിച്ചാൽ തന്റെ പ്രവചനപ്രകാരം സ്വയം അപമാനിതനായിത്തീരു മെന്ന് വെട്ടിത്തുറന്ന് മുന്നറിയിപ്പ് നൽകാൻ അവിടുന്ന് ധൈര്യ പ്പെട്ടു. കാറ്റിൽ ലയിച്ചുപോകുന്ന പൊയ്വാക്കുകളായിരുന്നില്ല അവയെല്ലാം. മറിച്ച്, തന്റെ പ്രസിദ്ധങ്ങളായ ഒട്ടെറെ ഗ്രന്ഥങ്ങ ളിലും വിജ്ഞാപനങ്ങളിലും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ആഹ്വാനങ്ങളായിരുന്നു. മനുഷ്യർക്ക് ഒരിക്കലും ഊഹിച്ചറിയാൻ കഴിയാത്തവിധം സമീപഭാവിയിലും വിദൂരഭാവിയിലും പൂർത്തി യാകാനിരുന്ന അത്തരം പ്രവചനങ്ങൾ പുലരുമ്പോൾ അവ ദൈവീകവചനങ്ങൾ തന്നെയാണെന്ന് വിശ്വസിക്കാതിരിക്കാൻ എങ്ങിനെ കഴിയും? ഏതാദൃശമായ വെളിപാട് പ്രവചനങ്ങൾ ആ ദിവ്യാത്മാവിനെ കഴിഞ്ഞ 1400 കൊല്ലങ്ങൾക്കിടയിൽ ഒറ്റപ്പെ ടുത്തിക്കാണിച്ചിരുന്നുഎന്നതും ആർക്കും നിഷേധിക്കാൻ കഴി യുന്നതല്ല.

വാഗ്ദത്തമസീഹിന്ന് രോഗം ബാധിക്കുകയുണ്ടായിട്ടുണ്ട്. വാഗ്ദത്ത മസീഹിന്ന് ഇന്നിന്ന രോഗങ്ങൾ ഉണ്ടാകുമെന്ന് നബി(സ) തിരുമേനിതന്നെ മുൻകൂട്ടി പ്രവചിച്ചിട്ടുള്ളതാണ്. "രണ്ട്

മഞ്ഞ വസ്ത്രങ്ങൾ" പുതച്ചനിലയിലാണ് വാഗ്ദത്ത മസീഹ് വെളിപ്പെടുക എന്ന് തിരുനബിവചനങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. മഞ്ഞ വസ്ത്രങ്ങൾ എന്നതിന്ന് രോഗങ്ങൾ എന്നാണ് അർത്ഥം. മഞ്ഞവസ്ത്രങ്ങൾ രോഗത്തെ സൂചിപ്പിക്കുന്നതാണെന്ന് സ്വപ്ന ശാസ്ത്രത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു. മസീഹിന്റെ രോഗങ്ങൾ ഒന്ന് അരക്കെട്ടിനുമുകളിലും മറ്റൊന്ന് അരക്കെട്ടിന് താഴെയും ഉള്ളതാണ്. അങ്ങിനെ രോഗങ്ങളെകുറിച്ചുള്ള പ്രവചനം മസീഹിന്റെ അടയാളപൂർത്തിയാണെന്നും അത് തന്നിൽ നിറവേറിയിരിക്കുന്നുവെന്നും ഹസ്രത്ത് അഹ്മദ് (അ) വെട്ടിത്തുറന്ന് എഴുതിയിട്ടുണ്ട്. അത് പ്രകാരം വാഗ്ദത്ത മസീഹിന്നുണ്ടായ രണ്ട് രോഗങ്ങൾ തലചുറ്റും (Syncope) മൂത്ര വാർച്ചയും (Polyuria) ആയിരുന്നു. പതിനാല് നൂറ്റാണ്ടുമുമ്പ് തിരുനബി (സ) മസീഹിന്റെ ലക്ഷണമായിപ്പറഞ്ഞത് പൂർത്തിയായതോടെ തിരുനബിയുടെ ഈ പ്രവചനം ദൈവീകമായ ഒരു അറിയിപ്പ്തന്നെയായിരുന്നുവെന്നും വ്യക്തമായി.

ദിവ്യവെളിപാട് വാദം മാനസീകരോഗം കാരണമായിട്ടുള്ളതാണെന്നും ഈ അനുഭവങ്ങൾ മനഃശാസ്ത്രപഠനത്തിന്ന് വിധേയമാക്കേണ്ടതുണ്ടെന്നും ചില ആധുനിക ഭൌതീകപണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഹസ്രത്ത് അഹ്മദിന്റെയും അവിടുത്തെ ഗുരുവര്യനായ മുഹമ്മദ് നബി (സ) തിരുമേനിയുടെയും അനുഭവങ്ങളെ കുറിച്ച് മനഃശാസ്ത്രപണ്ഡിതൻമാർ പുറപ്പെടുവിച്ച നിഗമനങ്ങൾ ഇതുതന്നെയാണ്. അതുകൊണ്ട് ഈ ആത്മീയഅനുഭവങ്ങൾ മനഃശാസത്രവിശകലനത്തിന് വിധേയമാക്കുന്നതിൽ ആർക്കും ഒരെതിർപ്പും ഉണ്ടാകയില്ല. എന്തെന്നാൽ ഇത്തരം വിശകലനങ്ങളും പഠനങ്ങളും ആ മഹാത്മാക്കളുടെ സത്യവും പരിശുദ്ധിയും നിർദ്ധാരണം ചെയ്യുന്നതിന് മാത്രമെ ഉതകുകയുള്ളുവെന്നതാണ് യാഥാർത്ഥ്യം. പ്രഫസർ സി.ഡി. മാക്ഡൊണാൾഡ് (C.D. Macdonald) തന്റെ Aspects of Islam എന്ന പുസ്തകത്തിൽ തിരുനബിയുടെ വെളിപാടനുഭവങ്ങളെ പറ്റി ഹസ്രത്ത് ആയിഷാ (റ) ഹദീസുകളിൽ വിവരിച്ചിട്ടുള്ള നിവേദനങ്ങളെ മുൻനിർത്തി അതൊരു രോഗശാസ്ത്രപരമായപ്രശ്നം (A Patho-

logical Case) മാത്രമാണെന്ന് വരുത്താൻ ശ്രമിച്ചിട്ടുണ്ട്. സർ വില്യം മുയിർ അപ്രകാരംതന്നെ അഭിപ്രായപ്പെട്ടു (Life of Muhammed). ഭൗതീക ചിന്തകൻമാരായ മറ്റ് പലരും പ്രവാചകൻമാരുടെ ദിവ്യാനുഭൂതികളെ ഒരുതരം മനോരോഗമായിട്ടാണ് ചിത്രീകരിച്ചത്. മാർക്സിസ്റ്റ് ചിന്തകനായിരുന്ന എം.എൻ. റോയി (M.N. Roy) തന്റെ (Historical Role of Islam) എന്ന പുസ്തകത്തിൽ മുഹമ്മദ് നബി തിരുമേനിയുടെ ദിവ്യാനുഭൂതികളെ മസ്തിഷ്കതകരാറ് (Cerebral disorder) ആണെന്ന് പറയാൻ മടിച്ചില്ല. വെളിപാടുകൾ എന്നും അശരീരി എന്നുംമറ്റും പറഞ്ഞുവന്നിട്ടുള്ള പ്രവാചകൻമാരുടെ ദൈവീകഭാഷണാനുഭവങ്ങൾ അപ്രകാരം മസ്തിഷ്ക തകരാറുകളാണെങ്കിൽ, എല്ലാ പ്രവാചകൻമാരും അപ്രകാരം മസ്തിഷ്ക തകരാറുകാരായിരിക്കണമല്ലോ. പ്രവാചകൻമാരുടെ ജീവിതസംഭവങ്ങളെ സത്യസന്ധമായും യാഥാർത്ഥ്യബോധത്തോടുകൂടിയും വിശകലനം ചെയ്യുകയും പഠിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഈ ആധുനികചിന്തകൻമാരുടെ ബുദ്ധിശൂന്യമായ നിഗമനങ്ങളോട് ഒരിക്കലും യോജിക്കാൻ കഴിയുന്നതല്ല.

മഹാകവിയും തത്ത്വചിന്തകനുമായ ഡോ. മുഹമ്മദ് ഇഖ്ബാൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ പ്രഖ്യാതശത്രുവായി മാറിയതിൽപിന്നെ, 1934-ലെ അഹ്റാർ പ്രക്ഷോഭകാലത്ത് കൽകത്തയിലെ 'സ്റ്റേറ്റ്സ്മേൻ' (Statesman) പത്രത്തിലെഴുതിയ ഒരു ലേഖനത്തിൽ ഹസ്രത്ത് മിർസാ സാഹിബിന്റെ അനുഭവങ്ങൾ മനശാസ്ത്രവിശാരദൻമാരുടെ വിശകലനങ്ങൾക്ക് വിധേയമാക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. "അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരുടെ വെളിപാട്വാദത്തെ മനശാസ്ത്രപരമായി സൂക്ഷ്മപഠനം ചെയ്യുകയാണെങ്കിൽ അദ്ദേഹത്തിന്റെ ആന്തരീകവ്യക്തിത്വം വേർതിരിച്ച് കാണാനുള്ള* ഏറ്റവും ഫലപ്രദമായ മാർഗ്ഗം അതായിരിക്കാം" എന്ന് ഡോ. ഇഖ്ബാൽ എഴുതി. ആധുനിക മനഃശാസ്ത്രവിദ്യാർത്ഥികളിലാരെങ്കിലും ഈ ഗൗരവമായ

* A careful psychological analysis of the revelations of the founder would perhaps be an effective method of disclosing the inner life of his personality.....and I do hope that one day some young student of modern psychology will take up for serious study (Islam and Ahmadism - Iqbal. P-13)

പഠനം നടത്താൻ മുന്നോട്ട് വരുമെന്ന് അദ്ദഹം പ്രത്യാശ പ്രകടിപ്പിക്കുകയുമുണ്ടായി. (Islam and Ahmadism-Iqbal, P. 13)

ആധുനിക മനശാസ്ത്രം ഇന്നും പ്രാഥമികദശയിലാണ്. ഗവേഷണങ്ങൾ ഇപ്പോഴും പുരോഗമിച്ച് വരുന്നതേയുള്ളൂ. അത്ഭുതകരമായ മാനസീകസിദ്ധികളെ കുറിച്ചുള്ള പുതിയപുതിയ അറിവുകൾ മനഃശാസ്ത്രമഹാരഥൻമാരുടെ മുമ്പിൽ അണിനിരക്കുകയാണ്. ഭൗതീകശാസ്ത്രത്തിൽ അഹങ്കരിക്കുന്ന സോവിയറ്റ് റഷ്യ മനഃശാസ്രത്ര ഗവേഷണങ്ങൾക്കായി കോടിക്കണക്കിന് റൂബിൾ ചെലവഴിച്ച് കൊണ്ടിരിക്കുകയാണ്. ഇനിയും മനഃശാസത്രത്തിന്റെ അത്യന്തദവിഷ്ടങ്ങളായ അതിരുകളുടെ അരികിലെത്താൻ കഴിഞ്ഞിട്ടില്ല. സ്വപ്നങ്ങളെ കുറിച്ചും സ്വപ്നങ്ങൾ യാഥാർത്ഥ്യങ്ങളായി പുലരുന്നതിനെ കുറിച്ചും ജാഗരിതാവസ്ഥയിലുണ്ടാകുന്ന അനുഭൂതിപരമായ ഭവിഷ്യദ്ദർശനങ്ങളെ കുറിച്ചും എത്തും പിടിയും കിട്ടാത്ത അവസ്ഥയിലാണ് ശാസ്ത്രജ്ഞൻമാരിന്നും.*

1934–ലെ അഹ്റാർ പ്രക്ഷോഭകാലത്ത് യൂറോപ്പിൽ പ്രചരിപ്പിക്കാനുദ്ദേശിച്ച് ചില ബുദ്ധിജീവികൾ ചേർന്നെഴുതിയ 'ഹിസ് ഹോലിനസ്സ്' (His Holiness) എന്ന അഹ്മദിയ്യാ വിരുദ്ധവിമർശന ഗ്രന്ഥത്തിൽ ഇപ്രകാരം കാണാം:

"സ്വപ്നങ്ങൾ എത്രത്തോളം പ്രവചനാത്മകങ്ങളാണെന്നതിനെകുറിച്ചുള്ള പഠനം ഇനിയും നടത്താൻ ഇരിക്കുന്നേയുള്ളൂ. അതിലേയ്ക്ക് വേണ്ടുവോളം കരുക്കൾ നമ്മുടെ മുമ്പിലുണ്ട്. അവയെ ഇത് വരെയും ഉപയോഗപ്പെടുത്തിയിട്ടില്ല. സ്വപ്നങ്ങൾ മനസ്സിലെ മാലിന്യങ്ങളോ എടാകൂടങ്ങളോ വ്യർത്ഥരൂപങ്ങളോ മാത്രമാണെന്നുള്ള കാഴ്ചപ്പാട് സൂക്ഷ്മ പരിശോധനയിൽ നിലനിൽക്കുമെന്നു പറഞ്ഞുകൂട. ഭൂതകാലസംഭവങ്ങൾ ഓർമയിൽ സൂക്ഷിക്കപ്പെടുന്നത്പോലെ ഭാവികാര്യങ്ങളെ വ്യക്തമായും നോക്കിക്കാണാനാവുന്ന ചിലരുണ്ടെന്നത് അനിഷേധ്യംതന്നെയാണ്. സത്യമായി പുലരുന്നതും എപ്പോഴും ഭാവിയിൽ ഊന്നി

* സോവ്യറ്റ് റഷ്യയിലെ അത്യാധുനികമനഃശാസ്ത്ര പഠനങ്ങളെ പറ്റി Psychic Discoveries behind the Iron Curtain എന്ന ഗ്രന്ഥത്തിൽ വിവരിച്ചു കാണാം.–6. വിവ:

കൊണ്ടുള്ളതുമായ സ്വപ്നങ്ങൾ കാണുന്നവരുണ്ടെന്നുള്ളതാണ് നേര്. മിർസാ ഗുലാംഅഹ്മദിന്ന് ഭാവി കാര്യങ്ങളും വിദൂരത്ത് നടക്കുന്ന സംഭവങ്ങളും നോക്കിക്കാണാനുള്ള കഴിവുണ്ടെന്ന് വിശ്വസിക്കാൻ ഞങ്ങളുടെ പക്കൽ വേണ്ടുവോളം തെളിവു ണ്ടെന്ന് പറഞ്ഞേതീരു. അത് കാലക്രമേണ വിദൂരകാര്യങ്ങൾ അടുപ്പിച്ചുകാണാനുള്ള കഴിവായി മാറി. അദ്ദേഹത്തിന്റെ ദർശ നങ്ങൾ അദ്ദേഹത്തിൽ മോഹങ്ങൾ നിറക്കുകയും അതിന്റെ അന ന്തരമായ ആവർത്തനം മായാമോഹങ്ങളെ ശക്തിപ്പെടുത്തുവാൻ മാത്രം സഹായിക്കുകയും ചെയ്തു. താനൊരു ദിവ്യനാണെ ന്നുള്ള വിചാരം അദ്ദേഹത്തിൽ ഒരു ഒഴിയാബാധയായിത്തീർന്നു". (His Holiness - Phoenix - P. 98-99).

അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരുടെ ഒരു കൊടും ശത്രു ആ മഹാത്മാവിന്റെ ജീവിതത്തിൽനിന്നുള്ള ദിവ്യാനുഭൂതികളെ പറ്റി–അഥവാ, അവിടുത്തെ ദിവ്യസ്വപ്നങ്ങളെയും വെളിപാടുക ളെയും പറ്റി എഴുതിയ വരികളാണ് മേലുദ്ധരിച്ചത്. സത്യമായ അനുഭവങ്ങൾ ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. വാഗ്ദത്തമസീഹിന്റെ സ്വപ്നങ്ങളും വെളിപാടുകളും ദർശനങ്ങ ളുമെല്ലാം അതാതവസരങ്ങളിൽ എഴുതിവെച്ച ഡയറികളെയും മറ്റും ആസ്പദമാക്കി അപ്പോഴപ്പോൾ അഹ്മദിയാ പ്രസിദ്ധീകര ണങ്ങളിലൂടെ പുറത്തുവന്നതും അവിടുത്തെ സ്വന്തം കൃതിക ളിൽ ചേർത്തതുമത്രെ. മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയ ഈ സ്വപ്ന ങ്ങളും വെളിപാടുകളും പിന്നീട് അവിടുന്ന് വ്യാഖ്യാനിച്ചത് പോലെയും വിവരിച്ചത്പോലെയും അപ്പടി പുലർന്നപ്പോൾ അവയെ നിഷേധിക്കാൻ ആർക്കും സാധ്യമായിരുന്നില്ലെന്നുള്ള താണ് നേര്. ഇവയെല്ലാം ഗ്രന്ഥങ്ങളിൽനിന്നും ഡയറിക ളിൽനിന്നും നിവേദനങ്ങളിൽനിന്നും ശേഖരിച്ചൊരുക്കി തദ്കിറ* എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. ഗവേഷ ണത്തിനുള്ള കരുക്കളായി നമ്മുടെ മുമ്പിലിരിക്കുന്നത് ഇവയാ ണ്. ഈ ദിവ്യമായ ജീവിതാനുഭവങ്ങളെയാണ് ശാസ്ത്രീയമായും സത്യസന്ധമായും വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നത്. ഗവേ

* 'തദ്കിറ' എന്ന ഗ്രന്ഥം ലോകകോടതി ചീഫ് ജസ്റ്റിസായിരുന്ന സർ സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ തർജിമ ചെയ്ത് പ്രസിദ്ധം ചെയ്തിട്ടുണ്ട്. –ഗ്ര

ഷകൻമാരുടെ വീക്ഷണവും നിലയും അനുസരിച്ച് അവയെ നോക്കിക്കാണാം. അങ്ങിനെ ഗവേഷണപരമായി അപഗ്രഥിച്ചറിയുന്നതിനെ അഹ്മദിയാഖലീഫമാർ സ്വാഗതം ചെയ്യുകയാണുണ്ടായത്. എന്നാൽ, സത്യവസ്തുതകളെ നിഷേധിക്കാനോ അന്യഥാ അവതരിപ്പിക്കാനോ പാടുള്ളതല്ലെന്ന്മാത്രം. മനഃശാസ്ത്രജ്ഞൻമാർക്ക് ചില സത്യങ്ങൾ അംഗീകരിക്കേണ്ടിവന്നിട്ടുണ്ട്. ആ സത്യങ്ങൾവച്ചുനോക്കുമ്പോൾ ആധുനികശാസ്ത്രീയനിഗമനങ്ങളെല്ലാം ഒരു പ്രവാചകന്റെ കാര്യത്തിൽ തികച്ചും അസംബന്ധങ്ങളും പരിഹാസ്യങ്ങളുമായിരിക്കുന്നു എന്നതത്രെ സത്യം!

മനഃശാസ്ത്രപണ്ഡിതനായ പ്രഫസർ ഡാനിയൽ ഉന്നയിച്ച ചോദ്യങ്ങൾ ഉദ്ധരിച്ച്കൊണ്ട് ലാഹൗറിലെ റവ. ഡോ. എച്ച്. ഡി. ഗ്രിസ്വോൾഡ് ലണ്ടനിലെ വിക്ടോറിയ ഇൻസ്റ്റിറ്റ്യൂട്ടിൽ 1904 മെയ് 15-നു ചേർന്ന ബ്രിട്ടനിലെ 'ഫിലോസൊഫിക്കൽ സൊസൈറ്റി'യുടെ (Philosophical Society of Great Britain) സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ* ഇപ്രകാരം പറയുന്നു:

"ഇക്കാര്യത്തിൽ അദ്ദേഹത്തെ (മിർസാ സാഹിബിനെ) സംബന്ധിച്ച അഭിപ്രായങ്ങൾ മൂന്നു നിഗമനങ്ങളിൽ സമാഹരിക്കാം:

"ഒന്നു, അദ്ദേഹം വഞ്ചന നടത്തുന്ന ഒരു കപടവാദിയാണെന്ന് (That he is a conscious deceiver)

"രണ്ട്, അദ്ദേഹം ഒരു ഭ്രാന്തനാണെന്ന് (That he is insane)

"മൂന്ന്, അദ്ദേഹം സ്വയംവഞ്ചിതനായ ഒരു ശുദ്ധഗതിക്കാരനാണെന്ന്" (That he is self deluded).

ഹസ്രത്ത് അഹ്മദ് (അ) വഞ്ചകനായ ഒരു കപടവാദിയോ, ഭ്രാന്തനോ ആണെന്നുള്ള നിഗമനങ്ങളെ തള്ളിക്കളഞ്ഞ് കൊണ്ട് ഡോ. ഗ്രിസ്വോൾഡ് തന്റെ സ്വന്തം അഭിപ്രായം വ്യക്തമാക്കിയിട്ടുള്ളത് ഇപ്രകാരമാണ്:

It seems to me that the third Judgement is the safest one, namely that the Mirza sahib is honest but self deceived. So far as I am able to judge his writings

* ഈ പ്രബന്ധം Mirza Gulam Ahmed the Mahdi Massih of Quadian - എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്-ഗ്ര

everywhere have the ring of sincerity. His persistance in affirming his claims in the face of the most intense and bitter oppositions is magnificeint.

(മൂന്നാമത്തെ നിഗമനമാണ് ഏറ്റവും സുരക്ഷിതം എന്ന് എനിക്ക് തോന്നുന്നു. അതായത്, മിർസാ സാഹിബ് വളരെ സത്യസന്ധനും വിശ്വസ്ഥനുമായ ഒരു വ്യക്തിയായിരുന്നു. എനിയ്ക്ക് മനസ്സിലാക്കാൻ സാധിച്ചിടത്തോളം ആദ്ദേഹത്തിന്റെ എഴുത്തുകളിലുടനീളം ആത്മാർത്ഥതയുടെ മുഴക്കങ്ങളുണ്ട്. ഏറ്റവും ശക്തിമത്തായ എതിർപ്പുകളുടെ മുമ്പിലും തന്റെ വാദങ്ങൾ ഉറപ്പിച്ചു പറയുന്നതിൽ അദ്ദേഹം കാണിച്ച സ്ഥൈര്യം ഉദാത്തമായിരുന്നു) (Quoted - Ahmadiya Movement, H.A. Walter M.A)

യഥാർത്ഥത്തിൽ വാഗ്ദത്തമസീഹിനെ കുറിച്ച് മാത്രമല്ല മറ്റ് ഏതൊരു പ്രവാചകനെകുറിച്ചും ഒരു അവിശ്വാസിക്കോ ഒരു ശത്രുവിന്നോ മേൽപറഞ്ഞ മൂന്നിലൊരു നിഗമനത്തിലെത്തിച്ചേരാനെ സാദ്ധ്യമാകൂ. എന്നാൽ, ഈ മൂന്നു നിഗമനങ്ങളും മുൻ കഴിഞ്ഞ പ്രവാചകൻമാരെ കുറിച്ച് ഉന്നയിച്ച് പോന്നിരുന്നത്തന്നെയാണെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നു. എന്നാൽ, ശത്രുക്കളുടെ ഈ എല്ലാ വിധികളെയും വിശ്വാസങ്ങളെയും തകർത്തുകൊണ്ട് അല്ലാഹു ആ പ്രവാചകൻമാരെയെല്ലാം വിജയിപ്പിക്കുകയും ശത്രുക്കളെ പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തു. അവരെ ലോകത്തിന്ന് അംഗീകരിക്കയും ആദരിക്കയും ചെയ്യേണ്ടിവന്നു. മനഃശാസ്ത്രജ്ഞൻമാരുടെ ഈ നിഗമനങ്ങൾ ഒന്നും സ്വീകാര്യമല്ലെന്നും ഖുർആൻ ഈ എല്ലാ വാദങ്ങൾക്കുമെതിരായ യുക്തിന്യായങ്ങൾ 1400 കൊല്ലം മുമ്പ്തന്നെ നിരത്തികഴിഞ്ഞിട്ടുണ്ടെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആധുനികകാലത്തും അത് പരീക്ഷണവിധേയമാണ്, ഈ ശാസ്ത്രയുഗത്തിൽ ഒരു പ്രവാചകൻ പ്രത്യക്ഷപ്പെട്ടതും തിരുനബി (സ) അടക്കം സകല മുൻപ്രവാചകരുടെയും സത്യം സ്ഥാപിച്ചുറപ്പിക്കുന്നതിന്നുവേണ്ടിതന്നെയാണ്.

പ്രവാചകൻമാരുടെ വാദത്തിന്ന് മുൻപുള്ള ജീവിതപരിശുദ്ധി കപടവാദത്തെ നിഷേധിക്കുന്നു. എല്ലാ പ്രവാചകൻമാരും തങ്ങളുടെ വാദസത്യങ്ങളെ പ്രഘോഷിക്കുകയും ശത്രുജനത്തെ

തങ്ങളുടെ ജീവിതപരിശുദ്ധിയെ മുൻനിർത്തി വെല്ലുവിളിക്കുകയും ചെയ്തിട്ടുണ്ട്. അവർ ആത്മാർത്ഥയുടെയും ആർജവത്തിന്റെയും പരിശുദ്ധിയുടെയും പ്രതീകങ്ങളായിരുന്നു. അവരെ കാപട്യം തീണ്ടുകപോലും ചെയ്തിരുന്നില്ല. അവരിൽ കള്ളം ആരോപിക്കുന്നത് യുക്തിശൂന്യമാണെന്ന് ഖുർആൻ സിദ്ധാന്തിക്കുന്നു. "ഇതിനു മുമ്പ് ദീർഘകാലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിരുന്നുവല്ലോ, നിങ്ങൾ എന്തുകൊണ്ട് ബുദ്ധിഉപയോഗിക്കുന്നില്ല?" എന്ന് ചോദിക്കാൻ ഖുർആൻ നബിയോട് കൽപിക്കുന്നു. "ഞാൻ നിങ്ങൾക്ക് സത്യസന്ധനായ പ്രവാചകനാകുന്നു" എന്ന് ഘോഷിക്കാൻ ഓരോ പ്രവാചകനും ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. "നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ച് ബോധപ്പെടുത്തുന്നു" എന്ന് യേശു യഹൂദരെ വെല്ലുവിളിച്ചു. "എന്റെ ജീവിതത്തിൽ എന്തെങ്കിലും തെറ്റ് കുറ്റം നിങ്ങളിൽ ആർക്കെങ്കിലും ആരോപിക്കാൻ കഴിയുമോ?" എന്ന് വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ശത്രുജനത്തെ ആഹ്വാനം ചെയ്തു (കിതാബുൽ ബരീയ്യ). ചുരുക്കത്തിൽ, പ്രവാചകൻമാരുടെ വെളിപാട്വാദത്തിൽ കാപട്യം ആരോപിക്കാൻ സാധിക്കുന്നതല്ലെന്ന് വരുമ്പോൾ അവരുടെ വെളിപാട് വാദത്തെ മനഃപൂർവ്വമായ കറ്റ്കെട്ടായി ഘോഷിക്കാനാവില്ല.

പ്രവാചകവാദികൾ മനോരോഗികളാണെന്നും അവരുടെ അനുഭവങ്ങൾ മസ്തിഷ്കതകരാറുകൊണ്ടുള്ളതാണെന്നുമുള്ള മനഃശാസ്ത്രജ്ഞൻമാരുടെ നിഗമനങ്ങളും നിലനിൽക്കത്തക്കതല്ല. ഇത് ആധുനികമായ ശാസ്ത്രീയ കണ്ടുപിടുത്തമൊന്നുമല്ലതാനും. എല്ലാ കാലത്തെയും പ്രവാചകശത്രുക്കൾ പ്രവാചകൻമാരിൽ മനോരോഗവും മതിഭ്രമവും ആരോപിച്ചു പോന്നിട്ടുള്ളതായി ഖുർആൻ ആവർത്തിച്ചാവർത്തിച്ചുപറഞ്ഞിരിക്കുന്നു.* ഇങ്ങേയറ്റം മുഹമ്മദ് നബി(സ) തിരുമേനിയെ പറ്റിയും ശത്രുക്കൾ ഭ്രാന്ത

---

* പ്രവാചകൻമാരെ പറ്റി ശത്രുക്കൾ ഭ്രാന്തരെന്ന് പറഞ്ഞിട്ടുള്ളതായി ഖുർആനിൽ പലയിടത്തും എടുത്ത് പറഞ്ഞിട്ടുണ്ട്:

1- "അവൻ അല്ലാഹുവിന്റെ പേരിൽ നുണ കെട്ടിച്ചമച്ചുവോ? അല്ല, അവന് ഭ്രാന്തുണ്ടോ?" (34:9).

നെന്ന് പറഞ്ഞിട്ടുണ്ട്. അത്കൊണ്ട് മാത്രം അവരുടെ പ്രവാചകവാദം ഭ്രാന്തും പ്രവാചകൻമാർ മനോരോഗികളും ആയിപ്പോവുകയില്ല.

ലോകചരിത്രത്തിലെ അത്യുൽകൃഷ്ടവ്യക്തികളും ലോകഗുരുക്കൻമാരുമായി പ്രശോഭിച്ച മഹാചിന്തകൻമാരും ബുദ്ധിരാക്ഷസൻമാരുമായിരുന്നു ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ

2– നൂഹ്നബിയെപറ്റി ശത്രുക്കൾ പറഞ്ഞു: "ഭ്രാന്തുപിടിപെട്ട ഒരു മനുഷ്യൻ മാത്രമാണ് ഇവൻ. അത്കൊണ്ട് ഇവന്റെ കാര്യത്തിൽ കുറച്ചുനാൾ നിങ്ങൾ കാത്തിരിക്കുവിൻ" (23:26)

3–മൂസാനബിയെ പറ്റി ഫിർഔൻ പറഞ്ഞു: "നിങ്ങളുടെ അടുക്കലേയ്ക്ക് അയക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ ദൂതൻ ഒരു ഭ്രാന്തൻ തന്നെയാകുന്നു" (26:28)

4–നബി തിരുമേനിയെ പറ്റിപറഞ്ഞു: "അതല്ല, അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്ന് അവർ പറയുന്നുവോ?" (23:71)

5–വീണ്ടും പറയുന്നു: "അവർ പറഞ്ഞു, ഓ ദൈവീകവെളിപാട് അവതരിപ്പിക്കപ്പെട്ടവനെ, നിശ്ചയമായും നീ ഒരു ഭ്രാന്തൻ തന്നെയാകുന്നു" (15:7)

6–നബിയെ പറ്റി അല്ലാഹു പറയുന്നു! "നിങ്ങൾ ചിന്തിക്കുവിൻ, (അപ്പോൾ മനസ്സിലാകും) നിങ്ങളുടെ കൂട്ടുകാരന്ന് ഭ്രാന്തൊന്നുമില്ലെന്ന്" (34:43)

7–ശത്രുക്കൾ പറഞ്ഞു: "ഒരു ഭ്രാന്തനായ കവിയ്ക്കുവേണ്ടി ഞങ്ങളുടെ ദൈവങ്ങളെ ഞങ്ങൾ ഉപേക്ഷിക്കുകയോ" (37:37)

8–"നിന്റെ നാഥന്റെ അനുഗ്രഹത്താൽ നീ ഒരു ഗണിതക്കാരനോ ഭ്രാന്തനോ അല്ല" (52:30)

9–"നിങ്ങളുടെ കൂട്ടുകാരൻ ഭ്രാന്തനല്ലതന്നെ" (81:23)

10–"ഇവൻ ഭ്രാന്തനാണ് വിരട്ടപ്പെട്ടവനാണ് എന്നവർ പറഞ്ഞു" (54:10)

11–"നിന്റെ നാഥന്റെ അനുഗ്രഹത്താൽ നീ ഒരു ഭ്രാന്തനല്ല" (68:3)

12–"ഇതേ പ്രകാരം ഇവർക്ക് മുമ്പുള്ളവരുടെ അടുക്കലും ഒരു ദൂതനും വന്നിട്ടില്ല, അവർ അദ്ദേഹത്തെ പറ്റി മാന്ത്രീകനെന്നോ ഭ്രാന്തനെന്നോ പറഞ്ഞിട്ടല്ലാതെ" (51:53)

13–"അവർ ചിന്തിച്ച് മനസ്സിലാക്കിയിട്ടില്ലെ, തങ്ങളുടെ സാഹിബിന്ന്. (റസൂൽ തിരുമേനിക്ക്)..... ഭ്രാന്തില്ലെന്ന് (7:185)

ഖുർആൻ മറ്റൊരിടത്ത് പറയുന്നു: "നിനക്ക് മുമ്പുള്ളവരെപറ്റി പറയപ്പെട്ടിട്ടുള്ളതല്ലാതെ നിന്നെ പറ്റിയും പറയപ്പെടുന്നില്ല" (41:44) അതായത്, പ്രവാചകൻമാരെ കുറിച്ചുള്ള ഇത്തരം ആക്ഷേപങ്ങൾക്ക് പുതുമയില്ലെന്ന് തന്നെ!

പ്രവാചകൻമാർ*. അവർ ഭ്രാന്തൻമാരും മാനസീകരോഗികളുമാണെങ്കിൽ അത്തരം ഭ്രാന്തൻമാർ ലോകത്തിന്ന് അനുഗ്രഹമാണെന്ന് വേണം പറയാൻ. അവർ ലോകത്ത് വരുത്തിത്തീർത്ത സാർവ്വത്രികവും ശാശ്വതികവുമായ മഹാപരിവർത്തനങ്ങൾ ഭ്രാന്തിന്റെ പ്രകടനങ്ങളാണെങ്കിൽ അത്തരം ഭ്രാന്തൻമാരെതന്നെയാണ് ഇന്ന് ലോകത്തിനാവശ്യം.

വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ (അ) അത്യാകർഷകമായ വ്യക്തിത്വത്തെപറ്റി അവിടുത്തെ കടുത്ത എതിരാളികൾതന്നെ ഏറ്റുപറഞ്ഞിട്ടുള്ള കാര്യം നിഷേധിക്കാനാവാത്തതാണ്. വാഗ്ദത്ത മസീഹിനെകുറിച്ച് നല്ല വണ്ണം പഠിച്ചറിഞ്ഞ ഒരു ക്രൈസ്തീയപണ്ഡിതനും ക്രൈസ്തവ നേതാവുമായിരുന്ന റവ. എച്ച്.എ. വാൾട്ടർ എം.എ. ഇപ്രകാരമാണ് പറയുന്നത്:

"അതുല്യവും ഹൃദയാവർജ്ജകവുമായ വ്യക്തിത്വത്തിന്റെ ഉടമയായ ഒരാൾക്കല്ലാതെ ഇത്രയേറെ ആളുകളുടെ സ്നേഹവും കൂറും നേടുവാൻ ഒരിക്കലും സാധ്യമല്ല. അദ്ദേഹത്തിന്റെ ആ അനുയായികളിൽ കുറഞ്ഞപക്ഷം രണ്ടുപേർക്ക് അഫ്ഘാനിസ്ഥാനിൽ, യാഥാസ്ഥിതികമുസ്ലിംകളുടെ മതനിയമപ്രകാരം, തങ്ങളുടെ വിശ്വാസം കാരണം ജീവൻ വെടിയേണ്ടി വന്നിട്ടുണ്ട്"+ (Ahmadiyya Movement, Rev. H.A. Walter, M.A. p. 19)

ചുരുക്കത്തിൽ, ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) യുടെ ദിവ്യവെളിപാടുകൾ കറ്റുകെട്ടാണെന്നും അദ്ദേഹം കപടനാണെന്നുമുള്ള വാദങ്ങളെ റവ: വാൾട്ടർ തള്ളിക്കളഞ്ഞിരിക്കുന്നു. ബുദ്ധിയുള്ളവർക്ക് അത്തരം നിഗമനങ്ങളിൽ എത്തിച്ചേരാൻ ഒരിക്കലും സാദ്ധ്യമല്ല. അവിടുത്തെ ജീവിതവും വാദങ്ങളും സമകാലീനചിന്തകൻമാരുടെ ശ്രദ്ധയെ പിടിച്ചുപറ്റിയിരുന്നു

* ശുഐബ് നബിയോട് ജനങ്ങൾ പറഞ്ഞു: "നീ നിശ്ചയമായും വലിയ ബുദ്ധിമാനും ജ്ഞാനിയുമാണല്ലോ" (11:88)

+ Only a magnetic and pleasing personality could have attracted and held the friendship and loyality of such a number of men of whom atleast two died of their faith in Afganisthan in accordance with the orthodox Muslim Law.

എന്നത് ഒരു സത്യംമാത്രമാണ്. "ധൈഷണീകാൽഭുതങ്ങളുടെ ജീവൽ പ്രതീകം" ആയിരുന്നു അദ്ദേഹമെന്നാണ് അക്കാലത്തെ ഏറ്റവും ഉയർന്ന സാഹിത്യകാരുനും ചിന്തകനുമായിരുന്ന മൗലാനാ അബുൽകലാം ആസാദ് 'വക്കീൽ' പത്രത്തിന്റെ മുഖക്കുറിപ്പിൽ അദ്ദേഹത്തെപറ്റി പറഞ്ഞത്. മനഃശാസ്ത്രസിദ്ധാന്തങ്ങൾ പ്രകാരംതന്നെ അദ്ദേഹത്തിന്റെ ജീവിതത്തെപറ്റി പരിശോധിച്ചവർക്ക് മനസ്സിലായത്, ഒരു പ്രവാചകന്റെ സ്വഭാവമാണ് ആ മഹാത്മാവിന്റെ ജീവിതത്തിൽ പരിലസിച്ചിരുന്നത് എന്നത്രെ. ഹസ്രത്ത് അഹ്മദ് (അ) ചരമം പ്രാപിച്ചപ്പോൾ ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളുമായ മഹാൻമാർ ഏറ്റുപറഞ്ഞിട്ടുള്ള സത്യമാണിത്. അലഹബാദിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്നതും ഇന്നും നിലനിൽക്കുന്നതുമായ പ്രശസ്തക്രൈസ്തവ ഇംഗ്ലീഷുപത്രമായ 'പയണീർ' (Pioneer) പ്രസിദ്ധപ്പെടുത്തിയ അനുസ്മരണക്കുറിപ്പിൽ* ഇപ്രകാരം തുറന്നെഴുതാൻ മടിച്ചില്ല:

"കാർമൽ കുന്നുകളിലെ (ഇസ്രായിൽ) പ്രവാചകൻമാരിൽ ആർക്കെങ്കിലും മേലോകത്ത്നിന്ന് മടങ്ങിവന്ന് മനുഷ്യസമൂഹത്തിൽ തങ്ങളുടെ ദൗത്യം വീണ്ടും നിർവഹിക്കാനാകുമായിരുന്നെങ്കിൽ ഈ 20-ാം നൂറ്റാണ്ടിലെ ചുറ്റുപാടിൽ ഖാദിയാനിലെ മിർസാ ഗുലാം അഹ്മദിൽനിന്ന് ഒട്ടും വ്യത്യസ്ഥനായ ഒരു വ്യക്തിയായിരിക്കാൻസാദ്ധ്യതയില്ല..... മതങ്ങളിലൂടെ ലോകത്തെ മാറ്റിമറിച്ചിട്ടുള്ളവർ സ്വഭാവപ്രകൃതിയിൽ ആധുനികകാലത്തെ ഒരു കാന്റർബറി ആർച്ച് ബിഷപ്പിനെക്കാളും മിർസാ ഗുലാംഅഹ്മദ് അവർകളോടാണ് ഏറ്റുവും സാമ്യരായിരുന്നിട്ടുള്ളത്. ഏണസ്റ്റ്

* If one of the prophets of Mount Carmel could return from the upper world and resume his mission among mankind, he would hardly be a more incongruous a figure among twenteeth century surroundings than was Mirza Ghulam Ahmad Khan of Quadiyan...Those who have moved world in religion have been much akin to Mirza Gulam Ahmad in temperment than the modern Arch Bishop of Canterbury. Had Earnest Renan been in India during the last twenty years he would certainly have gone and studied Mirza and the result might have been some added flashes of insight in the wonderful account of the prophets of Israel... In any case the seer of Qadian was a man who does not come every day (The Pioneer, Allahabad, 30.5.1908).ഗ്ര.

റെനാൻ* കഴിഞ്ഞ 20 കൊല്ലക്കാലം ഇന്ത്യയിലാണ് വസിച്ചുപോന്നിരുന്നതെങ്കിൽ അദ്ദേഹം നിശ്ചയമായും മിർസാ ഗുലാംഅഹ്മദിന്റെ അടുക്കൽ പോവുകയും അദ്ദേഹത്തെ കുറിച്ച് പഠിക്കുകയും ചെയ്തിരിക്കുമായിരുന്നു. ഇസ്രായിൽ പ്രവാചകൻമാരുടെ വിസ്മയകരമായ ജീവിത വൃത്താന്തങ്ങളിലേയ്ക്ക് കുറേക്കൂടി വെളിച്ചം വീശുവാൻ ഒരു വേള അതുവഴി സാധിച്ചെന്നും വരുമായിരുന്നു..... ഏതായാലും ഖാദിയാനിലെ പ്രവാചകൻ വളരെ അപൂർവ്വമായി മാത്രം ലോകത്ത് വന്നെത്തുന്ന ഒരാൾതന്നെയായിരുന്നു" (The Pioneer, Allahabad. D/30.5.1908)

വാഗ്ദത്ത മസീഹിന്റെ ചരമത്തെ തുടർന്ന് ലണ്ടനിലെ "ടൈംസ്" (Times) പത്രം എഴുതിയ അനുസ്മരണക്കുറിപ്പിൽ പറഞ്ഞതും മറ്റൊരു അഭിപ്രായമായിരുന്നില്ല. 'ടൈംസ് പത്രം' പറഞ്ഞു: "മിർസാ സാഹിബ് കാഴ്ചയിലും പ്രകൃതത്തിലും വളരെ ആദരണീയനും പ്രഭാവശാലിയും ആയിരുന്നു. അദ്ദേഹം അത്യാകർഷകമായ വ്യക്തിത്വത്തിന്റെ ഉടമയും, അഗാധബുദ്ധിമാനും ചിന്തകനുമായിരുന്നു.+ സാധാരണക്കാർ മാത്രമല്ല വളരെ ഉന്നതൻമാരും അഭ്യസ്തവിദ്യരുമായ ആളുകളും അദ്ദേഹത്തിന്റെ അനുയായികളിൽ ഉൾപെട്ടിരുന്നു. മിർസാ സാഹിബ് തന്റെ വാദങ്ങളിൽ സ്വയം തെറ്റിദ്ധരിച്ചുപോയ ഒരാളെന്നല്ലാതെ ഒരിക്കലും വഞ്ചകനായിരുന്നില്ലെന്ന റവ. ഗ്രിസ്വോൾഡിന്റെ അഭിപ്രായത്തോട് ഞങ്ങൾ യോജിക്കുന്നു".

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ)ന്റെ വാദങ്ങളെയും ജീവിതത്തെയും ആധുനികമനഃശാസ്ത്ര തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിക്കൊണ്ട് ആ ദിവ്യാത്മാവിന്റെ സത്യത്തെ നിഷേധിക്കാൻ പുറപ്പെടുന്നവർ അങ്ങേയറ്റം അബദ്ധത്തിലാണെന്നാണ് അവിടുത്തെ വെട്ടിത്തിളങ്ങുന്ന ജീവിതം തെളിയിച്ചുകാട്ടുന്നത്. മനഃശാസ്ത്രതത്ത്വങ്ങളുടെ പേരിൽ പ്രചരിപ്പിച്ചിട്ടുള്ള എല്ലാ സിദ്ധാന്തങ്ങളും പ്രവാചകൻമാരെ സംബന്ധിച്ചിടത്തോളം

---

* ഏണസ്റ്റ് റെനാൻ ലോകത്ത് ആദ്യമായി യേശുവിന്റെ ജീവചരിത്രമെഴുതിയ ഫ്രഞ്ചുകാരനായ ഒരു മഹാനായിരുന്നു – ഗ്ര.

+ He was venerable in appearence magnetic in personality and active in intellect.

ശുദ്ധഅസംബന്ധങ്ങളാണെന്നാണ് ആ പ്രകാശോജ്വലമായ ജീവിതം തെളിയിച്ച് കാണിച്ചതെന്ന് ഇവിടെ പ്രസ്താവിച്ചു കൊള്ളാം.

ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ ജീവിതകാലത്ത് അദ്ദേഹത്തെ നേരിട്ട് പഠിക്കാൻ ശ്രമിച്ച മനശാസ്ത്രപണ്ഡിത നായ പ്രഫ. ഡാനിയലിന്റെ ചോദ്യങ്ങളും മറ്റൊന്നല്ല തെളിയിച്ചു കാട്ടിയത്.

74 – ഒരു ശിഷ്യൻ ശത്രുചമഞ്ഞപ്പോൾ

കർണ്ണാൽ ജില്ലയിലെ തറാവുഡി സ്വദേശി ഡോ. അബ്ദുൽ ഹക്കീം ഖാൻ 20 കൊല്ലക്കാലം ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ അടുത്ത ശിഷ്യനായിരുന്നു. പട്ടിയാല ജനറൽ ആശുപത്രിയിലെ സിവിൽ അസി. സർജൻ ആയിരുന്ന ഇദ്ദേഹം സ്വന്തമായ ചില മതവിശ്വാസങ്ങൾ പ്രചരിപ്പിച്ചുപോന്നു. ഖുർആന്റെ ഇംഗ്ലീഷ് വിവർത്തനം എഴുതി പ്രസിദ്ധപ്പെടുത്തിയ ലോകത്തിലെ ഒന്നാമത്തെ മുസ്‌ലിം എന്ന ബഹുമതി ഇദ്ദേഹത്തിനാണ് ലഭിച്ചതെങ്കിലും ചില അനിസ്‌ലാമിക വിശ്വാസങ്ങളിൽ പറ്റിപിടിക്കുകയും അത് തിരുത്താൻ തയ്യാറാവാതെ പ്രചരിപ്പിക്കുകയും ചെയ്തത്കാരണം ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) യുമായി പിണങ്ങിപിരിയേണ്ടിവന്നതിൽപിന്നെ അദ്ദേഹം ആ മഹാത്മാവിന്റെ ബദ്ധശത്രുവായി ചമയുകയാണുണ്ടായത്.. മോക്ഷം നേടുന്നതിന് നബിതിരുമേനിയിൽ വിശ്വസിക്കേണ്ടത് നിർബന്ധമല്ലെന്നും അല്ലാഹുവിലും 'ആഖിറ' ത്തിലും വിശ്വസിച്ചാൽ മതിയെന്നും അദ്ദേഹം സിദ്ധാന്തിച്ചു. റസൂൽ കരീം (സ) തിരുമേനിയുടെ സത്യം മനസ്സിലാക്കുകയും പിന്നീട് അവിശ്വാസത്തിലെയ്ക്ക് മടങ്ങുകയും ചെയ്ത ഒരു മുർത്തദ്ദിന്നുകൂടിയും മോക്ഷം ലഭിക്കുമെന്നതായിരുന്നു അദ്ദേഹത്തിന്റെ വാദം. 'വഹ്യ്' എന്നത് മലക്കുകൾ മുഖേന ദൈവത്തിൽനിന്ന് ലഭിക്കുന്ന വെളിപാടുകളല്ല, മനുഷ്യന്ന് നേടാനാവുന്ന പ്രകൃതിപരമായ ഒരു സിദ്ധിവിശേഷമാണെന്നും അത് സ്വപ്രയത്നം കൊണ്ട് ആർക്കും വളർത്തിയെടുക്കാവുന്നതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ

മറ്റൊരു തത്ത്വം. പ്രവചനങ്ങൾ പറയാൻ ദൈവീകസഹായങ്ങൾ ഒന്നും ആവശ്യമില്ലെന്നും അദ്ദേഹം സിദ്ധാന്തിച്ചു.

ഹസ്രത്ത് അഹ്മദ് (അ) ഡോ. അബ്ദുൽ ഹക്കീം ഖാനെ 1906 മെയ് 3-നു ഒരു വിജ്ഞാപനം മുഖേന ജമാഅത്തിൽനിന്നും പുറത്താക്കി. ധാർഷ്ട്യപൂർണ്ണമായ നിലപാട് കാരണമാണ് ഈ നടപടി സ്വീകരിക്കേണ്ടിവന്നത്. തിരുത്തുന്നതിനുള്ള അവസരം നൽകിയിട്ടും പിന്തിരിയാതെ കൂടുതൽ ധിക്കാരത്തോടെ അനിസ്ലാമിക തത്ത്വങ്ങൾ പ്രചരിപ്പിക്കുകയായിരുന്നു അദ്ദേഹം. ഇതിനുശേഷം ഹസ്രത്ത് അഹ്മദിന്റെ പ്രസ്ഥാനത്തെ നശിപ്പിക്കണമെന്ന ദൃഢനിശ്ചയത്തോടെ ഒരു പ്രഖ്യാപിത ശത്രുവെന്നോണം രംഗത്തിറങ്ങുകയും ചെയ്തു. 'അഹ്ലെ ഹദീസ്', 'പൈസാ അഖ്ബാർ' മുതലായ പത്രങ്ങളിൽ ലേഖനങ്ങൾ എഴുതുകയും പട്ടിയാല ലാഹൗർ അമൃതസർ മുതലായ നഗരങ്ങളിൽ പ്രഭാഷണം നടത്തുകയും ചെയ്തു. ആ പ്രസംഗങ്ങളിൽ വാഗ്ദത്ത മസീഹിനെ കടുത്ത നിലയിൽ അധിക്ഷേപിക്കുകയും ചെയ്തുപോന്നിരുന്നു. ഹസ്രത്ത് മിർസാ സാഹിബ് മൂന്നുകൊല്ലത്തിനുള്ളിൽ മരണപ്പെടുമെന്നുള്ള ഒരു പ്രവചനവും അയാൾ പുറപ്പെടുവിച്ചു. 1906 ജൂലായ് 27-നു ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന് അയച്ചൊരു കത്തിൽ അന്ന് മുതൽ മൂന്ന് കൊല്ലത്തിനുള്ളിൽ മിർസാ സാഹിബ് മരിക്കുമെന്ന് തനിക്ക് ഇൽഹാം ലഭിച്ചതായി അയാൾ അറിയിക്കുകയും ചെയ്കയുണ്ടായി.

ഈ പ്രവചനം പ്രചരിച്ചപ്പോൾ ഡോ. സാഹിബിനെ സംബന്ധിച്ചിടത്തോളം തനിക്ക് ലഭിച്ച ദൈവീക അറിയിപ്പുകൾ വാഗ്ദത്ത മസീഹ് (അ) പ്രസിദ്ധപ്പെടുത്തി. 1906 ആഗസ്റ്റ് 16-നു 'ഖുദാ സച്ചേ കാ ഹാമീ ഹൊ' (ദൈവം സത്യവാൻമാരുടെ പിന്തുണക്കാരനായിരിക്കട്ടെ) എന്ന ശീർഷകത്തിൽ പുറപ്പെടുവിച്ച ഒരു പ്രഖ്യാപനത്തിൽ തന്നെപറ്റി ഡോ. അബ്ദുൽ ഹക്കീം ഖാൻ പ്രചരിപ്പിച്ച പ്രവചനവും അതോടൊപ്പം ഡോ. അബ്ദുൽ ഹക്കീം ഖാനെ പറ്റി തനിക്ക് അല്ലാഹുവിൽനിന്ന് ലഭിച്ചതായി അറിയിച്ചുകൊണ്ടുള്ള തന്റെ പ്രവചനവും പ്രസിദ്ധപ്പെടുത്തി.

അബ്ദുൽഹക്കീംഖാന്റെ പ്രവചനം ഇപ്രകാരമായിരുന്നു:

"മിർസാക്കെതിരിൽ 1906 ജൂലായ് 12-നു ഈ ഇൽഹാമുകൾ ഉണ്ടായി: മിർസാ 'മുസ്രി'ഫും 'കദ്ദാബും' 'ഇയാറും' ആകുന്നു. സത്യവാന്റെ മുമ്പിൽ ദുഷ്കൃതൻ നശിച്ചുപോകും. ഇതിന്റെ കാലാവധി മൂന്നുകൊല്ലമായി വിവരിക്കപ്പെട്ടിരിക്കുന്നു".

വാഗ്ദത്ത മസീഹിന്റെ പ്രവചനം:

"ദൈവം പ്രസാദിച്ചവരിൽ അതിന്റെ ലക്ഷണങ്ങൾ കാണാം. അവർ രക്ഷയുടെ പ്രഭുക്കൾ എന്നു വിളിക്കപ്പെടുന്നു. അവരെ ജയിക്കാൻ ആർക്കും സാദ്ധ്യമല്ല. മലക്കുകളുടെ ഊരിയ വാൾ നിന്റെ മുമ്പിലുണ്ട്. ദൈവമെ, എല്ലാ സത്യപരിഷ്കർത്താക്കളെയും സത്യവാൻമാരെയും നീ കാണുന്നുവല്ലോ!"

ഇത് 1906 ആഗസ്റ്റ് 17-നു ത്തെ 'അൽ ഹക്കം' പത്രത്തിലും പ്രസിദ്ധപ്പെടുത്തിയിരുന്നു. (മജ്മൂഅ ഇശ്തിഹാറാത്ത്, ജിൽദ് 3; പു. 557-560)

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) താൻ ചരമം പ്രാപിക്കുന്നതിന് ഏതാനും കൊല്ലം മുമ്പ്തന്നെ തന്റെ അന്ത്യം അടുത്തിരിക്കുകയാണെന്നുള്ള വെളിപാടുകൾ തനിക്കു തുടർച്ചയായി ലഭിച്ചുകൊണ്ടിരുന്നതായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു.

1900-ൽ പ്രസിദ്ധം ചെയ്ത 'അർബയീൻ' എന്ന കൃതിയിൽ, 35 കൊല്ലംമുമ്പ് തനിക്ക് സിദ്ധിച്ച ഒരു ദിവ്യബോധനത്തെ അടിസ്ഥാനമാക്കി തന്റെ വയസ്സ് എൺപതിനോട് അടുത്തായിരിക്കുമെന്ന് ഹസ്രത്ത് അഹ്മദ് (അ) പ്രവചിക്കുകയുണ്ടായി. 'അർബയീ'നിൽ ഇപ്രകാരം എഴുതി:

"കള്ളവാദി ആയതിനാൽ വേഗം മരിച്ചുപോയി എന്ന് വരുത്താൻവേണ്ടി ശത്രുക്കൾ എന്റെ മരണത്തെ കാംക്ഷിച്ചുകൊണ്ടിരിക്കുമെന്ന് അല്ലാഹുവിന് അറിവുണ്ടായിരുന്നതിനാൽ അവൻ മുമ്പ് തന്നെ എന്നെ അറിയിച്ചു: നിന്റെ വയസ്സ് 80 ആയിരിക്കും. അഥവാ രണ്ട് നാല് കുറവ് അല്ലെങ്കിൽ കുറച്ച് വർഷം അധികം. ദൂരത്തുള്ള തലമുറയെ നീ കാണുമാറാകും. ഈ

ഇൽഹാം ഏതാണ്ട് 35 കൊല്ലം മുമ്പുണ്ടായതും ലക്ഷക്കണക്കി നാളുകളിൽ പ്രചരിച്ചിട്ടുള്ളതുമത്രെ". (അർബയീൻ, പു. 68).

1905 ഡിസംബർ 5–നു എഴുതിപൂർത്തിയാക്കിയ 'അൽവ സിയത്ത്' (ഒസ്യത്ത്) എന്ന പുസ്തകം അവിടുന്ന് ആരംഭിച്ചത് ഇപ്രകാരമാണ്: "സർവ്വശക്തനായ അല്ലാഹു തുടരെതുടരെയുള്ള വഹ്യ് മുഖേന എന്റെ ചരമകാലം അടുത്തിരിക്കുന്നു എന്ന് എന്നെ അറിയിച്ചിരിക്കുന്നു. എന്റെ അസ്തിത്വത്തെ അടിയോടെ ഇളക്കിയ വിധത്തിലാണ് ഇത് സംബന്ധിച്ച് അടിക്കടിയായി അവന്റെ വെളിപാടുകൾ ഉണ്ടായിരിക്കുന്നത്" (അൽ വസിയത്ത്).

ചില ദർശനങ്ങളെയും ദിവ്യസ്വപ്നങ്ങളെയും വെളിപാ ടുകളെയും മുൻനിർത്തി രണ്ടോ മൂന്നോ കൊല്ലക്കാലമെ ഇനി തനിക്ക് ജീവിതമുള്ളൂവെന്നും അവിടുന്ന് അനുയായികളെ അറി യിക്കുകയുണ്ടായിട്ടുണ്ട്. (ബദർ, 1905 ഡിസംബർ).

വാഗ്ദത്ത മസീഹ് (അ) തന്റെ ആയുഷ്കാലത്തെപറ്റി അറിയിച്ച ഏതാദൃശ പ്രവചനങ്ങളെ അടിസ്ഥാനമാക്കിതന്നെ ആ മഹാത്മാവിന്റെ മരണത്തെ കുറിച്ച് മുൻകൂട്ടി പറയാൻ അഥവാ പ്രവചനം അറിയിക്കാൻ ചില ശത്രുക്കൾ മുതിരുകയുണ്ടായി. അവരിൽ ഒരാളത്രെ ഡോ. അബ്ദുൽ ഹക്കീം ഖാൻ. തന്നെപറ്റി ഹസ്രത്ത് അഹ്മദ് (അ) ചെയ്തിട്ടുള്ള പ്രവചനം പൂർത്തിയാ യാൽ അത് തങ്ങളുടെ പ്രവചനപ്രകാരമാണ് സംഭവിച്ചതെന്ന് വരുത്തിത്തീർക്കാമെന്നും, തങ്ങളുടെ പ്രവചനം ഫലിക്കാതാ യാൽ മിർസാസാഹിബിന്റെ പ്രവചനം പൂർത്തിയായില്ലായെന്നു ആക്ഷേപിക്കാമെന്നുമുള്ളതായിരുന്നു അവരുടെ തന്ത്രം. ഈ അടിസ്ഥാനത്തിലാണ് മിർസാസാഹിബ് മൂന്ന് കൊല്ലത്തിനുള്ളിൽ മരിക്കുമെന്ന് തനിയ്ക്ക് വെളിപാട് ഉണ്ടായതായി ഡോ. അബ്ദുൽഹക്കീംഖാൻ മുൻകൂട്ടി പറഞ്ഞത്. 1906 ജൂലായ് 27–നു ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന് അയച്ച എഴു ത്തിലാണ് ഡോ. ഈ പ്രവചനം അറിയിച്ചത് എന്ന് ഓർക്കേണ്ട താണ്. അതിലദ്ദേഹം പക്ഷെ, ഉറച്ചുനിന്നില്ല.

1907 ജൂലായ് 1-നു ഡോ. സാഹിബ് പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽ 14 മാസത്തിനകം ഹസ്രത്ത് മിർസാ സാഹിബ് മരണപ്പെടുമെന്ന് പ്രവചിച്ചു. അതിലിപ്രകാരമാണ് എഴുതിയത്: "അവന്റെ ധിക്കാരത്തിന്നും അനുസരണക്കേടിന്നുമുള്ള ശിക്ഷയായി 1909 ജൂലായ് 11 വരേക്കും മൂന്നു കൊല്ലക്കാലാവധിയിൽ നിന്ന് 10-മാസവും 11-ദിവസവും കുറച്ചിരിക്കുന്നു". "മിർസാജി ഇന്ന് മുതൽ 14-മാസത്തിനകം മരണശിക്ഷക്കിരയായി ഹാവിയയിൽ തള്ളപ്പെടും" (ഇഅ്ലാൻ വ ഇത്മാമുൽ ഹുജ്ജ വ തക്മീല, പു. 6)

ഈ പ്രവചനം പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ വാഗ്ദത്ത മസീഹ് (അ) 1907 നവംബർ 5-നു ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ, ശത്രുക്കളുടെ എല്ലാ പ്രവചനങ്ങളും അവതാളത്തിൽ കലാശിക്കുമെന്നും അവരെയെല്ലാം അല്ലാഹു അസത്യവാൻമാരായി കാണിക്കുമെന്നും തന്റെ വയസ്സ് ആവശ്യമനുസരിച്ച് നീട്ടിയിടപ്പെടുമെന്നും തന്റെ പേർ ലോകത്ത് ഉയർത്തപ്പെടുമെന്നും സഹായങ്ങളും വിജായാഭിവൃദ്ധികളും നൽകി അനുഗ്രഹിക്കപ്പെടുമെന്നും ശത്രുക്കൾ 'അസ്ഹാബുൽ ഫീ' ലിനെ പോലെ നശിപ്പിക്കപ്പെടുമെന്നും അല്ലാഹു അറിയിച്ചതായി പ്രസ്താവിച്ചിരുന്നു. അതോടൊപ്പംതന്നെ ഡോ. അബ്ദുൽഹക്കീംഖാന്റെ പ്രവചനത്തെ സൂചിപ്പിച്ചുകൊണ്ട് "1907 ജൂലായ് മുതൽ 14 മാസം വരെ മാത്രമെ നിന്റെ വയസ്സ് ഉണ്ടാകുകയുള്ളു എന്നും, മറ്റും പ്രവചനം ചെയ്യുന്ന ശത്രുക്കളെ ഞാൻ കളവാക്കുകയും നിന്റെ വയസ്സ് ഏറ്റിത്തരുകയും ചെയ്യും" എന്നും "ഞാൻ ദൈവമാണെന്നും എല്ലാ ഓരോ കല്പനയും എന്റെ വരുതിയിലാണെന്നും മനസ്സിലാക്കി കൊള്ളാൻതന്നെ" എന്നും തനിക്ക് അല്ലാഹുവിൽനിന്ന് വെളിപാടുണ്ടായിരിക്കുന്നതായി വാഗ്ദത്ത മസീഹ് (അ) അറിയിച്ചു.

ഈ വിജ്ഞാപനത്തിന് ശേഷം ഡോ. സാഹിബ് തന്റെ രണ്ടാമത്തെ പ്രവചനവും ദുർബലപ്പെടുത്തിക്കൊണ്ട് മൂന്നാമതൊരു പ്രവചനം പ്രസിദ്ധപ്പെടുത്തി. അതിപ്രകാരമായിരുന്നു: "മിർസാ 1945 സാവൻ 21-നു (1908 ആഗസ്റ്റ് 4-നുക്കുള്ളിൽ) മാര

കമായ രോഗത്തിൽ പെട്ട് മൃതിയടയുന്നതാണ്" (ഇഅ്ലാനുൽ ഹക്ക്, പു. 8)

1908 മെയ് മാസം പ്രസിദ്ധപ്പടുത്തിയ 'ചശ്മയെ മഅ്രിഫ' എന്ന ഹസ്രത്ത് അഹ്മദിന്റെ ഗ്രന്ഥത്തിൽ ഈ പ്രവചനത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ പ്രവചനത്തിൽ ഡോ. സാഹിബ് ഉറച്ചുനിന്നിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രവചനമനുസരിച്ചാണ് ഹസ്രത്ത് മിർസാസാഹിബ് ചരമമടഞ്ഞതെന്ന് ശത്രുക്കൾക്ക് പറയാമായിരുന്നു. ഉറച്ച് നിന്നിരുന്നെങ്കിൽ പക്ഷെ, ദൈവം അവന്റെ വാഗ്ദത്ത പ്രകാരം വാഗ്ദത്ത മസീഹിന് ആയുസ് നീട്ടികൊടുക്കുമായിരുന്നു. എന്നാൽ അത് വേണ്ടിവന്നില്ല. ഡോ. അബ്ദുൽഹക്കീംഖാൻ ഈ പ്രവചനത്തിലും ഉറച്ച് നൽക്കാതെ താൻ അത് വരെ മുമ്പോട്ട് വെച്ച എല്ലാ പ്രവചനങ്ങളെയും കള്ള മാക്കികൊണ്ട് നാലാമതൊരു പ്രവചനം കൂടി പരസ്യപ്പെടുത്തുകയാണ് ചെയ്തത്. ലാഹൗറിലെ 'പൈസ അഖ്ബാർ' എന്ന പ്രഖ്യാതദിനപത്രത്തിന്റെ അധിപർക്ക് അദ്ദേഹം ഇപ്രകാരം എഴുതി:

"മിർസാ ഗുലാംഅഹ്മദിനെ കുറിച്ചുള്ള എന്റെ പുതിയ ഇൽഹാമുകൾ താങ്കളുടെ പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ ദയവുണ്ടാവണമെന്ന് അപേക്ഷിക്കുന്നു:

"1-മിർസാ 1945 സാവൻ 21-നു (1908 ആഗസ്റ്റ് 4-നു) മാരകമായ രോഗം ബാധിച്ച് മരണമടയുന്നതാണ്.

"2-മിർസായുടെ ബന്ധുക്കളിൽപെട്ട വളരെ പ്രധാനിയായ ഒരു സ്ത്രീ മരിക്കും-വസ്സലാം" (1908 മെയ്) അബ്ദുൽഹക്കീംഖാൻ എം.ബി. പട്ടിയാല-പൈസ അഖ്ബാർ, ലാഹൗർ 1908 മെയ് 15, പു. 4, കോളം 2)

1908 ആഗസ്റ്റ് നാലാം തീയ്യതിക്കുള്ളിൽ മരിക്കുമെന്ന പ്രവചനം ദുർബലപ്പെടുത്തികൊണ്ട് 1908 ആഗസ്റ്റ് 4-നു മരണപ്പെടുമെന്ന പ്രവചനം ഡോ. ഖാൻ പുറപ്പെടുവിക്കുകയാണുണ്ടായത്. ഇത് മുഖേന തന്റെ അതുവരെയുള്ള എല്ലാ പ്രവചനങ്ങളും കളവും കറ്റ് കെട്ടുമായിരുന്നു എന്ന് അദ്ദേഹം തന്നെ സമ്മതിച്ചു. അവയെല്ലാം അവതാളത്തിലാകുമെന്ന ഹസ്രത്ത് അഹ്മദിന്റെ

പ്രവചനം പുലരുകയും ചെയ്തു. മുഴുവൻ ലോകർക്കും ഇത് ബോധ്യപ്പെടുമാറായി.

1908 ആഗസ്റ്റ് 40–തീയ്യതിക്കുള്ളിൽ മരിക്കുമെന്ന പ്രവചനം അനുസരിച്ച് ആഗസ്റ്റ് 3–തീയതിയിലെ അവസാന മണിക്കൂറിലെ അവസാന മിനിട്ടിനുള്ളിൽ ഏതവസരത്തിലും മരണം സംഭവിക്കാമായിരുന്നതും ആഗസ്റ്റ് 4–നു ഹസ്രത്ത് അഹ്മദ് (അ) ജീവിച്ചിരിക്കാൻ പാടില്ലാത്തതുമായിരുന്നു.

1908 ആഗസ്റ്റ് 4–നു മരിക്കുമെന്ന ഒടുക്കത്തെ പ്രവചന പ്രകാരമാകട്ടെ ആഗസ്റ്റ് 3–ാം തീയതിയിലെ അവസാന മണിക്കൂറിലെ അവസാന നിമിഷം വരെ ഹസ്രത്ത് അഹ്മദ് (അ) ജീവിച്ചിരിക്കേണ്ടതായിരുന്നു. ആഗസ്റ്റ് 4–നും അദ്ദേഹത്തിന് ജീവിച്ചിരിക്കാമായിരുന്നു. ആഗസ്റ്റ് 4–തീയതിയിലെ അവസാന നിമിഷത്തിൽ അദ്ദേഹം മരിച്ചാലും ആ തീയ്യതിക്ക് തന്നെ അദ്ദേഹം മരിച്ചെന്നു വരുമായിരുന്നു.

ഇവിടെ മുൻപ്രവചനത്തിന് കടകവിരുദ്ധമായ ഒരു പ്രവചനമാണ് അദ്ദേഹം ഒടുവിലായി പരസ്യപ്പെടുത്തിയതെന്നത് പ്രത്യക്ഷമാണല്ലോ. അതും പക്ഷെ, പുലർന്നില്ല. ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) സ്വയം മുന്നറിയിപ്പ് നൽകിയത് പ്രകാരം 1908 മെയ് 26–നു തന്നെ ചരമം പ്രാപിക്കുകയാണുചെയ്തത്. മരിക്കുന്നതിന് ആറു ദിവസം മുമ്പ് 'ചശ്മയെ മഅ്രിഫ' എന്ന പ്രഖ്യാത ഗ്രന്ഥം പുറത്തിറക്കി. മെയ് 15–ന് ആണ് അവിടുന്നു അതിൽ മുഖവുര എഴുതി കൊടുത്തിരുന്നത്. അബ്ദുൽ ഹക്കീം ഖാന്റെ ഒടുവിലത്തെ പ്രവചനം പ്രസിദ്ധപ്പെടുത്തിയത് മെയ് 15–ാം തീയതിയിലെ 'പൈസാ അഖ്ബാറി'ലായിരുന്നു!

അബ്ദുൽ ഹക്കീം ഖാന്റെ പ്രവചനം കളവായി പുലർന്നപ്പോൾ വാഗ്ദത്ത മസീഹിന്റെ പ്രഖ്യാപിതശത്രുവായിരുന്ന മൗലവി സനാഉല്ലാ സാഹിബ് തന്റെ 'അഹ്ൽ ഹദീസ്' പത്രത്തിൽ ഇപ്രകാരമാണ് എഴുതിയത്:

"ഞങ്ങൾക്ക് തോന്നുന്നത് പറയാതിരിക്കാൻ നിർവാഹമില്ല. 14 മാസങ്ങൾക്കകം എന്ന് പറഞ്ഞു മതിയാക്കുകയും

ഇപ്പോൾ ചെയ്തത് പോലെ മിർസായുടെ മരണത്തീയതി നിർണയിച്ചു പറയാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ–സാവൻ 21–ാം ന് (ആഗസ്റ്റ് 4–ന്) മിർസാ മരിക്കുമെന്നുള്ള അദ്ദേഹത്തിന്റെ ഇൽഹാം മെയ് 15–തീയതിയിലെത്തെ 'അഹ്ൽ ഹദീസ്' പത്രത്തിൽ ചേർത്തിരുന്നുവല്ലോ–'പൈസാ അഖ്ബാറി'ന്റെ ബഹുമാന്യരായ പത്രാധിപർ 27–ാം തീയതിയിലെത്തെ ലക്കത്തിൽ ഈ ഇൽഹാമിനെ പറ്റി ഉന്നയിച്ച മാതിരിയിലുള്ള ഒരു ആക്ഷേപം ഉയർന്നുവരുന്നതിന് കാരണമുണ്ടാകുമായിരുന്നില്ല. ആഗസ്റ്റ് 4–നു എന്നതിന് പകരം ആഗസ്റ്റ് 4–തീയതിക്കുള്ളിൽ എന്നുതന്നെയായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! അദ്ദേഹം മൂന്നു കൊല്ലമെന്നും 14 മാസം എന്നും അവധിവെച്ചുകൊണ്ടുള്ള ആദ്യത്തെ പ്രവചനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിന് ശേഷം ആ കാലാവധിക്കുള്ളിൽ ഒരു നിശ്ചിത തീയ്യതി കൂടി നിർണയിച്ചുപറയാതിരുന്നെങ്കിൽ ഈ ആക്ഷേപം ഉടലെടുക്കുമായിരുന്നില്ല" (അഹ്ലെ ഹദീസ്, 1908 ജൂൺ 12).

"അബ്ദുൽ ഹക്കീം ഖാന്റെ പ്രവചനത്തിൽ സാവൻ 21 (ആഗസ്റ്റ് 4–ന്) എന്നതിനുപകരം 'സാവൻ 21–നുള്ളിൽ' അതായത് ആഗസ്റ്റ് 4–നുള്ളിൽ എന്നാണ് ചേർത്തിട്ടുണ്ടായിരുന്നതെങ്കിൽ ഈ പ്രശ്നം ഉടലെടുക്കുമായിരുന്നില്ല" എന്നാണ് പൈസാ അഖ്ബാർ എന്ന സുപ്രസിദ്ധ പത്രം ഇതു സംബന്ധിച്ച് എഴുതിയത്.

ചുരുക്കത്തിൽ, അബ്ദുൽ ഹക്കീം ഖാന്റെ പ്രവചനം അബദ്ധവും പരിഹാസ്യവും ഫലശൂന്യവും ആയിത്തീർന്നുവെന്ന് 'അഹ്ൽ ഹദീസ്' പത്രാധിപരും 'പൈസാ അഖ്ബാർ' പത്രാധിപരും ഒരു പോലെ മേൽപ്രകാരം വെട്ടിത്തുറന്നെഴുതി. തീയ്യതി നിർണ്ണയിച്ചു പറഞ്ഞിരുന്നില്ലെങ്കിൽ പ്രവചനം പൂർത്തിയായേനെ എന്ന് രണ്ടു പത്രവും വ്യാമോഹിച്ചത് വെളിപാടുകളുടെ യാഥാർത്ഥ്യം അറിയാത്തതുകൊണ്ടുമാത്രമാണ്. വെളിപാടുകൾ ദൈവത്തിന്റെ ഭാഗത്തുനിന്നുള്ളതും കറ്റ് കെട്ടിപറയുന്നതും തമ്മിലുള്ള വ്യക്തമായ വ്യത്യാസം വേർതിരിച്ചു കാണിക്കുവാനാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നത്. നിശ്ചിത തീയ്യതി പറഞ്ഞിട്ടുണ്ടായിരുന്നില്ലെങ്കിൽ തന്നെ ദൈവം അത് മറ്റൊരു വിധത്തിൽ ഫലശൂന്യമാക്കുമായിരുന്നു.

"മിർസാ ശ്വാസകോശരോഗത്താൽ മരിച്ചു" എന്ന ഒരു വെളിപാട് തനിക്കുണ്ടായതായി 1906 ഒക്ടോബർ 30-ന് ഡോ. അബ്ദുൽ ഹക്കീം ഖാൻ പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു. ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ന്ന് ശ്വാസകോശരോഗം പിടിപെട്ടിരുന്നില്ല. എന്നാൽ, വാഗ്ദത്ത മസീഹിന്റെ പ്രവചനപ്രകാരം എല്ലാവിധത്തിലും പരാജയപ്പെട്ട് നിരാശനും നിസ്സഹായനുമായി ശിഷ്യരും സുഹൃത്തുക്കളുമെല്ലാം കൈവെടിഞ്ഞ നിലയിൽ ജീവിച്ച ശേഷം ഡോ. അബ്ദുൽ ഹക്കീം ഖാൻ ശ്വാസകോശരോഗം ബാധിച്ച് ഏതാനും കൊല്ലക്കാലം നരകിച്ച് കഴിയുകയും ഒടുവിൽ 1920 ജൂൺ 1-ന് മരണപ്പെടുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ മൃതദേഹം കുളിപ്പിക്കാൻ പോലും ആരും മുന്നോട്ടു വരാതിരിക്കുമാറ് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലായിരുന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഡോ. അബ്ദുൽഹക്കീംഖാൻ ധാരാളം സ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടാകുന്ന പ്രത്യേക പ്രകൃതക്കാരനായിരുന്നുവെന്ന് വാഗ്ദത്ത മസീഹ് (അ) എഴുതിയിട്ടുണ്ട്. ഇത്തരം മാനസീകഘടനയോട് കൂടിയവർ ദൈവഭക്തിയിൽ മുന്നേറുന്ന പക്ഷം അവർക്ക് കൂടുതൽ ആത്മീയാനുഗ്രഹം ലഭിക്കുമെന്നും ഹസ്രത്ത് അഹ്മദ് (അ) പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, ഇതേ ആളുകൾ തന്നെ മനസ്സൽപം തെറ്റിയാൽ മനോരോഗിയായിപ്പോകാം. ഖാന്റെ ബുദ്ധി അൽപം തകരാറിലാണെന്ന് പട്ടിയാല മഹേന്ദ്ര കോളേജിലെ പ്രഫസർ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് പ്രസ്താവിക്കയുണ്ടായി. കൂടാതെ അദ്ദേഹത്തിന്റെ ഒരു സഹോദരൻ മനോരോഗിയായിരുന്നുവത്രെ. (മുജദ്ദിദെ അഅ്സം, പു. 1088) ദിവ്യവെളിപാടുകളെ സംബന്ധിച്ച ദിവ്യജ്ഞാനത്തിന്റെ അഭാവത്തിൽ തനിക്കുണ്ടായ അനുഭവങ്ങളെ വിനയപുരസ്സരം അനുഗ്രഹങ്ങളാക്കിമാറ്റാൻ ശ്രമിക്കുന്നതിന് പകരം ആത്മസ്തുതിയും അഹന്തയും വളർത്തി ഒരു ദൈവപ്രേഷിതന്നെതിരായി തിരിയുകയാണദ്ദേഹം ചെയ്തത്. അത്കൊണ്ട്തന്നെ പരീക്ഷകളിൽ പരാജയപ്പെടുകയും നാശഗർത്തത്തിൽ ആപതിക്കുകയും ചെയ്തു. അദ്ദേഹം സ്വന്തമായ മതതത്ത്വങ്ങൾക്ക് രൂപം നൽകുകയും ഖുർആ

നികവിശ്വാസങ്ങളെ അഥവാ, യഥാർത്ഥ ഇസ്‌ലാമിക സത്യവിശ്വാസത്തെ അഗണ്യകോടിയിൽ തള്ളുകയുമാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ പാഠങ്ങളെയും ഉപദേശങ്ങളെയും അദ്ദേഹം വിലവെച്ചില്ല. അയാൾ 'ദിക്‌റെ ഹക്കീം' എന്ന പേരിൽ ഒരു പത്രിക പുറപ്പെടുവിച്ചു പോന്നിരുന്നു. ഖുർആന് വിരുദ്ധമായ വെളിപാടുകൾ പൈശാചികമായിരിക്കുമെന്നത്രെ വാഗ്ദത്ത മസീഹ് പഠിപ്പിച്ചത്. അല്ലാഹുവിൽ വിശ്വസിച്ചാൽ മതിയെന്നും നബിയിലും ഖുർആനിലും വിശ്വസിക്കേണ്ടതില്ലെന്നും കൂടി അയാൾ ഘോഷിച്ചപ്പോൾ അയാൾക്കുണ്ടായ വെളിപാടുകൾ പൈശാചികമാണെന്നതിലെയ്ക്ക് വേറെ തെളിവ് വേണ്ടായിരുന്നു. 'കലിമത്തുത്തൗഹീദി'ലെ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന ഭാഗം മതി 'മുഹമ്മദു റസൂലുല്ലാഹി' എന്നത് ആവശ്യമില്ല എന്നതായിരുന്നു ഡോ. ഹക്കീംഖാന്റെ സിദ്ധാന്തം. മോക്ഷം പ്രാപിക്കുന്നതിന് റസൂലിൽ വിശ്വസിക്കേണ്ടതില്ലെന്ന വാദത്തെ വാഗ്ദത്ത മസീഹ് 'ഹഖീഖത്തുൽ വഹീ' എന്ന തന്റെ ഗ്രന്ഥത്തിൽ (1907) ശക്തിയുക്തം ഖണ്ഡിക്കുകയുമുണ്ടായി. ഖുർആനിൽ നിന്ന് 14 ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് അത് വിശദീകരിക്കുകയും ചെയ്തു. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ചവർക്ക് മോക്ഷം ലഭിക്കുമെന്ന ഖുർആൻ ആയത്ത് (2:63) പ്രകാരം നബിയിൽ വിശ്വസിക്കൽ നിർബന്ധമല്ലെന്ന ന്യായവാദമാണ് ഖാൻ മുന്നോട്ട് വെച്ചത്. ആയത്തിന്റെ യഥാർത്ഥതാൽപര്യം അയാൾ മനസ്സിലാക്കിയില്ല. എന്നാൽ, തിരുനബിയുടെ സന്ദേശം എത്തിക്കഴിഞ്ഞിട്ടില്ലാത്തവരും ന്യായപൂർത്തി വന്നിട്ടില്ലാത്തവരുമായ ആളുകളെ സംബന്ധിച്ചിടത്തോളം, അവരുടെ കാര്യം അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിന്റെയും നീതിയുടെയും അടിസ്ഥാനത്തിൽ വിധിക്കപ്പെടുമെന്നും വാഗ്ദത്ത മസീഹ് അടിക്കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. (ഹഖീഖത്തുൽ വഹ്‌യ്) അത്തരക്കാർ തികഞ്ഞ ആത്മാർത്ഥത പുലർത്തുന്നവരും, തിരുനബിയുടെ സത്യസന്ദേശം ലഭിക്കുകയും ന്യായപൂർത്തി വരുത്തപ്പെടുകയും ചെയ്താൽ വിശ്വസിക്കാൻ തയാറാകുന്ന മാനസീകാവസ്ഥയിലുള്ളവരുമാണെങ്കിൽ, ദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്കയും ചെയ്യുന്നവരുമായി

രിക്കുന്ന പക്ഷം മോക്ഷത്തിന്നർഹരായിരിക്കുന്നതാണ്. ഈ യാഥാർത്ഥ്യം ഡോ. ഖാന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല.

75 – മൗലവി സനാഉല്ലാഹ് സാഹിബുമായി ആത്മീയസമരം

'മൗലവി സനാഉല്ലാ സാഹിബ് അമൃത്സരി തനിക്ക് പതിനേഴോ, പതിനെട്ടോ വയസ്സ് പ്രായമായിരുന്നപ്പോൾ 1885–ൽ ആദ്യമായി ഖാദിയാൻ സന്ദർശിച്ചു. ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) 'ബറാഹീൻ അഹ്മദിയ്യ' പ്രസിദ്ധപ്പെടുത്തുകയും അവിടുത്തെ പല പ്രവചനങ്ങളും പൂർത്തിയാവുകയും ഇസ്ലാമിന്റെ സത്യത്തിലേയ്ക്ക് ദൈവീകദൃഷ്ടാന്തങ്ങൾ കാണിക്കാൻ തയാറാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് സത്യാന്വേഷികളെ പരീക്ഷണത്തിന് ആഹ്വാനം ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ, നാനാദിക്കുകളിൽനിന്നും ആളുകൾ അവിടുത്തെ സന്ദർശനാർത്ഥം വന്നെത്തുമെന്ന പ്രവചനം അനുസരിച്ച്തന്നെ ആളുകൾ ഖാദിയാനിലേയ്ക്ക് പ്രവഹിച്ചു തുടങ്ങുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. അന്ന് ഹസ്രത്ത് അഹ്മദ് (അ) തന്റെ വാദങ്ങളൊന്നും പുറപ്പെടുവിച്ചിരുന്നില്ല. ഹസ്രത്ത് അഹ്മദിനെ കുറിച്ചറിയാനാണ് സനാഉല്ലാസാഹിബ് ഖാദിയാൻ സന്ദർശിച്ചതെങ്കിലും അദ്ദേഹം പിൽക്കാലത്ത് വാഗ്ദത്ത മസീഹിന്റെ പ്രഖ്യാപിത ശത്രുവായി രംഗപ്രവേശം ചെയ്കയാണുണ്ടായത്.

ഹസ്രത്ത് അഹ്മദ് (അ) മസീഹ്വാദം പുറപ്പെടുവിച്ചതിനെ തുടർന്ന് മൗലവി മുഹമ്മദ് ഹുസൈൻബട്ടാലവിയുടെ നേതൃത്വത്തിൽ ഇരുനൂറോളം ആലിംകൾ ചേർന്ന് ആ മഹാത്മാവിനെതിരെ 'കുഫ്റ് ഫത്വ ' പ്രസിദ്ധം ചെയ്യുകയും ഒരുവൻപ്രതിഷേധനിര പടുത്തുയർത്തുകയും ചെയ്ത ഘട്ടത്തിൽ ഒരു ദൈവീക കൽപന പ്രകാരം തന്റെ എതിരാളികളായ 58 ആലിംകളെയും 49 സൂഫിമാരെയും അവർ ഓരോരുത്തരുടെയും പേരെടുത്തു പറഞ്ഞുകൊണ്ട് അവിടുന്ന് 'മുബാഹല' യ്ക്ക് ആഹ്വാനം ചെയ്കയുണ്ടായി. ഈ ഉലമാക്കളിൽ പ്രധാനികൾ അക്കാലത്തെ നേതൃനിരയിലുള്ള ഇന്ത്യയിലെ ഉലമാ മുഖ്യരായിരുന്ന മൗലവി

റശീദ് അഹ്മദ് സാഹിബ് ഗംഗോഹി, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി സനാഉല്ല അമൃതസരി തുടങ്ങിയവരുമായിരുന്നു. ഈ നേതൃപണ്ഡിതൻമാരുടെ പട്ടികയിൽ പതിനൊന്നാമത്തെ ആളായിരുന്നു സനാഉല്ലാഹ് സാഹിബ്. 1897 ജനുവരിയിൽ പ്രസിദ്ധം ചെയ്ത 'അഞ്ചാമെ ആഥിം' എന്ന ഗ്രന്ഥത്തിലാണ് മുബാഹലയ്ക്കുള്ള ഈ ക്ഷണം ഉലമാക്കൻമാരുടെ മുമ്പിൽ വച്ചത്. എന്നാൽ, ഈ ഉലമാ മുഖ്യൻമാർ മിക്കവരും തന്നെ തികഞ്ഞ നിശ്ശബ്ദത പാലിച്ചു. ചില പണ്ഡിതൻമാർ ആ മഹാത്മാവിന്റെ അടുക്കൽ വിനയപുരസ്സരം കത്തുകളയച്ചു. ചിലർ വിശ്വസിക്കുകയും ചെയ്തു. ചിലർ എതിർപ്പിൽ മുന്നോട്ടുപോയെങ്കിലും മുബാഹല നടത്താൻ തയ്യാറല്ലെന്ന് വ്യക്തമാക്കി. വേറെ ചിലർ ശാപ പ്രാർത്ഥനയ്ക്കിരയായി നശിച്ചൊടുങ്ങി. എന്നാൽ, മൗലവി സനാഉല്ലാ സാഹിബ് ഇവരിൽ നിന്നെല്ലാം തികച്ചും വ്യത്യസ്ഥമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് വഞ്ചനാപരമായ ഇരട്ടമുഖം വെളിപ്പെടുത്തുകയാണ് ചെയ്തത്. അതായത്, ഒരു മുബാഹലയ്ക്കോ മറ്റെന്തെങ്കിലും തരത്തിലുള്ള സത്യപരീക്ഷണത്തിനോ താൻ തയാറല്ലെന്ന് വ്യക്തമാക്കികൊണ്ടിരിക്കെ തന്റെ അനുയായികളുടെയും ബഹുജനങ്ങളുടെയും കണ്ണിൽ മണ്ണ് വാരിയിട്ടുകൊണ്ട് തന്റെ പരാജയത്തെ മൂടിവെക്കാനായി താൻ മുബാഹലക്ക് തയാറാണെന്ന് വരുത്തിക്കൂട്ടുമാറ് ഇടക്കിടെ ഹസ്രത്ത് അഹ്മദ് (അ) നെ വല്ലുവിളിച്ചുകൊണ്ടിരുന്നു. എന്നാൽ മുബാഹലക്ക് ക്ഷണിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) എന്തെങ്കിലും എഴുതുമ്പോൾ അദ്ദേഹം മൗനം അവലംബിച്ചുകൊണ്ട് ഉൾവലിയുകയും ചെയ്തിരുന്നു. മൗലവി സനാഉല്ലാ സാഹിബിന്റെ എഴുത്തുകൾ പരിശോധിക്കുന്ന ഏതൊരു സത്യാന്വേഷിക്കും ഈ സത്യം കരതലാമലകം പോലെ പ്രത്യക്ഷമാകുന്നതാണ്.

'അഞ്ചാമെ ആഥിം' എന്ന കൃതിയിൽ പണ്ഡിതൻമാരെ കൂട്ടമായി സംബോധന ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ആഹ്വാനത്തിൽ വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പറഞ്ഞിരുന്നു:

"ആ മുഴുവൻ ആളുകളും മുബാഹലയുടെ തട്ടകത്തിൽ എനിക്കെതിരിൽ പ്രവേശിക്കുന്നുവെങ്കിൽ മാത്രം അവരിലും

എന്റെ പ്രാർത്ഥനയുടെ ഫലം വെളിപ്പെടുന്നതാണ് എന്ന നിബന്ധന ഞാൻ വെക്കുന്നു. അതായത്, ഒരു കൊല്ലത്തിനകം ആ ശാപശിക്ഷകളിൽ എന്തെങ്കിലും ഒന്ന് പിടിക്കുന്നതാണെന്നും ഒരാളെങ്കിലും ബാക്കിയാവുകയാണെങ്കിൽ ഞാൻ എന്നെപറ്റി കപടനാണെന്ന് കരുതുന്നതാണെന്നുംതന്നെ. അവർ ആയിരമോ രണ്ടായിരമോ ആളുകൾ ഉണ്ടെന്ന് വന്നാലും".

"ഓ ഭൂമിയേ, അല്ലയോ ആകാശമെ, സാക്ഷിനിൽക്കുക! ഈ കൃതി കിട്ടിക്കഴിഞ്ഞ ശേഷം മുബാഹലയ്ക്കായി മുന്നോട്ട് വരാതിരിക്കുകയോ തക്ഫീറും അധിക്ഷേപവും ഉപേക്ഷിക്കാതിരിക്കുകയോ അപഹസിക്കുന്നവരുടെ കൂട്ടത്തിൽനിന്ന് അകന്നു നിൽക്കാതിരിക്കുകയോ ചെയ്യുന്നവർ ആരോ അവരിൽ ദൈവത്തിന്റെ ശാപം ഉണ്ടാകട്ടെ. അല്ലയോ വിശ്വാസികളെ, ദൈവത്തിന്ന് വേണ്ടി നിങ്ങളെല്ലാം ആമീൻ എന്ന് ചൊല്ലുവിൻ" (അഞ്ചാമെ ആഥിം, പു. 67).

അമൃത്സർ ജില്ലയിലെ മുട്ട് എന്ന സ്ഥലത്തെ മുൻശിമുഹമ്മദ് യൂസഫ്, മുഹമ്മദ് യഅ്കൂബ് എന്നീ രണ്ട് സഹോദരൻമാർ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചപ്പോൾ മുട്ട് ഗ്രാമത്തിൽ വലിയ ഒച്ചപ്പാടുകൾ ഉണ്ടായി. ഗ്രാമം മുഴുവൻ അവരെ ബഹിഷ്കരിച്ചു. തുടർന്നൊരു വാദപ്രതിവാദം സംഘടിപ്പിക്കാൻ തീരുമാനമായി. ഇരുവരും ഖാദിയാനിലെത്തി വാഗ്ദത്ത മസീഹിന്ന് വിവരം അറിയിച്ചു. അഭിഭാഷണ രൂപത്തിലുള്ള വാദപ്രതിവാദം വാഗ്ദത്ത മസീഹ് ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും വാദപ്രതിവാദം നടത്താൻ മൗലവി സർവർഷാ സാഹിബിനെ നിയോഗിച്ചയച്ചു. എതിർഭാഗത്ത് മൗലവി സനാഉല്ലാ സാഹിബാണ് ഹാജരായിരുന്നത്. 1902 ഒക്ടോബർ 29-നും 30-നും വാദപ്രതിവാദം നടന്നു. ഈസാനബിയുടെ മരണവും മസീഹിന്റെ അവതാരവും ആയിരുന്നു വിഷയങ്ങൾ. ന്യായവാദങ്ങളിൽ തോൽവി തോന്നിയപ്പോൾ മൗലവി സനാഉല്ലാ സാഹിബ് ഹസ്രത്ത് അഹ്മദ് (അ) നെ വ്യക്തിപരമായി ആക്ഷേപിക്കാൻ തുടങ്ങി. രംഗം വഷളാകുമെന്ന് വന്നപ്പോൾ മദ്ധ്യസ്ഥൻമാർ ഇടപെട്ട് വാദപ്രതിവാദം അവസാനിപ്പിക്കേണ്ടി

വന്നു. മൗലവി സർവർഷാ സാഹിബ് ഹസ്രത്ത് അഹ്മദ് (അ) നെ എല്ലാ വിവരങ്ങളും ധരിപ്പിച്ചു. വാദപ്രതിവാദത്തിന്നിടയിൽ മൗലവി സനാഉല്ലാ സാഹിബ് ഉന്നയിച്ച മൂന്നുകാര്യങ്ങൾക്ക് മറുപടി നൽകേണ്ടതുണ്ടെന്ന് വാഗ്ദത്ത മസീഹിന്ന് തോന്നി.

1. ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ)ന്റെ സകല പ്രവചനങ്ങളും കളവായിപുലരുകയാണുണ്ടായതെന്ന ആക്ഷേപം.

2. മിർസാ സാഹിബുമായി മുബാഹല നടത്താൻ തയാറാണെന്ന സാനഉല്ലാസാഹിബിന്റെ പ്രസ്താവന.

3. 'ഇജ്ജാസുൽ മസീഹ്' എന്ന ഹസ്രത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥത്തിന് മറുപടി നൽകാൻ തനിക്ക് പ്രയാസമില്ലെന്ന സനാഉല്ലാ സാഹിബിന്റെ പ്രഖ്യാപനം.

ഈ മൂന്നുകാര്യങ്ങൾക്കും മറുപടിയായി ഹസ്രത്ത് അഹ്മദ് (അ) 'ഇജ്ജാസ് അഹ്മദി' എന്ന ഗ്രന്ഥം 1902 നവംബർ 12-നു പുറത്തിറക്കി. അതിൽ ഇപ്രകാരം പറഞ്ഞു:

'മൗലവി സനാഉല്ലാ സാഹിബ് മുദ്ദിൽ വെച്ചുള്ള വാദപ്രതിവാദത്തിൽ തന്റെ സകല പ്രവചനങ്ങളും കളവായി പുലരുകയാണ് ചെയ്തിട്ടുള്ളതെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഇക്കാര്യം പരിശോധിക്കുന്നതിന്നു അദ്ദേഹത്തെ ഖാദിയാനിലെയ്ക്ക് ക്ഷണിക്കുന്നു പ്രവചനങ്ങൾ പ്രവാചകമാതൃകയുടെ വെളിച്ചത്തിൽ കളവാണെന്ന് തെളിയിച്ചാൽ ഓരോ പ്രവചനത്തിന്റെ പേരിലും നൂറു രൂപവീതം പിഴയായി നൽകാമെന്നു സത്യംചെയ്യുന്നു. മറിച്ചാണെങ്കിൽ ഓരോ പ്രവചനത്തിന്റെ പേരിലും അദ്ദേഹത്തിൽ ശാപത്തിന്റെ കണ്ഠമാല വീഴും. വരവ് പോക്കിനുള്ള എല്ലാ ചെലവുകളും നൽകുന്നതാണ്. വീണ്ടും ആക്ഷേപം ഉന്നയിക്കാനാവാത്തവിധം മുഴുവൻ പ്രവചനങ്ങളും പരിശോധനാവിധേയമാക്കേണ്ടതാണ്'.

മുബാഹല നടത്താൻ തയ്യാറാണെന്ന പ്രസ്താവത്തിന്നുള്ള മറുപടിയായി ഇപ്രകാരം പറഞ്ഞു: "ഞാൻ കേട്ടു, അല്ല, മൗലവി സനാഉല്ല സാഹിബ് ഒപ്പിട്ട ഒരു ലിഖിതംതന്നെ ഞാൻ

കാണുകയുണ്ടായി. നാം ഇരുവരിൽ അസത്യവാനാരോ അയാൾ സത്യവാന്റെ ജീവിതകാലത്ത്തന്നെ മരണമടയട്ടെ എന്ന മുബാഹല പ്രാർത്ഥന ഇരുകൂട്ടരും ചെയ്യുന്നത് മുഖേന ഒരു നിർണ്ണായക തീരുമാനമുണ്ടാക്കുന്നതിന്ന് താൻ ആഗ്രഹിക്കുന്നുവെന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നു. മൗലവി സാഹിബിന്റെ ഈ ആഗ്രഹം ഹൃദയപൂർവ്വം പ്രകടിപ്പിച്ചിട്ടുള്ളതാണെങ്കിൽ, ഈ ഉമ്മത്തിന്ന് അദ്ദേഹം ഇതുമുഖേന വലുതായ ഒരു ഉപകാരമാണ് ചെയ്യുന്നത്. എന്തെന്നാൽ, ഒരു സമരയോദ്ധാവായി രംഗത്തിറങ്ങികൊണ്ട് (ഈ മാർഗ്ഗത്തിൽ) അദ്ദേഹം ഏറ്റവും നല്ലൊരു അഭിപ്രായമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. അദ്ദേഹം ഈ വിഷയത്തിൽ ഉറച്ചുനിൽക്കുമെങ്കിൽ അതൊരു വലിയ കാര്യംതന്നെയാണ്" (ഇഅ്ജാസ് അഹ്മദി, പു. 37).

തുടർന്ന് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "അസത്യവാൻ സത്യവാന് മുമ്പായി മരണമടയട്ടെ എന്ന് പ്രാർത്ഥിക്കാനുള്ള തീരുമാനത്തിന് അദ്ദേഹം തയ്യാറാണെങ്കിൽ നിശ്ചയമായും അദ്ദേഹം തന്നെയായിരിക്കും ആദ്യമായി മരണപ്പെടുക" (ഇഅ്ജാസ് അഹ്മദി പു. 37).

ഇങ്ങനെ ഈ പുസ്തകത്തിൽ വാഗ്ദത്ത മസീഹ് (അ) സനാഉല്ലാഹ് സാഹിബിന്റെ മുബാലഹ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുകയും അത് സ്വീകരിക്കുകയും മുബാഹലക്കുള്ള നിബന്ധനകളും ഉപാധികളും ഉന്നയിച്ചുകൊണ്ട് തന്റെ ഭാഗത്തുനിന്നുള്ള സന്നദ്ധതയെ അർത്ഥശങ്കക്കിടയില്ലാത്തവിധം പ്രകടിപ്പിക്കുകയും ചെയ്കയുണ്ടായി. അതോടൊപ്പം 'ഇഅ്ജാസുൽ അഹ്മദി' എന്ന പുസ്തകത്തിന്റെ ഒരു പ്രതി തന്റെ വിശ്വസ്ഥരായ രണ്ടു ശിഷ്യൻമാർ മുഖാന്തിരം മൗലവി സനാഉല്ലാസാഹിബിന് നേരിട്ട് എത്തിച്ചുകൊടുക്കുകയും ചെയ്തു.

മുട്ട് വാദപ്രതിവാദത്തിൽ സനാഉല്ലാസാഹിബ് പറഞ്ഞ മൂന്നാമത്തെ കാര്യം "ഇഅ്ജാസുൽ മസീഹ്" എന്ന ഗ്രന്ഥത്തിന് മറുപടിയായുള്ള തുല്യഗ്രന്ഥം അറബി ഭാഷയിൽതന്നെ തനിക്കും രചിക്കാൻ കഴിയുമെന്നുള്ളതാണ്. ഇതിന്നുള്ള മറുപടിയും ഇഅ്ജാസ് അഹ്മദിയിൽ നൽകുകയും അതോടൊപ്പം അറബി

ഭാഷയിൽ ഒരു ഖസീദ കൂടി രചിച്ച് അതിൽ ചേർക്കുകയും ചെയ്തു. ഉറുദു നിബന്ധത്തിന് ഉറുദുവിൽ മറുപടിയും അറബി ഖസീദക്ക് പകരം ഉറുദു തർജമയോടുകൂടി അറബി ഖസീദയും നിശ്ചിത അവധിക്കകം അദ്ദേഹം എഴുതിപൂർത്തിയാക്കി പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ പതിനായിരം രൂപ (10,000 ക). താൻ ഇനാം നൽകുന്നതാണെന്നും ഹസ്രത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു. പീർ മെഹർ അലീ ഷാ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, ലാഹൗർ ഓറിയൻടൽ കോളേജിലെ അറബിക് പ്രഫ. ഖാസി സഫീറുദ്ദീൻ സാഹിബ്, ലാഹൗർ ഇസ്ലാമിയ കോളേജിലെ അറബിക് പ്രഫ. അസ്ഗർ അലി സാഹിബ് റൂഹി മുതലായവരെയും ഇക്കാര്യത്തിൽ പേരെടുത്ത് ആഹ്വാനം ചെയ്യുകയുണ്ടായി. താൻ വാഗ്ദത്ത ലംഘനം നടത്തിയെങ്കിൽ ഇനാം ലഭിക്കുന്നതിന് തനിക്കെതിരെ കോടതിനടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഹസ്രത്ത് അഹ്മദ് (അ) വ്യക്തമാക്കി. (ഇഅ്ജാസ് അഹ്മദി)

1903 ജനുവരി ആദ്യത്തിൽ മൗലവി സനാഉല്ലാ സാഹിബ് അമൃത്സരി ഖാദിയാൻ സന്ദർശിച്ചു. ഹസ്രത്ത് മിർസാസാഹിബിന്റെ പ്രവചനങ്ങൾ ഒന്നുംതന്നെ പൂർത്തിയായിട്ടില്ലെന്നും അവയെല്ലാം നിഷ്ഫലങ്ങളായിരുന്നുവെന്നും മുദ്ദ് വാദപ്രതിവാദത്തിന്നിടയിൽ തട്ടിവിട്ട സനാവുല്ലാ സാഹിബിനോട് തന്റെ മുഴുവൻ പ്രവചനങ്ങളെയും ഒന്നൊന്നായി പരിശോധിക്കുന്നതിന്ന് ഖാദിയാനിൽ വരണമെന്നും പൂർത്തിയായിട്ടില്ലെന്ന് തെളിയിച്ചുകാട്ടുന്ന പക്ഷം ഓരോ പ്രവചനത്തിന്റെ പേരിലും നൂറു നൂറുറുപ്പിക വീതം പിഴ നൽകുന്നതാണെന്നും വാഗ്ദത്ത മസീഹ് (അ) 'ഇഅ്ജാസ് അഹ്മദി' എന്ന കൃതിയിൽ പറഞ്ഞിരുന്നുവല്ലോ. അതനുസരിച്ചാണ് താൻ ഖാദിയാൻ സന്ദർശിച്ചതെന്ന് വരുത്തിത്തീർക്കാനാണ് ഈ യാത്ര നടത്തിയതെങ്കിലും വാഗ്ദത്ത മസീഹുമായി ബന്ധപ്പെടുന്നതിന് പകരം വാഗ്ദത്തമസീഹിന്റെയും ഇസ്ലാമിന്റെയും ബദ്ധശത്രുക്കളായ ആര്യ സമാജികളുടെ കേന്ദ്രത്തിലാണ് അദ്ദേഹം ചെന്ന് താമസമാക്കിയത്. പിറ്റേ ദിവസം അതായത് ജനുവരി 11–നു അദ്ദേഹം ഹസ്രത്ത് അഹ്മദിനു (അ) ഇപ്രകാരം ഒരെഴുത്തയച്ചു:

"ഇജ്മാസ് അഹ്മദിയിലെ ക്ഷണപ്രകാരം ഞാനിതാ ഖാദിയാനിൽ വന്നിരിക്കുന്നു. എന്റെ ധാരണയിൽ എന്തെങ്കിലും പിഴവ് കണ്ടെത്തുകയില്ലെന്നും വാഗ്ദത്തപ്രകാരം ഒരു യോഗത്തിൽ താങ്കളുടെ പ്രവചനത്തെ പറ്റി എന്റെ വിചാരവിമർശനങ്ങൾ വെളിപ്പെടുത്തുവാൻ അനുവാദം നൽകുമെന്നും ഞാൻ പ്രത്യാശിക്കുന്നു."

ഒരു പൊതുയോഗം വിളിച്ചുകൂട്ടി ഒരു വാദപ്രതിവാദം നടത്തുവാനുള്ള വേദിയൊരുക്കുകയായിരുന്നു സനാഉല്ലാസാഹിബിന്റെ ഉദ്ദേശ്യം എന്നത് പ്രത്യക്ഷമായിരുന്നു. താൻ മേലിലൊരിക്കലും അത്തരത്തിൽ സംസാരരൂപത്തിലുള്ള വാദപ്രതിവാദം നടത്തുകയില്ലെന്ന് 1895-ൽ 'അഞ്ചാമെ ആഥിം' എന്ന ഗ്രന്ഥത്തിൽ ഹസ്രത്ത് അഹ്മദ് (അ) ഖണ്ഡിതമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഒരു വാദപ്രതിവാദത്തിന് അവിടുന്നു വഴങ്ങുകയില്ലെന്ന് സനാവുല്ലാസാഹിബിന് ഉറപ്പായിരുന്നു. സമ്മതിച്ചാൽ മിർസാ സാഹിബ് പ്രതിജ്ഞ ലംഘിച്ചുവെന്ന് കൊട്ടിഘോഷിക്കാം. സമ്മതിച്ചില്ലെങ്കിൽ ക്ഷണിച്ചപ്രകാരം ഖാദിയാനിൽ ചെന്നിട്ടും പ്രവചന പരിശോധന നടത്താൻ തയ്യാറായില്ലെന്നും വാക്ക് മാറ്റിയെന്നും പറഞ്ഞുപരത്താം! ഈ ദുഷ്ടലാക്കോടെയാണ് സനാഉല്ലാ സാഹിബ് ഖാദിയാനിൽ വന്നത്. അല്ലാതെ പ്രവചന പൂർത്തിയെ സംബന്ധിച്ച ഒരു വിവേചന പഠന മായിരുന്നില്ല ഉദ്ദേശ്യം. ഏത് പ്രവചനത്തെ കുറിച്ചാണ് സംശയം എന്ന് എഴുതി അറിയിച്ചാൽ പൂർവ്വപ്രവാചകൻമാരുടെ പ്രവചനങ്ങൾ പൂർത്തിയായ മുറവെച്ച് അവ പൂർത്തിയായിട്ടുണ്ടെന്ന് ബോദ്ധ്യം വരുത്തുമാറ് വിശദീകരണം നൽകുന്നതാണെന്നും അല്ലാതെ താൻ 'അഞ്ചാമെ ആഥം' എന്ന ഗ്രന്ഥത്തിൽ പ്രതിജ്ഞചെയ്തതിന്നെതിരായി ഏതെങ്കിലും പ്രകാരത്തിൽ ഒരു വാദപ്രതിവാദം ഒപ്പിച്ചെടുക്കാനുള്ള ശ്രമം നടക്കില്ലെന്നും ഹസ്രത്ത് അഹ്മദ് (അ) വ്യക്തമാക്കി. മൗലവി സനാഉല്ലാസാഹിബ് ഒരു വാദപ്രതിവാദത്തിനുള്ള അരങ്ങൊരുക്കാൻ മാത്രം വന്നതായിരുന്നതിനാൽ അതേപടി തിരിച്ചുപോകുകയാണ് ചെയ്തത്. പ്രവചന പുലർച്ചയെ കുറിച്ച് ഒരു സത്യാന്വേഷണപരിശോധന നടത്താൻ മൗലവി സനാഉല്ലാ സാഹിബ് ഒരിക്കലും തയാറാകയില്ലെന്ന് വാഗ്ദത്ത

മസീഹ് (അ) മുൻകൂട്ടി പ്രവചിച്ചത് പ്രകാരം പുലരുകയാണ് ചെയ്തത്.

ഹസ്രത്ത് അഹ്മദ് (അ) മൗലവി സനാഉല്ലാഹ് സാഹിബിനെ മുബാഹലക്ക് പലതവണ ക്ഷണിച്ചിരുന്നെങ്കിലും അദ്ദേഹം തുറന്ന മനസ്സോടെ അതിന്ന് ധൈര്യപ്പെടാതിരിക്കുകയാണ് ചെയ്തുപോന്നതെന്ന് എല്ലാവർക്കും വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാലും, അദ്ദേഹം പിന്നെയും പിന്നെയും താൻ മുബാഹലക്ക് തയാറാണെന്ന് വരുത്തിക്കൂട്ടാൻ ശ്രമിച്ചുകൊണ്ടിരുന്നു. 1906 ജൂൺ 22-ലത്തെ 'അഹലെ ഹദീസ്' പത്രത്തിൽ സനാഉല്ലാ സാഹിബ് ഇപ്രകാരം ആക്രോശിച്ചു.

"തീർച്ചയായും മറ്റേ ആയത്ത് (മുബാഹല സംബന്ധിച്ച ഖുർആൻ ആയത്ത്) പ്രകാരം പ്രവർത്തിക്കാൻ ഞങ്ങൾ തയാറാണ്. മേൽ പ്രസ്താവിച്ച ആയത്ത് അനുസരിച്ച് തെളിയുന്ന തരത്തിലുള്ള മുബാഹലക്ക് ഞാൻ ഇപ്പോഴും ഒരുക്കമുണ്ട്. ഇത് മിർസാ സാഹിബ് തന്നെയും സമ്മതിച്ചിട്ടുള്ളതാണല്ലോ". (അഹ്ൽഹദീസ്, 22.6.1906)

'അൽഹക്കം' പത്രാധിപർക്കുള്ള ഒരു മറുപടിയായി പിന്നീടൊരിക്കൽ സനാഉല്ലാസാഹിബ് ഇപ്രകാരം എഴുതി:

"മീർസായികളെ, നിങ്ങൾ സത്യവാൻമാരാണെങ്കിൽ വരുവിൻ! നിങ്ങളുടെ കൂട്ടുകാരെയും കൊണ്ട് വരുവിൻ! അമൃത്സരിലെ അതേ ഈദ്ഗാഹ് മൈതാനം ഇതാ തയ്യാറുണ്ട്.... അമൃത്സരിലല്ലെങ്കിൽ ബട്ടാലയിൽ വരുവിൻ. എല്ലാവരുടെയും മുമ്പിൽവെച്ച് കാര്യങ്ങൾ നടക്കട്ടെ. എന്നാൽ, ഇതിന്റെ പരിണാമത്തെ പറ്റിയുള്ള വിവരണങ്ങളും വിശദീകരണങ്ങളും മീർസാ കൃഷ്ണൻ ഖാദിയാനിയിൽനിന്നും ആദ്യംതന്നെ വാങ്ങിച്ചുകൊൾവിൻ. 'അഞ്ചാമെ ആഥി'മിൽ എന്നെ മുബാഹലക്ക് ക്ഷണിച്ച അദ്ദേഹത്തെ എന്റെ മുമ്പിൽകൊണ്ടുവരുവിൻ!" (അഹൽ ഹദീസ്, 29.3.1907).

ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത് ഒരു മുബാഹലക്ക് മൗലവി സനാഉല്ലാ സാഹിബ് തയാറായിരുന്നു എന്നല്ലെ? അല്ലെ

ങ്കിൽ, ഈ എഴുത്തിനെല്ലാം എന്തർത്ഥമാണുള്ളത്? എന്നാൽ, അദ്ദേഹം മുബാഹല പ്രാർത്ഥനയിൽ കക്ഷിചേർന്നില്ല എന്നതത്രെ സത്യം. ഈ എഴുത്തുകളെല്ലാം തനിയ്ക്കു പിന്തുണനൽകുന്ന ബഹുജനങ്ങളുടെയും അനുയായികളുടെയും കണ്ണിൽ പൊടിയിടാനും ലോകത്തെ വഞ്ചിക്കാനുമുള്ളതല്ലാതെ ആത്മാർത്ഥതയുടെയോ സത്യതൽപരതയുടെയോ കണികപോലും ഉള്ളതായിരുന്നില്ല എന്നത്രെ അദ്ദേഹം തന്നെ വ്യക്തമാക്കിതന്നിട്ടുള്ളത്.

'അഹൽഹദീസ്' പത്രത്തിൽ സനാഉല്ലാഹ് സാഹിബ് പ്രസ്താവനയുമായി രംഗത്തുവന്നതറിഞ്ഞപ്പോൾ വാഗ്ദത്ത മസീഹ് (അ) തന്റെ ഒരു ശിഷ്യപ്രമുഖനായ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) മുഖേന 'ബദർ' പത്രത്തിൽ ഇപ്രകാരം മറുപടി നൽകി:

"മുബാഹലയ്ക്കുള്ള മൗലവി സനാഉല്ലാ സാഹിബിന്റെ ആഹ്വാനം സ്വീകരിച്ചിരിക്കുന്നു! - ഹസ്രത്ത് മസീഹ് മൗഊദിന്റെ കൽപനപ്രകാരം എഴുതിയത്". ഇതിന്ന് ചുവടെ മൗലവി സനാഉല്ലാ സാഹിബിന്റെ പ്രസ്താവന ഉദ്ധരിക്കുകയും അതിന്ന് വിശദമായ മറുപടി നൽകുകയും ചെയ്തു. അതിലെ ഒടുവിലത്തെ വരി ഇപ്രകാരമായിരുന്നു. "മൗലവി സനാഉല്ലാ സാഹിബിന്ന് താൻതന്നെ നിർദേശിച്ച മുബാഹലയിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള മാർഗ്ഗങ്ങൾ ഇനി അന്വേഷിക്കേണ്ട ആവശ്യം അനുഭവപ്പെടുകയില്ലെന്ന് ഞങ്ങൾ ആശിക്കുന്നു." (ബദർ, 1907 ഏപ്രിൽ 4)

ഈ മുബാഹല എഴുത്തുമുഖേന ആവുന്നത് ഇരുകൂട്ടർക്കും സൗകര്യപ്രദമായിരിക്കുമെന്ന് അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ, എഴുന്നേറ്റുനിന്നുകൊണ്ട് വാങ്മൂലം മുബാഹല പ്രാർത്ഥന ഏറ്റുപറയുന്നത് അദ്ദേഹത്തിന് സമ്മതമാണെങ്കിൽ ഖാദിയാനിൽ വരാവുന്നതാണെന്നും കൂടെ പത്തു പേരെകൂടി കൂട്ടാവുന്നതുമാണെന്നും അവരുടെ പോക്കുവരവിന്നുള്ള ചിലവ് തങ്ങൾ വഹിച്ചുകൊള്ളുന്നതാണെന്നും എന്നാൽ, മുബാഹലയ്ക്കുമുമ്പായി നിബന്ധനകൾ എഴുതി ഒപ്പിടേണ്ടതുണ്ടാകുമെന്നും ആ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

ഇതിനുള്ള മറുപടിയായി മൗലവി സനാഉല്ലാ സാഹിബ് 'അഹൽ ഹദീസ്' പത്രത്തിൽ ഇപ്രകാരമാണ് എഴുതിയത്:

"ഞാൻ താങ്കളെ മുബാഹലയ്ക്ക് വിളിച്ചിട്ടില്ല. സത്യം ചെയ്യുന്നതിനാണ് ഞാൻ തയ്യാറായത്. എന്നാൽ, താങ്കൾ അതിനു മുബാഹല എന്നുപറയുന്നു. ഇരുകൂട്ടരും ചേർന്നുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും സത്യം ചെയ്ത് ശാപപ്രാർത്ഥന നടത്തുന്നതിനാണ് മുബാഹല എന്നുപറയുന്നത്. ഞാൻ സത്യം ചെയ്യുന്നതിനെ കുറിച്ചാണ് പറഞ്ഞത്. മുബാഹല എന്ന് പറഞ്ഞിട്ടില്ല. സത്യം ചെയ്യലും മുബാഹലയും രണ്ടും രണ്ടാണ്" (അഹ്ലെ ഹദീസ്, 19.4.1907).

ഇങ്ങനെ മുബാഹല ചെയ്യാൻ ഒരുക്കമുണ്ടെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും സന്ദർഭം വരുമ്പോൾ ഒഴിഞ്ഞുമാറുകയും ചെയ്യുകയെന്ന വഞ്ചനാപരമായ ഇരട്ടനയം സ്വീകരിച്ച "മൗലാന" ഒരിക്കലും സത്യാസത്യപരീക്ഷണത്തിന് തയ്യാറാകയില്ലെന്ന് തീർച്ചയായപ്പോൾ അദ്ദേഹത്തിന്റെ ഏതാദൃശമായ ലിഖിതങ്ങൾ മുഖേന ലോകം വഞ്ചനയിൽ അകപ്പെടാതിരിക്കുന്നതിന്തക്കവണ്ണം തന്റെ ചരമ കാലത്തിനുള്ളിൽ ഏത് സമയത്തും അദ്ദേഹത്തിന് സ്വീകരിച്ചുകൊള്ളാവുന്ന സ്ഥിരമായ ഒരു മുബാഹല പ്രാർത്ഥന മുൻകൂട്ടിതന്നെ പ്രസിദ്ധം ചെയ്തുകൊണ്ട് മൗലവി സനാഉല്ലാ സാഹിബിന്റെമേൽ ന്യായപൂർത്തി (ഹുജ്ജത്ത്) വരുത്തേണ്ടത് ആവശ്യമാണെന്ന് ഹസ്രത്ത് അഹ്മദ് (അ) നിശ്ചയിച്ചു. അല്ലാത്തപക്ഷം, താൻ എത്രതവണ ആവർത്തിച്ചിട്ടും മിർസാസാഹിബ് മുബാഹല നടത്താൻ മുന്നോട്ട് വന്നില്ലാ എന്ന് പിന്നീട് ആക്ഷേപിക്കാൻ സനാഉല്ലാ സാഹിബ് ശ്രമിക്കുമെന്ന് ഹസ്രത്ത് അഹ്മദ് (അ) ന്യായമായും സങ്കൽപിച്ചു. അങ്ങിനെയാണ് അവിടുന്ന് "മൗലവി സനാഉല്ലാസാഹിബ് കെ സാഥ് ആഖിരി ഫൈസലാ" (മൗലവി സനാഉല്ലാ സാഹിബിന്റെ കാര്യത്തിൽ അന്തിമ തീരുമാനം) എന്ന തലക്കെട്ടിൽ 1907 ഏപ്രിൽ 15-ന് (1325 റബീയുൽ അവ്വൽ 1-ന്) ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) എഴുതി അയച്ചതും 'അഹ്ൽഹദീസ്' പത്രത്തിൽ തന്നെ പിന്നീട് പ്രസിദ്ധം ചെയ്തതുമായ മുബാഹല

പ്രാർത്ഥനയടങ്ങിയ കത്ത് രൂപം കൊണ്ടത്. അത് ഇപ്രകാരമായിരുന്നു:-

ആഖിരി ഫൈസല

"ഏറിയ നാളായി താങ്കളുടെ 'അഹ്ൽ ഹദീസ്' പത്രത്തിൽ എന്നെ കള്ളവാദിയും കുഴപ്പക്കാരനുമായി ചിത്രീകരിക്കുന്ന പണി താങ്കൾ തുടർന്നു വരികയാണല്ലോ. താങ്കൾ പ്രസ്തുത പത്രത്തിൽ എന്നെ 'മർദൂദ്' (ശപിക്കപ്പെട്ടവൻ) 'കദ്ദാബ്' (മഹാകള്ളൻ) 'ദജ്ജാൽ' (മഹാ വഞ്ചകൻ) 'മുഫ്സിദ്' (കുഴപ്പക്കാരൻ) തുടങ്ങിയ പേരുകളിൽ സ്മരിച്ചുവരികയാണ്. ഞാൻ കറ്റുകെട്ടുകാരനും മഹാകള്ളനും, ദജ്ജാലും ആണെന്നും വാഗ്ദത്തമസീഹാണെന്നുള്ള എന്റെ വാദം അപ്പടി കൃതിപ്പാണെന്നും ലോകമാകെ പറഞ്ഞു പരത്തുകയും ചെയ്യുന്നു. ഞാൻ താങ്കളിൽനിന്നും വളരെയേറെ ദുഖം സഹിക്കേണ്ടിവന്നുവെങ്കിലും സഹനം കൈകൊണ്ടുപോന്നു. ഞാൻ സത്യം പ്രചരിപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ടവനായിരിക്കെ, താങ്കൾ ഏറിയ കറ്റുകെട്ടുകൾ എന്റെ പേരിൽ ആരോപിച്ചുകൊണ്ട് എന്നെ സമീപിക്കുന്നതിൽനിന്ന് ലോകരെ തടയുകയും എന്റെമേൽ ശകാരങ്ങളും കറ്റുകെട്ടുകളും കടുത്ത വാക്കുകളിൽ-അതിലും കടുത്തവാക്കുകൾ ഇല്ലെന്നുതന്നെ പറയണം-ദുരാരോപണങ്ങൾ ചൊരിയുകയും ചെയ്തുവരുന്നു. അധികമായും താങ്കളുടെ പത്രത്തിന്റെ എല്ലാ താളുകളിലും എന്നെ കുറിച്ചുസ്മരിച്ചുവരുന്ന തരത്തിലുള്ള മഹാകള്ളനും കറ്റുകെട്ടുകാരനും തന്നെയാണ് ഞാനെങ്കിൽ താങ്കളുടെ ജീവകാലത്ത് തന്നെ ഞാൻ നശിച്ചൊടുങ്ങിപ്പോകും. എന്തുകൊണ്ടെന്നാൽ ഒരു കദ്ദാബിനും (മഹാകള്ളനും) മുഫ്സിദിനും (കുഴപ്പക്കാരനും) ദീർഘായുസ്സ് ലഭിക്കുകയില്ല. അത്തരക്കാർ എളിമയോടും കഷ്ടപ്പാടോടും കൂടി തങ്ങളുടെ ശത്രുക്കളുടെ കൺമുമ്പിൽവച്ച്തന്നെ നിരാശപ്പെട്ട് നശിച്ചൊടുങ്ങുകയാണ് ചെയ്യുക.

"ദൈവത്തിന്റെ ദാസൻമാരെ വഴികേടിലാക്കാതിരിക്കാൻ വേണ്ടി അത്തരക്കാർ അപ്രകാരം മരണപ്പെടുകതന്നെയാണ് ഏറെ നല്ലത്. ഞാൻ കദ്ദാബും കറ്റുകെട്ട്കാരനുമല്ലെങ്കിൽ ദൈവത്തിന്റെ ഭാഷണംകൊണ്ടും അഭിമുഖദർശനംകൊണ്ടും അനുഗ്രഹിക്കപ്പെ

ട്ടവനും വാഗ്ദത്ത മസീഹുംതന്നെയെങ്കിൽ ദൈവാനുഗ്രഹത്താൽ ഞാൻ പ്രത്യാശിക്കുന്നു, താങ്കൾ അല്ലാഹുവിന്റെ സുന്നത്തനുസരിച്ച് മുകദ്ദിബീങ്ങൾക്കുള്ള ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതല്ല. എന്നാൽ അതു മനുഷ്യകരങ്ങളാലുള്ള ശിക്ഷയായിരിക്കില്ല. മറിച്ച്, ദൈവത്തിന്റെ കൈയ്യാലുള്ള ശിക്ഷയായിരിക്കും. പ്ലേഗ് കോളറ തുടങ്ങിയ മാരകരോഗങ്ങളാൽ എന്റെ ജീവകാലത്ത്തന്നെ സംഭവിച്ചിട്ടില്ലെങ്കിൽ ഞാൻ ദൈവത്തിന്റെ ഭാഗത്തുനിന്നുള്ളവനല്ല. ഇത് ഏതെങ്കിലും ഇൽഹാമിന്റെയോ വഹ്യിന്റെയോ അടിസ്ഥാനത്തിലുള്ള പ്രവചനമൊന്നുമല്ല. പ്രാർത്ഥനയുടെ രൂപത്തിൽ ഞാൻ ദൈവത്തിന്റെ തീരുമാനം ആഗ്രഹിച്ചതാകുന്നു. ഞാനിതാ ദൈവത്തോട് പ്രാർത്ഥിക്കുന്നു അല്ലയോ എന്റെ ഉടയോനും 'ബസീ'റും (സൂക്ഷ്മ ദർശിയും) 'ഖദീ'റും (വിധാതാവും) ആയുള്ളവനും 'അലീ'മും (ജ്ഞാനി) യും 'ഖബീ'റും (നല്ലവണ്ണം അറിയുന്നവനും) ആയ എന്റെ നാഥാ, വാഗ്ദത്ത മസീഹാണെന്നുള്ള എന്റെ വാദം എന്റെ നഫ്സിന്റെ കറ്റ്കെട്ടാണെങ്കിൽ, ഞാൻ നിന്റെ കണ്ണിൽ 'മുഫ്സി'ദും 'കദ്ദാബും' മാണെങ്കിൽ, രാവുപകലെന്നില്ലാതെ കറ്റ്കെട്ടുകൾ പടച്ച്വിടലാണ് എന്റെ തൊഴിലെങ്കിൽ, എന്റെ പ്രിയപ്പെട്ട നാഥാ, ഞാനിതാ നിന്റെ സന്നിദ്ധിയിൽ അങ്ങേയറ്റത്തെ താഴ്മയോട്കൂടി പ്രാർത്ഥിക്കുന്നു, മൗലവി സനാഉല്ലാ സാഹിബിന്റെ ജീവകാലത്ത് തന്നെ നീ എന്നെ നശിപ്പിച്ചുകളയുകയും എന്റെ മരണത്തിലൂടെ നീ അദ്ദേഹത്തിനും അദ്ദേഹത്തന്റെ ജമാഅത്തിനും സന്തോഷം പ്രദാനം ചെയ്യുകയും ചെയ്യണമേ. (ആമീൻ).

"എന്നാൽ, പരിപൂർണ്ണനും സത്യവാനുമായ എന്റെ ദൈവമേ, മൗലവി സനാഉല്ലാസാഹിബ് എന്റെ മേൽ ചൊരിയുന്ന ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം സത്യത്തിലല്ലെങ്കിൽ ഞാൻ എത്രയും താഴ്മയോട്കൂടി നിന്റെ സന്നിധിയിൽ ദുആ ഇരക്കുന്നു, എന്റെ ജീവകാലത്ത്തന്നെ നീ അദ്ദേഹത്തെ നശിപ്പിച്ചുകളഞ്ഞാലും. എന്നാൽ അത് മനുഷ്യകരങ്ങളാലല്ല, പ്ലേഗ്, കോളറ തുടങ്ങിയ മാരക രോഗങ്ങൾ മുഖേന തന്നെയായിരിക്കട്ടെ. എന്നാൽ, അദ്ദേഹം തുറന്ന നിലയിൽ എന്നെപറ്റിയും

എന്റെ ജമാഅത്തിന്റെ മുമ്പിലും തന്റെ കർതവ്യമെന്നപോലെ എല്ലായിപ്പോഴും എനിക്ക് ദുഖം വരുത്തികൊണ്ടിരുന്നു ആ എല്ലാ ശകാരങ്ങളെയും ചീത്തവാക്കുകളെയും തൊട്ട് പരസ്യമായി തൗബചെയ്ത് പിൻമാറാത്തപക്ഷം മാത്രം!" ആമീൻ, യാ റബ്ബുൽ ആലമീൻ!

"ഞാൻ അദ്ദേഹം മുഖേന വളരെ അധികം പീഡിപ്പിക്ക പ്പെട്ടിരിക്കുന്നു. എന്നാൽ ഞാനതെല്ലാം സഹിച്ചുപോന്നു. അദ്ദേ ഹത്തിന്റെ ദുർഭാഷണം അതിര്വിട്ട് കഴിഞ്ഞതായി ഞാൻ കാണു ന്നു. ലോകത്തിന്നെത്രയും നാശം വരുത്തിവെക്കുന്ന ആ കള്ളൻമാരെക്കാളും കൊള്ളക്കാരെക്കാളും ദുഷ്ടനായിട്ടാണ് എന്നെ ആദ്ദേഹം കാണുന്നത്. അദ്ദേഹം ഈ ദൂഷ്യാരോപങ്ങ ളിലും ദുർഭാഷണങ്ങളിലും മുഴുകിയിരിക്കുന്നു. 'നിനക്കറിവി ല്ലാത്ത കാര്യങ്ങളെ പിൻതുടരൊല്ല'! എന്ന ഖുർആന്റെ ശാസന യെപോലും (17:37) അഗണ്യമാക്കി. ലോകത്ത് മാറ്റാരെയ്ക്കാളും ദുഷിച്ചവനായി എന്നെ കണക്കാക്കി. ഈയുളളവൻ കുഴപ്പക്കാ രനും തഗ്ഗും ചതിയനും കള്ളനും കറ്റ്കെട്ട്കാരനും അങ്ങേയറ്റം ദുഷിച്ചവനുമാണെന്ന് ദൂരദൂരരാജ്യങ്ങളിൽപോലും എന്നെ പറ്റി പറഞ്ഞുപരത്തി. സത്യാന്വേഷികളിൽ ഇത്തരം പ്രസ്താവനകൾ ശങ്ക ഉണ്ടാക്കുന്നില്ലായിരുന്നെങ്കിൽ ഞാൻ ഈ ആരോപണങ്ങ ളെല്ലാം സഹിച്ചുകളയുമായിരുന്നു. എന്നാൽ, മൗലവി സനാഉ ല്ലാഹ് ദൂഷ്യാരോപണങ്ങളിലൂടെ എന്റെ പ്രസ്ഥാനത്തെ വേര റുത്ത് കളയാനാണ് ആശിക്കുന്നത്. അല്ലയോ എന്റെ യജമാന നായുള്ളോവെ, എന്നെ പ്രേഷണം ചെയ്തിട്ടുള്ള എന്റെ നാഥാ, നിന്റെ സ്വന്തം കൈകൊണ്ട് നിർമ്മിച്ച ഈ കെട്ടിടത്തെ തകർത്തു കളയാനാണ് ഇദ്ദേഹം ആശിക്കുന്നത്. അതിനാൽ നിന്റെ പരി ശുദ്ധിയുടെയും കാരുണ്യത്തിന്റെയും കോന്തല പിടിച്ചുകൊണ്ട് നിന്റെ മുമ്പിലിതാ ഞാൻ അതിവിനയത്തോടെ അർത്ഥന ചെയ്യു ന്നു, എന്റെയും സനാഉല്ലയുടെയും ഇടയിലുള്ള ഈ പ്രശ്ന ത്തിൽ നീ തന്നെ വിധി കൽപിച്ചാലും! നിന്റെ കണ്ണിൽ യഥാർത്ഥ ത്തിൽ ആരാണോ കുഴപ്പക്കാരനും കള്ളവാദിയും ആയിരിക്കു ന്നത് ആയാളെ സത്യവാന്റെ ജീവിതകാലത്ത് തന്നെ ഈ ലോക ത്ത്നിന്ന് നീക്കിക്കളഞ്ഞാലും. അഥവാ, മരണത്തിന് തുല്യ

മായ മറ്റെന്തെങ്കിലും ആപത്തുകളിൽ കുടുക്കിക്കളയുവിൻ! അല്ലയോ എന്റെ പ്രിയപ്പെട്ട നാഥാ, നീ അപ്രകാരം തന്നെ ചെയ്യണമെ! ആമീൻ! ആമീൻ!.

رَبَّنَا افْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِالْحَقِّ وَأَنْتَ خَيْرُ الْفَاتِحِينَ

("അല്ലയോ ഞങ്ങളുടെ നാഥാ, ഞങ്ങളുടെയും ഞങ്ങളുടെ ജനത്തിന്റെയും ഇടയിൽ നീ സത്യമായ വിധികൽപിക്കുവിൻ! നീ വിധികൽപിക്കുന്നവരിൽ ഏറ്റവും ഉത്തമനല്ലോ. ഓ എന്റെ നാഥാ, നീ അപ്രകാരംതന്നെ നടത്തേണമേ!").

"ഒടുവിലായി ഞാൻ മൗലവി സാഹിബിനോട് വീണ്ടും അഭ്യർത്ഥിക്കുകയാണ്. അദ്ദേഹം എന്റെ ഈ ലിഖിതം തന്റെ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും അതിന്ന് ചുവടെ, തനിക്ക് ഇഷ്ടമുള്ളത് എഴുതുകയും ചെയ്യട്ടെ. ഇനി തീരുമാനം ദൈത്തിന്റെ കയ്യിലാണ്! –അബ്ദുല്ലാഹിസ്സമദ്, മിർസാ ഗുലാംഅഹ്മദ് അൽമസീഹുൽ മൗഊദ് അഫാല്ലാഹു അയ്യദ് (റബീയ്യുൽ അവ്വൽ–1–1325 തിങ്കളാഴ്ച. എഴുതിയ തീയ്യതി 1907 ഏപ്രിൽ 15)."

ഇങ്ങനെ വ്യക്തമായ തരത്തിൽ ഹസ്രത്ത് അഹ്മദ് (അ) മുബാഹല പ്രാർത്ഥന പരസ്യപ്പെടുത്തിയിരിക്കെ ആത്മീയമായ ഈ ദ്വന്ദ്വയുദ്ധത്തിന് താൻ കൈകൊടുത്തു കഴിഞ്ഞാൽ നാശമടയുകയേ ഫലമുണ്ടാകുകയുള്ളൂവെന്ന് സനാഉല്ലാസാഹിബിന് ഉറപ്പായിരുന്നു. ആകയാൽ, മുടന്തൻ ന്യായങ്ങളും ഒഴികഴിവുകളും പറഞ്ഞ് അദ്ദേഹം തടി തപ്പുകയായിരുന്നു. സത്യവാന്റെ ജീവിതകാലത്ത് അസത്യവാൻ മരിക്കുമെന്ന് പറയുന്നത് ശരിയല്ലെന്നും മുസൈലിമ ജീവിച്ചിരിക്കെ റസൂൽ കരീം (സ) തിരുമേനി ചരമമടഞ്ഞത് അതിലെയ്ക്ക് തെളിവാണെന്നും മറ്റുമുള്ള സംഗതികൾ ഉന്നയിച്ചുകൊണ്ട് മുബാഹലയുടെ യാഥാർത്ഥ്യത്തിൽ നിന്നും ജനശ്രദ്ധയെ തിരിച്ചുവിടാനാണ് പിന്നെ ശ്രമിച്ചത്. 1907 ഏപ്രിൽ 26–ലത്തെ തന്റെ പത്രത്തിൽ ഇപ്രകാരം മറുപടി പറഞ്ഞു:

"താങ്കൾ ഈ വാദത്തിൽ വിശുദ്ധഖുർആന്ന് വ്യക്തമായും വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഖുർ

ആൻ പറയുന്നത് ദുഷ്ടൻമാർക്കും ദുഷ്കർമികൾക്കും ദൈവം ദീർഘായുസ്സ് നൽകുന്നുവെന്നത്രെ.... ദൈവം കള്ളനും ചതിയനും കുഴപ്പക്കാരനുമായ ആളുകൾക്ക് നീണ്ട ജീവിതം നൽകുന്നുവെന്നാണ്; അവർ ഇനിയും ഏറെ നാൾ ജീവിച്ച് തിന്മകൾ ചെയ്തുകൊള്ളാൻവേണ്ടി തന്നെ. എന്നിരിക്കെ അത്തരം ആളുകൾക്ക് ദീർഘജീവിതം ലഭിക്കുകയില്ലെന്ന് താങ്കൾ പറയുന്നതെന്താണ്." (അഹൽ ഹദീസ്, 26.4.1907).

സഹപത്രാധിപരുടേതായിരുന്നു ഈ പ്രസ്താവന. എന്നാൽ മൗലവി സനാഉല്ലാ സാഹിബ് ഇതിനെ ശരിവെച്ചുകൊണ്ട് 1907 ജൂലായ് 31-ലത്തെ അഹ്ൽഹദീസിൽ ഇപ്രകാരം എഴുതി: "ഞാൻ ഇതിനെ പൂർണ്ണമായും ശരിവെക്കുന്നു."

സഹപത്രാധിപർ എഴുതിയത് യഥാർത്ഥത്തിൽ ശരിയായിരുന്നില്ല. ഇവിടെ അല്ലാഹുവിന്റെ പേരിൽ കറ്റ്കെട്ടിപറയുന്ന ഒരാൾക്ക് ദീർഘകാലം ജീവിതം ലഭിക്കുകയില്ലെന്നാണ് ഖുർആനിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഹസ്രത്ത് അഹ്മദ് (അ) സിദ്ധാന്തിച്ചത്. അതുമല്ല മുബാഹല പ്രാർത്ഥനയിൽ പങ്കെടുത്തിട്ടുള്ളവരെ മാത്രം ബാധിക്കുന്നതുമത്രെ. അല്ലാതെ സത്യവാന്റെ ജീവിത കാലത്ത് അസത്യവാൻ മരിക്കുമെന്ന ഒരു പൊതുതത്വം ഹസ്രത്ത് അഹ്മദ് (അ) ഒരിക്കലും മുന്നോട്ട് വച്ചിരുന്നില്ല. മൗലവി സനാഉല്ലാസാഹിബിന്റെ ഈ നിലപാട് വ്യക്തമായപ്പോൾ ഹസ്രത്ത് അഹ്മദ് (അ) ഇപ്രകാരം വിശദീകരിച്ചു:

"സത്യവാന്റെ ജീവകാലത്ത് അസത്യവാൻ മരിക്കുമെന്ന് ഞാൻ എഴുതിയിരിക്കുന്നത് എവിടെയാണ്? ഞാൻ എന്റെ യാതൊരു കൃതിയിലും അപ്രകാരം എഴുതിയിട്ടില്ല.... മുബാഹല ചെയ്യുന്നവരിൽ അസത്യവാനാരോ അയാൾ സത്യവാന്റെ ജീവകാലത്ത് തന്നെ മൃതിയടയുമെന്നാണ് ഞാൻ എഴുതിയിരിക്കുന്നത്. റസൂൽ കരീം (സ) തിരുമേനിയുടെ ശത്രുക്കളെല്ലാം തിരുമേനിയുടെ ജീവകാലത്ത്തന്നെ നശിച്ചൊടുങ്ങിയിരുന്നില്ലല്ലോ.... എന്റെ വാക്കുകളെ എങ്ങിനെയെല്ലാമാണ് ഇവർ വളച്ചൊടിച്ചിരിക്കുന്നത്? വാക്കുകളെ മാറ്റിമറിക്കുന്നതിൽ ഇവർ യഹൂദരെപോലും നാണിപ്പിച്ചിരിക്കുന്നു." (അൽഹക്കം, 10.10.1907)

ചുരുക്കത്തിൽ, മൗലവി സനാഉല്ലാസാഹിബ് ഈ മുബാഹല പ്രാർത്ഥനയെ കുറിച്ച് പ്രകടിപ്പിച്ച പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും വീക്ഷണങ്ങളും അദ്ദേഹത്തിന്റെതന്നെ പ്രസ്താവനയിൽ താഴെ ഉദ്ധരിക്കുന്നു.

1. "ഈ പ്രാർത്ഥനക്ക് എന്നോട് സമ്മതം ചോദിച്ചിട്ടില്ല. എന്നോട് ചോദിക്കാതെയാണ് ഇത് പ്രസിദ്ധം ചെയ്തിരിക്കുന്നത്." (അഹ്ൽ ഹദീസ്, 26.4.1907)

2. "നിങ്ങളുടെ ഈ എഴുത്ത് ഒരു പ്രകാരത്തിലും വിധി നിർണ്ണായകമായിരിക്കുന്നില്ല." (അഹ്ൽ ഹദീസ്, 26.4.1907)

3. "എന്റെ എതിർപ്പ് നിങ്ങളോടാണ്. ഞാൻ മരിച്ചാൽ എന്റെ മരണം മുഖേന മറ്റുള്ളവരിൽ എന്ത് ന്യായപൂർത്തിയാണ് ഉണ്ടാവുക?" (അഹൽ ഹദീസ്, 26.4.1907)

4. "ദൈവദൂതൻമാർ കാരുണ്യമൂർത്തികളും ഉദാരവാൻമാരുമത്രെ. ആരും നാശമടയരുതെന്ന് മാത്രമെ അവർ ആഗ്രഹിക്കുകയുള്ളു. എന്നാൽ, ഇപ്പോൾ നിങ്ങൾ എന്റെ നാശത്തിനായി പ്രാർത്ഥിക്കുന്നതെന്തേ?" (അഹ്ൽ ഹദീസ്, 26.4.1907)

5. "ചുരുക്കിപ്പറഞ്ഞാൽ.... നിങ്ങളുടെ എഴുത്ത് എനിക്ക് സ്വീകാര്യമല്ല. ബുദ്ധിയുള്ള ആർക്കും അത് സ്വീകാര്യമായിരിക്കുന്നതുമല്ല." (അഹ്ൽ ഹദീസ്, 26.4.1907)

6. "എനിയ്ക്കും കണ്ട് പാഠം ഉൾക്കൊള്ളാവുന്ന ഏതെങ്കിലും ദൃഷ്ടാന്തം കാണിക്കൂ. മരിച്ചുകഴിഞ്ഞാൽ ഞാൻ പിന്നെ എന്ത് കാണാനാണ്?" (വതൻ, 26.4.1907)

7. "നബി (സ) തിരുമേനി സത്യവാനായ പ്രവാചകനായിട്ടും മുസൈലിമത്തുൽ കദ്ദാബിന് മുമ്പായി ചരമം പ്രാപിച്ചു. മുസൈലിമ കള്ളവാദിയായിട്ടും സത്യവാദിയുടെ ശേഷമാണ് മരിച്ചത്." (മുറക്കയെ ഖാദിയാനി, 1907 ആഗസ്റ്റ്)

ഈ പ്രസ്താവനകളിൽ നിന്ന് സുതരാം വ്യക്തമാകുന്നത്പോലെ മൗലവി സനാഉല്ലാ സാഹിബ് മുബാഹലയിൽ ഭാഗഭാക്കാകാൻ ധൈര്യപ്പെടാതെ ഒഴിഞ്ഞുമാറുകയാണുണ്ടായത്.

ഇരുകൂട്ടരും പങ്കെടുത്താൽ മാത്രം ഉഭയസമ്മതത്തോടെ ഫലത്തിൽവരുന്ന മുബാഹല പ്രാർത്ഥനയാണ് ഹസ്രത്ത് അഹ്മദ് (അ) 'ആഖിരി ഫൈസല' അഥവാ അന്തിമ തീരുമാനം എന്ന ശീർഷകത്തിൽ പ്രസിദ്ധം ചെയ്തതെന്ന് സുസ്പഷ്ടമായിരുന്നത് കൊണ്ട്തന്നെയാണ് അത് തനിക്ക് സ്വീകാര്യമല്ലെന്നും തന്റെ സമ്മതം കൂടാതെയാണ് അത് പ്രസിദ്ധം ചെയ്തതെന്നും മൗലവി സനാഉല്ലാ സാഹിബ് പ്രസ്താവിച്ചിരുന്നത്. ആഖിരി ഫൈസല മുബാഹല പ്രാർത്ഥനതന്നെയാണെന്ന് മൗലവി സനാഉല്ലാസാഹിബ്തന്നെയും സമ്മതിച്ചിട്ടുണ്ടായിരുന്നതാണ്. "മീർസാജി ഞാനുമായി ഒരു മുബാഹലക്കുള്ള നീണ്ട വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു." എന്ന് "മുറക്കയെ ഖാദിയാനി" എന്ന തന്റെ കൃതിയിൽ അദ്ദേഹം എഴുതുകയുണ്ടായി. (1907 ഡിസംബർ) എന്നാൽ 1908 മെയ് 26-നു ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ചരമം പ്രാപിക്കുന്നത്വരെയും ഈ മുബാഹല പ്രാർത്ഥനയിൽ പങ്ക് ചേരാനൊ തനിക്ക് ദൈവീകമായ ഒരു വിധിതീർപ്പ് സ്വീകാര്യമാണെന്ന് പ്രഖ്യാപിക്കാനോ മൗലവി സനാഉല്ലാ സാഹിബ് ധൈര്യപ്പെട്ടിട്ടില്ല. പ്രാർത്ഥനാവിജ്ഞാപനം മൗലവി സനാഉല്ലാ സാഹിബ്, തന്റെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും തനിക്ക് ഇഷ്ടമുള്ളത് ചുവടെ എഴുതുകയും ചെയ്യട്ടെ എന്ന് ഹസ്രത്ത് അഹ്മദ് (അ) ആഹ്വാനം ചെയ്തുവെങ്കിലും തനിക്ക് ആ പ്രാർത്ഥന സ്വീകാര്യമല്ലെന്നും ബുദ്ധിയുള്ള ആരും അതു സ്വീകരിക്കുകയില്ലെന്നുമാണ് അദ്ദേഹം എഴുതിച്ചേർത്ത്. അങ്ങനെ ആ മുബാഹല പ്രാർത്ഥന താനെ ദുർബലപ്പെട്ടു പോയി. ആകയാൽ, അവരിരുവരിൽ ആര് എപ്പോൾ മരിക്കുന്നു എന്നത് ഒരു പ്രശ്നമേ അല്ലാതായിത്തീർന്നു.

ഹസ്രത്ത് അഹ്മദ് (അ) തനിക്ക് ലഭിച്ച വെളിപാടുകൾ അനുസരിച്ച് മുൻകൂട്ടി തന്നെ തന്റെ ചരമം സംബന്ധിച്ച് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. 1905-ൽ പ്രസിദ്ധം ചെയ്ത വസിയ്യത്തിൽ ആ വെളിപാടുകൾ ഉദ്ധരിച്ച് തന്റെ വയസ്സ് ഏതാണ്ട് എൺപതിനോടടുത്തോ അഥവാ അൽപം അധികമോ ആയിരിക്കുമെന്ന് 1868-ൽ തന്നെ തനിക്ക് വെളിപാട് ലഭിച്ചിരുന്നതായി

1900-ൽ പ്രസിദ്ധപ്പെടുത്തിയ 'അർബയീൻ', 'തുഹ്ഫാ ഗോൾഡവി' എന്നീ കൃതികളിൽ അറിയിച്ചു. കണിശമായ കൊല്ലം പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിൽ ശത്രുക്കൾ അതിൽനിന്ന് മുത ലെടുക്കുമായിരുന്നു. അത്തരം പ്രവചനങ്ങളെ അടിസ്ഥാനമാ ക്കി തന്നെ ശത്രുക്കളും ചില പ്രവചനങ്ങൾ പ്രസിദ്ധം ചെയ്തി ട്ടുണ്ടായിരുന്നു.

1907 ഏപ്രിൽ 15-നു പ്രസിദ്ധം ചെയ്ത ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ 'ആഖിരി ഫൈസല' ഒരു മുബാ ഹല പ്രാർത്ഥന തന്നെയാണെന്ന് സനാഉല്ലാസാഹിബ് തന്നെ തുറന്ന് പ്രസ്താവിച്ചിരുന്നു എന്ന വസ്തുത നിഷേധിക്കാനാ വാത്തതാണ്.

1. "ഖാദിയാനിലെ കൃഷ്ണൻ 1907 ഏപ്രിൽ 15-നു എനി ക്കെതിരെ ഒരു മുബാഹല പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു."

2. "ഖാദിയാനീ ദജ്ജാലിന്റെ മേൽ എന്റെ **മുബാഹല** യുടെ ഫലം."

3. "മിർസാജി ഞാനുമായ് ഒരു **മുബാഹലക്കുള്ള** നീണ്ട വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു." (മുറക്കയെ ഖാദിയാനി, 1907 ഡിസംബർ)

4. "ഈ സംഭവങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഏതെങ്കിലും ബുദ്ധിമാനു പറയാനാകുമോ മിർസാജിയുടെ മുബാ ഹല പ്രാർത്ഥനയ്ക്ക് എന്തെങ്കിലും ഫലമുണ്ടായിട്ടുണ്ടെന്ന്?"

5. "അബുൽവഫാ (സനാഉല്ല)യുമായ് **മുബാഹല** പരസ്യ പ്പെടുത്തിയതോടെ അതിന്റെ ദുഷ്ഫലവും അദ്ദേഹത്തിന്റെ മേൽ പതിച്ചുകൊണ്ടിരുന്നു." (മുറക്കയെ ഖാദിയാനി, 1908 ജൂൺ).

6. "അഹ്ൽ ഹദീസ് തന്റെ കെട്ടിടത്തെ കുലുക്കിക്കളഞ്ഞു എന്ന് അദ്ദേഹം തന്റെ **മുബാഹല** പരസ്യത്തിൽ ആക്രോശിച്ചിട്ടു ണ്ടായിരുന്നു." (അഹ്ൽ ഹദീസ്, 1908 ജൂൺ 19)

7. "ഇന്നുവരെ മിർസാ സാഹിബ് ഒരൊറ്റ എതിരാളിയു മായും ഇത്ര പരസ്യമായുള്ള **മുബാഹല** നടത്തിയിട്ടുണ്ടായിരു ന്നില്ല. എപ്പോഴും ആളുകളെ വട്ടം കറക്കികൊണ്ടിരുന്നതല്ലാതെ."

('മിർസാ ഖാദിയാനിയുടെ മരണവും അതിന്റെ പ്രത്യാഘാതങ്ങളും' എന്ന വിജ്ഞാപനം നോക്കുക)

മുബാഹലയ്ക്ക് തയ്യാറല്ലെന്നും മുബാഹല വിജ്ഞാപനം ബുദ്ധിയുള്ള ആർക്കും സ്വീകാര്യമാകുന്നതല്ലെന്നും തുറന്നെഴുതുകയും അക്രമിയ്ക്കും വഞ്ചകനും ദ്രോഹിക്കും ദൈവം വയോദൈർഘ്യം നൽകുന്നുവെന്ന് സിദ്ധാന്തിക്കുകയും ചെയ്തുകൊണ്ട് മുബാഹല സമരത്തിൽനിന്ന് ഒഴിഞ്ഞുമാറിയ സനാഉല്ലാ സാഹിബ്, ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) തന്റെ പ്രവചനങ്ങൾപ്രകാരം സാധാരണഗതിയിൽ ചരമം പ്രാപിച്ചപ്പോൾ താനുമായി നടത്തിയ മുബാഹലയുടെ ഫലമായിട്ടാണ് മരണപ്പെട്ടതെന്ന് വരുത്തിത്തീർക്കാൻ ചങ്കൂറ്റം കാണിക്കയാണുണ്ടായത്! എന്നാൽ, ഉഭയപ്രാർത്ഥനയില്ലാതെ മുബാഹല പ്രാബല്യത്തിൽ വരികയില്ലെന്നും മൗലവി സനാഉല്ലാ സാഹിബ് മുബാഹല പ്രാർഥനയിൽനിന്ന് പരസ്യമായി ഒഴിഞ്ഞുമാറുകയാണ് ചെയ്തതെന്നും തെളിയിച്ചുകാണിക്കപ്പെട്ടപ്പോൾ നിൽക്കക്കള്ളിയില്ലാതായിതീർന്ന അദ്ദേഹം ഹസ്രത്ത് അഹ്മദിന്റെ 'ആഖിരി ഫൈസല' ലിഖിതം ഏകപക്ഷീയമായ പ്രാർത്ഥനയാണെന്നും ഏകപക്ഷീയ പ്രാർത്ഥനയുടെ ഫലമായിട്ടാണ് ഹസ്രത്ത് മിർസാസാഹിബ് ചരമമടഞ്ഞതെന്നുമുള്ള പുതിയൊരു വാദം പിന്നീട് മുമ്പോട്ട് വെക്കുകതന്നെ ചെയ്തു!

'ആഖിരി ഫൈസല' ഏകപക്ഷീയമായ പ്രാർത്ഥനയായിരുന്നില്ല. ആയിരുന്നെങ്കിൽ തനിക്കത് സ്വീകാര്യമല്ലാ എന്നും അത് പ്രസിദ്ധപ്പെടുത്തുന്നതിന് തന്നോട് സമ്മതം ചോദിച്ചിട്ടില്ലെന്നും സനാഉല്ലാ സാഹിബ് പറയുന്നത് അർത്ഥരഹിതമാണല്ലോ. താൻ വ്യാജവാദിയാണെങ്കിൽ തന്നെ നശിപ്പിച്ച് കളയണമെന്നും തന്റെ മേലും തന്റെ കുടുംബത്തിന്റെ മേലും ശാപം ചൊരിയണമെന്നും എത്രയോ തവണ അവിടുന്ന് വേദനയോടെ വിലപിച്ചു പ്രാർത്ഥിക്കുകയുണ്ടായിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാനാവാത്തതാണ്. എന്നാൽ, മറിച്ചാണ് ദൈവം അവിടുത്തോട് പെരുമാറിയത്. ഏകപക്ഷീയമായ പ്രാർത്ഥനയാണെന്നത് പിൽകാലത്തെ കണ്ടുപിടുത്തമാണ്. വാഗ്ദത്ത മസീഹിന്റെ

ശത്രുക്കൾ ഇതിലാണ് ആശ്രയം കണ്ടെത്തുന്നത്. അതൊരു മുബാഹല പ്രാർത്ഥനയായി മൗലവി സനാഉല്ലാസാഹിബ് കരുതിപ്പോയിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന് ഒരു പിശക് പറ്റിയതാണെന്നും യഥാർത്ഥത്തിൽ മിർസാ സാഹിബ് സ്വന്തത്തിൽ ചെയ്ത പ്രാർത്ഥനപ്രകാരമാണ് മരിച്ചതെന്നും വേറെ ചിലർ* ബുദ്ധിയുപദേശം നൽകിയിട്ടുമുണ്ട്. സത്യത്തിന്നെതിരിൽ ഇത്തരം കുറുക്കുവിദ്യകളും തട്ടിപ്പുകളും വിലപ്പോവുകയില്ലെന്ന് കഷ്ടം, ഇവർ മനസ്സിലാക്കുന്നില്ല!

76 – ലോകസംഭവങ്ങളെപറ്റി പ്രവചനങ്ങൾ

'പ്രവചനങ്ങൾ പറയുന്ന ആളാണ് പ്രവാചകൻ. അതായത് ഭവിഷ്യൽജ്ഞാനങ്ങൾ വെളിപ്പെടുത്തുന്ന ആൾ. മുഹമ്മദ് നബി (സ) തിരുമേനിയ്ക്ക് ശേഷം ഭാവി പ്രവചിക്കുന്ന ഏറ്റവും വലിയ ദൈവദൂതൻ താനാണെന്നായിരുന്നു ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ വാദം. അതിഗൌരവങ്ങളായ കാര്യങ്ങൾ അത്യധികമായി തനിക്ക് വെളിപ്പെടുത്തപ്പെടുന്നു. ഇതാണ് നുബൂവത്തിന്റെ അനുഗ്രഹം. അത് മുഹമ്മദ് നബിയുടെ ഉമ്മത്തിലെ സത്യഭക്തരായ പ്രീതദാസൻമാർക്ക് ദൈവം അനുഗ്രഹിച്ചരുളിയിട്ടുള്ളതാണ്. ഖിയാമത്ത് നാൾ വരെ ഈ അനുഗ്രഹവരപ്രസാദം മുഹമ്മദ് നബിയുടെ സമുദായത്തിൽ തുടരും. ഏറ്റവും വലിയ ദിവ്യദൃഷ്ടാന്തം ഈ പ്രവചനമാണ്. ഇക്കാര്യത്തിൽ മുഴുവൻ ലോകത്തെയും ആഹ്വാനം ചെയ്യാനും അവ തെളിയിച്ച് കാട്ടാനും തനിക്ക് കഴിയും. യൗവനം തുടങ്ങി ഇത്തരം ഭവി

*അഹ്മദിയ്യാപ്രസ്ഥാനത്തിന്നെതിരായി എഴുതപ്പെട്ട 'ഫീനിക്സി'ന്റെ കുപ്രസിദ്ധമായ His Holiness എന്ന ഇംഗ്ലീഷ് പുസ്തകത്തിൽ പറയുന്നു: "If Moulavi Sanaullah construed the Mirza as inviting him to a duel he committed a mistake. The terms in which the Mirza had couched his prayer left the Moulavi no option to make the contrary asseveration. Whatever he might say would be irrelevant and uncalled for

"മിർസ തന്നെ ഒരു ഉഭയസമരത്തിന് ക്ഷണിക്കുന്നതായി സനാഉല്ലാസാഹിബ് അതിന്ന് അർത്ഥമെടുത്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്നാണ് തെറ്റ്പറ്റിയത്. മിർസ തന്റെ പ്രാർത്ഥനാ വാചകം കൊരുത്തപ്പോൾ മൌലവിക്ക് മറ്റൊരു തരത്തിൽ മനസ്സിലാക്കുവാൻ വകയുണ്ടായിരുന്നില്ല. അദ്ദേഹം എന്ത് തന്നെ പറയുമായിരുന്നാലും അത് അപ്രസക്തവും അനാവശ്യവും മാത്രമാകും (His Holiness, P. 132)

ഷ്യൽജ്ഞാനങ്ങൾ അവിടുന്ന് വെളിപ്പെടുത്തിപ്പോന്നു. ജീവാവ സാനം വരെ അത് തുടരുകയും ചെയ്തു. ആയിരക്കണക്കിൽ പ്രവചനങ്ങൾ അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ ചിലത് നിബന്ധനകൾ പ്രകാരമാണ് പൂർത്തിയായത്. തന്നെപറ്റി, തന്റെ കുടുംബത്തെപറ്റി, തന്റെ ശിഷ്യരെപറ്റി, മക്കളെപറ്റി, തന്റെ സമു ദായത്തെപറ്റി, പ്രകൃതിക്ഷോഭങ്ങളെപറ്റി, ഭൂകമ്പങ്ങളെപറ്റി, ജലപ്രളയങ്ങളെപറ്റി, യുദ്ധങ്ങളെപറ്റി, ലോകമഹായുദ്ധങ്ങളെപ റ്റി, പകർച്ചവ്യാധികളെപറ്റി, കലാപങ്ങളെപറ്റി, ജനവധങ്ങളെപറ്റി, അഭയാർത്ഥിപ്രവാഹത്തെപറ്റി, രാഷ്ട്രീയ സംഭവവികാസങ്ങളെ പറ്റി, തന്റെ പ്രസ്ഥാനത്തിന്റെ പ്രചാരണത്തെ പറ്റി, ശത്രുസമൂഹ ത്തിന്റെ സമൂലനാശത്തെപറ്റി, കൂട്ടക്കൊലകളെപറ്റി, തന്റെ പ്രസ്ഥാനത്തിന്റെ സാർവത്രീകമായ വിജയത്തെപറ്റി എന്നുവേണ്ട ഈ ലോകത്ത് നടക്കാനിരുന്ന പല കാര്യങ്ങളെപറ്റിയും ദൈവ ത്തിൽനിന്നുള്ള അറിയിപ്പ് അനുസരിച്ച് അവിടുന്ന് മുൻകൂട്ടി വിളം ബരപ്പെടുത്തുകയും അവ അച്ചടിച്ച് പ്രചരിപ്പിക്കുകയും തന്റെ ഡയറിയിൽ കുറിച്ച് വെക്കുകയും പത്രങ്ങളിൽ പ്രസിദ്ധപ്പെടു ത്തുകയും ചെയ്തു. ആർക്കും ഒരു ഒഴികഴിവും പറയാനാവാത്ത, പഴുതുകളില്ലാത്ത നിബന്ധനകളിൽ പരീക്ഷിച്ചു നോക്കാനുള്ള അവസരം അവിടുന്ന് തുറന്നിട്ടു. കടുത്ത പ്രതിയോഗി കൾക്ക്പോലും അംഗീകരിക്കേണ്ടി വന്ന വസ്തുതകളാണിവ.

വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദുൽഖാദിയാനിയുടെ ജീവിതത്തിലുടനീളം അത്തരം പ്രവചനങ്ങൾ പുലർന്നുകൊണ്ടി രുന്നതായി അവിടുത്തെ ചരിത്രം വായിക്കുന്നവർക്ക് അറിയാൻ കഴിയുന്നു. സുവാർത്തകളും താക്കീതുകളും അവയിലടങ്ങി യിട്ടുണ്ട്. ഉജ്ജ്വലങ്ങളായ ഇനിയുമെത്രയോ പ്രവചനങ്ങൾ പുല രാൻ ഇരിക്കുന്നുമുണ്ട്.

ലോകസംഭവങ്ങളെ കുറിച്ചും ജനകോടികളിൽ പ്രഭാവം ചെലുത്തിയ ചില ദേശീയ രാഷ്ട്രീയദുരന്തങ്ങളെകുറിച്ചും വാഗ്ദത്ത മസീഹ് (അ) വെളിപ്പെടുത്തിയ ചില സുപ്രധാന പ്രവ ചനങ്ങൾ ഞാനിവിടെ ഉദാഹരണമായി എടുത്തുപറഞ്ഞു കൊള്ളുന്നു.

സാർവ്വത്രീകമായ നാശങ്ങൾ

1905-ൽ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) 'ബറാഹീൻ അഹ്മദിയ്യ അഞ്ചാംഭാഗം' (ബറാഹീൻ പഞ്ചം) പ്രസിദ്ധപ്പെടുത്തി. അതിൽ ലോകത്ത് സംഭവിക്കാനിരിക്കുന്ന ഭൂകമ്പങ്ങളെ കുറിച്ചുള്ള പ്രവചനങ്ങൾ വെളിപ്പെടുത്തുകയുണ്ടായി അദ്ദേഹം പറഞ്ഞു:

"അല്ലാഹുവിന്റെ വഹ്യിൽ ഭൂകമ്പങ്ങളെ പറ്റി അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധഖുർആൻ 99-ാം അദ്ധ്യായം (സൂറാ ഖിയാമ) തുടക്കത്തിൽ വിവരിച്ചത് പോലുള്ള ഭൂകമ്പം തന്നെയായിരിക്കുമെന്ന് ഉറപ്പിച്ചുപറയാൻ എനിക്ക് സാദ്ധ്യമല്ല. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാൻ സാദ്ധ്യതയുണ്ട്. ഖിയാമത്തിന്റെ ദൃശ്യം അവതരിപ്പിക്കുന്ന മറ്റെന്തെങ്കിലും ഭയങ്കരമായ വിപത്ത് ആയിരിക്കുകയും ചെയ്യാം.* അത്തരം ഒരു വിപത്ത് ഈ കാലം കണ്ടിരിക്കുകയില്ല. ജീവന്നും കെട്ടിടങ്ങൾക്കും ഭയങ്കരനാശം സംഭവിക്കും. അത്തരം അസാധാരണമായ അടയാളം വെളിപ്പെടാതിരിക്കയും ജനങ്ങൾ സ്വയം സംസ്കരണത്തിന് തയ്യാറാകാതിരിക്കുകയുമാണെങ്കിൽ ഞാൻ ഒരു കള്ളവാദിതന്നെയായിരിക്കും. ദൈവം ഭൂകമ്പം എന്ന പദംകൊണ്ട് വ്യവച്ഛേദിച്ചിരിക്കുന്ന ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണത്താലോ ക്രിസ്ത്യാനിയോ ഹിന്ദുവോ ആയിരിക്കുന്നത് കാരണമായോ ആരുടെയെങ്കിലുംമേൽ ആപതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽനിന്നും മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരും ചതിയിലും വഞ്ചനകളിലും മുഴുകിയവരും വ്യഭി

* ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ലോയിഡ് ജോർജ് 1915-ലെ ക്രിസ്തമസ് ദിനത്തിൽ ഗ്ലാസ്ഗോയിലെ തൊഴിലാളി സമ്മേളനത്തിൽ പറഞ്ഞു. It (the war) is an earthquack which is upheaving the very rocks of European life. It is one of those siesmic disturbances in which nations leap forward or fall backward in single bound.... You can not haggle with an earthquack.(R.R. May 1918).

ചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാരനും ദുർഭാഷിയും ദുർവ്യത്തനും ആരോ അവരും അതിനെതൊട്ട് പേടിക്കേണ്ടതാകുന്നു. അവർ പശ്ചാത്തപിച്ച് പിൻമാറുന്നുവെങ്കിൽ അവർക്കും വ്യസനിക്കേണ്ടിവരില്ല. നന്മ പ്രവർത്തിക്കുന്നവരും സദ്വൃത്തരുമാണെങ്കിൽ ഈ വിപത്ത് ഒഴിഞ്ഞുപോകാവുന്നതാണ്." (ബറാഹീൻ പഞ്ചം, പു. 120).

1905 ഏപ്രിൽ 5-ന് പുറത്തിറക്കിയ 'അൽ ഇൻദാർ' -താക്കീത് എന്ന വിജ്ഞാപനത്തിൽ ഇപ്രകാരം പറയുന്നു:

"ഇത് എപ്പോഴാണ് സംഭവിക്കുക? കുറച്ച് നാളുകൾക്കുള്ളിലോ കുറച്ച് ആഴ്ചകൾക്കുള്ളിലോ കുറച്ച് മാസങ്ങൾക്കുള്ളിലോ കുറച്ച് കൊല്ലങ്ങൾക്കുള്ളിലോ എന്ന് എന്നോട് പറയപ്പെട്ടിട്ടില്ല. അടുത്തോ അകലത്തോ എപ്പോൾ അത് സംഭവിച്ചാലും അത് ഒരു ഭൂകമ്പമോ മറ്റെന്തെങ്കിലുമോ ആയാലും അത് അതിന്റെ കഠിനൃത്തിൽ ഭയാനകംതന്നെയായിരിക്കും. എന്റെ സഹജീവികളായിട്ടുള്ളവരോടുള്ള അഗാധമായ അനുകമ്പ കാരണം ഞാൻ നിർബന്ധിതനായിത്തീർന്നിട്ടല്ലെങ്കിൽ ഞാനിത് പറയുമായിരുന്നില്ല. അതുകൊണ്ട് കേട്ടുകൊണ്ടാലും: ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു; ഭൂമിയിതാ കേൾക്കുന്നു. സദ്വൃത്തിയിൽനിന്ന് ആർ വ്യതിചലിക്കുന്നുവോ അകൃത്യങ്ങളിലെയ്ക്ക് ചാഞ്ഞിരിക്കുന്നുവോ ഭൂമിയെ തന്റെ പാപങ്ങളാൽ പങ്കിലമാക്കുന്നുവോ അവൻ പിടിക്കപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കാൻ പോകുന്നതായി സർവ്വശക്തൻ താക്കീത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഭൂമിയിൽ പാപവും തിന്മയും നിറഞ്ഞിരിക്കുന്നു. പൂർവ്വപ്രവാചകൻമാർ ദീർഘദർശനം ചെയ്തതിനേക്കാൾ അന്ത്യം അടുത്തിരിക്കുന്നതായി അറിഞ്ഞുകൊൾവിൻ. എന്നെ അയച്ചിരിക്കുന്നവനെ സാക്ഷിയാക്കിക്കൊണ്ട് ഞാനിതാപറയുന്നു, ഇതെല്ലാം ദൈവത്തിൽനിന്നുള്ള അറിയിപ്പുകളത്രെ; എന്നിൽ നിന്നുള്ളതല്ല. എന്റെ ഈ മുന്നറിയിപ്പുകൾ കുറേയെല്ലാം ശ്രദ്ധിച്ചുവെങ്കിൽ ഹാ, എത്ര നന്നായിരുന്നു! എങ്കിൽ ലോകം നാശത്തിൽനിന്ന് രക്ഷപ്പെടുമായിരുന്നു. മനുഷ്യരെ ഭ്രാന്തരാക്കിക്കളയുന്ന ആ നാളുകൾ ഇതാ അടുത്തി

രിക്കുന്നു. നിർഭാഗ്യവാനായ ബുദ്ധിഹീനൻ പറയുന്നു, ഇതെല്ലാം കള്ളമാണെന്ന്. സൂര്യൻ ഉദിക്കാറായിരിക്കെ അവൻ ഉറക്കത്തിലായിരിക്കുന്നതെന്തേ?"

വാഗ്ദത്ത മസീഹ് (അ) ഒരു പദ്യത്തിൽ ഇപ്രകാരം പറയുന്നു:

"ആകാശത്തിലാകെയും ഘോരാരവങ്ങളാണ്; എന്നാലോ നിങ്ങൾ അതറിയുന്നില്ല. പകൽ പ്രകാശപൂർണ്ണമായിരുന്നു. എന്നാൽ മേഘപടലങ്ങൾ അന്തരീക്ഷത്തിൽ കനത്തുപോയി. കുറച്ച് നാളുകൾക്ക് ശേഷം ഒരു ദൃഷ്ടാന്തം വെളിപ്പെടുന്നതാണ്. അത്മൂലം ഗ്രാമങ്ങളും നഗരങ്ങളും സമതലങ്ങളുമെല്ലാം അടിമേൽ മറിഞ്ഞുപോകും. ദൈവത്തിന്റെ ക്രോധംമൂലം സൃഷ്ടി ജാലങ്ങളിൽ ഒരു വിപ്ലവം സംഭവിക്കുന്നതാണ്. വിവസ്ത്രനായ ഒരാൾക്ക് തന്റെ കൗപീനം ധരിക്കുവാൻപോലും സമയം കിട്ടുകയില്ല. ഒരു ഭൂകമ്പം പെട്ടെന്ന് മനുഷ്യരെയും വൃക്ഷങ്ങളെയും പാറകളെയും സമുദ്രങ്ങളെയും കുലുക്കിക്കളയുകയും ഒരു ഇമവെട്ടിന്നിടയിൽ ഭൂമി അടിമേൽ മറിയുകയും വേലിയേറ്റങ്ങൾപോലെ രക്തപ്പുഴയൊഴുകുകയും ചെയ്യും. മുല്ലപ്പൂപോലുള്ള തൂവെള്ള വസ്ത്രങ്ങൾ രാത്രിയിൽ അണിഞ്ഞവർ രക്താഭമായ വസ്ത്രങ്ങളുമായി ഉറക്കമുണരും. മനുഷ്യരും ജനങ്ങളും ബോധമറ്റവരായി മാറും. കുയിലുകളും രാപ്പാടികളും പാട്ടുമറക്കും. എല്ലാ യാത്രക്കാർക്കും ആ മുഹൂർത്തം കഠിനതരമായിരിക്കും. സഞ്ചാരികൾ പ്രാണസങ്കടത്താൽ തന്നത്താനറിയാതെ സ്വയം വഴിമറക്കുകയും ചെയ്യും. മരിച്ചുവീഴുന്നവരുടെ ചോരയിൽ മലമ്പുഴകളിലെ വെള്ളം ചെമന്ന വീഞ്ഞുപോലെ രക്താഭമായിത്തീരും. ഉന്നതരും താണവരുമെല്ലാം (ജിന്നും ഇൻസും) ഒരുപോലെ ഭയത്താൽ വിറകൊള്ളുമാറാകും. ആ നാളിൽ സാർ ചക്രവർത്തിതന്നെയും കടുത്ത ദുരിതാവസ്ഥയിലായിപ്പോകും. ആ ദൈവീകദൃഷ്ടാന്തം രോഷപ്രകടനത്തിന്റെ ഒരു മാതൃകയായിമാറും. ആകാശം അതിന്റെ ഊരിപ്പിടിച്ച കഠാരവുമായി ഭൂമിയെ ആക്രമിക്കും. ഓ വിവരംകെട്ട വങ്കാ, നീ എന്നെ നിഷേധിക്കുന്നതിന് ബദ്ധപ്പെടൊല്ലാ. ഈ ദൃഷ്ടാന്തങ്ങ

ളുടെ പൂർത്തീകരണത്തെയാണ് എന്റെ സത്യം ആശ്രയിച്ചിരിക്കുന്നത്. ഇതെല്ലാം സത്യദൈവത്തിൽനിന്നുള്ള വെളിപാടുകളത്രെ. അവ തെറ്റാതെ പുലരുകതന്നെചെയ്യും. ഭക്തിവിനയങ്ങളോടും സഹനത്തോടും അൽപംകൂടി കാത്തുനിൽക്കുവിൻ. ഈ ദുർഭാവനകളൊക്കെയും മാപ്പ് ചെയ്യപ്പെടുമെന്ന് ഭാവിക്കേണ്ട. ഇത് കടമാണെന്ന് ഓർത്തുകൊള്ളുവിൻ; നിങ്ങൾക്കിത് തീർച്ചയായും തിരിച്ചുകിട്ടും" (ബറാഹീൻ അഞ്ചാംഭാഗം പു. 120).

1907-ൽ പ്രസിദ്ധപ്പെടുത്തിയ 'ഹഖീഖത്തുൽ വഹ്യ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

"മനുഷ്യനുണ്ടായ നാൾതുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻപോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിട്ടില്ലെന്ന് തോന്നുമാറുള്ളതരത്തിൽ അടിമേൽ മറിഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കരരൂപത്തിലുള്ള മറ്റു പലനാശങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധാരണമായവയായിത്തീരും. അവയെ സംബന്ധിച്ച് യാതൊന്നും പ്രകൃതിശാസ്ത്രത്തിന്റെയോ തത്വജ്ഞാനത്തിന്റെയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരിശോധിച്ചാൽ കാണപ്പെടുകയില്ല*..... അപ്പോൾ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന് വച്ച് മനുഷ്യർ വല്ലാതെ പരിഭ്രമിക്കും.... ആ നാളുകൾ അടുത്തടുത്തുവരുന്നു. അല്ലാ, അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയ (ഖിയാമ)ത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, ഭയങ്കരങ്ങളായ മറ്റുവിപത്തുകളും ആകാശത്തിൽനിന്നും ഭൂമിയിൽനിന്നും വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യൻ ദൈവത്തെ മറന്ന് ഭക്തിമാർഗത്തെ ഉപേക്ഷിക്കുകയും അവർ മുഴുമനസ്സാലെ ലൗകീകത്തിൽതന്നെ പതിക്കുകയും ചെയ്തതിനാലത്രെ. ഞാൻ

* ഈ പ്രവചനത്തിന്ന് ശേഷം ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ പ്രകൃതികോപങ്ങളേയും വൻ നാശങ്ങളേയുംപറ്റി അഭൂതപൂർവ്വമെന്നും ചരിത്രത്തിലില്ലാത്തതെന്നും മറ്റും വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു.-ഗ്ര

വന്നിട്ടില്ലായിരുന്നെങ്കിൽ ഈ വിപത്തുകൾ പുറകോട്ട് മാറ്റിവെ ക്കപ്പെടുമായിരുന്നു. എന്റെ വരവോടുകൂടി ദൈവക്രോധത്തിന്റെ ആ ഗോപ്യമായ ഒരുക്കങ്ങൾ – അവ ദീർഘകാലമായിട്ട് ഗോപ്യ മായിരുന്നു– വെളിപ്പെടുകതന്നെ ചെയ്തു. എന്തെന്നാൽ "നാം ഒരു പ്രവാചകനെ എഴുന്നേൽപിച്ചല്ലാതെ (ഒരു ജനതയേയും) ശിക്ഷിക്കുകയില്ല" എന്ന് ദൈവം ഖുർആനിൽ (7:15) പറഞ്ഞിരി ക്കുന്നു. ആകയാൽ, പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും. എവൻ ആപത്തിനെ ഭയപ്പെടു ന്നുവോ അവൻ കരുണ ചെയ്യപ്പെടും..... അല്ലയോ, യൂറോപ്പേ നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല!! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല!!! മഹാനഗര ങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു. ആ സർവ്വശക്തനായ ഏകദ്വൈവം ഏറിയകാലം മൗനമവലംബി ച്ചു. തന്റെ മുമ്പാകെ നിന്ദ്യമായ പല കർമ്മങ്ങളും ചെയ്യപ്പെ ട്ടിട്ടും അവൻ അനങ്ങാതിരുന്നു. എന്നാൽ ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂ രമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരേയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചുകൂട്ടുവാൻ ആവുന്നതും ശ്രമി ച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാ ണല്ലോ. ഞാൻ സത്യമായും സത്യമായും നിങ്ങളോട്പറയുന്നു, ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽവരും; ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണു കൾകൊണ്ട്കാണും. എന്നാൽ ദൈവം ക്രോധം വെളിപ്പെടുത്തു ന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരു ണ്യത്തിന് പാത്രമായിത്തീരുന്നതിന്ന് പശ്ചാത്തപിച്ച് മാനസാന്തരം വരുത്തുവിൻ! ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല; വെറും ഒരു കീടമാകുന്നു. എവൻ ആ സർവ്വശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു, ജീവനുള്ളവനല്ല." (ഹക്കീക്കത്തുൽ വഹ്യ്, പു. 256–257)

വരുവാനിരുന്ന ലോകമഹായുദ്ധങ്ങളുടെയും വ്യാപകമായ ലോകനാശങ്ങളുടെയും ഒരു ചിത്രം ജാഗ്രദ്ദർശനത്തിൽ (കശ്ഫ്) ദൈവം വാഗ്ദത്ത മസീഹിന് കാണിച്ച് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് അവിടുന്ന് ഈ മുന്നറിയിപ്പുകൾ നൽകിയത്. 1914-മുതൽ 1918-വരെ നീണ്ടുനിന്ന അഭൂതപൂർവ്വമായ ലോകമഹായുദ്ധത്തിന്റെയും 1939-മുതൽ 1945-വരെയും നീണ്ടുനിന്ന രണ്ടാം ലോകമഹായുദ്ധത്തിന്റെയും ഭീകരദൃശ്യങ്ങൾ മാത്രമല്ല, ആ മഹായുദ്ധങ്ങളോടനുബന്ധിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ദ്വീപ് സമൂഹങ്ങളിലും പല കാലങ്ങളിലുണ്ടായ ദുരന്താനുഭവങ്ങളുടെയും വിനാശങ്ങളുടെയും പലതരം പ്രകൃതി കോപങ്ങളുടെയും മറ്റും മറ്റും ദൃശ്യങ്ങളും ഒരു ചലചിത്രത്തിലെന്നോണം തനിയ്ക്ക് ദൈവം വെളിപ്പെടുത്തിക്കൊടുത്ത കാര്യങ്ങൾ അവിടുന്ന് വിവരിക്കുകയായിരുന്നു.*

2. റഷ്യൻ വിപ്ലവം

مضمحل ہو جائینگے اس خوف سے سب جن و انس
زار بھی ہوگا تو ہوگا اس گھڑی با حال زار

മുസ്മഹിൽ ഹോജായേൻഗേ ഉസ് ഖൌഫ്സെ സബ് ജിന്നോഇൻസ്
സാർ ഭീ ഹോഗാ തൊ ഹോഗാ ഉസ് ഘഡീ ബാഹാലെ സാർ

(ആ ഭയം നിമിത്തം ആ വേളയിൽ ജിന്നും ഇൻസും-ഉന്നതൻമാരും എളിയവരുമെല്ലാം-കിടിലം കൊള്ളുന്നതായിരിക്കും. സാർ ചക്രവർത്തിയായാലെന്ത്, അദ്ദേഹവും ആ സമയത്ത് അത്യന്തം ദാരുണനിലയിലായിരിക്കും).

ഇരുപതാം നൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ പിടിച്ചുകുലുക്കിയ സംഭവങ്ങളിൽ അതിപ്രധാനമായിട്ടുള്ളതാണ് റഷ്യയിലെ

---

* ചരിത്രത്തിൽ തുല്യത ഇല്ലാത്തതെന്ന് വിവരിക്കപ്പെട്ട ജല പ്രളയങ്ങളുടേയും ഭൂകമ്പങ്ങളുടേയും മറ്റും ലൈവ് ചിത്രങ്ങൾ ടെലിവിഷൻ ചാനലുകളിലൂടെ ഭൂഗോളത്തിൽ എങ്ങും ഉള്ളവർ നേരിട്ട് നോക്കിക്കാണുകയുണ്ടായി. ലൂത്തിന്റെ രാജ്യത്തും നൂഹിന്റെ കാലത്തും നടന്ന സംഭവങ്ങൾ ഇക്കാലത്തെ ജനങ്ങൾക്ക് ദൃശ്യമാക്കാൻ വാഗ്ദത്ത മസീഹിന് എങ്ങിനെ കഴിഞ്ഞു? അതെ, ഇത് ദൈവീകമായ പ്രവചനം തന്നെയാണെന്ന് വ്യക്തമായിരിക്കുന്നു.- ഗ്ര.

വിപ്ലവം. വിപ്ലവത്തോടനുബന്ധിച്ച് നടന്ന സാർ ചക്രവർത്തിയുടെയും കുടുംബത്തിന്റെയും ദാരുണമായ കൂട്ടക്കൊല. 1917-ലെ ഒക്ടോബർ വിപ്ലവത്തെ തുടർന്ന് സാർ നിക്കോളസ് രണ്ടാമനെയും കുടുംബത്തേയും കൊല്ലുവാൻ ലെനിൻ കൽപിക്കുകയായിരുന്നു. നിരായുധരായ ചക്രവർത്തി സാർ നിക്കോളസ് രണ്ടാമന്റെയും സാറിന അലക്സാൻഡ്രയുടെയും കൺമുന്നിൽവെച്ച് അവരുടെ പൊന്നോമന മക്കളെ റെഡ് ഗാർഡുകൾ പൈശാചികമായ തരത്തിൽ ഭേദ്യം ചെയ്തശേഷം വെടിവെച്ചു കൊന്നുവെന്നാണ് ചരിത്രം. കമ്യൂണിസ്റ്റ് പൈശാചികത്വത്തിന്റെ അതിബീഭത്സമായ ദുർമുഖം ലോകത്തിന് കാട്ടിക്കൊടുത്ത പ്രസ്തുത സംഭവം മനുഷ്യത്വമുള്ളവരെയെല്ലാം ഞെട്ടിക്കുന്ന ഒന്നാകയാൽ കമ്മ്യൂണിസ്റ്റുകൾ ഇത് പിന്നീട് നിഷേധിക്കുകയും ചക്രവർത്തിയും കുടുംബവും കൂട്ട ആത്മഹത്യ ചെയ്യുകയാണുണ്ടായതെന്ന് പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഇരുപതാം നൂറ്റാണ്ടിൽ നടന്ന ഈ ഏറ്റവും ബീഭത്സമായ കൂട്ടക്കൊല നടക്കുന്നതിന് പന്ത്രണ്ടുകൊല്ലം മുമ്പ് സാർ ചക്രവർത്തിക്ക് അനുഭവപ്പെടാനിരുന്ന ഈ അതിദാരുണമായ ശാരീരിക മാനസീകപീഡനങ്ങളെപറ്റി വാഗ്ദത്തമസീഹ് ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) സർവ്വജ്ഞനായ അല്ലാഹു അറിയിച്ചുകൊടുത്തതനുസരിച്ച് പ്രവചനം ചെയ്യുകയായിരുന്നു. ലോകത്ത് നടക്കാനിരുന്ന ലോകമഹായുദ്ധങ്ങളെ കുറിച്ചുള്ള പ്രവചനങ്ങളുടെ കൂട്ടത്തിലാണ് ഇതും അറിയിച്ചത്.

സാറിന്നും കുടുംബത്തിന്നും ഉണ്ടായ ദുരന്തത്തിന്ന് ലോകം മുഴുവനും സാക്ഷ്യംനിന്നു. സാറിനെയും കുടുംബത്തേയും ഹീനമായി അപമാനിച്ച ശേഷമാണ് അവരെ വധിച്ചത്. പ്രവചനം പുറപ്പെടുവിക്കുന്ന കാലത്ത് ലോകത്ത് ജീവിച്ചിരുന്ന ചക്രവർത്തിമാരിലും ഭരണകർത്താക്കളിലും വച്ച് ഏറ്റവും പ്രതാപവാനും സുഖസന്തുഷ്ടനുമായിരുന്നു സാർ ചക്രവർത്തി.

---

* Revelation- ".....and the Czar himself will, at that hour, be in sad case. That Divine sign will be a specimen of terror" (Tadhkirah, Eng. Trans. Sir Zafrullah Khan, p. 309)

'കാണപ്പെട്ട ദൈവം' എന്ന നിലയിൽ ജനം അദ്ദേഹത്തെ പൂജിച്ചിരുന്നു. ലോകത്തിൽ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗത്തിന്റെ അതിശക്തനായ അധിപതിയായിരുന്ന അദ്ദേഹത്തിന്റെ അധികാരത്തിന്നും, ആസ്തിയ്ക്കും പരിധിയില്ലായിരുന്നു. ഇങ്ങനെ പ്രതാപത്തിന്റെയും സന്തുഷ്ടിയുടെയും ജീവൽപ്രതീകമായി വിരാജിച്ച സാർ ചക്രവർത്തിയെപറ്റിയാണ് അദ്ദേഹം പ്രതാപത്തിന്റെ കൊടുമുടിയിൽ കഴിയുന്ന അവസരത്തിൽ, ഏറ്റവും പിന്നണിയിൽ കിടന്ന പരാധീനയായ ഇന്ത്യാരാജ്യത്തിലെ ഏറ്റവും പിന്നോക്കത്തിലായിരുന്ന പ്രവിശ്യയിലെ അജ്ഞാതമായ ഒരു കുഗ്രാമത്തിൽ ആരാലും അറിയപ്പെടാതെ കഴിഞ്ഞുപോന്ന ഒരു വ്യക്തി, അതെ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ഈ പ്രവചനം പ്രസിദ്ധംചെയ്തതെന്ന വസ്തുത വിസ്മയജനകമാണ്. പ്രവചനത്തിൽ പറഞ്ഞ പ്രകാരംതന്നെ സാർ ചക്രവർത്തിക്ക് ലോകരാഷ്ട്രീയ ചരിത്രത്തിലെ ഏറ്റവും ഹീനവും പൈശാചികവുമായ ഒരു കൂട്ടക്കൊലയുടെ ദാരുണാനുഭവങ്ങൾ (ഹാലെ സാർ) തന്നെയുണ്ടായി എന്നത് അതിലും വിസ്മയനീയം തന്നെ!

സാർ ചക്രവർത്തിക്ക് 50 വയസ്സായിരുന്നപ്പോഴാണ് റഷ്യയിൽ ഒക്ടോബർ വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. 1917-ൽ വിപ്ലവകാരികൾ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കൊയാലോ കൊട്ടാരത്തിൽ വിപ്ലവകാരികൾ അദ്ദേഹത്തെ തടങ്കലിൽ വെച്ചു പിന്നീട് ടോബോൾസ്കിൽ കൊണ്ടുപോയി തുറുങ്കിലിട്ടു. അതിനുശേഷമാണ് എക്കാട്ടറിൻബർഗിൽവെച്ച് വെടിവെച്ചുകൊന്നത്. ആ വധസംഭവത്തിലെ ഓരോ രംഗവും കിടിലംകൊള്ളിക്കുന്നതായിരുന്നു.

വിപ്ലവം പൊട്ടിപുറപ്പെട്ടപ്പോൾ സാർ ചക്രവർത്തി തല സ്ഥാനത്ത് ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു യുദ്ധനിര പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ വിപ്ലവത്തിന്റെ യാതൊരു സൂചനയും ഉണ്ടായിരുന്നില്ല. ഒരു ഗവർണറുടെ നടപടിയിൽ പ്രതിഷേധിച്ച് സാധാരണഗതിയിലുള്ള ചെറിയൊരു കലാപം ഉണ്ടായപ്പോൾ ശക്തിയായ തിരിച്ചടി നൽകണമെന്ന്, സാർ കല്പന പുറപ്പെടുവിച്ചു. അതിനുശേഷം തലസ്ഥാന

സാർ നിക്കോളാസ് രണ്ടാമൻ

780 b

ഗുരുവായൂർക്കേശവൻ ശ്രീ. പറക്കുളം ശിവരാമൻ

ത്തേയ്ക്ക് മടങ്ങി. കലാപം ശക്തിപ്പെട്ടതായും തലസ്ഥാന ത്തേയ്ക്ക് മടങ്ങുന്നത് ആപൽകരമാണെന്നും ചക്രവർത്തിക്ക് വിവരം ലഭിച്ചു. അദ്ദേഹം തലസ്ഥാനത്തെ സമീപിച്ചപ്പോൾ വിപ്ല വകാരികൾ സിക്രട്ടറിയേറ്റ് പിടിച്ചടക്കിയതായും ജന കീയസർക്കാർ രൂപീകരിച്ചതായും അറിവ് നൽകപ്പെട്ടു. 1917 മാർച്ച് 12-നു സാർ - എല്ലാവരെയും ഭരിക്കുന്ന ആരാലും ഭരിക്കപ്പെടാ ത്തവൻ എന്നാണ് സാർ (Czar) എന്ന പദത്തിന്റെ അർത്ഥം - ലോകത്ത്വെച്ച് ഏറ്റവും അധൃഷ്യനും അധികാരശക്തിയുള്ളവ നുമായ സാർചക്രവർത്തി കേവലം ഒരു പ്രജയായിമാറി. താനും കുടുംബവും റഷ്യൻ സിംഹാസനം ഇനി ഒരിക്കലും അവകാശ പ്പെടുകയില്ലെന്ന ഒരു പ്രഖ്യാപനത്തിൽ അദ്ദേഹം ഒപ്പുവെക്കേ ണ്ടിവന്നു. ഇതോടെ വാഗ്ദത്ത മസീഹിന്റെ പ്രവചനത്തിന്റെ ഒരു വശം പൂർത്തിയായി. താനും സാറീനയും മക്കളും ഇതോടെ സാധാരണ പൗരൻമാരായി ജീവിക്കാൻ അനുവദിക്കപ്പെടുമെ ന്ന് സാർ നിക്കോളാസ് രണ്ടാമൻ എന്തായാലും കരുതിയിരു ന്നു. മാർച്ച് 21-ന് അദ്ദേഹം തടവുകാരനാക്കപ്പെട്ടനിലയിൽ സ്കോസിലോ (Skosilo) എന്നിടത്തെയ്ക്ക് നീക്കപ്പെടുകയാണുണ്ടാ യത്. മാർച്ച് 22-ന് തന്നെ അമേരിക്ക പുതിയ വിപ്ലവ ഗവൺമെന്റിനെ അംഗീകരിച്ചതോടെ സാറിന്റെ അവസാനത്തെ പ്രത്യാശയും നഷ്ടപ്പെട്ടു. രണ്ടുദിവസം കഴിഞ്ഞ് ഇംഗ്ലണ്ടും, ഫ്രാൻസും, ഇറ്റലിയും പുതിയ ഗവൺമെന്റിന് അംഗീകരണം നൽകി. ഈ സഖ്യരാഷ്ട്രങ്ങൾ നേരിയ പ്രതിഷേധംപോലും പുറപ്പെടുവിച്ചില്ലെന്ന ആധി നിക്കോളാസിനെ പിടികൂടിയിരുന്നു. അതു അദ്ദേഹത്തെ ആകപ്പാടെ ഉലച്ചുകളഞ്ഞു. ഇപ്പോഴും ഭര ണത്തിന്റെ സൂത്രധാരത്വം ഒരു രാജകുടുംബാംഗമായ ദിൽവാ വൊ (Dilvavo) വിന്റെ കയ്യിലായിരുന്നുവെങ്കിലും അതു കെരൻസ്കി യുടെ കൈകളിലെയ്ക്കു മാറി. അപ്പോഴും നിക്കോളോസിന്റെ നില സഹനീയതയുടെ സീമ കടന്നിരുന്നില്ല. നവംബർ 7-ന് ബോൾഷവിക്ക് വിപ്ലവകാരികൾ കെരൻസ്കി ഗവൺമെന്റിനെ അധികാരത്തിൽനിന്ന് നീക്കി. സാർ നിക്കോളോസിനെ ഒരിട ത്തുനിന്ന് മറ്റൊരിടത്തെയ്ക്ക് സ്ഥലമാറ്റം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ, എക്കാട്ടറിൻബർഗിൽ പാർപ്പിച്ചു. ഇവിടെ സൈബീരി

യയിൽ തടവിൽ പാർപ്പിക്കപ്പെട്ടവരോട് നടത്തപ്പെട്ട എല്ലാ ക്രൂരതകളുടെയും രുചി അദ്ദേഹത്തെകൊണ്ട് അനുഭവിപ്പിക്കുകയായിരുന്നു. കിഴക്ക് യൂറാൾ പർവ്വതത്തിനടുത്ത് മോസ്കോവിൽനിന്നും 1400 നാഴികയകലെ ഒരു നഗരത്തിൽ അദ്ദേഹത്തെ താമസിപ്പിച്ചു. രാഷ്ട്രീയ തടവുകാർക്ക് സൈബീരിയയിൽ സാർ ചക്രവർത്തി നൽകിയ കടുത്ത പീഡനങ്ങളെ അനുസ്മരിപ്പിക്കുന്ന ചുറ്റുപാടിൽ അദ്ദേഹം കഴിയേണ്ടിവന്നു.

കഴിഞ്ഞില്ല, അദ്ദേഹത്തിന്റെ റേഷൻ വെട്ടിക്കുറച്ചു. സാധാരണനിലയിലുള്ള ആശ്വാസനടപടികളും പിൻവലിച്ചു. അസുഖമുള്ള ഒരു കുട്ടിയെ അദ്ദേഹത്തിന്റെ കൺമുന്നിൽവെച്ച് ക്രൂരമായി റെഡ്ഗാർഡുകൾ മർദ്ദിച്ചു. പെൺമക്കൾ അപമാനിക്കപ്പെടുന്നത് മാതാപിതാക്കൾക്ക് നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നു. ഒരു ദിവസം സ്വന്തം പുത്രിമാർ ബലാത്സംഗം ചെയ്യപ്പെടുന്നത് നോക്കിക്കാണാൻ സാറീന അലക്സാൻഡ്ര നിർബന്ധിക്കപ്പെട്ടു. മുഖംതിരിച്ചപ്പോൾ ഈ പൈശാചികകൃത്യം നോക്കികൊണ്ടിരിക്കാൻ പട്ടാളക്കാർ ബലം പ്രയോഗിച്ചുവത്രെ. ജീവിച്ചിരിക്കുന്ന ഒരു മനുഷ്യജീവിക്ക് അനുഭവിക്കാവുന്നതിലുമേറെ നോവുകളും മനോവേദനകളും കടിച്ചിറക്കിക്കൊണ്ട് സാർ ചക്രവർത്തി അന്ത്യം വരിച്ചു. 1918 ജൂലായ് 16-ന് കുടുബാംഗങ്ങളോടൊപ്പം സാറിനെ വെടിവെച്ചുകൊല്ലുകയാണ് ചെയ്തത്. "സാർ ചക്രവർത്തിതന്നെയായാലും ആ നാളുകളിൽ പരമദയനീയമായ ദുരന്തത്തിലായിരിക്കും" എന്നുള്ള വാഗ്ദത്തമസീഹിന്റെ പ്രവചനം അക്ഷരംപ്രതി പൂർത്തിയായി.

പ്രവചനം പ്രസിദ്ധം ചെയ്തപ്പോൾ സാർ ചക്രവർത്തിയെ കുറിച്ചുള്ള ആ പരാമർശം അങ്ങേയറ്റം അസംബന്ധമായി ചിത്രീകരിക്കപ്പെടുകയും പ്രവചനം ചെയ്തയാൾ മാനസികരോഗിയായി വിവരിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ വാഗ്ദത്ത മസീഹ് ഇതാവർത്തിച്ചുപറയുകയും ഈ പ്രവചനം തന്റെ സത്യത്തിലേയ്ക്കുള്ള ഉജ്ജ്വലമായ ഒരു അടയാളമായിരിക്കുമെന്നു ഉറപ്പിച്ച് പറയുകയുമുണ്ടായി. 12 കൊല്ലത്തിന് ശേഷം 1917-ൽ വാഗ്ദത്ത മസീഹിന്റെ അഭാവത്തിൽ അത്യത്ഭുതകരവും അത്യുജ്ജ്വലവു

മായ രൂപത്തിൽ പ്രവചനം പുലർന്നു. ആ ദുരന്തത്തെ മറച്ചുവെക്കാനുള്ള ശ്രമങ്ങളൊന്നും ഫലിച്ചില്ല. അതിന്റെ വിശദവിവരങ്ങൾ ഇനിയും പുറത്തുവന്നു കൊണ്ടിരിക്കാം. ഇതോടെ റഷ്യയിൽ സാറിന്റെ പദവിയും (Czardom) എന്നന്നേയ്ക്കുമായി അവസാനിക്കുകയും സോവിയറ്റ് യൂനിയൻ പിറവിയെടുക്കുകയും ചെയ്തു. സാറിന്റെ നാശത്തോടെ ഈ ലോകത്ത് സോഷ്യലിസ്റ്റ് യുഗം പിറന്നു.

3. തുർക്കി വിപ്ലവം

غُلِبتِ الرُّومُ فِي اَدْنَى الأرضِ وَهُمْ مِّنْ بَعْدِ غَلَبِهِمْ سَيَغْلِبُونَ

(ബൈസാന്തിയക്കാർ-തുർക്കികൾ-സമീപരാജ്യത്ത് തോൽപിക്കപ്പെട്ടു. അവരുടെ പരാജയത്തിന് ശേഷം അവർ വിജയികളായിത്തീരുന്നതാണ് - (റിവ്യു ഓഫ് റിളിജ്യൻസ്, ഉർദു. 4 ജനുവരി, 1904)*

വിശുദ്ധ ഖുർആനിൽ 'സൂറത്തുർറൂമി'ലെ ആദ്യത്തെ വാചകമാണിത്. ഈ വാചകം വാഗ്ദത്ത മസീഹിന്ന് വീണ്ടും ഇറങ്ങുകയായിരുന്നു. തിരുനബിയ്ക്കുവേണ്ടി വെളിപ്പെടുത്തപ്പെട്ട ഒരു ദൃഷ്ടാന്തം വാഗ്ദത്ത മസീഹിന്ന് വേണ്ടി വീണ്ടും മറ്റൊരു തരത്തിൽ വെളിപ്പെടുത്തപ്പെട്ടു.

നാലു (4) കൊല്ലം കഴിഞ്ഞു 1908 ജനുവരി 2-ല്ല വീണ്ടും ഇപ്രകാരം വെളിപാടുണ്ടായി.

وَهُمْ مِنْ بَعْدِ غَلَبِهِمْ سَيُغْلَبُونَ

("വിജയികളായതിന് ശേഷം അടുത്തുതന്നെ അവർ പരാജയപ്പെടുത്തപ്പെടും. റിവ്യു ഓഫ് റിളിജ്യൻസ്, ഉറുദു; 1908 ജനുവരി 5. ആസ്ത്രേലിയയിലെ സിഡ്നിയിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന 'ട്രൂത്ത്' (Truth) എന്ന പത്രത്തിന്റെ 1916 മെയ് 11-ലത്തെ ലക്കത്തിലും ഇത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്).

---

* Revelation - The Byzantines have been defeated in a land nearby and after their defeat they will be victorious (Tadhkirah, Eng. P. 289).

സുൽത്താൻ അബ്ദുൽഹമീദ്ഖാൻ ഖലീഫയായിരുന്ന പ്പോൾ സുൽത്താന്റെ പ്രതിനിധിയായി ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) നെ കണ്ട് സംസാരിക്കാനായി 1897 മെയ് 11-ന് ഖാദിയാനിലെത്തിയ തുർക്കി വൈസ്കോൺസൽ ഹുസൈൻ കാമിയോട് ഹസ്രത്ത് അഹ്മദ് (അ) ഇപ്രകാരം പറയുകയുണ്ടായി:

"തുർക്കി സാമ്രാജ്യത്തിന്റെ ഇന്നത്തെ നില തകർച്ചയി ലെയ്ക്കും നാശത്തിലേയ്ക്കുമുള്ളതാണ്."

ഈ ദിവ്യദർശനപരമായ അരുളപ്പാടിന് ശേഷം തുർക്കി സാമ്രാജ്യം നാശത്തിലേയ്ക്ക് നീങ്ങുകയായിരുന്നു. ദൈർഭാഗ്യ ങ്ങളുടെ ഘോഷയാത്ര അതോടെ ആരംഭിച്ചു എന്നുപറയാം.

യൂറോപ്പിലെന്നല്ല, ലോകത്തെങ്ങുംതന്നെ അജയ്യ ശക്തി യായി വിരാജിച്ച തുർക്കിസാമ്രാജ്യം ക്ഷയോന്മുഖമായിത്തുട ങ്ങിയ കാലമായിരുന്നു അത്. 1853-ൽ തുർക്കിയെ പറ്റി അന്നത്തെ സാർ ചക്രവർത്തി "യൂറോപ്പിലെ രോഗി" എന്ന് വിശേഷിപ്പിച്ചിരു ന്നു. അന്നുമുതൽ തുർക്കി യൂറോപ്പിലെ രോഗിരാഷ്ട്രമായി തന്നെ അറിയപ്പെട്ടുപോന്നു.

ഗ്രീസ്, റുമാനിയ, സർബിയ, ബൾഗേറിയ, മോണ്ടെനെ ഗ്രോ, ബോസ്നിയ എന്നീ ബാൾക്കൻ രാജ്യങ്ങളെല്ലാം തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. 1829-ൽ ഗ്രീസ് തുർക്കി സാമ്രാ ജ്യത്തിൽനിന്നും പിരിഞ്ഞുപോന്നു. ഇംഗ്ലണ്ടും ഫ്രാൻസും റഷ്യയും ചേർന്ന് ഗ്രീസിനെ അതിന് സഹായിച്ചിരുന്നു. 1774 -ൽ റഷ്യ തുർക്കിയുടെ കയ്യിൽനിന്ന് ക്രിമിയ പിടിച്ചടക്കി. കരി ങ്കടലിന്റെ വക്കത്തെത്തി. ഓസ്ട്രിയായും ഇംഗ്ലണ്ടും ചേർന്നു തുർക്കിയെ സഹായിച്ചത് കാരണം കോൺസ്റ്റാന്റിനോപ്പിൾ പിടി ച്ചടക്കാൻ റഷ്യക്ക് കഴിഞ്ഞില്ല. ക്രീമിയ അധീനപ്പെടുത്തി യത്മുതൽ പാശ്ചാത്യ ശക്തികൾ തുർക്കിയെ പാശ്ചാത്യവൽക്ക രിക്കാൻ ശ്രമിക്കുകയായിരുന്നു. 1878-ലെ ബർലിൻ കരാറിനു ശേഷം ഓസ്ട്രിയ ബോസ്നിയയെയും ഹെർസ്ഗോവിനെയും സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. ഇറ്റലി ട്രിപ്പോളി പിടിച്ചടക്കിയ തോടെ ആഫ്രിക്കയിലും തുർക്കിയുടെ പിടി അയഞ്ഞു.

തുർക്കിക്ക് ഒരു നാവികപ്പട ഇല്ലാത്തതിന്റെ ദോഷം തെളിയിച്ചു കാട്ടി. തുർക്കിയെ യൂറോപ്പിൽനിന്നു തുരത്തിവിടുകയായിരുന്നു ക്രിസ്ത്യൻ കൊയ്മകളുടെ ഉന്നം. ബൾഗേറിയ, സർബിയ, ഗ്രീസ്, മൊണ്ടെനെഗ്രോ എന്നീ രാജ്യങ്ങൾചേർന്നു ബാൾക്കാൻ ലീഗ് സംഘടിപ്പിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയിൽതന്നെ അൻവർ ബേയുടെ നേതൃത്വത്തിൽ യുവതുർക്കികൾ രംഗപ്രവേശം ചെയ്തു. 1919-ൽ തുർക്കിസുൽത്താനെ യുവതുർക്കികൾ താഴെയിറക്കി.

ബൾഗേറിയ പെട്ടെന്ന് ഒരു സഖ്യരാഷ്ട്രത്തെ ആക്രമിച്ചതോടെ ബാൾക്കാൻ ലീഗ് തകർന്നു. 1912-ൽ ബൾഗേറിയ തുർക്കിയെ ആക്രമിച്ചു. ഇതൊരു ഞെട്ടിപ്പിക്കുന്ന സംഭവമായിരുന്നു. വൻശക്തിയായ തുർക്കിയെ ചെറിയൊരു ശക്തിയായ ബൾഗേറിയ തോൽപിച്ചതോടെ തുർക്കി തീരെ വശംകെട്ടു. അറബ് ദേശീയപ്രസ്ഥാനങ്ങൾ അതോടെ തലപൊക്കുകയും ചെയ്തു. അങ്ങിനെ തുർക്കി യൂറോപ്പിൽ ഒറ്റപ്പെട്ടുപോയി. 1913 ജൂലായിൽ അഡ്രിയാനോപ്പിൾ തുർക്കിക്ക് നഷ്ടപ്പെട്ടു. അതോടെ യൂറോപ്പിൽ തുർക്കി കോൺസ്റ്റാന്റിനോപ്പിളിൽ ഒതുങ്ങിക്കഴിയേണ്ടിവന്നു.

1904 ജനുവരിയിൽ പ്രസിദ്ധപ്പെടുത്തിയ ഹസ്രത്ത് അഹ്മദിന്റ വെളിപാടനുസരിച്ച് കോൺസ്റ്റാന്റിനോപ്പിളിന്റെ സമീപത്തുള്ള അഡ്രിയാനോപ്പിൾ നഗരം പതിച്ചപ്പോൾ തുർക്കിയെ സംബന്ധിച്ച പ്രവചനത്തിന്റെ ആദ്യഭാഗം പുലർന്നു. ഇതിനു ശേഷമാണ് ഒരു ബാൾക്കാൻ രാജ്യത്തെ ബൾഗേറിയ ആക്രമിച്ചത്. അതോടെ ബാൾക്കാൻ ലീഗ് തകരുകയും കലഹം ലീഗിൽ നടമാടുകയും ചെയ്തു. ഇതു തുർക്കിക്ക് അനുകൂലമായ സാഹചര്യം ഒരുക്കി. അടുത്ത പ്രദേശങ്ങളിലുണ്ടായ പരാജയത്തിന് ശേഷം മേൽക്കൈ ലഭിക്കുമെന്ന പ്രവചനം ഇവിടെ പുലരുകയായിരുന്നു. അപ്രതീക്ഷിതമായി വീണുകിട്ടിയ ഈ അനുകൂലസാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് തുർക്കി അഡ്രിയാനോപ്പിൾ തിരിച്ചുപിടിച്ചതോടെ ആദ്യപ്രവചനത്തിലെ രണ്ടാം ഭാഗവും

പൂർത്തിയായി. 1904 ജനുവരിയിൽ പ്രസിദ്ധം ചെയ്ത ഒന്നാമത്തെ പ്രവചനമാണ് ഇപ്രകാരം പുലർന്നത്. അതായത് ആദ്യത്തിൽ ഒരു പരാജയവും തുടർന്നു വിജയവും.

നാലു (4) കൊല്ലത്തിന് ശേഷം 1908-ൽ പുറപ്പെടുവിച്ച രണ്ടാമത്തെ പ്രവചനം എങ്ങിനെ പുലർന്നുവെന്നുനോക്കാം. അത് ഇപ്രകാരമായിരുന്നു: "അവരുടെ വിജയത്തിന്ന് ശേഷം അവർ പരാജപ്പെടുത്തപ്പെടും" എന്നതാണ് പ്രവചനം. അതായത് ആദ്യത്തിൽ വിജയവും പിന്നീട് പരാജയവും.

സഖ്യശക്തികൾക്കെതിരായി മഹായുദ്ധത്തിൽ തുർക്കി യുദ്ധം പ്രഖ്യാപിച്ചതോടെയാണ് രണ്ടാമത്തെ പ്രവചനത്തിന്റെ പൂർത്തിക്കുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടത്. ആദ്യപ്രവചനം കഴിഞ്ഞു നാലു കൊല്ലത്തിന് ശേഷമാണ് രണ്ടാമത്തെ പ്രവചനം പുറപ്പെടുവിച്ചത്. ആദ്യത്തെ പ്രവചനപൂർത്തിക്കുശേഷം തികച്ചും നാലുകൊല്ലം കഴിഞ്ഞ് രണ്ടാമത്തെ പ്രവചനവും പുലർന്നുതുടങ്ങി.

1915-ൽ സഖ്യസേനകളെ ഗാലിപോളിൽ (Gallipol) നിന്ന് പിൻവലിച്ചതും 1916 ഏപ്രിലിൽ സഖ്യശക്തികൾ കൂത്തിൽ (Kut) നിന്നും പീരങ്കിപ്പടയെ പിൻവലിച്ചതും തുർക്കിക്ക് ലഭിച്ച ആദ്യ വിജയങ്ങളുടെ നാന്ദിയായിരുന്നു.

എന്നാൽ, ഇതിനുശേഷം ബഗ്ദാദും ജറുസലമും തുർക്കിയുടെ അധീനത്തിൽനിന്നും അകന്നുപോയി. തുർക്കിക്ക് രണ്ടു വിജയങ്ങളും രണ്ടു പരാജയങ്ങളും അനുഭവപ്പെട്ടു. കൂത്തിൽ ജയം നേടിയശേഷം 1917-ൽ ബഗ്ദാദ് നഷ്ടപ്പെട്ടു. ഗാലിപോളിൽ ജയം നേടിയശേഷം അതേകൊല്ലംതന്നെ ജറുസലമും നഷ്ടപ്പെട്ടു. രണ്ടു വിജയങ്ങൾക്ക് ശേഷം രണ്ടു പരാജയങ്ങൾ ഉണ്ടായി.

1920-ൽ ഗ്രീക്ക് തുർക്കി യുദ്ധം ആരംഭിച്ചു. തുർക്കിയുടെ തലസ്ഥാനമായ അങ്കാറയെ 1921-ൽ ഗ്രീക്കുകാർ കൈക്കലാക്കാൻ ശ്രമിച്ചു. തുർക്കികൾ സക്കരിയാ നദീതീരത്തെ യുദ്ധത്തിന് ശേഷം ഒരുവിധം പിടിച്ചുനിന്നു.

തുർക്കി വിപ്ലവത്തോടെ ഉസ്മാനിയാ സാമ്രാജ്യം തകരുകയും മുസ്ലിം ഖിലാഫത്ത് അപ്രത്യക്ഷമാകയും ചെയ്തു.

4. കൊറിയൻ വിപ്ലവം

ایک مشرقی طاقت اور کوریا کی نازک حالت

(ഒരു പൗരസ്ത്യശക്തിയും കൊറിയയുടെ ദുർഘട സ്ഥിതിയും)*

1904 ആദ്യത്തിലുണ്ടായ ഒരു വെളിപാടാണിത്. ഈ വെളിപാട് വാഗ്ദത്തമസീഹ് (അ) തന്റെ ഡയറിയിൽ കുറിച്ചുവെച്ചു. (ഡയറി പു. 28)

ചൈനയുടെ കിഴക്ക് ശാന്തസമുദ്രത്തിലേയ്ക്ക് നീണ്ടു കിടക്കുന്ന ഒരു ഉപദ്വീപാണ് കൊറിയ. കൊറിയയോട് തൊട്ടാണ് ജാപ്പാൻ ദ്വീപ് സമൂഹം സ്ഥിതിചെയ്യുന്നത്. കൊറിയ ഏറിയ കാലം ചീനയുടെ ഒരു സാമന്തരാജ്യമായിരുന്നു. റഷ്യയും ജാപ്പാനും ചീനയും കൊറിയയെ അധീനപ്പെടുത്താൻ ആഗ്രഹിക്കുകയും മത്സരിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. കൊറിയയെ പറ്റി ചരിത്രത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:

"കൊറിയയുടെയും ജാപ്പാന്റെയും കിടപ്പിന്റെ പ്രത്യേകത കാരണം ഈ രണ്ട് രാജ്യങ്ങൾക്കും ഏഷ്യയിലെയോ മറ്റ് ഭൂഖണ്ഡങ്ങളിലെയോ വമ്പിച്ച സംഭവങ്ങളുമായി പറയത്തക്ക ബന്ധമുണ്ടായിട്ടില്ല. ലോകവ്യവസ്ഥിതിയുടെ പ്രവർത്തന കേന്ദ്രത്തിൽനിന്നും അത്ര അകലെയായിരുന്നു അവ."

ഇപ്രകാരം ലോകത്തിന്റെ ഇതരഭാഗങ്ങളിൽനിന്ന് ഒറ്റപ്പെട്ട് കിടന്ന കൊറിയയെ പറ്റി ലോകരാഷ്ട്രീയ ചലനങ്ങളുമായി ഒരു ബന്ധവും പുലർത്താത്ത ഒരു സാധാരണവ്യക്തി അറിയിക്കുന്നു, ഒരു പൗരസ്ത്യ ശക്തി ഉയർന്നുവരുമെന്നും ആ ശക്തി കാരണം കൊറിയാരാജ്യത്ത് ഒരു സന്ദിഗ്ധാവസ്ഥ അഥവാ, വിനാ

* Revelation - Korea is in a dangerous situation: An Eastern power. (Tadhkirah Eng. Trans. Sir Zafarullah Khan, P. 294)

ശകരമായ ഒരു അപകടസന്ധി സംജാതമാകുമെന്നും ദൈവം തനിക്ക് വെളിപാട് ഇറക്കിയെന്ന്!

1904-ൽ ഈ പ്രവചനം പ്രഖ്യാപിക്കുന്ന കാലത്ത് പൂർവ്വ ദേശത്ത് അത്തരം ഒരു വൻശക്തിയുണ്ടായിരുന്നില്ല. എല്ലാ വൻശക്തികളും പാശ്ചാത്യ ഭൂവിഭാഗത്തിലായിരുന്നു. എന്നാൽ, ഈ വെളിപാടുണ്ടായതിനുശേഷം ജാപ്പാൻ പൗരസ്ത്യരാജ്യത്ത് ഒരു ശക്തിയായി രംഗപ്രവേശംചെയ്തു. കൊറിയ അധീനപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ടിരുന്നെങ്കിലും കൊറിയയിൽ റഷ്യ സ്വാധീനം ചെലുത്തുന്നത് തങ്ങൾക്ക് ഒരു വലിയ ഭീഷണിയായിരിക്കുമെന്നുകണ്ട ജാപ്പാൻ അവരുടെ നീക്കങ്ങളെ ചെറുത്തുപോന്നു. 1904-ലെ റഷ്യ-ജാപ്പാൻ യുദ്ധം 1905-ലെ പോർട്സ്മത്ത് ഉടമ്പടിയോടെയാണ് അവസാനിച്ചത്. അമേരിക്കൻ പ്രസിഡണ്ട് ഈ രാജ്യങ്ങളിലെ പ്രതിനിധികളെ അമേരിക്കയിലെ പോർട്സ്മത്തിൽ വിളിച്ചുവരുത്തി സന്ധിവ്യവസ്ഥകളുണ്ടാക്കുകയായിരുന്നു. പോർട്സ്മത്ത് കരാർ പ്രകാരം കൊറിയയുടെ മേലുള്ള എല്ലാ അവകാശങ്ങളും റഷ്യയ്ക്ക് കൈയ്യൊഴിക്കേണ്ടിവന്നു. ചരിത്രകാരൻ രേഖപ്പെടുത്തിയത് ഇങ്ങിനെയാണ്:

"ജപ്പാൻ അങ്ങിനെ ജയിച്ചു. മഹാശക്തിയുടെ ആ കാര്യാലയത്തിലേയ്ക്ക് അവർ പ്രവേശിക്കുകയായി. ഒരു ഏഷ്യൻരാജ്യമായ ജാപ്പാന്റെ വിജയം ഏഷ്യയിലുടനീളം വമ്പിച്ചൊരു മാറ്റം വരുത്തി.... വമ്പിച്ചൊരു യൂറോപ്പ്യൻശക്തിയാണ് പരാജയപ്പെട്ടത്. ഇതോടെ പൗരസ്ത്യരാജ്യങ്ങളിൽ ദേശീയബോധം വളരെ വേഗം വളരാൻ തുടങ്ങി. 'ഏഷ്യ ഏഷ്യക്കാർക്ക്' എന്ന മുദ്രാവാക്യം മുഴങ്ങിക്കേട്ടു..... പാശ്ചാത്യ ചിന്താഗതിയും പ്രവർത്തന മാർഗ്ഗങ്ങളും അതിനാൽ പൗരസ്ത്യദേശം മുഴുക്കെ കൂടുതൽ വ്യാപിക്കാൻ തുടങ്ങി".

ഇപ്രകാരം ഒരു പൗരസ്ത്യശക്തിയുടെ ഉദയത്തെക്കുറിച്ചും അത്വഴി ഏഷ്യക്ക് ലോകരാഷ്ട്രീയത്തിൽ ലഭിക്കാനിരിക്കുന്ന സ്വാധീനത്തെക്കുറിച്ചും സൂചന നൽകുന്ന ഹസ്രത്ത് അഹ്മദ് (അ) ന്റെ ഒരു വൻപ്രവചനം പുലർന്നു. ഈ വിജയത്തിന്റെ ഫലമെന്തായിരുന്നു? ചരിത്രകാരൻ തുടരുന്നു:

"ഇതിന്റെ ആദ്യത്തെ അനുഭവമുണ്ടായത് കൊറിയക്കാണ്. ജാപ്പാന്റെ ഉദയം കൊറിയയുടെ അസ്തമയമായിത്തീർന്നു. ലോകത്തിലെയ്ക്ക് പുതുതായി വാതിൽ തുറക്കപ്പെട്ട അന്നുമുതൽ കൊറിയയേയും ഏറക്കുറെ മഞ്ചൂറിയയേയും സ്വന്തമെന്ന നിലയിലാണ് ജാപ്പാൻ വീക്ഷിച്ചുകൊണ്ടിരുന്നത്. കൊറിയയിൽ തങ്ങൾ ഇടപെടുകയില്ലെന്ന് അങ്ങിനെ ജാപ്പാൻ പ്രഖ്യാപിച്ചു. അതോടൊപ്പം തന്നെ കൈവശപ്പെടുത്തുകയെന്ന പഴയ നയത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. കൊറിയയേയും മഞ്ചൂറിയയേയും മുൻനിറുത്തിയാണ് അവർ ചൈനയോടും റഷ്യയോടും യുദ്ധത്തിന്ന് പുറപ്പെട്ടത്തന്നെ. 1905-ൽ ജാപ്പാൻ ഗവൺമെന്റ് കൊറിയയുടെ മേൽ വീണ്ടും നിർബന്ധം ചെലുത്തി. രാജ്യത്തിന്റെ സ്വാതന്ത്ര്യം ഒഴിഞ്ഞുകൊടുത്തുകൊണ്ടും ജാപ്പാന്റെ പരമാധികാരം സ്വീകരിച്ചുകൊണ്ടുമുള്ള ഒരു ഉടമ്പടിയിൽ അവർ കൊറിയയെകൊണ്ട് ഒപ്പുവെപ്പിച്ചു..... അഞ്ചുകൊല്ലം കഴിയുന്നതിനുമുമ്പ്തന്നെ അവർ രാജാവിനെ സിംഹാസനത്തിൽനിന്ന് എന്നെന്നേയ്ക്കുമായി ഇറക്കി അയച്ചതിന്ന്ശേഷം കൊറിയയെ ജാപ്പാൻ സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. ഇത് 1910-ലാണ് സംഭവിച്ചത്. മൂവ്വായിരം സംവൽസരത്തെ സുദീർഘമായ ഒരു ചരിത്രത്തിന് ശേഷം ഒരു വ്യത്യസ്തമായ രാഷ്ട്രമെന്ന നിലയിൽ കൊറിയ തിരോഭവിച്ചു".

കൊറിയയ്ക്ക് അതിന്റെ പഴയപേര്- 'ചോസൻ': പ്രഭാത രശ്മിയുടെ നാട്-വീണ്ടും നല്കപ്പെട്ടു. കൊറിയൻ ജനതയുടെ ആത്മവീര്യത്തെ അവർ (ജാപ്പാൻകാർ) നിഷ്കരുണം അടിച്ചമർത്തി. ചരിത്രകാരൻ തുടരുന്നു: "കൊറിയക്കാരുടെ മേൽ ജാപ്പാൻകാർ നടത്തിയ വ്യാമർദ്ദം ചരിത്രത്തിലെ അത്യന്തം വിഷാദമയവും ഇരുളടഞ്ഞതുമായ അദ്ധ്യായങ്ങളിൽ ഒന്നത്രെ". (Glimpses of World History-Nehru വിശ്വചരിത്രാവലോകം-നെഹ്രു, പു. 621-മുതൽ 638-വരെ നോക്കുക).

ഇങ്ങനെ 1904-ൽ ഹസ്രത്ത് അഹ്മദ് (അ) നുണ്ടായ ഈ ദൈവീകവെളിപാടിന് ശേഷം പൗരസ്ത്യദേശത്ത് അപ്രതീക്ഷിതമായി ഒരു പുതിയ ശക്തി രംഗപ്രവേശം ചെയ്യുകയും അതോടൊപ്പം ആ ശക്തി മുഖേനതന്നെ പിന്നീട് കൊറിയയ്ക്ക് അപക

ടകരവും ദാരുണവുമായ ഒരു അവസ്ഥയെ നേരിടേണ്ടിവരികയും ചെയ്തു. ജാപ്പാൻ റഷ്യയെ പരാജയപ്പെടുത്തിയ സംഭവം ഏഷ്യയിൽ വിപ്ലവകരമായ രാഷ്ട്രീയചലനങ്ങൾ സൃഷ്ടിച്ചുവിട്ടു എന്നത് ഈ വെളിപാടിന്റെ അഥവാ, പ്രവചനത്തിന്റെ സാർവ്വദേശീയ പ്രാധാന്യത്തെ ഉയർത്തിക്കാട്ടി.

എന്നാൽ, ഈ പ്രവചനം കൂടുതൽ ഉജ്ജ്വലമായ തരത്തിൽ വീണ്ടും ഒരിക്കൽകൂടി ലോകശ്രദ്ധയെ ആകർഷിക്കുമാറ് പുലർന്നു.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതിൽപിന്നെ ലോകത്ത് നടന്ന അതിപ്രധാനമായ സംഭവമായിരുന്നു കൊറിയൻ യുദ്ധം. യുദ്ധാനന്തര ലോക കമ്യൂണിസം ഒരു നഗ്നമായ ആക്രമണം സംഘടിപ്പിച്ച ആദ്യത്തെ സംഭവമായിരുന്നു അത്. സ്റ്റാലിന്റെയും മാവോവിന്റെയും അനുഗ്രഹാശിസ്സുകളോടെ ഒരു പൗരസ്ത്യശക്തി എന്ന നിലയിൽ കമ്മ്യൂണിസ്റ്റ് ചൈനയാണ് ഈ ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചത്. 1950 ജൂൺ 25-ന് വടക്കൻ കൊറിയ 38-ാം അക്ഷാംശരേഖ മുറിച്ച്കടന്ന് തെക്കൻ കൊറിയയിലേയ്ക്ക് ആക്രമണം നടത്തിയതോടെയാണ് യുദ്ധം ആരംഭിച്ചത്. യുദ്ധം മൂന്നുകൊല്ലം നീണ്ടുനിന്നു. 1953 ജൂലായ് 17-ന് യുദ്ധം അവസാനിക്കുകയും ചെയ്തു.

രണ്ടാം ലോക മഹായുദ്ധത്തിൽ ജാപ്പാൻ ജർമനിയുമായി കൂട്ടുചേർന്നു സഖ്യപക്ഷത്തിന്നെതിരായി തിരിഞ്ഞപ്പോൾ, 1943-ൽ നടന്ന കൈറോ കോൺഫ്രൻസിൽവെച്ച് അമേരിക്കയും ബ്രിട്ടനും ചൈനയും ചേർന്ന് ജാപ്പ് അധീനത്തിലുള്ള കൊറിയയ്ക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു. യുദ്ധാനന്തരം കൊറിയ വടക്കൻ കൊറിയയും തെക്കൻ കൊറിയയുമായി വിഭജിയ്ക്കപ്പെട്ട നിലയിൽ കൊറിയയ്ക്ക് സ്വാതന്ത്ര്യം കിട്ടി. റഷ്യ അന്നു സഖ്യപക്ഷത്തായിരുന്നതിനാൽ വടക്കൻ കൊറിയ റഷ്യൻ സ്വാധീനത്തിലും തെക്കൻ കൊറിയ അമേരിക്കൻ സ്വാധീനത്തിലും ആക്കിക്കൊണ്ടാണ് 38-ാം അക്ഷരേഖ അതിർത്തിയാക്കി കൊറിയയെ വിഭജിച്ചു സ്വതന്ത്രമാക്കിയത്! വടക്കൻ കൊറിയയിൽ പ്യോംഗ്യാങ്ങ് (Pyongyang) തലസ്ഥാനമായി കൊറിയൻ ഡെമോ

ക്രറ്റിക്ക് റിപബ്ലിക്കും തെക്കൻ കൊറിയയിൽ സോൾ (Seoul) തല സ്ഥാനമാക്കി കൊറിയൻ റിപബ്ലിക്കും നിലവിൽവന്നു. വടക്കൻ കൊറിയയിൽ കിംഇൽസുംഗിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് ഭരണകൂടവും തെക്കൻ കൊറിയയിൽ സിംഗ്മാൻ റീയുടെ നേതൃത്വത്തിൽ സ്വതന്ത്രഭരണവും സ്ഥാപിതമായി. രണ്ടാം ലോക മഹായുദ്ധത്തിന്റെ അന്ത്യത്തിൽ ഐക്യരാഷ്ട്രസഭ (യു.എൻ.ഒ) രൂപീകരിക്കപ്പെട്ടതിൽപിന്നെ ലോകസമാധാനത്തെ ഭീഷണിപ്പെടുത്തിയ ഒരു ഘോരയുദ്ധം ആദ്യമായി കൊറിയയിൽ നടന്നു. എന്നുവച്ചാൽ, ദൈവം അവന്റെ വൃതദാസന്നു, ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയ്ക്ക് വെളിപാടറിയിച്ചത്പ്രകാരം ഒരു പൗര സ്ത്യശക്തി മുഖേന വീണ്ടും കൊറിയയിൽ സന്ദിഗ്ദ്ധാവസ്ഥ-യുദ്ധാവസ്ഥ-ഉടലെടുത്തു. ആ പൗരസ്ത്യശക്തി ജാപ്പാൻ ആയിരുന്നില്ല; മറിച്ച്, പുതുതായി ഉടലെടുത്ത ഒരു പൗരസ്ത്യ ശക്തിയായിരുന്നു. അതായത്, കമ്യൂണിസ്റ്റ് ചൈന! ചൈനയുടെ പ്രേരണയിലും പിൻബലത്തിലും കിംഇൽ സുങ്ങിന്റെ വടക്കൻ കൊറിയൻഭരണം 38-ാം അക്ഷാംശരേഖ കടന്നു തെക്കൻ കൊറിയയെ ആക്രമിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ലോക സമാധാനത്തെ തകിടം മറിച്ച ഒരു മഹാസംഭവമായിരുന്നു ആ ആക്രമണം. സെക്യൂരിറ്റി കൗൺസിൽ യോഗം ചേർന്ന് നോർത്ത് കൊറിയയെ അക്രമിയായി പ്രഖ്യാപിച്ചു. അന്നു റഷ്യ സെക്യൂരിറ്റി കൗൺസിലിൽ പങ്കെടുക്കുകയോ വീറ്റോ പ്രയോഗിക്കുകയോ ചെയ്തില്ല. റഷ്യക്ക് യുദ്ധത്തിൽ യാതൊരു പങ്കുമില്ലെന്ന് വരുത്താനായിരുന്നു ആ തന്ത്രം! റഷ്യ സമാധാനപ്രസ്ഥാനം കെട്ടിപ്പടുക്കുന്ന കാലം! കമ്യൂണിസ്റ്റ് പാർട്ടി ലോകസമാധാനത്തിന്റെ വക്താക്കളായി ലോകമെങ്ങും പ്രത്യക്ഷപ്പെടുകയായിരുന്നു!! അന്ന് റോസൻബർഗ് ദമ്പതിമാരിലൂടെ ആറ്റം രഹസ്യം ചോർന്നിരുന്നില്ല. റഷ്യ ഒരു ആറ്റം കോയ്മയുമായിരുന്നില്ല. കമ്യൂണിസ്റ്റ് ചൈനയ്ക്ക് യു.എൻ. ഒ. വിൽ അംഗത്വമുണ്ടായിരുന്നതുമില്ല. അതുകൊണ്ട്തന്നെ, ഈ പൗരസ്ത്യ ശക്തി പരോക്ഷമായി കൊറിയയിൽ സൃഷ്ടിച്ച സന്ദിഗ്ദ്ധാവസ്ഥയുടെ ഉത്തരവാദിത്തം ആരോപിക്കാനോ തുറന്ന് കാണിക്കാനോ സാർവ്വദേശീയ വേദിയ്ക്ക് കഴിയാതെപോയി. യുദ്ധം റഷ്യയുടെ പിൻതുണ

യോടുകൂടിയുള്ളതാണെന്ന് ലോകം മനസ്സിലാക്കിയെങ്കിലും ഉത്തരവാദിത്ത്വം റഷ്യയോ കമ്യൂണിസ്റ്റ് ചൈനയോ ഏറ്റെടുക്കാൻ തയ്യാറുണ്ടായിരുന്നില്ല. കൊറിയൻ യുദ്ധത്തിൽ കമ്യൂണിസ്റ്റു ചൈനയും മാവോസെ തുംഗും വഹിച്ച നിർണായകമായ പങ്കിനെ കുറിച്ച് ആർക്കും വ്യക്തമായ ഒരു അറിവുമുണ്ടായിരുന്നില്ല. അതൊരു പരമ രഹസ്യമായിരുന്നു! എന്നാൽ, അല്ലാഹു അവന്റെ ദൂതന്ന്, കാലഘട്ടത്തിലെ പ്രവാചകന്ന് വെളിപാടറിയിച്ചത് പ്രകാരം കൊറിയൻയുദ്ധത്തിന് കാരണം ഒരു പൗരസ്ത്യശക്തിയാണെന്നത് ഒരു വസ്തുതയായിരുന്നു. ആ പൗരസ്ത്യശക്തി ഏതായിരുന്നു? റഷ്യ സൈബീരിയൻ പ്രദേശം വഴി ഏഷ്യയിലോളം വ്യാപിച്ചുകിടക്കുന്നതിനാൽ റഷ്യയേയും ഒരു പൗരസ്ത്യശക്തിയായി കാണാമായിരുന്നു. അതുകൊണ്ട് അത് റഷ്യയുമാവാം എന്ന് വ്യാഖ്യാനം! എന്നാൽ, വ്യക്തമായും അത് ചൈനതന്നെയായിരുന്നു. ശക്തിമത്തായ ഒരു പൗരസ്ത്യ ശക്തിയായി ചൈന ലോകത്ത് പ്രത്യക്ഷപ്പെട്ടതിൽ പിന്നെയാണ് കൊറിയയിൽ സന്ദിഗ്ദ്ധാവസ്ഥ വീണ്ടും ഉടലെടുത്തത്. മൂന്നുകൊല്ലം നീണ്ടുനിന്ന ഘോരയുദ്ധം അവിടെ നടമാടി. പ്രവചനം ഒരിക്കൽകൂടി പൂർത്തിയായി!

ഒകൊറിയൻ യുദ്ധത്തിന്റെ തുടക്കം കുറിച്ചത് സ്റ്റാലിൻ–മാവോ–കിം കരാറാണെന്നുള്ള രഹസ്യം പുറത്തുവന്നു! Mao Stalin egged in Pyongyang to start the Korean War എന്ന തലക്കെട്ടിൽ വന്ന ഒരു വാർത്ത ഇതാ:

Agreement between Stalin and Kim on starting the war had been generally known but little was known about Mao's role. The article published on Thursday said Mao was fully consulted and consented to support Kim's invasion plan.

Stalin and Mao also knew they were risking world war III when Mao at Stalin's request sent Chinese troops to aid North Korean forces said retired Gen. Demitri Val Kogonov. The Chinese entered the war aftrer North Korean forces were pushed back by American led U.N. forces that had gone to South Korean aid.

The war began on June 25, 43 years ago. It ended in armistice on July 17, 1953 (Indian Express, 26-6-'93)

"കൊറിയൻ യുദ്ധം ആരംഭിക്കുന്നതിന്നു സ്റ്റാലിനും കിമ്മും (കിം ഇംൽ സുംഗ്) തമ്മിലുണ്ടാക്കിയ ധാരണയെ പറ്റി

പൊതുവെ അറിയപ്പെട്ടിരുന്നുവെങ്കിലും ഇക്കാര്യത്തിൽ മാവോ വിന്റെ പങ്കിനെപറ്റി ഒന്നും അറിയപ്പെട്ടിരുന്നില്ല. എന്നാൽ, കിമ്മിന്റെ ആക്രമണപദ്ധതിയെ കുറിച്ച് പൂർണ്ണനിലയിൽ മാവോ വുമായി ചർച്ചചെയ്യപ്പെട്ടിരുന്നുവെന്നും മാവോവിന്റെ അനുമതി നേടിയിരുന്നുവെന്നും വ്യാഴാഴ്ച പ്രസിദ്ധം ചെയ്ത ഒരു ലേഖന ത്തിൽ പറയുന്നു:

"സ്റ്റാലിന്റെ അഭ്യർത്ഥനപ്രകാരം വടക്കൻ കൊറിയൻ സൈന്യത്തെ സഹായിക്കാൻ മാവോ ചൈനീസ് സൈന്യത്തെ അയച്ചപ്പോൾ തങ്ങൾ മൂന്നാം ലോകമഹായുദ്ധം ക്ഷണിച്ചുവരു ത്തുകയാണെന്ന് സ്റ്റാലിന്നും മാവോവിന്നും അറിയാമായിരുന്നു വെന്ന് റിട്ട. ജനറൽ ദിമിത്രി വോൾ കോഗൊനോവ് പ്രസ്താവി ച്ചു. തെക്കൻ കൊറിയയുടെ സഹായത്തിന്നായി അവിടെ ചെന്ന അമേരിക്കൻ നേതൃത്വത്തിലുള്ള യു.എൻ. സേന വടക്കൻ കൊറി യൻ സൈന്യത്തെ പിന്നോക്കം തള്ളിയപ്പോഴാണ് വടക്കൻ കൊറി യയുടെ സഹായത്തിനായി ചൈന യുദ്ധത്തിൽ പ്രവേശിച്ചത്". (ഇന്ത്യൻ എക്സ്പ്രസ്സ്, 26-6-'93).

കൊറിയൻ യുദ്ധത്തിന്റെ തുടക്കം കമ്യൂണിസ്റ്റ് ചൈന എന്ന പൗരസ്ത്യശക്തിയുടെ പൂർണ്ണമായ അറിവും അനുഗ്ര ഹവും സഹായവും പ്രേരണയും കൊണ്ടായിരുന്നു എന്നത് അംഗീകരിക്കപ്പെട്ടിരിക്കുന്നു. കമ്യൂണിസ്റ്റ് സാമ്രാജ്യത്വത്തിന്റെ ലോകസമാധാനത്തിന്നെതിരായ ആദ്യത്തെ വഞ്ചനാപരമായ ആക്രമണനീക്കത്തെ കുറിച്ചുള്ള രഹസ്യം അല്ലാഹു അവന്റെ ദൂതന്ന്- വാഗ്ദത്ത മസീഹിന്ന്-അറിയിച്ചുകൊടുത്തു! കൊറിയൻ യുദ്ധത്തിന് ശേഷം കമ്യൂണിസ്റ്റ് ചൈന ഒരു ലോകശക്തിയായി രംഗപ്രവേശംചെയ്തു.

5. അഫ്ഘാൻ വിപ്ലവം

آہ نادرشاہ کہاں گیا

(ഹാ, നാദർഷാ എങ്ങുപോയി?)

1905 മെയ് 10-ന് 'അൽഹക്കം' പത്രത്തിൽ ഇപ്രകാരം വാഗ്ദത്ത മസീഹിന്റെ ഒരു ഡയറിക്കുറിപ്പ് പ്രസിദ്ധപ്പെടുത്തി:

"പ്രഭാതത്തോടടുത്ത് ഒരു സ്വപ്ന ദർശനത്തിൽ എനിക്ക് ഒരു ലിഖിതം കാണിക്കപ്പെട്ടു: (ഉറുദു) 'ആഹ്! നാദിർഷാ കഹാ(ൻ) ഗയാ!' (ഹാ! നാദിർഷാ എങ്ങുപോയി?!")*

ആരാണ് ഈ നാദിർഷാ? നാദിർഷാ അഫ്ഘാനിസ്ഥാനിലെ രാജാവായിരുന്നു. നാദിർഷാ വെടിയേറ്റു മരിച്ചപ്പോൾ അഫ്ഘാനിസ്ഥാന്റെ അനാഥാവസ്ഥയിൽ അവിടത്തെ ജനം ഉയർത്തിയ വിലാപ ശബ്ദമായിരുന്നു അത്. "ആഹ്! നാദിർഷാ കഹാ(ൻ) ഗയാ!"

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ന്നു ഈ വെളിപാടുണ്ടായ ഘട്ടത്തിൽ നാദിർഷാ എന്നൊരു രാജാവ് ഈ ഭൂമുഖത്ത് എവിടെയും ഉണ്ടായിരുന്നില്ല. 1905-ൽ പ്രവചനം വെളിപ്പെടുത്തപ്പെട്ട ശേഷം അഫ്ഘാനിസ്ഥാനിൽ പല രാഷ്ട്രീയ മാറ്റങ്ങളും ഉണ്ടായി. 1903-ൽ 'ശാതാനി തുദ്ബഹാനി' (രണ്ട് ആടുകൾ അറുക്കപ്പെടും) എന്ന വെളിപാട് പ്രകാരം ഹസ്രത്ത് സയ്യിദ് അബ്ദുൽലത്തീഫ് സാഹിബും അദ്ദേഹത്തിന്റെ ശിഷ്യനായ അബ്ദുർറഹ്മാൻ സാഹിബും (റ) കാബൂളിൽ രക്തസാക്ഷികളാക്കപ്പെട്ടിരുന്നു. തുടർന്ന്, "മൂന്ന് ആടുകൾ അറുക്കപ്പെടും" എന്ന മറ്റൊരു വെളിപാട് 1906 ജനുവരി 1-ന് ഉണ്ടായി. ഈ പ്രവചനം 1924-ൽ അമീർ അമാനുല്ലാഖാൻ, അഹ്മദി മുബല്ലിഗ് ആയിരുന്ന നിഅ്മത്തുല്ലാഖാൻ സാഹിബിനെ കല്ലെറിഞ്ഞ് കൊല്ലുകയും കുറച്ച് ആഴ്ചകൾക്ക് ശേഷം മൗലവി അബ്ദുൽ ഹലീം, മുല്ലാ നൂർഅലി എന്നീ അഹ്മദീ പണ്ഡിതൻമാരെക്കൂടി വധിക്കുകയും ചെയ്തതോടെ പുലർന്നു. ഈ നിരപരാധികളായ അഹ്മദികളെ അവർ അഹ്മദികളാണെന്ന ഏകകാരണത്താൽ വധിക്കാൻ കല്പിച്ച അമീർ അമാനുല്ലാഖാൻ സ്ഥാനമൊഴിഞ്ഞു. നാടുവിട്ടോടാൻ നിർബന്ധിതനായി. അദ്ദേഹത്തിന് അങ്ങേയറ്റം അപമാനകരമായ പരാജയം രുചിച്ചറിയേണ്ടിവന്നു. ഒരു വെള്ളം കോരിയുടെ മകനായ (ബച്ചായെ സക്ക) ഹബീബുല്ലാഹ് ഖാൻ

* Revelation- 1905 May 10 :- Towards morning I was shown in my dream a writing (Urdu) Alas! Where has Nadir Shah disappeared (Tadhkirah. Eng. Trans. Sir Zafrullah Khan. p. 313).

എന്ന ഒരു സാധാരണ പട്ടാളക്കാരന്റെ നേതൃത്വത്തിൽ നടന്ന ലഹളയെ തുടർന്നാണ് ഇത് സംഭവിച്ചത്.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ ലോകചരിത്രത്തിൽ ഈ ഭരണ വിപ്ലവത്തെപറ്റി ഇപ്രകാരം സംക്ഷിപ്തമായി വിവരിച്ചിരിക്കുന്നു:

"അകത്ത് തീ പുകഞ്ഞ് കൊണ്ടിരിക്കുന്നത് പെട്ടെന്ന് ആളിക്കത്തി. 1928 അവസാനത്തിൽ ലഹള പൊട്ടിപ്പുറപ്പെട്ടു. സാധാരണക്കാരനായ ഒരു വെള്ളംകോരി (ബച്ചായെസക്കാ) യുടെ നേതൃത്വത്തിൽ ലഹള അതിവേഗം വ്യാപിക്കുകയും 1929 -ൽ അയാൾ വിജയം നേടുകയും ചെയ്തു. അമാനുല്ലയും രാജ്ഞിയും ഓടിപ്പോയി. വെള്ളംകോരി അമീറായിത്തീർന്നു. അഞ്ചുമാസത്തോളം ബച്ചായെസക്ക കാബൂളിലിരുന്ന് ഭരണം നടത്തി. അമാനുല്ലായുടെ ഒരു സൈന്യാധിപനും മന്ത്രിയുമായ നാദിർഖാൻ പിന്നീട് അയാളെ പുറത്താക്കി. നാദിർഖാൻ നല്ല അടവോടുകൂടി പയറ്റി. ജയിച്ച ഉടൻ നാദിർഷാ എന്നപേരിൽ ഭരണാധികാരിയായിത്തീരുകയും ചെയ്തു". (വിശ്വചരിത്രാവലോകം, നെഹ്റു, പു. 1078).

ഹബീബുല്ലാഹ് ഖാൻ (ബച്ചായെ സക്കാ) മുന്നൂറു പട്ടാളക്കാരോട്കൂടിയാണ് കലാപം ആരംഭിച്ചത് അമാനുല്ലാഹ് ഖാൻ സൈന്യശേഖരം ചെയ്തു. രാജ്യം അഭ്യന്തരയുദ്ധത്തിന്റെ പിടിയിലായി. ആയിരക്കണക്കിൽ ആളുകൾ മരിച്ചുവീണു. ഒരു ലക്ഷം പേർ മരണമടഞ്ഞതായി കണക്കാക്കപ്പെടുന്നു. ഇതുമുഖേന വാഗ്ദത്ത മസീഹിന്റെ മറ്റൊരു പ്രവചനവും പുലരുമാറായി. 1907 ഏപ്രിൽ 15-നുണ്ടായ വെളിപാടിൽ ഇപ്രകാരം പറഞ്ഞിരുന്നു. "അഫ്ഘാനിസ്ഥാനിൽ 85,000 ആളുകൾ മരണമടയും"*

അഫ്ഘാനിസ്ഥാനിൽ വ്യവസ്ഥാപിത ഭരണം ഇല്ലാതായി. ഈ സാഹചര്യത്തിൽ ബച്ചായെസക്കായുടെ ഭരണകാലത്ത് ഫ്രാൻസിലെ ഒരു നഴ്സിംഗ്ഹോമിൽ സുഖമില്ലാതെ ചികിത്സ

* About 85000 people will die in Afghanistan (Tadkirah, Eng. Trans. Sir Zafarullahkhan p. 390)

യിൽ കഴിയുകയായിരുന്ന ജനറൽ നാദിർഖാനെ അമാനുല്ലാഖാൻ അഫ്ഘാനിസ്ഥാനിലെയ്ക്ക് ക്ഷണിച്ചുവെങ്കിലും അദ്ദേഹത്തിന് തക്കസമയത്ത് സഹായത്തിനെത്താൻ കഴിഞ്ഞില്ല.

നാദിർഖാൻ വലിയ തന്ത്രശാലിയും പരിചയസമ്പന്നനായ ഒരു ജനറലും ആയിരുന്നു. അമാനുല്ലാ ബച്ചാസക്കായുടെ മുമ്പിൽ അപമാനകരമായ പരാജയം ഏറ്റുവാങ്ങിയപ്പോൾ വാഗ്ദത്ത മസീഹിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയായിരുന്നു. നിരപരാധികളുടെ അറുകൊലയ്ക്ക് കാരണക്കാരനായിരുന്ന അമീർ ഹബീബുല്ലാഹ് ഖാന്റെ കുടുംബത്തിന് ശിക്ഷലഭിക്കുമെന്ന് വാഗ്ദത്ത മസീഹ് പ്രവചിച്ചിരുന്നതിനാൽ അമാനുല്ലാഖാന്നും അയാളുടെ കുടുംബത്തിലാർക്കും അധികാരത്തിലെയ്ക്ക് തിരിച്ചുവരാൻ കഴിയുമായിരുന്നില്ല. ആ കുടുംബ പരമ്പരയുടെമേൽ ഹീനത മുദ്രിതമായിത്തീരുകയും അവർക്ക് ദുരന്തങ്ങൾ വിധിക്കപ്പെടുകയും ചെയ്തിരുന്നു. ബച്ചായെസക്കാ അധികാരത്തിൽ തുടർന്നിരുന്നെങ്കിൽ അമാനുല്ലയ്ക്ക് തിരിച്ചുവരാൻ വഴിയൊരുക്കപ്പെടുമായിരുന്നു. എന്തുകൊണ്ടെന്നാൽ, ബച്ചായെസക്കായുടെ ദുർഭരണം ഇതിനിടയിൽ ജനങ്ങളുടെ അനിഷ്ടത്തിന്ന് പാത്രീഭവിച്ചു കഴിഞ്ഞിരുന്നു. ഈ അവസരത്തിൽ ജനറൽ നാദിർഖാൻ ബച്ചായെസക്കയെ കീഴ്പ്പെടുത്തി കാബൂൾ പിടിച്ചടക്കിയതോടെ പ്രവചനം പുലരുന്നതിനുള്ള അടിസ്ഥാനമിടപ്പെട്ടു.

ഈ കാലഘട്ടത്തിലും നാദിർഷാ എന്ന് വിളിക്കപ്പെടുന്ന ഒരാളോ ഒരു ഭരണാധികാരിയോ ഭൂമിയിലെവിടെയും ഉണ്ടായിരുന്നില്ല. പ്രവചനം പുറപ്പെടുവിച്ചതിൽപിന്നെ, നാദിർഷാ എന്ന പേരിൽ ഒരു രാജാവ് അഫ്ഘാനിസ്ഥാനിൽ രംഗപ്രവേശം ചെയ്യുകയും അധികാരത്തിൽ വാഴിക്കപ്പെടുകയും ചെയ്കയാണുണ്ടായത്. രാജ്യം ഒരു സന്ദിഗ്ദ്ധാവസ്ഥയെ നേരിടുകയായിരുന്നപ്പോൾ നാദിർഷാ എന്ന അഫ്ഘാൻ രാജാവ് വെടിയേറ്റ് മരിച്ചുവീഴുകയും ആ നാദിർഷായെചൊല്ലി 'ഹാ, നാദിർഷാ എങ്ങുപോയി!' എന്ന് ജനം വിലപിച്ച് തുടങ്ങുകയും ചെയ്തു. 1905-ൽ പ്രസിദ്ധപ്പെടുത്തിയ വെളിപാടിലടങ്ങിയ പ്രവചനം ഇപ്രകാരം പുലർന്നു.

വാഗ്ദത്ത മസീഹ് (അ) ഈ പ്രവചനം ചെയ്യുന്ന കാലത്ത് (1905) കേവലം ഒരു വിദ്യാർത്ഥിയായിരുന്നു നാദിർഖാൻ! ഒരു ഭരണാധിപസ്ഥാനത്ത് കയറിയിരിക്കാൻ കെൽപുള്ള ഒരാളായിത്തീരുമെന്ന് അദ്ദേഹത്തെപറ്റി അന്ന് പ്രത്യാശിക്കാനോ പ്രതീക്ഷിക്കാനോ കഴിയുമായിരുന്നില്ല. ഒരിടത്തരം കുടുംബത്തിൽ ജനിച്ച നാദിർഖാൻ പ്രതികൂല സാഹചര്യങ്ങളെ അടിക്കടി അതിജയിച്ചുകൊണ്ട് സൈന്യാധിപസ്ഥാനത്ത് എത്തിച്ചേരുകയായിരുന്നു. രാജകുടുംബാംഗങ്ങളായ പ്രബലൻമാർതന്നെ അധികാരത്തിന് വേണ്ടി വടംവലി നടത്തുമ്പോൾ നാദിർഖാൻ വിദേശത്ത് പാരീസിൽ രോഗശയ്യയിൽ കഴിഞ്ഞുപോന്നു. അമാനുല്ലാഖാൻ വെള്ളം കോരിയായ ഹബീബുല്ലയുടെ പട്ടാളത്തിന് മുമ്പിൽ പരാജയപ്പെട്ടു പലായനം ചെയ്തിരുന്നില്ലെങ്കിൽ നാദിർഖാന്ന് നാദിർഷാ ആയിത്തീരാൻ കഴിയുമായിരുന്നില്ല. സൈന്യാധിപനായിരുന്ന നാദിർഖാൻ ആകട്ടെ, ജനപ്രതിനിധികളുടെ തീരുമാനത്തെ മാനിച്ചുകൊണ്ട്, അഫ്ഘാനിസ്ഥാന്റെ ഭാവി നിർണ്ണയിക്കുന്ന കാര്യത്തിൽ താൻ രാജകുടുംബത്തോട് പൂർണ്ണ സഹകരണം പുലർത്തുമെന്ന് പ്രഖ്യാപിക്കുകയും രാജത്വത്തിനുള്ള യാതൊരു മോഹവും തനിക്കില്ലെന്ന് വ്യക്തമാക്കുകയും അതനുസരിച്ച്തന്നെ കൂറ് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, അഫ്ഘാൻ ജനപ്രതിനിധികൾ ചേർന്ന് രാജകുടുംബാംഗമല്ലാത്ത നാദിർഖാനെ അഫ്ഘാൻ രാജാവായി ഐകകണ്ഠ്യേന വാഴിച്ചപ്പോൾ അവർ ഒരു ദൈവീക പ്രവചനത്തിന്റെ പൂർത്തീകരണത്തിന് വഴിയൊരുക്കുകയായിരുന്നു.

നാദിർഖാൻ അങ്ങിനെ അഫ്ഘാൻ സിംഹാസനത്തിൽ കയറിപ്പറ്റിയെങ്കിലും പ്രവചനത്തിന്റെ പൂർത്തീകരണത്തിന് പിന്നെയും ഒരതിപ്രധാനകാര്യം ബാക്കി നിൽക്കുന്നുണ്ടായിരുന്നു. 'ഹാ, നാദിർഷാ, എങ്ങുപോയി?' എന്നാണ് പ്രവചനം. നാദിർഷായെവിടെ? ഇവിടെ നാദിർഖാനാണ് രാജാവ്. ഷാ നാദിർഖാൻ എന്ന പേര് അദ്ദേഹം സ്വീകരിച്ചാലും പ്രവചനം അദ്ദേഹത്തിൽ പുലരുമായിരുന്നില്ല. എന്നാൽ, താൻ നാദിർഷാ എന്ന പേരിൽതന്നെ അറിയപ്പെടണമെന്ന ആഗ്രഹം നാദിർഖാന്നുണ്ടായി! ഈ ആഗ്രഹം അദ്ദേഹത്തിൽ ജനിപ്പിച്ചത് ആരാണ്?

ഇസ്‌ലാമിക ചരിത്രത്തിലെ വീരപുരുഷനായിരുന്ന നാദിർഷായുടെ പ്രതിബിംബമാകാൻ അദ്ദേഹം ആഗ്രഹിച്ചുവോ? ഇതിൽ ദൈവീകമായ ഒരു ഇച്ഛ പ്രവർത്തിച്ചില്ലെങ്കിൽ ഇതെങ്ങിനെ സംഭവിച്ചു? നാദിർഖാൻ എന്നതാണ് അദ്ദേഹത്തിന്റെ കുടുംബപാരമ്പര്യം വിളിച്ചറിയിക്കുന്ന പേർ. അപ്പേരിലായാലും അദ്ദേഹത്തിന്റെ രാജപ്രഭാവത്തിന് ഒരു കുറച്ചിലും വരുമായിരുന്നില്ല. ചെങ്കീസ്ഖാൻ, ഹലാക്കുഖാൻ എന്നീ പേരുകൾ മങ്കോൾ രാജപ്രഭാവത്തിന്റെ പ്രഖ്യാപനങ്ങളായിരുന്നുവല്ലോ. പിന്നെ, ചുഗ്ത്തായി രാജവാഴ്ചയിലെ മുസ്‌ലിം ഖാൻമാരും സുൽത്താൻ പദവി ചേർത്ത് ഖാൻ എന്നപേരിൽതന്നെ അറിയപ്പെടുന്നതിൽ അഭിമാനം കൊണ്ടിരുന്നു. സുൽത്താൻ ഗിയാസുദ്ദീൻ ബുറാഖ്ഖാൻ, സുൽത്താൻ മുഹമ്മദ് ഖാൻ, സുൽത്താൻ അഹ്മദ് ഔജൽഖാൻ തുടങ്ങിയവർ മദ്ധ്യേഷ്യയെ വിറപ്പിച്ച വീരസിംഹങ്ങളായിരുന്നു. ചരിത്രത്തിൽ അവർ അപ്പേരുകളിൽതന്നെ അറിയപ്പെട്ടു. അമാനുല്ലാഖാൻതന്നെ ഷാ അമാനുല്ലാഖാൻ എന്നാണ് അറിയപ്പെട്ടിരുന്നത്. അമാനുല്ലാ ഷാ എന്നായിരുന്നില്ല. ഖാൻ എന്ന കുടുംബപ്രൗഢി ഉപേക്ഷിക്കാൻ അവരാരും തയ്യാറായില്ല. പൂർവ്വ ഗാമികളുടെയെല്ലാം ഈ മാതൃക മുമ്പിലിരിക്കെ, നാദിർഖാൻ നാദിർഷാ എന്ന രാജനാമം സ്വായത്തമാക്കിയതിന്ന് പിന്നിൽ അത്ഭുതകരമായ പ്രവചനപൂർത്തിക്കുള്ള ദൈവഹിതമല്ലാതെ മറ്റൊരു കാരണവുമുണ്ടായിരുന്നില്ല. 'ഹാ, നാദിർഷാ എങ്ങു പോയി' എന്ന വെളിപാടിലടങ്ങിയ പ്രവചനം പുലരുന്നതിന് തക്ക വണ്ണം അഫ്ഘാൻ രാജസ്ഥാനത്ത് വിരാജിക്കുമാറായ നാദിർഖാൻ, നാദിർഷാ എന്ന ഔപചാരികനാമധേയം സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് നിർദ്ദേശിക്കാനും അത് യാഥാർത്ഥ്യവൽക്കരിക്കാനും ആർക്ക് കഴിയുമായിരുന്നു? അഫ്ഘാൻ ജനതയും പത്രലോകവും നയതന്ത്രവൃത്തങ്ങളും അഫ്ഘാനിസ്ഥാനിലെ അമീർ നാദിർഖാനെ നാദിർഷാ എന്നുതന്നെയാണ് കൊണ്ടാടിയത്. അഫ്ഘാൻ സർക്കാറും രാജകീയ നാമധേയം നാദിർഷാ എന്ന് തന്നെയായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, നാദിർഖാൻ സിംഹാസനാരൂഢനായ ഉടൻതന്നെ മേലിൽ നാദിർഷാ എന്നാണ് തന്നെ വിളിക്കേണ്ട

തെന്ന് ഔപചാരികമായിത്തന്നെ നിർദ്ദേശിക്കുകയായിരുന്നു! പത്രലോകത്ത് സ്വാഭാവികമായും ഇത് സംബന്ധിച്ച ചർച്ചകളും വിവാദങ്ങളും ഉയർന്നു. ആ ഘട്ടത്തിൽ നാദിർഷായുടെ സഹോദരൻ സർദാർ വലീഖാൻ ഇന്ത്യയിൽ പര്യടനം നടത്തുകയായിരുന്നു. പത്രലോകത്തെ ചർച്ചകൾക്കിടയിൽ 'സിയാസത്ത്' പത്രത്തിന്ന് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി:

"ഇന്ത്യയിൽ ആളുകൾ മഹാരാജാവിന്റെ പേർ തെറ്റായിട്ടാണ് പറഞ്ഞുവരുന്നത്. സിംഹാസനാരൂഢനായ ഉടനെ തിരുമനസ്സിലെ നാമം ഖാൻ എന്നതിന് പകരം ഷാ എന്നായിത്തീർന്നു. ഇപ്പോൾ രാജാവിന്റെ പേർ 'നാദിർഷാഹെ അഫ്ഘാനിസ്ഥാൻ' എന്നാകുന്നു".

ഒടുവിലായി പ്രവചനത്തിന്റെ പൊരുളായ ഭാഗം മറ്റൊരു രൂപത്തിലും പുലർന്നു. 1933 നവംബർ 8-നു നാദിർഷാ കാബൂളിൽ തന്റെ ദിൽഖുശാ മഹലിൽനിന്ന് പുറത്തുവന്നു. വിദ്യാർത്ഥികളുടെ ഒരു സ്പോർട്സ് മത്സരത്തിൽ സമ്മാനദാനകർമ്മം നിർവഹിച്ചുകൊണ്ടിരിക്കെ ഒരു വിദ്യാർത്ഥി മുന്നോട്ടു കടന്നുവന്ന് ഒരു വാര മാത്രം മുമ്പിൽവച്ചു മൂന്ന് വെടിയുണ്ടകളുതിർത്തുകൊണ്ട് നാദിർഷായുടെ കഥകഴിച്ചു. നാദിർഷാ വധിക്കപ്പെട്ടതായി ജനം ആക്രോശിച്ചു. പെട്ടെന്ന് ഈ ജനം നാടൊട്ടുക്കും വിലാപ ഘോഷം ഉയർത്തി. 'ഹാ, നാദിർഷാ, എങ്ങുപോയി!' എന്ന രോദനം അഫ്ഘാനികളുടെ ചുണ്ടുകളിൽ മുഴങ്ങി.

അമീർ അമാനുല്ലാഖാന്നെതിരിൽ കലാപം നടത്തി അധികാരം പിടിച്ചെടുത്ത വെള്ളംകോരിയുടെ മകൻ ഹബീബുല്ലാഹ്ഖാന്റെ ദുർഭരണത്തിൽ അഫ്ഘാനിസ്ഥാൻ കുഴപ്പങ്ങളുടെ കൂത്തരങ്ങായി മാറിയപ്പോൾ രാജ്യത്തെ രക്ഷിക്കാൻ കെൽപുറ്റ സൈന്യാധിപനെ, അങ്ങകലെ ഫ്രാൻസിൽ ചികിത്സയിൽ കഴിയുകയായിരുന്ന നാദിർഖാനെ ഓർത്ത് ജനം വിലപിച്ചു. 'ഹാ! നാദിർഷാ എങ്ങുപോയി!' എന്ന്. വീണ്ടും അഫ്ഘാനിസ്ഥാനെ പുരോഗതിയിലെയ്ക്കും സുഭിക്ഷതയിലെയ്ക്കും നയിച്ചുകൊണ്ടിരുന്ന നാദിർഷാ അഫ്ഘാൻ ജനതയുടെ ആശാദീപമായി

പ്രശോഭിച്ചുകൊണ്ടിരിക്കെ ഒരു വിദ്യാർത്ഥിയുടെ വെടിയുണ്ട കൾക്കിരയായി മരിച്ചുവീണപ്പോൾ അനാഥയായ അഫ്ഘാൻ രാജ്യത്തിന്റെ ദുരവസ്ഥയെക്കുറിച്ചോർത്ത് വീണ്ടും വിലാപ ഘോഷം ഉയർത്തി: "ഹാ, നാദിർഷാ എങ്ങുപോയി!"

നാദിർഷാ വധിക്കപ്പെടുന്നതിന്ന് ഒന്നോ രണ്ടോ ദിവസ ങ്ങൾക്ക് മുമ്പ് മാത്രം കാബൂൾ സന്ദർശിച്ച വിശ്വ മഹാകവി ഡോ. മുഹമ്മദ് ഇക്ബാൽ ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി, നാദിർഷായുടെ ഭരണത്തിൽ അഫ്ഘാനിസ്ഥാൻ പുരോഗതിയി ലെയ്ക്ക് കുതിക്കുകയാണെന്നും പത്ത് കൊല്ലം കൂടി നാദിർഷാ യുടെ ഭരണം തുടർന്നെങ്കിൽ അഫ്ഘാനിസ്ഥാൻ ഒരു സുശക്ത ക്ഷേമ രാഷ്ട്രമായിത്തീരുമായിരുന്നുവെന്നും!*

6. ഈറാൻ വിപ്ലവം

تزلزل در ایوان کسری فتاد

(കിസ്രായുടെ കൊട്ടാരം കുലുങ്ങി–അൽഹക്കം, 1906 ജനുവരി 24)

1906 ജനുവരി 5–നു ഹസ്രത്ത് അഹ്മദിന് പാർസീ ഭാഷ യിൽ ഇപ്രകാരം ഒരു വെളിപാടുണ്ടായി:

"കിസ്രായുടെ കൊട്ടാരം കുലുങ്ങി"+ (അൽഹക്കം 24–1 –1906) ഈ വെളിപാടുണ്ടായപ്പോൾ കിസ്രായുടെ അഥവാ, ഈറാ നിലെ മുസഫ്ഫറുദ്ദീൻ ഷായുടെ (1853–1907) ഭരണം തികച്ചും സുരക്ഷിതമായിരുന്നു. 1905–ൽ ജനാഭിലാഷത്തെ മാനിച്ച് അദ്ദേഹം ദേശീയ മജ്ലിസ് (പാർലിമെന്റ്) രൂപീകരിച്ചിട്ടുണ്ടായി രുന്നു. ഇതിനെ തുടർന്ന് ഈറാനിലൊട്ടുക്കും വലിയ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെടുകയുണ്ടായി.

---

* ഈ പ്രവചനത്തെ കുറിച്ചുള്ള വിശദവിവരങ്ങൾ Kabul Witnesses A New Sign എന്ന ശീർഷകത്തിൽ ഹസ്രത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ എഴുതിയ സുദീർഘമായ ലേഖനത്തിൽ കാണാം. (Reveiw of Religions, 1933 December ലക്കം നോക്കുക)

+ Revelation in Persian - The Palace of Chosroes has been shaken (Tadkirah, Eng. Trans. P. 338, ഉറുദു ഭാ. 536)

ഷാ യാതൊരു രക്തച്ചൊരിച്ചിലിനും ഇടവെക്കാതെ ജനങ്ങളുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുത്തത് മറ്റു രാജ്യങ്ങളിലെയും ജനങ്ങളിൽ പ്രത്യാശകൾ ഉണർത്തിവിടുകയായിരുന്നു. ജാപ്പാൻ ഒഴിച്ചുള്ള ഏഷ്യൻരാജ്യങ്ങളിൽ ഇത് തികച്ചും പുത്തനായ അനുഭവമായിരുന്നു. 1906 ഒക്ടോബറിലാണ് ഈറാൻ പാർലിമെന്റ് ഉൽഘാടനം ചെയ്യപ്പെട്ടത്. കുറച്ച് മാസങ്ങൾക്ക്ശേഷം മുസഫ്ഫറുദ്ദീൻ ഷാ ചരമം പ്രാപിച്ചു പുത്രനായ മിർസാ മുഹമ്മദലി സിംഹാസനത്തിൽ ആരൂഢനായി. മിർസാ മുഹമ്മദലി രാജ്യഭരണം ഏറ്റെടുത്തതോടൊപ്പം പ്രാതിനിധ്യഭരണം തുടരുന്നതാണെന്ന പ്രഖ്യാപനം ഉണ്ടായി. എന്നാൽ പെട്ടെന്ന് രാജാവിന്നും മജ്ലിസിന്നും ഇടയിൽ അഭിപ്രായവ്യത്യാസം ഉടലെടുക്കുകയും അത് സംഘട്ടനത്തിലെയ്ക്ക് വളരുകയും ചെയ്തു. ഷഹിൻഷായുടെ ദർബാരികളിൽ ചിലരെ കുഴപ്പക്കാരായി മജ്ലിസ് ചിത്രീകരിക്കുകയും ആ ദർബാരികളെ നീക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. രാജാവ് മജ്ലിസിന്റെ ആവശ്യം തത്ത്വത്തിൽ അംഗീകരിച്ചുവെങ്കിലും പെട്ടെന്ന് അത് പ്രാവർത്തികമാക്കിയില്ല. അതോടൊപ്പം രാജാവ് ദഹ്റാനിൽനിന്ന് പുറത്ത്പോയി താമസിക്കാൻ തീരുമാനമെടുക്കുകയുമുണ്ടായി. ഈ സ്ഥലമാറ്റത്തിന്റെ ഘട്ടത്തിൽ കുഴപ്പം തലപൊക്കി. തുടർന്ന് രാജാവ് പാർലിമെന്റ് പിരിച്ചുവിട്ടു. അതോടെ വിപ്ലവം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. രാജാവ് ഖജനാവും മറ്റും റഷ്യയിലെയ്ക്ക് കടത്താൻ ശ്രമം നടത്തി. രാജാവ് വളരെ അഭിമാനം കൊണ്ടിരുന്ന സുരക്ഷാസേനതന്നെയും വിപ്ലവകാരികളോടൊപ്പം ചേർന്നു. 1909-ൽ ഇസ്ഫഹാൻ പ്രദേശത്തും കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ഉന്നതനേതാക്കളിൽ പലരും വിപ്ലവകാരികളെ സഹായിക്കുകയാണ് ചെയ്തത്. രാജകീയ സേനയ്ക്ക് ഏറ്റമുട്ടലുകളിൽ വലുതായ പരാജയങ്ങൾ നേരിട്ടു. ഒടുവിൽ ഈറാനിലെ ഷായ്ക്ക് പത്നി സമേതം 1909 ജൂലായ് 15-ന് റഷ്യൻ സ്ഥാനപതി കാര്യാലയത്തിൽ രക്ഷപ്രാപിക്കേണ്ടിവന്നു. തുടർന്ന് അധികാരം മിർസാ മുഹമ്മദലിയുടെ കുടുംബത്തിന് നഷ്ടപ്പെടുകയും 'കിസ്റാ' എന്ന ഈറാനിലെ ചക്രവർത്തിപദവിനാമവും അതോടെ അവസാനിക്കുകയും ചെയ്തു.

മിർസാ മുഹമ്മദലി സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ശേഷം തന്റെ സിംഹാസനം വീണ്ടെടുക്കാൻ ശ്രമങ്ങൾ നടത്താതിരുന്നില്ല. 1911 ജൂൺ 17-ന് കാസ്പിയൻ തടാകതീരത്തിലെ ഗുമേശ്ടേപെ (Gumesh Tepe) എന്ന നഗരത്തിൽ അദ്ദേഹം ഇറങ്ങി. അതേ അവസരത്തിൽതന്നെ രാജാവിന്റെ സഹോദരനായ നാസിറുദ്ദൌല കുർദിസ്ഥാനിൽ വിപ്ലവക്കൊടിയുയർത്തി. ഇരുവരും തലസ്ഥാന നഗരിയിലേയ്ക്ക് നീങ്ങാൻ ശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും രണ്ടാളുടെയും സൈന്യങ്ങൾ പരാജയപ്പെടുകയാണുണ്ടായത്.

1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ പേർഷ്യ നിഷ്പക്ഷത പ്രഖ്യാപിച്ചുവെങ്കിലും നിഷ്പക്ഷതാ പ്രഖ്യാപനത്തെ അവഗണിച്ച് യുദ്ധരാഷ്ട്രങ്ങൾ പേർഷ്യയിൽ കടന്ന് കയറി ആക്രമണം നടത്തി. ഇംഗ്ലണ്ടിന്റെയും സഖ്യരാഷ്ട്രങ്ങളുടേയും വിജയത്തിൽ 1918-ൽ മഹായുദ്ധം അവസാനിച്ചശേഷം പേർഷ്യ ബ്രിട്ടന്റെ ആജ്ഞാനുവർത്തിയാകേണ്ടിവന്നു. അതിനിടയിൽ സാറിന്റെ പതനവും കമാൽപാഷയുടെ കീഴിൽ തുർക്കിയുടെ ഉയിർത്തെഴുന്നേൽപ്പും പേർഷ്യക്ക് സാന്ത്വനമായി. 1929-ൽ റിസാഖാൻ അധികാരം പിടിച്ചെടുത്തു. സ്വയം പ്രധാനമന്ത്രിയായി. 1925-ൽ പഴയ ഷായെ നീക്കിക്കൊണ്ട് പ്രതിനിധിസഭ റിസാഖാനെ പുതിയ ഷാ ആയി വാഴിച്ചു. അദ്ദേഹം റിസാഷാ പഹ്ലവി എന്നപേർ സ്വീകരിച്ചു. രണ്ടായിരം വർഷത്തെ പേർഷ്യൻ പാരമ്പര്യത്തെ പുനരുദ്ധരിക്കുകയായിരുന്നു റിസാഷാ. പേർഷ്യയുടെ പുരാതനപ്രഭാവത്തെ പുനഃപ്രതിഷ്ഠിക്കാൻ ശ്രമിച്ച അദ്ദേഹം സൈറസിന്റെയും കിസ്റായുടേയും പ്രതാപങ്ങളിൽ അഭിമാനം കൊള്ളുകയും കിസ്റാ ചക്രവർത്തിയായി സ്വയം അഭിഷേകം ചെയ്യുകയും ചെയ്തു. 1969-ൽ ഉണ്ടായ വിപ്ലവത്തിൽ ആയത്തുല്ല ഖുമൈനിക്കുമുമ്പിൽ അടിയറവ് പറഞ്ഞു റിസാഷാ സിംഹാസനം വിട്ട് ഓടിപ്പോയി, ഇപ്രകാരം "ഈറാനിലെ ഷായുടെ കൊട്ടാരം കുലുങ്ങി" എന്ന വാഗ്ദത്തമസീഹിന്റെ പ്രവചനം ഒരിക്കൽകൂടി അവസാനമായും പൂർത്തിയായി.

ഈറാൻ വിപ്ലവത്തോടെ ഇസ്ലാമിലെ രാജകീയ പ്രതാപത്തിന്റെ അന്ത്യം കുറിച്ചു.

7. ബംഗാളികൾക്ക് സമാശ്വാസം

پہلے بنگالہ کی نسبت جو حکم جاری کیا گیا تھا اب ان کی دلجوئی ہوگی

(പഹ്ലെ ബംഗാള കി നിസ്ബത്ത് ജോ ഹുക്കും ജാരി ക്യാഗയാ ത്ഥാ അബ് ഉൻകീ ദിൽജൂയീ ഹോഗി).

"മുമ്പ് ബംഗാളിനെപറ്റി നടപ്പാക്കിയ കൽപനയെ സംബന്ധിച്ചിടത്തോളം അവർക്ക് ഇനി സമാശ്വാസം ഉണ്ടാകും" *

1905-ൽ ഇന്ത്യാവൈസ്രോയിയായിരുന്ന കർസൻ പ്രഭു ബങ്കാളിന്റെ വിസ്തൃതി പരിഗണിച്ച് അതിനെ രണ്ട് സംസ്ഥാനങ്ങളായി വിഭജിക്കാൻ തീരുമാനിക്കുകയുണ്ടായി. ഒരു ഭാഗം പൂർവ്വ ബംങ്കാളും ആസാമും കൂട്ടിചേർത്ത നിലയിലും മറ്റൊരു ഭാഗം പശ്ചിമബംഗാളും ഒറീസയും കൂട്ടിച്ചേർത്തനിലയിലുമാണ് വിഭജിച്ചത്. ആദ്യഭാഗത്തിന്റെ കേന്ദ്രം ഡാക്കയും മറ്റേഭാഗത്തിന്റെ തലസ്ഥാനം കൽക്കട്ടയുമായി നിശ്ചയിക്കപ്പെട്ടു. പൂർവ്വ ബംഗാളിൽ മുസ്ലിംകൾക്ക് ഭൂരിപക്ഷമുണ്ടായിരുന്നതിനാൽ അതൊരു മുസ്ലിം സംസ്ഥാനമായി കരുതപ്പെട്ടിരുന്നു. ഐക്യബംഗാളിന്നാണ് ഹിന്ദുഭൂരിപക്ഷം ആഗ്രഹിച്ചിരുന്നത്. പൂർവ്വ ബംഗാളിൽ മുസ്ലിംകൾക്ക് ആധിപത്യം ലഭിക്കുന്നതിനെ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് ബംഗാൾ വിഭജനത്തിന്നെതിരായ ഒരു പ്രക്ഷോഭം രൂപംകൊണ്ടു. പ്രക്ഷോഭം ബ്രിട്ടീഷ് സർക്കാറിന്നെതിരായ പൊതുരൂപം പ്രാപിച്ചപ്പോൾ അത് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി. ബ്രിട്ടീഷ് ഗവൺമെന്റിന്നെതിരെ രൂക്ഷമായ രോഷപ്രകടനമായിട്ടാണ് അത് പ്രത്യക്ഷപ്പെട്ടത്. ഏതാനും ബ്രിട്ടീഷുകാർ ബഹുജനരോഷത്തിന്നിരയായി വധിക്കപ്പെടുകയുണ്ടായി. എന്നാൽ, ഭീകര പ്രവർത്തനങ്ങളും സംഹാരസമരങ്ങളും ഒന്നുംതന്നെ ബ്രിട്ടീഷ് സർക്കാരിൽ യാതൊരു സ്വാധീനവും ചെലുത്തിയില്ല. ബംഗാളിലെ ഒരു വലിയ നേതാവായിരുന്ന അരവിന്ദ് ഘോഷ് ബംഗാൾ വിഭജനത്തിന്നെതിരായ ബഹുജനസമരത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ മുന്നോട്ടുവന്നതോടെ പ്രക്ഷോഭം ഉഗ്രമായി.

---

* Revelation (Urdu) -Concerning the order that had been issued with regard to Bengal, they will now be consoled (Al-Hakam, Vol. X, No. 6, 1906) - Tadhkirah Eng. Trans.

1905 ഒടുവിൽ കർസൻ പ്രഭു വൈസ്രോയി പദം ഒഴിഞ്ഞ് ഇംഗ്ലണ്ടിലെയ്ക്ക് തിരിച്ചുവെങ്കിലും ബഹുജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു നടപടിയും ഉണ്ടായില്ല. മിൻടോ പ്രഭുവാണ് ലോർഡ് കർസനെ പിൻതുടർന്നത്. അദ്ദേഹവും വിഭജനം റദ്ദാക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. ബംഗാൾ വിഭജനത്തിനെതിരായ പ്രക്ഷോഭം അഖിലേന്ത്യാതലത്തിൽ അലയടിച്ചുയർന്ന സാഹചര്യത്തിലാണ് ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) മിന്ന് മേലുദ്ധരിച്ച വെളിപാടുണ്ടായത്. ഈ പ്രവചനം പ്രസ്ഥാനത്തിന്റെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ ഘട്ടത്തിൽ അത്തരം ഒരു പ്രവചനത്തെ ജനങ്ങൾ പുച്ഛിച്ചു തള്ളിയതിൽ അത്ഭുതപ്പെടാനുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ വിഭജനം ഒരു യാഥാർത്ഥ്യമായി ഉറച്ചുകഴിഞ്ഞതിനാൽ സ്ഥിതിഗതികളിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടാകുന്നതിനെ കുറിച്ച് ഊഹിക്കാവുന്നത്പോലും ആയിരുന്നില്ല. 1910-ൽ ലോർഡ് മിൻടോവും തിരിച്ചുപോയി. ഹാർഡിഞ്ച് പ്രഭുവാണ് പകരം വൈസ്രോയിയായി നിശ്ചയിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ കാലത്ത് തികച്ചും അസാധാരണമായ നിലയിൽ അഞ്ചാം ജോർജ് ചക്രവർത്തിയുടെ കിരീടധാരണം ഇന്ത്യയിൽവച്ച് നടത്താനുള്ള ആലോചനയുണ്ടായി. 1911-ൽ പട്ടാഭിഷേകത്തിന്റെ പരിപാടിക്കുള്ള ഒരുക്കങ്ങൾ ചെയ്യാനും ദില്ലിയിൽ ദർബാർ വിളിച്ചുകൂട്ടാനും നീക്കങ്ങൾ ആരംഭിച്ചു. ഈ അവസരത്തിൽ ബംഗാളികളുടെ ഹൃദയത്തിൽ ആശ്വാസം പകരുന്നതിന്ന് വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചേപറ്റൂ എന്ന് വൈസ്രോയി ഹാർഡിഞ്ച് പ്രഭു ഇന്ത്യാ സെക്രട്ടറിയുടെ മുമ്പിൽ ഒരു നിർദ്ദേശം ഉന്നയിച്ചു. ബംഗാൾ വിഭജനം റദ്ദാക്കുകയാണെങ്കിൽ ആ പ്രഖ്യാപനം നടത്തുന്നത് ജോർജ് പഞ്ചമന്റെ ദില്ലിയിൽവെച്ചുള്ള കിരീടധാരണത്തോടനുബന്ധിച്ചായിരിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുമെന്ന നിർദ്ദേശമാണ് അതീവ രഹസ്യനിലയിൽ ഹാർഡിഞ്ച് പ്രഭു ഇന്ത്യാ സെക്രട്ടറിയെ അറിയിച്ചിരുന്നത്.

അങ്ങിനെ അഞ്ചാം ജോർജ് ചക്രവർത്തി മഹാറാണിയോടൊപ്പം ആയിരക്കണക്കിന് നാഴിക ദൂരെ യാത്രചെയ്തുകൊണ്ട് ഇന്ത്യയിലെത്തി. ഇന്ത്യയിലെ മുഴുവൻ നാട്ടുരാജാ

ക്കൻമാരും നേതാക്കൻമാരും പങ്കെടുത്ത മഹാ ദർബാറിൽവച്ച് ബംഗാൾ വിഭജനം റദ്ദാക്കപ്പെട്ടതായുള്ള പ്രഖ്യാപനമുണ്ടായി. ബംഗാളികൾക്ക് സമാശ്വാസമെന്നോണമാണ് വിഭജനം റദ്ദാക്കിയിരിക്കുന്നതെന്ന് രാജാവിന്റെ പ്രഖ്യാപനത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടായിരുന്നു! പ്രഖ്യാപന തീരുമാനം അതീവ രഹസ്യമായിട്ടാണ് നടപ്പിൽ വരുത്തിയത്. തന്നിമിത്തം വമ്പിച്ച ഹർഷാരവത്തോടെ ഇന്ത്യയിൽ അത് സ്വീകരിക്കപ്പെട്ടു. അപ്രതീക്ഷിതമായ ഈ പ്രഖ്യാപനം മൂലം ഇന്ത്യയിൽ അങ്ങോളമിങ്ങോളം ആഹ്ലാദം അലതല്ലി. ഇപ്രകാരം ഹസ്രത്ത് അഹ്മദ് (അ) 1905-ൽ ചെയ്ത പ്രവചനം 1911-ൽ തികച്ചും വിസ്മയകരമായ സാഹചര്യത്തിൽ ബംഗാൾ നിവാസികളിൽ ആശ്വാസം കോരിച്ചൊരിയുന്ന രൂപത്തിൽ പൂർത്തിയാവുകയും ബംഗാൾ വീണ്ടും സംയോജിപ്പിക്കപ്പെടുകയും ചെയ്തു.

ബംഗാൾ വിഭജനത്തിന്നെതിരായ ജനരോഷത്തിന്റെ ആഴം അറിയുമ്പോൾ മാത്രമേ ഈ തീരുമാനം റദ്ദാക്കിക്കൊണ്ടുള്ള പ്രഖ്യാപനം വരുത്തിവെച്ച ആശ്വാസത്തിന്റെ ഹർഷപുളകം തികച്ചും അനുഭവപ്പെടുമാറുള്ളു. സ്വാതന്ത്ര്യ സമരത്തിന്റെ ആദ്യഘട്ടത്തിൽ അരവിന്ദഘോഷിനെപ്പോലുള്ള നേതാക്കളെ തീവ്രവാദത്തിലെയ്ക്കും ഭീകരപ്രവർത്തനങ്ങളിലെയ്ക്കും നയിക്കുകയും ബംഗാളി ഭാഷയോടുള്ള വൈകാരികമായ തിളച്ചുമറിയലിൽ ബോംബ് സ്ഫോടനം പോലുള്ള അകൃത്യങ്ങൾക്ക് ഗൂഢാലോചന നടത്താൻ പ്രേരിപ്പിക്കുകയും ചെയ്തുവെന്നു ഓർക്കേണ്ടിയിരിക്കുന്നു.

ഈ പ്രവചനം വീണ്ടും ഒരിക്കൽകൂടി വിപരീത സാഹചര്യത്തിലും പൂർത്തിയായി എന്നത് പ്രവചനത്തിന്റെ അത്ഭുത സ്വഭാവത്തെ ഒരിക്കൽകൂടി തെളിയിച്ചുകാട്ടി. അതായത്, ഏകീകൃത ബംഗാൾ 1947-ലെ ഇന്ത്യാ വിഭജന വേളയിൽ വീണ്ടും കിഴക്കൻ ബംഗാളും പടിഞ്ഞാറൻ ബംഗാളുമായി വിഭജിക്കപ്പെടുകയും ഇക്കുറി ഈ വിഭജനം ബംഗാളികൾക്ക് മറ്റൊരു പ്രകാരത്തിൽ സമാശ്വാസത്തിന്ന് കാരണമാകുകയുമുണ്ടായി. 1947-ൽ ഇന്ത്യൻ ഉപഭൂഖണ്ഡം ഇന്ത്യയും പാക്കിസ്ഥാനുമായി വിഭജി

ക്കപ്പെട്ടപ്പോൾ പടിഞ്ഞാറൻബംഗാൾ ഇന്ത്യയിലും കിഴക്കൻ ബംഗാൾ പാക്കിസ്ഥാനിലും ഉൾപെടുത്തപ്പെട്ടു. ഒരിക്കൽ സംയോജനത്തിലൂടെ ബംഗാളികൾക്ക് സമാശ്വാസം ലഭിച്ചെങ്കിൽ ഇക്കുറി വിഭജനത്തിലൂടെ സമാശ്വാസം കൈവരികയാണുണ്ടായത്. ബംഗാൾ മുസ്ലിംഭൂരിപക്ഷസംസ്ഥാനമെന്നനിലയിൽ മുഴുവനായും പാക്കിസ്ഥാനിൽ പെടണമെന്നാണ് രൂപകൽപന ചെയ്തിരുന്നതെങ്കിലും പഞ്ചാബും ബംഗാളും കിഴക്കും പടിഞ്ഞാറുമായി സാമുദായികാടിസ്ഥാനത്തിൽ വീണ്ടും വിഭജിക്കപ്പെടുകയാണുണ്ടായത്. ബംഗാൾ വിഭക്തമായെങ്കിലും പാക്കിസ്ഥാന്റെ ഭാഗമായതിൽ മുസ്ലിം ഭൂരിപക്ഷ പ്രദേശമായ കിഴക്കൻ ബംഗാളിലെ ജനങ്ങൾക്ക് സമാശ്വാസത്തിന്ന് കാരണമായി. കൽക്കത്ത തലസ്ഥാനമായ നിലയിൽ ഭൂരിപക്ഷ ഹിന്ദുപ്രദേശം ഇന്ത്യയിൽ ഉൾപെട്തിൽ പടിഞ്ഞാറൻ ബംഗാളിലെ ഹിന്ദുക്കളും ആശ്വാസംകൊണ്ടു. വിഭക്തബംഗാൾ സംയോജിപ്പിക്കപ്പെടുമെന്നല്ല പ്രവചനം. മറിച്ച്, ബംഗാളിനെ കുറിച്ചെടുത്ത തീരുമാനം ബംഗാളികൾക്ക് സമാശ്വാസം പകരുമെന്നായിരുന്നു. ഇവിടെ ബംഗാൾ ഏകീകരിച്ച നിലയിലും പിന്നീട് വീണ്ടും വിഭജിക്കപ്പെട്ടനിലയിലും ബംഗാളികൾക്ക് ആശ്വാസം അനുഭവപ്പെട്ടു. എത്ര അത്ഭുതകരമായ നിലയിലാണ് പ്രവചനം പൂർത്തിയായതെന്ന് നോക്കുക.

1905-ൽ ബംഗാൾ വിഭജനത്തിൽ ജനങ്ങളാകമാനം രോഷാകുലരാകുകയും പ്രതിഷേധമുയർത്തുകയുമാണുണ്ടായതെങ്കിലും 1911-ൽ വിഭജനം റദ്ദാക്കപ്പെട്ടപ്പോൾ ജനങ്ങൾ ആഹ്ലാദത്തിമർപ്പിലും ആശ്വാസത്തിലുമായി. 1947-ൽ വീണ്ടും ബംഗാൾ വിഭജിക്കപ്പെട്ടപ്പോൾ ജനങ്ങൾ വിഭജനത്തിലൂടെ ആശ്വാസം കണ്ടെത്തി. വിഭക്തബംഗാൾ ഏകീകരിക്കപ്പെടുമെന്നല്ല, ജനങ്ങൾ ആശ്വസിപ്പിക്കപ്പെടുമെന്നായിരുന്നു പ്രവചനം. സംയോജനത്തിലും പിന്നീട് വിഭജനത്തിലും ഒരുപോലെ ജനങ്ങൾക്ക് ആശ്വാസം ലഭിച്ചപ്പോൾ രണ്ടുരൂപത്തിലും പ്രവചനം പുലർന്നു എന്നത് പ്രവചനത്തിന്റെ സവിശേഷതയായിരുന്നു. ബംഗാളിനെ സംബന്ധിച്ച തീരുമാനം ബംഗാളിലെ ഹിന്ദുക്കൾക്കും

മുസ്ലിംകൾക്കും ഒരുപോലെ ആശ്വാസമുണ്ടാകുന്ന തരത്തിൽ രൂപാന്തരപ്പെട്ടു എന്നതാണ് പ്രവചനത്തിന്റെ മർമവശം.

8. ബ്രിട്ടീഷ് സാമ്രാജ്യത്തകർച്ച

سلطنت برطانیہ تا ہشت سال - بعد ازاں ایام ضعف واختلال

(സൽത്തനത്തെ ബർത്താനിയ താ ഹശ്ത് സാൽ
ബഅദ് അസാൻ അയ്യാമെ സുഅ്ഫൊ ഇഖ്തിലാൽ)

(ബ്രിട്ടീഷ് സാമ്രാജ്യവാഴ്ച എട്ട് കൊല്ലം വരെ. അതിന് ശേഷം ബലഹീനതയുടെയും അധഃപതനത്തിന്റെയും നാളുകൾ. –ഹശ്ത് സാൽ എന്നതിന് പകരം ഹഫ്ത്സാൽ അതായത് ഏഴ്കൊല്ലം എന്നും പാഠാന്തരമുണ്ട്.)*

"ബ്രിട്ടീഷ് സാമ്രാജ്യപ്രഭാവം എട്ട്കൊല്ലംവരെ" എന്ന വെളിപാടുണ്ടായി ഏഴ്കൊല്ലം കഴിഞ്ഞപ്പോഴാണ് വിക്ടോറിയാ റാണിയുടെ വജ്രജൂബിലി ആഘോഷിച്ചത്. വിക്ടോറിയ ജീവിച്ചിരിക്കുമ്പോൾ 1888–ൽ പാർസിഭാഷയിൽ ഉണ്ടായ ഈ വെളിപാട് അന്ന് പരസ്യപ്പെടുത്തുകയോ ഏതെങ്കിലും ഗ്രന്ഥത്തിൽ രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. മിയാൻ അബ്ദുല്ല സനൗരി (റ), പീർ സിറാജുൽഹക്ക് നുഅ്മാനി (റ) എന്നീ ശിഷ്യൻമാർ ഈ വെളിപാട് ലഭിച്ചതായി നിവേദനം ചെയ്യുകയുണ്ടായി. വെളിപാടുണ്ടായ വിവരം തന്റെ ശിഷ്യൻമാരുടെ മുമ്പാകെ വിവരിച്ചതോടെ മെല്ലെ മെല്ലെ പുറത്തറിഞ്ഞു. ഒടുവിലത് വാഗ്ദത്ത മസീഹിന്റെ ബദ്ധശത്രുവായ മൌലവി മുഹമ്മദ്ഹുസൈൻ ബട്ടാലവിയുടെ കാതിലുമെത്തി. ബ്രിട്ടീഷ് ഗവർമെന്റിന്റെ പതനത്തെക്കുറിച്ചുള്ള ഈ വെളിപാടിനെയും പ്രവചനത്തെയും പറ്റി കൊട്ടിഘോഷിച്ചത് അദ്ദേഹമായിരുന്നു. 1891–ൽ അദ്ദേഹം അത് ബ്രിട്ടീഷ് സർക്കാരിന്റെ ഉന്നതകേന്ദ്രങ്ങളിൽ എത്തിക്കാൻ ഒട്ടും സങ്കോചപ്പെട്ടില്ല. ഹസ്രത്ത് അഹ്മദ് (അ) ബ്രിട്ടീഷ് വിരോധിയും ബ്രിട്ടന്റെ നാശംകൊതിക്കുന്നആളുമാണെന്നും താനാകട്ടെ

* Revelation :- British Empire will last for eight years. Thereafter there will be weakness disturbance and decline (Tadhkirah. Eng. Trans. by Sir Muhammed Zafarullah Khan. P. 415)

ബ്രിട്ടീഷ് ഭരണത്തിന്റെ അനുകൂലിയും യഥാർത്ഥ ഗുണകാംക്ഷിയുമാണെന്നും വരുത്തിത്തീർക്കാനുള്ള സുവർണ്ണാവസരമായി അദ്ദേഹം കരുതി. അദ്ദേഹം എഴുതിതയ്യാറാക്കിയ ഇംഗ്ലീഷ് ലഘുലേഖയിൽ ഇക്കാര്യം ഉൾപ്പെടുത്താൻ വെമ്പൽകൂട്ടി. ബ്രിട്ടീഷ് കാർക്കെതിരെ യുദ്ധത്തിന്ന് ആഹ്വാനംചെയ്യുന്ന യോദ്ധൃമഹ്ദി (Warrior Mahdi) ആണ് താനെന്ന് ഹസ്രത്ത് അഹ്മദ് (അ) വാദിച്ചു എന്നതിലെയ്ക്കും ബ്രിട്ടന്റെ നാശത്തെ അദ്ദേഹം കുതുഹലത്തോടെ കാത്തുനിൽക്കുകയാണെന്നതിലെയ്ക്കും തെളിവായി ഈ വെളിപാടിനെ മുഹമ്മദ്ഹുസൈൻബട്ടാലവി ഉയർത്തിക്കാട്ടി. ചുരുക്കത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പതനത്തെക്കുറിച്ചുള്ള ഈ പ്രവചനം അക്കാലത്ത് എതിരാളികൾ തന്നെയാണ് പ്രചരിപ്പിച്ചത്.

സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യപ്രഭാവത്തിന്റെ അവസാനം എട്ട്കൊല്ലംകൊണ്ട് ആരംഭിക്കുമെന്നാണ് 1888–ൽ വാഗ്ദത്തമസീഹ് (അ) പ്രവചനം ചെയ്തിരുന്നത്. 1947–ൽ അവസാനിച്ച 50 കൊല്ലക്കാലത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധഃപതനഘട്ടത്തിന്റെ ആരംഭം 1897–ൽ വിക്ടോറിയ ചക്രവർത്തിനിയുടെ വജ്രജൂബിലി ആഘോഷത്തോടെയാണ് ആരംഭിച്ചതെന്ന് വിശ്രുത ചരിത്രകാരനായ ആർനോൾഡ് ടോയമ്പി (Arnold Toyambi) തന്റെ Civilization on Trial എന്ന വിഖ്യാത ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു (പേജ്. 17, 18). ഒന്നാം ലോകമഹായുദ്ധത്തോടെ ക്ഷയോൻമുഖമായിക്കൊണ്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യപ്രഭാവം രണ്ടാം ലോകമഹായുദ്ധത്തോടെ അതിന്റെ അടിത്തട്ടിലെത്തിയെന്ന് പറയാം. സാമ്രാജ്യത്തിന്റെ ഭരണപ്രദേശങ്ങളെല്ലാം ഒന്നായി സ്വതന്ത്രമായിത്തീരുകയും ഒടുവിൽ ഇന്ന് ബ്രിട്ടീഷ് സാമ്രാജ്യം യൂറോപ്പിന്റെ പശ്ചിമോത്തരപ്രദേശത്ത് ഒരു ചെറിയ ദ്വീപിൽ മാത്രമായി അവശേഷിച്ചിരിക്കുകയുമാണ്. ഒരു കാലത്ത് ലോകരാഷ്ട്രതന്ത്രങ്ങളുടെ കേന്ദ്രസ്ഥാനമായിരുന്ന ലണ്ടൻ നഗരം രണ്ടാംലോകമഹായുദ്ധത്തിന് ശേഷം അപ്രധാനമായ സ്ഥാനത്തെയ്ക്ക് തള്ളപ്പെടുകയും ലോകരാഷ്ട്രങ്ങളുടെ താന്ത്രികതലസ്ഥാനം ന്യൂയോർക്കിലെയ്ക്കും വാഷിംഗ്ടണിലെയ്ക്കും നീങ്ങുകയും ചെയ്തു. ബ്രിട്ടന്റെ കീഴിലായിരുന്ന

കനഡ, ആസ്ട്രേലിയ, ഈജിപ്ത്, സിലോൺ, ബർമ്മ, സിംഗപ്പൂർ, തെക്കേആഫ്രിക്ക തുടങ്ങിയ പ്രദേശങ്ങൾക്ക് പുറമെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മണിപ്പതക്കമായി പ്രശോഭിച്ച ഇന്ത്യയും സ്വതന്ത്ര രാജ്യങ്ങളായി മാറി. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഏറ്റവും പ്രതാപശാലിയായി എണ്ണപ്പെട്ട സർ വിൻസ്റ്റൺ ചർച്ചിൽ പ്രധാനമന്ത്രി സ്ഥാനത്ത്നിന്ന് തള്ളപ്പെട്ട സാഹചര്യത്തിൽ ലേബർപാർട്ടി നേതാവ് ക്ലമന്റ് ആറ്റ്ലിയാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകിയത്. മി. ആറ്റ്ലി ബ്രിട്ടീഷ് സാമ്രാജ്യത്തെ പിരിച്ചുവിടുകയാണെന്ന് ചർച്ചിൽ ആരോപണം ഉന്നയിച്ചിരുന്നു.

ബ്രിട്ടീഷ് സാമ്രാജ്യം അഥവാ, പഴയ ബ്രിട്ടീഷ് സാമ്രാജ്യസിംഹം പ്രതാപം നശിച്ച് ശോഷിച്ചുതളർന്ന് അവശനായ നിലയിൽ അമേരിക്കയുടെ ആശ്രിതരാഷ്ട്രമെന്നോണം ഇന്ന് ഒരു മൂലയ്ക്ക് കഴിയുകയാണ്. ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും അയർലണ്ടും ഉൾപെട്ട ദ്വീപ് സമൂഹം യൂനൈറ്റഡ്കിംഡം (United Kingdom) എന്ന പേരിൽ അറിയപ്പെടുന്നു. ഭരണപരമായ അധികാരങ്ങൾ ഈ രണ്ട് ഘടകങ്ങൾക്ക്കൂടി നൽകിക്കഴിഞ്ഞതോടെ ഇംഗ്ലണ്ടിൽ മാത്രമായി ഇന്ന് ഒതുങ്ങിക്കഴിയുകയാണ്. സാമ്രാജ്യത്തിന്റെ അവസാന നാളുകൾ അത് എണ്ണിക്കഴിയുകയുമത്രെ.

അയർലണ്ട് യു.കെ യിൽ നിന്ന് വിട്ടുനിന്നു. 1998-ൽ മാത്രമാണ് സ്കോട്ട്ലണ്ടിന്നും പ്രത്യേകം അസംബ്ലി രൂപീകരിക്കപ്പെട്ടത്. വെയിൽസും സവിശേഷമായ ഭരണപദവി കരസ്ഥമാക്കി.

ബ്രിട്ടീഷ് സാമ്രാജ്യത്തിന്ന് ഇത്തരമൊരു അധഃപതനം സംഭവിക്കുമെന്ന് സർവജ്ഞനായ അല്ലാഹു അറിയിച്ചുകൊടുത്തതനുസരിച്ച് വാഗ്ദത്ത മസീഹ് (അ) പ്രവചിച്ചു. അവിടുന്ന് അപ്രകാരം പ്രവചിച്ചിട്ടുണ്ടെന്ന് എതിരാളികളാണ് പ്രചരിപ്പിച്ചത്. അഹ്മദിയാ ജമാഅത്തിന്നെതിരായി 1934-36 കാലത്ത് പഞ്ചാബിലെ ഇംഗ്ലീഷ് ഗവർണർ കൂടി സഹായിച്ചനിലയിൽ അഹ്റാരികൾ പ്രക്ഷോഭം അഴിച്ചുവിട്ട കാലത്ത് എഴുതപ്പെട്ട 'ഹിസ്ഹോളിനസ്' (His Holiness-Phoenix) എന്ന കുപ്രസിദ്ധമായ പുസ്തകത്തിൽ He predicts the downfall of the British empire (ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ

പതനത്തെക്കുറിച്ച് അദ്ദേഹം ദീർഘദർശനം ചെയ്യുന്നുഎന്നും (He prophecies the beginning within eight years of the end of the British empire (എട്ട്കൊല്ലംകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അവസാനത്തിന്റെ ആരംഭം കുറിക്കുമെന്ന് അദ്ദേഹം പ്രവചിക്കുന്നു. പേജ്. 61) എന്നും തുറന്നു പ്രസ്താവിച്ചുകൊണ്ട് വാഗ്ദത്ത മസീഹിന്റെ ഈ പ്രവചനത്തിന്റെ സത്യാവസ്ഥയെയും പൂർത്തീകരണത്തെയും ശത്രുക്കൾതന്നെ കൊട്ടിഘോഷിച്ചിരിക്കുന്നു!.

77 – ടോൾസ്റ്റോയി പ്രശംസിക്കുന്നു.

കൗണ്ട് ലിയൊ ടോൾസ്റ്റോയി ലോകപ്രസിദ്ധനായ സാഹിത്യാചാര്യനും റഷ്യൻ പരിഷ്കർത്താവും കാലഘട്ടത്തിലെ മഹാചിന്തകനും ആയിരുന്നു. വാഗ്ദത്ത മസീഹിന്റെ സമകാലീനനായിരുന്ന അദ്ദേഹത്തിന്ന് അവിടുത്തെ സന്ദേശം ലഭിക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ ഒരു പ്രമുഖ ശിഷ്യനായിരുന്ന ഡോ. മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് 1903–ൽ തന്നെ യേശു മിശിഹാവിന്റെ രണ്ടാം വരവ് സംബന്ധിച്ച ആശ്വാസ വർത്തമാനം ടോൾസ്റ്റോയിയെ അറിയിക്കുകയും വാഗ്ദത്ത മസീഹിന്റെ ഒരു പടവും കശ്മീരിലുള്ള യേശുവിന്റെ കബറിന്റെ ഒരു ചിത്രവും അയച്ചുകൊടുക്കുകയുമുണ്ടായി. ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ ഒരു ലേഖനം അടങ്ങിയ 'റവ്യൂ ഓഫ് റിളിജിയൻസ്' എന്ന ഇംഗ്ലീഷ് മാസികയുടെ ഒരു പ്രതിയും അയച്ചുകൊടുത്തിരുന്നു. ആ ലക്കത്തിൽ 'ഇസ്ലാം മത തത്ത്വ ജ്ഞാനം' എന്ന വാഗ്ദത്ത മസീഹിന്റെ പ്രഖ്യാത ഗ്രന്ഥത്തിലെ ഒരു ഭാഗത്തിന്റെ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. താൻ ടോൾസ്റ്റോയിക്ക് എഴുതിയയച്ച കത്തും അതിന് ടോൾസ്റ്റോയി നൽകിയ മറുപടിയും തന്റെ 'ദിക്ക്റെ ഹബീബ്' എന്ന ഗ്രന്ഥത്തിൽ മുഫ്ത്തി സാഹിബ് ചേർത്തിട്ടുണ്ട്. ടോൾസ്റ്റോയിയുമായി കത്തെടപാട് നടത്തിയ മൂന്നോ നാലോ ഇന്ത്യക്കാരിൽ ഒരാളായി മുഫ്ത്തി സാഹിബ് ചരിത്രത്തിൽ അറിയപ്പെടുന്നു.

ഡോ. മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് കൗണ്ട് ലിയോ ടോൾസ്റ്റോയിക്ക് ഇപ്രകാരം എഴുതി:

"ഞാൻ അങ്ങയുടെ മതപരമായ അഭിപ്രായങ്ങൾ ബ്രിട്ടീഷ് 'എൻസൈക്ലോപീഡിയ'യുടെ 33-ാം വാല്യത്തിൽ കൂടി വായിച്ച റിഞ്ഞിട്ടുണ്ട്. അത് പുതുതായി ഇംഗ്ലണ്ടിൽ പ്രസിദ്ധപ്പെടുത്തിയ താണ്. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും ത്രീയേകത്വതത്ത്വം (Trinity) കാരണമായി അന്ധകാരം വ്യാപിച്ചിരിക്കുകയാണെങ്കിലും ചിലയിടങ്ങളിൽ മുത്തുകളും തിളങ്ങുന്നുണ്ടെന്ന് അറിയുവാൻ കഴിഞ്ഞതിൽ അനൽപമായ സന്തോഷമുണ്ട്. അനാദിയും അനന്തവുമായ ആ യഥാർത്ഥസർവ്വശക്തന്റെ പ്രതാപ ഗരിമയെ അവ പ്രകാശനം ചെയ്തുകൊണ്ടിരിക്കുന്നു. സത്യമായ സുഖസന്തുഷ്ടിയേയും പ്രാർത്ഥനയേയും കുറിച്ചുള്ള അങ്ങയുടെ അഭിപ്രായങ്ങൾ സത്യവിശ്വാസിയായ ഒരു മുസ്ലിം കൈകൊള്ളേണ്ട അതേ നിലയിലുള്ളതാണ്. യേശു ഒരു ആത്മീയഗുരുവായിരുന്നുവെന്നും അദ്ദേഹത്തെ ഒരു ദൈവമായി കരുതി ആരാധിക്കുന്നത് ഏറ്റവും വലിയ 'കുഫ്റ്' അഥവാ ദൈവനിഷേധം ആണെന്നുമുള്ള അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. യേശുവിന്റെ കബർ കണ്ടുപിടിക്കപ്പെട്ടതോടെ യേശു മരിച്ചുപോയി എന്ന വസ്തുത വ്യക്തമായിക്കഴിഞ്ഞിരിക്കുന്നുവെന്ന കാര്യം അങ്ങയെ സന്തോഷപൂർവ്വം അറിയിച്ചുകൊള്ളട്ടെ. ഈ ഗവേഷണത്തെപറ്റി ഹസ്രത്ത് മിർസാ ഗുലാംഅഹ്മദ് ഖാദിയാനി (അ) പ്രഖ്യാപിച്ചിരിക്കുന്നു.* അദ്ദേഹം ഏകദൈവതത്ത്വത്തിന്റെ ഏറ്റവും

* കൽക്കത്ത ഹൈക്കോർട്ടിലെ ജഡ്ജും മുസ്ലിം നേതാവും ഗ്രന്ഥകാരനുമായിരുന്ന സയ്യിദ് അമീർ അലി 'ഹിബ്ബർട്ട് ജർണ'ലിൽ (Hibbert Journal) എഴുതിയ ഒരു ലേഖനത്തിൽ, യേശു കുരിശിൽ മരിച്ചിട്ടില്ലെന്നും കുരിശിൽനിന്ന് ജീവനോടെ ഇറക്കി എടുക്കപ്പെട്ട ശേഷം അദ്ദേഹം കിഴക്കോട്ടേയ്ക്ക് അഭയയാത്ര നടത്തുകയും അവിടെ വെച്ച് മരിക്കുകയും ചെയ്തുവെന്നും ഉറപ്പിച്ചുപറയുന്നു: "അദ്ദേഹം കുറച്ചു നാളത്തേയ്ക്ക് ശത്രുക്കളിൽനിന്നും ഒളിപ്പിക്കപ്പെടുകയാണുണ്ടായത്. ജെറുസലത്തിലെ അന്നത്തെ അന്തരീക്ഷം വമ്പിച്ച അപകടം നിറഞ്ഞതായിരുന്നു. അങ്ങിനെ തന്റെ അവസാനത്തെ ഉപദേശ നിർദ്ദേശങ്ങൾ നൽകികഴിഞ്ഞ ശേഷം അദ്ദേഹം കിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് യാത്രയായി. അവിടെ ജൂതൻമാരുടെ മർദ്ദനങ്ങളിൽനിന്ന് സുരക്ഷിതനായ നിലയിൽ അദ്ദേഹത്തിന് സമാധാനപൂർവ്വം തന്റെ മഹത്തായ ദൗത്യം തുടരാൻ കഴിഞ്ഞു. ഒടുവിൽ അവിടെ വെച്ച് തന്നെ അദ്ദേഹം ചരമം പ്രാപിക്കുകയും ചെയ്തു" എന്നിങ്ങനെ അദ്ദേഹം എഴുതി. അദ്ദേഹം തന്റെ ലേഖനത്തിൽ ഒരിടത്ത് അടിക്കുറി

വലിയ പ്രഘോഷകനത്രെ. അദ്ദേഹത്തെ ദൈവം വാഗ്ദത്തമി ശിഹാ ആയി നിയോഗിച്ചനുഗ്രഹിച്ചിരിക്കുകയാണ്. എന്തുകൊ ണ്ടെന്നാൽ സത്യദൈവത്തോടുള്ള യഥാർത്ഥമായ സ്നേഹ ത്തിൽ അദ്ദേഹം പരിപൂർണ്ണനാണെന്ന് വെളിപ്പെട്ടു. അവിടുന്ന് ഈ കാലഘട്ടത്തിൽ ദൈവത്തിൽനിന്നുള്ള ആളും ദിവ്യവെളി പാടുകൾകൊണ്ട് അനുഗൃഹീതനും പരിഷ്കർത്താവും ദൈവ ത്തിന്റെ സത്യപ്രവാചകനുമായിരുന്നു. അദ്ദേഹത്തെ, കൈകൊള്ളുന്നവരെല്ലാം സത്യദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭവിക്കുന്നതാണ്. നിരാകരിക്കുകയും എതിർക്കുകയും ചെയ്യുന്നവർ അഭിമാനിയായ ദൈവത്തിന്റെ ക്രോധത്തിന് ഇര യായിത്തീരും. ഞാൻ ഇതോടൊപ്പം മറ്റൊരു പൊതിയിൽ ദൈവ ത്തിന്റെ ഈ പരിശുദ്ധദാസന്റെ ഒരു പടവും അതോടൊപ്പം യേശുവിന്റെ കബറിന്റെ ഒരു ചിത്രവും അയക്കുന്നുണ്ട്. അങ്ങ യുടെ മറുപടികത്ത് കിട്ടിയാൽ ഞാൻ സന്തോഷപൂർവ്വം മറ്റു ഗ്ര ന്ഥങ്ങളും അയച്ചുതരുന്നതാണ്. അങ്ങയുടെ ക്ഷേമകാംക്ഷി – മുഫ്ത്തി മുഹമ്മദ് സാദിഖ്, ഖാദിയാൻ" 28–4–1903)

ഇതിന്നു മറുപടിയായി മുഫ്ത്തി മുഹമ്മദ് സാദിഖിന് ടോൾസ്റ്റോയി ജൂൺ 29–ല്ല ഇപ്രകാരം എഴുതി:

"താങ്കളുടെ കത്തും മിർസാ ഗുലാംഅഹ്മദ് സാഹിബിന്റെ ഫോട്ടോവും 'റിവ്യു ഓഫ് റിളിജ്യൺസ്' മാസികയുടെ കോപ്പികളും കിട്ടി. മിശിഹാ മരിച്ചുപോയെന്നതിലേയ്ക്കുള്ള തെളിവ് ഉന്നയിക്കുകയും യേശുവിന്റെ മൃതകുടീരം സംബന്ധിച്ച ഗവേഷണങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത് വ്യർത്ഥമായ ഒരു ശ്രമമാണ്. എന്തുകൊണ്ടെന്നാൽ ബുദ്ധിയുള്ള ആരും യേശു ജീവിച്ചിരിക്കുന്നുണ്ടെന്ന് വിശ്വസിക്കുകയേ ഇല്ല.... നമുക്ക് വേണ്ടത് യുക്തിയുക്തമായ മതവിശ്വാസങ്ങളാണ്. മിർസാ സാഹിബ് പുതി

പ്പിൽ ഈസാനബിയുടെ (ക്രിസ്തുവിന്റെ) ശ്രീനഗറിലുള്ള കബറിനെ പറ്റിയും പരാമർശിച്ചിരുന്നു. 'ഹാർവസ്റ്റ് ഫീൽഡ്' (Harvest Field) എന്ന ക്രൈസ്തവപത്രം ഇതേപറ്റിയുള്ള വിമർശനങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. (നോക്കുക, 'റിവ്യു ഓഫ് റിളിജ്യൺസ്' 1906, പേ. 119). ചുരുക്കത്തിൽ, അക്കാലത്തെ പ്രസി ദ്ധരായ ചിന്തകൻമാരും ഗ്രന്ഥകർത്താക്കളും ഹസ്രത്ത് അഹ്മദ് (അ) ന്റെ ഗ്രന്ഥ ങ്ങളിലും ആശയങ്ങളിലും ആകൃഷ്ടരായിരുന്നു. എന്ന് വ്യക്തമാകുന്നു–ഗ്ര.

കൗണ്ട് ലിയോ ടോൾസ്റ്റോയി



ഡോ. മുഫ്തി മുഹമ്മദ് സാദിഖ്

Hasrath Dr. Mufthi Muhammad Sadiq Sahib

B.Phil, F.c. Chrom, F.P.C. (London), M.R.A.S., A.S.P.

യ വല്ല യുക്തിപൂർവ്വമായ കാര്യങ്ങളും കൊണ്ടുവന്നിരിക്കുക യാണെങ്കിൽ അത് പ്രയോജനപ്പെടുത്താൻ ഞാൻ സസന്തോഷം തീർച്ചയായും തയ്യാറാകുന്നതാണ്.... മാസികയുടെ മാതൃകാ പ്രതി യിൽ കണ്ട രണ്ട് ലേഖനങ്ങളും ഇഷ്ടപ്പെട്ടു. അതായത് 'പാപ ങ്ങളിൽനിന്ന് എങ്ങിനെ മുക്തിനേടാം'? പിന്നെ പരലോകത്തെപറ്റി യുള്ള ലേഖനവും. പ്രത്യേകിച്ചും, രണ്ടാമത്തെ ലേഖനം എനിക്ക് നന്നേ പിടിച്ചു. വളരെ മഹനീയവും സത്യാധിഷ്ഠിതവുമായ കാര്യങ്ങൾ ഈ പ്രബന്ധങ്ങളിൽ അടങ്ങിയിരിക്കുന്നു.* ഈ മാസികയുടെ പ്രതി അയച്ചുതന്നതിന് ഞാൻ താങ്കളോട് വളരെ അധികം കടപ്പെട്ടിരിക്കുന്നു. താങ്കളുടെ കത്ത് കാരണം ഞാൻ വളരെ വളരെ നന്ദിപറയാൻ ബാധ്യസ്ഥനായിരിക്കുന്നു. താങ്ക ളുടെ വിശ്വസ്ഥൻ, ടോൾസ്റ്റോയി, റഷ്യ 5-6-1903.

ഈ കത്തിനു ഡോ. മുഫ്ത്തി സാഹിബ് ദീർഘമായ മറുപടി നൽകുകയും മസീഹ് (അ) എന്തിന്ന് വെളിപ്പെട്ടുവെന്നും, യേശു കശ്മീരിൽവെച്ച് മരിച്ചുവെന്ന സത്യത്തേയും യേശുവിന്റെ മൃതകുടീരത്തെ സംബന്ധിച്ച യാഥാർത്ഥ്യങ്ങളെയും പ്രചരിപ്പി ക്കേണ്ടതിന്റെ ആവശ്യകത എന്തെന്നും വിശദീകരിക്കു കുയും ചെയ്തു. ടോൾസ്റ്റോയി പിന്നീടയച്ച കത്തുകളിൽ ആ വിശദീകരണങ്ങൾ അംഗീകരിക്കുകയുമുണ്ടായി. ബഹാഉല്ല യേയും ബാബി മതത്തേയും പറ്റി ടോൾസ്റ്റോയി ഡോ. സാദിഖി നോട് ചോദിച്ചറിഞ്ഞു. ബഹാഉല്ലയേയും ബാബി-ബഹായി മതങ്ങളെയുംപറ്റി ഡോ. സാദിഖ് പിന്നീടുള്ള കത്തുകളിൽ വിസ്ത രിച്ചെഴുതിയിട്ടുണ്ട്.

78 - സ്വർഗീയശ്മശാനം

തന്റെ ചരമം അടുത്തിരിക്കയാണെന്ന് വാഗ്ദത്ത മസീ ഹിന് അടിക്കടി വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നതിനെ തുടർന്ന് തന്റെ അനുചരസംഘത്തിന്ന് ഒരു ഒസ്യത്ത് നൽകു

* "In the specimen number I approved very much two articles. How to get rid of sin and the Life to come, especially the second. The idea is very profound and very true"!- Tolstoy (Review of Religions Vol. 5, 1906).

വാൻ അവിടുന്ന് തീരുമാനിക്കുകയും, അതനുസരിച്ച് 1906 ജനു വരിയിൽ 'അൽവസിയ്യത്ത്' എന്ന പേരിൽ ഒരു ലഘുകൃതി രചി ക്കുകയുമുണ്ടായി. ഈ കൃതിയിൽ അദ്ദേഹം തന്റെ മരണത്തെ കുറിച്ച് ലഭിച്ചുകൊണ്ടിരുന്ന അറബിയിലും ഉറുദുവിലുമുള്ള വെളി പാടുകൾ പ്രസിദ്ധപ്പെടുത്തുകയും തന്റെ അനുചരസംഘത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്കാവശ്യമായ ഉപദേശനിർദേശങ്ങൾ നൽകുകയുംചെയ്തു.

തന്റെ വിജയം ഉറപ്പിക്കുന്നതിനുള്ള ദൈവീകമായ സംവി ധാനമെന്നനിലയിൽ തന്റെ ചരമത്തോടെ രണ്ടാം ശക്തിപ്രതി ഭാസം (ദൂസ്രി ഖുദ്റത്ത്) വെളിപ്പെടുമെന്ന ഒരു ആശ്വാസ പ്രവ ചനം വാഗ്ദത്തമസീഹ് (അ) 'അൽവസീയത്ത്' എന്ന കൃതിയിൽ പ്രഖ്യാപിക്കുകയുണ്ടായി. 'രണ്ടാം ഖുദ്റത്ത്' എന്നത് ഖിലാഫത്ത് ആണെന്ന് വ്യക്തമായിരുന്നു.

ഒരു 'സ്വർഗീയ ശ്മശാന'ത്തെപറ്റി തനിക്ക് ലഭിച്ച ദിവ്യ ദർശനം അവിടുന്ന് അൽവസീയത്തിൽ വിവരിക്കുകയും ഇത് സംബന്ധിച്ച വിശദവിവരങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും പ്രസ്തുത പദ്ധതിയുടെ നിയമങ്ങളും നിബന്ധനകളും വിവരി ക്കുകയുമുണ്ടായി. ഒരു പുതിയ ലോകസമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനമായിരിക്കുന്ന ആഗോളസമ്പത്തിദാനപദ്ധതി ഈ കൃതിയിൽ വാഗ്ദത്ത മസീഹ് (അ) മുന്നോട്ടുവച്ചു.

സ്വർഗീയ ശ്മശാനത്തെ പറ്റി വാഗ്ദത്തമസീഹ് (അ) അൽവസിയ്യത്തിൽ ഇപ്രകാരം പറയുന്നു:

"എനിയ്ക്ക് ഒരു പ്രത്യേകസ്ഥലം ദർശനത്തിൽ കാണി ച്ചുതന്നു. 'ഇത് നിന്റെ കബറിന്റെ സ്ഥാനമായിരിക്കു'മെന്ന് അറി യിക്കുകയും ചെയ്തു. ഒരു മലക്ക് ഭൂമി അളന്നുകൊണ്ടിരിക്കു ന്നതായി ഞാൻ കണ്ടു. ഒരു പ്രത്യേക സ്ഥാനത്തെത്തിയപ്പോൾ എന്നോടുപറഞ്ഞു, ഇത് നിന്റെ കബറിനുള്ള സ്ഥലമാകുന്നു. പിന്നീട്, എനിക്ക് ഒരു കബർ ചൂണ്ടിക്കാണിച്ചുതന്നു. അത് വെള്ളി യെക്കാളും തിളങ്ങുന്നുണ്ടായിരുന്നു. അതിന്റെ ചുറ്റുമുള്ള മണ്ണും വെള്ളിനിറത്തിലുള്ളതായിരുന്നു. അപ്പോൾ എന്നോട് പറഞ്ഞു:

ബിഹിശ്തീമഖ്ബറ



ബിഹിശ്തീമഖ്ബറയിലേക്കുള്ള പ്രവേശന കവാടം

ഇത് നിന്റെ കബറാണ് എന്ന്. ഒരു സ്ഥലമെനിക്ക് കാണിച്ച്തന്നു. അത് സ്വർഗീയരായിട്ടുള്ള വന്ദ്യാത്മാക്കളായ ജമാഅത്തംഗങ്ങളുടെ കബറുകളാണെന്ന് വ്യക്തമാക്കപ്പെടുകയുണ്ടായി. അന്ന് തൊട്ട് ജമാഅത്തിലെ ആളുകൾക്ക് വേണ്ടി ഒരു പ്രത്യേകശ്മശാനം ഏർപ്പെടുത്തുന്നതിന് ഒരു സ്ഥലം വിലക്ക് വാങ്ങണമെന്ന് എന്റെ മനസ്സിൽ വിചാരം നിലനിന്നുപോന്നു. എന്നാൽ, അനുയോജ്യമായ നിലത്തിന്ന് അന്ന് ഉയർന്ന വിലയായിരുന്നതിനാൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കാനാവാതെ നീണ്ടകാലത്തോളം മാറ്റിവെക്കേണ്ടിവന്നു. ഇപ്പോൾ നമ്മുടെ ആദരണീയനായ സുഹൃത്ത് മൌലവി അബ്ദുൽകരീം സാഹിബിന്റെ ചരമത്തിന് ശേഷം എന്റെ വേർപാടിനെ സംബന്ധിച്ച് അടിക്കടി വെളിപാടുകൾ ഉണ്ടായപ്പോൾ കബർസ്ഥാനുവേണ്ടി വളരെ വേഗം ഏർപാടുകൾ പൂർത്തീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് എനിയ്ക്ക് തോന്നി. അത്കൊണ്ട് ഉദ്യാനത്തിന് സമീപമുള്ളതും എന്റെ ഉടമസ്ഥതയിലുള്ളതും ആയിരം ഉറുപ്പികയിൽ കുറയാത്ത വിലയുള്ളതുമായ നിലം ഈ ആവശ്യാർത്ഥം ഉപയോഗപ്പെടുത്താമെന്ന് കരുതി. ഇതിൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ എന്നും സ്വർഗീയ ശ്മശാനമാക്കിത്തീർക്കട്ടെ എന്നും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സത്യഹൃദയത്തോടെ ദീനിനെ ദുനിയാവിനെക്കാളും മുന്തിക്കുകയും ഈ ലോകത്തോടുള്ള സ്നേഹം കയ്യൊഴിക്കുകയും ചെയ്തിട്ടുള്ള ജമാഅത്തിലെ പരിശുദ്ധഹൃദയരായ ആളുകളുടെ സ്വപ്ന ഭൂമിയായിരിക്കട്ടെ ഇത് എന്നും ഞാൻ പ്രാർത്ഥിച്ചു. അവർ ദൈവത്തിന് വേണ്ടിയുള്ളവരായിമാറിക്കഴിഞ്ഞവരും തങ്ങളിൽ വിശുദ്ധമായ ഒരു പരിവർത്തനം ഉണ്ടാക്കിത്തീർത്തവരും റസൂൽകരീം (സ) തിരുമേനിയുടെ തിരുസഖാക്കളെപോലെ കൂറിന്റെയും സത്യസന്ധതയുടെയും മാതൃക കാണിച്ചവരും ആയിരിക്കേണ്ടതാണ്. (ആമീൻ! യാ റബ്ബൽ ആലമീൻ!)".

"പിന്നെയും ഞാൻ ദുആ ചെയ്യുന്നു, സർവ്വശക്തനായ നാഥാ, ഈ ഭൂമിയെ യഥാർത്ഥമായ നിലയിൽ നിന്റേതായിക്കഴിഞ്ഞ ആ പരിശുദ്ധഹൃദയരും ഈ ലോകത്തെ കുറിച്ചുള്ള ദുരാഗ്രഹങ്ങളുടെ മാലിന്യം തങ്ങളുടെ കാര്യാദികളിൽ കടത്തി

യിട്ടില്ലാത്തവരുമായ എന്റെ ജമാഅത്തിലെ വിശുദ്ധാത്മാക്കളുടെ മൃതകുടീരങ്ങളാക്കിത്തീർക്കണമേ! (ആമീൻ! യാ റബ്ബൽ ആലമീൻ!)

"ഞാൻ വീണ്ടും മൂന്നാം തവണയും പ്രാർത്ഥിക്കുന്നു എന്റെ സർവ്വശക്തനും അത്യുന്നതനുമായിട്ടുള്ളവനെ, പൊറുത്തുകൊടുക്കുന്നവനും കാരുണ്യവാനുമായ നാഥാ, നിന്റെ ഈ പ്രേഷിതനിൽ സത്യഹൃദയത്തോടുകൂടിയ വിശ്വാസംപുലർത്തുന്നവരും യാതൊരു കാപട്യവും സ്വാർത്ഥവിചാരവും ദുർഭാവനയും ഹൃദയത്തിൽ പുലർത്താത്തവരും സത്യവിശ്വാസത്തിന്റെയും അനുസരണയുടേയും കടമകൾ പൂർത്തിയാക്കുന്നവരും നിനയ്ക്ക് വേണ്ടിയും നിന്റെ മാർഗത്തിൽ ഹൃദയംഗമമായി ആത്മാർപ്പണം ചെയ്തിട്ടുള്ളവരും നീ തൃപ്തിപ്പെട്ടിട്ടുള്ളവരും പൂർണ്ണമായി നിന്നോടുള്ള സ്നേഹത്തിൽ ജീവിതകാലം ചെലവഴിച്ചവരെന്ന് നീ അറിയുന്നവരും നിന്റെ പ്രേഷിതനോട് പൂർണ്ണമായ ആദരത്തോടും കറകളഞ്ഞ സത്യവിശ്വാസത്തോടുംകൂടി സ്നേഹവും അർപ്പണഭാവവും കാണിക്കുന്നവരുമായ ആളുകൾക്ക് ഈ സ്ഥലത്ത് കബറിന്നുള്ള സ്ഥാനം നീ നൽകേണമെ, (ആമീൻ, യാ റബ്ബൽ ആലമീൻ!")

'ബിഹ്ശ്തീ മഖ്ബറ'യുടെ നടത്തിപ്പ് സംബന്ധിച്ചു ഈ കൃതിയിൽ വാഗ്ദത്ത മസീഹ് ഇപ്രകാരം വിവരിച്ചു:

"ഇസ്ലാമിന്റെ ഇശാഅത്തിന്നും തബ്ലീഗിന്നും വേണ്ടി ചെലവ് ചെയ്യുന്നതിന്നായി തന്റെ മുഴുവൻ സ്വത്തിന്റെ പത്തിലൊന്നോ അതിലധികമോ ഒസ്യത്ത് ചെയ്യുന്ന ജമാഅത്ത് അംഗങ്ങളെ മാത്രമെ ഇവിടെ മറവ് ചെയ്യുവാൻപാടുള്ളുവെന്നതാണ് പ്രധാന നിബന്ധന. ഇസ്ലാമിന്റെ പുരോഗതിയ്ക്കും ഖുർആനികവിജ്ഞാനത്തിന്റെയും ദീനീഗ്രന്ഥങ്ങളുടെയും പ്രചരണത്തിന്നും ഈ പ്രസ്ഥാനത്തിന്റെ പ്രബോധകർക്കുംവേണ്ടി ഇതിൽനിന്നുള്ള വരുമാനം ചെലവഴിക്കുന്നതാണ്. അത് മേൽനോട്ടം ചെയ്യുന്നതിന് ഒരു സമിതി ഉണ്ടായിരിക്കും. ഇതിൽനിന്നുള്ള ധനം വ്യാപാരവ്യവസായ സംരംഭങ്ങളിൽ മുതലിറക്കി വികസനമുണ്ടാക്കാം. 'മുത്തഖി'യും വിരോധിക്കപ്പെട്ട എല്ലാ

റ്റിൽനിന്നും വിട്ടുനിൽക്കുന്ന ആളും യാതൊരു തരത്തിലുള്ള 'ശിർക്കിലും' 'ബിദ്അത്തി'ലും ഏർപെട്ടിട്ടില്ലാത്ത ആളും സത്യ സന്ധനും വിശുദ്ധനും ആയവരുമാണ് ഈ കബർസ്താനിൽ മറ യറക്കപ്പെടുക. യാതൊരു സ്വത്തും ഇല്ലെങ്കിലും, ധനപരമായ സേവനം ചെയ്യാൻ കഴിഞ്ഞിട്ടില്ലെങ്കിലും ദീനിന്ന് വേണ്ടി സേവന നിരതമായ ജീവിതം നയിച്ചുപോന്നിട്ടുള്ള ആളും സാലിഹും ആണെങ്കിലും അത്തരം ആളെ ഈ കബർസ്താനിൽ മറയടക്കാം."

ഈ സംരംഭത്തിന്റെ ഉദ്ദേശ്യലക്ഷ്യമായി വാഗ്ദത്ത മസീഹ് ഇപ്രകാരം വിവരിച്ചു: "വിശ്വാസപൂർണ്ണത കൈവരിച്ച വരെല്ലാം ഒരേ സ്ഥലത്ത്തന്നെ മറയടക്കപ്പെടണം എന്നുള്ളതാണ് ദൈവഹിതം. ഭാവിതലമുറകൾ അവരെ ഒരേ സ്ഥലത്ത് കാണാ നിടയാവുകയും സത്യവിശ്വാസത്തെ പുതുക്കുകയും ചെയ്യുമാ റാകുന്നതിന്നത്രെ ഇപ്രകാരം ചെയ്യുന്നത്. ദൈവത്തിന്വേണ്ടി സമർപ്പിതമായ ദീനീസേവനങ്ങളുടെ ചരിത്രം സമുദായത്തിൽ എന്നെന്നും വെളിപ്പെട്ടിരിക്കാൻ വേണ്ടിയുമത്രെ ഇത്. ഈ ശ്മശാനം സൗന്ദര്യവൽക്കരിക്കുന്നതിന്നും വൃക്ഷങ്ങൾ വച്ച്പിടി പ്പിക്കുന്നതിന്നും ഒരു കിണർ കുഴിപ്പിക്കുന്നതിന്നും നിർദ്ദേശിക്ക പ്പെട്ടിരിക്കുന്നു."

തന്റെ ആഗ്രഹങ്ങൾ സാക്ഷാൽകരിക്കപ്പെടുമെന്ന കാര്യ ത്തിൽ വാഗ്ദത്ത മസീഹിന്ന് അശേഷം സംശയമുണ്ടായിരുന്നില്ല. ഇത് ദൈവീകമായ ഒരു ഏർപ്പാടാണെന്ന് അവിടുന്ന് ഉറച്ചു വിശ്വ സിച്ചിരുന്നു.

വാഗ്ദത്തമസീഹ് (അ) പറയുന്നു: "ഇതൊക്കെയും കേവലം വിദൂരസങ്കൽപ്പങ്ങളാണെന്ന് നിങ്ങൾ കരുതേണ്ടതില്ല: മറിച്ച്, ഇത് ആകാശഭൂമികളുടെ രാജാധിരാജനായ ആ സർവ്വശ ക്തന്റെ ഉദ്ദേശ്യമാകുന്നു. ഈ ധനമെല്ലാം എങ്ങിനെ വന്ന് ചേരു മെന്നും സത്യവിശ്വാസത്തിന്റെ ആവേശത്തിൽ മാത്രമായി ഈ വീരോജ്ജ്വലമായ പ്രവൃത്തികൾ ചെയ്യുന്ന ഒരു സംഘം എങ്ങനെ രൂപപ്പെടുമെന്നുമുള്ള കാര്യത്തിൽ എനിയ്ക്ക് യാതൊരു ശങ്കയുമില്ല. എന്നാൽ, എന്റെ കാലശേഷം ഈ ധനമെല്ലാം ആരു ടേയെല്ലാം മേൽനോട്ടത്തിലാണ് ഒരുമിച്ചുകൂട്ടുന്നത് അവർ ധന

ത്തിന്റെ പെരുപ്പം കണ്ട് കാലിടറിപ്പോവുകയും ദുനിയാവിനെ മോഹിച്ചുതുടങ്ങുകയും ചെയ്യുമോ എന്ന കാര്യത്തിൽ മാത്രമെ എനിയ്ക്ക് ഉൽക്കണ്ഠയുള്ളു. അത്കൊണ്ട്, ദൈവത്തിന്ന്വേണ്ടി ഈ കാര്യങ്ങളൊക്കെ ചെയ്യാനൊരുങ്ങുന്ന വിശ്വസ്തരായ ആളുകൾ പ്രസ്ഥാനത്തിൽ കാലാകാലം ഉണ്ടായിരിക്കട്ടെ എന്ന് ഞാൻ ഇപ്പോൾതന്നെ ദുആ ചെയ്യുകയാണ്".

ഏതെങ്കിലും വ്യക്തി വസിയ്യത്ത് ചെയ്ത ശേഷം ഈമാന്റെ ബലഹീനത കാരണം അതിനെ തള്ളിപ്പറയുകയോ പ്രസ്ഥാനത്തിൽനിന്ന് മുഖം തിരിക്കുകയോ ചെയ്താൽ, അഞ്ചുമൻ നിയമപ്രകാരം ആ ആളുടെ മുതലിന്റെ ഉടമസ്ഥത പുലർത്തുന്നുവെന്ന്വന്നാലും ആ മുതൽ തങ്ങളുടെ അധീനത്തിലാക്കുന്നത് അനുവദനീയമായിരിക്കുന്നതല്ലെന്നും ആ മുഴുവൻ മുതലും മടക്കിക്കൊടുക്കേണ്ടതാണെന്നും നിബന്ധനയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ദൈവത്തിന് ആരുടേയും അത്തരം മുതൽ ആവശ്യമില്ല എന്നും അത് സ്വീകരിക്കുന്നത് അവിഹിതമാണെന്നും വാഗ്ദത്ത മസീഹ് (അ) വ്യക്തമാക്കിയിരിക്കുന്നു.

ഖാദിയാന് പുറത്ത്വെച്ച് മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ പെട്ടിയിലാക്കി സൂക്ഷിക്കേണ്ടതും അത് പിന്നീട് സൗകര്യമനുസരിച്ച് ഖാദിയാനിലെ ബിഹ്ശ്ത്തീ മക്ബറയിൽ മറയടക്കപ്പെടാവുന്നതുമാണ്. പുറം രാജ്യങ്ങളിൽനിന്ന് മയ്യത്ത് കൊണ്ടുവരാൻ സാദ്ധ്യതയില്ലാതെവരുന്നപക്ഷം അതാതിടങ്ങളിൽതന്നെ മറവ് ചെയ്യാവുന്നതാണ്. അത്തരക്കാരുടെ ഒസിയത്ത്മുതൽ അധീനപ്പെടുത്താൻ അഞ്ചുമന്ന് അധികാരമുണ്ട്. എന്നാൽ, ആ തുകകൾ അതാതു രാജ്യത്ത്തന്നെ ഉദ്ദിഷ്ടമായ ദീനീകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതുമാകുന്നു. എന്നാൽ, ഈ സ്ഥാപനങ്ങളുടെയും ഏർപ്പാടുകളുടെയും സ്ഥിരം കേന്ദ്രം ഖാദിയാനിലായിരിക്കുന്നതുമാണ്.

ഈ അഞ്ചുമന്റെ സ്ഥിരം കേന്ദ്രം ഖാദിയാനിലായിരിക്കുമെന്ന് പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ) എഴുതി:

یہ ضروری ہوگا مقام اس انجمن کا ہمیشہ قادیان رہے
کیونکہ خدا نے اس مقام کو برکت دی ہے

"ഈ അഞ്ചുമന്റെ ആസ്ഥാനം എപ്പോഴും ഖാദിയാനിൽ ആയിരിക്കണമെന്നത് നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ, ഈ സ്ഥലത്തിന്ന് അല്ലാഹു ബർക്കത്ത് നൽകിയിരിക്കുന്നു" (അൽവസിയ്യത്ത്).

പതിനെട്ടാമത്തെ നിബന്ധനയിൽ ഇപ്രകാരം വ്യവസ്ഥ പ്പെടുത്തിയിട്ടുണ്ട്: "സ്ഥാവരമോ ജംഗമമോ ആയ സ്വത്തുക്ക ളൊന്നും ഇല്ലെങ്കിലും സാലിഹ് ആയ ദർവേശും മുത്തഖിയും ഒരു മുഅ്മിനും ആയിരിക്കുന്ന ആളും കപടവിശ്വാസത്തിന്റെ അംശമോ ലൌകീകലാലസയുടെയും അനുസരണക്കേടിന്റെയും ലാഞ്ഛനയോ അയാളിൽ ഇല്ലാതിരിക്കുകയും ആണെങ്കിൽ അത്തരം ഒരാൾ എന്റെ അനുമതിപ്രകാരമോ എനിയ്ക്ക് ശേഷം അഞ്ചുമന്റെ ഏകാഭിപ്രായപ്രകാരമോ ഈ മക്ബറയിൽ മറയട ക്കപ്പെടാവുന്നതാണ്".

'ബിഹ്ശ്തീ മക്ബറ'യുടെ നടത്തിപ്പിന്ന് വേണ്ടി രൂപീ കരിക്കപ്പെട്ട അഞ്ചുമനിൽ (അഞ്ചുമൻ കാർപർദ്ദാസ്) മജ്ലിസ് ഇശാഅത്തെ ഇസ്ലാം, മജ്ലിസ് തഅ്ലീം, മജ്ലിസ് ഇൻതിസാം ഉമൂറെ മുതഫർരിഖ എന്നിവയുടെ പ്രവർത്തനങ്ങൾകൂടി സംയോ ജിപ്പിച്ചുകൊണ്ട് 'സദർ അഞ്ചുമൻ അഹ്മദിയ്യ' എന്ന കേന്ദ്ര സംഘ ടന രൂപംകൊണ്ടു. ഇതിന്റെ പ്രസിഡന്റായി മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവിയേയും സെക്രട്ടറിയായി മൌലവി മുഹമ്മദലി (എം. എ. ബി. എൽ) സാഹിബിനേയും നിയമോപദേ ശകനായി ഖാജാ കമാലുദ്ദീൻ സാഹിബിനേയും വാഗ്ദത്തമസീ ഹ് (അ) നിയമിച്ചു. സാഹിബ്സാദാ ഹസ്രത്ത് മിർസാ ബശീറു ദ്ദീൻ മഹമൂദ് അഹ്മദ് സാഹിബ് (അന്ന് ഇദ്ദേഹത്തിന്ന് പതിനേഴ് വയസ്സ് മാത്രം പ്രായമായിരുന്നു) സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, നവാബ് മുഹമ്മദ് അലീഖാൻ സാഹിബ്, അല്ലാറഖാ സാഹിബ് മദ്രാസി, മൌലവി ഗുലാം ഹസൻ സാഹിബ് പിശാവരി, ശേഖ് റഹ്മത്തുല്ല സാഹിബ്, ഡോ. മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്, ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ സാഹിബ് എന്നിവർ അഞ്ചുമന്റെ മെമ്പർമാരായും നിയമിക്കപ്പെട്ടു. ഇപ്ര കാരം ജമാഅത്തിന്റെ സർവതോൻമുഖമായ പ്രവർത്തനങ്ങളുടെ നടത്തിപ്പിന്നും മേൽനോട്ടത്തിനുംവേണ്ടിയുള്ള സദർ അഞ്ചുമൻ

അഹ്മദിയ്യ പ്രവർത്തനത്തിൽവന്നു. ഹസ്രത്ത് സാഹിബ്തന്നെ നേരിട്ട് നിയമിച്ച പതിനാല് പേരാണ് അംഗങ്ങളായിരുന്നത്. ഇതിന്റെ പ്രസിഡന്റ് സ്ഥാനത്ത് പിന്നീട് ഒന്നാം ഖലീഫയായിത്തീർന്ന ഹസ്രത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബാണ് നിശ്ചയിക്കപ്പെട്ടതെന്നും അഞ്ചുമന്റെ ഒന്നാമത്തെ വാർഷീകറിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സദർ അഞ്ചുമൻ അഹ്മദിയ്യ ജമാഅത്തിന്റെ പരമാധികാര സഭയായി അംഗീകരിക്കപ്പെട്ടെങ്കിലും അത് ഹസ്രത്ത് സാഹിബിന്റെ കീഴിലാണ് പ്രവർത്തിച്ചുപോന്നത്. അഞ്ചുമന്റെ തീരുമാനത്തെ വീറ്റോ ചെയ്യാൻ മസീഹ് (അ) മിന്ന് അവകാശവും അധികാരവും ഉണ്ടായിരുന്നു. അപ്രകാരംതന്നെ ഖലീഫത്തുൽ മസീഹിന്നും ആ അവകാശാധികാരങ്ങൾ കൈവരുന്നു. വാഗ്ദത്ത മസീഹിന്റെ കാലത്ത് തന്നെ അഞ്ചുമൻ എടുത്ത ഒരു നിയമനതീരുമാനത്തെ അവിടുന്ന് വീറ്റൊ ചെയ്യുകയുണ്ടായിട്ടുണ്ട്.

79 – കൃഷ്ണാവതാരം

1904 ആഗസ്റ്റ് 20–ല്പ ഹസ്രത്ത് അഹ്മദ് (അ) ഗുർദാസ്പൂരിൽനിന്ന് കുടുംബസമേതം ലാഹൗറിലേയ്ക്ക് പുറപ്പെട്ടു. മൌലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ), മൌലാന അബ്ദുൽകരീം സാഹിബ് (റ), മകളുടെ ഭർത്താവ് നവാബ് മുബമ്മദലിഖാൻ സാഹിബ്, മൌലവി മുഹമ്മദലിസാഹിബ് തുടങ്ങിയവരും അനുഗമിച്ചിരുന്നു. ലാഹൗറിലെത്തിയപ്പോൾ ഹിന്ദുക്കളും മുസ്ലിംകളുമായ ഒരു വലിയ ജനക്കൂട്ടം സ്വീകരിക്കുവാൻ സ്റ്റേഷനിലെത്തിയിരുന്നു. ഏതാനും യൂറോപ്യരും കൂട്ടത്തിലുണ്ടായിരുന്നു. ഹസ്രത്ത് മിയാൻ മിഅ്റാജുദ്ദീൻ ഉമർസാഹിബിന്റെ ഭവനത്തിലാണ് താമസിച്ചത്. അവിടം പിന്നീട് 'മുബാറക്ക് മൻസിൽ' എന്ന് അറിയപ്പെട്ട് പോന്നു. ലാഹൗറിൽവെച്ച് സപ്തംബർ 3–ന് "ഇസ്ലാമും മറ്റു മതങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രഭാഷണം നടത്താൻ പരിപാടി ഒരുക്കിയിരുന്നു. എഴുതിത്തയ്യാറാക്കിയ ഉപന്യാസം മൌലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) വായിച്ച് അവതരിപ്പിച്ചു. ഇസ്ലാം

ജീവനുള്ള മതമാണ് എന്നാണ് ഈ ഉപന്യാസത്തിൽ തെളിയിച്ചു കാട്ടിയത്.* ഇതിന്ശേഷം ശ്രോതാക്കൾ ആവശ്യപ്പെട്ടതനുസരിച്ച് ഹുസൂർ അൽപനേരം സംസാരിച്ചു. മതപരമായ അഭിപ്രായ വ്യത്യാസങ്ങൾ പരസ്പരശത്രുതയ്ക്ക് കാരണമാക്കിക്കൂടായെന്നും വിശാലഹൃദയത്വം വളർത്തണമെന്നും വിദ്വേഷവും പകയും കൈയ്യൊഴിക്കണമെന്നും അവിടുന്ന് ഉപദേശിച്ചു. മിർസാ സാഹിബിന്റെ പ്രസംഗം കേൾക്കാൻ ആരും പോകരുതെന്നും അങ്ങിനെ പോകുന്നവരുടെ വിവാഹബന്ധം മുറിഞ്ഞുപോകുന്നതാണെന്നും ശത്രുക്കൾ ദുഷ്പ്രചരണം നടത്തി ജനങ്ങളെ വിലക്കിയിരുന്നെങ്കിലും ഒരു വമ്പിച്ച ജനസമൂഹം യോഗത്തിൽ സംബന്ധിച്ചിരുന്നു.

ലാഹൗർ യാത്രയ്ക്ക് ശേഷം രണ്ട് മാസം കഴിഞ്ഞപ്പോൾ 1904 ഒക്ടോബറിൽ സിയാൽകോട്ട് സന്ദർശനം നടത്തി. താൻ കൃഷ്ണാവതാരമാണെന്ന് അസന്ദിഗ്ദ്ധമായി ഘോഷിച്ചത് സിയാൽകോട്ട് വെച്ച് നടത്തിയ പ്രഭാഷണത്തിലാകയാൽ ഈ സിയാൽകോട്ട് യാത്ര ചരിത്രപ്രധാനമായി.

ഒക്ടോബർ 27-നു ഖാദിയാനിൽനിന്ന് പുറപ്പെട്ടു ബട്ടാല, അമൃത്സർ, ലാഹൗർ സ്റ്റേഷനുകളിൽ വാഗ്ദത്ത മസീഹിനെ ഒരു നോക്ക് കാണുവാനായി ജനക്കൂട്ടം തടിച്ചുകൂടിയിരുന്നു. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസ് സഹായം ആവശ്യമായിവന്നു. സിയാൽകോട്ട് എത്തിയപ്പോഴാകട്ടെ അത് ജനസമുദ്രമായി. ഓണററി മജിസ്ട്രേട്ട് ആഗാ മുഹമ്മദ് ബാഖിർ ഖാൻ ഹസ്രത്ത് സാഹിബിന്റെ വണ്ടിയെ അനുയാത്രചെയ്തിരുന്നു. രാത്രി നേരത്താണ് സിയാൽകോട്ട് എത്തിച്ചേർന്നത്. ഹസ്രത്ത് ഹക്കീം ഹുസാമുദ്ദീൻ സാഹിബിന്റെ ഭവനത്തിൽ വാഗ്ദത്ത മസീഹ് താമസമാക്കി. ഹസ്രത്ത് അഹ്മദ് (അ) സിയാൽകോട്ട് കച്ചേരിയിൽ ജോലി ചെയ്തിരുന്ന കാലം മുതൽ അടുത്ത സുഹൃത്തായിരുന്നു ഹുസാമുദ്ദീൻ സാഹിബ് (റ). സിയാൽകോട്ട് നിന്നുള്ള അഹ്മദികൾക്ക് പുറമെ ഗുജറാത്ത്, ഗുജറാൻവാല,

* 'ലാഹൗർ പ്രഭാഷണം' എന്ന പേരിൽ ഈ ഉപന്യാസം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിവർത്തകൻ മൌലവി മുഹമ്മദ് ഉമർ സാഹിബ്, എച്ച്. എ.

ലാഹൗർ തുടങ്ങിയ പ്രദേശങ്ങളിൽനിന്നുള്ള ശിഷ്യൻമാരും സന്ദർശകരും എത്തിച്ചേർന്നിരുന്നു. ഹുസൂറിന് വമ്പിച്ച സ്വീകരണം നൽകപ്പെട്ടു. ഒരു മംഗളപത്രികയും സമർപ്പിക്കപ്പെടുകയുണ്ടായി.

രണ്ടാം ദിവസം ഒക്ടോബർ 28 ഒരു ജുമാ ദിവസമായിരുന്നു. ധാരാളം പേർ ബൈഅത്ത് ചെയ്യുകയുണ്ടായി. പന്ത്രണ്ടോളം തലപ്പാവുകൾ നീട്ടിയിട്ടാണ് ബൈഅത്ത് കർമ്മം നിർവഹിക്കപ്പെട്ടത്.

അതിഥികളുടെ ബാഹുല്യം കാരണം ആതിഥേയർക്ക് ഭാരമാവുമെന്നതിനാൽ ഉടൻ തിരിച്ചുപോവാൻ വാഗ്ദത്ത മസീഹ് ആഗ്രഹിച്ചുവെങ്കിലും ഹുസാമുദ്ദീൻ സാഹിബിന്റെയും മറ്റും സ്നേഹമസൃണമായ നിർബന്ധത്തിന് വഴങ്ങേണ്ടി വന്നു. സിയാൽകോട്ട് സിറ്റി മജിസ്ട്രട്ട് സർദാർ മുഹമ്മദ് യൂസുഫ് ഖാൻ നിയമസമാധാന ക്രമം പാലിക്കുന്നതിന്റെ പേരിൽ ഹസ്രത്ത് സാഹിബിന്റെ കൂടെതന്നെ കഴിച്ചുകൂട്ടി. ഒക്ടോബർ 31-നു വൈകുന്നേരം ഉപന്യാസം എഴുതാനിരുന്നു. നവമ്പർ 1-നു തന്നെ അത് അച്ചടിക്കാൻ തയാറായ നിലയിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്തു. ഹുസൂർ സമ്മേളന സ്ഥലത്തേയ്ക്ക് പോകുന്നതിനിടയിൽ ജാഥയെ ലക്ഷ്യമാക്കി കല്ലേറുണ്ടായി.

'സിയാൽകോട്ട് പ്രഭാഷണ'ത്തിൽ ഹസ്രത്ത് അഹ്മദ് (അ) താൻ കൃഷ്ണാവതാരമാണെന്ന വാദം ആദ്യമായി പ്രഖ്യാപിച്ചു. അവിടുന്ന് പറഞ്ഞു:*

"ഈ കാലഘട്ടത്തിൽ അല്ലാഹുവിൽനിന്ന് ഞാൻ വെളിപ്പെട്ടിരിക്കുന്നത് മുസ്ലിംകളുടെ സമുദ്ധാരണത്തിന് വേണ്ടി മാത്രമല്ല, മുസൽമാൻമാരുടേയും ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും അപ്രകാരംതന്നെ മുസ്ലിംകളുടെയും ഉദ്ധാരണത്തെ മുൻനിർത്തിയാണ്. ലോകത്ത് നിറഞ്ഞുകിടക്കുന്ന പാപങ്ങളെ ദൂരീകരിക്കുന്നതിനായിട്ട് ഞാൻ മസീഹ്ബുനു മറിയമിന്റെ പ്രതി

* 'ലക്ചർ സിയാൽകോട്ട് എന്ന പേരിൽ ഈ ഉപന്യാസം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വിവർത്തകൻ-എൻ. അബ്ദുർറഹീം

രൂപത്തിൽ വെളിപ്പെട്ടത് പോലെ ഞാൻ ഹിന്ദുക്കളുടെ അവതാരങ്ങളിൽ എല്ലാം വെച്ച് ഏറ്റവും വലിയ അവതാരമായിരുന്ന രാജാ കൃഷ്ണന്റെയും പ്രതിരൂപമാണെന്ന വസ്തുത കഴിഞ്ഞ ഇരുപത് കൊല്ലത്തിലേറെകാലമായി ഞാൻ വെളിപ്പെടുത്തിയിരിക്കുന്നു. അല്ലാഹു എന്നെ മുസ്ലിംകൾക്കും ക്രസ്ത്യാനികൾക്കും വേണ്ടി വാഗ്ദത്ത മസീഹായി നിയോഗിച്ചിട്ടുള്ളത് പോലെ ഞാൻ ഹിന്ദുക്കൾക്ക് ഒരു അവതാരവും കൂടിയാണ്. ആത്മീയഭാഷയിൽ പറഞ്ഞാൽ ഞാൻ കൃഷ്ണൻ തന്നെയാകുന്നു. ഒരു തവണയല്ല എത്രയോ തവണ നീ ഹിന്ദുക്കൾക്ക് കൃഷ്ണനും മുസൽമാൻമാർക്കും ക്രസ്ത്യാനികൾക്കും വാഗ്ദത്ത മസീഹുമാണ് എന്ന് ദൈവം എന്നോട് പറഞ്ഞു. അജ്ഞനായ മുസ്ലിം ഇത് കേട്ട ഉടൻതന്നെ പറഞ്ഞേയ്ക്കും: 'ഇതാ ഇവൻ കാഫിറിന്റെ പേർ സ്വായത്തമാക്കിക്കൊണ്ട് വ്യക്തമായ തരത്തിൽ കുഫ്റിനെ പുണർന്നിരിക്കുന്നു' എന്ന്! എന്നാൽ, ഇത് ദൈവത്തിൽനിന്നുള്ള വെളിപാട് (വഹ്യ്) ആകുന്നു. അത് തുറന്ന് പറയാതിരിക്കുവാൻ എനിയ്ക്ക് നിർവാഹമില്ലതന്നെ. ഇത്തരം ഒരു സദസ്സിൽ ഞാൻ ഇക്കാര്യം തുറന്ന് പറയുന്നത് ഇത് ആദ്യമാണ്. എന്തെന്നാൽ ദൈവത്തിൽനിന്ന് വെളിപ്പെടുന്ന ആളുകളാരോ അവർ ദുർഭാഷണക്കാരുടെ ആക്ഷേപങ്ങളും ശകാരങ്ങളും കേട്ട് ഭയപ്പെടുന്നവരല്ല.

"രാജാ കൃഷ്ണൻ യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യൻ* ആയിരുന്നുവെന്ന് എനിയ്ക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് തുല്യനായി ഹിന്ദുക്കളുടെ ഋഷിമാരിലും അവതാരങ്ങളിലും മറ്റൊരാളെ കാണാനാവില്ല. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബിയായിരുന്നു. ദൈത്തിൽനിന്നുള്ള 'റൂഹുൽ ഖുദ്സ്' അഥവാ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്നുള്ള ജേതാവും ഐശ്വര്യവാനും ആയിരുന്നു. ആര്യാ

* 'കാമിൽ ഇൻസാൻ' (പരിപൂർണ്ണ മനുഷ്യൻ) എന്ന് വാഗ്ദത്ത മസീഹ് (അ) പ്രവാചകൻ എന്നതിന്റെ പര്യായമെന്നോണമാണ് എല്ലായിടത്തും ഉപയോഗിച്ചു വന്നിരുന്നത്. ഇവിടെയും ആയർത്ഥത്തിൽ തന്നെയാണ്. 'ഇൻസാനുൽ കാമിൽ' എന്ന് ഉപയോഗിച്ചിട്ടുള്ളത് – ഗ്ര.

വർത്തത്തെ പാപത്തിൽനിന്ന് ശുദ്ധീകരിച്ച അദ്ദേഹം തന്റെ കാല ഘട്ടത്തിലെ നബിതന്നെയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാഠങ്ങൾ പിൽകാലത്ത് മാറ്റിമറിക്കപ്പെട്ടു. ദൈവപ്രേമം നിറഞ്ഞുതുളുമ്പിയ ആളായിരുന്നു അദ്ദേഹം. നന്മയോടുള്ള സ്നേഹവും തിന്മയോടുള്ള വെറുപ്പും പുലർത്തിയിരുന്നു. അവസാന കാലത്ത് അദ്ദേഹത്തിന്റെ ഒരു പ്രതിരൂപം അഥവാ അവതാരം വെളിപ്പുടുമെന്നത് ദൈവത്തിന്റെ വാഗ്ദാനം ആയിരുന്നു. ആ വാഗ്ദത്തം എന്റെ പ്രാദുർഭാവത്തോടെ പൂർത്തിയായിരിക്കുന്നു. മറ്റ് വെളിപാടുകളോടൊപ്പം എന്നെപറ്റി എനിയ്ക്ക് ലഭിച്ച മറ്റൊരു വെളിപാട് ഇതും ആയിരുന്നു:

"ഓ കൃഷ്ണാ, രുദ്രഗോപാലാ 'നിന്റെ മഹിമ ഗീതയിൽ എഴുതപ്പെട്ടിരിക്കുന്നു'!

"ആകയാൽ, ഞാൻ കൃഷ്ണനെ സ്നേഹിക്കുന്നു. എന്തെന്നാൽ, ഞാൻ അദ്ദേഹത്തിന്റെ പ്രതിരൂപമാകുന്നു. ഇവിടെ മറ്റൊരു രഹസ്യവും കൂടിയുണ്ട്. കൃഷ്ണനിൽ ആരോപിക്കപ്പെട്ടിട്ടുള്ള ഗുണവിശേഷങ്ങൾ ഏതോ അവ (പാപങ്ങളെ സംഹരിക്കുന്നവനും പാവങ്ങളെ സംരക്ഷിക്കുന്നവനും) വാഗ്ദത്ത മസീഹിന്റെയും ഗുണഭാവങ്ങൾ ആകുന്നുവല്ലോ. ചുരുക്കത്തിൽ ആത്മീയഭാഷയിൽ പറഞ്ഞാൽ കൃഷ്ണനും വാഗ്ദത്ത മിശിഹായും ഒരാൾ തന്നെയാകുന്നു. സാമുദായികമായ ശബ്ദശൈലിയിൽ മാത്രമാണ് വ്യത്യാസമുള്ളത്."

വാഗ്ദത്ത മസീഹ് തുടർന്നു: "ഞാനിനി കൃഷ്ണനെന്ന നിലയിൽ ആര്യസുഹൃത്തുക്കൾക്ക് അവരുടെ തെറ്റിനെ കുറിച്ച് മുന്നിറിയിപ്പ് നൽകികൊള്ളട്ടെ. അവയിലൊന്ന് ഞാൻ മുമ്പേ പറഞ്ഞുവന്നത് തന്നെയാകുന്നു. ആത്മാക്കളും പ്രകൃതിയെന്നും പരമാണു എന്നും പറയപ്പെടുന്ന പ്രപഞ്ച അണുക്കളും അസൃഷ്ടങ്ങളും അനാദിയുമാണെന്ന ധാരണയും വിശ്വാസ സിദ്ധാന്തവും ശരിയല്ല എന്നുള്ളതാണ് അത്.

"മറ്റാരുടെയെങ്കിലും ആശ്രയത്തിൽ നിലനിൽക്കുന്നവനല്ലാത്ത ആ പരമേശ്വനല്ലാതെ സ്വയംഭൂവായി മറ്റൊന്നുംതന്നെയില്ല. മറ്റുള്ളവരുടെ ആശ്രയത്തിൽ ജീവിക്കുന്നതെന്തോ അത്

ചില പ്രമുഖ സഹാബിമാർ

മൌലാനാ സർവർ ഷാ (റ)

മുൻഷി അറോഡെ ഖാൻ

ഹസ്രത്ത് മുൻഷി സഫർ അഹ്മദ് സാഹിബ് (റ)

നവാബ് മുഹമ്മദലിഖാൻ സാഹിബ് (റ)

യഅ്ഖൂബ് അലി ഇർഫാനി (റ)



മൌലാനാ ശേർ അലി(റ)



മൌലാനാ സുൽഫിഖാർ അലി ഖാൻ സാഹിബ് (റ)

ഡോ. മിർസാ യാഖൂബ് ബേഗ്

ഡോ. മുഹമ്മദ് ഇസ്മയിൽ ഖാൻ

ഭായി അബ്ദുർറഹ്മാൻ സാഹിബ് (റ)



സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

അബൂ സഈദ് അബ്ദുല്ലാഹ് അറബ് സാഹിബ് (റ)

പീർ സിറാജുൽ ഹഖ് നുഅ്മാനി (റ)

ഹസ്രത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ (റ)

ഹസ്രത്ത് ഭായി അബ്ദുർറഹീം(റ)

സേഠ് അഹ്ദുർറഹ്മാൻ മദ്രാസി(റ)

മൌലാൻ മുഹമ്മദലി സാഹിബ്
എം.എ.എൽ.എൽ.ബി

ഖാജാ കമാലുദ്ദീൻ

ഗുലാം റസൂൽ രാജകി (റ)

ഹസ്രത്ത് മൌലാനാ ഹാഫിസ്
റോശൻ അലി സാഹിബ് (റ)

മുഹമ്മദ് അലക്സാണ്ടർ റസ്സൽ വെബ്ബ്

ആദ്യത്തെ അമേരിക്കൻ മുസ്ലിം

സ്വയംഭൂവായിരിക്കാവതല്ല. ജീവാത്മാക്കളുടെ ഗുണങ്ങൾ സ്വത സിദ്ധങ്ങളാണോ? അവയെ ആരും സൃഷ്ടിച്ചതല്ലെ? ഇത് ശരി യാണെങ്കിൽ ജീവാത്മാക്കൾക്ക് സ്വയം ശരീരത്തിൽ പ്രവേശി ക്കുവാനും സാധിക്കുമല്ലോ. പരമാണുക്കളുടെ സംയോജനവും വിശ്ലഥനവും സ്വയം സംഭവിക്കാവുന്നതുമാണ് ഇപ്രകാരമാണെ ങ്കിൽ പരമേശ്വരന്റെ അസ്തിത്വം അംഗീകരിക്കുന്നതിന് യാതൊരു ന്യായയുക്തിയും നിങ്ങളുടെ പക്കൽ അവശേഷിക്കുകയില്ല."

ഹസ്രത്ത് അഹ്മദ് (അ) തുടർന്നു: "ഈ പിഴവ് ആര്യ സുഹൃത്തുക്കളെ മറ്റൊരു പിഴവിൽ തളച്ചിട്ടിരിക്കയാണ്.... മുക്തി അവരുടെ പക്കൽ കാലപരിധിക്കധീനമാണ്. അതേയവസരത്തിൽ പുനർജന്മ സിദ്ധാന്തം എന്നേയ്ക്കും കണ്ഠത്തിലെ ഹാരമായി കരുതുകയും ചെയ്യുന്നു. പുനർജന്മത്തിൽനിന്ന് മോചനമില്ലത്രെ.... ദൈവം നിത്യമുക്തി നൽകുന്നതിന് കഴിവുള്ളവനാണെങ്കിലും സർവ്വശക്തിമാൻ തന്നെയാണെങ്കിലും പുനർജന്മപ്രക്രിയ മുറിഞ്ഞ് പോവാതിരിക്കുന്നതിനാണ് മുക്തിക്ക് കാലപരിധി നിശ്ചയിച്ചിട്ടു ള്ളതത്രെ. ജീവാത്മാക്കൾ ഒരു നിശ്ചിത എണ്ണം മാത്രമായിരിക്കു കയും നിരവധി ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ശാശ്വത മുക്തി നൽകപ്പെടുമ്പോൾ പുനർജന്മ പ്രക്രിയ നിലച്ചു പോകുന്നതാണ്. എന്തുകൊണ്ടെന്നാൽ, ശാശ്വത മുക്തി പ്രാപി ക്കുന്ന ജീവാത്മാവ്* മുക്തി ശാലയിൽ പ്രവേശിച്ച് കഴിഞ്ഞാൽ പരമേശ്വരന്റെ അധീനത്തിൽനിന്ന് സ്വതന്ത്രമായിത്തീരുന്നു. അങ്ങിനെ വരുമ്പോൾ ഈ പ്രതിദിനനിഷ്ക്രമണത്തിന്റെ ഫലാന്തം എന്തെന്നാൽ പുനർജന്മ പ്രക്രിയക്ക് വിധേയമാക്കാൻ പരമേശ്വ രന്റെ പക്കൽ ഒരൊറ്റ ജീവാത്മാവും ഉണ്ടാവുകയില്ലാ എന്നതാ യിരിക്കും. എന്നാകിലും ഒരിക്കൽ ഈ തൊഴിൽ അവസാനിക്കു

* "മോക്ഷം പ്രാപിച്ച ജീവാത്മാക്കൾ മഹാകൽപ്പം കഴിയുന്നത്വരെ മുക്താവ സ്തയിൽ ബ്രഹ്മാനന്ദം അനുഭവിച്ചുകൊണ്ടിരുന്നതിന് ശേഷം മുക്തി സുഖത്തെ ത്യജിച്ച് വീണ്ടും സംസാരത്തിലേയ്ക്ക് വന്നുചേരുന്നു.... യാതൊരു ജീവാ ത്മാവും മുക്തിയിൽനിന്ന് പ്രപഞ്ചത്തിലെയ്ക്ക് തിരിച്ചുവരുന്നതല്ലെങ്കിൽ ഇക്കാ ണുന്ന ലോകത്തിന്റെ ഉന്മൂല നാശം–മൂലതോഹാനി–തന്നെ വന്നുപോകുന്നതാ ണ്. ജീവാത്മാക്കൾ പ്രപഞ്ചത്തിൽ ബാക്കിയില്ലാതായിത്തീരുമെന്നർത്ഥം" (സ ത്യാർത്ഥ പ്രകാശം – സ്വാമി ദയാനന്ദസരസ്വതി–മലയാള പതിപ്പ്, ഭാ. 296–297)–ഗ്ര.

മെന്നതിനാൽ പരമേശ്വരന്ന് നിഷ്ക്രിയനായിരിക്കേണ്ടിവരുന്നതു മാണ്. ഈ നിർബന്ധിതസാഹചര്യങ്ങൾ കാരണം മുക്തിക്ക് കാലപരിധി നിർണയിക്കാൻ പരമേശ്വരൻ നിശ്ചയിച്ചുവത്രെ. ഒരിക്കൽ മോക്ഷം പ്രാപിച്ചുകഴിഞ്ഞാൽ പാപങ്ങളിൽനിന്ന് ശുദ്ധീകരിക്കപ്പെട്ട് പാപരഹിതരായി തീർന്നിട്ടുള്ളവർ മുക്തിശാലയിൽനിന്ന് പുറത്താക്കപ്പെടുന്നത് എന്തിനാണെന്ന മറ്റൊരു പ്രശ്നം ഇവിടെ ഉന്നയിക്കപ്പെടാം. മുക്തിസ്ഥാനത്ത് പ്രവേശിപ്പിക്കപ്പെടുന്ന ഓരോ ജീവാത്മാവിലും ഒരു പാപം അവശേഷിച്ചിരിക്കുമെന്നും ആ പാപത്തിന്റെ ശിക്ഷയായിട്ടാണ് അവസാനം എല്ലാ ഓരോ ആത്മാവും മുക്തിശാലയിൽനിന്ന് പുറത്താക്കപ്പെടുന്നതുമെന്നുമാണ് ഈ ആക്ഷേപത്തിനുള്ള മറുപടിയത്രെ.

"ദൈവത്തിന്റെ സൃഷ്ടികർത്തൃത്വത്തെ നിഷേധിച്ചുകൊണ്ട് ആര്യസുഹൃത്തുക്കൾ തങ്ങളുടെ നിലപാടിനെ വലിയ കുഴപ്പത്തിൽ പെടുത്തിയിരിക്കുകയാണ്. പരമേശ്വരന്റെ പ്രവൃത്തികളെ പറ്റി തങ്ങളുടെ സ്വന്തം പ്രവൃത്തികൾക്കൊപ്പിച്ച് ചിന്തിച്ചുകൊണ്ട് അവനെ അപമാനിക്കുകയും ചെയ്തു. ദൈവം എല്ലാ ഗുണങ്ങളിലും സൃഷ്ടികളിൽനിന്ന് വിഭിന്നനാണ്. സൃഷ്ടികളുടെ ഗുണങ്ങളുടെ നിലവാരം വച്ച് ദൈവത്തെ അളക്കുന്നത് തെറ്റാകുന്നു.

"ഇല്ലായ്മയിൽനിന്ന് ഒന്നും ഉണ്ടാവുകയില്ലാ എന്നത് സൃഷ്ടികളുടെ വ്യാപാരങ്ങളെ സംബന്ധിക്കുന്ന ബുദ്ധിയുടെ വികലാനുഭവമാകയാൽ, ഇതേ തത്വത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ ഗുണങ്ങളെയും ഉൾപെടുത്തുകയെന്നത് ചിന്താശൂന്യതയാണ്."

വീണ്ടും പറയുന്നു: "ആര്യ മതക്കാരിൽ നടപ്പായിട്ടുള്ള 'നിയോഗം'* എന്ന സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം അത്

* "സന്താനമില്ലാത്ത ഒരുവന്റെ ഭാര്യ സന്തതി ലാഭാർത്ഥം ആയാളുടെ ജ്ഞാതികളിൽ ഒരുവനെ പ്രാപിക്കുക എന്ന സമ്പ്രദായത്തിനാണ് നിയോഗം എന്ന് പറയുന്നത്. ഇത് മനുവും മറ്റും വിധിച്ചിട്ടുള്ളതാണ് എന്ന് 'ശബ്ദതാരാവലി' പറയുന്നു. (സത്യാർത്ഥപ്രകാശം ചതുർത്ഥോല്ലസത്തിൽ നിയോഗവിധികളെ പറ്റി വിവരിച്ചിട്ടുണ്ട്.) –ഗ്ര.

ഉപേക്ഷിക്കണമെന്ന ഉപദേശം ഞാൻ അടിക്കടി നൽകികൊണ്ടി രുന്നിട്ടുണ്ട്. ഒരാൾ തന്റെ എല്ലാ മാനാഭിമാനങ്ങൾക്കും ആശ്രയം കൊള്ളുന്ന തന്റെ ബഹുമാന്യയായ പത്നിയെ താൻ അവളുടെ അറിയപ്പെടുന്ന ഭർത്താവായിരിക്കുകയും അതിൽ ഉറച്ചിരിക്കു കയും ചെയ്യുവെ, പരിശുദ്ധയും പതിവ്രതയുമായ ആ പത്നിയെ സന്താന ലാഭാർത്ഥം മറ്റൊരാളുടെ കൂടെ ശയിക്കാൻ അനുവദി ക്കുക എന്ന സമ്പ്രദായം മനുഷ്യപ്രകൃതി ഒരിക്കലും അംഗീകരി ക്കാത്തതാണ്. ഇത് സംബന്ധിച്ച് ഞാൻ കൂടുതൽ ഒന്നും ഇവിടെ എഴുതാൻ ആഗ്രഹിക്കുന്നില്ല. മാന്യൻമാരായ ആളുകളുടെ കോൺഷ്യൻസിന് ഞാനത് വിട്ടിരിക്കുന്നു."

കൃഷ്ണാവതാരം സംബന്ധിച്ച് അദ്ദേഹം തന്റെ മറ്റ് ഗ്രന്ഥ ങ്ങളിലും പ്രതിപാദിക്കുകയുണ്ടായി. 'തുഹ്ഫ ഗോൾഡവിയ' യയിൽ ഇപ്രകാരം പറയുന്നു: "ഒരിക്കൽ ഞാനൊരു ദർശനത്തിൽ സംസ്കൃതത്തിൽ നല്ല സ്വാധീനമുള്ള ഒരാളെ കണ്ടു. അദ്ദേഹം കൃഷ്ണ ഭക്തനായിരുന്നു. എന്റെ മുമ്പിൽനിന്നുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു (ഹിന്ദിയിൽ) : അല്ലയോ സൂകരഹന്താവും ഗോരക്ഷകനുമായുള്ളോവെ, ഭവാന്റെ സ്തുതി ഗീതയിൽ എഴു തപ്പെട്ടിരിക്കുന്നു. ഹിന്ദുവോ, മുസ്ലിമോ, ക്രിസ്ത്യാനിയോ ആയ സകലരും ലോകമാസകലം തങ്ങളുടേതായ വാക്കുകളിലും ഭാഷ കളിലും വിവരിക്കപ്പെട്ട നിലയിൽ സൂകരഹന്താവും ഗോരക്ഷക നുമായ ഒരാളെ കാത്തിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ ആവിർഭാവകാലം ഇതുതന്നെയാണെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണെന്നും ഇതിൽനിന്ന് ഞാൻ മനസ്സിലാക്കു ന്നു. ഈ രണ്ട് ഗുണങ്ങളും എനിയ്ക്ക് സ്വായത്തമായിരിക്കു ന്നു. ഈ പ്രവചനം ആരിൽ പൂർത്തിയാവുന്നോ അദ്ദേഹം ആര്യാ വർത്തത്തിലാണ് പ്രത്യക്ഷപ്പെടുക എന്നത് ഹിന്ദുക്കളിൽ പ്രാചീ നകാലംതൊട്ടേ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. അതായത്, ഇന്ത്യ യിൽ! അദ്ദേഹത്തിന്റെ പ്രവാസസ്ഥലത്തെപറ്റിയും പ്രവചനത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ, അതെല്ലാം അലങ്കാരഭാഷയിൽ വ്യാഖ്യാനവിധേയങ്ങളായി മാത്രം" (തുഹ്ഫ ഗോൾഡവിയ, ഭാ. 130, അടിക്കുറിപ്പ്, തദ്കിറ, ഇംഗ്ലീഷ്. പു. 220).

"ആര്യാക്കളിൽ കൃഷ്ണൻ എന്ന് പേരായ ഒരാൾ ദൈവത്തിന്റെ വരിഷ്ഠനും പ്രവാചകനുമായിരുന്നുവെന്ന് തുടർച്ചയായി ആത്മദർശനങ്ങളിൽ അല്ലാഹു എനിയ്ക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു. ഹിന്ദുക്കളിൽ പ്രചാരമുള്ള അവതാരം എന്ന വാക്ക് പൊരുളിൽ പ്രവാചകനെന്നതിന്ന് പകരമാകുന്നു. അവസാന കാലത്ത് കൃഷ്ണന്റെ സ്വഭാവങ്ങളോടുകൂടിയ ഒരാൾ, ഒരവതാര പുരുഷൻ ജനിക്കുമെന്നും അദ്ദേഹം കൃഷ്ണന്റെ പ്രതിബിംബമായിരിക്കുമെന്നും ഹിന്ദുപുരാണങ്ങളിൽ പ്രവചനമുണ്ട്. ആ പ്രവചിതപുരുഷൻ ഞാനാണെന്ന് എനിയ്ക്ക് വെളിപാടുണ്ടായിരിക്കുന്നു. കൃഷ്ണന്ന് രണ്ട് ഗുണങ്ങളുണ്ടായിരുന്നു. ഒന്ന് ദുഷ്ട മൃഗങ്ങളെ–സൂകരങ്ങളെ–ഹനിക്കുന്നവൻ എന്നുവെച്ചാൽ, ന്യായയുക്തികളാലും ദൃഷ്ടാന്തങ്ങളാലും ദുഷ്ടപ്രകൃതക്കാരെ വധിക്കുന്നവൻ. രണ്ട് അദ്ദേഹം തന്റെ ആത്മീയചൈതന്യത്താൽ സ്വാത്വീകരെയും സദ്ധർമികളേയും രക്ഷിക്കുന്നവൻ. ഈ രണ്ട് ഗുണങ്ങളും വാഗ്ദത്ത മസീഹിന്റെ ഗുണങ്ങളാകുന്നു. ദൈവം എനിയ്ക്ക് ഈ രണ്ട് ഗുണങ്ങളും അനുഗ്രഹിച്ചരുളിയിരിക്കുന്നു."

"ആര്യാക്കൾ ഇക്കാലത്ത് അവതരിക്കുമെന്ന് പ്രതീക്ഷിക്കുന്ന കൃഷ്ണനാകുന്നു ഞാൻ. ഞാനിത് സ്വന്തമായി പറയുകയല്ല. അവസാനകാലത്ത് പ്രത്യക്ഷപ്പെടേണ്ടിയിരുന്ന ആര്യാക്കളുടെ രാജാവായ കൃഷ്ണൻ ഞാൻതന്നെയാണെന്ന് ദൈവം ആവർത്തിച്ചാവർത്തിച്ച് വെളിപാട് മുഖേന എന്നെ അറിയിച്ചിരിക്കുന്നു." (തതിമ്മ ഹക്കീക്കത്തുൽ വഹ്യ്, പു. 95)

"ഞാൻ ഒരു ആത്മദർശനത്തിൽ കണ്ടു, ഹിന്ദുക്കൾക്കിടയിൽ ഒരുക്കപ്പെട്ട ഒരു വലിയ ചത്വരസിംഹാസനത്തിൽ ഞാനിരിക്കുകയായിരുന്നു. ഒരു ഹിന്ദു മറ്റൊരാളോട് തിരക്കി, കൃഷ്ണനെവിടെ? അദ്ദേഹം എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് അതാ അതാണ് കൃഷ്ണൻ എന്നുപറഞ്ഞു. അപ്പോൾ അവിടെ സന്നിഹ്തരായിരിക്കുന്ന ഹിന്ദുക്കളെല്ലാം പണവും മറ്റ് വസ്തുക്കളും എനിയ്ക്കായി അർപിച്ചുകൊണ്ടിരുന്നു. അവരിൽ ഒരാൾ ഘോഷിച്ചു, 'ഓ കൃഷ്ണാ, സുകരഹന്താവെ, ഗോപാലാ!" (ബദർ, വാല്യം –2, നമ്പർ, 41–42, 1903 നവമ്പർ –8, തദ്കിറ, ഇംഗ്ലീഷ്, പു. 221)

"ഞാനൊരിക്കൽ ഒരാത്മദർശനത്തിൽ കൃഷ്ണനെ കണ്ടു. അദ്ദേഹം ശ്യാമള വർണനായിരുന്നു. മനോഹരമായ മൂക്ക്, വിശാലമായ ഫാലദേശം. അദ്ദേഹം നിന്നുകൊണ്ട് തന്റെ മൂക്കും നെറ്റിത്തടവും എന്റെ മൂക്കിന്നും നെറ്റിതടത്തിന്നും മുട്ടിച്ചു."

"ഒരിക്കൽ എനിയ്ക്കൊരു വെളിപാടുണ്ടായി (ഉറുദുവിൽ): "ആര്യാക്കളുടെ രാജാവ് വന്നിരിക്കുന്നു." (അൽഹക്കം, വാല്യം–12, ല. 17; 1905, മാർച്ച് 6; തദ്കിറ, ഇംഗ്ലീഷ്; പു. 221)

ചരമത്തിന്ന് രണ്ട് ദിവസം മുൻപ് മാത്രം രചിച്ച 'പൈഗാമെ സുൽഹിൽ' ശ്രീകൃഷ്ണനെ പറ്റി ഇപ്രകാരം എഴുതി:

"വേദസംഹിതയുടെ വെളിപാടിന്ന്ശേഷം ദൈവബോധനത്തിന്റെ മാർഗ്ഗം അടഞ്ഞുപോയിരിക്കുന്നതായി ആര്യസമാജക്കാർ സിദ്ധാന്തിക്കുന്നുവെങ്കിലും വേദങ്ങളുടെ ആവിർഭാവത്തിന്ശേഷവും വിവിധ കാലങ്ങളിലായി വന്ന, ഈ രാജ്യത്തിലെ കോടാനുകോടി ജനങ്ങളുടെ ഭക്ത്യാദരങ്ങളെ ആർജിച്ചുപോന്ന അവതാരപുരുഷൻമാർ തങ്ങൾക്ക് ദൈവബോധനം ലഭിച്ചതായി അവകാശപ്പെട്ടുകൊണ്ട് ദൈവബോധനവും വെളിപാടും നിലച്ചുപോയിരിക്കുന്നുവെന്ന സിദ്ധാന്തത്തെ നിരാകരിക്കുകയുണ്ടായിട്ടുണ്ട്. അങ്ങിനെയുള്ള അവതാരപുരുഷൻമാരിൽവെച്ച് ഈ രാജ്യത്തിൽ പൊതുവേയും വംഗദേശത്ത് പ്രത്യേകിച്ചും അത്യാദരപൂർവ്വം സ്മരിക്കപ്പെടുന്ന ശ്രീകൃഷ്ണൻ തനിയ്ക്ക് ദൈവഭാഷണം സിദ്ധിച്ചിരിക്കുന്നതായി അവകാശപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ മനുഷ്യനായി അവതരിച്ച ദൈവംതന്നെയെന്ന് വിശ്വസിച്ചുവരുന്നുവെങ്കിലും അദ്ദേഹം തന്റെ കാലത്തെ പ്രവാചകനും ദൈവത്തിന്റെ വചനാമൃതം കൊണ്ട് അനുഗൃഹീതനായ ഒരു അവതാരപുരുഷനുമായിരുന്നുവെന്നത് അവിതർക്കിതമാണ്."

സിയാൽകോട്ട് യാത്രക്ക് ശേഷം 1905 ഒക്ടോബർ 22–നു ഡൽഹിക്ക് പുറപ്പെട്ടു. അവിടെനിന്ന് അമൃതസരിലേക്കും പിന്നെ നവംബർ 5–നു ലുധിയാനയിലേക്കും യാത്രയായി. ലുധിയാനയിൽ ചെയ്ത പ്രഭാഷണം ലക്ചർ ലുധിയാന എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നവംബർ 10–നു ഖാദിയാനിലേയ്ക്ക് തിരിച്ചു.

80 – കള്ളപ്രവാചകൻ കൊല്ലപ്പെടും!

"നഹ്ർജില്ലക്കാരനായ മൌലവി ഹാഫിസ് മുഹമ്മദ് യൂസുഫ് എന്നൊരാൾ ലാഹൗറിൽ ഹസ്രത്ത് അഹ്മദ് (അ) ന്റെ ചിലശിഷ്യന്മാർ പങ്കെടുത്ത ഒരു യോഗത്തിൽവച്ചു, ദൈവത്തിന്റെ പേരിൽ കറ്റുകെട്ടിപറഞ്ഞ ഒരു വ്യാജപ്രവാചകവാദിയ്ക്ക് 23 കൊല്ലത്തിലധികവും ജീവിച്ചിരിക്കാമെന്നും അത്തരം ആളുകൾ ഒട്ടേറെ ഉണ്ടായിട്ടുണ്ടെന്നും പരസ്യമായി പ്രസ്താവിച്ചപ്പോൾ അതിനെ വെല്ലുവിളിച്ചുകൊണ്ട് അപ്രകാരം ഒരു വ്യാജവാദിയെ 23കൊല്ലക്കാലം ജീവിച്ചിരുന്നതായി തെളിയിച്ചുകാട്ടുകയാണെങ്കിൽ താൻ 500 രൂപ ഇനാം നൽകുന്നതാണെന്നുകാണിച്ച് ഹസ്രത്ത് അഹ്മദ് (അ) ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ഹാഫിസ് മുഹമ്മദ് യൂസുഫിനെ മാത്രമല്ല, പീർ മെഹർ അലീഷാ ഗോൾഡവി, മൌലവി നദീർ അഹ്മദ് സാഹിബ് ദഹ്ലവി, മൌലവി റശീദ് അഹ്മദ് സാഹിബ് ഗംഗോഹി, മൌലവി അഹ്മദുല്ലാസാഹിബ് അമൃത്സരി, മൌലവി അബ്ദുൽ ജബ്ബാർ സാഹിബ് ഗസ്നവി, മൌലവി അബ്ദുല്ലാ സാഹിബ് ചക്ടാലവി, സയ്യിദ് ഹുസൈൻ ഷാ മൗദൂദി എന്നിവർ ഉൾപ്പടെ പുകൾപെറ്റ 22 ഉലമാനേതാക്കളെ അവരുടെ പേരെടുത്തുപറഞ്ഞുകൊണ്ടും, നദ്വത്തുൽ ഉലമാ സെക്രട്ടറി മുഹമ്മദലിയുടെ കേറോഫിൽ മുഴുവൻ നദ്വ ഉലമാക്കളെയും മൌലവി സുൽത്താനുദ്ദീൻ ജേപൂരി, മൌലവി മസീഹുസ്സമാൻ ഹൈദരബാദി, അബ്ദുൽവാഹിദ് ശാജഹാൻ പൂരി, സയ്യിദ് സൂഫി ജാൻഷാഹ് മീറാ, മൌലവി ഇസ്ഹാക്ക് പട്ടിയാലവി എന്നിവരെയും കൽകത്ത, ബോംബെ, മദ്രാസ് എന്നിവിടങ്ങളിലെ സജാദനശീൻമാരെയും മശായിഖ്മാരെയും, മുസ്ലിംകളിലെ ബുദ്ധിമാന്മാരും നീതിമാന്മാരും തഖ്വയും ഈമാനുമുള്ളവരുമായ സകലരെയും ഈ വിജ്ഞാപനത്തിൽ വാഗ്ദത്ത മസീഹ് (അ) ആഹ്വാനം ചെയ്യുകയുണ്ടായി.

ഈ ഖുർആനീക വചനത്തിൽ (69:44–48) ഉന്നയിച്ച ദൈവീകനിയമത്തെ നിഷേധിക്കുമ്പോൾ തിരുനബിയുടെ സത്യത്തിലേയ്ക്ക് സാക്ഷ്യമായി ഖുർആൻ ഉന്നയിക്കുന്ന ഒരു പ്രധാനപ്രമാണമാണ് നിഷേധിക്കപ്പെടുന്നതെങ്കിലും ഹസ്രത്ത്

അഹ്മദുൽ ഖാദിയാനി (അ) ന്റെ വാദത്തെ കള്ളമാക്കുന്നതിനും ആ ദിവ്യാത്മാവിനെ നിഷേധിക്കുന്നതിനുംവേണ്ടിമാത്രം ഖുർആനികപ്രമാണത്തെ അപ്പടി തള്ളിപ്പറയുവാൻ ഉലമാക്കൾ തയ്യാറാവുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് ഹസ്രത്ത് അഹ്മദ് (അ) 'തുഹ്ഫ ഗോൾഡവിയ' എന്ന ഗ്രന്ഥത്തിൽ വളരെ വിസ്തരിച്ച് പ്രതിപാദിക്കുകയുണ്ടായി. അവിടുന്ന് ഇപ്രകാരം പ്രസ്താവിച്ചു:

"ഈ ആയത്തുകളിൽനിന്ന് വളരെ വ്യക്തമായി മനസ്സിലാക്കാവുന്നത് ഇതാണ്: തിരുനബിയുടെ സത്യത്തിലേയ്ക്ക് അല്ലാഹു ഈ ന്യായവാദം ഉന്നയിക്കുന്നു. അതായത്, അദ്ദേഹം നമ്മുടെ ഭാഗത്ത്നിന്നുള്ള ആളല്ലെന്നാണെങ്കിൽ നാം അദ്ദേഹത്തെ നശിപ്പിച്ചുകളയുന്നതാണ്. അദ്ദേഹത്തിന് ജീവിച്ചിരിക്കാൻ സാധിക്കുകയില്ല. നിങ്ങൾ അദ്ദേഹത്തെ രക്ഷിക്കാൻ എത്രതന്നെ ശ്രദ്ധിച്ചു എന്നുവന്നാലും! എന്നാൽ, ഹാഫിസ് സാഹിബ് ഈ തെളിവിനെ കളവാക്കുന്നു. തിരുനബിയുടെ വഫ്യിന്റെ കാലാവധി എല്ലാ പൂർണ്ണതകളോടും കൂടി 23 കൊല്ലക്കാലംവരെയായിരുന്നുവെങ്കിലും അതിൽ കൂടുതൽകാലം വ്യാജനുബൂവത്ത് വാദവുമായി വിലസിയ ആളെ കാണിച്ചുതരാമെന്ന് അദ്ദേഹം പറയുന്നു. അവർ ദൈവത്തിന്റെ പേരിൽ കറ്റ്കെട്ടിപറഞ്ഞുകൊണ്ട് അതിലധികം കാലം ജീവിച്ചിരുന്നുവത്രെ. ചുരുക്കത്തിൽ, ഹാഫിസ് സാഹിബിന്റെ പക്കൽ വിശുദ്ധ ഖുർആന്റെ തെളിവ് അയാർത്ഥവും അർത്ഥശൂന്യവുമാണ്. അദ്ദേഹത്തിന്റെ പക്കൽ ഈ പ്രമാണപ്രകാരം തിരുനബിയുടെ സത്യവാദം തെളിയുകയില്ല." (തുഹ്ഫ ഗോൾഡവിയ).

'മീസാനുൽ ഹക്ക്' എന്ന ഗ്രന്ഥത്തിന്റെ രചയിതാവും ലോകവിശ്രുതക്രൈസ്തവ മിഷണറിയുമായ പാദ്രി ഫെണ്ടറുടെ (Rev. Phander) മുമ്പാകെ മൗലവി സയ്യിദ് ആലി ഹസൻ സാഹിബ് മർഹൂം തന്റെ 'ഇസാലയെ ഔഹാം' എന്ന ഗ്രന്ഥത്തിൽ ഈ തെളിവ് ഉന്നയിച്ചപ്പോൾ പാദ്രി ഫെണ്ടർക്ക് യാതൊരു മറുപടിയും പറയാനുണ്ടായില്ലെന്ന് മാത്രമല്ല, ചരിത്രത്തിൽ നിന്ന് ഒരു മറു തെളിവ് എടുത്തുകാണിക്കാൻ കഴിഞ്ഞതുമില്ല എന്ന

കാര്യവും ഹസ്രത്ത് അഹ്മദ് (അ) 'തുഹ്ഫ'യിൽ ചൂണ്ടിക്കാട്ടി. തുടർന്ന് വീണ്ടും 'അർബയീൻ' എന്ന പേരിൽ ശക്തിമത്തായ ഭാഷയിൽ മറ്റൊരു കൃതി നാലുഖണ്ഡങ്ങളായി രചിക്കുകയും അതിൽ ഈ ഖുർആനിക ആയത്തിന്റെ എല്ലാ വശങ്ങളും വിശദീകരിക്കുകയുമുണ്ടായി.

സത്യവാദിയേയും വ്യാജവാദിയേയും തിരിച്ചറിയുന്നതിനുള്ള ദൈവീകമായ ഈ നിയമം യുക്തിയുക്തമാണെന്നും ദൈവത്തിന്റെ പേരിൽ കറ്റ്കെട്ടിപ്പറഞ്ഞുകൊണ്ട് ഒരു വ്യാജവാദിയെ അധികകാലം വിലസാൻ അനുവദിക്കാതെ അല്ലാഹു വേഗത്തിൽ നശിപ്പിച്ചുകളയേണ്ടത് അനുപേക്ഷണീയമാണെന്നും ഇമാം റാസീ (തഫ്സീർ കബീർ), ഇമാം അബുജഅ്ഫർ തബ്രി (തഫ്സീർ ഇബ്നു ജാബിർ), അല്ലാമാ ശേഖ് അഹ്മദ് സാവി (തഫ്സീർ സാവി) ഇബ്നു കബീർ (തഫ്സീർ ഇബ്നു കബീർ), ഇമാം സുയൂത്തി (ജലാലൈനി), ഇമാം ശിഹാബ് അലി (അൽ ബൈസാവി), അൽല്ലാമ അൽ ഖതീബ് അശ്ർബീനി (അസ്സിറാജുൽ മുനീർ) തുടങ്ങിയ മുഫസ്സിരീങ്ങൾ തങ്ങളുടെ ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ ഘോഷിക്കുകയുണ്ടായിട്ടുണ്ട്. (തഫ്ഹീമാത്തെ റബ്ബാനിയ-അബുൽഅത്താ).

'മുഫ്തരി'കൾക്കുള്ള (കറ്റുകെട്ടുകാർക്കുള്ള) ശിക്ഷ അവർ നശിപ്പിക്കപ്പെടണമെന്നതാണെന്നും തിരുനബിയുടെ ദൗത്യകാലമായ 23 കൊല്ലക്കാലംവരെ അത്തരക്കാർക്ക് ജീവിക്കാനാവുകയില്ലെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ 'ഇജ്മാഅ്' (ഏകകണ്ഠാഭിപ്രായം) ആണിതെന്ന്തന്നെപറയാം.*

കള്ളപ്രവാചകവാദം വിഷമാണെന്നും വിഷം തിന്നാൽ മരിക്കുമെന്നത് ഖണ്ഡിതമാണെന്നും ആണ് വാഗ്ദത്തമസീ

* കുപ്രസിദ്ധ അഹ്മദിയ്യാ വിരുദ്ധ ഗ്രന്ഥമായ 'ഹിസ് ഹോളിന'സിൽ ഇപ്രകാരം കാണാം: The History of Islam is replete with instances of such false prophets who have invariably come to a miserable end (കള്ളപ്രവാചകൻമാരുടെ ഉദാഹരണങ്ങൾ കൊണ്ട് ഇസ്ലാമിക ചരിത്രം നിറഞ്ഞുകിടക്കുന്നു. അവരെല്ലാം ഒരേപോലെ അതി ദാരുണമായ അന്ത്യം നേരിടുകയാണുണ്ടായത്). – His Holiness - Phoenix.

ഹിന്റെ കഠിനവൈരിയായിരുന്ന മൌലവി സനാഉല്ലാസാഹിബ് അമൃതസരി തന്റെ ഖുർആൻ തഫ്സീറിൽ പ്രസ്താവിച്ചത്. (മുഖദ്ദിമ, തഫ്സീർ സനായി, പു. 17) അല്ലാമ യൂസുഫ്അലി വ്യക്തമാക്കിയിട്ടുള്ളത്, ഒരു കപടവാദി എഴുന്നേറ്റാൽ അവൻ ഉടനെ പിടിക്കപ്പെടുന്നതാണെന്നും അയാൾ തന്റെ ചതി അനിശ്ചിതമായി നടത്തുവാൻ അനുവദിക്കപ്പെടുകയില്ലെന്നുമാണ്. അല്ലാഹു അയാളുടെ വലത്കൈയ്യിൽ പിടികൂടുമെന്ന് പറഞ്ഞതിന്റെ അർത്ഥം ആ കപടവാദിക്ക് പ്രവർത്തിക്കാൻ സാധിക്കാതെ വരുമെന്നത്രെ. അയാളുടെ ജീവനാഡി അറുക്കപ്പെടുകതന്നെ ചെയ്യും എന്ന് ഖുർആൻ തുടർന്നുപറയുന്നതിനാൽ വ്യാജനുബൂവത്ത് വാദം ഒരു പ്രകാരത്തിലും വിജയിക്കില്ല എന്നും അയാളുടെ പ്രസ്ഥാനം നശിച്ചുപോകയും അയാൾതന്നെയും കൊല്ലപ്പെടുകയും ചെയ്യുമെന്നും വ്യക്തമാക്കിയിരിക്കുന്നു (ഖുർആൻ വ്യാഖ്യാനം, ഇംഗ്ലീഷ്, അല്ലാമ യൂസഫലി, പു. 1603).

ഖുർആൻ 16:117, 11:36, 7:153, 40:29, 72:21, 52:31, 7:38, 46:9, 39:40,41 എന്നീ വാക്യങ്ങളിലും കള്ളപ്രവാചകൻ വിജയിക്കുകയില്ലെന്നും നശിച്ചുപോകുമെന്നും ഊന്നിപ്പറയുന്നു. ബൈബിൾ 'പഴയനിയമ'ത്തിലും 'പുതിയനിയമ'ത്തിലും ഈ ദൈവീകനിയമത്തെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നോക്കുക, ആവർത്തനം 8:20, എസെക്കിയേൽ, 13:3–9; യെശയ്യ, 9:14–16, യിറമിയ്യ, 23:25–32, സെഖരിയ, 13:3 അപ്പോ. പ്രവ്യു, 5:33–39.

അല്ലാഹുവിന്റെ പേരിൽ കറ്റ്കെട്ടിപ്പറയുകയും ദൈവത്തിൽനിന്ന് ലഭിച്ചതായി അവകാശപ്പെട്ടുകൊണ്ട് വെളിപാടുകൾ കളവായി പ്രചരിപ്പിക്കുകയും ചെയ്താൽ അത്തരം കള്ളവാദി കൊല്ലപ്പെടുകതന്നെ ചെയ്യുമെന്നത് ദൈവീകനിയമമാണെന്ന വിശ്വാസം 'അഹ്ലുസുന്നത്തി വൽ ജമാഅ'ത്തിന്റെ വിശ്വാസപ്രമാണങ്ങളിൽ പെട്ടതാകുന്നു. ഹസ്രത്ത് ഇമാം ഇബ്നുൽ ഖയ്യിം (റഹ്) ഒരു ക്രിസ്തീയ പുരോഹിതനുമായി നടത്തിയ വാദപ്രതിവാദത്തിൽ ഈ ഖുർആനിക പ്രമാണമാണ് തിരുനബിയുടെ സത്യസാക്ഷ്യമായി ഉന്നയിച്ചിരുന്നത്. തിരുനബിയുടെ സത്യദൗത്യകാലമായ 23 കൊല്ലക്കാലം ജീവിച്ചിരിക്കുന്ന ഒരു പ്രവാചകവാദി

സത്യവാദിയാണെന്ന് അംഗീകരിക്കേണ്ടിവരുമെന്നും അദ്ദേഹം വാദിച്ചിരുന്നു. ഈ പ്രമാണാസ്പദവാദത്തെ ഖണ്ഡിക്കുവാൻ ക്രിസ്തീയപക്ഷത്തിന് കഴിഞ്ഞില്ല. (സാദുൽമആദ്, ജി. 1, പു.500). ഒരു കറ്റ്കെട്ട്കാരന് 23 വർഷക്കാലത്തെ ജീവിത കാലാവധി നൽകപ്പെടുകയില്ലെന്ന് 'അഹ്ലുസുന്നത്തി വൽ ജമാഅ'ത്തിന്റെ വിശ്വാസങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന സുപ്രസിദ്ധമായ 'ശറഹ് അഖായിദ നസ്ഫി' യിൽ പ്രസ്താവിച്ചിട്ടുണ്ട്. അപ്പോലെ തന്നെ അല്ലാമാ അബ്ദുൽ അസീസിന്റെ അഖായിദ് വ്യാഖ്യാന ഗ്രന്ഥമായ 'നിബ്രാ'സിലും (മീറ്റ് അച്ചടി, പു. 444) അപ്രകാരം പ്രസ്താവിച്ചിട്ടുള്ളതായി കാണാം.

തിരുനബിയുടെ കാലത്ത്തന്നെ തല ഉയർത്തിയ മുസൈലിമത്തുൽ കദ്ദാബ്, സജ്ജാഹ്, അസ്വദ് അൻസി, തുലൈഹ, ലത്തീഖ് തുടങ്ങിയ കള്ളപ്രവാചകവാദികൾക്കുണ്ടായ ദുർഗതിയും നാശവും മുസ്ലിം ലോകത്തിന്ന് നല്ലവണ്ണം അറിവുള്ളതാണ്.

ദൈവത്തിന്റെ പേരിൽ കറ്റ്കെട്ടിപ്പറഞ്ഞവൻ കുരളറുക്കപ്പെടുമെന്ന ദൈവീകമായ നിയമത്തെ ഉയർത്തിക്കാട്ടിയ വാഗ്ദത്ത മസീഹ് (അ) തന്റെ ഒരു കവിതയിൽ ഇപ്രകാരം പാടി:

ലഅനത്ത് ഹെ മുഫ്ത്തരീ പെ
ഖുദാ കീ കിതാബ് മെ
ഇസ്സത്ത് നഹീഹെ സർറഭി
ഉസ്കീ ജനാബ് മെ
തൗറാത്ത് മെ ഭി നീസ്
കലാമെ മജീദ് മെ
ലിഖാ ഗയാഹെ റൻഗെ
വയീദൊ ശദീദ് മെ
കൊയീ അഗർ ഖുദാ പെ
കറേ കോയി ഇഫ്ത്തിറാ
ഹോഗാ വൊ ഖത്തൽ ഹയെ
യഹീ ഇസ് ജുറുമ് കീ സസാ

(ദൈവത്തിന്റെ ഗ്രന്ഥത്തിൽ കറ്റ്കെട്ട്കാരന്ന് ശാപമാണ് വിധിച്ചിട്ടുള്ളത്. ദൈവസന്നിധിയിൽ അവന്ന് അണുമാത്രവും ആദരം ലഭിക്കുകയില്ല. തൗറാത്തിലും പിന്നെ വിശുദ്ധ ഖുർആനിലും ആ ശിക്ഷ നിറന്ന നിലയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ പേരിൽ ആരെങ്കിലും എന്തെങ്കിലും കറ്റ്കെട്ടിപ്പറഞ്ഞാൽ ഈ കുറ്റത്തിനുള്ള ശിക്ഷ വധശിക്ഷതന്നെയാണ്)–ദുർറെ സമീൻ.

ഈ എല്ലാകാര്യങ്ങളും വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് പ്രസിദ്ധപ്പെടുത്തിയ 'അർബയീൻ' എന്നകൃതിയിൽ എത്രയും ഹൃദയസ്പൃക്കായി ഇപ്രകാരം പറഞ്ഞു:

"ഓ, എന്റെ ജനമേ, ദൈവം നിങ്ങളിൽ കരുണ ചെയ്യട്ടെ! നിങ്ങളുടെ കണ്ണുകൾ തുറന്നുതരട്ടെ! ഞാൻ കള്ളവാദിയല്ലെന്ന് നിങ്ങൾ നല്ലവണ്ണം ധരിച്ചുകൊള്ളുവിൻ! കള്ളവാദി ശീഘ്രം നാശമടയുന്നുവെന്ന് ദൈവത്തിന്റെ പരിശുദ്ധഗ്രന്ഥങ്ങളെല്ലാം സാക്ഷ്യം നൽകുന്നു. സത്യവാദിയ്ക്ക് ലഭിക്കുന്ന ആയുസ്സ് ഒരിക്കലും കള്ളവാദിയ്ക്ക് ലഭിക്കുകയില്ല. നമ്മുടെ നബി നായകർ (സ) തിരുമേനിയാണല്ലോ എല്ലാ സത്യാത്മാക്കളുടേയും ചക്രവർത്തി. ആ സത്യാത്മാവിന്ന് 23 കൊല്ലക്കാലം വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നു. ഈ ആയുഷ്കാലം ഖിയാമത്ത് നാൾവരെ ദിവ്യവാദികളുടെ സത്യത്തിലേയ്ക്ക് സാക്ഷ്യമായിരിക്കുന്നതാണ്. ഈ പാവനമായ കാലയളവിൽ ഏതാകിലും ഒരു കള്ളവാദിക്ക് പങ്കുള്ളതായി കരുതുന്നവനാരോ അവന്റെമേൽ ദൈവത്തിന്റെയും മലക്കുകളുടേയും ദൈവത്തിന്റെ പരിശുദ്ധദാസൻമാരുടെയും ആയിരോപിയായിരം ശാപങ്ങളായിരിക്കും".

അവിടുന്ന് തുടർന്നു: "എന്റെ ശത്രുക്കളായിരിക്കുന്ന മൌലവിമാരോടും അവരുടെ സഹയാത്രികരോടും അല്ലാഹുവിനെ മുൻനിർത്തി ആത്മാർത്ഥതയോട്കൂടി ഞാൻ പറയുന്നു: ചീത്ത പറയുകയും നിന്ദിക്കുകയും ചെയ്ക മാന്യമായ മാർഗ്ഗമല്ല. നിങ്ങളുടെ സ്വഭാവം അതാണെങ്കിൽ ആകട്ടെ, നിങ്ങളുടെ ഇഷ്ടം! എന്നാൽ, പള്ളികളിൽ ഒരുമിച്ചുകൂടിയിട്ടോ ഒറ്റയൊറ്റയായിട്ടോ നിങ്ങൾ എന്റെ നാശത്തിനായി പ്രാർത്ഥിച്ചുകൊള്ളുവിൻ! വാവിട്ട് നിലവിളിച്ചുകൊണ്ട് എന്നെ നിർമൂലനം ചെയ്യാ

നായി പ്രാർത്ഥിക്കുവിൻ! ഞാൻ കള്ളവാദിയാണെങ്കിൽ നിശ്ചയ മായും ആ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടും. എന്നാൽ, ഓർത്തു കൊൾവിൻ: നിങ്ങളുടെ നാവുകൾ മുറിപ്പെട്ടുപോകുമാറ് പ്രാർത്ഥി ച്ചാലും നിങ്ങളുടെ നാസികകൾ തേഞ്ഞുരഞ്ഞുപോകുമാറ് നിങ്ങൾ സുജൂദ് ചെയ്താലും; അശ്രുധാരയാൽ കൺകുഴികൾ ചീഞ്ഞുപോവുകയും കൺപീലികൾ കൊഴിഞ്ഞുപോകയും കാഴ്ച നഷ്ടപ്പെട്ടുപോകയും ഒടുവിൽ ബുദ്ധി മന്ദിച്ച് അപസ്മാ രമോ ഭ്രമതയോ ബാധിക്കുകയും ചെയ്യുമാറ് നിങ്ങൾ കരഞ്ഞും വിലപിച്ചും പ്രാർത്ഥിച്ചുകൊണ്ടിരിക്കയും ചെയ്താലും നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതല്ല. എന്തെന്നാൽ, ഞാൻ ദൈവത്തിൽനിന്നുള്ളവനാകുന്നു" (അർബയീൻ).

കള്ളപ്രവാചകൻ നശിച്ചുപോകുമെന്നത് ദൈവീകമായ ഒരലംഘനീയ നിയമമത്രെ. അത് പണ്ട്കാലങ്ങളിലെന്നപോലെ ഇക്കാലത്തും നിലനിൽക്കുന്ന ദൈവീകനിയമമാണ്. കള്ളപ്ര വാചകൻ എന്നുവെച്ചാൽ ദൈവത്തിന്റെ പേരിൽ കറ്റ്കെട്ടിപ്പറ യുന്നവൻ, ദൈവം പറഞ്ഞിട്ടില്ലാത്ത വാക്കുകൾ ദൈവത്തിന്റെ പേരിൽ ആരോപിക്കുകയും കള്ള ദൗത്യം പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളെ വഞ്ചിക്കുവാൻ ശ്രമിക്കുന്നവൻ കൊല്ല പ്പെടുകയും അവന്റെ പ്രസ്ഥാനം നശിച്ചുച്ചൊടുങ്ങുകയും ചെയ്യും. അത്തരം ഒരാൾക്ക് നബിതിരുമേനിയെപോലെ 23 വർഷ ക്കാലം എന്നുവെച്ചാൽ, പ്രവാചകദൗത്യകാലത്തിന്റെ മാനദണ്ഡ മായിരിക്കുന്നകാലംവരെ ജീവിച്ചിരിക്കാനാവില്ല. ഈ ദൈവീക നിയമം ഹസ്രത്ത് അഹ്മദിന്റെ കാലശേഷവും അത്യുജ്ജ്വലരൂപ ത്തിൽ, ശ്രദ്ധേയമായ നിലയിൽ പൂർത്തിയായതിന്ന് ഈ കാല ഘട്ടംതന്നെ സാക്ഷ്യം വഹിച്ചിരിക്കുന്നു. അമേരിക്കയിൽ കള്ള പ്രവാചകവാദം പുറപ്പെടുവിച്ച റശാദ് ഖലീഫ വാദം പുറപ്പെടു വിച്ച് രണ്ട് കൊല്ലത്തിനുള്ളിൽ കുത്തി കൊല്ലപ്പെട്ട അത്ഭുത സംഭവം 1990-ൽ നടന്നത് ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ!*

* പ്രവാചകത്വം വാദിച്ച റശ്ശാദ് ഖലീഫ (Dr. Rashad Khaleefa) ഇപ്രകാരം അവകാ ശപ്പെട്ടു:

God has provided powerful physical proof in support of my mission as his commissioned messenger in the new world - Muslim Perspective (May 1988) (മുസ്ലിം

81 – ലാഹൗർ ആര്യസമ്മേളനം

1907 ഡിസംബറിൽ ആര്യസമാജക്കാർ ലാഹൗറിൽ ഒരു സർവ്വ മത സമ്മേളനം നടത്താനും അതിലേയ്ക്ക് വിവിധ മത നേതാക്കളെ പങ്കെടുപ്പിക്കാനും തീരുമാനിച്ചു. 'ഏതെങ്കിലും ഗ്രന്ഥം ദൈവം വെളിപ്പെടുത്തിയതായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതാണ് അത്? എന്ന വിഷയത്തെ അധികരിച്ച് ഉപന്യാസങ്ങൾ അവതരിപ്പിക്കുകയായിരുന്നു ഈ ചർച്ചാ സമ്മേളനത്തിലെ പരിപാടി. ആര്യസമാജം ജനറൽ സെക്രട്ടറി ഡോ. ചിരഞ്ജീവി ഭരദ്വാജ് എം.ആർ.സി.എസ്. ഇത് സംബന്ധിച്ച് ഒരു വിജ്ഞാപനം

പരിപ്രേക്ഷ്യം) എന്ന പേരിൽ റശാദ് ഖലീഫ ട്യൂസൺ (Tueson) പള്ളിയിൽനിന്നും പ്രസിദ്ധപ്പെടുത്തിപ്പോന്ന മാസാന്തബുള്ളറ്റിനിൽ പ്രസ്താവിച്ചിട്ടുള്ളതാണിത്. 1988 മെയ് മാസത്തെ (1409 റംസാൻ) ബുള്ളറ്റിൻ നോക്കുക. 1989 സപ്തംബർ 2, 3, 4 തിയ്യതികളിൽ ട്യൂസണിൽ ചേർന്ന വാർഷീകസമ്മേളനത്തിൽ അദ്ദേഹം തന്റെ വാദങ്ങൾ മുഴുവനും വിശദീകരിക്കുകയുണ്ടായി. 1990 ജനുവരി 21–നു റശ്ശാദ് ഖലീഫ കൊല്ലപ്പെടുകയും ചെയ്തു!

1990 ഫെബ്രുവരി 11–ാം തീയ്യതിയിലെ 'മാധ്യമം' പത്രത്തിൽ വന്ന വാർത്തയിതാ: "റശാദ് ഖലീഫ വധിയ്ക്കപ്പെട്ടു: കുവൈത്ത്–വിശുദ്ധ ഖുർആന്റെ 19–ാം സംഖ്യാത്ഭുതത്തിലൂടെ പ്രസിദ്ധനാവുകയും ഒടുവിൽ പ്രവാചകവാദത്തിലൂടെ വിവാദ വിധേയനാവുകയും ചെയ്ത ഡോ. റശാദ് ഖലീഫ അമേരിക്കയിൽ അരിസോണ സ്റ്റേറ്റിലെ തുസാനിൽ വധിക്കപ്പെട്ടതായി 'അൽ മുജ്തമഅ്' റിപ്പോർട്ട് ചെയ്തു."

"അരിസോണ യൂണിവേഴ്സിറ്റിയിൽ പ്രഫസറായിരുന്ന റശാദ് ഖലീഫ ജനുവരി 21–നു പുലർച്ചെ തന്റെ വീട്ടിലെ അടുക്കളയിൽ കുത്തേറ്റ നിലയിൽ കാണപ്പെടുകയായിരുന്നു. ഘാതകനെ കണ്ടെത്താൻ പോലീസ് നടത്തുന്ന ശ്രമങ്ങൾ വിജയിച്ചിട്ടില്ല". (മാധ്യമം, 11–2–1990)

1988–ൽ അഹ്മദിയ്യാ ഖലീഫ ഹസ്രത്ത് മിർസാ താഹിർ അഹ്മദ് സാഹിബ് പുറപ്പെടുവിച്ച ആഗോള മുബാഹല ആഹ്വാനത്തെ തുടർന്ന് ഹസ്രത്ത് അഹ്മദുൽഖാദിയാനിയുടെ സത്യസാക്ഷ്യമായി വെളിപ്പെട്ട് മിന്നിത്തിളങ്ങുന്ന സത്യദൃഷ്ടാന്തങ്ങളിൽ ഒന്നാണ് ഈ അടയാളം!

'ചന്ദ്രിക' ദിനപത്രത്തിലും ഈ വിവരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി:

"ഒടുവിൽ പ്രവാചകത്വപദവിപോലും അവകാശപ്പെട്ട റശാദിന്റെ അന്ത്യം ദാരുണമായിരുന്നു. ഒരു അജ്ഞാതഘാതകൻ അദ്ദേഹത്തെ തെരുവിൽ കുത്തിവീഴ്ത്തി"–'ചന്ദ്രിക വാരാന്തപതിപ്പ്. 19.9.1999

അച്ചടിച്ച് പ്രസിദ്ധം ചെയ്യുകയും വാഗ്ദത്ത മസീഹിനെ അതിൽ പങ്കെടുക്കാൻ വളരെ വിനയാദരങ്ങളോടെ ക്ഷണിക്കുകയുമുണ്ടായി. ഉപന്യാസം അവതരിപ്പിക്കുന്നതോടൊപ്പം സമ്മേളനത്തിൽ നേരിട്ട് പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും അവിടുത്തെ ദർശനത്തിനായി നിരവധിയാളുകൾ കാത്ത്നിൽക്കുന്നുണ്ടെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ആര്യസമാജക്കാരുടെ ഈ അഭ്യർത്ഥന വാഗ്ദത്ത മസീഹ് (അ) മുഖവിലക്കെടുക്കാതെ തള്ളിക്കളയുകയാണ് ചെയ്തത്. ഇത്തരം സമ്മേളനങ്ങളിൽ ആര്യസാമാജം പണ്ഡിതൻമാർ ഇസ്ലാമിനെയും നബിതിരുമേനിയെയും അധിക്ഷേപിക്കുകയും അവഹേളിക്കുകയുമാണ് ചെയ്തുപോന്നിട്ടുള്ളതെന്നതിനാലാണ് അത്തരം ഒരു സമ്മേളനത്തിൽ സംബന്ധിക്കാൻ അവിടുന്ന് വിസമ്മതം കാണിച്ചത്. അവർ പ്രതിപക്ഷ ബഹുമാനവും സഹിഷ്ണുതയും എന്തെന്നറിയാത്തവരും വാഗ്ദത്ത ലംഘനം നടത്തുന്നവരും വിശ്വസ്തത പാലിക്കാത്തവരും ആയിരിക്കയാൽ താനുദ്ദേശിക്കുന്ന തരത്തിൽ മതപരമായ ചർച്ചകളിൽ പുലർത്തേണ്ട ഉന്നതനിലവാരം പുലർത്തുകയില്ലെന്ന് വാഗ്ദത്ത മസീഹ് ഭയപ്പെട്ടിരുന്നു.

ആര്യ സമാജികളുടെ സമ്മേളനം 1907 ഡിസംബർ 2, 3, 4, തീയ്യതികളിൽ ലാഹൗറിലെ വിച്ചുവാലിയിൽ വച്ച് നടത്തുവാനാണ് തീരുമാനിച്ചത്. പണ്ഡിറ്റ് ലേഖ്റാം വധിക്കപ്പെട്ട സ്ഥലമാണ് വിച്ചുവാലി എന്നത് സ്മരണീയമാണ്. ആര്യ സമാജക്കാർ എല്ലാവർഷവും ഇതിന്റെ ഓർമ്മ പുതുക്കാറുള്ളതുമാണ്. സമ്മേളനത്തിൽ വാഗ്ദത്ത മസീഹിനെ പങ്കെടുപ്പിക്കാൻ ആര്യാക്കൾ പലനിലയിലും സ്വാധീനം നടത്തികൊണ്ടിരുന്നു. ഇത് സംബന്ധിച്ച് ഹസ്രത്ത് അഹ്മദ് (അ) ആറേഴ് കത്തുകളെഴുതാൻ നിർബന്ധിതനായിത്തീർന്നു. സമ്മേളനത്തിൽ അങ്ങേയറ്റത്തെ പ്രതിപക്ഷബഹുമാനവും സഹിഷ്ണുതയും പുലർത്തുമെന്ന് സമ്മേളന ഭാരവാഹികൾ ഹസ്രത്ത് അഹ്മദിനെ ബോദ്ധ്യപ്പെടുത്താൻ തീവ്രയത്നം നടത്തി. അതിനിടയിൽ ലാഹൗർ ജനറൽ ആശുപത്രിയിലെ സർജനും വാഗ്ദത്ത മസീഹിന്റെ ഒരു പ്രമുഖ ശിഷ്യനുമായ ഡോ. മിർസാ യഅ്കൂബ് ബെഗ് സാഹിബ് ഇക്കാ

ര്യത്തിൽ പ്രത്യേക താൽപര്യം കാണിക്കുകയും ആര്യസമാജം സിക്രട്ടറി തന്റെ ഒരടുത്ത ചങ്ങാതിയാണെന്നും സമ്മേളനത്തിൽ വെച്ച് മറ്റ് മതങ്ങളെ അധിക്ഷേപിക്കുന്നതോ അവഹേളിക്കുന്നതോ ആയ യാതൊരു അനിഷ്ടസംഭവവും ഉണ്ടാവുകയില്ലെന്ന് ഭാരവാഹികൾ ഉറപ്പ് നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സത്യം ചെയ്യാൻകൂടി അവർ സന്നദ്ധരാണെന്നും ഡോ. യങ്കൂബ് ബെഗ് സാഹിബ് അറിയിച്ചു. ഈ സാഹചര്യത്തിൽ അവിടുന്ന് തന്റെ തീരുമാനം മാറ്റുകയും ഉപന്യാസം എഴുതി സമർപ്പിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. അതോടൊപ്പം സമ്മേളനം വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് വിവിധ സ്ഥലങ്ങളിൽ തന്റെ ശിഷ്യർക്ക് എഴുത്തുകളയക്കുകയും ചെയ്യുകയുണ്ടായി. ഉപന്യാസം എഴുതിക്കഴിഞ്ഞപ്പോൾ ഒരു വെളിപാടുണ്ടായി: "നീ എനിയ്ക്ക് പിശാചിന്ന്മേൽ വീഴുന്ന കുത്തിത്തുളയ്ക്കുന്ന പ്രഭയോടുകൂടിയ നക്ഷത്രം പോലെയാകുന്നു. അവർ പ്രവർത്തിച്ചത് ഇന്ദ്രജാലക്കാരന്റെ ചെപ്പടി വിദ്യയാകുന്നു. ഇന്ദ്രജാലക്കാരൻ എങ്ങിനെ വന്നാലും വിജയിക്കുകയില്ല. നീ എനിയ്ക്ക് എന്റെ ആത്മാവ് പോലെയാകുന്നു.... സത്യംവന്നു, അസത്യം മറഞ്ഞു പോയി." ഈ വെളിപാട് അവിടുന്ന് ഉപന്യാസത്തിന്റെ ഒടുവിൽ ചേർക്കുകയും ചെയ്തു.

സമ്മേളനത്തിൽ ഉപന്യാസം ആര് വായിച്ചവതരിപ്പിക്കും? മൌലാനാ അബ്ദുൽകരീം സാഹിബിന്റെ വിയോഗത്തിന് ശേഷം നടക്കുന്ന ആദ്യത്തെ ഒരു സംരംഭമായിരുന്നു. മൌലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനേയും ഡോ. യങ്കൂബ് ബെഗ് സാഹിബിനെയും ഇതിന്നായി ചുമതലപ്പെടുത്തി. ഹസ്രത്ത് മൌലാനാ നൂറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘത്തെ സമ്മേളനത്തിലേക്കായി തെരഞ്ഞെടുക്കുകയും ചെയ്തു. ഹസ്രത്ത് സാഹിബ്സാദാ മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബ്, ഹസ്രത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്, ഹസ്രത്ത് മിർസാ നാസിർ നവാബ് സാഹിബ്, ഹസ്രത്ത് യങ്കൂബ് അലി സാഹിബ് ഇർഫാനി, മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്, അബൂ സയീദ് അബ്ദുല്ലാഹ് അറബ് സാഹിബ് തുടങ്ങിയവരായിരുന്നു പ്രതിനിധി സംഘത്തിൽ പ്രമുഖർ. അമ്പാല

കപൂർത്തല, അമൃത്സർ, അജ്നാല, ഗുജറാൻവാല, സിയാൽകോ ട്ട്, തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് നൂറുക്കണക്കിൽ അഹ്മദികൾ സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്നിരുന്നു.

വിച്ചുവാലിയിലെ ആര്യമന്ദിരത്തിൽ വച്ചായിരുന്നു സമ്മേ ളനം. പ്രവേശനം ടിക്കറ്റ്മൂലം നിയന്ത്രിച്ചിരുന്നു. സമ്മേളനം ബഹിഷ്കരിക്കുന്നതിനുള്ള ആഹ്വാനങ്ങളും പ്രചാരണങ്ങളും ശത്രുപക്ഷത്ത് നിന്ന് ഉണ്ടാകാതിരുന്നില്ല. ആദ്യദിവസം സനാ തനധർമ്മത്തിന്റെയും ക്രിസ്തുമതത്തിന്റെയും ഉപന്യാസങ്ങളാണ് അവതരിപ്പിക്കേണ്ടിയിരുന്നത്. പണ്ഡിറ്റ് മധുരാപുരി സനാതന ധർമ്മത്തെയും പാദ്രി അലിബക്ശ്, പാദ്രി ഠാകർദാസ്, എന്നി വർ ക്രിസ്തുമതത്തെയും പ്രതിനിധാനം ചെയ്ത് സംസാരിച്ചു. 31-ലത്തെ ആദ്യത്തെ ഉപന്യാസം ബ്രഹ്മസമാജം പ്രതിനിധിയു ടേതായിരുന്നു. പ്രഭാഷണം ഒരു മണിക്കൂർ നീണ്ടുനിന്നു. അപ്പോ ഴേക്കും ഹാൾ തിങ്ങിനിറഞ്ഞിരുന്നു. അത് കാരണം ടിക്കറ്റ് വിൽപന നിർത്തലാക്കേണ്ടിവന്നു. തുടർന്ന് ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ ഉപന്യാസം ഹസ്രത്ത് മൌലാനാ ഹക്കീം നൂറു ദ്ദീൻ സാഹിബ് വായിച്ചു കേൾപിച്ചു. അവസാനഭാഗം ഡോ. മിർസാ യഅ്കൂബ് ബെഗ് സാഹിബാണ് വായിച്ച് പൂർത്തിയാ ക്കിയത്. എല്ലാംകൂടി രണ്ടേകാൽ മണിക്കൂർ നീണ്ടുനിന്നു. ഉപ ന്യാസം രാത്രി 10-മണിക്കാണ് അവസാനിച്ചത്.

ഇൽഹാം സംബന്ധിച്ച വിശ്വാസങ്ങൾ ഹസ്രത്ത് അഹ്മദ് (അ) വിവരിക്കുകയും ഇൽഹാംവിശ്വാസികളിൽ തന്നെയുള്ള ഭിന്നാഭിപ്രായങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഇൽഹാം യാഥാർത്ഥ്യമാണെങ്കിലും അത് ഇനി ഉണ്ടാവുകയില്ലെന്ന വിശ്വാ സത്തെ കുറിച്ച് പ്രതിപാദിച്ചശേഷം തന്റെ വിശ്വാസത്തെ വിവരി ക്കുകയും ഇസ്ലാമിന്റെ സാർവ്വജനീനമായ പാഠങ്ങൾ വിശദീക രിക്കുകയും സകല ജനതകളിലും പ്രവാചകൻമാരും ദീർഘദർശി കളും പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്ന പാഠത്തെ ഉയർത്തിക്കാട്ടുകയും ശ്രീകൃഷ്ണൻ ശ്രീരാമചന്ദ്രൻ എന്നിവർ പ്രവാചകൻമാരായിരു ന്നുവെന്ന് വ്യക്തമാക്കുകയും ചെയ്തു. തിരുനബിയുടെ പ്രവാ ചകത്വത്തെയും വിശുദ്ധഖുർആനിലെ ദിവ്യോപദേശങ്ങളെയും

വഹ്യിന്റെ അതായത് ദിവ്യവെളിപാടുകളുടെ മഹത്വത്തെയും വിവരിച്ചശേഷം ഇസ്‌ലാം മുഖേന മാത്രമെ പ്രവാചകത്വത്തിന്റെയും ദിവ്യവെളിപാടുകളുടെയും യാഥാർത്ഥ്യം സ്വാനുഭവങ്ങളിലൂടെ അറിയാൻകഴിയുകയുള്ളൂവെന്ന വാദം ഉന്നയിക്കുകയും ചെയ്തു. സമാധാനം കെട്ടിപ്പടുക്കുന്നതിനും സഹിഷ്ണതയും സൗഹാർദ്ദവും നിലനിർത്തുന്നതിനുമായി ഇസ്‌ലാം നൽകുന്ന പാഠങ്ങൾ ഖുർആനിൽനിന്ന് വാഗ്ദത്ത മസീഹ് (അ) ഉദ്ധരിച്ചുകാട്ടി. ജിഹാദിനെ സംബന്ധിച്ച അബദ്ധധാരണകളെ ദുരീകരിച്ചുകൊണ്ട് ഇസ്‌ലാമിന്റെ യഥാർത്ഥദർശനത്തിലെയ്ക്ക് വെളിച്ചം വീശുകയുമുണ്ടായി. ഇതിനുശേഷം സമ്മേളന അദ്ധ്യക്ഷനായിരുന്ന ശ്രീ കാൻശീറാം ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും പ്രാർത്ഥനയോടെ അന്നേദിവസത്തെ സമ്മേളനം സമാപിക്കുകയും ചെയ്തു.

ലാഹൗറിലെ പത്രങ്ങൾ, സമ്മേളനത്തിൽ വാഗ്ദത്തമസീഹ് (അ) അവതരിപ്പിച്ച ഉപന്യാസത്തെ പ്രകീർത്തിച്ചെഴുതി. സുപ്രസിദ്ധമായ 'പൈസാഅഖ്ബാർ' പത്രം പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ ഇസ്‌ലാമിന്റെ സാർവ്വജനീനമായ പാഠങ്ങളെ കുറിച്ച് പ്രത്യേകം എടുത്തുപറഞ്ഞു. ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ടുപോന്ന 'റവ്യു ഓഫ് റിവ്യൂസ്' (Review of Reviews) എന്ന പത്രം സമ്മേളനത്തിന്റെ ഒരവലോകനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഉപന്യാസകർത്താവ് അനേകം ഖുർആൻവാക്യങ്ങൾ പ്രമാണങ്ങളായി ഉദ്ധരിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സമാധാന പാഠങ്ങളെ ഉയർത്തിക്കാട്ടിയതായി പത്രം ചൂണ്ടിക്കാട്ടി. ലോകത്തെ വലിയവലിയ ജനവിഭാഗങ്ങൾ തങ്ങളുടെ പ്രവാചകൻമാരായി വിശ്വസിക്കുന്ന സത്യാത്മാക്കളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യാൻ മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണെന്ന സവിശേഷമായ പാഠം ശ്രദ്ധേയമാണെന്ന് പത്രം അഭിപ്രായപ്പെടുകയും ഈ അടിസ്ഥാനപാഠങ്ങൾ സ്വതന്ത്രബുദ്ധികളായ ക്രിസ്തീയ സമുദായങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് അത് അംഗീകരിക്കുന്നതിന് തങ്ങൾ ശുപാർശചെയ്യാൻ ആഗ്രഹിക്കുന്നതായി തുറന്നെഴുതുകയും ചെയ്തു. ഇത് തികച്ചും നവീനമായ ഒരു

ആശയമായി തോന്നുന്നുവെന്ന് പത്രം പ്രസ്താവിച്ചു. സകല മതങ്ങളിലുംവച്ച് കൂടുതൽ അസഹിഷ്ണുവും വിദ്വേഷം വിതറുന്നതുമായി കരുതപ്പെട്ടിട്ടുള്ള ഒരു മതം എതിർപ്രസ്ഥാനങ്ങളെ ബഹുമാനിക്കാൻ പഠിപ്പിക്കുന്ന ഒരു മതമാണെന്ന് തെളിയിക്കപ്പെടുന്നത് ചെറിയൊരു കാര്യമല്ലാ എന്നും പത്രം അഭിപ്രായപ്പെട്ടു.

1907 ഡിസംബർ 4-നു ഒടുവിലത്തെ ദിവസം ആര്യസമാജം പ്രതിനിധിയുടെ അവസരമായിരുന്നു. സിക്കുമതത്തിന്റെ പ്രതിനിധി സമ്മേളനത്തിൽ വന്നിരുന്നില്ല. ക്രിസ്ത്യാനികളുടേയോ സനാതനികളുടെയോ ബ്രഹ്മസമാജക്കാരുടെയോ പ്രതിനിധികളുടെ പ്രഭാഷണങ്ങളിൽ സംസ്കാരരഹിതമോ മാന്യതക്ക് നിരക്കാത്തതോ ആയ യാതൊരു പരാമർശവും ഉണ്ടായിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ ഉപന്യാസമാകട്ടെ അങ്ങേയറ്റം ഉയർന്ന നിലവാരത്തിലുള്ളതും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും ശബ്ദമുൾക്കൊള്ളുന്നതും ആയിരുന്നു. എന്നാൽ, സമാപനദിനത്തിൽ ആര്യസമാജം പ്രതിനിധിയുടെ പ്രഭാഷണം ന്യായരഹിതമായ പരാമർശങ്ങളും അധിക്ഷേപവും നിറഞ്ഞതായിരുന്നു. മാന്യത പുലർത്തുമെന്നും യാതൊരു അധിക്ഷേപങ്ങളും ദൂഷണവാക്കുകളും ഉരുവിടുന്നതല്ലെന്നും ഉറപ്പ് നൽകിയ ആര്യസമാജം ജനറൽ സെക്രട്ടറി ഭരദ്വാജ് ചിരഞ്ജീവി എം.ആർ.എ.എസ്. തന്നെ അയാളുടെ പ്രസംഗത്തിൽ പരിശുദ്ധരിൽ പരിശുദ്ധനായ തിരുനബിയെപറ്റി ഹീനമായ ഭാഷയിൽ ആക്ഷേപങ്ങൾ ചൊരിയുകയാണുണ്ടായത്. ഇത് പ്രത്യക്ഷമായ വാഗ്ദത്ത ലംഘനവും വഞ്ചനയും വിശ്വാസഘാതകവും ആയിരുന്നു. ഇക്കാര്യത്തിൽ സമ്മേളനാദ്ധ്യക്ഷനായിരുന്ന ബാരിസ്റ്റർ റോഷൻ ലാൽ സമ്മേളനത്തിൽവെച്ചുതന്നെ തുറന്നനിലയിൽ ഖേദപ്രകടനം നടത്താൻ നിർബന്ധിതനായി. എന്നാൽ അദ്ദേഹം പ്രഭാഷണത്തിനിടയിൽതന്നെ അത് തടയേണ്ടതായിരുന്നു. വളരെ നീചമായ ഈ പെരുമാറ്റം ഒരു ആസൂത്രിത നീക്കത്തിന്റെ ഭാഗമാണെന്ന് വെളിപ്പെട്ടു. തങ്ങൾ ഉപന്യാസം ആദ്യം കണ്ടിരുന്നില്ലെന്നും മറ്റും ഒഴികഴിവുകൾ പറയാൻ അവർ മടിച്ചില്ല. വിളിച്ചുവരുത്തി അപമാനിക്കുകയും തിരു

നബിയെ അവഹേളിക്കുകയും ചെയ്യുകയെന്ന ഹീനതന്ത്രം ആര്യസമാജികളുടെ അധാർമികതയുടെ ആഴം വിളിച്ചറിയിക്കുന്നതായിരുന്നു. വിവരം അറിഞ്ഞ വാഗ്ദത്ത മസീഹ് (അ) ആര്യസമാജക്കാരുടെ വഞ്ചനാപരമായ നടപടികളിൽ രോഷം കൊള്ളുകയുണ്ടായി. സമ്മേളനത്തിൽ ഏതാണ്ട് അഞ്ഞൂറോളം മുസ്‌ലിംകൾ പങ്കെടുത്തിട്ടുണ്ടായിരുന്നു.

ഈ സംഭവത്തെ പറ്റി ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇപ്രകാരം വിവരിച്ചു: എനിക്ക് ആയവസരത്തിൽ കേവലം പതിനേഴ് വയസ്സ് പ്രായമായിരുന്നു. റസൂൽകരീം (സ) തിരുമേനിയെ നീചമായി ആക്ഷേപിച്ചുകൊണ്ടുള്ള ആര്യസമാജ പ്രതിനിധികളുടെ പ്രഭാഷണം കേട്ടപ്പോൾ ആ സദസ്സിൽ ഒരു നിമിഷംപോലും ഇരിക്കാൻ മനസ്സ്വരാതെ പ്രതിഷേധിച്ചുഇറങ്ങിപോരാൻ താൻ ബദ്ധപ്പെടുകയായിരുന്നു. എന്നാൽ, അടുത്തിരുന്നിരുന്ന അക്ബർഷാ ഖാൻ നജീബാബാദി എന്നെ വിലക്കിനിർത്തുകയും മൌലാനാ നൂറുദ്ദീൻ സാഹിബ് സദസ്സിൽ ഇരിക്കുന്ന കാര്യം ഓർമ്മപ്പെടുത്തുകയും ചെയ്കയാൽ മൌലാനായോടുള്ള മര്യാദകേടായി വരരുതെന്ന് കരുതി താൻ പൊറുക്കുകയാണ് ചെയ്തത്, പിന്നീട് വാഗ്ദത്ത മസീഹിന്ന് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു. വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ ഹുസൂർ രോഷാകുലനായി. അത്യപൂർവ്വമായ അവസരങ്ങളിൽ മാത്രമെ അത്തരത്തിലുള്ള രോഷപ്രകടനം കണ്ടിരുന്നുള്ളു. ഹുസൂർ പറഞ്ഞു: 'മറ്റു മുസ്‌ലിംകൾ പോകട്ടെ, അവർ പക്ഷേ, ശവങ്ങൾ. റസൂൽകരീം (സ) തിരുമേനിയുടെ വ്യക്തിമഹത്വം' എത്ര ഉന്നതമാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ! ഞാൻ ഇസ്‌ലാമിന്റെ പാഠങ്ങൾ നിങ്ങൾക്ക് തുറന്ന നിലയിൽ പഠിപ്പിച്ചുതന്നിട്ടുണ്ട്. റസൂൽതിരുമേനിയുടെ പദവിയും ഔന്നത്യവും ഞാൻ നിങ്ങൾക്ക് നല്ലവണ്ണം വിവരിച്ചുതന്നിരുന്നു. എന്നിട്ടും ഇത്തരം ഒരു സദസ്സിൽ നിങ്ങൾക്ക് ഇരുന്നുപൊറുക്കാൻ കഴിഞ്ഞതെങ്ങിനെ? തിരുമേനിയെ കുറിച്ച് അധിക്ഷേപം ചൊരിയുന്ന ഒരു സദസ്സിൽനിന്ന് നിങ്ങൾ പ്രതിഷേധിച്ച് ഇറങ്ങിപ്പോരേണ്ടതായിരുന്നു. അഥവാ, അവർ അതിന് അനുവദിച്ചില്ലെങ്കിൽ നിങ്ങൾ അവിടെ ഒരു ചോരക്കളംതന്നെ സൃഷ്ടിക്കേ

ണ്ടതായിരുന്നു. എന്തുകൊണ്ട് നിങ്ങളുടെ സത്യവിശ്വാസത്തിന്റെ അഭിമാനം അവിടെ തിളച്ചുപൊങ്ങിയില്ല! തിരുനബിയെ അവ ഹേളിക്കുന്നത് നിങ്ങൾ നിശ്ശബ്ദരായി കേട്ടുനിന്നതെങ്ങിനെ?' (താ രീഖെ അഹ്മദിയ്യത്ത് ഭാ. 3, പു. 511)

ഹസ്രത്ത് മൌലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) തലതാഴ്ത്തിയിരിക്കുകയായിരുന്നു. വാഗ്ദത്ത മസീഹ് (അ) ആവർത്തിച്ചാവർത്തിച്ച് തന്റെ രോഷം പ്രകടമാക്കിക്കൊണ്ടിരു ന്നു. വളരെ നേരം കഴിഞ്ഞാണ് ഹസ്രത്ത് സാഹിബ് സാധാ രണ നിലയിലേക്ക് മാറിയത്. വാഗ്ദത്ത മസീഹ് (അ)ന്ന് ആ സംഭവം ഒട്ടും സഹിക്കാനായിരുന്നില്ല. വാഗ്ദത്ത മസീഹ് ആര്യ സമ്മേളനത്തിൽ സംബന്ധിക്കാൻ തന്നെ ചുമതലപ്പെടുത്തിയ തിനാൽ, അവിടെനിന്ന് വിട്ട്പോരുന്നത് കൽപനാലംഘനമായി വരില്ലേ എന്നദ്ദേഹം ചിന്തിച്ചിരിക്കാം. പെട്ടെന്നൊരു തീരുമാനം എടുക്കാൻ സാധിച്ചില്ല. വലുതായ ധർമ്മസങ്കടത്തിലകപ്പെട്ട അദ്ദേഹം ഇതികർത്ത്യവ്യതാമൂഢനായിത്തീർന്നിരുന്നു. അനേകം നാൾ ലജ്ജാഭാരം കൊണ്ട് ഹസ്രത്ത് സാഹിബിന്റെ മുമ്പിൽ പ്രത്യ ക്ഷപ്പെടാൻ ധൈര്യപ്പെട്ടിരുന്നില്ലെന്നും നേർക്ക്നേരെ നോക്കിയിരുന്നില്ലെന്നും ഹസ്രത്ത് നൂറുദ്ദീൻ സാഹിബ്തന്നെ സംഭവം സംബന്ധിച്ച് പ്രസ്താവിച്ചിരുന്നതായി 'മുജദ്ദിദെ അഅ്സ'മിന്റെ കർത്താവായ ഡോ. ബിശാറത്തഹ്മദ് സാഹിബ് പറയുന്നു (മുജദ്ദിദെ അഅ്സം, പു. 1185).

ആര്യ സമാജ സമ്മേളനത്തിൽ അവതരിപ്പിച്ച ഉപന്യാസ ങ്ങൾ സമാജം പിന്നീട് അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. സമ്മേളനത്തിൽ ആര്യപണ്ഡിതർ ചെയ്ത പ്രഭാഷണത്തിൽ റസൂൽ കരീം (സ) തിരുമേനിയെ അധിക്ഷേപിച്ച് പറഞ്ഞ ഭാഗ ങ്ങൾ പക്ഷെ, അച്ചടിക്കാൻ അവർ ധൈര്യപ്പെട്ടില്ല. അവ നീക്കം ചെയ്തുകൊണ്ടാണ് പ്രസിദ്ധപ്പെടുത്തിയത്. ഏറ്റവും നീചമായ ഭാഷയിലുള്ള പ്രസ്തുത ആക്ഷേപങ്ങൾ ആയിരക്കണക്കിനുള്ള ആളുകളെ സാക്ഷ്യപ്പെടുത്തികൊണ്ടാണ് അവർ പറഞ്ഞത്. അനേകമാളുകൾ ശ്രദ്ധിച്ച ആക്ഷേപങ്ങൾക്ക് തക്കതായ മറുപടി നൽകപ്പെടേണ്ടത് ആവശ്യമായിരുന്നു. വാഗ്ദത്ത മസീഹ് (അ)

نمونہ دستخط حضرت مسیح موعود علیہ الصلوٰۃ والسلام

بسم اللہ الرحمن الرحیم

نحمدہ ونصلی علی رسولہ الکریم

السلام علیکم ورحمۃ اللہ وبرکاتہ

یہ کتابیں جو مجھ سے آپ نے ایک

ہفتہ کے لئے اکرا ان تمام کتابوں کا حوالہ

لگا جائیں اور نیز ملحقات تاکید ہی ۔ والسلام

مرزا غلام احمد

مرزا غلام قادیانی

വാഗ്ദത്ത മസീഹിന്റെ കൈപ്പട



വാഗ്ദത്ത മസീഹ് ഡോ. മുഫ്തി മുഹമ്മദ് സാദിഖിനയച്ച എഴുത്തിന്റെ കവർ

ഒട്ടും വൈകാതെ ആര്യാക്കൾക്കെതിരെ തന്റെ തൂലികയാകുന്ന പടവാളുമേന്തി പൊരുതാൻഇറങ്ങി. ആര്യാക്കളുടെ ആശയങ്ങളെ അരിഞ്ഞുവീഴ്ത്താൻ അവിടുന്ന് ബദ്ധകച്ചനായി തൂലിക ചലിപ്പിച്ചു. അവസാനമായി അവിടുന്ന് എഴുതിയ 'ചശ്മയെ മഅ്രിഫ' എന്ന ബൃഹത്ദാർശനികഗ്രന്ഥത്തിൽ പ്രസ്തുത ആക്ഷേപങ്ങൾക്കുള്ള മറുപടികൾ വഴിക്ക് വഴിയായി നൽകി. 1908 ജനുവരിയിൽ ഗ്രന്ഥരചന ആരംഭിച്ചു. മെയ് 15-നു തന്റെ ചരമത്തിന്ന് പത്ത് ദിവസം മുമ്പ്തന്നെ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

82 – പ്രഫസർ റേഗുമായി സംഭാഷണം

ഒരു ഇംഗ്ലീഷ് ശാസ്ത്രജ്ഞനും ടൂറിസ്റ്റുമായിരുന്ന പ്രഫ. ക്ലമണ്ട് റേഗ് വാഗ്ദത്ത മസീഹിനെ കുറിച്ച് കേട്ടറിഞ്ഞ് അദ്ദേഹത്തെ കാണുവാനുള്ള ഉദ്ദേശ്യത്തോടെ ലാഹൗറിലെത്തി. പ്രഫ. റേഗ് ആസ്ത്രേലിയയിൽ ഏറെക്കാലം അവിടത്തെ വാനനിരീക്ഷണാലയത്തിൽ ഒരു ഉദ്യോഗസ്ഥനായി ജോലിചെയ്തിരുന്ന ആളായിരുന്നു. ഒരു ലക്ചറർ കൂടിയായിരുന്ന അദ്ദേഹം ഏതാനും ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ടായിരുന്നു. പ്രഫ. റേഗ് ഡോ. മുഫ്ത്തി മുഹമ്മദ് സാദിഖുസാഹിബുമായി പരിചയപ്പെടാനിടയായി അദ്ദേഹം പ്രഫസറെ ഹസ്രത്ത് അഹ്മദ് (അ)ന്റെ സവിധത്തിലെയ്ക്ക് ആനിയിക്കുകയായിരുന്നു.

ഒരു മതതത്ത്വാന്വേഷികൂടിയായ പ്രഫസർ ഒരുദിവസം ലാഹൗറിലെത്തിയപ്പോഴാണ് വാഗ്ദത്ത മസീഹിനെകുറിച്ച് അറിവ് കിട്ടിയത്. വാഗ്ദത്ത മസീഹ് (അ) അക്കാലത്ത് ലാഹൗറിലെ അഹ്മദിയ്യാ ബിൽഡിംങ്സിൽ വിശ്രമിക്കുകയായിരുന്നു. ബഹു. മുഫ്ത്തി സാഹിബുമായി ബന്ധപ്പെട്ടപ്പോൾ വാഗ്ദത്ത മസീഹിനെകുറിച്ച് കുറേക്കൂടി അറിയാൻകഴിഞ്ഞു. മുഫ്ത്തി സാഹിബ് ചോദിച്ചു: "താങ്കൾ ലോകം ചുറ്റുകയും പലരുമായും പരിചയപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും ഒരു നബിയെ അഥവാ പ്രവാചകനെ കണ്ടിട്ടുണ്ടോ?" അത്തരം ഒരാളെത്തന്നെയാണ് താൻ തെരഞ്ഞ്കൊണ്ടിരിക്കുന്നതെന്ന് പ്രഫസർ മറുപടി നൽകി എന്നാൽ താൻ കാണിച്ചുതരാമെന്ന് പറഞ്ഞുകൊണ്ട് ഡോ. സാഹിബ് 1908 മെയ് 12-നു പ്രഫസറെ ഹസ്രത്ത് അഹ്മദുൽഖാദി

യാനി (അ)യുടെ സന്നിദ്ധിയിലെയ്ക്ക് ആനയിച്ചു, അദ്ദേഹം ദീർഘനേരം സംസാരിക്കുകയും പല ചോദ്യങ്ങളും ഉന്നയിക്കുകയുമുണ്ടായി. രണ്ടുതവണ അദ്ദേഹം വാഗ്ദത്തമസീഹിനെ സന്ദർശിച്ചു. കൂടെ പത്നിയും ഉണ്ടായിരുന്നു. ആദ്യദിവസത്തെ സംസാരം പ്രഫസർക്ക് അത്യന്തം ഹൃദ്യമായി തോന്നുകയാൽ വീണ്ടുംവരുമെന്ന് അറിയിച്ചുകൊണ്ടാണ് തമ്മിൽ പിരിഞ്ഞത്. രണ്ടാമത്തെ തവണ ചെറിയ മകനും കൂടെയുണ്ടായിരുന്നു. സംഭവത്തെ തുടർന്ന് വാഗ്ദത്ത മസീഹിന്റെ ശിഷ്യത്വം സ്വീകരിച്ചു അഹ്മദിയായിത്തീർന്നു. പ്രഫസറുമായിനടന്ന അഭിമുഖസംഭാഷണം ഹസ്രത്ത് മുഫ്ത്തി സാഹിബ് തന്റെ 'ദിക്ക്റെ ഹബീബ്' എന്ന ഗുരുസ്മരണയിൽ ചേർത്തിട്ടുണ്ട്. അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:

പ്രഫസർ റേഗ്–പ്രപഞ്ചസംവിധാനത്തെകുറിച്ച് ചിന്തിക്കുമ്പോൾ ആകാശഭൂമികളിൽ വിവിധങ്ങളായ അനേകം അത്ഭുതങ്ങൾ നിറഞ്ഞുനിൽക്കുന്നതായിക്കാണുന്നു. ഈ സംവിധാനത്തിന്റെ വ്യാപ്തിയും വൈപുല്യവും മനുഷ്യബുദ്ധിയെ കറക്കുന്ന തരത്തിലുള്ളതാണ്. ഈ പ്രപഞ്ചത്തിന്റെ നിർമാതാവ് ഒരു പ്രത്യേകമതത്തിന്റെയോ ഗ്രന്ഥത്തിന്റെയോ ദൈവമായി പരിമിതപ്പെടാത്ത, ആരിലും പ്രത്യേകപ്പെടുത്താത്ത ദൈവമായിരിക്കേണ്ടതല്ലെ?

വാഗ്ദത്ത മസീഹ് – ദൈവം സകലലോകങ്ങളുടെയും ദൈവമാണ്. അതാണ് ഇസ്ലാം പഠിപ്പിക്കുന്നത്. സകലലോകങ്ങളുടെയും രക്ഷിതാവും പാലകനും ആയ ദൈവം എല്ലാ ജനതകളിലും മോക്ഷത്തിനുള്ള വഴിയൊരുക്കിയിരിക്കുന്നു. എല്ലാ ജനതകളിലും അവൻ പ്രവാചകൻമാരെ നിയോഗിച്ചിരിക്കുന്നു. ദൈവം 'റബ്ബുൽ ആലമീൻ' (സർവ്വലോക രക്ഷിതാവ്) ആണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ഭൗതികമായനിലയിൽ ഭൂമിയെ ജീവിപ്പിക്കാൻ മഴ വർഷിക്കുന്നത്പോലെ ആത്മീയമായ ജീവനത്തിന്നായി അവൻ തന്റെ പ്രവാചകൻമാരെ അയക്കുന്നു.

പ്ര–ഈലോകം ഏതാനും ആയിരം കൊല്ലംമുമ്പ്മാത്രം ഉടലെടുത്തതാണെന്ന വിശ്വാസവും ആദം വിരോധിക്കപ്പെട്ട കനി

ഭക്ഷിച്ചതിന്റെഫലമായി മനുഷ്യവംശം മുഴുവൻ പാപികളായിത്തീർന്നു എന്നുള്ള വിശ്വാസവും ബുദ്ധിക്ക് നിരക്കുന്നതായി തോന്നുന്നില്ല.

വാ.മ. ദൈവത്തിന്റെ സൃഷ്ടികൾ ഈ ഭൂമിയിൽ മാത്രമാണെന്ന വിശ്വാസം ശരിയല്ല. മറ്റുലോകങ്ങളിലും പ്രവാസികൾ ഉണ്ടായിരിക്കാവുന്നതാണ്. അവിടെ മനുഷ്യർ ഉണ്ടെങ്കിൽ പ്രവാചകൻമാർ വന്നിരിക്കാവുന്നതുമാണ്. ആരുടെയും പാപം മറ്റൊരാൾ ചുമക്കുന്നില്ല എന്ന തത്വമാണ് ഖുർആൻ ഘോഷിക്കുന്നത്.

പ്ര – പാപം എന്നാൽ എന്താണ്? ഒരു രാജ്യക്കാർ പാപമായി കരുതുന്നതിനെ മറ്റുള്ളവർ പാപമായി കാണുന്നില്ല. മനുഷ്യൻ അനുഭവങ്ങളിലൂടെയാണ് .നന്മയും തിന്മയും തിരിച്ചറിയുന്നത്. ചെകുത്താൻ (ശൈത്താൻ) ആരാണ്? സർവ്വശക്തനായ ദൈവം അറിഞ്ഞുകൊണ്ട് തിന്മ പരത്താനായി ചെകുത്താനെ അനുവദിക്കുന്നത് ശരിയാകുന്നതെങ്ങിനെ?

വാ.മ. – ദൈവത്തിന്റെ ആസ്തികൃത്തിൽ വിശ്വസിക്കുന്നു എന്ന അടിസ്ഥാനത്തിലാണ് നാം സംസാരിക്കുന്നത്. മനുഷ്യജീവിതം ഇവിടംകൊണ്ടവസാനിക്കുന്നില്ല. അത് ഒരു തരത്തിൽ ശാശ്വതീകമാകുന്നു. എല്ലാ സുഖദുഃഖങ്ങളുടേയും പ്രഭവകേന്ദ്രം ദൈവമാണ്. ദൈവത്തെ നിഷേധിക്കുന്നത് അത് ഏതുതരത്തിലായാലും ആ അടിസ്ഥാനത്തിൽ അവൻ പാപം ചെയ്തു എന്നു പറയും. മനുഷ്യപ്രകൃതിയുടെ അടിസ്ഥാനത്തിൽ അവനു ദോഷകരമായിരിക്കുന്ന പ്രവൃത്തി പാപമായി വിധിയ്ക്കപ്പെട്ടു. മറ്റുള്ളവർക്ക് ദോഷമുണ്ടാക്കുന്നതോടൊപ്പം സ്വന്തത്തിലും ദോഷം വരുത്തുന്ന പ്രവൃത്തികൾ–മനുഷ്യന്റെ പരിശുദ്ധിയ്ക്ക് ഭംഗകരമായിട്ടുള്ളതും ദൈവത്തിൽനിന്ന് അവനെ അകറ്റിക്കളയുന്നതുമായ പ്രവൃത്തികളാണ് പാപം. പൊതുവെ നമുക്ക് അറിയാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട്. ദൈവം സർവ്വജ്ഞനായിരിക്കയാൽ അവൻ മനുഷ്യന്റെ നന്മയ്ക്കായുള്ളതുമാത്രമെ കല്പിച്ചിട്ടുള്ളു എന്നും മനുഷ്യപ്രകൃതിയ്ക്ക് യോജിച്ചതുമാത്രമെ കല്പിക്കയുള്ളുഎന്നും നാം ദൃഢമായി വിശ്വസിക്കേണ്ടിയിരി

ക്കുന്നു. ഒരു രോഗത്തിന് ചികിത്സകൻ നിർദ്ദേശിക്കുന്ന മരുന്നു രോഗി ഇഷ്ടപ്പെട്ടില്ലെങ്കിലും സ്വീകരിക്കേണ്ടിവരുന്നു. ഭൗതീക കാര്യങ്ങളിൽ ഇതാണ് സ്ഥിതിയെങ്കിൽ ആത്മീയകാര്യങ്ങളിലും ഇത്തരത്തിൽ ഗുണദോഷവിചാരം ആവശ്യമായിവരും. മനുഷ്യന്റെ യഥാർത്ഥമായ പരിശുദ്ധിയും യഥാർത്ഥമായ സുഖവും ദൈവസ്നേഹവും ദൈവപ്രാപ്തിയുമാകുന്നു. ദൈവം അവന്റെ പരിശുദ്ധിയ്ക്ക് നിരക്കാത്തവയെ ഇഷ്ടപ്പെടുന്നില്ല. ദൈവത്തിന്റെ ഇഷ്ടത്തിനെതിരായ കാര്യങ്ങളെ നാം വർജിക്കേണ്ടതാവശ്യമായിത്തീരുന്നു. തിന്മകളെ പൊതുവെ എല്ലാ സമൂഹങ്ങളും മതങ്ങളും തിന്മകളായി അംഗീകരിക്കുന്നുണ്ട്. ഉദാഹരണമായി കക്കുക, കളവ് പറയുക, വ്യഭിചരിക്കുക തുടങ്ങിയ പ്രവൃത്തികളെ കുറ്റങ്ങളായും തിന്മകളായും കരുതുന്നു. ഈ കുറ്റങ്ങൾ ദൈവത്തിന്റെ പരിശുദ്ധിയ്ക്ക് നിരക്കാത്തതും മനുഷ്യപ്രകൃതിയ്ക്ക് ഭംഗകരവുമത്രെ. ഓരോ ആളും കുറ്റങ്ങളെ കുറിച്ചുള്ള ബോധവും പുലർത്തുന്നു. പൊതുവെ നന്മതിന്മകളെ കുറിച്ചുള്ള വിവേചനം പ്രയാസകരമല്ല. സമുദായങ്ങളിൽ അത്തരം തിന്മകളെകുറിച്ച് അഭിപ്രായവ്യത്യാസവുമില്ല.

ശൈത്താനെ സംബന്ധിച്ച് പറയുകയാണെങ്കിൽ മനുഷ്യപ്രകൃതിയിൽ രണ്ട്തരം ശക്തികളുണ്ട്. ഒന്ന് നന്മയുടെ വശത്തെയ്ക്കും മറ്റൊന്ന് തിന്മയുടെ വശത്തെയ്ക്കും പ്രേരിപ്പിക്കുന്നു. പരീക്ഷകളിലൂടെ വിജയിക്കുകയോ തിന്മകളിൽനിന്നകന്ന് പ്രതിഫലം നേടുകയൊ അതായത് ദൈവത്തെ അനുസരിച്ച് കൊണ്ട് സമ്മാനിതരാകുകയോ ചെയ്യാനുംതന്നെ. ഈ തിന്മയുടെ പ്രേരകശക്തിയെ ശൈത്താൻ എന്നുവിളിച്ചുകൊൾക. പിശാചിൽ മാത്രമായി നമ്മൾ വിശ്വസിക്കുന്നില്ല. ചെകുത്താന്റെ ഒപ്പം തന്നെ മലക്കിലും അഥവാ മാലാഖയിലും നമ്മൾ വിശ്വസിക്കുന്നു. കൃസ്ത്യാനികൾ പറയുന്ന പിശാചിൽ ഞങ്ങൾക്ക് വിശ്വാസമില്ല. നന്മയിലേയ്ക്ക് വിളിക്കുന്ന ശക്തിയെ മലക്ക് എന്നും തിന്മയിലേക്ക് വിളിക്കുന്ന ശക്തിയെ ചെകുത്താൻ എന്നും പറയുന്നു.

മെയ് 18-ന് രണ്ടാം പ്രാവശ്യം സന്ദർശിച്ചപ്പോൾ പ്രഫസർ ചോദിച്ച ചോദ്യങ്ങളും മറുപടിയും ഇപ്രകാരമായിരുന്നു:

പ്രഫസർ റേഗ്– ദൈവത്തെപറ്റി അങ്ങ് എന്താണ് കരുതുന്നത്? ദൈവത്തിന് വ്യക്തിഭാവങ്ങളുണ്ടോ? ദൈവം വികാരിയാണോ? എല്ലായിടത്തും സ്ഥിതിചെയ്യുന്ന ഒരു ദൈവം ഉണ്ടോ?

വാഗ്ദത്തമസീഹ് ഞങ്ങൾ അല്ലാഹുവിനെപറ്റി അവൻ അപരിമിതനാണെന്നാണ് വിശ്വസിക്കുന്നത്. അവൻ ആകാശത്തിലെന്നപോലെ ഭൂമിയിലും ഉണ്ട്. അവൻ രണ്ടുതരത്തിൽ ബന്ധം പുലർത്തുന്നു. മുഴുവൻ സൃഷ്ടിജാലങ്ങളോടുമുള്ള പൊതുവായ ബന്ധമാണ് ഒന്ന്. രണ്ട്, തന്റെ പ്രത്യേക ദാസൻമാരോടുള്ള സവിശേഷമായ ബന്ധം. ആത്മാക്കളെ ശുദ്ധീകരിച്ചുകൊണ്ട് അവനോടുള്ള സ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നവരോട് നേരിട്ട് സംസാരിക്കുമാറ് ദൈവം കൂടുതൽ സ്നേഹമുള്ളവനായിമാറുന്നു. ഇതിൽ അത്ഭുതാവഹമായ ഒരു കാര്യമുണ്ട്. അതായത്, അവൻ അകന്നവനായിരിക്കെ അടുത്തുള്ളവനാണ്. അടുത്തുള്ളവനായിരിക്കെ അകന്നിരിക്കുന്നവനുമത്രെ. എന്നാലും ഒരു ശരീരം മറ്റൊരു ശരീരത്തിന്റെ അടുത്തെന്നപോലെ അടുത്താണെന്നുപറഞ്ഞുകൂടാ. അവൻ എല്ലാറ്റിലും ഉപരിയായുള്ളവനാണ്. എന്നാൽ അവന്റെ കീഴെ വേറെയെന്തെങ്കിലും ഉണ്ടെന്നുപറയാവതല്ല. മറ്റെല്ലാ വസ്തുക്കളെയ്ക്കാളും പ്രത്യക്ഷനാണവൻ. എന്നാൽ അവൻ സൂക്ഷ്മാൽ സൂക്ഷ്മതമനുമത്രെ. മനുഷ്യൻ എത്രകണ്ട് സത്യമായ പരിശുദ്ധതപ്രാപിക്കുന്നുവോ അത്രകണ്ട് ആ സത്തയെകുറിച്ച് അറിവുള്ളവനായിത്തീരുന്നു.

പ്രഫസർ– ദൈവം സ്നേഹവും നീതിയും ആണെങ്കിൽ ഒരു സൃഷ്ടവസ്തുവിന്റെ ഉപജീവനം മറ്റുള്ള ഒന്നിന്റെ നാശത്തിൽ ആയിരിക്കുന്നതെന്ത്? ഒരു പക്ഷിയെ പരുന്ത് ശാപ്പിടുന്നു. മറ്റുള്ളവയെ തിന്നുന്ന ഒരു അവസ്ഥ പരുന്തിന് എന്തുകൊണ്ടുണ്ടായി? അവിടെ സ്നേഹത്തിന്റെയും നീതിയുടെയും നിർബന്ധങ്ങൾ പ്രവർത്തിക്കുന്നില്ലല്ലോ?

വാഗ്ദത്ത മസീഹ്–സ്നേഹത്തെ പറ്റിപറയുമ്പോൾ ദൈവം സ്നേഹമാണെന്ന് പറയുന്നു. എന്നാൽ, അങ്ങിനെ പറയുമ്പോൾ അർത്ഥകൽപനയിൽ തെറ്റ്വരുന്നുണ്ട്. മനുഷ്യരിലുള്ള സ്നേഹംതന്നെ ദൈവത്തിലും ഇവർ ആരോപിക്കുന്നു. മനു

ഷ്യരിലുള്ള സ്നേഹത്തിനും ക്രോധത്തിനും ഉള്ള അതേ അർത്ഥം ദൈവത്തിന്റെ സ്നേഹത്തിലും ക്രോധത്തിലും ആരോപിച്ചുകൂട. മനുഷ്യൻ ആരെയെങ്കിലും സ്നേഹിച്ചാൽ ആ സ്നേഹം നഷ്ടപ്പെടുമ്പോൾ ദുഃഖമുണ്ടാകുന്നു. മാതാവ് കുട്ടിയോടുള്ള സ്നേഹം കാണിക്കുന്നു. കുട്ടി മരിച്ചാൽ മാതാവിന്ന് കടുത്ത മനക്ലേശമുണ്ടാകുന്നു. ആരുടേയെങ്കിലും പ്രിയപ്പെട്ടവൻ വേർപെട്ടാൽ ആ വിരഹത്തിൽ വേവലാതിപ്പെടുന്നു. ദൈവത്തിന് ഇത്തരം ക്ലേശവും വേവലാതിയും ഉണ്ടാവുന്നുണ്ടോ? ഒരിക്കലുമില്ല! ആകയാൽ, ദൈവവുമായി ഈ വാക്കിനെ ഇതേ അർത്ഥത്തിൽ സംബന്ധിപ്പിച്ചുകൂടാത്തതാണ്. ഇപ്രകാരം തന്നെ ആർക്കെങ്കിലും ക്രോധമുണ്ടാകുമ്പോൾ അയാൾതന്നെ ഒരു വിധത്തിലുള്ള ശിക്ഷ അനുഭവിക്കുകയാണ്. അയാളുടെ ഉള്ളിൽ ഒരുതരത്തിൽ എരിച്ചിലും പുകച്ചിലുമുണ്ടാകുന്നു. അയാളിലുള്ള ആഹ്ലാദവും ആശ്വാസവും നഷ്ടപ്പെടുന്നു. അതുകൊണ്ട് ഈ വാക്കുകളെ അതേ അർത്ഥങ്ങളിൽ ദൈവത്തിന്റെ കാര്യത്തിൽ നാം ഇഷ്ടപ്പെടുന്നില്ല. മനുഷ്യന്റെ അവസ്ഥകളെപറ്റി ഉപയോഗിക്കപ്പെടുന്ന വാക്കുകളാണ് ഇവ. എന്നാൽ, ദൈവം അവന്റെ സത്തയിൽ എപ്രകാരം അതുല്യനായിരിക്കുന്നുവോ അപ്രകാരംതന്നെ അവന്റെ ഗുണങ്ങളിലും അതുല്യനാണെന്ന് നാം കരുതുന്നു. അവന്റെ തൃപ്തിക്കനുസരിച്ച് ചരിക്കുന്നവനിൽ അവൻ സന്തുഷ്ടനാവുന്നു എന്ന് മാത്രമെ നാം പറയുന്നുള്ളു. ദൈവം സ്നേഹമാണെന്ന് പറയുന്നില്ല. സ്നേഹമെന്ന വാക്ക് നാം ഉപയോഗിക്കുന്നില്ല. ഉപയോഗിക്കാൻ പറ്റിയതുമല്ല.

പ്രഫസർ– ഇതൊന്ന് വിശദീകരിച്ചാലും!

വാഗ്ദത്ത മസീഹ് – ദൈവത്തിന്റെ കാരുണ്യത്തെയും ക്രോധത്തേയുംപറ്റി പറയപ്പെടുമ്പോൾ മനുഷ്യരെപറ്റി ഈ വാക്ക് ഉപയോഗിക്കുമ്പോഴുള്ള അർത്ഥം നൽകപ്പെടാവതല്ല. ദൈവത്തിന്റെ അതിവിപുലമായ വ്യവസ്ഥ സയുക്തികമാണ്. അവന്റെ വ്യവസ്ഥയിൽ നമ്മുടെ അതിർത്തിക്കപ്പുറം കൈനീട്ടാനാവില്ല. ദൈവം മനുഷ്യന്റെ സൂക്ഷ്മമായ കാര്യാദികളിൽ ഇടപെടുമ്പോൾ അത് നല്ല ഫലം സൃഷ്ടിക്കുകയില്ല. താണ കിടയി

ലുള്ള ജന്തുക്കൾക്ക് കഷ്ടാവസ്ഥ ഉണ്ടാവുന്നെങ്കിൽ ഉയർന്ന ജന്തുക്കൾക്കും അതുണ്ടാവുന്നു. ഈ ലോകം പരിമിതവും നശ്വരവുമാണ്. ഇതിനപ്പുറം വിപുലമായ ഒരു ലോകമുണ്ട്. അതിൽ എല്ലാ തരത്തിലുള്ള സുഖസൗകര്യങ്ങളുമുണ്ടായിരിക്കണമെന്ന് അവൻ ഇച്ഛിച്ചിരിക്കുന്നു. ഇവിടെ ദുഃഖമനുഭവിക്കുന്നവന്ന് പരലോകത്ത് പ്രതിഫലം കിട്ടും. പിന്നെ ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്. ഉയർന്ന നിലയിലുള്ളവർക്കും വിഷമങ്ങളും ക്ലേശങ്ങളും ഉണ്ടാകുന്നുണ്ട്. അവരും ക്ലേശങ്ങളിൽനിന്ന് മുക്തരല്ല. മനുഷ്യർ ജീവിവർഗങ്ങളിൽവെച്ച് ഏറ്റവു ഉത്തമനാകുന്നു. എങ്കിലും സിംഹവും അതുപോലുള്ള ഹിംസ്രജന്തുക്കളും മനുഷ്യരെ കൊന്ന്തിന്നുന്നു. ആരും ദുഃഖത്തിൽനിന്ന് ഒഴിഞ്ഞിരിക്കുന്നില്ല. ഒരാൾക്ക് ഏതെങ്കിലും പ്രകാരത്തിലുള്ള ക്ലേശം അനുഭവപ്പെടുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രമായി ക്ലേശം എന്തുകൊണ്ട് എന്ന ചോദ്യം ശരിയല്ല. എല്ലാ ജീവജാലങ്ങളും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ ക്ലേശമനുഭവിക്കുന്നു. കിളിയെ തിന്നാൻ പരുന്തെങ്കിൽ പരുന്തിന് ക്ലേശം നൽകാൻ മറ്റേതെങ്കിലും ജീവി. മനുഷ്യൻ ജന്തുക്കളെ അറുത്തു ഭക്ഷിക്കുന്നു. മനുഷ്യന്നാകട്ടെ മറ്റുതരത്തിലുള്ള ക്ലേശങ്ങളും ദുഃഖങ്ങളും അനുഭവപ്പെടുന്നു. ആ ദുഃഖങ്ങൾക്കുള്ള പ്രതിവിധിയും പരിഹാരവും പരലോകത്താകുന്നു. ഈ ലോകത്തിനുശേഷം പരലോകം വരുമ്പോൾ അത് എല്ലാവർക്കും അനുഭവപ്പെടുന്നതാണ്. ഈ ലോകം പരീക്ഷാതലമാകുന്നു. എന്താണതെന്ന് ചോദിച്ചാൽ ദൈവം ഉടമസ്ഥനാണെന്ന മറുപടി മതിയാകും. ഉടമസ്ഥന് എല്ലാറ്റിനും സ്വാതന്ത്ര്യമുണ്ട്. ക്ലേശങ്ങൾ രണ്ട് തരത്തിലാണ്. ദൈവമാർഗത്തിൽ പരിശ്രമം, യാത്രാക്ലേശം, ജീവത്യാഗം മുതലായ ക്ലേശങ്ങൾ. ഇവയൊക്കെ മനുഷ്യനുള്ളതാണ്. ജന്തുക്കൾക്ക് ഇത്തരം ക്ലേശങ്ങളില്ല. മനുഷ്യൻ രണ്ട്തരത്തിലുള്ള ക്ലേശങ്ങൾ സഹിക്കേണ്ടിവരുന്നു. ഒന്ന് വിധിയുടേയും രണ്ട് നിയമത്തിന്റെയും ക്ലേശങ്ങൾ.

മനുഷ്യന്റെ ഇന്ദ്രിയാനുഭവങ്ങൾക്ക് തീവ്രത കൂടും. അവൻ ദുഃഖം വേഗത്തിൽ അനുഭവിച്ചറിയുന്നു. ഇതര ജന്തുക്കളിൽ ഈ അനുഭൂതി കുറവാണ്. ജന്തുക്കൾക്ക് വിശേഷബുദ്ധി

നൽകപ്പെട്ടിട്ടില്ല. അവരെ ഒരുതരം അബോധാവസ്ഥയിൽ ആക്കിയിരിക്കുന്നു. അറുത്തിട്ടാൽ പിടയ്ക്കുന്നത് നോവറിഞ്ഞല്ല, ശാരീരികമായ ഒരു പ്രതിഭാസമാണത്. കഷ്ടപ്പാടുകളുടെ അനുഭൂതി യഥാർത്ഥത്തിൽ മനുഷ്യർക്ക് മാത്രമുള്ളതാണ്. മനുഷ്യന്റെ ബൗദ്ധീകശക്തി കൂർമ്മം കൂടിയതാണ്. എനിയ്ക്ക് തലചുറ്റലിന്റെ ഒരു രോഗമുണ്ട്. വിരൽകൊണ്ട് ശരീരത്തിൽ തൊട്ടാൽപോലും എനിയ്ക്ക് വേദനതോന്നും. അത്കൊണ്ട് പ്രത്യേക വിഭാഗത്തിന്ന് മാത്രമാണ് ദുഃഖവും ക്ലേശവും എന്ന് കരുതാവതല്ല. എല്ലാവർക്കും അത് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട്, ദൈവത്തിന്റെ നീതിധർമ്മത്തെ കുറിച്ചുള്ള ആക്ഷേപത്തിന് അടിസ്ഥാനമൊന്നുമില്ല.

പ്രഫസർ– ഈ ക്ലേശങ്ങൾക്കും ദുഃഖങ്ങൾക്കും പ്രതിഫലമുണ്ടെന്ന് അങ്ങ് പറഞ്ഞുവല്ലോ. ജന്തുക്കുൾക്കും ഇതുണ്ടാകുമോ?

വാഗ്ദത്ത മസീഹ്– തീർച്ചയായും! അത് ജന്തുക്കൾക്കും ലഭിക്കുമെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

പ്രഫസർ– ഇതിന്റെ അനിവാര്യമായ ഫലം ജന്തുക്കളുടെ ആത്മാക്കളും മരണശേഷം നിലനിൽക്കുമെന്നാണല്ലോ.

വാഗ്ദത്ത മസീഹ്– അതെ, എന്തുകൊണ്ടല്ല?

പ്രഫസർ– അമേരിക്കക്കാരും ആദമിന്റെ സന്തതികളാണോ? ക്രൈസ്തവാനികൾ പറയുന്നത് ഒരേ ആദമിന്റെ സന്തതികളാണ് സകല മനുഷ്യരുമെന്നാണല്ലോ!

വാഗ്ദത്ത മസീഹ്– ഞങ്ങൾ അങ്ങിനെ വിശ്വസിക്കുന്നില്ല. ഒരൊറ്റ ആദമിന്റെ മക്കളല്ല എല്ലാ മനുഷ്യരും. എത്രയോ ആദംമാരുണ്ടായിരുന്നു. 'ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ': (ഞാൻ നിശ്ചയമായും ഭൂമിയിൽ ഒരു ഖലീഫയെ –പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നു) എന്നാണ് പറയപ്പെട്ടിട്ടുള്ളത്. ആദം മറ്റാരുടേയോ പ്രതിനിധിയാണെന്ന് ഇതിൽനിന്നും തെളിയുന്നു. ആദമിന്റെ മുമ്പ് ഒന്നുമില്ലായിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. ഏതാനും ആയിരം കൊല്ലം മുമ്പ് മുതൽക്കാണ് മനുഷ്യാ

രംഭം എന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. അതിനും മുമ്പേ ഈ പരമ്പര തുടരുന്നുണ്ടായിരുന്നു. ഇതേ ആദമിന്റെ മക്കളാണ് അമേരിക്കക്കാരെന്നും പറയാവതല്ല. സൂഫീ വര്യനായ ഹസ്രത്ത് മുഹ്യുദ്ദീൻ ഇബ്നു അറബി, എഴുതിയിട്ടുണ്ട്, താൻ ഹജ്ജിന് പോയപ്പോൾ ഉണ്ടായ ഒരു ദിവ്യദർശനത്തിൽ ഒരു ചോദ്യത്തിന്ന് മറുപടിയായി ആയിരക്കണക്കിൽ ആദം തലമുറകൾ ആദമിന്ന് മുമ്പും കഴിഞ്ഞുകടന്നിട്ടുണ്ടായിരുന്നുവെന്നു മറുപടി ലഭിക്കുക യുണ്ടായെന്ന്.

പ്രഫസർ– അങ്ങ് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നുണ്ടോ? അങ്ങിനെയാണെങ്കിൽ ആത്മാവ് എപ്പോ ഴുണ്ടായി?

വാഗ്ദത്ത മസീഹ്– മനുഷ്യർ പണ്ടെന്നോ കുരങ്ങ് ആയി രുന്നുവെന്നും പിന്നീട് വാൽ മുറിഞ്ഞ് മനുഷ്യരായി എന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. ഇത് വെറും ഒരു സങ്കൽപമാണ്. നിരീക്ഷണമാണ്. പരീക്ഷണപരമായി തെളിയിച്ചുകാട്ടപ്പെടേണ്ട ഒരു വാദം മാത്രം. തെളിയിച്ചുകാട്ടേണ്ട ഭാരം വാദിക്കുള്ളതാണ്. അത്തരം കഥകളിൽ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ഉറ പ്പിക്കാൻ നാം തയ്യാറില്ല. ഓരോ ജീവിവർഗ്ഗവും അതേ വർഗ ഗണത്തിൽതന്നെ (Species) പരിണമിക്കുന്നു എന്നതാണ് ശരി.

ആത്മാവ് സൃഷ്ട വസ്തുവാണെന്ന് ഞങ്ങൾ വിശ്വസി ക്കുന്നു. ഭൗതീകാണുകയിൽനിന്ന് തന്നെയാണ് ആത്മാവിന്റെയും ഉൽപത്തി. ഞാൻ 'ചശ്മയെ മഅ്രിഫ'യിൽ ഇത് വിവരിച്ചിട്ടുണ്ട്. ഖുർആൻ ആ പാഠമാണ് നമുക്ക് നൽകുന്നത്. ഇത് തന്നെയാണ് ശാസ്ത്രീയവും. സൃഷ്ടിക്കപ്പെടുന്ന ജീവാണുവിൽനിന്ന് തന്നെ യാണ് ആത്മാവും സൃഷ്ടിക്കപ്പെടുന്നത്. അത് പിന്നീട് വികാസം കൊള്ളുന്നു. 'സുമ്മൻശാഅ ഖൽഖൻ ആഖറ' (പിന്നെ നാം മറ്റൊരു പടപ്പിന്ന് രൂപനിർണ്ണയം നൽകി) എന്നാണ് പറയപ്പെട്ടി ട്ടുള്ളത്. ഇത് തികച്ചും ശരിയാണ്. ആത്മാവ് അനാദിയാണെന്ന വാദം ശരിയല്ല. അല്ലാഹുവിന്റെ സൂക്ഷ്മ ജ്ഞാനത്തെ പറ്റി പല ആക്ഷേപങ്ങളും പുറപ്പെടുവിക്കപ്പെടുന്നുണ്ട്. എന്നാൽ, സ്ഥാപിത സത്യത്തെ നമുക്ക് നിഷേധിക്കാൻ പറ്റില്ല.

പ്രഫസർ– ഞാൻ വളരെ സന്തോഷിക്കുന്നു. അങ്ങ്പറയുന്ന മതം സയൻസിന്ന്. തികച്ചും അനുരോധം തന്നെയാണ്.

വാഗ്ദത്ത മസീഹ്– ഇതിനായിട്ടുതന്നെയാണ് ദൈവം നമ്മെ നിയോഗിച്ചയച്ചിരിക്കുന്നത്. സ്ഥാപിതസത്യങ്ങൾക്കും ശാസ്ത്രീയ യാഥാർത്ഥ്യങ്ങൾക്കും എതിരല്ല മതം എന്ന് ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കാൻതന്നെ.

പ്രഫസർ– ജീവിതം ചന്ദ്രനിൽ നിന്നാണ് ഇറങ്ങിയതെന്ന് വിശ്വസിക്കുന്ന ചിലർ അമേരിക്കയിലുണ്ടത്രെ. ചന്ദ്രൻ ഭൂമിയിൽ നിന്നുണ്ടായതാണ്. ഭൂമിയിലാണ് ജീവന്റെ സ്ഫുരണം ഉണ്ടായത് അങ്ങയുടെ അഭിപ്രായമെന്താണ്?

വാഗ്ദത്ത മസീഹ്– ജീവന്റെയും ശക്തികളുടെയും എല്ലാം പ്രഭവം ദൈവത്തിൽ നിന്നാകുന്നു. സൂര്യനേയും ഭൂമിയേയും ആകാശഗോളങ്ങളേയും മനുഷ്യന്റെ സേവനാർത്ഥം സൃഷ്ടിച്ചെടുത്തതാകുന്നു. മനുഷ്യൻ വയറ്റിൽ രൂപപ്പെടുമ്പോൾ ഖേചരങ്ങളുടെ സ്വാധീനത്തിൽനിന്നും ഫലമെടുക്കുന്നു. സപ്ത ഗോളങ്ങളുടെ സ്വാധീനവുമുണ്ട്. ഈ സ്വാധീനഫലങ്ങൾ നമ്മുടെ 'ശരീഅ'ത്തിന് വിരുദ്ധമായിട്ടുള്ളതല്ല. ചന്ദ്രന്റെ പ്രകാശത്താൽ കായ്കനികൾക്ക് പക്വത കയ്വരുന്നു. 'അനാർ' (ഉറുമാമ്പഴം) പാകമാകുമ്പോൾ അതുപൊട്ടിപ്പിളരുന്ന ശബ്ദം കേൾക്കുമാറാകുന്നു.

പ്രഫസർ– ഈച്ചകളിലും മറ്റു പക്ഷികളിലും ഉള്ളതും ജീവാത്മാക്കൾ തന്നെയാണോ?

വാഗ്ദത്ത മസീഹ്– ആത്മാക്കൾ മൂന്നു തരത്തിലുണ്ട്. സസ്യാത്മാവ്, ജൈന്തവാത്മാവ്, മനുഷ്യാത്മാവ്. യഥാർത്ഥത്തിലുള്ള അല്ലാഹു പൂർണ്ണതയുടെ, യഥാർത്ഥ ജീവിതത്തിന്റെ അനന്തരാവകാശി മനുഷ്യാത്മാവ് മാത്രമാകുന്നു. ജന്തുക്കളുടെ ആത്മാവ് അതിനെയ്ക്കാൾ കുറഞ്ഞ പദവിയിലുള്ളതും സസ്യങ്ങളുടെ ആത്മാവ് അതിലും കുറഞ്ഞ പദവിയിലുള്ളതുമാകുന്നു. സസ്യങ്ങളിലും ഒരു തരത്തിലുള്ള ഇന്ദ്രിയാനുഭവങ്ങളുണ്ട്. ചില വള്ളികൾ അവയുടെ വളർച്ചയുടെമുഖം മാറ്റുന്നതായിക്കാണാം.

പ്രഫസർ– മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനാണെന്നും സ്വന്തം നന്മയെ ലക്ഷ്യമാക്കിയാണ് നീങ്ങുന്നതെന്നും നാം വിശ്വസിക്കുമ്പോൾ അവന്റെ തെറ്റ്കുറ്റങ്ങൾ പൊറുക്കപ്പെടേണ്ടതല്ലേ? വീണ്ടെടുപ്പ് അഥവാ, പാപപരിഹാരം ഇല്ലാതിരിക്കുമ്പോൾ മോക്ഷം പ്രാപിക്കാനാവില്ല. എന്ന വിശ്വാസം ശരിയായിരിക്കുന്നതെങ്ങിനെ?

വാഗ്ദത്ത മസീഹ്– ഇത് തീർച്ചയായും പറ്റെതെറ്റാണ്. മനുഷ്യൻ തന്റെ സൽപ്രവൃത്തികളാൽ ദൈവാനുഗ്രഹത്തെ ആകർഷിക്കുന്നു. അനുഗ്രഹത്തിലാണ് അവന്റെ മോക്ഷം നിലകൊള്ളുന്നത്. കൺതുറന്ന് നോക്കുക! ഒരു ബീജം നടപ്പെടുന്നു. പിന്നെ അതിന്മേൽ കഠിനാധ്വാനം ചെയ്യുന്നു. ഒടുവിൽ അതിന്റെ ഫലം നേടുകയും ചെയ്യുന്നു. ആരുടേയും വീണ്ടെടുപ്പ് ആവശ്യമില്ല. അല്ലാഹു 'അഫ്‌വും' 'റഊഫു'മാണ്. അവന്റെ കാരുണ്യം സർവ്വരേയും ആച്ഛാദനം ചെയ്യുന്നു.

ചോദ്യങ്ങൾക്കുള്ള മറുപടികളിൽ താൻ പൂർണ്ണമായും സംതൃപ്തനാണെന്ന് പ്രഫസർ റേഗ് വെട്ടിത്തുറന്ന് പറഞ്ഞു. ഇത്തരത്തിലുള്ള സംതൃപ്തിദായകമായ മറുപടി പ്രവാചകൻമാർക്ക് മാത്രമെ നൽകാൻ സാദ്ധ്യമാകയുള്ളുവെന്നും അദ്ദേഹം ഏറ്റുപറയുകയുമുണ്ടായി. ഡോ. റേഗ് പിന്നീട് ഇസ്‌ലാംമതം സ്വീകരിച്ചു. മരണംവരെ ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ)ന്റെ ശിഷ്യത്വത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. മുഫ്ത്തി സാഹിബുമായി അദ്ദേഹം മരിക്കുംവരെ കത്തെടപാടുകൾ നടത്തിക്കൊണ്ടിരുന്നു.

83 – ഉന്നതന്മാർ ദർശനത്തിന്

1908 മാർച്ച് 21–ന് പഞ്ചാബ് ഫിനാൻഷ്യൽ കമ്മീഷനർ മി. ജെയിംസ് വിൽസൺ ഖാദിയാൻ സന്ദർശിച്ചു. ഗവർണറുടെ നേരെ കീഴിലുള്ള ഒരു ഉന്നത ഉദ്യോഗസ്ഥൻ ഖാദിയാൻ സന്ദർശിക്കുന്നത് ഇത് ആദ്യമായിരുന്നു. കേവലം ഒരു കുഗ്രാമമായ ഖാദിയാൻ ഉന്നതാധികാരികളുടെ ശ്രദ്ധാകേന്ദ്രമായി എന്നതിലേ

യ്ക്കുള്ള പ്രത്യക്ഷമായ ഉദാഹരണമായിരുന്നു ഈ സന്ദർശനം ഔദ്യോഗികാവശ്യങ്ങൾക്ക് അമൃത്സറോ ഗുർദാസ്പൂരോ സന്ദർശിക്കുന്നതല്ലാതെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ ബട്ടാലയോളം യാത്രചെയ്യുന്നത്പോലും പ്രത്യേക പ്രാധാന്യമുള്ളതായിരുന്നു. എന്നാൽ, ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ)യുടെ സാന്നിദ്ധ്യമല്ലാതെ മറ്റൊരു സവിശേഷതയും ഖാദിയാൻ ഗ്രാമത്തിനുണ്ടായിരുന്നില്ല എന്നതിനാൽ ഫിനാൻഷ്യൽ കമ്മീഷണറുടെ വരവ് ഒരു വലിയ സംഭവമായി വീക്ഷിക്കപ്പെട്ടു.

ഖാദിയാനിൽ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിന് വേണ്ടി കെട്ടിടവും ബോർഡിംഗ് ഹൗസും നിർമിക്കാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരുന്ന നാളുകളായിരുന്നു അത്. ഫിനാൻഷ്യൽ കമ്മീഷണറെ സ്വീകരിക്കാൻ പുതിയ കെട്ടിടം നിർമിക്കുന്ന സ്ഥലത്ത് വിപുലമായ ഒരുക്കങ്ങൾ ചെയ്തു. ഫിനാൻഷ്യൽ കമ്മീഷണർക്ക് കേമ്പ് ചെയ്യാനുള്ള സ്ഥലവും പരിസരവും മറ്റും ഉന്നതഉദ്യോഗസ്ഥൻമാർ വന്ന് പരിശോധിക്കുകയുണ്ടായി. മി. വിൽസന്റെ കൂടെ ഗുർദാസ്പൂർ ഡെപ്യൂട്ടി കമ്മീഷണർ മി. കിങ്ങും ഉണ്ടായിരുന്നു. മി. വിൽസന് ഗംഭീരമായ സ്വീകരണമാണ് ഒരുക്കിയത്. ഫിനാൻഷ്യൽ കമ്മീഷണർ ഹസ്രത്ത് അഹ്മദിനെ (അ) കാണാൻ ആഗ്രഹം പ്രകടിപ്പിക്കുകയും സൗകര്യം അന്വേഷിക്കുകയും ചെയ്തു. എന്നാൽ, ബഹുമാന്യനായ ഒരു അതിഥി എന്നനിലയിൽ താൻ നേരിട്ട് വന്ന് കാണുന്നതാണെന്ന് അറിയിക്കുകയാണ് ഹസ്രത്ത് സാഹിബ് ചെയ്തത്. അങ്ങിനെ അന്ന് വൈകുന്നേരം വിൽസന്റെ ക്യാമ്പിലേയ്ക്ക് ഹസ്രത്ത് അഖ്ദസ് (അ) ചെല്ലുകയും അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തു. മുക്കാൽ മണിക്കൂർ നേരം അവിടുന്ന് ഫിനാൻഷ്യൽ കമ്മീഷണറുമായി സംഭാഷണം നടത്തി. രാത്രിയത്തെ ഭക്ഷണം വാഗ്ദത്ത മസീഹിന്റെ വകയായിരുന്നു.

ഏപ്രിൽ 8-ന് ഒരു അമേരിക്കൻ ടൂറിസ്റ്റ് ജോർജ് ടർണർ ലേഡി ടർണർ ഒരു സ്കോട്ട്ലണ്ട് കാരനായ മി. ബോൺഷർ എന്നിവരും ഖാദിയാൻ സന്ദർശിച്ചു. മസ്ജിദ് മുബാറക്കിന് താഴെയുള്ള ഓഫീസിൽവെച്ച് അവർ ഹസ്രത്ത് സാഹിബുമായി സംഭാ

ഷണം നടത്തി. ഡിപ്യൂട്ടി മജിസ്ട്രേറ്റ് അലി അഹ്മദ് എം.എ., ഡോ. മുഫ്തി മുഹമ്മദ് സാദിഖ്, എന്നിവർ തദവസരത്തിൽ ദ്വിഭാഷികളായിരുന്നു. അമേരിക്കൻ ടൂറിസ്റ്റ് മിസ്റ്റർ ടർണർ ഹസ്രത്ത് അഹ്മദ് (അ) അമേരിക്കയിലെ മിശിഹാ വാദിയായിരുന്ന ഡോ.ഡോവിയുമായി നടത്തിയ ആത്മീയ സമരത്തെപറ്റി വിശദമായി ചോദിച്ചറിഞ്ഞു. തന്റെ സത്യവാദത്തിലെയ്ക്കുള്ള തെളിവുകളെ കുറിച്ചാരാഞ്ഞപ്പോൾ ടൂറിസ്റ്റുകളുടെ ഖാദിയാൻ സന്ദർശനം തന്നെ ഉത്തമതെളിവാണെന്നും താൻ തികച്ചും ഒറ്റക്കായിരുന്നപ്പോൾ, ആരാലും അറിയപ്പെടാതെ കഴിഞ്ഞിരുന്ന കാലത്ത് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും സന്ദർശകർ വന്നെത്തുമെന്ന് ദൈവം തന്നെ വെളിപാടുമുഖേന അറിയിക്കുകയുണ്ടായെന്നും മുപ്പത് കൊല്ലം മുമ്പ് 'ബറാഹീൻ അഹ്മദിയ്യ' എന്ന ഗ്രന്ഥത്തിൽ താൻ ആ വെളിപാടുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും വാഗ്ദത്ത മസീഹ് മറുപടി നൽകി. സംഭാഷണത്തിൽ തികച്ചും സന്തുഷ്ടരായിട്ടാണ് അവർ ബട്ടാലക്ക് തിരിച്ചത്.

ഒരു റഷ്യൻ ടൂറിസ്റ്റ് ആയ മി. ഡിക്സൺ 1907 നവംബർ 28-നു ഖാദിയാൻ സന്ദർശിച്ചിരുന്നു. ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ആശുപത്രിയിലാണ് അദ്ദേഹം ആദ്യംവന്നത്. പിന്നീട് ഹസ്രത്ത് അഖ്ദസുമായും സംഭാഷണം നടത്തി. അദ്ദേഹത്തിന് ഉറുദു അറിഞ്ഞുകൂടായിരുന്നു. മൌലവി മുഹമ്മദ് അലി സാഹിബാണ് ദ്വിഭാഷിയായിരുന്നത്. മി.ഡിക്സൺ ഒരു രാത്രി അവിടെ തങ്ങി. ഗോൾകമ്രയിലാണ് അദ്ദേഹത്തിന് താമസിക്കാൻ ഏർപ്പാട് ചെയ്തിരുന്നത്. പിറ്റേന്നാൾ ഈ റഷ്യൻ സഞ്ചാരി തിരിച്ചുപോകുമ്പോൾ ഹസ്രത്ത് അഖ്ദസ് (അ) നദിക്കര വരെ നടന്നുചെല്ലുകയും യാത്രക്കിടയിൽ അദ്ദേഹത്തിന് തന്റെ സന്ദേശം കേൾപിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഒപ്പം കുറേപ്പേർ അവരെ അനുഗമിക്കുകയുണ്ടായി (ദിക്റെ ഹബീബ്). ഏപ്രിൽ അവസാനത്തിൽ ഹസ്രത്ത് അഖ്ദസ് (അ) ലാഹൗറിലെയ്ക്ക് പോയതോടെ സന്ദർശകൻമാരുടെ പ്രവാഹം ലാഹൗറിലേക്കായി. ധാരാളം സന്ദർശകർ വന്നും പോയും കൊണ്ടിരുന്നു. പലതരം ചോദ്യങ്ങളും സംശയങ്ങളുമായും ആളുകൾ

സമീപിച്ചു. അവരുമായുള്ള സംസാരങ്ങളിൽ ആത്മീയ ജ്ഞാനം വഴിഞ്ഞൊഴുകുന്ന മറുപടികൾ നൽകിക്കൊണ്ടിരുന്നു.

1908 മെയ് 15–നു രാവിലെ ഒരു വലിയ മുസ്‌ലിം നേതാവും രാഷ്ട്രീയക്കാരനും നിയമകോവിദനുമായിരുന്ന ബാരിസ്റ്റർ മിയാൻ ഫസൽ ഹുസൈൻ സാഹിബ് വാഗ്ദത്ത മസീഹിനെ സന്ദർശിച്ച് ദീർഘമായ ചർച്ച നടത്തിയത് ഒരു പ്രധാന സംഭവമായിരുന്നു. ഇന്ത്യാവൈസ്രോയിയുടെ എക്സിക്യൂട്ടിവ് കൗൺസിലിൽ ആദ്യത്തെ മുസ്‌ലിം മെമ്പറായി പിന്നീട് നിയമിക്കപ്പെട്ട മഹാനായിരുന്നു ഫസൽഹുസൈൻ സാഹിബ്. മറ്റൊരു ബാരിസ്റ്ററേയും കൂട്ടിയാണ് അദ്ദേഹം വാഗ്ദത്ത മസീഹിനെ കാണാൻ എത്തിയത്. മുസ്‌ലിംകളുടെ ഐക്യത്തെകുറിച്ചും ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂഹ്യ രാഷ്ട്രീയ സ്ഥിതി വിപര്യയങ്ങളെ കുറിച്ചും അവർ ചർച്ച ചെയ്തു. ഇന്ത്യക്കാരുടെ രാഷ്ട്രീയ അവകാശങ്ങൾക്ക്വേണ്ടി ഇന്ത്യൻ നേഷണൽ കോൺഗ്രസ് രംഗത്തിറങ്ങിയ കാലം. 1906–ൽ മാത്രമാണ് ആഗാഖാന്റെ നേതൃത്വത്തിൽ മുസ്‌ലിം ലീഗ് രൂപം കൊണ്ടത്. മുസ്‌ലിം ലീഗും കോൺഗ്രസ്സും ചർച്ചയിൽവന്നു. ഇന്ത്യക്കാർ ഇങ്ങനെ പരസ്പരം ഭിന്നിച്ച് നിൽക്കുന്നത് വാഗ്ദത്ത മസീഹിനെ വേദനിപ്പിച്ചിരുന്നു. മുസ്‌ലിംകൾതന്നെ കക്ഷി പ്രതികക്ഷികളായി പരസ്പരം പോരടിച്ചുനിൽക്കുകയായിരുന്നു. ലോകമുസ്‌ലിംകളെ ആകമാനം ഒന്നിപ്പിക്കാനായിട്ടാണ് താൻ പ്രത്യക്ഷനായിരിക്കുന്നതെന്ന് വാഗ്ദത്ത മസീഹ് (അ) അറിയിച്ചു. തിരുനബി (സ) കാണിച്ച്തന്ന മാർഗ്ഗത്തിൽ അനാവശ്യമായ ശത്രുതകളിൽ നിന്നെല്ലാം സുമുക്തരായി സുരക്ഷിതരായി നിലകൊള്ളുവാനുള്ള വഴിയാണ് അഹ്മദിയ്യാ ജമാഅത്ത് മുഖേന മുസ് ലിം ലോകത്തിന് കൈവന്നിട്ടുള്ളതെന്ന് അവിടുന്നു വ്യക്തമാക്കി.

'കലിമ' ഏറ്റുപറയുന്നവരെ കാഫിറെന്ന് വിളിക്കുന്നതിനെ സംബന്ധിച്ചുള്ളതായിരുന്നു ബാരിസ്റ്റർ ഫസൽ ഹുസൈൻ സാഹിബ് ഉന്നയിച്ച ഒരു സംശയം. കലിമ ഏറ്റുപറയുന്ന ആരെയും തന്നെ ഇസ്‌ലാമികവൃത്തത്തിൽനിന്ന് പുറത്തായി താൻ കരുതുന്നില്ലെന്ന് വാഗ്ദത്തമസീഹ് (അ) വ്യക്തമാക്കി. തങ്ങളെ

കാഫിറെന്ന് വിളിച്ചുകൊണ്ട് സ്വയം കാഫിറായിത്തീരുന്നവരെയല്ലാതെ ഇസ്ലാമിൽനിന്ന് പുറത്തായി ആരെയും താൻ കരുതുന്നില്ല. അവിടുന്ന് തുടർന്നു: നാം ദൈവനിയുക്തനാണെന്ന വാദം പുറപ്പെടുവിച്ച ഘട്ടത്തിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവിയും കൂട്ടരും നമുക്കെതിരെ ഇന്ത്യയിൽ അങ്ങോളമിങ്ങോളം പാഞ്ഞുനടന്ന് കുഫ്റ്ഫത്വ തയാറാക്കുകയാണുണ്ടായത്. നാം കാഫിറും ദജ്ജാലുമാണെന്ന് വിധി പാസാക്കുകയും നമ്മുടെ ജനാസ നമസ്കരിക്കരുതെന്നും 'അസ്സലാമു അലൈക്കും' എന്ന് നമ്മോട് സംബോധന ചെയ്യരുതെന്നും എന്നെയും ശിഷ്യരെയും മുസ്ലിം എന്ന് പറയുന്നപക്ഷം അത്തരക്കാരും കാഫിറായിത്തീരുമെന്നും വിധിക്കുകയുണ്ടായി. എന്നിരിക്കെ, നാം എന്താണ് ചെയ്യേണ്ടിയിരുന്നത് എന്ന് പറഞ്ഞുതരിക. നാം അവരുടെ മേൽ ഒരു ഫത്വയും പുറപ്പെടുവിച്ചിട്ടില്ല. ഇത് അവരുടെ സ്വയം കൃതാനർത്ഥമാണ്. മുസ്ലിമിനെ കാഫിറെന്ന് പറയുന്നവൻ സ്വയം കാഫിറായിത്തീരുമെന്നത് അംഗീകരിക്കപ്പെട്ട കാര്യമാണ്.

രണ്ട് മുസ്ലിംകൾ തമ്മിൽ മുബാഹല പാടില്ലെന്ന് വാഗ്ദത്തമസീഹ് വ്യക്തമാക്കി. മുഅ്മിനിനെ കാഫിറെന്ന് പറയുന്നവർ സ്വയം കാഫിറായിത്തീരുന്നു. തന്നെ മുബാഹലയ്ക്ക് ആഹ്വാനം ചെയ്ത ഒരാളോട് താനിത് ചൂണ്ടിക്കാണിച്ചപ്പോൾ നിങ്ങളെ കൊടിയ കാഫിറായിട്ടാണ് തങ്ങൾ കരുതുന്നതെന്നാണ് മറുപടി നൽകിയത്. അത്തരക്കാരെയാണ് കാഫിറെന്നുപറയുന്നത്. തങ്ങൾ അഹ്മദികളെ മുസ്ലിം എന്ന് കരുതുന്നുവെന്നും അവരെ കാഫിറെന്ന് പറയുന്നവരെ കാഫിറായി കരുതുന്നുവെന്നും ഒരു പ്രഖ്യാപനം നടത്തുന്നപക്ഷം അത്തരം പ്രഖ്യാപനം നടത്തിയിട്ടുള്ളവരുടെയും അത് അംഗീകരിക്കുന്നവരുടെയും പിന്നിൽ നമസ്കരിച്ചുകൊള്ളുവാൻ താൻ തന്റെ മുഴുവൻ ജമാഅത്ത് അംഗങ്ങൾക്കും ആ നിമിഷം കൽപന നൽകുന്നതാണ്എന്നും ഹസ്രത്ത് അഹ്മദ് (അ) കൂട്ടിച്ചേർത്തു. (ബദർ, 1908 മെയ് 24, ഹയാത്തെതയ്യിബ പു. 451)

മെയ് 25-നു അതിർത്തി സംസ്ഥാനത്ത്നിന്നുള്ള ഒരു മുസ്ലിം നേതാവ് വാഗ്ദത്ത മസീഹിനെ സന്ദർശിച്ചു പല സംഗ

തികളും ചോദിച്ചറിഞ്ഞു. അദ്ദേഹത്തോട് ദീർഘനേരം വാഗ്ദത്ത മസീഹ് സംസാരിക്കുകയുണ്ടായി. ധാരാളം ശിഷ്യൻമാരും മുസ്ലിം പ്രമാണിമാരും വാഗ്ദത്ത മസീഹിനെ കാണുവാൻ വന്നു കൊണ്ടിരുന്നു. പല അമുസ്ലിം പ്രമുഖൻമാരും സന്ദർശനത്തിനെത്തി ചർച്ചകൾ നടത്തി.

ദില്ലിയിലെ ഒരു പ്രസിദ്ധപത്രമായിരുന്ന 'മോർണിംങ് പോസ്റ്റ്' (Morning Post) പത്രത്തിന്റെ അധിപരായ ഒരു ഇംഗ്ലീഷ്കാരൻ വാഗ്ദത്ത മസീഹിനെ കാണാൻഎത്തി. അദ്ദേഹത്തിന് ഉറുദു അറിഞ്ഞുകൂടായിരുന്നതിനാൽ ഡോ. മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് ദ്വിഭാഷിയായിരുന്നു.

കാബൂൾ രാജകുടുംബാംഗമായിരുന്ന ശഹ്സാദ മുഹമ്മദ് ഇബ്രാഹിംഖാൻ ആയിരുന്നു വാഗ്ദത്ത മസീഹിനെ സന്ദർശിച്ച മറ്റൊരു മുസ്ലിം പ്രമുഖൻ. ലാഹൗറിൽ ശീതൻവാലാ ഗെയ്റ്റിൽ താമസിച്ചുപോന്ന ഇദ്ദേഹം അഹ്മദ്ഷാ അബ്ദാലിയുടെ സന്താന പരമ്പരയിൽപെട്ട ഒരു അഫ്ഗാൻ പ്രമാണിയായിരുന്നു. മെയ് 2-നു വൈകുന്നേരം അദ്ദേഹം ഹസ്രത്ത് അഖ്ദസിനെ കാണാനെത്തി. പാർസിയിലാണ് വാഗ്ദത്ത മസീഹുമായി ഇദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നത്. ഹുസൂർ തന്റെ സന്ദേശം വിവരിച്ചുകൊടുത്തു. ഹസ്രത്ത് അഖ്ദസിനെ തന്റെ ഭവനത്തിലെയ്ക്ക് അദ്ദേഹം ക്ഷണിക്കുകയുണ്ടായി. അതിന് സൗകര്യപ്പെടുകയില്ലന്നറിഞ്ഞപ്പോൾ തന്റെ വക മൃഷ്ടാന്ന ഭോജനത്തിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനാവശ്യമായ പണം കൊടുത്തയച്ചു.

മെയ് 23-ന് വൈകുന്നേരം സനാതന ധർമികളായ ഒരു കൂട്ടം ഹിന്ദുവനിതകൾ വാഗ്ദത്ത മസീഹിന്റെ ദർശനത്തിനായി എത്തി. തങ്ങൾ "മഹാരാജിനെ" കാണാനായി ദൂരത്ത് നിന്ന് വന്ന വരാണെന്നറിയിച്ചു. ഹുസൂർ അവർക്ക് തൗഹീദ് വിവരിച്ചുകൊടുക്കുകയും മൂർത്തിപൂജ ഉപേക്ഷിക്കാൻ ഉപദേശിക്കുകയുമുണ്ടായി.

ലാഹൗർ ഇസ്ലാമിയ കോളേജിലെ വൈസ് പ്രിൻസിപ്പൾ മുഹമ്മദലി ജഅ്ഫരി സാഹിബായിരുന്നു മറ്റൊരു സന്ദർശ

കൻ. അദ്ദേഹത്തോട് ഹസ്രത്ത് സാഹിബ്പറഞ്ഞു: "വാക്കിലും എഴുത്തിലും നാം നമ്മുടെ ദൗത്യം പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ സന്ദേശം എത്തിയിട്ടില്ലെന്നും നമ്മുടെ വാദങ്ങൾ അറിഞ്ഞിട്ടില്ലെന്നും ഇനി ആർക്കും പറയാൻ സാദ്ധ്യമല്ല".

ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയെ നേരിട്ടുകണ്ട് സംസാരിക്കുന്നതിനെത്തിയ പ്രമുഖരിൽ മൗലാനാ അബുൽ കലാം ആസാദും അദ്ദേഹത്തിന്റെ ജ്യേഷ്ഠനും ഉൾപെട്ടിരുന്നു. മൗലാനാ അബുൽ കലാം ആസാദ് പിന്നീട് സ്വതന്ത്ര ഇന്ത്യയുടെ ഒന്നാമത്തെ വിദ്യാഭ്യാസമന്ത്രിയായിത്തീർന്ന ആളാണ്. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ മൗലാന ഗുലാം യാസീൻ ആഹ് വാഗ്ദത്ത മസീഹിനെ സന്ദർശിച്ച ശേഷം ബൈഅത്ത് ചെയ്ത് ശിഷ്യഗണത്തിൽ പ്രവേശിക്കുകയുണ്ടായി. പേരുകേട്ട ആലിമും സാഹിത്യകാരനുമായിരുന്ന അദ്ദേഹത്തിന്റെ യാത്രാനുഭവങ്ങൾ വക്കീൽ പത്രത്തിൽ രേഖപ്പെടുത്തുകയുണ്ടായി. ഇവർ ഇരുവരും ബോംബെയിലെ വൈ.എം.സി.എ. ക്ലബ്ബിൽ പോകാറുണ്ടായിരുന്നു. അവിടെ പ്രീച്ചിംഗ് ഹാളിൽവെച്ച് നടത്തിപോന്ന സംവാദങ്ങളിൽ ഇരുവരും പങ്കെടുക്കുകയും ചെയ്തുപോന്നിരുന്നു. ആ സംവാദങ്ങളിൽവാഗ്ദത്ത മസീഹിന്റെ കൃതികൾ പ്രത്യേകിച്ചും ക്രിസ്ത്യാനികളുമായിനടന്ന വാദപ്രതിവാദങ്ങൾ അവർക്ക് വളരെ സഹായകരമായിരുന്നു. വാഗ്ദത്ത മസീഹിനോട് അവർ ഇരുവർക്കും വലിയ മതിപ്പുണ്ടായിരുന്നതിനാൽ പഞ്ചാബിൽ ചെന്ന് ഹസ്രത്ത് അഹ്മദിനെ കാണുവാൻ അവർ ആഗ്രഹിച്ചു. അങ്ങിനെ 1905 മെയിൽ ലാഹൗർ അഞ്ചുമൻ ഹിമായത്തുൽ ഇസ്ലാം സഭയുടെ വാർഷികസമ്മേളനത്തിൽ പങ്കെടുക്കുവാൻ ലാഹൗറിൽ എത്തിയപ്പോഴാണ് ഖാദിയാൻ സന്ദർശിച്ചത്.

മൗലാന അബ്ദുർറസാഖ് മലേഹാബാദി എഴുതിയ 'ആസാദ് കി കഹാനി'യിൽ മൗലാനാ ആസാദിന്റെ ഖാദിയാൻ സന്ദർശനത്തെപറ്റി പറഞ്ഞുകാണാം. കടുത്ത ചൂടുണ്ടായിരുന്നപ്പോൾ പാതകൾ വരണ്ടുകിടന്നതിനാൽ വളരെ പ്രയാസപ്പെട്ടാണ് ബട്ടാലയിൽനിന്ന് ഖാദിയാനിലെത്തിയത്. ലാഹൗറിൽവെച്ച്

മൗലാനാ ഷേക്ക് യാഖൂബ് അലി സാഹിബ് ഇർഫാനിയെ കണ്ട പ്പോൾ ഖാദിയാനിൽ വരുമ്പോൾ അറിയിക്കാമെന്ന് ഉറപ്പ് നൽകി യിരുന്നുവെങ്കിലും വിവരം അറിയിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു സന്ധ്യക്കാണ് ഖാദിയാനിൽ എത്തിയത്. കാംഗ്ഡ ഭൂകമ്പം കാരണം ചലനങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരുന്നതിനാൽ വാഗ്ദത്തമസീഹും പരിവാരവും നഗരത്തിന്ന് പുറത്ത് തന്റെ തോട്ടത്തിൽ വസിച്ചു പോന്നപ്പോഴാണ് ആസാദ് ഒരു രാവിലെ കാണാനെത്തിയത്. യാത്രക്കാരൻ വാഗ്ദത്തമസീഹിന്റെ അനു യായി ആയിരുന്നതിനാൽ നേരെ താമസസ്ഥലത്തേക്ക് എത്തി ക്കുകയാണ് ചെയ്തത്. അവിടെ മൗലാനാ അബ്ദുൽകരീം സാഹി ബിനെ കണ്ടുമുട്ടിയപ്പോൾ താൻ മിർസാ സാഹിബിനെ കാണാൻ വന്നതാണെന്ന് അറിയിച്ചു. മൗലാന അബ്ദുൽ കരീം സാഹി ബിന്റെ ചില സുഹൃത്തുക്കൾ ആസാദിന്റെ പിതാവിന്റെ മുരീ ദൻമാരിൽ പെട്ടവരായിരുന്നതിനാൽ പരിചയം പുതുക്കി. മൗലവി അബ്ദുൽകരീം സാഹിബിനെ തുടർന്നുകൊണ്ട് ഇശാനമസ്കാരം അനുഷ്ഠിച്ചു. പുലർച്ചെ നാലുമണിക്ക് എഴുന്നേറ്റ് നമസ്കാര ങ്ങളിൽ പങ്കുകൊണ്ടു. രാവിലെ വൃക്ഷച്ചുവട്ടിൽ ചേർന്ന വാഗ്ദത്ത മസീഹിന്റെ ക്ലാസിലും പങ്കെടുക്കുകയുണ്ടായി. മൗലാനാ നൂറുദ്ദീൻ സാഹിബിനേയും മുഫ്തി സാഹിബിനെയും നവാബ് മുഹമ്മദലി ഖാൻ സാഹിബിനേയും കണ്ട് സംസാരിച്ചു. ഹസ്രത്ത് അഖ്ദസ് (അ) ആസാദിനോട് അല്പ ദിവസം താമ സിച്ച് തിരിച്ചുപോകാമെന്ന് പറഞ്ഞെങ്കിലും അദ്ദേഹത്തിന്ന് കൂടു തൽ ദിവസം നിൽക്കാനായില്ല. ഈസാനബിയുടെ മരണത്തെ പറ്റി സംസാരിച്ചപ്പോൾ സർ സയ്യിദ് അഹ്മദ്ഖാനും ചിറാഗുദ്ദീനും മറ്റും ഈസാനബി (അ) മരിച്ചുപോയതായിട്ടാണ് വിശ്വസിച്ചതെന്ന് ആസാദ് ചൂണ്ടിക്കാട്ടി. എന്നാൽ, അവർ കേവലം യുക്തിവാദപ രമായിട്ടാണ് അപ്രകാരം വിശ്വസിച്ചതെന്നും ഖുർആനിൽനിന്ന് അത് തെളിയിച്ചുകാട്ടിയിട്ടില്ലെന്നും ഈ വിശ്വാസത്തിന്റെ ആത്മീയ മൂല്യം അവർ നിർദ്ധാരണം ചെയ്തിട്ടില്ലെന്നും ഹസ്രത്ത് അഹ്മദ് (അ) ചൂണ്ടിക്കാട്ടുകയുണ്ടായി. ഏതായാലും, വാഗ്ദത്ത മസീ ഹിനെ കുറിച്ചുള്ള വലിയ മതിപ്പോടുകൂടിയാണ് അദ്ദേഹം ഖാദി യാനിൽനിന്ന് തിരിച്ചത്. തിരിച്ചുപോകുമ്പോൾ ബട്ടാലവരെയുള്ള

യാത്ര നവാബ് മുഹമ്മദലിഖാൻ സാഹിബിന്റെ കുതിരവണ്ടിയിലായിരുന്നതിനാൽ വളരെ സുഖകരമായിരുന്നുവെന്നും അദ്ദേഹം ഓർക്കുകയുണ്ടായി. സുപ്രസിദ്ധ ഉറുദു സാഹിത്യനായകനായിരുന്ന മൗലാനാ അബ്ദുൽ മജീദ് സാലിക്ക് രചിച്ച 'യാറാനെ കുഹൻ' എന്ന ഗ്രന്ഥത്തിൽ ആസാദിനെ സംബന്ധിച്ച ഇക്കാര്യങ്ങൾ പ്രതിപാദിച്ചുകാണാം.

84 – ഹിന്ദു മുസ്‌ലിം ഐക്യത്തിന്‌വേണ്ടി

രാഷ്ട്രീയമായ അധികാര സ്ഥാനങ്ങൾക്ക് വേണ്ടിയുള്ള വടംവലി ഇന്ത്യയിലെ പ്രമുഖ സമുദായങ്ങളായ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കു മിടയിൽ ശക്തിപ്പെട്ട് തുടങ്ങിയ കാലമായിരുന്നു അത്. 1889–ൽ ഇന്ത്യൻ നേഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ടു. ഇംഗ്ലീഷ്കാരനായ ഒ.എം. ഹ്യൂം ആണ് അതിന് അടിസ്ഥാനമിട്ടത്. ഇന്ത്യൻ നേഷണൽ കോൺഗ്രസ് ഇന്ത്യക്കാരുടെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തുന്നതിനിടയിൽ മുസ്‌ലിംകൾ മുസ്‌ലിംലീഗ് എന്നപേരിൽ മുസ്‌ലിംകളുടെ അവകാശ സംരക്ഷണത്തിനായി മറ്റൊരു പ്രത്യേക സംഘടന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. 1906–ൽ മുസ്‌ലിംലീഗ് സ്ഥാപിതമായി. രാജ്യകാര്യങ്ങളിൽ അവകാശങ്ങൾ നേടിയെടുക്കാൻ യോജിച്ച് പ്രവർത്തിക്കുന്നതിന് പകരം സമുദായങ്ങൾ വേർപിരിഞ്ഞ് പ്രത്യേകം സംഘടിച്ച് പോരടിക്കുന്നത് പൊതുവായ പുരോഗതിക്കും രാജ്യഭദ്രതയ്ക്കും സൗഹാർദ്ദാന്തരീക്ഷം സംജാതമാക്കുന്നതിനും തടസ്സമായിത്തീരുമെന്ന കാര്യത്തിൽ വാഗ്ദത്ത മസീഹിന് വലുതായ ഉൽക്കണ്ഠയുണ്ടായിരുന്നു. അത്കൊണ്ട് തന്നെ ഇരു സമുദായങ്ങളെയും കോർത്തിണക്കുകയും സൗഹാർദ്ദം വളർത്തുകയും ചെയ്യുന്നതിനെ മുൻനിർത്തി ലാഹൗറിൽ ഒരു വലിയ ഹിന്ദു മുസ്‌ലിം സൗഹൃദ സമ്മേളനം വിളിച്ചു കൂട്ടുന്നതിനെകുറിച്ച് വാഗ്ദത്ത മസീഹ് (അ) ആഗ്രഹിക്കുകയും അതിന്നായി ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് തന്റേതായ ഒരു ഐക്യസന്ദേശം പ്രബന്ധരൂപത്തിൽ എഴുതിയുണ്ടാക്കാനും തീരുമാനിച്ചു.

അതോടൊപ്പം മനുഷ്യൈക്യം സംബന്ധിച്ച ഇസ്‌ലാമിക പാഠങ്ങൾ ഉയർത്തിക്കാട്ടുന്നതിനും ഈ അവസരം ഉപയോഗപ്പെടുത്താനും അവിടുന്ന് ആലോചിക്കുകയുണ്ടായി. അവിടുന്നു ലാഹൗറിൽ താമസിച്ച അവസാന നാളുകളിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ലാഹൗറിലെ ഹിന്ദുമുസ്‌ലിം നേതൃനിരയിലെ ഉന്നത സ്ഥാനീയരായ പലരുമായും സംഭാഷണങ്ങൾ, നടത്തുകയും അഭിപ്രായവിനിമയം ചെയ്യുകയും ചെയ്തു.

ഈ അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹ് (അ) 'പൈഗാമെ സുൽഹ്' (സമാധാന സന്ദേശം) എന്ന ശീർഷകത്തിൽ ഒരു ഉപന്യാസം എഴുതിത്തുടങ്ങി. 1908 ജൂൺ 21-ന് ഞായറാഴ്ച ലാഹൗർ യൂണിവേഴ്സിറ്റി ഹാളിൽ ഒരു സൗഹൃദ മഹാ സമ്മേളനം വിളിച്ച്കൂട്ടാനും അതിൽ വാഗ്ദത്ത മസീഹിന്റെ 'പൈഗാമെ സുൽഹ്' എന്ന ഉപന്യാസം അവതരിപ്പിക്കാനും തീരുമാനിച്ചു. ഇത്തരം ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നതിനും അതിനെ വിജയിപ്പിക്കുന്നതിനും ഖാജാ കമാലുദ്ദീൻ സാഹിബ് ബാറ്റ്ലാ, ബാരിസ്റ്റർ മിയാൻ മുഹമ്മദ് ശഫീഅ്, ബാരിസ്റ്റർ ഫസൽ ഹുസൈൻ സാഹിബ് തുടങ്ങിയവർ വിപുലമായ സ്വാധീന വൃത്തങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുപോന്നു. ലാഹൗർ ചീഫ് കോർട്ടിലെ ജസ്റ്റിസ് പ്രതൂൽ ചന്ദ്ര ചാറ്റർജിയുടെ അദ്ധ്യക്ഷതയിൽ സമ്മേളനം ചേരുവാനായിരുന്നു തീരുമാനം. എല്ലാ തീരുമാനങ്ങളും എടുത്തുകഴിഞ്ഞെങ്കിലും 1908 മെയ് 26-ന് ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ (അ) ദേഹ വിയോഗം തികച്ചും അപ്രതീക്ഷിതമായ നിലയിൽ സംഭവിച്ചത് സംഘാടകർക്ക് വലുതായ ഇച്ഛാഭംഗത്തിന്നും ധൈര്യക്ഷയത്തിന്നും കാരണമായി. എങ്കിലും പരിപാടിയുമായി അവർ മുന്നോട്ട് നീങ്ങുകതന്നെ ചെയ്തു.

തന്റെ ഒടുവിലത്തെ കൃതിയായ 'പൈഗാമെ സുൽഹ്' എഴുതിപൂർത്തിയാക്കുന്നതിന്നിടയിലാണ് വാഗ്ദത്ത മസീഹ് (അ) മെയ് 26-ന് ചരമം പ്രാപിച്ചത്. തലേന്നാൾ വരെ അവിടുന്ന് ഈ കൃതി രചിക്കുന്നതിൽ വ്യാപൃതനായിരുന്നു. 25-ന് വൈകന്നേരം

അസർ നമസ്കാരത്തിന് മുമ്പായി എഴുതിയെടത്തോളം ഭാഗം അച്ചടിക്കുന്നതിനായി കാത്തിബിനെ ഏൽപ്പിക്കുകയും ചെയ്തു. തയ്യാറാക്കിയ കുറിപ്പുകൾ പ്രകാരം അത് പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും സന്ദേശം എന്ന നിലയിൽ വായിച്ചവതരിപ്പിക്കാൻ ഉദ്ദേശിച്ച കാര്യങ്ങളുടെ മർമ്മവശം ഉൾകൊള്ളിച്ചനിലയിൽ ഉപന്യാസം തയാറാക്കുകയാണുണ്ടായത്. വാഗ്ദത്ത മസീഹിന്റെ അസാന്നിദ്ധ്യത്തിൽ ഖാജാ കമാലുദ്ദീൻ സാഹിബാണ് അത് വായിച്ച് കേൾപിച്ചത്. 1908 ജൂൺ 21-ന് ഞായറാഴ്ച ലാഹൗർ യൂനിവേഴ്സിറ്റിഹാളിൽ നിരവധി ശ്രോതാക്കളും ബുദ്ധിജീവികളും അഭ്യസ്ത വിദ്യരായിട്ടുള്ള ഹിന്ദു, സിക്ക്, മുസ്‌ലിം ശ്രോതാക്കളും അടങ്ങിയ നിറഞ്ഞ സദസ്സിൽ അത് വായിച്ചവതരിപ്പിച്ചപ്പോൾ അതൊരു വലിയ ചരിത്രസംഭവമായി.

ഹൃദയസ്പർശിയായ ഒരു ഉപന്യാസമാണ് പൈഗാമെസുൽഹ് അഥവാ, "മൈത്രിസന്ദേശം".* ആത്മാർത്ഥത വഴിഞ്ഞൊഴുകിയ പ്രസ്തുത പ്രബന്ധം 'അൽഹംദുലില്ലാഹി റബ്ബിൽആലമീൻ' (സർവ്വസ്തുതികളും സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു) എന്ന ദൈവസ്തുതി വാക്യം വിശദീകരിച്ചുകൊണ്ടാണ് ആരംഭിച്ചത്. മനുഷ്യൈക്യത്തിലേയ്ക്ക് ആഹ്വാനം ചെയ്യുന്ന ഖുർആനീകവചനങ്ങൾ ഉദ്ധരിക്കുകയും ഇസ്‌ലാമിന്റെ മഹത്തായ മാനവീയത്തിന്റെ പാഠങ്ങൾ ഉയർത്തിക്കാട്ടുകയും ഇന്ത്യയിൽ നിതാന്തമായ സാമുദായികൈക്യം കെട്ടിപ്പെടുക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട്‌വെക്കുകയും ചെയ്തു. ഹിന്ദുക്കൾ തിരുനബിയുടെ സത്യത്തെ അംഗീകരിക്കുകയും ആ മഹാത്മാവിനെ ആദരിച്ചു തുടങ്ങുകയും വേണമെന്നും പകരം മുസ്‌ലിംകൾ സൗഹൃദസൂചനയെന്നോണം ഹിന്ദുക്കൾക്ക് അഹിതകരമായുള്ള ഗോഹത്യ ഉപേക്ഷിക്കാൻ തയാറാകണമെന്നും ഇപ്രകാരമുള്ള ഒരു കരാറിൽ ഇരു സമുദായങ്ങളുടേയും നേതാക്കൾ എത്തിച്ചേരണമെന്നും വാഗ്ദത്ത മസീഹ് പ്രസ്തുത കൃതിയിൽ നിർദ്ദേശിക്കുകയുണ്ടായി.

'പൈഗാമെ സുൽഹ്' (Message of Peace) എന്ന കൃതി ഇപ്രകാരമാണ് ആരംഭിക്കുന്നത്:

* ഇതു മാലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്-പരിഭാഷകൻ-എൻ. ഹാമിദ്.

"ഹിന്ദുക്കളോ മുസ്ലിംകളോ ആയ നാമെല്ലാവരും നൂറു കണക്കായ വിശ്വാസാഭിപ്രായവൈപരീത്യത്തോടുകൂടിയവരാണെങ്കിലും ഈ പ്രപഞ്ചസകലത്തിന്റെയും സ്രഷ്ടാവും രക്ഷിതാവുമായ ഒരു ദൈവത്തിൽ വിശ്വസിക്കുന്ന കാര്യത്തിൽ ഒന്നാകുന്നുവല്ലോ. അപ്രകാരംതന്നെ മനുഷ്യരെന്ന നിലയിൽ പൊതുതാൽപര്യത്തോടുകൂടിയവരുമാകുന്നു. അതേ, മനുഷ്യരെന്നനിലയിൽ നാം പരസ്പരം ബന്ധിതരായിരിക്കുന്നു. അതുമല്ല, നാം ഒരേ രാജ്യത്ത് നിവസിക്കുന്നവരാകയാൽ അന്യോന്യം അയൽക്കാരെന്നനിലയിലും ബന്ധപ്പെട്ടവരാകുന്നു അതിനാൽ നമ്മൾ ആത്മാർത്ഥതയോടും നിഷ്കപടതയോടുംകൂടി പരസ്പരം മിത്രങ്ങളായിവർത്തിച്ചും മതപരവും ലൗകീകവുമായുള്ള വൈഷമ്യഘട്ടങ്ങളിലെല്ലാം അന്യോന്യം സഹതാപം പ്രദർശിപ്പിക്കുകയും ഒരേ ശരീരത്തിലെ അവയവങ്ങളെന്നോണം തമ്മിൽ സഹകരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്.

അവിടുന്ന് തുടർന്ന്: "പൊതുവെ അനുകമ്പാഭാവം പ്രബോധിക്കാത്ത ഒരു മതം യഥാർത്ഥത്തിൽ മതമല്ല. അതുപോലെതന്നെ അനുകമ്പാഭാവത്തെ ഉൾകൊള്ളാത്ത മനുഷ്യൻ മനുഷ്യൻ എന്ന പേരിന് അർഹനുമല്ല. ദൈവം തന്റെ അനുഗ്രഹം യാതൊരു ജാതിക്കാർക്കും നൽകാതിരുന്നിട്ടില്ല. ആ സർവൈകദാതാവ് ആര്യാവർത്തത്തിലെ പുരാതന ജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധങ്ങളും നൽകിയോ ആവക ശക്തികളെല്ലാം അവൻ അറബികൾക്കും പാർസികൾക്കും, സിറിയക്കാർക്കും, ചൈനക്കാർക്കും, ജപ്പാൻകാർക്കും, യൂറോപ്പ്യൻമാർക്കും അമേരിക്കക്കാർക്കും നൽകിയിട്ടുണ്ട്. ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവരെല്ലാവർക്കും ഉപകരിക്കുന്നു. ദൈവത്തിന്റെ ഈ സർവ്വവ്യാപകമായ പരിപാലന സമ്പ്രദായങ്ങൾ നമ്മെ ഉൽബോധിപ്പിക്കുന്നത് നാമും മനുഷ്യർക്ക് പൊതുവെ നന്മചെയ്യുകയും കുടുസ്സായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്.

"സുഹൃത്തുക്കളെ, നമ്മളിൽ ഏതെങ്കിലും ഒരു സമുദായക്കാർ ദൈവത്തിന്റെ ഈ സമ്പ്രദായങ്ങളെ മാനിക്കാതെയും

അവന്റെ പാവനങ്ങളായ ഗുണങ്ങൾക്കൊത്ത് ക്രമപ്പെടുത്താതെയും ഇരിക്കുന്നുവെങ്കിൽ ആയവർ താമസിയാതെ നാശമടയും. അവരുടെ ഈ അതിക്രമത്തിന്റെ ദോഷഫലങ്ങൾ അവരുടെമേൽ മാത്രമല്ല അവരുടെ ഭാവിതലമുറകളുടെമേലും വന്ന്ഭവിക്കുന്നതാണ്. ദൈവത്തിന്റെ ഗുണങ്ങളെ തന്നിൽ പ്രതിഫലിപ്പിക്കുന്നത് മൂലമാണ് മനുഷ്യൻ നാശത്തെ അതിജീവിക്കുന്നത്. സമാധാനത്തിന്റെ ഉറവിടമായ ദൈവഗുണങ്ങൾ അനുസരിച്ച് ജീവിതചര്യകളെ ക്രമപ്പെടുത്തുന്നതിലാണ് മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ജീവിതം ആശ്രയിച്ചുനിൽക്കുന്നത്. ഈ പരമാർത്ഥത്തെ ലോകാരംഭം മുതൽ എല്ലാരാജ്യങ്ങളിലേയും സത്യസന്ധരായ ദൈവദാസർ സാക്ഷീകരിച്ചുവന്നിരിക്കുന്നു".

വാഗ്ദത്ത മസീഹ് വീണ്ടുംപറയുന്നു: "സർവ്വസ്ത്രോത്രവും അഖിലലോകങ്ങളുടേയും രക്ഷിതാവും പാലകനുമായ അല്ലാഹുവിന്നാകുന്നു, എന്ന വചനം കൊണ്ടാണ് വിശുദ്ധഖുർആൻ ആരംഭിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു പ്രത്യേക ജാതിക്കാരിലോ രാജ്യക്കാരിലോ മാത്രമേ പ്രവാചകൻമാർ അവതരിക്കുകയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്ന് ദൈവം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുവന്നിരിക്കുന്നു. അവൻ ആത്മീയഅനുഗ്രഹം നൽകുന്ന വിഷയത്തിൽ യാതൊരു ജാതിക്കാരെയും രാജ്യക്കാരെയും വിസ്മരിച്ച് കളഞ്ഞിട്ടില്ല. വിശുദ്ധഖുർആൻ ഒരിടത്ത് പറയുന്നു. 'ഒരു ഉപദേഷ്ടാവ് വന്ന് കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല.'" (35:24).

അവിടുന്ന് തുടരുന്നു: "ഇങ്ങനെ ദൈവത്തിന്റെ അനുഗ്രഹം നിസ്സീമവും സർവ്വവ്യാപകവുമായിരിക്കുമ്പോൾ അവന്റെ ദിവ്യഗുണങ്ങളെ നാം നമ്മുടെ ജീവിതത്തിൽ പകർത്തുകയും അതുകൾക്കൊത്ത് നമ്മുടെ സ്വഭാവങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാകുന്നു. അല്ലയോ നാട്ടുകാരായ സഹോദരരേ, ഈ വിശാലനിലയിലുള്ള മനസംസ്കാരത്തിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുന്നതിനായിട്ടാണ് 'സമാധാന സന്ദേശം' എന്ന് ഞാൻ നാമാഭിദാനം ചെയ്തിട്ടുള്ള ഈ അഭ്യർത്ഥനയെ നിങ്ങളുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്. സ്നേഹപൂർണ്ണമായ ഈ

ക്ഷണത്തിന്റെ പിന്നിൽ ഇനിയും സ്വാർത്ഥപരമായ വല്ല ഉദ്ദ്യേശ്യവും എനിയ്ക്ക് ഉള്ളതായി നിങ്ങൾ വിചാരിക്കാതിരിക്കുന്നതിന് സർവ്വശക്തനായ ദൈവംതന്നെ നിങ്ങളുടെ ഹൃദയങ്ങളിൽ സത്യം വെളിപ്പെടുമാറാക്കുകയും നിങ്ങളുടെ ക്ഷേമാഭിവൃദ്ധികൾക്കായിക്കൊണ്ട് എന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന ആ ആഗ്രഹത്തിന്റെ രഹസ്യവും എന്റെ ആത്മാർത്ഥതയും അവൻതന്നെ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുകയും ചെയ്യട്ടെ എന്ന് ഞാൻ ഉള്ളെളാഴിഞ്ഞ് പ്രാർത്ഥിച്ചുകൊള്ളുന്നു. പ്രിയ സുഹൃത്തുക്കളെ, പരലോകകാര്യം മിക്കജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം സർവ്വോപരി മഹത്വമേറിയ ആ സത്തയ്ക്ക് വേണ്ടി ആത്മാർപ്പണം ചെയ്യുകയും മരണം വരുന്നതിന് മുമ്പായി മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു വെളിപ്പെടുമാറാകുന്നത്. എന്നാൽ, ഐഹീകജീവിതത്തെ സംബന്ധിച്ച ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയുവാൻ സാധിക്കുന്നതാണ്.

"ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദുരീകരിക്കുവാൻ സാദ്ധ്യമല്ലാത്ത വിപത്തുകളേയും മറ്റേത് ഉപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. അതുകൊണ്ട് ഐക്യത്തിന്റെ അനുഗൃഹിതഫലങ്ങളിൽനിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വമായിരിക്കുകയില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യഘടകങ്ങളായ രണ്ട് സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്ലിംകളും. ഇവരിൽ ആരെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചുകൂടി മറ്റവരെ–ഹിന്ദുക്കൾ ഒന്നിച്ച് ചേർന്ന് മുസ്ലിംകളേയോ മുസ്ലിംകൾ ഒന്ന്ചേർന്ന് ഹിന്ദുക്കളേയോ– രാജ്യത്ത് നിന്ന് പുറത്താക്കിക്കളയാമെന്നത് ഒരു മിത്ഥ്യാവിചാരമാകുന്നു. മറിച്ച്, ഈ രണ്ട്കൂട്ടരേയും തമ്മിൽ ഇണക്കി നിർത്തുന്ന ബന്ധം അപരിച്ഛേദ്യമാംവിധം ശക്തിയേറിയതാണ് താനും. ഇവരിലൊരുകൂട്ടർക്ക് പൊതുനിലയിലുള്ള ആപത്ത് സംഭവിക്കുന്നപക്ഷം മറ്റവർക്ക് അതിന്റെ ബാധയേൽക്കാതെ

അകന്നിരിക്കാൻ സാധിക്കുകയില്ല. അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ അവർക്കും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേവിധത്തിൽ നിന്ദിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യും. ഒരു കൂട്ടർ മറ്റവരോട് അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെ അനുകമ്പയും ലഭിക്കുന്നതല്ല. ഇരു സമുദായങ്ങളിലേയും ഏതെങ്കിലും ഒന്നിലെ ഒരു വ്യക്തി മറ്റേ സമുദായത്തിന് നാശംവരുത്താൻ പോകുന്നപക്ഷം അവൻ താൻ ഇരിക്കുന്ന വൃക്ഷശാഖ സ്വന്തം കൈകൊണ്ട് വെട്ടിമുറിക്കുന്ന ഒരുവനെപോലെയാകുന്നു- മിത്രങ്ങളെ, ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾ നിർദ്ദാക്ഷിണ്യമായ നില ഉപേക്ഷിച്ച് പൊതുവായ ഒരു അനുകമ്പാഭാവം കൈകൊള്ളേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഐഹികജീവിതയാത്ര കഠിനമായ വെയിലിൽ മരുഭൂമിയിലൂടെ സഞ്ചരിക്കുന്നതിന് തുല്യമാകുന്നു. അതിനാൽ ദുർഗമമായ വഴിയിലൂടെയുള്ള ഈ യാത്രാമദ്ധ്യേ വേനലിന്റെ കാഠിന്യത്തെ ലഘൂകരിക്കുന്നതിന് ദാഹശമനം വരുത്തുന്നതിന് മൈത്രിയാകുന്ന ആശീതളപാനീയം നിങ്ങൾക്ക് അത്യന്താപേക്ഷിതമാകുന്നു".

വാഗ്ദത്ത മസീഹ് (അ) തുടരുന്നു: "നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും ആവശ്യമായിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഞാൻ യോജിപ്പിനായികൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പലതരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്ന്കൊണ്ടിരിക്കുന്നു. പ്ലേഗും നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു, മനുഷ്യർ അവരുടെ ദുർവൃത്തിയിൽനിന്ന് വിരമിക്കുകയും, അവർ തങ്ങളുടെ അക്രമങ്ങളെകുറിച്ച് പശ്ചാത്തപിക്കുകയും ദൈവത്തോട് ക്ഷമ ചോദിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ ലോകത്തിന്ന് ഭയങ്കരമായുള്ള വിപത്തുകളും

നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞുപോകുന്നതിന് മുമ്പ് മറ്റൊരു ഭയങ്കരനാശം തുടർന്ന് ഉണ്ടാവുന്നതാണ്.* ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ, ഇനി എന്തുസംഭവിക്കാൻ പോകുന്നു എന്ന് ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെ പോലെ ആയിഭവിക്കും. ആകയാൽ, അല്ലയോ നാട്ടുകാരായ സഹോദരരേ, ആ നാളുകൾ വരുന്നതിന്ന് മുമ്പായി നിങ്ങൾ ജാഗരൂകരാകുവിൻ. ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ! ഐകൃത്തിന്ന് തടസ്സമായിതീരത്തക്കവണ്ണം അന്യായം പ്രവൃത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ! അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ധയ്ക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നു.

"മതപരമായ വൈപരിത്യം യുക്തിയേയും നീതിബോധത്തേയും അനുഭവജ്ഞാനത്തേയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാണ്. മനുഷ്യൻ വിവേക ബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത് അവൻ യുക്തിക്കും നീതിബോധത്തിന്നും നിരക്കാത്തതും അനുഭവജ്ഞാനത്തിന്ന് എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന്ന് തന്നെയാണെന്ന് ബോധപ്പെടുന്നതാണ്. പരസ്പര സൗഹാർദ്ദത്തിന്നും മൈത്രിക്കും പ്രതിബന്ധമായിതീരുന്നത് ഒരു കൂട്ടർ മറ്റൊരുകൂട്ടരുടെ ഭക്ത്യാദരങ്ങൾക്ക് പാത്രമായ പ്രവാചകനേയോ മഹാത്മാവിനേയോ അവരുടെ പവിത്രഗ്രന്ഥത്തേയോ അവഹേളിക്കുന്നതിന്നും അപലപിക്കുന്നതിന്നും പ്രേരിതരായിത്തീരുന്ന തരത്തിലുള്ള വശ്വാസാഭിപ്രായ വൈപരിത്യം മാത്രമാകുന്നു. എന്നാൽ, ഇതു വിഷയകമായി ഇസ്ലാം നൽകുന്ന ഉപദേശങ്ങൾ സമാധാന കാംക്ഷികൾക്ക് പ്രോത്സാഹകങ്ങളായിരിക്കുന്നവയാണ്. ഇസ്ലാം പഠിപ്പിക്കുന്ന മിക്കവാറും സിദ്ധാന്തങ്ങൾ വൈദീക മതശാഖകളിൽ ഒന്നിലല്ലെങ്കിൽ മറ്റൊന്നിൽ കാണാവുന്നതാണ്."

---

* ഇന്ത്യയിൽ അടുത്തകാലത്ത് അടിക്കടിസംഭവിച്ചുകൊണ്ടിരിക്കുന്ന വിവിധങ്ങളായ കൂട്ടനാശങ്ങൾ ഇവിടെ സ്മരണീയം–ഗ്ര.

ദൈവഭാഷണത്തെ സംബന്ധിച്ചിടത്തോളം താൻ അനുഭവസ്ഥനാണെന്ന് അവകാശപ്പെട്ടുകൊണ്ട് വാഗ്ദത്തമസീഹ് തുടരുന്നു:

"ദൈവം പണ്ടുകാലങ്ങളിൽ സംസാരിച്ചുകൊണ്ടിരുന്നത് പോലെ അവനിപ്പോഴും സംസാരിക്കുന്നു. പൂർവ്വകാലങ്ങളിൽ അവൻ കേട്ടുകൊണ്ടിരുന്നത്പോലെതന്നെ ഇപ്പോഴും അവൻ കേൾക്കുന്നു. അവന്റെ ദിവ്യഗുണങ്ങളിൽ ഒന്നിന്റെയും വ്യാപാരം നിലച്ചുപോയിട്ടില്ല, നിലച്ചുപോകുന്നതുമല്ല. ഉദ്ദ്യേശം മുപ്പത് കൊല്ലമായിട്ട് ഞാൻ ദൈവത്തിന്റെ ഭാഷണാമൃതംകൊണ്ട് അനുഗൃഹീതനായിരിക്കുന്നു.

ദൈവാനുഗ്രഹത്തിന്റെ സാർവ്വ ജനീനത്വത്തേയും ഭാഷണത്തിന്റെ സാർവ്വലൗകീകത്വത്തേയും തെളിയിച്ചുകാട്ടുന്നതിനു അത് സംബന്ധിച്ച് വ്യത്യസ്ഥവിഭാഗങ്ങളിൽ പ്രചരിച്ച അബദ്ധവിശ്വാസങ്ങളേയും തെറ്റായധാരണകളേയും ഇല്ലായ്മചെയ്ത് വിവിധ ജനങ്ങൾക്കിടയിൽ സമാധാനമുണ്ടാക്കാനുമായിട്ടാണ് ശ്രീ ബുദ്ധൻ അവതരിച്ചതെന്ന് അവിടുന്ന് ചൂണ്ടിക്കാട്ടി.

"ദൈവത്തിന്റെ ബോധനവും വെളിപാടും ഏതെങ്കിലും ഒരു ജനവിഭാഗത്തിന്നിടയിലോ ഒരു രാജ്യാതിർത്തിക്കുള്ളിലോ ഒരു ഭാഷയിലോ മാത്രമാണെന്ന വിശ്വാസത്തെ ബുദ്ധൻ അനുകൂലിച്ചിരുന്നില്ല. ഇക്കാരണത്താലാണ് അദ്ദേഹം നിരീശ്വരനും നാസ്തികമതവാദിയുമായി ആക്ഷേപിക്കപ്പെട്ടുപോന്നത്. കൃസ്തുവിന്റെ ദൈവത്വത്തെ അംഗീകരിക്കാത്തവരെല്ലാം പാതിരിമാരുടെ ദൃഷ്ടിയിൽ നിരീശ്വരൻമാരും നാസ്തികൻമാരുമായി രിക്കുന്നത്പോലെയാണ് ബുദ്ധൻ നാസ്തികനായി ചിത്രീകരിക്ക്പ്പെട്ടിരിക്കുന്നത്"; അവിടുന്ന് വ്യക്തമാക്കി.

ഒരു മതത്തിന്റെ അനുയായികൾക്ക് ഇതര രാജ്യങ്ങളിലെ മതങ്ങളെ കുറിച്ച് യാതൊരു വിവരവുമില്ലായിരുന്ന കാലങ്ങളിൽ ഓരോ സമുദായക്കാരും താന്താങ്ങളുടെ മതത്തേയും മതഗ്രന്ഥത്തേയും മാത്രം സത്യത്തിന്റെയും ജ്ഞാനത്തിന്റെയും ഭണ്ഡാരമായി കരുതിപ്പോന്നിരുന്നു. അതിനാൽ, വിവിധരാജ്യ

ക്കാർ അന്യോന്യം പരിചയപ്പെടുവാനും ഒരു രാജ്യക്കാർ മറ്റൊരു രാജ്യക്കാരുടെ മതവിശ്വാസങ്ങളെകുറിച്ച് അറിയാനും തുടങ്ങിയതോട്കൂടി അവർക്ക് അന്യോന്യം മതവിശ്വാസങ്ങളെ വകവെച്ചുകൊടുക്കുക പ്രയാസകരമായിത്തീർന്നു. ഓരോ മതസ്ഥരും ഇതര സമുദായക്കാരുടെ മതം വെറും ഭോഷ്കാണെന്ന് വരുത്തുന്നതിന് ഉദ്യുക്തരായിത്തുടങ്ങി. ഇങ്ങനെയാണ് മതപരമായ അസഹിഷ്ണുത നാമ്പെടുത്തതെന്ന് ഹസ്രത്ത് അഹ്മദ് (അ) വിവരിച്ചു. സൊറോസ്ട്രിയൻമാരിലും ജൂതൻമാരിലും മതപക്ഷപാതിത്വം വളർന്നത് ഇങ്ങിനെയാണ്. ദൈവത്തിന്റെ ബോധനവും വെളിപാടുമാകുന്ന അനുഗ്രഹം തങ്ങളുടെ ഗോത്രത്തിൽ മാത്രമായിട്ടുള്ള ഒരു വരമാണെന്നും പുറമേനിന്ന് അനുഗ്രഹ ലബ്ധിഉണ്ടായിട്ടുള്ളതായി വാദിക്കുന്നതായാൽ അയാൾ കേവലം ഒരു വ്യാജവാദിയാണെന്നും ഇവർ വിശ്വസിച്ചുപോന്നു. ആര്യാവർത്തത്തിലെ ജനതതികളിലും ഈ വിശ്വാസങ്ങൾതന്നെ പ്രബലപ്പെടുകയുണ്ടായി. അവിടുന്ന് വിശദീകരിച്ചു.

പ്രവാചക നിന്ദനം വിഷമാണെന്നും അത് സമൂഹത്തെ നശിപ്പിച്ചുകളയുന്നതാണെന്നും ഉദ്ബോധിപ്പിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) തുടരുന്നു:

"ഏതൊരു രാജ്യവാസികൾ അന്യോന്യം മതാചാര്യൻമാർക്ക് കുറകൂറുകയും അവരെ അവഹേളിച്ചുപറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നുവോ അവർക്ക് സമാധാനജീവിതം സാദ്ധ്യമാകുന്നതല്ല. ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ പ്രവാചകൻമാരെയും അല്ലെങ്കിൽ ഇരുകൂട്ടരും അന്യോന്യം പ്രവാചകൻമാരെയും ഋഷിമാരെയും അവതാരപുരുഷൻമാരെയും അധിക്ഷേപിക്കുകയും ദുഷിച്ചുപറയുകയും ചെയ്യുന്നുവെങ്കിൽ ആ സമുദായങ്ങൾക്ക് അന്യോന്യം ഒരിക്കലും യഥാർത്ഥമായ ഐക്യവും മൈത്രിയും ഉണ്ടായിത്തീരുകയില്ല. താൻ വിശ്വസിച്ചാദരിക്കുന്ന പ്രവാചകനേയോ മതാചാര്യനെയോ മറ്റൊരുവൻ നിന്ദിക്കുന്നത് കേൾക്കുമ്പോൾ ആർക്കാണ് രോഷമുണ്ടാകാത്തത്? പ്രത്യേകിച്ചും മുസ്ലിംകൾ തങ്ങളുടെ പ്രവാചകർ (സ) തിരുമേനിയുടെ ദൈവമോ ദൈവപുത്രനോ ആയിവിചാരിക്കു

ന്നില്ലെങ്കിലും അവർ ആ പുണ്യാത്മാവിനെ ഭൂജാതരായ സകല മഹാത്മാക്കളെക്കാൾ ശ്രേഷ്ഠനാണെന്ന് വിശ്വസിക്കുന്നത്കൊണ്ട് ആ നബിതിരുമേനിയെ സംബന്ധിച്ച് സംസാരിക്കുന്നത് ബഹുമാനാദരങ്ങളോടെയാകാത്തപക്ഷം ഒരു യഥാർത്ഥ മുസ്‌ലിമുമായി സ്നേഹബന്ധം നിലനിർത്തുവാൻ ഒരു അമുസ്‌ലിമിന്ന് ഒരിക്കലും സാദ്ധ്യമാകുന്നതല്ല.

സാമുദായികമായ സമാധാനവും സൗഹാർദ്ദവും ഉറപ്പുവരുത്തുന്നതിന് പരസ്പരാദരത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ഇരു സമുദായങ്ങളും തമ്മിൽ ഒരു കരാറിലേർപ്പെടേണ്ടതാണെന്ന ഒരു സൗഹൃദ നിർദ്ദേശംകൂടി അവിടുന്ന് മുന്നോട്ടുവച്ചു. ഹസ്രത്ത് അഹ്മദ് (അ) എഴുതി:

"പരിപൂർണ്ണമായ സമാധാനവും മൈത്രിയും ഉണ്ടായിത്തീരുന്നതിനായിട്ട് ഹിന്ദുക്കളും ആര്യസമാജക്കാരും ഞങ്ങളും തമ്മിൽ നബി തിരുമേനിയെ ദൈവത്തിന്റെ സത്യപ്രവാചകനായി കൈകൊള്ളുന്നതിന്നും മേലിൽ ആ പുണ്യാത്മാവിനെ നിഷേധിക്കുകയോ നിന്ദിക്കുകയോ ചെയ്യാതിരിക്കുന്നതിനും തയ്യാറാകുമെങ്കിൽ അഹ്മദിയാ പ്രസ്ഥാനക്കാരായ ഞങ്ങൾ എപ്പോഴും വേദത്തിന്റെ സത്യത്തിൽ വിശ്വസിക്കുകയും വേദത്തേയും അതിന്റെ ഋഷിമാരേയും ആദരപൂർവ്വം വീക്ഷിക്കുകയും ചെയ്യുന്നതാണെന്നുള്ള ഒരു കരാറിൽ ഒന്നാമനായി ഒപ്പുവെക്കാൻ ഞാൻ തയ്യാറാണ്. ഞങ്ങൾ ആ ഉടമ്പടിപ്രകാരം പ്രവർത്തിക്കാത്ത പക്ഷം അതിനുള്ള പിഴയായിട്ട് ഹിന്ദുക്കൾക്ക് മൂന്നുലക്ഷത്തിൽ കുറയാത്ത സംഖ്യകൊടുക്കുന്നതുമാണ്. ഇങ്ങിനെയൊരു സമാധാനക്കരാറിന് ഹിന്ദുക്കൾ ഹാർദ്ദമായി ആഗ്രഹിക്കുന്നുവെങ്കിൽ അവരും ഇതേപ്രകാരം ഒരു കരാറിൽ ഒപ്പുവെക്കേണ്ടത് ആവശ്യമാകുന്നു. അതിലെ നിശ്ചയം ഏതാണ്ട് ഇപ്രകാരമായിരിക്കേണ്ടതാണ്.

"ഞങ്ങൾ ഹസ്രത്ത് മുഹമ്മദ് മുസ്തഫാ (സ) യെ വിശ്വസിക്കുകയും. അദ്ദേഹത്തെ ഒരു സത്യപ്രവാചകനായികരുതുകയും ചെയ്യുന്നു. ഒരു വിശ്വാസിക്ക് ചേർന്നവിധം ഞങ്ങൾ അദ്ദേഹത്തെ എപ്പോഴും ബഹുമാന ദൃഷ്ടികളോടെ വീക്ഷിക്കു

ന്നതും ബഹുമാനാദരങ്ങളോടെ സ്മരിക്കുന്നതുമാണ്. ഞങ്ങൾ ഇതിൽ ഉപേക്ഷവരുത്തുന്ന പക്ഷം അഹ്മദിയാ ജമാഅത്തിന്റെ നേതാവിന്ന് ഞങ്ങൾ മൂന്നുലക്ഷത്തിൽ കുറയാത്ത തുക പിഴയായിനൽകുന്നതാണ്."

ഏതാണ്ട് നാല് ലക്ഷം അഹ്മദികൾ തന്റെ അനുയായികളായി ഉണ്ടായിരുന്നപ്പോഴാണ് ഈ കരാർ വാചകം എഴുതിയിരുന്നത്. ഇന്നാകട്ടെ എത്രയോ ലക്ഷമായി ഇന്ത്യയിൽതന്നെ വളർന്നുകഴിഞ്ഞിരിക്കുന്നു.* കൂടാതെ ഉറുപ്പികയുടെ മുല്യവും എത്രയോ വർദ്ധിച്ചിരിക്കുന്നു. ആ നിലക്ക് സമുദായങ്ങൾ പരസ്പരമുള്ള സമാധാനത്തിന്റെ പേരിൽ ഉണ്ടാക്കുന്ന ഇത്തരം ഒരു കരാർ പ്രകാരമുള്ള ഉറപ്പ് മൂന്നുലക്ഷത്തിനുപകരം മൂന്നു കോടിയായി ഉയർത്താവുന്നതാണ്.

ഇത്തരം ഒരു ഉടമ്പടി ചെയ്യുന്നപക്ഷം മറ്റുമുസ്ലിംകളും ഇതിനോട് യോജിച്ചേക്കുമെന്ന് ഗ്രന്ഥകർത്താവ് പ്രത്യാശിച്ചു. ഉടമ്പടിക്ക് ശേഷം ഇതര മുസ്ലിംകളും ഹിന്ദുക്കളുടെ വേദഗ്രന്ഥങ്ങളെയും ഋഷിമാരെയും നിന്ദിക്കുമെന്ന് താൻ വിചാരിക്കുന്നില്ല. എന്നാൽ, ഈ സന്ധിയുടെ ഉറപ്പിന്നുവേണ്ടി ഇരുപക്ഷത്തുനിന്നും വിവേകികളായ പതിനായിരംപേർവീതം അതിൽ ഒപ്പുവെക്കേണ്ടതാണ്."

ഇതാണ് ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ ശാശ്വതമായ ആത്മാർത്ഥ മൈത്രിബന്ധം ഉറപ്പിക്കാനുള്ള ഉത്തമ മാർഗ്ഗമെന്ന് വാഗ്ദത്ത മസീഹ് (അ) ചൂണ്ടിക്കാട്ടി.

ഹിന്ദു മുസ്ലിം അനൈക്യത്തിന് രാഷ്ട്രീയമായ കാരണങ്ങൾകൂടി ഉണ്ടെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) പ്രസ്തുത കൃതിയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു.

"ഹിന്ദുക്കൾ ആദ്യം മുതൽക്കേ രാജ്യഭരണത്തിലും രാഷ്ട്രീയ കാര്യങ്ങളിലും തങ്ങൾക്ക് കൈകാര്യമുണ്ടായിരി

* ഇപ്പോൾ ഇന്ത്യയിൽമാത്രം അഞ്ചുകോടിയോളം അഹ്മദികളുണ്ടെന്ന് ഇക്കൊല്ലത്തെ ആഗോള ബൈഅത്തിന് ശേഷം കണക്കാക്കപ്പെട്ടിരിക്കുന്നു. ലോകത്താകെ 16 കോടിയോളം അഹ്മദികളുണ്ടെന്നാണ് ഒടുവിലത്തെ കണക്ക്. –ഗ്ര.

ക്കണമെന്നും ചുരുങ്ങിയപക്ഷം ഭരണകാര്യങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ ഗവർമെന്റ് അന്വേഷിക്കേണ്ടതാണെന്നും തങ്ങളുടെ ആവലാതികളെല്ലാം ഗവർമെന്റ് ശ്രദ്ധിയ്ക്കേണ്ടതാണെന്നും ഇംഗ്ലീഷുകാർക്കെന്നപോലെ തങ്ങൾക്കും ഭരണസംബന്ധമായി വലിയ വലിയ ഉദ്യോഗങ്ങൾ ലഭിക്കേണ്ടതാണെന്നും ആഗ്രഹമുള്ളവരാണ്. ഈ കാര്യസാധ്യത്തിനായിട്ട് ഹിന്ദുക്കൾ ചെയ്തുതുടങ്ങിയ പരിശ്രമങ്ങളിൽ മുസ്‌ലിംകൾ പങ്കെടുക്കാതെ അകന്നുനിന്നത് അബദ്ധമായിപ്പോയി. തങ്ങൾ ഹിന്ദുക്കളേയ്ക്കാൾ എണ്ണത്തിൽ കുറഞ്ഞവരാണെന്നും അതിനാൽ ഈ പരിശ്രമങ്ങളുടെ ഗുണഫലമെല്ലാം ഹിന്ദുക്കൾക്ക് മാത്രമായിരിക്കുമെന്നും അവർ കരുതി. തൻമൂലം അവർ ഈ വകകാര്യങ്ങളിൽ പങ്ക്‌ചേരാതെ വേർപിരിഞ്ഞുനിന്നുവെന്ന് മാത്രമല്ല, അവർ ഏതിർപ്രവർത്തിച്ചുകൊണ്ട് ഹിന്ദുക്കളുടെ പരിശ്രമമാർഗത്തിൽ തടസ്സക്കാരായിത്തീരുകയും ചെയ്തു. ഇതുമൂലം ഇരുകൂട്ടർക്കും തമ്മിലുള്ള നീരസം വർദ്ധിക്കുമാറായി. രാഷ്ട്രീയകാര്യങ്ങളിലുള്ള ഈ വിരസഭാവം ഇരുകൂട്ടർക്കും തമ്മിൽ ആദ്യമേ വിദ്വേഷത്തിന്ന് തീക്ഷ്ണത കൂട്ടുകതന്നെ ചെയ്തു. രാഷ്ട്രീയമായ ഈ സംഗതിതന്നെയാണ് യഥാർത്ഥത്തിൽ പരസ്പരവൈരത്തിന് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നേയില്ല. ഹിന്ദുക്കളും മുസുലിംകളും തമ്മിൽ പരസ്പരമുള്ള വിദ്വേഷത്തിന്ന് വിശ്വാസമില്ലായ്മയ്ക്കും കാരണം മതപരമായ തകരാറുകളല്ലെന്നും മറിച്ച് രാഷ്ട്രീയമായ കിടമത്സരമാണെന്നും അഭിപ്രായപ്പെടുന്നവരോട് ഞാൻ യോജിക്കുന്നുമില്ല.

"മുസ്‌ലിംകൾ തങ്ങളുടെ ന്യായമായ അവകാശങ്ങൾക്ക് വേണ്ടി വാദിക്കുന്ന വിഷയത്തിൽ ഹിന്ദുക്കളോട് ചേർന്ന് പ്രവർത്തിക്കാൻ ശങ്കിക്കുന്നത് എന്തുകൊണ്ടാണെന്ന് ആർക്കും എളുപ്പം മനസ്സിലാക്കാവുന്ന ഒരു സംഗതിയാണ്. അവർ നാളിതുവരെ കോൺഗ്രസിൽനിന്ന് അകന്നുനിൽക്കുന്നത് എന്തുകൊണ്ടാണ്? ഹിന്ദുക്കളുടെ രാഷ്ട്രീയമായ അഭിപ്രായസിദ്ധാന്തങ്ങൾ ശരിയെന്ന് ധരിച്ച് അവരുടെ കാലടികളെ മുസ്‌ലിംകൾ പിന്തുടർന്നുവെങ്കിലും അവർ ഹിന്ദുക്കളിൽനിന്ന് തിരിഞ്ഞ് 'മുസ്‌ലിം ലീഗ്' എന്ന പേരിൽ ഒരു പ്രത്യേക സംഘടന സ്ഥാപിച്ചതിന്റെ

രഹസ്യമെന്ത്? കോൺഗ്രസ്സ് ചെയ്യുന്ന തരത്തിലുള്ള പ്രവൃത്തികൾ ചെയ്തു തുടങ്ങിയിട്ടും അവർ ഹിന്ദുക്കളുമായി സഹകരിക്കാൻ ഇഷ്ടപ്പെടാത്തത് എന്തുകൊണ്ടായിരിക്കാം?

"പരസ്പരവൈരത്തിന്റെയും അന്യോന്യവിദ്വേഷത്തിന്റെയും മൂലകാരണം മതവൈരുദ്ധ്യമാണെന്ന് മനസ്സിലാകുന്നു. ഈ മതവൈരുദ്ധ്യം മൂർദ്ധന്യത്തെ പ്രാപിച്ചപ്പോഴെല്ലാം അത് രക്തപ്രവാഹത്തിന് കാരണമായിത്തീർന്നിട്ടുണ്ടെന്നത് ഒരു പരമാർത്ഥമാകുന്നു.... ഇരുകൂട്ടരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലികമൈത്രി ഉണ്ടാക്കിയെന്നുവരാം. എന്നാൽ, യഥാർത്ഥമൈത്രി എന്നുപറയാവുന്ന മാനവൈക്യം ഉണ്ടായിത്തീരുന്നത് നിങ്ങൾ വേദത്തേയും ഋഷിമാരെയും ആത്മാർത്ഥമായി കൈകൊള്ളുകയും ഇപ്രകാരംതന്നെ ഹിന്ദുക്കൾ നമ്മുടെ നബിനായകർ (സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്".

അവിടുന്ന് തുടരുന്നു: "നാം ഹൈന്ദവമിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സഹതാപത്തോടും സ്നേഹഭാവത്തോടുംകൂടി പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനയ്ക്ക് കാരണമാകാവുന്ന കാര്യങ്ങൾ നമ്മുടെ മതത്തിലെ നിർബന്ധകടമകളോ ആവശ്യങ്ങളോ അല്ലെന്ന് വരുകിൽ അങ്ങിനെയുള്ള കാര്യങ്ങളിൽനിന്ന് നാം ഒഴിഞ്ഞുനിൽക്കേണ്ടതുമാകുന്നു. ആകയാൽ, ഹിന്ദുക്കൾ ആത്മാർത്ഥമായി നമ്മുടെ നബിതിരുമേനിയെ ഒരു സത്യപ്രവാചകനായി കൈകൊൾകയും തിരുമേനിയിൽ വിശ്വസിക്കുകയും ചെയ്യുന്നപക്ഷം ഗോവധം കാരണമായി തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കേണ്ടതാണ്....ഏക ദൈവത്തിൽ വിശ്വസിക്കുക എന്നതുപോലെതന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടുംകൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിന്റെ ഒട്ടും അപ്രധാന മെല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ, അത്യാവശ്യകവും ഗുണകരവുമായ ഒരു കാര്യത്തിന്വേണ്ടി അത്രആവശ്യമല്ലാത്തതിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമല്ല. മതധർമ്മം എന്നാൽ, ദൈവം

വിരോധിച്ച സംഗതികളിൽനിന്നെല്ലാം ഒഴിഞ്ഞുനിൽക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്ത് വന്ന സർവ്വപ്രവാചകൻമാരിൽ അതത്കാലത്ത് മനുഷ്യരെ നന്നാക്കിത്തീർക്കുന്നതിന് എഴുന്നേൽപിക്കപ്പെട്ട ദിവ്യദൂതൻമാരും പരിഷ്കർത്താക്കളാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. ഇതുതന്നെയാണ് ഇസ്‌ലാംമതത്തിന്റെ രത്നച്ചുരുക്കം. എന്നാൽ, നമ്മുടെ വന്ദ്യവന്ദ്യനായ നബിനായകർ തിരുമേനിയെ ദൈവ ഭയലേശമന്യേ അന്യായമായ തരത്തിൽ നിന്ദിച്ചുപറയുകയും അധിക്ഷേപിക്കുകയും തിരുമേനിയുടെ പേരിൽ അശുദ്ധമായ കുറ്റങ്ങൾ ആരോപിക്കുകയും ചെയ്യുന്നവരുമായി ഞങ്ങൾ എങ്ങിനെയാണ് മൈത്രിയുണ്ടാക്കുക? ഞാൻ സത്യമായും സത്യമായും പറയുന്നു, മരുഭൂമിയിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് മൈത്രിയിലും ഐക്യഭാവത്തിലും സൗഹാർദ്ദത്തിലും വർത്തിക്കുവാൻ സാധിക്കുന്നതായാലും ഞങ്ങളുടെ ജീവനെയ്ക്കാളും മാതാപിതാക്കളെയ്ക്കാളും ഏറ്റവും പ്രിയപ്പെട്ട പരിശുദ്ധനായ നബിതിരുമേനിയുടെ പേരിൽ ദൂഷ്യാരോപണം ചെയ്യുന്നവരുമായി ഞങ്ങൾക്ക് മൈത്രിയിൽ കഴിഞ്ഞുകൂടുക അസാദ്ധ്യമാണ്. ദൈവം ഞങ്ങളെ ഇസ്‌ലാമിൽതന്നെ മൃതിയടയുവാൻ അനുഗ്രഹിക്കുമാറാകട്ടെ. ഞങ്ങൾ മതവിശ്വാസത്തിനെതിരായി യാതൊന്നും ചെയ്യുവാൻ ഒരുക്കമില്ല." ('പൈഗാമെ സുൽഹ്-മൈത്രി സന്ദേശം, വിവ: എൻ. ഹാമിദ്)

ഈ ഉപന്യാസത്തിൽ പറഞ്ഞ സമാധാനക്കരാറിനെ പൊതുവെ എല്ലാവരും ഇഷ്ടപ്പെട്ടു. അതിൽ ഒപ്പുവെക്കുവാൻ തയ്യാറായ നിലയിൽ പലരും മുന്നോട്ടുവന്നു. ഈ ഉപന്യാസം വായിച്ചുകേട്ടപ്പോൾ പെട്ടെന്നുണ്ടായ തീരുമാനമായിരിക്കുമെന്നതിനാൽ നടപടികൾ മറ്റൊരു അവസരത്തിലെയ്ക്ക് മാറ്റിവെച്ചു. എന്നാൽ, പിന്നീട് അത് നടന്നില്ല. തങ്ങളുടെ ലക്ഷ്യത്തിനെതിരായിത്തീരുമെന്ന് കരുതിയ ചില ആര്യനേതാക്കൾ ഒപ്പിടാൻ തയ്യാറാകാതെ മാറിനിൽക്കുകയാണുണ്ടായത്.

വാഗ്ദത്ത മസീഹിന്റെ 'സമാധാന സന്ദേശം' എന്ന ഈ ഉപന്യാസം ഇംഗ്ലീഷിൽ തർജമചെയ്ത് ഉടൻ തന്നെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. അത് പത്രങ്ങൾക്കും മറ്റ് പല ഉന്നതൻമാർക്കും അയച്ചുകൊടുക്കുകയുമുണ്ടായി.

ഇംഗ്ലണ്ടിലെ 'റവ്യു ഓഫ് റിവ്യൂസ്' (Review of Reviews) എന്ന പത്രം* പ്രസിദ്ധം ചെയ്ത നിരൂപണത്തിൽ ഇപ്രകാരം പറഞ്ഞു:

"സമാധാന സന്ദേശം (The Message of Peace) പല നിലയിലും ശ്രദ്ധേയമായ ഒരു രേഖയാകുന്നു. മറ്റെല്ലാ പ്രവാചകൻമാരെയും അംഗീകരിക്കുന്നുവെന്നത് ഇസ്ലാമിന്റെ സവിശേഷമായ ഒരു മഹിമയായി അതിൽ അവകാശപ്പെട്ടിരിക്കുന്നു.... അതുകൊണ്ട് ആ മതം പൊതു പ്രവർത്തനത്തിന്നുള്ള സാമാന്യമായ ഒരടിസ്ഥാനം പ്രദാനം ചെയ്തിരിക്കുകയാണ്. പ്രത്യേകിച്ചും ഖുർആനിൽ വിശ്വസിക്കുന്നവരും വേദങ്ങളിൽ വിശ്വസിക്കുന്നവരുമായ ജനവിഭാഗങ്ങൾതമ്മിലുള്ള സഹപ്രവർത്തനം. ഈ സന്ദേശം ആദ്യന്തം ഹിന്ദുക്കളും മുസ്ലിംകളും തങ്ങളുടെ അഭിപ്രായങ്ങൾ മാറ്റിവെക്കാനും തങ്ങളുടെ ഹൃദയങ്ങളിൽനിന്ന് ശത്രുതയും വെറുപ്പും നീക്കിക്കളയുവാനും സൗമനസ്യത്തിലും സ്നേഹത്തിലും പരസ്പരം വർത്തിക്കാനുമുള്ള ഒരു വിളിയാളമാണെന്ന് കാണാം". (റിവ്യു ഓഫ് റിവ്യൂസ്, സപ്തംബർ 1908)

മദ്രാസിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ഇന്ത്യൻ 'പേട്രിയട്ട്' (Indian Patriot) എന്ന പത്രം + പ്രസിദ്ധപ്പെടുത്തിയ നിരൂപണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:

---

* The Message of peace.... is in many ways a noteworthy document. It is claimed as the special glory of Islam that it recognized the divine authority of all other prophets. It, therefore, supplies us common basis for common action especially believers in the Quran and the believers in the Vedas. The whole message is a trumpet call to Hindus and Muhammadans to lay down their differences, to purge their hearts of enmity and hatred and to cooperate in harmony and friendliness (Rewiew of Religions Sept. 1908)

+ The remarkable streangth and sympathy that the sage of Qadian brings in to play in his last message of peace certainly singles him out as a every great man and that four hundred thousand human beings today look upon him as the Promised Messiah and Mahdi need never surprise any one at all.... Ahmadiya sect not only tolerate every kind of religion in the world

"ഖാദിയാനിലെ പ്രവാചകൻ സമാധാന സന്ദേശം എന്ന തന്റെ ഈ കൃതിയിൽ പ്രകടിപ്പിച്ച ശ്രദ്ധേയമായ ചൈതന്യവും അപാരമായ അനുകമ്പാഭാവവും നിശ്ചയമായും അദ്ദേഹത്തെ വളരെ വലിയൊരു മഹാത്മാവായി മാറ്റി നിർത്തുകതന്നെ ചെയ്യുന്നുണ്ട്. നാല് ലക്ഷത്തോളമാളുകൾ ഇന്ന് അദ്ദേഹത്തെ വാഗ്ദത്ത മസീഹും മഹ്ദിയുമായി നോക്കിക്കാണുന്നുവെന്ന വസ്തുതയും ആരെയും അത്ഭുതപ്പെടുത്തുകയില്ല. ലോകത്തുള്ള എല്ലാമൂലമതങ്ങളെയും അഹ്മദിയാവിഭാഗം പൊറുപ്പിക്കാൻ തയ്യാറുണ്ടെന്ന് മാത്രമല്ല; അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു.... അങ്ങിനെ യഥാർത്ഥലക്ഷ്യത്തെ പ്രാപിക്കുന്നതിന് ഒരു സത്യപ്രവാചകന്റെ ചൈതന്യത്തോടും ശക്തിയോടും ബലത്തോടുംകൂടി ഈ മഹാനായ ജ്ഞാനി അത്തരം അഭിപ്രായവ്യത്യാസങ്ങൾ ഒരിക്കലും നിലനിൽക്കാതിരിക്കേണ്ടതിന്റെ ആവശ്യകതയെ വിവരിക്കുകയും ചെയ്യുന്നു. നാലു ലക്ഷത്തോളം വരുന്ന ജനവിഭാഗം വാഗ്ദത്തമസീഹുംമഹ്ദിയുമായി അംഗീകരിക്കുന്ന ഒരു മഹാത്മാവിന്റെ ആത്മാർത്ഥത മുറ്റിയ ഈ അഭ്യർത്ഥന വായിച്ചിട്ടുള്ള ഹിന്ദുക്കളും മുസ്‌ലിംകളും, ഓരോ ഹൃദയത്തെയും സ്പർശിക്കുന്ന ആഴമേറിയ ചരടിനാൽ ആകർഷിക്കപ്പെടാതിരിക്കില്ല..... ഇത്രയും വലിയ ഒരു ആധികാരികവക്താവിൽനിന്നുള്ള അഭ്യർത്ഥന വ്യർത്ഥമായിപ്പോകാൻ പാടില്ലതന്നെ. ഈ നിർദ്ദിഷ്ടമായ അനുരഞ്ജനം സാദ്ധ്യമായിത്തീരുക എന്നത് ഏതൊരു ദേശാഭിമാനിയായ ഇന്ത്യക്കാരന്റെയും ലക്ഷ്യമായിരിക്കേണ്ടതാണ്." (Indian Patriot, 1908. Quoted Review of Religions Oct. 1908)

നാൽപത് കൊല്ലത്തിന് ശേഷം, ഡഹ്റാഡൂമിലെ 'ഫ്രൊണ്ടിയർ മെയിൽ'(Frontier Mail) പത്രത്തിൽ ശ്രീ. ബ്രഹ്മദത്തജി വാഗ്ദത്ത മസീഹിന്റെ 'മൈത്രി സന്ദേശം' 'പൈഗാമെ സുൽഹ്' എന്ന കൃതിയെപറ്റി ഇപ്രകാരം പ്രസ്താവിച്ചു!

---

and acknoledge and respect it.... and for bringing down real cause the great sage with spirit and force of a real propht goes on to explain why such religious differences ought never to exist at all.... Hindus and Muhammadans reading this sincere appeal from a personage acknoledge to be the Promised Messiah and Mahadi of Four hundred thousand people would not fail to be struck by the deep chord that touches every heart. Such an appeal surely be never in vain and it must be the object of every patriotic Indian to see that the proposed, reconciliation is realised - (Indian Patriot, Madras, 1908. Quoted R.R. Oct. 1908)

"താൻ വാഗ്ദത്ത മസീഹാണെന്ന് 1891ൽ വാദിച്ച ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് നാൽപത് കൊല്ലം മുമ്പ് – ഗാന്ധിജി! ഇന്ത്യൻ രാഷ്ട്രീയ നഭോമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുന്നതിന് മുമ്പ്–തന്റെ 'പൈഗാമെ സുൽഹ്' (Message of pace) എന്ന പുസ്തകം രചിക്കുകയുണ്ടായി. തദ്വാരാ അദ്ദേഹം വിവിധജാതിമതസ്ഥരായ ജനസഞ്ചയങ്ങൾക്ക് പരസ്പരം ഐക്യത്തിലും സൗഹാർദ്ദത്തിലും സാമാധാനത്തിലും വർത്തിക്കാൻ പര്യാപ്തമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. മുസ്ലിംകൾ ഗോവധം നിർത്തൽചെയ്യുവാനും, ഹിന്ദുക്കൾ മുസ്ലിംകളുടെ പ്രവാചകൻ തുടങ്ങിയ ആത്മഗുരുക്കൻമാരെ അനാശാസ്യപദങ്ങളാൽ സ്മരിക്കാതിരിക്കാനും അദ്ദേഹം അഭിലഷിക്കുകയും അതിലേയ്ക്ക് ഇരുകൂട്ടരോടും അഭ്യർത്ഥിക്കുകയും ചെയ്തു. ഇങ്ങനെ വ്യത്യസ്ഥ ജനസഞ്ചയങ്ങൾക്കിടയിൽ സഹിഷ്ണതാബോധവും സഹോദരഭാവവും സംജാതമാക്കുവാൻ അദ്ദേഹം യത്നിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെ മാനിക്കുകതന്നെ വേണം. അദ്ദേഹം തന്റെ ദൂരദൃഷ്ടിയാൽ ഭാവിയിൽഉണ്ടാകാനുള്ള കലാപങ്ങളേയും കുഴപ്പങ്ങളെയും കാലെക്കൂട്ടി കണ്ടറിയുകയും തൽപരിഹാരാർത്ഥം പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ജനങ്ങൾ ആ നിർദ്ദേശങ്ങൾക്കൊത്തു വർത്തിക്കാതെ തങ്ങൾക്ക്തന്നെ നാശനഷ്ടങ്ങൾ വരുത്തിവെച്ചതിന് അവർതന്നെയാണ് ഉത്തരവാദികൾ" (Frontier Mail - 12-12-1948)

85 – ചരമത്തെക്കുറിച്ച് മുന്നറിയിപ്പുകൾ

ഹസ്രത്ത് അഹ്മദ് (അ) തന്റെ വിയോഗത്തെപറ്റി അടിക്കടി ലഭിച്ചുപോന്ന മുന്നറിയിപ്പുകൾ 1905 തൊട്ട് അനുയായികളെ അറിയിച്ചുകൊണ്ടിരുന്നു. വെളിപാടുകൾ ലഭിച്ചുതുടങ്ങിയ ആദ്യകാലത്ത് തന്നെ വാഗ്ദത്ത മസീഹിന്ന് തന്റെ വയസ്സ് സംബന്ധിച്ച ഇൽഹാം ലഭിച്ചിട്ടുണ്ടായിരുന്നു. അത് 'ബറാഹീൻ അഹ്മദിയ്യ' എന്ന തന്റെ ആദ്യ ഗ്രന്ഥത്തിൽതന്നെ എടുത്തുകാട്ടിയിരുന്നതുമാണ്.

"നിന്റെ വയസ്സ് എൺപതായിരിക്കും അഥവാ അതിനോടടുത്ത്. അതുമല്ലെങ്കിൽ കുറച്ചുവർഷമധികം.

35 കൊല്ലംമുമ്പ് പ്രസിദ്ധപ്പെടുത്തിയ ഈ ഇൽഹാം 1900-ൽ പുറത്തിറക്കിയ 'അർബയീ'നിലും മറ്റുചില ഗ്രന്ഥങ്ങളിലും ഉദ്ധരിച്ചുകാട്ടുകയുണ്ടായിട്ടുണ്ട്. ഇതിനുശേഷം 1905-ലെ വസന്തത്തിൽ തനിക്ക് ലഭിച്ച വെളിപാടുകളിൽ ഇപ്രകാരം അറിയിച്ചിട്ടുള്ളതായി അവിടുന്ന് പ്രസ്താവിച്ചു:

"നിന്റെ ജീവിതത്തിലെ നിശ്ചിതാവധി തീരാറായിരിക്കുന്നു".

1905 ഏപ്രിൽ 12-നു ഉർദുവിൽ ലഭിച്ച ഒരു വെളിപാട് ഇപ്രകാരമായിരുന്നു: "മരണം പടിവാതിൽക്കൽ" (അൽഹക്കം, വാല്യം-9, നമ്പ്ർ 12)

വീണ്ടും ഇപ്രകാരം ഒരു ദർശനമുണ്ടായതായി അറിയിച്ചു:

"നിർമലവും തെളിഞ്ഞതുമായ ജലം ഒരു മൺകുടത്തിൽ എനിയ്ക്ക് നൽകപ്പെട്ടതായി ഒരു ദർശനത്തിൽ ഞാൻ കണ്ടു. രണ്ടോ മൂന്നോ കവിൾ വെള്ളം മാത്രമെ അതിൽ ഉണ്ടായിരുന്നുള്ളു. അതോടൊപ്പംതന്നെ 'ജീവജലം' (ആബെ സിന്ദഗി) എന്നൊരു വെളിപാടുമുണ്ടായി. എന്നുവെച്ചാൽ, എന്റെ വയസ്സ് രണ്ടോ മൂന്നോ കൊല്ലം മാത്രമെ അവശേഷിച്ചിരിക്കുന്നുള്ളു എന്ന് വെളിപാട് അറിയിക്കുകയായിരുന്നു. വീണ്ടും വെളിപാടുണ്ടായി: 'ഖല്ല മിഅ്യാദു റബ്ബിക്ക' (നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള നിശ്ചിതമായ അവധി നാളുകൾ ഇനി കുറച്ചേയുള്ളൂ) ഈ ചരമ അറിയിപ്പുകളുടെ അടിസ്ഥാനത്തിൽതന്നെ അനുയായികൾക്കുള്ള അന്തിമമായ നിർദ്ദേശോപദേശങ്ങളടങ്ങിയ ഒരു ഒസ്യത്ത് പത്രിക എഴുതിവെക്കാൻ വാഗ്ദത്ത മസീഹ് (അ) ആഗ്രഹിച്ചു. ആ ഒസ്യത്ത് എഴുതിയപ്പോൾ അതിലെ ആദ്യ വരികൾ ഇപ്രകാരമായിരുന്നു:

"സർവ്വാധിനാഥനായ ദൈവം തുടരെതുടരെയുള്ള വഹ്യ് മുഖേന എന്റെ നിര്യാണം അടുത്തുപോയി എന്ന് എന്നെ

അറിയിച്ചിരിക്കുന്നു. എന്റെ അസ്തിത്വംതന്നെ അടിയോടെ ഇളക്കുകയും എന്റെ ജീവിതം എനിക്ക് തണുപ്പിച്ച് കളയുകയും ചെയ്യുമാറ് ഇതുസംബന്ധിച്ച വെളിപാടുകൾ ആവർത്തിച്ചാവർത്തിച്ച് ലഭിക്കുകയും ചെയ്തിരിക്കുന്നു" (അൽ വസിയ്യത്ത്, 1905 ഡിസംബർ).

വാഗ്ദത്തമസീഹ് (അ) ഇപ്രകാരം തുടർന്നു: "ആദ്യമായി എന്റെ മരണത്തെകുറിച്ചുള്ള വിവരം എനിക്ക് നൽകിക്കൊണ്ട് എന്നെ ഇക്കാര്യത്തിൽ ഉണർത്തിയ പരിശുദ്ധമായ വെളിപാടുകൾ ഞാൻ അറിയിച്ചുകൊള്ളുന്നു: 'നിന്റെ വിധിക്കപ്പെട്ട അന്ത്യം അടുത്തിരിക്കുന്നു. നിനക്ക് അവമതിക്ക് കാരണമായേക്കാവുന്ന നിന്നെകുറിച്ചുള്ള പ്രസ്താവങ്ങളുടെ അടയാളംപോലും നാം അവശേഷിപ്പിക്കുകയില്ല. നിന്നെ സംബന്ധിച്ചെടത്തോളം നിശ്ചിതമായ അവധിനാളുകൾ ഇനി അല്പം കൂടിയേയുള്ളു. നിന്നെകുറിച്ചുള്ള എല്ലാ അക്ഷേപങ്ങളേയും നാം അകറ്റിക്കളയും നിന്റെ അവഹേളനം ലക്ഷ്യമാക്കിയുള്ള അത്തരം ആക്ഷേപങ്ങൾ ബാക്കി ആക്കാതിരിക്കുകയും ചെയ്യും."

തുടർന്ന് തന്റെ ചരമത്തെകുറിച്ച് അല്ലാഹു ഉർദുഭാഷയിൽ തന്നോട് താഴെപറയും പ്രകാരം സംസാരിച്ചതായി വാഗ്ദത്ത മസീഹ് (അ) പ്രസ്താവിക്കുന്നു:

"ബഹുത്ത് തോഡെ ദിൻ റഹ്ഗയേ ഹൈൻ. ഉസ് ദിൻ സബ്പർ ഉദാസീ ഛാ ജായേഗി. യഹ് ഹോഗാ, യഹ് ഹോഗാ, യഹ് ഹോഗാ, ബഅദ് ഉസ്കെ തേരാ വാക്കിഅ ഹോഗാ, തമാം അഹാദിസ് ഒൗർ അജായിബാത്തെ ഖുദറത്ത് ദിഖ്ലാനേകേ ബഅ്ദ് തുമാരാ ഹാദിസാ ആയേഗാ,"

(വളരെകുറച്ചുനാളുകൾ മാത്രം അവശേഷിച്ചിരിക്കുന്നു. ആ നാളിൽ സകലരിലും ആലസ്യം ആച്ഛാദനം ചെയ്യപ്പെട്ടിരിക്കും. ഇത് സംഭവിക്കും ഇത് സംഭവിക്കും ഇത് സംഭവിക്കും അതിനുശേഷം നിന്റെ സംഭവം നടക്കും എല്ലാ സംഭവങ്ങളും അത്യാഹിതങ്ങളും ദിവ്യാത്ഭുതങ്ങളും കാണിച്ചതിന്ന് ശേഷം നിന്റെ അന്ത്യം സംഭവിക്കും).

1907 മാർച്ച് 2-നു ഉണ്ടായ ഒരു ഇൽഹാം ഇപ്രകാരമായിരുന്നു:

'ഹയെ തോ ഭാരീ, മഗർ ഖുദായി ഇംതിഹാൻ കോ ഖുബൂൽ കർ'.

(വളരെ കനത്തത് തന്നെ! എന്നാലും, ദൈവികമായ പരീക്ഷയെ സ്വീകരിച്ചുകൊൾക).

ഈ ഇൽഹാമിലൂടെ അവിടുത്തെ പത്നിയെ അത്യാഹിതത്തിന് ഒരുക്കി നിർത്തുകയായിരുന്നു!

1907 ഡിസംബർ 19-നു മറ്റൊരു വെളിപാടുണ്ടായിത് ഇപ്രകാരമായിരുന്നു: 'സതായീസ് കൊ എക് വാഖിഅ; (ഹമാരെ മുതഅല്ലിഖ്;) അല്ലാഹു ഖൈറുൻ വ അബ്ഖാ' (അൽഹക്കം, ജി. 11, ഭാ. 4, തദ്ക്കിറ, പു. 689)

(ഇരുപത്തേഴിന്ന് ഒരു സംഭവം (നമ്മെക്കുറിച്ച്); അല്ലാഹു നന്മ നിറഞ്ഞവനും ബാക്കിയാവുന്നവനുമത്രെ)

വാഗ്ദത്ത മസീഹിന്റെ ഭൗതീകശരീരം കബറടക്കപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്തത് മെയ് 27-നു ആയിരുന്നുവല്ലൊ.

1908 ഏപ്രിൽ 26-നു പുലർച്ചെ പാർസി ഭാഷയിൽ ഇപ്രകാരം വെളിപാടുണ്ടായി: 'മബാഷ് ഐമൻ അസ് ബാസിയെ റോസ്ഗാർ' (കാലത്തിന്റെ കളികൾക്കിടയിൽ സുരക്ഷിതനാണെന്ന് കരുതൊല്ല).

ഇത് തന്റെ ചരമത്തെ സൂചിപ്പിക്കുന്നതാണെന്ന് വാഗ്ദത്ത മസീഹ് (അ) മനസ്സിലാക്കാതിരുന്നില്ല. അതോടൊപ്പം അല്പമൊരു അസ്വാസ്ഥ്യവും അനുഭവപ്പെട്ടു. എങ്കിലും അതിൽ ഊന്നൽകൊടുക്കാതെ ലാഹൗറിലേയ്ക്ക് മാറിത്താമസിക്കുന്ന കാര്യം ഗൗരവമായിതന്നെ ആലോചിച്ചു. അതിന്ന് ഒരു പ്രത്യേകകാരണവുമുണ്ടായി. ഉമ്മുൽ മുഅ്മിനീന്റെ ആരോഗ്യനില അല്പം മോശമായപ്പോൾ പരിസരം ഒന്നുമാറിക്കിട്ടിയാൽ കൊള്ളാമെന്ന് അവർ ആഗ്രഹിച്ചു. അതോടൊപ്പം ലാഹൗ

റിൽവച്ച് ഒരു വിദഗ്ദ്ധ ഡോക്ടറെകൊണ്ട് പരിശോധിപ്പിക്കണമെന്ന നിർദ്ദേശവുമുണ്ടായി. അങ്ങനെ ലാഹൗറിലെയ്ക്ക് പുറപ്പെടാൻ ഒരുക്കങ്ങൾ ചെയ്തു. പുറപ്പെടുന്നതിന്ന് മുമ്പായി താൻ അതുവരെ ഗ്രന്ഥനിർമ്മിതി നടത്തിക്കൊണ്ടിരുന്ന പ്രത്യേക മുറി പൂട്ടിയിട്ടു. "ഇനി ഇത് തുറക്കില്ല" എന്ന് ഒപ്പമുണ്ടായിരുന്നവരോട് പറഞ്ഞിരുന്നതായി ഉമ്മുൽ മുഅ്മിനീൻ നിവേദനം ചെയ്തിരിക്കുന്നു. (സീറത്തുൽ മഹ്ദി, രണ്ടാം ഭാഗം പു. 262) ഏപ്രിൽ 27-നു ഹുസൂർ ഭാര്യാസമേതം ലാഹൗറിലേയ്ക്ക് പുറപ്പെട്ടു. ഹുസൂറിനോടൊപ്പം പതിനൊന്നുപേർ ഉണ്ടായിരുന്നു. ലാഹൗറിലെയ്ക്കുള്ള ട്രെയിൻ റിസർവേശൻ സംബന്ധിച്ച് അനിശ്ചിതത്വം കാരണം ഒരു ദിവസം ബട്ടാലയിൽ തങ്ങി. ഏപ്രിൽ 29-ല്ല ആണ് ലാഹൗറിൽ എത്തിച്ചേർന്നത്. ലാഹൗറിലെ അഹ്മദിയ ബിൽഡിംഗ് കോംപ്ലക്സിൽ ഖാജാ കമാലുദ്ദീൻ സാഹിബിന്റെ ഭവനത്തിലാണ് താമസമാക്കിയത്. പിന്നീട് അവിടെനിന്ന് പഞ്ചാബ് അസിസ്റ്റന്റ് കെമിക്കൽ എക്സാമിനർ ഡോ. മുഹമ്മദ് ഹുസൈൻ ഷാ സാഹിബിന്റെ വസതിയിലേക്ക് താമസം മാറ്റി. ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ), മൗലാന മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി (റ) തുടങ്ങിയവരും ലാഹൗറിൽ പ്രവാസം ഉറപ്പിച്ചു. 'ബദർ' പത്രവും ലാഹൗറിൽനിന്ന് താൽക്കാലികമായി പുറപ്പെടുവിച്ചു തുടങ്ങി. നബി ബക്ഷ് സാഹിബിന്റെ വീട്ടിലാണ് ബദർ ആഫീസ് പ്രവർത്തിച്ചുപോന്നത്.

86 - ഹഖീഖത്തുൽ വഹ്യ്

1907-ൽ വാഗ്ദത്ത മസീഹ് (അ) തന്റെ ദൗത്യസത്യം പ്രഘോഷിച്ചുകൊണ്ടുള്ള ഒരു സുപ്രധാനഗ്രന്ഥം 'ഹഖീഖത്തുൽ വഹയ്'-വെളിപാടുകളുടെ യാഥാർത്ഥ്യം-എന്ന പേരിൽ പുറത്തിറക്കി. 1906-ൽ എഴുതിത്തുടങ്ങിയ ഈ കനത്ത ഗ്രന്ഥം 1907 മെയ് 15-നു ആണ് പ്രകാശനം ചെയ്യപ്പെട്ടത്.

ദിവ്യവെളിപാടുകളെ സംബന്ധിച്ച പല തെറ്റിദ്ധാരണകളും പരക്കുകയും ധാരാളം വെളിപാട് വാദക്കാർ രംഗത്ത് വരികയും അത്തരം ചില വെളിപാടുകളെ അവർ തങ്ങളുടെ വ്യർത്ഥ

വാദങ്ങൾക്ക് നിദാനമായി സ്വീകരിക്കുകയും ചെയ്തപ്പോഴാണ് ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യം സമഗ്രമായി വിവരിച്ചുകാട്ടുന്നതിന് ഒരു ബ്രഹദ്ഗ്രന്ഥത്തിന്റെ രചനയ്ക്ക് അവിടുന്നു പ്രചോദിതനായത്. തന്റെ ശിഷ്യനായി ഏറെക്കാലം പ്രവർത്തിച്ചുകൊണ്ടിരുന്ന ഡോ. അബ്ദുൽഹക്കീം ഖാൻ പ്രവാചക വെളിപാടുകളുടെ ദിവ്യോത്പത്തിയെ ചോദ്യംചെയ്യുകയും വെളിപാടുകൾ തികച്ചും പ്രകൃതിപരമായ ഒരു അനുഭവം മാത്രമാണെന്ന് വാദിച്ചുകൊണ്ട് തന്റെ വെളിപാടുകളുമായി രംഗത്തിറങ്ങുകയും വെല്ലുവിളികളുയർത്തുകയും ചെയ്തപ്പോൾ ഇതനിർവാര്യമായിത്തീർന്നു.

സ്വപ്നങ്ങളേയും വെളിപാടുകളേയും അവിടുന്ന് മൂന്ന് ശ്രേണികളായി തരംതിരിക്കുകയും മൂന്ന് അദ്ധ്യായങ്ങളിലായി അവയെ കുറിച്ച് വിവരിക്കുകയും ചെയ്തു.

സത്യമായ സ്വപ്നങ്ങളും വെളിപാടുകളും സാധാരണക്കാരായ ആളുകൾക്കുമുണ്ടാകാം. എന്നാൽ, അത്തരക്കാർക്ക് ദൈവാനുഗ്രഹവുമായി എന്തെങ്കിലും ബന്ധമുണ്ടായിരിക്കണമെന്നില്ല. അവർക്ക് ദിവ്യമായ പ്രകാശത്തിന്റെ നേരിയൊരു അംശംപോലും ലഭിച്ചിരിക്കണമെന്നില്ല. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം സ്രഷ്ടാവിനെ തിരിച്ചറിയുകയും ദിവ്യസത്തയിലും സിഫത്തിലും ദൃഢവിശ്വാസം ആർജിച്ചുകൊണ്ട് ദൈവത്തെ പ്രാപിക്കുകയുമത്രെ. ദൈവം മനുഷ്യന്റെ ഭൗതീക ഘടനയെ സ്രഷ്ടാവിന്റെ ആസ്തിക്യത്തെ അംഗീകരിക്കുന്ന തരത്തിൽ യുക്തിയുക്തമായി ചിന്തിച്ചറിയുന്നതിനുള്ള കഴിവുകളോടെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അതോടൊപ്പം ആ ഭൗതീകശക്തികളുടെ പോരായ്മകളെ നികത്തുന്നതിന് വേണ്ടി, എന്ന്വെച്ചാൽ ദിവ്യ ജ്ഞാനം ആർജിക്കുവാനുള്ള കഴിവുകൾ നേടുന്നതിന്വേണ്ടി ആത്മീകശക്തികളും പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. ബൗദ്ധീകശക്തികളുടെ നിദാനം തലച്ചോറാണെങ്കിൽ ആത്മീയ ശക്തികളുടെ ആസ്ഥാനം ഹൃദയമാകുന്നു. ഒരാൾ ബുദ്ധിശക്തികളിലൂടെ പ്രപഞ്ച നാഥനായ ഒരു ശക്തി സത്തയുണ്ടായിരിക്കണമെന്ന ധാരണയിലെത്തുന്നുവെങ്കിലും ആത്മീയ ശക്തിയിലൂടെയാണ് ആ സ്രഷ്ടാവ് ഉണ്ട് എന്ന പൂർണ്ണ വിശ്വാസത്തിലെ

ത്തിച്ചേരുന്നത്. ഉണ്ടായിരിക്കണമെന്ന അവധാരണത്തിനും ഉണ്ട് എന്നുള്ള ദൃഢവിശ്വാസത്തിനും തമ്മിൽ കൂരിരുട്ടും ഉച്ചവെളിച്ചവും തമ്മിലുള്ള അന്തരമുണ്ട്.

ജ്ഞാനത്തിന്റെ ആദ്യപടിയായ 'ഇൽമുൽയഖീ'നിൽ എത്തിച്ചേരുമ്പോൾ ആത്മീയ പുരോഗതിക്കുള്ള ആദ്യത്തെ ചവിട്ടുപടിയെന്നോണം സത്യമായ സ്വപ്നങ്ങളുടെയും ദർശനങ്ങളുടെയും വെളിപാടുകളുടെയും ചില അനുഭവമാതൃകകൾ മനുഷ്യന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നു. ഇത് നുബൂവ്വത്തിന്റെ യാഥാർത്ഥ്യത്തെകുറിച്ചുള്ള പ്രാഥമികപരിജ്ഞാനം സിദ്ധിക്കുന്നതിന്ന് വേണ്ടി സാധാരണക്കാർക്ക്കൂടി പ്രാപ്യമാകുന്ന ആത്മീയാനുഭവമാകുന്നു. വിശ്വാസിയോ അവിശ്വാസിയോ ഭക്തനോ അഭക്തനോ, സൽകർമ്മിയോ ദുഷ്കർമിയോ ആയ ആർക്കും അനുഭവവിദിതമാകാവുന്ന ഒന്നത്രെ ഇത്. വെളിപാടിന്റെ ആത്മീയാനുഭവങ്ങൾ നിഷേധിക്കപ്പെടാവുന്നതല്ലെന്നും മറിച്ച്, യാഥാർത്ഥ്യംതന്നെയാണെന്നും പൊതുവെ സാധാരണക്കാർക്ക് പോലും ബോദ്ധ്യം വരുത്തുന്നതിന്നായിട്ടാണ് ഇതെന്ന് ഓർക്കേണ്ടിയിരിക്കുന്നു. സത്യമായ സ്വപ്നങ്ങൾ അതായത്, പിന്നീട് അതേപടി യാഥാർത്ഥ്യങ്ങളായി പുലരുന്ന സ്വപ്നങ്ങൾ ഉണ്ടായിട്ടുള്ളവർക്ക് ഭവിഷ്യദ് വാർത്തകളടങ്ങുന്ന സ്വപ്നാനുഭവങ്ങളെ ഒരിക്കലും നിഷേധിക്കാനാവില്ലെന്ന് മാത്രമല്ല, അവർ അതിന്ന് സാക്ഷികളായിരിക്കുന്നതുമാകുന്നു. എന്നാൽ ഇതൊരു പ്രകാരത്തിലും ദൈവപ്രാപ്തിയുടെ ലക്ഷണമായോ ദൈവതൃപ്തിയുടെ പ്രകടനമായോ കരുതിക്കൂടാത്തതാകുന്നു.

രണ്ടാമത്തെ ഗണത്തിൽപെട്ടവർ ഇടത്തരക്കാരാകുന്നു. ഇവർക്ക് സത്യമായി പുലരുന്ന സ്വപ്നങ്ങളും ദർശനങ്ങളും ഇൽഹാമുകൾ തന്നെയുമുണ്ടാകാം. ഇവർ ദൈവവുമായി അൽപം ബന്ധം പുലർത്തുന്നവരുമാകാം. എന്നാലും ശാരീരികേച്ഛകളിൽനിന്നും പൂർണ്ണമായ മുക്തിനേടിയിട്ടുള്ളവരല്ല. പൈശാചികമായ പ്രേരണാബലങ്ങളും സ്വേച്ഛകളും ഇവരിൽനിന്ന് കരിഞ്ഞ് ചാമ്പലായിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ഹൃദയത്തിൽ അന്ധകാരം അവശേഷിക്കുന്നുണ്ടാകും. അതുകൊ

ണ്ട്തന്നെ പിശാചിന്റെ പ്രലോഭനങ്ങൾക്കും ആസൂത്രണങ്ങൾക്കും ഇരയായിത്തീരാവുന്നവരുമത്രെ. ഇക്കൂട്ടരുടെ ദിവ്യാനുഭവങ്ങൾ 'ഐനുൽയഖീ'നിന്റെ മർത്ഥബയിലുള്ളതത്രെ.

മൂന്നാമത്തെതരക്കാർ ഉന്നതസ്ഥാനത്തുള്ളവരാണ്. ദൈവത്തിൽനിന്ന് പൂർണ്ണവും പരിശുദ്ധവുമായ വെളിപാടുകൾ ലഭിക്കുന്നവരും ദൈവവുമായി സംഭാഷണവും അഭിമുഖവും സിദ്ധിച്ചവരുമാണിവർ. ഇവർക്ക് ധാരാളം സത്യമായ സ്വപ്നങ്ങൾ ലഭിക്കുന്നു. ദൈവവുമായി പൂർണ്ണനിലയിലുള്ള സ്നേഹബന്ധം ഇവർ പുലർത്തുന്നു. ദൈവപ്രേമത്തിന്റെ അഗ്നിയിൽ പ്രവേശിച്ച ഇവരിൽ സ്വേച്ഛയുടെ ശക്തികൾ ദൈവദീപ്തിയിൽ കരിഞ്ഞ് ചാമ്പലായിക്കഴിഞ്ഞിരിക്കും. ഇവരിൽ ദൈവത്തിന്റെ 'സിഫത്ത്'കൾ പ്രകാശിതമാകുകയും ഒരു പുതിയ ജീവിതം പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഇരുമ്പ് ദണ്ഡ് തീയിലിട്ടാൽ അഗ്നി അതിന്റെ സകലകണങ്ങളിലും പ്രവേശിച്ച് ജ്വലിക്കുമാറാകുകയും ഇരുമ്പ് ദണ്ഡ് തികച്ചും അഗ്നിരൂപം പൂണ്ടനിലയിൽ അഗ്നിയുടെ എല്ലാഗുണങ്ങളും വെളിപ്പെടുത്തുകയും ചെയ്യുമെങ്കിലും അതൊരിക്കലും അഗ്നിയായിരിക്കുന്നില്ല. ഇപ്രകാരം ദൈവപ്രേമത്തിന്റെ അഗ്നിജ്വാല ആപാദചൂഡം മൂടിയനിലയിൽ ദൈവീകമായ പ്രഭാവത്തിന്റെ പ്രതീകമായി ഒരാൾ മാറുമ്പോൾ ദൈവീകമായ വേറെയും ഒട്ടേറെ ഗുണങ്ങൾ അയാളിൽ പ്രതിഫലിക്കുമാറാകുന്നു. ഇതാണ് ദൈവത്തിൽ ആഹുതിചെയ്യപ്പെട്ട അഥവാ, ലയം പ്രാപിച്ച ഒരു ദൈവദാസൻ. വിശുദ്ധിയുടേയും പ്രകാശത്തിന്റെയും പ്രതീകമായിമാറുന്ന ഈ ദൈവദാസനിൽ ദൈവത്തിന്റെ തിരുമുഖം പ്രതിബിംബിക്കുമാറാകുന്നു. എപ്രകാരം തെളിനീരിൽ അഥവാ ഒരു നിർമല ദർപ്പണത്തിൽ സൂര്യൻ പ്രതിബിംബിക്കുമ്പോൾ സൂര്യന്റെ സകല പ്രഭാവവും അതിൽ ദൃശ്യമായിഭവിക്കുന്നുവോ അപ്പോലെതന്നെ ദൈവം ആ ദൈവദാസനിൽ പൂർണ്ണപ്രഭാവങ്ങളോടെ വെളിപ്പെടുമാറാകുന്നു. അയാളുടെ കൈയ്യും കാലും നാക്കും മൂക്കുമെല്ലാം ദൈവത്തിന്റേതായി മാറുന്നു. ഇതാണ് 'ഹക്കുൽ യഖീ'നിന്റെ മർത്ഥബ. ദൈവത്തിന്റെ ശക്തി പ്രതാപങ്ങൾ ഇവരിലൂടെ പ്രകടമാകുന്നുവെങ്കിലും ഇവർ ദൈവമോ ദൈവാംശമോ ആയിത്തീരുന്നില്ല. ഈ ദൈവദാ

സൻമാരിൽ 'റൂഹുൽ ഖുദ്സ്' ഇറങ്ങുകയും ഇവർ 'റൂഹുൽ ഖുദ്സി'ന്റെ സഹായത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. ഉമ്മത്തെ മുഹമ്മദിയ്യയിലെ സകല മുഹദ്ദിസീങ്ങളും ഔലിയാക്കൻമാരും ഈ ഗണത്തിൽപെട്ടവരാകുന്നു.

ഉപരി പ്രസ്താവിച്ച മൂന്നു ഗണങ്ങളെയും കുറിച്ച് വിവരിച്ച ശേഷം. മറ്റൊരു അദ്ധ്യായത്തിൽ ഈ ദൈവീകാനുഗ്രഹങ്ങളിൽ ഏറ്റവും സമുന്നതവും സർവ്വശ്രേഷ്ഠവുമായ സ്ഥാനം തനിയ്ക്ക് ലഭിച്ചതായി അവകാശപ്പെടുന്നു. അത് ഉമ്മത്തീ നബി എന്നുള്ള പദവിയാണ്. ധാരാളം വെളിപാടുകൾ ലഭിക്കുകയും അവയിൽ അതിഗൗരവങ്ങളായ പരോക്ഷകാര്യങ്ങൾകൂടി ഉൾപ്പെട്ടിരിക്കുകയും ചെയ്തതിനോടൊപ്പം ദൈവനിയോഗവും തന്റെ ഉമ്മത്തീനബി എന്നപദവിക്ക് അടിസ്ഥാനമാണ്. ഉമ്മത്തെ മുഹമ്മദിയയിൽ തനിക്ക് മാത്രമാണ് ഈ സ്ഥാന ലബ്ധിയുണ്ടായിട്ടുള്ളത്. "ഈ അനുഗ്രഹം എന്റെ സയ്യിദും മൗലായും 'ഫക്ക്റുൽ അംബിയാ'വും 'ഖൈറുൽ വറാ'യും ആയ തിരുനബിയോടുള്ള അതിരറ്റ അനുസരണവും കൂറും പിന്തുടർച്ചയും മൂലമായാണ് ലഭിച്ചത്. അപ്രകാരം അല്ലായിരുന്നെങ്കിൽ പർവ്വതസമാനമായ പുണ്യങ്ങൾ ചെയ്താലും ഞാനീ അനുഗ്രഹത്തിന്ന് അവകാശിയാകുമായിരുന്നില്ല" എന്നും വ്യക്തമാക്കി.

ഉമ്മത്തെ മുഹമ്മദിയ്യയിൽ പരിപൂർണ്ണമായ അനുഗ്രഹത്തിന് പാത്രീഭൂതരായിട്ടുള്ളവരുടെ വെളിപാടുകൾ തിരിച്ചറിയുന്നതിന്ന് പ്രത്യേകമായ വിവേചനാടയാളങ്ങൾ വാഗ്ദത്ത മസീഹ് (അ) ചൂണ്ടിക്കാട്ടി. അവർക്കുണ്ടാകുന്ന വെളിപാടുകളും ദിവ്യ ഭാഷണങ്ങളും ദിവ്യദൃശ്യങ്ങളും യാതൊരു സംശയത്തിന്നും ഇടയില്ലാത്തവിധം സ്വച്ഛങ്ങളായിരിക്കും. ഒരു രാജാവിന്റെ മുതലും ഒരു യാചകന്റെ സമ്പാദ്യവും തമ്മിലുള്ള അന്തരം അവയ്ക്കിടയിലുണ്ടാകും. അവർക്കുണ്ടാകുന്ന വെളിപാടുകൾ അതുല്യങ്ങളും എതിരറ്റതുമായിരിക്കും. ദൈവത്തിന്റെ സ്നേഹവും സഹായങ്ങളും അവരുടെ ദൃഷ്ടാന്തങ്ങളിലൂടെ വെളിപ്പെടുന്നു.

ദൈവത്തിൽനിന്നുള്ള വെളിപാടുകൾ ഒരു സത്യാന്വേഷിക്ക് വ്യക്തമായും തിരിച്ചറിയാവുന്ന വിധം അവയെല്ലാം

പൈശാചികബന്ധങ്ങളിൽനിന്നും മുക്തമായിരിക്കുന്നതാണെന്ന് ഗ്രന്ഥകർത്താവ് ചൂണ്ടിക്കാട്ടി. വിശുദ്ധാത്മാക്കളെന്ന് വ്യക്തമായിട്ടുള്ളവരും പിശാചിൽനിന്ന് ദൂരപ്പെട്ടിരിക്കുന്നവരും മാത്രമെ അതിന്റെ അവകാശികളായിരിക്കുകയുള്ളൂ. ദൈവത്തിൽനിന്നുള്ള വെളിപാടുകൾ ദൈവീക ഗ്രന്ഥമായ വിശുദ്ധഖുർആന്റെ വചനങ്ങൾക്ക് എതിരായിട്ടുള്ളതോ പൊരുത്തപ്പെടാത്തതോ ആയിരിക്കയില്ല. ദൈവത്തിൽനിന്നുള്ള വെളിപാടുകൾ തുടർച്ചയായുള്ള ദൈവീക സഹായങ്ങളാൽ സാക്ഷീകരിക്കപ്പെടുന്നതുമാണ്.

തുടർന്ന്, ഡോ. അബ്ദുൽ ഹക്കീംഖാന്റെ വഴിപിഴപ്പിക്കുന്ന വാദങ്ങളെ ഖണ്ഡിക്കുകയും തിരുനബിയെ പരിപൂർണ്ണമായും അനുസരിക്കേണ്ട ആവശ്യകതയെ വിശദീകരിക്കുകയും ചെയ്തു. തിരുനബി (സ) മുഖേനയല്ലാതെ ദൈവപ്രാപ്തി സാദ്ധ്യമല്ല. ദൈവാസ്തിക്യത്തെ കുറിച്ച് അറിവ് നൽകുന്നതും ദൈവം ഏകമാത്രനും കൂട്ടുകാരനില്ലാത്തവനുമാണെന്ന് തെളിയിച്ച് കാട്ടുന്നതും പ്രവാചകൻമാരാണ്. ദൈവം ഉണ്ടായിരിക്കണമെന്ന ധാരണയിൽനിന്നും ദൈവം ഉണ്ട് എന്ന ദൃഢവിശ്വാസത്തിലേയ്ക്ക് മനുഷ്യരെ കൊണ്ടെത്തിക്കുന്നത് പ്രവാചകൻമാരാകുന്നു. ദൈവത്തിന്റെ മുഖം വെളിപ്പെടുന്ന കണ്ണാടിയാണ് പ്രവാചകൻ. ദൈവം അവന്റെ 'ഖുദ്റത്തു'കൾ നബിമാരിലൂടെയാണ് വെളിപ്പെടുത്തുന്നത്. അതുകൊണ്ട്തന്നെ നബിമാരിലുള്ള വിശ്വാസം തൗഹീദിന്റെ അഭേദ്യ ഘടകമാകുന്നു.

തനിയ്ക്കെതിരായി ഉന്നയിക്കപ്പെട്ട എല്ലാ ആക്ഷേപങ്ങൾക്കും ഹസ്രത്ത് അഹ്മദ് (അ) 'ഹക്കീക്കത്തുൽ വഹ്'യിൽ മറുപടി നൽകി. തനിയ്ക്ക് അറബി ഉറുദു പാർസീ ഭാഷകളിൽ ഉണ്ടായ വെളിപാടുകൾ 39 പേജുകളിലായി രേഖപ്പെടുത്തി അതിൽ പ്രസിദ്ധപ്പെടുത്തി. അവ തനിക്കുണ്ടായ ദൈവീകവെളിപാടുകളാണെന്ന് സത്യം ചെയ്തുകൊണ്ട് ഉറപ്പിച്ചു പ്രഖ്യാപിക്കുകയുമുണ്ടായി. ഈ വിവരണങ്ങൾക്ക് ശേഷവും തന്നെ കള്ളവാദിയാക്കുന്നുവോ എന്ന് വിധി നൽകാൻ വാഗ്ദത്ത മസീഹ് (അ) ഉലമാക്കളെയും തന്റെ സകല എതിരാളികളേയും ആഹ്വാനം ചെയ്തു. മുസ്ലിം ഉലമാക്കളെയും ആര്യ പണ്ഡി

തൻമാരെയും ക്രൈസ്തീയ പുരോഹിതൻമാരെയും പ്രത്യേകം പ്രത്യേകം സംബോധന ചെയ്തുകൊണ്ടു തന്റെ ഗ്രന്ഥം മൂന്ന് തവണ ആവർത്തിച്ചാവർത്തിച്ച് വായിച്ച ശേഷം തന്നെ എതിരിടാൻ മുന്നോട്ട് വരണമെന്ന് അവരെ വെല്ലുവിളിക്കുകയുണ്ടായി. തന്റെ സത്യത്തിലേയ്ക്ക് സാക്ഷ്യമായി വെളിപ്പെട്ട ഇരുനൂറോളം ദിവ്യ ദൃഷ്ടന്തങ്ങളും പ്രവചനങ്ങളും എടുത്തുകാട്ടിയിട്ടുള്ളതാണ് ഹസ്രത്ത് അഹ്മദിന്റെ ഈ ഗ്രന്ഥത്തിന്റെ ഒരു സവിശേഷത.

ശത്രുക്കളിൽ ന്യായപൂർത്തി വരുത്തുന്ന സമഗ്രമായ വിവരണങ്ങളോട് കൂടിയ ഒരു ഗ്രന്ഥമാണ് 'ഹക്കീക്കത്തുൽ വഹീ': എല്ലാ പ്രകാരത്തിലും തന്റെ സത്യാവസ്ഥ ബോധ്യപ്പെടുത്താൻ ശ്രമങ്ങൾ നടത്തിയിട്ടും തന്റെമേൽ കറ്റ്കെട്ടും കാപട്യവും ആരോപിച്ചുകൊണ്ടിരുന്ന ശത്രുജനനേതാക്കൾ ആത്മീയ സമരത്തിന്ന് മുന്നോട്ട്വരാതെ ജനലക്ഷങ്ങളെ കബളിപ്പിക്കുന്നത് തുടർന്നപ്പോൾ, അവിടുന്ന് ദൈവത്തിന്റെ മുമ്പിൽ തന്റെ ആവലാതികളും പരിദേവനങ്ങളും സമർപ്പിച്ചു. താൻ കപടനും കള്ളവാദിയും വഞ്ചകനുമാണെങ്കിൽ തന്നെ ഭയങ്കരമായ ശിക്ഷകൾനൽകി ലോകത്തിന്ന് പാഠമാക്കി നശിപ്പിച്ചുകളയാനും അഥവാ, സത്യവാദിതന്നെയെങ്കിൽ, ദൈവത്തിന്റെ ഇഷ്ടം നടത്തുന്നവനാണെങ്കിൽ അനുഗ്രഹിച്ച് വിജയശ്രീലാളിതനാക്കാനും അവിടുന്ന് സർവ്വശക്തനായ ദൈവത്തോട് ഏകപക്ഷീയമായി പ്രാർത്ഥിച്ചു. അത്തരം പ്രാർത്ഥനകൾ അവിടുന്ന് മുമ്പ് പലപ്രാവശ്യം നടത്തിയിട്ടുണ്ടെങ്കിലും, ഒരിക്കൽകൂടി കരളലയിക്കുന്ന ഭാഷയിൽ ആ പ്രാർത്ഥന 'ഹക്കീക്കത്തുൽ വഹീ' എന്ന ഗ്രന്ഥത്തിൽ അവതരിപ്പിച്ചു: പാർസി ഭാഷയിലുള്ള ആ പ്രാർത്ഥന ഇപ്രകാരമായിരുന്നു:

"അല്ലയോ സർവ്വവല്ലഭനായുള്ളോവേ, ആകാശഭൂമികളുടെ സ്രഷ്ടാവായുള്ളവനെ; ഹേ ദയാനിധേ, കൃപാകരനും മാർഗ്ഗനിദർശകനുമായുള്ള എന്റെ നാഥാ!

"ആരുടെ ദൃഷ്ടി ജനഹൃദയാന്തരാളങ്ങളോളം എത്തുന്നുവോ, എവനിൽനിന്ന് ഒന്നും തന്നെ ഗുപ്തമായിരിക്കുന്നില്ലയോ അങ്ങിനെയുള്ള സർവ്വദൃക്കായ സർവ്വേശ്വരാ!

"നീ എന്നെ ദുഷ്ടത നിറഞ്ഞവനായി കാണുന്നുവെങ്കിൽ" നിന്റെ കൽപനയെ ലംഘിക്കുന്നവനും ദുഷ്കൃതനുമായിട്ട് നീ എന്നെ കാണുന്നുവെങ്കിൽ,

"അല്ലയോ എന്റെ നാഥാ, നീ എന്നെ തുണ്ടം തുണ്ട മാക്കി നശിപ്പിച്ച്കളയണമേ; അതുവഴി എന്റെ ശത്രു സമൂഹ ത്തിനെ നീ ആനന്ദ തുന്ദിലരും സംതൃപ്തരുമാക്കി ചെയ്താലും! എന്നെ സംബന്ധിച്ചിടത്തോളം അവരുടെ സകല ആശകളും നിന്റെ അനുഗ്രഹത്താൽ പൂർത്തീകരിച്ചുകൊടുത്തുകൊണ്ട് അവരെ നീ നിന്റെ കാരുണ്യത്തിന് പാത്രീഭൂതരാക്കിത്തീർക്കേ ണമേ!

"എന്റെ ഭവനത്തിലും ഗൃഹഭിത്തികളിലും നീ തീകോരി ചൊരിഞ്ഞാലും! നീ എന്റെ ശത്രുചമഞ്ഞുകൊണ്ട് എന്റെ സകല ഏർപ്പാടുകളെയും താറുമാറാക്കി നശിപ്പിച്ചുകളഞ്ഞാലും!

"അഥവാ, നീ എന്നെ നിന്റെ പ്രീത ദാസനായിട്ടുതന്നെക രുതുന്നുവെങ്കിൽ, എന്റെ ഭക്തിപ്രശ്രയങ്ങൾ നിന്റെ പടിവാതിൽക്ക ലാണ് അർപ്പിച്ചിരിക്കുന്നതെന്ന് നീ അറിയുന്നു എങ്കിൽ,

"എന്റെ ഹൃദയ ഗഹ്വരത്തിൽ കുടികൊള്ളുന്ന നിന്നോ ടുള്ള പ്രേമാതിരേകം നീ കാണുന്നു എങ്കിൽ, അതിന്റെ രഹസ്യം ലോകദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കുകയാണെന്നത് ഒരു വസ്തു തയാണെങ്കിൽ,

"ഓ, എന്റെ പ്രിയപ്പെട്ട നാഥാ, എന്നോടുള്ള നിന്റെ സ്നേഹവായ്പ് നീ വെളിപ്പെടുത്തിയാലും! അല്ലയോ സർവ്വാധി നാഥാ, എനിയ്ക്ക് നിന്നോടുള്ള പ്രേമാതിരേകത്തിന്റെ രഹസ്യം നീ തന്നെ ലോകർക്ക് വെളിപ്പെടുത്തിക്കൊടുക്കേണമെ!"

87 – ലാഹൗറിൽ അന്തിമദിനങ്ങൾ

'ഹസ്രത്ത് അഹ്മദ് (അ) ലാഹൗറിൽ എത്തിയതോടെ ശത്രുക്കളുടെ ഇളകിയാട്ടം അവിടെ ആരംഭിച്ചു. ശത്രുക്കൾ ദിവസവും താമസസ്ഥലത്തെത്തി കൂട്ടമായിച്ചേർന്ന് അസഭ്യങ്ങൾ

വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ശിഷ്യർ അവരെ നേരിടാനൊരുങ്ങിയപ്പോൾ അവിടുന്ന് അവരെ തടഞ്ഞു. ശത്രുക്കളുടെ ചെയ്തികളെ അവഗണിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാൻ അവിടുന്ന് ഉപദേശിച്ചു. സഹനവും സംയമനവും പുലർത്തുവാൻ നിരന്തരം ഉൽബോധിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ലാഹൗറിൽ എത്തിയ ശേഷവും വാഗ്ദത്ത മസീഹ് (അ) വിശ്രമരഹിതമായ ജോലികൾ തുടർന്നുകൊണ്ടിരുന്നു. അതുമൂലം അവിടുന്ന് അത്യധികം ക്ഷീണിച്ചവശനായി. വർദ്ധിച്ച ബുദ്ധിപ്രവർത്തനം കാരണം നാഡീനരമ്പുകൾക്ക് തളർച്ചപറ്റി. വാഗ്ദത്ത മസീഹിന്ന് 'ന്യൂറസ്തീനിയ' (Neurasthenia) ബാധിച്ചതായി ഡോക്ടർമാർ അഭിപ്രായപ്പെട്ടു. കൂടുതൽ അദ്ധ്വാനിക്കുമ്പോൾ രോഗം മൂർച്ഛിക്കുകയും തലകറക്കവും തലവേദനയും അധികരിക്കുകയും ചെയ്യുമായിരുന്നു. അതോടൊപ്പം ചിലപ്പോൾ കൈകാലുകൾ തണുത്തുപോവുകയും നാഡിമിടിപ്പ് അതീവ മന്ദഗതിയിലാവുകയും ചെയ്തിരുന്നു. അവിടുന്ന് കസ്തൂരി അധികമായി ഉപയോഗിച്ചുപോന്നിരുന്നു. അതുപയോഗിക്കുമ്പോൾ ആശ്വാസം ലഭിക്കുകയും ചെയ്തിരുന്നു. കൂടെക്കൂടെ മൂത്രമൊഴിക്കേണ്ടിവന്നിരുന്നതിനാൽ ശരീരത്തിന് ബലക്ഷയം വർദ്ധിച്ചു.

വാഗ്ദത്ത മസീഹിന്ന് രണ്ടുതരം രോഗങ്ങൾ ഉണ്ടായിരിക്കുമെന്ന് തിരുനബി (സ) പ്രവചിച്ചിട്ടുണ്ടായിരുന്നു. അരക്കെട്ടിന് മുകളിലും അരക്കെട്ടിന് താഴെയുമായി രണ്ട് തരം രോഗങ്ങൾ. വാഗ്ദത്ത മസീഹിനെ രണ്ട് മഞ്ഞ വസ്ത്രങ്ങൾ ധരിപ്പിക്കപ്പെട്ട നിലയിലാണ് തിരുനബി (സ) ദർശനത്തിൽ കണ്ടിരുന്നത്. മഞ്ഞവസ്ത്രം രോഗത്തെ സൂചിപ്പിക്കുന്നതാണെന്ന് സ്വപ്നശാസ്ത്ര ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. കഠിനമായ തലവേദനയും മൂത്ര വാർച്ചയും ആയിരുന്നു ആ രോഗങ്ങൾ. തലച്ചോറ്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യുന്നവർക്ക് ധാരാളം മൂത്രം ഒഴിക്കേണ്ടി വരികയെന്ന രോഗം ഉണ്ടാകുമെന്നും ചിലപ്പോൾ മോഹാലസ്യം വരെസംഭവിക്കുമെന്നും വൈദ്യവിദഗ്ധൻമാർ അഭിപ്രായപ്പെടുന്നു.

1908 മെയ് 15-ന് ആര്യസമാജികളുടെ ആക്ഷേപങ്ങൾക്ക് മറുപടിയായി രചിയ്ക്കപ്പെട്ട 'ചശ്മയെ മഅരിഫ' (ദിവ്യജ്ഞാന നിർഝരി) എന്ന സാമാന്യം വലിയൊരു ദാർശനിക ഗ്രന്ഥത്തിന്റെ പ്രകാശനം നടന്നു. അത് രചിക്കുന്നതിന് കഠിനമായ അദ്ധ്വാനത്തിൽ മുഴുകിയിരിക്കയായിരുന്നു. ലാഹൗറിലേയ്ക്ക് നീങ്ങുന്നതിന് മുമ്പ് തുടങ്ങിവെച്ച ഈ കൃതിയുടെ അവസാനഭാഗങ്ങൾ എഴുതിപൂർത്തിയാക്കി. അത് കഴിഞ്ഞ ഉടനെ ലാഹൗറിൽ ഒരു മുസ്‌ലിം നേതൃസംഗമം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആ നേതൃസംഗമത്തിൽ വായിക്കാനുള്ള ഉപന്യാസം എഴുതിപൂർത്തിയാക്കുന്നതിലായി പിന്നെത്തെ തീവ്രയത്നങ്ങൾ. അതുകഴിഞ്ഞപ്പോൾ ലാഹൗറിൽ ഒരു വലിയ ഹിന്ദുമുസ്‌ലിം സമ്മേളനം സംഘടിപ്പിക്കേണ്ട ആലോചനകളിലും ഉപന്യാസം തയാറാക്കുന്നതിലും മുഴുകി. ഒന്നു തീരുമ്പോൾ മറ്റൊന്നായി മാറ്റിവെച്ചുകൂടാത്തതും താൻതന്നെ നേരിട്ട് ചെയ്തുതീർക്കേണ്ടതുമായ ഒട്ടേറെ കൃത്യങ്ങൾ അവസാനശ്വാസംവരെ ചെയ്യേണ്ടിവന്നിരുന്നു.

ലാഹൗറിലെ പ്രമുഖരായ മുസ്‌ലിം നേതാക്കളെ വിളിച്ചുകൂട്ടി അവർക്ക് തന്റെ സന്ദേശം കേൾപിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഖാജാ കമാലുദ്ദീൻ സാഹിബും മറ്റ് പ്രമുഖരും ഉന്നതനേതാക്കളുമായി ബന്ധപ്പെട്ടു. 1908 മെയ് 17-നു ലാഹൗറിലെ പ്രമാണിമാരും നേതാക്കളുമായ പ്രമുഖ മുസ്‌ലിംകളെ ക്ഷണിച്ചുവരുത്തുകയും അവർക്കായി സൽക്കാരമൊരുക്കുകയും ചെയ്തു. ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ ഷാ സാഹിബിന്റെ ഭവനത്തിൽ ഇതിന്നായി പ്രത്യേകം 'ശാമിയാന' കെട്ടിഉയർത്തി. ഖാജാസാഹിബിന്റെ ഭവനത്തിലാണ് ഉച്ചവിരുന്ന് ഒരുക്കിയിരുന്നത്. ഏതാണ്ട് 11-മണിക്ക് ഹസ്രത്ത് അഹ്മദ് (അ) തന്റെ പ്രഭാഷണം ആരംഭിച്ചു. വക്കീലൻമാർ ബാരിസ്റ്റർമാർ പത്രാധിപൻമാർ ഡോക്ടർമാർ തുടങ്ങി ലാഹൗറിലെ അഭ്യസ്തവിദ്യരും ബുദ്ധിജീവികളുമായ ധാരാളം പേർ പങ്കെടുത്ത ഈ യോഗത്തിൽ വാഗ്ദത്ത മസീഹ് (അ) സാമാന്യം വിശദമായിതന്നെ തന്റെ വിശ്വാസങ്ങളും വാദങ്ങളും വിവരിക്കുകയുണ്ടായി. ഉച്ചഭക്ഷണത്തിനുള്ള സമയമായപ്പോൾ അവിടുന്ന്

പ്രസംഗം നിർത്തുവാൻ തയ്യാറായെങ്കിലും സദസ്യർ ഒന്നിച്ചാവശ്യപ്പെട്ടതനുസരിച്ച് അത് തുടർന്നു. അസുഖമുണ്ടായിട്ടും രണ്ട് മണിക്കൂർ നേരം അവിടുന്ന് സംസാരിച്ചു.

വാഗ്ദത്ത മസീഹ് (അ) തന്റെ പ്രസംഗം ഇപ്രകാരം ഉപസംഹരിച്ചു:

"നമ്മുടെ ദൈവം പണ്ടുണ്ടായിരുന്ന പ്രകാരംതന്നെ ഇപ്പോഴും ജീവനോടെയിരിക്കുന്നു. മരിച്ചുപോയ മതത്തേയും മരിച്ചുപോയ ദൈവത്തെയും ആരെങ്കിലും ഇഷ്ടപ്പെടുന്നുവെങ്കിൽ അവരങ്ങിനെ ചെയ്തുകൊള്ളട്ടെ. തിരുനബിയുടെ പ്രവചനങ്ങൾ ശരിയല്ലെന്ന് കരുതുന്നുവെങ്കിൽ കരുതിക്കൊള്ളട്ടെ. അത്തരം ഒരാൾ എങ്ങിനെ മുസ്ലിമാകും? ദൈവം മുസ്ലിം ജനതയെ തനിക്കായി തെരഞ്ഞെടുത്തിരിക്കെ, അവരെ ലക്ഷ്യസ്ഥാനത്തോളം എത്തിക്കുമെന്ന് വാഗ്ദത്തം ചെയ്തിരിക്കെ അവരെ വഴിക്കൽ ഉപേക്ഷിച്ചുകളയുന്നത് ന്യായവും ദൈവത്തിന്റെ ഔന്നത്യത്തിന് ചേർന്നതുമാകുമോ? ഒരാൾ കൽക്കത്തയിലോളം എത്തിക്കുമെന്ന് വാഗ്ദത്തം ചെയ്തെന്ന് വിചാരിക്കുക. അയാൾ ആ വാഗ്ദത്തം പൂർത്തിയാക്കിയില്ലെങ്കിൽ അതൊരു വലിയ കാര്യമല്ല. എന്നാൽ, മനുഷ്യൻ ദൈവത്തിന്റെ സന്നിധി സംബന്ധിച്ചിടത്തോളം അന്ധനെപോലെയാണ്. ദൈവം തന്റെ മാർഗ്ഗ നിദർശനത്തിലൂടെ വേണം അവനെ ലക്ഷ്യത്തിലെത്തിക്കാൻ. അവൻ ഖിയാമത്ത്നാൾവരെ ഇപ്രകാരം മാർഗ്ഗദർശകരെ അയച്ചുകൊണ്ടിരിക്കും. അതുകൊണ്ട്തന്നെയാണ് 'ലയസ്തഖ്ലിഫന്നഹും' (നിശ്ചയമായും അവരെ പ്രതിനിധിയാക്കും) എന്നുവന്നിട്ടുള്ളത്. ഖിയാമത്ത് നാൾവരെ തിരുനബിയുടെ ഖുലഫായുടെ നിയോഗം മുഖേന ഇത് സ്ഥാപിക്കപ്പെടുന്നതാണ്. ഞാനും ഈ ആയത്തിലടങ്ങിയ വാഗ്ദത്തപ്രകാരമാണ് വന്നിട്ടുള്ളത്. അതുകൊണ്ടാണ് 'മൗഊദ്' (വാഗ്ദത്തം ചെയ്യപ്പെട്ടവൻ) എന്ന് പറയപ്പെട്ടിട്ടുള്ളത്. ഞാൻ മസീഹും ആകുന്നു. എന്നാൽ, പുനർജന്മത്തിലൂടെയല്ല. മറിച്ച്, വസ്തുത ഇതാണ്: അവസാനകാലത്ത് ഈ ഉമ്മത്ത് ക്രിസ്ത്യാനികളെയും യഹൂദികളെയും പോലെയാകുമെന്ന് അല്ലാഹുവിന്ന് അറിയാമായിരുന്നു.

അവരുടെ ഈമാൻ കണ്ഠനാളംവരെ എത്തിനിൽക്കും. ഇത്കാരണമാണ് 'ഗൈറിൽ മഗ്ളൂബി അലൈഹിം വലൾലാല്ലീൻ' (നിന്റെ ക്രോധത്തിന്നിരയായവരുടേയോ വഴിപിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല) എന്നുള്ള പ്രാർത്ഥന പഠിപ്പിച്ചുതന്നിട്ടുള്ളത്. ചുരുക്കത്തിൽ, മുസ്ലിഹിന്റെ (പരിഷ്കർത്താവിന്റെ) നാമവും മസീഹ് എന്നായിരിക്കേണ്ടതുണ്ടായിരുന്നു". ('മുജദ്ദിദെ അഅ്സം'–ഡോ. ബിശാറത്ത് അഹ്മദ്, പു, 1201).

ഈ സമ്മേളനത്തിൽ തന്റെ വാദങ്ങളെ വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പറഞ്ഞു:

"ഇന്നത്തെ കുഴപ്പങ്ങൾ (മുഫാസിദ്) മുൻനിർത്തി ദൈവം എന്നെ അയച്ചിരിക്കുന്നു. എനിയ്ക്ക് അല്ലാഹുവുമായുള്ള സംഭാഷണത്തിന്റെയും അഭിമുഖത്തിന്റെയും ആദരം അനുഗ്രഹിച്ചരുളപ്പെട്ടിരിക്കയാണ്. ദൈവം എന്നോട് സംസാരിക്കുന്നു. ധാരാളം സംസാരിക്കുന്നു. ഇതിന്റെ പേരാണ് നുബൂവ്വത്ത് എന്നത്. എന്നാൽ ഇത് ഹഖീഖിനുബൂവ്വത്ത്* അല്ല.....

"അധികമായ സംഭാഷണവും അഭിമുഖവും തന്നെയാണ് മറ്റൊരു വാക്കിൽ നുബൂവ്വത്ത് എന്ന് പറയപ്പെടുന്നത്.

"നോക്കൂ, **قولوا انه خاتم الانبياء ولا تقولوا لانبي بعده** 'നിങ്ങൾ അദ്ദേഹത്തെ ഖാത്തമുന്നബിയ്യീൻ എന്ന് വിളിച്ചുകൊൾക എന്നാൽ അദ്ദേഹത്തിന് ശേഷം നബി ഉണ്ടാവുകയില്ല എന്ന് പറയരുത്' എന്ന ഹസ്രത്ത് ആയിഷ (റ) യുടെ പ്രസ്താവന ഈ കാര്യത്തെ വിശദീകരിച്ചുതരുന്നു. നബൂവ്വത്ത് ഇസ്ലാമിൽ ഇല്ലാതായിപോയെങ്കിൽ, ഇസ്ലാം മരിച്ചുകഴിഞ്ഞു എന്ന് മനസ്സിലാക്കിക്കൊൾക. അപ്പോൾ പിന്നെ പ്രത്യേകതരത്തിലുള്ള

* 'ഹഖീഖീ നബൂവ്വത്ത്' എന്നതിന്റെ അർത്ഥം ശരീഅത്തീ പ്രവാചകത്വം എന്നാണെന്ന് ഹസ്രത്ത് അഹ്മദ് (അ) വ്യക്തമാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. ഹഖീഖി നബുവ്വത്ത് എന്ന വാക്കിന്ന് സത്യനുബൂവ്വത്ത് എന്ന അർത്ഥം കൽപിക്കുന്നത് ഈ പ്രസ്താവനയെ അർത്ഥശൂന്യമാക്കുന്നതോടൊപ്പം വാഗ്ദത്ത മസീഹിന്റെ വിശദീകരണങ്ങൾക്ക് നിരക്കാത്തതുമത്രെ. അതല്ലെങ്കിൽ, ഹഖീഖി അല്ലാത്ത യഥാർത്ഥമല്ലാത്ത ഒരു നുബൂവ്വത്തും ഉണ്ടോ? –ഗ്ര.

ദൃഷ്ടാന്തവും ഉണ്ടാവുകയില്ല". (അൽഹക്കം, 1908 ജൂലായ് 14; ന് – 'താരീഖെ അഹ്മദിയ്യത്ത്', ഭാഗം 3, പു. 538).

ഹസ്രത്ത് അഹ്മദ് (അ) നേതൃസംഗമത്തിൽ ചെയ്ത പ്രസംഗം വലിയ ചർച്ചാവിഷയമായി. പലരും പലരൂപത്തിൽ അതിനെ വ്യാഖ്യാനിച്ചുതുടങ്ങി. അതിനിടയിൽ മെയ് 19–നു ഒരു ചോദ്യത്തിനുള്ള മറുപടിയായി വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം വിശദീകരിക്കുകയുണ്ടായി:

"മുല്ലമാർ ജനങ്ങളെ ഇളക്കിവിടാനായി പറഞ്ഞുപരത്തുന്ന തരത്തിലുള്ള അർത്ഥത്തിൽ നാം റിസാലത്തിന്റെ വാദമൊന്നും പുറപ്പെടുവിച്ചിട്ടില്ല. 'മുൽഹം' (ഇൽഹാം ലഭിക്കുന്ന ആൾ) 'മുൻദിർ' (താക്കീതുകാരൻ) എന്നുമുള്ള നമ്മുടെ വാദങ്ങളെ സംബന്ധിച്ചിടത്തോളം നാം എന്തുവാദിച്ചുവോ അത് തിരുനബിയുടെ ശരീഅത്തിന് വിധേയമായിട്ടുള്ളത് മാത്രമാണ്. അത് എന്നും അപ്രകാരംതന്നെയായിരിക്കും. ഇന്ന് ഇത് ഒരു പുതിയ കാര്യമൊന്നുമല്ല. 'ജരിയുല്ലാഹി ഫീ ഹുലലിൽ അംബിയായി' (അമ്പിയാക്കൻമാരുടെ വേഷത്തിൽ അല്ലാഹുവിന്റെ ധർമ്മഭടൻ) എന്ന ഇൽഹാം 24 കൊല്ലം മുമ്പ് വെളിപ്പെട്ടതാണ്" (മുജദ്ദിദെ അഅ്സം, ഭാ. 2. പു. 1197)

വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) തന്റെ നുബൂവ്വത്ത് വാദത്തെ സംബന്ധിച്ചിടത്തോളം ഇത്രയും വ്യക്തവും ഇത്രയും അസന്ദിഗ്ധവുമായ തരത്തിൽ വിശദീകരിച്ചിട്ടും അത് ചിലർക്കെല്ലാം പിന്നെയും സംശയാസ്പദമായിത്തീർന്നുവെന്നത് തുലോം ആശ്ചര്യാവഹംതന്നെയാണ്. അവർ തങ്ങളുടെ മനോഗതംപോലെ അതിനെ വ്യാഖ്യാനിച്ചു. ഈ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് മെയ് 23–നു ത്തെ 'അഖ്ബാറെ ആം' പത്രത്തിൽ ഹസ്രത്ത് അഹ്മദ് (അ) നുബൂവ്വത്ത് വാദം ഉപേക്ഷിച്ചു എന്ന ഒരു വാർത്ത പ്രസിദ്ധം ചെയ്യുവാനിടയായത്. പത്രത്തിന്റെ ഹിന്ദുവായ എഡിറ്ററാണ് ഈ വാർത്ത പ്രസിദ്ധം ചെയ്യുന്നതിനുള്ള കാരണക്കാരൻ. (മുജദ്ദിദെ അഅ്സം, രണ്ടാംഭാഗം പു. 1203). ഹസ്രത്ത് അഹ്മദ് (അ) വരിസംഖ്യ അടച്ച് നിത്യവും വായിക്കുന്ന പ്രശസ്തപത്രമാ

ണിതെന്ന് അറിയേണ്ടിയിരിക്കുന്നു. 1908 മെയ് 23-ാം തീയ്യതിയത്തെ ലക്കത്തിൽ മുൻപേജിൽ ഒന്നാം കോളത്തിൽതന്നെ ഈ വാർത്ത പ്രത്യക്ഷപ്പെട്ടപ്പോൾ അത് വാഗ്ദത്തമസീഹിനെയും അവിടുത്തെ അടുത്ത ശിഷ്യൻമാരെയും അമ്പരപ്പിലാക്കിയെന്ന് പറഞ്ഞാൽ മതിയല്ലൊ!

പത്രവാർത്ത കണ്ടയുടനെ ഹസ്രത്ത് അഹ്മദ് (അ) 'അഖ്ബാറെ ആം' പത്രാധിപർക്ക് പ്രസ്തുത വാർത്തയിൽ അടങ്ങിയ കാര്യത്തെ നിഷേധിച്ചുകൊണ്ടും തന്റെ യഥാർത്ഥനില ആവർത്തിച്ചുറപ്പിച്ചുകൊണ്ടും ഒരു പ്രസ്താവന തയ്യാറാക്കി. താൻ നുബൂവ്വത്ത് വാദം ഉപേക്ഷിച്ചിട്ടില്ലെന്നും തന്റെ എല്ലാ വാദങ്ങളും തന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുകയാണെന്നും അവിടുന്ന് വ്യക്തമാക്കി. ഇസ്ലാം ശരീഅത്തിനെ മൻസൂഖ്, ആക്കുന്നതും അഥവാ റദ്ദാക്കുന്നതും തിരുനബിയിലുള്ള വിശ്വാസത്തിൽനിന്ന് പുറത്തുപോകുന്നതുമായ തരത്തിലുള്ള ഒരു നുബൂവ്വത്ത്വാദം തനിക്കില്ലെന്നാണ് താൻ നിഷേധിച്ച് പറഞ്ഞിട്ടുള്ളതെന്ന് പത്രാധിപർക്കുള്ള കത്തിൽ അസന്ദിഗ്ധമായി പ്രസ്താവിച്ചു. കത്ത് ഇപ്രകാരമായിരുന്നു:

"'അഖ്ബാറെആം' പത്രത്തിന്റെ 1908 മെയ് 23-ലത്തെ ലക്കത്തിൽ മുൻപേജിൽതന്നെ ഒന്നാംകോളത്തിലെ രണ്ടാംവരിയിൽ എന്നെക്കുറിച്ചുള്ള ഒരു വാർത്ത പ്രസിദ്ധപ്പെടുത്തികണ്ടു. അതായത്, ഞാൻ സൽക്കാരയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നുബൂവ്വത്ത് വാദം നിഷേധിച്ചുവെന്ന്-എന്നാൽ, അതിന്നുള്ള മറുപടിയായി ഇപ്രകാരം വിവരിച്ചുകൊള്ളട്ടെ: ആ യോഗത്തിൽ ഞാൻ പ്രസംഗിച്ചത് ഇത് മാത്രമായിരുന്നു; ഞാനെപ്പോഴും എന്റെ പ്രസിദ്ധീകരണത്തിൽകൂടിയാണ് കാര്യങ്ങൾ ജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നിട്ടുള്ളത്- ഇപ്പോഴും ഞാനിതാ വ്യക്തമാക്കികൊള്ളുന്നു, എനിയ്ക്ക് ഇസ്ലാമിനോട് യാതൊരു ബന്ധവും അവശേഷിക്കാതാക്കുന്ന, എന്നുവെച്ചാൽ വിശുദ്ധഖുർആനെ പിൻതുടരേണ്ട യാതൊരു ആവശ്യവും ഇല്ലാതാക്കുന്നവിധം എന്റെതായ വേറിട്ടൊരു കലിമയും ഖിബ്ലയും ഞാൻ സ്വീകരിക്കുന്നുവെന്നും ഇസ്ലാം ശരീഅത്തിനെ റദ്ദാക്കിയ നിലയിൽ കരുതുകയും തിരു

നബിയോടുള്ള വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും വൃത്തത്തിൽനിന്ന് പുറത്തുപോകുന്ന തരത്തിലുള്ള നബിയായി എന്നെ സ്വയം കരുതുമാറ് ഒരു പുതിയ നുബൂവ്വത്ത് വാദം ഞാൻ വാദിക്കുന്നു എന്നുമുള്ള കുറ്റാരോപണം എന്റെ പേരിൽ ചുമത്തപ്പെട്ടിരിക്കുന്നത് ഒട്ടും ശരിയല്ല. നേരെമറിച്ച്, അത്തരത്തിലുള്ള ഒരു നബൂവ്വത്ത് വാദം എന്റെ പക്കൽ 'കുഫ്റ്' ആകുന്നു. ഇന്നുമാത്രമല്ല എന്നുംതന്നെ ഞാൻ എന്റെ എല്ലാ ഓരോഗ്രന്ഥത്തിലും എഴുതിവന്നിട്ടുള്ളത് ഇത്തരം ഒരു നബൂവ്വത്ത്വാദം ഞാൻ പുറപ്പെടുവിച്ചിട്ടേഇല്ല എന്നതത്രെ. അത് അടിമുടി എന്റെപേരിലുള്ള കറ്റ്കെട്ടാകുന്നു. ഞാൻ എന്നെപറ്റി നബി എന്നുപറയുന്നത് ഈ അടിസ്ഥാനത്തിൽ മാത്രമാകുന്നു: അതായത്, ഞാൻ ദൈവവുമായുള്ള ഭാഷണാമൃതത്താൽ അനുഗൃഹീതനാകുന്നുവെന്നും അവൻ എന്നോട് ധാരാളമായി സംസാരിക്കുകയും ഭാഷണം നടത്തുകയും ചെയ്യുന്നുവെന്നും എന്റെ വാക്കുകൾക്ക് അവൻ മറുപടി നൽകുന്നുവെന്നും ധാരാളം പരോക്ഷകാര്യങ്ങൾ എനിക്ക് വെളിപ്പെടുത്തിത്തരുന്നുവെന്നും ഭവിഷ്യൽരഹസ്യങ്ങൾ എന്ന് വെച്ചാൽ, മനുഷ്യന് ദൈവവുമായുള്ള സവിശേഷ സാമിപ്യം കൊണ്ടുമാത്രമല്ലാതെ വെളിപ്പെടുത്തപ്പെടാത്ത രഹസ്യങ്ങൾ എനിയ്ക്കായി തുറക്കപ്പെടുന്നുവെന്നുമുള്ള അടിസ്ഥാനത്തിൽമാത്രം. ഇക്കാര്യത്തിലുള്ള ആധിക്യം കാരണം അവൻ എനിക്ക് നബി എന്ന പേർവച്ചു. ആകയാൽ, ഞാൻ ദൈവത്തിന്റെ കൽപനപ്രകാരം നബിയാകുന്നു. ഇത് ഞാൻ നിഷേധിക്കുന്ന പക്ഷം അത് എന്റെ ഒരു കുറ്റമായിത്തീരുന്നതാണ്. അല്ലാഹു എന്റെ പേർ നബി എന്നുവെക്കുമ്പോൾ ഞാനത് നിഷേധിക്കുന്നതെങ്ങിനെ? ഞാൻ ഇതിൽ ഉറച്ചുനിൽക്കുന്നു. ഏത്വരെ എന്നുവെച്ചാൽ ഈ ലോകത്ത്നിന്ന് ഞാൻ നീങ്ങിപ്പോകുന്നത് എന്നോ അത്വരെ. എന്നാൽ, ഇസ്ലാമിൽനിന്നും എന്നെതന്നെ അകറ്റിമാറ്റുന്നതും ഇസ്ലാമിന്റെ ഏതാകിലും ഒരു കല്പന ഞാൻ റദ്ദാക്കുന്നു എന്ന് വരുത്തുന്നതുമായ അർത്ഥത്തിൽ ഞാൻ നബിയല്ല; വിശുദ്ധഖുർആൻ വച്ചുകാട്ടുന്ന ആ നുകത്തിന് കീഴിലാണ് എന്റെ കഴുത്ത്. വിശുദ്ധഖുർആനിലെ ഒരു പുള്ളിയെങ്കിലും വള്ളിയെങ്കിലും റദ്ദാക്കുവാൻ ആർക്കും സാദ്ധ്യമല്ല..... ഞാൻ ആത്മ

പ്രശംസയായിപറയുന്നതല്ല; മറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും വരദാനത്തിന്റെയും അടിസ്ഥാനത്തിൽ പറയുന്നു. മുഴുവൻ ലോകവും ഒരു ഭാഗത്ത് നിൽക്കയും ഞാൻ ഒറ്റയ്ക്ക് മറുഭാഗത്തായിരിക്കുകയും ചെയ്യുന്ന നിലയിൽ ദൈവത്തിന്റെ ദാസൻമാർ പരീക്ഷിക്കപ്പെടുന്ന പ്രകാരം ഒരു പ്രശ്നം മുന്നോട്ടുവെക്കുന്നപക്ഷം അത്തരം ഒരു പരീക്ഷണത്തിൽ ദൈവം എന്നെ വിജയശ്രീലാളിതനാക്കുക തന്നെ ചെയ്യും. എല്ലാ പ്രകാരത്തിലും ദൈവം എന്നോടൊപ്പമായിരിക്കുകയും ചെയ്യും. ചുരുക്കത്തിൽ, ഈ കാലഘട്ടത്തിൽ അധികമായ ഭാഷണവും സംബോധനയും പരോക്ഷകാര്യങ്ങളെ കുറിച്ചുള്ള അറിയിപ്പുകളും എനിക്ക് മാത്രമാണ് അല്ലാഹു അനുഗ്രഹിച്ചരുളിയിരിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് അവൻ എനിയ്ക്ക് നബി എന്ന പേർ വച്ചിട്ടുള്ളത്" (തബ്ലീഗ് റിസാല, ജി. 2, പു. 132.)

ഈ പ്രസ്താവന മെയ് 26-ലത്തെ 'അഖ്ബാറെ ആം' പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. തന്റെ നബിത്വവാദത്തെ സംബന്ധിച്ച തെറ്റിദ്ധാരണകൾ നീക്കിക്കൊണ്ടുള്ള പ്രസ്താവന പ്രസിദ്ധപ്പെടുത്തിയ അതേദിവസമാണ് ആ മഹാത്മാവ് ഈ ലോകത്തോട് വിടപറഞ്ഞത്. എന്ന്വെച്ചാൽ, ഈ ലോകജീവിതത്തിൽ തന്റെ അന്ത്യശ്വാസംവരെ തന്റെ വാദങ്ങളിലും വിശ്വാസങ്ങളിലും ആ ദൈവദൂതൻ പർവ്വത സമാനം ഉറച്ചുനിന്നിരുന്നു എന്നുതന്നെ. തന്റെ ദൗത്യം പൂർത്തിയാക്കുകയും അവസാനത്തെ കടമയും നിർവഹിച്ചുകഴിഞ്ഞശേഷം, അതിന്റെ ഫലപരിണതികളെ കാണാൻ കാത്ത് നിൽക്കാതെയും ഭവിഷ്യത്തുകൾ എന്തായിരിക്കുമെന്നകാര്യത്തിൽ അണുഅളവ് വേവലാതിയോ ഉൽക്കണ്ഠയോ പ്രകടിപ്പിക്കാതെയുമാണ് അവിടുന്ന് അന്ത്യശ്വാസം വെടിഞ്ഞത്. പത്രപ്രസ്താവന പത്രത്തിൽ അച്ചടിച്ചുവന്നത് അവിടുന്ന് കണ്ടിട്ടില്ല. ഈ നിഷേധ പ്രസ്താവന പത്രത്തിന്ന് അവിടുന്ന് എഴുതി അയച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ ഒരു വലിയ സംശയം ബാക്കിനിൽക്കുമായിരുന്നു. അതിന്ന് ആ സർവ്വാധിനാഥൻ ഇടവരുത്തിയില്ല. എന്നുവെച്ചാൽ, അവിടുത്തെ ദിവ്യവാദത്തിൽ അല്ലാഹു അവസാനംവരെ അവിടുത്തോടൊപ്പമായിരുന്നു. ഒരു യഥാർത്ഥ സത്യവാദിക്കുണ്ടായിരിക്കേണ്ട അനുപമമായ സ്ഥൈര്യം അവിടുന്ന് കൈവിട്ടിരുന്നില്ല എന്ന് തെളിയിക്കപ്പെട്ടു.

88 – ദിവ്യജ്ഞാനനിർഝരി

'ചശ്മയെ മഅ്രിഫ' അഥവാ ദിവ്യജ്ഞാനനിർഝരി വാഗ്ദത്ത മസീഹിന്റെ അതിപ്രധാനവും സാമാന്യം വലിയതുമായ ഒടുവിലത്തെ കൃതിയാണ്. 1908 ജനുവരിയിൽ എഴുതിത്തുടങ്ങിയ ഈ ദാർശനീകഗ്രന്ഥം ചരമത്തിന് 10–ദിവസംമുമ്പ് മെയ് 15–നു പുറത്തിറക്കി.

ഈ പുസ്തകം എഴുതാനുള്ള കാരണങ്ങൾ മുഖവുരയിൽ വിവരിച്ചിട്ടുണ്ട്. ലാഹൗറിൽ ആര്യസമാജത്തിന്റെ സർവ്വമതസമ്മേളനത്തിൽ മുൻകൂട്ടി നൽകിയ ഉറപ്പുകളും വാഗ്ദാനങ്ങളും ലംഘിച്ചുകൊണ്ട് തിരുനബിയെപറ്റി അശ്ലീലശകാരങ്ങൾ നിറഞ്ഞതും സംസ്കാരശൂന്യവുമായ പ്രഭാഷണങ്ങൾ നടത്തിയ ആര്യപണ്ഡിതൻമാരുടെ മനോനിലയെ തുറന്ന്കാട്ടിയ ശേഷം, അത് കേട്ടിരിക്കേണ്ടിവന്ന മുസ്ലിംകൾ തികഞ്ഞ ക്ഷമയും സഹനവും കൈക്കൊണ്ടിരുന്നില്ലെങ്കിൽ അവിടം ഒരു ചോരക്കളമായിമാറുമായിരുന്നു എന്ന വസ്തുത എടുത്തുപറഞ്ഞുകൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്. കോടിക്കണക്കിനുള്ള മുസ്ലിംകൾ തങ്ങളുടെ ജീവന്റെ ജീവനായികരുതി സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്ന ഒരു മഹാത്മാവിനെപറ്റി, ഏതൊരു മഹാഗുരുവിന്റെ കാലടിപ്പൊടികളെപോലും മഹാചക്രവർത്തിമാർകൂടി കണ്ണോട്ചേർത്ത് ഉമ്മവെക്കുവാൻ തയ്യാറുണ്ടോ, ആരുടെ നാമം കേൾക്കുമ്പോൾ രാജാധിരാജാക്കൻമാർപോലും സിംഹാസനങ്ങളിൽനിന്നെഴുന്നേറ്റിറങ്ങി വരാനൊരുങ്ങുമോ, ആരുടെ പേരിൽ ആയിരക്കണക്കിന് അനുയായികൾ ജീവൻ കൂട്ടക്കുരുതി കൊടുക്കാൻ ബദ്ധപ്പെടുമോ ആ ലോകാനുഗ്രഹിയായ പരിശുദ്ധനബിയെ നീചഭാഷയിൽ മുസ്ലിംകളെ ക്ഷണിച്ചുവരുത്തി ശകാരിക്കാൻ തയ്യാറായ ആര്യപണ്ഡിതൻമാരുടെ സംസ്കാര ശൂന്യതയെ അവിടുന്ന് നിശിതമായി വിമർശിച്ചു.

ആര്യസമ്മേളനത്തിൽ താൻ ചെയ്ത പ്രഭാഷണം 'ചശ്മയെ മഅ്രിഫ'യിൽ എടുത്തുചേർക്കുകയുണ്ടായി. തിരുനബിയെ എതിരാളികൾ വിമർശിക്കുകയോ അവിടുത്തെ പാഠങ്ങളെ എതിർക്കുകയോ ചെയ്യാൻ പാടില്ലെന്ന് മുസ്ലിംകൾ പറ

യുന്നില്ല. എന്നാൽ, എതിരഭിപ്രായങ്ങളും ഖണ്ഡനവിമർശന ങ്ങളുമെല്ലാം മാന്യതയുടേയും മര്യാദയുടേയും സീമകൾ ലംഘി ക്കുന്നതാവരുത്. ചിലആക്ഷേപങ്ങൾക്ക് അടിസ്ഥാനമായ കാര്യ ങ്ങൾ നബിയുടെ മഹത്വത്തിന്ന് മാറ്റ്കൂട്ടുന്നവയാണെന്ന് വിശക ലനത്തിലൂടേയും വിശദപഠനങ്ങളിലൂടെയും വിമർശനങ്ങളിലൂ ടെയും വെളിപ്പെടുമാറാകുമെന്നതിനാൽ സ്വാഗതം ചെയ്യപ്പെടു കതന്നെ ചെയ്യും. എന്നാൽ, മറുപടികൾ കേൾക്കാനുള്ള സഹ നബുദ്ധിയും സഹിഷ്ണതയും പ്രകടിപ്പിക്കാൻ എതിരണിക്കാർ തയ്യാറായേതീരൂ എന്ന കാര്യം ഗ്രന്ഥകർത്താവ് ഉയർത്തിക്കാട്ടി.

ആര്യപണ്ഡിതൻമാർ ഇസ്ലാമിനെകുറിച്ചും ഖുർആനെ പറ്റിയും തിരുനബിയുടെ ജീവിതത്തെ സംബന്ധിച്ചും പുറപ്പെടു വിച്ച ആക്ഷേപങ്ങൾക്ക് ഗ്രന്ഥകർത്താവ് വഴിക്ക്വഴി മറുപടി നൽകി. അതോടൊപ്പം ആര്യസമാജത്തിന്റെ തത്വങ്ങളേയും തൽസ്ഥാപകരുടെ പാഠങ്ങളെയും കുറിച്ചുള്ള തകർപ്പൻ വിമർശ നങ്ങളും ഖണ്ഡനങ്ങളും 'ചശ്മയെ മഅ്രിഫ'യിൽ പ്രസിദ്ധപ്പെ ടുത്തി. ദൈവത്തിന്റെ ഗുണങ്ങളെകുറിച്ചും ആത്മാവിന്റെയും പരമാണുക്കളുടേയും സൃഷ്ടിപ്പിനെകുറിച്ചും ദൈവത്തിന്റെ സിംഹാസനം, അർശ്, കുർസി തുടങ്ങിയ കാര്യങ്ങളെകുറിച്ചും ഈ ഗ്രന്ഥത്തിൽ ഇസ്ലാമിന്റെ ദാർശനീകപരിപ്രേക്ഷ്യത്തിൽ വിവരിച്ചുകാട്ടിയിരിക്കുന്നു.

'ചശ്മയെ മഅ്രിഫ'യിലെ പ്രതിപാദ്യങ്ങളുടെ ആഴങ്ങൾ അറിയാനുള്ള ഒരു വിനീതശ്രമമെന്നോണം അതിലെ ഏതാനും ചില ഭാഗങ്ങൾ ചുവടെ ഉദാഹരണാർത്ഥം ഉദ്ധരിച്ചുകൊള്ളട്ടെ:

ആത്മാവും പരമാണുക്കളും : പരമേശ്വരൻ ആത്മാവി ന്റെയും പരമാണുക്കളുടെയും ഉടമസ്ഥൻ ആണെന്ന് ആര്യപ ണ്ഡിതൻമാർ പറയുന്നു. പ്രപഞ്ചകർത്താവ് ജീവന്റെയും ജഡ ശരീരത്തിലെ സകല അണുക്കളുടെയും ഉടമസ്ഥൻ തന്നെയെന്ന് ഞങ്ങളും സമ്മതിക്കുന്നു. എന്നാൽ, ആര്യപണ്ഡിതൻമാർ ഉയർത്തിക്കാട്ടുന്ന തത്വങ്ങളുടെ അടിസ്ഥാനത്തിൽ പരമേശ്വരൻ ആത്മാക്കളുടേയും പരമാണുക്കളുടേയും ഉടമസ്ഥനാണെന്ന് തെളിയുകയില്ല. എന്തെന്നാൽ, ആത്മാവും പരമാണുക്കളും പര

മേശ്വരൻ സൃഷ്ടിച്ചവയല്ല. ആത്മാക്കളെയും പരമാണുക്കളെയും പരമേശ്വരൻ സൃഷ്ടിച്ചിട്ടില്ലെന്നും അവ പരമേശ്വരനെപ്പോലെ തന്നെ സ്വയംഭൂക്കളാണെന്നും വരുകിൽ പരമേശ്വരനെ ആത്മാവിന്റെയും പദാർത്ഥത്തിന്റെയും ഉടമസ്ഥനായി കരുതാൻ യാതൊരു ന്യായവും അവശേഷിക്കുന്നില്ല. അപ്പോൾ ദൈവത്തിന്ന് അവയുടെ ഉടമസ്ഥനായിരിക്കാൻ എന്താണ് അവകാശം? പരമേശ്വരൻ അവയുടെ സ്രഷ്ടാവല്ലാതിരിക്കുമ്പോൾ അവയുടെ ഉടമസ്ഥത അവകാശപ്പെടാൻ മറ്റെന്തെങ്കിലും കാരണം കണ്ടുപിടിക്കേണ്ടിവരും. അവ ദൈവത്തോടൊപ്പംതന്നെയുള്ളതാണെന്നും ദൈവം അല്ല അവയ്ക്ക് അസ്തിത്വം നൽകിയതെന്നും വരുമ്പോൾ അവയുടെമേൽ ദൈവത്തിന്ന് അധികാരം സിദ്ധിച്ചതെങ്ങിനെ? ദൈവം അവയെ വിലയ്ക്ക് എടുത്ത് തന്റെ വരുതിയിലാക്കിയതാണോ? ഒരു ഭരണാധികാരി മറ്റൊരുഭരണകൂടത്തെ പിടിച്ചെടുക്കുന്നത്പോലെ അവയെ പിടിച്ചെടുത്തതാണോ? ദീർഘകാലത്തെ കൈവശാവകാശത്തിലൂടെ ഉടമസ്ഥത നേടിയെടുത്തതാണോ? ദൈവത്തിന്റെ ഉടമസ്ഥത മനുഷ്യന്റെ ഉടമസ്ഥതപോലുള്ളതല്ല. മനുഷ്യൻ അപൂർണ്ണനായിരിക്കെ, ദൈവത്തിന്റെ ഉടമസ്ഥതയും അപൂർണ്ണവും വികലവുമാണെന്നും മനുഷ്യൻ ഉടമസ്ഥനായിരിക്കുന്നത്പോലെതന്നെയാണ് ഈശ്വരനും ഉടമസ്ഥനായിരിക്കുന്നതെന്നും പറയേണ്ടിവരുന്നതാണ്. ഇത് പരമേശ്വരനെ മനുഷ്യരിലേയ്ക്ക് തരംതാഴ്ത്തലാകും. എന്നാൽ, മനുഷ്യൻ ദൈവത്തോട് അവന്റെ ഒരു ഗുണത്തിലും സമാനനായിരിക്കാൻ സാധ്യമല്ല. ചുരുക്കത്തിൽ ആത്മാവും പദാർത്ഥവും ദൈവത്തിന്റെ സൃഷ്ടികളായിരിക്കാത്തിടത്തോളം അവ ദൈവത്തിന്റെ, പരമേശ്വരന്റെ ഉടമസ്തയിലാണെന്നാരോപിക്കുന്നത് അർത്ഥശൂന്യമാണ്. വേദങ്ങൾക്ക് അങ്ങിനെ അവകാശപ്പെടാൻ സാദ്ധ്യമല്ല.

എന്നാൽ, ദൈവം ആത്മാക്കളേയും പരമാണുക്കളുടേയും ഉടമസ്ഥനാണെന്ന് ഖുർആൻ പറയുമ്പോൾ അത് വേദങ്ങളെപോലെ യാതൊരു കാരണവും കാണിക്കാതെയല്ല അപ്രകാരം അവകാശപ്പെടുന്നത്. ദൈവം അതിന്നുള്ള കാരണം കാണിക്കുന്നു: ഖുർആൻ പറയുന്നു:

لَهُ مُلْكُ السَّمٰوٰتِ وَالْاَرْضِ (57:3) خَلَقَ كُلَّ شَيْءٍ فَقَدَّرَهٗ تَقْدِيْرًا (25:3)

"ദൈവം ആകാശഭൂമികളുടേയും സകലവസ്തുക്കളുടെയും ഉടമസ്ഥനാകുന്നു. എന്തെന്നാൽ, അവയെല്ലാം സൃഷ്ടിച്ചിരിക്കുന്നത് അവനത്രെ. അവയുടെ ശക്തികളിലും പ്രവർത്തനങ്ങളിലും അല്ലാഹു ചില പരിധികളും പരിസീമകളും നിശ്ചയിച്ചിരിക്കുന്നു. ആ പരിധികൾ പരിധി നിശ്ചയിച്ചവനിലേക്ക് വിരൽചൂണ്ടുന്നു. എല്ലാ ശരീരങ്ങളെയും ചില പരിധികൾക്കുള്ളിൽ ഒതുക്കിക്കൊണ്ട് ആ സീമകൾക്കപ്പുറം അവയ്ക്ക് കടക്കാനാവില്ലെന്ന് നിശ്ചയിച്ചത് അവനത്രെ. അത്പോലെ ആത്മാക്കൾക്കും അവൻ ചില പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. ഒരു ആത്മാവിന്നും ആ പരിസീമ മീറിക്കൊണ്ട് പുതുതായി ഒരു ശക്തിയും ആർജിക്കാൻ സാദ്ധ്യമല്ല. ഓരോ വസ്തുവിന്നും അതാതിന്റെ പിരിധി നിശ്ചയിച്ചതെങ്ങിനെയെന്ന് ചന്ദ്രനിലേക്കും ഭൂമിയിലേക്കും നോക്കിയാൽ മനസ്സിലാക്കാം. ചന്ദ്രൻ മാസത്തിലൊരിക്കൽ ഭൂമിയെ ചുറ്റിക്കറങ്ങുന്നു. ഭൂമി 365 ദിവസംകൊണ്ട് സൂര്യനെ ഭ്രമണം ചെയ്ത് പൂർത്തിയാക്കുന്നു. ചന്ദ്രന്നോ സൂര്യന്നോ ഈ ഭ്രമണസമയം സ്വന്തത്തിൽ കൂട്ടാനോ കുറക്കാനോ സാധ്യമല്ല. ലോകം മുഴുവനും ഒന്നുചേർന്നാലും ഈ രണ്ട് ഗോളങ്ങളുടേയും ഗതിക്രമങ്ങളിൽ ഒരു മാറ്റം വരുത്താനാവില്ല. ഈ ഗോളങ്ങളേയും മറ്റു ഖേചരങ്ങളെയും അതാതിന്റെ വരുതിയിൽ നിറുത്തിയ ആ സത്തയാണ് അവയ്ക്ക് പരിധിനിർണ്ണയിച്ച പരിധിനിർണായകൻ (മുഹദ്ദിദ്) ആയ ദൈവം.

"ഇപ്രകാരം തന്നെ ഒരു മനുഷ്യന്റെ ശരീരവും ആനയുടെ ശരീരവുംതമ്മിൽ വലിയ അന്തരമുണ്ട്. മനുഷ്യനെ അവന്റെ ശാരീരികമായ അളവിൽ ആനയെപ്പോലെ ആക്കിത്തീർക്കാൻ സകലഡോക്ടർമാരും ഒന്ന് ചേർന്ന് ശ്രമിച്ചാലും സാധ്യമല്ല. ആനയെ ഒരു മനുഷ്യന്റെ കഴുത്തോളമാക്കിച്ചുരുക്കണമെന്ന് വച്ചാലും അത് അസാദ്ധ്യമാണ്. ചുരുക്കത്തിൽ, ഇവിടെയും ഒരു പരിധിനിർണ്ണയം ഉണ്ടെന്ന് കാണാം. സൂര്യന്റെയും ചന്ദ്രന്റെയും കാര്യത്തിലെന്നപോലെ ഈ പരിധിനിർണ്ണയം പരിധിനിർണ്ണായകനെ ചൂണ്ടിക്കാണിക്കുന്നു. വിവിധങ്ങളായ വസ്തുക്കളിൽ

വിവിധ തരത്തിലുള്ള അതിരുകൾ നിർണ്ണയിച്ചവൻ ദൈവം തന്നെയാകുന്നു. സൂക്ഷ്മ നിരീക്ഷണത്തിൽ എല്ലാവസ്തുക്കളിലും ശ്രദ്ധേയമായ ഈ അതിർ നിർണ്ണയങ്ങൾ ഉണ്ടെന്ന് കണ്ടെത്താൻ കഴിയും. എല്ലാ ജീവികളിലും ഏറ്റവും വലിയ ജന്തുക്കൾ തൊട്ട് താഴോട്ട് നഗ്ന ദൃഷ്ടികൾക്ക് ഗോചരമല്ലാത്ത അതിസൂക്ഷ്മങ്ങളായ ജീവികൾക്കും അവയുടെ ശരീരത്തിൽ ചില പരിധികൾ അഥവാ അതിരുകൾ നിശ്ചയിച്ചിട്ടുണ്ടെന്നും അവ മറികടക്കാൻ സാദ്ധ്യമല്ലെന്നും നമുക്ക് അനുഭവമാണ്. ആകാശഗോളങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. പ്രപഞ്ചത്തിലാകേയും ദൃശ്യമായ ഈ പരിധികൾ അവയ്ക്ക് പിന്നിൽ ഈ പരിധികൾ നിർണ്ണയിച്ച ഒരു ശക്തിവിശേഷമുണ്ടെന്ന് തെളിയിച്ച്കാട്ടുന്നു. ഈ ശക്തിതന്നെയാണ് ദൈവം. മുകളിൽ ഉദ്ധരിച്ച ഖുർആൻ വചനത്തിന്റെ അർത്ഥം അതാണ്. അതായത്, സകല വസ്തുക്കളെയും സൃഷ്ടിക്കുകയും അവയ്ക്കെല്ലാം അതിരുകൾ നിശ്ചയിക്കുകയും ചെയ്തത് ദൈവമാകുന്നു.

"ഭൗതീകശരീരങ്ങളെ നിയന്ത്രിക്കുന്ന ഏതാദൃശമായ അതിരുകൾ ആത്മാക്കളുടെ കാര്യത്തിലും കാണാം. മനുഷ്യാത്മാവിന്ന് ഉയർന്നെത്താവുന്ന അധിത്യകകൾ ഒരു ആനയുടെ ആത്മാവിന്ന് ആന ഭൗതികമായ ശരീരഘടനയിൽ മനുഷ്യനെക്കാൾ എത്രയോ വലുതാണെന്നിരിക്കിലും അപ്രാപ്യമാണ്. ഒരു വർഗ്ഗത്തിൽപെട്ട ജന്തുക്കളിൽതന്നെ ഓരോ ജന്തുവിന്റെയും അതാത് ഗണത്തിൽപെട്ട ആത്മാക്കൾക്ക് നിർണ്ണയിക്കപ്പെട്ട ശക്തികളും കഴിവുകളും മാത്രമെ പ്രാപ്യമായിരിക്കുകയുള്ളൂ. ഇപ്രകാരം ഓരോ ശരീരഘടനയുടേയും അതിരുകൾ അത് നിർണ്ണയിച്ച പരിധിനിർണായകനും സൃഷ്ടികർത്താവും അതിനുണ്ടെന്ന് സൂചിപ്പിക്കുന്നു. അത്പോലെ ആത്മാക്കളുടെ പരിധികളും അവയുടെ പരിമിതശക്തികളും അവയ്ക്ക് ഒരു സൃഷ്ടികർത്താവും പരിധിനിർണായകനും ഉണ്ടെന്ന് വ്യക്തമാക്കിത്തരുന്നു. (പു. 16, 17).

ദൈവത്തിന്റെ സിഫത്തുകൾ– ദൈവീക ഗ്രന്ഥത്തിൽ പരമേശ്വരന്റെ ഉദാത്ത ഗുണങ്ങൾ വിവരിച്ചിരിക്കണമെന്ന് ആര്യ

പണ്ഡിതൻമാർ പറയുന്നു. എന്നാൽ, വേദങ്ങളിലെ പരമേശ്വരനിൽ ഈ ഗുണങ്ങൾ ഉണ്ടെന്ന് അംഗീകരിക്കാൻ സാധ്യമല്ല.

"ദൈവത്തിന്റെ ഗുണങ്ങൾ രണ്ട്തരമുണ്ട്. ഒന്ന് 'ദാത്തീ' (ذاتي) മറ്റേത് 'ഇസാഫീ' (اضافی) സത്താപരവും അനുബന്ധപരവും. സൃഷ്ടിയുടെ സാന്നിദ്ധ്യം ആവശ്യമില്ലാതെ നിലകൊള്ളുന്ന ഗുണങ്ങളാണ് സത്താപരം. ദൈവത്തിന്റെ ഏകത്വം (വഹ്ദാനിയത്ത്), അവന്റെ ജ്ഞാനം (ഇൽമ്); അവന്റെ പരിശുദ്ധി (തഖദ്ദുസ്), എന്നിവ ഇതിൽപെടുന്നു. സൃഷ്ടിയുടെ ഉൺമയും നിലനിൽപ്പും ബാഹ്യവർത്തിയായിട്ടുള്ളതും സൃഷ്ടിഉണ്മയോലുന്നതോടെ മാത്രം വെളിപ്പെടുന്നതുമായ ഗുണങ്ങളാണ് അനുബന്ധപരമായ ഗുണങ്ങൾ. ഉദാഹരണമായി സൃഷ്ടികർതൃത്വം, പരിപാലനം, കാരുണ്യം, പൊറുത്തുകൊടുക്കൽ തുടങ്ങിയ ഗുണങ്ങളും അവന്റെ ഭാഷണഗുണവും. വേദങ്ങൾ ഈ രണ്ട് തരത്തിലുള്ള ഗുണങ്ങളേയും നിഷേധിക്കുന്നു. ആര്യസമാജത്തിന്റെ സിദ്ധാന്തപ്രകാരം ദൈവം അനാദിയും അനന്തനുമായിരിക്കുന്നതിൽ ഏകനും കൂട്ടുകാരനുമില്ലാത്തവനുമാണെന്ന് പറഞ്ഞുകൂടെ. ഓരോ അണുവും ആദിയിലും അന്ത്യത്തിലും ദൈവത്തോട് തുല്യമായിരിക്കുന്നു. പരമേശ്വരനെപോലെ ആത്മാവിന്ന് മരണമില്ല. ആത്മാവ് എപ്പോഴും ഈ ലോകത്തേയ്ക്ക് തിരിച്ചുവരികയും പരലോകത്തേയ്ക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു. ആത്മാക്കൾ പരമേശ്വരനെപോലെ അനശ്വരങ്ങളാണെങ്കിൽ, എല്ലാ ഗുണങ്ങളിലും അവൻ ആദ്യന്തരഹിതനായിരിക്കുന്നത്പോലെ ആത്മാക്കളും ആദ്യന്തരഹിതങ്ങളാണെങ്കിൽ സ്വപ്നാവസ്ഥയിൽ എല്ലാം അടിമേൽ മറിഞ്ഞുപോവുകയും ജാഗ്രത്തിൽ വിചാരിക്കുകയോ ഊഹിക്കുകയോ ചെയ്യാത്ത നവനവങ്ങളായ ദൃശ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? അതുപോലെതന്നെ ആര്യാക്കളുടെ വിശ്വാസപ്രകാരം ആത്മാക്കൾ പുനർജന്മമെടുത്ത് തിരിച്ചുവരുമ്പോൾ സകല അറിവുകളും വിജ്ഞാനങ്ങളും വേദ പാഠങ്ങളും മറന്നുപോയ നിലയിൽ പുനർജനിക്കുകയാണ് ചെയ്യുന്നത്. പുനർജന്മം ഒരു സത്യമാണെങ്കിൽ ആത്മാക്കളുടെ ജീവിതം മിത്ഥ്യയാണെന്ന് സമ്മതിക്കേണ്ടിവരും. പരമേശ്വരനെപോലെ

ആത്മാക്കളും ശാശ്വതികങ്ങളാണെങ്കിൽ ഈ കുഴപ്പം സംഭവിക്കുന്നതെങ്ങിനെ? പരമേശ്വരന്നും ജ്ഞാനം മറന്നുപോകുന്നുണ്ടോ? ആത്മാക്കൾ ജീവിതകാലത്തുടനീളം നേടിയെടുത്ത സകലജ്ഞാനങ്ങളും വിസ്മൃതമാകുന്ന സംഭവമാണല്ലോ മരണം. മുഴുവൻ ജീവിതകാലത്തിന്റെയും നേട്ടങ്ങൾ ഒരൊറ്റ വീർപ്പിന്ന് നഷ്ടപ്പെടുന്ന തരത്തിൽ അവയിൽ അത്രയും വലിയ പരിവർത്തനം വരുന്നുവെങ്കിൽ പിന്നെയും മരണമെന്നപദം അതിന്ന് ചേരുകയില്ലെന്നാണോ? സൂര്യന് തുല്യം പ്രകാശിക്കുന്ന ഒരു സത്യമാണിതെങ്കിലും, ആത്മാക്കളെ പരമേശ്വരന് തുല്യമായികാണിക്കയാണ് വേദങ്ങൾ. പരമേശ്വരന്റെ ഉന്നത ഗുണങ്ങൾ മറ്റുള്ളവയ്ക്കും പങ്കുണ്ടെന്ന് വരുന്നത് പരമേശ്വരന്റെ ഔന്നത്യത്തിന് നിരക്കുന്നതല്ല.

വഹ്ദാനിയ്യത്ത്– സൃഷ്ടിയുടെ ആപേക്ഷികമായ അനാദിത്വത്തെ ഇസ്ലാമും അംഗീകരിക്കുന്നു. എങ്കിലും ഇസ്ലാമിക വിശ്വാസപ്രമാണം അനുസരിച്ച് എല്ലാവസ്തുക്കളും സൃഷ്ടങ്ങളാകുന്നു. സകലവസ്തുക്കളും ദൈവത്തിന്റെ ആശ്രയിത്വത്തിൽ നിലകൊള്ളുകയും ഉണ്മയോലുകയും ചെയ്യുന്നു. ഇതുകൂടാതെ ദൈവത്തോടൊപ്പം ഒന്നുമുണ്ടായിരുന്നിട്ടില്ലാത്ത ഒരു കാലവും ഉണ്ടായിരുന്നുവെന്ന് ഇസ്ലാം സിദ്ധാന്തിക്കുന്നു. അവന്റെ തനിമ(വഹ്ദത്ത്) മാത്രം സ്വയം വെളിപ്പെടുകയായിരുന്നു. ദൈവം ഒരു ഗുപ്തനിധികണക്കെയായിരുന്നു. തിരിച്ചറിയപ്പെടണമെന്ന് അവൻ ഇച്ഛിച്ചു. സ്വയം തിരിച്ചറിയപ്പെടുമാറാകുന്നതിന്ന് അവൻ മനുഷ്യനെ പടച്ചു. എന്നാൽ, ദൈവത്തിന്റെ ഈ ഏകമാത്രാവസ്ഥ തനിമ (വഹ്ദത്തെ ഇലാഹി)യുടെ കാലഘട്ടം എത്രവട്ടമുണ്ടായിട്ടുണ്ടെന്നത് അവന്ന് മാത്രമെ അറിയുകയുള്ളു. മറ്റുഗുണങ്ങൾ എന്നന്നേക്കുമായി അസാധു (മുഅത്തൽ) ആയിരിക്കാവതല്ല. അതുപോലെ ഏകലാഭാവവും എന്നന്നേക്കുമായി അസാധു ആയിരിക്കുന്നില്ല. ചിലപ്പോഴായി അതിന്റെ ആവർത്തനം ഉണ്ടാകുന്നു. ചിലപ്പോൾ ദൈവസത്ത പ്രപഞ്ചത്തെ പൂർണ്ണമായും നശിപ്പിക്കുന്നു. ചിലപ്പോൾ സൃഷ്ടിക്കാനും അവൻ ഇച്ഛിക്കുന്നു. എന്തെന്നാൽ ജീവിപ്പിക്കുകയും

മരിപ്പിക്കുകയും ചെയ്കയെന്ന രണ്ടുഗുണങ്ങളും അവന്നുള്ള താകുന്നു. ആകയാൽ, അവൻ സകല സൃഷ്ടിജാലങ്ങളേയും പൂർണ്ണമായും നശിപ്പിക്കുന്നു. അതായത്, ഒരു കടലാസ് അപ്പുറവും ഇപ്പുറവും മറിക്കുന്നത്പോലെ ആകാശഭൂമികളാകെയും അടിമേൽ മറിക്കുംവിധം നശിപ്പിച്ചുകളയുന്ന കാലവും വരുന്നതാണ്! ആ സ്ഥിതിയിൽ അവന്റെ ഗുണങ്ങൾ അസാധുവാകുന്ന നില ആവശ്യമായിത്തീരുന്നില്ല. എന്തുകൊണ്ടെന്നാൽ ചില സിഫത്തുകൾ പ്രകാശിതമാകുമ്പോൾ അതിന്നെതിരിലുള്ളതും ഒരുമിച്ചുവെളിപ്പെടാവതല്ലാത്തതുമായ മറ്റു ഗുണങ്ങൾ അഥവാ സിഫത്തുകൾ മറ്റൊരവസരത്തിൽ പ്രത്യക്ഷപ്പെടുമാറാകയും ആ അവസരംവരെ വെളിപ്പെടാതെ കാത്തുനിൽക്കുകയും ചെയ്യുന്നു. ഇത് യഥാർത്ഥത്തിൽ ശക്തിപ്രഭാവപരമ്പരയുടെ അത്ഭുത പ്രതിഭാസമാകുന്നു. അതുമുഖേന വിനാശത്തിന്ന് ശേഷം ജീവനം ആവശ്യമായിത്തീരുന്നു. ഇതേഅർത്ഥത്തിലാണ് ദൈവത്തിന്റെ ഒരു ഗുണവും അസാധുവാകുന്നില്ലെന്നും അവൻ അനാദിയിലെ ജീവിച്ചിരിക്കുന്നവനും നശിപ്പിക്കുന്നവനുമാകുന്നുവെന്നും പറയുന്നത്. പണ്ടുണ്ടായിരുന്നെങ്കിലും ഇപ്പോഴില്ലാത്തതും ഇപ്പോഴുണ്ടെങ്കിലും പണ്ടുണ്ടായിരുന്നിട്ടില്ലാത്തതും ആയ ഒരു ഗുണവും അവന്നില്ല. ചുരുക്കത്തിൽ, നമ്മുടെ വിശ്വാസപ്രമാണം ഇതാണ്: ഒരു വസ്തുവുംതന്നെ അല്ലാഹുവിന്റെ ഏകത്വത്തിന്ന് തടസ്സമായിരിക്കുന്നില്ല. അവന്റെ സത്തമാത്രമെ തനിമയാർന്നതും അനാദിയും അനന്തവുമായിട്ടുള്ളൂ. ബാക്കിയെല്ലാ വസ്തുവും നശ്വരവും (ഹാലിക്കത്തുസ്സാത്ത്) അയഥാർത്ഥവും (ബാത്തിലത്തുൽ ഹക്കീക്കത്ത്) ആകുന്നു. ഇതുതന്നെയാണ് സ്വച്ഛമായ തൗഹീദ്. ഇതിന്നെതിരായ വിശ്വാസം പുലർത്തുന്നത് പറ്റെ ശിർക്ക്, – ദൈവത്തിൽ പങ്ക്ചേർക്കൽ ആകുന്നു. (പു. 185-186)

അല്ലാഹു സർവ്വവ്യാപി– അല്ലാഹു സർവ്വവ്യാപി അല്ലെന്നും ഒരിടത്ത് ഉപവിഷ്ടനാണെന്നുമാണ് ഇസ്ലാമിലെ വിശ്വാസപ്രമാണം എന്ന ആക്ഷേപത്തിന്ന് മറുപടിയായി ഇപ്രകാരം പ്രസ്താവിച്ചു:

"അല്ലാഹു എല്ലായിടത്തും ഇല്ലെന്ന് ആര് പറയുന്നു? മറിച്ച്, അവൻ എല്ലായിടത്തും ഉള്ളവനാകുന്നു. അവൻ 'അർശ്' ഉടയവനും (ദുൽഅർശ്) തന്നെ. ഈ വിഷയത്തിന്റെ മർമ്മം അറിയാത്തവർക്ക് അത് ഗ്രഹിക്കാൻ ആവില്ല." (പു. 181)*

'ദൈവം മനുഷ്യനെപോലെ ആകാശത്തിലിരിക്കുകയാണെന്നതാണ് ഇസ്ലാമിലെ വിശ്വാസം എന്ന് പ്രബന്ധകർത്താവ് പറയുന്നു. എന്നാൽ, വിശുദ്ധഖുർആന്റെ പാഠം അനുസരിച്ച് ദൈവം ആകാശത്തിലെന്നപോലെ ഭൂമിയിലും ഉണ്ട്. അവൻ പറയുന്നു:

'ആകാശത്തിലും അവൻ തന്നെയാണ് ദൈവം. ഭൂമിയിലും അവനാണ് ദൈവം'. (43:84) വീണ്ടുംപറയുന്നു.

"കണ്ണുകൾക്ക് അവന്റെ അത്യന്തസീമയെ പ്രാപിക്കാനാവില്ല. എന്നാൽ, അവൻ കണ്ണുകളുടെ അത്യന്ത സീമകളിൽ എത്തുന്നു". (6:104) ഇപ്രകാരംതന്നെ ഖുർആൻ വീണ്ടുംപറയുന്നു.

"നാം മനുഷ്യന്റെ ജീവനാഡിയെക്കാൾ അടുത്തുള്ളവനാകുന്നു." (50:17)

പിന്നെ, 'ദൈവം എല്ലാവസ്തുക്കളെയും ചുറ്റിയിരിക്കുന്നവൻ 'മുഹീത്ത്' ആകുന്നു, എന്നും മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

"നിശ്ചയമായും അല്ലാഹു മനുഷ്യന്നും അവന്റെ ഹൃദയത്തിന്നുമിടയിൽ ഒരു മറ അഥവാ തടസ്സംആയിനിൽക്കുന്നു" (8:25).

പിന്നെയും പറയുന്നു: "ആകാശഭൂമികളിൽ ഏതൊരുവന്റെ മുഖത്തിന്റെ പ്രഭയാണോ ഉള്ളത് അവനത്രെ അല്ലാഹു. അവനെക്കൂടാതെയുള്ളതെല്ലാം അന്ധകാരമാകുന്നു" (24:36).

* അല്ലാഹു സർവ്വവ്യാപി അല്ലെന്നാണ് മുസ്ലിംകൾ വിശ്വസിക്കുന്നതെന്നും ആകാശത്തിലെ 'അർശി'ൽ സ്ഥിതിചെയ്യുന്ന 'കുർസി'യിൽ അഥവാ സിംഹാസനത്തിൽ അവൻ ഉപവിഷ്ടനായിരിക്കുന്നുവെന്നാണ് ഖുർആൻ പഠിപ്പിക്കുന്നതെന്നുമുള്ള പണ്ഡിറ്റ് ലേഖ്റാമിന്റെ ആക്ഷേപത്തിന് 'നസീഹദ്അ്വത്' എന്ന കൃതിയിൽ വാഗ്ദത്തമസീഹ് (അ) വിശദമായ മറുപടി നൽകിയിട്ടുണ്ട്–ഗ്ര.

വീണ്ടുംപറയുന്നു: "എല്ലാ ഓരോ വസ്തുവും നശിച്ചു പോകുന്നതും പരിവർത്തനവിധേയവുമാകുന്നു. എന്നാൽ, പ്രഭാവത്തിന്റെയും ആദരവിന്റെയും ഉടമസ്ഥനായ നിന്റെ നാഥന്റെ മുഖം മാത്രം അവശേഷിക്കും" (55:27–28).

"അതായത് സകലവസ്തുക്കളും നാശത്തെ പുണരുകയും പരിവർത്തനത്തെ ഉൾക്കൊള്ളുകയും ചെയ്യുന്നുവെങ്കിലും ആകാശഭൂമികളിലുള്ള സകലതും നശിക്കുകയും പരിവർത്തനമേൽക്കുകയും ചെയ്താലും നാശവും പരിവർത്തനവും സംഭവിക്കാതെ ബാക്കിയാകുന്ന ഒന്ന് ഉണ്ടായിരിക്കണമെന്ന് സമ്മതിക്കാൻ മനുഷ്യപ്രകൃതി നിർബന്ധിതമായിത്തീരുന്നു. അതത്രെ ദൈവം. എന്നാൽ, ഭൂമിയിൽ പാപവും കുറ്റകൃത്യങ്ങളും അശുദ്ധകർമ്മങ്ങളും വെളിപ്പെടുന്നു. ദൈവത്തെ ഭൂമിയിൽമാത്രം പരിമിതമാക്കുന്നവർ ഒടുവിൽ ഹിന്ദുക്കളെപോലെ വിഗ്രഹാരാധകരും സൃഷ്ടിപൂജകരുമായിത്തീരുന്നു. അതുകാരണം ഒരു ഭാഗത്ത് ദൈവം അവന്റെ സൃഷ്ടികളോട് ഗാഢമായ ബന്ധംപുലർത്തുന്നവനും എല്ലാ ജീവന്റെയും ജീവനായിരിക്കുന്നവനും എല്ലാ വസ്തുക്കളുടേയും ആശ്രയസ്ഥാനമായിരിക്കുന്നവനുമാകുന്നു. ദൈവവുമായി ബന്ധംപുലർത്തുന്നുവെന്നത്കൊണ്ട് ആരും ദൈവമായിത്തീരുന്നില്ല. വേദാന്തികളെപോലെ അപ്രകാരം കരുതാതിരിക്കുന്നതിന്വേണ്ടി എല്ലാറ്റിൽനിന്നും അതീതനായിരിക്കുന്നന്നവനും എല്ലാ സൃഷ്ടികളുടേയും അപ്പുറത്തിന്നപ്പുറമുള്ള സ്ഥാനത്ത് അതായത്, 'അർശ്' എന്ന് സാങ്കേതികമായിപ്പറയപ്പെടുന്ന സ്ഥാനത്ത് നിലകൊള്ളുന്നവനാണെന്ന് പറയപ്പെട്ടിരിക്കുന്നു. (അർശ് ഒരു സൃഷ്ടവസ്തുവല്ല. അപ്പുറത്തിനപ്പുറമുള്ള (വറാഉൽ വറാ) ഒരു പദവി 'മർത്തബ' യുടെ പേരാകുന്നു. അല്ലാഹു മനുഷ്യനെപോലെയിരിക്കുന്നതായി സങ്കൽപിക്കപ്പെടുന്ന ഒരു ഇരിപ്പിടമല്ല അത്. സൃഷ്ടികളിൽനിന്ന് വളരെ അകന്നിരിക്കുന്നതും ഉദാത്തവും പരിശുദ്ധവുമായ ഒരു സ്ഥാനത്തിന്നാണ്, അവസ്ഥയ്ക്കാണ് അർശ് എന്ന്പറയുന്നത്. ഖുർആനിൽ പറഞ്ഞത് പ്രകാരം ദൈവം എല്ലാവസ്തുക്കളോടും സൃഷ്ടികർത്തൃത്വത്തിന്റെയും സൃഷ്ടിഭാവങ്ങളുടേയും ബന്ധം ഉറപ്പിച്ചുകൊണ്ട് അർശ് നിലകൊണ്ടു. എന്നുവെച്ചാൽ, എല്ലാ ബന്ധ

ങ്ങൾക്കും ശേഷം അവയിൽനിന്നെല്ലാം അകലത്തിൽനിന്നും അക
ലത്തായി സൃഷ്ടികളിൽനിന്ന് അതീതനായി സൃഷ്ടികളോട് (മ
ഖ്ലൂഖിനോട്) ഉൾചേർന്നിരിക്കാതെ (മഖ്ലൂത്ത് ആകാതെ) നില
കൊള്ളുന്നു.

"ചുരുക്കത്തിൽ, ദൈവം മനുഷ്യനോടൊപ്പമായിരിക്കു
ന്നതും സകലവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നതും
ദൈവത്തിന്റെ സദൃശാത്മകഗുണം (തശ്ബീഹി സിഫത്ത്)ആണ്.
മനുഷ്യനുമായുള്ള അവന്റെ അടുപ്പം വ്യക്തമാക്കുന്നതിനായി
ട്ടാണ് അല്ലാഹു ഖുർആനിൽ ഈ സിഫത്തിനെകുറിച്ച് പറഞ്ഞി
ട്ടുള്ളത്. സകലസൃഷ്ടിവസ്തുക്കളിൽനിന്നും അപ്പുറത്തിനപ്പുറ
ത്തായിരിക്കുന്ന അവസ്ഥയും എല്ലാറ്റിലും ഉയർന്നിരിക്കുന്നവനും
അതീതനായിരിക്കുന്നവനും അകലത്തായിരിക്കുന്നവനും ആണെ
ന്നനിലയും സൃഷ്ടിഭാവങ്ങളിൽനിന്നെല്ലാം ദൂരപ്പെട്ടിരിക്കുന്ന പരി
ശുദ്ധതയുടേയും അതീതത്വത്തിന്റെയും സ്ഥാനമാണ് 'അർശ്'
എന്ന നാമത്തിൽ അറിയപ്പെടുന്നത്. ഈ ദൈവീക ഗുണത്തിന്റെ
പേർ അതീതഗുണങ്ങൾ (തനസ്സുഹി സിഫത്ത്)- Attribute of tran-
scendence എന്നാകുന്നു. ദൈവം ഖുർആനിൽ ഈ സിഫത്തിനെ
കുറിച്ച് പറഞ്ഞിട്ടുള്ളത് തന്റെ തൗഹീദും 'വഹ്ദഹു ലാ ശരീക്ക'
എന്ന കൂട്ടുകാരനില്ലാത്ത അവസ്ഥയും സൃഷ്ടികളുടെ ഗുണ
ങ്ങളിൽ നിന്ന് തന്റെ സത്ത അതീതമാണെന്ന് സ്ഥാപിക്കാൻ വേണ്ടി
യാകുന്നു. മറ്റുസമുദായങ്ങൾ ദൈവത്തിന്റെ ഗുണങ്ങളെ സംബ
ന്ധിച്ചിടത്തോളം അതീതമെന്ന് പറയുന്നു. അതായത് നിർഗുണ
നെന്ന് പറയുകയോ, ബഹുഗുണനെന്ന് പറഞ്ഞുകൊണ്ട്തന്നെ
അവൻ സൃഷ്ടിയെന്നോണം സദൃശ്യനായികരുതപ്പെടുകയോ
ആണ് ചെയ്യുന്നത്. അതോടൊപ്പം ഈ രണ്ട് സിഫത്തുകളേയും
സംയോജിപ്പിക്കാതിരിക്കയും ചെയ്യുന്നു. വിശുദ്ധഖുർആനിലാ
കട്ടെ അല്ലാഹു ഈ രണ്ട് സിഫത്തുകളുടേയും ദർപണത്തിൽ
തന്റെ മുഖം കാണിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് തന്നെ
യാണ് പരിപൂർണ്ണമായ തൗഹീദ്." (പു. 97-99)

അർശ്- "അർശിൽ ഉപവിഷ്ടനായി എന്ന വാചകത്തെ
കുറിച്ചാണ് മറ്റൊരു ആക്ഷേപം. 'ഇസ്തവ' എന്ന പദത്തോ

ടൊപ്പം علی എന്ന പ്രത്യയം വന്നാൽ അതിന്റെ അർത്ഥം ഒരു വസ്തു ഉചിതമായ അവസ്ഥയിൽ സ്ഥാനം പിടിക്കുക എന്നത്രെ..... അല്ലാഹുവിനെ പറ്റി ഇസ്തവാ എന്നപദം പ്രയോഗിച്ചപ്പോൾ അല്ലാഹുവിന്റെ അതീതത്വത്തിന്റെയും പരിശുദ്ധിയുടെയും യുക്താവസ്ഥയായ അപ്പുറത്തിനപ്പുറത്തായിരിക്കുന്ന സ്ഥാനത്ത് നിലകൊണ്ടു എന്ന് അർത്ഥമായി.

"ഉദാത്തവും പരമപരിശുദ്ധവുമായ സ്ഥാനം അല്ലാഹുവിനെ കൂടാത്തതെല്ലാം വിനാശമടയുന്നതിന് നിർബന്ധിക്കുന്നു. ചിലപ്പോൾ ദൈവം സ്രഷ്ടാവ്എന്ന നാമത്തിന്റെ നിർബന്ധത്താൽ സൃഷ്ടികളെ ഉണ്ടാക്കുകയും മറ്റ്ചിലപ്പോൾ തന്റെ പരിശുദ്ധിയുടേയും ഏകമാത്രാവസ്ഥയുടേയും നിർബന്ധത്താൽ അവയുടേയെല്ലാം ഉൺമയെ സംഹരിക്കുകയും ചയ്യുന്നു. ചുരുക്കത്തിൽ അർശിൽ സ്ഥാനം പിടിക്കുക എന്ന് പറഞ്ഞുകൊണ്ട് സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ അന്യോന്യം കൂടിച്ചേർന്നതായി കരുതാത്തവിധത്തിലുള്ള പരമപരിശുദ്ധിയുടെ സ്ഥാനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അങ്ങിനെവരുമ്പോൾ ദൈവം അർശിൽ അപ്പുറത്തിനപ്പുറത്തുള്ള (വറാഉൽ വറാ) ഒരു നിശ്ചിത സ്ഥാനത്ത് തളച്ചിടപ്പെട്ടനിലയിൽ സീമിതനാണെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്? അല്ലാഹു എല്ലായിടത്തും സന്നദ്ധനായിട്ടുള്ളവൻ حاضر وناظر ആണെന്ന് വിശുദ്ധഖുർആനിൽ പലയിടത്തും പറയപ്പെട്ടിട്ടുണ്ട്. അവൻ ആരാലും അതുല്യനായിരിക്കെതന്നെ ഏറ്റവും അന്ത്യനും, ഏറ്റവും പ്രത്യക്ഷനായിരിക്കെതന്നെ ഏറ്റവും പരോക്ഷനും ആകുന്നു..... ഇത്തരത്തിൽ അനേകം വേറെയും ആയത്തുകളിൽ അടിക്കടിയായി പറഞ്ഞിട്ടുണ്ട്, ദൈവം എല്ലായിടത്തും ഹാജരുള്ളവനും കാണുന്നവനുമാകുന്നുവെന്നും. എത്രത്തോളമെന്നാൽ, അവൻ ഓരോ ജീവന്റെയും ജീവനാണ്. ദൈവം 'മഖ്ലൂഖി'ൽ നിന്നും അഥവാ സൃഷ്ടിയിൽനിന്നും അകലത്തല്ല എന്നുമാത്രം പ്രസ്താവിച്ചുകൊണ്ട് അവൻ ദിവ്യജ്ഞാനത്തെ പറഞ്ഞവസാനിപ്പിച്ചുവെങ്കിൽ ഹിന്ദുക്കളിലെന്നപോലെ മുസ്ലിംകളിലും സൃഷ്ടിപൂജ ആരംഭിച്ചുതുടങ്ങുമായിരുന്നു. എന്തെന്നാൽ അങ്ങിനെവരുമ്പോൾ ദൈവവും സൃഷ്ടിയുംതമ്മിൽ

യാതൊരു വിവേചനവും വ്യത്യാസവുമില്ലാതെ പോകുന്നതാണ്" (പു. 119–120).

മറ്റൊരിടത്ത് പറയുന്നു. "'അർശ്' എന്നത് ഭൗതീകമായ ഒരു വസ്തുവല്ല. അപ്പുറത്തിനപ്പുറത്തായിരിക്കുന്ന ഒരു അവസ്ഥ (ഹാലത്ത്) ആകുന്നു. അത് അല്ലാഹുവിന്റെ ഒരു 'സിഫത്ത്' (ഗുണം) ആകുന്നു."

പിന്നെയും പറയുന്നു: "ഉദാത്തതയുടെയും (തനസ്സുഹ്) പരമപരിശുദ്ധിയുടേയും (തഖദ്ദുസ്) സ്ഥാനത്തിനുള്ള പേരാകുന്നു അർശ് എന്നത്. അത് അസൃഷ്ടം ആണെന്ന് പറയപ്പെട്ടിരിക്കുന്നത് അതുകൊണ്ടത്രെ. ഒരു ജഡവസ്തുവാണെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടികർതൃത്വത്തിൽനിന്നും പുറത്തായിരിക്കുന്നതെങ്ങനെ? അർശിനെപറ്റി വിവരിക്കപ്പെട്ടിരിക്കുന്നതെല്ലാം ആലങ്കാരികം മാത്രമാകുന്നു" (പു. 278).

കുർസി– ദൈവത്തിന്റെ സിംഹാസനത്തെപറ്റി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു.

وَسِعَ كُرْسِيُّهُ السَّمٰوٰتِ وَالْاَرْضَ وَلَا يَئُوْدُهٗ حِفْظُهُمَا ۚ وَهُوَ الْعَلِيُّ الْعَظِيْمُ

അതായത്, ദൈവത്തിന്റെ സിംഹാസനം ആകാശഭൂമികൾ മുഴുവൻ ഉൾപെട്ടുകിടക്കുന്നതാണ് എന്നും അവൻ അവയെയെല്ലാം ഉയർത്തിപ്പിടിച്ചിരിക്കുന്നുവെന്നും അതുയർത്തിപ്പിടിച്ചതുകൊണ്ട് അവൻ തളരുന്നില്ലെന്നും അത് അത്യധികമായ ഉയരത്തിലാണെന്നും അതിന്റെ കേന്ദ്രവസ്തുതയിലോളം യാതൊരുബുദ്ധിയ്ക്കും കടന്നെത്താനാവില്ലെന്നും അത് വളരെയധികം വലുതാണെന്നും അതിന്റെ മഹത്വത്തിന്റെമുമ്പിൽ സകലവസ്തുക്കളും നിസ്സാരമാണെന്നും അർത്ഥമാകുന്നു. ഇതാണ് സിംഹാസനത്തെകുറിച്ചുള്ള വിവരണം. ഇത് ഒരു അലങ്കാരവചനം മാത്രമാണ്. ആകാശഭൂമികൾ സർവ്വവും ദൈവത്തിന്റെ പ്രഭാവത്തിന്നധീനമാണെന്നും അതിൽനിന്നെല്ലാം അകന്നനിലയിൽ അത്യന്തദവിഷ്ടമാണ് അവന്റെ സ്ഥാനമെന്നും അവന്റെ ഔന്നത്യം കരകാണാത്തതാണെന്നും ആണ് അതുമുഖേന സൂചിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്" (പു. 110 അടിക്കുറിപ്പ്).

പുനർജന്മം– വൈദീകതത്ത്വങ്ങൾ ഹിന്ദുക്കളെ അനന്ത വിഷമങ്ങളിൽ അകപ്പെടുത്തിയിരിക്കുകയാണ്. വേദതത്ത്വപ്രകാരം ദൈവത്തിന് പുതുതായി ആത്മാക്കളെ സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. അപ്പോലെതന്നെ പരമാണുക്കളെയും സൃഷ്ടിക്കാനാവില്ല. അപ്പോൾ നിലവിലുള്ള പരിമിതമായ ആത്മാക്കൾ മുഴുവനും പരലോകത്തെയ്ക്ക് പ്രയാണം ചെയ്തുകഴിഞ്ഞാൽ (മുക്തി പ്രാപിച്ചുകഴിഞ്ഞാൽ) പ്രപഞ്ചത്തിന്റെ പ്രവർത്തനം തുടർന്നുപോകുന്നതെങ്ങിനെയെന്ന ചോദ്യം അനിവാര്യമായും ഉയർന്നുവരും. അതുകൊണ്ട്, ആത്മാക്കൾ മുഴുവനും പരലോകത്തേയ്ക്ക് ശീഘ്രം പ്രയാണം ചെയ്യാതിരിക്കുന്നതിന് വേണ്ടി ആത്മാവിന്മുമ്പിൽ തടവുകൾ സൃഷ്ടിച്ചുവെക്കുന്നു. ആത്മാവ് എല്ലാ പാപങ്ങളിൽനിന്നും വിശുദ്ധീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ അതിനെ പരലോകത്ത് പ്രവേശിപ്പിക്കാൻ ദൈവത്തിന്ന് സാധിക്കാതെവരും അതുകൊണ്ട് ആത്മാവ് ശരീരത്തെ ഉപേക്ഷിക്കുന്ന സമയത്ത് അത് പരിപൂർണ്ണമായും ശുദ്ധിതേടിയിട്ടില്ലെന്ന് കണ്ടാൽ പരലോകത്ത് പ്രവേശിപ്പിക്കാതെ അതിനെ മറ്റൊരു ശരീരം സ്വീകരിക്കുന്നതിന്ന് ഈ ലോകത്തേയ്ക്ക്തന്നെ തിരിച്ചയക്കുന്നു. ആത്മാവ് ഒരു പുരുഷന്റെയോ ഒരു ആനയുടേയോ ഇഴജീവിയുടേയോ അത് മുൻജന്മത്തിൽ ചെയ്ത കർമ്മങ്ങൾ അനുസരിച്ച് രൂപം ധരിക്കുന്നതിന്ന് ഈ ലോകത്തേയ്ക്ക് തിരിച്ചുവരുന്നു. കടലിലെ മത്സ്യങ്ങളായാലും ഇഴയുന്ന ജീവികളായാലും അന്തരീക്ഷത്തിൽ വിഹരിക്കുന്ന പറവകളായാലും അവയെല്ലാം ഹിന്ദുക്കളുടെ ദൃഷ്ടിയിൽ രൂപാന്തരം പ്രാപിച്ച മനുഷ്യാത്മാക്കൾ തന്നെയാകുന്നു. മനുഷ്യന്റെ ആത്മാവ് അതിനുള്ളിൽ അകപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ, കടലിലാകട്ടെ കരയിലാകട്ടെ ആകാശത്തിലാകട്ടെ മനുഷ്യന്റെ ആത്മാവ് അടക്കം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു ജീവിരൂപവും ഇല്ല. ആത്മാവ് എല്ലാപാപങ്ങളിൽനിന്നും പൂർണ്ണമായും ശുദ്ധീകരിക്കപ്പെടുന്നത്വരെ ഈ പ്രക്രിയ ആവർത്തിക്കപ്പെടുന്നതും അതിനുശേഷം പരലോകത്തേക്കുള്ള പ്രവേശനത്തെ തടയുന്ന തടസ്സങ്ങൾ പൂർണ്ണമായു നീക്കപ്പെടുന്നതോടെമാത്രം ആത്മാവ് മുക്തിനേടുകയും മോക്ഷം പ്രാപിക്കുകയും ചെയ്യുന്നു. അപ്പോൾ അത് ആനന്ദം നേടുന്നു. എന്നാൽ, ഈ മുക്തിയും ശാശ്വതമല്ല.

ആത്മാവിനെ സ്വർഗ്ഗത്തിൽ കാലാകാലം നിൽക്കാൻ അനുവദിക്കുന്നപക്ഷം ഈ ആത്മാക്കൾ മുക്തിശാലയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നതും അതെത്ര മന്ദഗതിയിലായാലും, ഭൂമിയിലെ ആത്മാക്കളെ മുക്തിശാലയിലേയ്ക്ക് അയച്ചുകൊണ്ടിരിക്കുന്ന പ്രക്രിയ. ഏതെങ്കിലും ഒരു നാളിൽ നിലച്ചുപോവുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, പുതുതായി ആത്മാക്കൾ സൃഷ്ടിക്കപ്പെടുന്നില്ല. ആത്മാക്കൾ പരിമിതങ്ങളാകയാൽ അവ തീർന്നുപോവുന്നതും അത് ലോകാവസാനമായിരിക്കുന്നതുമാകുന്നു. അതിനാൽ ആത്മാക്കൾ മുക്തി പ്രാപിച്ചുകഴിഞ്ഞാലും അവിടെനിന്ന് പുറത്താക്കപ്പെടുന്നതും മറ്റൊരു ജന്മാന്തരപ്രക്രിയക്ക് വിധേയമാക്കപ്പെടുന്നതുമാകുന്നു. അത് ദൈവത്തിന്ന് പുതിയ ആത്മാക്കളെ സൃഷ്ടിക്കാനുള്ള കഴിവില്ലാത്തത് കൊണ്ടാകുന്നു. ഈ സംവിധാനത്തിലൂടെയാണ് വൈദീകമതപ്രകാരം പ്രപഞ്ചം നിയന്ത്രിക്കപ്പെടുന്നത്. ഇതാണ് ഹിന്ദുക്കളുടെ പുനർജന്മസിദ്ധാന്തം. ഈ രണ്ട് വൈദീകസിദ്ധാന്തങ്ങളിൽ അതായത്, ആത്മാക്കളും പരമാണുക്കളും ദൈവത്തോടൊപ്പമുള്ളതാകയാൽ അവയെ സൃഷ്ടിക്കാൻ സാദ്ധ്യമല്ലെന്ന സിദ്ധാന്തത്തിലും, പുനർജന്മസിദ്ധാന്തത്തിലുമാണ് ഹിന്ദുമതത്തിലെ മുഴുവൻ സംവിധാനവും കെട്ടിപ്പെടുക്കപ്പെട്ടത്. ഈ രണ്ട് വേദസിദ്ധാന്തങ്ങളും ദൈവത്തിന്റെ എല്ലാ മഹനീയഗുണങ്ങളും നഷ്ടപ്പെടുത്തിക്കളയുന്നതും ദൈവത്തെ നിസ്സഹായനും ക്രൂരനും പൊറുത്തുകൊടുക്കാത്തവനും ഈ നിസ്സഹായാവസ്ഥയെ മൂടിവെക്കാനുള്ള തന്ത്രങ്ങൾ മെനയുന്നവനുമായി അവതരിപ്പിക്കുന്നു."

അതീതജ്ഞാനം – "എല്ലാ ദൈവികപ്രവർത്തനങ്ങളും ഗ്രഹിച്ചറിയുക മനുഷ്യന്റെ കഴിവിൽപെട്ടതല്ല. അത് മനുഷ്യന്റെ യുക്തിക്കും ബുദ്ധിയ്ക്കും ചിന്താശക്തിക്കും അതീതമായിട്ടുള്ളതാണ്. കാര്യകാരണവ്യവസ്ഥയെപറ്റി ഏതാണ്ടൊക്കെ താൻ ഗ്രഹിച്ചറിഞ്ഞിട്ടുണ്ടെന്നോണം തന്റെ അറിവിൽ ഒരാൾ അഹങ്കരിച്ചുകൂടാത്തതാകുന്നു. സമുദ്രത്തിലെ ഒരു തുള്ളിയുടെ പത്തില്ലക്ഷത്തിലൊരംശംപോലും ഇല്ലാത്തവിധം ആയാളുടെ ആ അറിവ് പരിമിതമാണ്. ദൈവം അപരിമേയനായിരിക്കയാൽ അവന്റെ പ്രവർത്തനവും അപരിമേയമാണെന്നതാണ് സത്യം. ദൈവ

ത്തിന്റെ ഓരോ പ്രവൃത്തിയുടേയും യാഥാർത്ഥ്യത്തിലേയ്ക്ക് എത്തിച്ചേരുക എന്നത് മനുഷ്യശക്തിയ്ക്ക് അപ്പുറവും അതീതവുമായിട്ടുള്ളതാകുന്നു. ദൈവത്തിന്റെ ശാശ്വതീക ഗുണങ്ങൾ ഒരിക്കലും ഉപയോഗശൂന്യമായിട്ടില്ലെന്നു നമുക്ക് ഉറപ്പിക്കാമെന്നതിനാൽ ദൈവത്തിന്റെ സൃഷ്ടികളിൽ ചില കൂട്ടങ്ങൾ എന്നും നിലവിലിരിക്കുന്നു. എന്നാൽ, വ്യക്തിഗതമായി അവയ്ക്കാ ദൈവുമായി സഹവർത്തിത്വം ഇല്ല. ദൈവത്തിന്റെ സൃഷ്ടികർതൃത്വം പോലെതന്നെ സംഹാരഗുണവും എല്ലാകാലത്തും പ്രവർത്തനക്ഷമമാകുന്നു. അത് ഒരിക്കലും ഉപയോഗശൂന്യമായിട്ടില്ല. ആകാശഭൂമികളിലെ വസ്തുക്കളുടെ സൃഷ്ടിപ്പിനെ തങ്ങളുടെ ഭൗതിക നിയമങ്ങളുടെ വരുതിയിൽ ഒതുക്കാനും എല്ലാ സൃഷ്ടിപ്പിന്റെയും മൂലം സ്ഥാപിക്കാനും ഭൗതീകതത്വചിന്തകൻമാർ എല്ലാ ശ്രമങ്ങളും നടത്തുകയുണ്ടായെങ്കിലും അവർ പറ്റെ പരാജയപ്പെടുകയാണുണ്ടായത്. തങ്ങളുടെ ഭൗതീക ഗവേഷണങ്ങളുടെ ഫലമായി അവർ നേടിയെടുത്തതെന്തോ അത് തികച്ചും അപൂർണ്ണവും വികലവുമാണ്. അതുകൊണ്ട്തന്നെ അവർക്ക് സിദ്ധാന്തങ്ങളിൽ ഒട്ടിനിൽക്കാനാവാതെ അത് നിരന്തരം മാറ്റിക്കൊണ്ടിരിക്കേണ്ടിവരുന്നു. അവരുടെ ഗവേഷണങ്ങൾ പൂർണ്ണമായും തങ്ങളുടേതായ യുക്തിയുടേയും ഊഹങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രം ഉള്ളതാകയാലും ദൈവീക സാഹായ്യം അവർക്കില്ലാത്തതിനാലും തങ്ങളുടെ അന്ധകാരത്തിൽനിന്ന് പുറത്ത് കടക്കാൻ അവർക്കാവുന്നില്ല. മനുഷ്യന്റെ ശക്തിക്കും യുക്തിക്കും ഊഹങ്ങൾക്കും അപ്പുറത്തുള്ളതും അതീതമായിരിക്കുന്നതുമായ എണ്ണമറ്റ ദൈവീകപ്രവൃത്തികളുണ്ടെന്ന് ഒരാൾ മനസ്സിലാക്കാത്തിടത്തോളം അവന്ന് ദൈവത്തെ യഥാർത്ഥത്തിൽ തിരിച്ചറിയാൻ കഴിയുകയില്ല. ഈ അവബോധം ഉണ്ടാകുന്നത് വരെ ഒരാൾ ദൈവനിഷേധിയോ ദൈവത്തിൽ വിശ്വാസമില്ലാത്ത ആളോ ആയിരിക്കും. അഥവാ, ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽതന്നെ അവൻ ചിന്തിച്ചുണ്ടാക്കിയ ദൈവമായിരിക്കും. സ്വന്തം ഉൺമയേയും മനുഷ്യന്ന് ഗ്രഹിച്ചറിയാൻ കഴിയാത്ത എണ്ണമറ്റ ശക്തികളുടെയും അവന്റെ അത്ഭുത രഹസ്യങ്ങളെയും വെളിപ്പെടുത്തുന്ന ആ ദൈവമല്ല. ദൈവത്തിന്റെ ശക്തികൾ അത്ഭു

താവഹമാണെന്നും ആഴത്തിന്റെ ആഴത്തിലുള്ളതും അപ്പുറത്തിനുമപ്പുറമുള്ളതും അവധാരണത്തിന്ന് അതീതവുമായിരിക്കുമാറ് അത്ഭുതകരമാണെന്നുമുള്ള അറിവ് ദൈവം എനിയ്ക്ക് നൽകിയിരിക്കുന്നതിനാൽ, തത്വജ്ഞൻമാരെ ഞാനെപ്പോഴും അവിശ്വാസികളും ഗുപ്തനാസ്തികരുമായിട്ടാണ് കരുതിപോന്നിട്ടുള്ളത് അത്തരം അത്ഭുതാവഹമായ ദിവ്യശക്തികൾ അനുഭവിച്ചറിഞ്ഞവനത്രെ ഞാൻ. ഞാൻ അത് വ്യക്തിപരമായി നിരീക്ഷിച്ചറിഞ്ഞിട്ടുമുണ്ട്. ഇല്ലായ്മയിൽനിന്ന് ഒന്ന് ഉണ്ടായിവരുന്നത്പോലെ മാത്രമെ നമുക്ക് അതിനെ വിവരിച്ചുകാട്ടാനാവുകയുള്ളു. ഈ ദൈവീക ദൃഷ്ടാന്തങ്ങളുടെ ചില ഉദാഹരണങ്ങൾ ഞാൻ മറ്റു ചില സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഈ ദൈവീകശക്തിപ്രകടനങ്ങളെ കണ്ടറിഞ്ഞിട്ടില്ലാത്തവർ മറ്റൊന്നും കണ്ടിട്ടില്ലെന്നു പറയണം. നമ്മുടെ ബുദ്ധിയ്ക്കും ഊഹങ്ങൾക്കും ഉള്ളിൽ പരിമിതമായിരിക്കുന്നതും അപ്പുറത്ത് ഒന്നുമില്ലാത്തതുമായ ശക്തിയോടുകൂടിയ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. ആരുടെ ശക്തികൾ അവന്റെ ഉൺമയെ പോലെതന്നെ അപരിമിതവും അനന്തവിപുലവുമായിരിക്കുന്നുവോ ആ ദൈവത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്." (പു. 268–269)

89 – മഹാവിയോഗം

ലാഹൗറിലെ സൽക്കാര സമ്മേളനത്തിൽ പ്രമാണികളേയും പ്രമുഖൻമാരെയും ക്ഷണിച്ചുവരുത്തി പ്രസംഗിച്ചുകഴിഞ്ഞപ്പോൾ പരിമിതമായ ഇത്തരമൊരു സമ്മേളനത്തിന്ന് പകരം വിപുലമായ ഒരു പൊതുസമ്മേളനംതന്നെ വിളിച്ചുകൂട്ടുന്നത് നന്നായിരിക്കുമെന്ന അഭിപ്രായമുയർന്നു. ഹിന്ദുമുസ്ലിം സംഘർഷങ്ങൾക്കിടയാക്കുന്ന പരസ്പര വൈരവും ശത്രുതയും വളർന്നുവരുന്നതിൽ ഉൽക്കണ്ഠാകുലനായ വാഗ്ദത്ത മസീഹ് (അ) ഇരു സമുദായങ്ങളെയും ഇണക്കിച്ചേർക്കുന്നതിന്ന് രണ്ട് സമുദായങ്ങളുടേയും നേതാക്കൻമാരെ വിളിച്ച് സംസാരിക്കാൻ ആഗ്രഹിച്ചു. ഈ അടിസ്ഥാനത്തിൽതന്നെ വിപുലമായ ഒരു മൈത്രി സമ്മേളനം ലാഹൗറിൽ സംഘടിപ്പിക്കാനും അതിൽ തന്റെ ഒരു ഉപന്യാസം അവതരിപ്പിക്കാനും ഹസ്രത്ത് അഹ്മദ് (അ) തീർച്ചപ്പെടുത്തി. അതിന്നായി പല ഹിന്ദുമുസ്ലിം നേതാക്കളുമായും

സമ്പർക്കം പുലർത്തുകയും സംഭാഷണം നടത്തുകയുമുണ്ടായി. മൈത്രിസമ്മേളനം വിളിച്ചുകൂട്ടുന്നതിനോട് നേതാക്കളെല്ലാം അനുകൂലിച്ചു. ഇത് സംബന്ധിച്ച വിപുലമായ ഒരു വിജ്ഞാപനം അഹ്മദികളും അനഹ്മദികളുമായ പ്രമുഖ വ്യക്തികളുടെ പേരിൽ തയ്യാറാക്കി. ബാരിസ്റ്റർ മിയാൻ മുഹമ്മദ് ശഫീഅ് സാഹിബ് ബാരിസ്റ്റർ മിയാൻ ഫസൽ ഹുസൈൻ സാഹിബ് എന്നിവരുടെ പേരുകൾ അതിൽ ഉൾപെട്ടിരുന്നു. ലാഹൗറിലും പഞ്ചാബിന്റെ വിവിധഭാഗങ്ങളിലും ഇതുസംബന്ധിച്ച അറിയിപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായി. 1908 ജൂൺ 21-ന് ഞായറാഴ്ച ലാഹൗർ യൂനിവേഴ്സിറ്റി ഹാളിൽവെച്ച് സമ്മേളനം നടത്തുന്നതാണെന്നായിരുന്നു വിജ്ഞാപനം. അതനുസരിച്ച് 'പൈഗാമെ സുൽഹ്' അഥവാ സമാധാനസന്ദേശം എന്നപേരിൽ ഉപന്യാസം തയ്യാറാക്കുവാൻ വാഗ്ദത്ത മസീഹ് ആരംഭിക്കുകയും ചെയ്തു. ഉപന്യാസം തയ്യാറാക്കികൊണ്ടിരിക്കെ മെയ് 20-ന് ഒരു വെളിപാടുണ്ടായി.

الرحيل ثم الرحيل والموت قريب

'പ്രയാണം പിന്നെയും പ്രയാണം, മരണം സമീപസ്ഥമാണ്' ബദർ, (ജി. 7, പു. 22)

മെയ് 25-ന് ഉപന്യാസം ഏതാണ്ട് പൂർത്തിയാക്കി കാതിബിനെ അഥവാ അച്ചെഴുത്ത്കാരനെ ഏൽപിച്ചു. തയാറാക്കിയ നോട്ടുകളിൽ എഴുതാനുള്ള വിഷയങ്ങൾ ബാക്കിയായിരിക്കെ അത്രയും കൊണ്ട് അവസാനിപ്പിക്കുകയാണുണ്ടായത്. അതിനുശേഷം അസർ നമസ്കാരം കഴിഞ്ഞ് ഹുസൂർ പത്നിസമേതം കാറ്റുകൊള്ളാനായി പുറത്തേക്കുപോയി. ഉഷ്ണകാലമായിരുന്നു. താൻ ഒരുമണിക്കൂർനേരം അത്രയും ദൂരംവരെ യാത്രചെയ്യുമെന്നും അതിനുള്ള ഏർപ്പാട് ചെയ്യണമെന്നും അവിടുന്ന് തന്റെ ശിഷ്യനായ ഭായി അബ്ദുർറഹിമാൻ സാഹിബ് ഖാദിയാനിയോട് നിർദ്ദേശിച്ചു. പറയത്തക്ക അസുഖമൊന്നും ഉണ്ടായിരുന്നില്ലെങ്കിലും തുടർച്ചയായ ജോലികൾ കാരണം ക്ഷീണം മുഖത്ത് പ്രകടമായിരുന്നു. എങ്കിലും ദീപനേന്ദ്രിയത്തിന് അല്പം അസുഖമുണ്ടായിരുന്നു. ആരോ ക്ഷീണാവസ്തയെകുറിച്ച്

ഉണർത്തിയപ്പോൾ, "അതെ, എന്റെ അവസ്ഥ ഒരു കൊച്ചുകുഞ്ഞിന്റെ മാതാവിനെപോലെയാണ്. സ്വയം നിയന്ത്രിക്കാനാവാത്ത നിലയിൽ കുട്ടിയേയും ഉപേക്ഷിച്ച്പിരിയുന്ന ഒരുമാതാവിനെപോലെ!"..... തന്റെ അന്ത്യയാത്രയിലേയ്ക്ക് വിരൽചൂണ്ടുന്നതായിരുന്നു ഈ വാക്കുകളെങ്കിലും ചരമം അത്യാസന്നമാണെന്ന് ആരും കരുതിയില്ല. മഗ്രിബ് നമസ്കാരത്തോടടുത്ത് ഹുസൂർ യാത്ര കഴിഞ്ഞ് തിരിച്ചെത്തി മഗ്രിബ് നമസ്കാരം അനുഷ്ഠിച്ച ശേഷം വിശ്രമിക്കാൻ കിടന്നു. അല്പം ഒന്ന് ഉറങ്ങിഉണർന്നപ്പോൾ ക്ഷീണം അധികരിച്ചിരുന്നു. സാധാരണപോലെ തലകറക്കവും അസുഖങ്ങളുമുണ്ടായി. ഉടനെ ഡോ. സയ്യിദ് ഹുസൈൻസാഹിബിന്റെയടുക്കൽ ആളെ പറഞ്ഞയച്ചു. അദ്ദേഹം കൊടുത്തയച്ച മരുന്ന് പെട്ടെന്ന് ഫലംചെയ്തില്ല. രാത്രി ഒരുമണിക്ക് വിസർജിക്കാൻ എഴുന്നേറ്റു അതുകഴിഞ്ഞു തിരിച്ചുവന്നപ്പോൾ കഠിനമായ ക്ഷീണവും തലകറക്കുവും അനുഭവപ്പെട്ടു. ഉമ്മുൽമുഅ്മിനീനെ വിളിച്ചുണർത്തി അവർ അടുത്തിരുന്ന് കൈകാലുകൾ തിരുമ്മികൊണ്ടിരുന്നു. മൂത്തമകൻ മിർസാ മഹ്മൂദ് അഹ്മദിനെ വിളിച്ചുണർത്താൻ പറഞ്ഞു. ഇതിനിടയിൽ ഒരിക്കൽകൂടി വയറ്റ്പോക്കുണ്ടായി അതോടെ ആകപ്പാടെ തളർന്ന് കുഴഞ്ഞുപോയി. താങ്ങിപ്പിടിച്ച് കട്ടിലിൽ കിടത്തി. അല്ലാഹുവേ, "ഞാൻ എന്താണീക്കാണുന്നത്" എന്നിങ്ങനെ ഹസ്രത്ത് ഉമ്മുൽ മുഅ്മിനീൻ പരിഭ്രാന്തയായി പറഞ്ഞുതുടങ്ങി: "ഞാൻ ഇതുവരെ പറഞ്ഞുവന്നിട്ടുള്ളത് തന്നെയാണിത്" എന്നിങ്ങനെ ഹസ്രത്ത് സാഹിബ്തന്നെ സാന്ത്വനപ്പെടുത്തി. ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻസാഹിബിനെ വിളിച്ചുവരുത്തി. ഹക്കീം നൂറുദ്ദീൻ സാഹിബ് സമീപത്ത് തന്നെയുണ്ടായിരുന്നു. ഇരുവരും ചേർന്ന് നിർദ്ദേശിച്ച മരുന്ന് വലിയ ഫലം ചെയ്തില്ല. ഉറങ്ങിയാൽ ക്ഷീണംമാറുമെന്ന് കരുതി അതിന്നുള്ള മരുന്നാണ് അവർ കൊടുത്തത്. മരുന്ന് കൊടുത്തശേഷം അല്പം ആശ്വാസത്തോടെ എല്ലാവരും തങ്ങളുടെ താമസസ്ഥലങ്ങളിലേയ്ക്ക് തിരിച്ചു. പാതിരാക്ക് 2 മണിക്കും 3 മണിക്കുമിടയിൽ പിന്നെയും വയറ്റ്പോക്കുണ്ടായി. അതോടെ നാഡിമിടിപ്പ് അൽപനേരം നിന്നുപോയി. ഹക്കീം നൂറുദ്ദീൻ സാഹിബ്, ഡോ. മുഹമ്മദ് ഹുസൈൻ



അവസാന നാളുകളിൽ കാറ്റുകൊള്ളാൻ പോകുന്നതിന് ഉപയോഗിച്ച നവാബ് മുഹമ്മദലി ഖാന്റെ കുതിരവണ്ടി



ലാഹൗറിൽ ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ ഷാ സാഹിബിന്റെ ബംഗ്ലാവ്
വാഗ്ദത്ത മസീഹ് ഇവിടെ വെച്ചു മരിച്ചു

സാഹിബ്, ഡോ. യാക്കൂബ് ബേഗ് സാഹിബ് ഹസ്രത്ത് നാസർ നവാബ് സാഹിബ്, ഖാജാകമാലുദ്ദീൻ സാഹിബ്, തുടങ്ങിയപ്രമുഖരെല്ലാം വിവരമറിഞ്ഞ് ഒരുമിച്ച്കൂടി. ലാഹൗർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൽ ഡോ. സതർലണ്ടിനെ വിളിച്ചുവരുത്തി. പരിശോധനകൾ നടത്തിച്ചു. എന്നാൽ അദ്ദേഹത്തിന്നും ഒന്നും ചെയ്യാനായില്ല. പുലർച്ചെ അഞ്ചുമണിക്ക് നവാബ് മുഹമ്മദലി ഖാൻ സാഹിബ് വന്നെത്തി അദ്ദേഹം സലാം ചൊല്ലിയപ്പോൾ മടക്കി.

അവസാനസമയത്ത് ആ തിരുവദനത്തിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന ഒരേ ഒരു ശബ്ദം 'അല്ലാഹ്! അയേ മേരെ പ്യാരേ അല്ലാഹ്!" എന്നത് മാത്രമായിരുന്നു.

സുബഹ് നമസ്കാരത്തിന്റെ സമയമായിരുന്നു. വളരെ നേർത്ത സ്വരത്തിൽ അവിടുന്ന് ചോദിച്ചു: 'നമസ്കാര സമയം ആയോ?' അതേ എന്ന് ഒരു ഖാദിം അറിയിച്ചു. രണ്ടുകൈകളും ഇരുപാർശ്വങ്ങളിലുമായി കിടക്കയിലടിച്ച് 'തയമ്മും' ചെയ്തുകൊണ്ട് കിടന്ന നിലയിൽതന്നെ നമസ്കാരത്തിന് കൈകെട്ടി. എന്നാൽ മോഹാലസ്യം ഉണ്ടായി. അല്പം ബോധം വന്നപ്പോൾ വീണ്ടും ചോദിച്ചു, "നമസ്കാരസമയം ആയോ?" സമയം ആയെന്ന് അറിയിച്ചപ്പോൾ വീണ്ടും നീയ്യത്ത് ചെയ്ത് കൈകെട്ടി നമസ്കാരം തുടർന്നു. അൽപം കഴിഞ്ഞപ്പോൾ വീണ്ടും അബോധാവസ്ഥയിലായി. 'അല്ലാഹുവേ എന്റെ പ്രിയപ്പെട്ട അല്ലാഹുവേ' എന്ന ഒരേയൊരു ശബ്ദം മാത്രം ക്ഷീണിതസ്വരത്തിൽ ആ അധരപുടങ്ങളിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്നു. ക്ഷീണം അധികരിച്ചധികരിച്ച് വന്നു. രക്ഷപ്പെടാനുള്ള യാതൊരു ആശയും ബാക്കിയില്ലാത്തവിധം സ്ഥിതി വഷളായികൊണ്ടിരുന്നു. ഉമ്മുൽ മുഅ്മിനീൻ ഈ സമയത്തെല്ലാം പ്രാർത്ഥനയിൽ ലയിച്ചിരിക്കുകയായിരുന്നു. അവർ പ്രാർത്ഥിച്ചു: "ഓ, അല്ലാഹുവേ, എന്റെ രക്ഷിതാവേ, ഇതാ ഇവർ നമ്മെ വിട്ടുപിരിയുകയാണ്. ഇവരുടെ ജീവിതം മുഴുവനും ദീനിന്റെ സേവനത്തിന്ന്വേണ്ടി മാത്രം സമർപ്പിതമായിരുന്നു. എന്റെ ജീവിതവും ഇവർക്കായിട്ട് നീ നൽകിയാലും!"

രാവിലെ ഏതാണ്ട് 8.30 മണി ആയപ്പോൾ ഡോ. അന്വേഷിച്ചു: 'അവിടുത്തേയ്ക്ക് പ്രത്യേകമായ എന്തുവിഷമമാണ് അനുഭവപ്പെടുന്നത്?' എന്നാൽ ഉത്തരം പറയാനായില്ല. കടലാസും പേനയും കൊണ്ടുവന്നു. ഇടത് കൈമുട്ടിലൂന്നി കിടക്കയിൽ നിന്ന് അല്പം എണീറ്റ് എഴുതാൻ പണിപ്പെട്ടു. വളരെ പ്രയാസപ്പെട്ട് ഒരുവരി എന്തോ കുറിച്ചിടുമ്പോഴേക്കും പേന കടലാസിൽ തെന്നി ഉരസിവീണു. കട്ടിലിന്നരികെ നിന്നിരുന്ന മീർ മുഹമ്മദ് ഹുസൈൻ സാഹിബ് അത് പ്രയാസപ്പെട്ടു വായിച്ചുനോക്കിയപ്പോൾ, 'കൂറ്റ്വരുന്നില്ല, എന്തെങ്കിലും മരുന്ന് തരൂ' എന്നായിരുന്നു ആ അവ്യക്ത ലിഖിതമെന്ന് മനസ്സിലാക്കി.

9.00 മണിയായപ്പോൾ ഹുസൂറിന്റെ സ്ഥിതി കൂടുതൽ വഷളായി കഫക്കൂറ് ശ്വാസതടസ്സങ്ങളുണ്ടാക്കിത്തുടങ്ങി. ഇടക്കിടെ ദീർഘശ്വാസം വിട്ടുകൊണ്ടിരുന്നു. ഒടുവിലായി ബോധക്ഷയം വന്നപ്പോൾ 'ഉമ്മുൽ മുഅ്മിനീൻ' കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു: 'പ്രിയപ്പെട്ട അല്ലാഹുവേ, ഇവരിതാ ഞങ്ങളെ വിട്ട്പിരിയുന്നു. എന്നാൽ, നീ ഞങ്ങളെ ഉപേക്ഷിച്ചുകളയല്ലെ!, ഇത് പലതവണ ആവർത്തിച്ചുകൊണ്ടിരുന്നു.

തൊണ്ടയിൽ കുറുകുറുക്കയായിരുന്നു. ശ്വാസോച്ഛ്വാസത്തിന്റെ ഇടവേള നീണ്ടുനീണ്ടുനിന്നു. മണി ഏതാണ്ട് 10.15 ആയപ്പോൾ ഒന്നോ രണ്ടോ ദീർഘശ്വാസം വിട്ടു. അതോടെ, അവിടുത്തെ ആത്മാവ് ശരീര പഞ്ജരം വിട്ട് സ്വർഗ്ഗത്തേയ്ക്ക് ഉയർന്നുപോയി! അങ്ങിനെ വാഗ്ദത്ത മസീഹ് ഹസ്രത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ), 1908 മെയ് 26-ന് ഹിജ്റവർഷം, 1326 റബിയ്യുൽ ആഖിർ 24-ന് തിങ്കളാഴ്ച രാവിലെ 10.15-ന് എന്നന്നേക്കുമായി ഈ ലോകം വിട്ടുപിരിയുകയും തന്റെ നിത്യനാഥനെ പ്രാപിക്കുകയും ചെയ്തു! (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജീഊൻ!)

ഹസ്രത്ത് മൌലാനാ നൂറുദ്ദീൻ സാഹിബ് വാഗ്ദത്ത മസീഹിന്റെ മുഖത്തിട്ടിരുന്ന ആവരണം നീക്കി ആ തിരുനെറ്റിത്തടത്തിൽ അവസാനമായും ഒരു ചുംബനം അർപിച്ചു.

മരിച്ചുകിടക്കുമ്പോഴും അവിടുത്തെ മുഖകാന്തിയും പ്രസന്നതയും അൽപം പോലും മങ്ങിയിരുന്നില്ല. മരിക്കുമ്പോൾ സൂര്യ

വർഷപ്രകാരം 74-വയസ്സും ചന്ദ്രവർഷമനുസരിച്ച് 76-വയസ്സും പ്രായമായിരുന്നു. പ്രവചനത്തിൽ 80-നോട് ഏതാനും വർഷം കുറവോ ഏതാനും വർഷം അധികമോ ആയിരിക്കും പ്രായമെന്ന് പറഞ്ഞിട്ടുള്ള പ്രകാരം തന്നെ പുലർന്നു. 1908 മെയ് 26-ന് ആണ് വാഗ്ദത്ത മസീഹ് ഹസ്രത്ത് അഹ്മദ് (അ) ചരമം പ്രാപിച്ചത്. ഇതേ തീയ്യതിക്കാണ് അതായത് മെയ് 26-ന് തന്നെയാണ് തിരു നബി മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയും ചരമം പ്രാപിച്ചത്.*

ഇവിടെ ഇതാ ഒരു മഹാത്മാവ് മരിച്ചുകിടക്കുന്നു! ഒരു യുഗ പുരുഷൻ ദിവംഗതനായിരിക്കുന്നു!! സൃഷ്ടികളിൽവെച്ച് അത്യുത്തമനായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയ്ക്ക് ശേഷം ലോകം കണ്ട ഏറ്റവും വലിയ മനുഷ്യാത്മാവ്, നബിതിരുമേനിയുടെ സാക്ഷാൽ പ്രതിബിംബം സകലപ്രവാചകൻമാരാലും ദീർഘദർശനം ചെയ്യപ്പെട്ട അവസാനകാലത്തെ ആത്മീയമഹാഗുരു തന്റെ ഇഹലോക ജീവിതം അവസാനിപ്പിച്ചശേഷം കഥാവശേഷനായിരിക്കുന്നു. "മുപ്പത് കൊല്ലത്തോളം മതലോകത്ത് ഭൂകമ്പവും കൊടുംകാറ്റുംപോലെ" വിരാജിച്ച ദൈവത്തിന്റെ ഒരു വീര പോരാളി തന്റെ ഇഹലോക ദൗത്യകർത്തവ്യം പൂർത്തിയാക്കി ദൈവസവിധത്തിലേയ്ക്ക് തിരിച്ചുപോയിരിക്കുന്നു!

ഇനിയെന്ത്? ആ ദിവ്യാത്മാവ് കൊണ്ടുവന്ന മഹാപ്രസ്ഥാനത്തിന്റെ ഭാവിയെന്ത്?

മൃതദേഹത്തിന്റെ തലയ്ക്കരികെ സ്ഥാനമുറപ്പിച്ച ഒരു യുവകേസരിയുടെ വീറുറ്റ ശബ്ദം ആ സാന്ദ്രമൗനമായ അന്തരീക്ഷത്തിൽ, സകലരും സാക്ഷിനിൽക്കെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് അവിടെ പരന്നുയർന്നു!

"ലോകംമുഴുവനും അങ്ങയെ കൈവിട്ടാലും, ഞാൻ ഒറ്റക്കായിത്തീർന്നുവെന്ന് വന്നാലും ഞാൻ ഏകനായിതന്നെ മുഴുവൻ ലോകത്തിന്നുമെതിരെ പോരാടുന്നതായിരിക്കും!"

കേവലം 19 വയസ്സ്മാത്രം പ്രായമുള്ള ഒരു യുവാവിന്റെ ശബ്ദമായിരുന്നു അത്. അതെ, വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത

* ജംഗ് (കറാച്ചി) ഈദ് മിലാദ് വിശേഷാൽപ്രതി (28-9-1958) - മൌലാനാ ശിബ്ലിയുടെ ഗവേഷണവും ഇതായിരുന്നു.

വിപ്ലവി പുത്രൻ ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ശബ്ദമായിരുന്നു അത്!

90 – മൃതദേഹം പുണ്യഖാദിയാനിൽ

ലാഹൗറിലെ കടുത്ത ശത്രുക്കൾ ഈ അവസരത്തിലും മനുഷ്യത്വരഹിതമായ വിക്രിയകൾകാട്ടിക്കൂട്ടുന്നതിൽ മൽസരിക്കുകയായിരുന്നു. വലിയൊരു ജനക്കൂട്ടം ആർത്തുവിളിച്ചും അസഭ്യങ്ങൾ ചൊരിഞ്ഞുകൊണ്ടുമിരുന്നു. ലാഹൗർ ഇസ്ലാമിയ കോളേജ് മൈതാനിയിൽ ഒരുമിച്ചുകൂടിയശേഷം ശത്രുവ്യൂഹം നേതാക്കളോടൊപ്പം സയ്യിദ് മുഹമ്മദ് ഹുസൈൻ സാഹിബിന്റെ വീട്മുറ്റത്തേയ്ക്ക് നീങ്ങി. വീടിന്ന് ചുറ്റും അക്രമാസക്തരായി ഒരുമിച്ചുകൂടിയവരെ പോലീസ് വിരട്ടിയോടിച്ചു. അക്രമികൾ വീട്ടിനകത്തേയ്ക്ക് തള്ളിക്കയറാൻ ശ്രമിക്കുകയായിരുന്നു. പോലീസ് തക്കസമയത്ത് ഇടപെട്ടിരുന്നില്ലെങ്കിൽ തെമ്മാടിക്കൂട്ടം മൃതദേഹത്തെ അപമാനിക്കാൻ മടിക്കുമായിരുന്നില്ല. ദിവസം മുഴുവനും അവർ പ്രകടനങ്ങൾ നടത്തി. ശകാരങ്ങൾ ചൊരിഞ്ഞുകൊണ്ടിരുന്നു. അവർ തങ്ങളിലൊരുത്തനെപിടിച്ച് മുഖത്ത് കരിതേച്ച് ഒരു കട്ടിലിൽ കിടത്തി ജനാസയെന്നോണം ഉയർത്തിപ്പിടിച്ചുകൊണ്ട് റെയിൽവെ സ്റ്റേഷനിലേയ്ക്ക് നീങ്ങി. ദുഃഖം തളംകെട്ടിനിന്ന ഈ അവസരത്തിലും ഇക്കൂട്ടർ ഒരു ദേശത്ത് ഇപ്രകാരം പൈശാചികമായി നൃത്തമാടുകയായിരുന്നു. 'ഹായെ ഹായെ മീർസ' എന്നിങ്ങനെ അവർ വിളിച്ചുകൂവിക്കൊണ്ടിരുന്നു. അഹ്മദികളാകട്ടെ അങ്ങേയറ്റത്തെ സംയമനം പാലിച്ചു. അങ്ങനെയല്ലായിരുന്നെങ്കിൽ ഒരു ഏറ്റുമുട്ടലിന്ന് നഗരം സാക്ഷ്യം വഹിക്കേണ്ടിവരുമായിരുന്നു.

ഇക്കൂട്ടർ ഇതിനിടയിൽ രഹസ്യനിലയിൽ റെയിൽ അധികൃതരെ സമീപിച്ച് വിഷൂചിക (Cholera) ബാധപിടിച്ച് മരിച്ചതാണെന്ന് (നൗഊദ്ബില്ലാഹ്) നിവേദനം നടത്തി. സാംക്രമിക രോഗം ബാധിച്ച നിലയിൽ മൃതദേഹം റയിൽവഴി സ്ഥലമാറ്റംചെയ്യുന്നത് അനുവദനീയമായിരുന്നില്ല. കരുതിക്കൂട്ടി കുഴപ്പം സൃഷ്ടിക്കാനാണ് ഇവരിങ്ങനെ റിപ്പോർട്ട് അയച്ച് റയിൽ അതികൃതരെ വിഷമത്തിലാക്കിയത്. തൽക്കാലം ഒരങ്കലാപ്പുണ്ടാക്കാൻ ഈ

കള്ളപ്രചാരവേല സഹായിച്ചു. എന്നാൽ, സത്യത്തിന്റെ മുമ്പിൽ അവർക്കെങ്ങനെ ജയം നേടാനാവും? അഹ്മദിയ്യാ നേതാക്കൾ ഡോ. റഹ്മത്തുല്ലാഹ് സാഹിബിന്റെ നേതൃത്വത്തിൽ അധികാര സ്ഥൻമാരെ സമീപിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു. വാഗ്ദത്ത മസീഹിനെ അവസാനമായി പരിശോധിച്ച ലാഹൗർ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ ഡോ. സതർലാന്റിനെ (Dr. Southarland) നെ അവർ ചെന്നുകണ്ടു. ഹസ്രത്ത് അഹ്മദിന്റെ യഥാർത്ഥരോഗം എന്താണ്എന്ന് വ്യക്തമാക്കുന്ന ഒരു സർട്ടിഫിക്കറ്റ് നൽകുവാൻ ആവശ്യപ്പെട്ടു. വിഷൂചികയോ മറ്റേതെങ്കിലും സാംക്രമികരോഗമോ ബാധിച്ചിരുന്നില്ലെന്നും നാഡിതളർച്ചയും ഡയരിയയുമാണ് രോഗമെന്നും വ്യക്മാക്കുന്ന സർട്ടിഫിക്കറ്റ് അദ്ദേഹം നൽകി. ഈ സർട്ടിഫിക്കറ്റ് ജയിൽ അധികൃതരെ കാണിച്ചതോടെ മൃതദേഹം ട്രെയിൻവഴി ലാഹൗറിൽനിന്ന് ബട്ടാലവരെ കൊണ്ട്പോകാൻ അവർ അനുവദിച്ചു. ആ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നില്ലെങ്കിൽ മൃതദേഹം സ്ഥലമാറ്റം ചെയ്യാൻ അനുവദിക്കുമായിരുന്നില്ല. ലാഹൗറിൽതന്നെ കബറടക്കം ചെയ്യേണ്ടിവരികയും ചെയ്യുമായിരുന്നു. കൂടാതെ ബിഹ്ഷ്തീ മഖ്ബറ സംബന്ധിച്ച നിരവധി പ്രവചനങ്ങൾ അവതാളത്തിലാവുകയും ഖാദിയാനുമായി ബന്ധപ്പെട്ട ഒട്ടേറെ സംവിധാനങ്ങൾ താറുമാറായി പോവുകയും ചെയ്യുമായിരുന്നു. എന്നാൽ, സർവ്വാധിനാഥനായ അല്ലാഹു അതിനൊന്നും ഇടവരുത്താതെ ശത്രുക്കൾ ഉണ്ടാക്കിയ ഈ കുസൃതി അനായാസം പരിഹരിക്കാൻ സഹായിച്ചു.

മൃതദേഹം ലാഹൗറിൽനിന്ന് ഖാദിയാനിലേയ്ക്ക് റയിൽമാർഗ്ഗം സെക്കൻഡ് ക്ലാസ്സ് റിസർവ് കമ്പാർട്ട്മെന്റിൽ കയറ്റിക്കൊണ്ടുവരാനുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ അഹ്മദി നേതാക്കളിൽ ഒരുവിഭാഗം കിണഞ്ഞ് പരിശ്രമിക്കുന്നതിനിടയിൽ ജനാസ കുളിപ്പിച്ച് 'കഫൻ' ചെയ്യുന്നതിനുള്ള ഒരുക്കങ്ങൾ മറ്റൊരു ഭാഗത്ത് നടുന്നുകൊണ്ടിരുന്നു. ഉച്ചതിരിഞ്ഞ് രണ്ടുമണിക്കും മൂന്നുമണിക്കുമിടയിൽ ഡോ. മുഹമ്മദ് ഹുസൈൻ ഷാ സാഹിബിന്റെ ഭവനത്തിൽവെച്ച് എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി. ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ ജനാസ നമസ്കാരം ലാഹൗറിൽവെച്ച് നടത്തപ്പെട്ടു. ഇത്

ആദ്യത്തെ ജനാസ നമസ്കാരമായിരുന്നു. മയ്യിത്ത് നമസ്കാരാനന്തരം മൃതദേഹം വഹിച്ച വണ്ടി 5.45-ന് ബട്ടാലയ്ക്ക് പുറപ്പെട്ടു.

വണ്ടിയിൽ അഹ്ലുബൈത്തിന്ന് (കുടുംബാംഗങ്ങൾക്ക്) പുറമെ ഹസ്രത്ത് ഹക്കീം അൽഹാജ് നൂറുദ്ദീൻ സാഹിബ് (റ), മീർ നാസിർ നവാബ് സാഹിബ്, നവാബ് മുഹമ്മദലി ഖാൻ സാഹിബ് എന്നിവരും അനേകം ഖാദിമീങ്ങളും അനുയാത്രചെയ്തു. ഉന്നതരായ പല മഹാന്മാരും വ്യക്തികളും അക്കൂട്ടത്തിലുണ്ടായിരുന്നു. അന്നത്തെ പ്രസിദ്ധനായ എഴുത്തുകാരനും പേരുകേട്ട പണ്ഡിതനുമായിരുന്ന മൗലാന അബുൽകലാം ആസാദ് അക്കൂട്ടത്തിലുണ്ടായിരുന്നതായും ലാഹൗറിൽനിന്ന് ബട്ടാലവരെ അദ്ദേഹം മൃതദേഹത്തെ അനുഗമിച്ചതായും പ്രസിദ്ധ ഉർദു സാഹിത്യകാരനായ അബ്ദുൽ മജീദ് സാലിക്ക് സാഹിബ് 'യാറാനെ കുഹൻ' എന്ന തന്റെ കൃതിയിൽ പ്രസ്താവിച്ചിരിക്കുന്നു. അബുൽകലാം ആസാദിനോടൊപ്പം ലാഹൗർ സിറ്റി ഓണറ്റി മജിസ്ട്രേട്ട് ഖാജാ മുഹമ്മദ് യൂസഫ് സാഹിബും സഞ്ചരിച്ചു. രാത്രി പത്തുമണിക്ക് വണ്ടി ബട്ടാലാ റയിൽവെ സ്റ്റേഷനിൽ എത്തിച്ചേർന്നു. റിസർവ് കമ്പാർട്ട് മെന്റിൽതന്നെയായിരുന്നു ജനാസ സൂക്ഷിച്ചിരുന്നത്. ഖുദ്ദാം അവിടെ കാവൽനിന്നു. അർദ്ധരാത്രി 2-മണിക്കടുത്ത് വിശുദ്ധജനാസ പെട്ടിയിൽനിന്ന് പുറത്തെടുത്ത് ഒരു മാവിൻ വൃക്ഷത്തിന്റെ ചുവട്ടിൽ കട്ടിലിൽ കിടത്തി. പിന്നീട് ജനാസ ചുമലിലേറ്റി ഖാദിയാനിലേയ്ക്ക് ആളുകൾ പുറപ്പെട്ടു. വഴിക്കൽ ഖാദിയാനിൽനിന്ന് വന്നവരും അവരോടൊപ്പം ചേർന്നു. ഏതാണ്ട് രാവിലെ എട്ട് മണിയോടെ ജനാസ ഖാദിയാനിൽ എത്തിച്ചേർന്നു. ബിഹിശ്തീ മഖ്ബറയിലെ പൂന്തോട്ടത്തിലുള്ള കെട്ടിടത്തിൽ മൃതദേഹം വച്ചു.

വാഗ്ദത്ത മസീഹിന്റെ ചരമവേളയിൽ അവിടുത്തെ മൂത്ത പുത്രനായ ഹസ്രത്ത് മീർസാ സുൽത്താൻ അഹ്മദ് സാഹിബ് ജലന്തറിൽ ഫനാൻഷ്യൽ ഓഫീസറായി ജോലിനോക്കുകയായിരുന്നു. ചരമത്തിന്ന് മുമ്പ് അദ്ദേഹം ഏതോ സ്ഥലത്ത് ഔദ്യോഗിക സന്ദർശനാർത്ഥം പോയിട്ടുണ്ടായിരുന്നു. അദ്ദേഹം കുതി



ഹസ്രത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ്
വാഗ്ദത്ത മസീഹിന്റെ ആദ്യഭാര്യയിലുള്ള മൂത്ത പുത്രൻ
ഇദ്ദേഹം രണ്ടാം ഖലീഫയായ അനുജന്റെ കൈയ്യിലാണ് ബൈഅത്ത് ചെയ്തത്

928 b

ഖാദിയാനിൽ വാഗ്ദത്ത മസീഹ് (അ) പണിത മസ്ജിദ് മുബാറക്ക്

രപ്പുറത്ത് സവാരിചെയ്ത് ജലന്തറിലെയ്ക്ക് മടങ്ങുകയായിരുന്ന പ്പോൾ വഴിക്കൽവെച്ച് 'മാതം പുർസി' (ചരമ വിലാപം) എന്ന് ഇൽഹാം ഉണ്ടായി. എന്താണ് സവിശേഷ സംഭവമെന്ന് അദ്ദേഹം ആലോചിച്ചുനോക്കി. യാത്ര തുടരുന്നതിനിടയിൽ ഇതേ വെളി പാട് വീണ്ടുമുണ്ടായി. ആരാണ് മരണപ്പെട്ടിരിക്കുക എന്ന് ഓർത്തുകൊണ്ടിരുന്നു. അദ്ദേഹം കുതിരപ്പുറത്ത് നിന്ന് ഇറങ്ങി ഒരിടത്തിരുന്ന് ചിന്താധീനനായി. എന്തായിരിക്കും വെളിപാടിന്റെ വിവക്ഷ? എന്ന് ചിന്തിച്ചു. അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള 'മാതം പുർസി' ആണെങ്കിൽ അത് ഒരിക്കലും സാധാരണമരണ മായിരിക്കുകയില്ല. ഇത് തന്റെ പിതാവിനെ സംബന്ധിച്ച ഒരു ദിവ്യസന്ദേശം തന്നെയായിരിക്കണമെന്ന് അദ്ദേഹം ഉറച്ചുവിശ്വ സിച്ചു. അദ്ദേഹം നേരെ ജലന്തറിലെ ഡപ്യൂട്ടികമ്മീഷണറുടെ ആഫീസിനെ ലക്ഷ്യമാക്കി കുതിരയെവിട്ടു. തന്റെ പിതാവ് ചരമം പ്രാപിച്ചിരിക്കയാൽ തനിക്ക് ലീവ് അനുവദിക്കണമെന്ന് മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ഡപ്യൂട്ടി കമ്മീഷണറോട് അപേ ക്ഷിച്ചു. പിതാവ് ചരമം പ്രാപിച്ച വിവരം എങ്ങിനെ അറിഞ്ഞു വെന്ന് ഡെപ്യൂട്ടി കമ്മീഷണർ ആരാഞ്ഞു. ആൾ വന്ന്പറഞ്ഞ താണോ കമ്പി കിട്ടിയതാണോ? സുൽത്താൻ അഹ്മദ് സാഹിബ് പറഞ്ഞു, ദൈവത്തിൽനിന്നുള്ള കമ്പി സന്ദേശം! ഡപ്യൂട്ടി കമ്മീ ഷണർ ആശ്ചര്യപരതന്ത്രനായി. ഇത് വെറും ഊഹമാണെന്നും ഇതിന്റെ അടിസ്ഥാനത്തിൽ പിതാവ് ചരമം പ്രാപിച്ചു എന്ന് ഉറപ്പി ക്കരുതെന്നും അദ്ദേഹം സാന്ത്വനപ്പെടുത്തി. ധൃതികൂട്ടാതിരി ക്കാനും വിശ്രമിക്കാനും അദ്ദേഹം ഉപദേശിച്ചു. സുൽത്താൻ അഹ്മദ് സാഹിബ് തന്റെ ബംഗ്ലാവിലേയ്ക്ക് മടങ്ങി അവിടെ എത്തിയപ്പോൾ പിതാവ് ചരമം പ്രാപിച്ച വിവരത്തിന്ന് കമ്പി കിട്ടി. അദ്ദേഹം അതുമായി നേരെ ഡെപ്യൂട്ടികമ്മീഷണറുടെ ആഫീ സിലെത്തി, വീണ്ടും സായിപ്പിനെകണ്ടു. പിതാവ് നിര്യാതനായ വിവരത്തിനുള്ള കമ്പിസന്ദേശം കാണിച്ചു. വെളിപാടിൽ അദ്ദേ ഹത്തിന്നുണ്ടായ വിശ്വാസത്തിൽ യൂറോപ്യൻ ആഫീസർ അത്യന്തം അത്ഭുതപ്പെടുകയും ഉടൻ ലീവ് അനുവദിക്കുകയും ചെയ്തു. മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ഉടൻ ഖാദി യാനിലേയ്ക്ക് പുറപ്പെട്ടു. അദ്ദേഹം അമൃതസറിലെത്തിയപ്പോൾ

അവിടെ റെയിൽവെ സ്റ്റേഷനിൽ ജനാസ എത്തിയിരുന്നു. അദ്ദേഹം ജനാസയോടൊപ്പം യാത്ര തുടർന്നു.

91- ഖലീഫതെരഞ്ഞെടുപ്പും കബറടക്കവും

മൃതദേഹം സംസ്കരണത്തിന് വേണ്ടി ഖാദിയാനിലെത്തിച്ചയുടനെ ജമാഅത്ത് നേതാക്കൾ ചേർന്ന് ആദ്യം നിർവഹിച്ച ജോലി വാഗ്ദത്ത മസീഹിന്റെ ഖലീഫയെ തെരഞ്ഞെടുക്കുകയായിരുന്നു. അക്കാര്യത്തിൽ രണ്ട് അഭിപ്രായമുണ്ടായിരുന്നില്ല. സകലരും സത്യവിശ്വാസികളെ നയിക്കുന്നതിന് പുതിയൊരു നേതാവിനെ തെരഞ്ഞെടുക്കാനുള്ള ആകാംക്ഷയിൽ മസീഹ് (അ) തന്റെ ഒസ്യത്തിൽ നിർദ്ദേശിച്ച പ്രകാരം പ്രാർത്ഥനയിൽ മഗ്നരായിരുന്നു. വിശ്വാസികളുടെ നേതാവിനെ തെരഞ്ഞെടുത്തതിന് ശേഷം മാത്രമെ വാഗ്ദത്ത മസീഹിന്റെ മയ്യത്ത് സംസ്കരണത്തിനുള്ള കർമങ്ങളിലേയ്ക്ക് നീങ്ങാവൂ എന്ന മര്യാദ ഇസ്ലാമിൽ അംഗീകരിക്കപ്പെട്ടതാണ്. റസൂൽകരീം (സ) തിരുമേനി ചരമം പ്രാപിച്ചപ്പോൾ സത്യവിശ്വാസികളുടെ നേതാവിനെ തെരഞ്ഞെടുത്തതിൽ പിന്നെ മാത്രമെ പുണ്യനബിയുടെ വിശുദ്ധ മതദേഹം സംസ്കരിക്കാൻ സഹാബാക്കൾ ബദ്ധപ്പെട്ടിരുന്നുള്ളൂ. തിരുസഹാബത്തിന്റെ ഈ മാതൃകയെ പിൻപറ്റിക്കൊണ്ട് വാഗ്ദത്ത മസീഹിന്റെ അനുയായികൾ ഒറ്റക്കെട്ടായി അതിന്നു വേണ്ടി കാത്തുകിടന്നു. എല്ലാവരുടേയും ദൃഷ്ടികൾ ഹസ്രത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ നേരെയായിരുന്നു. വാഗ്ദത്ത മസീഹിന്റെ സുപ്രീത ശിഷ്യനും വാഗ്ദത്ത മസീഹിന്ന് ഒന്നാമതായി ബൈഅത്ത് ചെയ്തയാളും അഗാധപണ്ഡിതനും ഭക്തോത്തമനുമായ മൗലാനാ അൽഹാജ് ഹക്കീം നൂറുദ്ദീൻ സാഹിബിന് പുറമെ മറ്റൊരുപേരും ആരുടേയും ആലോചനയിൽ ഉണ്ടായിരുന്നില്ല. ജമാഅത്തിലെ ഉന്നതൻമാർക്കിടയിൽ ഈ സമവായം രൂപപ്പെട്ടതോടെ അവർ ഒറ്റക്കെട്ടായി ഹസ്രത്ത ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഭവനത്തിൽ ഒരുമിച്ചുകൂടി. സത്യവിശ്വാസികളുടെ ബൈഅത്ത് സ്വീകരിക്കാനും ഖലീഫാ പദവിയും ഇമാമത്തും ഏറ്റെടുക്കാനും ഔപചാരികമായി അപേക്ഷിച്ചു. താൻ പ്രാർത്ഥനയ്ക്ക് ശേഷം മറുപടി നൽകാം എന്ന് പറഞ്ഞു

കൊണ്ട് അദ്ദേഹം 'വുസു' ചെയ്ത് രണ്ട് റകാഅത്ത് 'നഫൽ' നമസ്കാരം അനുഷ്ഠിച്ചു. അതിന്നുശേഷം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം എല്ലാവരും തോട്ടത്തിൽ വിശുദ്ധ മയ്യത്ത് വച്ചിരുന്ന സ്ഥലത്തേയ്ക്ക് നീങ്ങി.

തോട്ടത്തിൽ വിശുദ്ധ മയ്യത്തിന് സമീപം അണിനിരന്നിരുന്ന അഹ്മദികളുടെ മുമ്പിൽ ഹസ്രത്ത് മുഫ്ത്തീ മുഹമ്മദ് സാദിഖ് സാഹിബ് (റ) അവിടെ കൂടിയവരുടെ പ്രതിനിധി എന്ന നിലയിൽ ഒരു പ്രഖ്യാപനം വായിച്ചുകേൾപിച്ചു. 'അൽവസിയ്യ'ത്തിൽ ഹസ്രത്ത് മസീഹ് (അ) നിർദ്ദേശിച്ച പ്രകാരം ഹസ്രത്ത് ഹാജിയുൽ ഹറമൈൻ വ ശരീഫൈൻ മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കയ്യിൽ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ തൃപ്തിയോടുംകൂടി അദ്ദേഹം തഖ്വയിലും പാണ്ഡിത്യത്തിലും മറ്റെല്ലാവരേക്കാളും മുന്നിട്ട് നിൽക്കുന്ന ആളെന്ന നിലയിൽ സകല അഹ്മദികളും ബൈഅത്ത് ചെയ്യുന്നുവെന്നും മേലിൽ മൗലാനാ സാഹിബിന്റെ കൽപന വാഗ്ദത്ത മസീഹിന്റെ കൽപനയെന്നോണം സ്വീകരിക്കുന്നതാണെന്നുമായിരുന്നു പ്രഖ്യാപനത്തിൽ പറഞ്ഞിരുന്നത്. ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്, മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്, മൗലാനാ മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബ്, ഹസ്രത്ത് മിർസാ യഅ്ഖൂബ് ബേഗ് സാഹിബ്, മൗലാനാ മുഹമ്മദലി സാഹിബ് എം.എ., ഖാജാ കമാലുദ്ദീൻ സാഹിബ്, മീർ നാസിർ നവാബ് സാഹിബ്, യഅ്കൂബ് അലിസാഹിബ് ഇർഫാനി എന്നിവർ ഈ പ്രഖ്യാപനത്തിൽ ഒപ്പിട്ട പ്രധാനികളാണ്.

ഈ പ്രഖ്യാപനം ഡോ. മുഫ്ത്തീ സാഹിബ് വായിച്ചുകഴിഞ്ഞപ്പോൾ ഹസ്രത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് എഴുന്നേറ്റുനിന്നുകൊണ്ട്, താൻ ഒരിക്കലും ഇമാം ആകുന്നതിന് ആഗ്രഹിച്ചിട്ടില്ലെന്നും ദൈവതൃപ്തി നേടുന്നതിന് മാത്രമെ ആഗ്രഹിച്ചിട്ടുള്ളുവെന്നും പറഞ്ഞു; ഹസ്രത്ത് സാഹിബിന്ന് ശേഷം നമ്മുടെ നില എന്തായിരിക്കുമെന്നതായിരുന്നു തന്റെ ഏക ചിന്തയെന്നും അത്കൊണ്ടാണ് താൻ മിയാൻ മഹമൂദ് അഹ്മദിന്റെ പരിശിക്ഷണത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിച്ചത് എന്നും പറഞ്ഞു.

"ഹസ്രത്ത് സാഹിബുമായി അടുത്തുബന്ധപ്പെട്ട മൂന്നുപേരാണ് പ്രധാനമായും ഉള്ളത്. ഒന്നാമത് മിയാൻ മഹമൂദ് അഹ്മദ്, രണ്ടാമത് മീർ നാസിർ നവാബ് സാഹിബ്, മൂന്നാമത് നവാബ് മുഹമ്മദലിഖാൻ സാഹിബ്. ഇപ്പോലെതന്നെ ദീനിന്റെ സേവകൻമാർ വേറെയുമുണ്ട് ഇവരിൽ ആരെങ്കിലും തെരഞ്ഞെടുക്കപ്പെടാൻ അർഹരായിട്ടുള്ളവരാണെന്ന് ഞാൻ കരുതുന്നു. അവരിൽ ആരെ തെരഞ്ഞെടുത്താലും ഞാൻ മറ്റുള്ളവരോടൊപ്പം ബൈഅത്ത് ചെയ്യാൻ തയ്യാറാണ്. എന്നാൽ, നിങ്ങളെല്ലാം എനിയ്ക്ക് ബൈഅത്ത് ചെയ്യുവാനാണ് ആഗ്രഹിക്കുന്നതെങ്കിൽ കേട്ടുകൊള്ളുക: ബൈഅത്ത് എന്നത് സ്വയം വിൽപന നടത്തുന്നതിന് പറയുന്നതാണ്. ബൈഅത്ത് ചെയ്യുക വളരെ പ്രയാസപ്പെട്ട കാര്യമാണ്. ഞാൻ അവസാനമായും പറയുന്നു: ഞങ്ങളുടെ മുഖം ഏത്ഭാഗത്തേയ്ക്ക് തിരിഞ്ഞാലും ഇനി നിങ്ങൾക്ക് എന്റെ കൽപനകൾ സ്വീകരിച്ചേ തീരൂ. ഇത് നിങ്ങൾക്ക് സ്വീകാര്യമാണെങ്കിൽ ഞാൻ എല്ലാപ്രകാരത്തിലും ഈ ഭാരം ഏറ്റെടുക്കുകതന്നെ ചെയ്യുന്നു. ഈ ഭാരം ഞാൻ അല്ലാഹുവിന്ന് വേണ്ടിമാത്രമാണ് ഏറ്റെടുക്കുന്നത്. 'നന്മയിലേയ്ക്ക് വിളിക്കുന്ന ഒരു വിഭാഗം നിങ്ങളിൽ ഉണ്ടായിരിക്കണമെന്ന് അവൻ ഖുർആനിൽ പറഞ്ഞിട്ടുണ്ട്.' അതുകൊണ്ട് ഓർത്തുകൊള്ളുക, സകല നന്മകളും ഐക്യത്തിലാണ് നിലകൊള്ളുന്നത്. ആർക്ക് നേതാവില്ലയോ അവർ മരിച്ചവരാകുന്നു".

ഈ പ്രഭാഷണത്തിന് ശേഷം അവിടെ കൂടിയിരുന്ന 1200 പേരും ഏകസ്വരത്തിൽ മൗലാന നൂറുദ്ദീൻ തങ്ങളുടെ അമീറും മസീഹിന്റെ പ്രതിനിധിയും ആയിരിക്കുന്നതാണെന്നും എല്ലാ കല്പനകളും ശിരസാ വഹിക്കുന്നതാണെന്നും ഉച്ചത്തിൽ ഘോഷിച്ചു. ഇതോടെ ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫയായി ഐകകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു. അവിടെ കൂടിയിരുന്ന 1200 പേരും ഖലീഫയ്ക്ക് കൂട്ടായി ബൈഅത്ത് ചെയ്തു.

1908 മെയ് 28-നു 'അൽ ഹക്കം' പത്രത്തിന്റെ വിശേഷാൽപതിപ്പ് പുറത്തിറക്കി. അതിൽ സദർ അഞ്ചുമൻ അഹ്മദിയ്യ സിക്ര

ഖിലാഫത്തിന്റെ പിറവി സ്ഥലം



ബിഹ്ശ്ത്തീ മഖ്ബറയിൽ ഇവിടെ വെച്ചാണ് ഒന്നാം ഖലീഫയായി
മൌലാനാ നൂറുദ്ദീൻ സാഹിബിനെ തെരഞ്ഞെടുത്തത്.



വാഗ്ദത്ത മസീഹിന്റെ വിശുദ്ധ മൃത കുടീരം
(ഖലീഫ രണ്ടാമന്റെ നേതൃത്വത്തിൽ സിയാറത്ത് നടത്തുന്നു:

ട്ടറി ഖാജാ കമാലുദ്ദീൻ സാഹിബിന്റെ ഒരു പ്രസ്താവന ഖലീഫ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഇപ്രകാരം പ്രസിദ്ധപ്പെടുത്തി:

"ഖാദിയാനിൽ ഹുസൂർ (അ) ന്റെ ജനാസ നമസ്കരിക്കുന്നതിന് മുമ്പ്, അവിടുത്തെ 'അൽവസിയ്യ'ത്തിൽ ഒസ്യത്ത് ചെയ്തപ്രകാരവും സദർ അഞ്ചുമൻ അഹ്മദിയായുടെ മശ്വറ പ്രകാരവും വാഗ്ദത്ത മസീഹിന്റെ ഉറ്റവരുടെയും ഹസ്രത്ത് ഉമ്മുൽ മുഅ്മിനീന്റെയും ഖാദിയാനിൽ ഒരുമിച്ചുകൂടിയിട്ടുള്ളവരുടെയും (ഇവരുടെ എണ്ണം 1200 ആയിരുന്നു) ഏകാഭിപ്രായപ്രകാരവും ഹസ്രത്ത് ഹാജിയുൽ ഹറമൈൻ വ ശരീഫൈൻ അൽഹാജ് ഹക്കീം നൂറുദ്ദീൻ സാഹിബ് അവർകളെ വാഗ്ദത്ത മസീഹിന്റെ ഖലീഫയായി സ്വീകരിക്കുകയും അവിടുത്തെ തിരുഹസ്തത്തിൽ ബൈഅത്ത് ചെയ്യുകയും ചെയ്തിരിക്കുന്നു. സദർ അഞ്ചുമൻ സിക്രട്ടറിമാരിൽ താഴെപറയുന്നവർ സന്നിഹിതരായിരുന്നു. മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ്, നവാബ് മുഹമ്മദലി ഖാൻ, ശേക്ക് റഹ്മത്തുല്ലാഹ് സാഹിബ്, മൗലവി മുഹമ്മദലി സാഹിബ് എം.എ., ഡോ. മിർസാ യഅ്കൂബ് ബേഗ്, ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ ശാ സാഹിബ്, ഖലീഫ റശീദുദ്ദീൻ. കൂടാതെ ഈ ഉള്ളവനും (ഖാജാ കമാലുദ്ദീൻ). (അൽഹക്കം 28-5-1908)

ഈ പ്രഖ്യാപന പ്രകാരം എല്ലാ ജമാഅത്തുകളിലും വിവരം അറിയിക്കുകയും നേരിട്ട് വന്ന്ചേർന്നോ അല്ലെങ്കിൽ കത്ത് മുഖേനയോ ഖലീഫയ്ക്ക് ബൈഅത്ത് ചെയ്തുകൊള്ളുവാൻ ആവശ്യപ്പെടുകയും ചെയ്തു.

ഇതോടെ ഖലീഫ തെരഞ്ഞെടുപ്പ് സംബന്ധിച്ച പ്രക്രിയകൾ പൂർത്തിയായി. ഹസ്രത്ത് അൽഹാജ് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് വാഗ്ദത്ത മസീഹിന്റെ ഒന്നാം ഖലീഫയായിത്തീർന്നു.

ഖിലാഫത്ത് സംബന്ധിച്ച ഈ തീരുമാനം അഹ്മദിയ്യാ ജമാഅത്തിലെ ആദ്യത്തെ 'ഇജ്മാഅ്' (ഏകകണ്ഠമായ തീരുമാനം - Consensus) ആയിരുന്നു.

ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട ശേഷം അല്പം കഴിഞ്ഞ് ഹസ്രത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ ഉടമസ്ഥതയിലുള്ള തോട്ടത്തിൽ കിണറ്റിനടുത്ത്വെച്ച് ഹസ്രത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ നേതൃത്വത്തിൽ വാഗ്ദത്ത മസീഹിന്റെ ജനാസ നമസ്കാരം നിർവഹിക്കപ്പെട്ടു. ഖലീഫ തെരഞ്ഞെടുപ്പിലും ജനാസ നമസ്കാരത്തിലും അമ്പാല, ജലന്ധർ, കപൂർത്തല, അമൃത്സർ, ബട്ടാല, ഗുജറാത്ത്, ലാഹൗർ, ഗുജറാൻവാല, വസീറാബാദ്, ഗുർദാസ്പൂർ തുടങ്ങിയ നാനാ സ്ഥലങ്ങളിൽനിന്നുമുള്ള അനേകം ശിഷ്യൻമാരും ബഹുമാന്യ വ്യക്തികളും പങ്കെടുത്തിരുന്നു.

അസർ നമസ്കാരത്തിന്ന് ശേഷം എല്ലാ ജമാഅത്ത് അംഗങ്ങളും അവിടുത്തെ പ്രകാശോജ്ജ്വലമായ മുഖാരവിന്ദം വരിവരിയായി നീങ്ങിക്കൊണ്ട് അവസാനമായും ദർശനം നടത്തുകയുണ്ടായി. ലാഹൗറിൽനിന്നും ചുമന്ന്കൊണ്ട്വന്നിരുന്ന കട്ടിലിലാണ് മയ്യത്ത് കിടത്തിയിരുന്നത്. ദർശനത്തിന്ന് വെച്ച മൃതദേഹത്തിന്റെ തലയ്ക്കൽ നിലത്തിരുന്ന് കൊണ്ട് ഹസ്രത്ത് മസീഹിന്റെ വത്സലശിഷ്യനായ ഹസ്രത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനിയാണ് ആളുകളെ നിയന്ത്രിച്ചുകൊണ്ടിരുന്നത്. അതിന്ന് ശേഷം സ്ത്രീകൾ സിയാറത്ത് നടത്തി. ഹസ്രത്ത് ഉമ്മുൽ മുഅ്മിനീൻ തന്റെ പ്രാണപ്രിയനും ആത്മീയ ഗുരുവുമായ ഭർത്താവിനെ അവസാനമായും സിയാറത്ത് ചെയ്തു. ഏതാണ്ട് ഏഴുമണിക്കടുത്ത് ഹുസൂറിന്റെ ഭൗതീക ദേഹം അനേകം ബാഷ്പാവിലനേത്രങ്ങളുടേയും തപ്തഹൃദയങ്ങളുടേയും സാന്നിദ്ധ്യത്തിൽ 'ബിഹിശ്ത്തീ മഖ്ബറ' യുടെ വിശുദ്ധമണ്ണിൽ മറയടക്കപ്പെട്ടു.

كُلُّ مَنْ عَلَيْهَا فَانٍ ۝ وَيَبْقَىٰ وَجْهُ رَبِّكَ ذُو الْجَلَالِ وَالْإِكْرَامِ ۝

വാഗ്ദത്ത മസീഹിന്റെ കൃതികൾ

ക്രമനമ്പർ	കൃതിയുടെ പേർ	പ്രസിദ്ധീകരിച്ചു വർഷം
1.	ഇക് ഈസായീകെ തീൻ സവാലോൻ കെ ജവാബ്	1876
2.	പുരാനീ തഹ്രീരേൻ	1879ൽ തുടക്കം
3.	ബറാഹീനെ അഹ്മദിയ്യ (ഭാഗം 1, 2, 3, 4)	1880–84
4.	സുറുമഃ ചശ്മയെ ആര്യ	1886 മാർച്ച്
5.	ശഹ്നയെ ഹഖ്	1887
6.	സബ്സ് ഇശ്തിഹാർ ഡിസംബർ–1	1888
7.	ഫതഹ് ഇസ്ലാം (ഇസ്ലാമിന്റെ വിജയം, മലയാളം)	1890
8.	തൗസീയെ മറാം	1890
9.	ഇസാലയെ ഔഹാം (ഭാഗം 1,2)	1891
10.	അൽഹക്ക്–മുബാഹസഃ ലുധിയാനഃ, (ഭാഗം 1,2)	1891
11.	ആസ്മാനി ഫയ്സല	1891
12.	നിശാനെ ആസ്മാനി	1892
13.	ആയിനയെ കമാലാത്തെ ഇസ്ലാം	1892–93
14.	ബറക്കാത്തുദ്ദുആ	ഏപ്രിൽ 1893
15.	സച്ചായി കാ ഇള്ഹാർ	മെയ് 1893
16.	ഹുജ്ജത്തുൽ ഇസ്ലാം	മെയ് 1893
17.	ജൻഗെ മുഖദ്ദസ്	മെയ് 1893
18.	ശഹാദത്തുൽ ഖുർആൻ	1893
19.	തുഹ്ഫയെ ബഗ്ദാദ്	ജൂലായ് 1893
20.	കറാമാത്തുൽസ്സാദിഖീൻ	1893
21.	ഹമാമത്തുൽ ബുശ്റ (അറബി)	1893
22.	നൂറുൽ ഹഖ് (ഭാഗം 1, 2) "	1894
23.	ഇത്മാമുൽ ഹുജ്ജഃ "	ജൂൺ 1894
24.	സിർറുൽ ഖിലാഫഃ "	ജൂൺ 1894
25.	അൻവാറുൽ ഇസ്ലാം	സപ്ത–6 1894
26.	മിനനൂർഹ്മാൻ (മലയാള പരിഭാഷ തയ്യാറാകുന്നു)	മെയ് 1895
27.	സിയാവുൽ ഹഖ്	മെയ് 1895
28.	നൂറുൽ ഖുർആൻ (ഭാഗം 1,2)	ജൂൺ–15 1895
29.	മിഅ്യാറുൽ മദാഹിബ്	1895
30.	ആര്യ ധർമ്	നവംബ: 1895
31.	സത് ബചൻ	നവംബ: 1895
32.	ഇസ്ലാമി ഉസൂൽകി ഫിലോസഫി (ഇസ്ലാം മതതത്ത്വജ്ഞാനം മലയാളം)	ഡിസം: 1896
33.	അൻജാമെ ആഥിം	1896
34.	സിറാജെ മുനീർ	മാർച്ച്–24 1897
35.	ഇസ്തിഫ്താഅ്	മെയ്–12 1897
36.	ഹുജ്ജത്തുല്ലാഹ്	മാർച്ച്–17 1897
37.	തുഹ്ഫയെ ഖയ്സരിയ്യഃ	മെയ്–27 1897
38.	ജൽസയെ അഹ്ബാബ്	ജൂൺ–28 1897
39.	മഹ്മൂദ് കീ ആമീൻ	ജൂൺ–7 1897
40.	സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്	ജൂൺ–22 1897
41.	കിതാബുൽ ബരീയ്യഃ	ജനുവ24 1898
42.	അൽ ബലാഗ്	1898
43.	സറൂറത്തുൽ ഇമാം	ഒക്ടോ: 1898
44.	നജ്മുൽ ഹുദാ	നവം–20 1898

45.	റാസെ ഹഖീഖത്ത്	നവം–30 1898
46.	കൾഫുൽ ഗിത്ഥാ	ഡിസ–27 1898
47.	അയ്യാമുസ്സുൽഹ്	ആഗസ്റ്റ്–1 1898
48.	ഹഖീഖത്തുൽ മഹ്ദി	ഫിബ്ര–21 1899
49.	മസീഹ് ഹിന്ദുസ്ഥാൻമേ (യേശുമശിഹാ ഇന്ത്യയിൽ–മലയാളം)	ഏപ്രിൽ 1899
50.	സിതാരയെ ഖയ്സരിയ്യ:	ഓഗ–24 1899
51.	തിരിയാഖുൽ ഖുലൂബ്	ആഗസ്റ്റ് 1899
52.	തുഹ്ഫയെ ഗസ്നവിയ്യ	1900
53.	റോദാദ് ജൽസയെ ദുആ	ഫിബ്ര–2 1900
54.	ഖുത്ബഃ ഇൽഹാമിയ (അറബി)	ഏപ്രി–11 1900
55.	ലുജ്ജത്തുന്നൂർ	1900
56.	ഗവൺമെന്റ് അന്ഗ്രേസി ഔർ ജിഹാദ് (ജിഹാദ് മലയാളം)	മെയ്–23 1900
57.	തുഹ്ഫയെ ഗോൾഡവീയ്യ	ജൂലായ് 1900
58.	അർബഈൻ (നാലു ഭാഗങ്ങൾ)	ഡിസ–15 1900
59.	ഇഅ്ജാസുൽ മസീഹ്	ഫിബ്ര–23 1901
60.	ഏക് ഗലിതീ കാ ഇസാല (ഒരു തെറ്റിദ്ധാരണ നീക്കൽ)	നവം–5 1901
61.	ദാഫീഉൽ ബലാ	ഏപ്രി 1902
62.	അൽഹുദാ	ജൂൺ–12 1902
63.	നുസുലുൽ മസീഹ്	ആഗസ്റ്റ് 1902
64.	കിശ്തി നൂഹ് (വാഗ്ദത്തമസീഹിന്റെ അദ്ധ്യാപനങ്ങൾ–മലയാളം)	ഒക്ടോ–5 1902
65.	തുഹ്ഫത്തുന്നദ്വ (നദ്വത്ത്കാർക്കൊരു ഉപഹാരം–മലയാളം)	ഒക്ടോ–6 1902
66.	ഇഅ്ജാസ് അഹ്മദി	നവം–12
67.	റിവ്യൂ ബർ മുബാഹസ ബട്ടാലവി വ ചക്ടാലവി	നവം–27 1902
68.	മവാഹിബുർറഹ്മാൻ (കരുണാനിധിയുടെ വരദാനങ്ങൾ, മലയാളം)	ജനു–24 1903
69.	നസീമെ ദഅ്വത്ത്	ഫെബ്ര–28 1903
70.	സനാതനധർമ്	മാർച്ച്–8 1903
71.	തദ്കിറത്തുശ്ശഹാദത്തയ്ൻ	ഒക്ടോ–16 1903
72.	സീറത്തുൽ അബ്ദാൽ	ഡിസം–14 1903
73.	ലക്ചർ ലാഹൗർ (ലാഹൗർ പ്രഭാഷണം മലയാളം)	സപ്–3 1904
74.	ലക്ചർ സിയാൽകോട്ട് (ലക്ചർ സിയാൽകോട്ട്–മലയാളം)	ജനുവ–31 1904
75.	അഹ്മദി വ ഗയർ അഹ്മദി മെ ഫർഖ്	ഡിസം–27 1905
76.	ലക്ചർ ലുധിയാന	നവം–4 1905
77.	അൽവസീയത്ത് (മലയാളം തയ്യാറിപ്പിൽ)	ഡിസം–20 1905
78.	ചശ്മയെ മസീഹ്	മാർച്ച്–9 1906
79.	തജല്ലിയാത്തെ ഇലാഹിയ	ജൂൺ–29 1922
80.	ഖാദിയാൻ കെ ആര്യ ഔർ ഹം	ഫെബ്ര–20 1907
81.	ബറാഹീനെ അഹ്മദിയ്യ (അഞ്ചാംഭാഗം)	ഫെബ്ര 1905
82.	ഹഖീഖത്തുൽ വഹ്യ്	മെയ്–15 1906
83.	ചശ്മയെ മഅ്രിഫഃ	മെയ്–15 1908
84.	പൈഗാമെ സുൽഹ് (മൈത്രി സന്ദേശം–മലയാളം)	മെയ് 1908

ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ കൃതികളുടെ ഒരു പട്ടിക The Ahmadiya Movement എന്ന പുസ്തകത്തിൽ തൽകർത്താവ് സ്പെൻസർ ലാവാൻ (Spencer Lavan) ചേർത്തിട്ടുണ്ട്.

അനുബന്ധങ്ങൾ
APPENDICES

(4)

വാഗ്ദത്ത മസീഹിന്റെ സ്വഭാവചിത്രം

ഹസ്രത്ത് മൗലാനാ അബ്ദുൽ കരീം
സാഹിബ് സിയാൽകോട്ടി (റ)

വാഗ്ദത്ത മസീഹിന്റെ സ്വഭാവചിത്രം

സഹോദരങ്ങളെ, വാഗ്ദത്ത മസീഹിന്റെ കുടുംബജീവിതത്തെപറ്റി ചിലത് എഴുതാമെന്ന് മുമ്പൊരിക്കൽ ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നുവല്ലോ. വാഗ്ദത്ത മസീഹുമായി വളരെ അടുത്ത് ഇടപെടുവാൻ, അല്ലാഹു അവന്റെ അനുഗ്രഹാതിരേകത്താൽ എനിയ്ക്ക് അവസരം തന്നരുളി. ഏറിയ കൊല്ലം എനിക്ക് അനുഭവിക്കാൻ ഭാഗ്യം നൽകിയ ഒരു പ്രത്യേകാനുഗ്രഹമായിരുന്നു അത്. മാത്രമല്ല, എനിയ്ക്ക് കാണാനും കേൾക്കാനും ഇടവന്ന സംഭവങ്ങൾ, അവയെത്രതന്നെ നിസ്സാരങ്ങളും അപ്രധാനങ്ങളും ആയിരുന്നാലും അവഗണിച്ചുകളയുന്ന ഒരു പ്രകൃതക്കാരനുമല്ല ഞാൻ. എല്ലാറ്റിന്റെയും ഉള്ളോളം ചെന്നെത്തി അത് നൽകുന്ന പാഠമെന്തെന്ന് കണ്ടറിയാനുള്ള ഒരു പ്രത്യേകവാസനയും എനിയ്ക്കുണ്ട്. ഏകാന്തതയിൽ കഴിയുമ്പോഴും ആൾകൂട്ടത്തിലായിരിക്കുമ്പോഴും എന്റെ മനസ്സിനെ വഞ്ചിയ്ക്കുവാൻ അഥവാ, വഴിതെറ്റിക്കുവാൻ ദൈവാനുഗ്രഹത്താൽ ഞാൻ ശ്രമിക്കാറില്ല. സ്വാഭാവികമായ നിലയിലല്ലാതെ എന്നെങ്കിലും എന്റെ മനസ്സ് പ്രവർത്തിച്ചതായി എനിയ്ക്ക് ഒരിക്കലും തോന്നിയിട്ടുമില്ല.

വാഗ്ദത്ത മസീഹുമായുള്ള ദീർഘകാലത്തെ സാമീപ്യസമ്പർക്കത്തിൽ ഞാൻ അവിടുത്തെ പൊതുജീവിതവും ഗാർഹികജീവിതവും നല്ലവണ്ണം പഠിച്ച് അറിഞ്ഞിട്ടുണ്ട്. അതെപറ്റി എന്നിൽ അങ്കുരിച്ച വിചാരവികാരങ്ങൾ എഴുതിക്കുറിക്കാൻ ഞാൻ ആഗ്രഹിച്ചു. ദൈവത്തിന്റെ ഒരു വരിഷ്ഠ ദൂതന്റെതല്ലാതിരിക്കാൻ സാദ്ധ്യമല്ലെന്ന് ചിന്തിക്കുന്ന ഏതൊരാളെയും ബോധ്യംവരുത്തുമാറുള്ള ഭാവങ്ങൾ ഉൾകൊണ്ട വാഗ്ദത്ത മസീഹിന്റെ ഒരു ജീവചരിത്രം രചിക്കുന്നതിന്ന് അത് സഹായകമായിത്തീരണമെന്നും ഞാൻ ആഗ്രഹിച്ചു.

ഒറ്റനോട്ടത്തിൽ, ഉറച്ച വിശ്വാസികളോട് ഇത്തരം കാര്യങ്ങൾ വിവരിച്ചുപറയുന്നത് വിചിത്രമായിത്തോന്നിയേക്കാം എന്തെന്നാൽ, അവരുടെ സത്യവിശ്വാസം യുക്തി ചിന്തയുടേയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ളതാക

യാൽ, സ്വഭാവപ്രകൃതിയുടെ സൂക്ഷ്മ വശങ്ങളൊന്നും അവരെ ബാധിക്കുന്നതല്ല. അതിന്ന് പുറമെ, തങ്ങളുടെ ഗുരുവര്യനോടുള്ള അതിരറ്റ സ്നേഹാതിരേകം നിമിത്തം അവർ

حاجت مشاطہ نیست روئے دلارام را

'ഹാജത്തെ മശാത്ത നെസ്ത് റോയെയെ ദിലാറാം റാ' (പ്രേമപാത്രത്തിന്ന് ചമയക്കോപ്പുകളൊന്നും ആവശ്യമില്ല). എന്ന് ആക്രോശിച്ചെന്നുംവരാം!

എങ്കിലും, എന്റെ സ്വന്തം താല്പര്യമോർത്തും ഈ വിശദവശങ്ങളിലുള്ള അറിവുകൾ എനിയ്ക്ക് എത്രമാത്രം പ്രയോജനകരമായി എന്ന് ചിന്തിച്ചും ആത്മീയപുരോഗതിയുടെ പാതയിൽ ഇത് എനിയ്ക്ക് എത്രകണ്ട് സഹായകരമായിത്തീർന്നുവെന്ന് ആലോചിച്ചും വാഗ്ദത്ത മസീഹിനോട് ദൈവത്തിന്റെ പ്രത്യേകാനുഗ്രഹവായ്പിനാൽ എനിയ്ക്ക് ലഭ്യമായിത്തീർന്ന ആ അടുപ്പത്തിന്റെ മഹാഭാഗ്യത്താൽ എനിയ്ക്ക് കൈവന്നിട്ടുള്ള ഈ വിശദാംശങ്ങളുടെ അറിവുകൾ അപ്രകാരം അടുത്തിടപെടുവാൻ ഭാഗ്യമുണ്ടായിട്ടില്ലാത്ത സഹോദരങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ടത് എന്റെ അനുകമ്പാർദ്രമായ ചുമതലയായി ഞാൻ കരുതി.

ഗാർഹികജീവിതത്തിലെ ഗുരുതരങ്ങളായ രോഗങ്ങൾക്കുള്ള പ്രത്യൗഷധങ്ങൾ ഇതുവഴി സംഭാവനചെയ്യാൻ എനിയ്ക്ക് കഴിയുമെന്നു ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ഈ രോഗങ്ങൾ നിമിത്തം അനേകം ഗൃഹങ്ങൾ ക്ഷയരോഗവും രാജയക്ഷ്മവും പിടിപെട്ട് വലയുന്ന രോഗികൾ തലമുറ തലമുറയായി പാർത്തുപോന്ന വാസസ്ഥലങ്ങൾ കണക്കെ, കരച്ചിലിന്റെയും വിലാപങ്ങളുടേയും രംഗമായി മാറിയിരിക്കുന്നു.

ഇക്കാരണത്താൽ, ഞാൻ വാഗ്ദത്ത മസീഹിന്റെ കുടംബജീവിതത്തെപറ്റിതന്നെ ആദ്യമായി എഴുതാമെന്ന് തീർച്ചപ്പെടുത്തി. എന്തുകൊണ്ടെന്നാൽ, ഏതൊരാൾക്കും അഭിമാനം കൊള്ളാവുന്ന ഏറ്റവും വലിയ ഗുണഭാഗം, ഭാര്യയോടുള്ള പെരുമാറ്റം ഏറ്റവും മഹത്തരമായിരിക്കുന്നുവെന്നതത്രെ. അയാൾ തന്റെ ഭരണപാടവവും മഹനീയമായ സ്വഭാവഗുണങ്ങളുംകൊണ്ട്

ആ ഭവനത്തെ സ്വർഗത്തിന്റെ ഒരു മാതൃകയാക്കിമാറ്റണം. എന്നു വച്ചാൽ, അവിടെ മനം പുകച്ചിലോ, കോപപ്രകടനമോ, കലഹമോ, പകയോ, അസൂയയോ ഒന്നും ഉണ്ടായിരിക്കരുത്. അറിവ് നിറഞ്ഞ ദൈവീക ഗ്രന്ഥം ഇപ്രകാരം പറയുന്നു.

وَعَاشِرُوهُنَّ بِالْمَعْرُوفِ

"നിങ്ങൾ നിങ്ങളുടെ സ്ത്രീകളോട് അങ്ങേയറ്റത്തെ സദ്ഭാവനയോടും ഔദാര്യത്തോടുംകൂടി പെരുമാറുവിൻ".

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ തന്റെ ജീവിതത്തിൽ പകർത്തിക്കാണിച്ച വിശുദ്ധനബി (സ) തിരുമേനി ഇപ്രകാരം പറയുന്നു:

خيركم خيركم لاهلي

"നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യക്ക് ഉത്തമനായിട്ടുള്ളവനത്രെ".

ഏതാണ്ട് പതിനഞ്ച് കൊല്ലംമുമ്പ് (1884) വാഗ്ദത്ത മസീഹ് - ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ)- രണ്ടാംതവണയും വൈവാഹികജീവിതത്തിന്റെ കനത്തതും ഗൗരവതരവുമായ ബാദ്ധ്യതയേറ്റത് മുതൽ ഈ ദീർഘകാലത്തിന്നിടയിൽ അവിടുത്തെ ഭവനത്തിൽനിന്ന് ഒരിക്കൽപോലും കലഹത്തിന്റെ അഥവാ അഭിപ്രായതർക്കത്തിന്റെ തീപ്പൊരി പാറുകയുണ്ടായിട്ടില്ല. ഈ നീണ്ട കാലത്തിന്നിടയിൽ താരതമ്യേന അബലവും പഠിപ്പുകുറഞ്ഞതുമായ സ്ത്രീകളുടെ കൂട്ടത്തിൽപെട്ട ഭാര്യയിൽനിന്ന് പ്രകോപനപരമോ അവിഹിതമോ ആയ യാതൊന്നും ഉണ്ടായിട്ടില്ലെന്ന് കരുതിക്കൂടാത്തതാണ്. ഗാർഹീകകാര്യങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്ന നമ്മുടെ പെണ്ണുങ്ങളിൽനിന്നു മനഃക്ലേശങ്ങൾക്കിടയാക്കുന്ന പല പെരുമാറ്റങ്ങളും പലപ്പോഴായി ഉണ്ടാകാറുണ്ടെന്ന വസ്തുതയിലേയ്ക്ക് ധാരാളം അനുഭവസാക്ഷ്യങ്ങൾ എടുത്തുനിരത്താനാവും. ഈ പരിതസ്ഥിതിയിൽ കോപത്തിന്റെയോ കലഹത്തിന്റെയോ അഗ്നിസ്ഫുലിംഗങ്ങളുടെ പരിസ്പർശമേൽക്കാൻ അനുവദിക്കാത്ത ശാന്തവും സ്വർഗ്ഗീയവുമായ ഒരു ഹൃദയം അത്യധികം ആദരപാത്രമായിത്തീരുന്നു.

സമൂഹങ്ങളിൽ ഒരു നരകംതന്നെ സൃഷ്ടിച്ചുവെക്കുന്ന പക, അസൂയ, വിദ്വേഷം തുടങ്ങിയ ദുർവികാരങ്ങളുടെ ഉറവിടമായിത്തീരുന്ന എല്ലാതരം വിഷവസ്തുക്കളുടേയും കലവറയായിരിക്കുന്ന ആ കൊടുരമായ മാംസപിണ്ഡം (പ്രതികാര ഹൃദയം) പൂർണ്ണമായും ഒഴിഞ്ഞുകിട്ടുകയും ദൈവത്തിന്റെ തിരുകരങ്ങളാൽതന്നെ പരിശുദ്ധനാക്കപ്പെടുകയും വിമലീകരിക്കപ്പെടുകയും വിശാലവും പൊറുമകാട്ടുന്നതുമായ ഒരു ഹൃദയം അനുഗ്രഹിച്ചു നൽകപ്പെടുകയും ചെയ്തിട്ടുള്ള ഒരാൾക്ക്മാത്രമെ കോളിളക്കങ്ങൾ നിറഞ്ഞ ഭയാനകമായ ഈ ലോകത്ത് ശാന്തവും അലട്ടുകളില്ലാത്തതും അച്ചടക്കമുള്ളതുമായ ഒരു കുടുംബജീവിതം വാർത്തെടുക്കാൻ സാദ്ധ്യമാകയുള്ളു.

ഗാർഹികജീവിതത്തിൽ ഉടലെടുക്കുന്ന എല്ലാ കലഹങ്ങളുടേയും മൂലകാരണമായിരിക്കുന്ന ഒരൊറ്റതെറ്റ് മാത്രമേയുള്ളു. അതെന്താണ്? അത് മറ്റുള്ളവരിൽ കുറ്റംകണ്ടെത്താനുള്ള മനഃസ്ഥിതിയും തനിയ്ക്ക് ഇഷ്ടമല്ലാത്ത കാര്യങ്ങളോടെല്ലാം പൊറുമയില്ലാത്ത സ്വഭാവവുമാകുന്നു. ഈ ലോകത്ത് ഒരാളുടെ സാക്ഷാൽ നരകം എന്നു വിശേഷിപ്പിക്കാവുന്നത് കുടുസ്സായ മനോഭാവവും സങ്കുചിത മനഃസ്ഥിതിയും തന്നെയാണ്. എന്നാൽ, ഈ നരകത്തിൽനിന്ന് നമ്മിലെത്രപേർ രക്ഷപ്രാപിച്ചിട്ടുണ്ട്?

നീണ്ട പത്തുകൊല്ലക്കാലം വാഗ്ദത്ത മസീഹിന്റെ ജീവിതത്തെ ഞാൻ വളരെ സൂക്ഷ്മമായും വിമർശനാത്മകമായും പഠിച്ചറിയാൻ ശ്രമിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് (അ) ശൈത്താന്റെ സ്പർശത്തിൽനിന്നും പരിപൂർണ്ണമായും പരിശുദ്ധനാണെന്ന് നിഗമനത്തിലാണ് പരിപക്വമായ വിചിന്തനത്തിന്ന് ശേഷം ഞാനെത്തിച്ചേർന്നത്: എന്റെ വ്യക്തിപരമായ അനുഭവങ്ങളിൽനിന്നും ഭൂരിഭാഗം ആളുകളേയും അടിസ്ഥാനമാക്കി എനിയ്ക്ക് പറയാൻ സാധിക്കും, മറ്റുള്ളവരിൽ കുറ്റംകണ്ടെത്താനുള്ള സ്വഭാവവും തനിയ്ക്ക് ഇഷ്ടമല്ലാത്ത കാര്യങ്ങൾ കാണുമ്പോഴുണ്ടാകുന്ന പൊറുതികേടുമാണ് അനേകം കുടുംബജീവിതങ്ങളെ കൈപ്പേറിയതാക്കിത്തീർത്തത്. ഈ സ്വഭാവ പ്രകൃതിയോടുകൂടിയ ഓരോ ആളും (ഈ കറപുരളാത്ത ആളുകൾ തുലോം വിരളം; വളരെ

തുച്ഛം) തങ്ങളെ വിഴുങ്ങിക്കളയുന്ന അഗ്നിനാളത്തിന്റെ അനന്ത രഫലങ്ങൾ അനുഭവിക്കുകയും യഥാർത്ഥത്തിൽ ഈ ദുഃസ്വഭാ വമാണ് എല്ലാ ധർമ്മ വിലോപങ്ങളുടേയും വേരായിരിക്കുന്നതെ ന്നതിലേയ്ക്ക് സാക്ഷ്യംവഹിക്കുകയും ചെയ്യുന്നതാണ്. ഈ ലോകത്തെ കലഹങ്ങളുടേയും ക്ലേശങ്ങളുടേയും ഗേഹമാക്കി മാറ്റിയിട്ടുള്ളതും ഈ ദുഷ്ടസ്വഭാവംതന്നെയാണ്.

സ്വർഗ്ഗം ശാന്തിയുടേയും സന്തുഷ്ടിയുടേയും നിലയന മാണെന്ന് വിവരിച്ചുകാട്ടുന്ന വിശുദ്ധഖുർആൻ അവിടുത്തെ മോഹനമായ അനുഗ്രഹങ്ങളും ആഹ്ലാദങ്ങളും താഴെപറയുന്ന വരികളിൽ മനസ്സിലാക്കിത്തന്നിരിക്കുന്നു.

وَنَزَعْنَا مَا فِي صُدُورِهِم مِّنْ غِلٍّ إِخْوَانًا عَلَىٰ سُرُرٍ مُّتَقَابِلِينَ

"നാം അവരുടെ നെഞ്ചകത്ത്നിന്ന് എല്ലാ പകയും നീക്കി ക്കളയും; അവർ ഉയർന്ന മഞ്ചങ്ങളിൽ മുഖത്തോട് മുഖമിരിക്കുന്ന സഹോദരങ്ങളെപോലെയായിരിക്കും"

ശത്രുത, പക, ശണ്ഠ ഇവയ്ക്കെല്ലാം കാരണമായിരിക്കു ന്നതെന്തോ അതിനെ ഹൃദയ തലത്തിൽ നിന്ന് ദൈവം തുടച്ചു നീക്കുമെന്നാണ് ഇവിടെ ഈ വാക്യത്തിൽ ദൈവം അരുളിയിരി ക്കുന്നത്. ഇത്തരത്തിൽ ശണ്ഠയ്ക്കും ശത്രുതയ്ക്കും മൂലകാര ണമായിട്ടുള്ളതെന്തോ അത് നീക്കം ചെയ്യപ്പെട്ടിട്ടുള്ള ആൾ ഈ ലോകത്ത് യഥാർത്ഥ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കുന്നയാളാണെ ന്നാണ് ഈ വാചകം മനസ്സിലാക്കിത്തരുന്നത്. ഈ തിന്മയുടെ വേര് ഏതൊരാളിൽ ഇല്ലാതിരിക്കുന്നവോ അയാളുടെ മറ്റ് ധാർമ്മികനിലവാരം എങ്ങിനെയുള്ളതായിരിക്കുമെന്ന് നമുക്ക് വില യിരുത്താൻ കഴിയും.

വാഗ്ദത്തമസീഹിന്റെ ഭവനത്തിലെ ഭൃത്യകൾപോലും ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്നു. അവരാകട്ടെ ഗ്രാമ്യരും സ്നേഹബന്ധങ്ങളെന്തെന്ന് അറിയാത്തവരും ഉൾകാഴ്ച ഇല്ലാ ത്തവരും പച്ചപരമാർത്ഥികളുമാണുതാനും. വാഗ്ദത്ത മസീ ഹിന്റെ ഗാർഹികജീവിതത്തെ അവർ അമ്പരപ്പോടെയാണ് നോക്കിക്കണ്ടിരുന്നത്. സാധാരണ നടപടികളിൽനിന്നും സാഹ

ചര്യങ്ങളിൽനിന്നും വിഭിന്നമായി അതിനെകണ്ടപ്പോൾ അവർ ആശ്ചര്യപ്പെട്ടു പറയുകയായിരുന്നു: "മിർസാജിയ്ക്ക് ഭാര്യപറഞ്ഞതിനപ്പുറം ഒന്നുമില്ല" എന്ന്. ഇത് ഞാൻ വീട്ടിലെ ഭൃത്യകൾ പരസ്പരം പറയുന്നത് പലപ്പോഴും കേട്ടതാണ്. ഒരിക്കൽ വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: "നാം സ്ത്രീ ജനങ്ങളുടെ തെറ്റായ പെരുമാറ്റങ്ങളും സംസാരങ്ങളും അവ പ്രത്യക്ഷമായ ദൂഷ്യങ്ങളല്ലെങ്കിൽ പൊറുമയോടെ അവഗണിച്ച് കളയണം". സ്ത്രീകളുടെ ഭാഗത്ത്നിന്നുള്ള വിവേകരഹിതമായ പെരുമാറ്റങ്ങളും ബുദ്ധികെട്ട സംസാരങ്ങളും കാര്യമായി എടുക്കരുത് എന്നാണ് അവിടുന്ന് നിർദ്ദേശിച്ചത്. മറ്റൊരിക്കൽ ഇപ്രകാരം പറഞ്ഞു: "നമ്മൾ പുരുഷൻമാർ സ്ത്രീകളുമായി കലമ്പുന്നതിൽ എനിയ്ക്ക് വലിയ അപമാനം തോന്നുന്നു. ദൈവം നമ്മെ പുരുഷൻമാരായി സൃഷ്ടിച്ചത് ഒരു വലിയ അനുഗ്രഹമാകുന്നു. ഈ പ്രത്യേകമായ അനുഗ്രഹത്തിന്ന് ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം. നാം സ്ത്രീകളോട് വളരെ ഔദാര്യത്തിലും വളരെ മൃദുലമായും പെരുമാറണം."

ഒരിക്കൽ വാഗ്ദത്ത മസീഹിന്റെ സാന്നിദ്ധ്യത്തിൽ ഒരു സ്നേഹിതനെ കുറിച്ച് അദ്ദേഹം വലിയ കർക്കശക്കാരനും സംസാരത്തിൽ കടുത്ത വാക്കുകൾ ഉപയോഗിക്കുന്നയാളും ഭാര്യയോട് രൂക്ഷമായി പെരുമാറുന്ന വ്യക്തിയുമാണെന്നു പറയപ്പെടുകയുണ്ടായി. ഇത് വാഗ്ദത്ത മസീഹിനെ അത്യധികം വേദനിപ്പിച്ചു. അവിടുന്ന് പറഞ്ഞു: "നമ്മുടെ സ്നേഹിതൻമാർ ഒരിയ്ക്കലും അപ്രകാരം പെരുമാറരുത്."

അമൃതസരിൽ റവ: ആഥിമുമായുള്ള വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുന്ന നാളുകളിൽ ഖാൻ മുഹമ്മദ് ശാഹിന്റെ വീട്ടിൽ ഒരു രാത്രി വളരെയധികം ആളുകൾ ഒരുമിച്ചുകൂടിയിരുന്നു. വിവാദത്തിന്ന് സാക്ഷ്യം വഹിക്കാൻ പുറമെനിന്ന് ഒട്ടേറെ സന്ദർശകൻമാർ എത്തിച്ചേർന്നിരുന്നു. വാഗ്ദത്ത മസീഹ് (അ) ആ ദിവസം പലപ്പോഴും എന്നപോലെ കഠിനമായ തലവേദന കൊണ്ട് വിഷമിക്കുകയായിരുന്നു. സന്ദർശകൻമാർ ഹസ്രത്തിനെ ഒന്ന് കാണാനുള്ള ആകാംക്ഷയിൽ അവിടുന്ന് പുറത്തേയ്ക്ക്

വരുന്നതും കാത്ത് അക്ഷമരായികഴിയുകയായിരുന്നു. ഒടുവിൽ ആ മഹാത്മാവ് പുറത്തേയ്ക്ക് വന്നു. ലാഹൗറിലെ പെൻഷൻ ഉദ്യോഗസ്ഥനായ മുൻഷി അബ്ദുൽ ഹയ്യ്, അപാരമായ സ്നേഹാദരങ്ങളോടെതന്നെ ചങ്ങാതിമാരോട് പറയുന്നരീതിയിൽ വാഗ്ദത്ത മസീഹിനോട് അവിടുത്തെ ആരോഗ്യനിലയെപറ്റി ആരാഞ്ഞുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ഹുസൂർ! അങ്ങയുടെ ചുമലിൽ കനത്ത കർത്തവ്യഭാരം ആണുള്ളത്. അതുകൊണ്ട് ഹുസൂർ ആരോഗ്യകാര്യത്തിൽ വളരെയേറെ ശ്രദ്ധിയ്ക്കേണ്ടതുണ്ട്. നല്ല പോഷകാഹാരം തയ്യാറാക്കിച്ച് കഴിക്കണം." വാഗ്ദത്ത മസീഹ് മന്ദസ്മിതം തൂകിക്കൊണ്ടു ഇപ്രകാരം അരുളി: "താങ്കൾ പറഞ്ഞതെത്രയും ശരിതന്നെ. എനിയ്ക്കും അത് തോന്നിയിട്ടുണ്ട്, അത്തരം ആഹാരം തയ്യാറാക്കി കഴിക്കണമെന്ന്. പക്ഷെ, ഈ സ്ത്രീകളുണ്ടല്ലോ, അവർ, സ്വന്തം കാര്യങ്ങളിൽ മുഴുകിയിരിക്കയാൽ മറ്റുള്ളവരുടെ കാര്യത്തിൽ അത്ര ശ്രദ്ധിക്കാനാവുന്നില്ല!"

മുൻഷി സാഹിബ് ഇത് കേട്ടപ്പോൾതന്നെ തുറന്നടിക്കുകയുണ്ടായി: "ഹുസൂർ! അങ്ങ് സ്ത്രീകളെ ശാസിക്കുന്നില്ല. അങ്ങയോട് അവർക്ക് ഭയം തോന്നുമാറാകണം ഞാൻ എപ്പോഴും എന്റെ ആഹാരകാര്യത്തിൽ പ്രത്യേകം നിഷ്കർഷ പുലർത്തുന്നവനാണ്. ഞാൻ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്ന പ്രശ്നമേയില്ല. എന്റെ നിർദ്ദേശങ്ങൾ കടുകളവ് ലംഘിക്കപ്പെട്ടാൽ പണി വേറെയാണ്!" മുൻശി സാഹിബ് പഴയ മാർഗ്ഗത്തിലുള്ള സൂഫിവര്യനായ ഹസ്രത്ത് അബ്ദുല്ലാഹ് ഗസ്നവിയുടെ ഒരു ശിഷ്യനായിരുന്നു. ഞാനും അന്ന് അവിടെ കൂടിയവരിൽ ഉൾപെട്ടിരുന്നു. മുൻശി സാഹിബ് പറഞ്ഞത് എനിയ്ക്ക് നന്നേപിടിച്ചു. എന്റെ ഗുരുവിന്റെ കാര്യത്തിൽ ആശങ്കയുള്ളത്കൊണ്ടാണ് അദ്ദേഹം അപ്രകാരം തുറന്നടിച്ചത്. എന്റെ ഗുരു കൂടുതൽ നല്ല ആഹാരം കഴിക്കുമാറാകണമെന്ന് എന്റെ മനസ്സിലും വലുതായ ആഗ്രഹം തിങ്ങിനിറഞ്ഞിരുന്നു. എല്ലാവർക്കുമുള്ള അടുക്കളയിൽനിന്ന് പൊതുവായി തയ്യാറാക്കപ്പെടുന്ന ആഹാര സാധനങ്ങൾ അവിടുത്തേയ്ക്ക് യഥാർത്ഥത്തിൽ പറ്റിയതല്ലന്ന് എനിയ്ക്ക് തോന്നാറുണ്ടായിരുന്നു. ബുദ്ധിപരമായ കനത്ത പ്രവൃ

ത്തികൾ നിരന്തരമായി നടത്തിക്കൊണ്ടിരുന്ന ആളെന്ന നിലയിൽ അവിടുത്തേയ്ക്ക് അത് അനുപേക്ഷണീയവുമായിരുന്നു. അതിനാൽ മുൻഷി സാഹിബിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയും ഞാനറിയാതെതന്നെ അദ്ദേഹത്തെ പിന്താങ്ങികൊണ്ട് എന്തോ പറഞ്ഞുപോവുകയും ചെയ്തു. മുൻശി സാഹിബ് സൂഫി മൌലവി അബ്ദുല്ലാഹ് ഗസ്നവിയുടെ അടുക്കൽനിന്ന് ശിക്ഷണം നേടിയ ആളായിരുന്നു. ഞാൻ പറഞ്ഞു: "ഹുസൂർ! മുൻഷി സാഹിബ് പറഞ്ഞത് വളരെ ശരിയാണ്. ഇക്കാര്യത്തിൽ അങ്ങയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ സ്ത്രീകളെ നിർബന്ധിക്കുകതന്നെ വേണം". ഞാനിത് പറഞ്ഞപ്പോൾ വാഗ്ദത്ത മസീഹ് എന്നെയൊന്ന് നോക്കിക്കൊണ്ട് പറഞ്ഞു: "നമ്മുടെ സ്നേഹിതൻമാർ അത്തരം രീതി അവലംബിച്ചുകൂട". ഈ വാക്കുകൾ കേട്ടപ്പോൾ ഞാനാകെ ചമ്മിപ്പോയി. പഴയ മാർഗ്ഗത്തിലുള്ള സൂഫീവര്യന്റെ മാതൃകയെ പിൻപറ്റിയതിൽ എനിയ്ക്ക് വല്ലാത്ത ലജ്ജ തോന്നി എന്നത് സത്യമായിരുന്നു. അന്നാളുകളിൽ പക്ഷെ, ഞാൻ ആത്മീയവിഷയങ്ങളിൽ ഒരു പുതുക്കക്കാരനായിരുന്നു. ദിവ്യമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എനിയ്ക്ക് ധാരാളം ശിക്ഷണം ലഭിക്കേണ്ടതുണ്ടായിരുന്നു.

സഹോദരൻമാരെ, ഞാൻ ഈ കഥ നിങ്ങൾക്ക് വിവരിച്ചുതന്നത്, വളരെ പരിശുദ്ധപ്രകൃതക്കാരനും ദൈവത്തോടും മനുഷ്യനോടുമുള്ള തന്റെ കടമകൾ നിറവേറ്റുന്നത് എങ്ങിനെയെന്ന് അറിയുന്ന ഒരാളും ധാർമീക ഗുരുവായി നിയോഗിക്കപ്പെട്ട ആളുമായ ഒരു മഹാത്മാവും ഒരു സൂഫീവര്യനോടൊപ്പം കഴിഞ്ഞുകൊണ്ട് ആത്മീയസഞ്ചാരത്തിൽ ക്ലേശകരമായ ഭാഗം താണ്ടിക്കടന്നു എന്ന തെറ്റിദ്ധാരണയിൽ അകപ്പെട്ടിരിക്കുകയും എന്നാൽ, യഥാർത്ഥധാർമ്മിക ജീവിതത്തെ പറ്റി ഒന്നുമേതും അറിയാതിരിക്കുകയും ചെയ്യുന്നവരും തമ്മിലുള്ള അന്തരം ചൂണ്ടിക്കാണിക്കുവാനാണ്.

ആരുടെ പരുഷമായ പെരുമാറ്റത്തെപറ്റി പരമാർശങ്ങളുണ്ടായോ ആ സഹോദരന്റെ കഥയിലേയ്ക്ക്തന്നെ ഞാൻ തിരി

യട്ടെ. വാഗ്ദത്ത മസീഹ് ഇത് കേട്ടപ്പോൾ സ്ത്രീകളോട് പെരുമാറേണ്ടത് എങ്ങിനെയെന്നതിനെപറ്റി നീണ്ടൊരു പ്രസംഗം തന്നെ ചെയ്തു. അത് ഉപസംഹരിച്ചത് ഇപ്രകാരമായിരുന്നു:

"എന്നെ സംബന്ധിച്ചിടത്തോളം ഞാനൊരിക്കൽ എന്റെ ഭാര്യയോട് അല്പം കൂറ്റെടുത്ത് സംസാരിക്കാനിടയായപ്പോൾ, അത് അല്പം അതൃപ്തികരമായതരത്തിൽ ഒച്ചയിലായിപ്പോയി. എന്ന് എനിയ്ക്ക് തോന്നുകയുണ്ടായി. യഥാർത്ഥത്തിൽ അത് കയർത്തുകൊണ്ടുള്ളതോ പരുഷമായ പദങ്ങൾ ഉപയോഗിച്ചിട്ടുള്ളതോ ആയിരുന്നില്ല തീർച്ച. എങ്കിലും എനിയ്ക്ക് അനുഭവപ്പെട്ട മനോവിഷമം കാരണം ഞാൻ അല്ലാഹുവിനോട് തുടർച്ചയായി പൊറുക്കലിനെ തേടുകയും അങ്ങേയറ്റം താണുകേണ് പ്രാർത്ഥന നടത്തുകയുമുണ്ടായി. എന്നിലുള്ള എന്തോ ഗോപ്യമായ കുറ്റംകൊണ്ടായിരിക്കണം ഞാൻ അപ്രകാരം ഉച്ചത്തിൽ സംസാരിച്ച് പോയതെന്നോർത്ത് ഞാൻ കുറെ ദാനധർമ്മങ്ങൾ നടത്തുകയുമുണ്ടായി".

മസീഹിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ അറിവ്കേടും അവസ്ഥയും ഓർത്ത് ഞാൻ എത്രമാത്രം ലജ്ജിതാനായിത്തീർന്നു എന്ന സംഗതി അല്ലാഹുമാത്രമെ അറിയുകയുള്ളൂ. ഇത്തരത്തിൽ അത്യന്തം അസാധാരണമായ ജീവിതപരിശുദ്ധിയും ദൈവഭക്തിയും സദാചാരത്തിന്റെ അതിസൂക്ഷ്മാംശങ്ങൾപോലും പരിഗണിക്കാനുള്ള മനോഭാവവും സാധാരണക്കാരനായ ഒരാൾക്ക് കൈവരികയില്ലെന്ന യാഥാർത്ഥ്യം ഒരു ഇരുമ്പാണി പതിച്ചത്പോലെ എന്റെ ആത്മാവിന്റെ അഗാധതലത്തിൽ പതിയുകതന്നെചെയ്തു. ഇസ്ലാമിന്റെ അനുയായികൾ എന്നും തിരുനബിയുടെ സുന്നത്തിനെ പിന്തുടരുന്നവരെന്നും അഭിമാനംകൊള്ളുന്ന ഞാനും എന്നെപ്പോലുള്ള നൂറുക്കണക്കിൽ മറ്റു മുസ്ലിംകളും, യഥാർത്ഥശരീഅത്തിന്റെ യാതൊരു കൽപനയും മനഃപൂർവ്വം കൈയ്യൊഴിക്കുകയോ, ദൈവത്തിന്റെ ആജ്ഞകളെ ധിക്കരിക്കുകയോ ചെയ്യുന്നില്ലെന്നത് നിസ്തർക്കംതന്നെയെങ്കിലും ഉദാത്തഭാവവും, തെറ്റും ശരിയും വേർതിരിച്ചറിയാനുള്ള ഈ സൂക്ഷ്മദൃഷ്ടിയും നമുക്ക് ഇല്ലെന്നതാണ് സത്യം.

സാധാരണ നിലയിലുള്ള അനുസരണക്കേടുകളിൽനിന്ന്–സംശയകരങ്ങളായ ഘടകങ്ങളെയും അതിസൂക്ഷ്മങ്ങളായ വശങ്ങളെയും പറ്റിയൊന്നും പരിഗണിക്കാതെ–വിട്ടുനിൽക്കാൻ തുടങ്ങുമ്പോൾ തന്നെ, നാം വലിയ ഭാഗ്യാത്മാക്കളാണെന്നും സാൻമാർഗികതയുടെ അത്യുന്നതശ്രേണികളിൽ എത്തിക്കഴിഞ്ഞെന്നും നാം കരുതിക്കളയുന്നു. പ്രത്യക്ഷങ്ങളും തുറന്നതുമായ പാഠങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുവാനേ നാമെല്ലാം ശ്രമിക്കുന്നുള്ളൂ. ബോധപൂർവ്വകമായ കറയറ്റ ഈമാനും സത്യവിശ്വാസവും ദൈവഭയവുംകൊണ്ട് മാത്രം വാഗ്ദത്ത മസീഹിൽ കാണപ്പെടുന്ന തരത്തിലുള്ള സൂക്ഷ്മ ദർശിത്വം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. അവിടുന്ന് അല്ലാഹുവിന്റെ ഒരു സത്യദൂതനാണെന്നതിലേയ്ക്ക് ആയിരക്കണക്കായ നിറന്ന അടയാളങ്ങൾ ഉണ്ടെന്നിരിക്കലും–നട്ടുച്ചനേരത്തെ സൂര്യനെക്കാളും തെളിഞ്ഞു പ്രകാശിക്കുന്ന ദൃഷ്ടാന്തങ്ങളാണ് അവയെല്ലാം– അവയൊന്നും ഇല്ലെന്ന്വന്നാലും ഈ ഒരൊറ്റ സാക്ഷ്യംമാത്രം അതായത് ആ മഹാത്മാവിന്റെ അനിതരസാധാരണമായ സൽഗുണങ്ങളും പരിശുദ്ധതയും മാത്രം അവിടുത്തെ സത്യത്തിലേയ്ക്ക് സാക്ഷ്യമായി മതിയാവുന്നതാണ്.

പ്രത്യക്ഷത്തിൽ പരമഭക്തൻമാരായ എത്രയോ സൂഫീവര്യന്മാരെ ഞാൻ കണ്ടിട്ടുണ്ട്. ഈ ലോകത്തെ പാടെ പരിത്യജിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്ന എത്രയോ 'ആബിദീ'ങ്ങളേയും* ശരീഅത്തിന്റെ കല്പനകളെ വരവണ്ണം അനുവർത്തിക്കുന്ന എത്രയോ 'ആലി'മീങ്ങളേയും+ ഞാൻ കണ്ടിട്ടുണ്ട്. ആളുകളുടെ മുന്നിൽ അവർ ആടുകളെപോലെ സൗമ്യരായികാണപ്പെടും. നിമിഷംതോറും അവർ നെഞ്ചുയർത്തി ദീർഘശ്വാസമിടും. അവർ ഉദീരണം ചെയ്യുന്ന വാക്കുകൾ കേൾക്കാൻ ചെവിവട്ടംപിടിച്ച് കാത്ത്നിൽക്കുന്ന ശിഷ്യജനങ്ങളുടെ മുമ്പിൽ എന്തെങ്കിലും ഉരിയാടാൻ അവർ നാക്കനക്കുകയില്ല. എന്നാൽ ഇവർ വീട്ടിലെത്തിയാലൊ, സ്വന്തം കുടുംബാംഗങ്ങളോട് ചെന്നായ്ക്കളേയും വ്യാഘ്രങ്ങളേയും പോലെയാവും പെരുമാറുന്നത്!

---

* ദൈവാരാധനയിൽ ലയിച്ചവർ.

\+ മതപണ്ഡിതൻമാർ

ഇന്ത്യയിൽ ലക്ഷക്കണക്കിൽ 'മുരീദ'ൻമാർ ഉള്ള ഒരു 'പീർ'ഉണ്ട്. വലിയ ഭക്തനാണെന്ന ഭാവം അയാൾക്കുണ്ടായിരുന്നു. ഈ പീറിന്റെ വളരെ അടുത്ത ചാർച്ചക്കാരിയായ ഒരു സ്ത്രീക്ക് വാഗ്ദത്ത മസീഹിന്റെ വീട്ടിൽ അൽപനാൾ താമസിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ടായിരുന്നു. വാഗ്ദത്ത മസീഹ് സ്വഭവനത്തിൽ ഒരു 'മലക്കി'നെപോലെയാണ് കഴിഞ്ഞുപോന്നതെന്ന്കണ്ട് ആ സ്ത്രീ ആശ്ചര്യപരതന്ത്രയായിരുന്നു. ആരേയും വിമർശിക്കാതെയും യാതൊരു തെറ്റുകുറ്റവും ചൂണ്ടിക്കാണിക്കാതെയും തന്റെ യജമാനനെ അനുസരിക്കുന്നപ്രകാരം തന്റെ ഭാര്യ പറയുന്നതനുസരിച്ച് ഓരോ കാര്യവും അവിടുന്ന് ചെയ്യാൻ തയ്യാറാവുന്നത് ആ സ്ത്രീകണ്ടു! തന്റെ 'ഷാ സാഹിബ്' (പീർസാഹിബ്) പെരുമാറുന്നതിൽനിന്നും തികച്ചും വ്യത്യസ്തമാണിതെന്ന് അവർ പലപ്പോഴും പറയാറുണ്ടായിരുന്നു. പീർസാഹിബ് വീട്ടിൽ കടന്നുവരുമ്പോൾ തന്നെ വലുതായ ഒച്ചപ്പാടും ബഹളവും ആയിരിക്കും. കണ്ണിൽപെട്ടവരോടെല്ലാം കയർക്കുകയും പണിക്കാരെ ശകാരിക്കുകയും ചെയ്തുതുടങ്ങും. കുട്ടിയുടെ മുഖത്തൊരടി വച്ച്കൊടുക്കും. പിന്നീട് ഭാര്യയോട് തട്ടിക്കയറുകയും ചെയ്യും. കറിക്ക് ഉപ്പെന്തേ കുറഞ്ഞുപോയി? (അഥവാ, അധികം ആയി?) "അതെന്തിന്ന് അവിടെവച്ചു?" "എന്തൊരു വൃത്തികെട്ട ജന്തു! "ഇതെന്തൊരു ലക്ക്കെട്ട പണി" എന്നിങ്ങനെ അയാൾ പുലമ്പുകയും ചെയ്യുമായിരുന്നു. ആഹാരം രുചിക്കൊത്തതായില്ലെങ്കിൽ തളികയോടെ അതെടുത്ത് ഭിത്തിയ്ക്ക് നേരെയെറിയും. ചുരുക്കത്തിൽ, ആ പീർസാഹിബ് വീട്ടിനകത്ത് ഒരു ഉഗ്രമൂർത്തിതന്നെ! വീട്ടിനകത്തുള്ളവരെല്ലാം സർവ്വാത്മനാ പ്രാർത്ഥിക്കുന്നുണ്ടാകും ദൈവമേ, പീർസാഹിബ് എന്നും വീട്ടിന്ന് വെളിയിൽതന്നെയായിരിക്കണമേ എന്ന്!

വാഗ്ദത്തമസീഹിന്റെ നോട്ടങ്ങളിൽ പാലിച്ചുപോന്ന സൂക്ഷ്മത, കുറ്റം കണ്ടില്ലെന്ന്വെക്കൽ, പൊറുത്തുകൊടുക്കൽ എന്നിവയെകുറിച്ചെല്ലാം ദീർഘദീർഘം ഉപന്യസിക്കാനുണ്ട്. അവിടുന്ന് ആരെയുംതന്നെ ഒരിക്കൽപോലും കണ്ണുയർത്തിനോക്കുകയില്ലെന്ന് വീട്ടിലെ ഭൃത്യകൾക്ക് തങ്ങളുടെ ഉണ്മയിലെന്നപോലെ വിശ്വാസമാണ്. ഇടനാഴികളിലൂടെ അങ്ങോട്ടുമിങ്ങോട്ടും

കടന്ന് പോകേണ്ടതുണ്ടാകും. നിത്യവും സ്ത്രീകൾ ഉള്ള സ്ഥലത്തൂടെ നീങ്ങേണ്ടിവരും. എന്നാൽ, ഒരിക്കലെങ്കിലും അവിടുന്ന് കണ്ണുയർത്തി ആരുടേയും നേരെ നോക്കുന്നത് ആർക്കും അനുഭവപ്പെട്ടിട്ടില്ല. അവിടുത്തെ ദൃഷ്ടികൾ എപ്പോഴും താഴോട്ട് പതിഞ്ഞ നിലയിലായിരിക്കും.

അത്ഭുതാവഹമായ സൗമ്യഭാവവും മനസ്വാസ്ഥ്യവും അസാധാരണമായ ശാന്തതയും സഹനശീലവും ആ മഹാത്മാവിന്റെ മുഖത്ത് കളിയാടുന്നു. പുറത്ത് എത്രവലിയ ബഹളവും ഒച്ചപ്പാടും നടക്കുന്നുണ്ടായാലും–ആരുടേയും ശ്രദ്ധതിരിക്കുന്നതും ആരും തിരിഞ്ഞുനോക്കിപ്പോവുന്നതുമായ ബഹളവും ഒച്ചപ്പാടും ഉണ്ടായാലും–അവിടുന്ന് അത് അറിഞ്ഞെന്ന് വരില്ല. അല്പം പോലും അത് അവിടുത്തെ അലോസരപ്പെടുത്തുകയുമില്ല. ഈ മാനസികാവസ്ഥയ്ക്ക്വേണ്ടിയാണ് ദൈവദാസൻമാർ ആർത്തി പൂണ്ടിരിക്കുകയും, ദൈവസവിധത്തിൽ കണ്ണീർവാർത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്. എനിയ്ക്ക് പല ഗ്രന്ഥകാരൻമാരെയും എഴുത്തുകാരെയും അറിയാം. അവർ എന്തെങ്കിലും എഴുത്തുജോലിയിൽ ഏർപ്പെട്ടിരിക്കെ, ഒരു കിളി ചിലച്ചെത്തിയാൽമതി, അവരുടെ സകലചിന്തകളും ആശയങ്ങളും ജലരേഖകൾ കണക്കെ അപ്രത്യക്ഷമാവുകയും, ഒരു നരിയോ പുലിയോ തന്നെ എതിർക്കാൻ വന്നിരിക്കയാണെന്നപോലെ അതിനെ നേരിടുകയും ചെയ്യും. ക്ഷിപ്രകോപിയും, നേരിയ പ്രകോപനംപോലും സഹിക്കാനാവാത്ത ആളും, ആരും ഒപ്പം ഇരിക്കുന്നത് പൊറുപ്പിക്കാത്തയാളും, അത് തന്റെ ആത്മാവിന് ഭാരമായി കരുതുന്ന ആളുമാണെന്നതത്രെ ഒരു സൂഫിയുടേയോ, പീറിന്റെയോ, ഖാസിയുടേയോ ഏറ്റവും വലിയ മഹത്വമായി വിവരിക്കപ്പെടാറുള്ളത്! എനിയ്ക്ക്തന്നെ കുറേമുമ്പ് അത്തരം ഒരനുഭവമുണ്ടായി. ഞാൻ അത്തരം ഒരാളുടെ അടുക്കൽ പത്തുമിനിറ്റ് മാത്രം ഇരുന്നതേയുള്ളു! എന്നോട് ചോദിക്കുകയായി, വേറെവല്ല കാര്യവും ഉണ്ടോയെന്ന്! ഉടൻ സ്ഥലം വിട്ടുകൊള്ളണം എന്നൊരു സൂചനയാണ് ആ ചോദ്യത്തിൽ അടങ്ങിയിരുന്നത്. മനസ്സിന്റെ സ്വാസ്ഥ്യം ഹൃദയത്തിന്റെ നൈർമല്യം പൊറുമ എന്നിവ അങ്ങേയറ്റം അനുഗൃഹിതങ്ങളായ ഗുണവി

ശേഷങ്ങളാകുന്നു. ഇവ സ്വായത്തമാക്കിയിട്ടുള്ള ഒരാൾ വലിയ ഭാഗ്യവാനത്രെ. ദൈവത്തിന്റെ പരിശുദ്ധാത്മാക്കളെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്നതും മഹത്വവൽക്കരിക്കുന്നതും ഈ ഗുണങ്ങൾതന്നെയാണ്.

വലുതായ ബഹളങ്ങൾക്കും ഒച്ചപ്പാടുകൾക്കും നടുവിൽ വാഗ്ദത്ത മസീഹ് (അ) വിഷമസങ്കീർണ്ണങ്ങളായ വിഷയങ്ങളെപറ്റി എഴുതിക്കൊണ്ടിരിക്കുന്നതും അതിവിസ്മയനീയമായ ഭാഷാപടുത്വം വെളിപ്പെടുത്തുന്ന അതുല്യമനോഹരങ്ങളായ അറബിക്കവിതകൾ രചിക്കുന്നത് പോലും ഞാൻ കണ്ടിട്ടുണ്ട്. ആ മഹാത്മാവിന്ന് ചുറ്റും അവിരാമം കുട്ടികൾ ഓടിച്ചാടുകയും ഒന്നുമേതും അറിയാത്ത സ്ത്രീ ജനങ്ങൾ പരസ്പരം കലമ്പൽകൂടുകയും ചെയ്യുന്നുണ്ടാവും. കൂക്കിവിളിക്കുകയും ഒച്ചയിടുകയും ചെയ്യുന്നത് ചെറിയകുട്ടികളുടേയും ഗ്രാമീണ സ്ത്രീകളുടേയും സ്വഭാവമാണല്ലോ. എന്നാൽ, ഇതൊന്നും തന്നെ ആ സ്ഥവിരചിത്തനെ ഒട്ടും അലോസരപ്പെടുത്തുകയില്ലെന്ന് മാത്രമല്ല, താൻ ഏകാന്തതയിലാണെന്ന ഭാവത്തിൽ അവിടുന്ന് എഴുത്തുജോലിയിൽ ലയിച്ചിരിക്കുകയും ചെയ്യും. ഇത്തരം ബഹളമയമായ അന്തരീക്ഷത്തിലാണ് അറബി, പേർഷ്യൻ, ഉർദുഭാഷകളിലുള്ള അവിടുത്തെ അതുല്യങ്ങളും അതി മഹത്ത്വരങ്ങളുമായ കൃതികളെല്ലാംതന്നെ രചിക്കപ്പെട്ടിട്ടുള്ളത്. ഏതാദൃശമായ ഒച്ചപ്പാടുകൾക്കിടയിൽ യാതോരലട്ടും തോന്നാതെ അത്രയും ഭാവഭദ്രമായി ചിന്തിക്കാനും എഴുതാനും കഴിയുന്നതെങ്ങിനെയെന്ന് ഞാൻ ഒരിയ്ക്കൽ അവിടുത്തോട് ചോദിക്കുകയുണ്ടായി. പുഞ്ചിരിതൂകിക്കൊണ്ട് മറുപടി നൽകിയത് "ചുറ്റും നടക്കുന്നതെന്തെന്ന് ഞാൻ അപ്പോൾ ഗണ്യമാക്കാറില്ല; അതുകൊണ്ട് അതൊന്നും എന്നെ അലട്ടാറില്ല" എന്നായിരുന്നു.

ഒരിയ്ക്കൽ വാഗ്ദത്ത മസീഹ് ഒരു സുപ്രധാന ഗ്രന്ഥം രചിച്ചുകൊണ്ടിരിക്കുന്നതിൽ ഏർപെട്ടിരിക്കെ അവിടുത്തെ മകൻ മഹമൂദ്- അപ്പോൾ കുട്ടിയ്ക്ക് നാലുവയസ്സായിക്കാണും-കയ്യിൽ ഒരു. തീപ്പെട്ടിയുമായി മുറിയിലേയ്ക്ക് കടന്നുവന്നു. ഒപ്പം ഒരു കൂട്ടം വേറെയും കുട്ടികളുമുണ്ടായിരുന്നു. കുറേനേരം കുട്ടി

കൾ അതിനുള്ളിൽ കളിച്ചുകൊണ്ടിരുന്നു. പിന്നെ മഹ്മൂദ് ഒരു തീപ്പെട്ടിക്കൊള്ളിയുരച്ചു. അവിടെകണ്ട കടലാസുകൾ കത്തിച്ചു. വാഗ്ദത്ത മസീഹ് രചിക്കുകയായിരുന്ന പുസ്തകത്തിന്റെ ഭാഗങ്ങളടങ്ങിയ കയ്യെഴുത്ത് കോപ്പികൾക്കാണ് കുട്ടി തീവെച്ചത്. കടലാസുകൾ കത്തിപ്പാളുമ്പോൾ മഹ്മൂദ് കൈകൾകൊട്ടി ആഹ്ലാദിക്കുകയായിരുന്നു! പുസ്തകമെഴുതുന്ന തിരക്കിൽ വാഗ്ദത്ത മസീഹ് അടുത്ത് നടക്കുന്നതെന്തെന്ന് ശ്രദ്ധിച്ചതേയില്ല. മറ്റ്കുട്ടികളാകട്ടെ വേറെ വിഷയത്തിൽ ശ്രദ്ധതിരിക്കുകയും ചെയ്തിരുന്നു. കടലാസുകളാകെ കത്തിച്ചാമ്പലാകുന്നത്വരെ അതാരും കണ്ടില്ല. വാഗ്ദത്ത മസീഹ് (അ) താൻ എഴുതിക്കഴിഞ്ഞ മുൻപേജുകൾ കാണാതായപ്പോൾ കുട്ടികളോട് അന്വേഷിച്ചു. കുട്ടികൾ എന്തെങ്കിലും പറയാൻ ഭയപ്പെട്ടു. മഹ മൂദ് കടലാസ് കത്തിച്ചുകളഞ്ഞതായി ഒരു കുട്ടി അറിയിച്ചു. വാഗ്ദത്ത മസീഹ് കോപിച്ചിരിക്കുമെന്ന് കരുതി അവരെല്ലാം ഭയ പരവശതയോടെ അനന്തര ഫലം കാത്തുനിന്നു. എന്നാൽ, ചിരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) പറഞ്ഞത്, 'പോകട്ടെ, അത് കത്തിച്ചാമ്പലായത് നന്നായി; അത് ദൈവേച്ഛയാകാം; ഇനി അതിലും മഹത്തരമായിട്ടുള്ളത് അല്ലാഹു വേറെ നൽകും!'

ഇവിടെ ചിന്തകൻമാരായിട്ടുള്ള ഓരോ ആളും അല്പ നേരം ആലോചിക്കേണ്ടിയിരിക്കുന്നു. വാഗ്ദത്ത മസീഹിന്റെ സ്ഥാനത്ത് മറ്റൊരാളായിരുന്നെങ്കിൽ അവിടെ എന്ത് സംഭവിക്കുമായിരുന്നു?

വാഗ്ദത്ത മസീഹ് (അ) 'അത്തബ്ലീഗ്' എന്ന കൃതി രചിച്ചുകൊണ്ടിരിക്കെ, ഹസ്രത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബ് ഖാദിയാനിൽ ഹസ്രത്ത് സാഹിബിന്റെ ഭവനത്തിൽ കയറിവന്നു. വലിയ കടലാസിൽ രണ്ട്പുറങ്ങളിൽ താനെഴുതിയ ഒരു അറബി ലിഖിതം അത് പാർസീ ഭാഷയിലേയ്ക്ക് വിവിർത്തനം ചെയ്യാനായി എന്നെ ഏൽപിക്കാൻ ഉദ്ദേശിച്ചിരുന്നു. ആ അറബി ലിഖിതത്തിന്റെ സാഹിത്യമധുരിമയിലും ദൈവദത്തമായ ശൈലി ഭംഗിയിലും അവിടുന്ന് തന്നെ അഭിമാനം കൊണ്ടിരുന്നു. ലിഖിതം കീശയിലിട്ടു വാഗ്ദത്ത മസീഹ് പുറത്തേയ്ക്ക് നടക്കാൻ ഇറ

ങ്ങി. അത് നൂറുദ്ദീൻ സാഹിബിനെ ഏൽപിക്കേണ്ട കാര്യം അവിടുന്ന് മറന്ന് പോയി. മൌലാനാ അവർകളും ഒരു വിഭാഗം ശിഷ്യൻമാരും സാധാരണപോലെ നടത്തത്തിൽ അവിടുത്തെ പിന്തുടർന്നു. നടത്തം കഴിഞ്ഞ് വീട്ടിൽതിരിച്ചെത്തിയപ്പോഴാണ് ലിഖിതത്തിന്റെ കാര്യം ഓർത്തത്. അതവിടുന്ന് ഉടൻ കീശയിൽനിന്നെടുത്ത് നൂറുദ്ദീൻ സാഹിബിനെ ഏൽപിച്ചു. അത് വായിച്ച് നോക്കിയശേഷം എന്നെ ഏൽപിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. മൌലവി സാഹിബിന്റെ കയ്യിൽനിന്ന് ആ കടലാസ്സ് വഴിയിൽ എവിടെയോ വീണുപോയി. വാഗ്ദത്ത് മസീഹ് തന്റെ വസതിയിലേയ്ക്ക് മടങ്ങുകയും മൌലാനാ നൂറുദ്ദീൻസാഹിബ് തന്റെ മുറിയിലേയ്ക്ക് പോവുകയും ചെയ്തു. തർജമചെയ്യേണ്ടകടലാസ്സുകൾ സമയത്തിന്ന് കിട്ടാഞ്ഞപ്പോൾ ഞാനിക്കാര്യം ചിലരോട് പറഞ്ഞു: "ഹസ്രത്ത് സാഹിബ് ഇന്ന് തർജമചെയ്യേണ്ട കടലാസ്സ് എത്തിച്ച് കണ്ടില്ല. മാറ്റർ ഇന്ന് തന്നെ പ്രസ്സിൽ അയക്കേണ്ടതാണല്ലോ.' വിവരം മൌലവി സാഹിബിന്റെ ചെവിയിലും എത്തി. അദ്ദേഹം ആകപ്പാടെ പരിഭ്രാന്തനായി. കാണാതായ കയ്യെഴുത്ത് പ്രതി കണ്ടെടുക്കുന്നതിന് ആളുകളെ താൻ നടന്ന്പോയ വഴിയിലേയ്ക്ക് അയച്ചു. എന്നാൽ അത് കണ്ട്കിട്ടിയില്ല. കടലാസ്സ് നഷ്ടപ്പെട്ടതിൽ മൌലവി സാഹിബ് അങ്ങേയറ്റം ലജ്ജിതനായി. വാഗ്ദത്ത മസീഹ് ഒടുവിൽ ഇക്കാര്യം അറിഞ്ഞപ്പോൾ മുഖത്ത് പുഞ്ചിരിയുമായി കടന്നുവന്ന് ഇപ്രകാരം പറഞ്ഞു: "കടലാസ് കാണാതായതിനാൽ മൌലവി സാഹിബ് വളരെയേറെ ഉത്കണ്ഠപ്പെടുകയും വിഷമിക്കുകയും ചെയ്യുകയാണെന്ന് ഞാനറിഞ്ഞു. അതിന് വേണ്ടി ഇനിയുമേറെ തിരയേണ്ടതില്ല. പോയത് പോയി! അല്ലാഹു അതിലും മെച്ചപ്പെട്ടത് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു."

വാഗ്ദത്ത മസീഹിന്റെ പൊറുമയും ഹൃദയവിശാലതയും വിവരണാതീതമാണ്. ഒരു സ്ത്രീ ഒരിയ്ക്കൽ അവിടുത്തെ വീട്ടിൽനിന്ന് കുറച്ച് അരി കട്ടെടുക്കുകയുണ്ടായി. അരിയുടെ ഭാണ്ഡവുമായി ആ സ്ത്രീ പുറത്തിറങ്ങി. പോകുന്നതിനിടയിൽ അവളുടെ ഭാവങ്ങളിൽ സംശയിച്ച ചിലർ അവളെ പിടികൂടി. പരിശോധിച്ചപ്പോൾ കക്ഷത്തിൽ ഒളിപ്പിച്ച അരി കണ്ടെത്തി

അതോടെ അവിടെ കൂടിയവരെല്ലാം അവളെ ശകാരിക്കാനും ഭീഷണിപ്പെടുത്താനും ഒരുങ്ങി. വാഗ്ദത്ത മസീഹ് (അ) ആ സന്ദർഭത്തിൽ അവിടെ എത്തിപ്പെട്ടപ്പോൾ സംഗതികൾ അന്വേഷിച്ചറിഞ്ഞു. "ആ സ്ത്രീ ഒരു പാവപ്പെട്ടവളാണ്. അവൾക്ക് അരികൊടുക്കൂ. അവളെ അവഹേളിക്കരുത്. ദൈവം നമ്മുടെ കുറ്റങ്ങൾ പൊറുത്തുതരുന്നില്ലെ. നാമും മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പൊറുത്തുകൊടുക്കണം."

അവിടുന്നു വീഴ്ചകൾക്കും അനാവശ്യമായ സംസാരങ്ങൾക്കും ആരെയും ശാസിക്കാറില്ല. എന്നിരുന്നാലും, അവിടുത്തെ സാന്നിദ്ധ്യം എല്ലാവരിലും ആദരപൂർവ്വമായ ഭയം ഉളവാക്കുന്നു. അവിടുന്ന് ആരെയും തന്നെ ശിക്ഷിക്കുകയില്ലെന്ന് ഓരോകുട്ടിക്കും ഓരോ സ്ത്രീക്കും പൂർണ്ണവിശ്വാസമാണെങ്കിലും എല്ലാവരും അങ്ങേയറ്റം ഭയത്തോടും ആദരവോടും കൂടിയാണ് നോക്കുന്നത്. ഒപ്പംതന്നെ അവിടുത്തോട് അവർക്കുണ്ടായിരുന്ന സ്നേഹവും പ്രീതിയും എത്രത്തോളമാണെന്ന് ഈ ലോകത്തിന്റെ മക്കൾക്ക് വിവരിച്ചുതരിക എനിയ്ക്ക് അസാദ്ധ്യംതന്നെ. ദൈവവുമായി ബന്ധമുള്ളവർക്കെ ഇതിന്റെ പൊരുൾ മനസ്സിലാവുകയുള്ളു. ദൈവത്തിന്റെ മഹത്വവും പ്രതാപവും വിശുദ്ധഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതും ദൈവഭയത്തെപറ്റി ഊന്നിപ്പറഞ്ഞിട്ടുള്ളതും–അതോർക്കുമ്പോൾതന്നെ നട്ടെല്ല് പൊട്ടിപ്പോവുന്നതും ഒരു ചെറുപ്പക്കാരനെ വൃദ്ധനാക്കിക്കളയുന്നതുമായ വിധത്തിലുള്ളതാണ്–ആണെങ്കിലും ഒരു പൈതൽ അമ്മിഞ്ഞയുംതേടി അമ്മയുടെ മാറിലേയ്ക്ക് അടുക്കുന്നത്പോലെ ദൈവപ്രേമിയും ദൈവത്തോട് അടുക്കുന്നുവല്ലോ. മനസ്സിൽ ഭയം ജനിപ്പിക്കുന്ന ഒരു വ്യക്തിയിൽനിന്ന് സ്വാഭാവികമായും ഒരാൾ ഒഴിഞ്ഞുമാറുകയാണ് ചെയ്യുക. എങ്കിലും മനുഷ്യാത്മാവ് ദൈവത്തെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗത്തിൽ അവന്റെ മുമ്പിൽ അഗ്നിയുടേയും ജലത്തിന്റെയും കടലുകളുണ്ടെന്ന്വന്നാലും വെമ്പൽ കൊള്ളുകതന്നെചെയ്യും.

മറ്റുള്ളവരിൽ തങ്ങളുടെ രൂക്ഷതയും കൊടൂരതയും മൂലം കിടിലം സൃഷ്ടിക്കുന്നവരെപോലെയല്ല ദൈവത്തിന്റെ

പ്രതിനിധികളെ ആളുകൾ ഭയപ്പെടുന്നത്. ഒരു വിഷസർപ്പം അതിന്റെ കാന്തികവലയത്തിൽ ചെറുജീവികളെ അകപ്പെടുത്തുന്നത്പോലെ അത്തരക്കാർ മറ്റുള്ളവരെ അവരുടെ രോഷത്തിന്ന് അടിപ്പെടുത്തുന്നു. ആത്മാഭിമാനമില്ലാത്ത ഭീരുവിന്റെ, എല്ലാവരുടേയും മുമ്പിൽ സ്വയം അപമാനിതനാവുന്ന എളിമയോട്കൂടിയ വിനീതഭാവമല്ല അവരുടെ വിനയവും സൗമ്യസ്നേഹഭാവവും. അവരോടുള്ള സ്നേഹഭാവം ആദരവും ബഹുമാനവും കൂടിക്കലർന്നതാകുന്നു. ഇത്കൊണ്ടാണ് അവരുടെ തണലിൽ പരിശുദ്ധിയും ചാരിത്ര്യവും സാത്വികതയും ഒരുമിച്ചുകൂടുന്നത്. ചെകുത്താന്നും അവന്റെ കൂട്ടുകാർക്കും അവിടെ പ്രവേശിക്കാനാവില്ല. അങ്ങിനെയല്ലെങ്കിൽ യാതൊരു കർശന നടപടിയും ഒരിക്കലും സ്വീകരിക്കാത്തയാളും ആരെയും ശിക്ഷിക്കാൻ തുനിയാത്തയാളും ആയിരുന്നിട്ടും അത്തരം ഒരാളുടെ ഗൃഹത്തിൽ എല്ലാകാര്യങ്ങളും സ്നിഗ്ദ്ധതരമായി നടക്കുകയും ആ ഗൃഹം പ്രസന്നമായ കുടുംബജീവിതത്തിന്റെ മനോഹരമാതൃകയായി വിലസുകയും ചെയ്യുന്നതെങ്ങിനെ? തന്റെ കോപതാപങ്ങളെ അടക്കിയൊതുക്കാൻ കഴിയാത്ത ഒരാൾ, ജീവിതത്തിൽ എല്ലായ്പ്പോഴും തീപൂട്ടിയ അടുപ്പെന്നപോലെ എരിയുന്ന ഹൃദയത്തോടുകൂടിയ ഒരാൾ ഞാനീപറഞ്ഞത് നിഷേധിക്കാൻ ഒരുങ്ങുകയും ഇതൊക്കെ അസാദ്ധ്യമെന്നു പറഞ്ഞ് തള്ളുകയും ചെയ്തേക്കാം. അയാളുടെ പക്കൽ സിംഹത്തെപ്പോലെ ഗർജിക്കുകയും വ്യാഘ്രത്തെപ്പോലെ മീശപിരിച്ചുകൊണ്ടിരിക്കുകയും മുള്ളൻപന്നിയുടെ മുള്ളുപോലെ അവയെ കുത്തനെനിർത്തുകയും ചെയ്തില്ലെങ്കിൽ ഒരാൾക്കുംതന്നെ ബഹുമാനവും ആദരവും നേടാൻ ആവില്ലെന്നായിരിക്കും. എന്നാൽ, അയാൾ അങ്ങേയറ്റം തെറ്റിദ്ധരിച്ചവനാകുന്നു. അയാളുടെ ദുരാത്മാവ് അയാളെ ചതിപ്പെടുത്തിയിരിക്കുന്നു. അയാളുടെ കൂട്ടുകാരത്രയും അയാളെ വെറുക്കയാണെന്നും ആട്ടിടയൻമാരിൽ ചെന്നായ വേഷം പൂണ്ടതാൻ അവരെ സൂക്ഷിച്ച്നോക്കുന്നില്ലെങ്കിൽമാത്രമാണ് അവർ സന്തോഷിക്കുന്നതെന്നും അയാൾ ഹാ, മനസ്സിലാക്കിയിരുന്നെങ്കിൽ!

തന്റെ ഗൃഹത്തിൽ കുടുംബചെലവിലേയ്ക്ക് താൻ നൽകുന്ന തുകയുടെ കണക്ക് അവിടുന്ന് ഒരിക്കലും ചോദിക്കു

കയില്ല. താൻ കൊടുത്ത പണം ശരിക്കും ചിലവായിട്ടുണ്ടോ എന്ന് അന്വേഷിക്കുകയോ എന്തുകൊണ്ട് ശരിയായ കണക്ക് വച്ചില്ല എന്ന് ആരായുകയോ ചെയ്തിട്ടുമില്ല. അത്തരം നിസ്സാര കാര്യങ്ങളിൽനിന്നെല്ലാം അതീതമായ നിലയിൽ മനസ്സിനെ അല്ലാഹു വിശാലമാക്കിയിരിക്കുന്നു. ദുർബലനായ ഒരു ലൗകീകന്ന് ഇത്തരം ഒരു മനോഭാവം പുലർത്താൻ സാദ്ധ്യമല്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. അങ്ങിനെയൊരാൾ ചെയ്യാൻ ഒരുങ്ങിയാൽ അവന്റെ സകല ബിസിനസ്സും താറുമാറാകും. എന്നാൽ, ജീവിച്ചിരിക്കുന്ന സർവ്വശക്തനായ ദൈവത്തിൽ ദൃഢവിശ്വാസമുള്ളവരുടെ വാക്കും പ്രവൃത്തിയും അത്ഭുതാവഹം തന്നെയാണ്. അവർ പരമാനന്ദകരമായ കുടുംബജീവിതം നയിക്കുകയും ഒരു ലൗകീകവ്യക്തിയ്ക്ക് അത്തരം സാഹചര്യങ്ങളിൽ ഊഹിക്കാൻപോലും സാധ്യമല്ലാത്ത നാശങ്ങളിലും വിപത്തുകളിലും നിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യുന്നു എന്നുള്ളത് തന്നെയാണ് അവരുടെ അചഞ്ചലമായ വിശ്വാസത്തിലെയ്ക്കും അവരുടെ സത്യത്തിലെയ്ക്കുമുള്ള വ്യക്തമായ തെളിവ്. ദൈവത്തിന്റെ ആളുകൾക്ക് അത്തരം നിസ്സാരകാര്യങ്ങളും കണക്കുകളും ആയി യാതൊരു ബന്ധവുമില്ലെന്നതാണ് സത്യം. ഈ ലോകത്തോട് ചാഞ്ഞു നിൽക്കുന്നവർ പക്ഷെ, സദാ ഇത്തരം കാര്യങ്ങളിൽ മുഴുകിക്കഴിയുന്നു.

വാഗ്ദത്ത മസീഹ് (അ) ഒരിക്കൽ പറഞ്ഞു: ആളുകൾക്ക് 'തഖ്വ' ഉണ്ടെങ്കിൽ അവർ പറവകളെപോലെ രാവിലെ വിശന്ന നിലയിൽ പുറത്തേയ്ക്ക് പറന്നുപോകയും വൈകുന്നേരം സംതൃപ്തിയോടെ മടങ്ങുകയും ചെയ്യും. യഥാർത്ഥത്തിൽ മനുഷ്യനെ ശാക്കളുടെ നിലയോളം താഴ്ത്തിക്കളയുന്ന ദുനിയാവിനോടുള്ള ആർത്തിയും ഒരിക്കലും തൃപ്തി കണ്ടെത്താത്ത ഉള്ളുരുക്കവും ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ മനുഷ്യർക്കുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ അഭാവം കൊണ്ടുണ്ടായിത്തീരുന്നതത്രെ. അവർ തങ്ങളുടെ എല്ലാ പ്രത്യാശകളും ഭീതികളും തങ്ങളുടെതന്നെ ശ്രമങ്ങളിലും കഴിവുകളിലും കേന്ദ്രീകരിക്കുകയും ചെയ്യുന്നു. അന്വേഷിക്കുന്ന ആളും അന്വേഷിക്കപ്പെടുന്ന വസ്തുവും എല്ലാം ബലഹീനങ്ങളാകയാൽ ഫലം അസംതൃപ്തി

മാത്രമെ ആകാൻ തരമുള്ളു. ഇക്കാലത്തെ ഭൗതികവാദികൾ ഇത്തരം കാര്യങ്ങളുടെ നേരെ പരിഹാസം കൊള്ളുകയും ദൈവത്തിന്റെ വിശ്വസ്തരായ ദാസൻമാരെ അവർ വിഡ്ഢികളും മതഭ്രാന്തരുമെന്ന് വിളിക്കുകയും ചെയ്യുന്നു. എന്നാൽ, സത്യം ഈ പാവനമായ ശാസ്ത്രത്തിൽ അവർ തികഞ്ഞ അജ്ഞരാണെന്നുള്ളതത്രെ. ഭൗതീകനേട്ടങ്ങൾക്ക് വേണ്ടിയുള്ള ആഗ്രഹം ദൈവത്തെ പ്രാപിക്കാനുള്ള ശക്തിയെ അവരിൽനിന്നും അപ്പാടെ നശിപ്പിച്ച് കളഞ്ഞിരിക്കുകയുമാകുന്നു. ചുരുക്കത്തിൽ, വാഗ്ദത്ത മസീഹ് ഓരോ ആളെയും പൂർണ്ണമായി വിശ്വസിയ്ക്കും അക്കാരണത്താൽതന്നെ എല്ലാവരെയും വിശ്വസ്തരായി കണക്കാക്കുകയും ചെയ്യുന്നു.

എത്രതന്നെ വൃത്തിഹീനവും അറപ്പുളവാക്കുന്നവളും, ഗർവ്വിഷ്ഠനായ ഒരാൾ തിരിഞ്ഞുനോക്കുകകൂടിചെയ്യാതെ തന്റെ മുമ്പിൽനിന്ന് മാറിപ്പോകണമെന്ന് ഹൃദയപൂർവ്വം ആഗ്രഹിക്കുകയും വാക്കുകൾ കേൾക്കാൻ കൂട്ടാക്കാതെ ചെവി പൊത്തിക്കളയുകയും കൺകൾ പൂട്ടിക്കളയുകയും മൂക്ക്പൊത്തുകയും ചെയ്യാൻ പ്രചോദിതനായിത്തീരുന്ന പ്രകൃതക്കാരി ആയാലും വാഗ്ദത്ത മസീഹ് (അ) അവരുടെ പരിദേവനങ്ങളെ കളകണ്ഠയായ ഒരു രാപ്പാടി മധുരഗീതം പൊഴിക്കയോ ഒരു സുന്ദരിത്തത്ത കൊഞ്ചിപ്പറയുകയോ ചെയ്യുകയാണെന്നോണം ശാന്തമായും ശ്രദ്ധാലുവായും കേട്ടിരിക്കും. തന്നോട് ആരെങ്കിലും ഒരു സംഗതിപറഞ്ഞാൽ അയാളെ അവിടുന്ന് ഒരിക്കലും അവിശ്വസിക്കയില്ല. ഒരാൾ എന്ത് അസംബന്ധമാണ് പറയുന്നതെന്നിരിക്കിലും, പറയുന്നത് വങ്കത്തമാണെന്നഭാവത്തിൽ അത് ശ്രദ്ധിയ്ക്കുന്നത് സമയം കളയലാണെന്ന സൂചനപോലും അവിടുന്ന് നൽകയില്ല. സാമാനങ്ങൾ വാങ്ങാൻ അയച്ച ഒരാളോട് ഒരിക്കലുംകണക്ക് ചോദിക്കുകയില്ല. അയാൾ തിരിച്ച്കൊടുക്കുന്ന ബാക്കിപൈസ എത്രയാണെന്ന് എണ്ണിനോക്കാതെ അപ്പടി കീശയിലിടും. നാടൻ പ്രകൃതിക്കാരുടെ ഗ്രാമത്തിൽ ജോലിചെയ്യുന്ന പരുക്കൻ സ്വഭാവക്കാരും അവിടുത്തെ വീട്ട് വേലക്കായിവന്നാൽ നൂറുക്കണക്കിലുറുപ്പികയുടെ സാമാനങ്ങൾവാങ്ങാൻ അവരെ ലാഹൗറി

ലെയ്ക്കും അമൃതസറിലേയ്ക്കും മറ്റും അയക്കും. അവിടുന്ന് അവരോട് കണക്ക് ചോദിക്കുകയേ ചെയ്യുന്നതല്ല. എങ്ങിനെയുള്ള ഹൃദയമാണ് അതെന്ന് അല്ലാഹു നല്ലപോലെ അറിയുന്നു. ഇത്തരം പരിശുദ്ധവും പാവനവുമായ ഹൃദയങ്ങളുടെ രഹസ്യം ദൈവത്തിന്മാത്രമെ അറിയുകയുള്ളു. അല്ലാഹുതന്നെ അവരെ പ്രത്യേക ഉദ്ദേശ്യത്തോടെ വാർത്തെടുത്തിട്ടുള്ളതാകുന്നു. വിശുദ്ധഖുർആൻ എത്ര സത്യമായിട്ടാണ് പറഞ്ഞത്: "തന്റെ ദൗത്യം ആരിലാണ് അർപ്പിക്കേണ്ടതെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു".

വാഗ്ദത്ത മസീഹിന്റെ ഭാവങ്ങളെയും രീതികളെയും ഞാൻ വളരെ സൂക്ഷ്മമായി പരിശോധിച്ചുപോന്നിട്ടുണ്ട്. വിവേചനപരമായ ദൃഷ്ടികളോടെ ഞാൻ നിരീക്ഷിക്കുകയും വളരെ ശ്രദ്ധയോടെ അവിടുത്തെ വാക്കുകൾ ശ്രദ്ധിയ്ക്കുകയും ചെയ്തിട്ടുണ്ട്. വളരെ സമർത്ഥനും സ്വതന്ത്രബുദ്ധിയുമായ ഒരു ഗുണദോഷവിചാരക്കാരന്റെ തുറന്നമനസ്സോടെ ഞാൻ വാഗ്ദത്ത മസീഹിന്റെ ജീവിതത്തെ വളരെ അടുപ്പത്തിൽ പഠിച്ചറിയുകയുണ്ടായി. എന്നാൽ, ഞാൻ ഏറ്റുപറഞ്ഞുകൊള്ളട്ടെ, എന്റെ ശ്രോത്രങ്ങളും എന്റെ നയനങ്ങളും എന്നിൽ വിശ്വാസവും ഉൾകാഴ്ചയും ഏറിയനിലയിൽ എന്നിലേയ്ക്ക്തന്നെ മടങ്ങുകയാണുണ്ടായത്. വാഗ്ദത്ത മസീഹിനോട് വളരെ അടുപ്പത്തിൽ ദീർഘകാലം കഴിച്ചുകൂട്ടിയപ്പോൾ വീട്ടിലെ ഒരാളെയെങ്കിലും അവിടുന്ന് ശാസിക്കുന്നതായോ ആരോടെങ്കിലും കണക്കുചോദിക്കുന്നതായോ ഞാൻ കണ്ടിട്ടില്ല. ദൈവത്തിന്ന് സ്തുതി! എത്രമാത്രം ശാന്തമായ ഒരു മനസ്സ്! എന്തൊരു പരിശുദ്ധവും പാവനവുമായ സ്വഭാവം! സംശയത്തിന്റെ ദുരാത്മാവിന്ന് അവിടെ കടന്ന് ചെല്ലാനാവില്ല. ഇത്രമാത്രം ശാന്തിയും സമാധാനവും സംതൃപ്തിയും പ്രദാനം ചെയപ്പെട്ട ഒരു ഹൃദയം എത്രമേൽ സ്വർഗ്ഗീയവും അസൂയാർഹവും ആയിരിക്കുന്നില്ല? ഇത്തരം പൊറുമയും ഇത്തരം വിശ്വസ്തതയും സാമ്പത്തീകമായി നോക്കിയാൽ വിനാശകരവും ദൈവദൃഷ്ട്യാ അഹിതവുമാണെന്ന് വരുകിൽ അവിടുന്ന് ദുഃഖിക്കുകയും അവിടുത്തെ സകല സംവിധാനങ്ങളും തകർന്നൊടു

ങ്ങിപ്പോകുകയും ചെയ്തേനെ. എന്നാൽ, അവിടുത്തെ പ്രസ്ഥാനത്തിന്നുണ്ടായിട്ടുള്ള അതിശ്രീഘ്രമായ പുരോഗതി വ്യക്തമാക്കിത്തരുന്നത് ഇത്തരം ഹൃദയങ്ങളെയാണ് അല്ലാഹു സ്നേഹിക്കുന്നതെന്നത്രെ.

എപ്പോഴെങ്കിലും വാഗ്ദത്ത മസീഹ് (അ) പ്രത്യേകതരത്തിലുള്ള ആഹാരം തനിയ്ക്ക്വേണ്ടി തയ്യാറാക്കണമെന്ന് നിർദേശിച്ചാൽ അഥവാ, ചില അസുഖങ്ങൾകാരണം പ്രത്യേകതരത്തിലുള്ള ആഹാരം ഉണ്ടാക്കേണ്ടത് ആവശ്യമായിവന്നാൽ, ഈ പ്രത്യേകതരം ആഹാരം കൊണ്ടുവരാൻ കാത്തിരിക്കേണ്ടിവന്നാലും അടുത്ത ആഹാര സമയംവരെ ഒന്നും ആഹരിക്കാതെ കാത്തിരിക്കുകയാണ് ചെയ്യുക. ആരേയും അതിന്ന് കുറ്റപ്പെടുത്തുകയില്ല. വൈകിപ്പോവാൻ കാരണമെന്തെന്ന് വളരെ സൗമ്യമായി അന്വേഷിക്കേണ്ടിവന്നാൽതന്നെ അതിന്ന് ക്ഷമാപണംചെയ്യുകയും പുഞ്ചിരിയോടെ അക്കാര്യം വിട്ടുകളയുകയുമാണ് ചെയ്യുന്നത്.

വീട്ട്പരിചാരകർ തങ്ങൾക്കാവശ്യമായ ആഹാരം തയ്യാറാക്കും. വീടും വീട്ട്സാമാനങ്ങളുമെല്ലാം തങ്ങളുടെ സ്വന്തം സ്വത്തെന്നോണം അവർ പൂർണ്ണസ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യും. വാഗ്ദത്തമസീഹിന്നുള്ള ആഹാരം തയ്യാറാക്കാൻ അവർ എപ്പോഴെങ്കിലും മറന്നുപോയെന്ന്വന്നാൽ അവരെ ഒരിക്കലും അതിന്റെ പേരിൽ കുറ്റംപറയുന്നതല്ല. എന്താണ് അങ്ങിനെ സംഭവിച്ചത്? നിങ്ങൾ ദൈവത്തെ ഭയപ്പെടണം എന്നിങ്ങനെ സൗമ്യമായി പറയാൻപോലും അവിടുന്ന് മുതിരുകയില്ല!

തന്റെ നാഥന്റെ കൈകളാലാണ് താൻ തിന്നുകയും കുടിക്കുകയും ചെയ്തതെന്ന് പറഞ്ഞ വിശുദ്ധനബിതിരുമേനി (സ) യുടെ വാക്കുകൾ എത്ര സത്യമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങൾ ഇതൊക്കെയാണ്. വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: "ഞാൻ എന്നോടൊപ്പമുള്ള എന്റെ നാഥന്റെ വെളിപാടുകളാലാണ് ജീവിക്കുന്നത്. അവന്റെ സന്ദേശമാണ് എന്റെ ആത്മാവിന്റെ ഭക്ഷണം. എന്റെ ജീവന്റെ ശ്വാസം എന്നപോലെ".

വാഗ്ദത്ത മസീഹിന്റെ വന്ദ്യയായ പത്നി മറ്റുശിഷ്യരെ പോലെ 'ബൈഅത്ത്' (ശിഷ്യത്വപ്രതിജ്ഞ) ചെയ്യുകയും അവിടുന്ന് ഒരു ദൈവദൂതൻതന്നെയെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നു. കഠിനരോഗം ബാധിച്ചാലും മറ്റെന്ത് അസാസ്ഥ്യങ്ങളുണ്ടായാലും വാഗ്ദത്ത മസീഹിനെ പൂർണ്ണമായും വിശ്വസിക്കുകയും സത്യവാനും വിശ്വസ്തനുമായി കരുതിപോരുകയും ചെയ്യുന്നു. അവിടുത്തെ ഏറ്റവും അടുത്ത ശിഷ്യൻമാരുടെ അത്രതന്നെ വിശ്വാസം അവർക്കുമുണ്ട്. അവരുടെ വിശ്വാസത്തിന്റെയും ആത്മാർത്ഥതയുടേയും ഒരു വ്യക്തമായ ഉദാഹരണം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം:

ഒരു സ്ത്രീ സപത്നിയെ എത്രമാത്രം വെറുക്കുന്നുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അറബിഭാഷയിൽ സപത്നിയ്ക്ക് 'സർറാഹ്' (മുറിവ് എന്ന് പദാർത്ഥം) എന്നാണ് പറയപ്പെടുന്നത്. ഒരു സ്ത്രീയ്ക്ക് സപത്നിയെക്കാളും അറപ്പുളവാക്കുന്നതായി മറ്റൊന്നുമില്ല. എന്നാൽ, വാഗ്ദത്ത മസീഹിന്റെ മറ്റൊരു വിവാഹം സംബന്ധിച്ച പ്രവചനം പുലരുന്നതിന്ന് വേണ്ടി ഈ ആദരണീയയായ മഹിളാരത്നം, അവിടുത്തെ ഭാര്യാപദത്തിലിരിക്കാൻ ഭാഗ്യംചെയ്ത ആ വിശുദ്ധതരുണീമണി ഉദസ്രനേത്രങ്ങളോടും ഗദ്ഗദങ്ങളോടുംകൂടി ദൈവത്തോട് കൂടക്കൂടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തന്റെ സ്ത്രൈണപ്രകൃതം ഒരു സപത്നിയെ പൊറുപ്പിക്കാൻ അറയ്ക്കുന്നുവെങ്കിലും ദൈവത്തിന്റെ വായിൽനിന്നും പുറപ്പെട്ടവാക്കുകൾ നിവൃത്തിയാകണമെന്നും ഇസ്ലാമിന്റെ സത്യംപുലരുകയും അസത്യം അപ്രത്യക്ഷമാവുകയും വേണമെന്നും അവർ ആത്മാർത്ഥമായും ഹൃദയപൂർവ്വമായും ആഗ്രഹിക്കുന്നുവെന്നും അവർ പലവുരു ആണയിട്ടുപറഞ്ഞു. ഒരുദിവസം അവർ പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നത് വാഗ്ദത്ത മസീഹ് കണ്ടു. എന്ത്കാരണത്താലാണ് അപ്രകാരം പ്രാർത്ഥിച്ചതെന്ന് വാഗ്ദത്ത മസീഹ് (അ) അപ്പോൾ അവരോട് അന്വേഷിക്കുകയുണ്ടായി. പ്രവചനം പുലരുമാറാകുന്നതിന്ന് വേണ്ടിതന്നെയാണ് താൻ പ്രർത്ഥിച്ചുകൊണ്ടിരുന്നതെന്ന് അവർ അറിയിച്ചു. ഒരു സപത്നിയെ എങ്ങിനെ പൊറുപ്പിക്കുമെന്ന് അവിടുന്ന് ചോദിച്ചപ്പോൾ അവർ മറുപടിപറഞ്ഞു: "എന്തു

തന്നെ സംഭവിച്ചാലും കൊള്ളാം അങ്ങയുടെ മുഖത്ത്നിന്നും പുറപ്പെട്ട വാക്കുകൾ അത് എന്റെ നാശത്തിന്ന് കാരണമാണെന്ന് വന്നാൽപോലും പൂർത്തിയായിക്കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്."!

ഭ്രാതാക്കളെ, ആണുങ്ങളിൽപോലും ഇത്തരം സദൃഢമായ ഒരു വിശ്വാസം എനിയ്ക്ക് കാണാൻ കഴിഞ്ഞിട്ടില്ല. പരസ്പരം ഇത്തരം ആത്മാർത്ഥതയും പരിശുദ്ധിയും തിങ്ങിനിറഞ്ഞ അനുഗൃഹീതരായ ദമ്പതിമാർ പാർക്കുന്ന ഭവനം എന്തൊരു സ്വർഗ്ഗമാണ്!

തന്റെ ഭർത്താവ് നന്മ നിറഞ്ഞയാളും വിശ്വസ്തനുമാണോ അതോ കപടനാണോ എന്നകാര്യം തീരുമാനിക്കുന്നതിൽ ഏറ്റവും നല്ല വിധികർത്താവ് ഭാര്യയാണെന്നാണ് എന്റെ ദൃഢവിശ്വാസം. അത്രയും അടുത്തറിയുന്ന ഒരു കൂട്ടാളിയിൽനിന്നും ഒന്നുംമറച്ചുവെക്കാൻ ഉണ്ടാവുകയില്ല. പ്രവാചക വരേണ്യന്റെ സത്യത്തിലേക്കുള്ള ഏറ്റവും ശക്തിമത്തായ തെളിവുകളിലൊന്ന് എന്റെ പക്കൽ, അവിടുത്തെ ഏറ്റവും അടുത്ത സ്നേഹിതൻമാരും ചെറുപ്പന്നേയുള്ള കൂട്ടാളികളും അവിടുത്തെ വിശുദ്ധപത്നിമാരും തിരുനബിയുടെ സത്യദൗത്യത്തിൽ ഹൃദയംഗമമായിവിശ്വസിച്ചിരുന്നുവെന്നും തിരുനബിയുടെ ചരമത്തിന്ന് ശേഷവും ആ വിശ്വാസത്തിൽ ഉറച്ചിരുന്നുവെന്നുമുള്ള വസ്തുതയത്രെ. നബിതിരുമേനി (സ)യുടെ സത്യസാക്ഷ്യങ്ങളിൽ ഏറ്റവും പ്രബലമായ ഒന്നായി ഞാൻ ഈ സ്ഥിതി വിശേഷത്തേയാണ് കരുതിപ്പോന്നിട്ടുള്ളത്.

തിരുനബിയുടെ വിശുദ്ധസഖാക്കൾ വളരെ ബുദ്ധിശാലികളായിരുന്നു. അവർക്ക് 'ഇന്നമാ അന ബശറുൻ മിസ്ലുക്കും' (ഞാൻ നിങ്ങളെപോലുള്ള ഒരു മനുഷ്യൻമാത്രമാണ്) എന്ന് പറഞ്ഞ മുഹമ്മദിനേയും 'ഇന്നീ റസൂലുല്ലാഹി ഇലൈക്കും ജമീആ' (ഞാൻ നിങ്ങൾക്കെല്ലാവർക്കും ദൈവദൂതനായിട്ടുള്ള വനാകുന്നു) എന്ന് പറഞ്ഞ മുഹമ്മദിനേയും തമ്മിൽ വേർതരിച്ചറിയാൻ കഴിഞ്ഞിരുന്നു. ചിലപ്പോൾ അവിടുത്തെ ധൈര്യശാലികളായ സഖാക്കളും പരിശുദ്ധകളായ ഭാര്യമാരും സാധാരണമായ ജീവിതകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബൗദ്ധീകകാ

ര്യങ്ങളിൽ തിരുമേനി ഒരഭിപ്രായം പറയുന്നതിന് മുമ്പേ തിരുമേനിയോട് സന്തോഷത്തോടെ തുറന്ന ചർച്ച നടത്തിപ്പോന്നിരുന്നു. മറ്റ്ചിലപ്പോഴാകട്ടെ, അവർ വിനയത്തോടും ബഹുമാനത്തോടും കൂടി തലകുനിച്ചും നതദൃഷ്ടികളായും മരത്തടികളെന്നോണം അനക്കമറ്റനിലയിൽ–അവരുടെമേൽ അപ്പോൾ പക്ഷികൾ നിർഭയം കൂട്കെട്ടിയാൽപോലും അവർ അറിയുമായിരുന്നില്ല–ഒരു വാക്ക് ഉച്ചരിക്കുന്നത്പോലും കുറ്റമായി കരുതുകയും അങ്ങേയറ്റം അനുസരണയുള്ളവരും വഴിപ്പെട്ടവരുമായിരുന്നത്കൊണ്ടു തങ്ങളുടേതായ സകലഅഭിപ്രായങ്ങളും ആഗ്രഹങ്ങളും ആശയങ്ങളും ആചാരങ്ങളും അവിടെ അടിയറവെച്ച് യാതൊരു ആലോചനാശേഷിയുമില്ലാത്ത കളിപ്പാവകളെന്നോണം നിലകൊള്ളുകയും ചെയ്തിരുന്നു. ഇത്രയും വലിയ ഭക്തിഭാവവും ആത്മനിരാസവും സത്യത്തിലുള്ള സജീവവിശ്വാസവും കൊണ്ടല്ലാതെ സ്വർഗ്ഗീയ ദൂതനോടുള്ള ആത്മാർത്ഥമായ കൂറ് ഒരു ഹൃദയത്തിലും രൂപം കൊള്ളുകയില്ലെന്ന് സമ്മതിച്ചേതീരു.

വാഗ്ദത്ത മസീഹിന്റെ വിശുദ്ധപത്നിയ്ക്ക് തന്റെ ഭർത്താവിന്റെ ദിവ്യദൗത്യവാദത്തിൽ വളരെ ആത്മാർത്ഥവും സുദൃഢവുമായ വിശ്വാസമുള്ളതായി ഞാൻ കാണുന്നു. വാഗ്ദത്ത മസീഹിന്റെ സുവിശേഷങ്ങളും സുവാർത്തകളും അവരെ ആഹ്ലാദം കൊള്ളിക്കുകയും അവിടുത്തെ താക്കീതുകളും തർജ്ജനികളും അവരെ ഭയാക്രാന്തയാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റെ അനുഗൃഹീത സഖാക്കളും ദൈവനിയുക്തനായ ആ മഹാത്മാവിനോട് അകംനിറഞ്ഞ ഒരു ബന്ധം പുലർത്തിപോരുന്നു. അപ്പോലെതന്നെ അവർ അവിടുത്തോട് എത്രകണ്ട് അടുത്തബന്ധം പുലർത്തുന്നുവോ അത്രകണ്ട് അവിടുത്തെ ആത്മാർത്ഥതയിലും സത്യത്തിലും വിശ്വാസം വർദ്ധിച്ചുവരുന്നു. അവിടുത്തെ ശിഷ്യബന്ധത്തിൽ ഒരാൾ എത്രയേറെനാൾ കഴിച്ചുകൂട്ടുന്നുവോ അത്രയേറെ അവിടുത്തോടുള്ള സ്നേഹത്തിലും ദൈവഭക്തിയിലും മുന്നേറികൊണ്ടിരിക്കുന്നു.

വാഗ്ദത്ത മസീഹിന്റെ ഉദാരതയും സഹനശക്തിയും എടുത്തുപറയത്തക്കതാണ്. അവിടുന്ന് രണ്ടാംനിലയിൽ തന്റെ

പതിവനുസരിച്ച് മുറിയിൽ വാതിലടച്ച് പുസ്തകം എഴുതുന്നതിൽ വ്യാപൃതനായിരിക്കുകയോ ധ്യാനനിരതനായിരിക്കുകയോ ചെയ്യുമ്പോൾ തന്റെ കുട്ടികളിൽ ഒരാൾ വാതിലിൽമുട്ടിക്കൊണ്ട് "ബാപ്പാ കതക് തുറക്കൂ" എന്ന് പറയുന്നത് ഞാൻ ഒരു നൂറ്തവണ കേട്ടിട്ടുള്ളതാണ്. അപ്പോൾ അവിടുന്ന് ഉടൻ എഴുന്നേറ്റ് വാതിൽതുറന്ന് കൊടുക്കുന്നു. കുട്ടി മുറിയിൽ പ്രവേശിച്ചു അങ്ങുമിങ്ങും നോക്കിപ്പരതി പുറത്തേക്കോടുന്നു. വാഗ്ദത്ത മസീഹ് വീണ്ടും മുറിപൂട്ടുന്നു. അൽപം കഴിഞ്ഞ് കുട്ടി വീണ്ടുംവന്ന് വാതിൽക്കൽ ശക്തിയായി മുട്ടിവിളിക്കുന്നു. 'ബാപ്പാ കതക് തുറക്കൂ'! അവിടുന്ന് എഴുന്നേറ്റ് വാതിൽതുറക്കുന്നു. മുറിയിൽ അവിടെയും ഇവിടെയും തപ്പിപരതിയ ശേഷം വീണ്ടും മുറിവിട്ടുപായുന്നു. വീണ്ടും വാഗ്ദത്ത മസീഹ് മുഖത്ത് യാതൊരു ഭാവഭേദവുംകൂടാതെ വാതിൽപൂട്ടി തന്റെ ജോലിയിൽ മുഴുകുന്നു. ഒരഞ്ചുമിനുട്ട് കഴിഞ്ഞ് വീണ്ടും കുട്ടി വന്ന് വാതിലിൽമുട്ടുന്നു. 'ബാപ്പാ വാതിൽ തുറക്കൂ' വാഗ്ദത്ത മസീഹ് പിന്നേയും എഴുന്നേറ്റ് വാതിൽതുറക്കുന്നു. എന്തിനാണ് വരുന്നതെന്നും എന്തിനാണ് കൂടക്കൂടെ അപ്രകാരം വന്ന് തന്നെ ബുദ്ധിമുട്ടിക്കുന്നതെന്നും തന്റെ ജോലിക്ക് വിഘ്നമുണ്ടാക്കുന്നതെന്നും ഒരിക്കൽപോലും ചോദിക്കുന്നില്ല. ഒരിക്കൽ ഞാൻ മുകളിലത്തെ എന്റെ മുറിയിൽ ഇരുന്നുകൊണ്ട് ഈ പ്രക്രിയ ഇരുപത്തവണ ആവർത്തിക്കുന്നത് എണ്ണിക്കണക്കാക്കുകയുണ്ടായി. ഒരിക്കൽപോലും മകനെ ശാസിക്കുകയോ നീരസം കാട്ടുകയോ ചെയ്യുന്നതായികണ്ടിട്ടില്ല.

ചിലപ്പോൾ മുഷിഞ്ഞവസ്ത്രങ്ങൾ അണിഞ്ഞ സ്ത്രീകൾ അയൽ ഗ്രാമങ്ങളിൽനിന്ന് ചികിത്സയെടുക്കാൻ വാഗ്ദത്ത മസീഹിന്റെ വീട്ടിൽവന്ന് വാതിലിന്ന് ശക്തിയായി മുട്ടാറുള്ളതാണ്. അവർ ഗ്രാമ്യമായ രൂക്ഷശൈലിയിൽ "മിർജാജി, ഹരബവാ ഖോലോ താ (ൻ)" –(മിർസാജി വാതിൽ ഒന്നുതുറക്കുമോ)! എന്നു പഞ്ചാബിയിൽ ഉച്ചത്തിൽ പറയും ഏതോ മേലുദ്യോഗസ്ഥൻ വന്നുവിളിച്ചാലെന്നോണം വാഗ്ദത്ത മസീഹ് ശീഘ്രം എഴുന്നേറ്റ് അവരോട് വളരെ സൗമ്യമായി സംസാരിച്ചുതുടങ്ങുകയും അവർക്ക് മരുന്നു നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ വലിയ പഠിച്ചവർക്ക്പോലും സമയത്തിന്റെ വില

യറിഞ്ഞുകൂടല്ലോ. ആ നിലയ്ക്ക് നിരക്ഷരരായ ഗ്രാമവാസികളുടെ കാര്യം പറയാനില്ല. ഒരു സ്ത്രീ വർത്തമാനം പറയാൻ തുടങ്ങി. നിരർത്ഥകമായ സംസാരം. കുടുംബവിഷമങ്ങളും അമ്മായിഅമ്മയുടെ ഉപദ്രവങ്ങളും ഭർതൃസഹോദരിയുടെ പീഡനങ്ങളും പറഞ്ഞ് കേൾപിക്കുന്നു. മണിക്കൂറുകളോളം ഈ സംസാരം തുടരുന്നു. എന്നാലും വാഗ്ദത്ത മസീഹ് (അ) അതൊക്കെ ശാന്തമായി ശ്രദ്ധിച്ച് കേൾക്കുന്നു. നേരിട്ടോ പരോക്ഷമായോ മരുന്ന് കുറിച്ച് തന്നിരിക്കെ അവിടെ ഇരുന്ന് പായ്യാരം പറയേണ്ടകാര്യമില്ലെന്നും തന്റെ സമയം ഇനിയും നഷ്ടപ്പെടുത്തരുതെന്നും അവളോട് പറയില്ല. ഒടുക്കം അവൾതന്നെ പറഞ്ഞ് തളർന്ന് സ്ഥലം വിടുകയും അവളുടെ വൃത്തികെട്ടരൂപം അതോടെ അവിടെനിന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

ഒരിക്കൽ ഒരുകൂട്ടം ഗ്രാമസ്ത്രീകൾ തങ്ങളുടെ രോഗികളായ കുട്ടികളെയുംകൂട്ടി മരുന്നുകൾക്ക്വേണ്ടി വന്നെത്തി. മറ്റ് പലസ്ത്രീകളും കൈക്കുഞ്ഞുങ്ങളേയുമേന്തി സിറപ്പുകളും മരുന്നുകളും വാങ്ങാനായി വന്നിരിക്കയാണ്. അതേദിവസം അവിടുത്തേയ്ക്ക് അതിപ്രധാനമായ ഒരു ലേഖനം എഴുതിതയ്യാറാക്കാനുണ്ടായിരുന്നു. അത് ഉടൻ എഴുതി പൂർത്തിയാക്കേണ്ടതുമായിരുന്നു. ഞാനും അവിടെ എത്തിച്ചേരാൻ ഇടയായി. അപ്പോൾ അദ്ദേഹം എഴുന്നേറ്റുനിന്നുകൊണ്ട് ഒരു യൂറോപ്യൻ സായിപ്പ് ജോലിചെയ്യുന്നത്പോലെ വളരെ ഊർജ്ജസ്വലനായി പ്രവർത്തിക്കുന്നത് കണ്ടു. തന്റെ മുമ്പിൽ അഞ്ചോആറോ പെട്ടികൾ തുറന്നുവെച്ചിരുന്നു. വിവിധമരുന്നുകൾ വ്യത്യസ്ഥരോഗികൾക്ക് കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. മൂന്നുമണിക്കൂറോളം അത് തുടർന്നുപോന്നു. ജോലിതീർന്നപ്പോൾ ഞാൻപറഞ്ഞു: "ഹുസൂർ, ഇത് വളരെ ക്ലേശകരമായ ജോലിയാണല്ലോ; അവിടുത്തെ വിലയേറിയ സമയം എത്രയാണ് പാഴായിപ്പോകുന്നത്!" പ്രസന്ന വദനനായി അവിടുന്ന് ശാന്തസ്വരത്തിൽ മറുപടി നൽകി. 'ഇതും ഒരു പുണ്യമുള്ള പ്രവൃത്തിയല്ലെ? ഇവരൊക്കെ വളരെ പാവപ്പെട്ടവരാണല്ലോ. ഇവിടെ ഔഷധശാലകളൊന്നുമില്ല. എന്റെ പക്കൽ ചില ഇംഗ്ലീഷ് മരുന്നുകളും യൂനാനി മരുന്നുകളുമുണ്ട് അത് ഞാൻ ഇവരിൽ ആവശ്യമുള്ളവർക്ക് നൽകുന്നു. അത്

വളരെ പുണ്യമുള്ള പ്രവൃത്തിയാണ്. ഒരു മുസ്ലിം ഇത്തരം കാര്യങ്ങളിൽ വിമുഖത കാട്ടുകയോ ഇതെല്ലാം അവഗണിച്ച് കളയുകയോ ചെയ്യാൻ പാടില്ല.

തന്റെ മുറിയിൽ കുട്ടികൾ കൂടക്കൂടെ കയറിവരുന്നതിനെകുറിച്ച് ഞാൻ പറഞ്ഞുവല്ലോ. പരിചാരികമാരുടെ കാര്യത്തിലും അതേനിലതന്നെയാണ്. ഒരു സ്ത്രീ കൂടക്കൂടെ അവിടുത്തെ സവിധത്തിൽവന്ന് എന്തോചോദിച്ചുകൊണ്ടിരിക്കും: 'ഹേ സ്ത്രീയെ എന്തിനാണ് ഇപ്രകാരം കൂടക്കൂടെ വന്ന് എന്നെ അലോസരപ്പെടുത്തുന്നത്? ഒരിക്കൽതന്നെ വന്ന് ആവശ്യമായത് എടുത്തുകൊണ്ട്പോവരുതോ!' എന്ന് അവിടുന്ന് പറയുകയില്ല.

തന്റെ കുട്ടികളും മറ്റ് കുട്ടികളുമെല്ലാം അവിടുത്തോടൊപ്പം ഒരേ ബഞ്ചിൽ ഇരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവിടുന്ന് ബഞ്ചിന്റെ അറ്റത്താകുവോളം കുട്ടികൾ നിർബന്ധപൂർവ്വം ഉന്തിതള്ളും. എന്നിട്ടവർ തങ്ങളുടേതായ ശൈലിയിൽ തവളകളുടേയും കാക്കകളുടേയും തത്തകളുടേയും കഥകൾ കേൾപിക്കും. അവിടുന്ന് വളരെ ശ്രദ്ധയോടും താൽപര്യത്തോടുംകൂടി അതൊക്കെ കേൾക്കും. മൗലാനാ റൂമിയുടെ 'മസ്നവി'യിൽ നിന്നോ മറ്റോ ഏതോ ഗൂഢാർത്ഥക വചനങ്ങൾ ചൊല്ലിക്കേൾക്കുന്നത് പോലെ! കുട്ടികളെ അടിക്കുന്നതും ശകാരിക്കുന്നതും അങ്ങ് വളരെയധികം വെറുത്തിരുന്നു. എത്ര വികൃതിയായാലും എത്ര കുസൃതിയായാലും അവരുടെ ആവശ്യങ്ങൾ എത്രമേൽ ബുദ്ധികെട്ടതാണെന്ന് വന്നാലും കിട്ടാത്ത കനിയ്ക്ക് വേണ്ടിയുള്ള നിർബന്ധങ്ങളായാലും അവിടുന്ന് കുട്ടികളെ അടിക്കുകയോ ശാസിക്കുകയോ ചെയ്യില്ല.

മഹ്മൂദിന് മൂന്ന് വയസ്സായിക്കാണും, ഒരിക്കൽ വാഗ്ദത്ത മസീഹ് ലുധിയാനയിൽ താമസിച്ചപ്പോൾ ഞാനുമൊന്നിച്ചുണ്ടായിരുന്നു. ഉഷ്ണകാലത്ത് ഞാൻ കിടന്ന മുറിക്കും വാഗ്ദത്ത മസീഹ് താമസിച്ച മുറിക്കുമിടയിൽ ഒരു ഭിത്തിമാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ അർദ്ധരാത്രി എണീറ്റപ്പോൾ മഹമൂദ് കരയുന്നത് കേൾക്കാറായി. വാഗ്ദത്ത മസീഹ് കുട്ടിയെ സാന്ത്വനപ്പെടുത്താനും ശ്രദ്ധമാറ്റാനും ശ്രമിക്കുന്നുണ്ടായിരുന്നു. പല വഴി

കളും നോക്കിയിട്ടും കരച്ചിൽ നിൽക്കുന്നില്ല. മഹ്മൂദിനെ കയ്യിലെടുത്ത് അവിടുന്ന് അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. ഒടുവിൽ ചന്ദ്രനെ ചൂണ്ടിക്കാട്ടിക്കൊണ്ട് 'മഹമൂദ്! അതാ, അതാ ചന്ദ്രനെ കണ്ടോ, എന്ത് തിളക്കം' എന്നുപറഞ്ഞു. കുട്ടി ഒരു നിമിഷം നിശബ്ദത കൈകൊണ്ടു. അടുത്ത നിമിഷം വീണ്ടും കരയാൻ തുടങ്ങി. "അബ്ബാ താരെ ജാനാ" (അബ്ബാ എനിയ്ക്ക് ചന്ദ്രനിൽ പോകണം) എന്നുപറഞ്ഞുകൊണ്ടായി കരച്ചിൽ! വാഗ്ദത്ത മസീഹ് സ്വഗതം പറയുകയായിരുന്നു: 'നല്ല തമാശ'! ഞാൻ അവനെ ആശ്വസിപ്പിക്കാനായി ഒരു ഉപായം പ്രയോഗിച്ചു. അവനാകട്ടെ അതിൽ കരയാനുള്ള മറ്റൊരു കാരണം കണ്ടെത്തുകയാണ് ചെയ്തത്! കുട്ടി കരഞ്ഞുകരഞ്ഞുതന്നെ തളർന്നുറങ്ങിപ്പോയി. എന്നാൽ ഈ സമയത്തൊന്നും പരുഷമായ ഒരു വാക്കുച്ചരിക്കുന്നത് ഞാൻ കേട്ടില്ല.

ഞാൻ നേരത്തെ പറഞ്ഞത്പോലെ വാഗ്ദത്ത മസീഹ് (അ) കുട്ടികളെ അടിക്കുന്നതിൽ വലിയ എതിർപ്പുള്ള ആളാണ്. ആരെങ്കിലും സ്വന്തം കുട്ടിയെ അടിച്ചുവെന്ന് കേൾക്കുന്നത് അവിടുത്തേക്ക് അങ്ങേയറ്റം അസ്വസ്ഥജനകമാണെന്നത് ഞാൻ പലപ്പോഴും അനുഭവിച്ചറിഞ്ഞതാണ്. ഒരിക്കൽ മാന്യനായ ഒരാൾ തന്റെ കുട്ടിയെ പതിവ്പോലെ പ്രഹരിക്കുകയുണ്ടായി. ഈ വിവരം അറിഞ്ഞപ്പോൾ അത് വാഗ്ദത്ത മസീഹിനെ വല്ലാതെ വികാരാധീനനാക്കി. അവിടുന്ന് ആ സഹോദരനെ വിളിച്ചുവരുത്തി ഉള്ളുതട്ടുന്ന ഭാഷയിൽ ഒരു ഉപദേശപ്രസംഗംതന്നെ ചെയ്തു. അവിടുന്ന് പറഞ്ഞു: "എന്റെ അഭിപ്രായത്തിൽ ചെറിയ കുട്ടികളെ അടിക്കുന്നത് ഒരുതരം 'ശിർക്ക്' (ദൈവത്തിൽ കൂട്ട്ചേർക്കൽ) ആണ്. ഇതു ചെയ്യുന്ന ആൾ കുട്ടികളെ വളർത്തിയെടുക്കുന്ന കാര്യത്തിലും അല്ലാഹുവിനോട് തന്നെക്കൂടിയും പങ്കാളിയാക്കുന്ന ആളാണ്. രോഷം വരുമ്പോൾ അടിക്കാൻ കൈയ്യോങ്ങുന്ന ഒരാൾ ഒരു ശത്രുവിന്റെ ഭാഗം അഭിനയിച്ചുകൊണ്ട് നിലവിട്ട് ശിക്ഷിക്കാൻ ഒരുങ്ങുന്നു. ആത്മനിയന്ത്രണമുള്ള ഒരാൾക്ക് തന്റെ വികാരങ്ങളെ അടക്കിവെക്കാൻ കഴിയും. അയാൾക്ക് സഹനബുദ്ധിയും ക്ഷമാശീലവും സൗമ്യഭാവവും ഉണ്ടായിരിക്കും. അങ്ങിനെയുള്ള ഒരാൾ ഒരു കുട്ടിയെ ആവശ്യ

മനുസരിച്ച് ഒരതിര്വരെ ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യുന്നത്കൊള്ളാം! എന്നാൽ, തന്റെ കോപം നിയന്ത്രിക്കാനാവാതെ രോഷാകുലനായി മാറുന്ന ദുർബലനായ ഒരു മനുഷ്യൻ കുട്ടികൾക്ക് ശിക്ഷണം നൽകാൻ അർഹനല്ല. എന്നാൽ, ആ കുട്ടിയുടെ ക്ഷേമത്തിന്നായി ഹൃദയം നൊന്ത് പ്രാർത്ഥിക്കുന്നത് എത്ര നന്ന്.!

"മക്കൾക്ക് വേണ്ടിയുള്ള മാതാപിതാക്കളുടെ പ്രാർത്ഥനകൾക്ക് സവിശേഷമായ ഫലസാദ്ധ്യതയുണ്ട്. ഞാനാകട്ടെ, ആദ്യം എനിയ്ക്ക്വേണ്ടിതന്നെയും, അതായത് ദൈവത്തിന്റെ മഹിമയും ശക്തിയും ഈ ലോകത്ത് വെളിപ്പെടുന്ന വിധത്തിലും അവന്റെ പ്രിയം എന്നിലുണ്ടാകുന്ന തരത്തിലും എനിയ്ക്ക് പ്രവർത്തിക്കുവാൻ സാധിക്കുമാറാകുന്നതിന്ന്വേണ്ടി ഞാൻ പ്രാർത്ഥിക്കും. പിന്നെ, ഞാൻ എന്റെ ഭാര്യയ്ക്ക് വേണ്ടി, ഭാര്യ എന്റെ കണ്ണിന്ന് കുളിർമ്മയായിരിക്കുമാറ് ദൈവപ്രീതിയുടെ വഴിയിൽ ചരിക്കുമാറാകുന്നതിന്ന് വേണ്ടി പ്രർത്ഥിക്കും. പിന്നെ എന്റെ ഉറ്റ സ്നേഹിതൻമാർക്ക് വേണ്ടി അവരിൽ ഓരോ ആളേയും പേരെടുത്ത് പറഞ്ഞുകൊണ്ട് വെവ്വേറെയും അവസാനമായി എനിക്ക് അറിയാവുന്നവരും അറിയാത്തവരുമായ എല്ലാ അനുയായികൾക്ക് വേണ്ടിയും പൊതുവായി ഞാൻ പ്രാർത്ഥിക്കും. തന്റെ അനുചരൻമാരുടെ കാര്യത്തിൽ അവഗണനകാട്ടുന്ന ഒരാൾ ഒരിക്കലും ജനങ്ങളുടെ ആത്മീയ മാർഗ്ഗദർശിയായിരിക്കാൻ കൊള്ളുകയില്ല. യഥാർത്ഥത്തിലുള്ള പരീക്ഷണവും മാർഗദർശനവും ദൈവത്തിന്റെ പ്രവൃത്തിയാകുന്നു. കുട്ടികളെ നേരെയാക്കാൻ കൂടുതൽ നിർബന്ധം ചെലുത്തുന്നതും അവരെ എല്ലാ കാര്യത്തിലും ശാസിക്കുകയും സംശയിക്കുകയും ചെയ്യുന്നതും അവരെ നിരന്തരമായ നിരീക്ഷണങ്ങൾക്ക് വിധേയരാക്കുന്നതും നല്ലതല്ല. അവരുടെ ഭാഗ്യം നിയന്ത്രിക്കുന്നത് നമ്മളാണെന്ന ഭാവത്തിൽ നാം അവരെ നമുക്ക് ഇഷ്ടമുള്ള വിധം വളക്കാനും വളർത്താനും കഴിയുമെന്ന് കരുതി അവരോട് പെരുമാറുവാൻ പാടുള്ളതല്ല. ഇത് സൂക്ഷ്മമായ തരത്തിൽ ശിർക്കിന്റെ ഒരു രൂപമാണെന്ന് പറയണം. നമ്മുടെ സ്നേഹിതൻമാർ ഈ മാർഗ്ഗം സ്വീകരിച്ചുകൂടാത്തതാണ്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ

കുട്ടികൾക്കായിട്ട് ഞാൻ ചെയ്യുന്നത് അവർക്ക്വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് വേണ്ടി വിദ്യാഭ്യാസത്തിനുള്ള പ്രാഥമീകമായ ഏർപ്പാടുകൾ ഒരുക്കുകയും ചെയ്തുവെങ്കിലും അവരെ സംബന്ധിച്ച കാര്യങ്ങളിൽ അല്ലാഹുവിൽ മാത്രം ആശ്രയം അർപിക്കുന്നു. അവരിൽ നന്മയുടെ എത്തരം വിത്താണോ ഉള്ളത് അതനുസരിച്ച് അവർ വളർന്നുകൊള്ളും!"

ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം സ്കൂളിലെ ഏതെങ്കിലും ഒരദ്ധ്യാപകൻ കുട്ടികളെ അടിക്കുന്ന സ്വഭാവക്കാരനും അതിൽനിന്ന് പിന്തിരിയാത്ത ആളും ആണെന്ന് വന്നപ്പോൾ അത്തരം ഒരാളെ ഉടനടി പിരിച്ചുവിട്ടുകൊള്ളണമെന്നതു അവിടുന്ന് കർശനമായ ലിഖിതശാസന നൽകി.

ഭ്രാതാക്കളെ, ഇക്കാര്യത്തിൽ വാഗ്ദത്ത മസീഹിന്റെ മാതൃകയിൽനിന്ന് നാം പാഠം ഉൾകൊള്ളേണ്ടതുണ്ട്. സദാചാരത്തെപറ്റി വലിയ ധാരണകൾ പുലർത്തുന്ന ചിലർ നമ്മുടെ കൂട്ടത്തിലുണ്ട്. തങ്ങൾ ആത്മീയമായ ഉന്നതതലങ്ങൾ ചവിട്ടിക്കടന്നവരാണെന്ന് അവർ കരുതുന്നു. എങ്കിലും, വികാരാധീനരാകുമ്പോൾ നിസ്സാരകാരണങ്ങൾക്ക് അവർ വന്യമൃഗങ്ങളെപോലെ വർത്തിക്കുകയും കുട്ടികളോട്പോലും വളരെ പരുഷമായി പെരുമാറുകുയും ചെയ്യുന്നു. അവർ കുട്ടികളെ അടിക്കേണ്ടത് ആവശ്യമാണെന്ന കുതർക്കം നടത്താൻ ശ്രമിക്കുന്നതായും കാണാം. എന്നാൽ, അവരെല്ലാം തങ്ങളുടെ പെരുമാറ്റങ്ങളിൽ ഒരു മാറ്റം വരുത്തുമെന്ന്തന്നെ ഞാൻ പ്രത്യാശിക്കുന്നു.

തന്റെ വേഷവിധാനങ്ങളിലോ പാർപ്പ്മുറിയിലോ അലങ്കാരം വരുത്തുന്ന കാര്യത്തിൽ വാഗ്ദത്ത മസീഹ് (അ) തീർത്തും വിമുഖനാണ്. അവിടുന്ന് ആഗ്രഹിക്കുകയാണെങ്കിൽ ഭവനം വെണ്ണക്കല്ലുകൊണ്ട് നിർമിക്കാനും നിലത്ത് വില്ലീസ് വിരിക്കാനും അവിടുത്തേയ്ക്ക് ഒരു പ്രയാസവുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതാണ് അവിടുത്തെ നില. എന്നിട്ടും ഇക്കാലത്തെ ഒരു പരിഷ്കാരി നിമിഷനേരംപോലും ഇരിക്കാൻ ഇഷ്ടപ്പെടാത്ത വളരെ ലളിതമായ ഒരു പഴയ പുരയിടത്തിലാണ് അവിടുന്ന് താമസിച്ച്പോരുന്നത്. ഉഷ്ണകാലത്ത് തന്റെ വീട്ടുമുറ്റത്ത് ഒരു മര

ത്തിന്റെ ബഞ്ചിൽ ഇരിക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുള്ളതാണ്. അവിടെ പൊടി നിറഞ്ഞ്കണ്ടാൽ അത് എന്തുകൊണ്ട് തുടച്ച്നീക്കിയില്ലാ എന്ന് ചോദിക്കാറില്ല. ആരെങ്കിലും അത് തുടച്ച് മിനുക്കിയെങ്കിൽതന്നെ അതിലത്ര ശ്രദ്ധിക്കുകയുമില്ല. ചുരുക്കത്തിൽ, ഇത്തരം കാര്യങ്ങളിലൊന്നും ശ്രദ്ധചെലുത്താൻ കഴിയാത്തവിധം അവിടുന്ന് തന്റെ ജോലിയിലോ ധ്യാനത്തിലോ മുഴുകിയിരിക്കും.

സന്ദർശകർക്കും അതിഥികൾക്കും വേണ്ടി ഒരു വിശ്രമമന്ദിരം നിർമ്മിക്കേണ്ടതാവശ്യമായിവന്നപ്പോൾ ഒരു സാധാരണ നിലയിലുള്ള കെട്ടിടം ആവശ്യത്തിനൊത്ത് പണിതാൽമതിയെന്നും ഇഷ്ടികയ്ക്കും കല്ലിനുമായി അധികം പണം ചെലവഴിക്കേണ്ടതില്ലെന്നും നിർദ്ദേശിക്കുകയുണ്ടായി. ഒരിക്കൽ ഒരു ആശാരി മച്ചിന് പണിത്തരങ്ങൾ ഉണ്ടാക്കുമ്പോൾ അനാവശ്യമായ അലങ്കാരപ്പണികളും കൊത്തുവേലകളും വേണ്ടെന്ന് നിഷ്കർഷിച്ചു.

ഒരിക്കൽ അവിടുന്ന് പറഞ്ഞു: "ഏതെങ്കിലും വീടുമായി എനിക്കൊരു ബന്ധവുമില്ലെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നു. എന്റെ വീട് എനിയ്ക്കും എന്റെ സ്നേഹിതൻമാർക്കും പൊതുവായുള്ളതാണെന്ന് ഞാൻ കരുതുന്നു. എല്ലാവരും ഒന്നിച്ച് താമസിക്കണമെന്നതാണ് എന്റെ ആഗ്രഹം". ഹുസൂർ ഇപ്രകാരവും പറഞ്ഞുപോന്നു: "നാലുഭാഗങ്ങളിലും പാർപ്പിടങ്ങളും നടുവിൽ എന്റെ വീടുമായി താമസിക്കണമെന്നാണ് എന്റെ വലുതായ ആഗ്രഹം. ചുറ്റുമുള്ള വീടുകൾ കാണാവുന്ന വിധം എന്റെ വീട്ടിന്ന് നാലുഭാഗവും വാതിലുകൾ ഉണ്ടായിരിക്കണം. ഇപ്രകാരം എല്ലാ സ്നേഹിതൻമാരുമായും അടുത്ത ബന്ധം പലർത്താൻ സാധിക്കുമാറാകണം. ഇതാണ് എന്റെ ആഗ്രഹം."

ഭ്രാതാക്കളെ, ഇപ്പറഞ്ഞതെല്ലാം പരമസത്യങ്ങളാണ്. യഥാർത്ഥവസ്തുതകൾ ഈ സത്യത്തെ സാക്ഷീകരിക്കുന്നു. അവിടുത്തെ ഗൃഹം സ്നേഹജനങ്ങളാൽ ഏതവസരത്തിലും നിബിഡമായിരിക്കുന്നു. നിറയെ യാത്രക്കാരുള്ള ഒരു ബോട്ട് കണക്കേയാണ് അത്. ഈ കെട്ടിടത്തിൽ വാഗ്ദത്ത മസീഹിന്ന്

ചെറിയ ഒരു മുറിയുണ്ട്. ആ കൊച്ചുമുറിയിൽ അവിടുന്ന് താമസിക്കുന്നു. അത് തന്റെ സ്വന്തമാണെന്ന് ഒരിക്കൽപോലും ഭാവിക്കുമാറില്ല.

വേഷത്തെ സംബന്ധിച്ചെടത്തോളം ഇപ്പോൾ അവിടുന്ന് വളരെ വിലപിടിച്ച ഒരു രോമക്കോട്ടാണ് ധരിക്കുന്നത്. ലൗകീകനായ ഒരു സാധാരണക്കാരൻ അത്തരം വിലപിടിച്ച കോട്ടിട്ടാൽ അങ്ങേയറ്റം ചരതിയ്ക്കും. അവിടുന്നാകട്ടെ അത്രയൊന്നും കരുതൽ കാണിക്കാതെ നിസ്സാരമായൊരു തുണിക്കഷ്ണമായി അതിനെ കാണുന്നു. പലപ്പോഴും കോട്ടിന്റെ ബട്ടൺ ഇതിടുന്നത് താഴത്തേത് മുകളിലും മുകളിലെത്തേത് താഴെയുമായിട്ടായിരിക്കും. അവിടുന്ന് ഒരിയ്ക്കൽ പറയുകയുണ്ടായി: "കോട്ടിന്റെ ബട്ടൺ ഇടുന്നതും മറ്റും പ്രയാസമുള്ള കാര്യംതന്നെ! ബട്ടൺ വേഗം നീങ്ങിപ്പോകും". ഇതൊക്കെ സമയം കളയലായി അവിടുന്ന് കാണുന്നു. ചില ഗുണഗണങ്ങളെല്ലാം ഉണ്ടെന്നിരിക്കലും ഒരുപാട് സമയം ഈ വേഷവിധാനത്തിനായി ചിലവഴിക്കേണ്ടിവരുന്നുവെന്നും ആ സമയം ദീനീ സേവനത്തിനായി ലഭിച്ചെങ്കിൽ എത്രനന്നായിരുന്നുവെന്നും അവിടുന്ന് പറയാറുള്ളതാണ്. ഹുസൂർ പറഞ്ഞു: "നമ്മുടെ വിലപിടിച്ച സമയത്തിലൊരുഭാഗം ഇങ്ങനെ ചെലവഴിക്കേണ്ടിവരുന്നത് വളരെ അനിഷ്ടകരമായി എനിയ്ക്ക് തോന്നുന്നു. വളരെ പ്രധാനപ്പെട്ട മതപരമായ അടിയന്തര കർത്തവ്യങ്ങൾ നിർവഹിക്കാനുള്ളപ്പോൾ അത് ചെയ്ത് തീർക്കുന്നത്വരെ തിന്നാനോ കുടിക്കാനോ ഉറങ്ങാനോ എനിയ്ക്ക് സാധിക്കുകയില്ല. നമ്മൾ മതത്തിന്ന്വേണ്ടി നിലകൊള്ളുന്നവരത്രെ. നമ്മുടെ മതപരമായ കഴിവുകൾ നിർവഹിക്കുന്നതിൽ ഒന്നും തടസ്സമായിരുന്നുകൂട".

ഒരു ശൈത്യകാലത്ത് ചെറിയകുട്ടിയായിരുന്ന മഹമൂദ് ഒരു കല്ലിന്റെ കഷ്ണം എടുത്ത് അവിടുത്തെ വെയ്സ്റ്റ്കോട്ടിന്റെ പോക്കറ്റിൽ ഇട്ടു. അത് ധരിച്ചനിലയിൽ ഒരു ഭാഗത്ത് ചെരിഞ്ഞുകിടന്നാൽ ദേഹത്തിൽ തറച്ച്നിന്ന് അസ്വാസ്ഥ്യം ഉണ്ടാക്കും. ഒരിക്കൽ അവിടുന്ന് തന്റെ പരിചാരികനായ ഹാമിദലിയെ വിളിച്ചുപറഞ്ഞു: "ഹാമിദലീ, എന്റെ വാരിയെല്ലിന്ന് എന്തോ വേദന

തോന്നുന്നു. എന്തോ തറക്കുംപോലെ". ഞാനും ആ അവസരത്തിൽ അവിടെ ഉണ്ടായിരുന്നു. ഹാമിദ് അലി സാഹിബ് ഇത് കേട്ടപ്പോൾ വളരെ അത്ഭുതപ്പെട്ടു. അദ്ദേഹം അവിടുത്തെ കോട്ടിന്നുള്ളിൽ കൈയ്യിട്ടു ശരീരം തടവിനോക്കി. അദ്ദേഹത്തിന്റെ കൈവിരൽ കല്ലിൽ തട്ടി. അദ്ദേഹം അത് പുറത്തെടുക്കുകയും ചെയ്തു. "ഈ കല്ലാണ്, ഹുസൂറിന്റെ ശരീരത്തിൽതട്ടി വേദനയുണ്ടാക്കിക്കൊണ്ടിരുന്നത്". അപ്പോൾ വാഗ്ദത്ത മസീഹ് (അ) ചിരിച്ചുകൊണ്ട് പറഞ്ഞു: "അതേ, ഞാനിപ്പോൾ ഓർക്കുന്നു, കുറച്ച് ദിവസംമുമ്പ് മഹമൂദാണ് ഇത് കീശയിൽവെച്ചത്. ഇത് പുറത്തെടുക്കരുതെന്നും താൻ വീണ്ടും അത് എടുക്കാൻവരുമെന്നും പറഞ്ഞിരുന്നു".

ചുരുക്കത്തിൽ വാഗ്ദത്ത മസീഹ് (അ) വേഷവിധാനത്തിലുംമറ്റും തീരെ ശ്രദ്ധയില്ലാത്ത ആളാണ്. വലിയ വിലപിടിച്ച കോട്ടിട്ട നിലയിൽ അവിടുത്തെ കാണുന്നവർ വലിയ ആർഭാടക്കാരനാണെന്ന് ധരിച്ചെന്നുവരും. എന്നാൽ, അവിടുത്തെ സമീപത്ത് രാവും പകലുമായി കഴിഞ്ഞുകൂടുന്നവർക്കറിയാം വസ്ത്രാഡംബരങ്ങളിലൊന്നും തീരെ താൽപര്യമില്ലാത്ത ഒരാളാണാവിടുന്നെന്ന്. ഒരിക്കൽ ഹുസൂർ പറഞ്ഞു: "ഞാൻ കൈകൊണ്ട് വീട്ടിൽ നെയ്തുണ്ടാക്കിയ വസ്ത്രമാണ് ധരിച്ചു പോന്നത്. ഇപ്പോൾ ദൈവേച്ഛയാൽ ആളുകൾ ഇത്തരം വസ്ത്രങ്ങൾകൊണ്ടുവരുന്നു. ഇപ്പോഴത്തെ വസ്ത്രങ്ങളും പഴയവസ്ത്രങ്ങളുമായി ഞാൻ യാതോരു വ്യത്യാസവും കാണുന്നില്ല. ഈ വസ്തുത അല്ലാഹു നല്ലപോലെ അറിയുന്നു". അങ്ങേയറ്റം വിനീതനും ശാന്തസ്വഭാവിയുമാണ് വാഗ്ദത്തമസീഹ് (അ). ഈ ഗുണങ്ങളത്രയും ഉയർന്ന നിലവാരത്തിൽ ആരിലുംഉള്ളതായി നിരൂപിച്ചുകൂടാ. താൻ തുറന്ന നിലത്താണ് ഇരിക്കുന്നതെന്നും മറ്റുള്ളവർ കൂടുതൽ ഉയർന്ന ഇരിപ്പിടത്തിലാണെന്നും വന്നാലും അവിടുത്തേക്ക് അതൊരു കുറച്ചിലായി തോന്നുകയില്ല. ഏതാണ്ട് നാലുകൊല്ലംമുമ്പ് ഒരു ജൂൺമാസത്തിൽ വാഗ്ദത്ത മസീഹിന്റെ കുടുംബം ലുധ്യാനയിലായിരിക്കെ അവിടുത്തെ ഭവനത്തിൽ പുതുതായി ഉണ്ടാക്കിയ മുറികളിലൊന്നിൽ ഒരുകോച്ചിൽ ഞാൻ കിടക്കുകയും ഉറങ്ങിപ്പോവുകയുമുണ്ടായി. അവിടുന്ന് മുറിയിൽ

ഉലാത്തുകയായിരുന്നു. ഞാൻ ഞെട്ടിയുണർന്നപ്പോൾ കണ്ടത് ഹുസൂർ എന്റെ കട്ടിലിന്നരികെ നിലത്തുകിടക്കുന്നതായിട്ടാണ് ഇത് കണ്ടപ്പോൾ ഞാൻ അസ്വസ്ഥപ്പെട്ട് എഴുന്നേറ്റിരുന്നു. ഞാൻ എന്തിനാണ് എഴുന്നേറ്റിരുന്നതെന്ന് ഹുസൂർ അപ്പോൾ എന്നോട് ചോദിച്ചു. "അങ്ങ് താഴത്ത് വെറും നിലത്ത് കിടക്കുമ്പോൾ ഞാനെങ്ങിനെ ഈ കട്ടിലിൽ കിടക്കും?" എന്ന് ഞാൻ ഉത്തരമായിപ്പറഞ്ഞു. അവിടുന്നു അപ്പോൾ സസ്മിതം ഉദീരണം ചെയ്തത് ഇപ്രകാരമായിരുന്നു: "ഞാൻ താങ്കൾക്ക് കാവൽ കിടക്കുകയായിരുന്നു! കുട്ടികൾ വലിയ ബഹളം കൂട്ടുന്നത് കണ്ടു. അവരെ ഞാൻ തടഞ്ഞു. താങ്കളുടെ ഉറക്കത്തെ അലോസരപ്പെടുത്താതിരിക്കാൻ തന്നെ"!

പള്ളിയിൽ വാഗ്ദത്ത മസീഹിന് ഒരു പ്രത്യേകസ്ഥാനമൊന്നുമില്ല. പുറത്ത്നിന്ന് പുതുതായി വരുന്ന ഒരാൾക്ക് ഹസ്രത്ത് സാഹിബിനെ മറ്റുള്ളവരിൽനിന്ന് പെട്ടെന്ന് തിരിച്ചറിയാൻ കഴിയുന്നതല്ല. പള്ളിയുടെ വലതുഭാഗത്ത് മുൻവരിയിൽ ഒരറ്റത്ത് മാറി ധ്യാനമഗ്നനായി അവിടുന്ന് ഇരിക്കും മിഹ്റാബിന്നടുത്ത് നമസ്കാരത്തിന്ന് ആളുകൾ കടന്ന്വരുന്ന വാതിലിന്ന് നേരെ അഭിമുഖമായിട്ടാണ് ഞാൻ ഇരിക്കാറുള്ളത്. വാഗ്ദത്ത മസീഹിനെ കാണാൻവരുന്ന ഒരു അപരിചിതൻ വാതിൽ കടന്ന് താൻ തെരയുന്ന ഗുരുവര്യനെന്ന് തെറ്റിദ്ധരിച്ച് ചിലപ്പോൾ നേരെഎന്റെയടുക്കൽവരും. സ്വയം തെറ്റുമനസ്സിലാക്കിയാലോ മറ്റാരെങ്കിലും തിരുത്തിക്കൊടുത്താലോ താൻ ബൈഅത്തിനായി കൈനീട്ടേണ്ടത് ആരുടെ നേരെയാണോ ആ മഹാത്മാവിനെ തിരിച്ചറിയുന്നു. അവിടുത്തെ സാന്നിധ്യംകൊണ്ടനുഗ്രഹീതമായ സദസ്സിൽ വളരെ പാവനവും വിശുദ്ധവുമായ ഒരന്തരീക്ഷം കളിയാടാറുണ്ടെങ്കിലും ഉപചാരപരമായ നിഷ്ഠകളൊന്നും ഉണ്ടായിരിക്കുകയില്ല. ഓരോ ആളും കരുതുന്നത് വാഗ്ദത്ത മസീഹിന്ന് തന്നോട് മറ്റുള്ളവരോടില്ലാത്ത പ്രത്യേകസ്നേഹം ഉണ്ടെന്നായിരിക്കും. അതുകൊണ്ട്, ഓരോആളും സ്വതന്ത്രമായി തുറന്നടിക്കും. ഒരാൾ മണിക്കൂറുകളോളം തന്റെ കഥകൾ കേൾപിച്ചെന്നുവരും. പൂർണ്ണ ശ്രദ്ധയോടെ അവിടുന്ന് അയാൾ പറയുന്നതത്രയും കേൾക്കും. അതെത്ര വിഷമമുണ്ടാക്കുന്നതായാലും. ആ കഥകേട്ട് മടുത്ത

മറ്റുള്ളവർ തളർന്ന് കോട്ടുവായിട്ട് തുടങ്ങിയെന്ന് വന്നാലും വാഗ്ദത്ത മസീഹ് അയാളോട് യാതൊരു അപ്രീതിയും കാണിക്കുകയോ തനിയ്ക്ക് വിഷമമുള്ളതായി ഭാവിക്കുകയോ ചെയ്യില്ല.

അവിടുന്ന് തന്റെ സ്നേഹിതൻമാരോടൊപ്പം ഇരിക്കുമ്പോൾ ആലോചനാമഗ്നനായിരിക്കയില്ല. ശിഷ്യരെല്ലാം ചുറ്റിലും നിശ്ശബ്ദരായി വട്ടമിട്ടിരുന്നാൽ ചുമർചിത്രങ്ങളിലെന്നപോലെ അവിടുന്ന് കൂനിച്ചിരിക്കുകയുമില്ല. മറിച്ച്, തുറന്ന സംസാരത്തിലേർപ്പെടുകയും ആവശ്യമെങ്കിൽ ഉപദേശപ്രസംഗം നടത്തുകയും ചെയ്യും. സംസാരത്തിനിടയിൽ ചിലപ്പോൾ അസത്യമതങ്ങളിലെ തത്വങ്ങൾകടന്ന്വന്നാൽ അതിനെ ഖണ്ഡിക്കാനായി ശത്രുവിന്റെ ഒരു വൻസേനയെ ആക്രമിക്കുന്ന രീതിയിലായിരിക്കും സംസാരിക്കുക. ഇസ്ലാമിനെ കുറിച്ചുള്ള ആക്ഷേപങ്ങൾക്ക് മറുപടി നൽകുമ്പോൾ ഒരു വലിയ സമരം നടക്കുകയാണെന്ന് ഒരു അപരിചിതന്ന് തോന്നിയേക്കും.

അവിടുത്തെ സദസ്സ് തിരുനബിയുടേതിന്ന് തുല്യമായിട്ടുള്ളതാണ്. തിരുനബി (സ) തന്റെ പള്ളിയിൽവെച്ചാണല്ലോ സദസ്സുകൾ ചേരാറുണ്ടായിരുന്നത്. ധ്യാനവിചിന്തനങ്ങളുടെ ഏകാന്തശാന്തമായ ജീവിതം നയിക്കാൻ വനവാസം സ്വീകരിച്ച ഒരു സന്യാസി ദിവ്യാത്മാക്കൾക്ക് ചേരുന്ന ആദർശജീവിതം തന്റേതാണെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടായിരിക്കെ, നബി (സ) തിരുമേനി മദീനത്തെ പള്ളിയിലിരുന്നു തന്റെ ശിഷ്യർക്ക് യുദ്ധകാണ്ഡം പഠിപ്പിച്ചുകൊടുക്കുകയും ആയുധങ്ങൾ തുടച്ചുമിനുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നതിന്നിടയിൽ അവിടെ കയറിവന്നാൽ തിരുനബി (സ) ദയാവായ്പ്പിന്റെയും കാരുണ്യത്തിന്റെയും മൂർത്തിയാണെന്നും ദൈവത്തിന്റെ സൃഷ്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അവിടുന്ന് ലോകത്ത് മറ്റാരെക്കാളും ബോധവാനും വിശുദ്ധഖുർആനിൽ വിവരിച്ചതിൻപ്രകാരം ലോകാനുഗ്രഹിയുമാണെന്ന് സംങ്കുചിതമനസ്കനായ ആ സന്യാസി വിചാരിക്കാനിടയുണ്ടോ?

ആധുനിക സൂഫികളേയും പീർമാരേയും സ്ഥാനികളേയും മറ്റും വളരെ ആദരവോടെ കാണുകയും അവരുടെ രീതി

കളേയും സമ്പ്രദായങ്ങളേയും താൽപര്യത്തോടെ നിരീക്ഷിക്കുകയും ചെയ്യുന്ന ഒരാൾ ഒരിക്കൽ നമ്മുടെ പള്ളിയിൽ കയറിവന്നു. വാഗ്ദത്തമസീഹിനോട് ആളുകൾ വളരെ തുറന്നനിലയിൽ സംസാരിക്കുന്നത്കണ്ട് അത്ഭുതംകൂറിയ അദ്ദേഹം വാഗ്ദത്ത മസീഹിനോട്തന്നെ ഇപ്രകാരം പറഞ്ഞു: "താങ്കളുടെ പള്ളിയിലെ ആളുകൾ മര്യാദയെന്തെന്ന് അറിയാത്തവരാണ്. അവർ താങ്കളോട് തുറന്നടിച്ച് സംസാരിക്കുന്നതായിക്കാണുന്നു". വാഗ്ദത്ത മസീഹ് (അ) പറഞ്ഞു:

"ആളുകൾ എന്നെ ഒരു വന്യമൃഗത്തെപോലെ ഭയപ്പെടട്ടെ എന്നുകരുതി ഞാൻ രൂക്ഷഭാവത്തോടും മിണ്ടാട്ടമില്ലാതെയും പ്രത്യക്ഷപ്പെടണമെന്നാണോ നിങ്ങൾ പറയുന്നത്? എന്റെ രീതി അതല്ല. ഒരു ബിംബത്തെപ്പോലെ എന്നെ ആരാധിക്കുന്നതിനെ ഞാൻ വെറുക്കുന്നു. ബിംബാരാധനയെ നശിപ്പിക്കാനാണ് ഞാൻ വന്നിട്ടുള്ളത്. മറ്റുള്ളവർ എന്നെ ആരാധിക്കാൻവേണ്ടി എന്നെതന്നെ ഒരു ബിംബമാക്കി മാറ്റാനല്ല. മറ്റുള്ളവരുടെമേൽ എനിക്കൊരു ഔന്നത്യവും ഞാൻ കൽപിക്കുന്നില്ലെന്ന് അല്ലാഹുവിന്ന് നല്ലപോലെ അറിയാം. ഗർവ്വിഷ്ഠനായ ഒരാളെക്കാളും നീചനായിട്ടാരുംതന്നെ ഇല്ല; അത്തരം ഒരാൾ ദൈവത്തെ അല്ലാ ആരാധിക്കുന്നത്; മറിച്ച് തന്നെത്തന്നെയാണ്"!

തന്റെ അനുയായികളെ സംബോധനചെയ്യുമ്പോഴും അവരെക്കുറിച്ച് പേരെടുത്ത് പറയുമ്പോഴും വാഗ്ദത്ത മസീഹ് (അ) അങ്ങേയറ്റം ആദരപൂർവ്വമായ പദങ്ങളാണ് ഉപയോഗിക്കാറുള്ളത്. അവരുടെ അസാന്നിധ്യത്തിലും അവരെപറ്റി ബഹുമാനപൂർവ്വം മാത്രമെ സംസാരിക്കുകയുള്ളു. തന്റെ ഭാര്യയോടും മറ്റു ശിഷ്യൻമാരോടും ഏതെങ്കിലും ശിഷ്യനെപറ്റി എന്തെങ്കിലും പറയേണ്ടിവന്നാൽ ആ ശിഷ്യൻ തന്റെ മുമ്പിൽതന്നെയുണ്ടെന്ന് തോന്നുമാറ് വളരെ ബഹുമാനത്തോടെമാത്രം അവരെപറ്റിപ്പറയുന്നതായി എനിയ്ക്ക്തന്നെ പലപ്പോഴും കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരാളേയും അവിടുന്ന് 'തൂ' (നീ) എന്ന് അനാദരപൂർവ്വം സംബോധനചെയ്യുന്നതായി ഞാൻ കേട്ടിട്ടില്ല. "എന്റെ ബഹുമാന്യ സഹോദരൻ ഹസ്രത്ത് മൗലവി സാഹിബ്", "എന്റെ സഹോ

ദരനും ദൈവത്തിന്റെ സ്നേഹിതനുമായ മൗലവി സാഹിബ്" എന്നിങ്ങിനേയാണ് അവിടുന്ന് ശിഷ്യരെ സംബന്ധിച്ച് എന്തെങ്കിലും പറയാൻ തുടങ്ങുക. എഴുത്തിലും അങ്ങിനെതന്നെ: "ഹസ്രത്ത് മൗലവി സാഹിബ് ഇപ്രകാരം പറയുന്നു" എന്നിങ്ങനെ ആരംഭിക്കും. പല ആത്മീയ മാർഗ്ഗദർശിമാരേയും പീർമാരേയും ഫക്കീർ മാരേയും എനിയ്ക്കറിയാം. അനുയായികളിലും ശിഷ്യരിലും പെട്ടവരെപറ്റി ആദരപൂർവ്വം പറയുന്നത് തങ്ങളുടെ അന്തസ്സിന് ചേർന്നതല്ലെന്ന് അവർ കരുതുന്നു. കേസർഷാ എന്നു പേരായ ഒരു ദുഷ്ടഫക്കീർ ഉണ്ടായിരുന്നു. 25 വയസ്സായ അയാളുടെ പുത്രൻ ഒരു കുടിയനും ദുർമാർഗ്ഗിയുമായിരുന്നു. അയാൾ സിയാൽകോട്ട് ഒരിക്കൽ വരികയുണ്ടായി. ഷേഖ് അല്ലാദത്ത എന്നൊരു ബഹുമാന്യവ്യക്തി നിർഭാഗ്യവശാൽ കേസർഷായുടെ ഒരു ശിഷ്യനായിരുന്നു. അദ്ദേഹം വലിയ സ്ഥാനമാനങ്ങളെല്ലാം ഉള്ള ഒരാളായിരുന്നു. കേസർഷായുടെ മകനായ ചെറുപ്പക്കാരൻ ആദരണീയനായ അല്ലാദത്താ സാഹിബിനോട് 'അല്ലാദത്ത, ബായ്, നിങ്ങൾ അങ്ങിനെ ചെയ്യണം'! 'ഇങ്ങനെ ചെയ്യണം' എന്നിങ്ങനെ യാതൊരു ആദരവുംകൂടാതെ ശാസനകൾ നൽകുമായിരുന്നു. ചുരുക്കത്തിൽ, പീർമാരും അവരുടെ മക്കൾകൂടിയും ശിഷ്യരിൽപെട്ട വലിയ വലിയ ആളുകളോടുപോലും ഏറ്റവും ഹീനമായ തരത്തിലാണ് പെരുമാറുക. ശിഷ്യരോട് ആദരവോടെ പെരുമാറുന്നത് ഒരു കുറ്റമായിട്ടും തങ്ങൾക്ക് കുറച്ചിലായിട്ടും അവർ കണക്കാക്കുന്നു! എന്നാൽ, വാഗ്ദത്ത മസീഹ് (അ) തന്റെ ഏറ്റവും എളിയ ശിഷ്യനോട്പോലും 'തൂ' (നീ) എന്ന് വിളിച്ചു സംസാരിക്കാറില്ലെന്നതാണ് എന്റെ ദീർഘകാലത്തെ അനുഭവം.

നമ്മുടെ സഹോദരൻമാർ പ്രത്യേകിച്ചും ലാഹൗറിലെ നമ്മുടെ സഹോദരൻമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലാഹൗർ സഹോദരൻമാർ പരസ്പരം ബഹുമാനത്തോടെ മറ്റുസഹോദരൻമാരെപറ്റി പറയാറില്ലെന്ന് എനിയ്ക്ക് അറിയാം. അവർ ഒരു പരിശുദ്ധസമൂഹത്തിൽപെട്ടവരാണ് തങ്ങളെന്ന് കരുതുന്നുവെങ്കിൽ, അങ്ങിനെ അവർ ആഗ്രഹിക്കുന്നുവെങ്കിൽ ഇത്തരത്തിലുള്ള എല്ലാ അസമത്വഭാവങ്ങളേയും പിഴുതെറിയുകതന്നെ വേണം. സഹോദരൻമാർ പരസ്പരം വളരെ

ബഹുമാനപൂർവ്വം സംബോധനചെയ്യുകയും സ്മരിക്കുകയും വേണ്ടതാണ്.

വാഗ്ദത്ത മസീഹിനെക്കാണാൻ ആളുകൾ അധികവും വരുന്നത് പള്ളിയിലായിരിക്കും. അവിടുന്ന് ദിവസവും അഞ്ചു നേരവും പള്ളിയിൽവച്ച് ജമാഅത്തായിട്ടാണ് നമസ്കരിക്കുക. അസുഖമാണെങ്കിൽ ചിലപ്പോൾ വീട്ടിൽവെച്ചും. മറ്റുള്ളവരോടും അപ്രകാരം തന്നെചെയ്യാൻ ഉൽബോധിപ്പിക്കുന്നു. ജമാഅത്തായി നമസ്കരിക്കാൻ സാധിക്കാതെ വരുന്നതിലും ദുഃഖകരമായി മറ്റൊന്നില്ലെന്ന് അവിടുന്ന് പറയാറുള്ളതാണ്. ഖാദിയാനിൽ വളരെ കുറച്ച് മാത്രം ആളുകൾ വന്നുകൊണ്ടിരുന്നപ്പോൾ തന്റെ ജമാഅത്തിൽപെട്ടവർ അധികമായി വന്നെത്തിയെങ്കിൽ എത്ര നന്നായിരുന്നുവെന്ന് പറഞ്ഞിരുന്നത് ഞാൻ ഓർക്കുന്നു. ദിവസവും അഞ്ചുനേരവും അവരോടൊപ്പം നമസ്കരിക്കുവാൻ അവിടുന്ന് ആഗ്രഹിച്ചുപോന്നു. അതിന്വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം അപ്രകാരം തന്റെ പ്രാർത്ഥനകേൾക്കുമെന്നും അവിടുന്ന് വിശ്വസിച്ചു. ഇപ്പോൾ ദൈവാനുഗ്രഹത്താൽ 80 ഓ 90 ഓ പേർ ദിവസവും അഞ്ചുനേരം നമസ്കരിക്കാൻ എത്തുന്നു. ഫർസ് നമസ്കാരം കഴിഞ്ഞാൽ അവിടുന്ന് വീട്ടിലേയ്ക്ക് മടങ്ങി എഴുത്തുവേലയിൽ ഏർപ്പെടുന്നു. സന്ധ്യനമസ്കാരാനന്തരം പള്ളിയിൽതന്നെയാണ് എപ്പോഴും കഴിച്ചുകൂട്ടുക. അവിടെവച്ച്തന്നെ ആഹാരം കഴിക്കും. ഇശാ കഴിഞ്ഞാലേ മടങ്ങുകയുള്ളൂ. ഉച്ചഭക്ഷണവും സ്നേഹിതൻമാരോടൊപ്പം പള്ളിയിൽവെച്ച് തന്നെയാണ് കഴിക്കുക. അപ്പോൾ ചില വിഷയങ്ങളെപറ്റി ആരെങ്കിലും ചോദിച്ചാൽ സംസാരിക്കുകയും ചെയ്യും.

പേരിന്നോ പ്രസിദ്ധിക്കോ ആദരവിന്നോ വേണ്ടിയുള്ള ആഗ്രഹം തന്നെ അവിടുത്തേക്ക് ഇല്ലെന്ന് ഓരോ ചലനവും തെളിയിക്കുന്നു. ദൈവകൽപനയുണ്ടെങ്കിൽ മാത്രമേ പൊതുരംഗത്ത് പ്രത്യക്ഷപ്പെടുകയുള്ളൂ. ഒരിക്കൽ അവിടുന്ന് പറഞ്ഞു, ഏകാന്തതയും പൊതുജീവിതവും തമ്മിൽ തെരഞ്ഞെടുക്കാൻ എന്നോട് ആവശ്യപ്പെടുകയാണെങ്കിൽ താൻ ഏകാന്തശാന്തമായ ജീവിതമാണ് ഇഷ്ടപ്പെടുക എന്ന്. "ഞാൻ ആണയിട്ട്പറയും.

എന്റെ ഹിതത്തിന്നെതിരായിട്ടാണ് ഞാൻ പൊതുരംഗത്ത് വലിച്ചിഴക്കപ്പെട്ടിരിക്കുന്നത്. ഏകാന്തതയിൽനിന്നും ഞാൻ നുകരുന്ന ആനന്ദം ദൈവത്തിന്ന് മാത്രമേ അറിയൂ. 25-കൊല്ലത്തോളം ഞാൻ കേവലം ഗുപ്തജീവിതമാണ് നയിച്ചത്. പ്രസിദ്ധിയുടെ ദർബാറിൽ ഒരു കസേരയ്ക്ക്വേണ്ടി ഞാൻ ഒരിയ്ക്കലും ആഗ്രഹിച്ചിട്ടില്ല. ജനങ്ങളുമായി കൂടിക്കലരുന്നത് എനിയ്ക്ക് അനിഷ്ടകരമായിരുന്നു. ദൈവകൽപനയാലാണ് ഞാൻ അതിന്ന് നിർബന്ധിതനായത്. ദൈവഹിതത്തിന്ന് വഴിപ്പെട്ടാണ് ഞാൻ പുറത്ത് വരുന്നതും ജനങ്ങളോടൊപ്പം ഇരിക്കുന്നതും നടക്കാൻ പോകുന്നതുമെല്ലാം."

ദീനിയായ കാര്യങ്ങളെപറ്റിയുള്ള ചോദ്യങ്ങൾക്ക് അവിടുന്ന് വളരെ സൗമ്യമായ മറുപടി നൽകും. തന്റെ വാദങ്ങളെപറ്റി ആർ എത്ര പരുഷമായി സംസാരിച്ചാലും യാതൊരു ഭാവഭേദവും കാണിക്കുകയില്ല. ചോദ്യകർത്താവിനെ വളരെ ശാന്തമായ നിലയിൽ കാര്യം ഗ്രഹിപ്പിക്കാൻ ശ്രമിക്കും. ഒരിക്കൽ പള്ളിയിൽ ഹിന്ദുസ്ഥാനത്ത് നിന്നുള്ള (യു.പി യിൽ നിന്ന് എന്നർത്ഥം) ഒരാൾ കയറിവന്നു. തന്റെ അറിവിലും ലോകപരിജ്ഞാനത്തിലും ഊറ്റം കൊള്ളുന്ന ഒരാളായിരുന്നു അത്. വാഗ്ദത്ത മസീഹിന്നോട് അവിടുത്തെ വാദങ്ങളെപറ്റി അയാൾ മര്യാദവിട്ടാണ് സംസാരിച്ചത്. സംഭാഷണമദ്ധ്യേ അയാൾ പറഞ്ഞു: "നിങ്ങൾ ഒരു കപട വാദിയാണ്. ഇത്തരം അനേകം കപടൻമാരെ ഞാൻ കണ്ടിട്ടുണ്ട്. പല ചതിയൻമാരെയും ഞാനെന്റെ കയ്യിലൊതുക്കിയിട്ടുണ്ട്". അയാൾ വളരെ രൂക്ഷമായി സംസാരിച്ചെങ്കിലും വാഗ്ദത്ത മസീഹിന്റെ മുഖത്ത് നേരിയൊരു ഭാവമാറ്റംപോലും ഉണ്ടായില്ല. അയാൾ പറയുന്നതത്രയും വളരെ പൊറുമയോടെ കേട്ടശേഷം തന്റെ മുറയെത്തിയപ്പോൾ വളരെ സൗമ്യമായും ശാന്തമായും മറുപടി നൽകി.

ഒരാളുടെ ഭാഷണശൈലി എത്ര പരുഷവും മര്യാദകെട്ടതുമായിരുന്നാലും, തനിയ്ക്ക് വായിച്ചുകേൾപിക്കുന്ന പദ്യമോ ഗദ്യമോ എത്ര അരസികവും അർത്ഥശൂന്യവുമായിരുന്നാലും തന്റെ അനിഷ്ടം പ്രകടിപ്പിക്കുകയോ അത് കേൾപിക്കുന്നവേള

യിലോ അതിന്നുശേഷമോ അയാളുടെ അസാന്നിദ്ധ്യത്തിലോ അതൃപ്തി കാട്ടുകയോ ചെയ്യുകയില്ല. കേൾക്കാൻ കൊള്ളാത്തതാണെന്നതിനാൽ സദസ്സിൽ ആരെങ്കിലും പുച്ഛിച്ചു പറയുകയോ പ്രതിഷേധം സൂചിപ്പിക്കുകയോ ചെയ്തുകൊണ്ട് പരസ്പരം പിറുപിറുത്തെന്ന്വന്നാലും, അയാൾ പോയിക്കഴിഞ്ഞാൽ ആളുകൾ വിമർശിച്ചുതുടങ്ങിയാൽപോലും സഹനത്തിന്റെയും പൊറുമയുടേയും പ്രതീകം തന്നെയായ വാഗ്ദത്ത ദൈവദൂതൻ (അ) അനിഷ്ടത്തിന്റെ ലാഞ്ഛനപോലും പ്രകടിപ്പിക്കുകയില്ല. ഒരു സ്നേഹിതൻ എന്തെങ്കിലും സേവനം അനുഷ്ഠിക്കുകയാണെങ്കിൽ, അഥവാ ഇസ്ലാമിനെ പിന്താങ്ങിക്കൊണ്ട് ഒരു കവിതയോ, ലേഖനമോ എഴുതുകയാണെങ്കിൽ അതിനെ അങ്ങേയറ്റം വിലമതിക്കുകയും ആദരിച്ചുയർത്തിക്കാട്ടുകയും തന്റെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യാൻ അൽപം പോലും മടികാണിക്കുകയില്ല. സത്യമതത്തിന്ന് പിന്തുണയായി ഒരാൾ ഒരു വാക്കുച്ചരിക്കുകയെങ്കിലും ചെയ്തെങ്കിൽ ഒരു സഞ്ചി നിറയെ മുത്തുകളും സ്വർണ്ണനാണയങ്ങളും ലഭിച്ചതിനേക്കാളും വിലപ്പെട്ടതായി അവിടുന്ന് കണക്കാക്കും.

അവിടുത്തെ യഥാർത്ഥലക്ഷ്യം ദീനാണ്. ദീനിന്റെ നിരന്തരസേവനവുംതന്നെ. "ആരെങ്കിലും ഞാൻ അയാളെ സ്നേഹിക്കണമെന്നും അയാൾക്ക്വേണ്ടി ഉള്ളുതട്ടിപ്രാർത്ഥിക്കണമെന്നും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അയാൾ ഇസ്ലാമിന്ന് സേവനം ചെയ്യാൻ അർഹനും സന്നദ്ധനുമാണെന്ന് ഉറപ്പ് നൽകട്ടെ" എന്ന് അവിടുന്ന് പറയാറുണ്ട്.

അവിടുന്ന് ആവർത്തിച്ചാവർത്തിച്ച് ആണയിട്ട് ഊന്നിപ്പറഞ്ഞിട്ടുണ്ട്, താൻ സ്നേഹിക്കുന്നതെന്തും ദൈവത്തിന്വേണ്ടിമാത്രം സ്നേഹിക്കുന്നതാണെന്നും തന്റെ ബന്ധം അതു ഭാര്യയോടുള്ളതായാലും കുട്ടികളോടുള്ളതായാലും സ്നേഹിതരോടുള്ളതായാലും അല്ലാഹുവിന്ന് വേണ്ടിമാത്രമാണെന്നും. ആരെങ്കിലും അവിടുത്തോടുള്ള അടുപ്പവും സ്നേഹവും പുലർത്തുകയാണെങ്കിൽ, വാഗ്ദത്ത മസീഹ് തന്നോടൊന്നിച്ച് എത്രകണ്ട് ഉറ്റനിലയിൽ സ്നേഹം കാട്ടുന്നുവെന്ന് കണ്ടറിഞ്ഞ് വികാരവിവ

ശനാകയും, അവിടുത്തെ സ്നേഹത്തെയപേക്ഷിച്ച് തന്റെ സ്നേഹം എത്രമാത്രം ദുർബലവും നസ്സാരവുമാണെന്ന് മനസ്സിലാക്കുകയും ചെയ്യും. വാഗ്ദത്തമസീഹ് തന്റെ അനുയായികളുടെ ക്ഷേമസുഖങ്ങളുടെ കാര്യത്തിൽ പ്രകടിപ്പിക്കുന്ന ഉൽക്കണ്ഠയോട് കിടപിടിക്കത്തക്കവണ്ണം ഈ ലോകത്തിലെ ഒരു ബന്ധുവിന്നും ഉൽക്കണ്ഠപ്പെടാനാവില്ലെന്ന് അതനുഭവിച്ചവർക്കറിയാം. ആ അനുയായി യഥാർത്ഥത്തിലുള്ള സത്യവിശ്വാസിയും ഇസ്ലാമിന്റെ ദാസനും ദൈവഭക്തനും ആണെന്ന്വന്നാൽ ആ ഉത്ക്കണ്ഠയെ കുറിച്ച് പറയുകയേവേണ്ട. അവിടുന്ന് എല്ലാവരുടെയും നന്മ ആഗ്രഹിക്കുന്നുവെങ്കിലും യഥാർത്ഥവിശ്വാസികളോട് ഒരു പ്രത്യേകതരത്തിലുള്ള പ്രിയം കാണിക്കാൻ മടിക്കാറില്ല.

കഴിഞ്ഞ ഒക്ടോബറിൽ ഞാൻ തീരെ സുഖമില്ലാതെ സിയാൽകോട്ട് കിടപ്പിലായിപ്പോയി. കുറച്ച് ദിവസത്തേയ്ക്ക് ഞാൻ അവിടെ പോയതായിരുന്നു. എന്റെ നില അല്പം ഗുരുതരമായപ്പോൾ എന്റെ ബഹുമാന്യനായ പ്രിയ സുഹൃത്ത് സിയാൽകോട്ട് ജില്ലാ ആഫീസിലെ ഡെപ്യൂട്ടി സുപ്രണ്ട് മീർ ഹാമിദ്ഷാ എന്റെ അസുഖത്തെപ്പറ്റി വാഗ്ദത്ത മസീഹിനെ കത്ത്മൂലം അറിയിക്കുകയുണ്ടായി. ഈ വിവരം വായിച്ചറിഞ്ഞ വാഗ്ദത്ത മസീഹ് എനിയ്ക്കയച്ച എഴുത്ത്തന്നെ എന്റെ പക്കൽ അവിടുന്ന് ഒരു ദൈവദൂതൻ തന്നെയെന്നതിലേയ്ക്ക് മതിയായ തെളിവാകുന്നു. ആ കത്ത് ഞാൻ ഇവിടെ ഉദ്ധരിക്കാം. ഓരോ പ്രവൃത്തിയും ആ കർമ്മാവിന്റെ ഉദ്ദേശ്യത്തെ വിലയിരുത്താൻ സഹായകമാണല്ലോ. കത്ത് ഇപ്രകാരമാണ്:

"എന്റെ ആദരണീയനായ സഹോദരൻ മൗലവി അബ്ദുൽകരീം സാഹിബ്! അങ്ങയുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ചൊരിയുമാറാകട്ടെ. അങ്ങയുടെ അസുഖത്തെപറ്റി ഭ്രാതാ സയ്യിദ് ഹാമിദ്ഷാ സാഹിബ് എഴുതിയ കത്ത് രാത്രി രണ്ടുമണിക്കാണ് എനിയ്ക്ക് കിട്ടിയത്. അതുവായിച്ചിട്ട് എനിയ്ക്കുണ്ടായ ദുഃഖവും ഹൃദയവേദനയും അല്ലാഹുവിന്ന് മാത്രമേ അറിയുകയുള്ളു. അല്ലാഹു അങ്ങയുടെ മേൽ

പ്രത്യേകനിലയിൽ കാരുണ്യം ചൊരിയട്ടെ. ഞാൻ അങ്ങയ്ക്ക് വേണ്ടി പ്രത്യേക നിലയിൽ പ്രർത്ഥിക്കുന്നതാണ്. എന്റെ എല്ലാ ശിഷ്യരിലും വച്ച് രണ്ട്പേർ മാത്രമാണ് മതകാര്യത്തിൽ ജീവിത സർവ്വവും എന്റെമുമ്പിൽ സമർപ്പിച്ചവർ. അവരിലൊരാൾ അങ്ങാണ്; മറ്റേവ്യക്തി മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബും. ഇതുവരേയും മൂന്നാമതൊരാൾ ഉണ്ടായിട്ടില്ല. അതുകൊണ്ട്, അങ്ങയുടെ രോഗാവസ്ഥയിൽ എനിയ്ക്ക് എത്രമാത്രം അസ്വസ്ഥതയും പൊറുതികേടും ഉണ്ടെന്നകാര്യം അല്ലാഹുവിന്നല്ലാതെ മറ്റാർക്കും അറിയില്ല. അല്ലാഹു അങ്ങയ്ക്ക് എത്രയുംവേഗം സ്വാസ്ഥ്യംനൽകട്ടെ. അവൻ കാരുണ്യം ചൊരിയുകയും ആയുസ്സും ആരോഗ്യവും നൽകുകയും ചെയ്യട്ടെ. ആമീൻ, സുമ്മ ആമീൻ. –വിനീതൻ, മിർസാ ഗുലാം അഹ്മദ്, ഖാദിയാൻ, 24–10–1899"

അല്ലാഹുവിന്ന് നന്ദി! അവിടുത്തെ പ്രാർത്ഥനമൂലം എനിയ്ക്ക് വേഗം സുഖംകിട്ടി.

ചുരുക്കത്തിൽ, വാഗ്ദത്ത മസീഹിന്റെ കൈ തന്റെ കൈക്ക് മേലെയാണെന്നും അതെന്നും അപ്രകാരമായിരിക്കുമെന്നും ഹൃദയത്തിന്റെ അഗാധതലത്തിൽ അറിയുമാറ് ഏറ്റുപറയാത്ത ഒരാളും നമ്മുടെ ജമാഅത്തിൽ ഉണ്ടായിരിക്കുകയില്ല.

അവിടുന്ന് എന്തെങ്കിലും ലേഖനം എഴുതിയത് കേൾപ്പിക്കുകയോ വിജ്ഞാപനം സഭയിൽ വായിപ്പിക്കുകയോ ചെയ്യേണ്ടിവന്നാൽ പ്രസ്സിലേയ്ക്ക് അയക്കുന്നതിന്ന് മുമ്പായി തന്റെ ശിഷ്യർക്ക് അത് കേൾപിക്കും. ആരെങ്കിലും സംശയം പ്രകടിപ്പിക്കുകയോ ചർച്ചയ്ക്ക് ഒരുങ്ങുകയോ ചെയ്താൽ സന്തോഷം പ്രകടിപ്പിക്കും. ഇക്കാര്യത്തിൽ അവിടുത്തെ സമീപനം അതുല്യമായിട്ടാണ് എനിയ്ക്ക് അനുഭവപ്പെട്ടത്. ഒരു മൌലവിയോ ഭൌതീകനായ ഒരു എഴുത്തുകാരനോ ഗ്രന്ഥകർത്താവോ ഇത്തരം അവസരങ്ങളിൽ ക്ഷുഭിതനായിത്തീരും. ആരെങ്കിലും എന്തെങ്കിലും ചെറിയ അഭിപ്രായഭിന്നത പ്രകടിപ്പിച്ചാൽ തന്നെപറ്റി കുറ്റമറ്റവനായികരുതുകയാണ് ചെയ്യുക. അവിടുന്ന് ആരുടേയും തെറ്റോ പിഴവോ നേരിട്ട് ചൂണ്ടിക്കാട്ടി ആരെയും വിമർശി

ക്കയില്ല. ആരുടേയെങ്കിലും ചലനം അതൃപ്തികരമായിത്തോന്നി യാൽ വിഭിന്നമാർഗ്ഗങ്ങളിൽ പൊതുവായ നിലയിൽ സംസാരി ക്കുകയും അവരെ തിരുത്തിക്കുകയുമാണ് ചെയ്യാറ്. അഥവാ, അത്തരക്കാർ തങ്ങളുടെ നിലപാട് സ്വയം തിരുത്തും. അവി ടുന്ന് പ്രഭാഷണം നടത്തുമ്പോഴും ഉപദേശംചെയ്യുമ്പോഴും ഓരോരുത്തർക്കും തോന്നും ഇത് തന്നെപറ്റിയാണ് പറയുന്ന തെന്ന്. ഇപ്രകാരം സംസ്കരണത്തിന്റെയും ശുദ്ധീകരണത്തി ന്റെയും ഒരു പവിത്രമാതൃക അവിടുന്ന് വളരെ ഉദാത്തമായരീ തിയിൽ സംഭാവന ചെയ്തിരിക്കുന്നു. ആരുംതന്നെ പരീക്ഷ യിൽ അകപ്പെടേണ്ടിവരികയോ നാക്ക് പിഴക്കാനിടയാവുകയോ ജാഹിലീയത്തിന്റെ ധൈര്യംകാണിച്ച് കൂടുതൽ വിപത്തിലകപ്പെ ടാനിടയാവുകയോ ചെയ്യുന്നില്ല. ഇത് വളരെ ഉൽകൃഷ്ടമായ പാഠ മാണ്. ആരുടേയെങ്കിലും ചെറിയ തെറ്റുകുറ്റം കണ്ടാൽ, അവരെ സംസ്കരിക്കാനെന്നോണം കടിച്ചുകീറുകയും ജന്തുക്കൾപോലും ലജ്ജിക്കുമാറ് കുഴപ്പങ്ങൾഉണ്ടാക്കിവെക്കുകയും ചെയ്യുന്നതാ യിട്ടാണല്ലോ കാണാറുള്ളത്. അതുമൂലം വിചാരിച്ച ഫലം ലഭി ക്കുന്നില്ല. ശണഠകൂടുകയും വഴക്കിടുകയും ചെയ്തുകൊണ്ട് കൂടുതൽ നാശനഷ്ടങ്ങളാണ് വരുത്തിവെക്കുന്നത്. കഷ്ടമെന്ന് പറയട്ടെ, ഞാനധികമൌലവിമാരേയും പ്രത്യേകിച്ച് ഗൈർ 'മുഖ ല്ലിദീ'ങ്ങൾ തബ്ലീഗ് നടത്തുമ്പോൾ ദുർഭാഷണം ചെയ്യുന്നതാ യിട്ടാണ് കണ്ടിട്ടുള്ളത്. എന്തെങ്കിലും നിസ്സാരമായ പിഴവ്കണ്ടാൽ ഉദാഹരണത്തിന്ന് മീശ അൽപം വലുതായാൽ അല്ലെങ്കിൽ വസ്ത്രം നെരിയാണിക്ക് കീഴെ ആയിപ്പോയനിലയിൽ പള്ളിയിൽ കടന്ന്പോയാൽ പിന്നെ യുദ്ധക്കളത്തിലെത്തിയ പ്രതീതിയാകും. പിന്നെ ദൈവംതന്നെതുണ, അയാളെ പള്ളിയിൽനിന്നും പുറത്ത് കൊണ്ടുവരാൻ! കഷ്ടം! റഹ്മത്തുൽ ലിൽആലമീന്റെ (സ) സീറത്ത് വിവരിക്കുമ്പോൾ ഒരാൾ പള്ളിക്കുള്ളിൽ മൂത്രം ഒഴിച്ച സംഭവത്തെ പറ്റി വിവരിച്ച് കേട്ടിരിക്കും. തിരുനബി (സ) അയാൾക്കെതിരായി ഒന്നും പറഞ്ഞില്ല. എനിയ്ക്ക് ഒരുകാര്യം നല്ല ഓർമ്മയുണ്ട്. അസി. സർജ്ജൻ ഡോ. ഫസ്ലുദ്ദീൻ സാഹിബ് സിയാൽകോട്ട് ഉദ്യോഗം വഹിച്ച്കൊണ്ടിരുന്നപ്പോൾ ഒരിക്കൽ എന്തോകാര്യത്തിന്ന് എന്നേയും കൂട്ടി ജമ്മുവിൽപോയി. മൌലവി

നൂറുദ്ദീൻ സാഹിബിന്റെ പാർപ്പിടത്തിൽ താമസിച്ചു. അക്കാലത്ത് അബ്ദുൽ വാഹിദ് ഗസ്നവിയും അവിടെയാണ് പാർത്തുപോന്നിരുന്നത്. ഡോ. സാഹിബ് അന്ന് വളരെ തടിച്ചുകനത്ത സൽവാറാണ് ധരിച്ചിരുന്നത്. അവിടെയെത്തിക്കഴിഞ്ഞതേയുള്ളു; അവിടെ ഇരുന്നിട്ടുപോലുമുണ്ടായിരുന്നില്ല, മൌലവി ഗസ്നവി സാഹിബ് കയറിവന്നു. കയ്യിൽ നേരിയ വടിയുണ്ടായിരുന്നു. അടുത്തുവന്നയുടനെ തന്റെ വടി ഡോ. സാഹിബിന്റെ സൽവാറിൽമുട്ടിച്ചുകൊണ്ട് വളരെ അസ്വസ്ഥതയോടെ ക്രുദ്ധിച്ച മുഖത്തോടെ നേരിയ സ്വരത്തിൽ അഫ്ഘാനിയും ഉർദുവും കലർന്ന ഭാഷയിൽ 'പൈജാമ നെരിയാണിക്ക് താഴെയാണ് ഇത് ഹറാമാണ്' എന്നുപറഞ്ഞു! ഡോ. സാഹിബ് ഒരു സ്വതന്ത്ര ബുദ്ധിയാണ്. ആചാരങ്ങളെപറ്റിയൊന്നും വലിയ ശ്രദ്ധവെക്കാത്ത ഒരാളും. അദ്ദേഹം അന്ധാളിച്ചുപോയി! സമീപത്ത് മൌലവി സാഹിബ് ഇല്ലായിരുന്നുവെങ്കിൽ അബ്ദുൽവാഹിദിന്ന് അംറുബിൽ മഅ്റൂഫിന്റെ അർത്ഥം ശരിക്കും മനസ്സിലാക്കിക്കൊടുത്തേനെ. ഇക്കാര്യത്തിൽ നമ്മുടെ ഇമാം (അ) നബിനായകർ (സ) തിരുമേനിയുടെ കാലടിപ്പാടുകളെ പിന്തുടരുകയും ധൈര്യത്തോടും പ്രാർത്ഥനയോടുംകൂടി തെറ്റുകാരെ ശ്രദ്ധിക്കുകയും ചെയ്യുന്നു. ഏതുവരെയെന്നാൽ– അല്ലാഹു അയാൾക്ക് ദിവ്യപ്രചോദനത്താലോ മറ്റുപ്രകാരത്തിലോ സംസ്കരണത്തിനുള്ള ഭാഗ്യം നൽകി അനുഗ്രഹിക്കുന്നു. അവിടുന്ന് ഒരിക്കലും സദസ്സിൽ ദ്വയാർത്ഥത്തിൽ സംസാരിക്കുകയില്ല. കണ്ണിട്ടുകൊടുക്കുന്ന സമ്പ്രദായം അവിടുന്ന് അനുവർത്തിക്കാറില്ല. തനിയ്ക്ക് ആരോടെങ്കിലും വിരോധമുള്ളതായി മറ്റൊരാളെ നിയോഗിച്ച് പറയുകയോ സദസ്സിൽ ഇരുന്നുകൊണ്ട് ആരെയെങ്കിലും നോക്കി വിരോധമുണ്ടെന്ന് പറയുകയോ ഇന്ന കൃത്യം ചെയ്തത് തനിയ്ക്ക് അനഭിലഷണീയമായി തോന്നിയെന്നോ ഇന്ന വാക്ക് പറയരുതാത്തതാണെന്ന് പറയുകയോ ചെയ്യില്ല.....

വാഗ്ദത്ത മസീഹ് (അ) തന്റെ ശത്രുക്കളെ പറ്റി ദൂഷ്യാരോപണം ചെയ്തുകൊണ്ട് തുറന്നനിലയിൽ ഒന്നും പറയാറില്ല. ഇനി സദസ്സിൽവെച്ച് ആരെങ്കിലും ശത്രുക്കളിൽ ആരെപറ്റിയെങ്കിലും പരാമർശിച്ചാൽ അയാളെകുറിച്ച് ദോഷകരമായ ഒന്നും

ഉരിയാടുകയില്ല. അവിടുത്തെ ഹൃദയം ശത്രുതയുടെ തീ എരിഞ്ഞുയരാൻ കഴിയുമാറുള്ളതല്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. അങ്ങനെയല്ലെങ്കിൽ, മുസ്‌ലിം സമൂഹത്തിൽനിന്നും അവിടുത്തേയ്ക്ക് അനുഭവപ്പെട്ട പീഡനങ്ങളും മൌലവിമാർ അവിടുത്തോട് കാണിച്ച ഹീനമായ പെരുമാറ്റങ്ങളും മറ്റു ലൗകീകൻമാരെപോലെ അവിടുന്ന് ഓർത്ത്കൊണ്ടിരിക്കുന്നുവെങ്കിൽ രാവും പകലുമെന്നില്ലാതെ അതിനെപറ്റിതന്നെ പറഞ്ഞുകൊണ്ടിരിക്കുകയും തന്റെ സംഭാഷണങ്ങൾക്ക് ഇതുതന്നെ വിഷയമാക്കുകയും അവിടുത്തെ മനസ്സ് ഇക്കാര്യത്തിൽതന്നെ ആലോചിച്ച് പുണ്ണാവുകയും ചെയ്യുമായിരുന്നു. അവിടുത്തെ എല്ലാ ജോലികളേയും അത് ബാധിക്കുകയും ചെയ്തിരിക്കുമായിരുന്നു. ലാഹൗറിലെ 'സെറ്റെല്ലി' എന്ന പത്രം വാഗ്ദത്ത മസീഹിനെ ചീത്ത പറഞ്ഞത്പോലെ ചീത്ത പറയുന്ന ഒരാളെ നബി (സ) തിരുമേനിയെ ശകാരിച്ചുകൊണ്ടിരുന്നവരെ പ്രസവിച്ച അറേബ്യാനാട്ടിന്നുപോലും സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുപറയണം. എന്നിട്ട്, ഞാൻ സത്യം ചെയ്തുപറയട്ടെ, ഈ പത്രത്തിന്നുപോലും വാഗ്ദത്ത മസീഹിന്റെ ശാന്തമായ മനസ്സിന്റെ സ്വസ്ഥതയെ അലോസരപ്പെടുത്താൻ ആകുന്നില്ല. വാഗ്ദത്ത മസീഹിന്റെ എഴുത്തുകളിൽ ഈ കുൽസിത ബുദ്ധികളെ പറ്റിയുള്ള പരമാർശങ്ങൾ കണ്ടിട്ട് അവിടുന്ന് രാവും പകലും തന്റെ ഭാഷണങ്ങളിലും ഇവരെ കുറിച്ച് തന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് ആരെങ്കിലും കരുതുന്നുണ്ടാവാം. എന്നാൽ, നീതിപീഠത്തിലിരുന്ന് ശിക്ഷാവിധികളും വിധിന്യായങ്ങളും പറപ്പെടുവിച്ചശേഷം തന്റെ ആസനത്തിൽനിന്ന് മാറിയിരിക്കുന്ന ഒരു ജഡ്ജി ആ വിധികളിലും ശിക്ഷകളിലും അശേഷം താൽപര്യം കാണിക്കാത്തത്പോലെയും ശിക്ഷകൾ വിധിക്കുന്നതിൽ എന്തെങ്കിലും വ്യക്തിപരമായ താൽപര്യമോ ഉദ്ദേശ്യമോ പുലർത്താതിരിക്കുന്നത്പോലെയും വാഗ്ദത്ത മസീഹ് (അ) തന്റെ കൃതികളിൽ എന്തെങ്കിലും ഖണ്ഡനം എഴുതുകയോ സത്യത്തെ പിന്താങ്ങിപറയുകയോ ചെയ്യുമ്പോൾ അത് തന്റെ പാവനമായ കർത്തവ്യമെന്നനിലയിൽ മാത്രമാണ് അപ്രകാരം ചെയ്യുന്നത്. അല്ലാതെ അക്കാര്യത്തിൽ തന്റെ വ്യക്തിപരമായ പകയ്ക്ക് അതിലൊരുപങ്കും ഉണ്ടാവുകയില്ല. ഒരിയ്ക്കൽ

അവിടുന്ന് പറഞ്ഞു: "ഒരാൾ എന്റെ മുഖത്ത്നോക്കി ഒരുകൊല്ല ക്കാലംവരെ തുടർച്ചയായി എന്റെമേൽ നീചമായ ശകാരം ചൊരി ഞ്ഞുകൊണ്ടിരുന്നാലും ഒടുവിൽ അയാൾതന്നെ ലജ്ജിച്ച് പിൻതിരിയേണ്ടിവരുന്നതല്ലാതെ അൽപമെങ്കിലും എന്നെ ചലി പ്പിക്കാൻ കഴിയുമാറില്ലെന്ന് അയാൾക്ക് സമ്മതിക്കേണ്ടിവരികത ന്നെചെയ്യും. എന്റെ വികാരങ്ങളെ ഇപ്രകാരം ഒതുക്കി നിർത്താനും എന്റെ മനസ്സിനെ കീഴടക്കാനും എനിയ്ക്ക് കഴിയു ന്നതാണ്."

വാഗ്ദത്ത മസീഹിന്റെ സ്ഥൈര്യത്തേയും ഇച്ഛാശക്തി യേയും മഹാത്മാക്കളായ പ്രവാചക പുരുഷൻമാരെയെന്നപോലെ ഭീഷണികൾക്കോ ഭീകരദൃശ്യങ്ങൾക്കോ തെല്ലും ഇളക്കാൻ കഴി യുമാറില്ലതന്നെ. ഭയാനകങ്ങളായ സംഭവങ്ങളോ, വേദനാജന കങ്ങളായ വിപത്തുകളോ അവിടുത്തെ ശ്രദ്ധയെ മാറ്റിക്കളയാനോ തന്റെ കർത്തവ്യധർമ്മങ്ങളെ മറപ്പിച്ചുകളയാനോ പര്യാപ്തമല്ല. ചില കൃസ്തീയ മിഷണറിമാർ അദ്ദേഹത്തിന്റെമേൽ ആരോപിച്ച വധോദ്യമകുറ്റംതന്നെ–ഇക്കാര്യത്തിൽ ദീർഘവീക്ഷണമില്ലാത്ത ചില മുസ്ലിംകളും ആര്യസമാജക്കാരും അവർക്ക് കൂട്ടുനിന്നി ട്ടുണ്ട് –ലൗകീകനായ ഒരു മനുഷ്യന്റെ മനസ്സിനെ കിടിലം കൊള്ളി ക്കാനും അയാളുടെ മനസ്സിന്റെ ഏകാഗ്രതയെ കെടുത്താനും അയാളുടെ ബോധശക്തികളെ തകർത്തുകളയാനും മതിയായിരു ന്നെങ്കിലും അവിടുത്തെ പെരുമാറ്റത്തിലോ ചലനങ്ങളിലോ നിസ്സാര മായൊരു മാറ്റംപോലും വരുത്താൻ പ്രയോജനപ്പെട്ടിട്ടില്ല.*

* ഈ കേസ്സ് 1897–ൽ പ്രശസ്ത ക്രിസ്തീയ മിഷണറിയായിരുന്ന മിസ്റ്റർ മാർട്ടിൻ ക്ലർക്ക് ഫയൽ ചെയ്തിരുന്നതാണ്. ആ കേസ്സ് സംബന്ധിച്ച് എന്തെങ്കിലും അറി യുന്നതിന് മുമ്പായിട്ട് തന്നെ ഗൗരവമേറിയ ഒരു കേസ്സ് അദ്ദേഹത്തിന്നെതിരാ യികൊണ്ടുവരപ്പെടുന്നതാണെന്നും എന്നാൽ ശത്രുക്കളുടെ എല്ലാ ആലോചന കളേയും ഗൂഢശ്രമങ്ങളേയും അല്ലാഹു പരാജയപ്പെടുത്തുമെന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തുമെന്നും ദൈവത്തിൽനിന്ന് ഒരു വെളിപാടുണ്ടായി. അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. അന്ന് ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റായിരുന്ന കേപ്റ്റൻ (പിന്നീട് കേണൽ) ഡഗ്ലസ് ഗുർദാസ്പൂരിൽവെച്ച് അദ്ദേഹത്തെ കുറ്റ ക്കാരനല്ലെന്ന് കണ്ട് വിട്ടയക്കുകയും കേസ്സ് കെട്ടിച്ചമച്ചതും അടിസ്ഥാനരഹിത വുമാണെന്ന് വിധിയിൽ പറയുകയുമുണ്ടായി. (ഒന്നാം ഭാഗം 41–ാം അദ്ധ്യായം നോക്കുക)

അവിടുന്ന് മുമ്പെന്നത്തേയും പോലെതന്നെ കുടുംബങ്ങളോടും സ്നേഹിതൻമാരോടും ഉദാരമായും ആർദ്രമായും വർത്തിക്കുന്നു. തനിയ്ക്കെതിരായി ഒരു കൊടുംപാതകകുറ്റം ചുമത്തപ്പെട്ടിരിക്കുകയാണെന്ന് ആർക്കും ഊഹിക്കാൻപോലും കഴിയുമാറില്ലാത്തവിധം അവിടുന്ന് ശാന്തനും സ്വസ്ഥനുമായിക്കഴിയുന്നു. ഏതെങ്കിലും സ്നേഹിതൻ കൊണ്ടുവരുന്ന എന്തെങ്കിലും പേടിപ്പിക്കുന്ന വർത്തമാനങ്ങൾ (ആരോ ചിലർ തനിയ്ക്കെതിരായി അധികൃതർക്ക് വിവരം നൽകിയിട്ടുണ്ടെന്നോ ഇന്നിന്ന സ്ഥലങ്ങളിൽ തനിയ്ക്കെതിരെ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നോ ഇന്നിന്നയാൾ തന്റെ സൽപേരിനെ കളങ്കപ്പെടുത്താൻ ശിംലയിലെ കുന്നുകളിലേയ്ക്ക് പോയിരിക്കയാണെന്നോ മറ്റോ ഉള്ളവിവരങ്ങൾ) വാഗ്ദത്ത മസീഹിന്റെ ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ അദ്ദേഹത്തെ അൽപവും ചിന്താകുലനാക്കുകയില്ല. ആകാശത്തിൽവെച്ച് തീരുമാനിച്ചതല്ലാതെ ഭൂമിയിൽ ഒന്നും നടക്കുകയില്ലെന്നും അല്ലാഹു അവന്റെ ഭക്തദാസരെ അപമാനിക്കാൻ അനുവദിക്കുകയില്ലെന്നും അവരെ ഒരിക്കലും നശിപ്പിച്ചുകളയുകയില്ലെന്നും അവിടുന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കാറുണ്ട്. എല്ലാ ദുർഘടങ്ങളിൽനിന്നും ക്ലേശത്തിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുന്ന ശക്തമായൊരു തൂണാണിത്. ഞാനദ്ദേഹത്തോടൊപ്പം വൻ നഗരങ്ങളിലും അനഭിലഷണീയങ്ങളായ ദൃശ്യങ്ങൾക്കിടയിലും കറങ്ങിയിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ അത്ഭുതകരമായ ധീരതയും സഹനശക്തിയും സ്ഥൈര്യവും ഞാൻ കണ്ടറിഞ്ഞവനാണ്. അദ്ദേഹത്തിന്നെതിരിൽ ഡൽഹിയിലെ നന്ദികെട്ടവരും അൽപൻമാരുമായ ആളുകളുടേയും പട്ടിയാലയിലേയും ജലന്ധറിലേയും കപൂർത്തലയിലേയും അമൃതസറിലേയും ലാഹൗറിലേയും സിയാൽകോട്ടിലേയും ശത്രുജനങ്ങളുടെ കുടിലവൃത്തികളേയും നോക്കിക്കണ്ടിട്ടുണ്ട്. ഇന്നിന്ന ആളുകൾ തനിക്കെതിരെ ഇന്നിന്നതൊക്കെ ചെയ്തുവെന്ന് പരസ്യമായോ പരോക്ഷമായോ ഒരിക്കലും ആരോപണം ഉന്നയിച്ചിട്ടില്ല. ഒരു മഹാപർവ്വതത്തിന്റെ അടിവാരത്തിൽ ആ മല തുളക്കാൻ മൂഷികർ ഓടിക്കളിക്കുന്ന പ്രതീതിയാണ് എന്നിലുളവാക്കിയത്. ജലന്ധറിൽവെച്ച് അവിടുന്ന് ഒരിക്കൽപ

റഞ്ഞു: "പരീക്ഷകളുടെ നാളുകളിൽ എനിയ്ക്ക് ഒരേയൊരു ഉൽക്കണ്ഠയേ ഉണ്ടാകാറുള്ളൂ. നമ്മുടെ കൂട്ടത്തിലെ ദുർബലരായ ആളുകളെ ഓർത്തുള്ള ഉൽക്കണ്ഠ മാത്രം. എന്നെ സംബന്ധിച്ചിടത്തോളം അല്ലാഹു എന്നോട് നിന്നെ നാം കൈവെടിഞ്ഞിരിക്കുന്നു; നിന്റെ ഒരു ഇച്ഛയും നാം നിറവേറ്റുകയില്ല എന്നിങ്ങനെ നേരിട്ടുപറഞ്ഞെന്നിരിക്കലും ഞാൻ അല്ലാഹുവിനെ ആണയിട്ടുപറയുന്നു, എനിയ്ക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തിലോ അവന്റെ ദീനിനെ സേവിക്കാനുള്ള ആകാംക്ഷയിലോ ഒരു കുറവും ഞാൻ വരുത്തുന്നതല്ല. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു." പിന്നെ അദ്ദേഹം ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് هَلْ تَعْلَمُ لَهُ سَمِيًّا 'അവനെപ്പോലെ മറ്റൊന്നിനെക്കുറിച്ച് നിനക്ക് അറിയാമോ"? എന്ന് ചോദിച്ചു.

തന്റെ കുട്ടികളെ അദ്ദേഹം അങ്ങേയറ്റം അരുമയോടെ താലോലിക്കുന്നു. അതു കണ്ടവർ വിചാരിക്കും, അദ്ദേഹത്തെപോലെ മറ്റാരും തന്നെ അത്രയധികം സ്നേഹിക്കുന്നില്ലെന്ന്. അവരിലാർക്കെങ്കിലും അസുഖം ബാധിച്ചാൽ ആ കുട്ടിയുടെ ശുശ്രൂഷയിലും പരിചരണത്തിലും അദ്ദേഹം മുഴുകും; മറ്റൊരു കാര്യത്തിലും തനിയ്ക്ക് ശ്രദ്ധയില്ലയെന്നവണ്ണംതന്നെ. എന്നാൽ, അടുത്തുനിന്നും നിരീക്ഷിക്കുന്നവർക്ക് മനസ്സിലാക്കാൻകഴിയും ഇതെല്ലാം ചെയ്യുന്നത് ദൈവത്തിന് വേണ്ടിമാത്രമാണെന്നും പാവങ്ങളും അഗതികളും അശരണരുമായ ദൈവത്തിന്റെ സൃഷ്ടികളെ സേവിക്കുക എന്നതാണ് തന്റെ യഥാർത്ഥലക്ഷ്യമെന്നും. ഇസ്മത്ത് എന്നുപേരായ തന്റെ ആദ്യസന്താനത്തിന് ലുധിയാനയിൽവെച്ച് കോളറ ബാധിച്ചപ്പോൾ ആ പെൺകുഞ്ഞിനെകൂടാതെ തനിയ്ക്ക് ജീവിക്കാനാവില്ലെന്ന് തോന്നിപ്പിക്കുന്ന മട്ടിൽ ആ കുഞ്ഞിനെ ശുശ്രൂഷിക്കുന്നതിലും ചികിത്സിക്കുന്നതിലും അദ്ദേഹം മുഴുകിയിരുന്നു. ഒരു സാധാരണക്കാരന് അയാൾക്ക് സന്താന വാൽസല്യമുണ്ടെന്ന് വന്നാലും അപ്രകാരം അദ്ദേഹത്തെപോലെ ക്ലേശിക്കാൻ കഴിയുന്നതല്ല. എന്നാൽ, ആ പെൺകുഞ്ഞ് മരിച്ചുകഴിഞ്ഞപ്പോഴാകട്ടെ അങ്ങിനെയൊരു കുഞ്ഞ് തനിയ്ക്ക് ഉണ്ടായിട്ടില്ലെന്നവിധം ആ കുഞ്ഞിനെ വിസ്മൃതിയിൽ തള്ളി. പിന്നീടൊരിക്കലും ആ കുഞ്ഞിനെപറ്റി അവി

ടുന്നു ഉരിയാടിയിട്ടില്ല. ദൈവത്തിൽനിന്നുള്ള ഒരാൾക്കല്ലാതെ ഇപ്രകാരം ദൈവവിധിക്കുമുമ്പിൽ പരിപൂർണ്ണ സമർപ്പണം കാണിക്കാൻ സാദ്ധ്യമല്ല.

വലുതായ നഷ്ടം വരുത്തിവെച്ചാലും തന്റെ പരിചാരകർക്ക് പൊറുത്തുകൊടുക്കാൻ അവിടുന്ന് തയ്യാറാകുന്നു. അവരോട് ദേഷ്യപ്പെടുകപോലും ചെയ്യുകയില്ല. ഒരിക്കൽ അവിടുന്ന് കുറേയധികം കത്തുകളും പോസ്റ്റ്കാർഡുകളും തന്റെ പരിചാരകനായ ഹാമിദ് അലിയെ അവ പോസ്റ്റ് ചെയ്യുന്നതിന് ഏൽപിക്കുകയുണ്ടായി. മറവിക്കാരനായ ഹാമിദലി മറ്റ്കാര്യങ്ങളിൽ ഏർപ്പെടുകയാൽ കത്തുകൾ പോസ്റ്റ്ചെയ്യാൻ ഏൽപിച്ചകാര്യം അപ്പാടെ മറന്നുപോയി. ഒരാഴ്ചകഴിഞ്ഞ് തന്റെ മകൻ മഹ്മൂദ് – അദ്ദേഹം അന്ന് ഒരു ചെറിയകുട്ടിയായിരുന്നു – ഒരട്ടി കത്തുകളുമായി ബാപ്പയുടെ അടുക്കൽ ഓടിയെത്തി അവകാണിച്ചുകൊടുത്തു. "അബ്ബാ, ഞങ്ങൾക്കിത് ചവർകൂമ്പാരത്തിൽനിന്നും കിട്ടിയതാണ്." അവിടുന്ന് ആ ഉരുപ്പടികളിലേയ്ക്ക് നോക്കിയപ്പോൾ താൻ പോസ്റ്റ് ചെയ്യാൻ ഏൽപിച്ച കത്തുകളാണവയെന്ന് കണ്ടു. അവയിൽ ചിലത് വളരെ പെട്ടെന്ന് മറുപടി ലഭിക്കേണ്ടവയും താൻ മറുപടിക്ക് കാത്തുകൊണ്ടിരിക്കുന്നതുമായ കത്തുകളാണ്താനും. അവിടുന്ന് ഹാമിദലിയെ വിളിപ്പിച്ചു കത്തുകൾ കാണിച്ചുകൊടുത്തു. വളരെ സൗമ്യമായി പിന്നീടദ്ദേഹം പറഞ്ഞു, "ഹാമിദലീ! വല്ലാത്ത മറവിയാണല്ലോ, കുറച്ച് ശ്രദ്ധവെക്കേണം കേട്ടോ!"

ഒരൊറ്റകാര്യംമാത്രമെ അദ്ദേഹത്തെ വല്ലാതെ ചലിപ്പിക്കുകയും കോപിഷ്ടനാക്കുകയും ചെയ്യുകയുള്ളു. പുണ്യവസ്തുക്കളെ പുച്ഛിക്കുകയും ദൈവകൽപനകളെ നിന്ദിക്കുകയും ചെയ്യുക എന്നതാണത്. ഒരിയ്ക്കൽ അവിടുന്ന് പറഞ്ഞു: "എന്റെ സ്വത്തുക്കളെല്ലാം തകർത്ത് തരിപ്പണമാക്കപ്പെടുകയും എന്റെ മക്കൾ എന്റെ കൺമുമ്പാകെ അരിഞ്ഞുവീഴ്ത്തപ്പെടുകയും ചെയ്താലും ഞാനത് സഹിച്ചേക്കുമെങ്കിലും അല്ലാഹുവിന്റെ ദീനിനെ നിന്ദിക്കുകയും പരിഹാസപാത്രമാക്കുകയും ചെയ്യുന്നത് നോക്കിനിൽക്കാൻ എന്നെക്കൊണ്ടാവില്ല." 'ഉമ്മഹാത്തുൽ

മുഅ്മിനീൻ' ചില ക്രിസ്ത്യാനികൾ ചേർന്ന് പ്രസിദ്ധപ്പെടുത്തിയപ്പോൾ – അങ്ങേയറ്റം പ്രകോപനപരവും അന്തസ്സാര ശൂന്യവുമായ ഒരു വിഷകൃതിയായിരുന്നു അത് – ആ പുസ്തകം കണ്ടിട്ട് തന്റെ ജീവിതമാകെ ക്ഷോഭ കുലുഷിതമായിപ്പോയെന്നുപറഞ്ഞു. ഈ ആഘാതത്തിന്റെ ഫലമായ ദൈവത്തിന്റെ മുമ്പിൽ ഘോര വിലാപം നടത്തിയതിനെ തുടർന്നാണ് ആ മഹാശിർക്കിനെ – യേശുപൂജയും വീണ്ടെടുപ്പ് വിശ്വാസവും എന്ന മഹാ ശിർക്കിനെ – പിഴുതെറിയാനായി ഒരു മഹാ ദൃഷ്ടാന്തം – അതായത് യേശുവിന്റെ കബർ ശ്രീനഗറിൽ സ്ഥിതിചെയ്യുന്നു എന്ന കണ്ടുപിടുത്തമാകുന്ന ദൃഷ്ടാന്തം അല്ലാഹു വെളിപ്പെടുത്തിയതെന്ന് വാഗ്ദത്ത മസീഹ് വ്യക്തമാക്കി. ഈ മഹാകണ്ടുപിടുത്തം ക്രൈസ്തവ ലോകത്തെയാകെ അമ്പരപ്പിക്കുകയും അന്ധാളിപ്പിക്കുകയും മുസ്ലിംകളുടെ വ്രണിത ഹൃദയങ്ങളിൽ ആശ്വാസം ചൊരിയുകയും ചെയ്യുന്ന നാളുകൾ അകലത്തല്ല, വളരെ അടുത്താണ്.

മറ്റു സമുദായങ്ങളിലെ ആളുകളോടുള്ള വാഗ്ദത്ത മസീഹിന്റെ ബന്ധവും പെരുമാറ്റവും ഊഹിക്കാവുന്നതിലേറെ മഹത്തരമത്രെ. അവിടുന്ന് സകലരുടേയും നന്മയും ക്ഷേമവും കാംക്ഷിക്കുന്നു. ഏത് മതക്കാരനോ സമുദായക്കാരനോ ആയാലും മുഴുവൻ മനുഷ്യസമുദായത്തിന്റെയും ക്ഷേമവും സുഖാശ്വാസവുമാണ് അവിടുത്തെ ജീവിത ലക്ഷ്യം. ഖാദിയാനിലെ ഹിന്ദുക്കൾ അദ്ദേഹത്തിൽ വിഷമഘട്ടങ്ങളിൽ വിശ്വസ്തനായൊരു ഉപദേശകനെ കാണുന്നു. മതപരമായ കാര്യങ്ങളിൽ ഈ ഗ്രാമത്തിലെ ഹിന്ദുക്കളും ആര്യാക്കളും ഇസ്ലാമിനോട് കടുത്ത എതിർപ്പുള്ളവരാണെങ്കിലും, അവർ വാഗ്ദത്തമസീഹിനെ ഒരു വലിയ മുസ്ലിം ഭക്തവിശ്വാസിയായി നോക്കുന്നു. എല്ലാ വ്യാജ മതങ്ങളെയും പിഴുതെറിയാൻ ശ്രമിക്കുന്ന ആളായി മനസ്സിലാക്കുന്നുവെങ്കിലും, തങ്ങളുടെ ഋഷിമാരുടെ വാക്കുകളിൽ അർപ്പിക്കുന്നതിനേക്കാൾ ഒട്ടുംകുറയാത്ത വിശ്വാസം അവർ അദ്ദേഹത്തിന്റെ വാക്കുകൾക്ക് കൽപിക്കുന്നു.

അവിടുത്തെ എഴുത്തുകളിൽ പ്രഭാഷണങ്ങളിലും ദൈവത്തിന്റെ സൃഷ്ടികളോട് നീതി പുലർത്തുവാനും ആരേയുംതന്നെ

വാക്കാലോ പ്രവൃത്തിയാലോ വേദനിപ്പിക്കാതിരിക്കാനും ഉൽബോധിപ്പിക്കുന്നു.

ഭരണകർത്താക്കളോട് നിഷ്കളങ്കമായ കൂറ് പുലർത്തണമെന്ന് അദ്ദേഹത്തിന്റെ ആത്മാർത്ഥമായ നിലപാട് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലും എഴുത്തുകളിലും ലഘുലേഖകളിലുമെല്ലാം പ്രതിഫലിപ്പിച്ചുകാണാം.....

വാഗ്ദത്ത മസീഹ് തന്റെ സ്നേഹിതരോട് പുലർത്തുന്ന ബന്ധം സവിശേഷരീതിയിലുള്ളതാണ്. ഒരിക്കൽ അവിടുന്ന് പറഞ്ഞു: "എന്നോടൊരാൾ ഒരിയ്ക്കൽ സ്നേഹത്തിലായാൽ ഞാനൊരിക്കലും ആ ബന്ധം മുറിക്കയില്ല. എനിയ്ക്ക് ആ ബന്ധം എത്രയും വിലപ്പെട്ടതായിരിക്കും. അയാൾതന്നെ ആ ബന്ധം മുറിക്കുകയാണെങ്കിൽ ഒരു രക്ഷയുമില്ല. എന്റെ സ്നേഹിതരിൽപെട്ട ആരെങ്കിലും തെരുവിൽ മദ്യപിച്ച് വീണുകിടക്കയാണെന്നവന്നാൽപോലും ആരുടേയും ആക്ഷേപവും പരിഹാസവും ഗൗനിക്കാതെ ഞാനയാളെ തോളിലേറ്റി എന്റെ വീട്ടിൽകൊണ്ടുവന്ന് കിടത്തും. ഈ സ്നേഹത്തിന്റെ ബന്ധം വളരെവളരെ വിലപ്പെട്ടതാണ്. ആ സ്നേഹബന്ധം നാം ഒരിക്കലും നമ്മുടെ കഴിവിൽ പെട്ടെടത്തോളം മുറിയാൻ അനുവിദിക്കരുത്. നമ്മുടെ സ്നേഹിതൻമാരുടെ തെറ്റുകുറ്റങ്ങളേയും പിഴവുകളേയും നാം കണ്ടില്ലെന്ന് വെക്കുകയും അവർക്ക് പൊറുത്തുകൊടുക്കുകയും വേണം. അതെത്ര ഗുരുതരമാണെന്ന് വന്നാലും!"

നമ്മുടെ സഹോദരൻമാർ വാഗ്ദത്തമസീഹിന്റെ ഈ മഹിതസ്വഭാവത്തിൽനിന്ന് ഒരു പാഠം പഠിക്കേണ്ടതുണ്ട്. സദാ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുകയും കോപവികാരം വരുമ്പോൾ, ദൈവത്തിന്റെ കൈ ആയിട്ടുള്ള ആളുടെ കൈയ്യിൽ നാമെടുത്ത പ്രതിജ്ഞകൾ മറന്നുകൊണ്ട് അന്യരെപോലെ അന്യോന്യം പെരുമാറുകയും ചെയ്യരുതാത്തതാണ്. സമുദായങ്ങൾ രൂപപ്പെടുന്നത് എങ്ങിനെയെന്ന് അധികമാളുകൾക്കും അറിഞ്ഞുകൂടാ. ഈ ലോകത്തെ മറ്റെല്ലാറ്റിനെക്കാളും നാം പ്രിയപ്പെടുന്ന ഒന്നിന്റെ പേർ ഒരു നായ ഉച്ചരിച്ചാൽ ആ നായയുടെ ചുണ്ട് ചുംബിക്കാൻ

ഞാൻ സന്നദ്ധനാണ് എന്നതായിരിക്കണം നമ്മുടെ തത്വം. എന്നിരിക്കെ നാം പരസ്പരം ശണ്ഠകൂടുകയും അന്യോന്യം പകവെച്ചുപുലർത്തുകയും ചെയ്യുന്നതെങ്ങനെ?....

തന്റെ അനുയായികൾ തന്റെ കൂട്ടായ്മ വിടുന്നത് അവിടുന്ന് ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. തന്റെ അനുയായികൾ ഖാദിയാനിൽ വരുമ്പോഴെല്ലാം അവിടുന്ന് അത്യധികം സന്തോഷിക്കുന്നു. അവർ വേർപിരിയുമ്പോൾ അങ്ങേയറ്റത്തെ അനിഷ്ടത്തോടെയാണ് അവിടുന്ന് അനുവാദം നൽകുക. കൂടക്കൂടെ തന്നെ വന്ന് കാണുന്നത് അവിടുത്തേയ്ക്ക് വളരെ ഇഷ്ടകരമായിട്ടുള്ളതാണ്. ഇക്കൊല്ലം കഴിഞ്ഞ ഡിസംബറിൽ ജലസയ്ക്ക് ആളുകൾ കുറഞ്ഞപ്പോൾ അവിടുന്ന് വളരെ ദുഃഖിച്ചു. അവിടുന്ന് പറഞ്ഞു: "എന്റെ ദൗത്യവും എന്റെ ഉദ്ദ്യേശ്യവും എന്താണെന്ന് ആളുകൾ എനിയും മനസ്സിലാക്കിയിട്ടില്ല. അവരെ എങ്ങിനെയുള്ള ആളുകളാക്കിമാറ്റാനാണ് ഞാൻ ആഗ്രഹിക്കുന്നതെന്നും അവർക്ക് അറിഞ്ഞുകൂട. എന്റെ മനസ്സിലുള്ള ഉദ്ദേശ്യങ്ങളും എന്നെ ദൈവം നിയോഗിച്ചയച്ചിട്ടുള്ള ഉദ്ദേശ്യവും എന്റെ അടുക്കൽ ആളുകൾ അധികമായി കൂടക്കൂടെ വന്നുകൊണ്ടിരിക്കുകയും ഇവിടെ വരുന്നതിൽ ക്ഷീണിക്കാതിരിക്കുകയും ചെയ്യേണ്ടതിന്നാവശ്യപ്പെടുന്നു. ഇവിടെ ഖാദിയാൻ സന്ദർശിക്കുന്നത് വലിയ പണച്ചെലവാണെന്ന് കരുതുന്നവരും ഇവിടെ വസിക്കുന്നത് എനിയ്ക്ക് വലിയ ഭാരമാണെന്ന് വിചാരിക്കുന്നവരും ദൈവത്തെ ഭയപെട്ടുകൊള്ളേണ്ടതാണ്. അങ്ങിനെയുള്ള ഒരാൾ ഒരു തരം ശിർക്കിനെ ഉള്ളിൽവെച്ച് പുലർത്തുകയാണ് ചെയ്യുന്നത്. ലോകം മുഴുവനും എന്റെ കുടുംബമായി തീർന്നാലും എനിയ്ക്ക് അതൊരു ഭാരമായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, അല്ലാഹുവത്രെ നമ്മുടെ ആവശ്യങ്ങൾ നിവർത്തിച്ച് തരുന്നവൻ. ഇവിടെ സ്നേഹിതൻമാർ ഒരുമിച്ചുകൂടുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. അത്തരം വിചാരഗതികൾ സാത്താനിക മായ ചിന്തകളാകുന്നു. അത്തരം വിചാരങ്ങൾ മനസ്സിൽനിന്ന് കളയേണ്ടതാണ്".

"ഇവിടെ ചടഞ്ഞുകൂടി വാഗ്ദത്ത മസീഹിനെ നാം എന്തിന്ന് വിഷമിപ്പിക്കണം? ഇവിടെ നാമൊന്നും ചെയ്യുന്നില്ലല്ലോ?

അവിടുത്തെ 'ലങ്കറി'ന് നാമെന്തിന്ന് കൂടുതൽ ചെലവുണ്ടാക്കുന്നു?" എന്നൊക്കെ പലരും പറയുന്നത് ഞാൻതന്നെ കേട്ടിട്ടുണ്ട്. അവരുടെ മനസ്സുകളിൽ ഇത്തരം ചിന്തകൾ ഇട്ടുകൊടുക്കുന്നത് ശൈത്താനാണ്. അവർ ഖാദിയാനിൽ താമസിക്കരുതെന്ന ചിന്തകൾ ചെകുത്താനാണ് സൃഷ്ടിച്ചുവിടുന്നത്.

ഒരിക്കൽ ഹക്കീം ഫസ്‌ലുദ്ദീൻ സാഹിബ് വാഗ്ദത്ത മസീഹിനോട് പറയുകയുണ്ടായി; 'ഹുസൂർ, ഞാനിവിടെ വെറുതെ കഴിച്ചുകൂട്ടുകയല്ലെ? അങ്ങ് അനുവദിക്കുകയാണെങ്കിൽ ഭേരയിൽചെന്ന് അവിടെ ഖുർആൻ ദർസുകൾ കൊടുക്കാം. അവിടുത്തെ സന്നിധിയിൽ ഒരു സേവനവും അർപ്പിക്കാനാവാതെ ഇവിടെ കഴിയേണ്ടിവരുന്നതിൽ ലജ്ജതോന്നുന്നു. വെറുതെ ചടഞ്ഞുകൂടുന്നത് ഒരു പാപവും ആകയില്ലെ?' വാഗ്ദത്ത മസീഹ് മറുപടി പറഞ്ഞത് ഇങ്ങനെയാണ്: "താങ്കൾ ഇവിടെ വെറുതെ ഇരിക്കുന്നത്തന്നെ ഒരു വലിയ ജിഹാദ് ആണ്. ഈ നിഷ്ക്രിയതതന്നെ വലിയൊരു സേവനമാകുന്നു."

ചുരുക്കത്തിൽ, ഖാദിയാൻ സന്ദർശിക്കുന്നതിൽ വീഴ്ചവരുത്തുന്നവരെപറ്റി ഹുസൂറിന്ന് വലിയ പരാതിയാണുള്ളത് "ഖാദിയാനിൽവരുന്ന കാര്യത്തിൽ ഒഴികഴിവുകൾ പറയുന്നവർ തിരുനബിയോട് 'ഞങ്ങളുടെ വീടുകളിൽ ആരുമില്ല, അവ തുറന്ന് കിടക്കുന്നു' എന്ന് ഒഴികഴിവ് പറഞ്ഞിട്ടുള്ളവർക്ക് തുല്യരാണ്. അല്ല അവർ ഓടിപ്പോകാൻ ആഗ്രഹിക്കുന്നവരാണ്, എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു അത് കളവാക്കുകയാണ് ചെയ്യുന്നത്.

സഹോദരൻമാരെ, ഖാദിയാനിൽവരുന്നതിൽ വീഴ്ചവരുത്തുന്നവരോട് എനിയ്ക്ക് വലിയ അനുകമ്പതോന്നുകയാണ്. വാഗ്ദത്ത് മസീഹിനെ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത് എത്രമാത്രം പ്രയോജനകരമാണെന്ന് അവരെ മനസ്സിലാക്കിക്കാൻ ഞാൻ ഏത് വാക്കുകളാണ് ഉപയോഗിക്കേണ്ടതെന്നറിയാതെ കുഴങ്ങുകയാണ്. ഖാദിയാനിൽ ദീർഘകാലം താമസിക്കാതെ യഥാർത്ഥ ജ്ഞാനവും യഥാർത്ഥ ഈമാനും കരഗതമാകുകയില്ല എന്നുള്ളതാണ് നേര്. തന്റെ എല്ലാ ഒഴിവ് ദിവസവും ഉപയോഗപ്പെടുത്തുന്നത് മുഫ്തി സാദിഖ് മാത്രമാണ്. അല്ലാഹു അദ്ദേ

ഹത്തെ സംരക്ഷിക്കുകയും അദ്ദേഹത്തിൽ അനുഗ്രഹം ചൊരിയുകയും ചെയ്യട്ടെ. സമയം കിട്ടുമ്പോഴെല്ലാം എന്തെങ്കിലും കാരണം പറഞ്ഞ് അദ്ദേഹം ദൈവത്തിന്റെ ഇഷ്ട ദാസനെ കാണാൻ ഖാദിയാനിൽ ഓടിയെത്തുന്നു. അല്ലയോ പ്രിയപ്പെട്ട സഹോദരാ! അല്ലാഹു താങ്കളുടെ പരിശ്രമങ്ങളിലും സ്ഥിര നിശ്ചയത്തിലും താങ്കളുടെ ആവേശത്തിലും അനുഗ്രഹം ചൊരിയട്ടെ. നമ്മുടെ ജമാഅത്തിന്ന് ഉത്തമ മാതൃകയായി തീരുമാറ്, ജമാഅത്ത് അഭിമാനംകൊള്ളുമാറ് എല്ലാ കാര്യങ്ങളും നിർവഹിക്കാൻ അല്ലാഹു താങ്കളെ സഹായിക്കട്ടെ. വാഗ്ദത്ത മസീഹ് അരുളുകയുണ്ടായി. ലാഹൗർ സഹോദരങ്ങളിൽ മുഫ്തി സാദിഖ് മാത്രമെ എനിക്കുള്ള പങ്ക് എനിക്ക് നൽകിയിട്ടുള്ളൂ" എന്താണ് ഇങ്ങിനെ വരാൻ എന്ന് ഞാൻ ആശ്ചര്യപ്പെടുന്നു. മുഫ്തി സാഹിബിന് അത്ര വലിയ വരുമാനമുണ്ടോ? മുഫ്തി സാഹിബിന്ന് തന്റെ വരുമാനം പങ്കിടാൻ ബന്ധുക്കളൊന്നുമില്ലല്ലോ. മുഫ്തി സാഹിബ് ഒരു ചെറുപ്പക്കാരനാണ്. ഈ വയസ്സിൽ എല്ലാവർക്കും വലിയ പ്രതീക്ഷകളും പ്രത്യാശകളും കാണും. മുഫ്തി സാഹിബിന്റെ ഈ മാതൃക അദ്ദേഹത്തിന്റെ സ്നേഹവായ്പിന്റെ തെളിവല്ലെങ്കിൽ എല്ലാ ചങ്ങലകളും പൊട്ടിച്ചെറിഞ്ഞ് ഭ്രാന്തുപിടച്ചത്പോലെ അദ്ദേഹം ഖാദിയാനിൽ ബദ്ധപ്പെട്ട് ഓടിയെത്തുന്നതെന്തിനാണ്? ബട്ടാല റയിൽവെ സ്റ്റേഷനിൽ വണ്ടി ഇറങ്ങിയാൽ അദ്ദേഹം ഖാദിയാനിലേക്ക് നടക്കും. ലക്ഷ്യത്തിലെത്തുന്നത് രാത്രി ഇരുട്ടിലായിരിക്കും. അദ്ദേഹം പകലിന്റെ ചൂടോ മഴയോ കൊടുങ്കാറ്റോ ഒന്നും ഗണ്യമാക്കുകയില്ല.

ഒരിക്കൽ വാഗ്ദത്ത മസീഹ് (അ) പറഞ്ഞു: "ജീവിതം ദീർഘമാണെന്ന് നമ്മുടെ സഹോദരൻമാരോട് ആരാണ് പറഞ്ഞത്? ഏതവസരത്തിലും അത് വന്നെത്തും. അതുകൊണ്ട് ഉള്ള സമയത്തെ നാം ഉപയോഗപ്പെടുത്തണം. വിലമതിക്കണം. സമയം തിരിച്ച്വരികയില്ല. അത് സംബന്ധിച്ച് കഥകൾ മാത്രമെ അവശേഷിക്കുകയുള്ളൂ."

സഹോദരൻമാരെ, നഷ്ടപ്പെട്ടുപോയ സന്ദർഭങ്ങളിലെ തെറ്റുകൾ തിരുത്തുവിൻ. ഈ ലോകത്തോടുള്ള വ്യാജബന്ധ

ങ്ങളെ ഉപേക്ഷിക്കുവിൻ. വാഗ്ദത്ത മസീഹുമായുള്ള ബന്ധം മാത്രമെ സ്ഥായിയായ ബന്ധമായിരിക്കുന്നുള്ളു എന്ന് ഓർത്തു കൊള്ളുവിൻ! മറ്റെല്ലാ ബന്ധങ്ങളും ദുഃഖമായി പരിണമിക്കും. അത് ശാപത്തിന്റെ കണ്ഠവളയമായിരിക്കും.

തന്റെ ശിഷ്യൻമാർ എന്നും തന്നോടൊപ്പംതന്നെ കഴിഞ്ഞുകൂടണമെന്ന് മഹ്ദീ ഇമാം ഇത്രയധികം ആഗ്രഹിക്കുന്നത് അവിടുത്തെ സത്യത്തിലേക്കുള്ള വലുതായ സാക്ഷ്യമാണെന്ന് എനിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദൈവം അവിടുത്തേയ്ക്ക് നൽകിയ ദൃഢവിശ്വാസത്തിന്റെയും തന്റെ ആത്മാവിന്റെ ആഴങ്ങളിൽ ഉറച്ച വാദസത്യങ്ങളേയുമാണ് ഇത് ഉയർത്തിക്കാട്ടുന്നത്. ഒരു കപടവാദിക്ക് മനുഷ്യരുടെ കൂട്ടത്തെ അങ്ങനെ ഒരു ദിവസംപോലും പൊറുപ്പിക്കാൻ കഴിയുകയില്ല. തന്റെ കള്ളി വെളിച്ചത്താവരുതെന്ന് കരുതി ആളുകളെല്ലാം തന്നെ വിട്ടകന്നിരിക്കണമെന്നാണ് ഒരു കപടവാദി എപ്പോഴും ആഗ്രഹിക്കുക എന്നറിയേണ്ടതാണ്.

വാഗ്ദത്ത മസീഹിന്റെ ഖലീഫമാർ

ഹസ്രത്ത് മൌലാനാ നൂറുദ്ദീൻ (റ)
1908 - 1914

ഹസ്രത്ത് മിർസാ ബശീറുദ്ദീൻ
മഹ്മൂദ് അഹ്മദ് (റ) 1914 - 1965

ഹസ്രത്ത് മിർസാ നാസിർ അഹ്മദ് (റഹ്)
1965 - 1982

ഹസ്രത്ത് മിർസാ താഹിർ അഹ്മദ് (അ.ബി.അ)
1982 -

(5)

ഉപാഖ്യാനങ്ങൾ

(ANECDOTS)

ഉപാഖ്യാനങ്ങൾ

കൊല്ലാൻ വന്നയാൾ കാൽക്കൽവീഴുന്നു.

"ഡോ. മുഹ്ത്തിമുഹമ്മദ് സാദിഖ് സാഹിബ് (റ) നിവേദനം ചെയ്യുന്നു:

ലുധിയാനയിൽവെച്ച് ഒരു മൗലവി തെരുവിൽനിന്നുകൊണ്ട് വളരെ ആവേശത്തോടെ വഅസ് പറയുകയായിരുന്നു. മീർസാ സാഹിബ് കാഫിറാണെന്നും അദ്ദേഹം മുഖേന മുസൽമാൻമാർക്ക് വലുതായ നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നും ആരെങ്കിലും അദ്ദേഹത്തെ കൊല്ലുകയാണെങ്കിൽ അതൊരു വലിയ പ്രതിഫലം ലഭിക്കുന്ന പുണ്യകൃത്യമായിരിക്കുമെന്നും നേരെ സ്വർഗ്ഗത്തിലെത്താമെന്നും അയാൾ ആവർത്തിച്ചുകൊണ്ടിരുന്നു. ഒരു ഗ്രമീണൻ 'വഅസ്' ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നു. അയാളുടെ കയ്യിലൊരു വലിയ ഊന്നുവടിയുണ്ടായിരുന്നു. മൗലവിയുടെ വഅ്സ് അയാളിൽ വലിയ സ്വാധീനം ചെലുത്തി. അയാൾ അവിടെനിന്നും മെല്ലെ നീങ്ങി. നേരെ ഹസ്രത്ത് മീർസാ സാഹിബിന്റെ താമസസ്ഥലം അന്വേഷിച്ചറിഞ്ഞ് അവിടെ എത്തിച്ചേർന്നു. അവിടെ വീട്ട് പരിസരത്ത് കാവൽക്കാരൊന്നുമുണ്ടായിരുന്നില്ല. തടസ്സമെന്യെ അയാൾ അകത്ത് കയറിപറ്റി. ഹസ്രത്ത് സാഹിബ് അവിടെ സ്വാഗതമുറിയിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മുരീദൻമാരടക്കം പലരും

കേൾവിക്കാരായുണ്ടായിരുന്നു. ഗ്രാമീണൻ ചുമരും ചാരി നിന്നുകൊണ്ട് പ്രസംഗം ശ്രവിക്കുകയായിരുന്നു. അയാൾ ആക്രമിക്കാൻ അവസരം കാത്തിരിക്കുകയായിരുന്നു. ഹസ്രത്ത് സാഹിബ് അയാളെ ശ്രദ്ധിച്ചിരുന്നില്ല. സംസാരം തുടർന്നപ്പോൾ ആ ഗ്രാമീണന് അല്പം താൽപര്യം തോന്നി. അയാൾ വടി താഴെവെച്ചു; നിലത്തിരുന്നു. ഹസ്രത്ത് സാഹിബ് പ്രഭാഷണം നടത്തിക്കഴിഞ്ഞശേഷം സംഭാഷണത്തിലേർപ്പെട്ടു. കൂട്ടത്തിൽനിന്നൊരാൾ എഴുന്നേറ്റുപറഞ്ഞു: "അങ്ങയുടെ സംസാരം ഞാൻ കേട്ടുകൊണ്ടിരുന്നു. വാദങ്ങളും മനസ്സിലായി. അങ്ങ് സത്യാത്മാവാണെന്ന് എനിയ്ക്ക് ബോധ്യമായിരിക്കുന്നു. അങ്ങയുടെ ശിഷ്യരിൽ ഉൾപെടാൻ ഞാൻ ആഗ്രഹിക്കുന്നു". അപ്പോൾ ആ ഗ്രാമീണനും മുന്നോട്ടുനീങ്ങിക്കൊണ്ടുപറഞ്ഞു: 'ഞാൻ ഒരു മൗലവിയുടെ പ്രസംഗം കേട്ട് അങ്ങയുടെ കഥ കഴിക്കാനായി ഒരുങ്ങിവന്നതാണ്. അങ്ങയെ കൊന്നാൽ നേരെ സ്വർഗ്ഗത്തിലെത്താമെന്ന് ആ മൗലവി പറയുകയുണ്ടായി. എന്നാൽ, അങ്ങയുടെ സംസാരം കേട്ടപ്പോൾ എനിയ്ക്ക് കൂടുതൽ ഇമ്പംതോന്നി. മൗലവി ശത്രുതകൊണ്ട് പറഞ്ഞതാണെന്നും അങ്ങ് ഒരു സത്യപുരുഷനാണെന്നും എനിയ്ക്ക് ബോധ്യമായിരിക്കുന്നു. ഞാൻ അങ്ങയുടെ മുരീദാകാൻ ആഗ്രഹിക്കുന്നു'. ഇതുപറഞ്ഞുകൊണ്ടയാൾ കാൽക്കൽ വീഴുകയായി. ഹസ്രത്ത് സാഹിബ് ആ ഗ്രാമീണന്റെ ബൈഅത്ത് സ്വീകരിച്ചു. അക്കാലത്ത് ബൈഅത്ത് ഓരോ ആളിൽനിന്നും വെവ്വേറെയായി ഒരു മുറിയിൽവെച്ചാണ് സ്വീകരിച്ചുപോന്നിരുന്നത് (ദിക്ക്റെ ഹബീബ്).

കണ്ടുമുട്ടി; കീഴടങ്ങി

മൌലാനാ സയ്യിദ് സർവർഷാ സാഹിബ് (റ) നിവേദനം ചെയ്യുന്നു: മർദാനിലെ ഒരു വ്യക്തി മിയാൻ മുഹമ്മദ് യൂസുഫ് സാഹിബിനോടൊപ്പം ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിൽനിന്ന് ചികിത്സയെടുക്കുന്നതിനായി ഖാദിയാനിൽ വന്നു. വാഗ്ദത്ത മസീഹിന്റെ കടുത്ത ശത്രുവായിരുന്നു. അഹ്മദികളുടെ മഹല്ലയിൽ തന്നെ താമസിപ്പിക്കരുതെന്നും മിർസാസാഹിബുമായി ഒരു ഇടപാടും ഉണ്ടാകരുതെന്നും മുൻകൂട്ടി ശട്ടംകെട്ടി

യാണ് അദ്ദേഹം ഖാദിയാനിൽ വന്നിരുന്നത്. അദ്ദേഹത്തെ അഹ്മദികൾ ഇല്ലാത്ത ഒരു മഹല്ലയിൽതന്നെ താമസിപ്പിച്ചു ചികിത്സനടത്തിക്കൊണ്ടിരുന്നു. കുറച്ച്ദിവസങ്ങൾക്ക് ശേഷം രോഗത്തിന്ന് ശമനമുണ്ടായി. അപ്പോൾ മടങ്ങിപ്പോവാൻ ആഗ്രഹിച്ചു. 'താങ്കൾ ഖാദിയാനിൽ വന്ന് തിരിച്ചുപോകയാണല്ലോ; നമ്മുടെ പള്ളിയെല്ലാം ഒന്നുകണ്ടിട്ട് പോയിക്കൊള്ളുക.' എന്ന് മുഹമ്മദ് യൂസുഫ് സാഹിബ് പറഞ്ഞു. എന്നാൽ, അദ്ദേഹം വഴങ്ങാൻ കൂട്ടാക്കിയില്ല. ഒടുവിൽ അഹ്മദികൾ ഇല്ലാത്തതും മീർസാ സാഹിബിനെ കണ്ടുമുട്ടാൻ ഇടവരാത്തതുമായ ഒരു സമയത്ത് പള്ളി കണ്ടുമടങ്ങാമെന്ന നിശ്ചയത്തിൽ അദ്ദേഹത്തെ മീർസാ മുഹമ്മദ് യൂസഫ് സാഹിബ് മസ്ജിദ് മുബാറക്കിൽ കൂട്ടി കൊണ്ടു വന്നു. എന്നാൽ, യാദൃശ്ചീകമായിത്തന്നെ, മസ്ജിദ് മുബാറക്കിൽ അദ്ദേഹം കാലെടുത്തുവച്ചതും ഹസ്രത്ത് സാഹിബ് വാതിൽതുറന്ന് പള്ളിയിലേയ്ക്ക് കടന്നുവന്നു. സാധാരണഗതിയിൽ ഹസ്രത്ത് സാഹിബ് പള്ളിയിൽ പ്രത്യക്ഷപ്പെടാത്ത സമയമായിരുന്നു. ആ ശത്രുവിന്റെ കണ്ണ് ഹസ്രത്ത് സാഹിബിന്റെ മുഖത്ത് പതിഞ്ഞതോടെ അദ്ദേഹം അത്യന്തം തരളിതനായി. അദ്ദേഹം ഹുസൂറിന്റെ അടുത്തേയ്ക്ക് അണയുകയും കാൽക്കൽ വീഴുകയും ചെയ്തു. അപ്പോൾ അവിടെവെച്ചുതന്നെ ബൈഅത്ത് ചെയ്യുകയുമുണ്ടായി (സീറത്തുൽ മഹ്ദി, താരീഖെ അഹ്മദിയ്യത്ത്).

കൈകൊടുത്തു; മനം മറിഞ്ഞു

ലുധിയാന നഗരത്തിൽ മൌലവി ഗുലാം നബിസാഹിബ് ഖുശാബി പ്രസിദ്ധനായ ഒരു ആലിം ആയിരുന്നു. ലുധിയാനയിലെ പ്രസിദ്ധരായ ആലിംകളെല്ലാം ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) നോട് കഠിനശത്രുത പുലർത്തുന്നവരായിരുന്നു. ഹസ്രത്ത് അഹ്മദിനെതിരായി ജനങ്ങളെ ഇളക്കി വിടുന്നതിൽ മൌലവി ഗുലാംനബി ഖുശാബിയും മുൻപന്തിയിലായിരുന്നു.

ഒരിയ്ക്കൽ വാഗ്ദത്ത മസീഹ് (അ) താമസിച്ചുപോന്ന മഹല്ലയിൽ ഗുലാം നബി സാഹിബ് ഖുശാബിയും 'വഅ്സ്' നടത്തുകയായിരുന്നു. വഅ്സ് കേൾക്കാൻ വമ്പിച്ച ജനാവലി തടി

ച്ചുകൂടിയിരുന്നു. അദ്ദേഹം തന്റെ 'ഇൽമി'ന്റെ കെട്ടുകൾ ഒന്നൊന്നായി അഴിച്ചുകൊണ്ടിരുന്നു. ആ വാഗ്ധോരണിയിൽ ആകൃഷ്ടരായി ജനങ്ങൾ ഇടക്കിടെ തക്ബീർ മുഴക്കിക്കൊണ്ടിരുന്നു. ആ വാചാലതയ്ക്കും അറിവിന്റെ അപാരതയ്ക്കും സാക്ഷ്യം വഹിക്കാനും അദ്ദേഹത്തെ അഭിനന്ദിച്ചുയർത്താനും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, മൗലവി അബ്ദുൽ അസീസ് ലുധിയാനവി തുടങ്ങിയ പണ്ഡിതമുഖ്യരും ശ്രോതാക്കളായി പങ്കെടുത്തു. ഒരു വലിയ കൂട്ടം മൗലവിമാർ പ്രസംഗം കേൾക്കാൻ നിത്യവും എത്തിച്ചേർന്നിരുന്നു.

ഹസ്രത്ത് അഹ്മദ് (അ) തന്റെ വസതിയിൽ 'ഇസാലയെ ഔഹാം' എന്ന ഗ്രന്ഥത്തിന്റെ കൈയ്യെഴുത്ത് പ്രതി പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശിഷ്യരായ നാലഞ്ചുപേർ മാത്രം ഒന്നിച്ചുണ്ടായിരുന്നു. അങ്ങിനെയിരിക്കെ താൻ താമസിക്കുന്ന കെട്ടിടത്തിൽനിന്ന് അടുത്തുള്ള മറ്റൊരു കെട്ടിടത്തിലേയ്ക്ക് വാഗ്ദത്ത മസീഹിന് പോകേണ്ടതായിവന്നു. വഅ്സ് പറയുന്ന സ്ഥലത്തിന് മുന്നിലൂടെയാണ് കടന്നുപോകേണ്ടിയിരുന്നത്. ഹസ്രത്ത് സാഹിബ് അവിടത്തെക്ക് നടന്നുനീങ്ങുന്നതിനിടയിൽ മൗലവി ഗുലാം നബി സാഹിബ് ഖുശാബി മുഖത്തോട് മുഖം ആയനിലയിൽ അടുക്കാനിടയായി. ഗുലാം നബി സാഹിബിനെ കണ്ടമാത്രയിൽ ഹസ്രത്ത് സാഹിബ് ഉച്ചത്തിൽ 'അസ്സലാമു അലൈക്കും' എന്നുപറഞ്ഞുകൊണ്ട് കൈനീട്ടി. 'വഅലൈക്കും അസ്സലാം' എന്ന് മറുപടി നൽകിയ മൌലവി ഖുശാബിയും ഹസ്തദാനം ചെയ്തു. വാഗ്ദത്ത മസീഹ് (അ) ഹസ്തദാനം ചെയ്ത മാത്രയിൽ മൗലവി ഖുശാബി സാഹിബ് സ്വയം മറന്ന നിലയിൽ അനക്കമില്ലാതെ കൈവലിച്ചൂരാൻ കഴിയാത്തവണ്ണം ഹുസൂറിന്റെ ഒപ്പത്തിനൊപ്പം നടന്നുനീങ്ങിക്കൊണ്ടിരുന്നു. ലക്ഷ്യസ്ഥാനം വരെ ഒന്നിച്ച് ഗമിക്കുകയും ഹസ്രത്ത് അഹ്മദിനോടൊപ്പം കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്തു. അദ്ദേഹം വാഗ്ദത്ത മസീഹിന്റെ അടുക്കൽ ഉപസ്ഥിതനായി.

ജനം അത്ഭുതത്തോടും അക്ഷമയോടുംകൂടി മൗലവി ഗുലാം നബി സാഹിബ് പുറത്ത് വരുന്നതും കാത്ത് കഴിയുകയാ

യിരുന്നു. അവർക്കിടയിൽ ഇപ്രകാരം സംസാരമുണ്ടായി: 'ഇയാൾ എന്തൊരു വഷളത്തമാണ് കാണിച്ചിരിക്കുന്നത്. മൗലവി സാഹിബ് മീർസായുടെ കൂടെ നടന്ന്പോയില്ലെ!' മറ്റൊരാൾ: 'മീർസാ വല്ലാത്ത തന്ത്രശാലിയാണ്. എന്ത് ഇന്ദ്രജാലമാണ് പ്രയോഗിച്ചതെന്നറിയില്ല; മൗലവി അദ്ദേഹത്തോടൊപ്പം പോകരുതായിരുന്നു'. മൂന്നാമതൊരാൾ: 'മീർസാ വലിയ പ്രഭാവശാലിയാണ്. മൗലവി സാഹിബ് കുടുങ്ങിയത്തന്നെ!' നാലാമതൊരാൾ: 'മീർസാ ചില്ലറക്കാരനൊന്നുമല്ല. വെറുതെയല്ലല്ലോ, വലിയവലിയ വാദങ്ങളുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്! ഒന്നും കയ്യിലില്ലാതെ വരുമോ? അഞ്ചാമതൊരാൾ: 'മീർസാ വലിയ പണക്കാരനല്ലെ, നമ്മുടെ മൗലവിക്ക് നക്കാപിച്ച കിട്ടിയാൽ മതിയല്ലോ? എന്തോ വാഗ്ദാനം നൽകിക്കാണും' ഇനിയുമൊരാൾ: 'മൌലവി സാഹിബ് വലിയ ആലിമാണ്. അദ്ദേഹം മിർസാസാഹിബിനെ പറഞ്ഞുധരിപ്പിക്കുകയാവും. അദ്ദേഹം നിശ്ചയമായും ജയിച്ചുതന്നെമടങ്ങും. ഇത്തരം സന്ദർഭം വേറെകിട്ടുമോ? അദ്ദേഹം മീർസായെ മാനസാന്തരപ്പെടുത്താതിരിക്കില്ല'. ഇപ്രകാരം മൗലവിമാരും സാധാരണക്കാരും ഓരോരോ അഭിപ്രായങ്ങൾ പാസാക്കിക്കൊണ്ടിരിക്കെ മൗലവി ഖുശാബി സാഹിബ് അകത്ത് നിശ്ബ്ദനായി വാഗ്ദത്ത മസീഹിന്റെ സംസാരം കേട്ടിരിക്കുകയായിരുന്നു.

ഈസാനബിയുടെ മരണം സംബന്ധിച്ച ഖുർആനിക വചനങ്ങളുടെ വിശദീകരണങ്ങൾ കേട്ടശേഷം ഗുലാം നബി സാഹിബ് പറഞ്ഞു: 'ഖുർആൻ അങ്ങയുടെ ഭാഗത്താണെന്ന് എനിയ്ക്ക് ബോദ്ധ്യമായിരിക്കുന്നു, 'ഖുർആൻ എന്റെ ഭാഗത്താണെങ്കിൽപിന്നെ താങ്കൾ ആരുടെ ഭാഗത്താണ്?' ഹുസൂർ ചോദിച്ചു. മൗലവി സാഹിബിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകി. ഏങ്ങിയേങ്ങിക്കരഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഞാൻ തെറ്റുകാരനും കുറ്റവാളിയുമാകുന്നു. ഞാനും അങ്ങയോടൊപ്പം തന്നെ!'

നേരം വൈകിയപ്പോൾ ജനക്കൂട്ടം അക്ഷമരായി. മൗലവി സാഹിബ് പുറത്ത്വന്നില്ല. പുറത്തേയ്ക്ക് വരാൻ ആളെപ്പറഞ്ഞയച്ചു. 'നിങ്ങളെല്ലാം പോയിക്കൊള്ളുവിൻ. ഞാൻ സത്യം കണ്ടെത്തിയിരിക്കുന്നു. നിങ്ങളുമായി ഇനി എനിയ്ക്കൊരുകാര്യവുമില്ല. 'ഈമാ'ന്ന് രക്ഷവേണമെങ്കിൽ നിങ്ങളും വന്ന് ഇമാമിനെ പ്രാപിച്ചുകൊൾവിൻ!'

മൗലവി ഗുലാം നബി സാഹിബ് ഖുശാബി മഹ്ദി ഇമാമിനെ തിരിച്ചറിഞ്ഞു! 'നിങ്ങളിൽ ഈസബ്നു മറിയമിനെ കണ്ടെത്തുന്നവർ എന്റെ സലാം എത്തിക്കണം' എന്ന തിരുനബിയുടെ അരുളപ്പാടിൽ പ്രതികരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദിഇമാമിനെ നോക്കി പ്രസ്തുത ഹദീസ് ഓതിയശേഷം ഖുശാബി സാഹിബ് ഉച്ചത്തിൽ സലാംപറഞ്ഞു: 'അസ്സലാമു അലൈക്കും'! വാഗ്ദത്ത മഹ്ദീ (അ) സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് സവിശേഷരീതിയിൽ ഉച്ചത്തിൽതന്നെ "വഅലൈക്കും അസ്സലാം!" എന്ന് പ്രതികരിച്ചു.!

പാതിരാക്ക് പാലുമായി അതിഥിസവിധം

ചക്ക്വാൽ സ്വദേശിയും റാവൽപിണ്ഡിയിൽ ഒരു കച്ചവടക്കാരനുമായ സീഠി ഗുലാംനബി വാഗ്ദത്ത മസീഹിനെ കാണാനായി ഒരു ദിവസം ഖാദിയാനിലെത്തി. വളരെ മാന്യനും സാധുപ്രകൃതക്കാരനുമായിരുന്നു. അദ്ദേഹം ഇപ്രകാരം പറയുന്നു: "ഞാൻ സന്ധ്യസമയത്താണ് ഖാദിയാനിലെത്തിയത്. ശൈത്യകാലമായിരന്നു. മഴ ചാറുന്നുമുണ്ടായിരുന്നു. ആഹാരം കഴിച്ച് ഉറങ്ങാൻകിടന്നു. പതിരാത്രി ഏതാണ്ട് പന്ത്രണ്ട് മണിയായപ്പോൾ ആരോ എന്റെ മുറിയുടെ വാതിൽക്കൽമുട്ടി. ഞാൻ ഏണീറ്റു വാതിൽതുറന്നപ്പോൾ വാഗ്ദത്ത മസീഹ് (അ) മുമ്പിൽനിൽക്കുന്നു! ഒരു കയ്യിൽ ഒരു ഗ്ലാസ്സ്നിറയെ ചൂടുള്ളപാല്. മറ്റെകയ്യിൽ റാന്തൽ വിളക്ക്. ഞാൻ അന്ധാളിച്ചു. ഹസ്രത്ത് സാഹിബ് സ്നേഹ പുരസ്സരം അരുളുകയായി. വീട്ടിൽ പാൽ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. താങ്കൾക്ക് കൊണ്ടുചെല്ലട്ടെ എന്ന് ഞാൻ പറഞ്ഞു. ഇതാ ഈ പാൽ കുടിച്ചുകൊള്ളു. ഒരു പക്ഷെ പാൽകുടിക്കുന്ന പതിവുണ്ടായിരിക്കാം.' സീഠിസാഹിബ് പറയുന്നു: 'എന്റെ കണ്ണിൽ വെള്ളംനിറഞ്ഞു സുബ്ഹാനല്ല'! ഇതാരാണ് വന്നിരിക്കുന്നത്. എന്തൊരു മഹാമനസ്കത! അല്ലാഹുവിന്റെ വരിഷ്ഠനായ മസീഹ് തന്റെ എളിയ ദാസൻമാർക്ക് സേവനം ചെയ്യാനും അവരോട് സൗമനസ്യം കാട്ടാനും എന്തുമാത്രം ക്ലേശിക്കുന്നു.'

പാവപ്പെട്ടവന്റെ ചങ്ങാതി

ഒരിയ്ക്കൽ വാഗ്ദത്ത മസീഹ് (അ) മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് മസ്ജിദ് മുബാറക്കിന്റെ മുകളിൽ മട്ടുപ്പാവിൽ ഏതാനും അതിഥികളോടൊപ്പം ആഹാരം കഴിക്കാനുള്ള ഒരുക്കത്തിലായിരുന്നു. ഇതേസമയം ലുധിയാനസ്വദേശിയായ നിസാമുദ്ദീൻ എന്ന ഒരു അഹ്മദിയും അവിടെവന്നെത്തി. അദ്ദേഹം വളരെ പാവപ്പെട്ട ഒരാളായിരുന്നു. അദ്ദേഹം കീറിയ ഒരു പഴയ വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. ഹസ്രത്ത് സാഹിബ് ഇരുന്നിടത്ത്നിന്നും നാലഞ്ചാളുകളുടെ പുറകിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. ഇതിനിടയിൽ ബഹുമാന്യരായ ഏതാനും വ്യക്തികൾകൂടി വന്നെത്തി. അവർ കടന്നുകയറി ഹസ്രത്ത് സാഹിബിന്റെ വളരെ അടുത്ത്തന്നെ ഇരിപ്പുറപ്പിച്ചു. അവർ ഓരോരുത്തരും വന്നിരിക്കുമ്പോഴും മിയാൻ നിസാമുദ്ദീൻ പിന്നോട്ട് പിന്നോട്ട് മാറിയിരിക്കേണ്ടിവന്നിരുന്നു. അദ്ദേഹം പിന്നോക്കം മാറിമാറി ഒടുവിൽ ചെരിപ്പുകൾ അഴിച്ചിട്ട സ്ഥലത്തോളമെത്തി. അപ്പോഴേക്കും ആഹാരം എത്തിച്ചേർന്നു. ഹുസൂർ എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടുന്ന് ഒരു പാത്രത്തിൽ കറിയും റൊട്ടിയും കയ്യിലെടുത്ത് മിയാൻ നിസാമുദ്ദീനെ നോക്കിപ്പറഞ്ഞു: 'വരൂ, മിയാൻ നിസാമുദ്ദീൻ! എന്നോടൊപ്പം അകത്തിരുന്നു ആഹാരം കഴിക്കാം!' ഇതും പറഞ്ഞു ഹുസൂർ പള്ളിയോട് തൊട്ടുള്ള തന്റെ പാർപ്പിടത്തിലേയ്ക്ക് നീങ്ങി. അവിടെ ഇരുവരും അകത്ത് ഒന്നിച്ചിരുന്ന് ഒരേ തളികയിൽനിന്ന് ഭക്ഷണം കഴിച്ചു. ഈ വേളയിൽ മിയാൻ നിസാമുദ്ദീൻ സന്തോഷത്താൽ പുളകിതനായെന്ന് പറയേണ്ടതില്ലല്ലോ. മിയാൻ നിസാമുദ്ദീൻ സാഹിബിനെ പുറകോട്ട് തള്ളിതള്ളി ഹസ്രത്ത് സാഹിബിന്റെ അടുത്തോളം ചെന്ന് പറ്റിയ വമ്പൻമാർ ലജ്ജിതരായി!

അതിഥികൾക്ക് ആശ്വാസമേകാൻ

ഡോ. ബിശാറത്ത് അഹ്മദ് സാഹിബ് നിവേദനം ചെയ്യുന്നു:

"അതിഥികൾ വന്നെത്തുമ്പോൾ അവിടുത്തെ വദനം പ്രസന്നമാകുമായിരുന്നു. എഴുന്നേറ്റുനിന്ന് സ്വാഗതം ചെയ്യും.

നല്ല സ്ഥലത്തിരുന്ന് കുശലാന്വേഷണം നടത്തും. 1906-ൽ ദീർഘ നാളത്തെ ലീവെടുത്ത് ഞാൻ കുടുംബസമേതം ഖാദിയാനിൽവ ന്നെത്തി. വർഷകാലമായിരുന്നു. എങ്കിലും കടുത്ത ചൂടുണ്ടാ യിരുന്നു. ബട്ടാലയിൽനിന്ന് വൈകുന്നേരം അഞ്ചുമണിക്കാണ് കാളവണ്ടിയിൽ പുറപ്പെട്ടത്. കാളകൾ പതുക്കെ പതുക്കെ നീങ്ങി യതിനാൽ രാത്രി 11-മണിക്കാണ് ഖാദിയാനിൽ എത്തിയത്. ദാറുൽ ബർക്കാത്തിൽ ഇറങ്ങി ചെറിയ കുട്ടികൾ ഒപ്പമുണ്ടായി രുന്നു. അവർക്ക് പാൽ മാത്രമാണ് ആഹാരം. ഖാദിയാനിൽ ഒരു അഹ്മദിയുടെ ഹോട്ടലിലേയ്ക്ക് നീങ്ങി. ആ കട മാത്രമേ തുറന്നിരുന്നുള്ളൂ. ഞാൻ അവിടെ എത്തിയതേ ഉണ്ടായിരുന്നു ള്ളു, ഒരാൾ കടയിലെത്തി. അവിടെയുണ്ടായിരുന്ന മുഴുവൻ പാലും വാങ്ങിച്ചുകൊണ്ടുപോയി. ഞാൻ വളരെ വിഷണ്ണനായി. താമസസ്ഥലത്തേയ്ക്ക് മടങ്ങിയെത്തിയപ്പോഴറിഞ്ഞു, ഞങ്ങൾക്ക് വേണ്ടി ഹസ്രത്ത് സാഹിബാണ് പാൽമുഴുവനും ആളെഅയച്ച് വാങ്ങിച്ചതെന്ന്. അങ്ങിനെ ആ പാൽ അത്രയും ഞങ്ങളുടെ മുമ്പി ലെത്തി. ഞങ്ങൾ ഖാദിയാനിൽ എത്തിയപ്പോൾതന്നെ ചെറിയ കുട്ടികളും ഞങ്ങളുടെ ഒപ്പമുണ്ടെന്നറിഞ്ഞ് വാഗ്ദത്ത മസീഹ് (അ) പാൽവാങ്ങാനായി ആളെവിട്ടിട്ട് കിട്ടാവുന്നത്രയും പാൽ ശേഖരിക്കുകയാണുണ്ടായത്. തന്റെ അതിഥികൾക്ക് ആശ്വാസം പകരുവാനും അവരുടെ ആവശ്യങ്ങൾ എന്തെന്ന് മുൻകൂട്ടിതന്നെ അറിഞ്ഞ് അത് നിവർത്തിച്ചുകൊടുക്കുവാനും അവിടുന്ന് ഔത്സുക്യം കാണിച്ചുപോന്നിരുന്നു' (മുജദ്ദിദെ അഅ്സം).

ഏകാന്തതയിൽ കണ്ണീരോടെ

മൗലാനാ അബ്ദുൽ കരീം സാഹിബ് (റ) സിയാൽകോട്ടി നിവേദനം ചെയ്യുന്നു:

ഒരിയ്ക്കൽ ഒരു ഉച്ചനേരത്ത് ഞാൻ മസ്ജിദുൽ മുബാറ ക്കിൽ പ്രവേശിച്ചപ്പോൾ ഹസ്രത്ത് സാഹിബ് ഏകാന്തനായി ഉലാ ത്തുകയായിരുന്നു. എന്തോ മൂളിക്കൊണ്ടിരുന്നു. ഹുസൂറിന്റെ കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു. എന്നെ കണ്ടപ്പോൾ ഉറു മാൽകൊണ്ട് മുഖംപൊത്തി. ചോദിച്ചപ്പോൾ താൻ തിരുനബിയെ കുറിച്ചുള്ള ഹസ്സാനിബ്നു സാബിത്തിന്റെ കവിതാശകലം ഉരു വിടുകയായിരുന്നു എന്ന് പറഞ്ഞു. അതിതായിരുന്നു:

'കുൻതസ്സവാദ ലി നാളിരീ ഫഅമീ അലൈക്കന്നാളിറു
മൻശാഅ ബഅദക്ക ഫൽയമുത് ഫഅലൈക്ക കുൻതു ഉഹാദിറു'
മൊഴിമാറ്റം ഇങ്ങനെ:

കൺമണിയായിരുന്നല്ലോ ഭവാനെന്റെ
കൺകളിന്നന്ധമായിപ്പോയല്ലോ;
ആരുമരിച്ചാലെനിയ്ക്കിനിയെന്തഹോ,
ആശങ്കാപാത്രമതങ്ങായിരുന്നു.!

ഹുസൂർ ആ വരികൾ ആവർത്തിച്ചുകൊണ്ട്പറഞ്ഞു: 'ഹാ, ഇത് എന്റെ വരികളായിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു പോകുന്നു!'

(ആയിരങ്ങളെ കരയിക്കും വിധം ഗുരുപ്രേമം വെളിപ്പെടുത്തിക്കൊണ്ട് ഈ വരികളെഴുതിയ കവിഹൃദയം എത്ര സുന്ദരം! എന്നാൽ, 1400 കൊല്ലങ്ങൾക്ക് ശേഷം ഈ വരികൾ ആവർത്തിച്ചുചൊല്ലിക്കൊണ്ട് ഏകാന്തതയിൽ നൊമ്പരപ്പെട്ടു കണ്ണീരൊലിപ്പിക്കുന്ന ആ നബിശിഷ്യന്റെ പ്രേമവായ്പ്പ് എങ്ങിനെ വർണ്ണിക്കും?) (സീറത്തുൽ മഹ്ദി).

ഹിപ്നോട്ടിസ്റ്റ് വിരുതൻ വിരണ്ടോടുന്നു!

ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ) നിവേദനം ചെയ്യുന്നു:

ഒരിയ്ക്കൽ ഗുജറാത്ത് കാരനായ ഒരു ഹിന്ദു ഖാദിയാനിൽവന്നു. അയാൾ 'ഹിപ്നോട്ടിസ'ത്തിൽ വലിയ വിദഗ്ദ്ധനായിരുന്നു. ഹസ്രത്ത് മിർസാസാഹിബിനെ ഒന്നു കണ്ടുകളയാമെന്ന് അയാൾ തന്റെ കൂട്ടുകാരനോട് പറഞ്ഞു. മിർസാ സാഹിബിന്റെമേൽ തന്റെ മാസ്മര വിദ്യകൾ പ്രയോഗിച്ച് അദ്ദേഹത്തെ തന്റെ ഇഷ്ടത്തിനൊത്ത് നിറഞ്ഞസദസ്സിൽവെച്ച് (നഊദുബില്ലാഹ്) ഒന്ന് കളിപ്പിക്കാമെന്നതായിരുന്നു അയാളുടെ മനസ്സിലിരിപ്പ്. അയാൾ പള്ളിക്കകത്ത് കടന്നു വാഗ്ദത്ത മസീഹിനെ കണ്ട ശേഷം ഒരു വശത്ത് മാറിയിരുന്നു. ഹുസൂർ ശിഷ്യരോട് എന്തോ സംസാരിച്ചുകൊണ്ടിരിക്കെ അയാൾ തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഹിപ്നോട്ടിക്ക് വിദ്യകൾ ആരംഭിച്ചു. അൽപം കഴിഞ്ഞതേയുള്ളു. അയാൾ പെട്ടെന്ന് വിറച്ച് കൊണ്ട് എഴുന്നേറ്റു. എങ്കിലും ആത്മശക്തി സംഭരിച്ച് മാസ്മരവിദ്യ വീണ്ടും തുടർന്നു.

ഹസ്രത്ത് സാഹിബ് ഇതൊന്നും അറിയാതെയും ശ്രദ്ധിക്കാതെയും തന്റെ ഭാഷണം നടത്തിക്കൊണ്ടിരുന്നു. ഹിപ്നോട്ടിസ്റ്റ് വീണ്ടും ഞെട്ടിവിറച്ചു ചില അപശബ്ദങ്ങൾ പുറപ്പെടുവിക്കുകയായി. അയാൾ തന്റെ ഉദ്യമത്തിൽനിന്ന് പിൻമാറാതെ തനിക്കുണ്ടായ അനുഭവങ്ങളിൽ അവിശ്വസിച്ച്കൊണ്ട് മൂന്നാമതും ഉള്ളുറപ്പോടെ മുഴുവൻ ശക്തിയും ശ്രദ്ധയും കേന്ദ്രീകരിച്ച് തന്റെ പ്രയോഗം ആവർത്തിച്ചു. ഇത്തവണ അയാൾ ആത്മനിയന്ത്രണം വിട്ടനിലയിൽ അവിടെനിന്ന് ചാടിഎഴുന്നേറ്റ് നിലവിളിച്ച് ഓടുകയാണ് ചെയ്തത്. അയാൾ ചെരിപ്പുകൾ ഇടാതെ പള്ളിയിൽനിന്ന് താഴത്തേയ്ക്ക് തുള്ളിപ്പായുകയായിരുന്നു. അയാളുടെ കൂട്ടുകാരും കാര്യമറിയാതെ ഒപ്പംഓടി. കാര്യമെന്തന്നറിയാൻ മറ്റാളുകളും പിന്നാലെ ഓടി, അയാളെ പിടിച്ചുനിർത്തി. അയാൾ പേടിച്ചുവിറച്ച് നിരുദ്ധകണ്ഠനായി കഴിഞ്ഞിരുന്നു. കുതിപ്പും കിതപ്പും മാറിയപ്പോൾ അയാൾ തനിക്ക് സംഭവിച്ചതെന്തെന്ന് വിവരിച്ചു. അയാൾ പറഞ്ഞു: ഞാൻ ഹിപ്നോട്ടിസത്തിൽ വലിയ വിദഗ്ദ്ധനാണ്. മിർസാ സാഹിബിന്റെമേൽ ഞാൻ എന്റെ സ്വാധീനം പ്രയോഗിച്ചു. അദ്ദേഹത്തിൽ ചില വികൃതചലനങ്ങൾ സൃഷ്ടിക്കാമെന്ന് ഉദ്ദേശിച്ചാണ് അവിടെ ചെന്നത്. ഞാൻ എന്റെ ശ്രദ്ധ പ്രയോഗിച്ചുതുടങ്ങിയപ്പോൾതന്നെ എന്റെ മുന്നിൽ അൽപം അകലെയായി ഒരു സിംഹം ഇരിക്കുന്നതായികണ്ടു. കണ്ടപ്പോൾതന്നെ ഞാൻ പേടിച്ചുനടുങ്ങി. ഇത് എന്റെ വെറും തോന്നലാണെന്നു കരുതി സ്വയം ശപിച്ചുകൊണ്ട് ഞാൻ വീണ്ടും മാസ്മരവിദ്യ തുടർന്നു. അപ്പോൾ ആ സിംഹം എന്റെ അടുത്തേയ്ക്ക് നീങ്ങുന്നതായാണ് ഞാൻ കണ്ടത്! പിന്നീട് ഞാൻ ഒരു വെല്ലുവിളി നേരിടുകയാണെന്നോണം കൂടുതൽ കരുത്താർജിച്ചുകൊണ്ട് ഒരു അവസാനശ്രമമെന്ന നിലയിൽ ഒരിയ്ക്കൽ കൂടി സകല ശക്തിയും സംഭരിച്ച് പ്രയോഗം വീണ്ടും ആരംഭിച്ചു. എന്നാൽ, ഇത്തവണ അതേസിംഹം എന്റെനേരെ കുതിച്ച്ചാടുന്നതായി കണ്ടതോടെ ഞാൻ നിലവിളിച്ച് രക്ഷപ്പെട്ടോടുക തന്നെചെയ്തു.'*

* ഈ മാനസീക പ്രതിഭാസം മനഃത്വവിശാരദൻമാരുടെ (Psycho - Analysts) ഗാഢ പഠനത്തിന് വിധേയമാക്കേണ്ട ഒന്നാണ്. പ്രതിയോഗിയിൽ ഇത്തരം മാനസീക വിഭ്രാന്തി സൃഷ്ടിക്കുന്ന മനഃസ്സിദ്ധി കൈവരിച്ച ആളുകൾ ആത്മീയ സിദ്ധൻമാർക്കിടയിൽ ഉണ്ടെന്നത് നിഷേധിക്കാനാവില്ല.

ഈ ഹിപ്നോട്ടിക് വിദഗ്ദ്ധൻ പിന്നീട് വാഗ്ദത്തമസീഹിന്റെ ഒരു അനുയായിയായിമാറിയെന്നും ജീവിച്ചിരിക്കുവോളം ഹസ്രത്ത് സാഹിബിനെ വളരെ ആദരത്തോടെയാണ് സ്മരിച്ച് പോന്നതെന്നും ഹസ്രത്ത് സാഹിബുമായി കത്തിടപാട് നടത്തിക്കൊണ്ടിരുന്നിട്ടുണ്ടെന്നും ഖലീഫത്തുൽ മസീഹ് സാനീ (റ) പറയുന്നു. (സീറത്തുൽ മഹ്ദി ഭാ. 1 പു. 62).

അപ്രതിമമായ നബിപ്രേമം

ശേഖ് യഅ്കൂബ് അലിസാഹിബ് ഇർഫാനി (റ) നിവേദനം ചെയ്യുന്നു:

ഒരു ദിവസം വാഗ്ദത്തമസീഹ്(അ) ഫിറോസ് പൂരിൽനിന്ന് ഖാദിയാനിലേക്ക് വരികയായിരുന്നു. ലാഹോർവരെ പോകാമെന്ന് അവിടുന്ന് എന്നോട് പറഞ്ഞു. അസർ നമസ്കാര സമയമായിരുന്നു. ഞാൻ പ്ലാറ്റ്ഫോറത്തിലേയ്ക്ക് നീങ്ങി. പണ്ഡിറ്റ് ലേഖ്റാം ജലന്ധറിലേയ്ക്ക് പോകാൻ പുറപ്പെടുകയായിരുന്നു. എന്നെ കണ്ടപ്പോൾ എവിടെനിന്ന് വരുന്നുവെന്ന് ചോദിച്ചു. ഹസ്രത്ത് സാഹിബിന്റെകൂടെ വന്നതാണെന്ന് പറഞ്ഞപ്പോൾ

റസൂൽ കരീം (സ) തിരുമേനി അബൂ ജഹലിന്റെ അടുക്കൽ, അബൂജഹൽ കടംവീട്ടാനുണ്ടായിരുന്ന ഒരാളുടെ പരാതിപ്രകാരം അയാളെയും കൂട്ടി പണം തിരികെവാങ്ങിച്ച് കൊടുക്കുന്നതിന് ചെന്നപ്പോൾ, തിരുമേനി (സ) ചോദ്യം ചെയ്തുതുടങ്ങിയ ഉടനെ അബൂജഹൽ വീട്ടിനകത്ത് കയറി തുകയെടുത്ത് കടക്കാരന് നൽകിയ ഒരു സംഭവം ഹദീസുകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. താൻ ശത്രുവും ദ്രോഹിയുമായി കരുതി ഘോരഘോരം എതിർത്തുപോന്ന മുഹമ്മദ് (സ) ഒരു ഉത്തമർണനെ കൂട്ടിവന്നപ്പോൾ മുഹമ്മദിന്റെ മുമ്പിൽ നിർവീര്യനായിപ്പോയതെന്തേയെന്ന് ഖുറൈശികൾ ആക്ഷേപിച്ചുപറഞ്ഞപ്പോൾ അബൂജഹൽ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു:

'മുഹമ്മദ് വന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ ഇരുവശങ്ങളിലും ഓരോ കൂറ്റൻ ഒട്ടകങ്ങൾ എന്നെ ആക്രമിക്കാൻ ഒരുങ്ങിനിൽക്കുന്നതായി ഞാൻ കണ്ടു. പിന്നെ ഒരു നിമിഷം പോലും വൈകാതെ പണം എടുത്തുകൊടുത്തു.'

ബദർ യുദ്ധത്തിൽ തനിയ്ക്കുണ്ടായ അനുഭവം കഠിന ശത്രുവായിരുന്ന ശൈബ വിവരിക്കുകയുണ്ടായി. തിരുനബിയെ വധിക്കുവാൻ താൻ പലതവണ അടുത്തുവെച്ച് വാൾവീശിയെങ്കിലും ഓരോ അവസരവും ഭയങ്കരമായ തീജ്വാലകൾ തന്നെ ഗ്രസിക്കുന്നതായി അനുഭവപ്പെട്ടുവെന്നും അത് കാരണം താൻ ശ്രമം ഉപേക്ഷിച്ച് പിൻതിരിയുകയാണുണ്ടായതെന്നും ശൈബ പറഞ്ഞു.

ഹസ്രത്ത് സാഹിബിന്റെ അടുക്കലേയ്ക്ക് അദ്ദേഹം വന്നു. ഹസ്രത്ത് സാഹിബ് 'വുസു' ചെയ്യുകയായിരുന്നു. ലേഖ്റാം കൈകൂപ്പിനിന്ന് സലാം പറഞ്ഞു. ഹസ്രത്ത് സാഹിബ് തല ഉയർത്തിനോക്കിയഉടനെ മുഖം തിരിച്ച് വുസൂ തടർന്നു. സലാം പറഞ്ഞത് കേട്ടില്ലെന്ന് കരുതി വീണ്ടും സലാം പറഞ്ഞു. കുറച്ച് നേരം തങ്ങിനിന്ന ശേഷം ലേഖ്റാം തിരിച്ചുപോയി. ലേഖ്റാം ആണ് സലാം ചൊല്ലിയതെന്ന് ധരിപ്പിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: "അയാൾ നബി തിരുമേനിയെ കഠിനമായി ചീത്തപറഞ്ഞുകൊണ്ടിരുന്ന ആളാണ്. അയാൾക്ക് സലാം മടക്കാൻ അഭിമാനം അനുവദിക്കുന്നില്ല. എന്റെ യജമാനരുടെ വ്യക്തിത്വത്തിന് നേരെ ദുഷ്ടാക്രമണം നടത്തികൊണ്ടിരിക്കുന്ന ആൾ എനിയ്ക്ക് സലാം പറയാൻ വന്നിരിക്കുന്നുവോ?"

തിരുനബിയുടെ കാര്യത്തിൽ അവിടുത്തെ അഭിമാനബോധം എത്ര ശക്തിയിലാണ് തിളച്ച് മറിഞ്ഞിരുന്നതെന്ന് ഈ സംഭവം തെളിയിച്ചുകാട്ടി. തിരുനബിയെ നിലവിട്ട് അധിക്ഷേപിക്കുന്നയാൾ മറ്റൊരു സമുദായത്തിന്റെ നേതാവാണെങ്കിൽ കൂടിയും അയാളുടെ പ്രണാമം സ്വീകരിക്കാൻ അവിടുന്ന് ഇഷ്ടപ്പെടുമായിരുന്നില്ല. തിരുനബിയോടുള്ള വാഗ്ദത്ത മസീഹിന്റെ സ്നേഹാദരം എത്ര അടിയുറച്ചതും ആഴത്തിലുള്ളതുമാണെന്ന് ഇത് വ്യക്തമാക്കി.

ഇമാം ബാഖിറിനെ പറ്റി 'കശ്ഫുൽ മഹ്ജൂബ്' എന്ന അടിസ്ഥാന സൂഫീ ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു: അദ്ദേഹത്തെ ശിക്ഷിക്കാനായി ഭരണാധിപൻ കൊട്ടാരത്തിലേയ്ക്ക് വിളിച്ചുവരുത്തി. എങ്കിലും കണ്ടമാത്രയിൽ രാജാവ് അദ്ദേഹത്തിന്റെ മുമ്പിൽ താണു വണങ്ങിനിന്ന് മാപ്പപേക്ഷിക്കുകയും വലിയ പാരിതോഷികങ്ങൾ നൽകി തിരിച്ചയക്കുകയുമാണുണ്ടായത്. എന്താണ് ഇപ്രകാരം പെരുമാറിയതെന്ന് പിന്നീട് അന്വേഷിച്ചപ്പോൾ രാജാവ് പറഞ്ഞു, അദ്ദേഹം വന്ന് കയറിയപ്പോൾ അദ്ദേഹത്തിന്റെ വലത് ഭാഗത്തും ഇടത് ഭാഗത്തും ഓരോ സിംഹം നിൽക്കുന്നതായും ഞാൻ അദ്ദേഹത്തെ ദ്രോഹിച്ചെങ്കിൽ എന്നെ കടിച്ചുകീറുമെന്ന് ഭൂഷണിപ്പെടുത്തുന്നതായും ഞാൻ കണ്ടു.' (Kashful Mahjoob, Eng. Trans. by Prof. R.A. Nicholson, p. 78).

ഒരു ഹിപ്നോട്ടിസ്റ്റ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് അവർകളെ ഹിപ്നോട്ടൈസ് ചെയ്യാൻ ഒരു തീവണ്ടി യാത്രയിൽ ശ്രമിച്ചപ്പോൾ ആ ഹിപ്നോട്ടിസ്ട് പറയുകയുണ്ടായി ഒരു പുലി തന്നെ ആക്രമിക്കാനെന്നോണം തന്റെ നേരെ ചാടിവരുന്നതായി കണ്ടുവെന്ന്!

വാഗ്ദത്ത മസീഹ് (അ) തന്റെ ഏറ്റവും ഒടുവിലത്തെ കൃതിയായ 'സമാധാന സന്ദേശ'ത്തിൽ ഇപ്രകാരം എഴുതി: "ഞാൻ സത്യമായും സത്യമായും പറയുന്നു: 'മരുഭൂമിയിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് മൈത്രിയിലും ഐക്യഭാവത്തിലും സൗഹാർദ്ദത്തിലും വർത്തിക്കുവാൻ സാധിക്കുന്നതായാലും ഞങ്ങളുടെ ജീവനെക്കാളും മാതാപിതാക്കളെക്കാളും പ്രിയപ്പെട്ട പരമപരിശുദ്ധനായ നബി തിരുമേനിയുടെ പേരിൽ ദൂഷ്യാരോപണം ചെയ്യുന്നവരുമായി ഞങ്ങൾക്ക് മൈത്രിയിൽ കഴിഞ്ഞുകൂടുക അസാദ്ധ്യമണ്.'

ബദ്ധശത്രുവിനേയും മാനം കെടുത്തേണ്ട!

ഹസ്രത്ത് മൗലവി ശേർ അലി സാഹിബ് (റ) നിവേദനം ചെയ്യുന്നു:

ഡോ. മാർട്ടിൻ ക്ലാർക്ക് വധോദ്യമകേസ്സിൽ കള്ളസാക്ഷിപറയുവാൻ മൌലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി കേപ്റ്റൻ ഡഗ്ലസിന്റെ കോടതിയിൽ ഹാജരായി. അയാൾ തന്റെ മൊഴികളിൽ വാഗ്ദത്ത മസീഹിനെ ബഹുജന മദ്ധ്യേ ഇകഴ്ത്തി കാട്ടാൻ പല ദുരാരോപണങ്ങളും ഉന്നയിച്ചിരുന്നു. എന്നാൽ, ക്രോസ് വിസ്താരത്തിൽ ഹസ്രത്ത് അഹ്മദ് (അ)ന്റെ വക്കീൽ മൗലവി ഫസ്ലുദ്ദീൻ സാഹിബ് തന്റെ കക്ഷിക്ക് അനുകൂലമായി മൌലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ സ്വഭാവഹത്യചെയ്യുമാറ് അദ്ദേഹത്തെ മാനം കെടുത്തുന്ന ചില ചോദ്യങ്ങൾ–അദ്ദേഹത്തിന്റെ ജനനത്തെകുറിച്ചുള്ളതായിരുന്നു അത്–ചോദിക്കാൻ തുടങ്ങിയപ്പോൾ കോടതിമുറിയിൽ പ്രതിയായി ഹാജരുണ്ടായിരുന്ന ഹസ്രത്ത് അഹ്മദ് (അ) കസേരയിൽനിന്ന് ഉടൻ എഴുന്നേറ്റ് തന്റെ വക്കീലിന് നേരെ കൈനീട്ടിക്കൊണ്ട് അത്തരം ചോദ്യങ്ങൾ ചോദിക്കുവാൻ താൻ അനുവദിക്കുന്നില്ലെന്ന് പറയുകയുണ്ടായി. ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ ഈ ഉദാത്തമായ സ്വഭാവ മഹിമ കോടതിയിൽ സന്നിഹ്തരായവരെയെല്ലാം അമ്പരപ്പിക്കുകതന്നെ ചെയ്തു. ഇതു കോടതിയിൽനിന്ന് പുറത്ത്വന്നപ്പോൾ മൗലവി ഫസലുദ്ദീൻ സാഹിബ് വക്കീൽ തന്നെയാണ് പറഞ്ഞത് (സീറത്തുൽ മഹ്ദി).

കപൂർത്തല പള്ളി അഹ്മദികൾക്ക്തന്നെ

ഹസ്രത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) നിവേദനം ചെയ്യുന്നു:

വാഗ്ദത്ത മസീഹിന്റെ കാലത്ത് കപൂർത്തലയിലെ അഹ്മദിയ ജമാഅത്തും മറ്റു മുസ്ലിംകളും തമ്മിൽ അവിടത്തെ ഒരു പള്ളിയെ സംബന്ധിച്ച് ഒരു കേസ്സ് ഉത്ഭവിച്ചു. അവിടുത്തെ ജഡ്ജ് അഹ്മദികളുടെ ഒരു എതിരാളിയായിരുന്നു. അദ്ദേഹം ഈ കേസ്സിൽ അഹ്മദികൾക്കെതിരായ നിലപാട് സ്വീകരിക്കുകയാൽ തങ്ങൾക്ക് പള്ളി നഷ്ടപ്പെടുമെന്നുള്ള ഭീതിയിൽ അവർക ഴിഞ്ഞു. അവർ വാഗ്ദത്ത മസീഹിന് കത്തെഴുതുകയും പ്രാർത്ഥിക്കാനപേക്ഷിക്കുകയും ചെയ്തു. അവരുടെ ആശങ്ക വർദ്ധിച്ചു തുടങ്ങിയപ്പോൾ വാഗ്ദത്ത മസീഹ് (അ) അവർക്ക് ഇപ്രകാരം ഒരു മറുപടി എഴുതിഅയച്ചു: "ഞാൻ സത്യവാനാണെങ്കിൽ കപൂർത്തലപള്ളി അഹ്മദികൾക്ക്തന്നെ കിട്ടും". എന്നാൽ, ജഡ്ജ് എതിർമനോഭാവത്തിൽതന്നെ ഉറച്ചുനിൽക്കുകയും അഹ്മദികൾക്കെതിരായ വിധി എഴുതി വെക്കുകയും ചെയ്തു. വിധി പ്രസ്താവിക്കേണ്ട ദിവസം രാവിലെ കോടതിയിലേയ്ക്ക് പുറപ്പെടാനായി അയാൾ വസ്ത്രങ്ങൾ ധരിച്ച് തന്റെ ബംഗ്ലാവിന്റെ വരാന്തയിൽ ഒരു കസേരയിൽ ഉപവിഷ്ടനായി. അയാൾ തന്റെ വേലക്കാരനെ അടുത്തുവിളിച്ച് ഷൂസിന്റെ ലേസുകൾ കെട്ടിക്കുകയായിരുന്നു. എന്തോ ശബ്ദം കേട്ട് വേലക്കാരൻ തലയുയർത്തി നോക്കിയപ്പോൾ തന്റെ യജമാനൻ തല ഒരുഭാഗത്തേയ്ക്ക് ചെരിഞ്ഞനിലയിൽ കസേരയിൽ കുഴഞ്ഞ് വീണ് കിടക്കുന്നതായാണ് കണ്ടത്. തൊട്ടുനോക്കിയപ്പോൾ മരിച്ചുകഴിഞ്ഞിരുന്നു. ഹൃദയ സ്തംഭനമാണുണ്ടായത്. അയാൾക്ക് പകരം ജഡ്ജി സ്ഥാനത്ത് മറ്റൊരു ഹിന്ദുമാന്യൻ നിയമിതനായി. അയാൾ തന്റെ മുൻഗാമി എഴുതിവെച്ച വിധിന്യായം മാറ്റിയെഴുതുകയും അഹ്മദികൾക്ക് അനുകൂലമായി മറ്റൊരു വിധി പുറപ്പെടുവിക്കുകയും ചെയ്തു. അങ്ങിനെ കപൂർത്തലപള്ളി അഹ്മദികൾക്ക് തന്നെ ലഭിക്കുകയുണ്ടായി.

അഹ്മദിയ്യാജമാഅത്ത് പിന്നീട് ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ തിരുവാക്കുകൾ അതായത്. 'ഞാൻ സത്യവാനാണെങ്കിൽ കപൂർത്തലപള്ളി നിശ്ചയമായും അഹ്മദികൾക്ക് തന്നെ ലഭിക്കും' എന്നുള്ള പ്രവചനം വളരെ ശോഭയോടുകൂടി എഴുതി മസ്ജിദിൽ തൂക്കിയിട്ടു. 'കപൂർത്തല ജമാഅത്ത് ഈ ലോകത്ത് എന്നോടൊപ്പം നിന്നപോലെ സ്വർഗ്ഗത്തിലും എന്നോടൊപ്പമായിരിക്കും' എന്ന ലിഖിതവും അഹ്മദികൾ സ്മാരകക്കുറിപ്പെന്നോണം അവിടെ സൂക്ഷിച്ചുപോന്നു. (സീറത്തുൽ മഹ്ദി)

ഹൃദയവായന എന്ന പ്രതിഭാസം

ഖാസി അമീർ ഹുസൈൻ സാഹിബ് നിവേദനം ചെയ്യുന്നു:

പൊതുവെ യാത്രയിൽ നമസ്കാരം 'കസർ' ചെയ്യുന്നത് (റകഅത്ത് കുറച്ചനുഷ്ഠിക്കുന്നത്) 'ജായിസ്' (അനുവദനീയം) അല്ലെന്ന അഭിപ്രായക്കാരനായിരുന്നു ഞാൻ. ഖലീഫ അവ്വലിന്ന് ഇക്കാര്യത്തിൽ ഭിന്നാഭിപ്രായം ഉണ്ടായിരുന്നു. എന്നോട് സംവാദവും നടത്തിയിരുന്നു. ഗുർദാസ്പൂരിൽ കേസ്സ് നടന്നുവന്ന അവസരത്തിൽ ഞാനും അവിടെ ഉണ്ടായിരുന്നു. ഖലീഫ അവ്വലിന്ന് പുറമെ മൗലവി അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി തുടങ്ങിയവരും സുഹർ നമസ്കാര അവസരത്തിൽ പള്ളിയിലുണ്ടായിരുന്നു. നമസ്കാരത്തിൽ ഇമാമത്ത് വഹിക്കാൻ ഹുസൂർ എന്നോട് ആവശ്യപ്പെട്ടു. ഞാനപ്പോൾ മനസ്സിലുറപ്പിച്ചു, ഇന്ന് ഞാൻ ഏതായാലും നമസ്കാരം കസറാക്കുകയില്ല. എനിയ്ക്ക് നല്ല അവസരമാണ് ലഭിച്ചിട്ടുള്ളത് എന്ന്. ഈ ഉദ്ദേശ്യം മനസ്സിൽവെച്ചുകൊണ്ട് ഞാൻ കൈകെട്ടാൻ തുനിയുകയായിരുന്നു. പിന്നിൽനിന്ന് ഹസ്രത്ത് സാഹിബ് എന്റെ തൊട്ടടുത്തെയ്ക്ക് മുന്നോട്ട് വന്നുകൊണ്ട് ചെവിട്ടിൽ മന്ത്രിച്ചു: 'ഖാസി സാഹിബ് നമസ്കാരം രണ്ട് റകാഅത്ത് മാത്രമാണെ!' ഇതോടെ ആ പ്രശ്നം അവസാനിച്ചു. എന്റെ മനോനിശ്ചയം തകർന്നുപോയി! എന്റെ മനസ്സിൽ ഉദിച്ച പ്രശ്നത്തിന്ന് ഹസ്രത്ത് സാഹിബ്തന്നെ പരിഹാരമുണ്ടാക്കി. ഞാൻ മനസ്സിൽവിചാരിച്ച കാര്യം ഹസ്രത്ത് സാഹിബ് എങ്ങിനെ അറിഞ്ഞു? ശരിയായ രീതിയിൽ നമസ്കരി

ക്കാൻ തക്കസമയം എനിയ്ക്ക് നിർദ്ദേശം നൽകാൻ ആരാണ് വാഗ്ദത്ത മസീഹിനെ പ്രേരിപ്പിച്ചത്? ഏതായാലും എന്റെ മനസ്സിൽ ഇതൊരു അത്ഭുതരഹസ്യമായി അവശേഷിച്ചു.

ഖാസി അമീർ ഹുസൈൻ സാഹിബ് വീണ്ടും നിവേദനം ചെയ്യുന്നു: എന്റെ ആദ്യഭാര്യയിലുണ്ടായ ഒരാൺകുട്ടി മരണപ്പെട്ടു. കുട്ടിയുടെ മാതാവായ എന്റെ ഭാര്യയും ഭാര്യയുടെ ഉമ്മയും വളരെ അലമുറകൾ നടത്തിക്കൊണ്ടിരുന്നു. ഞാൻ വളരെ തടഞ്ഞുനോക്കി; ഫലമുണ്ടായില്ല. കുട്ടിയുടെ ജനാസ നമസ്കരിക്കാൻ ഹുസൂർ വന്നിരുന്നു. ജനാസ നമസ്കരിച്ച ശേഷം എഴുന്നേറ്റ് ചെറിയൊരു ഉപദേശപ്രസംഗം ചെയ്തു. മരണത്തെ ചൊല്ലി അലമുറനടത്തരുതെന്നായിരുന്നു വിഷയം. എന്റെ കുടുംബത്തിൽ കഴിഞ്ഞ അവസ്ഥ ഞാൻ ഓർത്തുകൊണ്ടിരുന്നു. പ്രസംഗം അവസാനിക്കാറായപ്പോൾ ഹുസൂർ എന്നെ നോക്കിപ്പറഞ്ഞു: 'ഖാസി സാഹിബ് താങ്കൾ കുടുംബത്തിൽ ഇക്കാര്യം നല്ലവണ്ണം കേൾപിക്കുക' ഞാൻ വീട്ടിൽ ചെന്ന് ഹസ്രത്ത് സാഹിബിന്റെ ഉപദേശവും ഉൽബോധനവും കേൾപിച്ചു. ഇതിനുശേഷം രണ്ടുമൂന്നുകുട്ടികൾകൂടി അവിടെ മരണപ്പെട്ടു. എന്നാൽ പിന്നീട് ഒരിക്കലും അവർ മരണമുണ്ടായപ്പോൾ ഒച്ചയിട്ട് കരഞ്ഞിരുന്നില്ല. എന്റെ വീട്ടിലുണ്ടായ അലമുറയെപറ്റിയൊന്നും ഹസ്രത്ത് സാഹിബിന് അറിവുണ്ടായിരുന്നില്ല. എന്നാൽ, എന്റെ വീട്ടുകാരെ ഇക്കാര്യത്തിൽ ഉപദേശിക്കണമെന്ന് തക്കസമയത്ത് ഹസ്രത്ത് സാഹിബ് എന്നോട് നിർദ്ദേശിച്ചപ്പോൾ ഞാനൊന്ന് അമ്പരക്കുകതന്നെ ചെയ്തു. (സീറത്തുൽ മഹ്ദി)

മിയാൻ അബ്ദുല്ലാഹ് സാഹിബ് സനൗരി (റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ ഹസ്രത്ത് സാഹിബ് ഖാദിയാന്റെ വടക്കുഭാഗത്ത് നടക്കാൻ പോയി. ആദ്യകാലത്തായിരുന്നു. ഞാനും ശേഖ് ഹമീദലിയും ഒന്നിച്ചുണ്ടായിരുന്നു. എന്റെ ഹൃദയത്തിൽ ഒരു ചിന്തയുദിച്ചു. ഇക്കൂട്ടർ (ആത്മീയ ജ്ഞാനികൾ) ഹൃദയത്തിലെ കാര്യങ്ങൾ പറയുന്നവരാണെന്ന് കേട്ടിട്ടുണ്ട്. ഞാനൊന്ന് പരീക്ഷിച്ചുനോക്കട്ടെ: ഞാനങ്ങനെ ചില ചോദ്യങ്ങൾക്ക് മനസ്സിൽ രൂപം നൽകി. അതേ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

ഹസ്രത്ത് സാഹിബ് നൽകിക്കൊണ്ടേയിരുന്നു. എന്നുവെച്ചാൽ, മനസ്സിൽ ഉദിക്കുന്ന പ്രശ്നത്തിന്ന് ഞാൻ അത് വെളിപ്പെടുത്താതെ തന്നെ ഹസ്രത്ത് സാഹിബ് മറുപടി പറയുകയുണ്ടായി. നാലഞ്ച് തവണ തുടർച്ചയായി ഇത്തരത്തിലുണ്ടായപ്പോൾ എനിക്കുണ്ടായ ഈ അനുഭവം ഹസ്രത്ത് സാഹിബിനെ നേരിട്ടറിയിച്ചു. ഹസ്രത്ത് സാഹിബ് ഇതുകേട്ടപ്പോൾതന്നെ അമർഷം പൂണ്ടുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടായതിൽ നന്ദി കാണിക്കുവിൻ. അല്ലാഹുവിന്റെ മുർസലീങ്ങളും ഔലിയാക്കളും 'ഗൈബ്' (പരോക്ഷം) അറിയുന്നവരല്ല; മേലിലൊരിക്കലും ഇത്തരം കാര്യങ്ങൾ പറയരുത്.'

'മുജദ്ദിദെ അഅ്സ'മിന്റെ രചയിതാവ് ഡോ. ബിശാറത്ത് അഹ്മദ് സാഹിബ് പറയുന്നു: 'അസത്യവാനായ ഒരാൾ ഏത് കാര്യത്തിലും തന്റെ വലിമത്തരം തെരയുകയും തന്റെ ബഹുമാന്യത മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. ഇത്തരം അവസരങ്ങളിൽ മറ്റുള്ളവരുടെ ശുദ്ധഗതിയിൽനിന്ന് മുതലെടുത്തുകൊണ്ട് തന്റെ ആദരണീയത്വം ജനഹൃദയങ്ങളിൽ അരക്കിട്ടുറപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നതാണ്. എന്നാൽ, സത്യാത്മാക്കളുടെ ലക്ഷ്യം സത്യം പുലരണമെന്നതും ജനം അന്ധകാരത്തിൽനിന്നകന്ന് 'സിറാത്തുൽ മുസ്തഖീ'മിൽ അഥവാ നേരായ പാതയിൽ ചരിക്കുമാറാകണമെന്നതും മാത്രമായിരിക്കും. അവർ ആത്മീയ പൂർണ്ണതകൾ കൈവരിച്ചവരാണെങ്കിൽകൂടി കാലാന്തരത്തിൽ മനുഷ്യാരാധനയും സൃഷ്ടിപൂജയും ജന്മമെടുക്കാതിരിക്കാൻ അത്തരം സവിശേഷതകൾ തങ്ങളിൽ ആരോപിക്കുന്നതിനെ ഇഷ്ടപ്പെടുന്നവരല്ല. ഹസ്രത്ത് മിർസാ സാഹിബ് (അ) ഗൈബ് അറിയുന്ന ആളല്ല. താൻ ഹൃദയങ്ങൾനോക്കി വായിക്കുന്ന ആളാണെന്ന വാദക്കാരനുമായിരുന്നില്ല. എന്നാൽ മറ്റുള്ളവരുടെ ഹൃദയത്തിലെ വിചാരങ്ങൾ അവിടുന്ന് അറിഞ്ഞുവെന്ന് തോന്നുമാറ് ഹൃദയത്തിൽ അങ്കുരിക്കുന്ന സംശയങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് അവിടുന്ന് തക്ക സമയത്ത് സംസാരിച്ചുകൊണ്ടിരുന്നതായി അനേകർക്ക് അനുഭവപ്പെട്ടിട്ടുണ്ടെന്നതു ഒരു സത്യമാകുന്നു....' (മുജദ്ദിദെ അഅ്സം, പു. 1295–1296)

നിങ്ങളിൽ ചിലർ മുഖംതിരിക്കും

പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി (റ) ഇപ്രകാരം എഴുതി:

ഒരിക്കൽ ഖാദിയാനിൽ ഉൾപ്രദേശങ്ങളിൽ നിന്നും മറ്റുമായി കുറേപ്പേർ വാഗ്ദത്ത മസീഹിനെ കാണാൻവന്നു. ഇവർക്ക് പുറമെ ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്, ഹസ്രത്ത് മൗലവി അബ്ദുൽ കരീം സാഹിബ്, ഹസ്രത്ത് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, മുൻഷി സഫർ അഹ്മദ് സാഹിബ്, മുൻഷി അറോഡെഖാൻ സാഹിബ്, മുഹമ്മദ് ഖാൻ സാഹിബ്, മൗലവി അബ്ദുൽ ഖാദിർ സാഹിബ്, ഖാജാ കമാലുദ്ദീൻ സാഹിബ്, മൗലവി മുഹമ്മദലി സാഹിബ്, ശേഖ് ഗുലാം അഹ്മദ് സാഹിബ്, ഡോ. മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് തുടങ്ങിയവരും സദസ്സിലുണ്ടായിരുന്നു. ഔലിയാക്കൻമാർക്ക് പല വസ്തുതകളും അവസ്ഥകളും വെളിപാടുകൾ വഴി അറിയിക്കാറുണ്ടെന്ന വിഷയം ചർച്ചയിൽവന്നു. ആ അവസരത്തിൽ ഹസ്രത്ത് സാഹിബ് ഒരു ചെറിയ പ്രഭാഷണം നടത്തി. പിന്നീട് പറഞ്ഞു, ഇവിടെ കൂടിയവരിൽ ചലർ പുറംതിരിഞ്ഞിരിക്കുന്നതായും നമ്മോട് മുഖം തിരിക്കുന്നതായും എനിയ്ക്ക് ദർശനത്തിൽ കാണിക്കപ്പെട്ടിരിക്കുന്നു. ഇത് കേട്ട് അവിടെ കൂടിയവർ ഭയപ്പെടുകയും ഇസ്തിഗ്ഫാർ ചെയ്തുതുടങ്ങുകയുമുണ്ടായി. സദസ്സ് പിരിഞ്ഞു, ഹസ്രത്ത് സാഹിബ് അകത്തേയ്ക്ക് പോയപ്പോൾ ഹസ്രത്ത് സയ്യിദ് ഫസിൽ ഷാ സാഹിബ് വളരെ പരിഭ്രമത്തോടും അസ്വാസ്ഥ്യത്തോടും കൂടി എഴുന്നേറ്റു. അദ്ദേഹത്തിന്റെ മുഖം വിളർത്തിരുന്നു. അദ്ദേഹം വേഗത്തിൽ നടന്നചെന്ന് ഹസ്രത്ത് സാഹിബിന്റെ മുറിയുടെ വാതിലിന്ന് മുട്ടി. അവിടുന്ന് വാതിൽ തുറന്ന് നോക്കിയപ്പോൾ ഷാഹ്സാഹിബിനെകണ്ടു. പുഞ്ചിരിപൊഴിച്ചുകൊണ്ട് ചോദിച്ചു, 'ഷാസാഹിബ്, എന്താണ് കാര്യം?' ഷാസാഹിബ് പറഞ്ഞു: 'എനിക്ക് സത്യം ചെയ്യാൻ പറ്റില്ല. ഇത് മര്യാദപാലിക്കേണ്ട സന്ദർഭമാണ്. ഞാൻ മറ്റാരുടേയും അവസ്ഥയെ കുറിച്ച് അന്വേഷിക്കുന്നില്ല. എന്റെ നിലയെന്തെന്ന് എനിയ്ക്ക് ഒന്ന് പറഞ്ഞ് തന്നാലും; ഞാൻ പുറം തിരിഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിൽപെ

ടുമോ? ഹസ്രത്ത് സാഹിബ് കുറേ ചിരിച്ചു എന്നിട്ടുപറഞ്ഞു, 'ഇല്ല! ഷാ സാഹിബ്; താങ്കൾ അക്കൂട്ടത്തിൽ പെടില്ല!' പിന്നീട് ചിരിച്ചുകൊണ്ട് വാതിൽ ചാരുകയും ചെയ്തു. ഷാ സാഹിബിൽ ജീവൻ വീണു. (സീറത്തുൽ മഹ്ദി)

കൈമുറിയനും കൈയ്യടിക്കുന്നു.

1897 ഒക്ടോബറിൽ ഒരു സാക്ഷ്യമൊഴിനൽകാൻ വാഗ്ദത്ത മസീഹ് (അ) മുൾതാനിലേയ്ക്ക് പോയിമടങ്ങവേ, ലാഹൗറിൽ ഷേക്ക് റഹ്മത്തുല്ലാഹ് സാഹിബിന്റെ വീട്ടിൽ തങ്ങിയിരുന്നു. 'പഞ്ചാബ് റിലിജ്യസ് ബുക്ക് സൊസൈറ്റി' ആഫീസിന്റെ വളരെ അടുത്തായിരുന്നു ഷേഖ് സാഹിബിന്റെ 'ബോംബെ ഹൗസ്' എന്ന കട. ഈ കടയിൽ വിവിധ മതസ്ഥരായ ആളുകൾ നിരന്തരം വന്നുകൊണ്ടിരുന്നു. ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബ് (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു:

"ഇവിടെ (ലാഹൗറിൽ) ഒരു തെരുവിലൂടെ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) കടന്നുപോകുമ്പോൾ ജനങ്ങൾ ശകാരം ചൊരിഞ്ഞുകൊണ്ടും ചീത്ത വാക്കുകൾ. ഉതിർത്തുകൊണ്ടും അവിടുത്തെ പിന്തുടരുമായിരുന്നു. എനിയ്ക്ക് അന്ന് ഒരു എട്ട് വയസ്സ് പ്രായം കാണും. ഞാനും ഈ യാത്രയിൽ ഹസൂറിനെ അനുഗമിച്ചിരുന്നു. ശത്രുതയുടെ കാരണമൊന്നും എനിയ്ക്ക് അറിഞ്ഞുകൂടായിരുന്നു. ഹുസൂറിന്റെ പിന്നിൽ കൈയ്യടിച്ചും കൂക്കിവിളിച്ചും ജനം പിന്തുടരുന്നത് എന്തെന്നറിയാതെ ഞാൻ അത്ഭുതപ്പെട്ടു. ജനങ്ങളിൽ ഉൾപെട്ട ഒരാളെ വസീർഖാൻ പള്ളിയുടെ പടികളിൽ നിന്നുകൊണ്ട് കൈയ്യടിക്കുന്നത് ഞാൻ കണ്ടതായി ഓർക്കുന്നു. അയാളുടെ മുൻകൈ മുറിഞ്ഞുപോയതിനാലോ മറ്റു കാരണത്താലോ തുണിചുറ്റിയ നിലയിൽ കാണപ്പെട്ടിരുന്നു. അയാൾ തന്റെയാ തുണിചുറ്റിയ മുറിയൻ കൈകൊണ്ട് കൈയ്യിൽ അടിച്ച് മറ്റുള്ളവരോടൊപ്പം ആർപ്പ്വിളിയിൽ പങ്കുചേർന്നു. അയാൾ 'ഹായെ ഹായെ, മിർസാ ഹാർഗയേ' (മിർസാ തോറ്റുപിന്മാറി) എന്നിങ്ങനെ വിളിച്ചുകൂവുകയും ചെയ്തു കൊണ്ടിരുന്നു. ഈ ദൃശ്യം കണ്ട് ഞാൻ അമ്പരക്കുകയായിരുന്നു. പ്രത്യേകിച്ചും ഈ മനുഷ്യനെ ഞാൻ ശ്രദ്ധി

ച്ചു. വളരെ നേരം ഞാൻ വണ്ടിയിൽനിന്ന് തലപുറത്തിട്ട് അയാളെതന്നെ നോക്കിക്കൊണ്ടിരുന്നു!' (സീറത്തു മസീഹ് മൗഊദ് – ബശീറുദ്ദീൻ മഹമൂദ് അഹ്മദ്, വിവ: എൻ. ഹാമിദ്)

മനുഷ്യൻ കുതിരയാകേണ്ട!

ഹസ്രത്ത് ബാബു ഗുലാം മുഹമ്മദ് ഫോർമാൻ (ലാഹൗർ) ഹസ്രത്ത് മിയാൻ അബ്ദുൽ അസീസ് മുഗൾ എന്നിവർ നിവേദനം ചെയ്യുന്നു:

'വാഗ്ദത്ത മസീഹ് (അ) ഒടുവിലായി ലാഹൗർ സന്ദർശിച്ചപ്പോൾ ഞങ്ങൾ രണ്ടുപേർ അടക്കം ഏതാനും യുവാക്കൾ ഹസ്രത്ത് സാഹിബിനോട് ഇപ്രകാരം അഭ്യർത്ഥിച്ചു. 'മറ്റുസമുദായങ്ങളുടെ വലിയ വലിയ നേതാക്കൾ വരുമ്പോൾ അവരുടെ അനുയായികളിൽപെട്ട യുവാക്കൾ ചേർന്ന് അവർ കയറിയ വണ്ടി കുതിരകൾക്ക് പകരം വലിക്കാറുണ്ട്. നമുക്ക് അല്ലാഹു നൽകിയ നേതാവാകട്ടെ, വലിയ വലിയ രാജാക്കൻമാർക്ക് പോലും എതിർനിൽക്കാൻ കഴിയാത്തവിധം സ്വഭാവമഹിമകളുള്ള മഹാനേതാവാണ്. ആകയാൽ ഇന്ന് ഞങ്ങൾ അങ്ങയുടെ വാഹനം വലിച്ചുകൊണ്ടുപോകുന്നതാണ്. അതൊരു വലിയ അഭിമാനമായി കരുതുന്നു. കുതിരകളെഅഴിച്ചുമാറ്റാൻ ഞങ്ങൾ വണ്ടിക്കാരനോട് പറഞ്ഞിട്ടുണ്ട്. അയാൾ അപ്രകാരം ചെയ്തിരിക്കയാണ്'. ഹസ്രത്ത് സാഹിബ് പുറത്ത് വന്ന് അന്വേഷിച്ചു. 'കുതിരയെവിടെ?' യുവാക്കൾ പറഞ്ഞു: 'ഇതാ ഹുസൂറിന്റെ വണ്ടി വലിക്കാൻ ഞങ്ങൾ തയ്യാറായിരിക്കയാണ്. ഈ ഭാഗ്യം ഞങ്ങൾക്ക് ലഭിക്കുമാറാകണം.!'

അതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) കൽപിച്ചു; 'ഉടനെ വണ്ടിക്ക് കുതിരയെപൂട്ടുക! നാം മനുഷ്യരെ ജന്തുക്കളാക്കാനല്ല, ജന്തുക്കളെ മനുഷ്യരാക്കാനാണ് വന്നിട്ടുള്ളത്!'

ഏഷണികൾ ചെവിയ്ക്ക് പുറത്ത്

ഒരിക്കൽ മൌലവി മുഹമ്മദലി സാഹിബിന് തന്നെപറ്റി ആരോ ഹസ്രത്ത് സാഹിബിന്റെ അടുക്കൽ പരാതി പറഞ്ഞിട്ടു

ണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതുകാരണം അദ്ദേഹത്തിന്ന് വലിയ മനോവിഷമം അനുഭവപ്പെട്ടു. അദ്ദേഹം ഇക്കാര്യം വാഗ്ദത്ത മസീഹിനോട് തന്നെ നേരിട്ടു ബോധിപ്പിച്ചു. ഹുസൂർ തന്നെപറ്റി അന്യഥാ ധരിക്കാനിടയാകുന്നത് തനിയ്ക്ക് സഹിക്കാവുന്നതല്ലെന്ന് അറിയിച്ചു. ഹസൂർ ഇത് കേട്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'താങ്കൾ പരിഭ്രമിക്കേണ്ടതില്ല; ആളുകൾ ആക്ഷേപങ്ങളും പരാതികളും പറയുന്നുണ്ടെങ്കിൽതന്നെ അത്തരം കാര്യങ്ങളിൽ ആര് എന്ത്പറഞ്ഞ് എന്നെന്നും ഞാൻ ശ്രദ്ധിക്കാറില്ല'

ഹസ്രത്ത് സാഹിബിന്റെ ചരമത്തിന്റെ അല്പം മുമ്പ് ഒരിയ്ക്കൽ ഉണ്ടായ ഒരു സംഭവം ഹസ്രത്ത് ഡോ. മുഫ്തി സാഹിബ് വിവരിക്കുന്നു: മൌലവി മുഹമ്മദലിസാഹിബ് എം.എ.യുടെ മുറിയിലായിരുന്നു ഞാൻ. ഹസ്രത്ത് മൗലാനാ നൂറുദ്ദീൻ സാഹിബുമുണ്ടായിരുന്നു. ഇതിനിടയിൽ ഹസ്രത്ത് സാഹിബ് അവിടെ സമാഗതനായി. മൗലവി മുഹമ്മദലി സാഹിബ് വിറപൂണ്ട ശബ്ദത്തോടെ പറഞ്ഞു: 'മീർസാഹിബ് (മീർനാസിർ നവാബ് സാഹിബ്) ഹുസൂറിന്റെ അടുക്കൽ എന്നെപറ്റി പരാതിപ്പെട്ടതായി അറിഞ്ഞു. അങ്ങും ഒരു മനുഷ്യനാണല്ലോ! അങ്ങയിൽ അതുസ്വാധീനം ചെലുത്തിക്കാണും'. ഹൂസൂർ അരുളി: എന്നിൽ യാതൊരു സ്വാധീനവും ചെലുത്തിയിട്ടില്ല. ഏതൊരു ദിശയിലേക്കാണോ ഞാൻ നിങ്ങളെയെല്ലാം എത്തിക്കാനാഗ്രഹിക്കുന്നത് ആ ഭാഗത്തേയ്ക്ക് നിങ്ങളുടെ മുഖം തിരിയുന്നുതന്നെയില്ല.' ഹസ്രത്ത് മൌലാനാ നൂറുദ്ദീൻ സാഹിബ് (റ), മൗലവി മുഹമ്മദലി സാഹിബിനെ ശാസിച്ചു. അത്തരം വാക്കുകൾ അതായത്, അങ്ങും മനുഷ്യനാണല്ലോ എന്ന് പറയരുതായിരുന്നു. ഹുസൂർ ഇത്തരത്തിൽ പറയേണ്ടിവന്നതിൽ നാമെല്ലാം ലജ്ജിക്കണം! (ദിക്റെ ഹബീബ്).

കണ്ടാലും കണ്ടാലും മതിവരാ!

മുൻഷി അറോഡെഖാൻ സാഹിബ് കപൂർത്തലവി വാഗ്ദത്ത മസീഹിനെ അളവറ്റ് സ്നേഹിച്ചിരുന്നു. ഒരിക്കൽ കാണാൻ ചെന്നപ്പോൾ ഹസ്രത്ത് സാഹിബ് മുറിക്കകത്തേയ്ക്ക് വിളിപ്പിച്ചു. കുറച്ച് നേരം ഇരുന്ന് സംഭാഷണം നടത്തിയ ശേഷം

മുൻഷിസാഹിബ് എഴുന്നേറ്റു. മുറിയിൽനിന്ന് അദ്ദേഹം പുറത്തിറങ്ങിയപ്പോൾ ഹുസൂർ വേഗത്തിൽ വാതിലടച്ച് കൊക്കയിട്ടു. പുതിയ അതിഥി മന്ദിരത്തിലേയ്ക്കുള്ള കോവണിയിൽ ഒന്നോ രണ്ടോ പടി ഇറങ്ങിയശേഷം മുൻഷി സാഹിബ് വീണ്ടും കയറി വന്നു. വാതിലിന്ന് മുട്ടി. ഹസ്രത്ത് സാഹിബ് വാതിൽതുറന്നു. നിന്ന നിൽപിന്ന് ഏതാനും വർത്തമാനം പറഞ്ഞുപിരിഞ്ഞപ്പോൾ ഹസ്രത്ത് സാഹിബ് വാതിലടച്ച് വീണ്ടും കൊക്കയിട്ടു. മുൻഷി സാഹിബ് രണ്ട്മൂന്ന് പടിഇറങ്ങിയ ശേഷം പിന്നേയും മുകളിലോട്ട് കയറിവന്നു. ഹസ്രത്ത് സാഹിബിന്റെ വാതിലിന്ന് മുട്ടി. ഹസ്രത്ത് സാഹിബ് വാതിൽതുറന്നു. മുൻഷി സാഹിബ് വാതിൽക്കൽ നിന്ന്കൊണ്ട്തന്നെ സംസാരിച്ചു. മുൻഷി സാഹിബ് സലാം പറഞ്ഞു പിരിഞ്ഞു. കോവണിയിലൂടെ രണ്ടുമൂന്ന്പടി ഇറങ്ങിയ ശേഷം എന്തോ കാര്യമായി പറയാൻ മറന്നെന്നപോലെ മൂന്നാംതവണ മടങ്ങിവന്ന് വാതിലിന്ന് മുട്ടി. ഹസ്രത്ത് സാഹിബ് വാതിൽതുറന്നു. ഇപ്രകാരം പലതവണ വാതിൽ മുട്ടിവിളിക്കുകയും ഹുസൂർ പുറത്ത്വരികയും ചെയ്തതിൽ അദ്ദേഹം സ്വയം ലജ്ജിതനായിത്തീർന്നു. അദ്ദേഹം ഇപ്രകാരം ബോധിപ്പിച്ചു: ഞാൻ ഹുസൂറിൽനിന്ന് കോവണിയിറങ്ങി രണ്ട്മൂന്ന് പടി ചവിട്ടുമ്പോൾ അങ്ങയുടെ മുഖം കാണാനുള്ള ആഗ്രഹം ഉയർന്നുവരികയും വീണ്ടും കാണാതെ വയ്യ എന്ന നിലയിലാവുകയും ചെയ്യുന്നു. ഇനിയുമൊരിക്കൽ കാണാൻ കഴിയാതെ വന്നെങ്കിലോ എന്ന് ചിന്തിച്ച് ഞാൻ സ്വയം മറന്ന് പിന്നെയും എന്തെങ്കിലും സംഗതി പറയാൻ വിട്ടത്പോലെ അങ്ങയെ കാണാൻ വരുന്നെന്നേയുള്ളു. ഹുസൂറിന് വിഷമം ഉണ്ടായതിൽ വ്യസനിക്കുന്നു. ഹസ്രത്ത് സാഹിബ് കുലുങ്ങിക്കുലുങ്ങി ചിരിച്ചുകൊണ്ടരുളി: 'സ്നേഹിതൻമാർ വരുന്നത് നമുക്ക് വളരെ ഏറെ സന്തോഷമുള്ള കാര്യമാണ്. ഒരു വിഷമവുമില്ല.'

ഏതൊരു കാലമാണത്! ഹുസൂർ ഏകാന്ത ശാന്തമായി കഴിഞ്ഞുകൂടുന്ന കാലം! ഒരു പ്രൈവറ്റ് സിക്രട്ടറിയില്ല സന്ദർശകരെ നിയന്ത്രിക്കാൻ സംവിധാനമില്ല. മുൻകൂട്ടി അപ്പോയിന്മെന്റില്ല. ഡ്രോയിംങ് റൂമില്ല, കാത്തിരിപ്പില്ല. ആർക്കും മുട്ടിവിളിക്കാം. കയറിച്ചെല്ലാം. എത്രവേണമെങ്കിലും സംസാരിക്കാം. തന്റെ സഖാ

ക്കളോടാകട്ടെ, ഒന്നും മറച്ച്വെക്കാതെ ഒരിക്കലും വെറുപ്പുകാണിക്കാതെ തുറന്നനിലയിൽ പെരുമാറുന്നു. ശിഷ്യർക്കാകട്ടെ ആ തിരുമുഖാരവിന്ദം കണ്ടുകൊണ്ടിരിക്കാൻ കൊതിയും! മുൻഷി അറോഡ സാഹിബ് ഹസ്രത്ത് മഹ്ദിഇമാമിൽ പ്രത്യേക നിലയിൽ അനുരക്തനായി സർവ്വാർപ്പണം ചെയ്ത ഒരു ശിഷ്യനായിരുന്നു. (മുജദ്ദിദെ അഅ്സം, പു. 1298)

ത്യാഗം ചെയ്യാൻ മത്സരം

മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി (റ) 'രിവായത്ത്' ചെയ്യുന്നു:

"ഒരിക്കൽ വാഗ്ദത്ത മസീഹ് (അ) ലുധിയാനയിലായിരുന്നപ്പോൾ അവിടുന്ന് ചോദിച്ചു: 'ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ചെലവ് 60 രൂപ താങ്കളുടെ ജമാഅത്തിന് വഹിക്കാൻ കഴിയുമോ?' ഞാൻ അനുകൂലമായി മറുപടി നൽകി. ഞാൻ കപൂർത്തലയിലേയ്ക്ക് കുതിക്കുകയും ജമാഅത്തിലെ ആരെയും അറിയിക്കാതെ 60 രൂപ സംഘടിപ്പിച്ച് തുകയുമായി ലുധിയാനയിലേയ്ക്ക് തിരിച്ചെത്തി തിരുസവിധത്തിൽ സമർപ്പിക്കുകയും ചെയ്തു. ആരോടും ഒന്നും പറഞ്ഞില്ല. കുറച്ച് നാൾ കഴിഞ്ഞ് മുൻഷി അറോഡാസാഹിബ് കപൂർത്തലയിൽനിന്ന് ലുധിയാനയിൽവന്നപ്പോൾ ഞാനും അവിടെഉണ്ടായിരുന്നു. "നിങ്ങളുടെ ജമാഅത്തിൽനിന്ന് തക്കസമയത്താണ് തുക സഹായത്തിന്ന് എത്തിയത്." എന്ന് വാഗ്ദത്ത മസീഹ് മുൻഷി അറോഡ സാഹിബിനോട് പറഞ്ഞു. അദ്ദേഹം ഒന്നും അറിയില്ലായിരുന്നു. അപ്പറഞ്ഞത് എന്താണെന്ന് തനിയ്ക്കോ ജമാഅത്തിന്നോ അറിയില്ലാഎന്ന് മുൻഷി സാഹിബ് ഹസ്രത്ത് സാഹിബിനെ അറിയിച്ചു. പിന്നീട് അദ്ദേഹത്തിന്ന് മനസ്സിലായി, ഹസ്രത്ത് സാഹിബ് കപൂർത്തല ജമാഅത്തിനോട് പണത്തിന്ന് ആവശ്യപ്പെട്ടിരുന്നുവെന്നും ആ ആവശ്യം ജമാഅത്തിൽ ആരെയും അറിയിക്കാതെ ഞാൻ സ്വന്തത്തിൽതന്നെ നിർവഹിച്ചുകൊടുക്കുകയായിരുന്നുവെന്നും. ത്യാഗത്തിന്റെ ഒരവസരം തനിക്ക് ഇപ്രകാരം നഷ്ടപ്പെടുത്തിയത് കാരണം അറോഡെ സാഹിബ് എന്നോട് കഠിനമായ അമർഷവും പ്രതിഷേധവും പ്രകടിപ്പിച്ചുകൊണ്ടിരുന്നു.

ഞാൻ അദ്ദേഹത്തോട് ശത്രുതയും വൈരാഗ്യവും വെച്ചുപുലർത്തുകയാണെന്നും അരോഡാഖാൻ സാഹിബ് ആരോപിച്ചു. ഇക്കാരണത്താൽതന്നെ ഏറെനാളത്തേയ്ക്ക് അദ്ദേഹം എന്നോട് വെറുപ്പ് കാണിക്കുകയും ചെയ്തുപോന്നു; ഹസ്രത്ത് സാഹിബിനോട് പരാതിപ്പെടുകയുമുണ്ടായി! വാഗ്ദത്ത മസീഹ് (അ) അരോഡസാഹിബിനെ സാന്ത്വനപ്പെടുത്തി. സേവനത്തിനും ത്യാഗത്തിനുമുള്ള അവസരങ്ങൾ ഇനിയും ഏറെ വരാനിരിക്കുന്നു എന്ന് അവിടുന്ന് അറിയിച്ചു.

വാഗ്ദത്ത് മസീഹ് (അ) ദീനി ആവശ്യത്തിനായി പണത്തിന് ചോദിച്ചപ്പോൾ മുൻഷി സഫർ അഹ്മദ് സാഹിബ് (റ) ആരെയും അറിയിക്കാതെ പരമരഹസ്യമായി കപൂർത്തലിയിൽചെന്ന് ഭാര്യയുടെ കഴുത്തിൽനിന്ന് ആഭരണം അഴിച്ചുവാങ്ങി അത് 60 രൂപക്ക് വിറ്റ് ആ പണവുമായി ലുധിയാനയിലേയ്ക്ക് കുതിക്കുകയും വാഗ്ദത്തമസീഹിനെ ഏൽപിക്കുകയുമാണ് ചെയ്തതു.

വാഗ്ദത്ത മസീഹ് (അ) ഇത്തരത്തിൽ ത്യാഗം ചെയ്യുവാനും സേവനം അനുഷ്ഠിക്കാനും പരസ്പരം മത്സരിക്കുന്ന ഉത്തമ ഭക്തരുടെ സമൂഹത്തെയാണ് വാർത്തെടുത്തത്. (സീറത്തുൽ മഹ്ദി).

"അതെ ദൈവം എന്നോട് സംസാരിക്കുന്നു!"

മൌലാനാ ശേർ അലിസാഹിബ് നിവേദനം ചെയ്യുന്നു: വാഗ്ദത്ത മസീഹ് (അ) പറയുകയുണ്ടായി. ഒരിക്കൽ ഞാൻ ലുധിയാനയിലായിരുന്നപ്പോൾ പുറത്തിറങ്ങി നടന്നുകൊണ്ടിരിക്കെ ഒരു ഇംഗ്ലീഷ്കാരൻ എന്റെ അടുക്കൽ വന്നുചോദിച്ചു, ദൈവം അങ്ങയോട് സംസാരിക്കുന്നുവെന്ന് അങ്ങ് വാദിക്കുന്നതായി ഞാൻ കേട്ടു. ഇത് ശരിയാണോ?' ഞാൻ പറഞ്ഞു. 'അതെ, ശരിയാണ്!' അദ്ദേഹം വീണ്ടും ചോദിച്ചു, ദൈവം എങ്ങനെയാണ് സംസാരിക്കുന്നത്? ഞാൻ മറുപടി നൽകി: എപ്രകാരം താങ്കൾ ഇപ്പോൾ എന്നോട് സംസാരിക്കുന്നുവോ അതേ പ്രകാരംതന്നെ.' ഇതു കേട്ടപ്പോൾ ആ ഇംഗ്ലീഷുകാരൻ ദൈവത്തിന് സ്തുതി!' എന്ന്

പറഞ്ഞു. പിന്നെ അൽപനേരം ചിന്താകുലനായി നിന്ന ശേഷം മെല്ലെ മെല്ലെ നടന്നുപോയി!' (സീറത്തുൽ മഹ്ദി, പു. 2)

ഒഴിഞ്ഞ താളുകൾ, ഒരിടത്ത് ലിഖിതം

ഹസ്രത്ത് മൌലാനാ നൂറുദ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു: ഒരിയ്ക്കൽ ലുധിയാനയിൽ ഒരു വാദപ്രതിവാദത്തിന്നിടയിൽ പ്രതിയോഗി ഏതോ രേഖ കാണിക്കാൻ ആവശ്യപ്പെട്ടു. ആ പ്രമാണം ഏത് ഗ്രന്ഥത്തിലാണെന്ന് ഹുസൂറിന്ന് നിശ്ചയമില്ലായിരുന്നു. അവിടെക്കൂടിയിരുന്ന തന്റെ ശിഷ്യൻമാർക്കും അത് ഓർമ്മയുണ്ടായിരുന്നില്ല. എതിരാളികൾക്ക് പരിഹസിക്കാനും ആക്ഷേപിക്കാനും അവസരം സൃഷ്ടിക്കപ്പെടുമെന്ന ആശങ്കയുണ്ടായി. അപ്പോൾ ഹസ്രത്ത് സാഹിബ് ബുഖാരി ശരീഫ് തന്റെ കയ്യിലെടുത്ത് പേജുകൾ മറിച്ചുകൊണ്ടിരുന്നു. വളരെ ദ്രുതഗതിയിൽ പേജുകൾ മറിക്കുന്നതിനിടയിൽ ഒരിടത്തെത്തിയപ്പോൾ ഉടൻ നിർത്തി. "ഇതാ ഇവിടെ നോക്കൂ" എന്ന് പറഞ്ഞുകൊണ്ട് കയ്യിൽതന്നു. തെരഞ്ഞുകൊണ്ടിരുന്ന രേഖ അതേപേജിൽതന്നെ കണ്ടെത്തുകയും ചെയ്തു! ഇതെന്തുമറിമായം എന്ന് എല്ലാവരും അന്ധാളിച്ചുനിൽക്കുകയായിരുന്നു. ആരോ പിന്നീട് വാഗ്ദത്ത മസീഹിനോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: ഞാൻ ഹദീസ് കിതാബ് (ബുഖാരി ശരീഫ്) കയ്യിലെടുത്ത് പേജുകൾ മറിച്ചുകൊണ്ടിരുന്നപ്പോൾ പേജുകളെല്ലാം ശൂന്യങ്ങളായി കാണപ്പെട്ടു. ഒടുവിൽ എന്തോഎഴുത്തുകളുള്ള പേജുകൾ കണ്ടെത്തി. ഞാൻ തെരഞ്ഞുകൊണ്ടിരുന്ന രേഖ ആ പേജിൽതന്നെയാണെന്ന് എനിയ്ക്ക് ദൃഢബോദ്ധ്യമായി. അല്ലാഹു ഇവിടെ അത്ഭുതദൃഷ്ടാന്തം കാണിക്കുകയായിരുന്നു. തക്കസമയത്ത് ദൈവീകസഹായം എത്തുന്നതിന്റെ ഒരു ഉദാഹരണം. (സീറത്തുൽ മഹ്ദി, ഭാ.2, പു. 2)

അൽപംകൊണ്ട് അനേകർക്ക് ആഹാരം

അബ്ദുല്ലാസാഹിബ് സനൗരി (റ) നിവേദനം ചെയ്യുന്നു: ഒരിയ്ക്കൽ വാഗ്ദത്തമസീഹ് (അ) ചില അതിഥികൾക്കായി സൽകാരം ഒരുക്കി. ആഹാരം കഴിക്കാറായപ്പോൾ ക്ഷണിച്ചത്ര

തന്നെ ആളുകൾ വേറെയും വന്നെത്തി. മസ്ജിദുൽ മുബാറക്കിൽ അതിഥികൾ നിറഞ്ഞു. കൂടുതലായി ആഹാരം ഒരുക്കണമെന്ന് ഹുസൂർ അകത്തേയ്ക്ക് ആളെ പറഞ്ഞയച്ചു. ഉമ്മുൽ മഅ്മിനീൻ (റ) വേവലാതിപ്പെട്ട് വാഗ്ദത്ത് മസീഹിനെ അകത്തേക്ക് വിളിപ്പിച്ചു സംഗതികൾ അറിയിച്ചു. 'അങ്ങ് പറഞ്ഞത്ര ആളുകൾക്കേ ആഹാരം ഒരുക്കിയിട്ടുള്ളൂ. പുതുതായി വന്നവർക്ക് ആഹാരം തികയില്ല. മറ്റ് ആഹാര സാധനങ്ങൾ ഒപ്പിക്കാം പക്ഷെ സർദ (Zarda) തീരെ ഉണ്ടാവില്ല!' അതൊഴിച്ച് ബാക്കി കൊടുത്തേക്കാം. ഹുസൂർ പറഞ്ഞു: അതുപറ്റില്ല, എല്ലാവർക്കും വിളമ്പണം! 'പിന്നെ എന്താണ് ഒരു വഴി?' സർദ തയ്യാറാക്കിയ ചെമ്പ്കൊണ്ടുവരാൻ അവിടുന്ന് നിർദ്ദേശിച്ചു. അത് ഒരു ഉറുമാൽ കൊണ്ട് മൂടി എന്നിട്ട് തന്റെ കൈ അതിനുള്ളിലേയ്ക്ക് പായിച്ചു. വിരലുകൾ 'സർദ'ക്കുള്ളിൽ കടത്തി! 'ഇനി വിളമ്പിക്കൊൾക! അല്ലാഹു ബർക്കത്താക്കും!' എന്ന് പറഞ്ഞ് പൊതിതുറക്കാതെ ചട്ടുകം ഉപയോഗിച്ച് സർദ വിളമ്പിക്കൊണ്ടിരുന്നു എല്ലാവർക്കും ലഭിച്ചു ബാക്കിയാവുകയും ചെയ്തു.

ഈ വീട്ടുകാര്യം വാഗ്ദത്ത മസീഹ്തന്നെ വിവരിച്ച് തന്നതാണെന്ന് സന്നൗരി സാഹിബ് (റ) പറയുന്നു. ഇത്തരം സംഭവങ്ങൾ പലതവണ ഉണ്ടായിട്ടുണ്ടെന്ന് ഉമ്മുൽ മുഅ്മിനീൻ (റ) പറയുന്നു. കുറച്ച് ആളുകൾക്ക് വേണ്ടി മാത്രം തയ്യാറാക്കിയ ആഹാരം അവിചാരിതമായി വന്നെത്തിയ അനേകർക്ക് വിളമ്പാൻ കഴിയുമാറ് അധികമായിക്കണ്ട അനുഭവങ്ങൾ.

മറ്റൊരിക്കൽ ഹസ്രത്ത് സാഹിബിന് വേണ്ടി കോഴികൊണ്ടുള്ള ആഹാരം തയ്യാറാക്കി. ഹസ്രത്ത് സാഹിബിന് മാത്രമായി 'പുലാവു'* ഉണ്ടാക്കി അപ്പോൾതന്നെ നവാബ് മുഹമ്മദലി സാഹിബും കുടുംബവും കയറിവന്നു. നവാബ് സാഹിബിനും കൂടെവന്നവർക്കും കൂടി ആഹാരം ഒരുക്കണമെന്ന് നിർദ്ദേശിച്ചു. വേണ്ടത്ര പുലാവുണ്ടാവില്ലെന്ന് ഉമ്മുൽമുഅ്മിനീൻ അറിയിച്ചു! എവിടെ പുലാവു? ഹസ്രത്ത് സാഹിബ് തിരക്കി അതിൻമേൽ ഹുസൂർ കൈവെച്ചു. 'വിളമ്പിക്കൊൾക' എന്നുപ

*ഒരു തരം ഇറാനി ബിരിയാനി–ഗ്ര

റഞ്ഞു എല്ലാവർക്കും തൃപ്തിയോടെ കഴിക്കാനായി. ബാക്കി യാവുകയും ചെയ്തു. ഹസ്രത്ത് നൂറുദ്ദീൻ (റ) ഹസ്രത്ത് അബ്ദുൽകരീം സാഹിബ് (റ) എന്നിവർക്കും വേറെ ചിലർക്കും കൂടി കൊടുത്തയച്ചു (സീറത്തുൽ മഹ്ദി).

ഭാര്യാസമേതം ഉലാത്തിയപ്പോൾ

ഹസ്രത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു:

ഒരിക്കൽ ഒരു യാത്രക്കിടയിൽ ലുധിയാന റയിൽവെ സ്റ്റേഷനിൽ സമയത്തിന്ന് മുമ്പെത്തി വണ്ടി വരുന്നതും കാത്ത് ഹസ്രത്ത് സാഹിബ് ഭാര്യയോടൊപ്പം പ്ലാറ്റ്ഫോറത്തിൽ ഉലാത്തുകയായിരുന്നു. ഭാര്യ ബുർഖ ധരിച്ചിരുന്നു. മൌലാനാ നൂറുദ്ദീൻ (റ) വും ഒരുഭാഗത്ത് ഇരുന്നിരുന്നു. ഹസ്രത്ത് സാഹിബ് ഭാര്യയോടൊപ്പം പ്ലാറ്റ്ഫോറത്തിൽ ഉലാത്തുന്നതിൽ ഉണ്ടായ മനോവിഷമം സഹിക്കാനാവാതെ മൌലാനാ അബ്ദുൽകരീം സാഹിബ് നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു: "ആളുകൾ എന്ത് പറയും! ഭാര്യയെ ഒരിടത്ത് ഇരുത്തുവാൻ ഹസ്രത്ത് സാഹിബിനോട് താങ്കൾ ചെന്ന് പറയണം. ശത്രുക്കളും മിത്രങ്ങളുമെല്ലാം ഇത് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. ആളുകൾക്ക് പഴിപറയാൻ മറ്റൊന്നും വേണ്ട!' ഞാൻ പറഞ്ഞു: ഹസ്രത്ത് സാഹിബ് അങ്ങനെ ഭാര്യയോടൊപ്പം ഉലാത്തുന്നതിൽ എന്താണ് തെറ്റ്? ഞാൻ പറയില്ല. താങ്കൾ തന്നെ ചെന്ന് പറയൂ! ഒടുവിൽ അബ്ദുൽകരീം സാഹിബ് ഹസ്രത്ത് സാഹിബിന്റെ അടുക്കൽ കാര്യമുണർത്തി. വാഗ്ദത്ത മസീഹ് (അ) പറഞ്ഞു. 'ജാഓജീ, ആളുകൾ എന്തുപറയാൻ? മിർസാ സാഹിബ് ഭാര്യയോടൊപ്പം ഉലാത്തുന്നുവെന്ന് പറയുമായിരിക്കാം. ഞാൻ റസൂൽകരീമിനെക്കാൾ ബഹുമാന്യനായി ആരെയും കരുതുന്നില്ല. തിരുമേനിയുടേയും സഹാബാക്കളുടെയും പത്നിമാർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. പരിക്കേറ്റവരെ ശുശ്രൂഷിച്ചിരുന്നു. പടയാളികൾക്ക് വെള്ളം കൊണ്ടുകൊടുത്തിരുന്നു. ഇതിനെക്കാൾ ഏറെ മാനവും മര്യാദയും ഉള്ളവനായി ഞാൻ എന്നെ കാണുന്നില്ല. അതിലൊക്കെ അഭിമാനം കൊള്ളുകയുമാണ് ചെയ്യുന്നത്. മൌലാനാ അബ്ദുൽകരീം സാഹിബ് ലജ്ജിതനായി തലയും തഴ്ത്തി നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ ചെന്നിരുന്നു! (സീറത്തുൽ മഹ്ദി).

സന്ദേശം എത്തിക്കൽമാത്രം നമ്മുടെ ധർമ്മം

ഹസ്രത്ത് സുൽഫിഖാർ അലി സാഹിബ് (റ) നിവേദനം ചെയ്യുന്നു:

കറംദീൻ കേസ്സ് കാലത്ത് ഗുർദാസ്പൂരിലായിരുന്നപ്പോൾ അലഹബാദിൽനിന്നും മൂന്ന് അനഹ്മദി സഹോദരൻമാർ അതിഥികളായി വന്നെത്തി. ഒരാളുടെ പേർ ഇലാഹി ബക്ഷ് എന്നാണ്. ആദ്ദേഹം ഒരു മൌലവിയായിരുന്നു. ഹസ്രത്ത് സാഹിബുമായി അദ്ദേഹം സംഭാഷണം നടത്തി. അയാൾ എല്ലാം സമ്മതിച്ച് ഒരു ദിവസം ഹസ്രത്ത് സാഹിബ് തന്റെ ഭവനത്തിന്റെ ഉമ്മറത്ത് ഉലാത്തുകയായിരുന്നപ്പോൾ ഇലാഹി ബക്ഷ് സാഹിബ് അവിടെയെത്തി ഹുസൂറിന്റെ ഒപ്പത്തിനൊപ്പം അദ്ദേഹവും നീങ്ങിക്കൊണ്ടിരുന്നു. ഇടയ്ക്ക് പറഞ്ഞു, "ഞാൻ ബൈഅത്ത് ചെയ്താൽ എന്നോടൊപ്പം വേറെയും കൂറേപ്പേർ ഉണ്ടാകും." ഇത് കേട്ടപ്പോൾ ഹസ്രത്ത് സാഹിബ് ഉടൻ നിന്നു. അവിടുത്തെ മുഖം പെട്ടെന്ന് ചുവന്നു. അവിടുന്ന് പറഞ്ഞു: 'എനിയ്ക്കെന്ത്? ഇത് ദൈവത്തിന്റെ പണിയാണ്. അവൻ ആളുകളെ കഴുത്ത് പിടിച്ച് എന്റെ കാൽക്കൽകൊണ്ടുവീഴ്ത്തും; വീഴ്ത്തുകയുമാണ്' ഖാൻ സാഹിബ് പറയുന്നു; മൌലവി ഇലാഹി ബക്ഷ് സാഹിബ് താനെന്തോ വലിയൊരു ഉപകാരം ചെയ്യാൻ പോവുന്നു എന്ന മട്ടിലാണ് സംസാരിച്ചിരുന്നത്. അടുത്ത ദിവസം മൌലവി ഇലാഹി ബക്ഷും കൂട്ടുകാരും മടങ്ങിപ്പോകാൻ തീരുമാനിച്ചപ്പോൾ ഹസ്രത്ത് സാഹിബിനോട് വിട ചോദിക്കാനായി വന്നു. ഞാനും അവിടെ ഉണ്ടായിരുന്നു. ഞാൻ മൌലവി ഇലാഹി ബക്ഷ് സാഹിബിനോട് ചോദിച്ചു. 'പറഞ്ഞാലും, മൌലാനാ സാഹിബ്, താങ്കൾക്കെന്തെങ്കിലും സംശയം ബാക്കിയുണ്ടോ?' അദ്ദേഹം പറഞ്ഞു, 'ഇല്ല!' യാതൊരു സംശയുവുമില്ല. എനിയ്ക്ക് തൃപ്തിയായിരിക്കുന്നു, ഞാൻ ചോദിച്ചു: 'എങ്കിൽപിന്നെ ബൈഅത്ത്?' ഇത് കേട്ടപ്പോൾ തന്നെ ഹുസൂർ (അ) ഇടപെട്ട് പറഞ്ഞു: 'ഖാൻ സാഹിബ്! ഇത് പറയാൻ താങ്കൾക്ക് അവകാശമില്ല. നമ്മുടെ ധർമ്മം എത്തിച്ചുകൊടുക്കൽമാത്രമാണ്. സ്വീകരിക്കുന്നതും

സ്വീകരിക്കാതിരിക്കുന്നതും അവരുടെ ഇഷ്ടം!' ശരി, അങ്ങിനെ അദ്ദേഹം തിരിച്ചുപോയി. രണ്ടാമത്തേയോ മൂന്നാമത്തേയോ ദിവസം ഹസ്രത്ത് സാഹിബ് ഗുർദാസ്പൂരിൽനിന്ന് ഖാദിയാനിൽ മടങ്ങിയെത്തി. ഞാനും അന്നവിടെയുണ്ടായിരുന്നു. അപ്പോൾ ഹസ്രത്ത് സാഹിബ് മന്ദഹസിച്ചുകൊണ്ട് ഒരു പോസ്റ്റ്കാർഡ് എനിയ്ക്ക് നീട്ടിക്കാണിച്ചു. എന്നിട്ട് എന്നോട് പറഞ്ഞു, താസിൽദാർ സാഹിബ്, താങ്കൾ ധൃതികാട്ടുകയായിരുന്നു. ഇതാ നോക്കൂ അദ്ദേഹത്തിന്റെ കത്ത് വന്നിരിക്കുന്നു. ഞാൻ നോക്കിയപ്പോൾ കത്ത് മൗലവി ഇലാഹി ബക്ഷിന്റെതായിരുന്നു. പെൻസിൽകൊണ്ട് എഴുതിയതാണ്. വഴിക്കൽ ലക്നോവിൽ പോസ്റ്റ്ചെയ്തതായിരുന്നു. അദ്ദേഹം എഴുതി 'ഞാൻ വണ്ടിയിൽ ഇരുന്നുകൊണ്ട് ചിന്തിക്കുകയായിരുന്നു. ഏതായാലും സത്യം എനിയ്ക്ക് വെളിപ്പെട്ടുകഴിഞ്ഞു. വഴിക്കൽവെച്ചുതന്നെ ഞാൻ മരിച്ചുപോയെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ എന്തുസമാധാനം ബോധിപ്പിക്കും. അതുകൊണ്ട്, ഞാനിതാ ഹുസൂറിന്റെ പ്രസ്ഥാനത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ചുകൊള്ളുന്നു!' എന്റെ ബൈഅത്ത് സ്വീകരിച്ചാലും! ഹസ്രത്ത് സാഹിബ് പറഞ്ഞു: ആളുകൾ അകന്ന് പോകുമ്പോൾ അവർക്ക് പിന്നെയും ചിന്തിക്കാൻ അവസരം ലഭിക്കുന്നു. കഴിഞ്ഞ കാര്യങ്ങളെപറ്റി അവർ എന്തെങ്കിലും തീരുമാനത്തിലെത്തിച്ചേരുന്നു (സീറത്തുൽ മഹ്ദി).

യാചകൻ മറഞ്ഞപ്പോൾ

ഒരു ദിവസം അസർ നമസ്കാരത്തിന്ന് ശേഷം തന്റെ പാർപ്പിടത്തിലേക്കുള്ള വാതിലിലൂടെ വാഗ്ദത്ത മസീഹ് (അ) കടന്ന് നീങ്ങുകയായിരുന്നു. ഒരാൾ വളരെ താഴ്ന്ന സ്വരത്തിൽ 'എന്തെങ്കിലും തരണെ' എന്ന് പറഞ്ഞു. എന്തോ അത്യാവശ്യ കാര്യം നിർവഹിക്കാൻ ഹസ്രത്ത് സാഹിബ് അൽപം ധൃതിയിൽപോകുകയായിരുന്നു. നമസ്കാരത്തിന്ന് വന്നവർ സാധാരണഗതിയിൽ അന്യോന്യം നടത്തിക്കൊണ്ടിരുന്ന സംസാരത്തിൽ ആ ശബ്ദം കലർന്ന് ശ്രദ്ധിയ്ക്കപ്പെടാതെപോയി. വീട്ടിലേയ്ക്ക് ഇറങ്ങിചെല്ലുന്നതിനിടയിൽ തന്റെ കാതുകളിൽ മുഴങ്ങിക്കേട്ടിരുന്ന ശബ്ദത്തെക്കുറിച്ച് അവിടുന്ന് ഓർത്തു. ഉടൻ തിരിച്ചുപള്ളി

യിൽവന്നു. ഖലീഫ നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു, ഒരു യാചകൻ ഇവിടെയെങ്ങാനോ ഉണ്ട്: അയാളെ ഒന്ന് തെരഞ്ഞ് പിടിക്കണം' വാഗ്ദത്ത മസീഹ് പള്ളിയിൽനിന്ന് നീങ്ങിയതോടെ ആ യാചകൻ സ്ഥലം വിട്ടിരുന്നു. ഖലീഫ നൂറുദ്ദീൻ (റ) അയാളെ കുറെയെല്ലാം തിരഞ്ഞുനോക്കി. കാണാതെ മടങ്ങി. മഗ്രിബ് നമസ്കാര സമയത്ത് അയാൾ വീണ്ടും പള്ളിയിൽവന്നപ്പോൾ വാഗ്ദത്ത മസീഹിന്റെ ദൃഷ്ടിയിൽപെട്ടു. അവിടുന്ന് കീശയിൽനിന്ന് കാശെടുത്ത് അയാളുടെ കയ്യിൽവച്ചുകൊടുത്തു. ഒരു വലിയഭാരം തലയിൽനിന്നെടുത്ത് നീക്കിയത്പോലെ വാഗ്ദത്ത മസീഹിന്ന് തൃപ്തിയും ആശ്വാസവും ആമോദവും കൈവന്നു. കുറച്ച് ദിവസംകഴിഞ്ഞപ്പോൾ ഹക്കീം നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു 'ആ യാചകനെ അന്ന് കാണാതിരുന്നപ്പോൾ എന്റെ മനസ്സ് ഭാരിച്ചതായിത്തോന്നി. എനിയ്ക്ക് സ്വാസ്ഥ്യം ഇല്ലാതെയായി. ഞാനൊരു പാതകം ചെയ്തതുപോലെ തോന്നി. ഞാൻ അയാളെ ശ്രദ്ധിയ്ക്കാതെയാണല്ലോ കടന്ന്കളഞ്ഞത്. അല്ലാഹുവിന്ന് അപാരമായ സ്തുതി. അയാൾ ഒടുവിൽ സന്ധ്യയ്ക്ക മടങ്ങിവന്നല്ലോ. വന്നില്ലെങ്കിൽ എന്റെ മനോവിഷമങ്ങൾ സഹിക്കാനാവുമായിരുന്നില്ല' (സീറത്തുൽ മഹ്ദി)

അർദ്ധരാത്രി അതിഥിയ്ക്ക് കട്ടിൽ പണിയുന്നു!

ഒരിക്കൽ ഒരു രാത്രി വളരെ വൈകിട്ട് ഒരു അതിഥി വന്നെത്തി. അദ്ദേഹത്തിന്ന് നൽകാൻ ഒരു കട്ടിലുണ്ടായിരുന്നില്ല. എല്ലാവരും ഉറങ്ങുകയായിരുന്നു. ഉടനെ കട്ടിൽ ശരിപ്പെടുത്താമെന്ന് പറഞ്ഞ് ഹസ്രത്ത് സാഹിബ് അകത്തേയ്ക്ക്പോയി. കുറേ വൈകിയിട്ടും തിരിച്ചുവന്നുകണ്ടില്ല. ഹുസൂർ കാര്യം മറന്നുപോയിരിക്കാമെന്ന് അതിഥി സംശയിച്ചു. അദ്ദേഹം വീട്ടിനകത്തേയ്ക്ക് തലയിട്ട് നോക്കിയപ്പോൾ ഒരാൾ കട്ടിലിന്ന് കയർകെട്ടി മുറുക്കുന്നതാണ് കണ്ടത്. ഹസ്രത്ത് സാഹിബ് നെയ്ത്തിരി കത്തിച്ച് കാണിക്കുകയായിരുന്നു. തട്ടിമുട്ടി കട്ടിൽ ശരിപ്പെടുത്തി അതിഥിയ്ക്ക് നൽകി. പാതിരാനേരത്ത് വന്ന് ഹസ്രത്ത് സാഹിബിനെ ബുദ്ധിമുട്ടിച്ചപ്പോൾ മനസ്സ് വേവുകയായിരുന്ന അതിഥിയോട് കട്ടിൽ ശരിപ്പെടുത്തുവാൻ വൈകിപ്പോയതിൽ പൊറുക്കണെയെന്ന് ഹസ്രത്ത് സാഹിബ് വിനയപൂർവ്വം അപേക്ഷിച്ചു.

ശിഷ്യർ തമ്മിലടിച്ചപ്പോൾ

1906-ലെ ഒരു സംഭവം വാഗ്ദത്ത മസീഹിന്റെ ഭവനത്തിന്ന് സമീപം രണ്ട് പഠാൻകാരായ അഹ്മദികൾ - അമ്മാവനും മരുമകനും - ജോലിക്കാരായി താമസിച്ചിരുന്നു. ഇരുവരും തുന്നൽവേലക്കാരായിരുന്നു. ഒരിക്കൽ അവർതമ്മിൽ ശണ്ഠയായി. ചീത്തപറച്ചിലും അടിപിടിയുമായി ഹസ്രത്ത് സാഹിബ് രാവിലെ നടക്കാൻപോവുന്ന സമയമായിരുന്നു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബും ബിശാറത്ത് അഹ്മദ് സാഹിബും ഒന്നിച്ച് നടക്കാൻ തയ്യാറായ നിലയിൽ വീട്ടിന്ന് പുറത്ത് കാത്ത് നിന്നിരുന്നു. ഇതിനിടയിലാണ് പഠാൻകാരുടെ അടികലശൽ. ഹസ്രത്ത് സാഹിബ് പുറത്തേയ്ക്ക് വന്നില്ല. സുഹർ നമസ്കാരത്തിന്ന് പള്ളിയിൽവന്നപ്പോൾ രാവിലെ നടക്കാൻ വരാഞ്ഞ കാര്യം അന്വേഷിച്ചു. 'ആ രണ്ട് പട്ടാൻകാർ തമ്മിലടി തുടങ്ങിയപ്പോൾ ആകപ്പാടെ എനിയ്ക്ക് ലജ്ജതോന്നി. പുറത്തേയ്ക്ക് വരാൻ മനസ്സ്വന്നില്ല. എങ്ങിനെ ആളുകളുടെ മുഖത്ത് നോക്കും? എന്റെ ശിഷ്യരായിരിക്കെ ഇവരിങ്ങനെ വഴക്ക് കൂടിയപ്പോൾ എനിയ്ക്ക് ദുഖം തോന്നി. ലജ്ജയും! അതുകൊണ്ടാണ് നടക്കാൻ വരാഞ്ഞത്.' ഹുസൂർ പറഞ്ഞു. (മുജദ്ദിദെ അഅ്സം.)

ഒരു പോലീസ് സുപ്രണ്ട്

ഒരു ദിവസം രാവിലെ ഇംഗ്ലീഷ് കാരനായ ഒരു ഉദ്യോഗസ്ഥൻ പോലീസ് സുപ്രണ്ടിന്റെ യൂനിഫോം ധരിച്ചനിലയിൽ ഖാദിയാനിൽവന്നു. താൻ ഗുർദാസ്പൂരിലെ പോലീസ് സുപ്രണ്ടാണെന്നും മിർസാ സാഹിബിനെ കാണുവാൻ വന്നതാണെന്നും പറഞ്ഞു. അക്കാലത്ത് പ്രസിദ്ധീകരണത്തിന്നും അച്ചടിവേലക്കുമുള്ള കെട്ടിടങ്ങൾ പണിതിരുന്നു. അവിടെ അടുത്തുള്ള ഒരു ചെറിയ മുറിയിൽ അദ്ദേഹത്തെ ഇരുത്തി. മറ്റൊരു കസേര ഹസ്രത്ത് സാഹിബിന് വേണ്ടി ഒരുക്കിവെച്ചിരുന്നു. വിവരമറിഞ്ഞ ഹസ്രത്ത് സാഹിബ് അവിടെ വന്ന്. സാധാരണപോലെ വാക്കിങ്ങ് സ്റ്റിക്ക് കയ്യിൽ ഉണ്ടായിരുന്നു. അവിടുന്ന് കസേരയിൽ ഉപവിഷ്ടനായി. 'അങ്ങയോട് ചിലത് ചോദിക്കാനുണ്ട്,' പോലീസ് സുപ്രണ്ട് പറഞ്ഞു. 'ചോദിച്ചുകൊള്ളുക!' ഹുസൂർ

മറുപടിനൽകി. തന്റെ കീശയിൽനിന്ന് പോക്കറ്റ് ബുക്കെടുത്ത് ആ ഉദ്യോഗസ്ഥൻ പേജുകൾ മറിച്ചുതുടങ്ങി. എഴുതിവെച്ച ചോദ്യങ്ങൾ തെരയുകയായിരുന്നു. മുഴുവൻ നോട്ട് ബുക്കും മറിച്ചും തിരിച്ച് നോക്കി. ആദ്യംതൊട്ട് അവസാനം വരെ മറിച്ച് കൊണ്ടിരുന്നു. പലതവണ ഇത് ആവർത്തിച്ച് ശേഷം നോട്ട് ബുക്ക് പൂട്ടി. ചോദ്യമൊന്നും ചോദിക്കാതെ അത് കീശയിലിട്ട് പിന്നെ എഴുന്നേറ്റു. 'കുറിച്ച് വെച്ച ചോദ്യങ്ങൾ കാണുന്നില്ല. ശരി, സലാം! ഞാൻ ഇനിയൊരിക്കൽ വന്നുകൊള്ളാം' എന്ന് പറഞ്ഞ് അയാൾ തിരിച്ചുപൊവുകയും ചെയ്തു. പിന്നീട് ഒരിക്കലും അയാൾ മടങ്ങിവന്നുമില്ല (ദിക്ക്റെ ഹബീബ്):

കാലുപിടിക്കുന്നത് ശിർക്ക്

'ഖാസി മുഹമ്മദ് യൂസഫ് സാഹിബ് പിശാവരി നിവേദനം ചെയ്യുന്നു: ആദ്യകാലത്ത് ഞാൻ ഖാദിയാനിൽ പോയ അവസരത്തിൽ ഒരു ദിവസം എന്റെ മകനെ ഹസ്രത്ത് സാഹിബിന്റെ അടുക്കൽ അയക്കുകയുണ്ടായി. ആ യുവാവ് ഹസ്രത്ത് സാഹിബിനെ കണ്ട് കൈകൊടുക്കുന്നതിനായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കെ അത്യാദരം പ്രകടിപ്പിക്കാനായി ഹസ്രത്ത് സാഹിബിന്റെ കാല് പിടിക്കാൻ തുനിഞ്ഞു. ഹസ്രത്ത് സാഹിബ് ഉടൻ തന്റെ പുണ്യമുള്ള കൈകൾകൊണ്ട് ആ യുവാവിനെ പിടിച്ചുമാറ്റി. തദവസരത്തിൽ അവിടുത്തെ മുഖം ചുവന്നിരുന്നു. വളരെ ഗൗരവത്തോടും അമർഷത്തോടുംകൂടിപറഞ്ഞു: 'നബിമാർ ലോകത്ത് വരുന്നത് ശിർക്കിനെ (അതായത് ദൈവേതരപൂജയൊ ഇല്ലായ്മ ചെയ്യുന്നതിനാണ്. നമ്മുടെ ധർമ്മവും ഇതുതന്നെയാകുന്നു. മറിച്ച്, ശിർക്കിനെ നിലനിർത്തുകയും വളർത്തുകയുമല്ല' (സീറത്തുൽ മഹ്ദി).

വിശുദ്ധഖുർആനോടുള്ള പരമാദരം

ഹസ്രത്ത് ഉമ്മുൽമുഅ്മിനീൻ (റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ മിർസാ മുബാറക്ക് അഹ്മദ് സാഹിബ് വളരെ ചെറുപ്പത്തിൽ വിശുദ്ധഖുർആന്റെ നേരെ ബോധപൂർവ്വമല്ലാതെ അനാദരം കാണിച്ചപ്പോൾ വാഗ്ദത്ത മസീഹ് (അ) രോഷാകുലനാവു

കയുണ്ടായി. അവിടുത്തെ മുഖം കോപം കൊണ്ട് ചുവക്കുകയും ചെയ്തിരുന്നു. കുപിതനായ നിലയിൽ അവിടുന്ന് മുബാറക്ക് അഹ്മദിന്റെ മുഖത്ത് ഒരടിവെച്ചുകൊടുത്തു. കുട്ടിയുടെ കവിളത്ത് അവിടുത്തെ വിരലുകളുടെ പാടുകൾ കാണാമായിരുന്നു. ഉടൻ 'ഇവനെ എന്റെ മുമ്പിൽനിന്ന് എടുത്തുമാറ്റൂ' എന്ന് അവിടുന്ന് കൽപിക്കുകയുമുണ്ടായി!

മുബാറക്ക് അഹ്മദിനോട് വാഗ്ദത്ത മസീഹിന്ന് അപാരവും അനിതരസാധാരണവുമായ സ്നേഹം ഉണ്ടായിരുന്നു. കുട്ടികളെപറ്റി ധാരാളം സദ്വാർത്തകൾ ലഭിച്ചിരുന്നതിനാൽ വാഗ്ദത്ത സുതൻ ഈ കുട്ടിയായിരിക്കുമെന്നുപോലും അവിടുന്ന് സംശയിച്ചുപോയിരുന്നു. തന്റെ പുത്രൻമാരിൽ ഏറ്റവും ഇളയ ഈ കുട്ടി പക്ഷെ എട്ട് വയസ്സും ഏതാനും മാസവുമായപ്പോൾ ചരമമടഞ്ഞു. ഈ മരണം ഹസ്രത്ത് സാഹിബിനെ അത്യധികം ദുഃഖിപ്പിച്ചു. മുബാറക്ക് അഹ്മദ് മരിച്ചപ്പോൾ വാഗ്ദത്ത മസീഹ് (അ) ഒരു കവിത രചിക്കുകയുണ്ടായി. അതിലദ്ദേഹം ഈ കുട്ടിയെ പറ്റി 'ജിഗർ കാ ടുക്ഡാ' (കരളിന്റെ കണ്ടം) എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ, തന്റെ കരളിന്റെ കണ്ടമായിരുന്നിട്ടും ഖുർആന്റെ നേരെ മനഃപൂർവ്വമല്ലെന്നിരിക്കിലും ഒരനാദരം കാണിച്ചപ്പോൾ വാഗ്ദത്ത മസീഹിന്ന് അത് സഹിക്കാനായില്ല. ദൈവത്തിന്റെ വചനമായ വിശുദ്ധഗ്രന്ഥത്തിന്റെ നേരെ തന്റെ കൊച്ചുമകൻ അത്തരത്തിൽ ഒരു അനാദരം കാണിച്ചപ്പോൾ പുത്രവാത്സല്യത്തിന്റെയും പൊറുമയുടേയും ദയാ വായ്പിന്റെയും പ്രതീകമായിരുന്ന വാഗ്ദത്ത മസീഹ് (അ) കുട്ടിയെ പ്രഹരിക്കാൻ തന്നെ മടിച്ചില്ല. ഹസ്രത്ത് സാഹിബ് തന്റെ എഴുത്തിൽ നിലീനനായിരിക്കെ എന്തൊ ആവശ്യം ഉന്നയിച്ച് ബാപ്പയുടെ അടുക്കൽ വന്ന് നിന്ന മുബാറക്ക് അഹ്മദ് ആവർത്തിച്ച് ചോദിച്ചിട്ടും ബാപ്പയുടെ ശ്രദ്ധ തിരിക്കാനാവാതെ വന്നപ്പോൾ മേശപ്പുറത്ത് വച്ചിരുന്ന വിശുദ്ധഖുർആന്റെ പ്രതി തന്റെ കൈമുട്ട് കൊണ്ട് അലക്ഷ്യമായി മുന്നോട്ട് തള്ളിനീക്കുകയുണ്ടായി. വിശുദ്ധ ഗ്രന്ഥത്തെ ബഹുമാനമില്ലാതെ തള്ളിമാറ്റിയത് കണ്ടപ്പോൾ കരുതിക്കൂട്ടിയല്ലെങ്കിലും ആ തെറ്റുകുറ്റത്തെ വാഗ്ദത്തമസീഹിന്ന് പൊറുപ്പിക്കാൻ കഴിഞ്ഞില്ല. അവിടുന്ന് പെട്ടെന്ന് ക്ഷുഭിതനാവുകയും തന്റെ പിഞ്ചോ

മനപുത്രന്റെ നേരെ കയ്നീട്ടുവാൻ പ്രചോദിതനാവുകയും ചെയ്തു! മറ്റെന്ത് കാര്യത്തിൽ സഹനം കൈക്കൊണ്ടാലും അല്ലാഹുവിന്റെ കിത്താബിന്റെയും പരിശുദ്ധനബിയുടേയും നേരെ അനാദരം കാണിക്കുന്നത് അണുകിട അവിടുന്ന് സഹിക്കുമായിരുന്നില്ല. പരിശുദ്ധഖുർആനോടുള്ള ഭക്ത്യാദരങ്ങൾക്ക് മുമ്പിൽ ഇവിടെ തന്റെ 'കരളിന്റെ കണ്ടം' ആയ പുത്രനോടുള്ള വാത്സല്യമത്രയും ഹോമിക്കപ്പെടുകയായിരുന്നു! (സീറത്തുൽ മഹ്ദി).

യാത്രികർക്ക് നോമ്പ് പാടില്ല.

മീർ മുഹമ്മദ് ഇസ്മായിൽ സാഹിബ് നിവേദനം ചെയ്യുന്നു: ഒരിക്കൽ ലാഹൗറിൽനിന്ന് കുറച്ച് പേർ ഖാദിയാനിൽ വന്നു. റംസാൻ മാസമായിരുന്നു. ഹസ്രത്ത് സാഹിബിന്ന് ആ വിവരം ലഭിച്ചപ്പോൾ അവിടുന്ന് അവർക്കുള്ള ആഹാരം തയ്യാറാക്കി അവരെ കാണാൻ പള്ളിയിലേയ്ക്ക് വന്നു. തങ്ങൾക്ക് എല്ലാവർക്കും നോമ്പാണെന്ന വിവരം അവർ അറിയിച്ചു. അവിടുന്ന് പറഞ്ഞു, യാത്രക്കാർ നോമ്പ് നോൽക്കുന്നത് ശരിയല്ല. അല്ലാഹു നൽകിയ ഒഴിവ് പാലിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണ് വേണ്ടത്. അങ്ങിനെ അവർക്ക് പ്രാതൽനൽകി, അവരുടെ നോമ്പ് മുറിപ്പിച്ചു (സീറത്തുൽമഹ്ദി).

ക്ഷോഭിച്ച കടലിനെ ശാന്തമാക്കി

ഹാഫിസ് ഹാമിദലി സാഹിബ് നിവേദനം ചെയ്യുന്നു: ഒരിക്കൽ വാഗ്ദത്ത മസീഹ് (അ) ഒരു ദൗത്യവുമായി എന്നെ പുറം നാട്ടിലേയ്ക്ക് അയച്ചു. ലക്ഷ്യസ്ഥാനത്ത് എത്തുവാൻ ഒരു കപ്പലിൽകയറി പകുതി യാത്രചെയ്തപ്പോൾ ഒരു കൊടുംകാറ്റിൽപെട്ട് കപ്പൽ മുങ്ങാൻ പോകുന്നതായി അറിഞ്ഞു. യാത്രക്കാരെല്ലാം ഭയപ്പെട്ടു. എല്ലാ സഞ്ചാരികൾക്കും ഞാൻ ഉറപ്പ് നൽകാൻ ശ്രമിച്ചു. ഞാൻ ആത്മവിശ്വാസത്തോടെ പറഞ്ഞു: ഞാൻ പഞ്ചാബ് കാരനാണ്. ദൈവം ഈ കാലത്തേയ്ക്ക് വേണ്ടി നിയോഗിച്ചയച്ച ഒരു പ്രവാചകന്റെ ദൗത്യവുമായിട്ടാണ് ഞാൻ യാത്രചെയ്യുന്നത്. ഞാൻ ഈ കപ്പലിൽ യാത്ര ചെയ്യുന്നിടത്തോളം കപ്പൽ മുങ്ങുകയില്ല'. അതിന്ശേഷം സർവ്വശക്തനായ ദൈവം കട

ലിനെ നിശ്ചലമാക്കി. കപ്പൽ രക്ഷയോടെ ലക്ഷ്യസ്ഥാനത്ത് എത്തി. ഞാൻ കരക്ക് ഇറങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ കപ്പൽ അതിന്റെ സഞ്ചാരം തുടർന്നുവെങ്കിലും പിന്നീട് മുങ്ങിപ്പോയി. വിവരം ഇന്ത്യയിൽ അറിഞ്ഞപ്പോൾ എന്റെ കുടുംബം ഹസ്രത്ത് സാഹിബിനെ സമീപിച്ചു. ഞാൻ സഞ്ചരിച്ച കപ്പൽ മുങ്ങിപ്പോയതായി വിവരം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. വാഗ്ദത്ത മസീഹ് (അ) അപ്പോൾ ഹാമിദ് അലി സഞ്ചരിച്ച കപ്പൽ മുങ്ങിയതായി താനും കേട്ടിട്ടുണ്ടെന്ന് പറഞ്ഞു. ഏതാനും മിനുട്ട് കഴിഞ്ഞപ്പോൾ ഹസ്രത്ത് സാഹിബ് തുടർന്നു: 'എന്നാൽ, ഹാമിദ് അലി തന്റെ ദൗത്യയാത്രയുമായി ബന്ധപ്പെട്ട കാര്യത്തിൽ നിരതനായിരിക്കുകയാണ്. അദ്ദേഹം സുരക്ഷിതനായിരിക്കുന്നു.' ഈ സത്യം ഒരു ദർശനത്തിൽ അവിടുന്ന് മനസ്സിലാക്കിയതായിട്ടാണ് തോന്നുന്നത്. (അൽഹക്കം, വാ. 38, ലക്കം 2, തദ്കിറ, Engli. പു. 435)

ഹാമിദ് അലിയുടെ സഹോദരൻ ഷേക്ക് സൈനുൽ ആബിദീൻ നിവേദനം ചെയ്യുന്നു: ഹസ്രത്ത് സാഹിബ് പറഞ്ഞു, 'ഹാമിദ് അലിയെ കുറിച്ച് എനിയ്ക്ക് വെളിപാടുണ്ടായിരിക്കുന്നു. അദ്ദേഹം സുരക്ഷിതനായി വിജയപൂർവ്വം തിരിച്ചുവരും'. (റജിസ്ട്രേരിവായാത്തെ സഹാബ, വാ. 11, പു. 54, തദ്കിറ, Engli. 435)*

തലപ്പാവ് കീറി റൊട്ടി പൊതിഞ്ഞു

ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് നിവേദനം ചെയ്യുന്നു: 'ഒരിയ്ക്കൽ ഞാൻ ലാഹൗറിൽനിന്ന് ഹസ്രത്ത് സാഹിബിനെ കാണുവാൻ വന്നു. തണുപ്പ് കാലമായിരുന്നു. എന്റെ പക്കൽ പുതക്കാൻ റിസായിയുണ്ടായിരുന്നില്ല. രാത്രി തണുപ്പിൽ പുതക്കാൻ എന്തെങ്കിലും കൊടുത്തയച്ചെങ്കിൽ നന്ന്എന്ന് ഹസ്രത്ത് സാഹിബിന്റെ അടുക്കൽ പറഞ്ഞയച്ചു. നേരിയൊരു റസായിയും പുതപ്പും കൊടുത്തയച്ചു. പുതപ്പ് തന്റെതും റസായി

*ക്ഷോഭിച്ച കടലിനെ പ്രാർത്ഥന വഴി ശാന്തമാക്കിയ സംഭവങ്ങൾ വാഗ്ദത്ത മസീഹിന്റെ ശിഷ്യരായ ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) തന്റെ 'സാദിഖ് ബീത്തീ, ലതായിഫെ സാദിഖ്' എന്നീ ആത്മകഥകളിലും ഹസ്രത്ത് മൗലാനാ രാജകീ സാഹിബ് (റ) തന്റെ മലബാർയാത്ര വിവരിക്കുമ്പോൾ 'ഹയാത്തെ ഖുദ്സി' എന്ന ഗ്രന്ഥത്തിലും വിവരിച്ചിട്ടുണ്ട്-ഗ്ര.

മഹമൂദിന്റെതുമാണെന്ന് അറിയിക്കുകയുണ്ടായി. ഇഷ്ടമുള്ളത് ഉപയോഗിക്കാം. അഥവാ രണ്ടും എടുക്കാമെന്നും പറഞ്ഞു. ഞാൻ ലാഹൗറിലേയ്ക്ക് മടക്കയാത്ര ചെയ്യുമ്പോൾ ഒന്നിച്ചു കൊണ്ടുപോകുവാൻ ഹുസൂർ ആഹാരം കൊടുത്തയക്കുമായിരുന്നു. ഒരു ദിവസം വീട്ടിനകത്ത്നിന്ന് എനിയ്ക്ക് വേണ്ടി റൊട്ടി വരുത്തിച്ചു. ദാസി അത് തുറന്ന നിലയിലാണ് കൊണ്ടുവന്നത്. 'ഇതെങ്ങിനെ മുഫ്തി സാഹിബ് കൊണ്ടുപോകും. ഉറുമാലിൽ പൊതിയാമായിരുന്നില്ലേ? 'എന്ന് പറഞ്ഞു. പിന്നെ അവിടുന്ന തന്റെ തലപ്പാവിൽനിന്ന് ഒരു ഭാഗം മുറിച്ചെടുത്ത് അതിൽ റൊട്ടി ഭദ്രമായിപ്പൊതിഞ്ഞ് എന്നെ ഏൽപിച്ചു.' (സീറത്തുൽ മഹ്ദി).

കക്ഷി ഹാജരില്ലാതെ അനുകൂലവിധി

ഉമ്മുൽ മുഅ്മിനീൻ (റ) നിവേദനം ചെയ്യുന്നു: ഹസ്രത്ത് സാഹിബ് പറയുക്കയുണ്ടായി, താൻ ഒരിക്കൽ ഒരു കേസ്സ് ആവശ്യാർത്ഥം പോയിരുന്നപ്പോൾ കോടതിയിൽ മറ്റ് കേസുകളുടെ വിചാരണ നടക്കുന്നതിനാൽ കോടതി വളപ്പിലെ ഒരു മരച്ചുവട്ടിൽ കാത്തിരുന്നു. നമസ്കാരസമയമായപ്പോൾ അവിടെ വെച്ചു തന്നെ നമസ്കാരം അനുഷ്ഠിച്ചു. നമസ്കരിച്ചുകൊണ്ടിരിക്കെ തന്നെ കേസ്സെടുത്തു. എന്റെ പേർ വിളിച്ചപ്പോൾ ഞാൻ ഹാജരുണ്ടായിരുന്നില്ല. നമസ്കാരം കഴിഞ്ഞ് സലാം വീട്ടിയപ്പോൾ കോടതി ഉദ്യോഗസ്ഥൻ അരികിൽ നിൽക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു, 'മംഗളം! കേസിൽ താങ്കൾ ജയിച്ചിരിക്കുന്നു!' സാധാരണ ഗതിയിൽ കക്ഷി ഹാജരില്ലെങ്കിൽ കേസ്സ് തള്ളുകയാണ് ചെയ്യാറുണ്ടായിരുന്നത് (സീറത്തുൽ മഹ്ദി).

ഭാര്യയെ തല്ലരുത്

ഒരിക്കൽ ഹക്കീം ഫസലുദ്ദീൻ സാഹിബ് ഭേരവി (റ) തന്റെ ഇളയ ഭാര്യയെ എന്തോ ധിക്കാരം പറഞ്ഞതിന്ന് അടിക്കുകയുണ്ടായി. അവർ നേരെ വാഗ്ദത്ത മസീഹിന്റെ അടുക്കൽവന്ന് പരാതിപറഞ്ഞു. അവിടുന്ന് ഹക്കീം സാഹിബിന്ന് ഇത് ശരിയായ രീതിയല്ല എന്നൊരു കുറിപ്പ് എഴുതി അറിയിച്ചു. വലിയൊരു പണ്ഡിതൻകൂടിയായിരുന്ന ഹക്കീം സാഹിബ് ഖുർആൻ

വചനം ഉദ്ധരിച്ചുകൊണ്ട് മറുപടി അയച്ചു. 'അവരിൽനിന്ന് ധിക്കാരവും എതിർഭാവവും നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ നിങ്ങൾ ശാസിക്കുകയോ അകന്ന് നിൽക്കുകയോ അടിക്കുകയോ ചെയ്യുവിൻ' എന്ന് നിർദ്ദേശിക്കുന്ന ഖുർആൻ ആയത്താണ് ഉദ്ധരിച്ചത്. (സൂറ നിസാഅ്, 34-ാം വചനം). ഹസ്രത്ത് സാഹിബ് ഉടനെ ഇപ്രകാരം മറുകുറിപ്പ് അയച്ചു. സ്ത്രീകളുടെ അനുസരണക്കേടിന്നും വായാടിത്തത്തിന്നും ദുർനടപ്പിന്നും മൂന്ന് സംസ്കരണമാർഗ്ഗങ്ങളാണ് ഖുർആൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും ആദ്യത്തേത് ഉപദേശമാണെന്നും പിന്നീട് വിട്ട് നിൽക്കലാണെന്നും പ്രഹരം മൂന്നാമത്തേ മാർഗ്ഗമാണെന്നും മൂന്ന് കുറ്റങ്ങൾക്ക് മൂന്ന് തരത്തിലുള്ള ശിക്ഷകളാണ് കൽപിച്ചിട്ടുള്ളതെന്നും രണ്ട് മാർഗ്ഗങ്ങളും പരീക്ഷിച്ച് പരാജയപ്പെട്ടാൽ മാത്രമാണ് അടിക്കാൻ അനുവദിക്കുന്നതെന്നും അതിൽ വ്യക്തമാക്കി. എന്നാൽ, ഇതോടൊപ്പം തന്നെ 'സൂറ സുമറി'ൽ "നിങ്ങളുടെ നാഥനിൽനിന്ന് നിങ്ങൾക്ക് ഇറക്കിയിട്ടുള്ളതിൽ ഏറ്റവും ഉത്തമമായിട്ടുള്ളതിനെ അവലംബിക്കുക" എന്നുകൂടി വിധിയുണ്ടെന്നും അതുകൊണ്ട് അടിക്കാനുള്ള വിധിയല്ല ഏറെ ഉത്തമമായ ആദ്യകൽപനയാണ് സ്വീകരിക്കേണ്ടതെന്നും വികാരാധീനനാകുകയല്ല വേണ്ടതെന്നും കൂടി അവിടുന്ന് എഴുതി അയച്ചു. (ഇത് ഹക്കീം ഫസലുദ്ദീൻ സാഹിബ് തന്നെ ഡോ. ബിശാറത്ത് അഹ്മദ് സാഹിബിനോട് പറഞ്ഞതാണ്.) (മുജദ്ദിദെ അഅ്സം).

റൊട്ടി കളവ്; കണ്ണടച്ചേക്കൂ!

ഒരിക്കൽ ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് ഭേരവി അദ്ദേഹം ലങ്കർഖാനയുടെ മാനേജരായിരുന്നപ്പോൾ ലങ്കർഖാനയിൽ റൊട്ടിചുടുന്ന ആളെപിടിച്ച് ഹസ്രത്ത് സാഹിബിന്റെ മുമ്പിൽ ഹാജരാക്കി. അയാൾ ലങ്കറിലെ റൊട്ടി കളവ് ചെയ്യുന്നതായി ആരോപിച്ചു.

ഹൂസൂർ അരുളി: 'ഹക്കീം സാഹിബ്! അയാൾ താങ്കളെപോലെ 'മുത്തഖി' ആണെങ്കിൽ ഈ ഉഷ്ണകാലത്ത് ഈ നരകത്തിന്റെ (അടുപ്പിന്റെ) മുകളിൽ ഇരിക്കുകയില്ലല്ലോ. അയാൾ ഒരു റൊട്ടി ചുട്ടെടുക്കുമ്പോൾ രണ്ട് തവണ അടുപ്പിലേക്ക് കുനി

യുന്നു. ഒരിക്കൽ റൊട്ടി പറ്റിക്കാനും പിന്നെ അത് നീക്കിയെടുക്കാനും. ഇത്തരക്കാരിൽനിന്ന് അങ്ങിനെ ഉയർന്ന നിലയിലുള്ള 'തഖ്വ' യൊന്നും പ്രതീക്ഷിക്കേണ്ടതില്ല. അയാളെ താക്കീത് ചെയ്ത് മാപ്പ് കൊടുക്കുകയും അത്തരം ചെയ്തികളുടെ നേരെ കുറെയെല്ലാം കണ്ണടക്കുകയും ചെയ്യുകയാണ് വേണ്ടത് (മുജദ്ദിദെ അഅ്സം).

അങ്ങാടിയിൽപോകൂ; ഒരാൾ തെരയുകയാണ്!

ഭക്തനായ ഒരു ഈറാൻകാരന് ഒരിക്കൽ വെളിപാടുണ്ടായി, 'നിങ്ങളുടെ ഉദ്ദേശ്യം ഖാദിയാനിൽവെച്ച് സഫലീകരിക്കപ്പെടും' എന്നാണ് പാർസീ ഭാഷയിലുണ്ടായ വെളിപാട്. അദ്ദേഹം ഖാദിയാനിലേയ്ക്ക് പുറപ്പെട്ടു. വാഗ്ദത്ത മസീഹ് (അ) സാധാരണപോലെ രാവിലെ നടത്തത്തിന്നായി വീട്ടിൽനിന്ന് പുറപ്പെട്ടു. തന്നെ കാത്ത് നിന്ന സുഹൃത്തുക്കൾ അവിടുത്തോടൊപ്പം ചേർന്നു. അൽപം നടന്നപ്പോൾ ഹസ്രത്ത് സാഹിബിന്ന് ഉറുദുവിൽ ഒരു വെളിപാടുണ്ടായി. 'അങ്ങാടിയിൽ ഒരാൾ താങ്കളെ തെരയുന്നു. എന്നാൽ താങ്കൾ നഗരത്തിന്ന് വെളിയിൽപോകയാണ്!' ഈ വെളിപാടുണ്ടായപ്പോൾ അവിടുന്ന് തന്റെ ലക്ഷ്യം മാറ്റി. എന്നിട്ട് പറഞ്ഞു, അങ്ങാടിയിലേയ്ക്ക്പോകാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് അങ്ങാടിയിൽ എത്തിയപ്പോൾ അവിടുത്തെ തെരഞ്ഞുകൊണ്ടിരുന്ന ആ ഈറാൻകാരനെ അവിടെവെച്ചുകണ്ടു. (തദ്കിറ Engli. ഭാ. 437).

ഡോക്ടറുടെ കർത്തവ്യം

ഡോ. മിർസാ യഅ്കൂബ് ബേഗ് സാഹിബ് മെഡിക്കൽകോളേജിൽനിന്ന് ഡോക്ടറായി പുറത്ത് വന്നപ്പോൾ ഹസ്രത്ത് സാഹിബ് അദ്ദേഹത്തിന്ന് ഇപ്രകാരം ഉപദേശം നൽകി: "അല്ലാഹു താങ്കൾക്ക് ഈ വൈദ്യവിദ്യ നൽകി അനുഗ്രഹിച്ചത് സൃഷ്ടികൾക്ക് സേവനം ചെയ്യാനായിട്ടത്രെ. ചികിത്സനടത്തുമ്പോൾ ധനവാനെന്നോ ദരിദ്രനെന്നോ മുസ്ലിമെന്നോ, കാഫിറെന്നോ, സ്നേഹിതനെന്നോ, ശത്രുവെന്നോ ഉള്ള വിവേചനം ഒരിക്കലും പാടില്ലാത്തതാണ്. എല്ലാവർക്കും ഒരുപോലെ

സേവനം ചെയ്യുന്നതാണ് ഒരു ഡോക്ടറുടെ കർത്തവ്യം." (മുജദ്ദിദെ അഅ്സം).

ജന്തുക്കളോടും പറവകളോടും സ്നേഹം

ഹുസൂർ പ്രകൃതിസ്നേഹിയായിരുന്നു. ഒരിക്കൽ കുട്ടികൾചേർന്ന് ഒരു നായയെ വളഞ്ഞിട്ടശേഷം വാതിലുകൾ അടച്ച് അതിനെ തല്ലുവാൻ തുടങ്ങി. ഒച്ചപ്പാടുകൾ കേട്ട് ഹസ്രത്ത് സാഹിബ് അസ്വസ്ഥതയോടെ പുറത്ത്വന്ന്പറഞ്ഞു: 'അരുത്! ദൈവത്തിന്റെ സൃഷ്ടികളുടെ നേരെ അപ്രകാരം ക്രൂരത കാട്ടരുത്': അവിടുന്ന് വളരെ അനിഷ്ടത്തോടെ അവരെ ശാസിക്കുകയും പട്ടിയെ പുറത്ത് വിടുവിക്കുകയും ചെയ്തു.

ഒരിക്കൽ തന്റെ ഒരു പുത്രൻ തത്തയെ വേട്ടയാടി ഹസ്രത്ത് സാഹിബിന്റെ മുമ്പിൽകൊണ്ടുവന്നു. ഹസ്രത്ത് സാഹിബ് വളരെ അനിഷ്ടം കാണിച്ചു. തത്തയെ തിന്നുന്നത് ഹലാൽ അല്ലേയെന്ന് ആരോ തദവസരത്തിൽ ചോദിച്ചു. ഹുസൂർ മറുപടി നൽകി: ഹലാലാണെന്നത് ശരി. പക്ഷെ എല്ലാ പറവകളേയും ഭക്ഷിക്കാൻ പടച്ചിട്ടുള്ളതല്ല. പക്ഷികളിൽചിലത് മനുഷ്യർക്ക് അവയുടെ സൗന്ദര്യവും കൂജനവും ആസ്വദിക്കാനുള്ളതാകുന്നു.

മറ്റൊരിക്കൽ ഹസ്രത്ത് സാഹിബ് ജുമാനമസ്കരം അനുഷ്ഠിക്കാൻ വീട്ടിൽനിന്ന് പുറപ്പെടുകയായിരുന്നു. ഹസ്രത്ത് മിയാൻ മഹമൂദ് അഹ്മദ് വളരെ ചെറിയ കുട്ടിയായിരുന്നിരിക്കെ കിളികളെ പിടിച്ച് കളിക്കുന്നതായികണ്ടു. ഹുസൂർ അത് കണ്ടപ്പോൾ വിരോധിച്ചു. വീട്ടിലെ കിളികളെ അങ്ങിനെ പിടിച്ച് ഉപദ്രവിക്കരുത്. ആർക്ക് ആർദ്രതയില്ലയോ അവർക്ക് ഈമാനുമില്ല എന്ന് പറഞ്ഞ് ശാസിക്കുകയും ചെയ്തു (സീറത്തുൽ മഹ്ദി).

കടമിടപാടിൽ സഹോദരഭാവം

ഉമ്മുൽ മുഅ്മിനീൻ നിവേദനം ചെയ്യുന്നു:

വാഗ്ദത്ത മസീഹ് (അ) ആരോടെങ്കിലും കടംവാങ്ങിയാൽ മടക്കിക്കൊടുക്കുമ്പോൾ കുറച്ച് അധികം കൊടുക്കുമാ

യിരുന്നു. ഇതിലേയ്ക്ക് ഉദാഹരണം പറയാമോ എന്ന് ചോദിച്ച പ്പോൾ ഉമ്മുൽമുഅ്മിനീൻ പറഞ്ഞു: ഉദാഹരണം ഓർമ്മവരു ന്നില്ല. എന്നാൽ, റസൂൽകരീം (സ) അപ്രകാരം പറഞ്ഞിട്ടുണ്ടെന്ന് പറയാറുണ്ടായിരുന്നു. നന്മയായകാര്യം ഒരിക്കലും പറയാറില്ല, താൻ അത് ചെയ്തുകാണിക്കാതെ എന്നും കൂട്ടിച്ചേർത്തു. വാഗ്ദത്ത മസീഹ് (അ) ആർക്കെങ്കിലും കടംകൊടുത്തിരുന്നവോ എന്ന് ചോദിച്ചപ്പോൾ പലപ്പോഴും കടംകൊടുത്തിട്ടുണ്ടെന്ന് പറ ഞ്ഞു. ഒരിക്കൽ മൗലവി നൂറുദ്ദീൻസാഹിബും ഹക്കീം ഫസ്ലു ദ്ദീൻസാഹിബും വാഗ്ദത്ത മസീഹിൽനിന്ന് കടംവാങ്ങിയിരുന്നു. മൗലവി നൂറുദ്ദീൻ സാഹിബ് സംഖ്യതിരിച്ച്കൊടുത്തയച്ചപ്പോൾ അവിടുന്നു മടക്കി അയച്ചുകൊണ്ട് പറഞ്ഞയച്ചു, താങ്കൾ നമ്മുടെ ഉറുപ്പിക സ്വന്തം ഉറുപ്പികയിൽനിന്ന് വേറിട്ട് കാണുന്നുവോ? മൗലവി സാഹിബ് സംഭവം അപ്പോൾതന്നെ ഹക്കീം സാഹിബി നോട് പറഞ്ഞയച്ചു: എനിയ്ക്ക് ഒരു പിഴവ് പറ്റി, ഉറുപ്പിക തിരി ച്ചുകൊടുത്തയക്കേണ്ടതില്ല. അഥവാ, തിരിച്ചയക്കണമെന്ന് നിർബ ന്ധമാണെങ്കിൽ മറ്റെന്തെങ്കിലും രൂപത്തിൽ തിരിച്ച് നൽകിക്കൊ ള്ളുക എന്നുകൂടി മൗലവി നൂറുദ്ദീൻസാഹിബ് പറഞ്ഞതായും നിവേദനമുണ്ട്. (സീറത്തുൽ മഹ്ദി).

അനുസരണത്തിലാണ് ദൈവതൃപ്തി

ഹസ്രത്ത് അബ്ദുല്ലാഹ് സാഹിബ് സനൗരി (റ) റിവാ യത്ത് ചെയ്യുന്നു:

ആദ്യകാല സംഭവമാണ്. ഒരിക്കൽ റംസാൻ മാസത്തിൽ ഏതോ ഒരു അതിഥി ഹസ്രത്ത് സാഹിബിന്റെ അടുക്കൽവന്നു. അദ്ദേഹത്തിന്ന് നോമ്പുണ്ടായിരുന്നു. അസർ നമസ്കാരത്തിന്ന് ശേഷമാണെന്ന് തോന്നുന്നു. ഹസ്രത്ത് സാഹിബ് പറഞ്ഞു: 'താങ്കൾ നോമ്പ് മുറിക്കുക'. 'അൽപനേരംകൂടിയല്ലെ ബാക്കിയു ള്ളൂ. ഇപ്പോൾ എന്ത് നോമ്പ് മുറിക്കാനാണ്!' ആ അതിഥി ഉണർത്തിച്ചു. ഹുസൂർ പറഞ്ഞു, 'താങ്കൾ അതിവണക്കം മുഖേ ന അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്നു. അതി വണക്കം കൊണ്ടല്ല, അനുസരണത്തിലൂടെയാണ് അല്ലാഹു തൃപ്തിപ്പെടുക. അല്ലാഹു പറഞ്ഞിട്ടുള്ളത് യാത്രികൻ നോമ്പ്

നോൽക്കേണ്ടതില്ലാ എന്നാണ്. അപ്പോൾ നോമ്പ് നോൽക്കാതിരിക്കുകയാണ് വേണ്ടത്! അത് കേട്ടപ്പോൾ ആ അതിഥി നോമ്പ് മുറിച്ചു.

മൌലവി ശേർ അലി സാഹിബ് പറയാറുണ്ടായിരുന്നു: ഒരിക്കൽ ഹസ്രത്ത് സാഹിബിന്റെ കാലത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് ഭേരവി 'ഇഅ്തികാഫ്' ഇരുന്നു. ഇഅ്തികാഫിലിരിക്കെ അദ്ദേഹത്തിന്ന് എന്തോ കേസ്സ് സംബന്ധിച്ച് കോടതിയിൽ ഹാജരാകേണ്ടിവന്നു. അദ്ദേഹം ഇഅ്തികാഫ് മുറിച്ച് അസറിനോടടുത്ത് പോകാൻ പുറപ്പെട്ടു. ഹസ്രത്ത് സാഹിബ് ചിരിച്ചുകൊണ്ട് പറഞ്ഞു. "കേസ്സിന്ന് പോകേണ്ടതുണ്ടായിരുന്നുവെങ്കിൽ ഭജനമിരിക്കേണ്ട കാര്യമെന്ത്?" (സീറത്തുൽ മഹ്ദി).

രഹസ്യമായി സഹായങ്ങൾ

സ്നേഹിതരുടെ വിഷമഘട്ടങ്ങളിൽ അവരെ സഹായിക്കുക ഹസ്രത്ത് സാഹിബ് തന്റെ പ്രാഥമിക കർത്തവ്യമായി കരുതിയിരുന്നു. ആർക്കെങ്കിലും പണത്തിന്റെ ബുദ്ധിമുട്ടുണ്ടെന്നറിഞ്ഞാൽ ആരെയും അറിയിക്കാതെ പണം രഹസ്യമായി എത്തിച്ചുകൊടുത്തിരുന്നു. പലരും തങ്ങളുടെ കഷ്ടപ്പാടുകൾ കടിച്ചമർത്തി പുറമെകാണിക്കാതെ ഖാദിയാനിൽ വന്നുപാർത്തിരുന്നു. ലങ്കർറൊട്ടി കഴിച്ച് അവർ കഴിഞ്ഞുകൂടും. വിഷമം ഉള്ളവരെ കണ്ടറിഞ്ഞ് ഹുസൂർ അവർക്ക് ലജ്ജിക്കാനിടയാകാത്തവിധം അവരുടെ വീട്ടിൽ 'പണം എത്തിച്ചുകൊടുക്കും. പണം എവിടുന്ന് വന്നുഎന്ന് ചോദിച്ചാൽ താൻ തന്നതാണെന്ന് പറഞ്ഞേക്കണം' എന്ന് വീട്ടുകാരോട് പറഞ്ഞേൽപിക്കും. തിരിച്ച് നൽകിയാൽ സ്വീകരിക്കുകയുമില്ല. ഒരിക്കൽ ഹക്കീം ഫസലുദ്ദീൻ സാഹിബ് ഇരുനൂറ് രൂപ കടംവാങ്ങി. അദ്ദേഹത്തിന്ന് പണം കിട്ടിയപ്പോൾ അത് തിരിച്ചുനൽകിയെങ്കിലും അത് സ്വീകരിച്ചില്ല. "നാം നമ്മുടെ മുതൽ നമ്മുടേതും നമ്മുടെ സ്നേഹിതൻമാരുടേയും കൂട്ടായുള്ളതാണെന്നാണ് കരുതുന്നതെന്ന് അറിയിച്ചു! താങ്കൾക്ക് ആവശ്യമുള്ളപ്പോൾ പണം ചോദിച്ചുവാങ്ങി. അപ്പോലെ നാം താങ്കളോടും ചോദിക്കും, ഇപ്പോൾ എനിയ്ക്ക് ആവശ്യമില്ല. അത്കൊണ്ട് പണം തിരിച്ച് നൽകുന്നു." എന്ന് കുറിപ്പയച്ചു (മുജദ്ദിദെ അഅ്സം, പു. 1306).

വാക്കുകൾ വാളായപ്പോൾ

ഡോ. ബിശാറത്ത് അഹ്മദ് സാഹിബ് നിവേദനം ചെയ്യുന്നു: 'ഒരിക്കൽ റയിൽവെ സ്റ്റേഷൻ മാസ്റ്റർ ആയ എന്റെ സ്നേഹിതൻ എന്നോട് പറഞ്ഞു: ഞാൻ വലിയ കൈക്കൂലി ക്കാരനായിരുന്നു. ഹസ്രത്ത് സാഹിബിന്റെ കയ്യിൽ ബൈഅത്ത് ചെയ്തപ്പോൾ ഞാൻ തീരെ അപരിചിതനായ ഒരാളായിരുന്നു. ഹസ്രത്ത് സാഹിബ് ഒറ്റയ്ക്ക് എന്നോട് വളരെ സ്നേഹ നില യിൽ സംസാരിച്ചു. ഉപദേശനിലയിൽ ഇത്രമാത്രം പറഞ്ഞു: 'ബാബുസാഹിബ്! കൈക്കൂലി വാങ്ങുന്നയാൾക്ക് ലോകത്ത് യാതൊരു ബഹുമാനവും ലഭിക്കുകയില്ല.' ഈ വാക്കുകൾ മൂർച്ച യേറിയ വാളെന്നോണം എന്റെ നേർക്ക് വീണു. അന്ന് തൊട്ട് കൈക്കൂലിയുടേയും ചതിയുടേയും അടുത്തുപോലും ഞാൻ ചെന്നില്ല. ഇപ്രകാരംതന്നെ ഒരു വലിയ സെമിന്ദാറെ അരികെ വിളിച്ച് ഒറ്റയ്ക്ക് ഒരൊറ്റവാചകം പറഞ്ഞതോടെ അയാൾ ജീവി തകാലം മുഴുവൻ മദ്യപാനത്തിൽനിന്നും അകന്നുമാറി! ഇത്തരം അനേകം സംഭവങ്ങൾ ഹസ്രത്ത് സാഹിബുമായി ബന്ധപ്പെട്ട വർ നിവേദനം ചെയ്തിട്ടുണ്ട് (മുജദ്ദിദെ അഅ്സം).

പരിചാരകൻ കുതിരപ്പുറത്ത്

ഹസ്രത്ത് അഹ്മദ് (അ) നെ പറ്റി ഒരു പരിചാരകൻ ഇപ്ര കാരം നിവേദനം ചെയ്തതായി ഹസ്രത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് രേഖപ്പെടുത്തിയിരിക്കുന്നു: 'എന്റെ യൗവന കാലത്ത് ഞാൻ ചിലപ്പോൾ വാഗ്ദത്ത മസീഹിന്റെ ഒരു പരിചാ രകനെന്നോണം അവിടുത്തെ യാത്രകളിൽ കൂടെ സഞ്ചരിക്കാ റുണ്ടായിരുന്നു. വാഗ്ദത്ത മസീഹിന്റെ രീതി ഇതായിരുന്നു: സവാരിക്കുതിരയെ എനിയ്ക്ക് നൽകിയിട്ട് അതിന്മേൽ കയറാൻ പറയുകയും അവിടുന്ന് ഒന്നിച്ച് നടക്കുകയും ചെയ്യും. ചില പ്പോൾ ഞാൻ കുറെ നിർബന്ധിച്ചാൽ കുറച്ച് നേരത്തേയ്ക്ക് കുതി രപ്പുറത്ത് സവാരിചെയ്യും. ഞാൻ നടക്കുകയും ചെയ്യും. പിന്നെ എന്നോട് സവാരിചെയ്യാൻ പറയും, അവിടുന്ന് നടക്കുകയും ചെയ്യും. ലക്ഷ്യസ്ഥാനത്ത് എത്തിയാൽ ആഹാരം കഴിക്കുന്ന തിന്ന് എന്റെ കയ്യിൽ നാലണ തരുമായിരുന്നു. അക്കാലത്ത്

സാധനങ്ങൾക്കെല്ലാം വളരെ വില കുറവായിരുന്നു. ഒരണയ്ക്ക് ഹുസൂർ ദാലും റൊട്ടിയും വാങ്ങിക്കഴിക്കും. അല്ലെങ്കിൽ പുഴുങ്ങിയ കടല കഴിക്കും. അവിടുന്ന് കുറച്ച് മാത്രമെ ആഹരിക്കാറുണ്ടായിരുന്നുള്ളൂ.' (സീറത്തെ തയ്യിബ വദൂർറുൽ മൻസൂർ)

ഹൈഡ്രോഫോബിയ സുഖപ്പെടുത്തി

തെക്കെ ഇന്ത്യയിൽ ഹൈദരബാദിൽ നിന്നുള്ള പന്ത്രണ്ട് വയസ്സായ അബ്ദുൽകരീം എന്ന് പേരുള്ള ഒരു ബാലൻ ഖാദിയാനിൽ മദ്രസ അഹ്മദിയ്യായിൽ പഠിച്ചുവന്നിരുന്നു. ആ കുട്ടിയെ ഭ്രാന്തൻനായ കടിച്ചു. ഉടൻ തന്നെ സ്കൂൾ അധികൃതർ കുട്ടിയെ കസൗലിയിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ ചികിത്സക്കായി അയച്ചു. കുറച്ച് ദിവസത്തെ ചികിത്സയ്ക്ക് ശേഷം കുട്ടി ഖാദിയാനിൽ തിരിച്ചുവന്നുവെങ്കിലും അതിന്ശേഷം അബ്ദുൽകരീമിൽ ഹൈഡ്രോഫോബിയയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഓരോ ദിവസം കഴിയുംതോറും രോഗം വർദ്ധിച്ചുകൊണ്ടിരുന്നു. പേയുടെ എല്ലാ ലക്ഷണങ്ങളും വെളിപ്പെടുത്തി. സ്കൂൾ അധികൃതർ കസൗലിയിലെ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് എന്ത് ചെയ്യണമെന്ന് ആരാഞ്ഞ് കമ്പിഅയച്ചു. ഭ്രാന്തൻ നായ കടിച്ച ശേഷം റാബീസ് പിടിപെട്ട് കഴിഞ്ഞാൽ രക്ഷപ്പെടുവാൻ സാദ്ധ്യതയില്ലെന്നതാണ് അന്ന് വരെയുള്ള മെഡിക്കൽ ചരിത്രം. അതുകൊണ്ട് ആസ്പത്രി അധികൃതർ തങ്ങളുടെ നിസ്സഹായത വ്യക്തമാക്കിക്കൊണ്ട് ഇപ്രകാരം മറുപടി കമ്പിഅയച്ചു:

Sorry nothing can be done for Abdul Kareem (വളരെ വ്യസനിക്കുന്നു; അബ്ദുൽകരീമിന് വേണ്ടി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല)

വിവരം ഹസ്രത്ത് സാഹിബ് അറിഞ്ഞപ്പോൾ അത്യധികം വ്യസനിച്ചു. ആയിരക്കണക്കിൽ നാഴിക ദൂരെനിന്ന് മതപഠനത്തിന്നായി വന്ന് താമസിക്കുന്ന കുട്ടിയെ രക്ഷപ്പെടുത്താനുള്ള യാതൊരു മാർഗ്ഗവുമില്ലെന്ന് കണ്ടപ്പോൾ അവിടുന്ന് അസ്വസ്ഥനായി. ആ കുട്ടിയുടെ നില കണ്ട്നിൽക്കാൻ കഴിയാത്തവണ്ണം ദുരിതപൂർണ്ണമായിരുന്നു. മരണം സുനിശ്ചിതമാണെന്ന് തീർച്ചപ്പെട്ട സാഹചര്യത്തിൽ ഹസ്രത്ത് അഹ്മദ് (അ) അരുളി: എല്ലാ മാർഗ്ഗങ്ങളും അടഞ്ഞുവെങ്കിലും ദുആയുടെ വഴി തുറന്ന് കിട

ക്കുന്നത് പരിശോധിക്കാം, അവിടുന്ന് അബ്ദുൽ കരീമിന്റെ കാര്യത്തിൽ പ്രത്യേക നിലയിൽ നൊന്ത് പ്രാർത്ഥിച്ചു. ഒരു ദിവ്യാത്ഭുതമാണ് പിന്നീട് സംഭവിച്ചത്. ഇരുപത്തിനാല് മണിക്കൂറിനകം ആ കുട്ടിയുടെ നിലയിൽ മാറ്റം ദൃശ്യമായി. ദിവസങ്ങൾക്കകം പൂർണ്ണസുഖം പ്രാപിക്കുകയും ചെയ്തു.

അബ്ദുൽകരീം സ്കൂൾ പഠനം തുടർന്നു. അവിടെ പഠനം പൂർത്തിയാക്കിയ ശേഷം ഹൈദരബാദിൽ തിരിച്ചെത്തി അനേക കൊല്ലം ജീവിച്ചു.

സുഖപ്പെട്ടവിവരം പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരെ അറിയിച്ചപ്പോൾ അവർ അത്ഭുതംകൂറി. പ്രാർത്ഥനമൂലം കുട്ടി സുഖപ്പെട്ടതറിഞ്ഞ് സന്തോഷിക്കുന്നു എന്നവർ അറിയിച്ചു. എന്നാൽ തങ്ങളുടെ മെഡിക്കൽചരിത്രത്തിൽ ഇത് തികച്ചും പുതിയ ഒരത്ഭുത സംഭവമാണെന്ന് അവർ വ്യക്തമാക്കുകയുണ്ടായി.*

പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അയച്ച മറുപടികത്ത് ഒരു ദൃഷ്ടാന്തമെന്നോണം അഹ്മദിയ്യാ കേന്ദ്രത്തിലെ ഖിലാഫത്ത് ലൈബ്രറിയിൽ സൂക്ഷിച്ച് പോരുന്നു (സീറത്തെ തയ്യിബ വദുർറുൽ മൻസൂർ)

വഴിയിൽ അപകടമുണ്ട്-വെളിപാട്

ഗുർദാസ്പൂർ കേസ് അവസാനിക്കുകയും വാഗ്ദത്ത മസീഹ് (അ) ഖാദിയാനിലേക്കുള്ള മടക്ക യാത്രയ്ക്കായി ബട്ടാലയിലേയ്ക്ക് പുറപ്പെടാൻ ഒരുങ്ങുകയും ചെയ്തപ്പോൾ അവിടുത്തേയ്ക്ക് ഉറുദുവിൽ ഒരു വെളിപാടുണ്ടായി, ബട്ടാല യാത്ര

---

* ഹൈഡ്രോഫോബിയ യാദൃശ്ചികമായി സുഖപ്പെട്ട ഒരു സംഭവം അമേരിക്കയിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതായി സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബ് തന്റെ Renaissance of Islam എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ലാഹൗർ മെഡിക്കൽ കോളേജിൽ പഠിച്ചുവന്ന സയ്യിദ് ഹബീബുല്ലാഷാ തന്റെ പ്രഫസറോട് പേപ്പട്ടിയുടെ കടിയേറ്റ് രോഗം വെളിപ്പെട്ട് കഴിഞ്ഞശേഷം അത് സുഖപ്പെടുത്താനാകുമോ എന്ന് ചോദിച്ചപ്പോൾ Nothing on earth can save him എന്ന് ക്ലാസ്സിൽ വച്ചുതന്നെ മറുപടി പറയുകയുണ്ടായി-ഗ്ര.

ആപൽകരമാണെന്ന്! അതുകൊണ്ട് അവിടുന്ന് തന്റെ പരിപാടി മാറ്റുകയും ഗുർദാസ്പൂരിൽനിന്ന് നേരിട്ട് ഖാദിയാനിലേയ്ക്ക് യാത്ര ഒരുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിനിടയിൽ വാഗ്ദത്ത മസീഹിനെ സ്വീകരിക്കാനായി ഖാദിയാനിൽനിന്ന് ഒരു കാളവണ്ടി ബട്ടാലയിലേയ്ക്ക് പുറപ്പെട്ടിട്ടുണ്ടായിരുന്നു. ഷേക്ക് യഅ്കൂബ് അലി സാഹിബ് (റ) ഉൾപെടെ ഏതാനും ശിഷ്യൻമാർ ബട്ടാല വഴിയും ഖാദിയാനിലേക്ക് പുറപ്പെട്ടു. അവർ കനാൽ പാലത്തിനടുത്തെത്തിയപ്പോൾ, ബട്ടാലക്കും മസാനിയനും ഇടയിലുള്ള സ്ഥലത്ത് പാലത്തിൽവെച്ച് വാഗ്ദത്തമസീഹിനെ തടഞ്ഞ് നിർത്തി കനാലിലേയ്ക്ക് വലിച്ചെറിഞ്ഞുകൊലപ്പെടുത്താനുള്ള ഒരു ഗൂഢാലോചനയെകുറിച്ച് അറിയുവാൻ ഇടയായി. കാളവണ്ടി പാലത്തിന്നടുത്തെത്തിയപ്പോൾ ഒരു അക്രമിസംഘം അതിനെ വളയുകയും ഏറ്റുമുട്ടുകയും ചെയ്തു. വണ്ടിയിൽ വാഗ്ദത്ത മസീഹ് ഇല്ലെന്ന് അറിഞ്ഞപ്പോൾ അക്രമികൾ ക്ഷമായാചനം നടത്തി പിരിഞ്ഞുപോയി. (തദ്കിറ പേജ്. 425–426).

സദർ അഞ്ചുമന്റെ തീരുമാനം റദ്ദാക്കി

സദർ അഞ്ചുമൻ അഹ്മദിയ്യയുടെ സിക്രട്ടറി (നാസിം) ആയിരുന്ന മൗലവി മുഹമ്മദലി സാഹിബ് അഞ്ചുമൻ യോഗത്തിൽ കൊണ്ടുവന്ന ഒരു പ്രമേയത്തിൽ 'ബിഹ്ശ്തി മഖ്ബറ'യുടെ ഓഫീസർ സ്ഥാനത്ത് നിന്നും ഹസ്രത്ത് സയ്യിദ് അഹ്സൻ സാഹിബ് അംറോഹിയെ നീക്കം ചെയ്യണമെന്നും 'വായിസ്' (ഉപേദശക പ്രസംഗകൻ) എന്ന നിലയിൽ കൊടുത്തുവന്ന ശമ്പളം തുടർന്നും നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. സെക്രട്ടറിയേറ്റിലെ ഒരംഗം എന്ന നിലയിൽ മുഹമ്മദ് അഹ്സൻ സാഹിബും യോഗത്തിൽ സന്നിഹിതനായിരുന്നുവെങ്കിലും ചർച്ചയൊന്നുംകൂടാതെ പ്രമേയം പാസ്സായി. അംറോഹി സാഹിബിന് ഈ തീരുമാനത്തിൽ അതൃപ്തിയുണ്ടായിരുന്നു. ഈ തീരുമാനത്തെക്കുറിച്ചു അറിഞ്ഞപ്പോൾ വാഗ്ദത്തമസീഹ് (അ) പ്രശ്നത്തിൽ നേരിട്ട് ഇടപെടുകയും തീരുമാനം റദ്ദ് ചെയ്ത് മുഹമ്മദ് അഹ്സൻ സാഹിബിനെ പൂർവ്വ സ്ഥാനത്ത് പ്രതിഷ്ഠിക്കുകയുമുണ്ടായി. സദർ അഞ്ചുമന്റെ തീരുമാനം അന്തിമമല്ലെന്നും അത്

പുനരാലോചന ചെയ്യേണ്ട ആവശ്യം ഉണ്ടാകാമെന്നും പരമാധികാരുമുള്ള ആളെന്ന നിലയിൽ വാഗ്ദത്ത മസീഹിന്നും അവിടുത്തെ പ്രതിനിധിയെന്ന നിലയിൽ ഖലീഫത്തുൽ മസീഹിന്നും അത് റദ്ദാക്കാനുള്ള അവകാശങ്ങൾ ഉണ്ടായിരിക്കുമെന്നും ഈ നടപടി തെളിയിച്ച് കാട്ടി. ഈ ഇടപെടലിൽ മൗലവി മുഹമ്മദലി സാഹിബ് അതൃപ്തി പ്രകടിപ്പിച്ചിരുന്നതായി പറയപ്പെടുന്നു. (സീറത്തുൽ മഹ്ദി).

രണ്ടാം വിവാഹത്തിന്നെതിരെ കരാർ

മിയാൻ ഖൈറുദ്ദീൻ സാഹിബ് സേഖ്വാനി ഇപ്രകാരം നിവേദനം ചെയ്യുന്നു:

താബി എന്ന് പേരായ ഒരു ദാസിയുടെ മകളുടെ മകൾക്ക് ഖാദിയാൻ നിവാസിയായ ഫഖീർ മുഹമ്മദുമായുള്ള വിവാഹം ഉറപ്പിക്കപ്പെട്ടു. ഹസ്രത്ത് സാഹിബ് ഫഖീർ മുഹമ്മദിനോട് സ്റ്റാമ്പ് പേപ്പർ വാങ്ങിക്കൊണ്ട്വരാൻ കൽപിച്ചു. അദ്ദേഹം നിശ്ചിത തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പറുമായി വന്നപ്പോൾ ഗോൾക്കമ്രയിൽ വച്ചു എന്റെ സാന്നിദ്ധ്യത്തിൽ ഫക്കീർ മുഹമ്മദ് എഴുതിക്കൊടുക്കുന്ന നിലയിൽ ഒരു കരാറുണ്ടാക്കി. താൻ ഇന്ന സ്ത്രീയെ നിക്കാഹ് ചെയ്യുന്നുവെന്നും അഞ്ഞൂറുരൂപ ഹക്ക്മഹർ നൽകുന്നതാണെന്നും അവരുടെ മുഴുവൻ ചിലവും താൻതന്നെ വഹിച്ചുകൊള്ളുന്നതാണെന്നും അവളുടെ ഇഷ്ടത്തിന്നെതിരായി (അഥവാ, അവളുടെ ജീവകാലം വരെ) മറ്റൊരു വിവാഹം ചെയ്യുന്നതല്ലെന്നുമായിരുന്നു രേഖയിൽ ഉറപ്പ് നൽകിയത്. ആ ലിഖിതം പിന്നീട് സ്റ്റാമ്പ് പേപ്പറിൽ പകർത്തി എഴുതുന്നതിന്ന് എന്നെ ഏൽപിച്ചു. ഞാൻ അവിടെ വെച്ചുതന്നെ മുദ്രക്കടലാസിൽ പകർക്കുകയും ചെയ്തു.

'നിക്കാഹ് നാമ'യിൽ ഇപ്രകാരം ഒരു കൂടുതൽ നിബന്ധന നിശ്ചയിക്കുന്നത് അനുവദനീയം (ജായിസ്) ആണെന്ന് ഇതോടെ വ്യക്തമായി. രണ്ടാം നിക്കാഹ് സംബന്ധിച്ചിടത്തോളം സ്ത്രീയുടെ ഭാഗത്ത്നിന്ന് ഇപ്രകാരം ഒരു നിബന്ധന ഉന്നയിക്കാവുന്നതാണെന്നും വാഗ്ദത്ത മസീഹ് (അ) എഴുതിയിരിക്കുന്നു. താൻ ജീവിച്ചിരിക്കെ തന്റെ ഭർത്താവ് മറ്റൊരു വിവാഹം

നടത്തുന്നതല്ലായെന്ന് ഒരു കരാറുണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതാണെന്നും അല്ലാത്ത പക്ഷം മറ്റൊരു വിവാഹം ചെയ്യാനുള്ള അനുവാദം പ്രാബല്യത്തിലുണ്ടായിരിക്കുമെന്നും വാഗ്ദത്ത മസീഹ് (അ) 'ചശ്മയെ മഅ്രിഫ'യിൽ എഴുതിയിരിക്കുന്നു. ദൈവം നിശ്ചയിച്ച നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭർത്താവ് രണ്ടാം വിവാഹം ചെയ്യുന്നതായാൽ ആദ്യഭാര്യക്ക് അതിൽ അതൃപ്തിയുള്ള പക്ഷം അവൾക്ക് വിവാഹബന്ധത്തിൽ മോചനം നേടാവുന്നതാണെന്നും അല്ലാതെ ഇസ്‌ലാമികനിയമത്തെ ചോദ്യം ചെയ്യാവുന്നതല്ലെന്നും അവിടുന്ന് എഴുതി (ചശ്മയെ മഅ്രിഫ, റൂ. ഖ; ജി. 23, പു. 246; സീറത്തുൽ മഹ്ദി ഭാ. 3, പു. 88)

പോലീസ് വേഷത്തിൽ ഭീഷണി

മിർസാ ഹൈറത്ത് ബേഗ് ദഹ്‌ലവി ഒരു വലിയ പ്രശസ്തി പ്രിയനായിരുന്നു. ഇയാൾ പിന്നീട് 'കർസൺ ഗസറ്റ്' എന്നപേരിൽ ഒരു പത്രം നടത്തുകയുണ്ടായി. ഹസ്രത്ത് അഹ്മദ് (അ) മസീഹ് വാദം പുറപ്പെടുവിച്ച ആദ്യകാലത്ത് ഡൽഹി സന്ദർശിച്ചപ്പോൾ മീർസാ ഹൈറത്ത് ബേഗ് അവിടുത്തെ ഭവനത്തിൽ ഒരിക്കൽ വന്ന് കയറി. പരിഹാസപ്രിയനും ഹാസ്യപ്രകടനക്കാരനുമായ മിർസാ ഹൈറത്ത് ഇംഗ്ലീഷ് വേഷം ധരിച്ചിരുന്നു. ഒരു മണിക്കൂർ നേരം അയാൾ അവിടെ കഴിച്ചുകൂട്ടി. അതിനിടയിൽ കുറേ തോന്ന്യാസങ്ങൾ വിളിച്ച് പറയുകയുമുണ്ടായി. ഇതിന് രണ്ട് ദിവസം മുമ്പു അയാൾ ഇംഗ്ലീഷിലും ഉറുദുവിലും അച്ചടിച്ച ഒരു വിജ്ഞാപനം തയ്യാറാക്കി കെട്ടുമായി ഫതഹ്ഘഡ് പള്ളി മിനാരത്തിൽ കയറി നോട്ടീസുകൾ പുറത്തേയ്ക്ക് എറിഞ്ഞുകൊണ്ടിരുന്നു. ഡൽഹിയിൽ ഒരു ദജ്ജാൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നും ആ ദജ്ജാലിനെ കൊല്ലുകയാണ് തന്റെ ലക്ഷ്യമെന്നും അതിൽ അച്ചടിച്ചിരുന്നു. ഇത് ദില്ലിയിലെ മൌലവിമാരുമായി ആലോചിച്ച് ഉറപ്പിച്ചതായിരുന്നു. അവർ ഇതൊക്കെ കേട്ടും കണ്ടും പരിഹാസം കൊള്ളുകയായിരുന്നു!

ഒരിക്കൽ ഹൈറത്ത് ബേഗ് പോലീസ് ഇൻസ്പെക്ടറുടെ വേഷത്തിൽ ഹസ്രത്ത് സാഹിബിന്റെ അടുക്കൽ വന്നു. ഡൽഹി

യിൽനിന്ന് ഉടനെ മടങ്ങിപ്പോയിക്കൊള്ളണമെന്നും അല്ലാത്ത പക്ഷം വിഷമങ്ങളെ നേരിടേണ്ടിവരുമെന്നും ഇതു സർക്കാരിൽ നിന്നുള്ള കൽപനയാണെന്നും പറഞ്ഞു. ഹസ്രത്ത് സാഹിബ് തെല്ലും ഗൗനിച്ചില്ല. മുഖത്ത് നോക്കുകയോ ശ്രദ്ധിക്കുകയോ ചെയ്തില്ല. എന്നാൽ അവിടെ സന്നിഹിതനായിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനായ സയ്യിദ് അമീർഅലിഷാ സാഹിബ് അയാളുമായി സംസാരിച്ചു. ഇദ്ദേഹം പോലീസ് ഓഫീസറാണെന്ന് ഹൈറത്തിന് അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം ചോദ്യം ചെയ്തപ്പോൾ പതറി; പരിഭ്രമത്തിലുമായി. കള്ളി വെളിച്ചത്താകുമെന്ന് കണ്ടപ്പോൾ അയാൾ വേഗം തടിതപ്പി (മുജദ്ദിദെ അഅ്സം, ഒന്നാം ഭാഗം).

മരണത്തിൽനിന്ന് ജീവന്മുക്തി

മാലർകോട്ട്ലാ നവാബിന്റെ മാതൃസഹോദരനായിരുന്ന മുഹമ്മദലിഖാന്റെ പുത്രൻ മിയാൻ അബ്ദുറഹ്മാൻ ഖാന് ടൈഫോയിഡ് പിടിപെട്ടു രണ്ട് ഡോക്ടർമാരും ഹസ്രത്ത് ഹക്കീം മൌലാനാ നൂറുദ്ദീൻ സാഹിബും രോഗിയെ ചികിത്സിച്ചുപോന്നിരുന്നെങ്കിലും രോഗം മൂർച്ഛിക്കുകയും ഒടുവിൽ ഡോക്ടർമാർ കൈയ്യൊഴിക്കുകയും ചെയ്തു. ഇനി മരുന്നൊന്നും കൊടുക്കേണ്ടെന്നും നിർദ്ദേശിക്കുകയുണ്ടായി. വാഗ്ദത്ത മസീഹ് (അ) ദൈവസവിധത്തിൽ പ്രാർത്ഥന നടത്തി. പ്രാർത്ഥനയ്ക്കുള്ള സമയം കഴിഞ്ഞുഎന്നാണെങ്കിൽ യുവാവിന്റെ ജീവൻ രക്ഷിക്കാനായി താൻ ശുപാർശചെയ്യുന്നുവെന്ന് ഹസ്രത്ത് അഹ്മദ് (അ) ദൈവസവിധത്തിൽ ബോധിപ്പിച്ചു. അനുവാദമില്ലാതെ ശുപാർശ ചെയ്യാൻ ആർ ധൈര്യപ്പെടുന്നു? എന്ന് ഒരു വെളിപാടുണ്ടായി. വാഗ്ദത്ത മസീഹ് പ്രാർത്ഥന മതിയാക്കിയെങ്കിലും ഉടൻതന്നെ മറ്റൊരു വെളിപാട് ലഭിച്ചു. 'ഇന്നക്ക അൻതൽ മജാസ്' (ശുപാർശകൾക്കുള്ള അനുവാദം നൽകിയിരിക്കുന്നു.) വെളിപാട് വീണ്ടും ലഭിച്ചപ്പോൾ വാഗ്ദത്ത മസീഹ് (അ) ദൈവ സവിധത്തിൽ നിവേദനം നടത്തി. 'അല്ലാഹു യുവാവിനെ മരണത്തിൽ നിന്നു തന്റെ ശുപാർശപ്രകാരം രക്ഷിച്ചിരിക്കുന്നു' എന്ന് അവിടുന്ന് മുറിയിൽനിന്ന് പുറത്ത് വന്ന് പറഞ്ഞു.

അതോടെ യുവാവിന്റെ നില മെച്ചപ്പെട്ട് തുടങ്ങി. ഏതാനും ദിവസം കൊണ്ട് ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു. കുട്ടി പിന്നീട് ഇംഗ്ലണ്ടിൽപോയി പഠിച്ച് വക്കീലായി പ്രാക്ടീസ് നടത്തി. ഇപ്രകാരം മരണത്തിന്റെ വായിലെത്തിയ ആൾക്ക് വാഗ്ദത്ത മസീഹ് ജീവൻ നൽകിയ വേറെയും സംഭവങ്ങളുണ്ട്. (തദ്കിറ).

മരണത്തിലേയ്ക്ക് ഒരു മുതലക്കൂപ്പ്

ജമ്മുദേശക്കാരനായ ചിറാഗ് ദീൻ എന്നൊരാൾ വാഗ്ദത്ത മസീഹിന്റെ മുരീദൻമാരിൽപെട്ട ഒരാളായിരുന്നു. 1902 ഏപ്രിലിൽ അയാൾ താൻ ഈസാ മസീഹാണെന്ന വാദം പുറപ്പെടുവിച്ചു. മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിലുള്ള ശണ്ഠകൾ അവസാനിപ്പിക്കയും ഖുർആനും ബൈബിളും തമ്മിലുള്ള തർക്കം തീർക്കുകയും ചെയ്യാൻ താൻ നിയുക്തനായിരിക്കുകയാണെന്നും താൻ ദൈവനിയുക്തനാണെന്നതിലേയ്ക്കുള്ള ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതാണെന്നും അയാൾ വീരവാദം മുഴക്കുകയും വലിയ ഒച്ചപ്പാട് ഉണ്ടാക്കുകയും ചെയ്തു. വളരെ വേഗം ഇത്തരം വാദങ്ങൾ പിൻവലിച്ച് പശ്ചാതാപം പ്രകടിപ്പിക്കാത്ത പക്ഷം തന്റെ ശിഷ്യവൃന്ദത്തിൽനിന്നും പുറത്താക്കുന്നതാണെന്ന് വാഗ്ദത്തമസീഹ് താക്കീത് പുറപ്പെടുവിക്കുകയും 'ദാഫിഉൽ ബലാ' എന്ന തന്റെ പുസ്തകത്തിൽ താക്കീത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ചിറാഗുദ്ദീന്ന് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നതിന്ന് തന്റെ ഒരു ശിഷ്യനായ മൗലാനാ മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹിയെ നിയോഗിക്കുകയുമുണ്ടായി. തുടർന്ന് 1902 ഏപ്രിലിൽതന്നെ അയാൾ മാപ്പെഴുതി അയക്കുകയും അത് അൽഹക്കം പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കുറച്ച് നാൾ കഴിഞ്ഞപ്പോൾ അയാൾ വീണ്ടും തന്റെ പഴയ വാദം ഉന്നയിക്കുകയും പൂർവ്വാധികം ശക്തിയിൽ പ്രചരിപ്പിക്കുകയും വാഗ്ദത്ത മസീഹിനെ കഠിനമായി ആക്ഷേപിക്കുകയുമുണ്ടായി. 'മിനാരത്തുൽ മസീഹ്' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. താൻ ആത്മീയ മിനാരത്ത് സ്ഥാപിച്ചുയർത്താനായിവന്നതാണെന്നും ദജ്ജാലിനെ

കൊല്ലാൻ തനിയ്ക്ക് ഈസ ഒരു വടി നൽകിയിരിക്കുകയാണെന്നും മറ്റും അയാൾ ഘോഷിച്ചുപോന്നു. ഒരുകൊല്ലം കഴിഞ്ഞപ്പോൾ മറ്റൊരു പുസ്തകം കൂടി പ്രസിദ്ധപ്പെടുത്തുകയും അതിൽ മുബാഹല പ്രാർത്ഥന ചേർക്കുകയും അതോടൊപ്പം വാഗ്ദത്ത മസീഹിന്റെ നാശത്തെ കാംക്ഷിക്കുകയും ചെയ്തു. മിർസാ സാഹിബിനെ ഒരു ഫിത്നക്കാരനായി ആ പ്രാർത്ഥനയിൽ ചിത്രീകരിക്കുകയും ആ ഫിത്നയെ ഭൂമുഖത്ത് നിന്ന് നീക്കിക്കളയാൻ ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു. ഈ പ്രസ്താവന അച്ചടിക്കാൻ കല്ലച്ചിൽ എഴുതിക്കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ ചിറാഗുദ്ദീൻ ജമ്മൂനിയ്ക്ക് പ്ലേഗ് പിടിപെട്ടു. അയാളുടെ രണ്ട് ആൺകുട്ടികൾ ഒന്നിൻപിന്നൊന്നായി മരണപ്പെട്ടു. രണ്ട് ദിവസം കഴിഞ്ഞ് 1906 ഏപ്രീൽ 4-ല്പ ചിറാഗുദ്ദീനും പ്ലേഗിന്നിരയായി ലോകത്തോട് യാത്രപറഞ്ഞു. മരണത്തിന്ന് ശേഷമാണ് അയാളുടെ പുസ്തകം പുറത്ത് വന്നത് (ഹയാത്തെ തയ്യിബ).

ശാപശിക്ഷ ഉടനടിവേണം!

മൌലവി ഗുലാം ദസ്തഗീർ ഖുസൂരി വാഗ്ദത്ത മസീഹിനെ മുബാഹലയ്ക്കായി വെല്ലുവിളിച്ചു. മുബാഹല നടത്തുന്നിടത്ത്വച്ചുതന്നെ ഫലപരിണതി കാണണമെന്ന നിബന്ധനയും അയാൾ ഉന്നയിക്കുകയുണ്ടായി. എന്നാൽ, റസൂൽ കരീം (സ) നജ്റാനിലെ കൃസ്ത്യാനികളെ മുബാഹലയ്ക്ക് ക്ഷണിച്ചപ്പോൾ അവലംബിച്ച നിബന്ധന അനുസരിച്ച് ഫലം ഒരു കൊല്ലത്തിന്നുള്ളിൽ വെളിപ്പെടുന്നതായിരിക്കുമെന്ന് വാഗ്ദത്ത മസീഹ് വിജ്ഞാപനം ഇറക്കി. തിരുനബിയുടെ മാർഗ്ഗം സ്വീകരിക്കാൻ അയാൾ തയാറുണ്ടായിരുന്നില്ല. അയാൾ 'ഫത്ഹെ റബ്ബാനി' എന്ന പേരിൽ ഒരു പുസ്തകം രചിക്കുകയും സ്വയം പ്രാർത്ഥന പ്രസിദ്ധപ്പെടുത്തുകയുമാണ് ചെയ്തത്. ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) നശിച്ചുപൊകട്ടെയെന്ന് അയാൾ അസന്ദിഗ്ധമായും പ്രാർത്ഥിച്ചു. പ്രാർത്ഥന നടത്തി ഏതാനും ദിവസം കൊണ്ട്തന്നെ ഗുലാം ദസ്തഗീർ ഖുസൂരി പ്ലേഗിന്നിരയായി ഈ ലോകത്ത് നിന്നും അപ്രത്യക്ഷനായി. ഇത് നടന്നത് 1897-ൽ. (ഹയാത്തെ തയ്യിബ)

കഥകളും നോവലുകളും

ദൈവീക ഗ്രന്ഥത്തിൽ കഥകൾ ഉണ്ടായിരിക്കാൻ പാടുള്ളതല്ലെന്ന ആര്യ സമാജക്കാരുടെ വാദമുഖത്തിന്ന് ഖണ്ഡനമായി ജനങ്ങളെ നന്മയിലേയ്ക്ക് നയിക്കുന്നതും സൽഗുണസമ്പന്നരും സംസ്കൃതരും ആക്കിത്തീർക്കുന്നതിന് ഉദ്ദേശിച്ചുള്ളതുമായ കഥകൾ രചിക്കുന്നത് ഒരിക്കലും വിരോധിക്കപ്പെട്ടതല്ലെന്ന് വാഗ്ദത്ത മസീഹ് പ്രസ്താവിച്ചു. അവിടുന്ന് 'ചശ്മയെ മഅ്രിഫ'യിൽ ഇപ്രകാരം എഴുതി:

"ജനങ്ങളെ സദാചാരത്തിലേയ്ക്കും സൽസ്വഭാവങ്ങളിലേയ്ക്കും പ്രചോദിപ്പിക്കുന്നതിലും തിൻമകളിൽനിന്ന് പ്രതിരോധിക്കുന്നതിലും കഥകൾക്ക് വലിയ പങ്കുണ്ടെന്നത് പ്രത്യക്ഷമാണ്. എത്രത്തോളമെന്നാൽ നോവലുകളും മറ്റും വായിക്കുന്നവർ കാൽപനിക കഥകളിൽ ആകൃഷ്ടരായിത്തീരുന്നു. യഥാർത്ഥത്തിൽ സംസ്കരണത്തിന്നും സ്വഭാവനിർമിതിയ്ക്കുമുള്ള ഒരു വലിയ വൈജ്ഞാനികോപാധിയാണ് അത്. ലോകാരംഭം മുതൽക്ക് തന്നെ ഇത് ഒരു ഉപാധിയായി ജനങ്ങൾ പ്രയോജനപ്പെടുത്തിവന്നിട്ടുണ്ടെന്നും ഇപ്പോഴും ഉപയോഗപ്പെടുത്തുന്നുവെന്നും കാണാം."

വേദങ്ങളിലും കഥകളുണ്ടെന്ന് അവിടുന്ന് ചൂണ്ടിക്കാട്ടി. കൗശികമുനിയുടെ കഥ വേദത്തിലില്ലേയെന്ന് അവിടുന്ന് ചോദിക്കുകയും ചെയ്തു. വിലയേറിയ ഉദാഹരണങ്ങളിലൂടെ നന്മയിലേയ്ക്കും സംസ്കൃതിയിലേക്കും ജനങ്ങളെ ആകർഷിക്കുകയും ദുഷ്കൃതികളുടെയും ദുഷ്ടൻമാരുടെയും അന്തിമപരിണാമം വിവരിച്ചുകൊണ്ട് ജനങ്ങളെ തിന്മയിൽനിന്ന് അകറ്റുകയും ചെയ്യുന്ന അത്തരം കഥകളെ മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കുന്ന സൈനിക ശക്തികളായി അവിടുന്ന് വിശേഷിപ്പിച്ചു. (ചശ്മയെ മഅ്രിഫ)

'ഇത് നിന്റെ ശത്രു'

ഒരിക്കൽ ഒരപരിചിതൻ വാഗ്ദത്ത മസീഹിനെ കാണാൻ അവിടുത്തെ ഭവനത്തിൽ എത്തി. തൽക്ഷണം തനിക്ക് ലഭിച്ച

ഇംഗ്ലീഷിലുള്ള ഒരു വെളിപാട് ശബ്ദം കടലാസിൽ കുറിച്ച് അതുമായി പുറത്ത് വന്ന് ആഗതന്ന് കാണിച്ച് അതുവായിപ്പിച്ചു. This is your enemy (ഇത് നിന്റെ ശത്രുവാകുന്നു) എന്നാണ് വെളിപാട് വാചകം. യഥാർത്ഥത്തിൽ കടുത്തൊരു ശത്രുവായിരുന്നു അയാൾ. ദുരുദ്ധേശത്തോടുകൂടിയാണ് അയാൾ അവിടെ വന്നത്. തന്റെ ഉള്ളിലുള്ള ദുർവിചാരത്തെക്കുറിച്ച് അയാൾ ഓർത്തു. തന്റെ അന്തർഗതം ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു, വെളിപാടിലൂടെ, അയാൾ അത്ഭുത പരതന്ത്രനായി. ഇത് നിശ്ചയമായും ദൈവത്തിന്റെ ആൾതന്നെ ഈ മഹാനെ എതിരിടാൻ പറ്റില്ല. അയാൾ മാനസാന്തരത്തോടെ പിൻവാങ്ങി.

6

യുഗപുരുഷൻ മറഞ്ഞപ്പോൾ

പത്രലോകം പ്രതികരിക്കുന്നു

ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ചരമം പ്രാപിച്ചപ്പോൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട അഭിപ്രായങ്ങൾ ചുവടെ കുറിക്കുന്നു:

വക്കീൽ

ലാഹൗറിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന വക്കീൽ* എന്ന സുപ്രസിദ്ധപത്രം എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

"ആരുടെ തൂലിക മന്ത്രവിദ്യയും നാവ് ഇന്ദ്രജാലവും ആയിരുന്നുവോ, ആർ ധൈഷണികാത്ഭുതങ്ങളുടെ ജീവൽ പ്രതീകമായിരുന്നുവോ, ആരുടെ ദൃഷ്ടി വിപ്ലവവും ശബ്ദം പ്രളയകാഹളവുമായിരുന്നുവോ, ആരുടെ വിരലുകളിൽ വിപ്ലവത്തിന്റെ തന്ത്രികൾ ചുറഞ്ഞുകിടന്നിരുന്നുവോ, ആരുടെ മുഷ്ടിദ്വയം രണ്ട് വൈദ്യുതീസംഭരണികളായിരുന്നുവോ, ഖിയാമത്തിന്റെ അലമുറയായിവന്ന് സുഷുപ്തിയിലാണ്ടവരെയെല്ലാം വിളിച്ചുണർത്തിക്കൊണ്ട് മുപ്പത് വർഷക്കാലം ഭൂകമ്പവും കൊടുംകാറ്റുംപോലെ വിലസിയിരുന്നതാരോ ആ വ്യക്തി, ആ മഹാപുരുഷൻ വെറും കയ്യോടെ ഇതാ ഈ ലോകത്ത് നിന്നും തിരോധാനം ചെയ്തിരിക്കുന്നു..... മീർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയുടെ വിരഹം പാഠമുൾക്കൊള്ളാതെ തള്ളിവിടാൻ പറ്റിയ ഒന്നല്ല. കാല

* പഞ്ചാബിലെ സുപ്രസിദ്ധമായ 'വക്കീൽ' പത്രത്തിന്റെ എഡിറ്ററായി പ്രവർത്തിച്ചുപോന്ന മൗലാനാ അബുൽകലാം ആസാദ് ആണ് ഈ മുഖക്കുറിപ്പ് എഴുതിയതെന്ന് പ്രശസ്ത ഉറുദു സാഹിത്യകാരനായിരുന്ന അബ്ദുൽമജീദ് സാലിക് സാഹിബ് യാറാനെ കൂഹൻ (പു. 42) എന്ന ഉറുദു സാഹിത്യകൃതിയിൽ എഴുതിയിരിക്കുന്നു. ഹസ്രത്ത് അഹ്മദുൽഖാദിയാനിയുടെ ലിഖിതങ്ങളിൽ ആകൃഷ്ടനായിരുന്നു അദ്ദേഹം. ആസാദ് ഹസ്രത്ത് അഹ്മദ് (അ) നെ സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ഹസ്രത്ത് അഹ്മദിന്റെ ജനാസയെ അദ്ദേഹം അനുഗമിച്ചിരുന്നതായും യൗറാനെ കൂഹൻ എന്ന മുൻ പ്രസ്ഥാപിച്ച സാഹിത്യകൃതിയിൽ പറഞ്ഞിരിക്കുന്നു. ഈ മുഖക്കുറിപ്പിലെ ശക്തമായ പ്രതിപാദന ശൈലിയും അതെഴുതിയത് ആസാദ് തന്നെയാണെന്ന് തെളിയിക്കുന്നുണ്ട്. ഇക്കാലത്ത് വക്കീൽ പത്രത്തിന്റെ അധിപർ ആസാദ് തന്നെയായിരുന്നു എന്ന് 'ആസാദ് കി കഹാനി ആസാദ് കി സബാനി' എന്ന ആത്മകഥയിലും പറയുന്നുണ്ട്. വക്കീൽ പത്രത്തിന്റെ പ്രസാധകനായിരുന്ന മൗലാന അബ്ദുല്ലാ ഇമാദി ഈ അവസരത്തിൽ ലഖ്നോവിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന 'അൽബയാൻ' മാസികയുടെ എഡിറ്ററായിരുന്നു.

ക്രമേണ മനസ്സിൽനിന്നും മാഞ്ഞുകൊള്ളുമെന്ന് കരുതി ആശ്വസിച്ചിരിക്കാവുന്നതുമല്ല. മതലോകത്ത്, ചിന്തകലോകത്ത് വിപ്ലവം സൃഷ്ടിക്കുന്ന ഇത്തരക്കാർ ഭൂമിയിൽ എല്ലാകാലത്തും പ്രത്യക്ഷപ്പെടാറില്ല. ഇത്തരം ചരിത്രനായകൻമാർ വളരെ അപൂർവ്വമായിട്ട് മാത്രമെ ലോകത്ത് വരാറുള്ളൂ. വന്നാലോ, അവർ മഹാപരിവർത്തനം വരുത്തിക്കാണിക്കുകയും ചെയ്യും.

"മീർസാസാഹിബിന്റെ വിയോഗം അദ്ദേഹത്തിന്റെ ചില വാദങ്ങളോടും വിശ്വാസങ്ങളോടും കടുത്ത എതിർപ്പുകൾ വച്ചു പുലർത്തിക്കൊണ്ട്തന്നെ മുസൽമാൻമാർക്ക്, അവരുടെ ഒരു വലിയ ആൾ അവരിൽനിന്നും എന്നന്നേക്കുമായി വേർപെട്ടുപോയെന്ന ഒരു തോന്നലാണ് ഉളവാക്കിയിരിക്കുന്നത്. അതോടൊപ്പം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരിൽ അദ്ദേഹത്തിന്റെ മഹത്വവുമായി ബന്ധപ്പെട്ട ആ വമ്പിച്ച പ്രതിരോധ പ്രസ്ഥാനം തകർന്ന് പോയെന്ന ഒരു തോന്നലും!

"അദ്ദേഹം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരിൽ വിജയശ്രീലാളിതനായ ഒരു സേനാപതിയുടെ ഭാഗമാണ് പൂർത്തിയാക്കിക്കൊണ്ടിരുന്നതെന്ന ആ പ്രത്യേകത ഈ അനുഭവം തുറന്ന നിലയിൽ ഏറ്റുപറയാൻ നമ്മെ നിർബന്ധിക്കുന്നു. നമ്മുടെ ശത്രുസമൂഹത്തെ ഏറെക്കാലം നിശ്ചേതനമാക്കിയ ആ സംഘടിതമായ സമുജ്ജ്വലപ്രസ്ഥാനം മേലിലും തുടർന്ന് പോകുന്നതിന്ന് വേണ്ടിതന്നെ!

"മിർസാ സാഹിബിന്റെ സാഹിത്യം ക്രൈസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരിൽ വെളിക്ക്വന്ന ആ സാഹിത്യം പൊതുസമ്മതി നേടിക്കഴിഞ്ഞിട്ടുള്ളതാണ്. ആ നിലക്ക് അദ്ദേഹത്തെ ആരും പരിചയപ്പെടുത്തേണ്ടതായിട്ടില്ല. അദ്ദേഹം തന്റെ കർത്തവ്യം പൂർത്തിയാക്കിക്കഴിഞ്ഞ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മഹത്വവും സ്ഥാനവും പൂർണ്ണ ഹൃദയത്തോടെ അംഗീകരിക്കുവാൻ നാം നിർബന്ധിതരായിത്തീരുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ഇസ്ലാം ശത്രുക്കളുടെ അക്രമണങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയും യഥാർത്ഥ സംരക്ഷകനാൽ അതിന്റെ സേവനത്തിന്ന് നിയോഗിക്കപ്പെട്ടിട്ടുള്ള മുസൽമാൻമാർ

തങ്ങളുടെ കൊടുംപാതകങ്ങളുടെ കെടുതികളിൽകുടുങ്ങി ഏങ്ങലടിച്ച് കിടക്കുകയും, ഇസ്‌ലാമിന് വേണ്ടി ഒന്നും ചെയ്യാതെയും ചെയ്യാനാകാതെയും കഴിയുകയും ചെയ്തിരുന്ന ആ നിസ്സഹായകാലഘട്ടം മനോമണ്ഡലത്തിൽനിന്ന് ഒരിക്കലും മറഞ്ഞ്പോകുന്നില്ല. കൃസ്തീയ ലോകമാകെതന്നെ ഇസ്‌ലാമിന്റെ ഭദ്രദീപത്തെ തങ്ങളുടെ രാജപാതയിലെ വിഘ്നമായിക്കണ്ട്കൊണ്ട് അതിനെ നീക്കിക്കളായാനാഗ്രഹിക്കുകയും ബുദ്ധിപരവും ധനപരവുമായ ശക്തികളത്രയും ഈ ആക്രമണത്തിന്ന് ആക്കംകൂട്ടാൻ സമർപ്പിക്കുകയും ചെയ്തിരുന്ന കാലഘട്ടമായിരുന്നു അത്. മറുഭാഗത്ത്, തോക്കിന്നെതിരിൽ കുന്തംപോലും ഇല്ലാതിരുന്ന അവസ്ഥയിൽ ഇസ്‌ലാമിക പ്രതിരോധത്തിന്റെ ദൗർബല്യവും പ്രകടമായിരുന്നു. അവിടെ ആക്രമണമെന്നോ, പ്രതിരോധമെന്നോ പറയാവുന്ന ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തണലിൽകഴിഞ്ഞ, യഥാർത്ഥത്തിൽ സാമ്രാജ്യത്തിന്റെ ജീവൻതന്നെയായിമാറിയ കൃസ്തുമതത്തിന്റെ ആദ്യകാല പ്രഭാവത്തെ മിർസാസാഹിബിന്റെ ഈ പ്രതിരോധസംരംഭങ്ങൾ കാറ്റിൽ പറത്തിക്കളയുകയും അങ്ങിനെ ആയിരക്കണക്കിലും ലക്ഷക്കണക്കിലും മുസ്‌ലിംകൾ അതിന്റെ കൂടുതൽ ഭയാനകവും ആസൂത്രിതവുമായ ആക്രമണത്തിന്റെ സ്വാധീനത്തിൽനിന്ന് രക്ഷപ്രാപിക്കുമാറാകുകയും ചെയ്തു. അതോടൊപ്പം കൃസ്തുമതത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യം വെറും പുകമറയായി മങ്ങി മറഞ്ഞുതുടങ്ങി.... ചുരുക്കത്തിൽ, മിർസാ സാഹിബിന്റെ ഈ സേവനം വരും തലമുറകൾക്ക് കനപ്പെട്ട സംഭാവനയായിതന്നെയിരിക്കും. എന്തെന്നാൽ, തൂലിക മുഖേനയുള്ള ജിഹാദ് നടത്തുന്നവരുടെ 'ആദ്യത്തെ സഫ്ഫി'ൽതന്നെ സ്ഥാനമുറപ്പിച്ച് കൊണ്ട് ഇസ്‌ലാമിന്റെ ഭാഗത്തെ പ്രതിരോധ ധർമ്മം നിർവഹിക്കുകയും മുസൽമാൻമാരുടെ സിരകളിൽ ഇസ്‌ലാമിന്റെ ജീവരക്തം ഓടുന്ന കാലത്തോളം', ഇസ്‌ലാംമതസംരക്ഷണത്തിനുള്ള അഭിനിവേശം സമുദായ ലക്ഷണമായി പരിലസിക്കുന്ന കാലത്തോളം നിലനിൽക്കുമാറുള്ള ഒരു സാഹിത്യ ഭണ്ഡാരം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

"ഇതിന്ന് പുറമെ, ആര്യസമാജത്തിന്റെ വിഷംവമിക്കുന്ന കുചലനങ്ങളെ നിഷ്പ്രഭമാക്കുന്നതിനും മീർസാ സാഹിബ് സവിശേഷമായ സേവനം അർപിച്ചിട്ടുണ്ട്. സ്വാമി ദയാനന്ദൻ ഇസ്ലാമിന്നെതിരെ തന്റെ ബുദ്ധിപരമായ പാപ്പരത്വത്തിന്റെ വിലാപകാവ്യം തുടങ്ങിവെച്ചപ്പോൾ മിർസാസാഹിബും മൗലാനാ മുഹമ്മദ് ഖാസിം നാനൂത്തുവി സാഹിബും ആണ് അതിനെ നേരിടുകയുണ്ടായത്. അവരിരുവരും ജീവിതകാലമത്രയും സ്വാമിജിയുടെയത്നങ്ങളെ വിഫലമാക്കിക്കൊണ്ടിരുന്നു. സ്വാമിജി അജ്മീരിൽ ദഹിപ്പിക്കപ്പെട്ടതിൽപിന്നെ ആര്യസമാജത്തിന്റെ മുഖത്ത് നിന്ന് പത്തൊമ്പതാം ശതകത്തിൽ ഈ ഹിന്ദു പരിഷ്കർത്താവ് തേച്ചു പിടിപ്പിച്ച പുറംപൂച്ച് പുറത്താക്കുന്ന കാര്യത്തിൽ മിർസാ സാഹിബ് തന്റെ മരണംവരെയും വ്യാപൃതനായിത്തന്നെയിരുന്നു. ആര്യസമാജത്തിന്നെതിരായുള്ള മിർസാസാഹിബിന്റെ ലിഖിതങ്ങൾ ഭാവിയിൽ നമ്മുടെ പ്രതിരോധപ്രസ്ഥാനം എത്രതന്നെ വിപുലീകരിക്കപ്പെട്ടാലും അവഗണിച്ച്കളയാൻ സാദ്ധ്യമേയല്ലെന്ന് വിളിച്ചറിയിക്കുന്നവയാണെന്ന് കാണാം.

"ബുദ്ധി കുശലത, കലാവൈഭവം, വിജ്ഞാനപാരംഗതത്വം, തർക്കശാസ്ത്രമർമ്മജ്ഞത എന്നിവ മിർസാ സാഹിബിൽ സവിശേഷമായ മഹത്വം സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. തന്റെ മതത്തിന്ന് പുറമെ മറ്റുള്ള മതങ്ങളെപറ്റിയുള്ള അദ്ദേഹത്തിന്റെ ജ്ഞാനം അപാരമായിരുന്നു. തന്റെയാ അറിവുകൾ ഉപയോഗപ്പെടുത്താൻ അദ്ദേഹത്തിനുള്ള പാടവവും ഒന്ന് വേറെതന്നെയായിരുന്നു. ഉൽബോധനങ്ങളിലും ഉപദേശങ്ങളിലും അസാധാരണമായ വൈഭവം വശമാക്കിയിരുന്നതിനാൽ പ്രതിയോഗി എത്ര കേമനായിരുന്നാലും അദ്ദേഹത്തിന്റെ പ്രത്യുത്തരം കേട്ട് ഒരുവേള ആഴമായ ചിന്തയിൽ ആണ്ടുപോകുമായിരുന്നു. ഇന്ത്യാരാജ്യം ഇന്ന് മതങ്ങളുടെ ഒരു കാഴ്ചബംഗ്ലാവാണെന്ന് പറയാം. ഇവിടെയുള്ള ചെറുതും വലുതുമായ മതങ്ങൾ പരസ്പരമുള്ള വടംവലികളിലൂടെയാണ് അവയുടെ നിലനിൽപ്പ് വിളംബരം ചെയ്തുകൊണ്ടിരിക്കുന്നത്. ലോകത്ത് മറ്റെങ്ങും ഉദാഹരണം കണ്ടെത്താനാകാത്ത ഒരു പ്രതിഭാസമാണ് ഇത്. ഈ എല്ലാ മതങ്ങൾക്കുമിടയിൽ നീതിമാനായ വിധികർത്താവാണ്

താനെന്നത്രെ മിർസാ സാഹിബിന്റെ വാദം. ഈ എല്ലാ മതങ്ങൾക്കുമെതിരിൽ ഇസ്‌ലാമിനെ വിജയിപ്പിച്ച് കാണിക്കുവാനുള്ള അന്യാദൃശ്യമായ കഴിവും അദ്ദേഹത്തിന്ന് സ്വായത്തമായിരുന്നു. ദൈവദത്തമായ മഹത്വത്തിന്റെയും പാരായണപരായണതയുടെയും ഉല്ലേഖനചാതുരിയുടേയും ഫലം അതായിരുന്നു. ഇപ്രകാരം തന്റെ ഉദാത്തമായ അഭിലാഷങ്ങളത്രയും മതങ്ങളുടെ പഠനങ്ങളിൽ മാത്രമായി ഒതുക്കിയ മറ്റൊരു ഉജ്ജ്വല പ്രഭാവശാലി ഭാവിയിൽ ഹിന്ദുസ്ഥാനിലെ മതാന്തരീക്ഷത്തിൽ ഉടലെടുക്കുമെന്ന് തോന്നുന്നില്ല." (വക്കീൽ, അമൃത്സർ, 1908 മെയ്)

തഹ്ദീബുന്നിസ്വാൻ

ലാഹൗറിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന 'തഹ്ദീബുന്നിസ്വാൻ' എന്ന പ്രശസ്തപത്രത്തിൽ സയ്യിദ് മുംതസ് അലി ഇംതിയാസ് എഴുതിയ മുഖക്കുറിപ്പിൽ പറഞ്ഞു:

"മിർസാ സാഹിബ് മർഹൂം അത്യധികം പരിശുദ്ധനും വളരെ വലിയ മഹാനുമായിരുന്നു. കഠിനരിൽ കഠിനരായ ആളുകളെ പോലും വഴങ്ങുമാറാക്കാനുള്ള നന്മയുടെ ഊർജ്ജം.

അദ്ദേഹം അങ്ങേയറ്റം അറിവ് മുറ്റിനിന്ന മഹാപണ്ഡിതനും അത്യുദാരമായ കരുത്തോടുകൂടിയ പരിഷ്കർത്താവും പരിശുദ്ധജീവിതത്തിന്റെ സന്മാതൃകയും ആയിരുന്നു. ഞങ്ങൾ അദ്ദേഹത്തെ മതപരമായ അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹായി വിശ്വസിച്ചിട്ടില്ല. എന്നാൽ, അദ്ദേഹത്തിന്റെ മാർഗ്ഗോപദേശവും നേതൃത്വവും മരിച്ച ആത്മാക്കളെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ ജീവാമൃതം (മസീഹായി) തന്നെയായിരുന്നു." (Quoted, തശ്ഹീദുൽ അസ്ഹാൻ, ജിൽദ് 3, നമ്പർ 10, 1908)

സമിന്ദാർ

ലാഹൗറിലെ സുപ്രസിദ്ധമായ 'സമിന്ദാർ' പത്രത്തിൽ തദധിപരായ മുൻശി സിറാജുദ്ദീൻ (മൌലാന സഫർ അലിഖാന്റെ പിതാവ്) ഇപ്രകാരം മുഖക്കുറിപ്പെഴുതി:

"മിർസാ ഗുലാം അഹ്മദ് സാഹിബ് 1860–1861 കാലത്ത് സിയാൽകോട്ട് കച്ചേരിയിൽ ഗുമസ്ഥനായി ജോലിചെയ്തിരുന്നു.

അന്ന് അദ്ദേഹത്തിന്റെ വയസ്സ് 23-24 ആയിരുന്നിരിക്കണം. അദ്ദേഹം യൗവനത്തിലും അങ്ങേയറ്റം 'സാലിഹും' മുത്തഖിയും മഹത്വവാനുമായിരുന്നു എന്ന് ഒരു അനുഭവസ്ഥനെന്ന നിലയിൽ എനിയ്ക്ക് പറയുവാൻ കഴിയും. ഔദ്യോഗിക ജോലികൾ കഴിഞ്ഞാൽ മുഴു സമയവും അദ്ദേഹം ദീനിയാത്ത് പഠനത്തിൽ മുഴുകുമായിരുന്നു. സാധാരണക്കാരുമായി അപൂർവ്വമായിട്ടേ ഇടപെടാറുണ്ടായിരുന്നുള്ള. 1871-ൽ ഒരു രാത്രി ഖാദിയാനിൽ അദ്ദേഹത്തിന്റെ ഗൃഹത്തിൽ അതിഥിയായി താമസിക്കാനുള്ള ബഹുമാനം എനിയ്ക്ക് ലഭിക്കുകയുണ്ടായി. ആ നാളുകളിലും അദ്ദേഹം ഇബാദത്തുകളിലും ധ്യാനോപാസനകളിലും ലയിച്ച നിലയിലാണ് കാണപ്പെട്ടിരുന്നത്. അതിഥികളോട് പോലും വളരെ കുറച്ചേ സംസാരിക്കാറുണ്ടായിരുന്നുള്ളു. 1881-1887 കാലത്ത് 'ബറാഹീനെ അഹ്മദിയ്യ' ഗ്രന്ഥനിർമിതിയുടെ പ്രഖ്യാപനം നടത്തിയപ്പോൾ ഞാൻ ഈ പുസ്തകത്തിന്റെ ആദ്യത്തെ ക്രേതാക്കളിൽ ഒരാളായിരുന്നു. ഞങ്ങൾ എത്രയോ തവണ പറഞ്ഞിട്ടുള്ളതാണ്, ഇപ്പോഴും പറയുന്നു, അദ്ദേഹത്തിന്റെ വാദങ്ങൾ ധൈഷണീകമായ ആണ്ടുമുങ്ങലിന്റെ ഫലമാണെന്ന് വന്നാലും അദ്ദേഹം കൃത്രിമത്വത്തിൽനിന്നും കറ്റുകെട്ടുകളിൽനിന്നുമെല്ലാം സുമുക്തനായിരുന്നു. വാഗ്ദത്തമസീഹാണെന്നും കൃഷ്ണാവതാരമാണെന്നുമുള്ള അദ്ദേഹത്തിന്റെ വാദങ്ങൾ മൻസൂറിന്റെ 'അനൽഹഖ്' വാദംപോലെ മാത്രമായിട്ടേ ഞാൻ കരുതുന്നുള്ളൂ. വ്യക്തിപരമായി മിർസാ സാഹിബിന്റെ വാദങ്ങളിലോ വെളിപാടുകളിലോ വിശ്വസിക്കാൻ എനിയ്ക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ, അദ്ദേഹത്തെ ഒരു പക്കാ മുസൽമാനായിട്ട് തന്നെയാണ് ഞങ്ങളെല്ലാം കരുതിപ്പോന്നിട്ടുള്ളത്." (ബദർ, 25 ജൂൺ 1908)

അൽബശീർ

ഇട്ടാവയിൽനിന്ന് പുറപ്പെട്ടുകൊണ്ടിരിക്കുന്ന 'അൽബശീർ' എന്ന പത്രം ഇപ്രകാരം എഴുതി.

"ഹസ്രത്ത് അഖ്ദസ് ഈ കാലഘട്ടത്തിലെ അതി പ്രശസ്തൻമാരായിട്ടുള്ളവരിൽ ഒരാളാണെന്നുള്ള കാര്യം നിഷേധിക്കാനാവാത്തതാണ്. അദ്ദേഹത്തിന്റെ വിശ്വാസങ്ങൾ സ്വീകരിച്ച് ലക്ഷക്കണക്കായ അനുയായികൾ അദ്ദേഹത്തിന്റെ ഏതൊരു

കൽപനയും അദ്ദേഹത്തിന്റെ ഏതൊരു പ്രവചനവും ദൈവീക വെളിപാടെന്നോണം കരുതുകയും അപ്പുറവും ഇപ്പുറവും നോക്കാതെ അംഗീകരിക്കുകയും ചെയ്തുപോന്നുഎന്നത് ഈ വിജ്ഞാന പുരോഗതിയുടെ കാലഘട്ടത്തിൽ ചെറിയൊരു അത്ഭുതമൊന്നുമല്ല. ഈ മുരീദൻമാരിൽ സാമാന്യജനങ്ങളും അഭ്യസ്ഥവിദ്യരും പാവങ്ങളും അമീറൻമാരും പണ്ഡിതൻമാരും മഹാബുദ്ധിശാലികളും ആധുനിക ജ്ഞാനം നേടിയവും എന്നല്ല എല്ലാ പദവികളിലും സ്ഥാനങ്ങളിലും വിഹരിക്കുന്നവരുമായ മുസ്ലിംകൾ ഉൾപെടുന്നുണ്ട്. ഹസ്രത്ത് അഖ്ദസ് മിർസാ സാഹിബിന് തന്റെ മുരീദന്മാരിൽ ഉണ്ടായിരുന്ന സ്ഥാനവും സ്വാധീനവും ഇന്ത്യയിലെ മുസ്ലിംകളിൽ മറ്റേതെങ്കിലും ഒരു മൗലവിക്കോ മഹാ പണ്ഡിതനോ ജ്ഞാനിക്കോ തങ്ങളുടെ അനുയായികളിലോ ഏതെങ്കിലും സുഫിക്കോ വലിയ്ക്കോ തങ്ങളുടെ മുരീദന്മാരിലോ ഏതെങ്കിലും ലീഡർക്കോ എതെങ്കിലും റിഫോർമർക്കോ തങ്ങളുടെ അനുചരൻമാരിലോ ഇല്ല എന്നുള്ളതാണ് സത്യം. അദ്ദേഹം മുസ്ലിംകളിൽ ഒരു വലിയ ജമാഅത്തിന്റെ ഗുരുവര്യനും യഥാർത്ഥഇമാമും ആയിരുന്നു. ആകയാൽ, അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം പ്രകടിപ്പിക്കുകയും ചെയ്യാൻ മര്യാദയും സംസ്കാര ബോധവും ഞങ്ങളെ നിർബന്ധിതരാക്കുന്നു." (Quoted, ബദർ, 1908 ആഗസ്റ്റ് 20).

അലീഗർ ഇൻസ്റ്റിറ്റ്യൂട്ട് ഗസറ്റ്

അലിഗറിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന സുപ്രസിദ്ധമായ 'അലിഗർ ഇൻസ്റ്റിറ്റ്യൂട്ട് ഗസറ്റ്' എന്ന പത്രം ഇപ്രകാരം പറയുന്നു:

"മർഹൂം അവർകൾ അംഗീകരിക്കപ്പെട്ട ഒരു പ്രഭാഷകനും മീർസായി ശാഖയുടെ സ്ഥാപകനുമായിരുന്നു. 1874 മുതൽ 1876 വരെ തൂലികയാകുന്ന പടവാളുയർത്തി കൃസ്ത്യാനികളോടും ആര്യ സമാജികളോടും അദ്ദേഹം ഇസ്ലാമിന്ന്വേണ്ടി പൊരുതി..... 1880-ൽ അദ്ദേഹം ഗ്രന്ഥനിർമ്മാണം ആരംഭിച്ചു. ആദ്യത്തെ ഗ്രന്ഥംതന്നെ ഇസ്ലാമിന്റെ ഡിഫൻസിന് വേണ്ടിയുള്ളതായിരുന്നു. അതിന്ന് മറുപടി എഴുതുന്നവർക്ക് 10,000 രൂപ ഇനാം നൽകുന്നതാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. 19-ാം നൂറ്റാ

ണ്ടിൽ പ്രത്യക്ഷനായ മസീഹാണെന്ന് അദ്ദേഹം വാദിച്ചു. 1889 -ൽ അദ്ദേഹം ഒരു ശിഷ്യസംഘത്തെ രൂപീകരിച്ചു. അദ്ദേഹത്തിന് 15,000 ശിഷ്യന്മാരുണ്ടത്രെ. അദ്ദേഹം പലവുരു ഇതരമതങ്ങളുടെ പണ്ഡിതശ്രേഷ്ഠന്മാരുമായി ഏറ്റുമുട്ടി. പലപ്പോഴും കാഫിറായി പ്രഖ്യാപിക്കപ്പെട്ടു. പലതവണ നിയമ കോടതികളിലേയ്ക്ക് വലിച്ചിഴക്കപ്പെട്ടു. എൺപതോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അതിൽ ഇരുപതെണ്ണം അറബി ഭാഷയിലുള്ളതാണ്. മർഹൂം അവർകൾ ഇസ്ലാമിന്റെ വലിയൊരു പോരാളിയായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ലതന്നെ." (ഉദ്ധൃതം, തശ്ഹീദുൽ അദ്ഹാൻ ജി. 3, നമ്പർ 8, 1908)

സാദിഖുൽ അഖ്ബാർ

രേവാഡിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന 'സാദിഖുൽ അഖ്ബാർ' എന്ന പത്രം ഇപ്രകാരം എഴുതി:

"മിർസാ സാഹിബ് തന്റെ ശക്തിമത്തായ പ്രഭാഷണങ്ങളും മഹത്തായ ഗ്രന്ഥങ്ങളുംവഴി ഇസ്ലാമിന്റെ ശത്രുക്കൾക്ക് അവരുടെ നിരർത്ഥകമായ ആക്ഷേപങ്ങൾക്കുള്ള വായടപ്പൻ മറുപടികൾ നൽകിക്കൊണ്ട് അവരെ എന്നന്നേക്കുമായി നിശബ്ദരാക്കുകയും സത്യംസത്യമാണെന്ന് തെളിയിച്ച്കാട്ടുകയുമുണ്ടായി. ഇസ്ലാംമത സംരക്ഷണ സേവനം പൂർണമായും ഫലപ്രദമായും നിർവഹിച്ച അദ്ദേഹം സേവനത്തിന്റെ കാര്യത്തിൽ അണുകിട വീഴ്ച വരുത്തിയിരുന്നില്ല. ഇത്തരത്തിലുള്ള പ്രഭാവശാലിയായ (ഉലുൽ അസ്മ്) ഇസ്ലാംമതസഹായിയും പേരുകേട്ട പണ്ഡിതനും എതിരറ്റ ആലിമും ആയ ഒരാളുടെ അപ്രതീക്ഷിതവും അനവസരത്തിലുള്ളതുമായ ചരമത്തിൽ അനുശോചനം പ്രകടിപ്പിക്കുന്നത് നീതിമാത്രമാണ്". (തശ്ഹീദുൽ അദ്ഹാൻ ജി. 3, നമ്പർ 10, 1908)

പയണീർ

അലഹബാദിൽനിന്നും പുറപ്പെടുവിക്കപ്പെടുന്നു 'പയണീർ' (Pioneer)* എന്ന പ്രമുഖ ഇംഗ്ലീഷ് പത്രം ഇപ്രകാരം എഴുതി:

* ഇത് ഇപ്പോഴും പ്രസിദ്ധീകരിച്ചുവരുന്ന ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള പത്രങ്ങളിൽ ഒന്നാണ്–ഗ്ര.

"കാർമൽ കുന്നുകളിലെ (ഇസ്രായിലിലെ) പ്രവാചകൻമാരിൽ ആർക്കെങ്കിലും മേലോകത്ത് നിന്ന് തിരിച്ചുവന്ന് തന്റെ ദൗത്യം മനുഷ്യർക്കിടയിൽ വീണ്ടും നിർവഹിക്കുവാൻ ആകുമായിരുന്നെങ്കിൽ 20-ാം നൂറ്റാണ്ടിലെ ചുറ്റുപാടിൽ മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി (അ) ൽനിന്ന് ഏറെ വ്യത്യസ്ഥനായ ഒരു വ്യക്തിയായിരിക്കയില്ലതന്നെ. അദ്ദേഹം മറ്റെല്ലാവരെയുംപോലെ പഞ്ചാബിൽ തന്റെ പാർപ്പിടത്തിൽവെച്ച് നിര്യാതനായിരിക്കുന്നു. കഴിഞ്ഞ കുറച്ചുകൊല്ലമായി വാർദ്ധക്യംകാരണം അദ്ദേഹം നിശ്ശബ്ദനായിക്കഴിയുകയായിരുന്നു. എന്നാൽ, ഒരു കാലത്ത് അദ്ദേഹത്തിന്റെപേർ ഡോ. ബൂത്തിനോളും (Dr. Booth) ജനങ്ങൾക്ക് സുപരിചിതമായിരുന്നു. ഒരു മുഹമ്മദീയ മതപണ്ഡിതനായ അദ്ദേഹത്തിന്റെ സ്ഥാനത്തെ പറ്റി അഭിപ്രായം പറയാൻ ഞങ്ങൾ ആളല്ല. എന്നാൽ അദ്ദേഹം തന്റെ സ്വാധീനത്താലും ഉപദേശങ്ങൾ കാരണമായും ഒരു വലിയ അനുയായിവൃന്ദത്തെ സ്വായത്തമാക്കിയിരുന്നു. മിർസാ ഗുലാംഅഹ്മദ് തന്നിൽ ഒരിക്കലും സംശയം പ്രകടിപ്പിക്കുകയുണ്ടായിട്ടില്ല. തന്റെ ദൗത്യത്തിലും തനിക്ക് വെളിപാടുണ്ടാകുന്നു എന്നും തനിക്ക് അതീതമായ കഴിവുകളുണ്ടെന്നുമുള്ളതിലും അദ്ദേഹം അങ്ങേയറ്റം ആത്മാർത്ഥതയോടെ വിശ്വസിച്ചിരുന്നു. എന്നാൽ അദ്ദേഹം 18-ാം നൂറ്റാണ്ടിൽ ജീവിക്കുന്നതിന് പകരം 19-ാം നൂറ്റാണ്ടിലാണ് ജീവിച്ചത്.... ലളിതനിലയിൽ തന്റെ ചുറ്റുപാടുമായി പൊരുത്തപ്പെട്ട് ജീവിക്കേണ്ടിവന്നു. അതിനാൽ മരുഭൂമിയിൽപോയി ഒരു ഗുഹക്കുള്ളിൽ വസിച്ച് കൊള്ളുന്നതിന് പകരം അദ്ദേഹം വൃത്താന്തപത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയും സമകാലീന വിവാദങ്ങളിൽ പങ്കാളിയാവുകയും ഒരു നല്ല പൗരനായി ജീവിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിനോട് കൂറ് പുലർത്തുകയും ചെയ്തു. എന്നാലും ചിലപ്പോൾ അദ്ദേഹത്തിൽ തന്റെ ആത്മീയഭാവം തലയുയർത്തുമായിരുന്നു. അദ്ദേഹം ബിഷപ്പ് വെൽഡനേയും (Bishop Weldon) എലിജയേയും (Elijah) ബാളിലെ പുരോഹിതൻമാരേയും ആഹ്വാനം ചെയ്യുകയും അമ്പരപ്പിക്കുകയും ചെയ്തു. ഏത് മതമാണ് സത്യമെന്ന കാര്യത്തിൽ എന്നന്നേക്കുമുള്ള തീർപ്പ്വരുത്തുന്നതിന്ന് അത്ഭുത ദൃഷ്ടാന്തങ്ങൾ കാണിക്കാനായി അവരെ

യെല്ലാം വെല്ലുവിളിച്ചു.... അപ്പോഴും ചതിപ്പെടാതിരിക്കാനുള്ള എല്ലാ ഉറപ്പുകളും വരുത്തുന്ന ന്യായമായ ഏത് നിബന്ധനയും സ്വീകരിക്കാൻ അദ്ദേഹം തയാറുണ്ടായിരുന്നു. എന്നാൽ, അംഗ്ലിക്കൻ ചർച്ചിന്റെ ചാമ്പ്യൻ അദ്ദേഹവുമായുള്ള പോരിന് തയാറായില്ല.... ലോകത്ത് മതപരമായ ചലനമുണ്ടാക്കിയിട്ടുള്ളവർ ഒരു ആധുനിക കാന്റർബറി ആർച്ച് ബിഷപ്പിനെക്കാൾ സ്വഭാവപ്രകൃതത്തിൽ മിർസാ ഗുലാംഅഹ്മദിനോടാണ് കൂടുതൽ പൊരുത്തപ്പെടുക. കഴിഞ്ഞ രണ്ട് ദശകക്കാലത്ത് ഏണസ്റ്റ് റെനാൻ (Earnest Renan) ഇന്ത്യയിലാണ് ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹം നിശ്ചയമായും മിർസായുടെ അടുക്കൽപോവുകയും അദ്ദേഹത്തെക്കുറിച്ച് പഠിക്കുകയും ചെയ്യുമായിരുന്നു. ഇസ്രായീൽ പ്രവാചകൻമാരുടെ അത്ഭുതജീവിതത്തിലേയ്ക്ക് അതുവഴി കുറേക്കൂടി വെളിച്ചം വീശുവാൻ സാധിക്കുകയും ചെയ്യുമായിരുന്നു..... ഏതായാലും, ഖാദിയാനിലെ പ്രവാചകൻ എപ്പോഴും ഈ ലോകത്ത്വരാറില്ലാത്ത ഒരാളാണെന്ന് തീർച്ച. അദ്ദേഹത്തിന്ന് ഞങ്ങൾ അന്ത്യപ്രണാമങ്ങൾ അർപ്പിച്ചുകൊള്ളുന്നു". (1908 മെയ് 30)

യൂനിറ്റി ആന്റ് മിനിസ്റ്റർ

കൽക്കത്തയിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന 'യൂനിറ്റി ആന്റ് മിനിസ്റ്റർ' എന്ന പത്രം ഇപ്രകാരം എഴുതി:

"പഞ്ചാബിൽ ഖാദിയാനിലെ പ്രവാചകനായി അറിയപ്പെട്ടുപോന്ന മിർസാ ഗുലാംഅഹ്മദ് ചരമമടഞ്ഞു. പരേതൻവളരെ ശ്രദ്ധേയനായ ഒരു വ്യക്തിയായിരുന്നു. മുഹമ്മദിന്റെ വ്യത്യസ്ഥങ്ങളായ സ്വഭാവഗുണങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യൻമാരിൽ പ്രതിബിംബിച്ചിരുന്നതായി ഖലീഫമാരുടെ കാലത്ത് പ്രകടമായിരുന്നു. അറേബ്യൻ പ്രവാചകന് പ്രത്യേകമായിരുന്ന ഭക്തിഭാവങ്ങൾ ചിലരിൽകൂടുതലായികാണപ്പെട്ടിരുന്നു. രൂക്ഷമായ പ്രചരണവീര്യം ചിലരുടെ പ്രത്യേകതയായിരുന്നെങ്കിൽ ദയാലുത്വവും വിനയവും മറ്റുചിലർ സായത്തമാക്കി. ഖാദിയാനിലെ പ്രവാചകൻ പ്രവചനശേഷിയാൽ അനുഗൃഹീതനായിരുന്നു. തന്റെ പ്രബോധനങ്ങൾ ദിവ്യപ്രചോദിതമാണെന്ന് അദ്ദേഹം അവകാശപ്പെടുകയും ഒരു പ്രവാചകനാണെന്ന് വാദിക്കുകയും ചെയ്തു. സ്വഭാവ മഹിമ

യിലും കരുത്തുറ്റ വിശ്വാസത്തിലും ഉറച്ച ഇരുപതിനായിരത്തോളം ശിഷ്യൻമാരെ തനിക്ക് ചുറ്റും അദ്ദേഹം ഒരുമിച്ചുകൂട്ടി. അദ്ദേഹം നല്ലൊരു ജ്ഞാനിയായിരുന്നു. സ്വന്തം മതത്തിലെ തത്വങ്ങളിലെന്നപോലെ കൃസ്തുമതത്തിന്റെയും ഹിന്ദുമതത്തിന്റെയും പ്രമാണങ്ങളിൽ അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. 'റിവ്യൂ ഓഫ് റിളിജ്യൻസ്' എന്ന് പേരിലുള്ള അദ്ദേഹത്തിന്റെ മാസിക സൂക്ഷ്മമായ വിമർശന പാടവം വെളിപ്പെടുത്തി. അതുവളരെ സമർത്ഥമായി നടത്തപ്പെട്ടിരുന്നു. ഇക്കാലത്ത് സർവ്വത്ര പ്രചരിച്ചിട്ടുള്ള മതസൗഹാർദ്ദത്തിന്റെ ആശയം അദ്ദേഹവും ഉൾകൊണ്ടിരുന്നു. ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളും കൃസ്തുമതത്തിന്റെയും ഇസ്ലാം മതത്തിന്റെയും തത്ത്വങ്ങളുമായും സമരസപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചു. കൃസ്തുമതത്തിലെ ചില തത്വങ്ങളെ അവതെറ്റാണെന്ന് വിശ്വസിച്ചുകൊണ്ട് അദ്ദേഹം ശക്തിമത്തായ വിമർശനത്തിലൂടെ തുറന്ന് കാട്ടി. സർക്കാരിനോട് കൂറ്കാണിക്കണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. കുറച്ച് മുമ്പ് അദ്ദേഹം പുറപ്പെടുവിച്ച അത്തരം ഉദാരമായ ഒരു വിജ്ഞാപനം തന്റെ അനുയായികൾക്കും സഹോദരവിശ്വാസികൾക്കും ഉപകാരപ്രദമായിരുന്നു. അത്തരമൊരു മഹാന്റെ വിയോഗത്തിൽ സമൂഹത്തിന് അനുശോചിക്കാതെ നിവൃത്തിയില്ല." (യൂനിറ്റി ആന്റ് മിനിസ്റ്റർ ജൂൺ 7, 1908)

ടൈംസ്, ലണ്ടൻ

മിർസാ ഗുർദാസ്പൂർ ജില്ലക്കാരനും ഖാദിയാൻ ഗ്രാമത്തിന്റെ ഉടമസ്ഥനായ ജാഗിർദാറുമായിരുന്നു. ബാബറിന്റെ കാലത്ത്. സമർഖണ്ഡിൽ നിന്ന് ലാഹൗറിൽ കുടിയേറിപ്പാർത്ത മുഗൾപരമ്പരയിൽപെട്ട ഒരു കുടുംബത്തിലെ അംഗമായിരുന്നു. അദ്ദേഹം ഗവർമെന്റ് സർവ്വീസിൽ ജോലിചെയ്തിരുന്നു. തന്റെ വാദങ്ങൾ പ്രചരിപ്പിക്കാനായി കുറച്ച് മുമ്പ് ജോലി രാജിവെച്ചു ലാഹൗറിലെ റവ: ഡോ. ഗ്രിസോൾഡ് അഹ്മദിയ്യാ പ്രസ്ഥാനത്തെപറ്റി സൂക്ഷ്മപഠനം നടത്തിയിട്ടുണ്ട്. തന്റെ ഗവേഷണഫലങ്ങളെപറ്റി അദ്ദേഹം ഒരു പുസ്തകം രചിക്കുകയുണ്ടായി. അതിൽ അദ്ദഹം മീർസായെപറ്റി "കാഴ്ചയിൽ ആദരണീയനും വ്യക്തിത്വത്തിൽ കാന്തതുല്യനും ബുദ്ധിശക്തിയിൽ ഊർജ്ജസ്വ

ലനുമാണ്" എന്ന് പറയുന്നു. ഒരു അച്ചടിശാലയും ബുക്ക് ഹൗസും അദ്ദേഹം നടത്തിപ്പോന്നു. ശ്രദ്ധേയമായ തത്ത്വങ്ങൾ ഘോഷിക്കുന്ന ഇദ്ദേഹം മതപരമായ ഒട്ടേറെ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ഉറുദുവിലും ഇംഗ്ലീഷിലും തന്റെ തത്ത്വങ്ങൾ പ്രചരിപ്പിക്കാൻ പത്രങ്ങളും നടത്തിയിരുന്നു. യേശുവിനെ യഹൂദർ ക്രൂശിച്ച്കൊല്ലാൻ ശ്രമിച്ചെങ്കിലും അദ്ദേഹം അതിൻമേൽ മരിക്കാതെ രക്ഷപ്പെടുകയും കിഴക്കോട്ട് യാത്രചെയ്ത് ഒടുവിൽ കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിൽവച്ച് മരണമടയുകയും ചെയ്തു എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. മസീഹിന്റെ ആവർത്തിച്ചുള്ള വെളിപെടലിനെപറ്റിയുള്ള സിദ്ധാന്തം സ്വീകരിച്ച അദ്ദേഹം താൻ മോശെയുടെ മിശിഹാവും, മുസ്ലിം മസീഹുമാണെന്ന് പഠിപ്പിക്കുകയും ജൂതരും ക്രിസ്ത്യാനികളും മുസ്ലികളും അധഃപതിപ്പിച്ച സത്യവിശ്വാസത്തെ വീണ്ടെടുക്കുന്നതിനായി ദൈവം തന്നെ പ്രേഷണം ചെയ്തിരിക്കുന്നതായി വാദിക്കുകയും ചെയ്തു. പല സംഭവങ്ങളെകുറിച്ചും അദ്ദേഹം ഘോഷിക്കുകയും യേശുവിനെക്കാളുമേറെ അത്ഭുതപ്രവൃത്തികൾ കാണിച്ചതായി അവകാശപ്പെടുകയുമുണ്ടായി. യാഥാസ്തികമുസ്ലിംകൾ അവ മതവിരുദ്ധവും മതനിന്ദാപരവും ആണെന്ന് കരുതിപ്പോന്നു. മീർസായുടെ അനുയായികളിൽ നിരക്ഷരർമാത്രമല്ല ഉയർന്ന വിദ്യാഭ്യാസം കരസ്ഥമാക്കിയവരും ഉന്നതസ്ഥാനീയരും ഉൾപെടുന്നു.

മീർസാ മരിക്കാനടുത്തപ്പോൾ ഹിന്ദുക്കളും മുഹമ്മദീയരും തമ്മിൽ മൈത്രികെട്ടിപ്പെടുക്കാനുള്ള ഉദ്ദേശ്യത്തോടെ ഒരു സൊസൈറ്റി സ്ഥാപിക്കുന്നതിന്വേണ്ടി പ്രവർത്തിച്ചിരുന്നു." (ദി ടൈംസ്, ലണ്ടൻ, Qutoted Review of Religions, August 1908)

ബംഗാളി

"ഹസ്രത്ത് മിർസാ സാഹിബ് ഇസ്ലാംമതത്തിലെ ഒരു മുജദ്ദിദ് തന്നെയായിരുന്നു." (തശ്ഹീസ്)

ബ്രഹ്മപ്രചാരക്

"കഴിവിലും സ്വഭാവമഹിമയിലും പെരുമാറ്റത്തിലും അദ്ദേഹം വളരെ ഉന്നതമായ പദവിയിലുള്ള ഒരു മഹാനായിരുന്നു." (തശ്ഹീസ്)

ലാഹൗർ മുനിസിപ്പൽ ഗസറ്റ്

ലാഹൗറിലെ 'മുനിസിപ്പൽ ഗസറ്റ്' മിർസാസാഹിബിന്റെ ചരമത്തിൽ അനുശോചനം പ്രകടിപ്പിച്ചുകൊണ്ട് ഇപ്രകാരം മുഖക്കുറിപ്പെഴുതി:

"മിർസാ സാഹിബ് അറിവിന്റെയും അനുഗ്രഹത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേകനിലയിൽ പ്രസിദ്ധിനേടി. എഴുത്തിലും അദ്ദേഹം വിദഗ്ധനായിരുന്നു. ഒരു വലിയ മുസ്‌ലിം പണ്ഡിതൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ചരമത്തിൽ ഞങ്ങൾക്ക് അഗാധമായ ദു:ഖമുണ്ട്. ഒരു വലിയ ആലിം ഈ ലോകത്ത് നിന്ന് മറഞ്ഞുപോയി എന്നാണ് നമുക്ക് തോന്നുന്നത് (തശ്ഹീസ്).

ആര്യപത്രിക

"പൊതുവെ, മറ്റ് മുസ്‌ലിംകൾപുലർത്തുന്ന ഇസ്‌ലാമിനെ അപേക്ഷിച്ച് അദ്ദേഹത്തിന്റെ ഇസ്‌ലാമിക ചിന്തകൾ ഏറെ വിശാലവും കൂടുതൽ പൊറുപ്പിക്കാവുന്നതുമത്രെ. മിർസാസാഹിബുമായുള്ള ആര്യസമാജികളുടെ ബന്ധം ഒരിക്കലും സ്നേഹപൂർണ്ണമായിരുന്നില്ല. ആര്യ സമാജത്തിന്റെ കഴിഞ്ഞകാല ചരിത്രം സ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വം നമ്മുടെ ഹൃദയങ്ങളിൽ വലുതായ ആവേശം ഉയർത്തുന്നത് തന്നെയായിരുന്നു." (തശ്ഹീസുൽ അദ്ഹാൻ 1908 പു. 334)

അമൃത ബസാർ പത്രിക

"അദ്ദേഹം സുദരിദ്രമായ ജീവിതമാണ് നയിച്ചുപോന്നിരുന്നത്. എന്നാൽ, നൂറുക്കണക്കിനാളുകൾ ദിവസവും അദ്ദേഹത്തിന്റെ അടുക്കളയിൽ നിന്നുള്ള ആഹാരം കഴിച്ചുപോന്നിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യരിൽ പണ്ഡിതരും പ്രഭാവശാലികളായ നേതാക്കളും അഭ്യസ്തവിദ്യരും പ്രഭുക്കൻമാരും വർത്തകമുഖ്യരും എല്ലാ തരത്തിൽപെട്ടവരുമുണ്ടായിരുന്നു. (തശ്ഹീസ്)

ഇന്ദ്രൻ

ലാഹൗറിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന 'ഇന്ദ്രൻ' എന്ന പത്രം ഇപ്രകാരം പറഞ്ഞു:

"ഞങ്ങൾ പറയുന്നത് പിശകാവുകയില്ലെങ്കിൽ, മിർസാ ഗുലാം അഹ്മദ് സാഹിബ് ഒരർത്ഥത്തിൽ ഹസ്രത്ത് മുഹമ്മദ് (സ) യോട് വലിയ സാദൃശ്യം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ സ്ഥൈര്യം അത് എന്ത് ലക്ഷ്യത്തോട്കൂടിയതായിരുന്നാലും അവസാന നിമിഷംവരെയും അദ്ദേഹം തന്റെ നിലപാടിൽ ഉറച്ച്നിന്നു. ആയിരക്കണക്കായ ശത്രുക്കൾക്കെതിരിലും അദ്ദേഹം അൽപംപോലും പതറിയില്ല". (തശ്ഹീസുൽ അദ്ഹാൻ, 1908 പു. 334)

സിവിൽ ആന്റ് മിലിറ്ററി ഗസറ്റ്

ലാഹൗറിലെ പ്രസിദ്ധപ്പെട്ട ഇംഗ്ലീഷ് ദിനപത്രമായിരുന്ന 'സിവിൽ ആന്റ് മിലിറ്ററി ഗസറ്റ്' ഇപ്രകാരം പറഞ്ഞു:

"ഗുർദാസ്പൂർ ജില്ലയിലെ ഖാദിയാൻ നിവാസിയായ മിർസാ ഗുലാം അഹ്മദ് സാഹിബ്..... പേരുകേട്ട ഇസ്ലാം മതപ്രബോധകനും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനുമായിരുന്നു. മതപരവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളിൽ മുഴുകുന്നതിന്വേണ്ടി അദ്ദേഹം ഉദ്യോഗം രാജിവെച്ചു. ഹിന്ദുക്കൾക്കും മുസ്ലിംകൾക്കുമിടയിൽ ഐക്യവും രഞ്ജിപ്പും ശക്തിപ്പെടുത്തുന്നതിന് വേണ്ടി ഒരു സംഘടന സ്ഥാപിക്കുന്നതിനായിട്ടാണ് അദ്ദേഹം ലാഹൗറിലേയ്ക്ക് വന്നിരുന്നത്." (തശ്ഹീസ്)

സ്റ്റേറ്റ്സ്മാൻ

കൽക്കത്തയിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന 'സ്റ്റേറ്റ്സ്മാൻ' പത്രം ഇപ്രകാരം എഴുതി:

"മിർസാസാഹിബ് ഒരു പ്രസിദ്ധ ഇസ്ലാംമതപ്രഭാഷകനും അഹ്മദിയ്യാകക്ഷിയുടെ സ്ഥാപകനുമായിരുന്നു."

കർസൺഗസറ്റ്

ആര്യസമാജികൾക്കും കൃസ്ത്യാനികൾക്കുമെതിരിൽ മർഹും അവർകൾ ചെയ്ത സേവനങ്ങൾ സത്യമായും വളരെ വളരെ സ്തുത്യർഹമാകുന്നു. അദ്ദേഹം വാദപ്രതിവാദത്തിന്റെ നിറം തന്നെ പൂർണ്ണമായും മാറ്റിക്കളഞ്ഞു. അതോടൊപ്പം

നവീനമായ ഒരു സാഹിത്യപ്രവർത്തനത്തിന് ഇന്ത്യാരാജ്യത്ത് അടിസ്ഥാനമിടുകയും ചെയ്തു. ഞങ്ങൾ ഒരു മുസൽമാൻ എന്നനിലയിലല്ല ഇപ്രകാരം പ്രശംസിച്ച് പറയുന്നത്. ഒരു ഗവേഷകനും വിമർശകനുമെന്ന നിലയിലുമത്രെ. എത്രവലിയ ആര്യപണ്ഡിതന്നും എത്ര സമുന്നതനായ കൃസ്തീയ പുരോഹിതന്നും മറ്ഹൂമിന്ന് മുന്നിൽ നാവ് ചലിപ്പിക്കാൻ സാദ്ധ്യമായിരുന്നില്ല..... പരേതൻ പഞ്ചാബി ആയിരുന്നെങ്കിലും ഇന്ന് മുഴുവൻ പഞ്ചാബിലും എന്നല്ല, മുഴുവൻ ഇന്ത്യാരാജ്യത്ത് തന്നെയും അത്രയും ശക്തനായ ഒരു എഴുത്തുകാരൻ ഇല്ലെന്ന് തന്നെപറയാം. അദ്ദേഹത്തിന്റെ ശക്തിമത്തായ സാഹിത്യം അതിന്റേതായ പ്രഭാവത്തിൽ തികച്ചും പുതുമയാർന്നതാകുന്നു. സത്യംപറഞ്ഞാൽ അദ്ദേഹത്തിന്റെ ചില വാചകങ്ങൾ വായിക്കുമ്പോൾ ഒരുതരം രോമാഞ്ചം കൊള്ളുന്ന അവസ്ഥ ഉണ്ടാകുന്നു. അദ്ദേഹം വിനാശങ്ങളെ കുറിച്ചുള്ള പ്രവചനങ്ങൾ ചെയ്തു. ശത്രുതയുടേയും ആക്ഷേപങ്ങളുടെയും അഗ്നിപഥങ്ങളിലൂടെ തന്റെ വഴി തെളിയിച്ച ആ മഹാൻ അഭിവൃദ്ധിയുടെ ആത്യന്തികമായ ഉയരങ്ങളെ പ്രാപിക്കുകയും ചെയ്തു". (കർസൺ ഗസറ്റ്, ദൽഹി, ജൂൺ–1, 1908).

(കർസൺ ഗസറ്റ് പത്രാധിപരായിരുന്ന മിർസാ ഹൈറത്ത് ദഹ്‌ലവിയെകുറിച്ച് ഉപാഖ്യാനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതിലേയ്ക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു – പു. 1043)

റഫറൻസ് പുസ്തക പട്ടിക

(Bibliography)

ഈ ജീവചരിത്ര പുസ്തകം രചിയ്ക്കുന്നതിന്ന് ഉപയോഗപ്പെടുത്തിയ ഗ്രന്ഥങ്ങളുടെ പട്ടിക :

1. വിശുദ്ധഖുർആൻ (മലയാള പരിഭാഷ)
2. Holy Quran English Translation
   - By Moulana Sher Ali Sahib (R)
3. Holy Quran with commentary
   - By Hazrath Mirza Basheeruddeen Mahamood Ahamed
4. Holy Quran Translation with commentary
   - By Moulana Muhammed Ali, M.A BL
5. Holy Quran English Translaion with Commentary
   - By Moulana Gulam Fareed Sahib, M.A
6. Holy Quran English Translation with Commentary
   - By Moulana Abdulla Yusuf Ali
7. Tafseer Kabir (Urdu)
   -By Hazrath Mirza Basheeruddeen Mahamood Ahamed (R)
8. Tafseer Sageer (Urdu)
   - By Hazrath Mirza Basheeruddeen Mahamood Ahamed (R)
9. തിരുനബി ചരിത്രം
   – ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ)
10. Muhammed the Seal of Prophets
    - Sir Muhammed Zafarulla Khan
11. Sirat-i-Masih Mouood (A)
    - Hazrath Moulana Abdul Kareem Sahib, Sialkoti (R)
12. Character Sketch of the Promised Masih
    - Hazrath Moulana Abdul Kareem Sahib (R)
13. Hazrath Ahamed (Part I)
    - Moulana A.R. Dard, M.A.
14. ഹയാത്തെ തയ്യിബ (ഉറുദു)
    – മൗലാനാ ശേഖ് അബ്ദുൽ ഖാദിർ
15. താരീഖെ അഹ്മദിയ്യത്ത് (ഉറുദു) വാല്യം (i, ii, iii)
    – മൗലാനാ ദോസ്ത് മുഹമ്മദ്, ശാഹിദ് എച്ച്. എ.
16. സീറത്തുൽ മഹ്ദി (ഉറുദു) വാല്യം (i, ii, iii)
    – ഹസ്രത്ത് മിർസാ ബശീർ അഹ്മദ്, എം.എ
17. സിൽസിലാ അഹ്മദിയ്യ
    – ഹസ്രത്ത് മിർസാ ബശീർ അഹ്മദ്, എം.എ
18. സീറത്തെ തയ്യിബ–ദുർറുൽ മൻസൂർ
    – ഹസ്രത്ത് മിർസാ ബശീർ അഹ്മദ്, എം.എ

19. തദ്കിറ (ഉറുദു)
    - Compiled by Hazrath Mirza Basheer Ahamed, M.A
20. Tadhkirah (Eng)
    - Compiled by Hazrath Zafrullah Khan
21. മുജദ്ദിദെ അഅ്സം (ഉറുദു) വാല്യം (i, ii)
    – ഡോ. ബിശാറത്ത് അഹ്മദ്
22. സവാനിഹ് ഹസ്രത്ത് മസീഹ് മൗഊദ്
    – മിഅ്റാജുദ്ദീൻ സാഹിബ് ഉമർ
23. ദിക്റെ ഹബീബ് (ഉറുദു)
    – ഡോ. മുഫ്തി മുഹമ്മദ് സാദിഖ് (റ)
24. തദ്ക്കിറത്തുൽ മഹ്ദി (ഉറുദു)
    – ഹസ്രത്ത് പീർ സിറാജുൽ ഹക്ക് നുഅ്മാനി (റ)
25. Ahamad the Messanger of the Latter Days
26. Ahamadiyyath or the True Islam
27. Ahamadiyya Movement
    - Moulana Muhammed Ali, M.A, L.L.B
28. Ahamadiyyath the Renaissance of Islam
    - Sir Muhammed Zafarullah Khan
29. Ahamadiyya Movement
    - H.A. Walter M.A
30. Ahamadiyyath or Qadianism!
    - Naeem Osman Memon
31. Ahamadiyya Movement
    - Spencer Lavan
32. Introduction to the Study of the Holy Quran
    - Hazrath Mirza Basheeruddeen Mahamood Sahib
33. Truth About Ahamadiyyath
    - B. A. Rafeeq, London
34. Truth About the Split
    - Hazrath Mirza Basheeruddeen Mahamood Ahamed
35. Invitation to Ahamadiyyath
    - Hazrath Mirza Basheeruddeen Mahamood Ahamed
36. Mirza Gulam Ahamed
    - Ian Adamson, London
37. Prophecy Continuous
    - Yohanan Friedmann
38. Qadianism A Critical Study
    - Moulana Abul Hasan Ali Nadvi

39. Islam and Ahmadisam
- Sir Muhammed Iqbal
40. Reconstruction of Islamic thought
- Sir Muhammed Iqbal
41. His Holines - Phoenix
42. Munir Report (Report of the Court of Enquiry
- Punjab Disturbances 1953)
43. Glimpses of World History
- വിശ്വചരിത്രാവലോകം – നെഹ്രു.
44. തഫ്ഹീമാത്തെ റബ്ബാനിയ (ഉറുദു)
– മൗലാനാ അബുൽ അത്താ ജാലന്ധരി, എച്ച്.എ.
45. തസ്ദീഖെ അഹ്മദിയ്യത്ത് (ഉറുദു)
– സയ്യിദ് ബിശാറത്ത് അഹ്മദ് സാഹിബ്
46. മൗഊദെ അഖ്വാമെ ആലം (ഉറുദു)
– മൗലാനാ അബ്ദുർറഹ്മാൻ മുബശ്ശിർ
47. അഹ്മദിയ്യാ പോക്കറ്റ്ബുക്ക് (ഉറുദു)
– മലിക്ക് അബ്ദുർറഹ്മാൻ ഖാദിം, ബി.എ.എൽ.എൽ.ബി
48. ഹക്കീക്കത്തുന്നുബൂവ്വത്ത് (ഉറുദു)
– ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ)
49. ആയിനയെ സദാഖത്ത് (ഉറുദു)
– ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (റ)
50. കൃഷ്ണ അവതാർ (ഉറുദു)
– ഖാജാ കമാലുദ്ദീൻ സാഹിബ്
51. Conciliation of Bengal
- Khaja Kamaluddeen Sahib
52. Partition of Bengal
- Moulana Muhammed Ali, M.A. B.L
53. Al Qoulul Fasal (Urdu)
- Hazrath Mirza Baheeruddeen Mahamood Ahamed
54. Sources of Sirat
- Hazrath Mirza Basheer Ahamed, M.A.

ഹസ്രത്ത് അഹ്മദ് (അ)ന്റെ കൃതികൾ

55. Baraheen Ahamadiyya, Vol, 1,2,3,4
56. Baraheen Ahamadiyya, Vol, 5
57. കിതാബുൽ ബരീയ
58. സുർമചശ്മെ ആര്യ
59. ശഹ്നയെ ഹക്ക്

60. ഫത്ഹെ ഇസ്‌ലാം (ഇസ്‌ലാമിന്റെ വിജയം-മലയാളം)
- Triumph of Islam (Eng)
(Translated by Justice Basheer Ahamed Sayeed)
- Victory of Islam (Eng) -(Translated by Prof. Muhamed Aslam M.A) .....
61. ഇസ്‌ലാം മതതത്ത്വജ്ഞാനം, (മലയാളം തർജമ, എൻ. ഹാമിദ്)
62. തുഹ്ഫയെ ഖൈസരിയ്യ (ഉറുദു)
63. ആയിനയെ കമാലാത്തെ ഇസ്‌ലാം (ഉറുദു)
64. സത് ബച്ചൻ (ഉറുദു)
65. തിരിയാഖുൽ ഖുലൂബ് (ഉറുദു)
66. ലക്ചർ സിയാൽകോട്ട് (മലയാളം)
67. ലക്ചർ ലാഹൗർ (മലയാളം)
68. ലക്ചർ ലുധിയാന
69. അൽ വസീയത്ത് (ഉറുദു)
70. നസീമെ ദഅ്വത്ത് (ഉറുദു)
71. ബറക്കാത്തുദ്ദുആ (ഉറുദു)
72. മസീഹ് ഹിന്ദുസ്താൻ മെ
(മലയാളം-മിശിഹാ ഇന്ത്യയിൽ)
73. Jesus in India (Eng. Translation)
74. Favours of the Beneficient (Eng)
- Trans. Qazi Abdul Hameed
മിനനൂർറഹ്മാൻ (ഉറുദുമൂലം)
75. ഹക്കീക്കത്തുൽ വഹീ (ഉറുദു)
76. കശ്തീനൂഹ് (ഉറുദു) - അദ്ധ്യാപനങ്ങൾ (മലയാളം)
77. തൗസീഹെ മറാം (ഉറുദു)
78. Tadkirathu Shahadathain (Eng)
79. Lode Star
80. ചശ്മയെ മഅ്രിഫ (ഉറുദു)
81. പൈഗാമെ സുൽഹ് (ഉറുദു)
- (മൈത്രീ സന്ദേശം മലയാളം, പരിഭാഷ എൻ. ഹാമിദ്)
82. Essence of Islam (Part I & II)
(Eng. Translation of Selected Writings - by Sir Zafrullah Khan)
83. Arbayeen (Urdu)
84. Zinda Nabee (Urdu)
85. Sanadana Dharm (Urdu)
86. Zarurathul Imam (Urdu)

മറ്റ് കൃതികൾ

87. Discovery of India - Nehru
88. Vision of India - Sisir Kumar Mithra
89. ശ്രീമദ്ഭാഗവതം-കേരളഭാഷാഗാനം
    - വിവർത്തനം-ഉഴങ്ങാട്ടവിള കൃഷ്ണപ്പിള്ള
90. സത്യാർത്ഥപ്രകാശം
    - ശ്രീ. ദയാനന്ദ സരസ്വതി (മലയാളം വിവർത്തനം)
91. ശ്രീമദ്ഭഗവത്ഗീത
92. കൽക്കി (മലയാളം)-ഡോ. രാധാകൃഷ്ണൻ
93. ബൈബിൾ-പഴയ നിയമം, പുതിയ നിയമം
94. Bahaulla and the New Era
    - By J.E. Esselmont
    (Bahaulla Wa Asre Jadeed-Urdu)
95. മിർസാ സാഹിബിന്റെ പരാജയ സാക്ഷ്യങ്ങൾ (മലയാളം)
    - കെ.എ. ഉമർ
96. Fazli Omar - A.Q Niyaz
97. Sir Sayyid Ahamed Khan
    - (Eminent Musalmans of India) Nateshan & Co.
98. Hazrath Nooruddin - Sir Muhammed Zafarullah Khan
99. Columbia Viking Encyclopedia
100. Qadian - Mahamood Ahamed Irfani
101. Kashful Mahjoob - Eng. Translation
    - by R.A. Nicholson
102. Message of Ahmadiyyath
    - Hazrath Mirza B.M. Ahmed (R)
103. Review of Religions Vol 1 to 98 (Some volumes missing)
104. സത്യദൂതൻ 1 മുതൽ 70 വരെ വാല്യങ്ങൾ
105. തൾഹീദുൽ അദ്ഹാൻ Vol 1-10
106. ഖാദിയാനി മസ്അല (ഉറുദു) - അബുൽ അഅ്ലാ മൗദൂദി
107. ഖാദിയാനിയ്യത്ത് (ഉറുദു) - അബുൽ ഹസൻ അലി നദ്വി
108. ഖാദിയാനി മദ്ഹബ് ഇല്യാസ് ബർനി
    (Eng. Trans. Published in Series in Muslim Digest, South Africa)
109. പരിശുദ്ധ ഖുർആനും ഖാദിയാനികളും
    - മൌലവി പി. അബ്ദുൽ ഖാദിർ
110. ഖതമുന്നുബൂവ്വത്ത് - മൌലവി പി. അബ്ദുൽ ഖാദിർ
111. അന്നുബൂവ്വത്തു ഫിൽ ഇസ്ലാം
    - മൌലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.
112. ഈ നൂറ്റാണ്ടിലെ മുജദ്ദിദ്
    - മൌലവി. അബുദുല്ലാഹ് സാഹിബ് എച്ച്.എ.

113. മതാന്ധകാര സംഹാരി – കെ.എം. ഇബ്രാഹിം കുഞ്ഞി
114. സാദിഖ് ബീതി – ഡോ: മുഫ്തി മുഹമ്മദ് സാദിഖ്
115. ലതായിഫെ സാദിഖ് – ഡോ: മുഫ്തി മുഹമ്മദ് സാദിഖ്
116. ഖാദിയ്യാനിയത്തിന്റെ വേരുകൾ – കെ.സി. അബ്ദുല്ലാഹ് മൌലവി
117. സ്വാമി ദയാനന്ദ സരസ്വതി – പ്രഫ. ടി.എൽ. വാസ്വാനി (Eng.)
118. സന്മാർഗദർശിനി – ഹസ്രത്ത് മിർസാ ബശീർ അഹ്മദ്

എൻ. അബ്ദുർറഹീമിന്റെ കൃതികൾ

വിവർത്തനം

1.	യേശു മശിഹാ ഇന്ത്യയിൽ	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
2.	ലക്ചർ സിയാൽകോട്ട്	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
3.	ഫതഹ് ഇസ്ലാം	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
4.	ജിഹാദ്	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
5.	ഇക് ഗലത്തീകാ ഇസാലാ	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
6.	വാഗ്ദത്ത മസീഹിന്റെ ലിഖിത ശകലങ്ങൾ	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
7.	ജീവനുള്ള നബി	- ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ)
8.	അഹ്മദിയ്യത്ത് - യഥാർത്ഥ ഇസ്ലാം	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
9.	തിരുനബി ചരിത്രം	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
10.	ഇസ്ലാമിലെ സാമ്പത്തീക ക്രമവും കമ്മ്യൂണിസവും	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
11.	ഇസ്ലാമും സാമൂഹ്യ പ്രശ്നങ്ങളും	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
12.	ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം (ഹസ്രത്ത് ഉസ്മാന്റെ രക്തസാക്ഷിത്വം)	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
13.	വിശുദ്ധ ഖുർആൻ ഒരു പഠനം	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
14.	സ്ത്രീ - അവകാശങ്ങളും കടമകളും	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
15.	ഇസ്ലാമിലെ സാമ്പത്തീക നിയമങ്ങൾ	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
16.	ഇസ്ലാമിലെ കുടുംബജീവിതം	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
17.	ഇസ്ലാമും ഇതര മതങ്ങളും	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
18.	കമ്മ്യൂണിസവും ഡമോക്രസിയും	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
19.	അഹ്മദിയ്യത്ത് എന്ത്, എന്തിന്ന്?	- ഹസ്രത്ത് മിർസാ മഹമൂദ് അഹ്മദ് (റ)
20.	ഇസ്ലാമും മനുഷ്യാവകാശങ്ങളും	- സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ
21.	തിരുനബിയുടെ തിരുമൊഴികൾ	- സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ
22.	ഇസ്ലാം എന്റെ മതം	- സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ
23.	യേശു ശ്രീനഗറിൽ	- സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ
24.	യേശുക്രിസ്തു കശ്മീരിൽ	- മൌലാനാ ജെ.ഡി. ശംസ് എച്ച്.എ.
25.	ക്രിസ്തു കുരുശിൽ മരിച്ചിട്ടില്ല	- മൌലാനാ ജെ.ഡി. ശംസ് എച്ച്.എ.
26.	വീണ്ടെടുപ്പ് അഥവാ പാപ പരിഹാരം	- മൌലാനാ ജെ.ഡി. ശംസ് എച്ച്.എ.
27.	ഇസ്ലാം സർഗാത്മക മതം	- ഡോ. ലോറാ വി. വാഗ്ലിയേരി
28.	യേശുവിന്റെ കല്ലറ	- സൂഫി എം.ആർ. ബംഗാളി
29.	മാർഷാഷ്ക്കൊരു കത്ത്	- ശേക്ക് നാസിർ അഹ്മദ്
30.	അഹ്മദിയ്യാ പ്രസ്ഥാനം	- പണ്ഡിറ്റ് ജവഹർലാൽ നഹ്രു
31.	റൂഷ്ദി സംഭവം - അഹ്മദിയ്യാ പരിപ്രേക്ഷ്യം	- ഹസ്രത്ത് മിർസാ താഹിർ അഹ്മദ്

സ്വന്തം കൃതികൾ

			- പ്രസാധകർ
32.	ഹസ്രത്ത് അഹ്മദ് (അ) ഭാഗം - i ഹസ്രത്ത് അഹ്മദ് (അ) ഭാഗം - ii	1,075 പേജുകൾ	- ഖുദ്ദാമുൽ അഹ്മദിയ്യാ, കേരള
33.	ഇസ്ലാം ബുദ്ധിജീവികളുടെ മതം		- ക്രസന്റ് പബ്ലിക്കേഷൻസ്
34.	ഹസ്രത്ത് ശ്രീ കൃഷ്ണൻ (അ)		- അഹ്മദിയ്യാ ജമാഅത്ത്, കേരള
35.	ഖാദിയാൻ - അഹ്മദിയ്യാ കേന്ദ്രം		- ഖാദിം പബ്ലിക്കേഷൻസ്

36. ഇസ്‌ലാമും മാർക്സിസവും	-	ഖാദിം പബ്ലിക്കേഷൻസ്
37. മതവും യുക്തിവാദവും	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
38. എല്ലൊടിഞ്ഞ യുക്തിവാദം	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
39. ഇസ്‌ലാമും ദഭണവു	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
40. ഹസ്രത്ത് ഖലീഫ മൂന്നാമന്റെ യൂറോപ്യൻ യാത്ര	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
41. മൗദൂദി അമീറിന്റെ വിഷബോംബ്	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
42. ഖുർആന്റെ മഹിമ	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
43. ഖിലാഫത്ത് ഖലീഫമോഹികളുടെ തകർച്ച	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
44. ഇടമറുകിന്റെ ആനക്കള്ളം	-	ക്രസന്റ് പബ്ലിക്കേഷൻസ്
45. പാക്കിസ്ഥാനിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണം	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
46. അഹ്മദിയ്യാ പ്രസ്ഥാനം ലോകപത്രങ്ങളിൽ	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
47. മുബാഹല ഒരു വിശദീകരണം	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
48. ഹസ്രത്ത് അഹ്മദ് (അ) ന്റെ സത്യ സാക്ഷ്യങ്ങൾ	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി
49. അഹ്മദിയ്യാ പ്രസ്ഥാനം - പുരോഗതിയുടെ നൂറ് വർഷങ്ങൾ	-	കേരള അഹ്മദിയ്യാ കേന്ദ്രസമിതി

തിരുത്ത്

ഹസ്രത്ത് അഹ്മദ് ഒന്നാംഭാഗം 97-ാം പേജിൽ 17-ാം വരിയിൽ 'വാഗ്ദത്ത പ്രകാരം' എന്നതു "ഉദ്ദേശ്യപ്രകാരം" എന്നും 21-ാം വരിയിൽ 'ആദ്യ വാഗ്ദത്തം' എന്നത് "ഉദ്ദേശ്യം" എന്നും തിരുത്താൻ അപേക്ഷ. 331-ാം പേജിൽ, 'ഇവ കസവ് കൊണ്ടുള്ള പണിത്തരങ്ങളായിരുന്നു' എന്നത് "കറുപ്പ് മഷിയിലുള്ള എഴുത്തുകളായിരുന്നു" എന്നും 264-ാം പേജിൽ 30-ാം വരിയിൽ '12-3-'99' എന്നത് '12-3-1897' എന്നും തിരുത്തേണ്ടതാണ്. ഗ്ര.

ഈ ജീവിതചരിത്രഗ്രന്ഥത്തെക്കുറിച്ചുള്ള അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ താഴെ കാണുന്ന വിലാസത്തിൽ അറിയിച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു

– ഗ്രന്ഥകർത്താവ്

N. ABDURRAHIM
C/o. Anjuman Ahmadiyya
Kannur - 670 003

ഗ്രന്ഥകർത്താ



എൻ. അബ്ദുർറഹീം

1927 ആഗസ്റ്റ് 15-ല്പ ജനനം. പിതാവ് എടപ്പ കത്ത് ഹംസ സാഹിബ്. മാതാവ് നടുവിലകത്ത് നഫീസബി സാഹിബ.

1947-മുതൽ 'സത്യദൂതൻ' സബ് എഡിറ്ററായി പ്രവർത്തിച്ചു. 1948-ൽ 'പൗരശക്തി' ദിനപത്രത്തിന്റെ കണ്ണൂർ ലേഖകൻ. 1949-ൽ 'ചന്ദ്രിക'യുടെയും ലേഖകനായി. 1950-ൽ കേന്ദ്ര ഗവൺമെന്റിന്റെ സെൻസസ് ടാബുലേഷൻ ഓഫീസിൽ താൽക്കാലിക ജോലി ചെയ്തു. 1951-ൽ ഖാദിയാൻ യാത്ര. മൂന്നുമാസം ഖാദിയാനിൽ താമസിച്ചു. മൌലാനാ അബ്ദുല്ലാഹ് സാഹിബിന്റെ കമ്പിസന്ദേശം കിട്ടിയതനുസരിച്ച് പഠനപരിപാടി ഉപേക്ഷിച്ചു കണ്ണൂർക്ക് തിരിച്ചു. മൌലാനായുടെ പ്രൈവറ്റ് സിക്രട്ടറി എന്നോണം എഴുത്തു ജോലികളിലും കത്തെടപാടുകളിലും സഹായിച്ചു. 1954-ൽ മൌലാനാ സത്യദൂതൻ പത്രാധിപത്യം ഏറ്റെടുത്തപ്പോൾ സബ്എഡിറ്ററായി സേവന മനുഷ്ഠിച്ചു. 1958-ൽ പത്രാധിപത്യം ഒഴിഞ്ഞപ്പോൾ മൌലാനാ അവർകളുടെയും പബ്ലിഷർ എൻ. ഹാമിദ് സാഹിബിന്റെയും തീരുമാന പ്രകാരം പ്രത്രാധിപസ്ഥാനം ഏറ്റെടുത്തു. ചെറിയ ഇടവേളകൾ ഒഴിച്ച് 1997 വരെ 40 കൊല്ലം പത്രാധിപത്യം വഹിച്ചുപോന്നു.

ആകാശവാണിയുടെ ആദ്യത്തെ കണ്ണൂർ ജില്ലാ ലേഖകനായിരുന്നു. 1982 വരെ തുടർന്നു.

1969 - മാർച്ചിൽ 'മാതൃഭൂമി'യിൽ കണ്ണൂർ ലേഖകനായി ചേർന്നു. 1982-ൽ മാതൃഭൂമി കണ്ണൂർ ബ്യോറോ ചീഫ് ആയി. കാസർകോഡ് ഉൾപെട്ട കണ്ണൂർ ജില്ലയുടെ

ഇൻചാർജ്. ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, മൊറാർജി ദേശായി ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി എന്നീ നാല് പ്രധാനമന്ത്രിമാരുടെ പരിപാടി കവർ ചെയ്തിട്ടുണ്ട്. ജർണലിസ്റ്റ് യൂനിയൻ കണ്ണൂർ ജില്ലാ വൈസ് പ്രസിഡണ്ട് എന്ന നിലയിൽ രാഷ്ട്രപതി വി.വി. ഗിരിയെ സ്വീകരിച്ചു ഹാരാർപ്പണം നടത്തി. വർക്കിംഗ് ജർണലിസ്റ്റ് യൂനിയൻ കണ്ണൂർ ജില്ലാ പ്രസിഡണ്ട്, സിക്രട്ടറി എന്നീ സ്ഥാനങ്ങളിൽ തുടക്കം മുതലേ പ്രവർത്തിച്ചു. മുഖ്യമന്ത്രി കരുണാകരൻ ഏർപ്പെടുത്തിയ 'എമിനെന്റ് ജർണലിസ്റ്റ്സ് പെൻഷൻ സ്കീം' അനുസരിച്ച് കണ്ണൂർ ജില്ലയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏക പത്രപ്രവർത്തകൻ. തിരുവനന്തപുരത്ത് വെച്ച് മുഖ്യമന്ത്രിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

1979-ൽ നോബൽ ലോറെയിറ്റ് ഡോ. അബ്ദുസ്സലാമിനെ മാതൃഭൂമിയ്ക്ക് വേണ്ടി ബാംഗ്ലൂരിൽവച്ച് ഇന്റർവ്യൂ ചെയ്തു.

ബ്രിട്ടീഷ് മുസ്ലിം മിഷിനറി ബശീർ അഹ്മദ് ഓർച്ചഡ്, ജർമൻ അഹ്മദി വില്യം നാസിർ നിക്കൾസ്കി, അമേരിക്കൻ നീഗ്രോ അഹ്മദി സെക്കരിയാ ഹുസൈൻ, ആഫ്രിക്കൻ അഹ്മദി (ഉഗാണ്ട) ഫൈസൽ ബ്യോഞ്ചോ, റഷ്യൻ അഹ്മദി റാവേൽ ബുഖാറോ എന്നിവരുടെ കേരള പര്യടനങ്ങളിൽ ഇംഗ്ലീഷ് പ്രഭാഷണങ്ങൾ പരിഭാഷപ്പെടുത്തി. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ ജീവചരിത്രത്തിന് (2 വാല്യം) പുറമെ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം, യേശുക്രിസ്തു കശ്മീരിൽ, ഇസ്ലാമും മനുഷ്യാവകാശങ്ങളും, തിരുനബി ചരിത്രം യേശുമിശിഹാ ഇന്ത്യയിൽ തുടങ്ങിയ വിവർത്തനങ്ങൾ അടക്കം അഹ്മദിയ്യാ പരിപ്രേക്ഷ്യത്തിലുള്ള അറുപതോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 'ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ല' എന്ന ആദ്യത്തെ വിവർത്തന കൃതി 1950-ലാണ് പ്രസിദ്ധപ്പെടുത്തിയത്.

കേരള അഹ്മദിയ്യകേന്ദ്രസമിതിയുടെ സ്ഥാപകാംഗം, സുബായി ഇമാറത്തിന്റെ സംസ്ഥാന സമിതി അംഗം, അഹ്മദിയ്യാ ശത വാർഷിക കമ്മിറ്റി സംസ്ഥാന ജനറൽ കൺവീനർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ദീർഘകാലം കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രസിഡണ്ടായിരുന്നു.

വടകരയിൽ എൻ. അബ്ദുല്ലാ ഹാജിയുടെ പുത്രി ഉമ്മർച്ചിന്റവിട നഫീസയാണ് ഭാര്യ. എട്ടു മക്കളുണ്ട്.

❀ ❀ ❀

HADRAT AHMAD (A)

This book is the second part of the life story and teachings of Hadhrat Mirza Gulam Ahamad of Qadian, the Promised Messiah and Mahdi, the Holy founder of the worldwide Ahmadiyya Movement in Islam, and the Man of the Age. This life history is written in two volumes covering thousand and one hundred pages in total, the first volume having been published in 1992. The second volume includes a translation of the character sketch of the Promised Messiah written by Hadhrat Moulana Abdul Kareem Sahib of Sialkot the intimate Sahabi of Hadhrat Ahmad (A), added separately. Besides this character sketch some anecdotes of the life of the Promised Messiah are also added as an appendix.

This volume contain 48 chapters in continuation of the already published 54 Chapters of the first volume. Some illustrations are also provided for in this part.

This Life History of the Great Man of the Age is written by Mr. N. Abdurrahim, the former editor of the 'Sathyadoothan' the Malayalam monthly organ of the Ahmadiyya movement in Kerala, who served the movement in this capacity for over 40 years. He is the author of several books of importance some of which are the translations of the works of eminent personalities of the movement and also of the founder.

Majlis Khuddamul Ahmadiyya - Kerala, youth wing of the movement are the publishers of this biography. The author and the publishers seek the blessings of each and every one who admires this work.

Publishers